# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

2020 ഫെബ്രുവരി 6 , വ്യാഴം

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1261/21

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക | |
| സമുദായക്ഷേമവും നിയമവും സാംസ്കാരികവും | |
| പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും | |
| ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും | |
| യുവജനകാര്യവും വകുപ്പുമന്ത്രി | : ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. എം. എം. മണി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും | |
| കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും | |
| വകുപ്പുമന്ത്രി | : ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും | |
| വകുപ്പുമന്ത്രി | : ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും | |
| വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും | |
| വകുപ്പുമന്ത്രി | : ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

## I. ചോദ്യോത്തരങ്ങൾ

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ....1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ....26
   (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....26
   (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....90

## II. അടിയന്തരപ്രമേയം

ദേശീയ ജനസംഖ്യാ രജിസ്റ്റർ

(അവതരണാനുമതി നിഷേധിച്ചു) ....470

## III. ശ്രദ്ധ ക്ഷണിക്കൽ

1. മൂല്യാധിഷ്ഠിത ജീവിതചര്യ രൂപപ്പെടുത്തുന്നതിനുള്ള സംയുക്ത കർമ്മപദ്ധതികൾ

   —ശ്രീമതി ഇ. എസ്. ബിജിമോൾ ....499

2. ഭിന്നശേഷിക്കാരുടെ പ്രശ്നങ്ങൾ

   —ശ്രീ. അബ്ദുൽ ഹമീദ്. പി. ....502

## IV. സബ്മിഷൻ

(1) ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിന്റെ പ്രവർത്തനം

   —ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

   —ശ്രീ. കെ. സുരേഷ് കുറുപ്പ് ....510

(2) മിനി സിവിൽ സ്റ്റേഷൻ

   —ശ്രീ. ടി. വി. ഇബ്രാഹിം ....513

(3) എക്കൽ നീക്കം ചെയ്യൽ

   —ചീഫ് വിപ്പ് (ശ്രീ. കെ. രാജൻ) ....514

*പേജ്*

(4) റെഗുലേറ്റർ-കം-ബ്രിഡ്ജ്

—ശ്രീ. വി. അബ്ദുറഹിമാൻ ....517

(5) പൈപ്പ് ലൈൻ റോഡ് പുനരുദ്ധാരണം

—ശ്രീ. അൻവർ സാദത്ത് ....518

(6) മാമം നാളികേര കോംപ്ലക്സ്

—ശ്രീ. ബി. സത്യൻ ....520

(7) വാഴക്കോട് പച്ചക്കറി സംഭരണ-വിതരണകേന്ദ്രം

—ശ്രീ. യു. ആർ. പ്രദീപ് ....522

(8) ഹീമോഫീലിയ രോഗികൾക്ക് സൗജന്യ സഹായം

—ശ്രീ. എം. വിൻസെന്റ്

—പ്രതിപക്ഷനേതാവ്
(ശ്രീ. രമേശ് ചെന്നിത്തല)

—ഡോ. എം. കെ. മുനീർ ....523

(9) ജപ്തി നടപടികൾ

—ശ്രീ. മാത്യു ടി. തോമസ് ....527

(10) പുനരധിവാസം

—ശ്രീ. ടി. ജെ. വിനോദ് ....529

**V. മേശപ്പുറത്തുവച്ച കടലാസുകൾ**

(1) സാമ്പത്തിക അവലോകനം-2019 ....531

(2) ചട്ടം 236(5) ചട്ടം 236(6)
അനുസരിച്ചുള്ള കടലാസുകൾ ....531,533

*പേജ്*

**VI. ഗവൺമെന്റ് പ്രമേയം**

ആദായ നികുതി നിയമത്തിലെ 6- ാം വകുപ്പിലെ ഭേദഗതി നിർദ്ദേശം ഒഴിവാക്കണമെന്നത് സംബന്ധിച്ച്

—വ്യവസായവും സ്പോർട്സും

യുവജനകാര്യവും വകുപ്പുമന്ത്രി
(ശ്രീ. ഇ. പി. ജയരാജൻ) ....540

**VII. റിപ്പോർട്ട് സമർപ്പണം**

പബ്ലിക്ക് അക്കൗണ്ട്സ് കമ്മറ്റിയുടെ അറുപത്തി അഞ്ച് മുതൽ എഴുപത് വരെയുള്ള റിപ്പോർട്ടുകൾ ....547

**VIII. നിയമനിർമ്മാണകാര്യം**

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി ) ബിൽ

(ii) 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി ) ബിൽ ....547

**IX. ക്രമപ്രശ്നം**

ബിൽ മാറ്റിവയ്ക്കുന്നതു സംബന്ധിച്ച്

—ശ്രീ. മഞ്ഞളാംകുഴി അലി ....547

**റൂളിംഗ്** ....558

**നിയമനിർമ്മാണകാര്യം-തുടർച്ച**

(iii) 2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ
(ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ ....577

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിനെട്ടാം സമ്മേളനം

*2020 ഫെബ്രുവരി 6, വ്യാഴം*


വാല്യം 179] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 6


നിയമസഭ 2020 ഫെബ്രുവരി മാസം 6-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ......... ഓർഡർ........ ചോദ്യം നമ്പർ *91.

*91-ാം നമ്പർ ചോദ്യവുമായി *115-ാം നമ്പർ ചോദ്യം ക്ലബ്ബ് ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ നോട്ടീസ് നൽകിയിരുന്നു; ചോദ്യങ്ങൾ സമാനമല്ലാത്തതിനാൽ ക്ലബ്ബിംഗ് നിരസിക്കുകയാണ്.

### വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ

1 (*91) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ ശോചനീയമാണെന്നും സുരക്ഷിതമായ കെട്ടിടങ്ങളോ വൃത്തിയുള്ള ശുചിമുറികളോ പല സ്കൂളുകളിലുമില്ലെന്നുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ വിശദാംശം ലഭ്യമാക്കുമോ ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ,

(എ-സി) പൊതുവിദ്യാഭ്യാസ മേഖലയിൽ നിലവിലുണ്ടായിരുന്ന അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിനും വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്നതിനും വേണ്ടിയാണ് 2016-ൽത്തന്നെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം മിഷൻ രൂപീകരിച്ചത്. ഇതിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയിലുൾപ്പെടുത്തി 5 കോടി രൂപ കിഫ്ബി ധനസഹായത്തോടെ 141 സ്കൂളുകളിൽ നിർമ്മാണം ആരംഭിക്കുകയും അതിൽ 21 സ്കൂളുകളിൽ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 3 കോടി രൂപ കിഫ്ബി ധനസഹായത്തോടെ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിന് ഭരണാനുമതി ലഭിച്ച 213 സ്കൂളുകളിൽ 70 സ്കൂളുകളുടെ നിർമ്മാണം ആരംഭിക്കുകയും അതിൽ 10 സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന 166 സ്കൂളുകൾക്ക് 3 കോടി രൂപ കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്. 500-നും 1000-നുമിടയിൽ കുട്ടികൾ പഠിക്കുന്ന 446 സ്കൂളുകൾക്ക് ഒരു കോടി രൂപ കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുകൂടാതെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പ്ലാൻ ഫണ്ട് ഉപയോഗിച്ചും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ പ്രാഥമിക കർമ്മങ്ങൾ നിർവ്വഹിക്കുന്നതിനായി കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ശുചിമുറികൾ നിർമ്മിക്കുന്നതിനും ഉള്ളവ വൃത്തിയായി സൂക്ഷിക്കുന്നതിനുമായി 'വൃത്തിയുള്ള ശുചിമുറി' എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. സ്കൂളുകളുടെ അറ്റകുറ്റപ്പണികൾക്കായി തദ്ദേശഭരണ സ്ഥാപനങ്ങൾ അനുവദിക്കുന്ന തുകയ്ക്കുപുറമെ പി.ഡി. അക്കൗണ്ടിലെ തുക ഉപയോഗിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന 1000 സ്കൂളുകളിൽ ശുചിമുറി നിർമ്മിക്കുന്നതിനുള്ള പദ്ധതികൾക്കും രൂപം നൽകിയിട്ടുണ്ട്. അതോടൊപ്പം സംസ്ഥാനത്തെ സഹകരണ സംഘങ്ങളും ഇക്കാര്യത്തിൽ കഴിയാവുന്ന സഹായം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. സണ്ണി ജോസഫ്: സർ, പൊതുവിദ്യാലയങ്ങളുടെ ശോച്യാവസ്ഥയും അപര്യാപ്തതയുമെല്ലാം കേരളീയ പൊതുസമൂഹത്തെ മാത്രമല്ല ലോകമനസ്സാക്ഷിയെ ബോദ്ധ്യപ്പെടുത്തുന്നതാണ് ബത്തേരി സ്കൂളിലെ ഷഹന എന്ന പെൺകുട്ടി പാമ്പുകടിയേറ്റ് ദാരുണമായി മരിക്കാനിടയായ സംഭവം. നമ്മൾ അവകാശവാദങ്ങൾ ഉന്നയിക്കുമ്പോഴും പല സ്ഥാപനങ്ങളിലും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത നിലനിൽക്കുന്നുവെന്നത് വ്യക്തമാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരത്തിൽ ഓരോ നിയോജകമണ്ഡലത്തിലെയും ഒന്നുവീതം സ്കൂളുകളിൽ 5 കോടി രൂപയുടെ അടിസ്ഥാനസൗകര്യ വികസന പദ്ധതി എന്നുപറയുന്നുണ്ട്. 141 സ്കൂളുകളിൽ ആരംഭിച്ച നിർമ്മാണ പ്രവർത്തനങ്ങൾ 21 എണ്ണത്തിൽ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. 3 കോടി രൂപയുടെ കിഫ്ബി ധനസഹായത്തോടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി ലഭിച്ച 213 സ്കൂളുകളിൽ 10 എണ്ണത്തിലാണ് അത് പൂർത്തീകരിച്ചിട്ടുള്ളത്. ആയിരത്തിൽ കൂടുതൽ കുട്ടികൾ പഠിക്കുന്നതോ അല്ലെങ്കിൽ ഒരു നിയോജകമണ്ഡലത്തിൽ അങ്ങനെയൊരു സ്കൂളില്ലെങ്കിൽ നാന്നൂറിലധികം കുട്ടികൾ പഠിക്കുന്നതോ ആയ സ്കൂളുകളെയാണ് അന്ന് സെലക്ട് ചെയ്ത് പ്രസിദ്ധീകരിച്ചത്. അതിൽ പത്ത് സ്കൂളുകളിൽ മാത്രമാണ് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. ഈ മേഖലയിൽ നടത്തുന്ന പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ മുന്നോട്ടുപോകുന്നില്ല. സ്കൂളുകളുടെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ ഒരു നിയോജകമണ്ഡലത്തിൽ ഒരു സ്കൂൾ അല്ലെങ്കിൽ ആയിരത്തിലധികം കുട്ടികൾ പഠിക്കുന്ന സ്കൂളുകൾ എന്നത് മാനദണ്ഡമായി സ്വീകരിക്കാമെങ്കിലും ആയിരക്കണക്കിന് സ്കൂളുകൾ പുറത്ത് നിൽക്കുകയാണ്. അതുകൊണ്ട് കേരളത്തിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ, ഇനിയൊരു ബത്തേരി ആവർത്തിക്കാതിരിക്കുന്നതിനുവേണ്ടി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഫലപ്രദമായ നടപടി സമയബന്ധിതമായി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ബത്തേരി സംഭവം നിർഭാഗ്യകരമാണെന്ന് നമ്മളെല്ലാം പറഞ്ഞതാണ്. ഞാൻ ആ കുട്ടിയുടെ വീട്ടിൽ പോയി അക്കാര്യം സമ്മതിച്ചതുമാണ്. കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് അടിസ്ഥാന സൗകര്യ വികസനം നടക്കുന്നില്ലെന്നും അത് ലോകം മുഴുവൻ പ്രശസ്തമാണെന്നും ബഹുമാനപ്പെട്ട അംഗം പറഞ്ഞത് തെറ്റാണ്. അദ്ദേഹത്തിന്റെ മണ്ഡലത്തിലെ കാര്യമെടുത്താൽത്തന്നെ ഇത് മനസ്സിലാകുന്നതാണ്. കഴിഞ്ഞ മൂന്ന് അക്കാദമിക് വർഷങ്ങളിലായി 2200 സർക്കാർ സ്കൂളുകൾ പുതുക്കിപ്പണിതു കൊണ്ടിരിക്കുകയാണ്. ചില സ്കൂളുകളുടെ വർക്ക് പൂർത്തീകരിച്ചു, ചിലത്

പൂർത്തീകരിക്കാനുണ്ട്. അന്താരാഷ്ട്ര നിലവാരമുള്ള 141 സ്കൂളുകളുടെ പ്രവർത്തനം ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. മാർച്ച് മാസമാകുമ്പോൾ ബഹുഭൂരിപക്ഷം സ്കൂളുകളുടെയും പണി പൂർത്തിയാക്കാനും ഉദ്ഘാടനം ചെയ്യാനും കഴിയും. ശരാശരി 50% സർക്കാർ സ്കൂളുകൾ ഇപ്പോൾ പുതുക്കിപ്പണിതു കൊണ്ടിരിക്കുകയാണെന്ന് എല്ലാ എം.എൽ.എ.-മാർക്കും അറിയാം. ഇതിനായി 3553 കോടി രൂപയാണ് ചെലവ്. ഏതെങ്കിലുമൊരു കാലയളവിൽ മൂന്ന് അക്കാദമിക് വർഷത്തിനുള്ളിൽ വിദ്യാലയങ്ങളുടെ ഘടന മാറ്റാൻ മാത്രം 3553 കോടി രൂപ ചെലവ് ചെയ്തതായി കേട്ടിട്ടുണ്ടോ? അങ്ങനെയൊരു സംഭവം കേരള ചരിത്രത്തിലില്ല. മറ്റ് കണക്കുകളൊക്കെ ചോദ്യം വരുമ്പോൾ പറയാം. കേരളത്തിന്റെ ഇൻഫ്രാസ്ട്രക്ചർ വികസനത്തിൽ വലിയൊരു കുതിച്ചു ചാട്ടമുണ്ടായിരിക്കുകയാണ്, ഓരോ മേഖലയിലും മാറ്റങ്ങളുണ്ടാകുകയാണ്. ബത്തേരി സംഭവത്തിനുശേഷം സർവജന സ്കൂളിന് കെട്ടിടം നിർമ്മിക്കാനായി അവിടെ വച്ചുതന്നെ 2 കോടി രൂപ അടിയന്തരമായി നൽകി. നേരത്തെ അനുവദിച്ച ഒരു കോടി രൂപ ഉൾപ്പെടെ പുതിയ ഹയർ സെക്കണ്ടറി കെട്ടിടം പണിയുന്നതിന് 3 കോടി രൂപ ആ സ്കൂളിന് അനുവദിച്ചിട്ടുണ്ട്. അതുകൂടാതെ വയനാട് ജില്ലയിലെ ഗവൺമെന്റ് സ്കൂളുകളുടെ ശുചിമുറി നിർമ്മാണം പൂർത്തിയാക്കുന്നതിനായി 1,51,20,000 രൂപയുടെ ഭരണാനുമതി നൽകി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എത്ര വേഗത്തിലാണ് കേരളത്തിലെ സർക്കാർ സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കാൻ സർക്കാർ ശ്രമിക്കുന്നതെന്ന് നിങ്ങൾ അറിയണം. കേരളത്തിൽ ആകെ നാലായിരത്തി തൊള്ളായിരത്തോളം സർക്കാർ സ്കൂളുകളുണ്ട്. അതിൽ 2200 സ്കൂളുകൾ ഇപ്പോൾ പുതുക്കിപ്പണിതു കൊണ്ടിരിക്കുകയാണ്. അവിടെയൊക്കെ നല്ല ശുചിമുറികൾ നിർമ്മിച്ചു കൊണ്ടിരിക്കുകയാണ്. ബാക്കിയുള്ള 1506 സ്കൂളുകളിലെ ശുചിമുറികളുടെ അറ്റകുറ്റപ്പണികൾക്കായി 1978.5 ലക്ഷം രൂപ വിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്നും അനുവദിച്ചിട്ടുണ്ട്. അങ്ങനെ വലിയൊരു കുതിച്ചുചാട്ടം നടക്കുന്നതിനിടയിൽ ഇത്തരത്തിലൊരു സംഭവമുണ്ടായതിൽ ഖേദമുണ്ട്. കഴിഞ്ഞ മൂന്ന് വർഷംകൊണ്ട് 5 ലക്ഷം കുട്ടികളാണ് പൊതുവിദ്യാലയങ്ങളിലേയ്ക്ക് വന്നത്. ഇപ്പോഴത്തെ ട്രെൻഡ് അനുസരിച്ച് കഴിഞ്ഞ വർഷത്തെക്കാൾ കൂടുതൽ കുട്ടികൾ പൊതുവിദ്യാലയങ്ങളിൽ വരാനുള്ള സാദ്ധ്യതയുണ്ട്. അതുകൊണ്ട് ഈ പ്രശ്നം ഗൗരവമായി കാണുകയും ഭാവിയിൽ ഇത് ആവർത്തിക്കാതിരിക്കാനുള്ള ശ്രമം എല്ലാവരുംകൂടി ചേർന്ന് നടത്തുകയും വേണം. പൊതുവിദ്യാഭ്യാസ രംഗത്ത് എന്തൊക്കെയോ പ്രശ്നങ്ങളുണ്ടെന്ന് പറയുന്നത് ഈ മാറ്റങ്ങൾക്ക് വലിയ തിരിച്ചടിയാകുമെന്ന് മനസ്സിലാക്കി അടിസ്ഥാന വികസന മാറ്റങ്ങളിൽ എല്ലാവരും കൂടുതൽ ശ്രദ്ധചെലുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. സണ്ണി ജോസഫ്: സർ, ബത്തേരി സ്കൂളിലെ സംഭവത്തെത്തുടർന്നാണ് സ്കൂളിന് പണം അനുവദിച്ചതെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ നിന്നുതന്നെ വ്യക്തമായി. സർക്കാരിന്റെ കണ്ണ് തുറപ്പിക്കാൻ ആ സംഭവം പര്യാപ്തമായി. 2016-17-ലെ ബഡ്ജറ്റിൽ പറഞ്ഞ ഒരു നിയോജകമണ്ഡലത്തിലെ ഒരു സ്കൂൾ വർക്കിനെ സംബന്ധിച്ച് 2017-18-ലെ ബഡ്ജറ്റിൽ പറയുന്നത് ഏജൻസിയെ നിശ്ചയിച്ചുകഴിഞ്ഞാൽ പ്രവൃത്തി ആരംഭിക്കുമെന്നാണ്. ഏജൻസിയെ നിശ്ചയിക്കുന്നത് വലിയ പ്രശ്നമാണ്. പല ഏജൻസികൾക്കും ഈ പ്രവൃത്തി ഏറ്റെടുത്ത് പൂർത്തീകരിക്കാനുള്ള man, machinery and money കൈവശമില്ല. പലപ്പോഴും കടലാസ് ഏജൻസികളെയാണ് വർക്ക് ഏല്പിക്കുന്നത്. ഒരു ലാപ്ടോപ്പും ഒരു ലെറ്റർ പാഡും മാത്രമുള്ള പിക്കാസും തൂമ്പയുമില്ലാത്ത ഏജൻസികൾക്കാണ് പല പ്രവൃത്തികളും നൽകുന്നത്. കാര്യക്ഷമമായും സമയബന്ധിതമായും പ്രവൃത്തികൾ ചെയ്തു തീർക്കുന്നതിനായി കോമ്പറ്റിറ്റീവ് ടെണ്ടർ വിളിക്കാത്തത് എന്തുകൊണ്ടാണ്? പി.ഡബ്ല്യു.ഡി. അല്ലെങ്കിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ പോലെയുള്ളവയുടെ എഞ്ചിനീയറിംഗ് വിംഗിനെ കോമ്പറ്റിറ്റീവ് ടെണ്ടർ മുഖേന വിദ്യാഭ്യാസ മേഖലയിലെ പ്രവൃത്തികൾ ഏല്പിക്കുമോ? ചില അക്രെഡിറ്റഡ് ഏജൻസികൾ പ്രവർത്തനങ്ങളിൽ അനാവശ്യ കാലതാമസം വരുത്തുകയാണ്. അതൊഴിവാക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ടെണ്ടർ മുഖേനയാണ് വർക്കുകൾ നടത്തുന്നത്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി പോലെയുള്ള സ്ഥാപനങ്ങളെയായിരിക്കും അദ്ദേഹം ഉദ്ദേശിക്കുന്നത്. ഇപ്പോൾ കേരളത്തിലെ സ്കൂളുകളുടെ വർക്കുകൾ പൂർത്തിയാക്കിയെന്ന് പറയുന്നതിൽ മിക്കവാറും വർക്കുകൾ നടത്തിയത് പ്രസ്തുത സ്ഥാപനമാണ്. കഴിഞ്ഞ ദിവസം ശ്രീ. ഐ. സി. ബാലകൃഷ്ണൻ, എം.എൽ.എ.-യുടെ മണ്ഡലത്തിലെ 5 കോടി രൂപയുടെ കെട്ടിടം ജനങ്ങൾക്ക് സമർപ്പിച്ചു. നാടൻ ഭാഷയിൽ പറഞ്ഞാൽ ആ സ്കൂൾ കണ്ടാൽ കൊതിതോന്നും. അദ്ദേഹം ഇവിടെയുണ്ട്, ചോദിച്ചുനോക്കൂ. അതിന്റെ തലേദിവസം ശ്രീ. വി. അബ്ദുറഹിമാൻ എം.എൽ.എ.-യുടെ മണ്ഡലത്തിലെ താനൂർ ദേവദാർ സ്കൂളിൽ 5 കോടി രൂപയുടെ കെട്ടിടം ഉദ്ഘാടനം ചെയ്തു. ഇതൊരു നിരന്തര പ്രക്രിയയാണ്. മിക്കവാറും എല്ലാ ദിവസവും ഞാൻ മൂന്ന് കോടി രൂപയുടെയും അഞ്ച് കോടി രൂപയുടെയും കെട്ടിടങ്ങൾ ഉദ്ഘാടനം ചെയ്തുകൊണ്ടിരിക്കുകയാണ്. മൂന്ന് വർഷംകൊണ്ട് മൂവായിരത്തി ചില്വാനം കോടി രൂപയുടെ നിക്ഷേപം പരമാവധി വേഗത്തിൽ പൂർണ്ണമായും കെട്ടിട നിർമ്മാണത്തിന് ചെലവഴിക്കാൻ കഴിഞ്ഞ ഏതെങ്കിലുമൊരു സ്ഥലമുണ്ടോ? അതാണ് ഞാൻ മാർച്ച്മാസമാകുമ്പോഴേയ്ക്കും പൂർത്തിയാകുമെന്നുപറഞ്ഞത്. ഓരോ മണ്ഡലത്തിലെയും സ്കൂൾ കെട്ടിടങ്ങളുടെ വർക്കിന്റെ നിലവിലെ

സ്ഥിതിയെന്താണെന്നും എന്നത്തേയ്ക്ക് പൂർത്തിയാകുമെന്നുമുള്ളതിന്റെ കണക്ക് ഇന്നോ നാളെയോ എല്ലാ എം.എൽ.എ.-മാരുടെയും ഓഫീസിലെത്തിക്കാം. വളരെ വേഗത്തിൽ വർക്കുകൾ നടക്കുകയാണ്.

ശ്രീ. എം. വിൻസെന്റ്: സർ, സർക്കാരിന്റെ പൊതുവിദ്യാഭ്യാസ നയത്തിൽ ആകൃഷ്ടരായി ഇപ്പോൾ പാമ്പുകൾപോലും അഡ്മിഷൻ തേടി സ്കൂളുകളിൽ എത്തുന്നുണ്ട്. അദ്ധ്യയന വർഷം അവസാനിക്കാറായിട്ടും പല സ്കൂളുകളിലും യൂണിഫോം വിതരണം ചെയ്തിട്ടില്ല. ചില എയ്ഡഡ് സ്കൂളുകൾക്ക് യൂണിഫോമിനുള്ള പണം കൊടുത്തെങ്കിലും പൂർണ്ണമായും നൽകിയിട്ടില്ല. യൂണിഫോം നൽകുന്നത് അവധിക്കാലത്ത് ഉപയോഗിക്കാനാണോയെന്ന് വ്യക്തമാക്കണം. അക്കാദമിക് ഇയർ അവസാനിക്കാൻ ഒന്നര മാസം മാത്രം ബാക്കിയുള്ള ഈ സമയത്ത് എല്ലാ സ്കൂളുകളിലും യൂണിഫോം നൽകിയെന്ന് പറയാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് സാധിക്കുമോ? യൂണിഫോമിന് അനുവദിച്ചിരിക്കുന്നത് 600 രൂപയാണ്. അതിൽ 200 രൂപ തയ്യൽക്കൂലിയും 400 രൂപ രണ്ട് ജോടി യൂണിഫോമിനുമാണ്. ഈ തുക വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, നീതി ആയോഗിന്റെ വിലയിരുത്തലിൽ സയിന്റിഫിക് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് മെത്തേഡ് അനുസരിച്ച് കേരളം 82 പോയിന്റാണ് നേടിയത്. ഇവിടെയുള്ള 141 എം.എൽ.എ.-മാരും കൂടിയാണ് അത് നേടിയത്. 18 പോയിന്റ് ഇനിയും ബാക്കിയുണ്ട്. അതുംകൂടി നേടിയെടുക്കാനാണ് നമ്മൾ ശ്രമിക്കേണ്ടത്. സ്കൂളുകളിൽ പാമ്പുകൾ വരുന്നുവെന്നൊക്കെ പറഞ്ഞാൽ കുട്ടികൾ എങ്ങനെ വരുമെന്നുള്ളത് ഓർക്കണം. പൊതുവായ ഒരു പ്രശ്നമുണ്ടായാൽ അത് തിരുത്താൻ ശ്രമിക്കുന്നതിനുപകരം മുഴുവൻ സിസ്റ്റത്തെയും തകർക്കാനല്ല ശ്രമിക്കേണ്ടത്. അത് വളരെ ഗൗരവപൂർവ്വം ആലോചിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്. ചെറിയ കുറവുകളുണ്ട്, സമ്മതിക്കുന്നു. അതൊക്കെ 3553 കോടി രൂപ ഉൾപ്പെടെ അനേക കോടി രൂപയും ഹൈടെക് സംവിധാനവുമൊക്കെ ഉപയോഗിച്ച് നികത്തിക്കൊണ്ടിരിക്കുകയാണ്. അതിനിടയിലുണ്ടാകുന്ന ചില സംഭവങ്ങൾ നമ്മുടെ കണ്ണുതുറപ്പിക്കുമെന്നത് സത്യമാണ്. അത് തുറന്നുപറയുന്നതല്ലേ ശരി? സർക്കാർ സ്കൂളുകളിലേയ്ക്ക് കൂടുതൽ കുട്ടികൾ എത്തുന്നതിനുള്ള കാമ്പയിൻ നടത്തുന്നതിനുപകരം ഇങ്ങനെ നെഗറ്റീവാക്കിയാൽ രാജ്യത്തിനുതന്നെ മാതൃകയായിക്കൊണ്ടിരിക്കുന്ന പൊതുവിദ്യാഭ്യാസം എവിടെയെത്തുമെന്നുള്ള കാര്യം ആലോചിക്കണം. യൂണിഫോമിന്റെയും ഉച്ചഭക്ഷണത്തിന്റെയും വിതരണത്തിൽ ചില സാമ്പത്തിക പ്രശ്നങ്ങളുണ്ട്; അത് പരിഹരിക്കാൻ സാധിക്കും.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, 2016-ൽ ആരംഭിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ഇപ്പോഴും യഥാർത്ഥ്യമാക്കാൻ കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി നിരവധി കാര്യങ്ങൾ പറയുന്നുണ്ട്. യഥാർത്ഥത്തിൽ കണ്ണുതുറക്കുകയെന്നത് വിദ്യാഭ്യാസ മേഖലയിൽ നടന്നിട്ടില്ലായെന്നുള്ളതാണ് സത്യം. അത് ബഹുമാനപ്പെട്ട മന്ത്രി നൽകിയ റിപ്പോർട്ടിലുണ്ട്. ഒരു വർഷം ഒരു സ്കൂൾ മികവിന്റെ കേന്ദ്രമാക്കുമെന്ന് പറഞ്ഞു. ഒരു മണ്ഡലത്തിൽ 5 വർഷംകൊണ്ട് 5 സ്കൂളുകൾ മികവിന്റെ കേന്ദ്രമാക്കുമെന്നാണ് ആദ്യം പ്രസംഗിച്ചത്. ഇപ്പോൾ 141 സ്കൂളുകൾ എടുത്തതിൽ 21 എണ്ണം മാത്രമാണ് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. ഞാനുൾപ്പെടെയുള്ള ഭൂരിപക്ഷം എം.എൽ.എ.-മാരുടെയും മണ്ഡലങ്ങളിൽ കിഫ്ബിയുടെ വർക്ക് നീങ്ങുന്നത് വളരെ മന്ദഗതിയിലാണ്. പലതവണ റിവ്യൂ മീറ്റിംഗ് നടത്തി. എന്റെ മണ്ഡലത്തിലെ കരാറുകാരനുമായി സംസാരിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് ഫണ്ട് നൽകാത്തതുകൊണ്ട് മുന്നോട്ടുപോകാൻ കഴിയില്ലായെന്നാണ്. 5 കോടി രൂപയുടെ സ്കൂൾ നിർമ്മിക്കാൻ 5 പണിക്കാർ പോലുമില്ലാത്ത അവസ്ഥയാണ് ഇപ്പോഴുള്ളത്. അഞ്ഞൂറിനും ആയിരത്തിനുമിടയിൽ കുട്ടികളുള്ള സ്കൂളുകൾക്ക് ഭരണാനുമതി നൽകുന്നുണ്ട്. ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാത്ത ആയിരക്കണക്കിന് സ്കൂളുകളുണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന്റെ കണക്ക് അങ്ങയുടെ കൈവശമുണ്ടോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, കിഫ്ബി പ്രോജക്ടുകളുടെ പ്രശ്നം നേരത്തെ സൂചിപ്പിച്ചു. അതുതന്നെയാണ് ഉത്തരം. മാർച്ച് മാസത്തിൽ 42 എണ്ണം പൂർത്തീകരിക്കുമെന്നാണ് കഴിഞ്ഞ റിവ്യൂവിൽ കിട്ടിയ കണക്ക്. ഈ അക്കാദമിക് ഇയർ പൂർത്തിയാകുമ്പോൾ 141 മികവിന്റെ കേന്ദ്രങ്ങളാണ് വന്നുകൊണ്ടിരിക്കുന്നത്. 2020 അവസാനമാകുമ്പോൾ 141 അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്കൂളുകൾ പൂർത്തിയാകാൻ പോകുകയാണ്. അതാണ് പ്രധാനമായും കിഫ്ബിയുടെ നേതൃത്വത്തിൽ നടക്കുന്നത്. പല സ്ഥലത്തും 5 കോടി രൂപയുടെ കെട്ടിടങ്ങളെക്കാൾ 3 കോടി രൂപയുടെ നല്ല കെട്ടിടങ്ങളാണുള്ളത്. അത് അങ്ങയുടെ മണ്ഡലത്തിലുമുണ്ട്. അതിന്റെ കണക്ക് ഞാൻ തരാം. പല കാരണങ്ങൾകൊണ്ട് ചില മണ്ഡലങ്ങളിലെ പണികൾ പിറകോട്ടുപോയിട്ടുണ്ട്. എന്റെ മണ്ഡലത്തിലും അങ്ങനെയാണ്. 2200 സ്കൂളുകളുടെ കൺസ്ട്രക്ഷൻ നടക്കുമ്പോൾ എല്ലാം ഒരേരീതിയിൽ പോകുമെന്ന് ആർക്കെങ്കിലും പറയാൻ സാധിക്കുമോ? സോയിൽ ടെസ്റ്റ് നടത്തിക്കഴിയുമ്പോഴായിരിക്കും എസ്റ്റിമേറ്റ് റിവൈസ് ചെയ്യണമെന്ന് പറയുന്നത്. എസ്റ്റിമേറ്റ് റിവൈസ് ചെയ്തുകഴിയുമ്പോൾ അതിൽ പൈസയില്ലെന്ന് പറയും. ഇത് സ്വാഭാവികമാണ്. ഏത് കൺസ്ട്രക്ഷനിലാണ് ഇങ്ങനെ വരാത്തത്? ഇവിടെ എത്രയോ കൺസ്ട്രക്ഷൻ വർക്കുകൾ നടക്കുന്നു. അതൊക്കെ മോണിറ്റർ

ചെയ്യാത്തതുകൊണ്ടാണെന്ന് ഞാൻ കരുതുന്നില്ല. പലതും ഇത്തരത്തിൽ ഓരോ പ്രശ്നമുണ്ടാകുമ്പോൾ അത് മറികടക്കാൻ ശ്രമിക്കുമ്പോഴുണ്ടാകുന്ന ലാഗിംഗ് മാത്രമാണ്. അതുകൊണ്ട് ഇവിടെ നടത്തുന്ന പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിന് എല്ലാവരുടെയും സഹായം വീണ്ടും ഞാൻ അഭ്യർത്ഥിക്കുകയാണ്. വർക്കുകൾ മോണിറ്റർ ചെയ്യുന്നുണ്ട്, അക്കാര്യത്തിൽ ഒരു സംശയവും വേണ്ട. 2200 കെട്ടിടങ്ങൾ, മൊത്തം സർക്കാർ സ്കൂളിന്റെ 50 ശതമാനത്തോളം വരുന്ന കെട്ടിടങ്ങൾ ഈ വർഷം പൂർത്തിയാകാൻ പോകുകയാണ്. ഇത് റെക്കോർഡാണ്.

ശ്രീ. ടി. ജെ. വിനോദ്: സർ, 5 വർഷംകൊണ്ട് പൊതുവിദ്യാഭ്യാസ മേഖലയിലെ ഒരു സ്കൂളെങ്കിലും മേന്മയുള്ള വിദ്യാഭ്യാസ സ്ഥാപനമാകണമെന്ന് ആഗ്രഹിക്കുന്ന ഒരു എം.എൽ.എ. ആണ് ഞാൻ. നമ്മുടെ രാജ്യത്ത് നടപ്പാക്കിയിട്ടുള്ള വിദ്യാഭ്യാസ അവകാശ നിയമം, 2010 പ്രകാരം പൊതുവിദ്യാഭ്യാസ മേഖലയിലുള്ള സ്കൂളുകളുടെ ഘടനാപരമായ മാറ്റത്തിന്റെ ഭാഗമായി നിലവിൽ 1 മുതൽ 4 വരെയുള്ള ലോവർ പ്രൈമറി സ്കൂളുകളിൽ 5-ാം ക്ലാസ്സും 7-ാം ക്ലാസ്സുവരെയുള്ള അപ്പർ പ്രൈമറി സ്കൂളുകളിൽ 8-ാം ക്ലാസ്സും മാറ്റി ക്രമീകരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; കേരളത്തിൽ പല ജില്ലകളിലും 5-ാം ക്ലാസ്സ് ലോവർ പ്രൈമറി വിഭാഗമായി തുടങ്ങിയിട്ടുണ്ട്. അത്തരം വിദ്യാർത്ഥികളുടെ ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, 1 മുതൽ 5 വരെയുള്ള ലോവർ പ്രൈമറി സ്കൂളുകളിൽ നിരവധി കേസുകളുണ്ടായിട്ടുള്ളതാണ്. അത് കോടതി എടുത്ത കേസാണ്. അതിന് കൃത്യമായ മറുപടി കൊടുക്കുകയും സർക്കാരിന് അനുകൂലമായി വിധി വന്നിട്ടുള്ളതുമാണ്. കേരളത്തിന്റെ ഇപ്പോഴത്തെ വിദ്യാഭ്യാസ ഘടനയനുസരിച്ച് അക്കാര്യം നമുക്ക് ആലോചിക്കാൻ കഴിയാത്തതാണെന്ന് സർക്കാർ അറിയിച്ചിട്ടുണ്ട്.

ശ്രീ. റ്റി. വി. രാജേഷ്: സർ, പൊതുവിദ്യാഭ്യാസരംഗത്തുണ്ടായിട്ടുള്ള മാറ്റങ്ങൾ രാഷ്ട്രീയ വിരോധമുള്ളവർക്ക് മാത്രമേ കാണാൻ കഴിയാതെ പോകുകയുള്ളൂ. കഴിഞ്ഞദിവസം ബഹുമാനപ്പെട്ട മന്ത്രി എന്റെ നാട്ടിൽ ഒരു സ്കൂൾ ഉദ്ഘാടനം ചെയ്തു. ആ സ്കൂളിനുവേണ്ടി ജനങ്ങൾ 75 ലക്ഷം രൂപയാണ് സമാഹരിച്ച് നൽകിയത്. ഇത് ഒറ്റപ്പെട്ട അനുഭവമല്ല. എല്ലാ മണ്ഡലങ്ങളിലും പൊതുജനങ്ങൾ കക്ഷിരാഷ്ട്രീയത്തിനതീതമായ നിലപാട് സ്വീകരിക്കുന്നു. ഇൻകലിനെ ഏൽപ്പിച്ചിട്ടുള്ള നിർമ്മാണപ്രവൃത്തികൾ വേഗത്തിലാക്കാൻ ബഹുമാനപ്പെട്ട മന്ത്രി

മുൻകയ്യെടുത്ത് ഒരു റിവ്യൂ മീറ്റിംഗ് വിളിച്ചുചേർക്കാൻ തയ്യാറാകുമോ എന്നതാണ് എന്റെ ചോദ്യം.

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, ഇൻകെലിന്റെ കാര്യത്തിൽ ചെറിയ പ്രശ്നമുണ്ടായിരുന്നത് അവർ വർക്ക് ലാഗ് ചെയ്തു എന്നതാണ്. എത്രയുംവേഗം വർക്ക് പൂർത്തീകരിക്കാമെന്ന് ഇപ്പോൾ അവർ ഓഫർ ചെയ്തിട്ടുണ്ട്. അതിനുള്ള സ്റ്റെപ്പുകൾ എടുക്കുന്നുണ്ടോയെന്ന് സർക്കാർ റിവ്യൂ ചെയ്യുന്നുണ്ട്.

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, പൊതുവിദ്യാഭ്യാസ മേഖലയിൽ ധാരാളം ഇൻവെസ്റ്റ്മെന്റ് നടക്കുന്നുണ്ട്, പണികൾ നടക്കുന്നുണ്ടെന്ന് നേരത്തെ പറഞ്ഞത് ഒരു പുകമറ മാത്രമാണ്. ഭരണാനുമതി നൽകിയിട്ടുണ്ടെന്ന കാര്യം അംഗീകരിക്കുകയാണ്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി നാളെ 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് അവതരിപ്പിക്കാൻ പോകുകയാണ്. ഇതേ ധനകാര്യ വകുപ്പുമന്ത്രി 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ നിരവധി സ്കൂളുകളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചു. എന്റെ മണ്ഡലത്തിലെ ഗോഖലെ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളും ചാലിശ്ശേരി ഹയർ സെക്കണ്ടറി സ്കൂളും ആ ലിസ്റ്റിലുണ്ടായിരുന്നു. ഇതുവരെ അതിന്റെ ടെണ്ടർ നടന്നിട്ടില്ല. 3500 കോടി രൂപ കടലാസിൽ മാത്രമേയുള്ളൂ. കഴിഞ്ഞ ഡി.ഡി.സി. മീറ്റിംഗിൽ ജില്ലയിലെ ഉദ്യോഗസ്ഥർ അതിന്റെ ലിസ്റ്റ് തന്നു. ഒരു സ്കൂളിന്റെ പ്രവൃത്തികൾക്കുവേണ്ടി ടെണ്ടർ നടപടികളിലേയ്ക്കുപോലും കടന്നിട്ടില്ല. ഇതാണ് കിഫ്ബി വർക്കുകളുടെ അവസ്ഥ. അത് എത്രയുംവേഗം ടെണ്ടർ ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. അതുപോലെ എം.എൽ.എ.-മാരുടെ ആസ്തിവികസന ഫണ്ടുപയോഗിച്ച് നിരവധി സ്കൂളുകളിൽ കെട്ടിട നിർമ്മാണങ്ങൾക്ക് അനുമതി നൽകാറുണ്ട്. ഏജൻസികൾ ചെയ്ത പ്രവൃത്തികളുടെ ബിൽ സമയബന്ധിതമായി മാറിക്കൊടുക്കാത്തതുകൊണ്ട് ഒരു പ്രവൃത്തിയും മുന്നോട്ടുപോകുന്നില്ല. എനിക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് ആവശ്യപ്പെടാനുള്ളത്, എം.എൽ.എ.-മാരുടെ ആസ്തിവികസന ഫണ്ടുപയോഗിച്ച് സ്കൂളുകൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കാൻ അനുമതി നൽകുമ്പോൾ ഡി.പി.ഐ.-യിലെയും സംസ്ഥാനത്തെ ഹയർ സെക്കണ്ടറി ഡിപ്പാർട്ടുമെന്റിലെയും ഫിനാൻസ് ഓഫീസർമാരുമായി ബന്ധപ്പെട്ട് ബില്ലുകൾ സമയബന്ധിതമായി നീങ്ങുന്നുവെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, കോൺട്രാക്ടർക്ക് തുക നൽകാത്തതിന്റെ പ്രശ്നം തീർത്തുവെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇന്നലെ പറഞ്ഞു. ഇനിയെന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ പരിഹരിക്കാം. ബഹുമാനപ്പെട്ട മെമ്പറുടെ

മണ്ഡലത്തിലെ പ്രവൃത്തി ആരംഭിച്ച മൊത്തം സ്കൂളുകളുടെയും ലിസ്റ്റ് ഇന്ന് വൈകുന്നേരമോ നാളെ രാവിലെയോ ഞാൻ തരാം. അതിൽ ഉൾപ്പെട്ടിട്ടില്ലാത്ത സ്കൂളുകളുടെ പേര് എന്നെ അറിയിക്കണം. 2200 സ്കൂളുകളുടെ കൃത്യമായ ലിസ്റ്റും തരാം. ദയവുചെയ്ത് പണി നടക്കുന്നില്ലെന്ന് മാത്രം പറയരുത്. വലിയ വർക്കുകളായതുകൊണ്ട് ചില കോൺട്രാക്ടർമാർ ടെണ്ടറെടുക്കാത്ത സാഹചര്യമുണ്ട്. കൺസ്ട്രക്ഷൻ സമയത്തുണ്ടാകുന്ന കുറവുകൾ മാസംതോറും സൂക്ഷ്മമായി റിവ്യൂ ചെയ്ത് അഡ്രസ് ചെയ്തുകൊണ്ടിരിക്കുകയാണ്. എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ പരിഹരിക്കാം.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, എൽ.ഡി.എഫ്. ഗവൺമെന്റ് വന്നതിനുശേഷം ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ വിദ്യാഭ്യാസ മേഖലയിൽ നിന്ന് ഇരുട്ടിന്റെ പ്രതിസന്ധി പരിഹരിക്കാനുള്ള വെളിച്ചമാണുണ്ടായത്. കണ്ണടയ്ക്കുന്നവർക്ക് മാത്രമേ വീണ്ടും ഇരുട്ടായി തോന്നുകയുള്ളൂ. സ്കൂളുകളുടെ പ്രവർത്തനങ്ങളെ അദ്ധ്യാപകരും വിദ്യാർത്ഥികളും പൂർവ്വവിദ്യാർത്ഥികളും അവിടെയുള്ള സന്നദ്ധ സംഘടനകളുമൊക്കെയായി ബന്ധപ്പെടുത്തി ഒരു ജനകീയ സാമൂഹിക വിദ്യാഭ്യാസം നടപ്പിലാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാ സ്കൂളും ഇതിനോട് ഒരേതരത്തിലല്ല പ്രതികരിക്കുന്നത്. എന്റെ മണ്ഡലത്തിലെ ചില സ്കൂളുകളിൽ ഗവൺമെന്റ് അനുവദിക്കുന്നതിനെക്കാൾ കൂടുതൽ തുകയുടെ വികസനപ്രവർത്തനങ്ങൾ നടത്തുകയാണ്. നമ്മുടെ അദ്ധ്യാപക സമൂഹം ഇപ്പോൾ മാറിയിട്ടുണ്ട്, ഇനിയും മാറേണ്ടതുണ്ട്. പൊതുവിദ്യാലയങ്ങളിലേയ്ക്കുള്ള വിദ്യാർത്ഥികളുടെ ഒഴുക്ക് സമൂഹത്തിൽ മാറ്റം വരുന്നതിന്റെ തെളിവാണ്. പൊതുസമൂഹത്തിൽ എന്തെങ്കിലും കുറവുണ്ടെങ്കിൽ ജനപ്രതിനിധികളുമായി ചേർന്ന് അത് പരിഹരിക്കണം. കെട്ടിടനിർമ്മാണം മാത്രമല്ല, നിർമ്മിച്ച കെട്ടിടത്തിനകത്തുണ്ടാകേണ്ട സാമൂഹിക ജനകീയ മാറ്റമുണ്ട്. അതിൽ എവിടെയെങ്കിലും കുറവുണ്ടെങ്കിൽ പ്രത്യേകമായി ഇടപെടാനുള്ള സംവിധാനമുണ്ടാക്കുമോയെന്നാണ് എനിക്ക് അങ്ങയോട് ചോദിക്കാനുള്ളത്.

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, ഇത് നല്ലൊരു ചോദ്യമാണ്. കുറവുകളുണ്ടെങ്കിൽ നികത്തുമോ കൂടുതൽ ജനകീയമാക്കുമോയെന്നാണ് അങ്ങ് ചോദിച്ചത്. തീർച്ചയായും അതിനുവേണ്ടി നമ്മളെല്ലാവരും ഒരുമിച്ച് ശ്രമിക്കേണ്ടതാണ്. കേരളം ജനകീയ വിദ്യാഭ്യാസത്തിന് മാതൃകയായി ക്കൊണ്ടിരിക്കുകയാണ്. അന്താരാഷ്ട്ര നിലവാരത്തിലുള്ള പല ലേഖനങ്ങളും വന്നിട്ടുണ്ട്. നിങ്ങളിൽ പലരും അത് വായിച്ചിട്ടുണ്ടാകും. ലോകത്ത് ജനകീയ വിദ്യാഭ്യാസമെന്ന സങ്കൽപ്പം വളരെ കുറവാണ്. ആ സങ്കൽപ്പത്തിലേയ്ക്ക് കേരളവും

വളർന്നുവരികയാണ്. മൂലധന വിദ്യാഭ്യാസം നയിക്കുമ്പോൾ മൂലധന താല്പര്യമുള്ള തലമുറയും കോർപ്പറേറ്റ് വിദ്യാഭ്യാസം നയിക്കുമ്പോൾ കോർപ്പറേറ്റ് താല്പര്യമുള്ള തലമുറയും ജനങ്ങൾ വിദ്യാഭ്യാസത്തെ നയിക്കുമ്പോൾ ജനതാല്പര്യമുള്ള തലമുറയുമാണ് വളരുന്നത്. അതിനെയാണ് മതനിരപേക്ഷ ജനാധിപത്യ സംസ്കാരമെന്ന് പറയുന്നത്. 'കൂടുതൽ കൂടുതൽ ജനകീയമാക്കൂ' എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പലപ്പോഴും അഭ്യർത്ഥിക്കാറുണ്ട്. അത് നല്ലതു തന്നെയാണ്. ഒരു ലക്ഷം രൂപ ചെലവഴിച്ച് നല്ല ക്ലാസ് മുറികളുണ്ടാക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കിവരികയാണ്. ക്ലാസിനകത്തു തന്നെ ഹൈടെക് സംവിധാനവും ലൈബ്രറിയും വരുമ്പോൾ അറിവിന്റെ സമ്പന്നതയുടെ പരിസരത്ത് കുട്ടി ഇരിക്കുന്ന ഒരു പശ്ചാത്തലമുണ്ടാകുകയാണ്. ശൂന്യതയുടെ പശ്ചാത്തലത്തിൽ കുട്ടി ഇരിക്കുമ്പോൾ മനസ്സ് ശൂന്യവും സമ്പന്നമായ സംസ്കാരത്തിന്റെ പരിസരത്തിരിക്കുമ്പോൾ സമ്പന്നമായ സംസ്കാരത്തിന്റെ ഉൾക്കൊള്ളലുമുണ്ടാകും. അറിവിന്റെ സമ്പന്നതയുടെ പരിസരത്ത് കുട്ടിയെ ഇരുത്തുകയെന്ന സംസ്കാരം വികസിപ്പിച്ചെടുക്കാനാണ് ക്ലാസ് മുറികളിൽ ഈ മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുന്നത്. അതെല്ലാം തികച്ചും ജനകീയമാക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ശരിയാണ്. വിദ്യാഭ്യാസം കൂടുതൽ ജനകീയമാക്കി, ജനകീയ വിദ്യാഭ്യാസത്തിന്റെ മാതൃകയാക്കി മാറ്റണം.

ശ്രീ. സി. മമ്മൂട്ടി: സർ, വിദ്യാഭ്യാസരംഗത്തെ ഇത്തരം പ്രവർത്തനങ്ങൾ എം.എൽ.എ.-മാർ മോണിറ്റർ ചെയ്യുകയും അതിനനുസരിച്ച് മുന്നോട്ടുപോകുകയും വേണം. ഈ ഗവൺമെന്റ് വരുന്നതിനുമുമ്പുതന്നെ സമഗ്ര വിദ്യാഭ്യാസത്തിന്റെ ഭാഗമായി എന്റെ മണ്ഡലത്തിലെ എല്ലാ ഗവൺമെന്റ് സ്കൂളുകളുടെയും തറ ടൈലിട്ട് മനോഹരമാക്കി പ്രത്യേക ബോർഡ് വച്ച ഒരു ജനപ്രതിനിധിയാണ് ഞാൻ. ലാംഗ്വേജ് ലാബിനുവേണ്ടി സംവിധാനവും ഏർപ്പെടുത്തി. ഇപ്പോൾ ഈ പദ്ധതിയിൽ അഞ്ച് കോടി രൂപ മുടക്കിയ കൽപ്പകഞ്ചേരി സ്കൂളിന്റെ ജോലികൾ പണം ലഭിക്കാത്തതിനാൽ ഇഴഞ്ഞുനീങ്ങുകയാണ്. അത് ജാഗ്രതയോടെ കൈകാര്യം ചെയ്താൽ വളരെ പെട്ടെന്ന് പണി പൂർത്തിയാക്കാൻ സാധിക്കും. തിരൂർ ബോയ്സ് ഹൈസ്കൂളിൽ ആയിരം കുട്ടികൾ പഠിക്കുന്ന സ്കൂളുമായി ബന്ധപ്പെട്ട പദ്ധതികൾ തയ്യാറാക്കി അവസാനം ടെണ്ടർ ചെയ്തപ്പോൾ ആദ്യം മുതലുള്ള നടപടി സ്വീകരിക്കണമെന്നാണ് പറയുന്നത്. കിറ്റ്കോ എന്ന ഏജൻസി ഏറ്റെടുത്ത് എല്ലാം തയ്യാറാക്കി ടെണ്ടറിന് വച്ചതാണ്. അത് റീ-ടെണ്ടർ ചെയ്യുമ്പോൾ ഇനിയും കാലതാമസമുണ്ടാകും. പ്രത്യേകമായ നിർദ്ദേശം നൽകി എത്രയും പെട്ടെന്ന് ആ സ്കൂളിന്റെ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, തിരൂർ ബോയ്സ് ഹൈസ്കൂളിലെ വിഷയം സംബന്ധിച്ച് പരിശോധിക്കാം. ബഹുമാനപ്പെട്ട മെമ്പർ നേതൃത്വം നൽകി സ്കൂളുകൾ ടൈലിട്ടു. ഇതുതന്നെയാണ് മാതൃക. ഇത്തരത്തിൽ ചെയ്താൽ എല്ലാ സ്കൂളുകളിലെയും പ്രശ്നം പരിഹരിക്കാം. ഇതിനെല്ലാം ചില സർക്കുലർ ഇറങ്ങിയിട്ടുണ്ട്. എം.എൽ.എ.-മാർക്ക് യഥാസമയം അവ അയച്ചുകൊടുത്തിട്ടുമുണ്ട്. സ്കൂളും പരിസരവും വൃത്തിയാക്കുന്നതിനുവേണ്ടി സ്കൂളിന്റെതന്നെ പി.ഡി. അക്കൗണ്ടിൽ നിന്ന് പണമെടുത്ത് ചെലവഴിക്കാനാണ് പൊതുവിദ്യാഭ്യാസ വകുപ്പ് ഉത്തരവിട്ടിരിക്കുന്നത്. സ്കൂളും പരിസരവും വൃത്തിയാക്കാൻ തദ്ദേശഭരണ സ്ഥാപനത്തിന്റെ ഫണ്ട് ഉപയോഗിക്കാൻ അനുവാദം നൽകുന്ന തദ്ദേശഭരണ സെക്രട്ടറിയുടെ ഒരു സർക്കുലറുമുണ്ട്. ഇതുകൂടാതെ ഒരു ലക്ഷം രൂപവരെയുള്ള ഫണ്ട് സ്കൂളുകൾക്ക് അനുവദിക്കാനുള്ള സഹകരണ രജിസ്ട്രാറുടെ അനുമതിയുമുണ്ട്. ഇതെല്ലാം എല്ലാ എം.എൽ.എ.-മാർക്കും അയച്ചുകൊടുത്തിട്ടുണ്ട്. ഇത് എം.എൽ.എ. ഫണ്ടോ എം.പി. ഫണ്ടോ പ്ലാൻ ഫണ്ടോ കിഫ്ബി ഫണ്ടോ കൂടാതെ ലഭിക്കാവുന്ന തുകകളാണ്. ഇത് കൃത്യമായി മോണിറ്റർ ചെയ്ത് 2200 സ്കൂളുകളുൾപ്പെടെ 3706 സ്കൂളുകളിൽ പ്ലാൻ എന്ന രീതിയിൽ ശുചിമുറി വൃത്തിയാക്കുന്നതിന് 'വൃത്തിയുള്ള ശുചിമുറി' എന്ന പദ്ധതി ആരംഭിച്ചിരിക്കുകയാണ്. എല്ലാ സ്കൂളുകളുടെയും ശുചിമുറി വൃത്തിയാക്കുന്ന സാഹചര്യമുണ്ടാകണം. അതിനുവേണ്ടി മൂന്ന് സർക്കുലറുകളുണ്ട്. അതുപോലെ പി.ഡി. അക്കൗണ്ട് വിനിയോഗിക്കാനുള്ള അവസ്ഥയുണ്ട്. ഇതു കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങൾ തൊഴിലുറപ്പ് പദ്ധതി ഉപയോഗിച്ച് ശുചിമുറിയുണ്ടാക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ശുചിത്വമിഷൻ 802 ടോയ്ലെറ്റുകൾ നിർമ്മിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെയെല്ലാം രേഖകൾ അതത് എം.എൽ.എ.-മാർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. ഇക്കാര്യങ്ങളിലെല്ലാം വിദ്യാഭ്യാസ വകുപ്പിന്റെ ശ്രദ്ധയുണ്ടാകും. ആര് ശ്രദ്ധിക്കണമെന്ന് ആവശ്യപ്പെട്ടാലും അപ്പോൾത്തന്നെ അത് ചെയ്യുമെന്ന് ഉറപ്പാണ്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, കേരളീയ വിദ്യാഭ്യാസ മണ്ഡലത്തിൽ നന്മയുടെ പൂമരങ്ങൾ തീർത്തുകൊണ്ടിരിക്കുന്ന ഈ ഗവൺമെന്റിനെയും സർക്കാരിനെയും ഞാൻ അഭിനന്ദിക്കുകയാണ്. ഒരു കാര്യം ശ്രദ്ധയിൽപ്പെടുത്താനുള്ളത്, നമ്മുടെ എല്ലാ പ്രദേശങ്ങളിലും പ്രവൃത്തി ദിവസങ്ങളിൽ രാവിലെയും വൈകുന്നേരവും വിവിധ സർക്കാർ/ എയ്ഡഡ്/അൺഎയ്ഡഡ് വിദ്യാലയങ്ങളിലെ വാഹനങ്ങളുടെ മത്സരയോട്ടം നടക്കുകയാണ്. ഒരേ വഴിയിലൂടെ വിവിധ സ്കൂളുകളിലേയ്ക്കുള്ള കുട്ടികൾ വിവിധ വാഹനങ്ങളിലായി പോകുന്ന ഒരു സ്ഥിതിയാണുള്ളത്. അതോടൊപ്പംതന്നെ പല

സർക്കാർ വിദ്യാലയങ്ങളിലേയ്ക്കും എം.എൽ.എ.-മാർ അനുവദിച്ച വാഹനങ്ങൾ പി.ടി.എ.-കൾക്ക് ഏറ്റെടുത്ത് നടത്താൻ കഴിയാതെയായിരിക്കുകയാണ്. അതിന്റെ ഇൻഷ്വറൻസ് അടയ്ക്കാനും മെയിന്റനൻസ് നടത്താനും കഴിയാതെ ഇപ്പോൾ പരാതിയുമായി വന്നുകൊണ്ടിരിക്കുകയാണ്. ഇത്തരമൊരു സ്ഥിതിയിൽ എം.എൽ.എ. ഫണ്ട് വിനിയോഗിച്ച് സ്കൂൾ പി.ടി.എ.-കൾക്ക് വാഹനം നൽകുന്നതിനുപകരം തദ്ദേശസ്ഥാപനാടിസ്ഥാനത്തിലുള്ള വിദ്യാഭ്യാസ സമിതികൾക്ക് വാഹനങ്ങൾ നൽകിയാൽ ഒരേഭാഗത്തുനിന്ന് വിവിധ പൊതു വിദ്യാലയങ്ങളിലേയ്ക്ക് പോകുന്ന കുട്ടികളെ നമുക്ക് സ്കൂളുകളിൽ എത്തിക്കാൻ സാധിക്കും. എം.എൽ.എ. ഫണ്ട് വിനിയോഗിച്ച് തദ്ദേശസ്ഥാപനാടിസ്ഥാനത്തിലുള്ള വിദ്യാഭ്യാസ സമിതികൾക്ക് വാഹനങ്ങൾ വാങ്ങി നൽകുന്നതിന് ധനകാര്യ വകുപ്പ് തടസ്സം നിൽക്കുകയാണ്. അത് മറികടക്കാൻ താങ്കൾ നേതൃത്വം നൽകുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഇത് നല്ല നിർദ്ദേശമാണ്. നിലവിലുള്ള നിയമങ്ങളും ധനകാര്യ വകുപ്പിന്റെ നിർദ്ദേശവുമൊക്കെ മാറ്റിയിട്ടുവേണം ഈ നിർദ്ദേശം പരിശോധിക്കേണ്ടത്. ഏതായാലും നല്ലൊരു നിർദ്ദേശമാണ്., പരിഗണിക്കാവുന്നതാണ്.

## നിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാരം

2 (*92) ശ്രീ. പി. കെ. ശശി:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് കരാറുകാരനുമായി ഒത്തുകളിച്ച് ചെയ്യാത്ത ജോലിക്ക് പണം തട്ടിയ കേസിൽ ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുത്തിട്ടുണ്ടോ; ആ കാലഘട്ടത്തിൽ പാലാരിവട്ടം പാലം, മലയോര ഹൈവേ എന്നിവ ഉൾപ്പെടെയുള്ള പാലങ്ങളുടെയും റോഡുകളുടെയും നിർമ്മിതിയിൽ അഴിമതി നടത്തി ഗുണനിലവാരമില്ലാതാക്കിയെന്ന ആക്ഷേപത്തെക്കുറിച്ച് പരിശോധന നടത്തുമോ;

(ബി) സംസ്ഥാനത്ത് പുതുതായി നിർമ്മിക്കുന്ന പാലങ്ങൾക്കും റോഡുകൾക്കും ഡിഫക്റ്റ് ലയബിലിറ്റി പിരീഡ് വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) റോഡുനിർമ്മാണ പ്രവൃത്തികളിൽ ലൈറ്റ് വൈറ്റ് ടോപ്പിംഗ് ഉൾപ്പെടെയുള്ള എന്തെല്ലാം ആധുനിക നിർമ്മാണരീതികളാണ് അവലംബിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ഡി) ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് പൊതുവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ,

(എ) നടപടിയെടുത്തിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും സംബന്ധിച്ച ആലുവ മധ്യമേഖല കാര്യാലയത്തിലും അനുബന്ധ ഓഫീസുകളിലും 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിൽ നടന്ന ക്രമക്കേടുകളെ സംബന്ധിച്ച് ധനകാര്യ വകുപ്പ് അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചെയ്യാത്ത പ്രവൃത്തികൾക്ക് തുക മാറിനൽകിയതിന് ഉത്തരവാദികളായി കണ്ടെത്തിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരെ അച്ചടക്ക നടപടിക്കുവിധേയമായി സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്തിരിക്കുകയാണ്. ഇവർക്കെതിരെയുള്ള അച്ചടക്ക നടപടികൾ പുരോഗമിച്ചുവരികയാണ്. കഴിഞ്ഞ കാലങ്ങളിൽ എറണാകുളം റവന്യൂ ജില്ലയിലാണ് സംഘടിതരൂപമായി നിലവിലുണ്ടായിരുന്നതെന്ന് കണ്ടെത്തിയിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിലെ ചില ഓഫീസുകളിലും ഈ നിലയിൽത്തന്നെ ആസൂത്രിതമായി കണ്ടെത്തിയിട്ടുണ്ട്.

പാലാരിവട്ടം പാലം നിർമ്മിതിയിലെ അഴിമതി സംബന്ധിച്ച് വിജിലൻസ് വകുപ്പ് അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. അന്വേഷണത്തിനിടയിൽ അന്നത്തെ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി, കരാർ കമ്പനി എം.ഡി., ആർ.ബി.ഡി.സി.കെ. ഉദ്യോഗസ്ഥൻ, കിറ്റ്കോ ഉദ്യോഗസ്ഥൻ എന്നിവരെ അറസ്റ്റുചെയ്ത് റിമാൻഡ് ചെയ്തിട്ടുണ്ട്. അവരെല്ലാം ഇപ്പോൾ ജാമ്യത്തിൽ നിൽക്കുകയാണ്. ഭരണപരവും സാങ്കേതികവുമായ കുറ്റങ്ങൾ സംബന്ധിച്ച് വിശദമായ അന്വേഷണം വിജിലൻസ് നടത്തിവരികയാണ്. വിജിലൻസ് കോടതിയിൽ കേസും നടക്കുന്നുണ്ട്. മലയോര ഹൈവേയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് അഴിമതി നടത്തി ഗുണനിലവാരമില്ലാതാക്കിയത് സംബന്ധിച്ച് ആക്ഷേപങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാനത്ത് നിർമ്മിക്കുന്ന പാലങ്ങൾക്കും റോഡുകൾക്കും ഡിഫക്റ്റ് ലയബിലിറ്റി പിരീഡ് നേരത്തെതന്നെ നിശ്ചയിച്ചിട്ടുള്ളതാണ്. ദേശീയപാതാ വിഭാഗത്തിൽ 3 മുതൽ 5 വർഷംവരെ വിവിധ കാറ്റഗറികളിൽ ഡിഫക്റ്റ് ലയബിലിറ്റി പിരീഡുണ്ട്. ദേശീയപാതാ നിർമ്മാണത്തിന്റെ നിയമങ്ങളൊക്കെ

ദേശീയ ഗവൺമെന്റിന്റേതാണ്. അതിൻപ്രകാരം Engineering Procurement Construction mode (EPC)-ലാണ് നടപ്പിലാക്കുന്നത്. പി.ഡബ്ല്യു.ഡി.-യുടെ ടെണ്ടർ രീതിയല്ല അവിടെയുള്ളത്. അതിന്റെ അടിസ്ഥാനത്തിലാണ് 3 മുതൽ 5 വർഷംവരെ ഓരോ രീതിയനുസരിച്ചുള്ള ഈ ഡിഫക്ട് ലയബിലിറ്റി പിരീഡ് വച്ചിരിക്കുന്നത്. അതുപോലെതന്നെ ഡിസൈൻ പ്രകാരം നിർമ്മിക്കുന്ന നടപ്പാതകൾ, വളരെ വീതി കുറഞ്ഞ നടപ്പാതകൾക്കും സ്റ്റാൻഡ് എലോൺ പ്രോജക്ടിലുള്ള പാലങ്ങൾക്കകത്തുള്ള നടപ്പാതകൾക്കും 10 വർഷം ഡിഫക്ട് ലയബിലിറ്റി പിരീഡുണ്ട്. മറ്റ് പ്രവൃത്തികൾക്ക് 40 എം.എൽ.-ൽ കൂടുതൽ കനത്തിൽ ടാർ ചെയ്യുമ്പോൾ മൂന്ന് വർഷവും ഡിഫക്ട് ലയബിലിറ്റി പിരീഡും അതിൽ കുറവുള്ളവയ്ക്ക് ഒരു വർഷവുമാണുള്ളത്. എന്നാൽ വേൾഡ് ബാങ്ക് സഹായത്തോടെ നടക്കുന്ന കെ.എസ്.ടി.പി. പ്രവർത്തനങ്ങളിൽ അസാധാരണമാംവിധം പണം മുടക്കിയാണ് നിർമ്മിക്കുന്നതെങ്കിലും ഒരു വർഷം മാത്രമേ ഡിഫക്ട് ലയബിലിറ്റി പിരീഡ് വച്ചിട്ടുള്ളൂ.

(സി) ദീർഘകാലം ഈടുനിൽക്കുന്ന രീതിയിലുള്ള ബി.എം. & ബി.സി. റോഡുകൾ ഡിസൈൻ ചെയ്ത് നിർമ്മിച്ചുവരികയാണ്. 15 മുതൽ 30 വർഷംവരെ ഈടുനിൽക്കുന്ന വൈറ്റ് ടോപ്പിംഗ് രീതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. നിലവിലുള്ള റോഡ് വെട്ടിയെടുത്ത് സിമന്റും പ്രത്യേകതരം പൾവറൈസറും ചേർത്ത് കുഴച്ച് ടി ഭാഗത്തുതന്നെയിടുന്ന ഫുൾ ഡെപ്ത് റിക്ലമേഷൻ ടെക്നോളജി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്. സ്വാഭാവിക റബ്ബർ, കയർ-ജിയോ ടെക്സ്റ്റൈൽ തുടങ്ങിയ തദ്ദേശീയ ടെക്നോളജികൾ വലിയ തരത്തിൽ ഇപ്പോൾ റോഡ് നിർമ്മാണത്തിന് ഉപയോഗിച്ചുവരികയാണ്.

ദേശീയപാതകളുടെ നിർമ്മാണവും പരിപാലനവും ദേശീയ നിലവാരം പുലർത്തുന്നതിലേയ്ക്കായി ഇന്ത്യൻ റോഡ് കോൺഗ്രസ്സിന്റെയും MORTH-ന്റെയും മറ്റ് വിവിധ കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെയും സ്പെസിഫിക്കേഷനും അനുസരിച്ചാണ് നടത്തുന്നത്. അക്കാര്യത്തിൽ കേരളം കൃത്യത പാലിക്കുന്നുണ്ട്.

(ഡി) പൊതുമരാമത്ത് പ്രവൃത്തികളിലെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ക്വാളിറ്റി കൺട്രോൾ വിഭാഗത്തെ 14 ജില്ലകളിലും ശക്തിപ്പെടുത്തിയിട്ടുണ്ട്. കൂടാതെ തിരുവനന്തപുരത്ത് മാത്രമുണ്ടായിരുന്ന ഡിസൈൻ വിംഗിന് എറണാകുളത്തും കോഴിക്കോട്ടും ശാഖ തുടങ്ങുന്നതോടുകൂടി ഡിസൈനുകൾ വളരെ വേഗത്തിൽ നടക്കുകയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം നാന്നൂറിലേറെ ഡിസൈനുകൾ നടത്തിയിട്ടുണ്ട് എന്നുള്ളതും എടുത്തുപറയാൻ ആഗ്രഹിക്കുന്നു. കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിലും മറ്റ് ജില്ലകളിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ കീഴിലുമാണ് ക്വാളിറ്റി കൺട്രോൾ

വിഭാഗം പ്രവർത്തിച്ചുവരുന്നത്. ജില്ലാതല ക്വാളിറ്റി കൺട്രോൾ ലാബ് മുഖേനയുള്ള second tier ക്വാളിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഫൈനൽ പേമെന്റ് നടത്താവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 2 കോടി രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് കോൺട്രാക്ടർ സ്വന്തം ചെലവിൽ ക്വാളിറ്റി ലാബ് സജ്ജമാക്കണമെന്ന് Standard Bidding Document പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. കാര്യവട്ടത്തുള്ള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ ശക്തിപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ക്രമക്കേട് കാണിച്ചതിന്റെ പേരിൽ ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലുണ്ടായിരുന്ന എക്സിക്യൂട്ടീവ് എഞ്ചിനീയറെ വിജിലൻസിന്റെ നിർദ്ദേശപ്രകാരം സസ്പെന്റ് ചെയ്തിരിക്കുകയാണ്, പകരം ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ട്.

ശ്രീ. പി. കെ. ശശി: സർ, പൊതുമരാമത്ത് വകുപ്പിനെയും അതിന് നേതൃത്വം നൽകുന്ന ബഹുമാനപ്പെട്ട മന്ത്രിയെയും ഞാൻ ഹൃദയപൂർവ്വം അഭിവാദ്യം ചെയ്യുകയാണ്. യുവജന വിദ്യാർത്ഥി നേതാവെന്ന നിലയിൽ കാണിച്ചിരുന്ന ജാഗ്രതയും തീവ്രതയും മന്ത്രിയെന്ന നിലയിലും നിലനിർത്തുന്നതിലും പൊതുമരാമത്ത് വകുപ്പിനെ അഴിമതിരഹിതമാക്കാൻ നേതൃത്വം കൊടുക്കുന്നതിലും അദ്ദേഹത്തെ ഞാൻ അഭിവാദ്യം ചെയ്യുകയാണ്. കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് ഓരോ വകുപ്പും അഴിമതിയുടെ കടന്നൽക്കൂട്ടുകളായിരുന്നു. അഴിമതിയുടെ കോൺക്രീറ്റ് തൂണിൽ ഉറപ്പിച്ചിരുന്ന പൊതുമരാമത്ത് വകുപ്പിനെ അതിൽ നിന്ന് മോചിപ്പിക്കാൻ അദ്ദേഹം നേതൃത്വം കൊടുത്തു.

മി. സ്പീക്കർ: അങ്ങ് പ്രഭാഷണകലയിൽ അദ്വിതീയനാണെന്ന് അറിയാം. ചോദ്യത്തിലേയ്ക്ക് വരൂ. ...പ്ലീസ്...

ശ്രീ. പി. കെ. ശശി: സർ, ഞാൻ ചോദ്യത്തിലേയ്ക്ക് വരികയാണ്. അങ്ങയുടെ മറുപടിയിൽ പറഞ്ഞതുപോലെ ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള റോഡ് നിർമ്മാണം സംബന്ധിച്ച് എഞ്ചിനീയർമാർക്കുപുറമെ കോൺട്രാക്ടർമാർക്കും കരാറുകാർക്കുംകൂടി പരിശീലനം നൽകുന്നതിന് തയ്യാറാകുമോ?

ശ്രീ. ജി. സുധാകരൻ: സർ, ഈ സർക്കാർ അധികാരമേറ്റതു മുതൽ മരാമത്ത് നിർമ്മാണ പ്രവൃത്തിയുടെ പ്രാധാന്യത്തെപ്പറ്റി ഊന്നിപ്പറയുകയും കോൺട്രാക്ടർമാർക്ക് നല്ല പ്രോത്സാഹനം നൽകുകയും ചെയ്തിട്ടുണ്ട്. പക്ഷേ കോൺട്രാക്ടർമാരെക്കുറിച്ചുള്ള പൊതുധാരണ അത്ര നല്ലതല്ല. കരാറുകളെല്ലാം കോൺസ്റ്റിറ്റ്യൂഷനിലെ Law of Contract പ്രകാരമുള്ളതാണ്. അത് ദേശീയ നിയമമാണ്, സംസ്ഥാനങ്ങളിലുമുണ്ട്. പക്ഷേ ഇത്രയും ഉന്നത

സ്ഥാനം അവർക്കുണ്ടെന്ന് അവർക്കറിയില്ല. ഇപ്പുറത്ത് ഗവൺമെന്റും അപ്പുറത്ത് കോൺട്രാക്ടറുമാണ്. അതനുസരിച്ചാണ് കോൺട്രാക്ട് വരുന്നതെന്ന് ബോദ്ധ്യപ്പെടുത്താൻ ശ്രമിച്ചപ്പോൾ ഒരു വിഭാഗം അത് മനസ്സിലാക്കിയിട്ടുണ്ട്. കോൺട്രാക്ടർമാർ മാത്രമടങ്ങുന്ന ഒരു കോൺട്രാക്ടേഴ്സ് അക്കാഡമി സ്ഥാപിക്കാൻ ആലോചിക്കുന്നുണ്ട്. അതിനായി ആക്ടൊന്നും കൊണ്ടുവരാൻ ഉദ്ദേശിക്കുന്നില്ല. ഈ മാസം 17-ാം തീയതി കേരളത്തിലെ ഏറ്റവും മികച്ച കുറച്ച് കോൺട്രാക്ടർമാരുമായി ചർച്ച നടത്തുന്നുണ്ട്. ഇവിടെ പറഞ്ഞതുപോലെ ലോകനിലവാരത്തിലുള്ള നിർമ്മാണങ്ങളെപ്പറ്റി അവരെ ബോദ്ധ്യപ്പെടുത്തുകയും അത്തരത്തിലുള്ള യന്ത്രങ്ങൾ സ്വായത്തമാക്കാൻ ആവശ്യപ്പെടുകയും വേണം. ഇവിടെ ഒരു ഇരുമ്പുചട്ടിയും വെട്ടുകത്തിയും കുന്താലിയുമുണ്ടെങ്കിൽ ആർക്കും കോൺട്രാക്ടറാകാമെന്ന സ്ഥിതിയാണുള്ളത്. എന്നിട്ട് ആരുടെയെങ്കിലും സാധനങ്ങൾ വാടകയ്ക്ക് എടുക്കും. പഞ്ചായത്ത് റോഡുകൾ നശിപ്പിക്കുന്നത് അങ്ങനെയാണ്. പി.ഡബ്ല്യു.ഡി. ഇക്കാര്യത്തിൽ കുറെ നിയന്ത്രണങ്ങൾ വരുത്തിയിട്ടുണ്ട്. അങ്ങയുടെ നിർദ്ദേശം വളരെ നല്ലതാണ്. ഗവൺമെന്റ് ആലോചിച്ചിട്ടുള്ള ഒരു കാര്യമാണ്. കോൺട്രാക്ടർമാരെ ബോധവത്കരിച്ചാൽ എഞ്ചിനീയർമാരുടെ ജോലി പകുതി കുറയും. എഞ്ചിനീയർമാർ അത് നല്ലരീതിയിൽ നോക്കിയാൽ മാത്രം മതിയാകും.

<u>ശ്രീ. പി. കെ. ശശി</u>: ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ ഒരു വർക്ക് ഏറ്റെടുക്കുമ്പോൾ കരാറുകാരൻ ഗവൺമെന്റുമായി കരാർ ഒപ്പിടുകയാണ്. ഈ എഗ്രിമെന്റ് ഒപ്പിടുന്നതോടെ കരാറുകാരനും ഒരു അതോറിറ്റിയായി മാറുകയാണ്. കാരണം, കരാറുകാരനെ പൂർണ്ണ വിശ്വാസത്തിലെടുത്ത് ഗവൺമെന്റ് വർക്ക് സൈറ്റ് കൈമാറുകയാണ്. അപ്പോൾ ഏറ്റെടുക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കരാറുകാരന് കഴിയണം. ചില പ്രദേശങ്ങളിൽ പ്രശ്നങ്ങളുണ്ടാകുന്നുണ്ട്. തിരുവനന്തപുരം ജില്ലയിലെ കഴക്കൂട്ടത്ത് ഒരു റോഡിന്റെ വർക്ക് നിശ്ചിത സമയത്തിനുള്ളിൽ തീർക്കാൻ കഴിയാതെ വന്നപ്പോൾ ആക്ഷേപമുയർന്നിരുന്നു. ആളുകൾക്ക് നടക്കാൻ പോലും കഴിയാത്ത സാഹചര്യമുണ്ടായപ്പോൾ ബഹുമാനപ്പെട്ട മന്ത്രി തന്നെ സ്ഥലം സന്ദർശിക്കുകയും ഉത്തരവാദികളായവരുടെ പേരിൽ ശക്തമായ നടപടിയെടുക്കാൻ തയ്യാറാകുകയും ചെയ്തു. അത്തരം നിലപാടുകളുമായി മുന്നോട്ടു പോകാൻ തുടർന്നും ഈ ഗവൺമെന്റ് തയ്യാറാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. അതോടൊപ്പംതന്നെ ഒരു കാര്യംകൂടി ഓർമ്മിപ്പിക്കുകയാണ്, നിലവിൽ രണ്ട് സെന്റിമീറ്ററാണ് റോഡിന്റെ ഉപരിതലത്തിന്റെ കനം. അത് അഞ്ച് സെന്റിമീറ്ററെങ്കിലുമാക്കാനാവശ്യമായ അടിയന്തര ഇടപെടൽ നടത്താൻ തയ്യാറാകുമോ;

ശ്രീ. ജി. സുധാകരൻ: സർ, കേടുപാടുകളോ ആക്ഷേപങ്ങളോ ഉണ്ടാകുന്ന സ്ഥലങ്ങൾ ശ്രദ്ധയിൽപ്പെട്ടാലുടൻതന്നെ അന്വേഷിക്കുന്നുണ്ട്. പൊതുവെ അത്തരം സ്ഥലങ്ങളിൽ നമ്മുടെ ഉദ്യോഗസ്ഥ സംവിധാനംതന്നെ പോയി അന്വേഷിക്കാറുണ്ട്, അപൂർവ്വം സ്ഥലങ്ങളിൽ മന്ത്രിമാരും പോകാറുണ്ട്. കഴക്കൂട്ടത്തെ പ്രശ്നത്തിൽ ഇടപെടുകയും വേഗംതന്നെ നാഷണൽ ഹൈവേയുടെ സെക്രട്ടേറിയറ്റിന്റെ മുൻവശം വരെയുള്ള ഭാഗം ടാർ ചെയ്യുകയും ചെയ്തു. നമുക്ക് അനുവദിക്കുന്ന പണം ഉപയോഗിച്ച് മാത്രമേ റോഡ് പണി ചെയ്യാൻ സാധിക്കൂ. അങ്ങ് സൂചിപ്പിച്ച റോഡിന്റെ കനം കൂട്ടുന്നതടക്കമുള്ള സാങ്കേതിക കാര്യങ്ങൾ പരിശോധിച്ച് ന്യായമായ തീരുമാനമെടുക്കുന്നതാണ്. പക്ഷേ 30 വർഷംവരെ നിൽക്കുന്ന വൈറ്റ് ടോപ്പിംഗ് സംവിധാനം പ്രധാന റോഡുകളിൽ കൊണ്ടുവരികയാണെങ്കിൽ ഇത്തരം പ്രശ്നങ്ങളുണ്ടാകില്ല. അങ്ങ് പറഞ്ഞത് ശാശ്വത പരിഹാരമാണ്. പിന്നെ മെയിന്റനൻസ് മാത്രമേയുണ്ടാകുകയുള്ളൂ. സാമ്പത്തിക പ്രശ്നങ്ങളുണ്ടെങ്കിലും കുറെ സ്ഥലങ്ങളിൽ അത് നടപ്പിലാക്കാൻ തീരുമാനിക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ റീ ബിൽഡ് കേരളയിൽ ഇത് ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. ബി. ഡി. ദേവസ്സി: സർ, കേരളത്തെ ഒന്നായി കണ്ടുകൊണ്ട് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ മണ്ഡലങ്ങളിലും ഒരുപോലെ റോഡുകളും പാലങ്ങളും കെട്ടിടങ്ങളും അനുവദിക്കാൻ അങ്ങ് സ്വീകരിക്കുന്ന നടപടികൾ ഏറെ ശ്രദ്ധേയമാണ്. അതുകൊണ്ടാണ് മുൻകാലങ്ങളിലേതുപോലെ പ്രതിപക്ഷ മണ്ഡലങ്ങളെ അവഗണിക്കുന്നുവെന്ന പരാതികൾ സഭയിൽ ഉയർന്നുവരാത്തത്. ഡിസൈൻ ആർക്കിടെക്ചർ വിഭാഗത്തിലുണ്ടാകുന്ന അനാവശ്യ കാലതാമസം നിർമ്മാണ പ്രവർത്തനങ്ങളിലും കാലതാമസത്തിനിടയാക്കുന്നുണ്ട്. കിഫ്ബിയുടെ മാനദണ്ഡങ്ങൾക്കനുസരിച്ച് ഡി.പി.ആർ. തയ്യാറാക്കുന്നതിന് പി.ഡബ്ല്യു.ഡി. ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകേണ്ടതുണ്ട്. നൂതന സാങ്കേതിക വിദ്യകളും ആധുനിക യന്ത്രസാമഗ്രികളും ഉപയോഗിച്ച് ദീർഘകാലം നിലനിൽക്കുന്ന ഗുണനിലവാരമുള്ള റോഡുകൾ നിർമ്മിക്കാനാണ് പി.ഡബ്ല്യു.ഡി. കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ നൂതന സാങ്കേതികവിദ്യകളും ആധുനിക യന്ത്രങ്ങളും ഉപയോഗിക്കുന്നതിനും പ്രാവർത്തികമാക്കുന്നതിനുമായി കരാറുകാർക്കും ഉദ്യോഗസ്ഥർക്കും സാങ്കേതിക വിദ്യാഭ്യാസവും പരിശീലനവും നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, ഖജനാവിൽനിന്നും പണം ചെലവഴിക്കുന്നത് ഒരു പുതിയ കാര്യമല്ല, മുമ്പും ചെയ്തിട്ടുണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ലക്ഷ്യം സമഗ്ര വികസനമാണ്. എല്ലാ പഞ്ചായത്തുകളും

നഗരസഭകളും നാട്ടും ഒരുപോലെയാണ്, എല്ലാവരും നമ്മുടെ ജനങ്ങളാണെന്ന തരത്തിൽ സമീപനമെടുക്കണമെന്ന തീരുമാനമുണ്ട്, അത് നടപ്പിലാക്കി വരികയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പ്രതിപക്ഷത്തുതന്നെ പത്തോ മുപ്പതോ പേർക്ക് മാത്രമേ ഫണ്ട് കൊടുത്തിട്ടുള്ളൂ. എനിക്ക് നയാപൈസ തന്നിട്ടില്ല. അത് എല്ലാവർക്കുമറിയാം. അതിലൊന്നും ഒരു പ്രശ്നവുമില്ല. അതെല്ലാം തെറ്റാണെന്ന് നമ്മുടെ അനുഭവത്തിൽനിന്നും മനസ്സിലാക്കിയതുകൊണ്ടും ഞങ്ങളുടെ നയമിതായതുകൊണ്ടും ഇത് തുടരും. അത് എല്ലാ ഗവൺമെന്റുകളും തുടരുന്നതാണ് നല്ലത്. കിഫ്ബി പ്രോജക്ടുകൾ തയ്യാറാക്കുന്ന പി.ഡബ്ല്യു.ഡി ഉദ്യോഗസ്ഥർക്ക് കിഫ്ബി തന്നെയാണ് ട്രെയിനിംഗ് നൽകുന്നത്; അത് ശക്തിപ്പെടുത്തുന്നതിന് ആവശ്യപ്പെടുന്നതാണ്. റോഡ് നിർമ്മാണത്തിനുള്ള ആധുനിക സാങ്കേതികവിദ്യകൾ കൊണ്ടുവരുന്നുണ്ട്. സാമ്പത്തിക പ്രശ്നങ്ങളെല്ലാം ചർച്ച ചെയ്ത് പരിഹരിച്ച് വലിയ മാറ്റമുണ്ടാക്കാൻ പോകുകയാണ്.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, പ്രവൃത്തി നിലച്ചുപോയ മൂന്ന് പാലങ്ങളാണ് ഇക്കാലയളവിൽ അങ്ങയുടെ ഇടപെടൽകൊണ്ട് പൂർത്തീകരിക്കാൻ കഴിഞ്ഞത്. കരമന-കളിയിക്കാവിള റോഡിന്റെ നിർമ്മാണം അതിവേഗം പുരോഗമിക്കുന്നുണ്ട്. കൊടിനട-വഴിമുക്ക് റോഡിന്റെ ഒന്നര കിലോമീറ്റർ ദൂരം സ്ഥലമേറ്റെടുക്കൽ പൂർത്തിയാക്കാനുണ്ട്. വഴിമുക്ക്-കളിയിക്കാവിള മൂന്നാംഘട്ട പ്രവൃത്തിയുടെ അലൈൻമെന്റ് അംഗീകരിച്ച് പ്രസ്തുത നടപടികൂടി പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, അവിടെ സമയബന്ധിതമായി നിർമ്മാണം നടക്കുകയാണ്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ് രണ്ടാമത്തെ റീച്ച് ചെയ്യുന്നത്. ആദ്യത്തെ റീച്ച് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പൂർത്തിയാക്കിയിരുന്നു. പക്ഷേ അവിടെ ചെറിയൊരു വിഭാഗം ആളുകൾ ചില തടസ്സങ്ങൾ ഉന്നയിച്ചിരിക്കുന്നു. ഞാൻ കഴിഞ്ഞ ദിവസം അവിടെ പോയിരുന്നു. റോഡ് നിർമ്മാണത്തിന് ഉദ്ദേശിച്ച സ്ഥലത്ത് കുറച്ച് ആളുകൾ ചേർന്ന് ശ്രീനാരായണ ഗുരുവിന്റെ പ്രതിമ സ്ഥാപിച്ചിരിക്കുകയാണ്. പെട്ടെന്ന് സ്ഥാപിച്ച പ്രതിമയാണ്, പരമ്പരാഗതമായി അവിടെയുണ്ടായിരുന്നതല്ല. അതുകൊണ്ട് സ്ഥലമുണ്ടെങ്കിൽ എവിടെ വേണമെങ്കിലും അത് മാറ്റി സ്ഥാപിക്കാൻ കഴിയും. ആ പ്രതിമ മാറ്റിസ്ഥാപിക്കാൻ കരാർ കമ്പനി മൂന്ന് ലക്ഷം രൂപ നൽകി. ഇപ്പോൾ അവർ പറയുന്നത് അത് സംഭാവനയായി കരുതണമെന്നും മാറ്റിസ്ഥാപിക്കാൻ വേറെ പണം വേണമെന്നുമാണ്. ഇങ്ങനെയൊക്കെയുള്ള പല പ്രശ്നങ്ങളുണ്ട്. അവസാനത്തെ ഒന്നര കിലോമീറ്ററിൽ മറ്റുചില പ്രശ്നങ്ങളാണുള്ളത്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ അവിടത്തെ എഞ്ചിനീയർമാരെക്കൊണ്ട് മാത്രം

കഴിയില്ല, ഒരു കൂട്ടായ്മ വേണം. എന്നാലും നല്ലരീതിയിൽ റോഡ് നിർമ്മാണം നടക്കുന്നുണ്ട്. എല്ലാ പ്രശ്നങ്ങളും പരിഹരിച്ച് ഇപ്പോഴത്തെ റീച്ച് പൂർത്തീകരിക്കുകയും അവസാനത്തെ റീച്ചായ പതിനെട്ട്-ഇരുപത് കിലോമീറ്റർ സ്ഥലമേറ്റെടുക്കാനുള്ള നടപടികൾ ആരംഭിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. സജി ചെറിയാൻ: സർ, അഴിമതിയും കെടുകാര്യസ്ഥതയും ഇല്ലാതാക്കി പൊതുമരാമത്ത് വകുപ്പിനെ ജനകീയമാക്കിയ മന്ത്രി ശ്രീ. ജി. സുധാകരനെയും ഗവൺമെന്റിനെയും ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. പാലാരിവട്ടം കേസിൽ മുൻമന്ത്രിക്കെതിരായ പ്രോസിക്യൂഷൻ നടപടിക്ക് ഗവർണർ ഇപ്പോൾ അനുമതി നൽകിയിരിക്കുകയാണ്. ആ നിർമ്മാണവുമായി ബന്ധപ്പെട്ട അഴിമതി പുറത്തുവന്നപ്പോൾ മുൻ ഗവൺമെന്റിന്റെ കാലത്തെയും ഇപ്പോഴത്തെയും എല്ലാ നിർമ്മാണ പ്രവൃത്തികളെപ്പറ്റിയും പരിശോധന നടത്തുമെന്ന് അങ്ങ് പറഞ്ഞിരുന്നു. അതിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്താണ്; സമാന സ്വഭാവമുള്ള ഏതെങ്കിലും നിർമ്മാണ പ്രവൃത്തികൾ അന്വേഷണം വഴി കണ്ടെത്തിയിട്ടുണ്ടോ; ഈ ഗവൺമെന്റ് വന്നതിനുശേഷം ഇത്തരം കാര്യങ്ങളിൽ കുറ്റക്കാരായ ആളുകൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ശ്രീ. ജി. സുധാകരൻ: സർ, വളരെ വിശദമായ ഒരു ചോദ്യമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടായിട്ടുള്ള ചില ചട്ടവിരുദ്ധമായ, അഴിമതിയെന്ന് പറയാവുന്ന കാര്യങ്ങളെപ്പറ്റി ഔദ്യോഗികതലത്തിൽ ഒരു കമ്മിറ്റിയെ വച്ച് അന്വേഷണം നടത്തിയതിൽ കുറെയധികം കാര്യങ്ങൾ കണ്ടെത്തുകയും അതിന്മേൽ നടപടികൾ സ്വീകരിച്ചുവരികയുമാണ്. പാലാരിവട്ടം പാലം മോഡലിൽ വേറൊരു പാലവും കണ്ടെത്തിയിട്ടില്ല. അതൊരു പ്രത്യേക കേസാണ്, വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. പാലം തകർന്നുവീണാൽ ഉണ്ടാകുന്നതുപോലുള്ള അപകടമൊന്നും റോഡുകൾ കേടായാൽ ഉണ്ടാകില്ല, കുണ്ടിലും കുഴിയിലും വീഴുന്ന പ്രശ്നം മാത്രമേയുണ്ടാകൂ, താരതമ്യേന അപകടസാധ്യത കുറവാണ്. റോഡുകളുടെ നിർമ്മാണത്തിൽ ധാരാളം അഴിമതി കണ്ടെത്തിയിട്ടുണ്ട്, അവയ്ക്കെതിരെ നടപടി സ്വീകരിച്ചിട്ടുമുണ്ട്. ഒരു ചീഫ് എഞ്ചിനീയറെയടക്കം 194 എഞ്ചിനീയർമാരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്. ഇത്രയും പേരെ സസ്പെൻഡ് ചെയ്തുകൊണ്ട് പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ പ്രയാസമാണെങ്കിലും വിജിലൻസിന്റെ റിപ്പോർട്ട് വന്നാൽ അത് ചെയ്യാതിരിക്കാൻ സാധിക്കുകയില്ല. ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം കണ്ടെത്തുന്ന ക്രമക്കേടുകളുടെ ഭാഗമായാണ് ഭൂരിഭാഗം നടപടികളുമുണ്ടാകുന്നത്. ഡിപ്പാർട്ടുമെന്റ് നേരിട്ട് നടത്തുന്ന എൻക്വയറി പത്തുപതിനഞ്ച് ശതമാനമേയുള്ളൂ. എന്തായാലും നടപടി സ്വീകരിച്ചതിനെതിരെ എഞ്ചിനീയർമാരുടെ ഭാഗത്തുനിന്നും പ്രതിഷേധവുമുണ്ടായിട്ടില്ല.

കാരണം, നല്ലതുപോലെ അഴിമതി കാണിച്ചിട്ടുള്ളതുകൊണ്ട് അത് കിട്ടേണ്ടതാണെന്ന് അവർക്കുമറിയാം. ഇപ്പോൾ അഴിമതി കുറഞ്ഞുവരുന്നുണ്ട്. തീർച്ചയായും അങ്ങ് ചോദിച്ച ചോദ്യത്തിന്റെ ഉദ്ദേശ്യം മനസ്സിലാക്കി എല്ലാ തെറ്റുകളും തിരുത്തും. ഈ ഗവൺമെന്റിന്റെ കാലത്തുള്ള അഴിമതിയാണെങ്കിലും തിരുത്തുന്നുണ്ട്. സംഘടിതമായോ ഏതെങ്കിലുമൊരു ഉദ്യോഗസ്ഥന്റെ അറിവോടെയോ ക്രമക്കേടുകളൊന്നും നടക്കുന്നില്ല. പക്ഷേ ഒറ്റപ്പെട്ട ചില സംഭവങ്ങളുണ്ടാകാം, അത് ആ രീതിയിൽ കൈകാര്യം ചെയ്യുന്നതാണ്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, തലസ്ഥാന നഗരിയിലെ റോഡുകൾ മിക്കതും പരിപൂർണ്ണമായും നവീകരിക്കാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. അതിനുള്ള പ്രധാന കാരണം ടെണ്ടർ വിളിച്ചാലും കരാറുകാർ വർക്ക് ഏറ്റെടുക്കുന്നില്ല എന്നതാണ്. കഴിഞ്ഞ ബഡ്ജറ്റിൽ അനുവദിച്ച തുകയുടെ വർക്കുപോലും ഏറ്റെടുക്കാൻ കരാറുകാർ തയ്യാറാകുന്നില്ല. എന്റെ നിയോജകമണ്ഡലത്തിലെ വലിയതുറ-ബീമാപള്ളി-പൂന്തുറ റോഡ് അതിന് ഉദാഹരണമാണ്. 2 കോടി 10 ലക്ഷം രൂപ അനുവദിച്ച പ്രസ്തുത പ്രവൃത്തി ആറ് പ്രാവശ്യം ടെണ്ടർ ചെയ്തിട്ടും ഏറ്റെടുക്കാൻ കരാറുകാർ തയ്യാറാകുന്നില്ല. 4,500 കോടിയോളം രൂപ കോൺട്രാക്ടർമാർക്ക് കൊടുക്കാനുണ്ടെന്നാണ് അറിയുന്നത്. സാമ്പത്തിക ബാധ്യത വരുന്നതുകൊണ്ട് അവർ വർക്ക് ഏറ്റെടുക്കുന്നില്ല. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ അപാകതകളുണ്ട് എന്നുള്ളതും ശ്രദ്ധിക്കപ്പെടേണ്ടതാണ്. കരാറുകാർ വർക്ക് ഏറ്റെടുക്കാത്തതുകൊണ്ട് റോഡിൽ ചെറിയ പാച്ച് വർക്കുകൾ മാത്രം നടത്തുകയാണ്. പാച്ച് വർക്ക് നടത്തിയാൽപ്പിന്നെ ആറ് മാസത്തേയ്ക്ക് പുതിയ പ്രവൃത്തി നടക്കുകയില്ല. ബഹുമാനപ്പെട്ട മന്ത്രി ഇതിനായി പ്രത്യേക സംവിധാനം ഏർപ്പെടുത്തണം. റോഡുകൾ മുഴുവൻ അടിയന്തരമായി നവീകരിക്കുന്നതിനുള്ള നടപടിയുണ്ടാകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. ജി. സുധാകരൻ: സർ, തിരുവനന്തപുരം നഗരത്തിൽ അറ്റകുറ്റപ്പണികൾ നടത്താതിരിക്കാൻ പറ്റില്ല. പെർമനന്റായ കൺസ്ട്രക്ഷന് മുമ്പ് ഹ്രസ്വകാലയളവിലേയ്ക്ക് അറ്റകുറ്റപ്പണികൾ നടത്തിയേ പറ്റൂ. കാരണം, റോഡുകൾ ചിലപ്പോൾ കാലാവധി കഴിയുന്നതിന് മുമ്പുതന്നെ കേടാകുന്നുണ്ട്. അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ബഡ്ജറ്റിൽ പ്രൊവിഷനുണ്ട്. ഇത്തവണ അത് നല്ല രീതിയിൽ നടത്തിയിട്ടുമുണ്ട്. ഏപ്രിൽ മുതൽ നവംബർ വരെയുള്ള ഏഴ് മാസം മഴയായിരുന്നതിനാൽ ഒന്നും ചെയ്യാൻ സാധിച്ചില്ല. ഡിസംബർ 31-നകം അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഹൈക്കോടതിയും പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചപ്പോൾ 2% റോഡ് മാത്രമേ ഇനി റിപ്പയർ ചെയ്യാനുള്ളൂവെന്ന് കണ്ടെത്തിയിട്ടുണ്ട്. 34,000 കിലോമീറ്ററുള്ളതിൽ 2% മാത്രമേ ബാക്കിയുള്ളൂ. തിരുവനന്തപുരം

നഗരത്തിൽ അത്രയും തന്നെയില്ല. ഏതെങ്കിലുമൊരു വർക്കിൽ ഉൾപ്പെട്ട റോഡ് ഇതിൽ വരില്ല. അറ്റകുറ്റപ്പണികൾ നടന്നുകൊണ്ടിരിക്കുകയാണ്. കൊല്ലം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കണ്ണൂർ, മലപ്പുറം എന്നിവിടങ്ങളിലൊന്നും ഇപ്പോൾ പ്രശ്നമില്ല. എന്നാലും, ചില സ്ഥലങ്ങളിൽ കുറച്ച് പ്രശ്നങ്ങളുണ്ട്. അറ്റകുറ്റപ്പണി തുടരേണ്ടതുണ്ട്, ഒരു വർഷക്കാലത്തെ ഡ്യൂറേഷൻ ഉണ്ടാകണമെന്ന തരത്തിലാണ് ഇപ്പോഴത് ചെയ്യുന്നത്. തിരുവനന്തപുരം നഗരത്തിലെ മുഴുവൻ പി.ഡബ്ല്യു.ഡി. റോഡുകളുടെയും ബ്യൂട്ടിഫിക്കേഷൻ ഓഡിറ്റ് നടത്തി പ്രത്യേകമായി ബ്യൂട്ടിഫൈ ചെയ്യാൻ തീരുമാനിക്കുകയും 25 കോടി രൂപ മാറ്റിവയ്ക്കുകയും ചെയ്തിട്ടുണ്ട്. ഒരുകാലത്തും കാണാത്ത തരത്തിൽ സന്ധ്യയാകുമ്പോൾ ഗ്രാമങ്ങളിലെ റോഡുകൾ തിളങ്ങുകയാണ്. എന്നാൽ തിരുവനന്തപുരം നഗരത്തിൽ അതുണ്ടായിട്ടില്ല. അത് റോഡ് വിഭാഗത്തിന്റെ വീക്ഷണക്കുറവാണ്, പരാജയമല്ല. എങ്കിലും റോഡുകൾ പൊതുവെ നന്നായിട്ടുണ്ട്. തിരുവനന്തപുരം നഗരം അതിമനോഹരമാക്കണം. അതിന്റെ ഒരു ഘട്ടമേ കഴിഞ്ഞിട്ടുള്ളൂ, അന്തിമഘട്ടത്തിലേയ്ക്ക് പോകേണ്ടതായിട്ടുണ്ട്.

കരാറുകാരുടെ ചില ആവശ്യങ്ങൾ ന്യായമാണ്, അവർക്ക് പണം കൊടുക്കാനുണ്ട് എന്നുള്ളത് സത്യമാണ്. അതിനെക്കുറിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വ്യക്തമായി പറഞ്ഞതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. നാളെ അദ്ദേഹം ബഡ്ജറ്റ് അവതരിപ്പിക്കുന്നുണ്ട്. അതിനുശേഷം അത് കൊടുക്കും. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ 3,500 കോടി രൂപ കുടിശ്ശികയുണ്ടായിരുന്നു. അതെല്ലാം ഞങ്ങൾ കൊടുത്തു. അതുപോലെ അടുത്ത സർക്കാരിനുവേണ്ടി കുടിശ്ശികയൊന്നും ഉണ്ടാക്കാൻ പോകുന്നില്ല. അടുത്തും ഞങ്ങളുടെ സർക്കാർതന്നെ വരുമെന്നുള്ളതാണ് ഞങ്ങളുടെ പൂർണ്ണ വിശ്വാസം. ഇതെല്ലാം ജനങ്ങൾ കണ്ടുകൊണ്ടിരിക്കുകയല്ലേ? പഴയ കാലമൊന്നുമല്ല, ആളുകൾക്ക് ചിന്തിക്കാനുള്ള കഴിവ് കൂടുതലാണ്. Capability certificate എടുത്തുകളഞ്ഞുകൊണ്ടുള്ള ഉത്തരവിറങ്ങിക്കഴിഞ്ഞു. കോൺട്രാക്ട് ലൈസൻസിന് അപേക്ഷിക്കുമ്പോൾ മാത്രം അത് മതി, ഓരോ വർഷവും ആവശ്യമില്ല. അങ്ങനെ അവർ പറഞ്ഞ പല കാര്യങ്ങളും നമ്മൾ നടപ്പിലാക്കിയിട്ടുണ്ട്. പണത്തിന്റെ കാര്യമാണ് പ്രധാനമായിട്ടുള്ളത്. അത് കൊടുക്കും. അതിൽ അവർക്ക് പ്രയാസമുണ്ട് എന്നുള്ളതും യാഥാർത്ഥ്യമാണ്. പക്ഷേ, അവർ ബോയ്ക്കോട്ട് ചെയ്യേണ്ട കാര്യമൊന്നുമില്ല. മുമ്പും ഇങ്ങനെ സംഭവിച്ചിട്ടുണ്ട്. അവർ പണികളിലേയ്ക്ക് തിരിച്ചുവരട്ടെ. പണികൾ നടത്തിയാലേ അവർക്ക് നിലനിൽപ്പുള്ളൂ. അക്കാര്യവും ഈ അവസരത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. കെ. ബാബു: സർ, 2018-ലെ പ്രളയകാലത്ത് നെല്ലിയാമ്പതിയിലെ 86 ഇടങ്ങളിൽ തകർന്നടിഞ്ഞുപോയ റോഡുകൾ സംരക്ഷിക്കാനും ഒഴുകിപ്പോയ പാലങ്ങൾ പുനർനിർമ്മിക്കാനും തീരുമാനിച്ചതിനെ ഞാൻ അഭിനന്ദിക്കുകയാണ്.

മഴക്കാലങ്ങളിൽ ഉൾപ്പെടെ തകർന്നടിയുന്ന റോഡുകളുടെ നിർമ്മാണ പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കാൻ പ്രത്യേക എഞ്ചിനീയറിംഗ് വിംഗിനെ രൂപീകരിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ?

ശ്രീ. ജി. സുധാകരൻ: സർ, എല്ലായിടത്തും ടീമുണ്ട്. മഴക്കാലത്ത് തകർന്നടിഞ്ഞ റോഡുകൾ മിക്കവാറും പുനഃസ്ഥാപിച്ചിട്ടുണ്ട്. കുറച്ച് മാത്രമേ ബാക്കിയുള്ളൂ. ഇനിയും ഏതെങ്കിലും ബാക്കിയുണ്ടെങ്കിൽ റീബിൽഡ് കേരള പദ്ധതിയിലോ പി.ഡബ്ല്യു.ഡി.-യുടെ ഓർഡിനറി സ്കീമിലോ ഉൾപ്പെടുത്തി ചെയ്യാം.

ശ്രീ. പി. ജെ. ജോസഫ്: സർ, 2% റോഡുകൾക്ക് കുഴപ്പമുണ്ടെന്ന് അങ്ങ് സമ്മതിച്ചു. സ്റ്റഡ് പതിച്ച റോഡുകളിൽപ്പോലും കുഴികളുണ്ടാകുന്നുണ്ട്. അത് റിപ്പെയർ ചെയ്യണമെങ്കിൽ മാസങ്ങളെടുക്കും. എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ വിശ്വാസത്തിലെടുത്തുകൊണ്ട് 50 ലക്ഷം രൂപ അവരെ ഏൽപ്പിച്ചാൽ ഇങ്ങനെയുണ്ടാകുന്ന കുഴികൾ പെട്ടെന്ന് നികത്താൻ കഴിയുമെന്ന ഒരു എളിയ നിർദ്ദേശം എനിക്കുണ്ട്. അല്ലെങ്കിൽ ജ്യോമെട്രിക് പ്രോഗ്രഷനിൽ ഇത് വർദ്ധിച്ച് വലിയ കുഴിയായി മാറും. നല്ല റോഡുകൾ ഈ നിലയിൽ നിലനിർത്തണമെങ്കിൽ കുഴികൾ അടയ്ക്കാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് അധികാരം കൊടുക്കണം. അവരത് ഡീസെൻട്രലൈസ് ചെയ്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് കൊടുക്കട്ടെ. അത് നേരത്തെ പരീക്ഷിച്ചിട്ടുള്ളതാണ്. മുഴുവൻ സെൻട്രലൈസ് ചെയ്യാതെ ഇത്തരത്തിൽ ഡീസെൻട്രലൈസ് ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, ആ നിർദ്ദേശം പരിഗണിക്കുന്നതിന് യാതൊരു പ്രയാസവുമില്ല. 5 ലക്ഷംരൂപയൊക്കെ കൊടുത്തിട്ടുണ്ട്. അങ്ങ് പറഞ്ഞ കാര്യം പരിഗണിക്കാം. ഏറ്റവും കൂടുതൽ റോഡുകൾ ഇനിയും റിപ്പയർ ചെയ്യാനുള്ളതിലൊന്ന് അങ്ങയുടെ മണ്ഡലത്തിലാണ്. ഈ 2 ശതമാനത്തിൽ അങ്ങയുടെ മണ്ഡലത്തിൽ 32 ശതമാനമാണ്. ബാക്കി ഇടുക്കിയിലും കടുത്തുരുത്തിയിലുമാണ്. അവിടെയുള്ള മൂന്നര മീറ്റർ വീതിയുള്ള റോഡുകൾ പി.ഡബ്ല്യു.ഡി. ആക്ട് അനുസരിച്ചുള്ളവയല്ല. അതാണ് കാരണം.

ശ്രീ. പി. ജെ. ജോസഫ്: സർ, 8 മീറ്റർ വീതിയുള്ള റോഡുകൾ അവിടെയുണ്ട്. ഞാൻ വെല്ലുവിളിക്കുകയാണ്.

ശ്രീ. ജി. സുധാകരൻ: സർ, മൂന്നര മീറ്റർ വീതിയിലുള്ള റോഡുകൾ ആ മണ്ഡലത്തിൽ കുറച്ച് കൂടുതലുണ്ട്. ഇപ്പോൾ വെല്ലുവിളിയാണോ ടാറിംഗാണോ പ്രധാനം? ശ്രീ. പി. ജെ. ജോസഫ് ആരെയും വെല്ലുവിളിക്കുന്ന ആളല്ല. അദ്ദേഹം വളരെ സംസ്കാര സമ്പന്നനും മര്യാദക്കാരനുമാണ്. നമ്മൾ തമ്മിൽ ഒരു വെല്ലുവിളിയുടെ ആവശ്യമില്ല. ഞാൻ പറഞ്ഞത് വസ്തുതയാണ്. ധാരാളം പണം വേണ്ടിവരുമെന്നുള്ളതുകൊണ്ട് ആ റോഡുകൾക്കായി പണം മാറ്റിവയ്ക്കുന്നില്ല

എന്നുള്ളതാണ് പ്രശ്നം. അത് പരിഗണിക്കാം. പഞ്ചായത്ത് റോഡുകൾ ചെയ്യുന്നതിന് പഞ്ചായത്തിന് അധികാരമുണ്ട്. അവർക്ക് പണം കൊടുക്കുകയാണ് വേണ്ടത്. അത് പി.ഡബ്ല്യൂ.ഡി. ഏറ്റെടുക്കേണ്ടതില്ലെന്ന് ക്യാബിനറ്റ് തീരുമാനിച്ചതാണ്.

<u>ശ്രീ. ബി. സത്യൻ</u>: സർ, അതീവ സുരക്ഷാ ഇടനാഴി പദ്ധതിയിൽപ്പെടുത്തി കഴക്കൂട്ടം-അടൂർ കെ.എസ്.ടി.പി. റോഡ് നിർമ്മാണം അതിവേഗം പുരോഗമിക്കുകയാണ്. കെ.എസ്.ടി.പി. റോഡ് ഒരുപാട് പേർ കയ്യേറിയിട്ടുണ്ട്. റോഡ് കയ്യേറ്റം തടഞ്ഞ് നിർമ്മാണം പൂർത്തീകരിച്ചില്ലെങ്കിൽ റോഡുകൾ പലതും സ്വകാര്യ വ്യക്തികളുടെ കയ്യിലാകുമെന്ന സ്ഥിതിയാണുള്ളത്. അതുകൊണ്ട് ഇത് മോണിറ്റർ ചെയ്യാനും തദ്ദേശഭരണ സ്ഥാപനങ്ങളുമായും ജനപ്രതിനിധികളുമായും ബന്ധപ്പെട്ട് നിർമ്മാണം ഫലപ്രദമായി പൂർത്തീകരിക്കാനുമുള്ള നിർദ്ദേശം നൽകുമോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, 146 കോടി രൂപ ചെലവിലാണ് കഴക്കൂട്ടം-അടൂർ സേഫ്റ്റി കൊറിഡോർ നിർമ്മിച്ചുവരുന്നത്. അത് ഏകദേശം പൂർത്തിയാകാറായി. ഇ.കെ.കെ. എന്ന വളരെ പ്രാഗത്ഭ്യമുള്ള കോൺട്രാക്ടറാണ് ഈ വർക്ക് ചെയ്യുന്നത്. അത് പൂർത്തിയാകാറായി. ജംഗ്ഷൻ ഡെവലപ്മെന്റുകളൊക്കെയുണ്ട്. അതിന്റെ മേൽനോട്ടം പി.ഡബ്ല്യൂ.ഡി. വിഭാഗത്തിനല്ല, ചീഫ് സെക്രട്ടറി കൺവീനറായ സ്റ്റിയറിംഗ് കമ്മിറ്റിക്കാണ്. എങ്കിലും പി.ഡബ്ല്യൂ.ഡി. കൊടുക്കുന്ന ഉദ്യോഗസ്ഥരാണ്, എഞ്ചിനീയർമാരാണ് അത് നോക്കുന്നത്. ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞ കാര്യം പി.ഡബ്ല്യൂ.ഡി.-യുടെ പ്രധാന ഓഫീസറുമായും ചീഫ് എഞ്ചിനീയറുമായും ചർച്ച ചെയ്യാവുന്നതാണ്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, പാലാരിവട്ടം പാലം എന്റെ മണ്ഡലത്തിലാണ്. ആറ് മാസമായി അടച്ചിട്ടിരിക്കുന്ന ആ പാലം എത്രയുംവേഗം തുറന്നുതരണം. 2016 ഒക്ടോബർ 12-ാം തീയതിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അങ്ങും ഞാനും പങ്കെടുത്ത യോഗത്തിൽ പാലം ഉദ്ഘാടനം ചെയ്തത്. അവിടെവച്ച് കരാറുകാരന് അങ്ങ് മുഖ്യമന്ത്രിയെക്കൊണ്ട് സമ്മാനവും കൊടുപ്പിച്ചു. കരാറുകാരനെ ഞാൻ പലതവണ കണ്ട് സംസാരിച്ചു. ഇപ്പോൾ ഹൈക്കോടതി സിംഗിൾ ബഞ്ചും ഡിവിഷൻ ബഞ്ചും ലോഡ് ടെസ്റ്റ് നടത്തണമെന്ന് പറഞ്ഞു. അങ്ങ് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ പോയിരിക്കുകയാണ്. ഒക്ടോബറിൽ ഉദ്ഘാടനം ചെയ്ത പാലത്തിന് ചെറിയ പോരായ്മകളുണ്ടെന്നുപറഞ്ഞ് നവംബറിൽത്തന്നെ കിറ്റ്കോയ്ക്ക് കത്ത് കൊടുത്തെങ്കിലും മൂന്ന് വർഷത്തേയ്ക്ക് അവർ റെസ്പോൺഡ് ചെയ്തില്ലെന്നാണ് കരാറുകാരൻ രേഖാമൂലം കോടതിയെ അറിയിച്ചിരിക്കുന്നത്. വസ്തുത ഇതായിരിക്കെ, പാലത്തിന്റെ 80% വർക്ക് യു.ഡി.എഫ്.-ന്റെയും 20% എൽ.ഡി.എഫ്.-ന്റെയും കാലത്താണ് നടന്നിട്ടുള്ളതെന്ന് അങ്ങും

സമ്മതിക്കുമല്ലോ. ഇതൊരു പഞ്ചവടിപ്പാലമാണെങ്കിൽ 80% യു.ഡി.എഫ്.-ന്റെ പഞ്ചവടിപ്പാലവും 20% എൽ.ഡി.എഫ്.-ന്റെ പഞ്ചവടിപ്പാലവുമാണല്ലോ. പാലം എത്രയും പെട്ടെന്ന് തുറക്കണമെന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ. അക്കാര്യത്തിൽ ശക്തമായ നടപടി സ്വീകരിക്കുമോ; എന്തുകൊണ്ടാണ് ലോഡ് ടെസ്റ്റ് വേണ്ടെന്ന് വയ്ക്കുന്നത്?

ശ്രീ. ജി. സുധാകരൻ: സർ, ബഹുമാനപ്പെട്ട കോടതികളിലിരിക്കുന്ന പ്രശ്നങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. വളരെ സദുദ്ദേശത്തോടെയാണ് സർക്കാർ ഈ പ്രശ്നത്തെ ഇതുവരെ കൈകാര്യം ചെയ്തത്. അതിൽ 20 ശതമാനത്തിന്റെയും 80 ശതമാനത്തിന്റെയുമൊക്കെ കണക്കുകൾ ഇരിക്കട്ടെ, അതൊന്നും പ്രശ്നമില്ല. ഈ കോൺട്രാക്ടർ പണിത വേറെ പാലമൊന്നും കുഴപ്പത്തിലായില്ലല്ലോ. ആലപ്പുഴ ബൈപ്പാസ് അദ്ദേഹമാണ് പണിതു കൊണ്ടിരിക്കുന്നത്. കാലതാമസമൊക്കെ വരുത്തിയിട്ടുണ്ട്, പക്ഷേ പാലത്തിന് ഇതുവരെ കുഴപ്പമൊന്നും വന്നിട്ടില്ല. അതല്ല നമ്മുടെ പ്രശ്നം. പാലാരിവട്ടം പാലം കുഴപ്പമായി. മദ്രാസ് ഐ.ഐ.റ്റി. വന്ന് വിശദമായി പഠിച്ച് രണ്ട് വാല്യമായാണ് റിപ്പോർട്ട് തന്നത്. അതിൽ ഓരോ ഗർഡറിനെക്കുറിച്ചും വിശദമാക്കിയിട്ടുണ്ട്. ഇതിന്റെ ഡിസൈനിൽത്തന്നെ തകരാർ സംഭവിച്ചു, കമ്പിയില്ല, സിമന്റില്ല. ധൃതിപിടിച്ച് ചെയ്തു, എല്ലാം കുഴപ്പമാണെന്നാണ് റിപ്പോർട്ടിലുള്ളത്. ബഹുമാന്യനായ ശ്രീ. ഇ. ശ്രീധരനെക്കൊണ്ടും പരിശോധിപ്പിച്ചു. അദ്ദേഹവും ഈ അഭിപ്രായംതന്നെ പറഞ്ഞു. പിന്നീട് മൂന്ന് ചീഫ് എഞ്ചിനീയർമാരുടെ കേരള ടീമിനെ വിട്ടു. അവരും അഭിപ്രായം പറഞ്ഞു. ആ അഭിപ്രായങ്ങളിലെല്ലാം റിപ്പയറിന് മുമ്പ് ലോഡ് ടെസ്റ്റ് നടത്താനേ പാടില്ല എന്നാണ് പറഞ്ഞത്. പി.ഡബ്ല്യു.ഡി. മാന്വലും നാഷണൽ ലെവലിലുള്ള നിയമങ്ങളും ഞങ്ങൾ പരിശോധിച്ചു. ഡിഫ്ലക്ഷൻ അല്ലെങ്കിൽ അകൽച്ച ഇത്ര ശതമാനത്തിന് താഴെയുണ്ടെങ്കിലേ ലോഡ് ടെസ്റ്റ് ചെയ്യാവൂ. അതിനൊക്കെ അപ്പുറത്താണിത്. അതുകൊണ്ടാണ് ചെയ്യാതിരുന്നത്. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കോൺട്രാക്ടർ കേസ് കൊടുത്തു. കുറെ പ്രൈവറ്റ് എഞ്ചിനീയർമാർ അയാൾക്കൊപ്പം ചേർന്നു. കിറ്റ്കോയും ഹൈക്കോടതിയിൽ ഗവൺമെന്റിനെതിരെയുള്ള കേസിൽ കക്ഷിചേർന്നു. അവരും ഉത്തരവാദികളാണ്. കാരണം, ഡിസൈനിന്റെ ചുമതല അവർക്കായിരുന്നു. ഒരാൾ ജയിലിൽ പോയല്ലോ. കൂടുതൽ പേർ ജയിലിൽ പോകാതിരിക്കാനുള്ള കളി അവർ കളിച്ചുകൊണ്ടിരിക്കുകയാണ്. ഞങ്ങൾ ആരുടെയും പേരൊന്നും പറയുന്നില്ല. ബഹുമാനപ്പെട്ട ജഡ്ജി ലോഡ് ടെസ്റ്റ് നടത്താൻ പറഞ്ഞു. പക്ഷേ ടെക്നിക്കൽ റിപ്പോർട്ടുള്ളതുകൊണ്ട് ഉടനെ നടത്താനാവില്ല. ഞങ്ങൾ ഒരു റിവ്യൂ പെറ്റീഷൻ കൊടുത്തു. അത് കോടതി തള്ളി. അതിനുശേഷം ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ കേസ് കൊടുത്തിട്ട് രണ്ടാഴ്ച

കഴിഞ്ഞു. ഇപ്പോൾ സുപ്രീംകോടതി അത് ലിസ്റ്റ് ചെയ്തിട്ടുണ്ട്. കോടതി പറയുന്നതുപോലെ ചെയ്യാം. അതായത്, 2020 നവംബറിന് മുമ്പ് 100 വർഷക്കാലം പഴക്കമുള്ള ആ പാലം പണി ചെയ്യുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞാനും ചീഫ് സെക്രട്ടറി, പി.ഡബ്ല്യു.ഡി. സെക്രട്ടറി എന്നിവരും ശ്രീ. ഇ. ശ്രീധരനുമായി ചർച്ച ചെയ്തു. പിന്നീട് ക്യാബിനറ്റ് കൂടി തീരുമാനിച്ച് ഡി.എം.ആർ.സി.ക്ക് കോൺട്രാക്ട് കൊടുത്തതിനുശേഷമാണ് ഈ സ്റ്റേ വന്നത്. അതിൽ അങ്ങ് പറയുന്ന യാതൊരു പ്രശ്നവുമില്ല. നിയമം അതിന്റെ വഴിക്ക് പോകട്ടെ. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധി എന്തായാലും അത് നടപ്പാക്കാം. ഏറ്റവും നല്ല തീരുമാനമാണ് സർക്കാർ എടുത്തിരിക്കുന്നത്. അത് കോടതിയിൽപ്പോയി ചോദ്യം ചെയ്യേണ്ടതില്ലെന്ന് പറയാൻ പറ്റില്ല. പക്ഷേ, ചോദ്യം ചെയ്തില്ലായിരുന്നെങ്കിൽ പാലത്തിന്റെ പണി ഇപ്പോൾ ആരംഭിക്കുമായിരുന്നു.

മി. സ്പീക്കർ: ഓർഡർ.. ഓർഡർ... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു)

## (2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### വിദ്യാർത്ഥികളുടെ സുരക്ഷിതത്വം

3(*93) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകൾ ഹൈടെക്കായി എന്ന് പ്രഖ്യാപിക്കുമ്പോഴും പല സ്കൂളുകളും ഇഴജന്തുക്കളുടെ ആവാസകേന്ദ്രമാകുന്നതും കുട്ടികൾക്ക് പാമ്പുകടിയേറ്റ് മരണം സംഭവിക്കുന്നതുമായ ഗുരുതരമായ സാഹചര്യം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ബി) സുൽത്താൻ ബത്തേരിയിലെ സർവ്വജൻ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ ഷഹല ഷെറിൻ എന്ന വിദ്യാർത്ഥിനി ക്ലാസ്സ് മുറിയിൽ വെച്ച് പാമ്പ് കടിയേറ്റ് മരണമടഞ്ഞ സംഭവം സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; ആ സംഭവത്തിൽ കുറ്റക്കാരെന്ന് കണ്ടെത്തിയവർക്കെതിരെ എന്ത് നടപടിയാണ് ഇതിനകം സ്വീകരിച്ചിട്ടുള്ളത്;

(സി) സ്കൂളുകളുടെ പരിസരം ശുചിയായി സൂക്ഷിക്കാതിരുന്നതും സ്കൂൾ കെട്ടിടങ്ങൾക്ക് അറ്റകുറ്റപ്പണി നടത്താതിരുന്നതും ഈ ദാരുണ സംഭവത്തിന് കാരണമായതായി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) പ്രസ്തുത സംഭവത്തിന് ശേഷം എന്തൊക്കെ നിർദ്ദേശങ്ങളാണ് ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ളത്; വിശദമാക്കുമോ;

(ഇ) 2020 ജനുവരി മാസം ചാവക്കാട് എം.ആർ.ആർ.എം. ഹൈസ്കൂളിലെ ബാത്ത് റൂമിൽ വെച്ച് അഞ്ചാം ക്ലാസ്സ് വിദ്യാർത്ഥിനിക്ക് പാമ്പുകടിയേറ്റ സംഭവം ഉണ്ടായിട്ടുണ്ടോ;

(എഫ്) സർക്കാർ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ടെന്നാണോ ചാവക്കാട് എം.ആർ.ആർ.എം.സ്കൂളിലെ സംഭവം ചൂണ്ടിക്കാണിക്കുന്നത്; വിശദമാക്കാമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) സംസ്ഥാനത്തെ സ്കൂളുകളുമായി ബന്ധപ്പെട്ട് ഏതൊരു ചെറിയ പരാതി ശ്രദ്ധയിൽപ്പെടുമ്പോഴും അതീവ ഗൗരവത്തോടെ സർക്കാരും പൊതുവിദ്യാഭ്യാസ വകുപ്പും അവ പരിഗണിച്ച് പരിഹാര നടപടികൾ സ്വീകരിക്കാറുണ്ട്. അടുത്ത കാലത്ത് ശ്രദ്ധയിൽപ്പെട്ട സംഭവങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും പരിസരത്തുമുള്ള പാഴ്ചെടികളും പടർപ്പുകളും വെട്ടിമാറ്റി സ്കൂളും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും, സ്കൂൾ പരിസരത്ത് ഉപയോഗശൂന്യമായ പാഴ്വസ്തുക്കൾ കൂട്ടിയിട്ടിട്ടുണ്ടെങ്കിൽ അവ ഉടൻ നീക്കം ചെയ്ത് പ്രദേശം വൃത്തിയായി സൂക്ഷിക്കുന്നതിന് ആർ&ആർ.1/90010/17 ഡി.ജി.ഇ. തീയതി 22-11-2019 പ്രകാരം എല്ലാ സ്കൂളുകൾക്കും നിർദ്ദേശം നൽകുകയും ആയത് നടപ്പിൽവരുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) സംഭവം സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. സംഭവവുമായി ബന്ധപ്പെട്ട് സ്കൂളിന്റെ ചുമതലയുണ്ടായിരുന്ന പ്രിൻസിപ്പൽ, വൈസ് പ്രിൻസിപ്പൽ അദ്ധ്യാപകനായ ഷജിൽ എന്നിവരെ ഉടൻതന്നെ സസ്പെന്റ് ചെയ്ത് അന്വേഷണം ആരംഭിച്ചിരുന്നു. റിപ്പോർട്ടിൽ സ്കൂളിലെ അദ്ധ്യാപകർക്ക് സമയബന്ധിതമായ നടപടിയെടുക്കുന്നതിൽ വീഴ്ചവന്നതു കൊണ്ടാണ് ഈ ദാരുണ സംഭവം ഉണ്ടായതെന്ന് പറഞ്ഞിട്ടുണ്ട്. ആയതുപ്രകാരം ടി അദ്ധ്യാപകരോട് വിശദീകരണം നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്. വിശദീകരണം ലഭിക്കുന്ന മുറയ്ക്ക് മേൽനടപടികൾ സ്വീകരിക്കുന്നതാണ്. സംഭവം സംബന്ധിച്ച് പോലീസ് കേസും നിലവിലുണ്ട്.

(സി) സർവ്വജൻ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ അധികൃതരുടെ സൂക്ഷ്മതക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ സ്കൂളുകളുടെ ശുചിത്വവും കുട്ടികളുടെ സുരക്ഷിതത്വവും ഉറപ്പാക്കുന്നതിനായുള്ള നിർദ്ദേശങ്ങളടങ്ങിയ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ സർക്കുലർ ആർ&ആർ. (1)/90010/17/ഡി.ജി.ഇ. നമ്പരായി 22-11-2019 തീയതിയിൽ സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും എല്ലാ വിദ്യാലയാധികൃതർക്കും നൽകുകയും പ്രസ്തുത സർക്കുലറിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും 23-11-2019-ൽ ഡി.എ.1/361/19/ത.സ്വ.ഭ.വ. നമ്പരിൽ സർക്കുലർ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നൽകുകയും ചെയ്തിട്ടുണ്ട്. പൊതു വിദ്യാഭ്യാസ ഡയറക്ടർ 22-11-2019-ൽ നൽകിയ സർക്കുലറിലെ പത്തിന നിർദ്ദേശങ്ങൾ സ്കൂൾ പി.ടി.എ.കളും ജനപ്രതിനിധികളും തദ്ദേശഭരണ സ്ഥാപനാധികൃതരും വിദ്യാലയാധികൃതരും ജനകീയ കൂട്ടായ്മയോടെ നടപ്പിൽവരുത്തി റിപ്പോർട്ട് ചെയ്യണമെന്ന് ആവശ്യപ്പെട്ടതനുസരിച്ച് 10-12-2019, 18-12-2019 എന്നീ ദിവസങ്ങളിലായി റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്. പൂർണ്ണമായി അവ നടപ്പിൽ വരുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കിയിട്ടുമുണ്ട്.

22-11-2019 തീയതിയായി പൊതു വിദ്യാഭ്യാസ ഡയറക്ടർ നൽകിയ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും തുടർ നിർദ്ദേശങ്ങൾ നൽകുന്നതിനുമായി ആർ&ആർ.(1)/90010/17 ഡി.ജി.ഇ. നമ്പരായി 20-12-2019 തീയതിയിലെ കത്ത് മുഖേന എല്ലാ ജില്ലാ കളക്ടർമാരോടും ജില്ലകളിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മുനിസിപ്പൽ-കോർപ്പറേഷൻ - ജില്ലാ പഞ്ചായത്ത് ഉദ്യോഗസ്ഥർ, അസിസ്റ്റന്റ് ഡയറക്ടർ (വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗം), റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ (ഹയർ സെക്കന്ററി വിഭാഗം), വിദ്യാഭ്യാസ ഉപഡയറക്ടർമാർ (പൊതു വിദ്യാഭ്യാസം), പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം കോ-ഓർഡിനേറ്റർ എന്നിവരുടെ സംയുക്ത അവലോകന യോഗം അവരുടെ അദ്ധ്യക്ഷതയിൽ കൂടി സ്കൂൾ സുരക്ഷയ്ക്കും വിദ്യാഭ്യാസ പുരോഗതിക്കും വിദ്യാർത്ഥികളുടെ അഭിവൃദ്ധിക്കും ഗുണകരമായ കൂടുതൽ സംവിധാനങ്ങൾ ഒരുക്കുന്നതിനായി അഭ്യർത്ഥിച്ചിട്ടുമുണ്ട്.

(ഇ) 2020 ജനുവരി മാസം ചാവക്കാട് എം.ആർ.ആർ.എം. ഹൈസ്കൂളിലെ വിദ്യാർത്ഥിനിക്ക് ബാത്ത്റൂമിൽ വച്ച് പാമ്പ് കടിയേറ്റുവെന്ന സംശയത്തിൽ ആശുപത്രിയിൽ എത്തിക്കുകയും പരിശോധനയിൽ പാമ്പുകടിയേറ്റിട്ടില്ലെന്ന് ബോധ്യപ്പെടുകയും ചെയ്തിട്ടുള്ളതായി ചാവക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ അറിയിച്ചിട്ടുണ്ട്.

(എഫ്) ഇല്ല.

## മത്സ്യബന്ധന മേഖലയിലെ പ്രവർത്തനങ്ങൾ

4(*94) ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. എൻ. വിജയൻ പിള്ള :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശത്തെ പശ്ചാത്തല സൗകര്യവികസനത്തിനായി ഹാർബർ എൻജിനീയറിംഗ്, കിഫ്ബി, മത്സ്യവകുപ്പ് എന്നിവ നടത്തുന്ന പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ;

(ബി) വിവിധ സ്കീമുകൾ വഴി നടപ്പാക്കിവരുന്ന മത്സ്യബന്ധന ഹാർബർ വികസന പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) ഗുണനിലവാരമുള്ളതും രാസവസ്തുക്കൾ ചേർക്കാത്തതുമായ മത്സ്യം ഉപഭോക്താക്കൾക്ക് ശുചിത്വമുള്ള അന്തരീക്ഷത്തിൽ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ നടത്തിവരുന്ന മാർക്കറ്റ് നവീകരണ പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ;

(ഡി) സംസ്ഥാനത്തിന് പുറത്തുനിന്ന് രാസപദാർത്ഥങ്ങൾ കലർത്തിയ മത്സ്യം കൊണ്ടുവരുന്നത് തടയാൻ നടപടിയെടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) തീരദേശത്തെ പശ്ചാത്തല സൗകര്യ വികസനത്തിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന വിവിധ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ സംസ്ഥാനമൊട്ടാകെ നടപ്പിലാക്കി വരുന്നു. സംസ്ഥാന സർക്കാർ, നബാർഡ്, നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ്, കിഫ്ബി എന്നിവിടങ്ങളിലെ ഫണ്ട് ഉപയോഗിച്ചാണ് വിവിധ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.

സംസ്ഥാന സർക്കാരിന്റെ സമഗ്ര തീരദേശ വികസന പദ്ധതി, സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി, മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും പദ്ധതി, കൃത്രിമ പാര് സ്ഥാപിക്കൽ, നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി, ദേശീയ മത്സ്യ വികസന ബോർഡിന്റെ ധനസഹായത്തോടെയുള്ള ആധുനിക മത്സ്യ മാർക്കറ്റുകൾ സ്ഥാപിക്കൽ എന്നിവയാണ് പ്രധാന പദ്ധതികൾ. 2016-17, 2017-18, 2018-19,

2019-20 എന്നീ സാമ്പത്തിക വർഷത്തിൽ മേൽ പദ്ധതികളിൽ ഉൾപ്പെടുത്തി വ്യക്തിഗത ഫ്ളാറ്റുകൾ, വിദ്യാഭ്യാസ ആരോഗ്യ സ്ഥാപനങ്ങൾ, മത്സ്യ മാർക്കറ്റുകൾ, ഫിഷറീസ് ഫാമുകൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ, ഡ്രെയിനേജ് സംവിധാനം മുതലായ പശ്ചാത്തല വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

സംസ്ഥാനത്തെ തീരദേശ മേഖലയിൽ മത്സ്യബന്ധന തുറമുഖങ്ങൾ, തീരസംരക്ഷണ പ്രവൃത്തികൾ, വിദ്യാഭ്യാസ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ, മത്സ്യ മാർക്കറ്റുകൾ നിർമ്മാണം എന്നിങ്ങനെ വിവിധ പദ്ധതികളാണ് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കിഫ്ബി വഴി നടപ്പിലാക്കുന്നത്. തീരദേശത്തെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി 2 പുതിയ മത്സ്യബന്ധന തുറമുഖങ്ങൾ, 8 തീരസംരക്ഷണ പ്രവൃത്തികൾ, 56 തീരദേശ സ്കൂളുകളുടെ വികസനം എന്നീ പദ്ധതികൾക്കായി 372 കോടി രൂപയുടെ കിഫ്ബി ഫണ്ട് ഇതിനകം ലഭിച്ചിട്ടുണ്ട്. 65 മത്സ്യ മാർക്കറ്റുകളുടെ വിപുലീകരണത്തിന് 193.47 കോടി രൂപയുടെ പദ്ധതികൾ കിഫ്ബിയുടെ പരിഗണനയിലുമാണ്. തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പാക്കി വരുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതി അനുബന്ധമായി നൽകിയിട്ടുണ്ട്*.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപ്പാക്കുന്ന പശ്ചാത്തല വികസന പദ്ധതികൾ പ്രധാനമായും കേന്ദ്രാവിഷ്കൃത പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന, നബാർഡ് RIDF, നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ്, കിഫ്ബി എന്നീ സ്കീമുകൾ മുഖാന്തരമാണ്. മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണവും നവീകരണവുമാണ് പ്രധാനമായും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപ്പിലാക്കിവരുന്നത്.

കൂടാതെ തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന തീരദേശത്തെ പുതിയ റോഡുകളുടെ നിർമ്മാണം, നിലവിലുള്ള റോഡുകളുടെ പുനരുദ്ധാരണം എന്നിവയ്ക്കായി ഈ സർക്കാരിന്റെ കാലത്ത് 1363 റോഡുകൾക്ക് 589.64 കോടി രൂപയുടെ ഭരണാനുമതി നൽകിക്കഴിഞ്ഞു. പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(ബി) ആലപ്പുഴ ജില്ലയിലെ ചെത്തി, മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി എന്നിവിടങ്ങളിൽ കിഫ്ബി ധനസഹായത്തോടെ ഫിഷറീസ് വകുപ്പ് മുഖേന മത്സ്യബന്ധന തുറമുഖങ്ങൾ സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മത്സ്യബന്ധന തുറമുഖങ്ങളുടെ വികസനത്തിനും വിപുലീകരണത്തിനുംവേണ്ടി കേന്ദ്രാവിഷ്കൃത പദ്ധതികൾ (10 എണ്ണം), കിഫ്ബി ഫണ്ട് വിനിയോഗിച്ചുള്ള പദ്ധതികൾ (10 എണ്ണം), നബാർഡ് ധനസഹായ പദ്ധതികൾ (6 എണ്ണം), ആർ.കെ.വി.വൈ, ഓഖി പാക്കേജ് പദ്ധതികൾ എന്നിവയെല്ലാം ഉൾപ്പെടെ ആകെ മൊത്തം 789 കോടി രൂപയുടെ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പാക്കിവരുന്ന മത്സ്യബന്ധന ഹാർബർ വികസന പദ്ധതികളുടെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) ഗുണനിലവാരമുള്ള മത്സ്യം ഉപഭോക്താക്കൾക്ക് ശുചിത്വമുള്ള അന്തരീക്ഷത്തിൽ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ ആധുനിക ശുചിത്വപൂർണ്ണമായ മത്സ്യ മാർക്കറ്റുകളുടെ ഒരു ശൃംഖല സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ, മത്സ്യവികസന ബോർഡ്/കേന്ദ്ര സർക്കാർ സഹായത്തോടെ സംസ്ഥാനമൊട്ടാകെ 39 ആധുനിക മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്നതിനുള്ള അംഗീകാരം നൽകിയിരുന്നു. ഇതിൽ 36 മത്സ്യ മാർക്കറ്റുകൾ ഇതിനോടകം പൂർത്തീകരിച്ച് പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. രണ്ടെണ്ണം പൂർത്തീകരണ ഘട്ടത്തിലും ഒരെണ്ണം പുരോഗമിച്ചുവരികയും ചെയ്യുന്നു.

ഇതിനുപുറമെ കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്തൊട്ടാകെ 65 മത്സ്യ മാർക്കറ്റുകളുടെ നവീകരണ പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാർ 193.47 കോടി രൂപയുടെ പദ്ധതി തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഇതിനോടകംതന്നെ 41.74 കോടി രൂപയുടെ 15 മത്സ്യമാർക്കറ്റുകൾ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യവികസന പദ്ധതി ട്രാഞ്ചേ 25-ൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിലെ കണ്ണനല്ലൂർ മത്സ്യമാർക്കറ്റ് വികസനത്തിനായി 502 ലക്ഷം രൂപയുടെ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

ആലപ്പുഴ ജില്ലയിലെ അരൂർ മത്സ്യമാർക്കറ്റ് നവീകരണ പ്രവർത്തനങ്ങൾക്കായി 85 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മാർക്കറ്റിന്റെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചു.

(ഡി) അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന മത്സ്യം പരിശോധിക്കുന്നതിലേയ്ക്കായി സംസ്ഥാനത്തെ ചെക്ക്പോസ്റ്റുകൾ, റെയിൽവേ സ്റ്റേഷൻ, ലേലസ്ഥലങ്ങൾ എന്നിവിടങ്ങളിൽ പരിശോധന നടത്തി മത്സ്യത്തിന്റെ സ്റ്റാറ്റ്യൂട്ടറി/സർവൈലൻസ് സാമ്പിളുകൾ ശേഖരിക്കുകയും പരിശോധനയ്ക്കയയ്ക്കുകയും

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ചെയ്തിട്ടുണ്ട്. ആരോഗ്യത്തിന് ഹാനികരമായി റിപ്പോർട്ട് ചെയ്യപ്പെട്ടവയ്ക്കെതിരായി ഭക്ഷ്യ സുരക്ഷാ വകുപ്പ് മുഖാന്തരം നടപടി സ്വീകരിച്ചുവരുന്നു. അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന മത്സ്യങ്ങളിൽ മായം ചേർത്തതായി ശ്രദ്ധയിൽപ്പെട്ടാൽ അവ തിരിച്ചയച്ച് നശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

രാസവസ്തുക്കൾ കലർത്തിയുള്ള മത്സ്യവിൽപ്പന തടയാൻ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരും ഫിഷറീസ് ഉദ്യോഗസ്ഥരും അടങ്ങുന്ന സ്ക്വാഡുകൾ ജില്ലകൾ തോറും രൂപീകരിച്ച് പരിശോധന നടത്തിവരുന്നു. സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിലുള്ള മത്സ്യമാർക്കറ്റുകൾ, ലാന്റിംഗ് സെന്ററുകൾ, ഹാർബറുകൾ, മത്സ്യമൊത്ത വ്യാപാര വിപണന ശാലകൾ എന്നിവ കേന്ദ്രീകരിച്ച് മത്സ്യത്തിൽ രാസവസ്തുക്കൾ ഉപയോഗിച്ചുള്ള സംസ്കരണത്തിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ചും ആയതുമൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ചും മത്സ്യം വിപണനം ചെയ്യുന്ന കച്ചവടക്കാർക്കും ഏജന്റുമാർക്കും മൊത്ത വ്യാപാരികൾക്കും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. വിവിധ മാർക്കറ്റുകൾ, ഹാർബറുകൾ തുടങ്ങിയവ കേന്ദ്രീകരിച്ച് നടത്തിവരുന്ന പരിശോധനയിൽ ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ ചേർത്ത മത്സ്യമോ പഴകിയ മത്സ്യമോ വിൽപ്പന നടത്തുന്നതായി കണ്ടെത്തിയാൽ വിൽപ്പന നടത്തിയവർക്കെതിരെ ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ് ആക്ട് 2006 പ്രകാരം ശിക്ഷണ നടപടികളും സ്വീകരിക്കുന്നുണ്ട്. ഇതുകൂടാതെ വിവിധ ഹാർബറുകളിൽനിന്നും മത്സ്യ മാർക്കറ്റുകളിൽനിന്നും സാമ്പിളുകൾ ശേഖരിച്ച് പരിശോധനകളും നടത്തിവരുന്നു. അമോണിയ, ഫോർമാലിൻ എന്നിവയുടെ സാന്നിദ്ധ്യം പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് ഫിഷറീസ് വകുപ്പിന്റെ ആവശ്യപ്രകാരം കേന്ദ്രസർക്കാർ സ്ഥാപനമായ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി വികസിപ്പിച്ചെടുത്ത പേപ്പർ സ്ട്രിപ്പ് സാങ്കേതികവിദ്യയും പ്രയോജനപ്പെടുത്തിവരുന്നു.

സംസ്ഥാനത്തൊട്ടാകെ നടത്തിയ പരിശോധനകളിൽ ശേഖരിച്ച സാമ്പിളുകളിൽ 61 എണ്ണത്തിൽ ആരോഗ്യത്തിന് ഹാനികരമായ രാസപദാർത്ഥങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. കൂടാതെ പ്രസ്തുത പരിശോധനകളിൽ ഉപയോഗയോഗ്യമല്ലാത്തതായി കണ്ടെത്തിയ 2100 കി.ഗ്രാം മത്സ്യവും 2 ബോക്സ് ഐസും നശിപ്പിക്കുകയും 1,04,500 രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഉപയോഗയോഗ്യമല്ലായെന്ന് കണ്ടെത്തിയ 2.5 ടൺ മത്സ്യം ആര്യങ്കാവ് ചെക്ക്പോസ്റ്റിൽനിന്നും തിരിച്ചയയ്ക്കുകയും ചെയ്തിട്ടുണ്ട്.

## മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പദ്ധതികൾ

5(*95) ശ്രീ. കെ. ആൻസലൻ :

ശ്രീ. എസ്. ശർമ്മ :

ശ്രീ. എം. മുകേഷ് :

ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ സാമൂഹ്യ സാമ്പത്തിക പുരോഗതിക്കായി നടപ്പാക്കിവരുന്ന പദ്ധതികളെക്കുറിച്ച് അറിയിക്കാമോ;

(ബി) വേലിയേറ്റ പരിധിയിൽ നിന്ന് അമ്പത് മീറ്ററിനുള്ളിൽ വസിക്കുന്ന കടലാക്രമണ ഭീഷണി നേരിടുന്ന കുടുംബങ്ങളെ സുരക്ഷിത ദൂരത്തേയ്ക്ക് മാറ്റിപ്പാർപ്പിക്കാൻ ആവിഷ്ക്കരിച്ചിട്ടുള്ള പുനർഗേഹം പദ്ധതി പ്രാവർത്തികമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(സി) കടലാക്രമണത്തിൽ വീട് നഷ്ടപ്പെട്ടവരെ സമയബന്ധിതമായി പുനരധിവസിപ്പിക്കുന്നതിന് നടപടിയെടുത്തിരുന്നോ; വിശദാംശം നൽകാമോ;

(ഡി) മാനദണ്ഡത്തിൽ യുക്തമായ ഇളവ് നൽകി അർഹരായ മത്സ്യത്തൊഴിലാളികൾക്ക് ലൈഫ് പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ സാമൂഹ്യ സാമ്പത്തിക പുരോഗതിക്കായി ഫിഷറീസ് വകുപ്പ് നടപ്പാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. സമ്പാദ്യ സമാശ്വാസ പദ്ധതി
2. തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുടെ പുനരധിവാസ പദ്ധതികൾ
3. വിദ്യാഭ്യാസ സഹായ പദ്ധതികൾ
4. മത്സ്യബന്ധന യാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷ്വറൻസ് പദ്ധതി
5. സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്ന കടൽ സുരക്ഷാ പദ്ധതി

6. ഓഖി പുനരധിവാസ പദ്ധതികൾ

7. മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി

8. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ

9. മത്സ്യഫെഡ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ

10. മത്സ്യത്തൊഴിലാളി വനിതകൾക്ക് സാഫ് മുഖേന സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതി

11. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ

(ബി) തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്ന് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന 18685 കുടുംബങ്ങളെ സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിനായി 2450 കോടി രൂപയുടെ 'പുനർഗേഹം' എന്ന ബൃഹത് പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 1398 കോടി രൂപ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ബാക്കി 1052 കോടി രൂപ ഫിഷറീസ് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽനിന്നുമാണ് വകയിരുത്തിയിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിനായി പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(സി) നടപടിയെടുത്തിരുന്നു. 2016 ജൂൺ-ജൂലൈയിൽ ഉണ്ടായ രൂക്ഷമായ കടലാക്രമണത്തിൽ 248 പേർക്ക് സ്ഥലവും വീടും നഷ്ടപ്പെട്ടതായി കണക്കാക്കുകയും ആദ്യഘട്ടമെന്ന നിലയിൽ ഇവരെ സുരക്ഷിത മേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി സ്ഥലം വാങ്ങി വീടുവയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിന് 25 കോടി രൂപയുടെ പ്രത്യേക പാക്കേജ് നടപ്പാക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നു. പദ്ധതിപ്രകാരം ആകെ 129 പേർ സ്ഥലം വാങ്ങി ഭവനനിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഇതിൽ 117 പേർ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ കടലാക്രമണ ഭീഷണിയിൽ കഴിയുന്ന കുടുംബങ്ങളെ സുരക്ഷിത മേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി 2016-17, 2017-18 എന്നീ വർഷങ്ങളിൽ നടപ്പാക്കുന്ന പദ്ധതികളിൽ ആകെ 1798 പേർക്കാണ് സ്ഥലം വാങ്ങി

വീടുവയ്ക്കുന്നതിന് ധനസഹായം നൽകുന്നതിന് ലക്ഷ്യമിട്ടിരുന്നത്. ഇതിൽ 1284 പേർ സ്ഥലം രജിസ്റ്റർ ചെയ്ത് ഭവനനിർമ്മാണം ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം മുട്ടത്തറയിൽ 192 പേരെ പുനരധിവസിപ്പിക്കുന്നതിനുള്ള ഫ്ളാറ്റ് നിർമ്മിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി ബി.ഐ.എഫ്. & എച്ച്.ഡി.എഫ്. (2018-19)-ൽ ഉൾപ്പെടുത്തി 78.20 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലായി ആകെ 722 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 92 ഫ്ളാറ്റ് അപ്പാർട്ട്മെന്റുകളുടെ നിർമ്മാണമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരും കടലാക്രമണ ഭീഷണി നേരിടുന്നതുമായ മത്സ്യത്തൊഴിലാളി കുടുംബങ്ങളെയാണ് പുനരധിവസിപ്പിക്കുന്നത്.

തീരപ്രദേശത്തെ വേലിയേറ്റ രേഖയിൽനിന്ന് 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നതും കടലാക്രമണ ഭീഷണിയിൽ കഴിയുന്നവരുമായ തീരദേശ നിവാസികളെ സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിനുള്ള 2450 കോടി രൂപയുടെ 'പുനർഗേഹം' പദ്ധതി നടപ്പാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. 50 മീറ്ററിനുള്ളിൽ വസിക്കുന്ന 18685 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനാണ് പദ്ധതികൊണ്ടുദ്ദേശിക്കുന്നത്.

(ഡി) അർഹരായ എല്ലാവർക്കും സമ്പൂർണ്ണ പാർപ്പിടം ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ നടപ്പാക്കുന്ന ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ സ്വന്തമായി ഭൂമിയുള്ളതും എന്നാൽ വാസയോഗ്യമായ ഭവനമില്ലാത്തവരുമായവർക്ക് ഭവനനിർമ്മാണ ധനസഹായം നൽകുന്നതിന് ലക്ഷ്യമിടുന്നു. മത്സ്യത്തൊഴിലാളികളുൾപ്പെടെയുള്ള എല്ലാ വിഭാഗം ജനങ്ങൾക്കും പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്. ലൈഫ് മിഷൻ സർവ്വേപ്രകാരം കണ്ടെത്തിയ 1220 മത്സ്യത്തൊഴിലാളികൾ ലൈഫ് മിഷന്റെ അർഹതാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ ഭവനനിർമ്മാണം ആരംഭിച്ച 528 പേർക്ക് സംസ്ഥാന പദ്ധതി വിഹിതമായ 1 ലക്ഷം രൂപ വീതം നൽകുന്നതിന് ഫിഷറീസ് വകുപ്പിൽനിന്നും 5.28 കോടി രൂപ ലൈഫ് മിഷന് അനുവദിച്ചിട്ടുണ്ട്. അർഹതയുള്ള എല്ലാ മത്സ്യത്തൊഴിലാളികൾക്കും ലൈഫ് പദ്ധതിയിലൂടെ ഭവനങ്ങൾ ലഭ്യമാക്കുന്നതിന് ലൈഫ് മിഷൻ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തുകയും അതിനെത്തുടർന്ന് ഫിഷറീസ് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഫിഷറീസ് വകുപ്പിൽനിന്നും ഭവനനിർമ്മാണ ധനസഹായത്തിന് അപേക്ഷിച്ച് അർഹതാ ലിസ്റ്റിലുൾപ്പെട്ട മത്സ്യത്തൊഴിലാളികളിൽ അവശേഷിക്കുന്ന

4883 പേരുടെ പട്ടികയും ഭൂരഹിത ഭവനരഹിതരായ 6287 മത്സ്യത്തൊഴിലാളികളുടെ പട്ടികയും തുടർനടപടികൾ സ്വീകരിക്കുന്നതിനായി ലൈഫ് മിഷൻ ഫിഷറീസ് വകുപ്പിന് കൈമാറിയിട്ടുണ്ട്.

മത്സ്യത്തൊഴിലാളികൾക്കും പട്ടികജാതി വിഭാഗങ്ങൾക്കുംവേണ്ടി ലൈഫ് മിഷൻ മാനദണ്ഡങ്ങളിൽ താഴെപ്പറയുന്ന ഭേദഗതികളാണ് വരുത്തിയത്.

1. പട്ടികജാതി/മത്സ്യത്തൊഴിലാളി വിഭാഗങ്ങളിൽ ഉൾപ്പെട്ട ലൈഫ് മിഷൻ ഗുണഭോക്താക്കൾക്ക് ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ട കുടുംബത്തിന് ഒരു വീട്, ഗുണഭോക്താക്കൾക്ക് 25 സെന്റിൽ കൂടുതൽ ഭൂമിയുണ്ടാകരുത് എന്നീ ലൈഫ് മാനദണ്ഡങ്ങളിൽ ഇളവ് അനുവദിച്ചു.

2. ഈ വിഭാഗങ്ങളിൽ ഉൾപ്പെട്ടവരിൽ ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ടിരുന്നവരായാലും അവർ വ്യത്യസ്ത അടുക്കളകളിൽ വെവ്വേറെയായി ഭക്ഷണം തയ്യാറാക്കി കഴിക്കുന്നവരെയും, വിവാഹം കഴിഞ്ഞ് ഒരു വർഷത്തിലേറെയായിട്ട് സ്വന്തമായി വീടില്ലാത്തതുകൊണ്ട് മാത്രം മറ്റു വീടുകളിലോ തങ്ങളെ ആശ്രയിച്ച് കഴിയുന്നവരല്ലാത്ത മാതാപിതാക്കളോടൊപ്പമോ താമസിക്കുന്നവരെയും വ്യത്യസ്ത കുടുംബമായി പരിഗണിച്ച് അവർക്ക് ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നതാണ്.

**കശുവണ്ടി മേഖലയുടെ പുനരുജ്ജീവനം**

6(*96) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമുള്ള ഫാക്ടറികൾക്ക് ആവശ്യമായ തോട്ടണ്ടിയുടെ ഇറക്കുമതിയിലെ അനാരോഗ്യ പ്രവണതകൾ ഒഴിവാക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(സി) തോട്ടണ്ടി ഇറക്കുമതി ചെയ്ത് കച്ചവടം മാത്രം നടത്തുന്ന ട്രേഡേഴ്സിനെ വ്യവസായത്തിൽനിന്ന് ഒഴിവാക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ;

(ഡി) നിലവിലുള്ള മുഴുവൻ തൊഴിലാളികൾക്കും തൊഴിൽ ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഇ) സ്വകാര്യമേഖലയിലെ അടഞ്ഞുകിടക്കുന്ന ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള പ്രധാന തടസ്സങ്ങളും അവ പരിഹരിക്കുന്നതിനായി സർക്കാർതലത്തിൽ നടത്തിയ ഇടപെടലുകളും വിശദമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) പ്രതിസന്ധി നേരിട്ടിരുന്ന കേരളത്തിലെ കശുവണ്ടി വ്യവസായ മേഖല ഇന്ന് പുനരുജ്ജീവനത്തിന്റെ പാതയിലാണ്. കടക്കെണിയിലായതുമൂലം പൂട്ടിക്കിടന്നിരുന്ന സ്വകാര്യ കശുവണ്ടി വ്യവസായങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും ബഹുമാനപ്പെട്ട കശുവണ്ടി വ്യവസായ വകുപ്പുമന്ത്രിയുടേയും നേതൃത്വത്തിൽ നടത്തിയ നിരന്തര ഇടപെടലിന്റെ ഫലമായി ഒരു റിവൈവൽ പാക്കേജിന് രൂപം കൊടുക്കുകയും അതിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കടബാധ്യത പുനഃക്രമീകരിച്ച് ബാങ്കുകൾ അധിക വായ്പ നൽകിവരികയാണ്. അടഞ്ഞു കിടന്നിരുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനായി സർക്കാർ അംഗീകരിച്ച പുനരുദ്ധാരണ പാക്കേജിന്റെ അടിസ്ഥാനത്തിൽ 2019-20 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച 25 കോടി രൂപയിൽ നിന്നും തുക അനുവദിക്കുന്നതിനായുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. കാനറ ബാങ്ക് 37 യൂണിറ്റുകൾക്കും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ആറ് യൂണിറ്റുകൾക്കും ഫെഡറൽ ബാങ്ക് അഞ്ച് യൂണിറ്റുകൾക്കും യൂക്കോ ബാങ്ക് രണ്ട് യൂണിറ്റുകൾക്കുംകൂടി ആകെ 31.20 കോടി രൂപ ഇതുവരെ അധിക വായ്പ നൽകിയിട്ടുണ്ട്.

കേരളത്തിലെ വ്യവസായത്തിനാവശ്യമായ തോട്ടണ്ടി ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നതിന് കേരള കാഷ്യൂ ബോർഡ് രൂപീകരിക്കുകയും ബോർഡിന്റെ പ്രവർത്തനത്തിനാവശ്യമായ ഫണ്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഓഹരി മൂലധനമായി 24.5 കോടി രൂപയും പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും മറ്റ് സർക്കാർ ഏജൻസികളിൽ നിന്നും മൂലധന നിക്ഷേപമായി സ്വരൂപിച്ച 23 കോടി രൂപയുമുൾപ്പെടെ ആകെ 47.6 കോടി രൂപ അടച്ചുതീർത്ത പ്രവർത്തനമൂലധനമായി കമ്പനിക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാന സഹകരണ ബാങ്കിൽനിന്നും 350 കോടി രൂപയ്ക്ക് സർക്കാർ ഗ്യാരണ്ടിയും അനുവദിച്ചിട്ടുണ്ട്.

തോട്ടണ്ടി ഉൽപ്പാദക രാജ്യങ്ങളിൽനിന്നും ഇതിനകം ഇരുപതിനായിരത്തോളം മെട്രിക് ടൺ തോട്ടണ്ടി ബോർഡ് ഇറക്കുമതി ചെയ്തിട്ടുണ്ട്. ഉടനെ 3000 ടൺ

തോട്ടണ്ടികൂടി ഇറക്കുമതി ചെയ്യുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എസ്ക്രോ അക്കൗണ്ട് ഓപ്പൺ ചെയ്യുന്നമുറയ്ക്ക് സ്വകാര്യ വ്യവസായികൾക്കും തോട്ടണ്ടി ലഭ്യമാക്കാൻ കേരള കാഷ്യൂ ബോർഡ് സജ്ജമാണ്.

സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പക്സിന്റേയും കീഴിലുള്ള ഫാക്ടറികൾ നവീകരിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ കശുമാവ് കൃഷി വ്യാപിപ്പിച്ച് ആഭ്യന്തര തോട്ടണ്ടി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. കശുമാവ് പുതു കൃഷി - ഇതിന്റെ ഭാഗമായി കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം തൈ ഒന്നിന് 60 രൂപ, രണ്ടാം കൊല്ലം നിബന്ധനകൾക്ക് വിധേയമായി ഒറ്റത്തവണ ധനസഹായമായി നൽകുന്നു.

2. കശുമാവ് തോട്ടം നിർമ്മാണം - 2 ഹെക്ടറും അതിൽ കൂടുതലും കൃഷി ചെയ്യുന്നവർക്ക് കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം ഹെക്ടറിന് 13,000 രൂപ നിലം ഒരുക്കുന്നതിന് ധനസഹായമായി നൽകുന്നു.

3. മുറ്റത്തൊരു കശുമാവ് - കുടുംബശ്രീ, തൊഴിലുറപ്പ്, റസിഡന്റ്സ് അസോസിയേഷൻ, കശുവണ്ടി തൊഴിലാളികൾ, സ്കൂൾ കുട്ടികൾ എന്നിവർക്കുവേണ്ടിയുള്ള പ്രത്യേക പദ്ധതിപ്രകാരം പൊക്കം കുറഞ്ഞ അധികം പടരാത്ത വീട്ടുമുറ്റത്ത് നിയന്ത്രിച്ച് വളർത്താവുന്ന കശുമാവിൻ ഗ്രാഫ്റ്റുകൾ സൗജന്യമായി നൽകിവരുന്നു.

4. ഹൈ ഡെൻസിറ്റി പ്ലാന്റിംഗ് - ഈ പദ്ധതിപ്രകാരം ഒരു ഹെക്ടറിൽ 200 തൈകൾ നടുന്ന രീതിയാണ് അവലംബിക്കുന്നത്. ഒരു ഹെക്ടറിൽ 400 തൈകൾ നടുന്ന രീതിയിൽ ഹൈ ഡെൻസിറ്റി പ്ലാന്റിംഗ് നടപ്പിലാക്കിവരുന്നു.

5. മാതൃക കശുമാവിൻ തോട്ടം-സർക്കാർ/അർദ്ധ സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ ഉടമസ്ഥതയിൽ മാറ്റം വരുത്താത്ത തരത്തിൽ മാതൃകാ തോട്ടങ്ങളുണ്ടാക്കുന്നതിന് ലക്ഷ്യമിടുന്നു. ടി തോട്ടങ്ങൾ പുതിയ ഇനം കൃഷി രീതികളും കശുമാവിൻ തൈകളും കർഷകരെ പരിചയപ്പെടുത്തുന്നതിനും കർഷകരെ കശുമാവ് കൃഷിയിലേയ്ക്ക് ആകർഷിക്കാനും ലക്ഷ്യമിട്ടുകൊണ്ടാണ് ഈ പദ്ധതിക്ക് തുടക്കമിട്ടിരിക്കുന്നത്.

(ബി) കേരളത്തിലെ കശുവണ്ടി ഫാക്ടറികൾക്ക് ആവശ്യമായ അസംസ്കൃത തോട്ടണ്ടി കശുവണ്ടി ഉത്പാദക രാജ്യങ്ങളിൽ നിന്ന് നേരിട്ട് ഇറക്കുമതി ചെയ്ത് കേരളത്തിലെ കശുവണ്ടി വ്യവസായശാലകൾക്ക് ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ കേരള കാഷ്യൂ ബോർഡ് സ്വീകരിച്ചു വരുന്നു. കശുവണ്ടി ഉത്പാദക രാജ്യങ്ങളിൽനിന്ന് അതത് വിളവെടുപ്പ് സീസണുകളിൽ ഇ-ടെണ്ടർ സംവിധാനത്തിലൂടെ ടെണ്ടർ വിളിച്ച് തോട്ടണ്ടി നേരിട്ട് ഇറക്കുമതി ചെയ്യുന്ന നടപടിക്രമങ്ങളാണ് സ്വീകരിച്ചു വരുന്നത്. പൊതുമേഖലയിലെ 40 ഫാക്ടറികൾക്കുമാവശ്യമായ തോട്ടണ്ടി ഇപ്പോൾ കാഷ്യൂ ബോർഡ് വഴി ഇപ്രകാരം ലഭ്യമാക്കിവരുന്നു. കാഷ്യൂ ബോർഡിന്റെ വാർഷിക തോട്ടണ്ടി സംഭരണം ഒരു ലക്ഷം ടണ്ണായി ഉയർത്താനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിലൂടെ പൊതുമേഖലയിലെ പോലെ സ്വകാര്യമേഖലയിലേയും കശുവണ്ടി ഫാക്ടറികൾക്കാവശ്യമായ തോട്ടണ്ടി ലഭ്യമാക്കാൻ സാധിക്കും. കാഷ്യൂ ബോർഡിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിലൂടെ തോട്ടണ്ടി ദൗർലഭ്യംമൂലം കശുവണ്ടി മേഖല നേരിടുന്ന പ്രശ്നങ്ങൾ ഏറെക്കുറെ പരിഹരിക്കപ്പെടും.

(സി) കേരള കാഷ്യൂ ബോർഡ് മുഖാന്തരം കശുവണ്ടി ഉൽപ്പാദക രാജ്യങ്ങളിൽ നിന്ന് ഇ-ടെണ്ടർ സംവിധാനത്തിലൂടെ ടെണ്ടർ ക്ഷണിച്ച് കശുവണ്ടി നേരിട്ട് ഇറക്കുമതി ചെയ്ത് പൊതുമേഖലാ കശുവണ്ടി ഫാക്ടറികൾക്ക് നൽകുന്നതിലൂടെ ഇടനിലക്കാരെ ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. കാഷ്യൂ ബോർഡിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിലൂടെ സ്വകാര്യ കശുവണ്ടി ഫാക്ടറികൾക്കും തോട്ടണ്ടി നേരിട്ട് ലഭ്യമാക്കാൻ കഴിയുമെന്നാണ് സർക്കാർ കരുതുന്നത്. കാഷ്യൂ ബോർഡ് നടത്തിയ ഓരോ പർച്ചേസിലും തോട്ടണ്ടിയുടെ വില ക്രമാനുഗതമായി കുറയ്ക്കാനും ന്യായവില ഉറപ്പാക്കാനും സാധിച്ചിട്ടുണ്ട്.

(ഡി & ഇ) 2019-ലെ കണക്കുപ്രകാരം 515 കശുവണ്ടി ഫാക്ടറികൾ കേരളത്തിൽ തുറന്നുപ്രവർത്തിച്ചുവരുന്നുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളായ കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സും തുറന്നു പ്രവർത്തിപ്പിച്ച് തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പു വരുത്തുന്നതിനായി ഈ സർക്കാർ ഇതിനകം യഥാക്രമം 276.5 കോടി രൂപയും 56.16 കോടി രൂപയും അനുവദിച്ചു. കാപ്പെക്സിൽ 2019-ൽ 214 തൊഴിൽദിനങ്ങളും കോർപ്പറേഷനിൽ 161 തൊഴിൽദിനങ്ങളും സൃഷ്ടിച്ചു. കൂടാതെ കോർപ്പറേഷനിൽ മൂവായിരത്തിലധികവും കാപ്പെക്സിൽ 1750-ൽ അധികവും പുതിയ തൊഴിലാളികൾക്ക് ഈ സർക്കാർ നിയമനം നൽകി.

കടക്കെണിയിലായ സ്വകാര്യ ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട കശുവണ്ടി വ്യവസായ വകുപ്പുമന്ത്രിയും 2016 മുതൽ ബന്ധപ്പെട്ടവരുമായി ആറിലധികം തവണ ചർച്ച

നടത്തി. തുടർന്ന് എസ്.എൽ.ബി.സി.-യുടെയും ബാങ്കിന്റേയും സർക്കാരിന്റേയും പ്രതിനിധികളടങ്ങിയ കമ്മിറ്റി രൂപീകരിച്ച് വ്യവസായികളെ കേട്ടു. ടി കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട കശുവണ്ടി വ്യവസായ വകുപ്പുമന്ത്രിയും ബന്ധപ്പെട്ടവരുമായി 6-2-2019-ൽ നിയമസഭാ ചേംബറിൽ നടത്തിയ യോഗത്തിൽ ഒരു പുനരുദ്ധാരണ പാക്കേജിന് രൂപം നൽകി. താഴെപ്പറയുന്ന പ്രധാന വ്യവസ്ഥകളോടുകൂടിയ പാക്കേജിന് 6-7-2019-ലെ സ.ഉ. (സാധാ)നമ്പർ 643/2019/വ്യവ. പ്രകാരം അംഗീകാരം നൽകി.

1. സ്വകാര്യ വ്യവസായികളുടെ നിലവിലുള്ള വായ്പ പുനഃക്രമീകരിക്കുന്നതിന് പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കും.
2. വായ്പയുടെ പലിശ 9 ശതമാനമായി നിശ്ചയിക്കും.
3. ദീർഘകാല വായ്പ ഗഡുക്കളാക്കി നിശ്ചയിക്കും.
4. അധികവായ്പയുടെ പലിശ ഒരു വർഷം സർക്കാർ നൽകും.
5. വ്യവസായികൾ സർക്കാരിന് നൽകേണ്ട നികുതിക്ക് ഒരു വർഷത്തെ മൊറട്ടോറിയം പ്രഖ്യാപിക്കും.
6. വ്യവസായത്തിനാവശ്യമായ തോട്ടണ്ടി കേരള കാഷ്യൂ ബോർഡ് എസ്ക്രോ അക്കൗണ്ട് അടിസ്ഥാനത്തിൽ ലഭ്യമാക്കും.
7. ഒറ്റത്തവണ തീർപ്പാക്കൽ നിശ്ചയിച്ച ഫാക്ടറികൾ പരമാവധി പ്രവർത്തനക്ഷമമാക്കും.
8. ആസ്തി പുനരുദ്ധാരണ കമ്മിറ്റിക്ക് കൈമാറിയ വ്യവസായങ്ങളുടെ കാര്യത്തിൽ ബാങ്കുകൾ പുനഃപരിശോധന നടത്തും.

പുനരുദ്ധാരണ പാക്കേജിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്ഥാപനങ്ങൾ ഇതിനകം 50 ഫാക്ടറികൾക്ക് ധനസഹായം അനുവദിച്ചു കഴിഞ്ഞു. പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായുള്ള പലിശ സബ്സിഡിക്കായി 2019-20 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച 25 കോടി രൂപ അനുവദിക്കുന്നതിന് വിശദമായ സ്കീം സഹിതമുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്. ബാങ്കുകൾ ഇതിനകം 50 വ്യവസായങ്ങൾക്കായി 31.20 കോടി രൂപ അധിക വായ്പ അനുവദിച്ചിട്ടുണ്ട്.

തൊഴിലാളികൾക്ക് പ്രതിവർഷം 200 തൊഴിൽ ദിനങ്ങൾ ഉറപ്പാക്കുന്നതിനായി കേരള കാഷ്യൂ ബോർഡ് വഴി തുടർച്ചയായി തോട്ടണ്ടി ന്യായവിലയ്ക്ക് ലഭ്യമാക്കാനാണ് സർക്കാർ പരിശ്രമിക്കുന്നത്.

## റസ്റ്റ് ഹൗസുകളുടെ നിലവാരം

7(*97) ശ്രീ. എ. എൻ. ഷംസീർ :

ശ്രീ. കെ. സുരേഷ് കുറുപ്പ് :

ശ്രീ. എസ്. രാജേന്ദ്രൻ :

ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റസ്റ്റ് ഹൗസുകളുടെ നിലവാരം ഉയർത്തുന്നതിനായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ;

(ബി) സ്വകാര്യവ്യക്തികൾക്ക് പാട്ടത്തിന് നൽകുകയും എന്നാൽ കാലാവധിക്കുശേഷം തിരികെ നൽകാതെ അവർ സ്വന്തമാക്കിവയ്ക്കുകയും ചെയ്ത റസ്റ്റ് ഹൗസുകൾ സർക്കാരിലേയ്ക്ക് തിരികെ ലഭിക്കുന്നതിന് ഈ സർക്കാർ ആവശ്യമായ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇതിന്റെ ഫലമായി ഏതെല്ലാം റസ്റ്റ് ഹൗസുകളാണ് തിരികെ ലഭിച്ചിട്ടുള്ളത്; അറിയിക്കാമോ;

(ഡി) പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസുകളെ മാതൃകാ റസ്റ്റ് ഹൗസുകളാക്കി ഉയർത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റസ്റ്റ് ഹൗസുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ഉന്നത നിലവാരത്തിലാക്കാൻ തീരുമാനമെടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഇതിനകംതന്നെ നിരവധി പദ്ധതികൾ വിഭാവന ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. റസ്റ്റ് ഹൗസുകളിലെ അടിസ്ഥാന സൗകര്യങ്ങൾ ആധുനിക കാലഘട്ടത്തിനനുസരിച്ച് പരിഷ്കരിച്ചും ഘട്ടംഘട്ടമായി ഉയർത്തിക്കൊണ്ട് വരുന്നതിന്റെ ഭാഗമായി നവീകരണ പ്രവൃത്തികളും പുതിയ ബ്ലോക്കുകളുടെ നിർമ്മാണപ്രവൃത്തികളും ഭരണാനുമതി നൽകുന്നമുറയ്ക്ക് നടന്നുവരുന്നു. റസ്റ്റ് ഹൗസുകളെ ക്ലാസ് III ഒഴിവാക്കി ക്ലാസ് I, ക്ലാസ് II എന്നിങ്ങനെ തരംതിരിച്ചിട്ടുണ്ട്. റസ്റ്റ് ഹൗസുകളിൽ ചുറ്റുമതിൽ നിർമ്മാണം, ബോർവെൽ, ബ്യൂട്ടിഫിക്കേഷൻ എന്നിവ നടപ്പിലാക്കിവരുന്നു. അറ്റകുറ്റപ്പണികൾ യഥാസമയം ചെയ്തുവരുന്നു. റസ്റ്റ് ഹൗസുകളിലെ മുറികളും പരിസരങ്ങളും വൃത്തിയായി സൂക്ഷിക്കുന്നതിന് ബന്ധപ്പെട്ട

ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ക്യാന്റീൻ നടത്തിപ്പിന് സൗകര്യമുള്ളയിടങ്ങളിലും സ്ഥലപ്രാധാന്യമുള്ളതുമായ എല്ലാ റസ്റ്റ് ഹൗസുകളിലും ഭക്ഷണശാലകൾ ആരംഭിച്ചിട്ടുണ്ട്. റസ്റ്റ് ഹൗസുകളെ ഗസ്റ്റ് ഹൗസുകളുടെ രീതിയിൽ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി ജീവനക്കാർക്ക് ഹോസ്പിറ്റാലിറ്റി ട്രെയിനിംഗ് നൽകുകയും കൂടാതെ ആദ്യമായി യൂണിഫോമുകൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

പൊതുജനങ്ങളുടെ സൗകര്യാർത്ഥം റസ്റ്റ് ഹൗസുകളിൽ ഓൺലൈൻ ബുക്കിംഗ് നടപ്പിലാക്കാനുള്ള സർക്കാർ ഉത്തരവ് 14-6-2019-ൽ നിലവിൽ വന്നു. ഓൺലൈൻ റിസർവേഷൻ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇവയ്ക്കാവശ്യമായ സോഫ്റ്റ്‌വെയർ വികസനം പൂർത്തിയാക്കുകയും ഈ സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിനുവേണ്ടി റസ്റ്റ് ഹൗസ് മാനേജർക്കും ക്ലാർക്ക്, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർക്കും ട്രെയിനിംഗും നൽകിയിട്ടുണ്ട്.

കൂടാതെ റസ്റ്റ് ഹൗസുകളിൽ Digital EPABX, CCTV, LED TV, Computer, Printer, 600 VA UPS എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. 2002-ൽ മലയാളം ഇൻഡസ്ട്രീസ് ലിമിറ്റഡിന് പാട്ട വ്യവസ്ഥയിൽ വിട്ടുനൽകിയ മൂന്നാർ റസ്റ്റ് ഹൗസും ഭൂമിയും സംസ്ഥാന സർക്കാരിന്റെയും പൊതുമരാമത്ത് വകുപ്പിന്റെയും നിരന്തരവും സമയോചിതവുമായ ഇടപെടലിലൂടെ ബന്ധപ്പെട്ട ഹൈക്കോടതി ആർബിട്രേഷൻ അപ്പീൽ 66/2014-ലെ 11-12-2018-ലെ ഉത്തരവുപ്രകാരം 27-12-2018-ൽ തിരികെ ഏറ്റെടുത്തിട്ടുള്ളതാകുന്നു. മൂന്നാർ റസ്റ്റ് ഹൗസ് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം, ഇടുക്കിയുടെ നിയന്ത്രണത്തിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. മൂന്നാറിൽ ഏതാനും കച്ചവടക്കാർ ഒഴിയാതെ സർക്കാർ ചട്ടം ലംഘിച്ച് തുടരുകയാണ്. ലേലത്തിൽ പിടിക്കാൻ വരുന്നവരെ ഇവർ പ്രാദേശിക സ്വാധീനം ഉപയോഗിച്ച് തടയുന്നുണ്ട്. കീഴ്‌കോടതികളിൽ കേസ് കൊടുത്ത് പൊടുന്നനെ സ്റ്റേ വാങ്ങുന്നുണ്ട്. സർക്കാർ സ്വത്ത് അനധികൃതമായി കയ്യേറി സ്വന്തം കീശവീർപ്പിക്കുന്ന ഇത്തരക്കാർക്കെതിരെ സർക്കാർ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഖജനാവിന് മാസംതോറും ഇവർ വാടകതരാതെ നഷ്ടം വരുത്തിയിട്ടുണ്ട്.

ആലുവ റസ്റ്റ് ഹൗസ് തിരികെ പിടിക്കാൻ ശ്രമം നടത്തിവരികയും റസ്റ്റ് ഹൗസിന്റെ പ്രവർത്തനം കോടതി നിർദ്ദേശപ്രകാരം പാട്ടവ്യവസ്ഥയിൽ തന്നെ തുടരുകയുമാണ്.

വൈക്കം പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസ് 3-1-2003-ൽ ശ്രീ. എം. എൻ. സതീഷ് എന്ന വ്യക്തിക്ക് ലീസിന് നല്കുകയും കരാർ വ്യവസ്ഥകൾ ലംഘിച്ചതിനെ തുടർന്ന് 5-6-2007-ൽ ടി വ്യക്തിക്ക് നോട്ടീസ് നൽകുകയും 6-9-2008-ൽ റസ്റ്റ് ഹൗസ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. ഇതിനെതിരെ ടിയാൻ ഫയൽ ചെയ്ത ആർബിട്രേഷൻ കേസ് 39/2013-ന് 7-12-2015-ൽ വിധി വരികയും ആയതുപ്രകാരം പൊതുമരാമത്ത് വകുപ്പിന് കരാർപ്രകാരം കുടിശ്ശിക തുകയും പലിശയും ചേർത്ത തുക നല്കാൻ ഉത്തരവുണ്ടാകുകയും ചെയ്തു. നിലവിൽ ടി റസ്റ്റ് ഹൗസ് ക്യാന്റീൻ സൗകര്യത്തോടുകൂടി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം, കോട്ടയത്തിന്റെ നിയന്ത്രണത്തിൽ തന്നെയാണ് പ്രവർത്തിക്കുന്നത്.

(സി) നിയമനടപടികളുടെ ഭാഗമായി മൂന്നാർ റസ്റ്റ് ഹൗസ്, വൈക്കം റസ്റ്റ് ഹൗസ് എന്നിവ പൊതുമരാമത്ത് വകുപ്പിന് തിരികെ ലഭിച്ചിട്ടുണ്ട്.

(ഡി) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റസ്റ്റ് ഹൗസുകളെ അതിഥി സൗഹൃദ കേന്ദ്രമാക്കി മാറ്റാനുള്ള യജ്ഞത്തിന്റെ ഭാഗമായി ആദ്യഘട്ടമായി തെരഞ്ഞെടുക്കപ്പെട്ട 14 വിശ്രമമന്ദിരങ്ങളെ മോഡൽ റസ്റ്റ് ഹൗസുകളാക്കാൻ തീരുമാനിക്കുകയും 12 എണ്ണത്തിനായി 5.52 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചുകഴിഞ്ഞാൽ ഇവയെ മോഡൽ റസ്റ്റ് ഹൗസുകളാക്കി പ്രഖ്യാപിക്കുന്നതാണ്.

**പ്രളയദുരന്തത്തിനുള്ള കേന്ദ്രസഹായം**

8(*98) ശ്രീ. ഡി. കെ. മുരളി :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലും 2019-ലും ഉണ്ടായ അഭൂതപൂർവ്വമായ പ്രളയദുരന്തം വിവിധ മേഖലകളിൽ സൃഷ്ടിച്ച നാശനഷ്ടങ്ങൾ കേന്ദ്രസർക്കാരിനെ അറിയിച്ചിരുന്നോ; എങ്കിൽ എത്ര തുക കേന്ദ്രസർക്കാർ സഹായമായി ലഭ്യമാക്കി;

(ബി) 2019-ൽ പ്രളയത്തിനിരയായ സംസ്ഥാനങ്ങൾക്കെല്ലാം സഹായം ലഭ്യമാക്കിയപ്പോഴും സംസ്ഥാനത്തെ അവഗണിച്ചതിന് എന്തെങ്കിലും കാരണം വ്യക്തമാക്കിയിട്ടുണ്ടോ;

(സി) കേന്ദ്ര മാനദണ്ഡപ്രകാരം നാശനഷ്ടത്തിന്റെ റിപ്പോർട്ട് സമർപ്പിച്ചിരുന്നോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ; മാനദണ്ഡപ്രകാരം അപേക്ഷ നൽകിയിരുന്നില്ലെന്ന ഒരു കേന്ദ്രമന്ത്രിയുടെ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിരുന്നോ;

(ഡി) ദുരന്തം നേരിട്ട് പഠിക്കാൻ കേന്ദ്ര സർക്കാരിന്റെ ഉദ്യോഗസ്ഥ സംഘങ്ങൾ എത്തിയിരുന്നോ; സംഘത്തിനു മുമ്പാകെ സംസ്ഥാനം ഉന്നയിച്ച ആവശ്യങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>):

(എ&ബി) 2018 മേയ് മുതൽ ആഗസ്റ്റ് വരെ നീണ്ടുനിന്ന കാലവർഷ ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ ദേശീയ ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡമനുസരിച്ച് 5,616 കോടി രൂപയുടെ സഹായം അഭ്യർത്ഥിച്ച് കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ മെമ്മോറാണ്ടം സമർപ്പിച്ചിരുന്നു. ഈ മെമ്മോറാണ്ടം പരിഗണിച്ച് കേന്ദ്ര സർക്കാർ അധിക സഹായമായി 2904.85 കോടി രൂപ കേന്ദ്ര ദുരന്ത പ്രതികരണനിധിയിൽനിന്ന് അനുവദിച്ചിട്ടുണ്ട്. 2019-ലെ പ്രളയവുമായി ബന്ധപ്പെട്ട് ദേശീയ ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡമനുസരിച്ച് 2101.88 കോടി രൂപയുടെ അധിക സഹായം ആവശ്യപ്പെട്ടുകൊണ്ട് മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്. 2019-ലെ പ്രളയവുമായി ബന്ധപ്പെട്ട് കേന്ദ്ര ദുരന്ത പ്രതികരണനിധിയിൽ നിന്ന് അടിയന്തര സഹായം അനുവദിച്ചിട്ടില്ല. 2019-20 സാമ്പത്തിക വർഷത്തിലെ കേന്ദ്ര വിഹിതത്തിന്റെ 6 ആദ്യഗഡുവായി 5227.50 ലക്ഷം രൂപ അനുവദിച്ച് കിട്ടിയിട്ടുണ്ട്. തുക അനുവദിക്കാത്തതിന് കാരണം വ്യക്തമാക്കി കേന്ദ്ര സർക്കാരിൽനിന്ന് കത്തുകളൊന്നും ലഭിച്ചിട്ടില്ല.

(സി) സമർപ്പിച്ചിരുന്നു. 2019-ലെ പ്രളയവുമായി ബന്ധപ്പെട്ട് ദേശീയ ദുരന്തപ്രതികരണ നിധിയുടെ മാനദണ്ഡമനുസരിച്ച് 2101.88 കോടി രൂപയുടെ അധിക സഹായം ആവശ്യപ്പെട്ടുകൊണ്ട് മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്. മാനദണ്ഡപ്രകാരം അപേക്ഷ നൽകിയിരുന്നില്ലെന്ന കേന്ദ്രമന്ത്രിയുടെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) 2019-ലെ പ്രളയം കാരണം ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ വിലയിരുത്താനായി ആഭ്യന്തര മന്ത്രാലയത്തിലെ ജോയിന്റ് സെക്രട്ടറി ശ്രീ. പ്രകാശിന്റെ നേതൃത്വത്തിലുള്ള ഏഴംഗ സംഘം കേരളം സന്ദർശിക്കുകയുണ്ടായി. സംസ്ഥാന ദുരിതാശ്വാസ കമ്മീഷണർ കേന്ദ്ര

മാനദണ്ഡപ്രകാരം തയ്യാറാക്കിയ 2101.9 കോടി രൂപയുടെ നാശനഷ്ടം സംബന്ധിച്ച മെമ്മോറാണ്ടം കേന്ദ്ര സംഘത്തിന് സമർപ്പിച്ചു. അടുത്തടുത്ത വർഷങ്ങളിൽ അതിതീവ്ര മഴമൂലമുള്ള ദുരന്തം, 68 വർഷത്തിനിടയിൽ ആദ്യമായാണ് കേരളം നേരിടുന്നതെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി കേന്ദ്ര സംഘത്തെ അറിയിക്കുകയും ആയത് പരിഗണിച്ച് സംസ്ഥാന സർക്കാർ സമർപ്പിച്ച മെമ്മോറാണ്ടത്തിന് പ്രത്യേക പരിഗണന നൽകണമെന്ന് കേന്ദ്ര സംഘത്തോട് ആവശ്യപ്പെടുകയുമുണ്ടായി. ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ സംഘം സന്ദർശനം നടത്തുകയും പ്രളയനാശനഷ്ടങ്ങൾ വിലയിരുത്തുകയും ചെയ്തതിനുശേഷം കേന്ദ്ര സംഘം ബഹുമാനപ്പെട്ട റവന്യൂ ദുരന്ത നിവാരണ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി എന്നിവരെ സന്ദർശിച്ച് പ്രളയനാശനഷ്ടങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയുമുണ്ടായി.

**റോഡ് പരിപാലനത്തിലെ അപാകതമൂലമുണ്ടാകുന്ന അപകടങ്ങൾ**

9(*99) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ടി. ജെ. വിനോദ് :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡിലെ കുഴിയിൽ വീണ് മരിക്കുന്നതിന്റെ പേരിൽ പത്ത് ലക്ഷം രൂപ വീതം എത്ര പേർക്ക് നൽകുവാനാണ് ഉദ്ദേശിക്കുന്നതെന്ന് കേരള ഹൈക്കോടതി സംസ്ഥാന സർക്കാരിനോട് ആരാഞ്ഞിട്ടുണ്ടോ; എങ്കിൽ ആയതിന് ഇടയായ സാഹചര്യം എന്തായിരുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) റോഡിലുള്ളത് കൊലയാളിക്കുഴികളാണെന്നും മരിക്കുന്നവർക്കെല്ലാം പത്ത് ലക്ഷം വീതം നൽകുകയല്ല, അതിനുള്ള സാഹചര്യങ്ങൾ ഇല്ലാതാക്കാനാണ് ശ്രമിക്കേണ്ടത് എന്ന കേരള ഹൈക്കോടതി നിരീക്ഷണത്തിന്റെ വെളിച്ചത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(സി) പാലാരിവട്ടത്ത് കുഴിയിൽ വീണുണ്ടായ അപകടത്തിൽ മരിച്ച യദുലാലിന്റെ മാതാപിതാക്കളോട് സർക്കാരിന് വേണ്ടി കേരള ഹൈക്കോടതി മാപ്പ് ചോദിച്ച സ്ഥിതിവിശേഷത്തിന്റെ ഗൗരവം കണക്കിലെടുത്ത് സംസ്ഥാനത്തെ റോഡുകളുടെ അറ്റകുറ്റപ്പണി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് പ്രത്യേക സംവിധാനം ഒരുക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) ഇല്ല.

(ബി&സി) 31-12-2019-നുമുമ്പ് റോഡുകൾ ഗതാഗത യോഗ്യമാക്കണമെന്ന ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് റോഡുകളെല്ലാംതന്നെ ഗതാഗത യോഗ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചിരുന്നു. 31-12-2019-ന് മുൻപ് 97% റോഡുകളും കുഴികളടച്ച് ഗതാഗത യോഗ്യമാക്കിയിരുന്നു. ബഡ്ജറ്റ് പ്രവൃത്തികൾ, കിഫ്ബി, നബാർഡ് പ്രവൃത്തികൾ എന്നിവ നടക്കുന്ന മേഖലകളിലും വാട്ടർ അതോറിറ്റി, ഇലക്ട്രിസിറ്റി ബോർഡ്, മൊബൈൽ കമ്പനികൾ എന്നിവ വെട്ടിപ്പൊളിച്ച ഭാഗങ്ങളിലുമാണ് ഇനിയും പ്രവൃത്തി പൂർത്തിയാക്കാനുള്ളത്. ഇത്തരം തടസ്സങ്ങൾ കാരണമാണ് കഴിഞ്ഞ 31-നകം 100% അറ്റകുറ്റപ്പണി പൂർത്തീകരിക്കാൻ സാധിക്കാതിരുന്നത്. അറ്റകുറ്റപ്പണികളെല്ലാം അടിയന്തരമായി പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള 97% റോഡുകളും മികച്ച രീതിയിൽ അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കുന്നതിൽ വകുപ്പ് വിജയിച്ചിരിക്കുന്നു. 100 മണ്ഡലങ്ങളിലെ റോഡുകളിൽ കാര്യമായ കേടുപാടുകൾ ഇല്ലാതാക്കിയിട്ടുണ്ട്. റോഡുകൾ സമയബന്ധിതമായി ഗതാഗത യോഗ്യമാക്കുന്നതിന് നിലവിലുള്ള സംവിധാനംതന്നെ തുടരാനാണ് ഉദ്ദേശിക്കുന്നത്. ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽനിന്നും നഷ്ടപരിഹാരം ഈടാക്കുന്ന കാര്യം പരിശോധിച്ചു വരികയാണ്.

## സർക്കാർ സ്കൂളുകളുടെ നിലവാരം ഉയർത്തുന്നതിന് നടപടി

10(*100) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ സുരക്ഷിതമായ ക്ലാസ്സ് മുറികൾ, ശുചിമുറി സൗകര്യം ആരോഗ്യകരമായ പഠന സാഹചര്യം എന്നിവ ഒരുക്കിക്കൊടുക്കുന്നതിന് സർക്കാരിന് സാധിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളുടെ നിലവാരത്തെക്കുറിച്ചും ഭൗതിക സൗകര്യങ്ങളെക്കുറിച്ചും സ്കൂളുകളുടെ ശോച്യാവസ്ഥ പരിഗണിച്ചും കേരള ഹൈക്കോടതി സ്വമേധയാ കേസ് എടുക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(സി) അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ഉൾപ്പെടെ സർക്കാർ സ്കൂളുകളിലെ കുറവുകൾ പരിഹരിക്കുവാൻ ശക്തമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ-സി) സംസ്ഥാനത്തെ സ്കൂളുകളിൽ സുരക്ഷിതമായ ക്ലാസ്സ് മുറികൾ, ശുചിമുറി സൗകര്യം, ആരോഗ്യകരമായ പഠന സാഹചര്യം എന്നിവ ഒരുക്കിക്കൊടുക്കുന്നതിന് സർക്കാരിന് സാധിക്കുന്നുണ്ട്. വിവിധ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്ലാൻ ഫണ്ടിൽ വകയിരുത്തിയിട്ടുള്ള തുകയിൽനിന്നും സംസ്ഥാനത്തെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതോടൊപ്പം ശുചിമുറികളുടെ അറ്റകുറ്റപ്പണികൾക്കായി സംസ്ഥാനത്തെ 1506 സ്കൂളുകൾക്ക് 1978.25 ലക്ഷം രൂപ പ്ലാൻ ഫണ്ടിൽനിന്നും അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി സ്കൂളുകളെ മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 5 കോടി രൂപ കിഫ്ബി ധനസഹായത്തോടെ 141 സ്കൂളുകളിൽ നിർമ്മാണം ആരംഭിക്കുകയും അതിൽ 21 സ്കൂളുകളിൽ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 3 കോടി കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഭരണാനുമതി ലഭിച്ച 213 സ്കൂളുകളിൽ 70 സ്കൂളുകളുടെ നിർമ്മാണം ആരംഭിക്കുകയും അതിൽ 10 സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന 166 സ്കൂളുകൾക്ക് 3 കോടി കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്. 500-നും 1000-നും ഇടയിൽ കുട്ടികൾ പഠിക്കുന്ന 446 സ്കൂളുകൾക്ക് 1 കോടി കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. എയ്ഡഡ് വിദ്യാലയങ്ങൾക്കായി 'ചലഞ്ച് ഫണ്ട്' ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങൾ വഴിയും എം.എൽ.എ ഫണ്ട്, എം.പി. ഫണ്ട്, പി.ടി.എ. ഫണ്ട്, പൂർവ്വ വിദ്യാർത്ഥികൾ സമാഹരിക്കുന്ന ഫണ്ട് തുടങ്ങിയവ ഉപയോഗിച്ചും എസ്. എസ്. കെ, നബാർഡ്, സി.എസ്.ആർ. ഫണ്ട് എന്നിവ വഴിയും സ്കൂളുകളിലെ ഭൗതികസാഹചര്യ വികസനം നടന്നുവരുന്നു.

വയനാട് സുൽത്താൻ ബത്തേരി സർവ്വജന വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ 5-ാം ക്ലാസ് വിദ്യാർത്ഥിനി പാമ്പ് കടിയേറ്റ് മരിക്കാൻ ഇടയായ സാഹചര്യവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി സ്വമേധയാ കേസെടുത്തിട്ടുണ്ട്. ആയതിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്ക് സുരക്ഷിതമായ ഭൗതിക സാഹചര്യമൊരുക്കുന്നതിനായുള്ള എല്ലാ നടപടികളും സ്വീകരിക്കാൻ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**പൊതുവിദ്യാലയങ്ങളിലെ നൂതന പദ്ധതികൾ**

11(*101) ശ്രീ. കെ. ഡി. പ്രസേനൻ :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. ആന്റണി ജോൺ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ സെക്കന്ററി സ്കൂളുകളും ഹൈടെക് ആക്കുന്നതിനും പ്രൈമറി സ്കൂളുകളിൽ ഹൈടെക് ലാബ് സ്ഥാപിക്കുന്നതിനും ആവിഷ്കരിച്ച പദ്ധതി പൂർത്തിയായോ; ഇതിനായി ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ;

(ബി) വിവര വിനിമയ സാങ്കേതികവിദ്യയുടെ ഫലപ്രദമായ വിനിയോഗം സാധ്യമാക്കുന്നതിന് അധ്യാപകർക്ക് ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ടോ;

(സി) പൊതുവിദ്യാലയങ്ങളിൽ സേഫ്, ഹെൽത്തി ആൻഡ് ഹാപ്പി സ്കൂൾ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പദ്ധതിയെക്കുറിച്ച് അറിയിക്കാമോ;

(ഡി) സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്താനുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) സംസ്ഥാന വിദ്യാഭ്യാസ മേഖലയിൽ കാലോചിതമായ മാറ്റം വരുത്തുന്നതിനായി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്ന പേരിൽ പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. സ്കൂളുകളെ ഹൈടെക് ആക്കുന്നതിനും മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നിർമ്മാണ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. ആധുനികവത്കരണം നടത്തുന്നതിനായി ഐ.ടി. വിദ്യാഭ്യാസ രംഗത്ത് താഴെപ്പറയുന്ന പ്രധാന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

ഹൈടെക് സ്കൂൾ പദ്ധതി

എട്ടു മുതൽ പന്ത്രണ്ടു വരെ ക്ലാസ്സുകളുള്ള എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും കിഫ്ബി ധനസഹായത്തോടെ ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കി. ഹൈസ്കൂൾ, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗങ്ങളിലുള്ള 4752 സ്കൂളുകളിലെ 45000 ക്ലാസ്സ് മുറികളിലേയ്ക്കും ലാബുകളിലേയ്ക്കുമുള്ള ഐ.ടി. ഉപകരണങ്ങൾ വിതരണം ചെയ്തു.

4751 ഹൈസ്കൂൾ, ഹയർ സെക്കന്ററി - വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ ഉൾപ്പെടെ 12149 സ്കൂളുകളിൽ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ഒരുക്കി.

<u>പ്രൈമറി സ്കൂൾ ഹൈടെക് ലാബ് പദ്ധതി</u>

സ്വതന്ത്രമായി പ്രവർത്തിക്കുന്നതും ഹൈസ്കൂളിനോട് ചേർന്നുള്ളതുമായ 9941 സർക്കാർ, എയ്ഡഡ് പ്രൈമറി വിഭാഗം വിദ്യാലയങ്ങളിൽ ഹൈടെക് ലാബ് പദ്ധതിക്കുള്ള ഉപകരണങ്ങൾ വിതരണം ചെയ്തു. കിഫ്ബി ധനസഹായത്തോടെയുള്ള 292 (ഇരുന്നൂറ്റി തൊണ്ണൂറ്റി രണ്ട് കോടി രൂപ മാത്രം) കോടി രൂപയുടെ പദ്ധതിയാണിത്.

ഒരു ക്ലാസിൽ ശരാശരി 7 കുട്ടികളിൽ കുറവുള്ള 1359 സ്കൂളുകൾ ഹൈടെക് ലാബ് പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഉൾപ്പെട്ടിരുന്നില്ല. എന്നാൽ എല്ലാ കുട്ടികൾക്കും ഹൈടെക് സംവിധാനങ്ങളുടെ പ്രയോജനം ഉറപ്പുവരുത്തുന്നതിനായി പ്രസ്തുത സ്കൂളുകൾക്കും ഹൈടെക് ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് സംവിധാനം ഒരുക്കിയിട്ടുണ്ട്.

ഹൈടെക് സംവിധാനങ്ങളും പശ്ചാത്തല സൗകര്യവും ഒരുക്കുന്നതോടൊപ്പം ഡിജിറ്റൽ വിഭവങ്ങളും ആധുനിക വിവരവിനിമയ സാങ്കേതികവിദ്യയുടെ പ്രയോജനം പഠന-ബോധന പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള 'സമഗ്ര' ഡിജിറ്റൽ വിഭവ പോർട്ടൽ, ലിറ്റിൽ കൈറ്റ് ഐ.ടി. ക്ലബ്ബുകൾ, പ്രത്യേക പരിശീലനം അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും തുടങ്ങിയ പ്രവർത്തനങ്ങളും നടപ്പിലാക്കുന്നു.

(ബി) ഉണ്ട്. അദ്ധ്യാപക ശാക്തീകരണ പ്രവർത്തനങ്ങളിൽ വിവര വിനിമയ സാങ്കേതികവിദ്യയുടെ ഫലപ്രദമായ ഉപയോഗം ഉറപ്പുവരുത്തുന്നതിന് ഒന്ന് മുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകളിലെ അദ്ധ്യാപകർക്ക് നാല് ദിവസം വീതം പ്രത്യേക ഐ.സി.ടി. പരിശീലനം 2019 ഏപ്രിൽ, മേയ് മാസങ്ങളിൽ നൽകി. ലോവർ പ്രൈമറി (45166), അപ്പർ പ്രൈമറി (36760), ഹൈസ്കൂൾ (26860), ഹയർ സെക്കന്ററി - വൊക്കേഷണൽ ഹയർ സെക്കന്ററി (22761) അദ്ധ്യാപകർ പരിശീലനത്തിൽ പങ്കെടുത്തു.

ഹൈസ്കൂൾ ക്ലാസ്സുകളിലെ തെരഞ്ഞെടുത്ത കുട്ടികളെ ഉൾപ്പെടുത്തി ഇന്ത്യയിലെതന്നെ കുട്ടികളുടെ ഏറ്റവും വലിയ ഐ.ടി. കൂട്ടായ്മയായ 'ലിറ്റിൽ കൈറ്റ്സ്' യൂണിറ്റ് 2060 ഹൈസ്കൂളുകളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

(സി) ഉണ്ട്; എല്ലാ പൊതുവിദ്യാലയങ്ങളിലും കുട്ടികളുടെ സുരക്ഷ, മാനസിക-ശാരീരിക ആരോഗ്യം എന്നിവ ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ സ്കൂൾ തലത്തിൽത്തന്നെ ആസൂത്രണം ചെയ്ത് അക്കാദമിക് മാസ്റ്റർ പ്ലാനിന്റെ ഭാഗമാക്കി നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ് സേഫ്, ഹെൽത്തി ആൻഡ് ഹാപ്പി സ്കൂൾ പ്രോഗ്രാം എന്ന പദ്ധതി. എസ്.സി.ഇ.ആർ.ടി. തിരുവനന്തപുരം ജില്ലയിലെ തെരഞ്ഞെടുത്ത സ്കൂളുകളിൽ ട്രൈഔട്ട് ചെയ്ത് വരികയാണ്. ഡയറ്റ്, എസ്.എസ്.കെ. എന്നിവയുടെ സഹകരണത്തോടെയാണ് ട്രൈഔട്ട് നടത്തുന്നത്. 2020 മാർച്ചിൽ ട്രൈഔട്ട് പൂർത്തിയാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

(ഡി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) ഒരു നിയോജകമണ്ഡലത്തിൽ ഒരു സ്കൂൾ എന്ന നിലയിൽ സംസ്ഥാനമൊട്ടാകെ 141 സ്കൂളുകളെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്ന പദ്ധതി കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. മികവിന്റെ കേന്ദ്രങ്ങളാക്കുന്ന ഒരു സ്കൂളിന് 5 (അഞ്ച് കോടി രൂപ മാത്രം) കോടി രൂപയാണ് സർക്കാർ അനുവദിക്കുന്നത്. മികവിന്റെ കേന്ദ്രങ്ങളാക്കാൻ തെരഞ്ഞെടുത്ത 141 സ്കൂളുകളിൽ 21 സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് കെട്ടിടം സ്കൂൾ അധികൃതർക്ക് കൈമാറി. 10 സ്കൂളുകളുടെ നിർമ്മാണപ്രവൃത്തി പൂർത്തിയാക്കി ഫെബ്രുവരി മാസം കൈമാറാൻ കഴിയുമെന്ന് കരുതുന്നു. 52 സ്കൂളുകളിൽ 60 ശതമാനത്തിലധികം പണികൾ കഴിഞ്ഞിട്ടുണ്ട്. അവശേഷിക്കുന്ന സ്കൂളുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ഇതിനുപുറമെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് ഒരു സ്കൂളിന് 3 (മൂന്ന് കോടി രൂപ മാത്രം) കോടി രൂപ വീതം ചെലവഴിച്ച്, കൈറ്റ് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) ആയി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്ന 96 സ്കൂളുകളിൽ 11 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് കൈമാറിയിട്ടുണ്ട്. ഫെബ്രുവരി മാസം 7 സ്കൂളുകൾകൂടി കൈമാറാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 29 സ്കൂളുകളിൽ 60 ശതമാനത്തിൽ കൂടുതൽ പണികൾ പൂർത്തീകരിച്ചു. ബാക്കി സ്കൂളുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

ഈ പദ്ധതിയിലുൾപ്പെടുത്തി 233 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഇൻകലിനെയും 50 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി വാപ്കോസിനെയുമാണ് എസ്.പി.വി. ആയി ചുമതലപ്പെടുത്തിയിരിക്കുന്നത്.

പശ്ചാത്തല സൗകര്യവികസനത്തിനായി ഒരു കോടി രൂപ വീതം ചെലവഴിക്കുന്ന പദ്ധതിയിൽ ഉൾപ്പെട്ട 446 സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തികളുടെ തുടർനടത്തിപ്പിനായി എസ്.പി.വി. ആയി കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## സ്കൂളുകളുടെ ശുചിത്വവും കുട്ടികളുടെ സുരക്ഷിതത്വവും ഉറപ്പാക്കാൻ നടപടി

12(*102) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് സുൽത്താൻബത്തേരിയിലുള്ള സർവ്വജന വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിൽ അഞ്ചാം ക്ലാസ് വിദ്യാർത്ഥിനി പാമ്പുകടിയേറ്റ് മരിക്കുവാനിടയായ സംഭവത്തിൽ കേരള ഹൈക്കോടതി കേസ്സെടുക്കുകയും സംസ്ഥാന സർക്കാരിന് നോട്ടീസ് അയക്കുകയും ചെയ്തിട്ടുണ്ടോ;

(ബി) സ്കൂളുകളുടെ ശുചിത്വവും കുട്ടികളുടെ സുരക്ഷിതത്വവും ഉറപ്പാക്കുന്നതിന് സ്കൂൾ അധികൃതർക്ക് എന്തൊക്കെ ചുമതലകളാണ് ഉള്ളത്; അത് നിർവ്വഹിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്;

(സി) സംസ്ഥാനത്തെ പ്രൈമറി സ്കൂൾ മുതൽ ഹൈസ്കൂൾ വരെ ഹൈടെക് ആക്കിയെന്ന് അവകാശപ്പെടുമ്പോഴും സംസ്ഥാനത്തെ പല സ്കൂളുകളിലും അടിസ്ഥാന സൗകര്യം പോലുമില്ലായെന്നും സ്കൂൾ സുരക്ഷിത സാഹചര്യത്തിലല്ല പ്രവർത്തിക്കുന്നതെന്നുമുള്ള ആക്ഷേപം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) പ്രസ്തുത സംഭവത്തിൽ ഡബ്ല്യൂ.പി(സി)34037/2019 നമ്പരായി ബഹുമാനപ്പെട്ട കേരള ഹൈക്കോടതി സ്വമേധയാ കേസെടുക്കുകയും സംസ്ഥാന സർക്കാരിന് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) സ്കൂളുകളുടെ ശുചിത്വവും കുട്ടികളുടെ സുരക്ഷിതത്വവും ഉറപ്പാക്കുന്നതിനായി സർക്കുലർ നമ്പർ ആർ &ആർ(1)/90010/17/ഡി.ജി.ഇ. തീയതി 22-11-2019 പ്രകാരമുള്ള നിർദ്ദേശം എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും സ്കൂൾ അധികൃതർക്കും നൽകിയിട്ടുണ്ട്. സർക്കുലറിൽ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നുവെന്ന് പരിശോധിക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) ഉണ്ട്. സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പദ്ധതി പ്രകാരം ത്വരിത നടപടികൾ കൈക്കൊണ്ടുവരുന്നു.

**നിർമ്മാണ മേഖലയിലെ നൂതന സാങ്കേതികവിദ്യകൾ**

13(*103) ശ്രീ. എൽദോ എബ്രഹാം :
ശ്രീ. കെ. രാജൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ മേഖലയിലും മരാമത്ത് പ്രവൃത്തികളിലും കാലാനുസൃതമായ പുതിയ സാങ്കേതികവിദ്യകൾ പ്രയോഗത്തിൽ വരുത്തുന്നതിന് ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) പരമ്പരാഗത നിർമ്മാണ രീതികളിൽ നിന്ന് വ്യതിചലിച്ച് പ്രകൃതി സൗഹൃദവും നവീന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതുമായ നിർമ്മാണ രീതികൾ നടപ്പിലാക്കിയതുമൂലമുണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ പരമ്പരാഗത നിർമ്മാണ സങ്കല്പങ്ങളെ തിരുത്തിയെഴുതുന്നതിന് പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ സംഭാവനകൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(ഡി) നിർമ്മാണങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും നിർമ്മാണ പ്രവർത്തനങ്ങളുടെ കാലതാമസം ഒഴിവാക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ&ബി) പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ അറ്റകുറ്റപ്പണികൾ നൂതനരീതികൾ അവലംബിച്ച് സമയബന്ധിതമായി നടപ്പിൽ വരുത്തുന്നതിനായി ചീഫ് എഞ്ചിനീയർ തലവനായി മെയിന്റനൻസ് വിഭാഗം രൂപീകരിച്ചു. നിരത്തുകൾ ഡിജിറ്റലൈസ് ചെയ്യുന്നതിനായി വകുപ്പിൽ RMMS (റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം) നടപ്പിൽ വരുത്തുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. ദീർഘകാലം ഈടുനിൽക്കുന്ന രീതിയിലുള്ള ബി.എം.&ബി.സി. റോഡുകൾ ഡിസൈൻ ചെയ്ത് നിർമ്മിക്കുന്നുണ്ട്. 15 മുതൽ 20 വർഷം വരെ ഈടുനിൽക്കുന്ന വൈറ്റ് ടോപ്പിംഗ് സംസ്ഥാന റോഡുകളിൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. നിലവിലുള്ള റോഡ് വെട്ടിയെടുത്ത് സിമന്റും പ്രത്യേകതരം പൾവറൈസും ചേർത്ത് കുഴച്ച് ടി ഭാഗത്തുതന്നെ ഇടുകയും ചെയ്യുന്ന ഫുൾ ഡെപ്ത് റിക്ലമേഷൻ ടെക്നോളജി പരീക്ഷണാടിസ്ഥാനത്തിൽ ചെയ്തിട്ടുണ്ട്. ജർമ്മൻ നിർമ്മിത മില്ലിംഗ് യന്ത്രം

ഉപയോഗിച്ച് നടത്തിയ കോൾഡ് ഇൻപോസ് റീസൈക്ലിംഗ് നിർമ്മാണ രീതി കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. സ്വാഭാവിക റബ്ബർ, കയർ - ജിയോ ടെക്സ്റ്റൈൽസ്, ഉപയോഗശൂന്യമായ പ്ലാസ്റ്റിക് എന്നിവ ഉപയോഗിച്ച് പരിസ്ഥിതി സൗഹാർദ്ദമായ രീതിയിൽ റോഡ് നിർമ്മിക്കുന്നതിന് പ്രാമുഖ്യം നൽകിവരുന്നു. വൈറ്റ് ടോപ്പിംഗ് രീതിയിലുള്ള റോഡ് പ്രവൃത്തികൾ 15 മുതൽ 20 വർഷം വരെ ഈടുനിൽക്കുന്നവയാണ്. ടി രീതി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മിക്കുന്ന ബി.സി. ഉപരിതലം കൂടുതൽ കാലം ഈടുനിൽക്കുന്നതാണ്. ഉപയോഗശൂന്യമായ പ്ലാസ്റ്റിക് റോഡ് നിർമ്മാണത്തിന് വ്യാപകമായി ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുതിയതായി ബി.സി. ഉപരിതലം നിർമ്മിക്കുന്ന എല്ലാ പ്രവൃത്തികളിലും 50% നീളമെങ്കിലും പ്ലാസ്റ്റിക് ഉപയോഗിച്ച് ടാർ ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ദൃഢത, ഉറപ്പ്, വെള്ളംമൂലമുണ്ടാകുന്ന കേടുപാടുകളിൽ നിന്നുള്ള ഉയർന്ന പ്രതിരോധശേഷി എന്നിവ പ്ലാസ്റ്റിക് റോഡുകളുടെ ഗുണങ്ങളാണ്.

പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന്റെ കീഴിൽ അത്യാധുനിക സാങ്കേതിക വിദ്യയായ മില്ലിംഗ് ആന്റ് റീസൈക്ലിംഗ് ഉപയോഗിച്ച് ആലപ്പുഴ ജില്ലയിൽ ദേശീയപാതയുടെ ഉപരിതലം പുതുക്കി നിർമ്മിച്ചിട്ടുണ്ട്. ഈ സാങ്കേതികവിദ്യയിൽ നിലവിലെ റോഡിന്റെ ഉപരിതലം മെഷീൻ ഉപയോഗിച്ച് ഇളക്കിയെടുക്കുകയും അപ്പോൾത്തന്നെ അതേ മെറ്റീരിയൽ പാകപ്പെടുത്തിയതിനു ശേഷം വേണ്ടുന്ന അളവിൽ ബിറ്റുമിൻ, സിമന്റ്, വിവിധ തരത്തിലുള്ള മെറ്റലുകൾ എന്നിവ ചേർത്ത് ഉപരിതലം പുനർനിർമ്മിക്കുകയുമാണ് ചെയ്യുന്നത്. ഈ സാങ്കേതികവിദ്യ സാമ്പത്തിക ലാഭത്തോടൊപ്പം ബിറ്റുമിൻ, അഗ്രിഗേറ്റ് എന്നിവയുടെ കുറഞ്ഞ ഉപയോഗം വഴി പ്രകൃതി സമ്പത്തിന്റെ സംരക്ഷണവും സാദ്ധ്യമാകും. ദേശീയപാത വിഭാഗത്തിൽ വരുന്ന കൂടുതൽ പുനരുദ്ധാരണ പ്രവൃത്തികളിൽ റിസൈക്ലിംഗ് ചെയ്ത് നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിൽ ദേശീയപാതയിൽ നടപ്പിലാക്കിയ പ്രവൃത്തി വിജയപ്രദമാണ്.

ദേശീയപാത വിഭാഗത്തിലെ പ്രവൃത്തികൾക്ക് ടാറിനോടൊപ്പം ഷ്രെഡഡ് പ്ലാസ്റ്റിക് ചേർത്തുകൊണ്ട് നിർമ്മാണം നടത്താൻ 2018-19 സാമ്പത്തിക വർഷം സെൻട്രൽ റോഡ് ഫണ്ടിൽ അംഗീകാരം ലഭിച്ച പദ്ധതികൾക്കാണ് തുടക്കം കുറിച്ചിട്ടുള്ളത്. ഈ പ്രവൃത്തികൾ പുരോഗമിച്ച് വരികയാണ്. ഇനി നടപ്പിലാക്കാനുള്ള പീരിയോഡിക്കൽ റിന്യൂവൽ, സ്ട്രെംഗ്തനിംഗ് എന്നിവയിലെ ബിറ്റുമിനസ് കോൺക്രീറ്റ് പാളിയിൽ ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കാൻ

നിർദ്ദേശം നൽകിയിട്ടുണ്ട്. വേസ്റ്റ് പ്ലാസ്റ്റിക് ബിറ്റുമിനസ് മിക്സിൽ ചേർത്ത് റോഡ് നിർമ്മിക്കുന്നതിനുള്ള മാനദണ്ഡങ്ങളും മേന്മകളും ഇന്ത്യൻ റോഡ് കോൺഗ്രസിന്റെ കോഡ് SP:98:2013-ൽ വിശദമാക്കുന്നുണ്ട്. പ്ലാസ്റ്റിക് ഉപയോഗിക്കുന്നതുമൂലം റോഡുകൾക്ക് താഴെപ്പറയുന്ന മേന്മകൾ ഉണ്ടാകുന്നതായി ഇന്ത്യൻ റോഡ് കോൺഗ്രസ്സിന്റെ കോഡിൽ പ്രതിപാദിച്ചിട്ടുണ്ട്.

I. ഡീഫോർമേഷൻ പ്രതിരോധിക്കാനുള്ള കഴിവ് കൂട്ടുന്നു.

II. വെള്ളമിറങ്ങി ഉണ്ടാവുന്ന തകർച്ചകളെ പ്രതിരോധിക്കാനുള്ള കഴിവ് കൂട്ടുന്നു.

III. റോഡ് പ്രതലത്തിന്റെ ഈട് (durability & Stability) വർദ്ധിക്കുന്നു.

IV. പ്ലാസ്റ്റിക് മാലിന്യം സുരക്ഷിതമായി മറവ് ചെയ്യാൻ കഴിയുന്നതിനാൽ പ്രകൃതി സംരക്ഷിക്കപ്പെടുന്നു.

ആലപ്പുഴ ജില്ലയിൽ ഒരു സി.ആർ.എഫ്. പദ്ധതിയിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള റോഡ് നിർമ്മാണത്തിനും തുടക്കം കുറിച്ചിട്ടുണ്ട്.

(സി) പ്രകൃതി സൗഹൃദവും നവീന സാങ്കേതികവിദ്യയുടെ പ്രയോഗവുംമൂലം പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ നിർമ്മാണ രീതിയിൽ താഴെപ്പറയുന്ന നേട്ടങ്ങൾ സാദ്ധ്യമായിട്ടുണ്ട്.

1. കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളിൽ ഗ്രീൻ ബിൽഡിംഗ് എന്ന ആശയം പ്രാവർത്തികമാക്കുന്നുണ്ട്.

2. വേസ്റ്റ് നിർമ്മാർജ്ജനത്തിന്റെ ഭാഗമായി സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിച്ചും മഴവെള്ള സംഭരണികൾ നിർമ്മിച്ചും വെള്ളത്തിന്റെ പുനരുപയോഗം സാദ്ധ്യമാക്കുന്നു.

3. കെട്ടിടത്തിന്റെ മൊത്തം ഭാരം 40 ശതമാനത്തോളം കുറയ്ക്കുന്നതിനോടൊപ്പം ചെലവ് കുറയ്ക്കുന്നതിനുമായി കെട്ടിട നിർമ്മാണത്തിന് എയിറേറ്റഡ് ഓട്ടോ ക്ലേവ്ഡ് ബ്ലോക്കുകൾ ഉപയോഗിച്ചു കൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

4. കെട്ടിടത്തിന്റെ മേൽക്കൂരകളിൽ സോളാർ പാനലുകൾ സ്ഥാപിച്ചുകൊണ്ട് സോളാർ എനർജി ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നുണ്ട്.

(ഡി) പൊതുമരാമത്ത് പണികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി ക്വാളിറ്റി കൺട്രോൾ മാനുവലിലെ വ്യവസ്ഥകൾ കർശനമായി പാലിക്കണമെന്നും വകുപ്പിന്റെ കീഴിലുള്ള എല്ലാ പ്രവൃത്തികളും യഥാസമയം അതത് ജില്ലാ ലാബുകളെ

അറിയിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിലും മറ്റ ജില്ലകളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിലും ക്വാളിറ്റി കൺട്രോൾ ലാബ് കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. മൂന്ന് ഘട്ടങ്ങളിലായാണ് ഗുണനിലവാര പരിശോധനകൾ നടത്തുന്നത്. ആദ്യഘട്ടത്തിൽ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻതന്നെ പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന നടത്തി ഗുണമേന്മ ഉറപ്പുവരുത്തേണ്ടതാണ്. രണ്ടാംഘട്ട ഗുണനിലവാര പരിശോധനകളാണ് വകുപ്പിന്റെ കീഴിലുള്ള ക്വാളിറ്റി കൺട്രോൾ വിഭാഗം ചെയ്യുന്നത്. ഫീൽഡ് എഞ്ചിനീയേഴ്സ് ക്വാളിറ്റി കൺട്രോൾ വിഭാഗത്തെ അറിയിക്കുന്നതനുസരിച്ച് സൈറ്റിൽ പോയി സാമ്പിൾ ശേഖരിക്കുന്നു. ഫീൽഡിൽ വച്ച് നടത്താവുന്ന പരിശോധനകൾ ഫീൽഡിൽ വച്ച് നടത്തുകയും ലാബ് ടെസ്റ്റ് ആവശ്യമായി വരുന്നവ ലാബിൽ കൊണ്ടുവന്ന് പരിശോധിച്ച് റിസൾട്ട് നൽകുന്നു. ക്വാളിറ്റി കൺട്രോൾ മാനുവൽ വ്യവസ്ഥകൾക്കനുസരിച്ച് തൃപ്തികരമായ റിസൾട്ട് ലഭിക്കാത്തവ വകുപ്പിലെ തന്നെ വിജിലൻസ് വിഭാഗത്തെ യഥാസമയം അറിയിക്കുന്നു. ജില്ലാതല ക്വാളിറ്റി കൺട്രോൾ ലാബ് മുഖേനയുള്ള Second tier ക്വാളിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഫൈനൽ പേമെന്റ് നടത്താറുള്ളൂ. കൂടാതെ 2 കോടി രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് കോൺട്രാക്ടർ സ്വന്തം ചെലവിൽ ക്വാളിറ്റി ലാബ് സജ്ജമാക്കണമെന്ന് SBD പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. ഓരോ പ്രവൃത്തിയും പൂർത്തീകരിക്കുന്നതിന് നിശ്ചിത കാലപരിധി നിശ്ചയിക്കുകയും ഇതിൽ വീഴ്ച വരുത്തുന്ന കരാറുകാരനെതിരെ എഗ്രിമെന്റ് പ്രകാരമുള്ള നിയമ നടപടികൾ സ്വീകരിക്കാറുമുണ്ട്.

### കശുവണ്ടി വ്യവസായം നേരിടുന്ന പ്രതിസന്ധി

14(*104) ശ്രീ. കെ. കുഞ്ഞിരാമൻ :

ശ്രീമതി പി. അയിഷാ പോറ്റി :

ശ്രീ. ആർ. രാജേഷ് :

ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കശുവണ്ടി വ്യവസായം നേരിടുന്ന പ്രധാനപ്പെട്ട പ്രതിസന്ധികളിലൊന്നായ തോട്ടണ്ടി ക്ഷാമം പരിഹരിക്കുന്നതിനും തോട്ടണ്ടിയുടെ ആഭ്യന്തര ഉല്പാദനം പരമാവധി വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനായി അനുയോജ്യമായ സ്ഥലങ്ങളിൽ ഏറ്റവും അത്യുല്പാദന ശേഷിയുള്ള കശുമാവിനങ്ങൾ കൃഷി ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) വ്യവസായത്തിനാവശ്യമായ തോട്ടണ്ടി വിദേശരാജ്യങ്ങളിൽ നിന്നും ഇടനിലക്കാരില്ലാതെ നേരിട്ട് ഇറക്കുമതി ചെയ്യുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) കേരളത്തിലെ കശുവണ്ടി വ്യവസായത്തിലെ പ്രധാന പ്രതിസന്ധികളിലൊന്നായ തോട്ടണ്ടി ക്ഷാമം പരിഹരിക്കുന്നതിന് വിവിധ സർക്കാർ സ്ഥാപനങ്ങൾ വഴി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

കേരള കാഷ്യൂ ബോർഡ്

കേരളത്തിലെ കശുവണ്ടി വ്യവസായത്തിനാവശ്യമായ തോട്ടണ്ടി ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നതിന് കേരള കാഷ്യൂ ബോർഡ് രൂപീകരിക്കുകയും ബോർഡിന്റെ പ്രവർത്തനത്തിനാവശ്യമായ ഫണ്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. തോട്ടണ്ടി ഉത്പാദക രാജ്യങ്ങളിൽനിന്നും ഇതിനകം 20000 മെട്രിക് ടൺ തോട്ടണ്ടി കേരള കാഷ്യൂ ബോർഡ് ഇറക്കുമതി ചെയ്തിട്ടുണ്ട്. ഉടനെ 3000 ടൺ തോട്ടണ്ടികൂടി ഇറക്കുമതി ചെയ്യുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എസ്ക്രോ അക്കൗണ്ട് ഓപ്പൺ ചെയ്യുന്നമുറയ്ക്ക് സ്വകാര്യ വ്യവസായികൾക്കും തോട്ടണ്ടി ലഭ്യമാക്കാൻ കേരള കാഷ്യൂ ബോർഡ് സജ്ജമാണ്.

കശുമാവ് കൃഷി വികസന ഏജൻസി

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കശുവണ്ടി വ്യവസായത്തിന്റെ സമഗ്ര വികസനത്തിന്റെ ഭാഗമായി കശുവണ്ടി വ്യവസായ മേഖല നേരിടുന്ന അസംസ്കൃത വസ്തുവായ തോട്ടണ്ടിയുടെ ദൗർലഭ്യത്തിന് പരിഹാരം കാണുക എന്ന ലക്ഷ്യത്തോടെയാണ് കശുമാവ് കൃഷി വികസന ഏജൻസി പ്രവർത്തിച്ചു വരുന്നത്. കശുമാവ് കൃഷിയിൽ തല്പരരായ കർഷകരെ കണ്ടെത്തി സൗജന്യമായി കശുമാവിൻ തൈകൾ നൽകുന്ന വിവിധ പദ്ധതികളായ കശുമാവ് പുതുകൃഷി, കശുമാവിൻ തോട്ടം, മുറ്റത്തൊരു കശുമാവ്, ഹൈ ഡെൻസിറ്റി പ്ലാന്റിംഗ്, മാതൃക കശുമാവിൻ തോട്ടം എന്നിവ നടപ്പിലാക്കിവരുന്നു.

1. കശുമാവ് പുതുകൃഷി- ഇതിന്റെ ഭാഗമായി കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം തൈ ഒന്നിന് 60 രൂപ, രണ്ടാം കൊല്ലം നിബന്ധനകൾക്ക് വിധേയമായി ഒറ്റത്തവണ ധനസഹായമായി നൽകുന്നു.

2. കശുമാവ് തോട്ടം നിർമ്മാണം - 2 ഹെക്ടറും അതിൽ കൂടുതലും കൃഷി ചെയ്യുന്നവർക്ക് കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം ഹെക്ടറിന് 13,000 രൂപ നിലം ഒരുക്കുന്നതിന് ധനസഹായമായി നൽകുന്നു.

3. മുറ്റത്തൊരു കശുമാവ് - കുടുംബശ്രീ, തൊഴിലുറപ്പ്, റസിഡന്റ്സ് അസോസിയേഷൻ, കശുവണ്ടി തൊഴിലാളികൾ, സ്കൂൾ കുട്ടികൾ എന്നിവർക്കുവേണ്ടിയുള്ള പ്രത്യേക പദ്ധതിപ്രകാരം പൊക്കം കുറഞ്ഞ അധികം പടരാത്ത വീട്ടുമുറ്റത്ത് നിയന്ത്രിച്ച് വളർത്താവുന്ന കശുമാവിൻ ഗ്രാഫ്റ്റുകൾ സൗജന്യമായി നൽകി വരുന്നു.

4. ഹൈ ഡെൻസിറ്റി പ്ലാന്റിംഗ് - ഈ പദ്ധതിപ്രകാരം ഒരു ഹെക്ടറിൽ 200 തൈകൾ നടുന്ന രീതിയാണ് അവലംബിക്കുന്നത്. ഒരു ഹെക്ടറിൽ 400 തൈകൾ നടുന്ന രീതിയിൽ ഹൈ ഡെൻസിറ്റി പ്ലാന്റിംഗ് നടപ്പിലാക്കി വരുന്നു.

5. മാതൃക കശുമാവിൻ തോട്ടം സർക്കാർ/അർദ്ധ സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ ഉടമസ്ഥതയിൽ മാറ്റം വരുത്താത്ത തരത്തിൽ മാതൃകാ തോട്ടങ്ങൾ ഉണ്ടാക്കുന്നതിന് ലക്ഷ്യമിടുന്നു. ടി തോട്ടങ്ങൾ പുതിയ ഇനം കൃഷി രീതികളും കശുമാവിൻ തൈകളും കർഷകരെ പരിചയപ്പെടുത്തുന്നതിനും കർഷകരെ കശുമാവ് കൃഷിയിലേയ്ക്ക് ആകർഷിക്കാൻ ലക്ഷ്യമിട്ടുകൊണ്ടാണ് ഈ പദ്ധതിക്ക് തുടക്കമിട്ടിരിക്കുന്നത്.

## പ്ലാന്റേഷൻ കോർപ്പറേഷൻ

സർക്കാർ നിർദ്ദേശപ്രകാരം പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരളയുടെ അധീനതയിലുള്ള കശുമാവിൻ തോട്ടങ്ങളെല്ലാം നന്നായി പരിപാലിച്ചുവരുന്നതും കാസർഗോഡ് ജില്ലയിൽ കീടനാശിനി പ്രയോഗമില്ലാതെതന്നെ 5500 ഹെക്ടറിൽ കശുമാവ് വിളവെടുക്കുന്നുണ്ട്. പ്രായാധിക്യംകൊണ്ട് ഉൽപ്പാദനം കുറഞ്ഞ കശുമാവിൻ മരങ്ങൾ നീക്കം ചെയ്ത് പകരം അത്യുൽപ്പാദനശേഷിയുള്ള നൂതനയിനം കശുമാവിൻ തൈകൾ നട്ട് പരിപാലിച്ചുപോരുന്നുമുണ്ട്.

കൃഷി വകുപ്പിന്റെ കീഴിലുള്ള പ്ലാന്റേഷൻ കോർപ്പറേഷനെ കൂടാതെ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള ആറളം ഫാമിലെ

തോട്ടങ്ങളിലും ശാസ്ത്രീയ രീതിയിൽ കശുമാവ് കൃഷി ചെയ്തുവരുന്നുണ്ട്. തിരുവനന്തപുരം ജില്ലയിലെ നെട്ടുകാൽത്തേരിയിലുള്ള 25 ഏക്കർ സ്ഥലത്ത് കാഷ്യൂ മോഡൽ ഗാർഡൻ കൃഷി ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വനം വകുപ്പിന്റെ കീഴിലും ഓയിൽ പാം ഇൻഡ്യ ലിമിറ്റഡിന്റെ കീഴിലുള്ള സ്ഥലത്തും കശുമാവ് കൃഷി ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്. സംസ്ഥാനത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനായി അനുയോജ്യമായ സ്ഥലങ്ങളിൽ കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കശുമാവ് ഗവേഷണ കേന്ദ്രമായ സി.ആർ.എസ്. മാടക്കത്തറ, ഐ.സി.എ.ആർ. പുത്തൂർ എന്നീ സ്ഥാപനങ്ങളിൽ വികസിപ്പിച്ചെടുത്ത അത്യുൽപ്പാദനശേഷിയുള്ള പതിനഞ്ചോളം മുന്തിയ ഇനങ്ങളിൽപ്പെട്ട കശുമാവ് ഗ്രാഫ്റ്റുകൾ കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി നൽകി കശുമാവ് കൃഷി പ്രോത്സാഹിപ്പിച്ച് വരുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നിർദ്ദേശാനുസരണം രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ.) 2018-19 പദ്ധതിപ്രകാരം പ്ലാന്റേഷൻ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ കാസർഗോഡ്, കണ്ണൂർ, പാലക്കാട് എന്നീ ജില്ലകളെ ഉൾപ്പെടുത്തി അതത് ജില്ലകളിലെ പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർമാർ മുഖാന്തരം തെരഞ്ഞെടുക്കപ്പെട്ട കർഷകർക്ക് അത്യുൽപ്പാദന ശേഷിയുള്ള ഏകദേശം ഏഴ് ലക്ഷം കശുമാവിൻ തൈകൾ വിതരണം ചെയ്തിട്ടുണ്ട്. തൈ ഒന്നിന് 50 രൂപ നിരക്കിൽ ധനസഹായം നൽകുന്നുമുണ്ട്.

ഇപ്രകാരം കോർപ്പറേഷന്റെ കാസർഗോഡ്, മണ്ണാർകാട്, രാജപുരം, ചീമേനി എന്നീ സ്ഥലങ്ങളിലെ തോട്ടങ്ങളിലായി 700 ഹെക്ടർ സ്ഥലത്ത് രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ.) 2018-19 പദ്ധതി പ്രകാരം അത്യുൽപ്പാദന ശേഷിയുള്ള നൂതനയിനം കശുമാവിൻ തൈകൾ കൃഷി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2019-20 വർഷത്തിൽ ഇപ്രകാരം മേൽപ്പറഞ്ഞ ജില്ലകളിൽ ആറ് ലക്ഷം കശുമാവിൻ തൈകൾകൂടി വിതരണം ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.

(സി) കശുവണ്ടി ഉത്പാദക രാജ്യങ്ങളിൽ നിന്ന് കേരള കാഷ്യൂ ബോർഡ് ഇ-ടെണ്ടർ സംവിധാനത്തിലൂടെ തോട്ടണ്ടി നേരിട്ട് ഇറക്കുമതി ചെയ്യുന്നതിലൂടെ അസംസ്കൃത തോട്ടണ്ടിയുടെ ലഭ്യതയും ന്യായവിലയും ഉറപ്പാക്കിവരുന്നു. കശുവണ്ടി ഉത്പാദക രാജ്യങ്ങളിൽ നിന്ന് നേരിട്ട് തോട്ടണ്ടി സംഭരിക്കുന്നതിനായി

ബന്ധപ്പെട്ട രാജ്യങ്ങളുമായി ധാരണാപത്രം ഒപ്പിടുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നുണ്ട്. ആഫ്രിക്കൻ രാജ്യമായ ഐവറി കോസ്റ്റുമായി ഇപ്രകാരമുള്ള ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. ഇത്തരം നടപടികളിലൂടെ കശുവണ്ടി ഇറക്കുമതിയിൽ ഇടനിലക്കാരുടെ പങ്ക് പരിമിതപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്.

**തകർന്ന റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടി**

15(*105) ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. പി. വി. അൻവർ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉണ്ടായ കനത്ത മഴയിലും പ്രളയത്തിലും എത്ര കിലോമീറ്റർ റോഡുകൾ തകർന്നിട്ടുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ബി) പ്രളയാനന്തരം തകർന്ന റോഡുകൾ യഥാസമയം ഗതാഗതയോഗ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) ഇപ്രകാരമുള്ള റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് നാളിതുവരെ എത്ര കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രളയത്തിൽ കേടുപാടുകൾ സംഭവിച്ച പാലങ്ങളുടെയും റോഡുകളുടെയും അറ്റകുറ്റപ്പണികൾക്കായി നബാർഡിൽ ഉൾപ്പെടുത്തി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) സംസ്ഥാനത്ത് 2018-ലുണ്ടായ പ്രളയത്തിൽ നിരത്ത് വിഭാഗത്തിനുകീഴിൽ 20145 കി. മീ. റോഡുകൾക്കും ദേശീയപാത വിഭാഗത്തിൻകീഴിൽ 580.51 കി.മീ. റോഡുകൾക്കും 57.58 കി.മീ. കെ.എസ്.ടി.പി. റോഡുകൾക്കും കെ.ആർ.എഫ്.ബി.യുടെ കീഴിൽവരുന്ന ശംഖുംമുഖം ബീച്ച് റോഡിലെ ഏകദേശം 300 മീറ്റർ റോഡുകൾക്കും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്.

2019-ലുണ്ടായ പ്രളയത്തിൽ നിരത്ത് വിഭാഗത്തിനുകീഴിൽ 5031 കി.മീ. റോഡുകളും ദേശീയപാത വിഭാഗത്തിനുകീഴിൽ 638 കി.മീ. റോഡുകളും കെ.എസ്.ടി.പി. വിഭാഗത്തിനുകീഴിൽ 86.2 കി.മീ. റോഡുകളും തകർന്നതായി കണക്കാക്കിയിട്ടുണ്ട്.

(ബി&സി) പൊതുമരാമത്ത് നിരത്ത് വിഭാഗത്തിനു കീഴിൽ കഴിഞ്ഞ വർഷമുണ്ടായ പ്രളയത്തിൽ തകർന്ന റോഡുകൾ അടിയന്തരമായി നന്നാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. പ്രളയത്തിൽ തകർന്ന റോഡുകളുടെ ദീർഘകാലാടിസ്ഥാനത്തിലുള്ള പുനർനിർമ്മാണത്തിന്റെ ഭാഗമായി റോഡുകളുടെ ഉപരിതലം പുതുക്കുന്ന പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. പ്രളയാനന്തര പുനർനിർമ്മാണത്തിന്റെ ഭാഗമായി ദീർഘകാലം ഈടുനിൽക്കുന്ന ഡിസൈൻ റോഡുകൾ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതാണ്. ലോകബാങ്ക്, കെ.എഫ്.ഡബ്ല്യു. (ജർമ്മൻ ബാങ്ക്), ഐ.ഡി.ബി. തുടങ്ങിയ വിദേശ ഏജൻസികളുടെ സഹായത്തോടെയാണ് ഈ പ്രവൃത്തികൾ നടപ്പിലാക്കുന്നത്. ഇവയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ദീർഘകാലം ഈടുനിൽക്കുന്ന ആധുനിക രീതിയിലുള്ള റോഡ് നിർമ്മാണ രീതികൾ അവലംബിച്ചുവരുന്നുണ്ട്. പ്രളയത്തിൽ തകർന്ന റോഡുകളുടെ ഉപരിതലം നവീകരിക്കുന്നതിനായി പ്ലാൻ ഫണ്ടിൽനിന്നും 2018-19 വർഷം 1697 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. കൂടാതെ നബാർഡിൽനിന്നും 625.83 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഈ പ്രവൃത്തികളെല്ലാംതന്നെ നടപ്പിലാക്കിവരുന്നു. ഈ വർഷം പ്ലാൻ ഫണ്ടിൽനിന്നും 587 കോടി രൂപയുടെ പ്രവൃത്തികളും നടപ്പിലാക്കിവരുന്നു. കൂടാതെ നോൺ പ്ലാൻ ഇനത്തിൽ 2018-19 വർഷം 882 കോടി രൂപയും 2019-20 വർഷം 737 കോടി രൂപയും പ്രളയത്തിൽ തകർന്ന റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിനായി അനുവദിച്ചു.

ദേശീയപാത വിഭാഗത്തിനു കീഴിൽ 2019 ആഗസ്റ്റ് മാസത്തിൽ ഉണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനുള്ള അറ്റകുറ്റപ്പണികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി 20.52 കോടി രൂപ ഓർഡിനറി റിപ്പയറിലും 21.4 കോടി രൂപ ഫ്ലഡ് ഡാമേജ് റിപ്പയറിലും കേന്ദ്രത്തിൽ നിന്നും അനുവദിച്ചിട്ടുണ്ട്. റോഡുകളുടെ ഉപരിതലം പുതുക്കലിനായി വിവിധ പദ്ധതികൾക്കായി കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സമ്മർദ്ദം ചെലുത്തിയതിന്റെ ഭാഗമായി 178 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരികയാണ്. ഇതുകൂടാതെ 535 കോടി രൂപയുടെ പട്ടികയുടെ അംഗീകാരം ആന്വൽ പ്ലാൻ 2019-20 സാമ്പത്തിക വർഷം കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽനിന്നും ലഭ്യമായിട്ടുണ്ട്. ഈ പദ്ധതികളുടെ എസ്റ്റിമേറ്റ് കേന്ദ്ര മന്ത്രാലയത്തിന്റെ ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ ചെയ്ത് പദ്ധതി നടപ്പിലാക്കുന്നതാണ്.

കെ.എസ്.ടി.പി.-യുടെ അധീനതയിലുള്ള തകർന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ നിലവിലുള്ള പദ്ധതിയിലുൾപ്പെടുത്തി ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്.

(ഡി) 2018-ൽ കേരളം നേരിട്ട പ്രളയക്കെടുതിയിൽനിന്നും സംസ്ഥാനത്തെ റോഡുകളുടെ പുനരുദ്ധാരണത്തിനായി നബാർഡ് സ്കീമിൽ നിന്നും 368.90 കോടി രൂപയുള്ള അധിക ധനസഹായമുൾപ്പെടെ ആകെ 484.16 കോടി രൂപയും 2019-20 ൽ 141.67 കോടി രൂപയും അനുവദിക്കുകയുണ്ടായി.

നിരത്ത് വിഭാഗത്തിനു കീഴിൽ പ്രളയത്തിൽ തകർന്ന റോഡുകളുടെ ഉപരിതലം നവീകരിക്കുന്നതിനായി നബാർഡിൽ നിന്നും ആകെ 625.83 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഈ പ്രവൃത്തികളെല്ലാംതന്നെ നടപ്പിലാക്കിവരുന്നു. 2019 ഡിസംബറിലെ കണക്കുകൾപ്രകാരം സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള സംസ്ഥാന പാതകളുടെയും പ്രധാന ജില്ലാ റോഡുകളുടെയും 97 ശതമാനവും ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്.

പാലം വിഭാഗത്തിനു കീഴിൽ 2018-19 സാമ്പത്തിക വർഷം, നബാർഡ് RIDF-XXIV-ൽ ഉൾപ്പെടുത്തി പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി G.O.(Rt)No.1777/2018/PWD dated 15-11-2018 പ്രകാരം 5 കോടി രൂപയും G.O.(Rt) No. 202/2019/PWD dated 11-2-2019 ഉത്തരവുപ്രകാരം 18.4923 കോടി രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്.

**സർക്കാർ ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കാൻ നടപടി**

16(*106) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. അബ്ദുൽ ഹമീദ് പി :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമവിരുദ്ധമായി കയ്യേറുകയും കൈവശം വയ്ക്കുകയും ചെയ്ത സർക്കാർ ഭൂമി ഒഴിപ്പിച്ചെടുക്കുന്നതിന് ഈ സർക്കാരിന് ഇതുവരെ കഴിഞ്ഞിട്ടില്ലെന്ന ആക്ഷേപം വസ്തുതാപരമാണോ;

(ബി) സർക്കാരിന്റെ ശേഷിക്കുന്ന കാലയളവിനുള്ളിൽ ഇത്തരം ഭൂമി വിവേചനം കൂടാതെ തിരിച്ചുപിടിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) അല്ല. സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി 1957-ലെ കേരള ഭൂസംരക്ഷണ നിയമവും 1958-ലെ അനുബന്ധ ചട്ടങ്ങളും പ്രകാരമുള്ള ഒഴിപ്പിക്കൽ നടപടികളും 2009-ലെ കേരള ഭൂസംരക്ഷണ നിയമ ഭേദഗതി പ്രകാരമുള്ള ശിക്ഷാ നടപടികളും സ്വീകരിച്ചു വരുന്നു. ഒഴിപ്പിക്കൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി 10-9-2018-ലെ സ.ഉ. (സാധാ)3778/18/റവന്യൂ നമ്പർ ഉത്തരവിൻപ്രകാരം ജില്ലാതലത്തിലും താലൂക്കുതലത്തിലും മോണിറ്ററിംഗ് സെല്ലുകൾ രൂപീകരിച്ചിട്ടുള്ളതും പ്രസ്തുത ടീം നേരിട്ട് സ്ഥലപരിശോധനയുൾപ്പെടെ നടത്തി അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാകുന്നു. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് താലൂക്ക് സർവ്വേയറുടെ സഹായത്തോടെ സർക്കാർ ഭൂമി അളന്നു തിട്ടപ്പെടുത്തി അതിർത്തിക്കല്ലുകൾ സ്ഥാപിച്ച് കയ്യേറ്റം തടയുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റങ്ങൾ വിവേചനം കൂടാതെതന്നെ പൂർണ്ണതോതിൽ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 260.4256 ഹെക്ടർ സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് തിരിച്ചുപിടിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

## പ്രളയാനന്തര പുനർനിർമ്മാണം

17(*107) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര പുനർനിർമ്മാണത്തിനായി ലോകബാങ്ക് സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടുണ്ടോ;

(ബി) ഇതിനകം ലഭിച്ച തുക ഏതൊക്കെ മേഖലകളുടെ പുനർനിർമ്മാണത്തിനാണ് വിനിയോഗിച്ചതെന്ന് വെളിപ്പെടുത്തുമോ;

(സി) പുനർനിർമ്മാണത്തിന്റെ രണ്ടാം ഗഡു വായ്പ ലോകബാങ്കിൽ നിന്നും എന്നത്തേക്ക് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്നറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) കേരള പുനർനിർമ്മാണ പദ്ധതികൾക്കായി ലോക ബാങ്കിൽ നിന്ന് 500 മില്യൺ ഡോളർ വികസന നയവായ്പ (DPL) സമാഹരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതിന്റെ ഭാഗമായി ലോകബാങ്കിൽനിന്ന് വികസനനയ വായ്പയുടെ ആദ്യ ഗഡുവായി 250 മില്ല്യൺ ഡോളർ (1779.58 കോടി രൂപ) നടപ്പു സാമ്പത്തിക വർഷം ലഭ്യമായിട്ടുണ്ട്. രണ്ടാമത്തെ ഗഡു ലഭ്യമാക്കാനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

(ബി) സംയോജിത ജലവിഭവ പരിപാലനവും ജലവിതരണവും, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല, ജീവനോപാധികൾ, ഭൂമി എന്നീ മേഖലകൾക്കും വിവിധ മേഖലകളിലായി വ്യാപിച്ചുകിടക്കുന്ന പരിസ്ഥിതിയും കാലാവസ്ഥാ വ്യതിയാനവും, ദുരന്ത സാധ്യതാ ലഘൂകരണം, ഓപ്പൺ ഡാറ്റ, പൊതുമേഖല ശക്തിപ്പെടുത്തൽ എന്നിവയ്ക്കും ഊന്നൽ നൽകിയുള്ള പുനർനിർമ്മാണ പദ്ധതികൾക്കാണ് വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നത്. വിവിധ വകുപ്പുകളിലായി 1865 കോടി രൂപയുടെ പദ്ധതികൾക്ക് ഇതിനകം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

(സി) പുനർനിർമ്മാണത്തിനായുള്ള ലോകബാങ്ക് വായ്പയുടെ രണ്ടാം ഗഡു സംബന്ധിച്ച മുന്നൊരുക്ക പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**മത്സ്യത്തൊഴിലാളികൾക്കുള്ള സുരക്ഷാ പദ്ധതികൾ**

18(*108) ശ്രീ. എം. വിൻസെന്റ് :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തം നടന്ന് രണ്ട് വർഷം കഴിഞ്ഞിട്ടും കടലിൽ പോകുന്നവരുടെ പേരുവിവരങ്ങൾ ശേഖരിക്കുവാൻ ഫെസിലിറ്റേഷൻ കേന്ദ്രങ്ങളിൽ കിയോസ്കുകൾ സ്ഥാപിക്കുവാനോ ബയോമെട്രിക് കാർഡ് ഉപയോഗിച്ച് പഞ്ച് ചെയ്യുന്ന രീതി നടപ്പിലാക്കുവാനോ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ;

(ബി) സാഗര ആപ്ലിക്കേഷൻ പ്രാവർത്തികമാക്കണമെങ്കിൽ ആൻഡ്രോയ്ഡ് സംവിധാനമുള്ള ഫോൺ വേണമെന്നതുൾപ്പെടെയുള്ള സാങ്കേതിക പ്രശ്നങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് ഉണ്ടാകുന്ന എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആശയവിനിമയങ്ങൾക്കായി ഉപയോഗിക്കുന്ന നാവിക് ഉപകരണം വിജയപ്രദമാണോ; ഇതിനകം എത്രപേർക്ക് ഇത് വിതരണം ചെയ്തു; മത്സ്യത്തൊഴിലാളികളിൽ നിന്നും ഇതിനായി എന്ത് തുക ഈടാക്കിയെന്ന് അറിയിക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>):

(എ) മത്സ്യബന്ധനത്തിനായി കടലിൽ പോകുകയും തിരികെ വരികയും ചെയ്യുന്ന മത്സ്യത്തൊഴിലാളികളുടെ വിവരം രേഖപ്പെടുത്തുന്നതിനായി 'സാഗര' എന്ന ഒരു മൊബൈൽ ആപ്ലിക്കേഷൻ ഫിഷറീസ് വകുപ്പ് NIC-യുടെ സഹായത്താൽ വികസിപ്പിച്ചെടുക്കുകയും പ്രധാനപ്പെട്ട 50 ഹാർബർ/ഫിഷ് ലാന്റിംഗ് സെന്ററുകളിൽ നടപ്പിലാക്കി വരികയുമാണ്. ഇതുവരെ 16834 യാനങ്ങൾ സാഗരയിൽ രജിസ്റ്റർ ചെയ്തു കഴിഞ്ഞു. പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ കടലിൽ പോകുകയും തിരികെ വരികയും ചെയ്യുന്ന മത്സ്യത്തൊഴിലാളികളെ ഫേഷ്യൽ റെക്കഗ്നിഷൻ വഴി തിരിച്ചറിയുന്നതിനുള്ള സംവിധാനം മുനമ്പം ഹാർബറിൽ പരീക്ഷണാർത്ഥം സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) സാഗര മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിക്കണമെങ്കിൽ ആൻഡ്രോയ്ഡ് മൊബൈൽ ഫോൺ ആവശ്യമാണ്. ഇതിനകം 16834 യാനങ്ങൾ സാഗരയിൽ രജിസ്റ്റർ ചെയ്ത് കഴിഞ്ഞിട്ടുള്ളതിനാൽ മത്സ്യത്തൊഴിലാളികളിൽ ഭൂരിഭാഗവും ആൻഡ്രോയ്ഡ് ഫോണുകൾ ഉപയോഗിക്കുന്നവരാണെന്ന് മനസ്സിലാക്കാവുന്നതാണ്.

(സി) നാവിക് ഉപകരണം വഴി മത്സ്യത്തൊഴിലാളികൾക്ക് കടലിൽ 1500 കിലോമീറ്റർ അകലെ വരെ സന്ദേശങ്ങൾ ലഭ്യമാക്കാൻ സാധിക്കുന്നുണ്ട്. എന്നാൽ മത്സ്യത്തൊഴിലാളികൾക്ക് തിരികെ സന്ദേശങ്ങൾ കൈമാറാൻ കഴിയുന്നവിധം നാവിക് ഉപകരണങ്ങൾ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ ISRO സ്വീകരിച്ചുവരികയാണ്. ആയത് ലഭ്യമാകുമ്പോൾ മത്സ്യത്തൊഴിലാളികൾക്ക് നാവിക് ഉപകരണങ്ങൾ കൂടുതൽ ഗുണകരമാകുമെന്ന് പ്രതീക്ഷിക്കുന്നു. 923 മത്സ്യത്തൊഴിലാളികൾക്ക് ഇതിനകം നാവിക് ഉപകരണം വിതരണം

ചെയ്തിട്ടുണ്ട്. ഓരോ മത്സ്യത്തൊഴിലാളിയിൽനിന്നും ഗുണഭോക്തൃ വിഹിതമായി 1500 രൂപ വീതം ഈടാക്കിയാണ് നാവിക് ഉപകരണം വിതരണം ചെയ്തിട്ടുള്ളത്.

## പ്രീപ്രൈമറി വിദ്യാഭ്യാസം

19(*109) ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. പി. ടി. എ. റഹീം :
ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രീപ്രൈമറി വിദ്യാഭ്യാസ മേഖലയിൽ അദ്ധ്യയന രീതിയിലും നടത്തിപ്പിലും കാതലായ മാറ്റങ്ങൾ അനിവാര്യമാണെന്നത് പരിശോധിച്ചിട്ടുണ്ടോ;

(ബി) സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് ഉൾപ്പെടെ എല്ലാ മേഖലകളിലുമുള്ള പ്രീപ്രൈമറി സ്കൂളുകൾക്കും രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ടോ;

(സി) പ്രീപ്രൈമറി അദ്ധ്യാപകർക്ക് ഏകീകൃത പരിശീലനം നൽകുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പ്രീപ്രൈമറി വിദ്യാഭ്യാസമേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ, അദ്ധ്യയന രീതി തുടങ്ങിയവ സംബന്ധിച്ച് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ;

(ഇ) പ്രീപ്രൈമറി വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ പരിശോധിക്കുന്നതിനും അവയ്ക്ക് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും സർക്കാർ ചുമതലപ്പെടുത്തിയ എസ്.സി.ഇ.ആർ.ടി. ഇതുസംബന്ധിച്ച റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ഉണ്ട്. കാതലായ മാറ്റങ്ങൾ വരുത്തുന്നതിന്റെ ഭാഗമായി 2014-ൽ ഏകീകൃത പ്രീ സ്കൂൾ പാഠ്യ പദ്ധതി, 2017-ൽ പ്രീ-സ്കൂൾ അദ്ധ്യാപക സഹായി (കളിപ്പാട്ടം), 2018-ൽ പ്രീ-സ്കൂൾ കുട്ടികൾക്കുള്ള പ്രവർത്തന പുസ്തകം, അദ്ധ്യാപകർക്കുള്ള വിനിമയ സഹായി (കളിത്തോണി) എന്നിവ വികസിപ്പിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ പ്രീ-സ്കൂൾ വിദ്യാഭ്യാസത്തിനായി തയ്യാറാക്കപ്പെട്ട പാഠ്യപദ്ധതി, അദ്ധ്യാപക സഹായി 'കളിപ്പാട്ടം' എന്നിവയുടെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലെയും തെരഞ്ഞെടുക്കപ്പെട്ട 60 സർക്കാർ, സർക്കാർ അംഗീകൃത പ്രീ-സ്കൂൾ ടീച്ചർമാർക്ക് ടൈ ഔട്ടായി 'പ്രശിക്ഷ' എന്ന പേരിൽ 2017-ൽ പരിശീലനം നൽകി. 2018-ൽ സർക്കാർ, സർക്കാർ അംഗീകൃത പ്രീ-സ്കൂളുകളിലെ 2400 അദ്ധ്യാപകർക്ക് പരിശീലനം നൽകി. 2019-ൽ സർക്കാർ, സർക്കാർ അംഗീകൃത പ്രീ-സ്കൂളുകളിലെ അദ്ധ്യാപകർക്കും പൈലറ്റ് പ്രോജക്ടായ ക്ലസ്റ്റർ സംവിധാനത്തിലെ അങ്കണവാടികളിലെ അദ്ധ്യാപകർക്കും പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന തലത്തിൽ രൂപീകരിക്കപ്പെട്ട റിസോഴ്സ് അംഗങ്ങൾക്കുള്ള പരിശീലനം നൽകി. തുടർന്ന് ജില്ലാതല പരിശീലനങ്ങളും അടിസ്ഥാന പരിശീലനങ്ങളും വകുപ്പുകളുടെ സഹകരണത്തോടെ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) പ്രീ-പ്രൈമറി വിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ, അദ്ധ്യയന രീതി എന്നിവ 2014-ൽ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയ പ്രീ-സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഇ) റിപ്പോർട്ട് തയ്യാറായിവരുന്നു.

**ഉജ്ജീവന സഹായ പദ്ധതി**

20(*110) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തിൽ ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ടവർക്കായി ഉജ്ജീവന സഹായ പദ്ധതി എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഉപജീവന മാർഗ്ഗം നഷ്ടപ്പെട്ട ഏതൊക്കെ വിഭാഗങ്ങളിൽപ്പെട്ടവർക്കാണ് പ്രസ്തുത പദ്ധതിയിലൂടെ സഹായം നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഉജ്ജീവന സഹായ പദ്ധതി പ്രകാരം എടുക്കുന്ന ലോണുകളുടെ മാർജിൻ മണി ബാങ്കുകൾക്ക് സർക്കാർ നൽകുന്നുണ്ടോ; വ്യക്തമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ&ബി) ഉണ്ട്. 17-12-2018-ലെ സ.ഉ.(കൈ) നമ്പർ 27/2018/ഡി.എം.ഡി. ഉത്തരവുപ്രകാരം 2018-ലെ പ്രളയത്തിൽ ഉൾപ്പെട്ടവർക്ക് ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി അവരുടെ ഉപജീവനമാർഗ്ഗങ്ങൾ പുനരാരംഭിക്കുന്നതിലേയ്ക്കായി സർക്കാർ ഉജ്ജീവന സഹായ പദ്ധതി പ്രഖ്യാപിച്ച് നടപ്പാക്കിവരികയാണ്.

പ്രളയത്തിൽ ഉൾപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിക്കുന്നതിന്റെ ഭാഗമായി വ്യവസായ വകുപ്പിന്റെ മൊബൈൽ ആപ്ലിക്കേഷൻ മുഖാന്തരം നടത്തിയ സർവ്വേയിലുൾപ്പെട്ട ക്ഷീര കർഷകർ, പൗൾട്രി കർഷകർ, അലങ്കാര പക്ഷി കർഷകർ, തേനീച്ച കർഷകർ, സൂക്ഷ്മ, ചെറുകിട, ഇടത്തര വാണിജ്യ, വ്യവസായ സ്ഥാപനങ്ങൾ, കടകൾ (Micro, small and Medium Enterprises and Shops and Establishments), കിസാൻ ക്രെഡിറ്റ് കാർഡുടമകൾ എന്നിവർ ഉജ്ജീവന വായ്പാ പദ്ധതിപ്രകാരം ഷെഡ്യൂൾഡ് ബാങ്കുകളിൽനിന്നും സഹകരണ ബാങ്കുകളിൽ നിന്നുമെടുക്കുന്ന വായ്പകൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും സഹായം നൽകുന്നതാണ്.

ചെറുകിട-ഇടത്തരം വ്യവസായ വാണിജ്യ സ്ഥാപനങ്ങൾ, കടകൾ എന്നിവർക്ക് അവരുടെ സ്ഥാപനത്തിന്റെ പുനരാരംഭത്തിനായും ഈ പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്.

(സി) ഉണ്ട്. Term loan & Working Capital loan 25% പരമാവധി 2 ലക്ഷം രൂപ മാർജിൻ മണിയായി സർക്കാർ, ബാങ്കുകൾക്ക് അനുവദിക്കുന്നതാണ്.

Working capital loan ആയി മാത്രമെടുക്കുന്നവർക്ക് അവരുടെ താത്പര്യമനുസരിച്ച് വായ്പ തുകയിൽ 10 ലക്ഷം രൂപവരെ മാത്രം മാർജിൻ മണിക്കുപകരം ഒരു വർഷത്തേയ്ക്ക് 9% നിരക്കിൽ താങ്ങുപലിശ സർക്കാർ ബാങ്കുകൾക്ക് നൽകുന്നതാണ്.

**സംസ്ഥാനത്തിന്റെ റെയിൽവേ വികസനം**

21(*111) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു നിക്ഷേപം കുറയ്ക്കുന്ന കേന്ദ്രസർക്കാർ നയത്തിന്റെ ഫലമായി റെയിൽ മന്ത്രാലയത്തിന്റെ നിർദ്ദേശാനുസരണം കേരള സർക്കാരും റെയിൽവേയും

ചേർന്ന് രൂപീകരിച്ച കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ നിർദ്ദേശിച്ച പ്രവൃത്തികളിൽ ഏതൊക്കെ കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുണ്ട്; അവയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) ആവശ്യത്തിന് ഫണ്ട് അനുവദിക്കാത്തതിനാൽ വിവിധ പാതകളുടെ നിർമ്മാണം, പാതയിരട്ടിപ്പിക്കൽ, ടെർമിനലുകളുടെ നിർമ്മാണം, സ്റ്റേഷൻ നവീകരണം തുടങ്ങിയ പ്രധാന പ്രവൃത്തികൾ ഇഴഞ്ഞുനീങ്ങുന്നത് പരിഹരിക്കാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ഗുരുവായൂർ-കുറ്റിപ്പുറം തീരദേശ റെയിൽപ്പാത, അങ്കമാലി-എരുമേലി ശബരി റെയിൽപ്പാത തുടങ്ങി ദീർഘകാലമായി റെയിൽവേ ഫണ്ട് ലഭ്യമാക്കാതെ മുടങ്ങിക്കിടക്കുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ഡി) വിവിധ വികസന പദ്ധതികൾ ഏറ്റെടുക്കുന്നതിനും സമയബന്ധിതമായ അവയുടെ നിർവ്വഹണത്തിനും പ്രത്യേക റെയിൽവേ സോൺ എന്ന സംസ്ഥാനത്തിന്റെ ദീർഘകാല ആവശ്യം വീണ്ടും കേന്ദ്രസർക്കാരിന്റെ മുമ്പാകെ ഉന്നയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) സംസ്ഥാനങ്ങളുടെ റെയിൽ ഗതാഗതം മെച്ചപ്പെടുത്തുന്നതിനായി ഒരു സംയുക്ത സംരംഭക കമ്പനി (JVC) ആരംഭിക്കുന്നതിനുള്ള നിർദ്ദേശം റെയിൽ മന്ത്രാലയം സംസ്ഥാനങ്ങൾക്ക് നൽകിയതിന്റെ അടിസ്ഥാനത്തിൽ കേരള സർക്കാരും റെയിൽവേ മന്ത്രാലയവും ചേർന്ന് 51:49 എന്ന മൂലധനത്തിൽ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്ന ഒരു സംയുക്ത സംരംഭക കമ്പനി ആരംഭിക്കുകയുണ്ടായി. പ്രസ്തുത കമ്പനി താഴെപ്പറയുന്ന പദ്ധതികൾ ഘട്ടംഘട്ടമായി നടപ്പിൽവരുത്താൻ ഊർജ്ജിത ശ്രമം നടത്തി വരുന്നു.

1. തിരുവനന്തപുരം-കാസർഗോഡ് വരെ സെമി ഹൈസ്പീഡ് റെയിൽ കോറിഡോർ
2. മാനന്തവാടി വഴിയുള്ള തലശ്ശേരി -മൈസൂർ റെയിൽവേ ലൈൻ
3. കൊച്ചിയിലെ പഴയ റെയിൽവേ സ്റ്റേഷൻ (ഇപ്പോൾ ഉപയോഗമില്ലാത്തത്) പുനർനിർമ്മാണം.
4. നിലമ്പൂർ -നഞ്ചൻഗുഡ് റെയിൽ ലൈൻ

ഇതിൽ തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള മൂന്നും നാലും പാതയ്ക്ക് റെയിൽവേ ബോർഡിന്റെ തത്വത്തിലുള്ള (In-principle) അംഗീകാരം

ലഭിച്ചിട്ടുണ്ട്. കൊച്ചിയിലെ പഴയ റെയിൽവേ സ്റ്റേഷൻ (ഇപ്പോൾ ഉപയോഗയോഗ്യമല്ലാത്തത്) പുനർനിർമ്മാണം സംബന്ധിച്ച റിപ്പോർട്ട് റെയിൽവേ ബോർഡിന്റെ പരിഗണനയിലാണ്. തലശ്ശേരി-മൈസൂർ റെയിൽപാത, നിലമ്പൂർ-നഞ്ചൻഗുഡ് റെയിൽപാത പദ്ധതികളെ സംബന്ധിച്ച് വിശദമായ പദ്ധതി റിപ്പോർട്ട് റെയിൽവേ മന്ത്രാലയത്തിന് സമർപ്പിക്കുന്നതിനാവശ്യമായ പഠനം പുരോഗമനഘട്ടത്തിലാണ്.

(ബി) അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതമൂലവും ആവശ്യമായ നിക്ഷേപങ്ങൾ ലഭ്യമാകാത്തതുമൂലവും കേരളത്തിലെ റെയിൽവേ വികസനത്തിന് വിഘാതം സൃഷ്ടിക്കുന്നു. ഇന്ത്യൻ റെയിൽവേ ദീർഘകാലമായി കേരളത്തോട് കാട്ടുന്ന അവഗണന അവസാനിപ്പിക്കണമെന്ന് കേന്ദ്രത്തോട് നിരന്തരം ആവശ്യപ്പെട്ടിട്ടുണ്ട്. വിവിധ പാതകളുടെ നിർമ്മാണം, പാതയിരട്ടിപ്പിക്കൽ, ടെർമിനലുകളുടെ നിർമ്മാണം, സ്റ്റേഷൻ നവീകരണം എന്നിവയ്ക്കാവശ്യമായ തുക 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കണമെന്ന് 30-12-2019-ലെയും അധിക ട്രെയിൻ സർവ്വീസ് അനുവദിക്കണമെന്ന് 16-1-2020-ലെയും കത്തുകൾ മുഖേന കേന്ദ്ര റെയിൽവേ മന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) <u>അങ്കമാലി - ശബരി റെയിൽപാത</u> - അങ്കമാലി-ശബരി റെയിൽ പദ്ധതി 1997-98 റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ചു. 517 കോടി രൂപ ചെലവ് പ്രതീക്ഷിച്ച പ്രസ്തുത പദ്ധതിയുടെ പുതുക്കിയ ചെലവ് 2815 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകളിൽ നിന്നായി 416 ഹെക്ടർ ഭൂമിയാണ് ആവശ്യമായിട്ടുള്ളത്. ഇതിനായി റവന്യൂ വകുപ്പ് രണ്ട് സ്പെഷ്യൽ തഹസിൽദാർമാരുൾപ്പെട്ട രണ്ട് ഭൂമി ഏറ്റെടുക്കൽ യൂണിറ്റുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

പ്രധാനമന്ത്രിയുടെ "പ്രഗതി" സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ള ഈ പദ്ധതിക്കാവശ്യമായ ഭൂമിയുടെ വിലയിൽ ഉണ്ടായ ഭീമമായ വർദ്ധനവ് കണക്കിലെടുത്ത് ഭൂമി സൗജന്യമായി വിട്ടുതരുന്നതിനുള്ള സന്നദ്ധതയും നിർമ്മാണ ചെലവിന്റെ 50% ഏറ്റെടുക്കുന്നതിനുള്ള സമ്മതവും സംസ്ഥാന സർക്കാർ അറിയിക്കുന്നമുറയ്ക്ക് ഈ പദ്ധതി ഏറ്റെടുക്കുന്നതാണെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്. ഈ പദ്ധതി ആവിഷ്കരിച്ച വേളയിലോ പ്രഖ്യാപന സമയത്തോ പദ്ധതി വിഹിതത്തിന്റെ 50% സംസ്ഥാന സർക്കാർ വഹിക്കണമെന്നോ ആവശ്യമായ ഭൂമി സൗജന്യമായി ലഭ്യമാക്കണമെന്നോ ഉള്ള നിർദ്ദേശങ്ങളില്ലായിരുന്നു.

പാതയുടെ പരിപാലനത്തിനും നടത്തിപ്പിനുമാവശ്യമായ തുകയിൽനിന്നും അധികരിച്ച് ലഭിക്കുന്ന വരുമാനം സംസ്ഥാനവും റെയിൽവേ മന്ത്രാലയവും ആനുപാതികമായി പങ്കിടുന്നതാണെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്.

ഈ പദ്ധതിക്കായി കാലടി വരെയുള്ള 24.4 ഹെക്ടർ ഭൂമി ഏറ്റെടുത്ത് റെയിൽവേയ്ക്ക് കൈമാറിയിട്ടുണ്ട്. അങ്കമാലി-ശബരി സെക്ടറിലെ കാലടി റെയിൽവേ സ്റ്റേഷന്റെയും പ്ലാറ്റ്ഫോമിന്റെയും നിർമ്മാണ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. എറണാകുളം ജില്ലയിൽ പെരുമ്പാവൂർ, കുവപ്പടി, വെങ്ങൂർ വെസ്റ്റ്, അശമന്നൂർ, രായമംഗലം, ചേലാമറ്റം എന്നീ വില്ലേജുകളിലെ 40.40.08 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള SIA പഠനം പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ഈ സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്കായി ഫണ്ടിന്റെ ലഭ്യത സംബന്ധിച്ച വിവരം ആവശ്യപ്പെട്ടിരുന്നെങ്കിലും ദക്ഷിണ റെയിൽവേ ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (കൺസ്ട്രക്ഷൻ) എറണാകുളം ആയത് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. എരമല്ലൂർ, മുളവൂർ, വെല്ലൂർകുന്നം, മൂവാറ്റുപുഴ, കോതമംഗലം, മാഞ്ഞല്ലൂർ എന്നീ വില്ലേജുകളിലെ 87.23.40 ഹെക്ടർ ഭൂമിയുടെ SIA പഠനം നടത്തുന്നതിലേയ്ക്കായി ഏറ്റെടുക്കേണ്ടുന്ന ഭൂമിയുടെ അതിരുകല്ല് സ്ഥാപിക്കേണ്ടതായിട്ടുണ്ട്. എന്നാൽ അർത്ഥനാധികാരിയായ ദക്ഷിണ റെയിൽവേ ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (കൺസ്ട്രക്ഷൻ), എറണാകുളം ആയത് നാളിതുവരെ സ്ഥാപിച്ചിട്ടില്ല.

കോട്ടയം ജില്ലയിൽ അങ്കമാലി-ശബരി റെയിൽ പാതയ്ക്കായി ഭൂമിയൊന്നും ഏറ്റെടുത്തിട്ടില്ലാത്തതാണ്. മീനച്ചിൽ-കാഞ്ഞിരപ്പള്ളി താലൂക്കുകളിലായി 13 വില്ലേജുകളിലൂടെ ലൈൻ കടന്നു പോകുന്നു. ഇതിൽ രാമപുരം-എരുമേലി ഭാഗത്തെ അലൈൻമെന്റുമായി ബന്ധപ്പെട്ട തർക്കം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മറ്റ് വില്ലേജുകളിൽ ഫൈനൽ ലൊക്കേഷൻ സർവ്വേ നടപടികൾ റെയിൽവേ അധികൃതർ സ്വീകരിച്ചുവരുന്നു.

<u>തിരുനാവായ -ഗുരുവായൂർപാത -</u> 1995-96 റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ചു. 30.8 കി.മീ. ദൈർഘ്യമുള്ള ഗുരുവായൂർ-തിരുനാവായ പാതയുടെ 17.4 കി.മീ. തൃശ്ശൂർ ജില്ലയിലൂടെയും 21.8 കി.മീ. മലപ്പുറം ജില്ലയിലൂടെയും കടന്നുപോകുന്നു. ഇതിൽ തൃശ്ശൂർ ജില്ലയിലെ 9 കി.മീ. ദൂരം ലൊക്കേഷൻ സർവ്വേ പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ ജില്ലയിൽ എടുക്കേണ്ട 18.6108 ഹെക്ടർ ഭൂമിയിൽ 0.02 ഹെക്ടർ ഭൂമി മാത്രമാണ് റെയിൽവേയ്ക്ക് കൈമാറിയിട്ടുള്ളത്. ജനങ്ങളുടെ എതിർപ്പ് കാരണം ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകാൻ

സാധിച്ചിട്ടില്ല. സർവ്വേ നടപടികൾക്കാവശ്യമായ പോലീസ് സംരക്ഷണം ലഭ്യമാക്കാൻ ബന്ധപ്പെട്ട അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ജനങ്ങളിൽനിന്നും ശക്തമായ എതിർപ്പ് ഉയരുന്നുണ്ട്.

സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് പദ്ധതികൾക്കാവശ്യമായ മുഴുവൻ തുകയും ടി പദ്ധതികൾ ഉൾപ്പെട്ടിട്ടുള്ള റെയിൽവേ ബഡ്ജറ്റിൽ വിഭാവനം ചെയ്തതു പോലെ റെയിൽവേതന്നെ വഹിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും റെയിൽവേയുടെ ചുമതലയുള്ള മന്ത്രിയും കേന്ദ്ര റെയിൽവേ മന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഡി) ചെന്നൈ ആസ്ഥാനമായി മാത്രം സോണൽ ഓഫീസ് ഉള്ളതിനാൽ കേരളത്തിന്റെ പ്രധാന റെയിൽവേ പദ്ധതികൾ ദീർഘകാലമായി നീണ്ടുപോകുന്ന സാഹചര്യത്തിൽ കേരളത്തിന് മാത്രമായൊരു റെയിൽവേ സോൺ ആവശ്യപ്പെട്ടിട്ടുണ്ട്. യഥാകാലം പദ്ധതികൾ നടപ്പിലാക്കുന്നതിനായി സതേൺ റെയിൽവേയുടെ തിരുവനന്തപുരം-പാലക്കാട് ഡിവിഷനുകളെ ചേർത്ത് എറണാകുളം ആസ്ഥാനമായി ഒരു പെനിൻസുലാർ സോൺ രൂപീകരിക്കുന്ന വിഷയവും കേന്ദ്ര സർക്കാരിന് മുമ്പാകെ ഉന്നയിച്ചിട്ടുണ്ട്. പെനിൻസുലാർ സോണിൽ കന്യാകുമാരി മുതൽ മംഗലാപുരം വരെയുള്ള റെയിൽവേയുടെ ഭാഗങ്ങൾ ഉൾപ്പെടുത്താവുന്നതാണെന്നും ഈ സോണിന്റെ ആസ്ഥാനത്തിനായി എറണാകുളത്തെ ഹൈക്കോർട്ടിന് സമീപമുള്ള റെയിൽവേ വക 42 ഏക്കർ ഭൂമി വിനിയോഗിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഒരു പ്രത്യേക സോൺ രൂപവൽകരിക്കാനുള്ള സ്ഥിതിവിശേഷം ഇപ്പോഴില്ലെന്ന തീരുമാനമാണ് കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുള്ളത്. അനുകൂല നിലപാട് കൈക്കൊള്ളണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര റെയിൽവേ മന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. അനുകൂല തീരുമാനം പ്രതീക്ഷിക്കുന്നു.

**ദേശീയപാത വികസനം**

22(*112) ഡോ. എൻ. ജയരാജ് :

ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് മലബാർ മേഖലാ ഓഫീസുകളിൽ നിന്ന് നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള അപേക്ഷകൾ മടക്കി നൽകുന്നതായ വാർത്തകളുടെ നിജസ്ഥിതിയെന്താണെന്ന് അറിയിക്കുമോ;

(ബി) നഷ്ടപരിഹാര അപേക്ഷകൾ അധികൃതർ മടക്കുന്നത് ടെൻഡർ നടപടികളുടെ സുഗമമായ പ്രവർത്തനത്തിന് തടസ്സമാകുമോയെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പും സംസ്ഥാന പൊതുമരാമത്ത് വകുപ്പും കിഫ്ബിയും തമ്മിലുണ്ടാക്കിയ ത്രികക്ഷി കരാറിലെ വ്യവസ്ഥകളുടെ നടത്തിപ്പിൽ ഏതെങ്കിലും ഘട്ടത്തിൽ കേന്ദ്രസർക്കാർ വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമം/ 1956-ലെ ദേശീയപാത നിയമം എന്നിവ പ്രകാരം തയ്യാറാക്കിയ പ്രൊപ്പോസലുകളിന്മേൽ 1037.28 കോടി രൂപ ഇതുവരെ ദേശീയപാത അതോറിറ്റി അനുവദിച്ചിട്ടുണ്ട്. നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട ഫണ്ട് റിക്വസ്റ്റുകൾ NHAI മുമ്പാകെ സമർപ്പിച്ചതിൽ കാർഷികവിളകളുടെ വില നിർണ്ണയം സംബന്ധിച്ചും സബ്ഡിവിഷൻ റെക്കോർഡുകൾ സംബന്ധിച്ചും ആവശ്യപ്പെട്ട വിശദീകരണങ്ങൾ ബന്ധപ്പെട്ട CALA യൂണിറ്റുകളിൽനിന്ന് യഥാസമയം നൽകിയിട്ടുണ്ട്. മറിച്ചുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇല്ല.

**മത്സ്യത്തൊഴിലാളികൾക്കുള്ള ക്ഷേമപ്രവർത്തനങ്ങൾ**

23(*113) ശ്രീ. ബി. സത്യൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ താല്പര്യ സംരക്ഷണാർത്ഥം കടൽ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിന് ചെയ്തുവരുന്ന കാര്യങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ;

(ബി) ചെറു മത്സ്യങ്ങളെ വ്യാപകമായി പിടിക്കുന്നത് കർശനമായി തടയാനും തീരക്കടലിൽ കൃത്രിമ പാര് സ്ഥാപിച്ച് മത്സ്യ ലഭ്യത വർദ്ധിപ്പിക്കാനും പരിപാടിയുണ്ടോ;

(സി) പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനായി ഫിഷറീസ് വകുപ്പ് നേരിട്ടും മത്സ്യഫെഡ്, സാഫ് എന്നിവ മുഖേനയും നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ഡി) ഏറ്റവും മികച്ച തീരദേശ മത്സ്യ സഹകരണ സംഘത്തിനുള്ള ദേശീയ അവാർഡ് ലഭിച്ച മത്സ്യഫെഡ് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ഇ) മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് പലിശരഹിത വായ്പ നൽകാൻ തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി. ജെ. മേഴ്സിക്കുട്ടി അമ്മ):

(എ&ബി) മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനായി നിരവധി നടപടികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി KMFR ആക്ടിൽ ഭേദഗതി വരുത്തുകയും പുതിയ KMFR ചട്ടങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്തുവരുന്നു. ട്രോൾ നെറ്റുകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് നിർബന്ധമാക്കി. പ്രധാനപ്പെട്ട എല്ലാ വലകളുടെയും വലിപ്പം നിയന്ത്രിക്കുകയും കുറഞ്ഞ കണ്ണി വലിപ്പം നിശ്ചയിക്കുകയും ചെയ്തു. തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 20 മീറ്ററിന് മുകളിൽ നീളവും 250 HP-ക്ക് മുകളിൽ ഇന്ധനക്ഷമതയുള്ളതുമായ യാനങ്ങൾക്ക് തീരക്കടലിൽ (12 നോട്ടിക്കൽ മൈൽ വരെ) ലൈസൻസ് നിരോധിച്ചു. കേരളതീരത്ത് സുലഭമായ 58 ഇനം മത്സ്യയിനങ്ങൾക്ക് പിടിച്ചെടുക്കാവുന്ന കുറഞ്ഞ വലിപ്പം നിശ്ചയിച്ച് വിജ്ഞാപനമിറക്കുകയും നടപ്പിലാക്കുകയും ചെയ്തു. KMFR നിയമം ലംഘിക്കുന്ന യാനങ്ങൾക്ക് വർദ്ധിച്ച പിഴ ഏർപ്പെടുത്തി. ട്രോൾബാൻ കാലാവധി 2018 വർഷം മുതൽ 47-ൽനിന്നും 52 ദിവസമായി വർദ്ധിപ്പിച്ചിട്ടുണ്ട്. നവീകരണ മത്സ്യബന്ധന രീതികളായ പഴ്സീൻ, പെലാജിക് ട്രോൾ, മിഡ് വാട്ടർ ട്രോൾ, ബുൾ ട്രോൾ (പെയർ ട്രോൾ) എന്നിവയും ഡൈനാമൈറ്റ് പോലുള്ള സ്ഫോടകവസ്തുക്കൾ, വിഷവും മറ്റ് രാസവസ്തുക്കളും കലർത്തിയുള്ള മത്സ്യബന്ധനം, 12 വാട്സിൽ കൂടുതലുള്ള പ്രകാശമുപയോഗിച്ചുള്ള മത്സ്യബന്ധനം, തെങ്ങിന്റെ ക്ലാഞ്ഞിൽ വൃക്ഷ ശിഖരങ്ങൾ കൂട്ടിക്കെട്ടിയും പ്ലാസ്റ്റിക് കുപ്പികൾ കൂട്ടിക്കെട്ടിയും ഉപയോഗശൂന്യങ്ങളായ വലകൾ കൂട്ടിക്കെട്ടിയുമൊക്കെയുള്ള മത്സ്യബന്ധനം എന്നിവ പൂർണ്ണമായി നിരോധിച്ചിട്ടുണ്ട്. 2015-ൽ ഉണ്ടായിരുന്ന 4.82 ലക്ഷം മെട്രിക് ടൺ സമുദ്ര മത്സ്യോത്പാദനം 2018-ൽ എത്തുമ്പോൾ 6.42 ലക്ഷം മെട്രിക് ടണ്ണായി അനുക്രമമായി വർദ്ധിച്ചിട്ടുണ്ടെന്നാണ് CMFRI പുറത്തുവിട്ട കണക്കുകൾ തെളിയിക്കുന്നത്.

മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനായി തീരക്കടലിൽ കൃത്രിമപാരുകൾ സ്ഥാപിച്ച് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിൽ കൊച്ചുതുറ, പുതുക്കുറിച്ചി എന്നീ സ്ഥലങ്ങളിൽ 2017-18

പദ്ധതിയിലുൾപ്പെടുത്തി കൃത്രിമ പാരുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ആയതിന് 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം തിരുവനന്തപുരം ജില്ലയിൽ പൂന്തുറ, ബീമാപള്ളി, വലിയതുറ എന്നീ മത്സ്യഗ്രാമങ്ങളിൽ കൃത്രിമപ്പാര് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചുവരുന്നു. ടി പദ്ധതി നടപ്പിലാക്കുന്നതിന് 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ വിഴിഞ്ഞം പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി കൊല്ലംകോട്, പരുത്തിയൂർ, പൂവ്വാർ, വലിയതുറ, കൊച്ചുതുറ, പുതിയതുറ, പള്ളം, അടിമലത്തുറ എന്നീ മത്സ്യഗ്രാമങ്ങളിൽ കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്നതിന് തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപടി സ്വീകരിച്ചിട്ടുണ്ട്. സമുദ്ര മത്സ്യസമ്പത്തിന്റെ ഫലപ്രദമായ നടത്തിപ്പിനും നിരീക്ഷണത്തിനും മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനുമായി KMFR 2018 ഭേദഗതിയിലൂടെ ത്രിതല മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. ഇപ്രകാരം സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ രൂപീകരിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ജില്ലാതല, വില്ലേജുതല ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു.

(സി&ഡി) മത്സ്യത്തൊഴിലാളി വനിതകളുടെ ഉന്നമനത്തിനായി സാഫ് മുഖേന താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. തീരമൈത്രി പദ്ധതിയിലൂടെ ചെറുകിട തൊഴിൽ സംരംഭങ്ങൾ (Development of Micro Enterprises Units) ആരംഭിക്കുന്നതിനുള്ള മുടക്കുമുതലിന്റെ 80% ഗ്രാന്റായി നൽകിക്കൊണ്ട് മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വനിതകൾക്ക് സംരംഭം ആരംഭിക്കുന്നതിനുള്ള എല്ലാ സഹായവും നൽകുന്നു. കൂടാതെ തീരമൈത്രി സംരംഭ യൂണിറ്റുകൾക്ക് പ്രവർത്തനം വിപുലീകരിക്കുന്നതിന് ചാക്രികമൂലധനം (Working Capital Revolving Fund) ബാങ്കുകൾ വഴി ഗ്രൂപ്പുകൾ കണ്ടെത്തുന്ന ലോണിന്റെ പലിശ സാഫിൽ നിന്നും ബാങ്കിലേയ്ക്കും നൽകിവരുന്നു. തീരമൈത്രി യൂണിറ്റുകൾക്ക് അവരുടെ സാങ്കേതികവിദ്യാ നവീകരണത്തിനും പുതിയ യന്ത്രങ്ങൾ വാങ്ങുന്നതിനുമായി സാഫ് സഹായം നൽകുന്നു. തീരമൈത്രി യൂണിറ്റുകൾക്ക് ലഘുസംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായും നിലവിലെ ഗ്രൂപ്പുകൾക്ക് വിവിധതരം സാങ്കേതിക പരിശീലനങ്ങൾ നൽകുന്നതിനുമായും കപ്പാസിറ്റി ബിൽഡിംഗ് ട്രെയിനിംഗ് നൽകുന്നു. കൂടാതെ തീരമൈത്രി യൂണിറ്റുകൾ

ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുവേണ്ട മേളകളിലും എക്സിബിഷനുകളിലും യൂണിറ്റുകളെ പങ്കെടുപ്പിക്കുകയും സാഫ് വഴി മേളകൾ നടത്തുകയും ചെയ്യുന്നു. മറ്റ് സ്ഥാപനങ്ങൾ നടത്തുന്ന മേളകളിലും എക്സിബിഷനുകളിലും സാഫ് ഗ്രൂപ്പുകളുടെ സജീവ സാന്നിദ്ധ്യം ഉറപ്പുവരുത്തുന്നു. മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് മികച്ച ചികിത്സ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പേരെടുത്ത ആശുപത്രികളിലെ വിദഗ്ധരായ ഡോക്ടർമാരുടെയും നഴ്സുമാരുടെയും സേവനം പ്രയോജനപ്പെടുത്തി മത്സ്യത്തൊഴിലാളി വനിതകൾക്ക് സൗജന്യമായി ചികിത്സ ലഭ്യമാക്കുന്നു. ഇതുവഴി സൗജന്യ ചികിത്സയും മരുന്നു വിതരണവും നടത്തുന്നു. മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ പ്ലസ് ടു പാസ്സായ 20-നും 35-നും ഇടയിൽ പ്രായമുള്ള യുവതികൾക്കായി തീരനൈപുണ്യ സ്കിൽ ഡെവലപ്മെന്റ് പദ്ധതി നടപ്പിലാക്കിവരുന്നു. ഈ സാമ്പത്തിക വർഷത്തിൽ തീരമൈത്രി പദ്ധതിക്കായി 715 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 2018-19 സാമ്പത്തിക വർഷത്തിൽ 3-R Package For Ensuring Sustainable Livelihoods of Fisher women In Kerala (Rebuilding, Revival, Reforms) എന്ന പദ്ധതിപ്രകാരം കൊല്ലം, ആലപ്പുഴ ജില്ലകളിലായി 200 ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ രൂപീകരിച്ചു. ഇതുവഴി മത്സ്യത്തൊഴിലാളി വനിതകളെ കൊള്ളപ്പലിശക്കാരുടെ ചൂഷണത്തിൽനിന്ന് ഒഴിവാക്കുന്നതിനായി ഉദ്ദേശം 1000 മത്സ്യത്തൊഴിലാളി വനിതകളുടെ 200 JLG's ആണ് രൂപീകരിച്ചിരിക്കുന്നത്. അഷ്ടമുടി Phase II പദ്ധതിപ്രകാരം 48 മത്സ്യത്തൊഴിലാളി വനിതകളെ ഉൾക്കൊള്ളിച്ചുകൊണ്ട് 12 തയ്യൽ യൂണിറ്റുകൾ 'Consortium' മാതൃകയിൽ കൊല്ലത്ത് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. 2018-19 വർഷത്തിൽ അഷ്ടമുടി Phase II പദ്ധതിക്കായി 120 ലക്ഷം രൂപയും 3R pilot 178 ലക്ഷം രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്. മൂല്യവർദ്ധിത ഉൽപ്പന്ന സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി CIFT-മായി ചേർന്ന് 20 Hygienic Refrigerated Mobile Fish Vending Kiosk മത്സ്യത്തൊഴിലാളി വനിതകൾക്ക് നൽകുന്ന പദ്ധതി നിലവിൽ നടപ്പിലാക്കി. ടി പദ്ധതിക്കായി 16 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

<u>മത്സ്യഫെഡ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ-</u> പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനായി മത്സ്യഫെഡിലെ പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് എൻ.സി.ഡി.സി./എൻ.ബി.സി.എഫ്.ഡി.സി./എൻ.എം.ഡി.എഫ്.സി. എന്നീ

ധനകാര്യ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായത്തോടുകൂടിയുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. എൻ.സി.ഡി.സി. ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി (ഐ.എഫ്.ഡി.പി), എൻ.ബി.സി.എഫ്.ഡി.സി/ എൻ.എം.ഡി.എഫ്.സി. എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടിയുള്ള പദ്ധതികൾ, വായ്പാ ദുരിതാശ്വാസ പദ്ധതി (LDRS), മത്സ്യത്തൊഴിലാളികൾക്ക് ഉൽപ്പാദന ബോണസ് (Production Bonus), വലകൾക്കുള്ള സബ്സിഡി പദ്ധതി, മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി, നാടൻ വള്ളങ്ങളുടെ നവീകരണം, വിജ്ഞാനവ്യാപന വിഭാഗം (Extension and Mass Communication) എന്നീ പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

(ഇ) ഉണ്ട്. മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് എൻ.സി.ഡി.സി. ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതി (ഐ.എഫ്.ഡി.പി.) വഴി മത്സ്യബന്ധന ഉപകരണങ്ങൾക്കുള്ള വായ്പ 2018-19 സാമ്പത്തിക വർഷം മുതൽ പലിശരഹിത വായ്പയായി വിതരണം ചെയ്തുവരുന്നു.

**വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുള്ള പദ്ധതികൾ**

24(*114) <u>ശ്രീ. കെ. ദാസൻ</u> :
<u>ശ്രീ. ജെയിംസ് മാത്യു</u> :
<u>ശ്രീ. യു. ആർ. പ്രദീപ്</u> :
<u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്താകെയുള്ള സർക്കാർ, എയിഡഡ് വിദ്യാലയങ്ങളിൽ ഇരുപത്തിയേഴ് ശതമാനത്തോളം മാനദണ്ഡപ്രകാരം മതിയായ എണ്ണം കുട്ടികളില്ലാത്തവയാണെന്നതിന്റെ പശ്ചാത്തലത്തിൽ ആയതിന്റെ കാരണം വിശകലനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സർക്കാർ വിദ്യാലയങ്ങളിൽ വിദ്യാർത്ഥികൾ വർദ്ധിച്ച സാഹചര്യത്തിലും ഈ സ്കൂളുകളിലേക്ക് മതിയായ എണ്ണം കുട്ടികളെ ആകർഷിക്കാൻ കഴിയാതെ പോയതിനാൽ ഇവയുടെ അക്കാദമിക പരിസരം മികവുറ്റതാക്കുന്നതിന് പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) മാസ്റ്റർ പ്ലാനിന്റെയടിസ്ഥാനത്തിൽ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുള്ള നാല് സ്കീമുകൾ പ്രകാരം സ്കൂളുകൾ നവീകരിക്കുന്നതിന് നടത്തുന്ന പ്രവർത്തനത്തിന്റെ പുരോഗതി എന്തെല്ലാം; വ്യക്തമാക്കുമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) മതിയായ എണ്ണം കുട്ടികൾ ഇല്ലാത്തതിന് ഓരോ സ്കൂളിനും ഒരേ കാരണമാകില്ലെന്നാണ് പൊതു അനുമാനം. ഓരോ സ്ഥാപനത്തിലേയും വസ്തുനിഷ്ഠ സാഹചര്യങ്ങൾ വിലയിരുത്തുന്നതിനായി ഒരു പ്രാഥമികശ്രമം നടത്തിയിരുന്നു. ഈ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ വിശദമായ അവസ്ഥാപഠനം ഓരോ സ്ഥാപനവും അടിസ്ഥാനപ്പെടുത്തി നടത്തുന്നതിനും പരിഹാര പ്രവർത്തനങ്ങൾ അതത് സ്ഥാപനതലത്തിൽ നിർവ്വഹിക്കുന്നതിനുംവേണ്ടി 23-1-2020-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു കഴിഞ്ഞു.

2019-20 അദ്ധ്യയന വർഷത്തിൽ നിലനിൽക്കാൻ വേണ്ടത്ര കുട്ടികൾ ഇല്ലാത്ത വിദ്യാലയങ്ങളായി കണക്കാക്കിയിട്ടുള്ള 1483 സർക്കാർ വിദ്യാലയങ്ങളും 1669 എയ്ഡഡ് വിദ്യാലയങ്ങളുമുൾപ്പെടെ 3152 വിദ്യാലയങ്ങളിലേയും കുട്ടികളുടെ കുറവിനുള്ള ഒരു പ്രധാന കാരണമായി കണക്കാക്കുന്നത് ജനസംഖ്യാ ഘടനയിൽ ശിശുജനന നിരക്കിലുണ്ടായ വലിയ കുറവാണ്. കൂടാതെ സർക്കാർ/സർക്കാർ എയ്ഡഡ് സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ കുറവും അക്കാദമിക നിലവാരം സംബന്ധിച്ച താരതമ്യവും ഇംഗ്ലീഷ് മീഡിയം സ്കൂളുകളോടുള്ള രക്ഷിതാക്കളുടെ താൽപ്പര്യവും സർക്കാർ/സർക്കാർ എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണത്തിലെ കുറവിന് കാരണമായിട്ടുള്ളതായി കണക്കാക്കുന്നു.

(ബി) പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. കുട്ടികളുടെ എണ്ണം കുറവുള്ള സ്കൂളുകളിൽ പ്രത്യേക ശ്രദ്ധ നൽകി വിവിധ അക്കാദമിക ഇടപെടലിലൂടെ കൂടുതൽ കുട്ടികളെ എൻറോൾ ചെയ്യുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കഴിഞ്ഞ അക്കാദമിക വർഷം നടത്തിയ പ്രവർത്തനങ്ങൾ അനുകൂലമായ ഫലമാണ് ഉളവാക്കിയിട്ടുള്ളത്. ഇത്തരം സ്കൂളുകൾക്കായി പ്രത്യേക പ്രവർത്തന പദ്ധതി നിർവ്വഹണത്തിനായി വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് 23-1-2020-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചുകഴിഞ്ഞു.

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ മേഖലയിൽ മികച്ച അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി ഒരു നിയോജകമണ്ഡലത്തിലെ ഒരു സ്കൂൾ വീതം തെരഞ്ഞെടുത്ത് മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയിലുൾപ്പെടുത്തി 5 കോടി രൂപ കിഫ്ബി ധനസഹായത്തോടെ 141 സ്കൂളുകളിൽ നിർമ്മാണം ആരംഭിക്കുകയും 21 സ്കൂളുകളിൽ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു. 10 സ്കൂളുകളുടെ

നിർമ്മാണപ്രവൃത്തി പൂർത്തിയാക്കി ഫെബ്രുവരി മാസം പൂർത്തിയാക്കാൻ കഴിയുമെന്ന് കരുതുന്നു. 52 സ്കൂളുകളിൽ 60 ശതമാനത്തിലധികം പണികൾ കഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ള സ്കൂളുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

2017-18 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 3 കോടി കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് ഭരണാനുമതി നൽകിയ 213 സ്കൂളുകളിൽ 70 സ്കൂളുകളുടെ നിർമ്മാണം ആരംഭിക്കുകയും അതിൽ 11 സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. 115 സ്കൂളുകൾക്ക് കിഫ്ബിയുടെ അനുമതി ലഭ്യമാകുകയും 28 സ്കൂളുകളുടെ ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു. 67 സ്കൂളുകളുടെ നിർമ്മാണ ചുമതല എസ്.പി.വി. ആയ ഇൻകലിന് നൽകിയിട്ടുള്ളതിൽ, കിഫ്ബി അംഗീകാരം ലഭ്യമായ 39 സ്കൂളുകളിൽ 37 സ്കൂളുകളുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 50 സ്കൂളുകളുടെ നിർമ്മാണപ്രവർത്തനങ്ങളുടെ എസ്.പി.വി. ആയി വാപ്കോസിനെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. ഇതിൽ 36 എണ്ണത്തിന്റെ ടെണ്ടർ നടപടികൾ സ്വീകരിച്ചു. 14 എണ്ണം റീടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2018-19 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 1000 കുട്ടികളിൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന 166 സ്കൂളുകൾക്ക് 3 കോടി കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ ചുമതല എസ്.പി.വി. ആയ ഇൻകലിനെ ഏൽപ്പിച്ചിട്ടുണ്ട്. 500-നും 1000-നും ഇടയിൽ കുട്ടികൾ പഠിക്കുന്ന 446 സ്കൂളുകൾക്ക് 1 കോടി കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സ്കൂളുകളുടെ നിർമ്മാണം നടത്തുന്നതിന് എസ്.പി.വി. ആയി കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2018-19 അദ്ധ്യയന വർഷം അടിസ്ഥാന സൗകര്യവികസനത്തിനായി പ്ലാൻ ഫണ്ടുപയോഗിച്ച് ഭരണാനുമതി നൽകിയ 185 സ്കൂളുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരുന്നു.

കൈറ്റിന്റെ നേതൃത്വത്തിൽ 8 മുതൽ 12 വരെ ക്ലാസുകളുള്ള എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും കിഫ്ബി ധനസഹായത്തോടെ ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കി. ഹൈസ്കൂൾ, ഹയർ സെക്കന്ററി- വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗങ്ങളിലുള്ള 4752 സ്കൂളുകളിലെ 45000 ക്ലാസ് മുറികളിലേയ്ക്കും ലാബുകളിലേയ്ക്കുമുള്ള ഐ.ടി. ഉപകരണങ്ങൾ വിതരണം ചെയ്തു. 4751 ഹൈസ്കൂൾ,

ഹയർ സെക്കന്ററി - വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ ഉൾപ്പെടെ 12149 സ്കൂളുകളിൽ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യമൊരുക്കി. 9941 പ്രൈമറി വിഭാഗം വിദ്യാലയങ്ങളിൽ കിഫ്ബി ധനസഹായത്തോടെ 292 കോടി രൂപയുടെ ഹൈടെക് ലാബ് പദ്ധതി നടപ്പിലാക്കി.

## സ്കൂളുകളിൽ ശുചീകരണ പ്രവർത്തനം

25(*115) ശ്രീ. അനിൽ അക്കര :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിൽ ക്ലാസ്സ് മുറിയിൽ വിദ്യാർത്ഥിനി പാമ്പുകടിയേറ്റ് മരണമടഞ്ഞ സംഭവത്തെത്തുടർന്ന് സംസ്ഥാനത്തെ സ്കൂളുകളിൽ ശുചീകരണ പ്രവർത്തനം നടത്തുവാൻ നിർദ്ദേശം നൽകിയിരുന്നോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ പല സ്കൂളുകളുടെയും പരിസരം കാടുകയറിയും പ്ലാസ്റ്റിക് മാലിന്യക്കൂമ്പാരമായും ഇഴജന്തുക്കളുടെ വാസസ്ഥലമായി മാറിയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സ്കൂളുകളിൽ നടത്തുന്ന ശുചീകരണ പ്രവർത്തനങ്ങൾ ഒരു തുടർ പ്രവൃത്തിയായി എല്ലാ മാസവും നടത്തുന്നതിനും സ്കൂൾ പരിസരം കുട്ടികൾക്ക് സുരക്ഷിതമാക്കുന്നതിനും ആവശ്യമായ നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) വയനാട് ജില്ലയിൽ സുൽത്താൻ ബത്തേരി സർവ്വജന വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ ദൗർഭാഗ്യകരമായ സംഭവത്തെ തുടർന്ന് സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും അടിയന്തരമായി ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും പാഴ്ചെടികളും പടർപ്പുകളും വെട്ടിമാറ്റി പരിസരം വൃത്തിയാക്കുന്നതിനും സ്കൂൾ പരിസരത്ത് ഉപയോഗശൂന്യമായ പാഴ്വസ്തുക്കൾ കൂട്ടിയിട്ടിട്ടുണ്ടെങ്കിൽ അവ നീക്കം ചെയ്ത് പ്രദേശം വൃത്തിയാക്കുന്നതിനും ആർ&ആർ.1/90010/17/ഡി.ജി.ഇ. തീയതി 22-11-2019 പ്രകാരം എല്ലാ വിദ്യാലയങ്ങൾക്കും സർക്കുലർ നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ചില സ്കൂളുകളുടെ പരിസരം വൃത്തിഹീനമായിരിക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ സ്കൂളുകളും പരിസരവും വൃത്തിയാക്കുന്നതിനും ക്ലാസ് മുറികൾ, കോമ്പൗണ്ട് മതിലുകൾ, ടോയ്ലെറ്റുകൾ തുടങ്ങിയ സ്ഥലങ്ങളിൽ ദ്വാരങ്ങളോ വിടവുകളോ ഉണ്ടെങ്കിൽ അവ സിമന്റും മണലും ഉപയോഗിച്ച് അടച്ച് സുരക്ഷ ഉറപ്പുവരുത്തുന്നതിനുമായി

ആർ&ആർ.1/90010/17/ഡി.ജി.ഇ. തീയതി 22-11-2019 പ്രകാരം എല്ലാ സ്കൂളുകൾക്കും സർക്കുലർ നൽകുകയും എല്ലാ സ്കൂളുകളിലും ഒറ്റത്തവണ മാത്രം ഉപയോഗിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കൾ ഒഴിവാക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ ആർ&ആർ.(1)/45245/19/ഡി.ജി.ഇ. തീയതി 26-12-2019 പ്രകാരം നൽകിയിട്ടുണ്ട്. ആയത് നടപ്പിലാക്കിയിട്ടുള്ളതാണ്.

(സി) ശുചീകരണ പ്രവർത്തനങ്ങൾ തുടർച്ചയായി നടത്തുന്നതിനും കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

## മത്സ്യബന്ധനത്തിന് സാങ്കേതികവിദ്യയുടെ സഹായം

26(*116) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എം. സി. കമറുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിൽ മത്സ്യലഭ്യത കണ്ടെത്താനും കടലിന്റെ ആഴം അളക്കുന്നതിനും സഹായിക്കുന്ന ജി.പി.എസ്. ഉൾപ്പെട്ട സാങ്കേതിക ഉപകരണം മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനാവശ്യമായ എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദീകരിക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) ഉണ്ട്.

(ബി) 2017-18 സാമ്പത്തിക വർഷം 'ആഴക്കടൽ മത്സ്യബന്ധനവും കടൽ സുരക്ഷ ഉപകരണങ്ങളും' പദ്ധതി പ്രകാരം 66 ജി.പി.എസ്.-കൾ, 66 എക്കോ സൗണ്ടറുകൾ എന്നിവ വിതരണം ചെയ്യുന്നതിന് ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ 66 ജി.പി.എസ്.-കൾ മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ടി പദ്ധതിയിലെ മറ്റൊരു ഘടകമായ എക്കോ സൗണ്ടർ വിതരണം ചെയ്യുന്നതിനുള്ള ഇ-ടെണ്ടർ ക്ഷണിച്ചിരുന്നുവെങ്കിലും 2017-18 വർഷം ബിഡുകളൊന്നുംതന്നെ ലഭ്യമാകാത്തതിനാൽ 2018-19 സാമ്പത്തിക വർഷം വീണ്ടും ഇ-ടെണ്ടർ നടപടികൾ പുനരാരംഭിക്കുകയും ആയതിൽ ലഭ്യമായ ബിഡുകൾ ടെക്നിക്കൽ, ഫിനാൻഷ്യൽ എന്നീ കമ്മിറ്റികൾ പരിശോധിക്കുകയും

എക്കോ സൗണ്ടർ വാങ്ങുന്നതിനുള്ള തുക 2018-19 വർഷം ഇ-ലെഡ്ജറിൽ പോസ്റ്റ് ചെയ്യുകയും ചെയ്തു. വിതരണം നടത്തുന്നതിന് തെരഞ്ഞെടുത്ത സ്ഥാപനത്തിന് വിതരണ ഉത്തരവ് നൽകുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

'കടൽസുരക്ഷ' പദ്ധതിയിലുൾപ്പെടുത്തി 2018-19 സാമ്പത്തിക വർഷം 500 ജി.പി.എസ്.-കൾ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിന് ഭരണാനുമതി നൽകിയതനുസരിച്ച് 500 ജി.പി.എസ്.-കൾ 75% സബ്സിഡി നിരക്കിൽ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. അതോടൊപ്പം നടപ്പ് സാമ്പത്തിക വർഷം (2019-20) 'Sea Safety Equipment to Traditional Fishing Crafts' പദ്ധതി പ്രകാരം 1500 ജി.പി.എസ്.-കൾ മത്സ്യത്തൊഴിലാളികൾക്ക് 75% സബ്സിഡിയോടുകൂടി വിതരണം ചെയ്യുന്നതിനുള്ള ഭരണാനുമതി നൽകുകയും ആയത് വിതരണം ചെയ്യുന്നതിനുള്ള ഇ-ടെണ്ടർ നടപടികൾ സ്വീകരിച്ചുവരികയുമാണ്.

## പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനം അഴിമതിരഹിതമാക്കുന്നതിന് നടപടി

27(*117) ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. പി. കെ. ശശി :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും അഴിമതിരഹിതമാക്കുന്നതിനുമായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) അഴിമതി നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനായി വിജിലൻസ് വിഭാഗം വിപുലീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പൊതുമരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച് പൊതുജനങ്ങൾക്കുണ്ടാകുന്ന പരാതികൾ സ്വീകരിക്കുന്നതിനും അവ പരിഹരിക്കുന്നതിനും എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ക്വാളിറ്റി കൺട്രോൾ വിഭാഗത്തെ ശാക്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) പൊതുമരാമത്ത് വകുപ്പിലെ അഴിമതി തടയുന്നതിന്റെ ഭാഗമായി 2 കോടിയിൽ കൂടുതൽ തുകയുള്ള വർക്കുകൾക്ക് ഗുണനിലവാര പരിശോധന ഒന്നാംതരം ചെയ്യുന്നതിന് സൈറ്റിൽത്തന്നെ ലാബ് നിർബന്ധമാക്കിയിരിക്കുന്നു. രണ്ടാംതരം ഗുണനിലവാര പരിശോധനയ്ക്ക് എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബും സജ്ജമാക്കിയിട്ടുണ്ട്. ഗുണനിലവാര പരിശോധനാ സർട്ടിഫിക്കറ്റുകൾ ബില്ലിനൊപ്പം നിർബന്ധമാക്കിയിട്ടുണ്ട്. പൊതുമരാമത്ത് പണികളുടെ ഗുണനിലവാരം വിലയിരുത്തുന്നതിന് സോഷ്യൽ ആഡിറ്റിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, കുറ്റക്കാരായി കണ്ടെത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന ശിക്ഷാനടപടികളും സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്; വകുപ്പിലെ ഇന്റേണൽ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വിജിലൻസ് വിഭാഗത്തിൽ അധികമായി 3 എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ വിന്യസിക്കുകയും ജില്ലാതല ക്വാളിറ്റി കൺട്രോൾ വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് ജില്ലാ വിജിലൻസ് ഓഫീസറുടെ അധിക ചുമതല നൽകിയിട്ടുമുണ്ട്. കൂടാതെ, സോഷ്യൽ ആഡിറ്റിംഗും ത്രിതല ഗുണനിലവാര പരിശോധനയും പ്രവൃത്തികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് സഹായിക്കുകവഴി അഴിമതിയും ക്രമക്കേടുകളും ഒരുപരിധിവരെ കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ട്.

(സി) പൊതുമരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച പരാതികൾ പൊതുജനങ്ങൾക്ക് നേരിട്ട് അറിയിക്കാൻ പൊതുമരാമത്ത് വകുപ്പിൽ പ്രത്യേക പരാതി പരിഹാര സെൽ രൂപീകരിച്ചിട്ടുണ്ട്. പൊതുമരാമത്ത് പ്രവൃത്തികൾ സുതാര്യമാക്കുന്നതിന്റേയും പ്രവൃത്തികളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന്റേയും ഭാഗമായി സോഷ്യൽ ആഡിറ്റിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. ബന്ധപ്പെട്ട ജനപ്രതിനിധികൾ അംഗങ്ങളായുള്ള ജില്ലാതല സോഷ്യൽ ആഡിറ്റ് സമിതി മുൻപാകെ റോഡുകൾ, പാലങ്ങൾ തുടങ്ങിയവയുടെ നിർമ്മാണം സംബന്ധിച്ച് പൊതുജനങ്ങൾക്ക് പരാതി നൽകാവുന്നതാണ്. താഴെ ഓഫീസ് മുതൽ മന്ത്രി ഓഫീസ് വരെ നേരിട്ട് പരാതി സമർപ്പിക്കാനും അവസരമുണ്ട്.

(ഡി) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ക്വാളിറ്റി കൺട്രോൾ വിഭാഗത്തിന് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ റീജിയണൽ ലാബുകളും ബാക്കി 11 ജില്ലകളിലും ജില്ലാ ലാബുകളും സ്ഥാപിച്ചിട്ടുണ്ട്. ഈ ലാബുകളിൽ ഗുണനിലവാര പരിശോധനകൾക്കാവശ്യമായ ഉപകരണങ്ങളുടെ

75 ശതമാനവും ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ ലാബുകൾക്കും സാമ്പിൾ ശേഖരിക്കാൻ സൈറ്റിൽ പോകുന്നതിന് ആവശ്യമായ വാഹനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയും ടി ലാബുകളിലെ ജീവനക്കാർക്ക് ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിനാവശ്യമായ പരിശീലന പരിപാടികളും സംഘടിപ്പിക്കാറുണ്ട്.

**റോഡുകളുടെ അറ്റകുറ്റപ്പണി**

28(*118) ശ്രീ. വി. കെ. പ്രശാന്ത് :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. പി. ഉണ്ണി :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവർത്തിച്ചുണ്ടായ അതിതീവ്ര മഴയും പ്രളയവും കാരണം തകരാറിലായ പൊതുമരാമത്ത് റോഡുകൾ പുനർനിർമ്മിക്കുന്നതിനും അറ്റകുറ്റപ്പണി നടത്തുന്നതിനുമുള്ള പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ;

(ബി) പ്രകൃതി ദുരന്തത്തിൽ തകർന്ന റോഡുകളുടെ പുനർനിർമ്മാണത്തിനും അറ്റകുറ്റപ്പണിക്കും വേണ്ടിവരുന്ന ഭീമമായ ചെലവ് വഹിക്കുന്നതിന് എന്തെങ്കിലും തരത്തിലുള്ള കേന്ദ്ര സഹായം ലഭിച്ചിരുന്നോ;

(സി) റോഡുകൾ വിവിധ ആവശ്യങ്ങൾക്കായി വെട്ടിപ്പൊളിക്കുന്നതും പാറയുടെ ലഭ്യതക്കുറവും റോഡുകളുടെ മോശം സ്ഥിതിക്ക് കാരണമാകുന്നുണ്ടോ; ഇവ പരിഹരിക്കാനുള്ള മാർഗ്ഗം പരിഗണനയിലുണ്ടോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ&ബി) പൊതുമരാമത്ത് നിരത്ത് വിഭാഗത്തിനു കീഴിലുള്ള റോഡുകൾക്ക് 2018-19 വർഷങ്ങളിലുണ്ടായ പ്രളയത്തെത്തുടർന്ന് ഗുരുതരമായ നാശനഷ്ടങ്ങൾ സംഭവിച്ചിരുന്നു. റോഡുകളെല്ലാംതന്നെ അടിയന്തരമായി ഗതാഗത യോഗ്യമാക്കിയിരുന്നു. തുടർന്ന് റോഡുകളുടെ അറ്റകുറ്റപ്പണികളും പുനർനിർമ്മാണ പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. 2018-19, 2019-20 വർഷങ്ങളിലായി 10678 കി.മീ. റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്രളയത്തിൽ തകർന്ന റോഡുകളുടെ ഉപരിതലം നവീകരിക്കുന്നതിനായി പ്ലാൻ ഫണ്ടിൽനിന്നും 2018-19 വർഷം 1697 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. കൂടാതെ നബാർഡിൽനിന്നും 2018-19,

2019-20 വർഷങ്ങളിൽ 625.83 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഈ പ്രവൃത്തികളെല്ലാംതന്നെ നടപ്പിലാക്കി വരുന്നു. ഈ വർഷം പ്ലാൻ ഫണ്ടിൽനിന്നും 587 കോടി രൂപയുടെ പ്രവൃത്തികളും നടപ്പിലാക്കിവരുന്നു. പ്രളയാനന്തര പുനർനിർമ്മാണത്തിന്റെ ഭാഗമായി ദീർഘകാലം ഈടുനിൽക്കുന്ന ഡിസൈൻ റോഡുകൾ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതാണ്. ലോകബാങ്ക്, കെ.എഫ്.ഡബ്ല്യു. (ജർമ്മൻ ബാങ്ക്), ഐ.ഡി.ബി. തുടങ്ങിയ വിദേശ ഏജൻസികളുടെ സഹായത്തോടെയാണ് ഈ പ്രവൃത്തികൾ നടപ്പിലാക്കുന്നത്. ഇവയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ദീർഘകാലം ഈടുനിൽക്കുന്ന ആധുനിക രീതിയിലുള്ള റോഡുനിർമ്മാണ രീതികൾ വകുപ്പിൽ അവലംബിച്ചുവരുന്നുണ്ട്. ജി.ഒ.(ആർ.ടി.)നമ്പർ 462/2018/ഡി.എം.ഡി. തീയതി 28-8-2018 പ്രകാരം ദുരന്ത നിവാരണ വകുപ്പിൽനിന്നും പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിന് 71.25 കോടി രൂപ അനുവദിച്ചിരുന്നു. കൂടാതെ നോൺ പ്ലാൻ ഇനത്തിൽ 2018-19 വർഷത്തിൽ 882 കോടി രൂപയും 2019-20 വർഷത്തിൽ 737 കോടി രൂപയും പ്രളയത്തിൽ തകർന്ന റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിന് അനുവദിക്കുകയുണ്ടായി. 2019 ഡിസംബർ 31-ലെ കണക്കുപ്രകാരം സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള സംസ്ഥാന-പ്രധാന ജില്ലാ റോഡുകളിൽ 97% റോഡുകളും ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്.

ദേശീയപാത വിഭാഗത്തിനുകീഴിൽ 2018 ഓഗസ്റ്റ് മാസം സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ ഇടുക്കി, വയനാട്, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, എറണാകുളം, ആലപ്പുഴ എന്നീ ജില്ലകളിലെ ദേശീയപാതകളിൽ കാര്യമായ നാശനഷ്ടങ്ങളുണ്ടായിട്ടുണ്ട്. എന്നാൽ യുദ്ധകാലാടിസ്ഥാനത്തിൽ റോഡ് ഗതാഗതയോഗ്യമായി നിലനിർത്തുന്നതിനാവശ്യമായ അറ്റകുറ്റപ്പണികൾ ഓർഡിനറി റിപ്പയറിൽ നടപ്പിലാക്കിയിരുന്നു. റോഡുകളിൽ കാര്യമായ നാശം സംഭവിക്കുകയും സംരക്ഷണ ഭിത്തികൾ തകർന്ന ഭാഗങ്ങളിലേയും താൽക്കാലിക പരിഹാരത്തിനായി കേന്ദ്ര മന്ത്രാലയം ഫ്ലഡ് ഡാമേജ് റിപ്പയറിൽ അനുവദിച്ച 32.09 കോടി രൂപയിൽ ഓരോ ദേശീയപാത ഡിവിഷനുകളിലും അത്യാവശ്യമായ പദ്ധതികൾ അനുമതി നൽകി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഇവയുടെ സ്ഥായിയായ റിപ്പയറിന് വേണ്ട പദ്ധതികൾ കേന്ദ്ര മന്ത്രാലയത്തിന്റെ ആനുവൽ പ്ലാനിലും ആനുവൽ റിന്യൂവൽ പ്രോഗ്രാമിലും ഉൾപ്പെടുത്തി അനുമതി ലഭിക്കുന്ന മുറയ്ക്ക് നടപ്പിലാക്കി വരുന്നു. ഇവ പൂർത്തിയാക്കുന്നതിന് 12 മുതൽ 18 മാസം വരെ കാലാവധി എടുക്കുന്നതാണ്. കൂടാതെ സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി

56 പദ്ധതികൾക്ക് (റോഡ്-54 എണ്ണം, പാലങ്ങൾ - 2 എണ്ണം) 801 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതികൾ പുരോഗമിച്ചു വരുന്നു. ദേശീയപാത 766-ലെ താമരശ്ശേരി ചുരത്തിലുണ്ടായ മണ്ണിടിച്ചിലിൽ തകർന്ന സംരക്ഷണ ഭിത്തി സംസ്ഥാന സർക്കാർ അനുവദിച്ച 1.86 കോടി രൂപയിൽ പുനർനിർമ്മിക്കുകയുണ്ടായി. 2019 ആഗസ്റ്റ് മാസത്തിൽ ദേശീയപാതയ്ക്കുണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനുള്ള അറ്റകുറ്റപ്പണികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി 20.52 കോടി രൂപ ഓർഡിനറി റിപ്പയറിലും 21.4 കോടി രൂപ ഫ്ലഡ് ഡാമേജ് റിപ്പയറിലും കേന്ദ്രത്തിൽനിന്നും അനുവദിച്ചിട്ടുണ്ട്. റോഡുകളുടെ ഉപരിതലം പുതുക്കലിനായി വിവിധ പദ്ധതികൾക്കായി കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സമ്മർദ്ദം ചെലുത്തിയതിന്റെ ഭാഗമായി 178 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരികയാണ്. ഇതുകൂടാതെ 535 കോടി രൂപയുടെ പദ്ധതികൾ ഉൾപ്പെട്ട പട്ടികയുടെ അംഗീകാരം ആന്വൽ പ്ലാൻ 2019-20 സാമ്പത്തിക വർഷം കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽനിന്നും ലഭ്യമായിട്ടുണ്ട്. ഈ പദ്ധതികളുടെ എസ്റ്റിമേറ്റ് കേന്ദ്ര മന്ത്രാലയത്തിന്റെ ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ ചെയ്ത് പദ്ധതി നടപ്പിലാക്കുന്നതാണ്.

കെ.എസ്.ടി.പി. വിഭാഗത്തിനു കീഴിൽ തകരാറിലായ റോഡുകൾ പുനർനിർമ്മിക്കുന്നതിന് ലോകബാങ്ക്/ജർമ്മൻബാങ്ക് എന്നിവരുടെ ധനസഹായത്തിന്റെ അടിസ്ഥാനത്തിൽ പുനർനിർമ്മിക്കേണ്ട റോഡുകളുടെ മുൻഗണനാക്രമം തയ്യാറാക്കുകയും ആദ്യഘട്ടമായി 819 കി.മീ. വരുന്ന 31 റോഡുകളുടെ പട്ടിക അംഗീകരിച്ച് 13-8-2019-ൽ സ.ഉ.(കൈ) 25/2019/ആ.സാ.വ എന്ന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ലോകബാങ്ക്/ജർമ്മൻ ബാങ്ക് എന്നിവരുടെ നിർദ്ദേശാനുസരണം പുനർനിർമ്മിക്കേണ്ട റോഡുകളുടെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനായി 4 കൺസൾട്ടൻസിയുമായി കരാർ ഒപ്പുവച്ചിട്ടുണ്ട്. പദ്ധതി രൂപരേഖ 2020 മാർച്ച് മാസത്തോടെ തയ്യാറാക്കി നൽകുന്നതിനാണ് കരാർ നൽകിയിട്ടുള്ളത്. ആയത് ലഭ്യമായാൽ ഉടൻതന്നെ പുനർനിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള ദർഘാസ് നടപടികൾ സ്വീകരിക്കുന്നതാണ്.

റിക്ക് ലിമിറ്റഡ് നവീകരണ പ്രവർത്തനം നടത്തിയ തിരുവനന്തപുരം ജില്ലയിലെ വെള്ളനാട്-ചെറ്റച്ചൽ റോഡ്, കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി-കാഞ്ഞിരംകവല റോഡ്, കാസർഗോഡ് ജില്ലയിലെ ഉപ്പള-കനിയാന റോഡ്, വിദ്യാനഗർ- സീതാംഗോളി റോഡ് എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു. 13 വർഷക്കാലത്തെ പരിപാലനവും ഉൾപ്പെടുത്തിയാണ്

എഗ്രിമെന്റ് വച്ചിട്ടുള്ളത്. 13 വർഷം റോഡുകൾ കരാറുകാരൻ സ്വന്തം ചെലവിൽ പരിപാലിക്കേണ്ടതാണ്. ആയതിനാൽ കൺസഷണയർ തന്നെ ടി റോഡിന്റെ പരിപാലന പ്രവൃത്തികൾ നടത്തിവരുന്നു.

(സി) പൊതുമരാമത്ത് നിരത്ത് വിഭാഗത്തിനു കീഴിൽ പാറയുടെ ലഭ്യതക്കുറവ് റോഡുനിർമ്മാണ പ്രവൃത്തികളെ ബാധിക്കാതിരിക്കാനായി റീസൈക്ലിംഗ്, വൈറ്റ് ടോപ്പിംഗ് തുടങ്ങിയ സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി എഞ്ചിനീയർമാർക്ക് ആവശ്യമായ പരിശീലനങ്ങളും ശില്പശാലകളും സംഘടിപ്പിക്കുന്നതാണ്. ഇതുകൂടാതെ ഇത്തരം സാങ്കേതികവിദ്യ സംബന്ധിച്ച് കരാറുകാർക്ക് അവബോധം സൃഷ്ടിക്കുന്നതിനുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതാണ്. വിവിധ ഏജൻസികൾ റോഡുകൾ വെട്ടിപ്പൊളിക്കുന്നതുമൂലം റോഡുകൾ മോശമാകുന്ന അവസ്ഥ നിലവിലുണ്ട്. ഇവ പരിഹരിക്കുന്നതിനും വിവിധ സർക്കാർ വകുപ്പുകൾ തമ്മിലുള്ള ഏകോപനം സുഗമമാക്കുന്നതിനും ജി.ഒ.(ആർ.ടി.) നമ്പർ 30/2018/പി.ഡബ്ല്യു.ഡി. തീയതി 5-1-2018, ജി.ഒ.(ആർ.ടി.) നമ്പർ 1321/2018/പി.ഡബ്ല്യു.ഡി. തീയതി 24-8-2018, സ.ഉ.(സാധാ) നമ്പർ 819/2019/പൊ.മ.വ. തീയതി 4-7-2019 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം നിർദ്ദേശങ്ങൾ നിലവിലുണ്ട്.

ദേശീയപാത വിഭാഗത്തിനു കീഴിൽ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ കത്ത് നമ്പർ RW/NH-33044/29/2015/S&R(R) തീയതി 22-11-2016-ലെ നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടാണ് റോഡുകളിൽ പൈപ്പുകളോ കേബിളുകളോ ഇടുന്നതിനുള്ള അനുമതി നൽകുന്നത്. പ്രസ്തുത സർക്കുലറിൻപ്രകാരം 5 വർഷത്തേയ്ക്കുള്ള ലൈസൻസ് ഫീസും പെർഫോമൻസ് ഗ്യാരന്റിയും മാത്രമാണ് സ്വീകരിക്കുന്നത്. പ്രസ്തുത സർക്കുലർ പ്രകാരം ടി കക്ഷി അവരുടെ ചെലവിൽത്തന്നെ റോഡുകൾ പൂർവ്വസ്ഥിതിയിലാക്കേണ്ടതാണ്. അത്യാധുനിക സാങ്കേതികവിദ്യയായ മില്ലിംഗ് ആന്റ് റീസൈക്ലിംഗ് ഉപയോഗിച്ച് ആലപ്പുഴ ജില്ലയിൽ ദേശീയപാതയുടെ ഉപരിതലം പുതുക്കി നിർമ്മിച്ചിട്ടുണ്ട്. ഈ സാങ്കേതികവിദ്യയിൽ നിലവിലെ റോഡിന്റെ ഉപരിതലം മെഷീൻ ഉപയോഗിച്ച് ഇളക്കിയെടുക്കുകയും അപ്പോൾത്തന്നെ അതേ മെറ്റീരിയൽ പാകപ്പെടുത്തിയതിനു ശേഷം വേണ്ടുന്ന അളവിൽ ബിറ്റുമിൻ, സിമന്റ്, വിവിധ തരത്തിലുള്ള മെറ്റലുകൾ എന്നിവ ചേർത്ത് ഉപരിതലം പുനർനിർമ്മിക്കുകയാണ് ചെയ്യുന്നത്. ഈ സാങ്കേതികവിദ്യ സാമ്പത്തിക ലാഭത്തോടൊപ്പം ബിറ്റുമിൻ, അഗ്രിഗേറ്റ് എന്നിവയുടെ കുറഞ്ഞ ഉപയോഗം വഴി പ്രകൃതി സമ്പത്തിന്റെ സംരക്ഷണവും സാധ്യമാക്കും. ദേശീയപാത വിഭാഗത്തിൽ വരുന്ന പുനരുദ്ധാരണ പ്രവൃത്തികളിൽ റീസൈക്ലിംഗ് ചെയ്ത് നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിൽ ദേശീയപാതയിൽ നടപ്പിലാക്കിയ പ്രവൃത്തി വിജയപ്രദമാണ്.

കെ.എസ്.ടി.പി. വിഭാഗത്തിനു കീഴിൽ റോഡുകൾ വിവിധ ആവശ്യങ്ങൾക്കായി വെട്ടിപ്പൊളിക്കുന്നത് ഒഴിവാക്കാൻ പുതുതായി നിർമ്മിക്കുന്ന റോഡുകളിൽ യൂട്ടിലിറ്റി ഡക്റ്റുകൾ റോഡിന്റെ വശങ്ങളിലേയ്ക്ക് മാറ്റിസ്ഥാപിക്കാറുണ്ട്.

**എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള സഹായം**

29(*119) ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. എൻ .എ. നെല്ലിക്കുന്ന് :
ശ്രീ. എം. സി. കമറുദ്ദീൻ :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ജനുവരി 30 ന് സെക്രട്ടേറിയറ്റ് പടിക്കൽ എൻഡോസൾഫാൻ ദുരിതബാധിതർ നടത്തിയ പട്ടിണി സമരത്തെത്തുടർന്ന് സർക്കാരുമായുണ്ടാക്കിയ ഒത്തുതീർപ്പ് വ്യവസ്ഥകളനുസരിച്ചുള്ള തീരുമാനങ്ങൾ നടപ്പാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ഏതെല്ലാം വാഗ്ദാനങ്ങളാണ് ഇനിയും നടപ്പാക്കാനുള്ളത്;

(സി) ദുരിതബാധിതരായവർക്കെല്ലാം ചികിത്സാസഹായം ലഭിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ&ബി) 2019 ജനുവരി 30-ന് സെക്രട്ടേറിയറ്റ് പടിക്കൽ എൻഡോസൾഫാൻ ദുരിതബാധിതർ നടത്തിയ പട്ടിണി സമരത്തെത്തുടർന്ന് കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ബഹുമാനപ്പെട്ട റവന്യൂ, സാമൂഹ്യനീതി വകുപ്പുമന്ത്രിമാരുടെയും നേതൃത്വത്തിൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രതിനിധികളുമായി ചർച്ചകൾ നടത്തുകയും തുടർ പ്രവർത്തനങ്ങൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത നിർദ്ദേശങ്ങളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) എൻഡോസൾഫാൻ ദുരിതബാധിത പട്ടികയിൽ ഉൾപ്പെട്ട എല്ലാവർക്കും കേരളത്തിലും കർണ്ണാടകത്തിലുമായി സ്പെഷ്യലൈസ് ചെയ്ത 17 ആശുപത്രികളിൽ സൗജന്യ ചികിത്സ നൽകിവരുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പാട്ടവ്യവസ്ഥ ലംഘിച്ച ഭൂമി ഒഴിപ്പിക്കാൻ നടപടി

30(*120) ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സ്ഥാപനങ്ങളും സംഘടനകളും വ്യക്തികളും കുത്തകപ്പാട്ടത്തിനും പാട്ടത്തിനും കൈവശം വച്ചിരിക്കുന്ന ഭൂമിയിൽ പാട്ട വ്യവസ്ഥ ലംഘിച്ചതും പാട്ടക്കാലാവധി കഴിഞ്ഞതുമായ ഭൂമി ഒഴിപ്പിച്ചെടുക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് പാട്ടക്കുടിശ്ശികയായി പിരിഞ്ഞുകിട്ടാനുള്ള തുക സംബന്ധിച്ച കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) 2019-ലെ ബഡ്ജറ്റിൽ പാട്ടക്കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കുന്നതിനുള്ള പദ്ധതി പ്രഖ്യാപിച്ചിരുന്നോ; പ്രസ്തുത പദ്ധതി പ്രകാരം സ്വീകരിച്ച തുടർനടപടികൾ എന്താണെന്ന് വ്യക്തമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) സംസ്ഥാനത്ത് പാട്ടത്തിന് നൽകിയിട്ടുള്ള കേസുകളിൽ സ്ഥാപനങ്ങൾക്കും സംഘടനകൾക്കും നൽകിയിട്ടുള്ള പാട്ട കേസുകൾ ജില്ലാ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ മുഖാന്തരം ശേഖരിച്ച് പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ഓരോ ജില്ലകളിലേയും ഡെപ്യൂട്ടി കളക്ടർ (എൽ.ആർ.), തഹസിൽദാർ ഉൾപ്പെടെയുള്ള പാട്ടവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം ലാൻഡ് റവന്യൂ കമ്മീഷൻ പ്രത്യേകം പ്രത്യേകം വിളിച്ചുചേർത്ത് ടി ജില്ലകളിലെ സ്ഥാപനങ്ങൾ/സംഘടനകൾ എന്നിവർക്ക് നൽകിയിട്ടുള്ള പാട്ട കേസ്സുകൾ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുള്ളതും പാട്ട കുടിശ്ശിക വരുത്തിയിട്ടുള്ള ഓരോ കേസുകളും ജില്ലാ തലത്തിൽ മുഴുവൻ കക്ഷികളെയും നേരിൽ കേൾക്കുന്നതിനും കൂടാതെ വ്യക്തികൾക്ക് നൽകിയിട്ടുള്ള പാട്ടങ്ങൾ തിട്ടപ്പെടുത്താനും പട്ടിക തയ്യാറാക്കി അടിയന്തരമായി സമർപ്പിക്കാനും ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുള്ളതുമാകുന്നു. ഓരോ കേസിലും നിയമാനുസൃതം കക്ഷികളെ നേരിൽ കേട്ടശേഷം ടിയാൻ/സ്ഥാപനങ്ങൾ

സർക്കാരിലേയ്ക്ക് ഒടുക്കാനുള്ള പാട്ടക്കുടിശ്ശിക സംബന്ധിച്ച് ഡിമാൻഡ് നോട്ടീസ് നൽകാനും എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അപ്രകാരം ഡിമാൻഡ് നോട്ടീസ് നൽകിയ കേസുകളിൽ സമയബന്ധിതമായി കുടിശ്ശിക പിരിച്ചെടുക്കാനുള്ള കർശന നടപടി സ്വീകരിക്കാനും കുടിശ്ശിക തുക ഒടുക്കുവരുത്താൻ വിസമ്മതിക്കുന്ന മുഴുവൻ കേസുകളിലും പാട്ടം റദ്ദ് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ച് പാട്ട ഭൂമി നിയമാനുസൃതം സർക്കാരിലേയ്ക്ക് വീണ്ടെടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാനും ജില്ലാ കളക്ടർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. സംസ്ഥാനത്ത് വ്യക്തികൾക്ക് സർക്കാർ ഭൂമി പാട്ടത്തിന് നൽകിയിട്ടുള്ളതിൽ മാത്രം സർക്കാരിന് ലഭിക്കേണ്ട പാട്ടക്കുടിശ്ശിക ജില്ലകളിൽനിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം 8.56 കോടി രൂപയും സംഘടനകൾക്കും സ്ഥാപനങ്ങൾക്കുമായി സർക്കാർ ഭൂമി പാട്ടത്തിന് നൽകിയിട്ടുള്ളവയിൽ നാളിതുവരെ ലഭ്യമായ കണക്കുകൾപ്രകാരം സർക്കാരിന് പാട്ടക്കുടിശ്ശിക ഇനത്തിൽ 1155.31 കോടി രൂപയാണ് ലഭിക്കാനുള്ളത്.

പ്രസ്തുത പാട്ടക്കുടിശ്ശിക പിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട് ലാൻഡ് റവന്യൂ കമ്മീഷണറുടെ നിർദ്ദേശപ്രകാരം ഓരോ ജില്ലയിലെയും ശരാശരി 50 ശതമാനത്തിലധികം കേസുകളിലും ജില്ലാതലത്തിൽ നിയമാനുസൃത നോട്ടീസ് നൽകി ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേട്ടുകഴിഞ്ഞിട്ടുള്ളതാണ്. ശേഷിക്കുന്ന കേസുകളിൽ കക്ഷികളെ നേരിൽ കേൾക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. നേരിൽ കേൾക്കാൻ അവസരം നൽകിയ കക്ഷികൾക്കെല്ലാംതന്നെ അതത് പതിവ് അധികാരികൾ ഡിമാന്റ് നോട്ടീസ് നൽകി വരുന്നു.

(സി) 2019-ലെ ബഡ്ജറ്റിൽ പാട്ടക്കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കുന്നതിനുള്ള പദ്ധതി പ്രഖ്യാപിച്ചിരുന്നു. 1985 മുതൽ 2016 വരെ പാട്ടക്കുടിശ്ശിക വാണിജ്യ സ്ഥാപനങ്ങൾക്കുള്ള പാട്ടനിരക്ക് 5 ശതമാനത്തിന് മുകളിൽ നിശ്ചയിച്ചിരുന്നവ 5 ശതമാനമായും വാണിജ്യ ഇതര സ്ഥാപനങ്ങൾക്ക് പാട്ടനിരക്ക് കമ്പോളവിലയുടെ 2 ശതമാനത്തിന് മുകളിൽ നിശ്ചയിച്ചിരുന്നവ 2 ശതമാനമായും നിജപ്പെടുത്തി ഒരു ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള പ്രഖ്യാപനമാണ് 2019-ലെ സംസ്ഥാന ബഡ്ജറ്റിൽ ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി പ്രഖ്യാപിച്ചിരുന്നത്. പ്രഖ്യാപന പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സ്റ്റേറ്റ് ലെവൽ ടാസ്ക് ഫോഴ്സ് ഫണ്ട് വിനിയോഗം

1(1073) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിൽ 2016-17, 2017-18, 2018-19 വർഷങ്ങളിൽ സ്റ്റേറ്റ് ലെവൽ ടാസ്ക് ഫോഴ്സ് മുഖേന അനുവദിച്ചിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്നും ഓരോ പ്രവൃത്തിക്കും അനുവദിച്ചിട്ടുള്ള തുക എത്രയെന്നും വിശദമാക്കാമോ;

(ബി) ഇതിൽ എത്ര പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടെന്നും എത്രയെണ്ണം പൂർത്തീകരിച്ചിട്ടുണ്ടെന്നും ആരംഭിച്ചവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ;

(സി) മുഴുവൻ പ്രവൃത്തികളും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ;

(ഡി) വെള്ളപ്പൊക്കത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിനായി ഫണ്ട് അനുവദിച്ചതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(ഇ) മലപ്പുറം ജില്ലയിൽ ഓരോ നിയോജകമണ്ഡലത്തിലും പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ച ഫണ്ട് എത്രയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) 2016-17, 2017-18, 2018-19 വർഷങ്ങളിലെ എസ്.എൽ.ടി.എഫ്. പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) സ്വീകരിച്ചുവരുന്നു.

(ഡി) ബന്ധപ്പെട്ട ഫീൽഡ് ഉദ്യോഗസ്ഥരുടെ ആവശ്യാനുസരണമാണ് ഫണ്ട് അനുവദിക്കുന്നത്.

(ഇ) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കോട്ടയം ജില്ലയിലെ കഞ്ഞിക്കുഴി ഫ്ലൈഓവറിന്റെ നിർമ്മാണം

2(1074) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ കഞ്ഞിക്കുഴി പ്രദേശത്തെ ഫ്ലൈ ഓവർ നിർമ്മാണത്തിലെ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ സർക്കാർതല അനുമതി വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കോട്ടയം ജില്ലയിലെ കഞ്ഞിക്കുഴി ഫ്ലൈഓവറിന്റെ നിർമ്മാണത്തിനാവശ്യമായ ഭൂമിയുടെ ഏറ്റെടുക്കലും ഫണ്ടിന്റെ അപര്യാപ്തതയുമാണ് കാലതാമസത്തിനുള്ള കാരണങ്ങൾ. ഭൂമി ഏറ്റെടുക്കുന്നതിനുള്ള പണം ഉൾപ്പെടുത്താതെ ഭരണാനുമതി നൽകുന്നതു വഴി ചില പ്രവൃത്തികൾ മുന്നോട്ടു പോകാനാവാതെ കാലതാമസം ഉണ്ടാകുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരം കാര്യങ്ങൾ കൂടുതൽ ശ്രദ്ധിക്കുകയും ഭരണാനുമതി നൽകുന്ന ഘട്ടത്തിൽത്തന്നെ മതിയായ തുക വകയിരുത്തുന്നതിനും ശ്രദ്ധിക്കുന്നുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിക്ക് 4-12-2015-ലെ സ.ഉ.(സാധാ) നമ്പർ 1804/2015/പൊ.മ.വ. പ്രകാരം സർക്കാരിൽനിന്നും 30.71 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) കോട്ടയം കഞ്ഞിക്കുഴി ഫ്ലൈഓവറിന്റെ സ്ഥലം ഏറ്റെടുക്കലിനാവശ്യമായ തുകയും കൂടി ഉൾപ്പെടുത്തി പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കാൻ ചീഫ് എഞ്ചിനീയർക്ക് (ദേശീയപാത) നിർദ്ദേശം നൽകിയിട്ടുണ്ട്. പുതുക്കിയ ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് കാലതാമസം കൂടാതെ പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്.

**കായംകുളം മണ്ഡലത്തിൽ റോഡുകൾ, കെട്ടിടങ്ങൾ എന്നിവയ്ക്കായി അനുവദിച്ച തുക**

3(1075) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ കാലയളവിൽ കായംകുളം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് വഴി റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവയ്ക്കായി അനുവദിച്ചിട്ടുള്ള തുക എത്രയെന്നും ഇതിൽ ഓരോ പദ്ധതിയുടെയും നിലവിലുള്ള പുരോഗതി എന്തെന്നും വിശദമാക്കാമോ?

ഉത്തരം

ഈ സർക്കാർ കാലയളവിൽ കായംകുളം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് വഴി റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ, ദേശീയപാത വിഭാഗങ്ങൾക്കു കീഴിലുള്ള പദ്ധതികളുടെ വിശദാംശങ്ങൾ എന്നിവ അനുബന്ധമായി ചേർക്കുന്നു.*

**മലപ്പുറം മണ്ഡലത്തിലെ വിവിധ പൊതുമരാമത്ത് പദ്ധതികൾ**

4(1076) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 വർഷത്തെ ബജറ്റിൽ ഉൾപ്പെട്ട മലപ്പുറം മണ്ഡലത്തിലെ വിവിധ പൊതുമരാമത്ത് പദ്ധതികളുടെ വിശദാംശം നൽകുമോ;

(ബി) അവ ഓരോന്നും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയെന്നും വിശദമാക്കുമോ;

(സി) ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ കർശന നിർദ്ദേശം നൽകുമോ?

ഉത്തരം

(എ-സി) പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന്റെ പരിധിയിൽ മലപ്പുറം മണ്ഡലത്തിലെ മൂട്ടപറമ്പ-കാവുങ്ങൽ-ബൈപ്പാസ് റോഡിന്റെ പുനരുദ്ധാരണത്തിന് 2018-19 സാമ്പത്തിക വർഷത്തെ സി.ആർ.എഫ്. സ്കീമിൽ ഉൾപ്പെടുത്തി 6.5 കോടി രൂപയുടെ ഭരണാനുമതി കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽനിന്നും ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പുരോഗതിയിലാണ്.

നിരത്തുകൾ, കെട്ടിടം വിഭാഗങ്ങൾക്ക് കീഴിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതി**

5(1077) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പൊതുമരാമത്ത് വകുപ്പ് മുഖേന മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ പൂർത്തീകരിച്ചവ, പൂർത്തീകരിക്കാനുള്ളവ, ആരംഭിക്കാനുള്ളവ എന്നിങ്ങനെ വിശദമാക്കുമോ;

(സി) പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരമേറ്റശേഷം പൊതുമരാമത്ത് വകുപ്പ് മുഖേന മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്തുകൾ, കെട്ടിടം വിഭാഗങ്ങൾക്കുകീഴിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

പാലം വിഭാഗത്തിനുകീഴിൽ മുക്കാട് പാലം എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ട് മുഖേന 1.50 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി, പ്രവൃത്തി പുരോഗമിച്ചുവരുന്നു. ടി പ്രവൃത്തി 2020 ഫെബ്രുവരി 24-ന് മുൻപായി പൂർത്തീകരിക്കുന്നതിന് കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ദേശീയപാത വിഭാഗത്തിനുകീഴിൽ സി.ആർ.എഫ്. 2018-19 കുടശ്ശനാട്-പടനിലം-ഭരണിക്കാവ് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി 10 കോടി രൂപ അനുവദിച്ചു കിട്ടിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പുരോഗമിക്കുന്നു.

കെ.എസ്.ടി.പി. വിഭാഗത്തിനു കീഴിൽ തിരുവല്ല-മാവേലിക്കര റോഡിൽ 2018 ആഗസ്റ്റിലെ പ്രളയശേഷം 1.9 കോടി രൂപയുടെ "Flood Damage Work" നടപ്പിലാക്കിയിരുന്നു. അതിൽ മാവേലിക്കര നിയോജകമണ്ഡലത്തിൽപ്പെട്ട പായിക്കര പാലം മുതൽ പുതിയകാവ് വരെയുള്ള ഭാഗങ്ങളിലെ ആ സമയത്തുണ്ടായിരുന്ന കുഴികളടയ്ക്കുന്ന പ്രവൃത്തി നടപ്പിലാക്കിയിരുന്നു. ഈ പ്രവൃത്തി പദ്ധതിയുടെ കാലാവധിക്കുള്ളിൽത്തന്നെ പൂർത്തീകരിച്ചതാണ്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കൽപ്പറ്റ മണ്ഡലത്തിലെ പാലങ്ങളും റോഡുകളും

6(1078) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ മണ്ഡലത്തിൽ 2019-20 ബജറ്റിൽ അനുവദിച്ച ഏതെല്ലാം പാലങ്ങൾക്കും റോഡുകൾക്കും 20 ശതമാനം ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി; ഇത്തരത്തിൽ 20 ശതമാനം വിഹിതം അനുവദിക്കപ്പെട്ട പാലങ്ങളുടെ നിലവിലെ അവസ്ഥ എന്താണ്; ഇവയ്ക്ക് എന്ന് ഭരണാനുമതി നൽകാനാകും; വിശദമാക്കാമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗത്തിൽ കൽപ്പറ്റ നിയോജകമണ്ഡലത്തിൽ ചീക്കല്ലൂർ പാലം അപ്രോച്ച് റോഡ് നിർമ്മാണം, മലങ്കര കുപ്പാടി പാലം നിർമ്മാണം, മണിയംകോട് പാറക്കടവ് പാലം നിർമ്മാണം എന്നീ മൂന്ന് പ്രവൃത്തികൾക്കാണ് 20% ബഡ്ജറ്റ് വിഹിതം അനുവദിച്ചത്.

(ബി) പാലങ്ങൾ വിഭാഗത്തിനു കീഴിൽ ചീക്കല്ലൂർ പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിന് 675 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. മലങ്കര കുപ്പാടി പാലം, മണിയാംകോട്-പാറക്കടവ് പാലം എന്നിവയ്ക്ക് പാലം രൂപകൽപ്പനയ്ക്ക് വേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ ടെണ്ടർ കഴിഞ്ഞു. ഉടമ്പടി വയ്ക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

## ഒറ്റപ്പാലം മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

7(1079) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരമേറ്റശേഷം ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ നടപ്പിലാക്കിയ പൊതുമരാമത്ത് നിർമ്മാണ പ്രവൃത്തികൾ ഏതെല്ലാം;

(ബി) ഓരോ പ്രവൃത്തിയുടെയും അതിനായി ചെലവഴിച്ച തുകയുടേയും വിശദാംശം വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരമേറ്റശേഷം പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം മണ്ഡലത്തിലൂടെ കടന്നുപോകുന്ന കോങ്ങാട്-മംഗലംകുന്ന് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തിക്ക് 2016-17 സാമ്പത്തിക വർഷത്തെ സി.ആർ.എഫ്. സ്കീമിൽ ഉൾപ്പെട്ട് 15 കോടി രൂപയുടെ ഭരണാനുമതി കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽനിന്നും ലഭിച്ചിരുന്നു. പ്രസ്തുത പ്രവൃത്തി പുരോഗതിയിലാണ്.

പാലങ്ങൾ വിഭാഗത്തിനുകീഴിൽ ബഡ്ജറ്റ് 2018-19 പാലക്കാട്- പൊന്നാനി റോഡിൽ കി.മീ. 34/200-ൽ കണിയാംപുറത്ത് നിലവിലെ പാലത്തിന് സമാന്തരമായി പാലം നിർമ്മാണത്തിന് 430 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയാണ്.

നിരത്ത്-കെട്ടിട വിഭാഗങ്ങൾക്കുകീഴിൽ നടന്നുവരുന്ന പ്രവൃത്തികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

**കരാറുകാരുടെ വീഴ്ച കൊണ്ട് പൂർത്തിയാക്കാത്ത നിർമ്മാണ പ്രവൃത്തികൾ**

8(1080) <u>ശ്രീ. പി. കെ. ബഷീർ</u>:
<u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u>:
<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>:
<u>ശ്രീ. അബ്ദുൽ ഹമീദ് പി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരാറുകാരുടെ വീഴ്ച കൊണ്ട് സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കാത്ത പ്രവൃത്തികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ബി) നിർമ്മാണ പ്രവൃത്തികൾ വൈകിപ്പിക്കുന്ന കരാറുകാർക്കെതിരെ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാർക്കെതിരെ പൊതുമരാമത്ത് വകുപ്പ് മാന്വൽ പ്രകാരവും SBD പ്രകാരവും ഉള്ള പിഴ ഈടാക്കുന്നതാണ്. കൂടാതെ പ്രവൃത്തികൾ അകാരണമായി വൈകിപ്പിക്കുന്ന കരാറുകാരനെ റിസ്ക് & കോസ്റ്റിൽ ഉൾപ്പെടുത്തി ടെർമിനേറ്റ് ചെയ്യുകയും

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ചെയ്യുന്നുണ്ട്. അത്തരം കരാറുകാരുടെ ലൈസൻസ് റദ്ദാക്കാനുള്ള നടപടിയും സ്വീകരിക്കുന്നുണ്ട്. ക്രിമിനൽ കേസും ആവശ്യമായ ഘട്ടത്തിൽ അവർക്കെതിരെ സ്വീകരിക്കും.

**നെടുമങ്ങാട് മണ്ഡലത്തിലെ പ്രവൃത്തികൾ**

9(1081) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികളാണ് റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ ഏറ്റെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത പ്രവൃത്തികളിൽ ഏതെങ്കിലും പ്രവൃത്തിയുടെ അലൈൻമെന്റുമായി ബന്ധപ്പെട്ട് പ്രദേശവാസികളുടെ പരാതി ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഇ) പരാതികൾ പരിഹരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത പ്രവൃത്തിക്കായി തയ്യാറാക്കിയിട്ടുള്ള ഡി.പി.ആറിന്റെയും സ്കെച്ചിന്റെയും പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) നെടുമങ്ങാട് മണ്ഡലത്തിലെ കണിയാപുരം ആർ.ഒ.ബി.യുടെ നിർമ്മാണം സ.ഉ.(സാധാ) നമ്പർ 718/2018/പൊ.മ.വ. തീയതി 19-4-2018 പ്രകാരം കിഫ്ബിയിലുൾപ്പെടുത്തി ആർ.ബി.ഡി.സി.കെ.-യെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി നിയമിച്ചിട്ടുള്ളതാണ്. അലൈൻമെന്റിനെതിരെ രണ്ട് റിട്ട് ഹർജികൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്നു. നിലവിലുള്ള റോഡിന് സമാന്തരമായി ആർ.ഒ.ബി. നിർമ്മിക്കണം എന്നതാണ് പരാതിക്കാരുടെ ആവശ്യം. നിലവിലുള്ള റോഡും റെയിൽവേ ലൈനും തമ്മിലുള്ള സ്ക്യൂ ആംഗിൾ 33 ഡിഗ്രി ആണ്. റെയിൽവേ മാനദണ്ഡ പ്രകാരം ആർ.ഒ.ബി.യും റെയിൽവേ പാളവും തമ്മിൽ അനുവദനീയമായിട്ടുള്ള പരമാവധി സ്ക്യൂ 20 ഡിഗ്രി ആണ്. സ്ക്യൂ ആംഗിൾ വർദ്ധിപ്പിക്കുന്നത് പരിശോധിക്കാനായി റെയിൽവേ അധികൃതർക്ക് ആർ.ബി.ഡി.സി.കെ. കത്ത് സമർപ്പിച്ചു. റെയിൽവേ ബോർഡിന്റെ

ആർ.ഡി.എസ്.ഒ. നിബന്ധനപ്രകാരം 20 ഡിഗ്രിക്ക് മുകളിൽ സ്ക്യൂ ആംഗിൾ അനുവദനീയമല്ല എന്ന് ചീഫ് എഞ്ചിനീയർ, കൺസ്ട്രക്ഷൻ സതേൺ റെയിൽവേ ആർ.ബി.ഡി.സി.കെ.-യെ അറിയിച്ചിട്ടുണ്ട്. തുടർന്ന് GAD മൂന്ന് സ്പാനുകളായി പുതുക്കി തയ്യാറാക്കാനും റെയിൽവേ ആവശ്യപ്പെട്ടു. അതുപ്രകാരം പുതുക്കിയ GAD തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. നിലവിലുള്ള റോഡിന് സമാന്തരമായി അലൈൻമെന്റ് തയ്യാറാക്കാനുള്ള സാധ്യതയും പുതുക്കിയ GAD-യിൽ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

(സി) ഉണ്ട്. അലൈൻമെന്റ് സംബന്ധിച്ച് ചില പ്രദേശവാസികളുടെ പരാതികളും കോടതി നടപടികളും റെയിൽവേ GAD-യിൽ നിർദ്ദേശിച്ച മാറ്റങ്ങൾമൂലവുമാണ് പദ്ധതിയിൽ കാലതാമസം നേരിട്ടിട്ടുള്ളത്.

(ഡി&ഇ) ഉണ്ട്. നിലവിൽ ഒരു റിട്ട് ഹർജി WP(C) 35737/2019 ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. നിലവിലുള്ള റോഡിന് സമാന്തരമായി അലൈൻമെന്റ് തയ്യാറാക്കാനുള്ള സാധ്യതയും കൂടി പരിശോധിച്ചുകൊണ്ട് റെയിൽവേയുടെ ആവശ്യപ്രകാരമുള്ള പുതുക്കിയ GAD തയ്യാറാക്കാനുള്ള നടപടി എടുത്തിട്ടുണ്ട്.

(എഫ്) GAD-യ്ക്ക് റെയിൽവേയിൽനിന്നും പ്രാഥമികാംഗീകാരം ലഭിച്ച ശേഷമേ അലൈൻമെന്റ് പൂർത്തിയാക്കാൻ കഴിയുകയുള്ളൂ. അലൈൻമെന്റ് അംഗീകാരത്തിനുശേഷമേ ഡി.പി.ആർ. പൂർത്തിയാക്കാൻ കഴിയൂ. ഇപ്പോൾ നിലവിൽ സ്വീകരിച്ചിരുന്ന അലൈൻമെന്റിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

**നെടുമങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ**

10(1082) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ കാലയളവിൽ നെടുമങ്ങാട് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖാന്തരം നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

ഈ സർക്കാർ കാലയളവിൽ നെടുമങ്ങാട് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് പാലം വിഭാഗത്തിനുകീഴിൽ വാളിക്കോട്-വട്ടപ്പാറ റോഡിൽ വാളിക്കോട് പാലത്തിന്റെ നിർമ്മാണ പ്രവൃത്തി നടപ്പിലാക്കിവരുന്നു. പ്രസ്തുത പ്രവൃത്തിക്കായി

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സർക്കാർ ഉത്തരവ് G.O.(Rt.)No.624/2018/PWD തീയതി 31-3-2018 പ്രകാരം 6 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

ദേശീയപാത വിഭാഗത്തിന്റെ പരിധിയിൽ സി.ആർ.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ "പൗഡിക്കോണം സൊസൈറ്റി ജംഗ്ഷൻ - അയിരൂർപ്പാറ-പോത്തൻകോട് റോഡ് അഭിവൃദ്ധിപ്പെടുത്തൽ" എന്ന പ്രവൃത്തിയുടെ അയിരൂർപ്പാറ-പോത്തൻകോട് ഭാഗം (2.5 കി.മീ.) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടതാണ്. പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

കെ.എസ്.റ്റി.പി.യുടെ അധീനതയിലുള്ള എം.സി. റോഡിൽ കാട്ടായിക്കോണം മുതൽ തൈക്കോട് വരെയുള്ള 7 കി.മീ. ഭാഗത്ത് ലോകബാങ്ക് ധനസഹായത്തോടെ നടപ്പിലാക്കുന്ന മാതൃക സുരക്ഷാ ഇടനാഴി പദ്ധതിയുടെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. കെ.എസ്.റ്റി.പി.-യുടെ അധീനതയിലുണ്ടായിരുന്ന മണ്ണന്തല-തൈക്കോട് റോഡിൽ അരുവിയോട് മുതൽ തൈക്കോട് വരെ 13/500 കി.മീ. ഭാഗത്തും, പേരൂർക്കട-നെടുമങ്ങാട് റോഡിൽ വഴയില മുതൽ പുത്തൻപാലം വരെയുള്ള 12 കി.മീ. റോഡിലും മെയിന്റനൻസ് പ്രവൃത്തികളും നടത്തിയിരുന്നു.

നിരത്തുകൾ, കെട്ടിട വിഭാഗങ്ങൾ മുഖാന്തരം നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.* നബാർഡിന്റെ ധനസഹായത്തോടെ മണ്ഡലത്തിൽ 4 കോടിയുടെ പ്രവൃത്തികൾ നടന്നുവരുന്നു.

**പ്രളയാനന്തരം റോഡ് പുനർനിർമ്മാണം**

11(1083) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആർ.ഐ.ഡി.എഫ്, സി.ആർ.എഫ്, നബാർഡ് എന്നിവ വഴി നാളിതുവരെ എത്രകോടി രൂപയുടെ പ്രവൃത്തികളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) 2018, 2019 വർഷങ്ങളിലെ പ്രളയാനന്തരം എത്ര കിലോമീറ്റർ റോഡുകൾ പുനർനിർമ്മിച്ചിട്ടുണ്ടെന്നും ഇതിനായി എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) പൊതുമരാമത്ത് നിരത്തുകൾ വിഭാഗത്തിനു കീഴിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നബാർഡ് RIDF ഫണ്ട് ഉപയോഗിച്ച് 2016-17 സാമ്പത്തിക വർഷത്തിൽ RIDF XXII-ൽ ഉൾപ്പെടുത്തി 147.55 കോടി രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ RIDF XXIII-ൽ ഉൾപ്പെടുത്തി 146.68 കോടി രൂപയും 2018-19 സാമ്പത്തിക വർഷത്തിൽ RIDF XXIV-ൽ ഉൾപ്പെടുത്തി G.O.(Rt.) No.1777/2018/PWD dated 15-11-2018 ഉത്തരവ് പ്രകാരം 110.2503 കോടി രൂപയും G.O.(Rt.)No.202/2019/PWD dated 11-2-2019 പ്രകാരം 349.95 കോടി രൂപയും 2019-2020 സാമ്പത്തിക വർഷത്തിൽ RIDF XXV-ൽ ഉൾപ്പെടുത്തി 141.67 കോടി രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ RIDF XXII-ൽ RIDF XXIII, RIDF XXIV-ലെ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. RIDF XXII-ലേയും RIDF XXIII-ലേയും ഭൂരിഭാഗം പ്രവൃത്തികളും പൂർത്തീകരിക്കുകയും ചെയ്തു.

പാലം വിഭാഗത്തിനു കീഴിൽ നബാർഡ് RIDF ഉപയോഗിച്ച് 2016-17 സാമ്പത്തിക വർഷത്തിൽ, RIDF XXII-ൽ ഉൾപ്പെടുത്തി 30.25 കോടി രൂപയും 2018-19 സാമ്പത്തിക വർഷത്തിൽ RIDF XXIV-ൽ ഉൾപ്പെടുത്തി ജി.ഒ.(ആർ.ടി)നമ്പർ 1777/2018/പൊ.മ.വ. തീയതി 15-11-2018 പ്രകാരം 5 കോടി രൂപയും ജി.ഒ.(ആർ.ടി)നമ്പർ 202/2019/പൊ.മ.വ. തീയതി 11-2-2019 പ്രകാരം 18.4923 കോടി രൂപയും ഭരണാനുമതി ലഭിച്ചിരുന്നു. ആയതിൽ RIDF XXII-ലെയും, XXIII-ലെയും പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തു.

ദേശീയപാത വിഭാഗത്തിനുകീഴിൽ CRF പദ്ധതിയിൽ 2016-17 സാമ്പത്തിക വർഷത്തിൽ 29 പദ്ധതികൾക്ക് 397 കോടി രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ 17 പദ്ധതികൾക്ക് 230.99 കോടി രൂപയും 2018-19 സാമ്പത്തിക വർഷത്തിൽ 56 പദ്ധതികൾക്ക് 801 കോടി രൂപയും എന്ന ക്രമത്തിൽ ഭരണാനുമതി നൽകി നടപ്പാക്കിവരുന്നു.

കെട്ടിട വിഭാഗത്തിനുകീഴിൽ ആർ.ഐ.ഡി.എഫ്., നബാർഡ് എന്നിവ വഴി നാളിതുവരെ 225.54 കോടി രൂപയുടെ പ്രവൃത്തികളാണ് ആരംഭിച്ചിട്ടുള്ളത്.

(ബി) നിരത്ത് വിഭാഗത്തിനു കീഴിൽ 2018 പ്രളയാനന്തരം 2018-19 സാമ്പത്തിക വർഷത്തിൽ RIDF XXIV-ൽ ഉൾപ്പെടുത്തി 438 കി.മീ. റോഡുകൾക്കും 2019-20 സാമ്പത്തിക വർഷത്തിൽ RIDF XXV-ൽ ഉൾപ്പെടുത്തി 130.43 കി.മീ. റോഡിനും 601.87 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

ദേശീയപാത വിഭാഗത്തിനു കീഴിൽ 2018, 2019 വർഷങ്ങളിലെ പ്രളയാനന്തരം റോഡുകൾക്ക് സംഭവിച്ച നാശനഷ്ടങ്ങൾക്ക് താല്ക്കാലിക പരിഹാരമായി OR-ൽ 46.17 കോടി രൂപയും FDR-ൽ 28.40 കോടി രൂപയും കേന്ദ്രത്തിൽനിന്ന് ലഭിച്ചിട്ടുണ്ട്. ഇതുപയോഗിച്ച് താത്കാലികമായി അറ്റകുറ്റപ്പണികൾ നടത്തി ദേശീയപാത ഗതാഗതയോഗ്യമാക്കിയിരുന്നു. ഇതുകൂടാതെ ഇവയുടെ സ്ഥായിയായ റിപ്പയറിനുവേണ്ട പദ്ധതികൾ കേന്ദ്ര മന്ത്രാലയത്തിന്റെ ആന്വൽ പ്ലാനിലും ആന്വൽ റിന്യൂവൽ പ്രോഗ്രാമിലും ഉൾപ്പെടുത്തി അനുമതി ലഭിച്ചമുറയ്ക്ക് നടപ്പിലാക്കിവരുന്നു (446.32 കി.മീ - 602 കോടി). കൂടാതെ 2018-ൽ സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി 56 പദ്ധതികൾക്ക് (റോഡ് -54 എണ്ണം (702.72 കി.മീ), പാലങ്ങൾ - 2 എണ്ണം) 801 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതികൾ പുരോഗമിച്ചുവരുന്നു.

**പൊതുമരാമത്ത് വകുപ്പിലെ ടെണ്ടർ നടപടികൾ**

12(1084) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് വകുപ്പിൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച പല പ്രവൃത്തികളും നാളുകളായിട്ടും പണി ആരംഭിക്കാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

ഉത്തരം

പൊതുമരാമത്ത് വകുപ്പിൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടും പണി ആരംഭിക്കാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിൽ കേരള വാട്ടർ അതോറിറ്റി, കേരള ഇലക്ട്രിസിറ്റി ബോർഡ് എന്നിവയുടെ യൂട്ടിലിറ്റികൾ, മരങ്ങൾ എന്നിവ മാറ്റി സ്ഥാപിക്കുന്നതിലെ തടസ്സങ്ങൾ വന്നിട്ടുണ്ടെങ്കിൽ അത് മാറ്റാനുള്ള കാലതാമസം അനുസരിച്ച് പ്രവൃത്തികൾ തുടങ്ങാൻ സാധിക്കാതെ വരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന്റെ കീഴിൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച പ്രവൃത്തികളിൽ client department-ന്റെ തടസ്സരഹിത സ്ഥലം ലഭ്യമാകാത്തതുമൂലമോ കെട്ടിടങ്ങൾ പൊളിച്ചുമാറ്റേണ്ട സാഹചര്യത്തിലോ വൃക്ഷങ്ങൾ മുറിച്ചു മാറ്റാൻ വനം വകുപ്പിന്റെ അനുമതി കിട്ടാത്ത സാഹചര്യത്തിലോ ആണ് പ്രവൃത്തികൾ ആരംഭിക്കാൻ താമസം നേരിടുന്നത്. ഇത്തരം പണികൾ ആരംഭിക്കുന്നതിന് നിരന്തരം ഡിപ്പാർട്ട്മെന്റ് തലവന്മാർക്ക് കത്തുകൾ നൽകുകയും ഭൂമി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന്റെ പരിധിയിൽ CRF പദ്ധതിയിൽ ഉൾപ്പെടുത്തി

പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി-പുല്ലാട് സെക്ടർ പുനരുദ്ധാരണ പ്രവൃത്തി വാട്ടർ അതോറിറ്റിയുടെ പൈപ്പിടൽ നീണ്ടു പോയതിനാൽ ടെണ്ടർ നടപടി പൂർത്തിയായിട്ടും പണി ആരംഭിക്കാൻ സാധിച്ചില്ല. ഈ പ്രവൃത്തി പിന്നീട് റീ-ടെണ്ടർ ചെയ്ത് ആരംഭിച്ചിട്ടുണ്ട്.

പ്രവൃത്തിയുമായി ബന്ധപ്പെട്ട കാരണങ്ങളില്ലാതെ പ്രവൃത്തി വൈകിപ്പിക്കുന്ന കോൺട്രാക്ടർക്കെതിരെ പൊതുമരാമത്ത് വകുപ്പ് മാന്വൽ പ്രകാരം നടപടികൾ സ്വീകരിക്കാറുണ്ട്.

**പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതികൾ**

13(1085) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിനു കീഴിൽ നടന്നു വരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകുമോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ;

(ബി) 2016-17, 2017-18, 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിൽ തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് പൂർത്തീകരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) 2019-20-ലെ ബജറ്റിൽ തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഈ പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ഉത്തരം

(എ) പൊതുമരാമത്ത് നിരത്ത് വിഭാഗത്തിനു കീഴിൽ ശംഖുംമുഖം-വേളി റോഡിലും ആൾസെയിന്റ്സ്-വേളി റോഡിലുമുള്ള പാച്ച് വർക്കുകൾ അവസാനഘട്ടത്തിലാണ്. സെന്റ് സേവിയേഴ്സ് ജംഗ്ഷൻ-ബി.എസ്.എഫ്. റോഡ്, അപ്രോച്ചസ് മുതൽ എൻ.എച്ച് ബൈപ്പാസ് റോഡ്, മണക്കാട് വലിയതുറ റോഡ് - പൊന്നറ ബ്രിഡ്ജ് മുതൽ വലിയതുറ വരെ, കല്ലുമൂട് പെരുനെല്ലി റോഡ്, ഈഞ്ചക്കൽ-വള്ളക്കടവ്-പൊന്നറ ബ്രിഡ്ജ് റോഡ്, വെസ്റ്റ് ഫോർട്ട് കൈതമുക്ക് (പുന്നപുരം കോളനി) റോഡ്, സെന്റ് സേവിയേഴ്സ് വലിയതുറ (തൈവിളാകം) റോഡ്, എയർപോർട്ട് ചീലാന്തി മുക്ക് റോഡ്, അട്ടക്കുളങ്ങര തിരുവല്ലം റോഡ് (0/000 മുതൽ 2/000 വരെ), അട്ടക്കുളങ്ങര തിരുവല്ലം റോഡ് (200/000 മുതൽ 4/230), ബീമാപള്ളി വലിയതുറ (0/750 മുതൽ 1/290), പൂന്തുറ ചെറിയമുട്ടം റോഡിലെ സൈഡ് ഓട നിർമ്മാണം, വലിയതുറ എയർപോർട്ട് റോഡ്,

ബീമാപള്ളി പൂന്തുറ റോഡ് (0/000 മുതൽ 0/250, 1/250 മുതൽ 2/514), കൈതമുക്ക് പേട്ട റോഡ് (0/600 മുതൽ 1/450), അട്ടക്കുളങ്ങര തിരുവല്ലം റോഡ് (കല്ലാട്ടുമുക്ക്) - പ്രവൃത്തി പുരോഗമിക്കുന്നു. കൂടാതെ ബഡ്ജറ്റ് വർക്കുകളായ അമ്പലത്തറ പൂന്തുറ റോഡ്, വെസ്റ്റ് ഫോർട്ട് കാഞ്ഞിരവിളാകം റോഡ് ഇവയുടെ പ്രവൃത്തിയും പുരോഗമിക്കുന്നു.

പാലം വിഭാഗത്തിനു കീഴിൽ പൊന്നറ പാലത്തിന്റെ നിർമ്മാണ പ്രവൃത്തിക്കായി സർക്കാർ ഉത്തരവ് നമ്പർ G.O.(Rt)No.806/2015/PWD dated 1-6-2015 പ്രകാരം 1480 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. 26-12-2016-ൽ സാങ്കേതികാനുമതിയും ലഭ്യമായി. തുടർന്ന് പ്രവൃത്തി ടെണ്ടർ ചെയ്യുകയും ശ്രീ. ഐ. വി. സിറോജ് എന്ന കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. ഇപ്പോൾ പാലം നിർമ്മാണം അന്തിമഘട്ടത്തിലാണ്. അപ്രോച്ച് റോഡിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. വള്ളക്കടവ് താൽക്കാലിക ഡൈവേർഷൻ റോഡിന്റെ നിർമ്മാണപ്രവൃത്തിക്കായി സർക്കാർ ഉത്തരവ് G.O.(Rt) No.1221/2018/PWD dated 6-8-2018 പ്രകാരം 70 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. നിർമ്മാണ പ്രവൃത്തി ടെണ്ടർ ചെയ്യുകയും ശ്രീ. എ. നുഹ്ഖാൻ എന്ന കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്തു നടപ്പിലാക്കി വരുന്നു. നിലവിൽ ഫൗണ്ടേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചു. സംരക്ഷണ ഭിത്തികളുടെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചു.

കെട്ടിടം വിഭാഗത്തിനു കീഴിൽ നടന്നുവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) നിരത്തു വിഭാഗത്തിനു കീഴിൽ

2016-17

1. ശംഖുമുഖം - വേളി റോഡിൽ 20 എം.എം. സി.സി. ഉപയോഗിച്ചുള്ള അപാകത മാറ്റൽ - 6 ലക്ഷം രൂപ.
2. തിരുവനന്തപുരം കോർപ്പറേഷനിലെ ആയുർവേദ കോളേജ് - കുന്നുപുറം റോഡിന്റെ വീതി കൂട്ടിയുള്ള നവീകരണം - 234 ലക്ഷം രൂപ.
3. റോസ് ഹൗസ് - പനവിള റോഡിന്റെ നവീകരണം - 46.5 ലക്ഷം രൂപ.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

2017-18

1. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം- താമരക്കുളം- കീരിക്കുഴി റോഡ്, പറമ്പിപാലം - കല്ലുപാലം-തോട്ടുമുഖം- മുഴിതിരിയാർ വട്ടം റോഡ്, പാച്ചിറതളിയൂർ ടെമ്പിൾ റോഡ്, മസ്താൻമുക്ക് റോഡ്, ചെറുക്കര-പുള്ളിക്കാംവീട് റോഡ് തുടങ്ങിയ റോഡുകളുടെ ടാറിംഗ് പ്രവൃത്തികൾ 60 ലക്ഷം രൂപ.
2. എൻ.എസ്. ഡിപ്പോ - വള്ളക്കടവ് റോഡ് പൊന്നറ ബ്രിഡ്ജ് വരെ പുനരുദ്ധാരണം - 60 ലക്ഷം രൂപ.

2018-19

1. എം.എൽ.എ – എസ്.ഡി.എഫ്. ജി.വി രാജ റസിഡന്റ്സ് എ സ്ട്രീറ്റ് റോഡ് നിർമ്മാണം - 5.3 ലക്ഷം രൂപ.
2. OR 2018-19 ചാക്ക എയർപോർട്ട് റോഡിലെ അനധികൃത കയ്യേറ്റങ്ങൾ പൊളിച്ചു മാറ്റൽ - 4.5 ലക്ഷം രൂപ.
3. വേളി-ശംഖുംമുഖം റോഡിലെ അത്യാവശ്യ അറ്റകുറ്റപ്പണികൾ - 7 ലക്ഷം രൂപ.
4. അട്ടക്കുളങ്ങര – കിള്ളിപ്പാലം 40 എം.എം.സി.സി. ഉപയോഗിച്ച് അഭിവൃദ്ധിപ്പെടുത്തൽ-115 ലക്ഷം രൂപ.

2019-20

ശംഖുമുഖം-വേളി റോഡിലെ അത്യാവശ്യ അറ്റകുറ്റപ്പണികളും ഇന്റർലോക്കിംഗും - 16 ലക്ഷം രൂപ.

ദേശീയപാത വിഭാഗത്തിനു കീഴിൽ 2017-18 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ സെൻട്രൽ റോഡ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തി ആരംഭിച്ച "ജഗതി-തിരുവല്ലം (MDR) റോഡ് തിരുവനന്തപുരം ജില്ല" എന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

കെട്ടിടം വിഭാഗത്തിനു കീഴിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) നിരത്ത് വിഭാഗത്തിനു കീഴിൽ സ്റ്റാച്യു - ജനറൽ ഹോസ്പിറ്റൽ - വഞ്ചിയൂർ റോഡ് നവീകരണം - 200 ലക്ഷം രൂപ – ടെണ്ടർ നടപടിയിലാണ്.

കെട്ടിടം വിഭാഗത്തിനു കീഴിൽ നടന്നുവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ബസ് ഷെൽട്ടറുകളുടെ പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള നടപടി

14(1086) ശ്രീ. എം. സി. കമറുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16-ലെ എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ 17 സ്ഥലങ്ങളിൽ ഹൈടെക് ബസ് ഷെൽട്ടറുകൾ സ്ഥാപിക്കുന്നതിന് സ.ഉ.(സാധാ)നമ്പർ 339/16/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഭരണാനുമതി നല്കി പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡിനെ ചുമതലപ്പെടുത്തി വർഷങ്ങൾ കഴിഞ്ഞിട്ടും പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കാത്തതു സംബന്ധിച്ച വിശദവിവരം അറിയിക്കാമോ;

(ബി) പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ് പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും പ്രസ്തുത ഏജൻസിയുമായുള്ള കരാറിന്റെ വിശദവിവരവും ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഏജൻസിക്ക് അഡ്വാൻസ് തുക നല്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ഡി) പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ് ഏറ്റെടുത്ത പ്രസ്തുത പ്രവൃത്തി കാലങ്ങളായി പൂർത്തിയാക്കാതെ ഇക്കാര്യത്തിൽ ഗുരുതരമായ വീഴ്ച വരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) അന്തരിച്ച മുൻ മഞ്ചേശ്വരം എം.എൽ.എ. പി. ബി. അബ്ദുൽ റസാക്ക് ഇതുസംബന്ധിച്ച് പലതവണ പരാതി നല്കിയിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ബസ് ഷെൽട്ടറുകളുടെ പ്രവൃത്തി സമയബന്ധിതമായി ഇനിയെങ്കിലും പൂർത്തിയാക്കുന്നതിന്എന്തു നടപടിയാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) 28-1-2016-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 339/16/LSGD പ്രകാരം മഞ്ചേശ്വരം നിയമസഭാ മണ്ഡലം അതിർത്തിയിൽ ഉൾപ്പെട്ട 17 അംഗീകൃത ബസ് സ്റ്റോപ്പുകളിൽ ആധുനിക ബസ് ഷെൽട്ടറുകൾ നിർമ്മിക്കുന്നതിലേയ്ക്ക് 75,14,310 (എഴുപത്തിഅഞ്ചുലക്ഷത്തി പതിനാലായിരത്തി മൂന്നൂറ്റി പത്ത്) രൂപ മതിപ്പ് ചെലവ് നിശ്ചയിച്ച് MLA - ADS 2015-16

പദ്ധതിയിൽ കണക്ക ശീർഷകം 4515-00-800-96-LAC ADS (NP)-ൽ ഉൾപ്പെടുത്തി സർക്കാർ ഭരണാനുമതി നൽകിയിട്ടുള്ളതാണ്. പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ് കമ്പനിയെ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ച് സർക്കാരിന്റെ പ്രത്യേക അനുമതിയോടെ ഡെപ്പോസിറ്റ് വർക്കായി പദ്ധതിക്ക് പ്രവർത്തനാനുമതിയും നൽകി.

പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ് വിശദമായ പ്രോജക്ട് റിപ്പോർട്ടും 17 ബസ് ഷെൽട്ടറുകളുടെ എസ്റ്റിമേറ്റും തയ്യാറാക്കുകയുണ്ടായി. സാങ്കേതികാനുമതി നമ്പർ 06/TS/MD/PBSKL/2015-16 തീയതി 10-2-2016 പ്രകാരം അനുവദിക്കുകയുണ്ടായി. ടി പ്രവൃത്തിക്ക് കാസർഗോഡ് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എഗ്രിമെന്റ് നമ്പർ EE/LSGD/KSG/262/2015-16 തീയതി 26-2-2016 പ്രകാരം വർക്ക് എഗ്രിമെന്റ് പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സ് മാനേജിംഗ് ഡയറക്ടറുമായി കരാർ ഒപ്പു വച്ചു. ടി കരാർ പ്രകാരം പൂർത്തീകരണ കാലാവധിയായ 3 മാസം 25-5-2016-ൽ അവസാനിച്ചു. എന്നാൽ, പദ്ധതി നടത്തിപ്പിനായി കമ്പനി ചുമതലപ്പെടുത്തിയ സംയുക്ത സംരംഭ പാർട്ട്ണറായ M/s Green Traders യഥാസമയം പ്രവൃത്തി പൂർത്തീകരിക്കുന്നതിന് വീഴ്ച വരുത്തിയിട്ടുള്ളതാണ്. ആയതിനാൽ ടി സ്ഥാപനത്തിനെതിരെ 12-12-2018-ന് ഫൈനൽ നോട്ടീസ് നൽകുകയുണ്ടായി.

(ബി) ടി പ്രവൃത്തികളുടെ നിർവ്വഹണത്തിനായി പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ് കമ്പനി താല്പര്യപത്രം ക്ഷണിച്ച് തയ്യാറാക്കിയ എംപാനൽഡ് ലിസ്റ്റിലുള്ള ഗ്രീൻ ട്രേഡേഴ്സ് കമ്പനി (ചീഫ് എക്സിക്യൂട്ടീവ് ശ്രീ. ഷഹനാസ് പാലക്കൽ) 1061, Index Tower-II, Behind Mahatma College, Valancherry, Malappuram District, PIN 676552 എന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കുകയും പരസ്പരം അംഗീകരിച്ച നിബന്ധനകളോടെ 27-2-2016-ന് കരാർ നമ്പർ PBSKL/GT/JV agreement dated 27-2-2016) ഒപ്പുവയ്ക്കുകയും ടി പ്രവൃത്തിയുടെ നിർവ്വഹണ ചുമതല ഗ്രീൻ ട്രേഡേഴ്സ് എന്ന സ്ഥാപനത്തെ ഏൽപ്പിക്കുകയും ചെയ്തു. ടി കരാർ അനുസരിച്ച് എസ്റ്റിമേറ്റ് തുക പ്രകാരമുള്ള പ്രവൃത്തികൾ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി കമ്പനി ഏർപ്പെട്ടിട്ടുള്ള വ്യവസ്ഥകൾ പ്രകാരം പൂർത്തിയാക്കാൻ JV പാർട്ട്ണർ സ്ഥാപനം ബാധ്യസ്ഥമാണ്.

(സി) അഡ്വാൻസ് തുക ഇനത്തിൽ പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സ് കമ്പനിക്ക് 18,75,500 (പതിനെട്ട് ലക്ഷത്തി എഴുപത്തി അയ്യായിരത്തി അഞ്ഞൂറ് രൂപ) കാസർഗോഡ് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ അനുവദിക്കുകയും ടി തുക (18.75 ലക്ഷം) 4-10-2016-ന് സംയുക്ത സംരംഭ പാർട്ട്ണർ യഥാസ്ഥാപനത്തിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. ഷഹനാസ് പാലയ്ക്കലിന് പ്രവൃത്തി നിർവ്വഹണത്തിനായി നൽകുകയും ചെയ്യുകയുണ്ടായി.

(ഡി) പ്രവൃത്തി പൂർത്തിയാക്കുന്നതിൽ സംയുക്ത സംരംഭ പാർട്ട്ണർ സ്ഥാപനം വീഴ്ച വരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിയമസഭാ തെരഞ്ഞെടുപ്പ് (2016 KLA) സംബന്ധിച്ച് പെരുമാറ്റച്ചട്ടം പ്രാബല്യത്തിലുണ്ടായിരുന്നതിനാൽ ഈ പ്രവൃത്തികളുടെ നിർവ്വഹണം യഥാസമയം തുടങ്ങാൻ കഴിഞ്ഞില്ല. കരാർ പ്രകാരമുള്ള 17 ബസ് ഷെൽട്ടറുകളിൽ താഴെപ്പറയുന്ന 4 എണ്ണം പൂർത്തീകരിച്ചിട്ടുള്ളതാണ്.

1. Sl.No.4 മുട്ടം ജംഗ്ഷൻ, മംഗൽപാടി പഞ്ചായത്ത്

2. Sl.No.5 നയാബസാർ, മംഗൽപാടി ഗ്രാമ പഞ്ചായത്ത്

3. Sl.No.6 മംഗൽപാടി ഗ്രാമ പഞ്ചായത്ത്

4. Sl.No.9 ആരിക്കാടി സ്റ്റോപ്പ്, കുമ്പള ഗ്രാമ പഞ്ചായത്ത്

ടി ഷെൽട്ടറിന്റെ നെയിംബോർഡ് സ്ഥാപിക്കുന്നതിൽ എം.എൽ.എ. (യശശ്ശരീരനായ പി. ബി. അബ്ദുൽ റസ്സാക്ക്, മുൻ എം.എൽ.എ.) ബോർഡ് മാറ്റർ-ഡിസ്‌പ്ലേ കൈമാറാൻ താമസമുണ്ടായതിനാൽ നെയിംബോർഡ് സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല. ബാക്കി 13 ബസ് ഷെൽട്ടറുകൾ പൂർത്തീകരിച്ചതായി കാണുന്നില്ല.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 18-6-2018, 14-8-2018 എന്നീ തീയതികളിലെ മുൻ എം.എൽ.എ. അബ്ദുൽ റസ്സാക്ക് അവർകളുടെ പരാതിയിന്മേൽ ബഹുമാനപ്പെട്ട പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സമക്ഷം 10-7-2018-ന് മറുപടി സമർപ്പിച്ചിട്ടുള്ളതാണ്.

(എഫ്) പ്രതീക്ഷാ ബസ് ഷെൽട്ടർ കേരള ലിമിറ്റഡ് 12-12-2018-ന് സംയുക്ത സംരംഭ പാർട്ട്ണർക്ക് ഫൈനൽ നോട്ടീസ് കൊടുത്തു. 2019 ജൂൺ മാസം 16-ന് സംയുക്ത സംരംഭ പാർട്ട്ണർ ശ്രീ. ഷഹനാസ് പാലയ്ക്കലുമായി പ്രതീക്ഷാ മാനേജിംഗ് ഡയറക്ടർ കൂടിക്കാഴ്ച നടത്തുകയുണ്ടായി. പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കരാറുകാരൻ വരുത്തിയ ഗുരുതരമായ വീഴ്ചയ്ക്ക് ടിയാനെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## കാരന്തൂർ - പടനിലം ബൈപ്പാസ് പദ്ധതി

15(1087) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേ 766-ന് സമാന്തരമായി കുന്ദമംഗലം ടൗണിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ കാരന്തൂർ, പണ്ടാരപ്പറമ്പ, ഉണ്ടോടിക്കടവ്, പടനിലം ഭാഗങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ബൈപ്പാസ് നിർമ്മിക്കാനുള്ള പദ്ധതി ആർ.ബി.ഡി.സി.കെ തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി എത്ര ഘട്ടമായാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) ഓരോ ഘട്ടത്തിനും എത്ര രൂപ വീതം ചെലവുവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വെളിപ്പെടുത്താമോ;

(ഡി) ബജറ്റിൽ പ്രഖ്യാപിച്ച പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിൽ കാലതാമസം വരുന്നതിന് കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) നിലവിൽ ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദവിവരം വെളിപ്പെടുത്താമോ ?

### ഉത്തരം

(എ-ഇ) കിഫ്ബിയിൽ ഉൾപ്പെടുത്തി പണ്ടാരപ്പറമ്പ്-ഉണ്ടോടിക്കടവ് ബൈപ്പാസിന് 27-9-2016-ലെ സ.ഉ(സാധാ) നമ്പർ 1324/2016/പൊ.മ.വ പ്രകാരം ഭരണാനുമതി നൽകുകയും ആർ.ബി.ഡി.സി.കെ.-യെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി ചുമതലപ്പെടുത്തുകയുമുണ്ടായി. പ്രസ്തുത ബൈപ്പാസ് പദ്ധതി പ്രധാന റോഡുകളുമായി ബന്ധിപ്പിക്കപ്പെടാത്തതിനാൽ ദേശീയപാതയുടെ ഭാഗമായ പടനിലം, കാരന്തൂർ എന്നിവിടങ്ങളിലേയ്ക്ക് ദീർഘിപ്പിച്ച് 3 ഭാഗങ്ങളായി ചെയ്യുന്നതിന് പുതുക്കിയ ഭരണാനുമതി നൽകണമെന്ന് ആർ.ബി.ഡി.സി.കെ. ആവശ്യപ്പെടുകയുണ്ടായി. പ്രവൃത്തിക്കായി ഒരോ ഘട്ടങ്ങളിലും പ്രതീക്ഷിക്കുന്ന ഏകദേശ ചെലവ് ഉൾപ്പെടുത്തി ആർ.ബി.ഡി.സി.കെ. സമർപ്പിച്ച പ്രോജക്ട് കൺസപ്റ്റ് നോട്ട് പ്രകാരമുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു:

| ഫേസ് | റോഡ് സ്ട്രെച്ച് | അപ്രോക്സിമേറ്റ് കോസ്റ്റ് |
|---|---|---|
| ഫേസ്-1 | പണ്ടാരപ്പറമ്പ്-ഉണ്ടോടിക്കടവ് | 62.15 കോടി |
| ഫേസ്-2 | ഉണ്ടോടിക്കടവ്-പടനിലം | 24.90 കോടി |
| ഫേസ്-3 | പണ്ടാരപ്പറമ്പ് - കാരന്തൂർ | 96.40 കോടി |

ആർ.ബി.ഡി.സി.കെ. സമർപ്പിച്ച പ്രസ്തുത പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു.

**കിഫ്ബി ഫണ്ട് മുഖേന പുതിയ പാലങ്ങൾ**

16(1088) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് മുഖേന സംസ്ഥാനത്ത് എത്ര പുതിയ പാലങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും എത്ര കിലോമീറ്റർ റോഡുകൾ പുനർ നിർമ്മിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) കേരളത്തിൽ നിലവിൽ എത്ര കിലോമീറ്റർ റോഡുകൾ പൊതുമരാമത്ത് അധീനതയിൽ ഉണ്ടെന്നും ഇതിൽ എത്ര കിലോമീറ്റർ നിലവിൽ പരിഷ്കരിക്കാൻ നടപടിയായിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പാലങ്ങളിൽ ഇതുവരെയായി 18 പാലങ്ങളുടെ പ്രവൃത്തി ആരംഭിച്ച് നടന്നുവരുന്നു. ഈ പാലങ്ങളുടെയൊന്നുംതന്നെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളിൽ 2454 കി.മീ. നീളം വരുന്ന 168 റോഡുകൾക്കും 513.6 കി.മീ. നീളം വരുന്ന 20 മലയോര ഹൈവേ പ്രവൃത്തികൾക്കും 18.85 കി.മീ. നീളം വരുന്ന 2 തീരദേശ ഹൈവേ പ്രവൃത്തികൾക്കും നിലവിൽ കിഫ്ബിയുടെ അംഗീകാരം ലഭ്യമായിട്ടുണ്ട്. ഇതിൽ 1408 കി.മീ. വരുന്ന 97 റോഡുകളുടെയും 177.7 കി.മീ. നീളം വരുന്ന 7 മലയോര ഹൈവേ പ്രവൃത്തികളുടേയും 15 കി.മീ. നീളം വരുന്ന 1 തീരദേശ ഹൈവേ പ്രവൃത്തിയുടേയും നിർമ്മാണം ആരംഭിക്കുകയും 64.6 കി.മീ. വരുന്ന 7 റോഡ് പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിന്റെ അധീനതയിൽ 4342 കി.മീ. സംസ്ഥാനപാതയും 27470 കി.മീ. പ്രധാന ജില്ലാ പാതകളുമാണ് ഉള്ളത്. ഇതിൽ 9530 കി.മീ. റോഡ് കഴിഞ്ഞ നാല് വർഷങ്ങളിൽ പുനരുദ്ധരിച്ചിട്ടുണ്ട്. കൂടാതെ പ്ലാൻ, നബാർഡ് ഫണ്ടുകളിൽ ഭരണാനുമതി ലഭിച്ച 2800 കി.മീ. റോഡുകളുടെ പ്രവൃത്തികളും നടപ്പിലാക്കി വരുന്നു.

**കിഫ്ബി മുഖാന്തരമുള്ള പാലം നിർമ്മാണ പ്രവൃത്തികൾ**

17(1089) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തിയതും കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്നതുമായ വൈപ്പിൻ മണ്ഡലത്തിലെ പാലം നിർമ്മാണ പ്രവൃത്തികൾ

ഏതൊക്കെ എന്നും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിർമ്മാണ പുരോഗതികൾ വിശദമാക്കാമോ?

ഉത്തരം

(എ)

1. കിഫ്ബി 2017-18 വൈപ്പിൻ നിയോജകമണ്ഡലത്തിലെ കടമക്കുടി-പിഴല പാലം നിർമ്മാണം-4000 ലക്ഷം രൂപ
2. കിഫ്ബി 2016-17 വൈപ്പിൻ നിയോജകമണ്ഡലത്തിലെ നായരമ്പലം-ഹെർബർട്ട് പാലം നിർമ്മാണം- 100 ലക്ഷം രൂപ

(ബി)

1. കടമക്കുടി-പിഴല പാലത്തിന്റെ ഫീസിബിലിറ്റി റിപ്പോർട്ട് സമർപ്പിച്ചതിൻ പ്രകാരമുള്ള മാറ്റങ്ങൾ വരുത്തി, പുതുക്കിയ പ്രാഥമിക ഡിസൈൻ തയ്യാറായിട്ടുണ്ട്. ഇതനുസരിച്ചുള്ള DPR തയ്യാറാക്കിയാൽ മാത്രമേ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കാൻ കഴിയുകയുള്ളൂ.
2. നായരമ്പലം - ഹെർബർട്ട് പാലത്തിന്റെ സാമ്പത്തികാനുമതിക്കു വേണ്ടിയുള്ള ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിക്കുകയും കിഫ്ബിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി ഈ പ്രവൃത്തിക്ക് 10.4 കോടി രൂപയുടെ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

**റോഡ് ടാറിംഗിന് പ്ലാസ്റ്റിക്**

18(1090) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് ടാറിംഗിന് പ്ലാസ്റ്റിക് ഉപയോഗിക്കണമെന്ന മാനദണ്ഡം പാലിക്കണമെന്ന് പൊതുമരാമത്ത് കരാറുകാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്തെ പൊതുമരാമത്ത് കരാറുകാർക്ക് പ്ലാസ്റ്റിക് ഉരുക്കിയെടുക്കുന്നതിനുള്ള യന്ത്രസംവിധാനത്തിന്റെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് അറിയിക്കാമോ ;

(സി) ആയത് പരിഹരിക്കുന്നതിനും റോഡ് ടാറിംഗിന് പ്ലാസ്റ്റിക് ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നു എന്ന് ഉറപ്പു വരുത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) ഉണ്ട്. മാനദണ്ഡങ്ങൾ പാലിച്ച് ബി.സി. പ്രവൃത്തിക്കുള്ള മിക്സ് തയ്യാറാക്കുമ്പോൾ ഷ്രെഡഡ് പ്ലാസ്റ്റിക് കൂടി ചേർക്കുകയാണ് ചെയ്യാറുള്ളത്. പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ ഇത് പാലിച്ചു എന്ന് ഉറപ്പ് വരുത്താൻ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ ബാധ്യസ്ഥരാണ്.

**റോഡ് നിർമ്മാണം**

19(1091) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇതുവരെയായി എത്ര കിലോമീറ്റർ റോഡാണ് മലയോര ഹൈവേയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ഹിൽ ഹൈവേയിൽ ഇനിയും എത്ര കിലോമീറ്റർ റോഡ് നിർമ്മിക്കാനും പരിഷ്കരിക്കാനുമായി ഉണ്ടെന്നും ഇത് എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഇതുവരെയായി 7 പ്രവൃത്തികളിലായി 177.7 കി.മീ. റോഡാണ് കിഫ്ബിയിൽ ഉൾപ്പെടുത്തി മലയോര ഹൈവേ പ്രവൃത്തി നടന്നുവരുന്നത്. ഈ പ്രവൃത്തികളൊന്നുംതന്നെ പൂർത്തീകരിച്ചിട്ടില്ല.

(ബി) കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല വരെ 1251.04 കി.മീ. നീളത്തിലാണ് മലയോര ഹൈവേ നിർമ്മിക്കുന്നത്. ആലപ്പുഴ ഒഴികെയുള്ള എല്ലാ ജില്ലകളിൽക്കൂടിയും മലയോര ഹൈവേ കടന്നുപോകുന്നുണ്ട്. 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ മലയോര ഹൈവേ നിർമ്മാണത്തിനുവേണ്ടി 3500 കോടി രൂപ ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. അതനുസരിച്ച് 10-7-2017-ലെ സ.ഉ.(സാധാ) നമ്പർ 942/2017/പി.ഡബ്ല്യു.ഡി. പ്രകാരം കിഫ്ബിയിൽനിന്നും ഫണ്ട് ലഭ്യമാക്കി മലയോര ഹൈവേ നിർമ്മാണം നടത്തുന്നതിന് 3500 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. മലയോര ഹൈവേ നിർമ്മിക്കുന്നത് 12 മീറ്റർ വീതിയിലാണ്. മലയോര ഹൈവേയ്ക്ക് വേണ്ടി ആവശ്യമായ സ്ഥലം ജനപ്രതിനിധികളുടെ സഹായത്തോടെ സൗജന്യമായി ലഭ്യമാക്കി ഹൈവേ നിർമ്മിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഓരോ ജില്ലയിലും ഇത്തരത്തിൽ ഭൂമി

ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതുവരെ 513.6 കി.മീ. നീളം വരുന്ന മലയോര ഹൈവേ പ്രവൃത്തികൾക്ക് 1675.92 കോടി രൂപയുടെ സാമ്പത്തികാംഗീകാരം കിഫ്ബിയിൽ നിന്ന് ലഭിച്ചിട്ടുണ്ട്. നിലവിൽ 177.70 കി.മീ. നീളത്തിൽ 589.91 കോടി മതിപ്പ് ചെലവുള്ള മലയോര ഹൈവേയുടെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഡിസ്ട്രിക്റ്റ് ഫ്ളാഗ്ഷിപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ 49.135 കി.മീ. വരുന്ന മലയോര ഹൈവേയുടെ ഭാഗം പ്രവൃത്തി പൂർത്തീകരിച്ചു വരുന്നുണ്ട്. 12 മീറ്റർ വീതിയിൽ സ്ഥലം സൗജന്യമായി ലഭ്യമാകുന്ന മുറയ്ക്ക് ബാക്കി ഭാഗങ്ങളുടെ പ്രവൃത്തികൾക്ക് അംഗീകാരം ലഭ്യമാക്കി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

തിരുവനന്തപുരം ജില്ലയിലെ 2 പ്രവൃത്തികളും കൊല്ലം, വയനാട് ജില്ലകളിലെ ഓരോ പ്രവൃത്തിയും കാസർഗോഡ് ജില്ലയിലെ 3 പ്രവൃത്തികളും ഉൾപ്പെടെ 7 പ്രവൃത്തികൾ ആരംഭിച്ചു. പ്രവൃത്തി ആരംഭിച്ച റീച്ചുകളുടെ നിർദ്ദിഷ്ട പൂർത്തീകരണ തീയതിയുൾപ്പെടെയുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| നമ്പർ | ജില്ല | നീളം | പൂർത്തീകരിക്കുന്ന തീയതി |
|---|---|---|---|
| | തിരുവനന്തപുരം | | |
| 1 | കള്ളിക്കാട് പാറശ്ശാല ഒന്നാം ഘട്ടം | 15.495 കി.മീ. | 30-4-2020 |
| 2 | കൊല്ലായിൽ ചല്ലിമുക്ക് വിതുര റോഡ് | 21.08 കി.മീ. | 2-12-2020 |
| | കൊല്ലം ജില്ല | | |
| 3 | പുനലൂർ അഗസ്ത്യകോട് റോഡ് | 48.10 കി.മീ. | 29-6-2020 |
| | വയനാട് ജില്ല | | |
| 4 | പച്ചിലക്കാട് കൈനട്ടി കൽപ്പറ്റ ബൈപ്പാസ് റോഡ് | 16.75 കി.മീ. | 19-12-2020 |
| | കാസർഗോഡ് ജില്ല | | |
| 5 | നന്ദാരപ്പടവ് ചേവാർ | 23.00 കി.മീ. | 17-6-2020 |
| 6 | കൊളിച്ചൽ ചെറുപുഴ | 28.877 കി.മീ. | 4-3-2021 |
| 7 | കൊളിച്ചൽ ഇടപറമ്പ | 24.40 കി.മീ. | 2-7-2020 |

**മങ്കട നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ**

20(1092) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-2020 സാമ്പത്തിക വർഷ ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടുള്ള മങ്കട നിയോജകമണ്ഡലത്തിലെ നൂറ് രൂപ ടോക്കൺ പ്രൊവിഷനുള്ള റോഡുകളുടെയും പാലങ്ങളുടേയും വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(സി) എസ്റ്റിമേറ്റ് പൂർത്തിയായ പ്രവൃത്തികൾ ഏതൊക്കെയാണ്; അവയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ-സി) പൊതുമരാമത്ത് നിരത്ത് വിഭാഗത്തിനു കീഴിൽ 2019 സാമ്പത്തിക വർഷത്തിൽ മങ്കട നിയോജകമണ്ഡലത്തിൽ 100 രൂപ ടോക്കൺ പ്രൊവിഷനുള്ള 1 പ്രവൃത്തിയാണുള്ളത്. പനമ്പറ്റച്ചാല വെണ്ണക്കോട് റോഡ് 5/700 മുതൽ 7/200 കി.മീ. വരെ ബി.എം. &ബി.സി ചെയ്ത് നവീകരിക്കുന്ന പ്രവൃത്തി എസ്റ്റിമേറ്റ് തുക 200 ലക്ഷം. ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രൈസ് ഐ.ഡി. 2019/4313 പ്രകാരം സർക്കാരിൽ ഭരണാനുമതിക്കായി സമർപ്പിച്ചിരുന്നു എങ്കിലും മേൽ പ്രവൃത്തി അംഗീകരിക്കുകയുണ്ടായില്ല.

**സഞ്ചാരയോഗ്യമല്ലാത്ത റോഡുകളും പാലങ്ങളും**

21(1093) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളും പാലങ്ങളും തകർന്ന് സഞ്ചാര യോഗ്യമല്ലാത്ത സാഹചര്യം കണക്കിലെടുത്ത് കേരള ഹൈക്കോടതി ഇക്കാര്യത്തിൽ ഇടപെട്ട് കർശന നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ റോഡിലെ കുഴിയടയ്ക്കുവാനും വശങ്ങൾ കെട്ടുന്നതിനുമായി ഇതിനകം എന്ത് തുക ചെലവഴിച്ചു; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഇങ്ങനെ ഒരവസ്ഥ ഇല്ല. ഏതുകാലത്തേക്കാളും ഗതാഗതമാർഗ്ഗങ്ങൾ മികച്ചതായി കേരളത്തിൽ കാണുന്നുണ്ട്. കോടതി പറഞ്ഞത് എറണാകുളത്തെ ചില റോഡുകളാണ്. അവിടെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. കോടതി പൊതുമരാമത്ത് വകുപ്പിനെ അഭിനന്ദിക്കുകയും ചെയ്തിട്ടുള്ളതാണ്.

(ബി) 31-12-2019-ന് മുമ്പ് റോഡുകൾ ഗതാഗതയോഗ്യമാക്കണമെന്ന് പൊതുമരാമത്ത് വകുപ്പ് തീരുമാനിച്ചിരുന്നു. റോഡുകളെല്ലാംതന്നെ ഗതാഗത യോഗ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചിരുന്നു. ഇക്കാര്യം കോടതിയെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പിന്നീട് കോടതിയുടെ ഒരു പ്രഖ്യാപനം വന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അത് ആവശ്യപ്പെട്ടിരുന്നു. പൊതുമരാമത്ത് വകുപ്പ് നവംബറിൽ തന്നെ 31-12-2019-ന് മുൻപ് ഗതാഗതയോഗ്യമാക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കാൻ തീരുമാനിച്ചിരുന്നു. മേയ് മുതൽ നവംബർ വരെ മഴയായതിനാൽ കാലതാമസം വന്നതാണ്. 31-12-2019-ന് മുൻപ് 97% റോഡുകളും അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കിയിരുന്നു. ബഡ്ജറ്റ് പ്രവൃത്തികൾ, കിഫ്ബി, നബാർഡ് പ്രവൃത്തികൾ എന്നിവ നടക്കുന്ന മേഖലകളിലും വാട്ടർ അതോറിറ്റി, ഇലക്ട്രിസിറ്റി ബോർഡ്, മൊബൈൽ കമ്പനികൾ എന്നിവ വെട്ടിപ്പൊളിച്ച ഭാഗങ്ങളിലുമാണ് ഇനിയും പ്രവൃത്തി പൂർത്തിയാക്കാനുള്ളത്. ഇത്തരം തടസ്സങ്ങൾ കാരണമാണ് കഴിഞ്ഞ 31-നകം അറ്റകുറ്റപ്പണി പൂർത്തീകരിക്കാൻ സാധിക്കാതിരുന്നത്. അറ്റകുറ്റപ്പണികളെല്ലാം അടിയന്തരമായി പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ റോഡിലെ അറ്റകുറ്റപ്പണികൾക്കായി 585 കോടി രൂപയ്ക്ക് നോൺപ്ലാനിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്.

**പുനലൂർ-മൂവാറ്റുപുഴ സംസ്ഥാനപാത നിർമ്മാണം**

22(1094) <u>ശ്രീ. കെ. യു. ജനീഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ-മൂവാറ്റുപുഴ സംസ്ഥാനപാതയിൽ കോന്നി നിയോജക-മണ്ഡലത്തിലൂടെ കടന്നുപോകുന്ന ഭാഗത്തിന്റെ നിർമ്മാണം സംബന്ധിച്ച പ്രവൃത്തികളുടെ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ എന്നാണ് ആരംഭിക്കുന്നതെന്നും എന്നത്തേക്ക് പൂർത്തിയാകുമെന്നും അറിയിക്കാമോ;

(സി) നിർമ്മാണ പ്രവൃത്തികൾ വേഗത്തിലാക്കി ഗതാഗതയോഗ്യമാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പുനലൂർ-മൂവാറ്റുപുഴ സംസ്ഥാന പാതയുടെ കോന്നി നിയോജക-മണ്ഡലത്തിലൂടെ കടന്നുപോകുന്ന 26 കി.മീ. ഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾ ഇ.പി.സി. മാതൃകയിൽ രണ്ട് പാക്കേജുകളായാണ് നടത്തുന്നത്. ഇതിൽ പത്തനാപുരം തുടങ്ങി കോന്നി റിപ്പബ്ലിക്കൻ സ്കൂൾ വരെയുള്ള പാക്കേജ് 8 എ-യുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ടെണ്ടർ നടത്തിയെങ്കിലും ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ കോൺട്രാക്ടർക്ക് പ്രവൃത്തി അവാർഡ് ചെയ്തിട്ടില്ല. കോന്നി റിപ്പബ്ലിക്കൻ സ്കൂൾ തുടങ്ങി പ്ലാച്ചേരി വരെയുള്ള പാക്കേജ് 8 ബി-യുടെ വർക്കുകൾ 22-8-2019-ൽ കോൺട്രാക്ടറുമായി എഗ്രിമെന്റ് വച്ച് ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായുള്ള സർവ്വേ വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. നിർമ്മാണവുമായി ബന്ധപ്പെട്ട ഇൻവെസ്റ്റിഗേഷൻ ആൻഡ് ഡിസൈൻ വർക്കുകളും കോൺക്രീറ്റ് റെഡിമിക്സ് പ്ലാന്റുകളുടെ നിർമ്മാണവും നടന്നുവരുന്നു.

(ബി&സി) ഇ.പി.സി. മാതൃകയിൽ നിർമ്മാണം ക്രമീകരിച്ചിട്ടുള്ള ടി റോഡിന്റെ നിർമ്മാണ പ്രവൃത്തികളുടെ ഭാഗമായുള്ള പ്രാരംഭ പ്രവൃത്തികളാണ് നിലവിൽ നടന്നുവരുന്നത്. ഈ റോഡിന്റെ പുനരുദ്ധാരണത്തിന് രണ്ട് വർഷമാണ് നിർമ്മാണ കാലാവധി നിശ്ചയിച്ചിട്ടുള്ളത്.

**റോഡുകളിലെ അപകടകരമായ കുഴികൾ**

23(1095) ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. പി. ടി. തോമസ്:
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ അപകടകരമായ കുഴികൾ ഉണ്ടാകുമ്പോൾ അവിടെ മുന്നറിയിപ്പ് നൽകണമെന്നും ബാരിക്കേഡുകൾ നിർമ്മിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പാലാരിവട്ടം മെട്രോ സ്റ്റേഷന് മുന്നിൽ രൂപം കൊണ്ട കുഴിയിൽ വീണ് യദുലാൽ എന്ന യുവാവ് മരിക്കാനിടയായ സ്ഥലത്ത് മേല്പറഞ്ഞ മുന്നറിയിപ്പോ, ബാരിക്കേഡോ വകുപ്പ് സ്ഥാപിച്ചിരുന്നോ; വിശദമാക്കുമോ;

(സി) ഇല്ലെങ്കിൽ ഇക്കാര്യത്തിലുണ്ടായ വീഴ്ചയെക്കുറിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ പ്രവൃത്തികൾ നടക്കുമ്പോഴും അല്ലാത്ത അവസരങ്ങളിലും അപകടസാധ്യത ഉണ്ടെങ്കിൽ ഒഴിവാക്കുന്നതിനും മുന്നറിയിപ്പ് നൽകുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കാൻ നിലവിൽ വ്യവസ്ഥയുണ്ട്.

(ബി) ഇല്ല.

(സി) 13-12-2019-ലെ സർക്കാർ ഉത്തരവ് ജി.ഒ. (ആർ.ടി) നമ്പർ 1466/2019/പൊ.മ.വ. പ്രകാരം പ്രസ്തുത കുഴിക്ക് സമീപം അപകട മുന്നറിയിപ്പ് ബോർഡ് വയ്ക്കുന്നതിൽ വീഴ്ച വരുത്തിയ നാല് എഞ്ചിനീയർമാരെ അന്വേഷണ വിധേയമായി സർവ്വീസിൽനിന്ന് സസ്പെന്റ് ചെയ്തിട്ടുണ്ട്. തുടർന്ന് അന്വേഷണം നടത്തി അവർ 4 പേരെയും ഒരു വർഷം സസ്പെൻഷനിൽ നിർത്താൻ തീരുമാനിച്ചിട്ടുണ്ട്. ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽനിന്നും തുക ഈടാക്കുന്നതിനുള്ള നടപടികൾ പരിശോധിച്ചു വരികയാണ്.

**ചാലക്കുടി കോടതി ജംഗ്ഷനിലെ അണ്ടർ പാസ്സേജ്**

24(1096) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയിൽ ചാലക്കുടി കോടതി ജംഗ്ഷനിൽ വലിയ ഗതാഗതക്കുരുക്കും അപകടങ്ങളും പതിവായിരിക്കുന്നതും അനുവദിച്ച അണ്ടർ പാസ്സേജിന്റെ നിർമ്മാണം നിലച്ചിട്ട് ഒന്നര വർഷം പിന്നിട്ടിരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നിർദ്ദിഷ്ട പാസ്സേജിന്റെ നിർമ്മാണം പുനരാരംഭിക്കുന്നതിനും പൂർത്തിയാക്കുന്നതിനും ആവശ്യമായ നടപടികളും ഇടപെടലുകളും സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. NHAI-യുടെ വീഴ്ചകളാണിതൊക്കെ. നാലുവരിപ്പാതയുടെ നിർമ്മാണത്തിൽ Change of Scope ആയി ഉൾപ്പെടുത്തിയ ചാലക്കുടി അണ്ടർപ്പാസ്സിന്റെ നിർമ്മാണം വൈകിയതിനാൽ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടി വന്നു. അതിന്റെ അംഗീകാരം വൈകിയതിനാലാണ് പ്രവൃത്തി വൈകിയത്. റിവൈസ്ഡ് എസ്റ്റിമേറ്റിന് 24-1-2020-ൽ NHAI-യിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുണ്ട്. 2020 ഫെബ്രുവരി മാസത്തിൽ പ്രവൃത്തികൾ പുനരാരംഭിക്കുന്നതാണ്. എത്രയും നേരത്തെ പ്രവൃത്തികൾ പൂർത്തിയാക്കാനുള്ള നിർദ്ദേശം കരാറുകാരന് നൽകിയിട്ടുണ്ട്.

**റോഡുകളുടെ അറ്റകുറ്റപ്പണി സംബന്ധിച്ച ഹൈക്കോടതി വിമർശനം**

25(1097) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിൽ കാണിക്കുന്ന അലംഭാവം സംബന്ധിച്ച ഹൈക്കോടതി വിമർശനങ്ങളുടെ അടിസ്ഥാനത്തിൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) വി.ഐ.പി. സന്ദർശന വേളകളിൽ മാത്രം റോഡുകൾ നന്നാക്കുന്നതിന് കാണിക്കുന്ന വ്യഗ്രത സാധാരണ പൗരന്മാരുടെ കാര്യത്തിൽ കാണിക്കാത്തത് സംബന്ധിച്ച് ഹൈക്കോടതി വിമർശിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഹൈക്കോടതിയുടെ പ്രസ്തുത നിരീക്ഷണം ശരിയാണെന്ന് വിലയിരുത്തുന്നുണ്ടോ; ഇല്ലെങ്കിൽ ഇത്തരം നിരീക്ഷണത്തിലേയ്ക്ക് കോടതിയെ നയിച്ച സാഹചര്യം പരിശോധിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) നികുതിദായകരായ എല്ലാ പൗരന്മാർക്കും തുല്യപരിഗണന ലഭിക്കുന്ന തരത്തിൽ പ്രസ്തുത വിഷയത്തിലുണ്ടായിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) 31-12-2019-ന് മുമ്പ് റോഡുകൾ ഗതാഗതയോഗ്യമാക്കണമെന്ന ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് റോഡുകളെല്ലാംതന്നെ ഗതാഗതയോഗ്യമാക്കുന്നതിന് അടിയന്തര നടപടികൾ

സ്വീകരിച്ചിരുന്നു. 31-12-2019-ന് മുമ്പ് 97% റോഡുകളും കുഴികളടച്ച് ഗതാഗതയോഗ്യമാക്കിയിരുന്നു. ബഡ്ജറ്റ് പ്രവൃത്തികൾ, കിഫ്ബി, നബാർഡ് പ്രവൃത്തികൾ എന്നിവ നടക്കുന്ന മേഖലകളിലും, വാട്ടർ അതോറിറ്റി, ഇലക്ട്രിസിറ്റി ബോർഡ്, മൊബൈൽ കമ്പനികൾ എന്നിവ വെട്ടിപ്പൊളിച്ച ഭാഗങ്ങളിലുമാണ് ഇനിയും പ്രവൃത്തി പൂർത്തിയാക്കാനുള്ളത്. ഇത്തരം തടസ്സങ്ങൾ കാരണമാണ് കഴിഞ്ഞ 31-നകം മുഴുവൻ അറ്റകുറ്റപ്പണികളും പൂർത്തീകരിക്കാൻ സാധിക്കാതിരുന്നത്. അറ്റകുറ്റപ്പണികളെല്ലാം അടിയന്തരമായി പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) എല്ലാ പൗരന്മാർക്കും തുല്യപരിഗണന ലഭിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങളാണ് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചുവരുന്നത്.

## വാഴക്കോട്-പ്ലാഴി റോഡ് പുനരുദ്ധാരണം

26(1098) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ.) പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധാരണം ചെയ്യുന്നതിന് ഉത്തരവായതും കെ.എസ്.ടി.പി. നിർവ്വഹണ ചുമതല വഹിക്കുന്നതുമായ ചേലക്കര നിയോജകമണ്ഡലത്തിലെ വാഴക്കോട്-പ്ലാഴി റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഈ പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കി എന്നത്തേയ്ക്ക് പ്രവൃത്തി ടെണ്ടർ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; ഇതുസംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

### ഉത്തരം

(എ) റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ.) പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധാരണം ചെയ്യുന്നതിന് ഉത്തരവായതും കെ.എസ്.റ്റി.പി. നിർവ്വഹണ ചുമതല വഹിക്കുന്നതുമായ ചേലക്കര നിയോജകമണ്ഡലത്തിലെ വാഴക്കോട്-പ്ലാഴി റോഡിന്റെ പുനർനിർമ്മാണത്തിനായി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനായി M/s Louis Berger consulting Pvt. Ltd.-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ വിശദമായ പദ്ധതി രൂപരേഖ (ഡി.പി.ആർ.) മാർച്ച് മാസത്തോടെ പൂർത്തിയാകുന്നതാണ്. ആയതിനുശേഷം ജർമ്മൻ ബാങ്കിന്റെ അംഗീകാരത്തോടെ 2020 മേയ് മാസത്തോടെ ടെണ്ടർ നടപടികൾ സ്വീകരിച്ച് 2020 ജൂൺ മാസത്തോടെ പ്രവൃത്തികൾ ആരംഭിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**ഒറ്റപ്പാലം ബൈപ്പാസ് നിർമ്മാണം**

27(1099) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം ബൈപ്പാസ് നിർമ്മിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കാമോ;

(ബി) അതിനായി എന്നാണ് ഭരണാനുമതി നൽകിയത്; എത്ര തുകയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്; അതിനുശേഷം ഒറ്റപ്പാലം ബൈപ്പാസ് നിർമ്മിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) 27-9-2016-ലെ സ.ഉ. (സാധാ)നമ്പർ 1324/2016/പൊ.മ.വ. പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി ഒറ്റപ്പാലം ബൈപ്പാസിന് 15 കോടി രൂപ അനുവദിക്കുകയും റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി നിയമിക്കുകയും ചെയ്തിരുന്നു. ആർ.ബി.ഡി.സി.കെ. വിശദമായ പദ്ധതി രേഖ തയ്യാറാക്കി സമർപ്പിക്കുകയും 3-5-2018-ലെ സ.ഉ. (സാധാ) നമ്പർ 792/2018/പൊ.മ.വ. പ്രകാരം ഒറ്റപ്പാലം ബൈപ്പാസിന് 79.42 കോടി രൂപയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകുകയും ചെയ്തു. കിഫ്ബിയുടെ 15-5-2018-ലെ ഉത്തരവ് പ്രകാരം ഒറ്റപ്പാലം ബൈപ്പാസിന് 78.05 കോടി രൂപ അനുവദിച്ചിട്ടുണ്ട്. തുടർന്ന് പദ്ധതിക്കാവശ്യമായ ഒറ്റപ്പാലം വില്ലേജിലെ 325 ആർ ഭൂമി ഏറ്റെടുത്ത് ലഭിക്കുന്നതിനായി 3-9-2018-ൽ പാലക്കാട് ജില്ലാ കളക്ടർക്ക് അർത്ഥനാപത്രം സമർപ്പിച്ചു. സർവ്വേ & അതിരടയാളം ആക്ട് വകുപ്പ് 6(1) പ്രകാരമുള്ള വിജ്ഞാപനം എൽ.എ. തഹസിൽദാർ 17-11-2018-ലെ 2755-ാം നമ്പർ ഗസറ്റിൽ പരസ്യപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിക്കാവശ്യമായ സ്ഥലമെടുക്കുന്നതിനുള്ള അനുമതി 28-6-2019-ലെ സ.ഉ. (സാധാ)നമ്പർ 1676/2019/റവ. പ്രകാരം നൽകിയിട്ടുണ്ട്. തുടർന്ന് 17-9-2019-ന് അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി ആരംഭിക്കുകയും തുടർന്നുള്ള ദിവസങ്ങളിൽ

പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കി 9-10-2019-ൽ സംയുക്ത പരിശോധനയും പൂർത്തിയാക്കിയിട്ടുണ്ട്. സ്ഥലമെടുപ്പ് നടപടികളുടെ പ്രാഥമിക ചെലവുകൾക്കാവശ്യമായ കണ്ടിജൻസി ചാർജ് കിഫ്ബിയിൽനിന്നും ലഭ്യമായി ചെക്ക് തഹസിൽദാറുടെ പേരിൽ അനുവദിച്ചിട്ടുണ്ട്. നിലവിൽ ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായ സാമൂഹ്യ പ്രത്യാഘാത പഠനം നടന്നുകൊണ്ടിരിക്കുകയാണ്. ഭൂമിയേറ്റെടുത്ത് ലഭിക്കുന്നമുറയ്ക്ക് പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## പ്ലാപ്പള്ളി-അച്ചൻകോവിൽ റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ

28(1100) ശ്രീ. കെ. യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിൽ കൂടി കടന്നുപോകുന്ന പ്ലാപ്പള്ളി-അച്ചൻകോവിൽ റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) എന്നാണ് ഈ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചത്; പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(സി) ഈ റോഡിന്റെ പണി വേഗത്തിലാക്കാനും ആറുമാസത്തിനുള്ളിൽ മുഴുവൻ പണിയും തീർത്ത് ഗതാഗതയോഗ്യമാക്കാനും നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ-സി) ഇല്ല. കോന്നി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന അച്ചൻകോവിൽ-പ്ലാപ്പള്ളി റോഡിന്റെ നവീകരണത്തിന് കിഫ്ബി 2017-18 പദ്ധതിയിൽ ഉൾപ്പെടുത്തി 25 കോടി രൂപയ്ക്ക് 10-7-2017-ലെ ജി.ഒ. (ആർ.ടി.) നമ്പർ 942/2017/പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് അനുസരിച്ചുള്ള ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന നടപടികൾ പുരോഗമിക്കുന്നു.

## പാഞ്ചിക്കാട്ട് കടവ് പാലത്തിന്റെ റോഡിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് നടപടി

29(1101) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുപുറം, ചെങ്കൽ പഞ്ചായത്തുകളെ യോജിപ്പിക്കുന്ന പാഞ്ചിക്കാട്ട് കടവ് പാലത്തിന്റെ റോഡിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് പി.ഡബ്ല്യു.ഡി. ബ്രിഡ്ജസ് വിഭാഗം റവന്യൂ ലാൻഡ് അക്വിസിഷൻ വിഭാഗത്തിന് പഠനം നടത്തുന്നതിനായി തുക അനുവദിച്ചിട്ടുണ്ടോ;

(ബി) ഏത് വർഷത്തിലാണ് തുക അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് റവന്യൂ ലാൻഡ് അക്വിസിഷൻ വിഭാഗം രേഖാമൂലം ആവശ്യപ്പെട്ടത് എന്ന് വിശദമാക്കാമോ;

(സി) പാലത്തിന്റെ ഉദ്ഘാടനം കഴിഞ്ഞിട്ടും റോഡിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) തിരുപുറം, ചെങ്കൽ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് നിർമ്മിച്ച പാഞ്ചിക്കാട്ടുകടവ് പാലത്തിന്റെ ഭൂമി ഏറ്റെടുക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് ബന്ധപ്പെട്ട ലാന്റ് അക്വിസിഷൻ തഹസിൽദാരുടെ അക്കൗണ്ടിലേയ്ക്ക് 3.50 ലക്ഷം രൂപ കണ്ടിജൻസി ചാർജ്ജിനത്തിൽ ട്രഷറി വഴി കൈമാറ്റം ചെയ്യുന്നതിനായി 15-11-2019-ൽ സമർപ്പിച്ചു. എന്നാൽ ട്രഷറി നിയന്ത്രണം നിലനിന്നതുകാരണവും വേയ്സ് ആൻഡ് മീൻസിന്റെ ക്ലിയറൻസ് ആവശ്യമായി വന്നതുകാരണവും ഫണ്ട് കൈമാറ്റം ചെയ്യുന്നതിൽ താമസം നേരിടുന്നു.

(ബി) 2018-ലാണ് തുക അനുവദിക്കുന്നതിനായി റവന്യൂ വകുപ്പ് കത്ത് നൽകിയത്.

(സി) പാലത്തിന്റെ അപ്രോച്ച് റോഡ് പഴയകട ജംഗ്ഷൻ വരെ വീതികൂട്ടുന്നതിനായി മുമ്പ് സമർപ്പിച്ച റിക്വിസിഷനിൽ വിട്ടുപോയ എട്ട് സർവ്വേ നമ്പറുകൾ ഉൾപ്പെടുത്തി പുതുക്കിയ റിക്വിസിഷൻ പുതിയ എൽ.എ. ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനായി 1/2018-ൽ ജില്ലാ കളക്ടർക്ക് സമർപ്പിച്ചു. എന്നാൽ കണ്ടിജൻസി ചാർജ്ജ് ഇനത്തിൽ ഒടുക്കേണ്ട തുകയായ 3.50 ലക്ഷം രൂപയുടെ ഫണ്ട് ലഭ്യമാകുന്നതിൽ കാലതാമസം നേരിട്ടു. കൂടാതെ പൊതുമരാമത്ത് വകുപ്പ് സ്ഥാപിച്ച കല്ലുകൾ സ്ഥലവാസികൾ എടുത്തുമാറ്റിയത് കാരണം മൂന്ന് തവണ കല്ലുകൾ പുനഃസ്ഥാപിക്കേണ്ടിവന്നു. റവന്യൂ വകുപ്പ് നടത്തിയ ഏറ്റവും ഒടുവിലത്തെ സ്ഥല പരിശോധനയിൽ (8/2019-ൽ) 25 കല്ലുകളോളം നഷ്ടമായിരുന്നു. ഇതും ഇപ്പോൾ പുന:സ്ഥാപിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ലാന്റ് അക്വിസിഷൻ തഹസിൽദാരുടെ അക്കൗണ്ടിലേയ്ക്ക് ഫണ്ട് താമസം കൂടാതെതന്നെ കൈമാറ്റം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പൊതുമരാമത്ത് നിരത്തുകൾക്കുള്ള പുത്തൻ സാങ്കേതികവിദ്യ**

30(1102) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് നിരത്തുകൾ കൂടുതൽ കാലം ഈടുനിൽക്കുന്നതിനായി നിർമ്മാണത്തിലെ സാങ്കേതിക വിദ്യയിൽ എന്തൊക്കെ മാറ്റങ്ങളാണ് പുതുതായി വരുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) റോഡ് നിർമ്മാണത്തിലെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ഭാവിയിൽ എന്തൊക്കെ സംവിധാനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(സി) റോഡ് നിർമ്മാണത്തിൽ മനഃപൂർവ്വം വീഴ്ച വരുത്തുന്ന കരാറുകാർക്കെതിരെയും ഉദ്യോഗസ്ഥർക്കെതിരെയും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ദീർഘകാലം ഈടുനിൽക്കുന്ന രീതിയിലുള്ള ബി.എം. & ബി.സി. റോഡുകൾ ഡിസൈൻ ചെയ്ത് നിർമ്മിക്കുന്നുണ്ട്. 15 മുതൽ 20 വർഷം വരെ ഈടുനിൽക്കുന്ന വൈറ്റ് ടോപ്പിംഗ് ഏറ്റെടുത്ത് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. നിലവിലുള്ള റോഡ് വെട്ടിയെടുത്ത് സിമന്റും പ്രത്യേകതരം പൾവറൈസറും ചേർത്ത് കുഴച്ച് ടി ഭാഗത്തുതന്നെ ഇടുകയും ചെയ്യുന്ന ഫുൾ ഡെപ്ത് റിക്ലമേഷൻ ടെക്നോളജി പരീക്ഷണാടിസ്ഥാനത്തിൽ ചെയ്തിട്ടുണ്ട്. സ്വാഭാവിക റബ്ബർ, കയർ-ജിയോ ടെക്സ്റ്റൈൽ, ഉപയോഗശൂന്യമായ പ്ലാസ്റ്റിക് എന്നിവ ഉപയോഗിച്ച് പരിസ്ഥിതി സൗഹാർദ്ദമായ രീതിയിൽ റോഡ് നിർമ്മിക്കുന്നതിന് പ്രാമുഖ്യം നൽകിവരുന്നു.

സംസ്ഥാനത്തെ ദേശീയപാതകളുടെ ഉപരിതലം അത്യാധുനിക സാങ്കേതികവിദ്യയായ മില്ലിംഗ് ആൻഡ് റിസൈക്ലിംഗ് ഉപയോഗിച്ച് പുതുക്കി നിർമ്മിക്കാറുണ്ട്. ഈ സാങ്കേതികവിദ്യയിൽ നിലവിലെ റോഡിന്റെ ഉപരിതലം മെഷീൻ ഉപയോഗിച്ച് ഇളക്കിയെടുക്കുകയും അപ്പോൾത്തന്നെ അതേ മെറ്റീരിയൽ പാകപ്പെടുത്തിയതിനുശേഷം വേണ്ടുന്ന അളവിൽ ബിറ്റുമിൻ, സിമന്റ്, വിവിധ തരത്തിലുള്ള മെറ്റലുകൾ എന്നിവ ചേർത്ത് ഉപരിതലം പുനർനിർമ്മിക്കുകയാണ് ചെയ്യുന്നത്.

ദേശീയപാത വിഭാഗത്തിൽ ടാറിനോടൊപ്പം ഷ്രെഡഡ് പ്ലാസ്റ്റിക് ചേർത്തുകൊണ്ട് നിർമ്മാണം നടത്താൻ 2018-19 സാമ്പത്തിക വർഷം സെൻട്രൽ റോഡ് ഫണ്ട് പദ്ധതിയിൽ അംഗീകാരം ലഭിച്ച പദ്ധതികൾക്കും 2019-20 സാമ്പത്തിക വർഷം ഉപരിതലം പുതുക്കലിനായി കേന്ദ്രത്തിൽനിന്നും അനുമതി ലഭിച്ച പദ്ധതികൾക്കുമാണ് തുടക്കംകുറിച്ചിട്ടുള്ളത്. ഈ പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. ദേശീയപാത വിഭാഗത്തിന്റെ കീഴിൽ ആലപ്പുഴ ജില്ലയിൽ ഒരു സി.ആർ.എഫ്. പദ്ധതിയിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള റോഡ് നിർമ്മാണത്തിന് തുടക്കംകുറിച്ചിട്ടുണ്ട്.

(ബി) പൊതുമരാമത്ത് പ്രവൃത്തികളിലെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ക്വാളിറ്റി കൺട്രോൾ വിഭാഗം ശക്തിപ്പെടുത്തിയിട്ടുണ്ട്. കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിലും മറ്റ് ജില്ലകളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിലും ക്വാളിറ്റി കൺട്രോൾ ലാബ് കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന എല്ലാ പ്രവൃത്തികൾക്കും ജില്ലാതല ക്വാളിറ്റി കൺട്രോൾ ലാബ് മുഖേനയുള്ള second tier ക്വാളിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഫൈനൽ പേമെന്റ് നടത്താറുള്ളൂ. കൂടാതെ 2 കോടി രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് കോൺട്രാക്ടർ സ്വന്തം ചെലവിൽ ക്വാളിറ്റി ലാബ് സജ്ജമാക്കണമെന്ന് SBD പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്.

ദേശീയപാതകളുടെ നിർമ്മാണവും പരിപാലനവും ദേശീയ നിലവാരം പുലർത്തുന്നതിലേയ്ക്കായി ഇന്ത്യൻ റോഡ് കോൺഗ്രസ്സിന്റെ വിവിധ കോഡുകളും കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ സ്പെസിഫിക്കേഷനും അനുസരിച്ചാണ് നടപ്പിലാക്കുന്നത്.

(സി) റോഡ് നിർമ്മാണത്തിൽ മനഃപൂർവ്വം വീഴ്ചവരുത്തുന്ന കരാറുകാരനെ റിസ്ക് ആൻഡ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്ത് റീ ടെണ്ടർ ചെയ്യുമ്പോഴുണ്ടാകുന്ന നഷ്ടം കരാറുകാരനിൽനിന്നും നിയമാനുസൃതം ഈടാക്കുന്നതിനും കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. പ്രവൃത്തികളിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശനമായ നടപടികൾ വകുപ്പുതലത്തിൽ സ്വീകരിക്കാറുണ്ട്.

## കരുനാഗപ്പള്ളി റോഡ് നിർമ്മാണ പ്രവൃത്തി

31(1103) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് 2016 ഏപ്രിൽ 30 ന ശേഷം ഭരണാനുമതി നല്കിയ റോഡ് നിർമ്മാണ പ്രവൃത്തികളുടെ വിശദമായ ലിസ്റ്റ് ലഭ്യമാക്കുമോ; വിശദീകരിക്കുമോ;

(ബി) ഇവിടെ പൊതുമരാമത്തു വകുപ്പിന്റെ ചുമതലയിൽ നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ചതും നിർമ്മാണത്തിലിരിക്കുന്നതുമായ കെട്ടിടങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(സി) നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാത്ത പ്രവൃത്തികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ&ബി) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) കരാറുകാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി നിശ്ചിത സമയപരിധിക്കുള്ളിൽത്തന്നെ പ്രവൃത്തി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ട്.

## തിരുവനന്തപുരം മണ്ഡലത്തിലെ റോഡുകളുടെ നവീകരണത്തിനായി ചെലവഴിച്ച തുക

32(1104) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നിയോജകമണ്ഡലത്തിലുൾപ്പെടുന്ന മുഴവൻ പൊതുമരാമത്ത് റോഡുകളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രസ്തുത റോഡുകളുടെ നവീകരണത്തിനായി ചെലവഴിച്ച തുക എത്ര ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

### ഉത്തരം

(എ) നിരത്തുവിഭാഗവുമായി ബന്ധപ്പെട്ട വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* ദേശീയപാത വിഭാഗത്തിന് കീഴിലുള്ള പി.എം.ജി. മുതൽ കിള്ളിപ്പാലം ജംഗ്ഷൻ വരെയുള്ള ഭാഗത്തിൽ പാളയം പബ്ലിക് ലൈബ്രറി മുതൽ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തമ്പാനൂർ ബസ് ടെർമിനൽ വരെയുള്ള ഭാഗം കെ.ആർ.എഫ്.ബി.യാണ് പരിപാലിക്കുന്നത്. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ജഗതി മുതൽ കിള്ളിപ്പാലം വരെയുള്ള ഭാഗവും (1.8 കി.മീ.) ദേശീയപാത വിഭാഗത്തിന്റെ പരിധിയിലാണ്.

(ബി) നിരത്തുവിഭാഗവുമായി ബന്ധപ്പെട്ട വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* കെ.ആർ.എഫ്.ബി.യുടെ അധീനതയിലുള്ള സിറ്റി റോഡുകളുടെ നവീകരണത്തിനായി 95.83 കോടി രൂപയുടെ പ്രവൃത്തി നടത്തിയിട്ടുണ്ട്. കൂടാതെ ദേശീയപാത വിഭാഗത്തിന്റെ കീഴിൽവരുന്ന ജഗതി മുതൽ കിള്ളിപ്പാലം വരെയുള്ള ഭാഗത്തെ നവീകരണത്തിനായി 1.8 കോടി രൂപയുടെ പ്രവൃത്തി നടത്തിയിട്ടുണ്ട്.

**കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ റോഡ് നവീകരണം**

33(1105) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് റോഡ് നവീകരണത്തിനായി ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര കി.മീ. ദൈർഘ്യത്തിലുള്ള റോഡുകളാണ് ബി.എം.& ബി.സി. നിലവാരത്തിൽ ആക്കിയിട്ടുള്ളതെന്നും അവ ഏതെല്ലാം റോഡുകളാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്ലാൻ ഇനത്തിൽ 103.014 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) 28.394 കിലോ മീറ്റർ.

1. ആനമുന്തി-മീമ്പാറ റോഡ്
2. പറക്കോട്-പാപ്പാരക്കടവ് റോഡ്
3. പുത്തൻകുരിശ്-ബ്രഹ്മപുരം റോഡ്
4. മാറമ്പള്ളി-തടിയിട്ടപറമ്പ് (0/000 മുതൽ 3/250 വരെ)
5. മാറമ്പള്ളി-സൗത്ത് വാഴക്കുളം (3/100 കിലോ മീറ്റർ)
6. പുല്ലുവഴി-തട്ടാമുകൾ റോഡ് (1/600 മുതൽ 7/750 വരെ)

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഗുണമേന്മയുള്ള റോഡുകളുണ്ടാക്കുന്നതിൽ അവലംബിക്കുന്ന നിർമ്മാണരീതി

34(1106) ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് റോഡുകളുടെ നിർമ്മാണത്തിന് നിലവിൽ ഏതു രീതിയാണ് അവലംബിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ അവലംബിച്ചിട്ടുള്ള നിർമ്മാണരീതി റോഡുകൾ ഈടുനിൽക്കുന്നതിന് എത്രത്തോളം സഹായകമാണ്; വ്യക്തമാക്കാമോ;

(സി) കോൺക്രീറ്റ് വൈറ്റ് ടോപിംഗ് നിർമ്മാണ രീതി ഈടുറ്റ റോഡുകളുടെ നിർമ്മാണത്തിന് എത്രത്തോളം സഹായകമാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഇപ്രകാരം കൊച്ചിയിൽ നിർമ്മിച്ച എയർപോർട്ട്-സീപോർട്ട് റോഡിന്റെ, എച്ച്.എം.ടി. മുതൽ മണലിമുക്ക് വരെയുള്ള ഭാഗം എത്രത്തോളം ഗുണമേന്മയുള്ളതാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിനുകീഴിലെ റോഡുകൾ MoRTH, IRC മാനദണ്ഡങ്ങൾ പ്രകാരമാണ് നിർമ്മിച്ചുവരുന്നത്. ഓരോ റോഡുകളുടെയും ട്രാഫിക് ഡെൻസിറ്റിക്ക് അനുസൃതമായി ബി.എം. & ബി.സി. 20mm ചിപ്പിംഗ് കാർപ്പെറ്റ്, ക്ലോസ് ഗ്രേഡഡ് ചിപ്പിംഗ് കാർപ്പെറ്റ് മുതലായ നിർമ്മാണരീതികളാണ് അവലംബിച്ചുവരുന്നത്. വൈറ്റ് ടോപ്പിംഗ് രീതിയിലുള്ള നിർമ്മാണം ഏറ്റെടുത്ത് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. പുതുതായി ബി.സി. ഉപരിതലം നിർമ്മിക്കുന്ന എല്ലാ പ്രവൃത്തികളിലും 50% നീളമെങ്കിലും പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മിക്കുന്നുണ്ട്. സ്വാഭാവിക റബ്ബർ, കയർ-ജിയോ ടെക്സ്റ്റൈൽ, ഉപയോഗശൂന്യമായ പ്ലാസ്റ്റിക് എന്നിവ ഉപയോഗിച്ച് പരിസ്ഥിതി സൗഹാർദ്ദമായ രീതിയിൽ റോഡ് നിർമ്മിക്കുന്നതിന് പ്രാമുഖ്യം നൽകിവരുന്നു.

ദേശീയപാതകളുടെ നിർമ്മാണവും പരിപാലനവും ദേശീയ നിലവാരം പുലർത്തുന്നതിലേയ്ക്കായി ഇന്ത്യൻ റോഡ് കോൺഗ്രസ്സിന്റെ വിവിധ കോഡുകളും കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ സ്പെസിഫിക്കേഷനും അനുസരിച്ചാണ് നടപ്പിലാക്കുന്നത്. ടാറിംഗിലെ നൂതന സാങ്കേതികവിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ കേരളത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് നാഷണൽ ഹൈവേകളിൽ റോഡ് നിർമ്മാണം നടത്തുന്നത്.

(ബി) ബി.എം. & ബി.സി. നിലവാരത്തിലുള്ള റോഡുകൾ ദീർഘകാലം ഈടുനിൽക്കുന്നവയാണ്. ഉപയോഗശൂന്യമായ പ്ലാസ്റ്റിക് റോഡ് നിർമ്മാണത്തിൽ ഉപയോഗിക്കുന്നതുമൂലം ദൃഢത, ഉറപ്പ്, വെള്ളംമൂലമുണ്ടാകുന്ന കേടുപാടുകളിൽ നിന്നുള്ള ഉയർന്ന പ്രതിരോധശേഷി എന്നിവ സാധ്യമാകുന്നു. വൈറ്റ് ടോപ്പിംഗ് രീതിയിലുള്ള റോഡ് നിർമ്മാണ പ്രവൃത്തികൾ 15 മുതൽ 20 വർഷം വരെ ഈടുനിൽക്കുന്നവയാണ്.

(സി) വൈറ്റ് ടോപ്പിംഗ് നിർമ്മാണരീതി 15 മുതൽ 20 വർഷംവരെ ഈടുനിൽക്കുന്നവയാണെന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

(ഡി) ഇപ്രകാരം കൊച്ചിയിൽ നിർമ്മിച്ച എച്ച്.എം.ടി. മുതൽ മണലിമുക്ക് വരെയുള്ള ഭാഗത്തെ റോഡിന് നാളിതുവരെയും യാതൊരു കേടുപാടും ഇല്ലാത്തതാകുന്നു.

## പ്ലാസ്റ്റിക് മാലിന്യമുപയോഗിച്ച് റോഡുനിർമ്മാണം

35(1107) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ റോഡുനിർമ്മാണത്തിന് ഉപയോഗിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ;

(ബി) നാളിതുവരെ എത്ര ടൺ പ്ലാസ്റ്റിക്ക് മാലിന്യം റോഡുനിർമ്മാണത്തിന് ഉപയോഗിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) പ്ലാസ്റ്റിക്ക് മാലിന്യമുപയോഗിച്ച് നാളിതുവരെ എത്ര കിലോമീറ്റർ ദൂരം റോഡ് നിർമ്മിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

### ഉത്തരം

(എ) റോഡ് നിർമ്മാണത്തിൽ ടാറിനൊപ്പം പ്ലാസ്റ്റിക്, റബ്ബർ എന്നിവ ചേർത്ത ബിറ്റുമിൻ ഉപയോഗിച്ച് ടാറിംഗ് നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിൻ പ്രകാരം 2018-19 സാമ്പത്തിക വർഷം സെൻട്രൽ റോഡ് ഫണ്ട് പദ്ധതിയിൽ അംഗീകാരം ലഭിച്ച 56 പ്രവൃത്തികൾക്കും 2019-20-ൽ അംഗീകാരം ലഭിച്ച് ആരംഭിക്കാനിരിക്കുന്ന ഉപരിതലം പുതുക്കൽ/ബലപ്പെടുത്തൽ പ്രവൃത്തികൾക്കും നിശ്ചിത ദൈർഘ്യം സ്ട്രെച്ചുകളുടെ ബി.സി. പ്രവൃത്തികളിൽ ഷ്രഡഡ് പ്ലാസ്റ്റിക് കലർത്തി നടപ്പിലാക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ ഇത് പാലിച്ചുവെന്ന് ഉറപ്പുവരുത്താൻ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ബാദ്ധ്യസ്ഥരാണ്.

(ബി&സി) പൊതുമരാമത്ത് റോഡ് വിഭാഗത്തിന്റെ കീഴിൽ 2016-17 മുതൽ 2019-20 വരെയുള്ള കാലയളവിൽ ഏകദേശം 515.25 ടൺ പ്ലാസ്റ്റിക് മാലിന്യം റോഡ് നിർമ്മാണത്തിന് ഉപയോഗിച്ചിട്ടുണ്ട്. ടി കാലയളവിൽ 335.35 കിലോ മീറ്റർ ദൂരം റോഡ് പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉൾപ്പെടുത്തി നിർമ്മിച്ചിട്ടുമുണ്ട്.

ദേശീയപാത വിഭാഗത്തിൽ ടാറിനോടൊപ്പം ഷ്രഡഡ് പ്ലാസ്റ്റിക് ചേർത്ത് നിർമ്മാണം നടത്താൻ തുടക്കംകുറിച്ചിട്ടുണ്ട്. ഓരോ പ്രവൃത്തിയിലും ഒരു കിലോമീറ്റർ ബി.സി. പ്രവൃത്തിയിൽ (ആകെ 80 കിലോമീറ്റർ) ഷ്രഡഡ് പ്ലാസ്റ്റിക് 6 ശതമാനം മുതൽ 8 ശതമാനം വരെ ഉപയോഗിക്കാനാണ് ഐ.ആർ.സി. നിഷ്കർഷിച്ചിരിക്കുന്നത്. ഇപ്രകാരമാണ് എസ്റ്റിമേറ്റിന്റെ സാങ്കേതികാനുമതി നൽകിയിട്ടുള്ളത്.

**പുനർനിർമ്മാണ പദ്ധതിയിലെ പൊതുമരാമത്ത് റോഡുകൾ**

36(1108) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പുനർ നിർമ്മാണ പദ്ധതിയിൻ കീഴിൽ പൊതുമരാമത്ത് വകുപ്പിന്റെ എത്ര പദ്ധതികൾക്ക് അംഗീകാരം ലഭിച്ചു; അംഗീകാരം ലഭിച്ച റോഡുകളുടെ പട്ടികയും തുകയും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയിലേക്കുള്ള പൊതുമരാമത്ത് വകുപ്പ് റോഡുകൾ തെരഞ്ഞെടുത്തത് ഏത് ഏജൻസിയാണ്; ഇതിന് എന്ത് മാനദണ്ഡമാണ് സ്വീകരിച്ചത്; പദ്ധതി സമർപ്പിക്കുന്നതിൽ പൊതുമരാമത്ത് വകുപ്പിന്റെ പങ്ക് എന്തായിരുന്നു;

(സി) 2018-ലെ മഹാപ്രളയത്തിൽ സംസ്ഥാനത്ത് പൂർണ്ണമായും വെള്ളത്തിൽ മുങ്ങിപ്പോയ സ്ഥലങ്ങളിൽ ഏറ്റവുമാദ്യം മുങ്ങിയ പ്രദേശമായിട്ടുകൂടി റാന്നിയിലെ ഒരു റോഡുപോലും ഈ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല എന്നത് ശ്രദ്ധയിൽ-പെട്ടിട്ടുണ്ടോ; എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത് എന്ന് വ്യക്തമാക്കാമോ;

(ഡി) കേരള പുനർ നിർമ്മാണ പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ റാന്നിയിലെ റോഡുകൾ കൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള പുനർനിർമ്മാണ പദ്ധതിയിൻ കീഴിൽ പൊതുമരാമത്ത് വകുപ്പിന്റെ 819 കിലോമീറ്റർ വരുന്ന 31 റോഡുകളുടെ പുനർനിർമ്മാണത്തിനായി 13-8-2019-ലെ സർക്കാർ ഉത്തരവ് നമ്പർ (കൈ) 25/2019/ആ.സാ.വ. പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. ആയതിനുശേഷം മേൽ സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള റോഡുകളുടെ പട്ടികയിൽനിന്നും 12, 23 എന്നീ ക്രമനമ്പറുകൾ പ്രകാരമുള്ള റോഡുകൾ ഒഴിവാക്കി 23-12-2019-ലെ സർക്കാർ ഉത്തരവ് നമ്പർ

(കൈ) 35/2019/ആ.സാ.വ. പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്. അംഗീകാരം ലഭിച്ച റോഡുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.* പ്രസ്തുത റോഡുകളുടെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനായി കൺസൾട്ടന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കിയതിനുശേഷമേ പുനർനിർമ്മാണത്തിനാവശ്യമായ തുക കണക്കാക്കാൻ സാധിക്കുകയുള്ളൂ.

(ബി) 2018 ജൂലൈ-ആഗസ്റ്റ് മാസങ്ങളിലെ പ്രളയം നിമിത്തം തകർന്നതായി പൊതുമരാമത്ത് നിരത്ത് വിഭാഗം വിലയിരുത്തി തയ്യാറാക്കിയ റോഡുകളുടെ പട്ടിക ലോകബാങ്ക്/ജർമ്മൻ ബാങ്ക് എന്നിവരുടെ നിർദ്ദേശാനുസരണം മുൻഗണനാക്രമം നിശ്ചയിക്കുന്നതിന് തീരുമാനിക്കുകയും കെ.എസ്.ടി.പി. ചെന്നൈ ആസ്ഥാനമായ M/s L&T Infra Engineering Limited-നെ ഏൽപ്പിക്കുകയും ചെയ്തു. മുൻഗണനാക്രമം നിശ്ചയിക്കുന്നതിനായി ലോകബാങ്ക്/ജർമ്മൻബാങ്ക്, L&T പ്രതിനിധികൾ, പൊതുമരാമത്ത് നിരത്ത് വിഭാഗം, കെ.എസ്.ടി.പി. എഞ്ചിനീയർമാരും ചേർന്ന് സാങ്കേതിക ഘടനകൾ നിശ്ചയിച്ചു. റോഡുകളുടെ മുൻഗണനാക്രമം തയ്യാറാക്കിയത് താഴെപ്പറയുന്ന ഘടകങ്ങളും അവയ്ക്ക് നൽകിയിട്ടുള്ള പ്രാധാന്യത്തെയും അടിസ്ഥാനമാക്കിയാണ്.

| ക്രമ നമ്പർ | ഘടകങ്ങൾ | പ്രാധാന്യം |
|---|---|---|
| 1 | പ്രളയംമൂലം മുങ്ങിപ്പോയ റോഡുകൾ | 15% |
| 2 | മണ്ണിടിച്ചിലും മണ്ണൊലിപ്പും | 15% |
| 3 | പാരിസ്ഥിതിക സാമൂഹികാഘാതം | 10% |
| 4 | തന്ത്രപ്രധാന റോഡുകൾ | 10% |
| 5 | റൈറ്റ് ഓഫ് വേയുടെ ലഭ്യത | 10% |
| 6 | സാമ്പത്തിക ലഭ്യത | 10% |
| 7 | കലുങ്കുകളുടെ കോട്ടം | 10% |
| 8 | ജനവാസ മേഖല | 5% |
| 9 | റോഡുകളുടെ നീളം | 5% |
| 10 | വാഹനത്തിരക്ക് | 5% |
| 11 | പൊതുഗതാഗതം | 5% |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന റോഡുകളിൽ പ്രളയം നിമിത്തം തകർന്നതായി പൊതുമരാമത്ത് നിരത്ത് വിഭാഗം വിലയിരുത്തിയതും സാമൂഹിക സാമ്പത്തിക വികസനത്തെ ത്വരിതപ്പെടുത്തുന്നതിനുതകുന്നതുമായ റോഡുകളുടെ പുനർനിർമ്മാണമാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി പൊതുമരാമത്ത് നടപ്പിലാക്കുന്നത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലോകബാങ്ക്/ ജർമ്മൻബാങ്ക് എന്നിവരുടെ ധനസഹായത്തിന്റെ അടിസ്ഥാനത്തിൽ കെ.എസ്.റ്റി.പി. മുഖേന ഏറ്റെടുത്ത് നടപ്പിലാക്കുന്ന റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി പ്രളയം നിമിത്തം തകർന്നതായി വിലയിരുത്തി പൊതുമരാമത്ത് നിരത്ത് വിഭാഗം തയ്യാറാക്കി കെ.എസ്.റ്റി.പി.ക്ക് കൈമാറിയ 62 റോഡുകളുടെ പട്ടികയിൽനിന്നും ജർമ്മൻ ബാങ്കിന്റെ നിർദ്ദേശാനുസരണവും മറ്റ് ഫണ്ടുകൾ ലഭ്യമായതുമായ റോഡുകൾ ഒഴിവാക്കുകയും ബാക്കി വന്ന 57 റോഡുകളുടെ മുൻഗണനാക്രമം M/s L&T മുഖേന തയ്യാറാക്കുകയും ആയതിൽ പ്രഥമ പരിഗണനയർഹിക്കുന്ന 819 കിലോമീറ്റർ വരുന്ന 31 റോഡുകളാണ് ഫണ്ട് ലഭ്യതയുടെ അടിസ്ഥാനത്തിൽ ആദ്യഘട്ടമായി പുനർനിർമ്മാണത്തിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

(ഡി) കേരള പുനർനിർമ്മാണ പദ്ധതിയുടെ ഭാഗമായി റാന്നിയിലെ 35 കിലോമീറ്റർ വരുന്ന വയ്യാറ്റുപുഴ-പൊതിപ്പാട് റോഡിന്റെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനായി കൺസൾട്ടന്റിനെ ഏൽപ്പിച്ചിട്ടുണ്ട്.

## പിറവം നിയോജകമണ്ഡലത്തിലെ രാമൻചിറ (ഇടയാർ) പാലത്തിന്റെ പുനർനിർമ്മാണം

37(1109) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അപകടാവസ്ഥയിലായ പാലങ്ങൾ പുനർനിർമ്മിക്കുന്നതിന്റെ ഭാഗമായി, പിറവം നിയോജകമണ്ഡലത്തിലെ രാമൻ ചിറ (ഇടയാർ) പാലത്തിന്റെ പുനർനിർമ്മാണത്തിന് സാങ്കേതിക അനുമതി നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ സാങ്കേതിക അനുമതി അടിയന്തരമായി നൽകാൻ നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) രാമൻചിറ (ഇടയാർ) പാലത്തിന്റെ നിർമ്മാണത്തിനുള്ള ഡിസൈൻ ഫൈനലൈസ് ചെയ്യേണ്ടതുണ്ട്. ഫീസിബിലിറ്റി റിപ്പോർട്ട് ബ്രിഡ്ജസ് ഡിസൈൻ വിംഗിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ഫൈനൽ ഡിസൈൻ ലഭിച്ചുകഴിഞ്ഞാൽ ഡി.പി.ആർ. തയ്യാറാക്കി സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയും.

**ഒള്ളൂർക്കടവ് പാലത്തിന് ഭൂമി ഏറ്റെടുക്കൽ നടപടി**

38(1110) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി, കൊയിലാണ്ടി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന ഒള്ളൂർക്കടവ് പാലത്തിന് ഭൂമി ഏറ്റെടുക്കൽ നടപടി ഇപ്പോൾ ഏതുഘട്ടത്തിലാണെന്നറിയിക്കാമോ;

(ബി) പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം എത്ര കോടി രൂപയാണ് പാലം നിർമ്മാണത്തിന് ആവശ്യമായിട്ടുള്ളത്; ഈ പ്രവൃത്തിയുടെ പുതുക്കിയ ഭരണാനുമതി ലഭ്യമായിട്ടുണ്ടോ എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഒള്ളൂർക്കടവ് പാലത്തിനുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായിട്ടുള്ള സാമൂഹ്യാഘാത പഠനം പുരോഗമിച്ചുവരുന്നു.

(ബി) പുതുക്കിയ ഭരണാനുമതിക്കുവേണ്ടിയുള്ള 16.25 കോടി രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

**കണ്ണൂർ ജില്ലയിലെ പഴയങ്ങാടി, കാവിൻമുനമ്പ്, മൂലക്കീൽക്കടവ് എന്നീ പാലങ്ങളുടെ നിർമ്മാണം**

39(1111) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തിയ കണ്ണൂർ ജില്ലയിലെ പഴയങ്ങാടിപ്പാലം, കാവിൻമുനമ്പ് പാലം, മൂലക്കീൽക്കടവ് പാലം തുടങ്ങിയവയുടെ വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിനും കിഫ്ബിയിൽനിന്നും ധനകാര്യാനുമതി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കിഫ്ബിയിൽ നിന്നും ധനകാര്യാനുമതി ലഭിച്ച വെങ്ങര റെയിൽവേ ഓവർ ബ്രിഡ്ജിന് ടെൻഡർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തിയ കണ്ണൂർ ജില്ലയിലെ പഴയങ്ങാടി പാലം, മൂലക്കീൽക്കടവ് പാലം തുടങ്ങിയവയുടെ ഡി.പി.ആർ. സാമ്പത്തികാനുമതിക്കു വേണ്ടി സമർപ്പിച്ചിട്ടുണ്ട്. കാവിൻമുനമ്പ് പാലത്തിന്റെ ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

(ബി) വെങ്ങര റെയിൽവേ ഓവർ ബ്രിഡ്ജിന് സാങ്കേതികാനുമതി നൽകുന്നതിനായുള്ള എസ്റ്റിമേറ്റ് ടെക്നിക്കൽ കമ്മിറ്റി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ഉടനെതന്നെ സാങ്കേതികാനുമതി നൽകി ദർഘാസ് നടപടികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## കൽപ്പറ്റ മണ്ഡലത്തിലെ പാലങ്ങൾ

40(1112) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 ബഡ്ജറ്റിൽ കൽപ്പറ്റ മണ്ഡലത്തിൽ 10 കോടി രൂപ വീതം അനുവദിച്ച കോട്ടത്തറ ഡാം സൈറ്റ് പാലം, മണ്ണാറക്കുണ്ട് പാലം, ചുഴലിപ്പാലം എന്നിവയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) ഈ പദ്ധതികൾ എന്നു ടെൻഡർ ചെയ്യാനാകും;

(സി) ഈ പദ്ധതികളുടെ ടെൻഡർ നടപടികൾ വൈകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ, ആയത് ഉടൻ പരിഹരിച്ച് പ്രവൃത്തി ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) കൽപ്പറ്റ മണ്ഡലത്തിലെ തുർക്കി പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ; എന്ന് പ്രവൃത്തി ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) കോട്ടത്തറ ഡാം സൈറ്റ് പാലത്തിന്റെയും മണ്ണാറക്കുണ്ട് പാലത്തിന്റെയും രൂപകൽപ്പന നടന്നുവരുന്നു. ചുഴലി പാലത്തിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

(ബി&സി) രൂപകൽപ്പന പൂർത്തിയായശേഷം മേൽപ്പറഞ്ഞ മൂന്ന് പാലങ്ങളുടെയും വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരം ലഭിച്ചതിനുശേഷം ടെൻഡർ ചെയ്യാൻ കഴിയും.

(ഡി) തുർക്കി പാലത്തിന്റെ ബാക്കി പ്രവൃത്തികൾ നിലവിലുള്ള കരാറുകാരൻ മുഖാന്തരം പൂർത്തീകരിക്കുന്നതിനായി 4.97 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിരുന്നു. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരവേ ഇപ്പോൾ അനുവദിച്ച കുറഞ്ഞ നിരക്ക് സ്വീകാര്യമല്ലെന്നും ഒറിജിനൽ എഗ്രിമെന്റ് നിരക്ക് അനുവദിച്ചാൽ മാത്രമേ പ്രവൃത്തി തുടരാൻ കഴിയുകയുള്ളൂയെന്നും കരാറുകാരൻ അറിയിച്ചിരിക്കുകയാണ്.

**നച്യാട് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ**

41(1113) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേയുടെ ഭാഗമായി ഫണ്ട് അനുവദിച്ചിട്ടുള്ള നച്ച്യാട് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഇൻവെസ്റ്റിഗേഷൻ നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ;

(സി) പാലം നിർമ്മാണത്തിനാവശ്യമായ ടെൻഡർ നടപടിക്രമങ്ങൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്നുള്ള വിവരം അറിയിക്കാമോ?

ഉത്തരം

(എ) മലയോര ഹൈവേയുടെ ഭാഗമായി ഫണ്ട് അനുവദിച്ചിട്ടുള്ള നച്യാട് പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കായി 22-11-2019-ന് സൈറ്റ് കൈമാറിയിട്ടുണ്ട്. സർവ്വേ ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബോറിങ്ങ് പ്രവൃത്തികളാണ് ഇനി ബാക്കിയുള്ളത്.

(ബി) ഇല്ല.

(സി) ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചശേഷം റിപ്പോർട്ട് സമർപ്പിച്ച് ഡിസൈൻ വിഭാഗത്തിൽനിന്നും ലഭിച്ച ഡ്രോയിങ്ങ് പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭിക്കുന്നമുറയ്ക്ക് ടെൻഡർ നടപടികളിലേയ്ക്ക് കടക്കുന്നതാണ്.

**മക്കേക്കടവ് നേരേകടവ് പാലത്തിന്റെ നിലവിലെ സ്ഥിതി**

42(1114) ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറവൂർ പമ്പ പാതയിലെ മക്കേക്കടവ് നേരേകടവ് പാലത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് എന്നറിയിക്കുമോ;

(ബി) ഈ വർക്കിന്റെ എസ്റ്റിമേറ്റ് തുക എത്രയായിരുന്നു; ഇതേ തുകയ്ക്ക് തന്നെയാണോ കരാർ എടുത്തത് ; വിശദാംശം നൽകുമോ;

(സി) ഈ പണി ആരംഭിച്ചത് എന്നാണ്; ഇതുവരെ എത്ര ശതമാനം പണി പൂർത്തിയായി; കരാറുകാരന് നാളിതുവരെ എത്ര തുക നൽകി; വിശദമാക്കാമോ;

(ഡി) ഇത് സംബന്ധിച്ച് കോടതിയിൽ കേസുകൾ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഇ) ഈ പണി നിർത്തി വച്ചിട്ടുണ്ടോ; എങ്കിൽ നിർത്തി വയ്ക്കുന്നതിനുള്ള കാരണം എന്തായിരുന്നു; പണി പുനരാരംഭിക്കാൻ സ്വീകരിച്ച നടപടികൾ എന്താണ്; പണി സൈറ്റ് കരാറുകാരന് കൈമാറിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) പ്രസ്തുത പാലത്തിന്റെ ആകെയുള്ള 100 പൈലുകളിൽ 96 എണ്ണവും 23 പൈൽ ക്യാപ്പുകളിൽ 21 എണ്ണവും പിയർ ക്യാപ്പുകളിൽ 21-ൽ 21 എണ്ണവും നാവിഗേഷൻ സ്പാനിന്റെ 8 ബീമുകളിൽ 5 എണ്ണവും പൂർത്തീകരിച്ചിട്ടുണ്ട്. മക്കേക്കടവ് ഭാഗത്ത് 4 പൈലും 2 പൈൽ ക്യാപ്പുകളും സ്ഥലം ലഭ്യമല്ലാത്തതിനാൽ നിർമ്മിക്കാൻ സാധിച്ചിട്ടില്ല. സ്ഥലം ലഭ്യമായെങ്കിൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

(ബി) ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക 98.098 കോടി രൂപയാണ്. ഡിസൈൻ ടെണ്ടർ പ്രകാരം 78.40 കോടി രൂപയ്ക്കാണ് കരാർ നൽകിയത്.

(സി) 4-11-2016-ൽ പ്രവൃത്തി തുടങ്ങി; 50% പ്രവൃത്തി പൂർത്തീകരിച്ചു. നാളിതുവരെ ₹ 49,28,52,052 രൂപ നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്. രണ്ട് കേസുകൾ നിലവിലുണ്ട്.

1. സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീ. പ്രകാശൻ, പുതുവൽ ചിറവീട്, നടുഭാഗം മുറി, തൈക്കാട്ടുശ്ശേരി എന്നയാൾ ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യു.പി.സി.-19503/2017 നമ്പർ കേസ്.
2. പണി പൂർത്തീകരിക്കുന്നത് സംബന്ധിച്ച് ശ്രീ. എൻ. എ. താഹ, നെടുംചിറയിൽ, കരിപ്പാടം പി.ഒ., വൈക്കം എന്നയാൾ ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യു.പി.സി. 21075/2019(എച്ച്)നമ്പർ കേസ്.

(ഇ) ഇല്ല. 4-11-2016-ൽ കരാറുകാരന് സൈറ്റ് കൈമാറിയിട്ടുള്ളതാണ്. പണിയുടെ കാലാവധി 24 മാസമാണ്. കരാറുപ്രകാരം 3-11-2018-ൽ പണി പൂർത്തീകരിക്കേണ്ടതായിരുന്നു. സ്ഥലം ലഭ്യമല്ലാത്തതിനാൽ പണി പൂർത്തീകരിക്കാൻവേണ്ടി 25-2-2020 വരെ കാലാവധി നീട്ടിയിട്ടുണ്ട്.

## പള്ളിപ്പുറം കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണം

43(1115) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിപ്പുറം കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് തുക വകയിരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

### ഉത്തരം

(എ) പാലം നിർമ്മാണത്തിന്റെ ഭാഗമായുള്ള പൈലിംഗ് പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(ബി&സി) പാലത്തിന്റെ അപ്രോച്ച് നിർമ്മാണത്തിനാവശ്യമായ സ്ഥലമേറ്റെടുക്കുന്നതിനുള്ള ഭരണാനുമതി നൽകുന്നതിനായി 329 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

## കെൽട്രോൺ ഫെറി കുമ്പളങ്ങി പാലം

44(1116) ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ കെൽട്രോൺ ഫെറി കുമ്പളങ്ങി പാലത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) ഇതിന്റെ ഭരണാനുമതി ,സാങ്കേതിക അനുമതി എന്നിവ സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) ഇതിന്റെ ഭൂമി ഏറ്റെടുക്കൽ നടപടി ഏതു ഘട്ടത്തിൽ എത്തി എന്നറിയിക്കുമോ;

(ഡി) പ്രസ്തുത പാലത്തിന്റെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയും എന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) കെൽട്രോൺ ഫെറി-കുമ്പളങ്ങി പാലത്തിന്റെ പുതുക്കിയ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് സാമ്പത്തികാനുമതി ലഭിക്കുന്നതിനായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.

(ബി) ഈ പാലം നിർമ്മാണത്തിന് 45 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭ്യമായാൽ മാത്രമേ സാങ്കേതികാനുമതി നൽകാൻ സാധിക്കുകയുള്ളൂ.

(സി&ഡി) ഈ പാലത്തിനായി സ്ഥലമേറ്റെടുക്കുന്നതിനുള്ള രേഖകൾ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ പാലം നിർമ്മാണത്തിനുള്ള സാമ്പത്തികാനുമതി ലഭിച്ചാൽ മാത്രമേ സ്ഥലമേറ്റെടുക്കൽ നടപടികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. പാലത്തിന്റെ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

**നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ മുള്ളറമൂള-ആയയിൽ പാലം**

45(1117) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ കിഫ്ബി വഴി നടപ്പിലാക്കുന്ന മുള്ളറമൂള-ആയയിൽ പാലത്തിന്റെ സ്ഥലം ഏറ്റെടുക്കുന്നതിനു വേണ്ടിയുള്ള പഠനം നടത്തുന്നതിന് ആവശ്യമായ ഫണ്ട് ബന്ധപ്പെട്ട വകുപ്പിന് കൈമാറിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; എത്ര തുകയാണ് കൈമാറിയത് എന്ന് വിശദമാക്കുമോ;

(ബി) ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് സർവ്വേ വിഭാഗത്തിൽ നിന്നും ഏതു വർഷത്തിലാണ് പഠനം നടത്തുന്നതിന് ഫണ്ട് ആവശ്യപ്പെട്ടത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഫണ്ട് ബന്ധപ്പെട്ട വകുപ്പിന് കൈമാറിയിട്ടില്ല. കിഫ്ബിയിൽനിന്നും ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഫണ്ട് 2019-20 വർഷത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

## കാക്കത്തുരുത്ത് പാലത്തിന്റെ നിർമ്മാണം

46(1118) ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ കാക്കത്തുരുത്ത് പാലത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) എത്ര രൂപയ്ക്കായിരുന്നു ഇതിന് ഭരണാനുമതി നൽകിയത്; സാങ്കേതിക അനുമതി നൽകിയത് എത്ര രൂപയ്ക്കാണ്; വിശദാംശം അറിയിക്കാമോ;

(സി) ഭൂമി ഏറ്റെടുക്കൽ നടപടികളുടെ പുരോഗതി അറിയിക്കാമോ;

(ഡി) ഇതിന്റെ പണി ആരംഭിച്ചിട്ടുണ്ടോ; പണികൾ എപ്പോഴത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയും എന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ) അരൂർ മണ്ഡലത്തിലെ കാക്കത്തുരുത്ത് പാലത്തിന് 2017-18-ലെ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 20 കോടി രൂപയുടെ ഭരണാനുമതി നൽകി വിശദമായ പദ്ധതിരേഖ കിഫ്ബിയിൽ സമർപ്പിച്ചതിനെത്തുടർന്ന് 16-3-2019-ന് 33.144 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചു.

(ബി) ഭരണാനുമതി തുക - 20 കോടി രൂപ, കിഫ്ബിയിൽനിന്നുള്ള സാമ്പത്തികാനുമതി തുക – 33.144 കോടി രൂപ. സാങ്കേതികാനുമതി ലഭിച്ചിട്ടില്ല.

(സി) പാലത്തിനും അപ്രോച്ച് റോഡിനും ആവശ്യമായ 135 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിന് 1-10-2019-ൽ സർക്കാർ അനുമതി നൽകി. സ്ഥലമേറ്റെടുപ്പ് നടപടികൾ ആലപ്പുഴ ജില്ലാ കളക്ടറുടെ കാര്യാലയത്തിൽ പുരോഗമിക്കുന്നു.

(ഡി) ആരംഭിച്ചിട്ടില്ല. സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തിയാക്കി സ്ഥലം പൊതുമരാമത്ത് വകുപ്പിന് കൈമാറിയതിനുശേഷം മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. പദ്ധതിയുടെ പൂർത്തീകരണ കാലാവധി കരാർ ഉറപ്പിച്ചശേഷം രണ്ട് വർഷമായാണ് കണക്കാക്കിയിട്ടുള്ളത്.

## പുളിഞ്ഞോളിക്കടവ് പാലം, കുണ്ടുചിറ

47(1119) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജകമണ്ഡലത്തിലെ പുളിഞ്ഞോളിക്കടവ് പാലം, കുണ്ടുചിറ എന്നീ പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്നും ആയത് എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) തലശ്ശേരി മണ്ഡലത്തിലെ പുളിഞ്ഞോളിക്കടവ്, കുണ്ടുചിറ എന്നീ പാലങ്ങളുടെ പുതുക്കിയ ഡിസൈൻ ഡ്രോയിംഗിനുവേണ്ടി ഡിസൈൻ വിംഗിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ഡിസൈനും ഡ്രോയിംഗും കിട്ടുന്നമുറയ്ക്ക് അതനുസരിച്ച് ഡി.പി.ആർ. തയ്യാറാക്കി സാമ്പത്തികാനുമതിക്കായി കിഫ്ബിയിലേയ്ക്ക് സമർപ്പിക്കുന്നതാണ്.

**സംസ്ഥാന ദേശീയപാത വികസനം**

48(1120) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയപാത വികസനം മന്ദഗതിയിൽ ആകുന്നതിന്റെ പ്രധാന കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ദേശീയപാത വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള സംസ്ഥാന ധനവിഹിതം സമയബന്ധിതമായി നൽകും എന്ന് ഉറപ്പ് നൽകിയിട്ടും ദേശീയ പാത വികസനത്തിന്റെ മെല്ലെപ്പോക്കിന്റെ പ്രധാന കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തടസ്സങ്ങൾ നീക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ-സി) ദേശീയപാത വികസന പദ്ധതികൾക്കായുള്ള സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിച്ചുവരികയാണ്. ഇത്തരം പ്രവൃത്തികൾ പുരോഗമിക്കുന്നതിനിടയിൽ സംസ്ഥാനത്തെ എൻ.എച്ച്. 66 വികസനം പ്രയോറിറ്റി രണ്ടിലേയ്ക്ക് മാറ്റിക്കൊണ്ട് എൻ.എച്ച്.എ.ഐ. ഉത്തരവിറക്കിയതിന്റെ ഭാഗമായി സ്ഥലമേറ്റെടുപ്പ് ഉൾപ്പെടെ നിർത്തിവച്ചിരുന്നു. എന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും കേന്ദ്ര ഉപരിതല ഗതാഗത മന്ത്രിയുമായി കത്തിലൂടെയും നേരിട്ടും ചർച്ച ചെയ്തതിന്റെ ഭാഗമായി മുൻഗണന രണ്ടിലേയ്ക്ക് മാറ്റിയ ഉത്തരവ് പിൻവലിക്കുകയായിരുന്നു.

സ്ഥലമേറ്റെടുപ്പിന്റെ വിലയുടെ 25% സംസ്ഥാന സർക്കാർ നൽകണമെന്ന ആവശ്യം അംഗീകരിക്കുകയും അതിനുള്ള ധാരണാപത്രം കേന്ദ്രസർക്കാരുമായി ഒപ്പുവയ്ക്കുകയും ചെയ്തു. അതിനുശേഷവും കാര്യമായ പുരോഗതി ഉണ്ടാകുന്നില്ല. കാസർഗോഡ് ജില്ലയിലെ രണ്ട് പ്രോജക്ടുകൾ ടെണ്ടർ ചെയ്തിട്ടുണ്ടെങ്കിലും ഇതുവരെ തുറന്നിട്ടില്ല. കേന്ദ്ര റോഡ് ഹൈവേ മന്ത്രാലയത്തിന്റെ SFC (Standing Finance Committee) യോഗം ചേർന്ന് ഇതിന് അംഗീകാരം നൽകേണ്ടതുണ്ട്. എന്നാൽ SFC യോഗം ചേർന്ന് അംഗീകാരം നൽകാത്തതിനാൽ ഒരു വർഷത്തോളമായി ടെണ്ടർ തുറക്കാൻ കാലതാമസം നേരിടുന്നു. സംസ്ഥാനം ചെയ്തു കൊടുക്കേണ്ടതെല്ലാം ചെയ്തുകഴിഞ്ഞാലും NHAI-യുടെയും MoRTH-ന്റെയും നടപടിക്രമങ്ങളിൽ വലിയ കാലതാമസം നേരിടുന്നുണ്ട്. ടെണ്ടർ കഴിഞ്ഞ് കരാർ വച്ച കോഴിക്കോട് ബൈപ്പാസ് പോലും കരാറുകാരന്റെ അനാസ്ഥയും സാമ്പത്തിക പരാധീനതയും കാരണം ഇതുവരെ തുടങ്ങാനായിട്ടില്ലായെന്നതുതന്നെ തടസ്സത്തിന്റെയും മെല്ലെപ്പോക്കിന്റെയും ഉദാഹരണമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പൊതുമരാമത്ത് മന്ത്രിയും പ്രവൃത്തി വേഗത്തിലാക്കാൻ ആവശ്യമായ ഇടപെടൽ കേന്ദ്രമന്ത്രിയുമായി നടത്തിക്കൊണ്ടിരിക്കുന്നുണ്ട്.

**ദേശീയപാത നാലുവരിയാക്കുന്നതിന്റെ പ്രവർത്തന പുരോഗതി**

49(1121) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളുടെ വികസനത്തിന്റെ ഭാഗമായി ദേശീയപാത നാല് വരിയാക്കുന്നതിന്റെ പ്രവർത്തന പുരോഗതി വിശദീകരിക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ദേശീയപാത കടന്നുപോകുന്ന കായംകുളം മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിലെ ഫ്ലൈ ഓവർ അടക്കമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഏതൊക്കെയാണ് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഭൂമിയേറ്റെടുക്കൽ നടപടികൾ നല്ലരീതിയിൽ മുന്നോട്ടുപോകുന്നുണ്ട്. ദേശീയപാത നാലുവരിയാക്കുന്നതിന്റെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു.*

(ബി) ദേശീയപാത നാലുവരിയാക്കുന്നതിന്റെ വിശദമായ പദ്ധതി രേഖ (ഡി.പി.ആർ.) പൂർത്തിയായി വരുന്നു. വിശദമായ പദ്ധതി രേഖ (ഡി.പി.ആർ.) പൂർത്തിയായാലേ നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദവിവരങ്ങൾ നൽകാനാവൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**ദേശീയപാത വികസനം**

50(1122) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മേപ്പാടി മുതൽ കഴക്കൂട്ടം വരെ 45 മീറ്റർ വീതിയിൽ ദേശീയപാത വികസനം ഏത് ഘട്ടത്തിലാണ്;

(ബി) അതിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ ഏത് ഘട്ടത്തിലാണ്;

(സി) 13 റീച്ചുകളിലെ ഓരോ റീച്ചിലും എത്ര ശതമാനം ഭൂമി ഏറ്റെടുത്തുവെന്ന് വ്യക്തമാക്കുമോ;

(ഡി) തെക്കൻ ജില്ലകളിൽ ദേശീയ പാത വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതിന് കാലതാമസം ഉണ്ടാകുമെന്ന വാർത്ത വസ്തുതാപരമാണോ; എങ്കിൽ അതിനുള്ള കാരണമെന്താണ്;

(ഇ) ദേശീയ പാതവികസനം 2021-ൽ പൂർത്തിയാക്കുമെന്ന സർക്കാർ പ്രഖ്യാപനം ഇതുമൂലം പ്രാവർത്തികമാക്കുവാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ?

ഉത്തരം

(എ-സി) കർണ്ണാടക അതിർത്തി മുതൽ കഴക്കൂട്ടം വരെയുള്ള ദേശീയപാത 66-ന്റെ വികസനം ഭാരത്‌മാല പരിയോജനയിൽ ഉൾപ്പെടുത്തി പുരോഗമിക്കുകയാണ്. ഭൂമി ഏറ്റെടുക്കൽ നടപടികളും നല്ലരീതിയിൽ പുരോഗമിക്കുന്നു. ദേശീയപാത വികസനം സംബന്ധിച്ച നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു.* 13 റീച്ചുകളിലെ ഓരോ റീച്ചിലേയും ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) അത്തരം വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) നിശ്ചയിച്ച രീതിയിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**ദേശീയപാത നിർമ്മാണ പ്രവർത്തനം**

51(1123) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത വികസനത്തിന്റെ ഭാഗമായുള്ള ആദ്യഘട്ട വികസനം ഏത് മേഖലയിലാണ് നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) നിലവിലുള്ള രണ്ടുവരി പാത ആറുവരി പാതയായി വികസിപ്പിക്കുന്നതിന് എത്ര ഏക്കർ സ്ഥലമാണ് ഏറ്റെടുക്കേണ്ടതെന്ന് അറിയിക്കാമോ;

(സി) എത്ര ശതമാനം സ്ഥലം ഇതിനകം ഏറ്റെടുത്തെന്ന് അറിയിക്കാമോ;

(ഡി) ദേശീയപാത നിർമ്മാണ പ്രവർത്തനം എന്നത്തേയ്ക്ക് പൂർത്തിയാക്കുവാൻ സാധിക്കുമെന്നാണ് വിലയിരുത്തുന്നത്; ഇതിനായി കേന്ദ്ര വിഹിതം എത്രയാണ്; സംസ്ഥാന വിഹിതമായി നൽകേണ്ടത് എത്രയാണ്; വിശദമാക്കുമോ?

ഉത്തരം

(എ-ഡി) കർണ്ണാടക അതിർത്തി മുതൽ കഴക്കൂട്ടം വരെയുള്ള ദേശീയപാത 66-ന്റെ വികസനം ഭാരത്മാല പരിയോജനയിൽ ഉൾപ്പെടുത്തി പുരോഗമിക്കുകയാണ്. നിലവിലുള്ള രണ്ടുവരി പാത ആറുവരി പാതയായി വികസിപ്പിക്കുന്നതിന് 1155.146 HA ഭൂമി ആവശ്യമാണ്. ഇതിൽ 122.144 HA ഭൂമി ഏറ്റെടുത്തുകഴിഞ്ഞു. ദേശീയപാത വികസനം സംബന്ധിച്ച നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു.*

കേന്ദ്ര ഉപരിതല ഗതാഗത വകുപ്പും സംസ്ഥാന പൊതുമരാമത്ത് വകുപ്പും തമ്മിൽ 3-10-2019-ന് ഒപ്പുവച്ച ധാരണാപത്ര പ്രകാരം സംസ്ഥാനത്ത് ദേശീയപാത വികസനത്തിന് ഭൂമി ഏറ്റെടുക്കാൻ ചെലവാകുന്ന തുകയുടെ 25 ശതമാനമാണ് സംസ്ഥാന വിഹിതം. ഭൂമിയുടെ വില കൃത്യമായി കണക്കാക്കിയതിനുശേഷം മാത്രമേ സംസ്ഥാന വിഹിതം എത്രയാണെന്ന് വ്യക്തമാകുകയുള്ളൂ. ഏകദേശം 6000 കോടിയെന്നാണ് പ്രതീക്ഷിക്കുന്നത്.

**ദേശീയപാതാ വികസനം**

52(1124) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത ആറുവരിയായി വികസിപ്പിക്കുന്നതിനുള്ള സ്ഥലമെടുപ്പിനായി ടെണ്ടർ വിളിച്ചിട്ടും ആവശ്യമായ പുരോഗതിയില്ലെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്ഥലത്തിന് പണമാവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകൾ ദേശീയപാത അതോറിറ്റി മടക്കുന്ന സാഹചര്യമുണ്ടോ; കോഴിക്കോട് മേഖലാ ഓഫീസിൽ മാത്രം 150 കോടി രൂപയുടെ ഇത്തരം അപേക്ഷകൾ മടക്കുകയുണ്ടായോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) സംസ്ഥാന സർക്കാർ നൽകാമെന്നേറ്റ 25 ശതമാനം തുക കിട്ടാത്തതാണ് പ്രതിസന്ധിക്ക് കാരണമെന്ന അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു പരിഹരിക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭൂമിയേറ്റെടുക്കൽ നടപടികൾ നല്ല രീതിയിൽ മുന്നോട്ടുപോകുന്നുണ്ട്. സ്ഥലമെടുപ്പിന് ടെണ്ടർ വിളിക്കേണ്ടതായ ആവശ്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കാസർഗോഡ് ജില്ലയിൽ വരുന്ന റോഡ്, രണ്ട് പ്രോജക്ടുകളായി ടെണ്ടർ ചെയ്തിട്ടുണ്ടെങ്കിലും കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ SFC (Standing Finance Committee) ചേർന്ന് അംഗീകാരം നൽകാൻ കാലതാമസമുണ്ടായിട്ടുണ്ട്. ഏകദേശം ഒരു വർഷത്തോളമായി കാലതാമസമാണ്. സംസ്ഥാന സർക്കാർ ഭൂമിയെടുപ്പിനുള്ള വിലയുടെ 25% നൽകാമെന്ന് സമ്മതിച്ചതിനുശേഷവും നാല് മാസത്തോളം SFC-യുടെ അംഗീകാരത്തിനായി കാക്കുകയാണ്. സംസ്ഥാന സർക്കാർ ചെയ്യേണ്ട കാര്യങ്ങളെല്ലാം ചെയ്തിട്ടുണ്ട്.

(ബി) ബന്ധപ്പെട്ട CALA യൂണിറ്റുകൾ 2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരം തയ്യാറാക്കി അയച്ച പ്രൊപ്പോസലുകൾ ദേശീയപാത അതോറിറ്റി റീജിയണൽ ഓഫീസിൽ പ്രോസസ് ചെയ്തുകൊണ്ടിരിക്കുകയാണ്.

(സി) സംസ്ഥാന സർക്കാർ വിഹിതം നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. NHAI ആവശ്യപ്പെട്ട പ്രകാരമുള്ള സംസ്ഥാന വിഹിതത്തിന്റെ ആദ്യഗഡു തുക പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അക്കൗണ്ടിൽ ഇതിനകം കിഫ്ബി നിക്ഷേപിച്ചിട്ടുണ്ട്. CALA ഓഫീസർ ആവശ്യപ്പെടുന്നമുറയ്ക്ക് പണം കൈമാറുന്നതാണ്. ഇന്നുവരെ അത്തരത്തിൽ പ്രതിസന്ധിയുള്ളതായോ സംസ്ഥാന വിഹിതം കിട്ടുന്നതിൽ തടസ്സമുള്ളതായോ NHAI അറിയിച്ചിട്ടില്ല.

**ദേശീയപാത സ്ഥലമേറ്റെടുപ്പ്**

53(1125) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത ആറുവരിയായി വികസിപ്പിക്കുന്നത് സംബന്ധിച്ച ടെണ്ടർ നടപടികളിലെ പുരോഗതി വ്യക്തമാക്കാമോ;

(ബി) സ്ഥലമേറ്റെടുപ്പ് സംബന്ധിച്ച് ദേശീയപാത അതോറിറ്റിക്ക് കിഫ്ബിയുമായി ധാരണാപത്രമുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് പര്യാപ്തമായ ജീവനക്കാരുടെ അഭാവമുള്ളതായ ആക്ഷേപത്തിന് പരിഹാരം കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ദേശീയപാത ആറുവരിയായി വികസിപ്പിക്കുന്നത് സംബന്ധിച്ച നടപടികളുടെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു.*

(ബി) ദേശീയപാത 66-ന്റെ വീതികൂട്ടൽ പ്രവൃത്തിക്കായുള്ള ഭൂമി ഏറ്റെടുക്കലിന് ആവശ്യമായിവരുന്ന (കെട്ടിടങ്ങൾ, മരങ്ങൾ തുടങ്ങിയ സ്ഥാവര വസ്തുക്കളുടെ നഷ്ടപരിഹാരം അടക്കം) തുകയുടെ 25% സംസ്ഥാന ഗവൺമെന്റ് വഹിക്കണമെന്ന് കേന്ദ്രസർക്കാർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഉപരിതല ഗതാഗത വകുപ്പും സംസ്ഥാന പൊതുമരാമത്ത് വകുപ്പും കിഫ്ബിയും തമ്മിൽ 3-10-2019-ന് ത്രികക്ഷി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

(സി) ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ അഭാവമുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**മരട് ഐ.ടി.ഐ.യുടെ കെട്ടിട നിർമ്മാണം**

54(1126) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ മരട് ഐ.ടി.ഐ.യുടെ കെട്ടിട നിർമ്മാണത്തിന്റെ വിശദാംശം അറിയിക്കുമോ;

(ബി) ഈ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി എന്തെന്ന് അറിയിക്കുമോ;

(സി) ഇതിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ;

(ഡി) സമയബന്ധിതമായി ഇതിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ-ഡി) മരട് ഐ.ടി.ഐ.-യുടെ കെട്ടിടനിർമ്മാണത്തിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു. എഗ്രിമെന്റ് നടപടികൾ പൂർത്തിയാക്കുന്നമുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.

**മരട് ഫ്ലാറ്റ് സമുച്ചയങ്ങളുടെ രജിസ്ട്രേഷൻ**

55(1127) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരടിൽ സുപ്രീംകോടതി വിധി പ്രകാരം പൊളിച്ച നാല് ഫ്ലാറ്റ് സമുച്ചയങ്ങളുടെ രജിസ്ട്രേഷൻ രേഖകൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) പല ഫ്ലാറ്റുകളും കുറഞ്ഞ തുക കാണിച്ചാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. ടി ഫ്ലാറ്റ് സമുച്ചയങ്ങളിൽ 132 കേസുകൾ അണ്ടർവാല്യവേഷൻ നടപടി സ്വീകരിച്ചിട്ടുള്ളതും ജില്ലാ രജിസ്ട്രാർ ആഫീസിൽനിന്നും നോട്ടീസ് നൽകിയതിനെത്തുടർന്ന് 69 കേസുകൾ കുറവ് മുദ്ര ഒടുക്കി തീർപ്പാക്കിയിട്ടുള്ളതുമാണ്.

**അങ്കമാലി മിനി സിവിൽ സ്റ്റേഷൻ**

56(1128) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം ഓഫീസുകളാണ് പ്രസ്തുത കെട്ടിടത്തിലേക്ക് മാറ്റാനായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കെട്ടിടത്തിൽ എത്ര സ്ഥലം ഒഴിവായി കിടക്കുന്നുണ്ടെന്നും ഇത് ഏതെല്ലാം നിലകളിലാണെന്നും വിശദമാക്കാമോ;

(ഡി) പ്രസ്തുത കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറിൽ അങ്കമാലി സബ്ട്രഷറിക്കായി സ്ട്രോങ് റൂം ഉൾപ്പെടെയുള്ള എല്ലാ സൗകര്യങ്ങളും ഒരുക്കിയിട്ടും സബ് ട്രഷറി മിനി സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റുവാൻ നടപടി സ്വീകരിക്കാത്തതിന് കാരണം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) അങ്കമാലി മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ

1. അസിസ്റ്റന്റ് എഞ്ചിനീയർ, ക്വാളിറ്റി കൺട്രോൾ സെക്ഷൻ നമ്പർ III, ഓഫീസ് കം റീജിയണൽ ലാബ് ഇറിഗേഷൻ വകുപ്പ്, അങ്കമാലി
2. ഐ.സി.ഡി.എസ്., അങ്കമാലി
3. വില്ലേജ് ഓഫീസ്, അങ്കമാലി
4. അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി., അങ്കമാലി
5. സബ് ആർ.ടി.ഒ., അങ്കമാലി
6. സബ് രജിസ്ട്രാർ ഓഫീസ്, അങ്കമാലി
7. അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, അങ്കമാലി
8. സർവ്വെ & ലാൻഡ് റെക്കോർഡ്സ്, അങ്കമാലി
9. അങ്കമാലി ലേബർ ഓഫീസ്
10. അസിസ്റ്റന്റ് എഡ്യൂക്കേഷൻ ഓഫീസ്, അങ്കമാലി
11. സബ്ട്രഷറി ഓഫീസ്, അങ്കമാലി
12. സ്പെഷ്യൽ തഹസീൽദാർ (എൽ.എ.), നെടുമ്പാശ്ശേരി
13. പൊതുമരാമത്ത് വകുപ്പ് (റോഡ്സ്), അങ്കമാലി
14. സ്റ്റേറ്റ് ടാക്സ്, അങ്കമാലി
15. എസ്.സി./എസ്.റ്റി. ഡെവലപ്മെന്റ് ഓഫീസ്, അങ്കമാലി
16. പെർഫോമൻസ് ഓഡിറ്റ്, യൂണിറ്റ് 3, നെടുമ്പാശ്ശേരി

മേൽ പരാമർശിച്ച ഓഫീസുകളിൽ ക്രമനമ്പർ 1 മുതൽ 10 വരെയുള്ള ഓഫീസുകൾ മാറ്റിയിട്ടുണ്ട്.

(സി) പ്രസ്തുത കെട്ടിടത്തിൽ നിലവിൽ അനുവദിക്കുന്നതിന് സ്ഥലം ഒഴിവായി കിടക്കുന്നില്ല. സബ് ട്രഷറി ഓഫീസ്, അങ്കമാലി, സ്പെഷ്യൽ തഹസീദാർ (എൽ.എ.) നെടുമ്പാശ്ശേരി, പൊതുമരാമത്ത് വകുപ്പ് (റോഡ്സ്) അങ്കമാലി, സ്റ്റേറ്റ് ടാക്സ്, അങ്കമാലി, എസ്.സി./എസ്.റ്റി. ഡെവലപ്മെന്റ് ഓഫീസ്, അങ്കമാലി, പെർഫോമൻസ് ഓഡിറ്റ്, യൂണിറ്റ് 3, നെടുമ്പാശ്ശേരി എന്നീ ഓഫീസുകൾക്ക് അങ്കമാലി മിനി സിവിൽ സ്റ്റേഷനിൽ സ്ഥലം അനുവദിച്ചിട്ടുണ്ടെങ്കിലും ടി ഓഫീസുകൾ പ്രസ്തുത കെട്ടിടത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

(ഡി) സബ് ട്രഷറി സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റാനുള്ള നടപടി സ്വീകരിക്കേണ്ടത് ട്രഷറി വകുപ്പാണ്.

**പൊതുമരാമത്ത് വകുപ്പിലെ കോൺട്രാക്ട്**

57(1129) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണം പൂർത്തിയാക്കിയ ഭൂരിപക്ഷം ജോലികളുടെയും തുക ലഭിക്കാത്തതുമൂലം ടെണ്ടറുകൾ ബഹിഷ്കരിക്കുവാൻ കോൺട്രാക്ടർമാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പൊതുമരാമത്ത് വകുപ്പിൽ നിന്നുമാത്രം കോൺട്രാക്ടർമാർക്ക് നിലവിൽ എത്ര കോടി രൂപ കുടിശ്ശികയുണ്ട്;

(സി) കെട്ടിട നിർമ്മാണ പ്രവർത്തികൾക്ക് രണ്ട് വർഷമായിരുന്ന സെക്യൂരിറ്റി കാലാവധി അഞ്ച് വർഷമായി ഉയർത്തിയിട്ടുണ്ടോ;

(ഡി) ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി പോലുള്ള വൻകിട കരാറുകാർക്ക് ടെണ്ടറില്ലാതെ കരാറുകൾ നൽകാറുണ്ടോ; എങ്കിൽ ഈ സർക്കാർ നിലവിൽ വന്ന ശേഷം പ്രസ്തുത ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് നൽകിയ പ്രവൃത്തികൾ ഏതൊക്കെയാണെന്നും ഓരോ പ്രവൃത്തിയുടെയും അടങ്കൽ തുക എത്രയെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട ടെണ്ടറുകളിൽ കരാറുകാർ ടെണ്ടർ ബഹിഷ്കരണം നടത്തിയിട്ടില്ല.

(ബി) പൊതുമരാമത്ത് വകുപ്പിൽ കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക ചുവടെ ചേർക്കും പ്രകാരമാണ്.

1. നിരത്തുകളും പാലങ്ങളും - 1154,93,00,000 രൂപ
2. കെട്ടിട വിഭാഗം -370,10,05,890 രൂപ
3. ദേശീയപാത വിഭാഗം -12,75,82,759 രൂപ

(സി) കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ സെക്യൂരിറ്റി കാലാവധി 25-11-2019-ലെ ജി.ഒ. (പി) നമ്പർ 161/2019/ഫിൻ പ്രകാരം അഞ്ച് വർഷമായി ഉയർത്തിയിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് ടെണ്ടറില്ലാതെ നൽകിയ പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം-LAC ADS-Improvements to Flood Bank Road in Kakkodi Panchayath Kozhikode District-Estimate amount Rs. 160 Lakhs.

ദേശീയപാത വിഭാഗം -ദേശീയപാത 766 താമരശ്ശേരി ചുരത്തിലുണ്ടായ മണ്ണിടിച്ചിലിൽ തകർന്ന സംരക്ഷണഭിത്തിയുടെ പുനർനിർമ്മാണം-1.86 കോടി രൂപ.

**ഇലക്ട്രിക്കൽ വിഭാഗം എഞ്ചിനീയറിംഗ് ജീവനക്കാരുടെ കുറവ്**

58(1130) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ വിഭാഗത്തിൽ വേണ്ടത്ര എഞ്ചിനീയറിംഗ് ജീവനക്കാർ ഇല്ലാത്തത് കാരണം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ താമസം നേരിടുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പി.ഡബ്ല്യൂ.ഡി., എൽ.എസ്.ജി.ഡി. തുടങ്ങി ഒരു ജില്ലയിലെ ഒട്ടുമിക്ക ബിൽഡിംഗ് പ്രവൃത്തികളുടെയും ഇലക്ട്രിക്കൽ വർക്കുകൾ വെവ്വേറെ ചെയ്യേണ്ടിവരുന്നതിനാലും ജില്ലയിലാകെ പ്രസ്തുത വർക്കുകൾ നിർവ്വഹിക്കേണ്ട അസിസ്റ്റന്റ് എഞ്ചിനീയർമാരുടെയും ഓവർസിയർമാരുടെയും എണ്ണം വളരെ കുറവായതിനാലും പ്രവൃത്തികൾക്ക് കാലതാമസം വരുന്നത് പരിഹരിക്കാൻ വകുപ്പ് ഏതെങ്കിലും തരത്തിലുള്ള മാറ്റങ്ങൾക്ക് ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) ഭാവിയിൽ ഒരു കെട്ടിടത്തിന്റെ ഇലക്ട്രിക്കൽ പ്രവൃത്തി എസ്റ്റിമേറ്റടക്കം ഒരു വർക്കായി ടെണ്ടർ ചെയ്യാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് വൈദ്യുത പ്രവൃത്തികളുടെ കാലതാമസം പരിഹരിക്കുന്നതിനായി വൈദ്യുത വിഭാഗത്തിൽ 68 അധിക തസ്തികകൾ സൃഷ്ടിക്കുകയും പുതുതായി 2 ഡിവിഷനുകൾ, 2 സബ്ഡിവിഷനുകൾ, 7 സെക്ഷനുകൾ എന്നിവ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഓഫീസുകൾ പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കുന്നമുറയ്ക്ക് ഇപ്പോഴത്തെ അവസ്ഥയ്ക്ക് മാറ്റംവരുന്നതാണ്.

(സി) പൊതുമരാമത്ത് കെട്ടിട നിർമ്മാണത്തിലെ വൈദ്യുത പ്രവൃത്തികൾ, സിവിൽ പ്രവൃത്തികൾ എന്നിവ ഒരേസമയം ടെണ്ടർ ക്ഷണിച്ച് വ്യത്യസ്ത കരാറുകാരെ ഉപയോഗിച്ച് നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**കരുവേലിപ്പടിയിലെ ജില്ലാ ടി.ബി. സെന്ററിന് പുതിയ കെട്ടിടം**

59(1131) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ കരുവേലിപ്പടിയിൽ പ്രവർത്തിക്കുന്ന ജില്ലാ ടി.ബി. സെന്ററിന്റെ പുതിയ കെട്ടിട നിർമ്മാണത്തിനായുള്ള പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിനായി 28-7-2018-ലെ കത്ത് പ്രകാരം ജില്ലാ ടി.ബി. ഓഫീസർ ആവശ്യപ്പെട്ടിട്ടും നാളിതുവരെ പ്രസ്തുത പ്ലാനും എസ്റ്റിമേറ്റും ലഭ്യമാക്കാത്തതിന് കാരണം വിശദമാക്കുമോ;

(ബി) ഇത് എന്നത്തേയ്ക്ക് സമർപ്പിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ജില്ലാ ടി.ബി. സെന്ററിന്റെ പുതിയ കെട്ടിട നിർമ്മാണത്തിനായി ടോട്ടൽ സ്റ്റേഷൻ സർവ്വേ പൂർത്തീകരിച്ച് ക്ലയന്റ് ഡിപ്പാർട്ടുമെന്റിന്റെ റിക്വയർമെന്റ് സഹിതം ആർക്കിടെക്ച്ചറൽ ഡ്രോയിംഗ് തയ്യാറാക്കിവരുന്നു. ആർക്കിടെക്ച്ചറൽ ഡ്രോയിംഗും സ്ട്രക്ച്ചറൽ ഡിസൈനും ലഭിക്കുന്നമുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതാണ്.

**കായംകുളം റസ്റ്റ് ഹൗസ് നിർമ്മാണം**

60(1132) <u>ശ്രീമതി യു. പ്രതിഭ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള കായംകുളം റസ്റ്റ് ഹൗസിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പദ്ധതികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) കായംകുളം റസ്റ്റ് ഹൗസിന്റെ നവീകരണവുമായി ബന്ധപ്പെട്ട് പുതുതായി ഒരു ഡോർമിറ്ററി, ഒരു കോൺഫറൻസ് ഹാൾ എന്നിവ നിർമ്മിക്കാനും വി.ഐ.പി. റൂം, ലോബികൾ എന്നിവയുടെ ഇന്റീരിയർ പ്രവൃത്തികൾ ചെയ്ത് മോടി കൂട്ടുവാനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ നിലവിലുള്ള കിച്ചൻ ബ്ലോക്ക് പുതുക്കി നിർമ്മിച്ച് സൗകര്യം വർദ്ധിപ്പിക്കുന്നതും കെട്ടിടത്തിന്റെ ടെറസ്സ് ട്രസ്സ് വർക്ക് ചെയ്ത് ഉപയോഗയോഗ്യമാക്കുന്നതുമാണ്.

ഇതിൽ ഡോർമിറ്ററിയുടെയും കിച്ചൻ ബ്ലോക്കിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. വി.ഐ.പി. റൂം, ലോബികൾ എന്നിവയുടെ ഇന്റീരിയർ പ്രവൃത്തികൾ പുരോഗമിക്കുന്നു. കോൺഫറൻസ് ഹാളിന്റെ നിർമ്മാണവും ട്രസ്സ് വർക്കും അന്തിമഘട്ടത്തിലാണ്. റസ്റ്റ് ഹൗസിന്റെ മറ്റ് മുറികളുടെയും ടോയ്‌ലെറ്റുകളുടെയും പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. റസ്റ്റ് ഹൗസിന്റെ മുറ്റം ടൈൽസ് പാകി പുല്ലുപിടിപ്പിച്ച് മോടികൂട്ടുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ചുറ്റുമതിൽ നിർമ്മാണം പൂർത്തീകരിച്ചു. ഗേറ്റ് ഉടൻ സ്ഥാപിക്കുന്നതാണ്.

## കരിമ്പുഴ-മുട്ടിക്കടവ് റോഡിന്റെ അപകടവളവ് നിവർത്തുന്നതിന് നടപടി

61(1133) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിലെ കരിമ്പുഴ മുതൽ മുട്ടിക്കടവ് വരെയുള്ള റോഡിൽ അപകടവളവ് നിവർത്തുന്നതിന് വകുപ്പ് സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) എഫ്.പി/കെ.എൽ/റോഡ്/32554/18 നമ്പർ ഫയലിലെ നിലവിലെ സ്ഥിതി വിശദമാക്കാമോ; ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കരിമ്പുഴയുടെ ഇരുവശത്തുമുള്ള ഫോറസ്റ്റ് ലാന്റിൽനിന്നും 0.6759 ഹെക്ടർ സ്ഥലം പ്രസ്തുത ആവശ്യത്തിന് വിട്ടുനൽകുന്നതിന് (21-4-2018-ന്) ഓൺലൈൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി) വനംവകുപ്പ് നോഡൽ ഓഫീസിൽനിന്നും പ്രസ്തുത അപേക്ഷ നിലമ്പൂർ നോർത്ത് ഡി.എഫ്.ഒ. ഓഫീസിലേയ്ക്ക് കൈമാറിയിട്ടുണ്ട്. ആവശ്യമായ സ്ഥലത്തെ വെട്ടിമാറ്റേണ്ട മരങ്ങളുടെ ലിസ്റ്റ് വനംവകുപ്പ് തയ്യാറാക്കിയിട്ടുണ്ട്.

## പി.ഡബ്ല്യു.ഡി. റോഡിനോട് ചേർന്നുകിടക്കുന്ന റവന്യൂ തരിശ് ഭൂമി

62(1134) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ പി.ഡബ്ല്യു.ഡി. റോഡിനോട് ചേർന്ന് കിടക്കുന്ന റവന്യൂ തരിശ് ഭൂമി പതിച്ച് നല്കുന്നതിന് പൊതുമരാമത്ത് വകുപ്പ് അനുമതി നല്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 30-9-2009-ലെ 20541/സി3/2009 എന്ന പൊതുമരാമത്ത് വകുപ്പിലെ സർക്കുലർ പ്രകാരം പി.ഡബ്ല്യു.ഡി. റോഡിന് ചേർന്ന് കിടക്കുന്ന റവന്യൂ തരിശ് ഭൂമിയിൽ താമസിക്കുന്നവരുടെ പട്ടയ അപേക്ഷകൾ നിരസിച്ചുവരുന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പി.ഡബ്ല്യു.ഡി. റോഡിന് ഭാവിയിൽ ആവശ്യമായ വീതികൂടി കണക്കിലെടുത്ത് റോഡിന്റെ വീതി നിശ്ചയിച്ച് തീരുമാനമെടുത്താൽ ബാക്കി വരുന്ന റവന്യൂ തരിശ് ഭൂമി പതിച്ച് കൊടുക്കുവാൻ കഴിയുമെന്നിരിക്കെ പി.ഡബ്ല്യു.ഡി. റോഡുകളുടെ വീതി നിശ്ചയിച്ച് തീരുമാനമെടുക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ-സി) റോഡുകളോട് ചേർന്ന സ്ഥലങ്ങളും സമീപത്തുള്ള പുറമ്പോക്ക് സ്ഥലങ്ങളും പതിച്ച് നൽകുന്നതുവഴി റോഡുകൾ വീതികൂട്ടുന്നതുൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും തുടർന്ന് റോഡ് പുറമ്പോക്കും റോഡിനോട് ചേർന്ന സ്ഥലങ്ങളും പതിച്ചുനൽകുന്നതിനുള്ള അപേക്ഷകൾ പരിഗണിക്കേണ്ടതില്ലെന്നും 30-9-2009-ലെ 20541/സി3/09/പൊ.മ.വ. പ്രകാരം ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി സർക്കുലർ പ്രകാരം റോഡ് പുറമ്പോക്കും റോഡിനോട് ചേർന്ന സ്ഥലങ്ങളും പതിച്ച് നൽകുന്നതിനുവേണ്ടിയുള്ള അപേക്ഷകൾ ഇപ്പോഴും പരിഗണിക്കുന്നില്ല.

## കരമന-വെള്ളറട റോഡ് നിർമ്മാണം

63(1135) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആർ.ഐ.സി.കെ. (RICK) വഴി നടപ്പിലാക്കുന്ന കരമന വെള്ളറട റോഡ് നിർമ്മാണ പ്രവൃത്തിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഓരോ റീച്ചിന്റെയും നിലവിലെ സ്ഥിതിയും തുടർ നടപടികളും പ്രത്യേകം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

സംസ്ഥാന റോഡ് വികസന പദ്ധതിയിലെ അപ്ഗ്രഡേഷൻ പാക്കേജിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ കരമന-വെള്ളറട റോഡ് അപ്ഗ്രേഡ് ചെയ്യുന്നതിന് 15-2-2016-ലെ സ.ഉ.(സാധാ)നമ്പർ 355/2016/പൊ.മ.വ. പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് 5054-04-337-80-NV എന്ന ബഡ്ജറ്റ് ഹെഡ്ഡിൽനിന്ന് 21.44 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

6-6-2019-ന് എം.എൽ.എ. ക്വാർട്ടേഴ്സിലെ കോൺഫറൻസ് ഹാളിൽ ശ്രീ. ഐ. ബി. സതീഷ്, എം.എൽ.എ.യുടെ അദ്ധ്യക്ഷതയിൽ നടന്ന മീറ്റിംഗിൽ എടുത്ത തീരുമാനപ്രകാരം പ്രവൃത്തിയുടെ നടപ്പ് ത്വരിതപ്പെടുത്തുന്നതിനുവേണ്ടി, രണ്ട് ഫേസ് ആയി ചെയ്യാൻ തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 0 മുതൽ 20 കിലോമീറ്റർ ഫേസ് I ആയും 20-35.50 ഫേസ് II ആയും ചെയ്യാൻ നിർദ്ദേശിച്ചു.

6(1) നോട്ടിഫിക്കേഷൻ പ്രകാരം അതിർത്തിക്കല്ലുകൾ 0 കിലോമീറ്റർ മുതൽ 35.50 കിലോമീറ്റർ വരെ സ്ഥാപിച്ചിട്ടുണ്ട്. ആദ്യത്തെ 20 കിലോമീറ്റർ 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 0 കിലോമീറ്റർ മുതൽ 5.50 കിലോമീറ്റർ വരെ സാമൂഹികാഘാത പഠനത്തിനുശേഷമുള്ള എക്സ്പെർട്ട് കമ്മിറ്റിയുടെ സംയുക്ത സ്ഥലപരിശോധന പൂർത്തീകരിച്ചിട്ടുണ്ട്. 5.50 കിലോമീറ്റർ മുതൽ 20 കിലോമീറ്റർ വരെ സാമൂഹികാഘാത പഠനം നടത്തുന്നതിന് രാജഗിരി ഔട്ട് റീച്ച് സർവ്വീസ് സൊസൈറ്റിയെ ഏൽപ്പിച്ചിട്ടുണ്ട്. 20 കിലോമീറ്റർ മുതൽ 35.50 കിലോമീറ്റർ വരെ 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കേണ്ടതുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ഡിസൈൻ വിഭാഗം കരമന-വെള്ളറട റോഡിന്റെ എസ്റ്റിമേറ്റ് തുക 225.3 കോടി ചെലവ് വരുന്ന ഡി.പി.ആർ. തയ്യാറാക്കിയത് റിക്ക് സർക്കാരിൽ ഭരണാനുമതിക്കായി സമർപ്പിച്ചത് പരിശോധിച്ചുവരുന്നു.

ഭൂമി ഏറ്റെടുക്കൽ പ്രവൃത്തിക്കുള്ള ഭരണാനുമതി, സാങ്കേതികാനുമതി, ധനകാര്യ അനുമതി എന്നിവ ലഭിച്ച് ടെണ്ടർ നടപടികൾ പൂർത്തിയായശേഷം നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാനാകും.

ഓരോ റീച്ചിന്റെയും നിലവിലെ സ്ഥിതിയും തുടർനടപടികളും ചുവടെ ചേർക്കും പ്രകാരമാണ്.

| കരമന-വെള്ളറട റോഡ് | | |
|---|---|---|
| റീച്ച് | നിലവിലെ സ്ഥിതി | തുടർനടപടികൾ |
| 0 കി.മീ. മുതൽ 5.50 കി.മീ. വരെ | സാമൂഹികാഘാത പഠനത്തിനുശേഷമുള്ള എക്സ്പെർട്ട് കമ്മിറ്റിയുടെ സംയുക്ത സ്ഥലപരിശോധന പൂർത്തീകരിച്ചിട്ടുണ്ട്. | 11(1)നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കേണ്ടതായുണ്ട്. |
| 5.50 കി.മീ. മുതൽ 20 കി.മീ. വരെ | 4(1)നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സാമൂഹികാഘാതപഠനം നടത്തുന്നതിന് രാജഗിരി ഔട്ട് റീച്ച്സർവ്വീസ് സൊസൈറ്റിയെ ഏൽപ്പിച്ചിട്ടുണ്ട്. | 11(1)നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കേണ്ടതായുണ്ട്. |
| 20 കി.മീ. മുതൽ 35.50 കി.മീ. വരെ | റവന്യൂ വകുപ്പുമായി സംയുക്ത സ്ഥലപരിശോധന പൂർത്തീകരിച്ചു. | 4(1)നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സാമൂഹികാഘാതപഠനം നടത്തേണ്ടതുണ്ട്. 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കേണ്ടതായുണ്ട്. |

**റോഡ് നിർമ്മാണത്തിലെ കാലതാമസം**

64(1136) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചൂണ്ടി-രാമമംഗലം, മീമ്പാറ-തിരുവാണിയൂർ റോഡ്, പെരിങ്ങാല-പുത്തൻകുരിശ് റോഡ് എന്നീ പ്രവൃത്തികളുടെ ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(ബി) കുന്നവഴി-കിഴക്കമ്പലം റോഡുമായി ബന്ധപ്പെട്ട് ബി.എം & ബി.സി പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ബഡ്ജറ്റ് വർക്ക് 2018-19-ഇംപ്രൂവ്മെന്റ്സ് - ചൂണ്ടി രാമമംഗലം റോഡ്-ചെയിനേജ് 0/000-5/800 & മീമ്പാറ തിരുവാണിയൂർ റോഡ് 0/000-4/000 എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികളും പെരിങ്ങാല-പുത്തൻകുരിശ് റോഡ് 0/000-6/100 എന്ന പ്രവൃത്തിയുടെ പേരിൽ മാറ്റം വരുത്തുന്നതിനുള്ള (Nomenclature change) നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) കുന്നുവഴി-കിഴക്കമ്പലം റോഡുമായി ബന്ധപ്പെട്ട് ബി.എം.&ബി.സി. പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള എഗ്രിമെന്റ് 20-1-2020-ൽ വച്ചിട്ടുണ്ട്. പ്രവൃത്തിയുടെ ഇനിഷ്യൽ ലെവൽസ് എടുത്തിട്ടുണ്ട്. പ്രവൃത്തി ഉടൻതന്നെ ആരംഭിക്കുന്നതാണ്.

**ജനകീയ പങ്കാളിത്തത്തോടെയുള്ള റോഡ് നിർമ്മാണം**

65(1137) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൽനടയാത്രക്കാർക്ക് സുരക്ഷിതപാത ഒരുക്കാതെ നിരവധി റോഡ് നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള റോഡ് നിർമ്മാണം റോഡപകടങ്ങൾ വ്യാപകമാകുന്നതിന് കാരണമാകുമെന്നതിനാൽ ഇക്കാര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് വ്യക്തമായ മാർഗനിർദേശം നൽകുവാൻ നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്തെ റോഡുകളുടെ സംരക്ഷണത്തിനും സുരക്ഷിത യാത്ര ഉറപ്പുവരുത്തുന്നതിനും പൊതുജനങ്ങളുടെ പങ്കാളിത്തവും സഹകരണവും ലഭ്യമാക്കുവാൻ കഴിയുന്ന ജനകീയ സമിതികളുടെ സാധ്യത സംബന്ധിച്ച് വകുപ്പ് പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളിൽ കാൽനട യാത്രക്കാർക്കായി ഫണ്ട് ലഭ്യത, സ്ഥലലഭ്യത എന്നിവയനുസരിച്ച് കാൽനട യാത്രക്കാർ കൂടുതലുള്ള ഭാഗങ്ങളിൽ നടപ്പാതകൾ നിർമ്മിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കാൽനട യാത്രക്കാർ കൂടുതലില്ലാത്ത ഭാഗങ്ങളിൽ നടക്കാൻ റോഡിന്റെ ഇരുവശങ്ങളിലും ഷോൾഡറുകളുണ്ട്. റോഡുകളുടെ നവീകരണത്തോടൊപ്പം സ്ഥലലഭ്യതയുടെ അടിസ്ഥാനത്തിൽ ആവശ്യമുള്ള

സ്ഥലങ്ങളിൽ നടപ്പാതകൾ കൂടി ഉൾപ്പെടുത്തിയുള്ള വികസന പ്രവർത്തനങ്ങൾക്കാണ് രൂപം നൽകിവരുന്നത്. കെ.എസ്.ടി.പി., കെ.ആർ.എഫ്.ബി., റിക്ക് എന്നിവയുടെ നേതൃത്വത്തിൽ ഏറ്റെടുത്ത് നടത്തുന്ന വൻകിട വികസന പ്രവർത്തനങ്ങളിലും ആവശ്യമുള്ള ഭാഗങ്ങളിൽ ഇത്തരം നടപ്പാതകളുടെ നിർമ്മാണവും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കിഫ്ബി ധനസഹായത്തോടെ ഏറ്റെടുക്കുന്ന പ്രവൃത്തികളിലും നടപ്പാതകൾ നിർമ്മിക്കുന്നുണ്ട്.

ദേശീയപാതകൾ നാലുവരിയായി വികസിപ്പിക്കുമ്പോൾ ഫുട്പാത്ത് നിർമ്മാണവും കാൽനട യാത്രക്കാരുടെ സുരക്ഷയും ഉറപ്പുവരുത്തിയാണ് റോഡുകൾ നിർമ്മിക്കുന്നത്.

(സി) പരിശോധിച്ചിട്ടില്ല.

**മലയോര ഹൈവേയുടെ പാറശ്ശാല-കുടപ്പനമൂട് റീച്ചിന്റെ നിർമ്മാണം**

66(1138) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേയുടെ രണ്ടാം റീച്ചായ കുടപ്പനമൂട്-കള്ളിക്കാട് റീച്ചിൽ നിന്നും കുടപ്പനമൂട്-അമ്പൂരി-വാഴിച്ചൽ എന്ന ചെയിനേജ് ഒഴിവാക്കേണ്ടി വന്ന സാഹചര്യം എന്താണെന്ന് അറിയിക്കാമോ;

(ബി) കുടപ്പനമൂടിനെ നെടുമങ്ങാട്-ഷൊർളാക്കോട് സ്റ്റേറ്റ് ഹൈവേയിലൂടെ വാഴിച്ചലിൽ മലയോരഹൈവേയുമായി ബന്ധിപ്പിക്കുന്നതിനായി തയ്യാറാക്കിയ പുതുക്കിയ അലൈൻമെന്റ് കിഫ്ബി അംഗീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) മലയോര ഹൈവേയുടെ പാറശ്ശാല-കുടപ്പനമൂട് റീച്ചിന്റെ നിർമ്മാണം വേഗത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ) നിലവിൽ കുടപ്പനമൂട്-കൂട്ടപ്പു-അമ്പൂരി-വാഴിച്ചൽ-കള്ളിക്കാട് വരെ 15.715 കിലോമീറ്ററിന് 54.907 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബി അനുവദിച്ചിട്ടുണ്ട്. ഇതിൽ നിലവിൽ മലയോര ഹൈവേയുടെ നിർമ്മാണത്തിനാവശ്യമായ 12 മീറ്റർ സ്ഥലം ലഭ്യമായിട്ടുള്ള വാഴിച്ചൽ മുതൽ കള്ളിക്കാട് വരെ 7.8 കിലോമീറ്റർ ദൂരത്തിലുള്ള പ്രവൃത്തിക്ക് പാർട്ട് റ്റി.എസ്. നൽകിയാണ് അത്രയും ഭാഗത്തേയ്ക്കുള്ള വർക്ക് ടെണ്ടർ ചെയ്തിട്ടുള്ളത്. ബാക്കിയുള്ള

കുടപ്പനമൂട്-അമ്പൂരി-വാഴിച്ചൽ ഭാഗത്തിന് നിലവിൽ 12 മീറ്റർ വീതി ലഭ്യമല്ല. അതിനാലാണ് കുടപ്പനമൂട്-അമ്പൂരി-വാഴിച്ചൽ എന്ന ചെയിനേജ് ടെണ്ടറിൽനിന്ന് ഒഴിവാക്കേണ്ടിവന്നത്.

(ബി) പുതിയ അലൈൻമെന്റിന് കിഫ്ബിയുടെ അംഗീകാരം ലഭ്യമായിട്ടില്ല.

(സി) നിർമ്മാണ പ്രവൃത്തികൾ വേഗത്തിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കുമരകം - നെടുമ്പാശ്ശേരി റോഡിന്റെ പദ്ധതിരേഖ**

67(1139) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തിയ പിറവം നിയോജകമണ്ഡലത്തിലെ കുമരകം -നെടുമ്പാശ്ശേരി റോഡിന്റെ വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്ന നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) പദ്ധതിരേഖ തയ്യാറാക്കുന്ന നടപടികൾ ത്വരിതപ്പെടുത്തുമോ?

ഉത്തരം

(എ) പിറവം നിയോജകമണ്ഡലത്തിലെ കുമരകം-നെടുമ്പാശ്ശേരി റോഡിന്റെ പുനർനിർമ്മാണത്തിനായി പ്രളയത്തെ അതിജീവിക്കുന്ന വിധത്തിലുള്ള നൂതന സാങ്കേതികവിദ്യ ഉൾപ്പെടുത്തി വിശദമായ പദ്ധതി തയ്യാറാക്കുന്നതിനായി മെസ്സേഴ്സ് ലൂയിസ് ബർജർ കൺസൾട്ടിംഗ് പ്രൈവറ്റ് ലിമിറ്റഡ് (M/s Louis Berger Consulting Private Limited) എന്ന കൺസൾട്ടൻസിയുമായി കെ.എസ്.ടി.പി. ഒക്ടോബർ 2019-ന് കരാറിൽ ഏർപ്പെട്ടു. ടി പ്രവൃത്തിയുടെ പ്രാരംഭ റിപ്പോർട്ട്, സർവ്വേ & ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് എന്നിവ സമർപ്പിച്ചിട്ടുണ്ട്. ഈ റോഡിന്റെ കരട് പദ്ധതി രേഖ 2020 മാർച്ച് മാസം സമർപ്പിക്കുന്നതിനാണ് കരാറിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്.

(ബി) പ്രസ്തുത പദ്ധതിയുടെ വിശദമായ പദ്ധതി രൂപരേഖ സമയബന്ധിതമായി സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**നിലമ്പൂർ നിയോജകമണ്ഡലത്തിൽ പ്രളയത്തിൽ തകർന്ന റോഡുകൾ**

68(1140) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടുകാണി-പരപ്പനങ്ങാടി പാതയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് സർക്കാരിന്റെ ധനാനുമതി ലഭിച്ചിട്ടുണ്ടോ;

(ബി) നാട്ടുകാണി-പരപ്പനങ്ങാടി പാതയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം ലഭിക്കാത്തപക്ഷം മറ്റേതെങ്കിലും ഫണ്ടുകൾ ഉപയോഗിച്ച് നാട്ടുകാണി സംസ്ഥാന അതിർത്തി മുതൽ വടപുറം പാലം വരെയുള്ള ഭാഗം ഉപരിതലം ബി.എം.&ബി.സി. ചെയ്യുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) 2019 ലെ പ്രളയത്തിൽ നിലമ്പൂർ നിയോജകമണ്ഡലത്തിലെ വടപുറം, ജോതിപ്പടി, ജനതപ്പടി, താഴെ ചന്തക്കുന്ന്, വെളിയംതോട്, കരിമ്പുഴ, മുട്ടിക്കടവ്, മാമ്പൊയിൽ, മൂപ്പിനി, എടക്കര, വഴിക്കടവ് കെട്ടുങ്ങൽ എന്നീ സ്ഥലങ്ങളിൽ ഉണ്ടായ വെള്ളക്കെട്ടുമൂലം റോഡുകൾ ഗതാഗതയോഗ്യമല്ല എന്നുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മഴ കഴിഞ്ഞാലുടൻ തീരെ ഗതാഗതയോഗ്യമല്ലാത്ത വെളിയംതോട് മുതൽ നിലമ്പൂർ കോടതിപ്പടി വരെയുള്ള ഭാഗം അടിയന്തര അറ്റകുറ്റപ്പണി നടത്തുമോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഇല്ല. നാട്ടുകാണി-പരപ്പനങ്ങാടി പാതയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് പരിശോധനയ്ക്കുശേഷം വരുത്തിയ തിരുത്തലുകൾ ഉൾപ്പെടെ പുനർസമർപ്പിക്കാൻ ചീഫ് എഞ്ചിനീയർ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേൽ സ്ഥലങ്ങളിൽ എല്ലാംതന്നെ റോഡ് ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. ജോതിപ്പടി, ജനതപ്പടി, താഴെചന്തക്കുന്ന് എന്നിവിടങ്ങളിൽ റോഡ് ഉയർത്തുന്ന നടപടികൾ പുരോഗമിക്കുന്നു.

(ഡി) താൽക്കാലിക അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്. DFIP നാട്ടുകാണി-പരപ്പനങ്ങാടി റോഡിന്റെ പ്രസ്തുതഭാഗം പൂർണ്ണമായി അഭിവൃദ്ധിപ്പെടുത്തുന്നതിന് ഉൾപ്പെടുത്തി പുതുക്കിയ എസ്റ്റിമേറ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്. ടി എസ്റ്റിമേറ്റിന് അനുമതി ലഭ്യമാകുന്നമുറയ്ക്ക് റോഡ് പൂർണ്ണമായും നവീകരിക്കുന്നതാണ്.

**വൈലോങ്ങര-ഓരോടം പാലം ബൈപ്പാസ് നിർമ്മാണം**

69(1141) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച വൈലോങ്ങര-ഓരോടം പാലം ബൈപാസ് നിർമ്മാണത്തിന്റെ കാലതാമസം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നിലവിൽ ഏതുഘട്ടത്തിലാണ്;

(സി) ഇതിന്റെ നിർമ്മാണ പ്രവർത്തനം വൈകുന്നതിന്റെ കാരണങ്ങൾ ഗൗരവമായി സർക്കാർ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ തയ്യാറാകുമോ എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) വൈലോങ്ങര-ഓരോടം പാലം ബൈപ്പാസിന്റെ വിശദമായ പദ്ധതി രേഖ തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിക്കുകയും കിഫ്ബി പദ്ധതിക്കായി 12.02 കോടി രൂപയുടെ അനുമതി 22-5-2018-ന് നൽകുകയും ചെയ്തു. തുടർന്ന് ആർ.ബി.ഡി.സി.കെ. ഭൂമി ഏറ്റെടുക്കുന്നതിനുള്ള റിക്വിസിഷൻ 12-2-2018-ന് മലപ്പുറം ജില്ലാ കളക്ടർക്ക് സമർപ്പിച്ചു. എന്നാൽ അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന ജോലികൾ സ്ഥലമുടമകളുടെ എതിർപ്പിനെ തുടർന്ന് പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. സ്ഥലമുടമകളായ ഖാലിദും റഷീദും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ അലൈൻമെന്റിനെതിരെ കേസ് ഫയൽ ചെയ്തതിനെത്തുടർന്ന് (WPC 29212/2018&29180/2018) ഇതിൽ ബഹുമാനപ്പെട്ട ഹൈക്കോടതി കക്ഷികളുടെ പരാതി കേട്ട് തീരുമാനമെടുക്കണമെന്ന് ഉത്തരവിട്ടു. തുടർന്ന് 2-11-2018-ന് അവരുടെ പരാതി തീർപ്പാക്കി. പിന്നീട് സ്ഥലമുടമകളായ കുഞ്ഞഹമ്മദ്, ഫാത്തിമ റംല, മുഹമ്മദ് മുനീർ, ഹനീഫ തുടങ്ങിയവരും കോടതിയെ സമീപിക്കുകയും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം പരാതിക്കാരുടെ പരാതികൾ ആർ.ബി.ഡി.സി.കെ. കേൾക്കുകയും പരാതിക്കാരെ മറുപടി അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യങ്ങൾ 30-12-2019-ന് ജില്ലാ കളക്ടറെ അറിയിച്ചിട്ടുണ്ട്. തുടർച്ചയായ വ്യവഹാരങ്ങൾ നടന്നതിനാലാണ് സ്ഥലമേറ്റെടുപ്പ് നടപടികൾ വൈകിയത്.

(സി) പരിശോധിക്കുന്നതാണ്.

**വിഴിഞ്ഞം-പാരിപ്പള്ളി റോഡ്**

70(1142) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖത്തിലേയ്ക്കുള്ള ഗതാഗത സൗകര്യത്തിനായി കഴിഞ്ഞ ബഡ്ജറ്റിൽ നിർദ്ദേശിച്ച വിഴിഞ്ഞം-പാരിപ്പള്ളി റോഡിന്റെ അലൈൻമെന്റ് നിശ്ചയിച്ചിട്ടുണ്ടോ; ഏതെല്ലാം വില്ലേജുകളിലൂടെയാണ് റോഡ് കടന്നു പോകുന്നത്; പദ്ധതിയുടെ നിർവ്വഹണ ചുമതല ഏതെങ്കിലും ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട സ്ഥലം ഏറ്റെടുപ്പിനെ സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ ആശങ്ക സൃഷ്ടിക്കാൻ ചില കേന്ദ്രങ്ങൾ ബോധപൂർവ്വം പരിശ്രമം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്ഥലം ഏറ്റെടുക്കുമെന്ന് ഭയന്ന് നിർമ്മാണ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്താൻ പൊതുജനങ്ങൾ മടിക്കുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവരുടെ ആശങ്ക പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) റോഡ് നിർമ്മാണത്തിന്റെ 100 ശതമാനവും സ്ഥലമേറ്റെടുക്കലിന്റെ 50 ശതമാനവും ചെലവുകൾ എൻ.എച്ച്.എ.ഐ. വഹിക്കുമെന്ന വ്യവസ്ഥയിൽ മംഗലപുരത്തേയ്ക്ക് ഒരു ലിങ്കോടുകൂടി 70 മീറ്റർ വീതിയിലും വിഴിഞ്ഞത്തുനിന്നും പാരിപ്പള്ളിവരെ 80 കിലോമീറ്റർ നീളത്തിലുമുള്ള ഔട്ടർ റിംഗ് റോഡ് എൻ.എച്ച്.എ.ഐ. വഴി നടപ്പിലാക്കുന്നതിന് 4-2-2019-ലെ സ.ഉ.(സാധാ) 181/2019/പൊ.മ.വ. പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. ക്യാപിറ്റൽ റീജിയൺ ഡെവലപ്മെന്റ് പ്രോജക്ട് തയ്യാറാക്കിയ വിശദമായ പദ്ധതിരേഖ (ഡി.പി.ആർ.) അംഗീകാരത്തിനായി കേന്ദ്രഉപരിതല ഗതാഗത മന്ത്രാലയത്തിന് സമർപ്പിക്കുകയും അത് എൻ.എച്ച്.എ.ഐ. സൂക്ഷ്മപരിശോധന നടത്തിക്കൊണ്ടിരിക്കുകയുമാണ്. വിശദമായ പദ്ധതിരേഖ (ഡി.പി.ആർ.) എൻ.എച്ച്.എ.ഐ. അംഗീകരിച്ചാൽ മാത്രമേ വിശദവിവരങ്ങൾ ലഭ്യമാകൂ.

(ബി) അത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**മുണ്ടൂർ-പുറ്റേക്കര നാലുവരിപ്പാത**

71(1143) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ - കുറ്റിപ്പുറം സംസ്ഥാന പാതയുടെ ഭാഗമായ മുണ്ടൂർ ജംഗ്ഷൻ മുതൽ പുറ്റേക്കര വരെയുള്ള റോഡ് നാലുവരിപ്പാതയാക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിന് ആവശ്യമായ കണ്ടിജൻസി ചാർജ്ജ് പൊതുമരാമത്ത് വകുപ്പ് റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ബി) ഇല്ലെങ്കിൽ കാരണം വിശദീകരിക്കുമോ?

ഉത്തരം

(എ&ബി) കൈമാറിയിട്ടില്ല. തൃശ്ശൂർ-കുറ്റിപ്പുറം റോഡ് നാലുവരിപ്പാതയാക്കി അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തിക്കായി ആഞ്ഞൂർ വില്ലേജിലെ 1.0987 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് കണ്ടിജൻസി ചാർജ്ജിനത്തിൽ 50 ലക്ഷം രൂപ

അനുവദിച്ച് 13-1-2020-ലെ സർക്കാർ ഉത്തരവ് (സാധാ)51/2020/പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും ലഭിച്ച ലെറ്റർ ഓഫ് ക്രെഡിറ്റ് പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

**റോഡുകളുടെ പുനരുദ്ധാരണം**

72(1144) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ പി.ഡബ്ല്യു.ഡി.റോഡ് വിഭാഗം ഡിവിഷൻ, വടക്കാഞ്ചേരി സബ്ഡിവിഷൻ, വടക്കാഞ്ചേരി സെക്ഷനുകീഴിൽ ചേലക്കര നിയോജകമണ്ഡലത്തിൽ ഏതെല്ലാം റോഡുകൾ പുനരുദ്ധാരണം ചെയ്യുന്നതിനാണ് തുക അനുവദിച്ചിട്ടുള്ളത്; ഇതിൽ ടെണ്ടർ കഴിഞ്ഞ് പ്രവൃത്തി ആരംഭിക്കാനുള്ളവ ഏതെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് എന്നത്തേയ്ക്ക് പ്രവൃത്തി ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ&ബി) പൊതുമരാമത്ത് വടക്കാഞ്ചേരി നിരത്തുകൾ സെക്ഷന്റെ പരിധിയിൽ ചേലക്കര നിയോജകമണ്ഡലത്തിൽപ്പെടുന്ന താഴെപ്പറയുന്ന റോഡുകൾ പുനരുദ്ധാരണം ചെയ്യാൻ തുക അനുവദിച്ചിട്ടുണ്ട്.

1. മുള്ളൂർക്കര വരവൂർ റോഡ് കി.മീ. 0/000 മുതൽ 5/900 വരെ (500 ലക്ഷം)
2. മുള്ളൂർക്കര വരവൂർ റോഡ് കി.മീ. 5/900 മുതൽ 6/900 വരെ (50 ലക്ഷം)
3. ചിറ്റണ്ട തലശ്ശേരി റോഡ് കി.മീ. 5/400 മുതൽ 7/000 വരെ (200 ലക്ഷം)
4. കൊണ്ടയൂർ റോഡ് 0/000 മുതൽ 2/700 വരെ (300 ലക്ഷം)
5. ചെറുതുരുത്തി-പൊന്നാനി റോഡ് 0/000 മുതൽ 5/300 വരെ (126.7 ലക്ഷം)
6. വരവൂർ പിലാക്കാട് തളി റോഡ് 0/000 മുതൽ 1/250 വരെ (60 ലക്ഷം)

മേൽ സൂചിപ്പിച്ച റോഡുകളിൽ 1, 2 പ്രവൃത്തികൾക്ക് സൈറ്റ് കരാറുകാരന് കൈമാറുകയും ഇനിഷ്യൽ ലെവൽസ് എടുക്കുകയും ചെയ്തിട്ടുണ്ട്. അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായതിനുശേഷം പ്രവൃത്തികൾ ആരംഭിക്കാവുന്നതാണ്. ക്രമനമ്പർ (3) പ്രവൃത്തിയുടെ ലെവൽസ് എടുത്തിട്ടുണ്ട്.

സർവ്വേ നടപടികൾ പുരോഗമിക്കുന്നു. ക്രമനമ്പർ (4) പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടില്ല. ക്രമനമ്പർ (5) പ്രവൃത്തിയുടെ കരാർ ഉടമ്പടി വച്ചിട്ടുണ്ട്. ക്രമനമ്പർ (6) പ്രവൃത്തിയുടെ ക്രോസ് ഡ്രെയിൻ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. ബി.എം.&ബി.സി. പ്രവൃത്തി അടുത്തവാരത്തിൽ തുടങ്ങാനാകും.

**മാത്തൂർ ഓവർബ്രിഡ്ജ്-ലേബർ ജംഗ്ഷൻ-ഇരുമ്പനം റോഡിന്റെ വികസനം**

73(1145) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 വർഷത്തെ ബഡ്ജറ്റിൽ 20% തുക വകയിരുത്തിയ വൈറ്റില മൊബിലിറ്റിഹബ്ബിനു മുന്നിൽ നിന്നും ആരംഭിച്ച് കണിയാംപുഴ വഴി മാത്തൂർ ഓവർബ്രിഡ്ജ്-ലേബർ ജംഗ്ഷൻ വഴി ഇരുമ്പനം ടോൾ ബൂത്ത് വരെയുള്ള റോഡിന്റെ വികസനപ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ&ബി) 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 20% തുകയായ 2 കോടി രൂപ വകയിരുത്തിയ ഈ പ്രവൃത്തിയുടെ സ്ഥലം ഏറ്റെടുക്കലും ഇൻവെസ്റ്റിഗേഷൻ ഉൾപ്പെടെ 245 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. ഈ പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ ഡിസൈൻ വിഭാഗത്തിന്റെ കീഴിൽ നടത്തുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കൈതമുക്ക്-ചമ്പക്കട-പേട്ട റോഡ് നവീകരണം**

74(1146) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ കൈതമുക്ക്-ചമ്പക്കട-പേട്ട റോഡ് വീതികൂട്ടി നവീകരിക്കണമെന്നാവശ്യപ്പെട്ട് നൽകിയ നിവേദനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) തിരക്കേറിയതും വീതി കുറഞ്ഞതുമായ റോഡിന്റെ അവസ്ഥയും പ്രദേശവാസികളുടെ ആവശ്യവും കണക്കിലെടുത്ത് റോഡ് വീതി കൂട്ടി നവീകരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ 34 കോടി രൂപയുടെ എസ്റ്റിമേറ്റിന് അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) കൈതമുക്ക്-ചമ്പക്കട-പേട്ട റോഡ് വീതികൂട്ടി നവീകരിക്കുന്നതിനുള്ള 31 കോടി രൂപയുടെ എസ്റ്റിമേറ്റ് ഉൾപ്പെടെ പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ സമർപ്പിച്ചിരുന്നു. എന്നാൽ ഈ പ്രൊപ്പോസലിന് ധനവകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടില്ല.

**മനക്കകടവ്-പട്ടിമറ്റം റോഡിന്റെ പ്രവൃത്തി**

75(1147) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി നിർമ്മാണ പ്രവൃത്തികൾ നടത്തുന്ന മനക്കകടവ്-പട്ടിമറ്റം-നെല്ലാട്-പത്താംമൈൽ റോഡിന്റെ ബി.എം & ബി.സി പ്രവൃത്തികൾ നടത്തുന്നതിനുള്ള കാലതാമസം വ്യക്തമാക്കാമോ;

(ബി) കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തികരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മനക്കകടവ്-പട്ടിമറ്റം-നെല്ലാട്-പത്താംമൈൽ റോഡിന്റെ പ്രവൃത്തി 27-7-2018-ൽ ആരംഭിച്ചു. നിലവിൽ പ്രസ്തുത പ്രവൃത്തിയിൽ മനക്കകടവ്-പള്ളിക്കര-പട്ടിമറ്റം-പത്താംമൈൽ റോഡുകളിലെ വീതികൂട്ടൽ പ്രവൃത്തികളും പുതിയ കാന നിർമ്മാണവും ഭൂരിഭാഗവും പൂർത്തീകരിച്ചിട്ടുള്ളതാണ്. ടി പ്രവൃത്തിയുടെ ജോമെട്രിക് ഡിസൈനിൽ മാറ്റംവരുത്തണമെന്നും യൂട്ടിലിറ്റി ഷിഫ്റ്റിംഗ് കഴിഞ്ഞതിനുശേഷം മാത്രം പ്രവൃത്തി ചെയ്താൽ മതിയെന്നും 30-3-2019-ലെ കിഫ്ബിയുടെ സൈറ്റ് ഇൻസ്പെക്ഷനിൽ നിർദ്ദേശിക്കുകയും പ്രവൃത്തി നിർത്തിവയ്ക്കുകയും ചെയ്തു. മനക്കകടവ്-കിഴക്കമ്പലം റോഡിലേയും പട്ടിമറ്റം-പത്താംമൈൽ റോഡിലേയും വാട്ടർ അതോറിറ്റിയുടെ പൈപ്പുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. കിഴക്കമ്പലം-പട്ടിമറ്റം-നെല്ലാട് റോഡിലെ പൈപ്പുകൾ മാറ്റിസ്ഥാപിക്കാനുണ്ട്. 11-12-2019-ൽ കിഫ്ബിയിൽ നടന്ന യോഗത്തിലെ തീരുമാന പ്രകാരം ടി റോഡിന്റെ ജോമെട്രിക് ഡിസൈൻ തയ്യാറാക്കുന്നതിന് കിഫ്ബി നേരിട്ട് ലിഡാർ സർവ്വേ നടത്തുകയുണ്ടായി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റോഡിന്റെ അലൈൻമെന്റ് അടയാളപ്പെടുത്തുന്ന ജോലികൾ നടന്നുവരുന്നു. ടി അലൈൻമെന്റ് പ്രവൃത്തി പൂർത്തീകരിച്ച് വാട്ടർ അതോറിറ്റിയുടെ പൈപ്പുകൾ മാറ്റി സ്ഥാപിച്ചതിനുശേഷം മാത്രമേ പ്രവൃത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

(ബി) പ്രവൃത്തിയുടെ കരാർ കാലാവധി 26-1-2020-ൽ അവസാനിക്കുകയും കരാർ കാലാവധി പുതുക്കുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് റോഡ് വികസനം**

76(1148) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃപ്രയാർ - കാഞ്ഞാണി - ചാവക്കാട് പാതയിൽ ഗതാഗതക്കുരുക്ക് രൂക്ഷമായ ഏനാമാവ് ക്രിസ്ത്യൻ പള്ളിക്ക് സമീപമുള്ള ഇടുങ്ങിയ റോഡ് വികസിപ്പിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് 17-1-2020-ലെ പി.ഡബ്ല്യു.ഡി ജി 2/273/2019 നമ്പർ കത്ത് പ്രകാരം പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർക്ക് നൽകിയ നിർദ്ദേശത്തിന്മേൽ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മധ്യമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയർ (ആലുവ), തൃശ്ശൂർ എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർക്ക് തുടർനടപടികൾ സ്വീകരിക്കുന്നതിനായി ചീഫ് എഞ്ചിനീയർ നിർദ്ദേശം നൽകിയിട്ടുണ്ട്.

**മാവേലിക്കര മിച്ചൽ ജംഗ്ഷൻ വൈഡനിംഗ് പദ്ധതി**

77(1149) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മിച്ചൽ ജംഗ്ഷൻ വൈഡനിംഗ് പദ്ധതിയുടെ ഭാഗമായി സർക്കാരിൽ നിന്നും ലഭ്യമാക്കേണ്ട കണ്ടിജൻസി ചാർജ്ജ് അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

മാവേലിക്കര മിച്ചൽ ജംഗ്ഷൻ വൈഡനിംഗ് പദ്ധതിയുടെ ഭാഗമായി കണ്ടിജൻസി ചാർജ്ജ് നൽകുന്നതിന് 1-2-2020-ലെ സ.ഉ. (സാധാ)നമ്പർ 908/20/ധന. പ്രകാരം 37,54,400 രൂപയുടെ ലെറ്റർ ഓഫ് ക്രെഡിറ്റ് അനുവദിച്ചിട്ടുണ്ട്.

## കാസർഗോഡ് ജില്ലയിലെ ആറുവരി പാതയുടെ നിർമ്മാണം

78(1150) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ആറുവരിപ്പാതയുടെ നിർമ്മാണം എപ്പോൾ തുടങ്ങുമെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടോ; എങ്കിൽ കരാർ ഏറ്റെടുത്തത് ആരാണെന്ന് വ്യക്തമാക്കാമോ;

(സി) കാസർഗോഡ് ജില്ലയിൽ ആറുവരിപ്പാതയുടെ നിർമ്മാണത്തിന് വേണ്ടിവരുന്ന ചെലവ് എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ ചെലവിന് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്രയാണെന്ന് വ്യക്തമാക്കാമോ; ഇതിനനുസൃതമായുള്ള തുക ഇരു സർക്കാരുകളും നീക്കി വച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഇ) കാസർഗോഡ് ജില്ലയിൽ ആറുവരിപ്പാത നിർമ്മാണത്തിന് അക്വയർ ചെയ്യേണ്ട ഭൂമിയുടെയും കെട്ടിടങ്ങളുടെയും വിശദാംശം നൽകാമോ; അക്വയർ ചെയ്ത ഭൂമിയുടെയും കെട്ടിടങ്ങളുടെയും ഉടമകൾക്ക് നഷ്ടപരിഹാരം നൽകി കഴിഞ്ഞോയെന്നും ഇനി നൽകാൻ ബാക്കിയുണ്ടോ എന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ ആറുവരിപ്പാതയുടെ നിർമ്മാണം ബിഡ്ഡിംഗ് സ്റ്റേജിലാണ്. മിനിസ്ട്രിയുടെ സ്റ്റാൻഡിംഗ് ഫിനാൻസ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചാലുടൻ തുടങ്ങുന്നതാണ്.

(ബി) ഇതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായിട്ടില്ല.

(സി) കാസർഗോഡ് ജില്ലയിൽ ആറുവരിപ്പാതയുടെ നിർമ്മാണത്തിന് തലപ്പാടി മുതൽ (കി.മീ. 17/200) ചെങ്ങള (കി.മീ. 57/200) വരെ 1280.48 കോടി രൂപയുടെയും ചെങ്ങള (കി.മീ. 57/200) മുതൽ നീലേശ്വരം (കി.മീ. 95/650) വരെ 1245.5 കോടി രൂപയുടെയും ചെലവുവരും.

(ഡി) ഭൂമി ഏറ്റെടുക്കാനുള്ള ചെലവ് മാത്രമാണ് കേന്ദ്രവും സംസ്ഥാനവും 75:25 എന്ന അനുപാതത്തിൽ വഹിക്കുന്നത്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതം താഴെപ്പറയുന്നു.

| പ്രോജക്ടിന്റെ പേര് | (LA) ലാന്റ് അക്വിസിഷൻ ചെലവ് (കോടി) | | |
|---|---|---|---|
| | സംസ്ഥാനം | കേന്ദ്രം | ആകെ |
| തലപ്പാടി മുതൽ ചെങ്ങള വരെ (കി.മീ. 17/200 - 57/200) | 170.7725 | 512.3175 | 683.09 |
| ചെങ്ങള മുതൽ നീലേശ്വരം വരെ (കി.മീ. 57/200-95/650) | 127.38 | 382.14 | 509.52 |

കേന്ദ്രവിഹിതം ലഭിക്കുന്നമുറയ്ക്ക് സംസ്ഥാന വിഹിതം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) കാസർഗോഡ് ജില്ലയിൽ ദേശീയപാത വികസനത്തിനുവേണ്ടി 94.2018 ഹെക്ടർ ഭൂമി ഏറ്റെടുക്കാനുള്ള 3 ഡി നോട്ടിഫിക്കേഷൻ ആയിട്ടുള്ളതാണ്. ഭൂമിക്കും കെട്ടിടങ്ങൾക്കും ചമയങ്ങൾക്കും നഷ്ടപരിഹാരമായി ഇതിനോടകം 561 കോടി രൂപ എൻ.എച്ച്.എ.ഐ. അനുവദിച്ചിട്ടുണ്ട്. അതിൽനിന്നും 1641 ഭൂവുടമകൾക്ക് നാളിതുവരെയായി 430 കോടി രൂപ നഷ്ടപരിഹാരമായി അനുവദിച്ചിട്ടുണ്ട്. ഏകദേശം 650 കോടി രൂപ നഷ്ടപരിഹാരമായി ഇനിയും എൻ.എച്ച്.എ.ഐ.-ൽനിന്നും ലഭിക്കാനും ഭൂവുടമകൾക്ക് വിതരണം ചെയ്യാനും ബാക്കിയുണ്ട്.

**കോഴിക്കോട് നഗരത്തിലെ റോഡുകളുടെ വീതികൂട്ടുന്നതിനുള്ള പദ്ധതികൾ**

79(1151) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിലെ ഏതെല്ലാം റോഡുകൾക്കാണ് സ്ഥലം ഏറ്റെടുത്ത് വീതികൂട്ടുന്നതിനായുള്ള പദ്ധതികൾ തയ്യാറാക്കി പൊതുമരാമത്ത് വകുപ്പ് സർക്കാരിലേയ്ക്ക് സമർപ്പിച്ചതെന്ന് വിശദമാക്കാമോ;

(ബി) ഈ റോഡുകളുടെ പേരും ഇതുമായി ബന്ധപ്പെട്ട പദ്ധതികളുടെ വിശദാംശങ്ങളും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) പൊതുമരാമത്ത് വകുപ്പ് (നിരത്തുകൾ) വിഭാഗത്തിന്റെ കീഴിൽ കോഴിക്കോട് നഗരത്തിലെ സ്ഥലമേറ്റെടുത്ത് വീതികൂട്ടുന്നതിനായുള്ള പദ്ധതിയിൽ ഉൾപ്പെട്ട റോഡുകളുടെ വിശദവിവരം ചുവടെചേർക്കുന്നു.

**പദ്ധതിയുടെ പേര്**

1. പുതിയങ്ങാടി - മാളിക്കടവ് - കൃഷ്ണൻനായർ റോഡ്
2. തടമ്പാട്ടുതാഴം - കണ്ണാടിക്കൽ - പാറോപ്പടി റോഡ്
3. അരയിടത്തുപാലം-കാരന്തൂർ റോഡ്
4. പുളിമുട്ട് - വട്ടക്കിണർ റോഡ്
5. ചെറുവണ്ണൂർ - കൊളത്തറ റോഡ്
6. ചെറുവണ്ണൂർ - ബേപ്പൂർ റോഡ്

**വിശദാംശങ്ങൾ**

1. പുതിയങ്ങാടി-മാളിക്കടവ്-കൃഷ്ണൻനായർറോഡ്: സ്ഥലമേറ്റെടുക്കുന്നതിനും പ്രവൃത്തിക്കുമായി 155.45 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.
2. തടമ്പാട്ടുതാഴം-കണ്ണാടിക്കൽ-പാറോപ്പടി റോഡ്: അലൈൻമെന്റ് പ്ലാൻ അംഗീകാരത്തിനായി സമർപ്പിച്ചു. ഈ റോഡിന്റെ ലാന്റ് അക്വിസിഷന് 20 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുക്കുന്നതിനുള്ള ലാന്റ് അക്വിസിഷൻ പ്ലാൻ കോഴിക്കോട് കളക്ടർക്കും കിഫ്ബി എൽ.എ. ടീമിനും നൽകിയിട്ടുണ്ട്.
3. അരയിടത്തുപാലം-കാരന്തൂർ റോഡ്: മെഡിക്കൽ കോളേജ് മുതൽ കാരന്തൂർ വരെ സ്ഥലമേറ്റെടുക്കുന്നതിന് 205 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. അലൈൻമെന്റ് പ്ലാൻ അംഗീകാരത്തിനായി സമർപ്പിച്ചു. എൽ.എ. പ്ലാൻ കോഴിക്കോട് കളക്ടർക്കും കിഫ്ബി എൽ.എ. ടീമിനും നൽകിയിട്ടുണ്ട്.
4. പുളിമുട്ട്-വട്ടക്കിണർറോഡ്: ഡി.പി.ആർ. കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.
5. ചെറുവണ്ണൂർ-കൊളത്തറ റോഡ്: എൽ.എ. നടപടികൾ പുരോഗമിച്ചുവരുന്നു.
6. ചെറുവണ്ണൂർ-ബേപ്പൂർ റോഡ്: ഡി.പി.ആർ. കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

കേരള റോഡ് ഫണ്ട് ബോർഡിന്റെ കീഴിൽ കോഴിക്കോട് നഗരപാത വികസന പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന റോഡുകളാണ് സ്ഥലമേറ്റെടുത്ത് വികസിപ്പിക്കുന്നതിന് പദ്ധതികൾ സർക്കാരിലേയ്ക്ക് സമർപ്പിച്ചത്.

I. ഒന്നാംഘട്ട പദ്ധതി - എ

1. സ്റ്റേഡിയം -പുതിയറ റോഡ്
2. കാരപ്പറമ്പ്-കല്ലുത്താൻകടവ് റോഡ്
3. വെള്ളിമാട്ടുകുന്ന്-കോവൂർ റോഡ്
4. ഗാന്ധിറോഡ്-മിനിബൈപ്പാസ് റോഡ്, കുനിയിൽകാവ്-മാവൂർ റോഡ് ജംഗ്ഷൻ
5. പനാത്ത്താഴം-സി.ഡബ്ല്യൂ.ആർ.ഡി.എം. റോഡ്
6. പുഷ്പ-മാങ്കാവ് ജംഗ്ഷൻ റോഡ്
7. മാനാഞ്ചിറ-വെള്ളിമാട്ടുകുന്ന് റോഡ്

II. ഒന്നാംഘട്ട പദ്ധതി -ബി

മാനാഞ്ചിറ-വെള്ളിമാട്ടുകുന്ന് റോഡ്

III. മനത്താനത്തുത്താഴം ജംഗ്ഷൻ വികസനം

വിശദാംശങ്ങൾ

1. ഒന്നാംഘട്ട പദ്ധതി - എ

| ക്രമ നമ്പർ | പേര് | നീളം |
|---|---|---|
| 1 | സ്റ്റേഡിയം-പുതിയറ റോഡ് (രണ്ടുവരി പാത) | 0.644 കി.മീ. |
| 2 | കാരപ്പറമ്പ്-കല്ലുത്താൻകടവ് റോഡ് (നാലുവരി പാത) | 4.526 കി.മീ. |
| 3 | വെള്ളിമാട്ടുകുന്ന്-കോവൂർ റോഡ് (രണ്ടുവരി പാത) | 2.735 കി.മീ. |
| 4 | ഗാന്ധിറോഡ്-മിനിബൈപ്പാസ് റോഡ് (രണ്ടുവരി പാത) | 2.751 കി.മീ. |
| | കുനിയിൽകാവ്-മാവൂർ റോഡ് ജംഗ്ഷൻ | 0.678 കി.മീ. |
| 5 | പനാത്ത്താഴം-സി.ഡബ്ല്യൂ.ആർ.ഡി.എം. റോഡ് (രണ്ടുവരി പാത) | 8.459 കി.മീ. |
| 6 | പുഷ്പ-മാങ്കാവ് ജംഗ്ഷൻ റോഡ് (രണ്ടുവരി പാത) | 2.452 കി.മീ. |
| | | 22.25 കി.മീ. |

മേൽ പ്രസ്താവിച്ച റോഡുകളുടെ സ്ഥലമേറ്റെടുപ്പ് പൂർത്തിയാക്കി ഡി.ബി.എഫ്.ഒ.റ്റി. അടിസ്ഥാനത്തിൽ പദ്ധതി 15-1-2016-ൽ ആരംഭിച്ച 15-12-2017-ൽ നിർമ്മാണം പൂർത്തിയാക്കി അതിനുശേഷം 15 വർഷത്തെ പരിപാലന കാലാവധിയാണ്.

II. ഒന്നാംഘട്ട പദ്ധതി -ബി

മാനാഞ്ചിറ – വെള്ളിമാടുകുന്ന് റോഡ് - 8.4 കിലോ മീറ്റർ (നാലുവരി പാത)

ഈ പ്രവൃത്തിക്ക് 52 കോടി രൂപയുടെ ഭൂമി ഏറ്റെടുക്കുന്നതിന് 8-9-2008-ലെ ജി.ഒ. (ആർ.ടി.) നമ്പർ 1523/2008/പി.ഡബ്ല്യു.ഡി. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ആയത് പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടി പുരോഗമിച്ചുവരികയാണ്. ഇതുപ്രകാരം 110 കോടി രൂപയുടെ ഫണ്ട് ലഭ്യമായിരുന്നു. പ്രസ്തുത പദ്ധതിക്ക് ഭൂമി പൂർണ്ണമായും ഏറ്റെടുക്കുന്നതിന് 344.5 കോടി രൂപ ആവശ്യമാണെന്ന് കണ്ടെത്തുകയും ബാക്കി തുകയായ 234.5 കോടി രൂപയ്ക്ക് 19-11-2018-ലെ ജി.ഒ. (ആർ.ടി.) നമ്പർ 1796/2018/പി.ഡബ്ല്യു.ഡി. പ്രകാരം ഭരണാനുമതി നൽകിയിരുന്നു. ഈ ഉത്തരവിനുശേഷം 50 കോടി രൂപ അനുവദിച്ച് തഹസിൽദാർക്ക് കൈമാറിയിട്ടുണ്ട്. ബാക്കി 184.5 കോടി രൂപ കൂടി അനുവദിച്ചാൽ മാത്രമേ ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. പുതുക്കിയ ഭരണാനുമതിയിൽ ഈ തുക അടുത്ത മൂന്ന് സാമ്പത്തിക വർഷത്തിൽ അനുവദിക്കാനാണ് ഉത്തരവായിട്ടുള്ളത്.

III. മനത്താനത്തുത്താഴം ജംഗ്ഷൻ വികസനം

1-9-2017-ലെ സ.ഉ. (സാധാ) നമ്പർ 1335/2017/പി.ഡബ്ല്യു.ഡി. പ്രകാരം സി.ഡബ്ല്യു.ആർ.ഡി.എം.-പനാത്ത്താഴം റോഡിൽ മനത്താനത്തുത്താഴം ജംഗ്ഷൻ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഡയറക്ട് പർച്ചേസ് മുഖേന 3.50 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

റിക്ക് ലിമിറ്റഡിന്റെ കീഴിൽ കോഴിക്കോട്-ബാലുശ്ശേരി റോഡ് (20.320 കി.മീ.) സ്ഥലമേറ്റെടുത്ത് പുനരുദ്ധാരണം ചെയ്യുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിക്കാവശ്യമായ 424.87 ആർ സ്ഥലം ഏറ്റെടുക്കുന്നതിന് 3.26 കോടി രൂപയ്ക്ക് 6-5-2018-ലെ സ.ഉ. (സാധാ)നമ്പർ 803/2018/പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. കോഴിക്കോട്-ബാലുശ്ശേരി റോഡിന്റെ 6(1) നോട്ടിഫിക്കേഷൻ ഗസറ്റ് നമ്പർ 1569 പ്രകാരം 12-7-2019-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിർത്തിക്കല്ലുകൾ സ്ഥാപിച്ചുകഴിഞ്ഞു.

റവന്യൂ വകുപ്പുമായി സംയുക്ത സ്ഥലപരിശോധന പൂർത്തീകരിച്ചു. 6-11-2019-ലെ സർക്കാർ ഉത്തരവ് നമ്പർ 76/2019/ആർ.ഡി. പ്രകാരം 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**മാനന്തവാടി മണ്ഡലത്തിലെ പൊതുമരാമത്ത് റോഡ് പ്രവൃത്തികൾ**

80(1152) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാനന്തവാടി മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾക്കായി അനുവദിച്ച തുക റോഡുകളുടെ പേരുസഹിതം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡുകളിൽ ഓരോന്നിലും നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

ഉത്തരം

(എ&ബി) വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**മൂവാറ്റുപുഴ-മുറിക്കല്ല് ബൈപ്പാസ് നിർമ്മാണം**

81(1153) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ-മുറിക്കല്ല് ബൈപ്പാസ് നിർമ്മാണം സംബന്ധിച്ച് നിലവിലെ സ്ഥിതി എന്താണ് ;

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) മൂവാറ്റുപുഴ ബൈപ്പാസ് നിർമ്മാണത്തിനായി 15 കോടി രൂപയും സ്ഥലമേറ്റെടുപ്പിന് 35 കോടി രൂപയും ഉൾപ്പെടെ 50 കോടി രൂപയ്ക്ക് കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകി 10-8-2018-ലെ സ.ഉ. (സാധാ) നമ്പർ 1260/2018/പൊ.മ.വ. പ്രകാരവും ടി പ്രവൃത്തി ചെയ്യുന്നതിന് കേരള റോഡ് ഫണ്ട് ബോർഡിനെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി നിയോഗിച്ചുകൊണ്ട് 14-1-2020-ലെ സ.ഉ. (സാധാ) നമ്പർ 58/2020/പൊ.മ.വ. പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി 64 കോടി രൂപയുടെ ഡി.പി.ആർ. (DPR) കേരള റോഡ് ഫണ്ട് ബോർഡിൽ സമർപ്പിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പൊതുമരാമത്ത് റോഡ്സിന്റെ മങ്കടയിലെ പ്രവൃത്തികൾ

82(1154) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തിക വർഷം സംസ്ഥാന ബഡ്ജറ്റിൽ പൊതുമരാമത്ത് റോഡ്സ് വിഭാഗവുമായി ബന്ധപ്പെട്ട് മങ്കടയിൽ ഇരുപത് ശതമാനം തുക വകയിരുത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിലുണ്ടായ കാലതാമസം വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി&സി) അനുബന്ധമായി ചേർത്ത പട്ടികയിലെ ഒന്നും രണ്ടും പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടില്ല. മൂന്നാമത്തെ പ്രവൃത്തിക്ക് 12-12-2019-ലെ സ.ഉ. (സാധാ) നമ്പർ 1460/2019/പൊ.മ.വ. പ്രകാരം 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

## വഴുതയ്ക്കാട്-തൈക്കാട് റോഡ് നാലുവരിപ്പാതയായി വികസിപ്പിക്കുന്ന പ്രവൃത്തി

83(1155) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ വഴുതയ്ക്കാട്-തൈയ്ക്കാട് റോഡ് നാലുവരിപ്പാതയായി വികസിപ്പിക്കുന്ന പ്രവൃത്തിയുടെ അവസാനഘട്ടം നാളിതുവരെ പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത റോഡ് വികസിപ്പിക്കുന്നതിനുള്ള സ്ഥലമേറ്റെടുക്കൽ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ടിഡ ഏറ്റെടുത്ത ഭൂമിയിൽ കച്ചവടക്കാർക്ക് നഷ്ടപരിഹാരം നൽകുന്നതിന് കാലതാമസം നേരിട്ടതിനാൽ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തിയിൽ കാലതാമസമുണ്ടായിട്ടുണ്ട്.

(ബി) വെള്ളയമ്പലം-തൈക്കാട് റോഡ് വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതിനായി 29-3-1997-ലെ G.O.(Ms) 76/97/LAD പ്രകാരം 2 കോടി രൂപ അനുവദിക്കുകയും ആയതിന് ടിഡയെ ചുമതലപ്പെടുത്തുകയും ചെയ്തു. തുടർന്ന് ടിഡ റവന്യൂ വകുപ്പുമായി ചേർന്ന് ഭൂമി ഏറ്റെടുക്കൽ നടപടികൾ നടപ്പിലാക്കിവരികയാണ്. പ്രസ്തുത പ്രവൃത്തി ഇതുവരെയും പൂർത്തിയായിട്ടില്ല. ടിഡ ഏറ്റെടുത്ത ഭൂമി പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. ഇനി ഏകദേശം 21 സെന്റ് സ്ഥലം കൂടി ടിഡ ഏറ്റെടുക്കാനുണ്ട്.

(സി) ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയാകുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. സ്മാർട്ട് സിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തി ടി റോഡിൽ ആൽത്തറ ജംഗ്ഷൻ മുതൽ മേട്ടുക്കട ജംഗ്ഷൻ വരെയുള്ള ഭാഗം പുനരുദ്ധരിക്കുന്നതിനുള്ള നടപടി കെ.ആർ.എഫ്.ബി. മുഖേന സ്വീകരിച്ചുവരുന്നു.

**ചിന്നക്കനാൽ-സൂര്യനെല്ലി-ബോഡിമേട്ട് റോഡിന്റെ പുനരുദ്ധാരണം**

84(1156) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിലെ ചിന്നക്കനാൽ-സൂര്യനെല്ലി-ബോഡിമേട്ട് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി സർക്കാർ പുറപ്പെടുവിച്ചിരുന്ന 13-3-2013-ലെ G.O.(Rt.) No. 354/13/PWD നമ്പർ ഭരണാനുമതി പ്രകാരമുള്ള പ്രവൃത്തികൾ ഉദ്യോഗസ്ഥരുടെ അനാസ്ഥ കാരണം നടപ്പിലാക്കപ്പെടാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) പ്രവൃത്തികൾ നടക്കാത്ത സാഹചര്യത്തിൽ പ്രസ്തുത ഭരണാനുമതി റീ-വാലിഡേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നു വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഇല്ല.

(സി) ചിന്നക്കനാൽ-സൂര്യനെല്ലി-ബോഡിമേട്ട് റോഡിന്റെ ആകെ നീളം 15.3 കിലോമീറ്ററാണ്. ടി റോഡിന് 13-3-2013-ലെ സ.ഉ. (സാധാ) നമ്പർ

354/13/പൊ.മ.വ. പ്രകാരം 4 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ഈ കാലയളവിൽ ഒരു പ്രവൃത്തി ടി റോഡിൽ നടന്നുകൊണ്ടിരുന്നതിനാൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. സ.ഉ. (എം.എസ്.) നമ്പർ 09/2018/പൊ.മ.വ. പ്രകാരം 28-3-2018-ൽ BW 2017-18 ചിന്നക്കനാൽ-ബോഡിമേട്ട് റോഡ് കി.മീ. 0/000 മുതൽ 3/000 വരെ BM&BC പ്രവൃത്തിക്ക് ഭരണാനുമതി നൽകുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 2019 വെള്ളപ്പൊക്ക കെടുതിയിൽ ഉൾപ്പെടുത്തി 22-12-2018-ലെ സ.ഉ. (സാധാ) നമ്പർ 1978/2018/പൊ.മ.വ പ്രകാരം ടി റോഡിൽ 3/000 കി.മീ. മുതൽ 10/000 കി.മീ. വരെ BM&BC പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയും പ്രവൃത്തി പുരോഗതിയിലുമാണ്. കി.മീ. 10/000 മുതൽ കി.മീ. 15/300 വരെയുള്ള ഭാഗത്ത് SLTF-ൽ ഉൾപ്പെടുത്തി 2 പ്രവൃത്തികൾ ക്രമീകരിച്ചിട്ടുണ്ട്.

### കൊണ്ടോട്ടിയിലെ റോഡ് നവീകരണം

85(1157) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി ടൗണിൽ ഓൾഡ് കോഴിക്കോട്-പാലക്കാട് റോഡ് വീതികൂട്ടുന്നതിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ അറിയിക്കാമോ;

(ബി) ഭൂവുടമകൾ സമ്മതപത്രം ഒപ്പിട്ടു നൽകി വർഷങ്ങൾ കഴിഞ്ഞിട്ടും നടപടിക്രമങ്ങൾ പൂർത്തീകരിക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഭൂമി വിട്ടു നൽകാൻ സന്നദ്ധത അറിയിച്ച ഭൂവുടമകൾക്ക് നഷ്ടപരിഹാരം കിട്ടുന്നതിനുള്ള നടപടിക്രമം, നഷ്ടപരിഹാരം കിട്ടുന്നതിനുള്ള കാലയളവ് തുടങ്ങിയ കാര്യങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഓൾഡ് കോഴിക്കോട്-പാലക്കാട് റോഡിൽ റോഡ് വീതികൂട്ടുന്നതിന് ഭൂമി ഏറ്റെടുക്കുന്നതിന് 24-1-2020-ലെ സ.ഉ. (സാധാ) നമ്പർ 323/2020/ആർ.ഡി. പ്രകാരം റവന്യൂ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്.

(ബി) ഭൂമി ഏറ്റെടുക്കുന്നതിനായി ചില ഭൂവുടമകൾ മുമ്പ് സമ്മതപത്രം നൽകുന്നതിന് വിസമ്മതിച്ചിരുന്നു. ഈയിടെ മാത്രമാണ് സമ്മതപത്രം ലഭ്യമായത്. അതുപ്രകാരം ഇപ്പോൾ റവന്യൂ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്.

(സി) റവന്യൂ വകുപ്പ് ഭൂവുടമകളുമായി ബന്ധപ്പെട്ട് ഭൂവില നിശ്ചയിച്ച് നൽകേണ്ടതുണ്ട്. ലഭിച്ച ഭരണാനുമതി പ്രകാരം അക്വിസിഷൻ/ഡയറക്ട് പർച്ചേസ് മുഖേന നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് കക്ഷികളിൽനിന്ന് സ്ഥലമേറ്റെടുത്ത് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ എത്രയും പെട്ടെന്ന് സ്വീകരിക്കുന്നതാണ്.

**പാലം നിർമ്മാണ നടപടികളുടെ സ്ഥിതി**

86(1158) ശ്രീ. വി. പി. സജീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരിക്കുഴി പാലം നിർമ്മാണത്തിന്റെ സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; സ്ഥലമേറ്റെടുപ്പിനായി പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കോരൻകടവ് പാലം നിർമ്മാണം ആരംഭിക്കുന്നതിന് കാലതാമസം ഉണ്ടായിട്ടുള്ളതിന്റെ കാരണം വിശദമാക്കാമോ?

ഉത്തരം

(എ) മഞ്ചേരിക്കുഴി പാലം നിർമ്മാണത്തിന്റെ സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തീകരിച്ചിട്ടില്ല. സ്ഥലമേറ്റെടുക്കുന്നതിനായി പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിനുള്ള അപേക്ഷ സർക്കാരിൽ ലഭ്യമായിട്ടില്ല.

(ബി) കോരക്കടവ് പാലത്തിന്റെ നിർമ്മാണത്തിൽ കാലതാമസമുണ്ടായിട്ടില്ല. നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനുവേണ്ട സമയം മാത്രമാണ് ഇതിൽ വന്നിട്ടുള്ളത്. കോരക്കടവ് പാലത്തിന്റെ ബാലൻസ് വർക്കിനുള്ള പുതുക്കിയ ഭരണാനുമതി 7-6-2019-ൽ നൽകിയിട്ടുണ്ട്. തുടർന്ന് സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ ചെയ്തു. ടെണ്ടർ കഴിഞ്ഞ് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തി ഉടൻതന്നെ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ഓരോടം പാലം വീതികൂട്ടൽ**

87(1159) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ ഓരോടം പാലം വീതികൂട്ടി പുനരുദ്ധരിക്കുന്നതിന് കേന്ദ്ര വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമായിട്ടുണ്ടോ;

(ബി) പ്രസ്തുത അനുമതിക്കായി സംസ്ഥാന സർക്കാർ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ;

(സി) 2018-19-ലെ കേന്ദ്ര വാർഷിക പദ്ധതിയുടെ അനുമതി ലഭ്യമാകുന്നതിന് ഊർജിത നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) മങ്കട നിയോജകമണ്ഡലത്തിലെ ഓരോടം പാലം വീതികൂട്ടി പുനരുദ്ധരിക്കുന്നതിന് 2019-20-ലെ കേന്ദ്ര വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ എസ്റ്റിമേറ്റ് ഉടൻതന്നെ കേന്ദ്ര ഹൈവേ മന്ത്രാലയത്തിൽ അനുമതിക്കായി സമർപ്പിക്കുന്നതാണ്. അംഗീകാരം ലഭിക്കുന്നമുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്.

**അരൂർ മണ്ഡലത്തിലെ വാക്കയിൽ പാലം**

88(1160) <u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ വാക്കയിൽ പാലത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) പ്രസ്തുത പാലത്തിന് ഭരണാനുമതി ലഭിച്ചത് എന്നാണ്; എത്ര രൂപയ്ക്കായിരുന്നു ഭരണാനുമതി നൽകിയത് എന്ന് അറിയിക്കുമോ;

(സി) ഇതിന്റെ ഭൂമി ഏറ്റെടുക്കൽ നടപടി എവിടം വരെ എത്തി എന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിന്റെ പണി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയും എന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) അരൂർ മണ്ഡലത്തിലെ വാക്കയിൽ പാലം നിർമ്മാണത്തിന് കരാറുകാരൻ 9-8-2019-ന് കരാർ ഒപ്പുവച്ചു. പാലത്തിന്റെ പണികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. നിലവിൽ പൈലിങ് വർക്കുകൾ നടന്നുവരുന്നു.

(ബി) ഭരണാനുമതി തീയതി - 31-3-2018

ഭരണാനുമതി തുക - 16.8 കോടി രൂപ

(സി) ഭൂമി ഏറ്റെടുക്കൽ നടപടികൾ ആലപ്പുഴ ജില്ലാ കളക്ടറുടെ ഓഫീസിൽ പുരോഗമിക്കുന്നു.

(ഡി) ഭൂമി ഏറ്റെടുത്ത് റവന്യൂ വകുപ്പ് കൈമാറിക്കഴിഞ്ഞാൽ കാലതാമസം വരില്ല. ഉടനെ ഭൂമി ലഭ്യമായാൽ അടുത്തവർഷം തന്നെ പൂർത്തീകരിക്കാൻ കഴിയും. ഭൂമി നൽകാതെ പാലം പണി തടസ്സപ്പെടുത്തുന്ന പ്രവണത പല പാലം പ്രവൃത്തികളിലും കാണുന്നു. ഇത് പരിഹരിക്കപ്പെടണം.

**ചിറങ്ങര റെയിൽവേ ഓവർ ബ്രിഡ്ജ്**

89(1161) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ചിറങ്ങര റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മാണം ഇനിയും ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അക്വിസിഷൻ നടപടികൾ അടക്കം പൂർത്തിയാക്കി റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മാണം ഉടൻ ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. ചിറങ്ങര റെയിൽവേ മേൽപ്പാലത്തിന് 27-9-2017-ലെ G.O. (Rt)No. 1324/2016/PWD ഉത്തരവ് മുഖേന 15 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പദ്ധതിയുടെ എസ്.പി.വി.യായി ആർ.ബി.ഡി.സി.കെ.-യെ നിയമിക്കുകയും ചെയ്തു. ചിറങ്ങര റെയിൽവേ മേൽപ്പാലത്തിന്റെ വിശദമായ പദ്ധതി രേഖ തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും 19.96 കോടി രൂപയുടെ കിഫ്ബി അംഗീകാരം 27-7-2017-ന് ലഭിക്കുകയും ചെയ്തു. തുടർന്ന് പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് ഡിസ്ട്രിക്ട് കളക്ടർക്ക് അർത്ഥനാപത്രം സമർപ്പിക്കുകയും ചെയ്തു. ഭൂമി ഏറ്റെടുക്കൽ നടപടിയുടെ അന്തിമഘട്ടമായ 11(1) വിജ്ഞാപനം 4-9-2019-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ വേഗത്തിലാക്കാൻ ജില്ലാകളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ പൂർണ്ണമായാൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

**വർക്കല തൊട്ടുവെ പാലം നിർമ്മാണം**

90(1162) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല തൊട്ടുവെ പാലം നിർമ്മാണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാലം നിർമ്മിക്കുന്നതിന് എത്ര രൂപ ആവശ്യമായിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) ഇത് നിർമ്മിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ വർക്കല നിയോജകമണ്ഡലത്തിൽ പ്രശസ്ത തീർത്ഥാടന കേന്ദ്രമായ ശിവഗിരിക്ക് സമീപം ടി.എസ്. കനാലിന് കുറുകെ തൊട്ടുവെയിൽ പാലവും അനുബന്ധ റോഡും നിർമ്മിക്കുന്നതിന് 2017-18 ബഡ്ജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി 30 കോടി രൂപ അനുവദിച്ചു. തുടർന്ന് ടി പദ്ധതി കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി സർവ്വേ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ ടെൻന്റേറ്റീവ് ജനറൽ ഡിസൈൻ തയ്യാറാക്കുകയും ചെയ്തു.

ബ്രിഡ്ജസ് വിഭാഗം ഉദ്യോഗസ്ഥർ സ്ഥല പരിശോധന നടത്തി ഡിസൈനിന്റെ ഫീസിബിലിറ്റി വിലയിരുത്തുകയും ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കി ഡിസൈൻ വിഭാഗത്തിന് നൽകുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ പാലം നിർമ്മാണത്തിന്റെ ജനറൽ ഡിസൈൻ ഡ്രോയിംഗ് ഡിസൈൻ വിഭാഗം തയ്യാറാക്കി. എന്നാൽ പാലത്തിന്റെ ഇമ്മീഡിയറ്റ് അപ്രോച്ച് അവസാനിക്കുന്നിടത്ത് നടയറ ഭാഗത്തേയ്ക്കുള്ള റോഡിലെ കൊടുംവളവുമൂലം അപകട സാധ്യതയുള്ളതിനാൽ വളവ് നിവർക്കുന്നതിനായി കൂടുതൽ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഇതുസംബന്ധിച്ച വിശദാംശങ്ങൾ ബഹുമാനപ്പെട്ട വർക്കല നിയോജകമണ്ഡലം എം.എൽ.എ.യുമായി ചർച്ച നടത്തി; വളവ് നിവർക്കുന്നതിനുള്ള തീരുമാനമെടുത്തു. എന്നാൽ നിലവിൽ ലഭ്യമായിട്ടുള്ള സർവ്വേ ഡീറ്റെയിൽസിൽ അലൈൻമെന്റ് പുതുക്കുന്നതിനായുള്ള വിശദാംശങ്ങളുടെ അപര്യാപ്തതമൂലം അഡീഷണൽ സർവ്വേ നടത്തേണ്ടതായി ബോധ്യപ്പെട്ടു. ഇതിനായിട്ടുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ബി) അലൈൻമെന്റ് ഫൈനലൈസ് ചെയ്തതിനുശേഷം മാത്രമേ പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ തുക കണക്കാക്കാൻ സാധിക്കുകയുള്ളൂ.

(സി) ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്.

## പെരുമ്പളം പാണാവള്ളി പാലം നിർമ്മാണം

91(1163) ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ പെരുമ്പളം പാണാവള്ളി പാലം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) എത്ര രൂപയുടേതാണ് ഭരണാനുമതി നൽകിയത്; സാങ്കേതിക അനുമതി ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഭൂമി ഏറ്റെടുക്കൽ നടപടി എവിടം വരെ എത്തി എന്നറിയിക്കുമോ;

(ഡി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയും എന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) പ്രവൃത്തിയുടെ പുരോഗതി കാണിക്കാത്തതിനാൽ മുമ്പ് കരാറെടുത്തിരുന്ന കരാറുകാരനെ റിസ്ക് ആൻഡ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്തു. ഈ പ്രവൃത്തി 23-12-2019-ൽ റീ-ടെണ്ടർ ചെയ്യുകയും 31-1-2020-ൽ ടെണ്ടറുകൾ തുറന്നിട്ടുള്ളതുമാണ്. ടെണ്ടർ അംഗീകരിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

(ബി) 100 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകി. തുടർന്ന് 95.83 കോടി രൂപയുടെ സാമ്പത്തികാംഗീകാരം കിഫ്ബിയിൽനിന്ന് ലഭിച്ചു. 95.861 കോടി രൂപയുടെ സാങ്കേതികാനുമതി ലഭ്യമാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത പാലം നിർമ്മാണത്തിനായി ഏറ്റെടുക്കേണ്ടിവരുന്ന സ്ഥലത്ത് അതിർത്തിക്കല്ലുകൾ സ്ഥാപിക്കുകയും സ്ഥലമേറ്റെടുക്കൽ നടപടി പുരോഗമിക്കുകയും ചെയ്യുന്നു.

(ഡി) ആരംഭിച്ചിട്ടില്ല. പ്രവൃത്തി കരാർ ഉറപ്പിച്ച് 30 മാസത്തിനുള്ളിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

## പാലാരിവട്ടം ഫ്ലൈഓവറിന്റെ ഭാരപരിശോധന

92(1164) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാരിവട്ടം ഫ്ലൈ ഓവറിന്റെ ഭാരപരിശോധന നടത്തണമെന്ന് കേരള ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണെന്നും എത്ര കാലയളവിനുള്ളിൽ പരിശോധന നടപ്പിലാക്കണമെന്നുമാണ് കോടതി നിർദ്ദേശിച്ചത്;

(ബി) കേരള ഹൈക്കോടതിയുടെ ഉത്തരവിനെതിരെ സർക്കാർ സുപ്രീംകോടതിയിൽ അപ്പീൽ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) ഹൈക്കോടതിയുടെ ഉത്തരവ് സുപ്രീംകോടതി സ്റ്റേ ചെയ്തിട്ടുണ്ടോ എന്നറിയിക്കുമോ;

(ഡി) ഇല്ലെങ്കിൽ ഹൈക്കോടതി ഉത്തരവ് നടപ്പിലാക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണമെന്താണ്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പാലാരിവട്ടം ഫ്ലൈഓവറിന്റെ ഭാരപരിശോധന മൂന്ന് മാസക്കാലയളവിനുള്ളിൽ നടത്തണമെന്ന് കേരള ഹൈക്കോടതി 21-11-2019-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഐ.ഐ.റ്റി. റിപ്പോർട്ട്, ഡോ. ഇ. ശ്രീധരൻ സമർപ്പിച്ച റിപ്പോർട്ട്, സർക്കാർ നിയോഗിച്ച സമിതിയുടെ റിപ്പോർട്ട്, ഐ.ആർ.സി. ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഭാരപരിശോധന അപകടപരമാണെന്ന് വിലയിരുത്തിയാണ് സുപ്രീംകോടതിയെ സമീപിച്ചിട്ടുള്ളത്.

(സി&ഡി) സർക്കാരിന്റെ ഭാഗത്തുനിന്നും കാലതാമസമില്ല. സാങ്കേതിക സാധുതയില്ലാത്തതാണ്. ഭാരപരിശോധന നടത്താനുള്ള പരിധിക്ക് പുറത്താണ് കേടുപാടുകളെന്ന് റിപ്പോർട്ടുകളിൽ സുവ്യക്തമാണ്. സാങ്കേതികമായ കാര്യങ്ങളൊന്നും ബഹുമാനപ്പെട്ട കോടതി പരിഗണിച്ചതായി അറിയില്ല. ഏതായാലും ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി പ്രകാരം കാര്യങ്ങൾ നടത്തുന്നതാണ്. കോൺട്രാക്ടറും കോൺട്രാക്ടറുടെ സഹായികളായ ചിലരും കൊടുത്ത കേസില്ലെങ്കിൽ 9 മാസത്തിനകം പണി പൂർത്തീകരിച്ച് ഗതാഗതയോഗ്യമാക്കാൻ കഴിയുമായിരുന്നു. മൂന്നുമാസം മുമ്പ് ശ്രീ. ഇ. ശ്രീധരന്റെ നേതൃത്വത്തിൽ ഡി.എം.ആർ.സി.-യെ മന്ത്രിസഭ ചുമതല ഏൽപ്പിച്ചിരുന്നു. കോടതിവിധി മാനിച്ചതിനാൽ അത് തുടങ്ങാൻ സാധിച്ചില്ല.

**ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട പള്ളിക്കമണ്ണടി പാലം നിർമ്മാണം**

93(1165) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട നിർദ്ദിഷ്ട പള്ളിക്കമണ്ണടി പാലം നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ഉത്തരം

ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട പള്ളിക്കമണ്ണടി പാലം നിർമ്മാണത്തിനായി റിവൈസ്ഡ് ഡിസൈൻ ലഭിക്കുകയും എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2019-20 ബഡ്ജറ്റിൽ ഈ പ്രവൃത്തി ഉൾപ്പെടുത്തിയിട്ടില്ല. 2020-21-ൽ പ്രവൃത്തി ഉൾപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ പ്ലാനിംഗ് ബോർഡിൽ നൽകിയിട്ടുണ്ട്. ലാൻഡ് അക്വിസിഷൻ നടപടികൾക്കായി ആവശ്യമായ രേഖകൾ ജില്ലാ കളക്ടർക്കും കൈമാറിയിട്ടുണ്ട്. സർവ്വേ സെക്ഷനിൽ ഉൾപ്പെട്ടുവരുന്ന 0.0623 Ha നെൽവയൽകൂടി നികത്തുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്.

**ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട കുമ്മല്ലൂർ പാലം നിർമ്മാണം**

94(1166) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട കുമ്മല്ലൂർ പാലം നിർമ്മിക്കുന്നതിനായുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പാലം നിർമ്മാണത്തിനുള്ള ഡി.പി.ആർ. ഇതിനകം കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ടോയെന്നും സമർപ്പിച്ചിട്ടില്ലെങ്കിൽ കാലതാമസത്തിന്റെ കാരണമെന്തെന്നും വ്യക്തമാക്കാമോ;

(സി) കുമ്മല്ലൂർ പാലം പണി ആരംഭിക്കുന്നതിനായി ഇനി എന്തെല്ലാം നടപടികൾ അവശേഷിക്കുന്നുണ്ടെന്നും ആയത് പൂർത്തിയാക്കി പാലം പണി എന്ന് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട കുമ്മല്ലൂർ പാലം നിർമ്മാണത്തിനായി കിഫ്ബി 2017-18-ൽ ഉൾപ്പെടുത്തി 15 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ഡിസൈൻ തയ്യാറാക്കുകയും തുടർന്ന് എസ്റ്റിമേറ്റും ഡി.പി.ആർ.-ഉം തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടി പാലത്തിന്റെ എസ്റ്റിമേറ്റ് തുക 10 കോടിയിൽ താഴെയായതിനാൽ കിഫ്ബിയിൽ സമർപ്പിക്കാൻ സാധിച്ചില്ല.

(ബി) എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ 5 കോടി രൂപയാണ് ആകെ തുകയായി വന്നത്. എന്നാൽ, G.O.(MS)No. 69/2018/fin. Dated 24-2-2018 പ്രകാരം 10 കോടി രൂപയിൽ മുകളിൽ വരുന്ന പ്രവൃത്തികൾക്ക് മാത്രമേ

കിഫ്ബിയിൽ അംഗീകാരം നൽകുകയുള്ളൂ. ആയതിനാൽ ചവറ നിയോജകമണ്ഡലത്തിൽ വരുന്ന തത്വത്തിൽ ഭരണാനുമതി ലഭിച്ച അരിനല്ലൂർ പെരിങ്ങോലം പാലത്തിന്റെയും കുമ്മല്ലൂർ പാലത്തിന്റെയും ഒരുമിച്ചുള്ള ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) കിഫ്ബിയിൽ നിന്നുള്ള സാമ്പത്തികാനുമതി ലഭിച്ച് സ്ഥലമേറ്റെടുക്കൽ നടപടി പൂർത്തീകരിച്ച് മാത്രമേ പ്രവൃത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

**അന്ധകാരതോടിന് കുറുകെയുള്ള പാലം നിർമ്മാണം**

95(1167) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറയിൽ 2019-20 വർഷത്തെ ബഡ്ജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയ അന്ധകാരതോടിന് കുറുകെയുള്ള പാലത്തിന്റെ നിർമ്മാണപ്രവർത്തനങ്ങളുടെ നിലവിലെ പുരോഗതി അറിയിക്കുമോ;

(ബി) പ്രസ്തുത നിർമ്മാണത്തിനുള്ള നടപടികൾ സമയബന്ധിതമായി നടപ്പിലാക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ഈ പാലത്തിന്റെ ടെന്റേറ്റീവ് ഡിസൈൻ ലഭിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി ലഭ്യമാക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(ബി) ധനകാര്യ വകുപ്പിന്റെ അനുമതിയോടെ ഭരണാനുമതി ലഭ്യമായിക്കഴിഞ്ഞാൽ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണ്.

**വള്ളിയൂർകാവ് പാലം നിർമ്മാണം**

96(1168) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി നഗരസഭയെയും എടവക ഗ്രാമപഞ്ചായത്തിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന വള്ളിയൂർകാവ് പാലം നിർമ്മിക്കുന്ന കാര്യം സംബന്ധിച്ച നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പാലം വിഭാഗവുമായി ബന്ധപ്പെട്ട് മാനന്തവാടി മണ്ഡലത്തിൽ നിലവിൽ നടന്നുവരുന്ന മുഴുവൻ പ്രവൃത്തികളുടെയും വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) വള്ളിയൂർക്കാവ് പാലം നിർമ്മിക്കുന്നതിന് വേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ടെണ്ടർ കഴിഞ്ഞു.

(ബി)

1. പൊള്ളമ്പാറപ്പാലം -പ്രളയത്തിൽ തകർന്ന അപ്രോച്ച് റോഡിന്റെ പുനർനിർമ്മാണം 65% പ്രവൃത്തി പൂർത്തിയായി. ബാക്കി പ്രവൃത്തികൾ പുരോഗമിക്കുന്നു.

2. തിരുനെല്ലി നെട്ടറ പാലം നിർമ്മാണം കിഫ്ബി ഫണ്ട് ഉപയോഗിച്ചാണ് നടപ്പിലാക്കുന്നത്. പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബിയിൽ നിന്ന് സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ട്. പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടി സ്വീകരിക്കേണ്ടതുണ്ട്.

3. പുലിക്കാട്ടുകടവ് പാലം പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**നെടുമ്പ്രക്കാട് വിളക്കുമരം പാലം**

97(1169) <u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ നെടുമ്പ്രക്കാട് വിളക്കുമരം പാലത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) പാലം നിർമ്മാണത്തിന്റെ ഭരണാനുമതി ലഭിച്ചത് എന്നാണെന്നും ഇതിന് സാങ്കേതിക അനുമതി ലഭിച്ചത് എത്ര രൂപയ്ക്കാണെന്നുമുള്ള വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത നിർമ്മാണത്തിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ഏതു ഘട്ടം വരെ എത്തിയെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നത്തേയ്ക്ക് നിർമ്മാണം പൂർത്തീകരിക്കാൻ കഴിയും എന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) അരൂർ മണ്ഡലത്തിലെ നെടുമ്പക്കാട്-വിളക്കമരം പാലത്തിന്റെ നിർമ്മാണത്തിനായി കരാർ ഒപ്പുവച്ച് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. പൈലിംഗിന് മുന്നോടിയായുള്ള കൺഫർമേറ്ററി ബോറിംഗ് നടന്നുവരികയാണ്.

(ബി) പ്രസ്തുത പാലം നിർമ്മാണത്തിനായി 31-10-2016-ൽ 30 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകി. തുടർന്ന് കിഫ്ബിയിൽ നിന്ന് 18.43 കോടി രൂപയുടെ സാമ്പത്തികാംഗീകാരം ലഭിച്ചു. തുടർന്ന് 19.91 കോടി രൂപയുടെ സാങ്കേതികാനുമതിയും ലഭിച്ചു.

(സി) പ്രസ്തുത പാലം നിർമ്മാണത്തിനായി മുൻകൂറായി സ്ഥലം ഏറ്റെടുത്തിരുന്നു. പാലത്തിന്റെ ഡിസൈനിൽ മാറ്റം വന്നപ്പോൾ അധികമായി ഏറ്റെടുക്കേണ്ടിവരുന്ന സ്ഥലത്ത് അതിർത്തിക്കല്ലുകൾ സ്ഥാപിക്കുകയും സ്ഥലമേറ്റെടുക്കൽ നടപടി പുരോഗമിക്കുകയുമാണ്.

(ഡി) പാലം നിർമ്മാണത്തിന് 1-8-2019-ൽ കരാറുകാരന് സൈറ്റ് ഹാൻഡ് ഓവർ ചെയ്തിട്ടുണ്ട്. രണ്ട് വർഷമാണ് നിർമ്മാണ കാലാവധി. കരാർ പ്രകാരം 2021-ൽ നിർമ്മാണം പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**അപകടാവസ്ഥയിലുള്ള പാലങ്ങൾ**

98(1170) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി കാരൂർ കടവ് പാലത്തിന്റെ ശോച്യാവസ്ഥ പരിശോധിച്ചിട്ടുണ്ടോ; ആയത് സംബന്ധിച്ച റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) പ്രസ്തുത പാലത്തിന്റെ അപകടാവസ്ഥ പരിഹരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) പത്തിയൂർ കടവ് പാലത്തിന്റെ ഉറപ്പും ബലവും നിലനിർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഡി) അപകടാവസ്ഥയിലുള്ള കാരൂർകടവ്, പത്തിയൂർകടവ് പാലങ്ങളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് എത്രയും വേഗം ഗതാഗത യോഗ്യമാക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) കരുനാഗപ്പള്ളി കാരൂർകടവ് പാലത്തിന്റെ ശോച്യാവസ്ഥ പരിശോധിക്കുകയും റിപ്പോർട്ട് ഡിസൈൻ വിംഗിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടില്ല.

(ബി) പാലത്തിന്റെ ഹാൻഡ് റെയിൽ, വെയറിംഗ് കോട്ട് എന്നിവയുടെ അറ്റകുറ്റപ്പണികൾക്കായി മെയിന്റനൻസായി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് സമർപ്പിക്കുകയും ഇതിന് ഭരണാനുമതി നൽകി നിലവിൽ ടെണ്ടർ സ്റ്റേജിലാണ്. പാലത്തിന്റെ സബ് സ്ട്രക്ചറിലുള്ള വിള്ളൽ സംബന്ധിച്ച പഠന റിപ്പോർട്ട് വിദഗ്ദ്ധ അഭിപ്രായത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

(സി) കൊല്ലം ബ്രിഡ്ജസ് വിഭാഗത്തിന്റെ കീഴിൽ പത്തിയൂർകടവ് പാലമില്ല. എന്നാൽ പണിക്കർക്കടവ് എന്ന പേരിൽ ഒരു പാലമുണ്ട്. പണിക്കർക്കടവ് പാലത്തിന്റെ റീഹാബിലിറ്റേഷൻ നടത്തുന്നതിനുവേണ്ടി ഡി.എം.എഫ്.-ൽ ഉൾപ്പെടുത്തി 10 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പ്രവൃത്തി ടെണ്ടർ ചെയ്ത് എഗ്രിമെന്റ് വയ്ക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത പ്രവൃത്തികൾ എത്രയുംവേഗം പൂർത്തിയാക്കി ഗതാഗതം സുഗമമാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

## തൃപ്പൂണിത്തുറയിൽ ഇരുമ്പുപാലത്തിന് പകരമായി പുതിയ പാലം

99(1171) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറയിൽ ബലക്ഷയം കാരണം ഗതാഗതം നിരോധിച്ച ഇരുമ്പുപാലത്തിന് (പൈതൃക പാലം) പകരമായി പുതിയ പാലം നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നു വരുന്നുണ്ടോ; എങ്കിൽ അവയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) വളരെ പ്രാധാന്യമുള്ള ഈ പാലം സമയബന്ധിതമായി പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) പുതിയ പാലം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി വൻകിട അടിസ്ഥാന സൗകര്യവികസന പദ്ധതിയിൽ ഉൾപ്പെടുത്തി നൽകുന്നതിനായി ഫയൽ ആസൂത്രണ-സാമ്പത്തികകാര്യ വകുപ്പിൽ നൽകിയപ്പോൾ പ്രസ്തുത വകുപ്പ് ചില വിവരങ്ങൾ ആവശ്യപ്പെടുകയും ആയത് പരിശോധിച്ചുവരികയും ചെയ്യുന്നു.

(ബി) പാലം നിർമ്മാണത്തിനുള്ള ഭരണാനുമതി ആസൂത്രണ-സാമ്പത്തികകാര്യ വകുപ്പിൽനിന്നും ലഭിക്കുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

**ഗതാഗത തടസ്സം നീക്കാൻ ടൈൽ വിരിക്കൽ**

100 (1172) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പാത 766-ൽ സ്ഥിരമായി കേട്ടുവരുന്ന ജംഗ്ഷനുകളായ കാരന്തൂർ, താമരശ്ശേരി, ചുങ്കം എന്നിവിടങ്ങളിലും സ്ഥിരമായി വെള്ളം കയറി ഗതാഗത തടസ്സത്തിനിടയാകുന്ന മൂഴിക്കൽ, പടനിലം, നെല്ലാങ്കണ്ടി തുടങ്ങിയ സ്ഥലങ്ങളിലും ടൈൽ നിരത്താനും ഉയരം കൂട്ടാനും നടപടി സ്വീകരിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇപ്പോൾ കുന്ദമംഗലം മുതൽ മാലാപറമ്പ് വരെയുള്ള ഭാഗങ്ങൾ പുനരുദ്ധരിക്കാൻ ടെണ്ടർ ചെയ്ത പ്രവർത്തികൾക്കൊപ്പം കാരന്തൂർ ജംഗ്ഷനിൽ ടൈൽ നിരത്തുന്നതിനുള്ള നിർദ്ദേശം കൂടി പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കാരന്തൂർ ജംഗ്ഷനിൽ ടൈൽ പാകാനായി ഗതാഗത മന്ത്രാലയത്തിന്റെ നിലവിലുള്ള ഉപരിതലം ബലപ്പെടുത്തുന്ന പ്രവൃത്തിയിൽ ഉൾപ്പെടുത്താൻ അഭ്യർത്ഥിക്കും. മൂഴിക്കൽ ഭാഗത്ത് നിലവിലുള്ള ഉപരിതലം ബലപ്പെടുത്തുന്ന പ്രവൃത്തിയിൽ ഉയരം കൂട്ടും. താമരശ്ശേരിയിൽ ടൈൽ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. നെല്ലാങ്കണ്ടിയിൽ ഉയരം കൂട്ടാനായി പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ചേലക്കര-എളനാട് റോഡ് പുനരുദ്ധാരണം**

101(1173) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിലെ സി.ആർ.എഫ്. ഫണ്ടിൽ ഉൾപ്പെടുത്തി പന്ത്രണ്ട് കോടി രൂപ അനുവദിച്ച ചേലക്കര - എളനാട് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി ടെണ്ടർ കഴിഞ്ഞ് എഗ്രിമെന്റ് വെച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രവൃത്തി ആരംഭിക്കുന്നതിന് പൊതുമരാമത്ത് എൻ.എച്ച് വിഭാഗം ഇതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പുനരുദ്ധാരണ പ്രവൃത്തികൾ ഇതിനകം ആരംഭിച്ചിട്ടില്ലാത്തതിനാൽ സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശം പൊതുമരാമത്ത് എൻ.എച്ച്. വിഭാഗത്തിന് നൽകുമോ; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രസ്തുത പ്രവൃത്തിയുടെ എഗ്രിമെന്റ് വച്ച തീയതി 8-7-2019-ലാണ്.

(ബി) സ്വീകരിച്ച നടപടികൾ

1. കരാർ ഉടമ്പടിയിൽ ഏർപ്പെട്ടതിനുശേഷം പ്രവൃത്തി സ്ഥലം കരാറുകാരന് കൈമാറി.
2. പ്രാരംഭ ലെവൽ എടുക്കുന്ന പ്രവൃത്തി പൂർത്തിയായി.
3. ഓടയുടെ നിർമ്മാണത്തിനായി 120 മീറ്റർ എസ്കവേഷൻ നടത്തി.
4. റോഡ് പണികൾ ആരംഭിക്കുന്നതിന് തടസ്സമായി നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റാൻ വില നിർണ്ണയിച്ചുനൽകുന്നതിനായി സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിനും ഇലക്ട്രിക് പോസ്റ്റുകൾ മാറ്റിസ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി.-ക്കും ടെലികോം കേബിളുകൾ മാറ്റി സ്ഥാപിക്കുന്നതിനായി ബി.എസ്.എൻ.എൽ.-നും കത്ത് നൽകിയിട്ടുണ്ട്.

(സി) നൽകുന്നതാണ്. 18-11-2019-ൽ ഓടയുടെ നിർമ്മാണത്തിനായി എസ്കവേഷൻ ആരംഭിച്ചു. എന്നാൽ ഈ ഭാഗത്തുകൂടി പോകുന്ന കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ ലീക്കേജ് സംഭവിച്ചതിനാൽ പ്രവൃത്തി നിർത്തിവയ്ക്കേണ്ടതായിവന്നു. 27-1-2020-ൽ പ്രവൃത്തി പുനരാരംഭിച്ചുവെങ്കിലും കാന നിർമ്മാണത്തിലെ കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈനിന് ക്ഷതം സംഭവിച്ച് വീണ്ടും ലീക്കേജുണ്ടായി.

ഈ പ്രവൃത്തിയുടെ ഭാഗമായി എല്ലാ എസ്കവേഷൻ പ്രവൃത്തികളും മുൻകൂട്ടി കേരള വാട്ടർ അതോറിറ്റിയെ അറിയിക്കുകയും കേരള വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുടെ മേൽനോട്ടവും സാന്നിദ്ധ്യവും ഉറപ്പുവരുത്തിയിരുന്നു. എന്നാൽ പൈപ്പ് ലൈനുകൾ ഉപരിതലത്തിൽനിന്നും താഴ്ചക്കുറവിലാണ് സ്ഥാപിച്ചിരിക്കുന്നത്. ഇതുമൂലം പ്രവൃത്തിയുടെ സുഗമമായ പുരോഗതിയെ തടസ്സപ്പെടുത്തുന്നു. കാന നിർമ്മാണം പൂർത്തിയായതിനുശേഷം മാത്രമേ റോഡ് ഉപരിതലം പുനരുദ്ധാരണ പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

**ദേശീയപാത വികസനം**

102(1174) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തത്വത്തിൽ ദേശീയപാതയായി അംഗീകരിക്കപ്പെട്ട വടക്കാഞ്ചേരി - പൊള്ളാച്ചി റോഡ് ഉൾപ്പെടെ 4 റോഡുകൾക്ക് ദേശീയപാതാ പദവി ലഭിക്കുന്നതിനും ദേശീയപാതയായി വികസിപ്പിക്കുന്നതിനുമുള്ള സർവ്വേ , സ്ഥലം ഏറ്റെടുപ്പ്, ദേശീയപാതാ പ്രഖ്യാപനം തുടങ്ങിയ നടപടിക്രമങ്ങളുടെ തൽസ്ഥിതി എന്തെന്ന് വിശദീകരിക്കാമോ;

(ബി) മലയോര ഹൈവേ ഉൾപ്പെടെയുള്ള വികസന പ്രവൃത്തികൾ മേൽപ്പറഞ്ഞ റോഡുകൾ ദേശീയപാതയായി ഉയർത്തുന്നതിന്റെ ഭാഗമായി കിഫ്ബി നിർത്തിവെച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ദേശീയപാതയായി തത്വത്തിൽ അംഗീകരിച്ച വടക്കാഞ്ചേരി-പൊള്ളാച്ചി റോഡ് ഉൾപ്പെടെയുള്ള ദേശീയപാതകളുടെ സാദ്ധ്യതാ പഠനവും പദ്ധതി രൂപരേഖകളും തയ്യാറാക്കുന്ന നടപടികളുടെ ഭാഗമായി Alignment Option-നുകൾ കേന്ദ്ര റോഡ് ഹൈവേ മന്ത്രാലയത്തിൽ സമർപ്പിച്ചിട്ടുണ്ടായിരുന്നു. എന്നാൽ തത്വത്തിൽ അംഗീകരിച്ചിട്ടുള്ള ദേശീയപാതകളുടെ തുടർനടപടികൾ ഇനിയൊരറിയിപ്പുണ്ടാകുന്നതുവരെ നിർത്തിവയ്ക്കാൻ കേന്ദ്ര റോഡ് ഹൈവേ മന്ത്രാലയത്തിൽനിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗം തുടർനടപടി നിർത്തിവച്ചിരിക്കുകയാണ്. കേന്ദ്രം ചില റോഡുകൾ എൻ.എച്ച് ആക്കിയതായി വിജ്ഞാപനം ഇറക്കിയശേഷം വർഷങ്ങളായി മറ്റു നടപടികൾ പാലിക്കാത്തതിനാൽ ഈ പി.ഡബ്ല്യൂ.ഡി. റോഡുകൾ സർക്കാരിന് നന്നാക്കാൻ പറ്റുന്നില്ല. ഇതറിയാതെ ചിലർ സംസ്ഥാനത്തെ കുറ്റം പറയുന്നത് പതിവാക്കിയിരിക്കുകയാണ്.

(ബി) കൊല്ലങ്കോട്-വടക്കാഞ്ചേരി റോഡ് ദേശീയ പാതയായി അംഗീകരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തിക്ക് മലയോര ഹൈവേയിൽ ഉൾപ്പെടുത്തി അംഗീകാരം നൽകേണ്ടതില്ലെന്ന് കിഫ്ബിയിൽ നിന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ തത്വത്തിൽ അംഗീകരിച്ച ദേശീയപാതകളുടെ തുടർനടപടികൾ ഇനിയൊരറിയിപ്പുണ്ടാകുന്നതുവരെ നിർത്തിവയ്ക്കാൻ കേന്ദ്ര റോഡ് ഹൈവേ മന്ത്രാലയത്തിൽനിന്നും നിർദ്ദേശം ലഭിച്ച സ്ഥിതിക്ക് അംഗീകാരത്തിനായി കിഫ്ബിയിലേയ്ക്ക് വീണ്ടും സമർപ്പിക്കുന്നതാണ്.

**കഴക്കൂട്ടം-ചേർത്തല ദേശീയപാത വികസനം**

103(1175) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം-ചേർത്തല ദേശീയ പാത വികസന പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണ് എന്നറിയിക്കാമോ; നിലവിലെ അവസ്ഥ വിശദമാക്കുമോ;

(ബി) കഴക്കൂട്ടം മുതൽ ചേർത്തല വരെയുള്ള വികസനം ഒറ്റഘട്ടമായാണോ നടപ്പിലാക്കുകയെന്ന് അറിയിക്കാമോ ;

(സി) കഴക്കൂട്ടം മുതൽ കടമ്പാട്ടുക്കോണം വരെയുള്ള ദേശീയപാത വികസനത്തിന് നിലവിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ഡി) ഇനി ഏതെല്ലാം ഘട്ടങ്ങളാണ് അവശേഷിക്കുന്നതെന്ന് വിശദമാക്കാമോ ;

(ഇ) എന്ന് മുതൽ റോഡ് നിർമ്മാണം ആരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ-ഡി) പ്രോജക്ടുകൾക്ക് ദേശീയപാത അതോറിറ്റിയുടെ എൽ.എ. കമ്മിറ്റി ക്ലിയറൻസ് നൽകിയിട്ടുണ്ട്. കഴക്കൂട്ടം മുതൽ ചേർത്തല വരെയുള്ള വികസനം അഞ്ച് സ്ട്രെച്ചുകളായി ഭാഗിച്ചിട്ടുണ്ട്. ഏറ്റെടുക്കേണ്ട 93.4183 എച്ച്.എ. ഭൂമിയുടെ 3A(1)-നോട്ടിഫിക്കേഷൻ 24-1-2020-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. 3D സർവ്വേ പുരോഗതിയിലാണ്. കഴക്കൂട്ടം-ചേർത്തല ദേശീയപാത വികസനത്തിന്റെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു*.

(ഇ) എൻ.എച്ച്.എ.ഐ. അറിയിച്ചതനുസരിച്ച് കഴക്കൂട്ടം മുതൽ കടമ്പാട്ടുക്കോണം വരെയുള്ള സ്ട്രെച്ച് മാർച്ച് 2021-ഓടുകൂടി അവാർഡ് ചെയ്യാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**വടക്കാഞ്ചേരി-പൊള്ളാച്ചി ദേശീയപാത**

104(1176) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ആലത്തൂർ താലൂക്കിലെ വടക്കാഞ്ചേരി-പൊള്ളാച്ചി ദേശീയ പാതയ്ക്കുവേണ്ടി നടത്തിയ അലൈൻമെന്റ് പഠനങ്ങളുടെ ഫലം എന്തെന്ന് വിശദമാക്കാമോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എത്രത്തോളം സ്ഥലം ഏറ്റെടുക്കേണ്ടി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് ദേശീയപാതയായി തത്വത്തിൽ അംഗീകരിച്ച പാലക്കാട് ജില്ലയിലെ ആലത്തൂർ താലൂക്കിലെ വടക്കാഞ്ചേരി-പൊള്ളാച്ചി റോഡ് ഉൾപ്പെടെയുള്ള ദേശീയപാതകളുടെ സാധ്യതാപഠനവും പദ്ധതിരൂപരേഖകളും തയ്യാറാക്കുന്ന നടപടികളുടെ ഭാഗമായി അലൈൻമെന്റ് ഓപ്ഷനുകൾ കേന്ദ്ര റോഡ് ഹൈവേ മന്ത്രാലയത്തിൽ സമർപ്പിച്ചിട്ടുണ്ടായിരുന്നു. എന്നാൽ തത്വത്തിൽ അംഗീകരിച്ചിട്ടുള്ള ദേശീയപാതകളുടെ തുടർനടപടികൾ ഇനിയൊരറിയിപ്പുണ്ടാകുന്നതുവരെ നിർത്തിവയ്ക്കാൻ കേന്ദ്ര റോഡ് ഹൈവേ മന്ത്രാലയത്തിൽനിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പൊതുമരാമത്ത് ദേശീയപാത വിഭാഗം തുടർനടപടി നിർത്തിവച്ചിരിക്കുകയാണ്.

**തൃപ്പൂണിത്തുറ മണ്ഡലത്തിലെ പഴയ ദേശീയപാതയുടെ വികസന പ്രവർത്തനം**

105(1177) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 വർഷത്തെ ബഡ്ജറ്റിൽ 20% തുക വകയിരുത്തിയ തൃപ്പൂണിത്തുറ മണ്ഡലത്തിലെ പഴയ ദേശീയപാതയുടെ വികസന പ്രവർത്തനത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) സമയബന്ധിതമായി പ്രസ്തുത പ്രവർത്തനം പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ&ബി) 2019-20 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ 20% തുകയായ 4.4 കോടി രൂപ വകയിരുത്തിയ തൃപ്പൂണിത്തുറ മണ്ഡലത്തിലെ പഴയ ദേശീയപാതയുടെ വികസന പ്രവർത്തനത്തിന്റെ ഭരണാനുമതിക്കായി നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന് ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടില്ല.

## കല്ല്യാശ്ശേരി മണ്ഡലത്തിലെ തീരദേശ ഹൈവേ പ്രോജക്ട്

106(1178) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ തീരദേശ ഹൈവേ പ്രോജക്ടുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട് മണ്ഡലത്തിൽ വരുന്ന പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) തീരദേശ ഹൈവേ കല്ല്യാശ്ശേരി മണ്ഡലത്തിൽ മാട്ടൂൽ സൗത്ത് മുതൽ ഓലക്കിൽ പാലം വരെ 10.775 കി.മീ. ആണ്. ഇതിൽ റോഡിന്റെയും രണ്ട് പാലങ്ങളുടെയും (നീരൊഴുക്കുംചാൽ, ഓലക്കീൽ കടവ്) ഇൻവെസ്റ്റിഗേഷൻ പൂർത്തിയായി. ഈ പാലങ്ങളുടെ ഡിസൈൻ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. അഴീക്കൽ-മാട്ടൂൽ സൗത്ത് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പുരോഗമിക്കുന്നു. കിഫ്ബിയുടെ നേതൃത്വത്തിൽ ഡ്രോൺ സർവ്വേ ചെയ്ത് സെന്റർലൈൻ മാർക്ക് ചെയ്തതിനുശേഷം ഡി.പി.ആർ. തയ്യാറാക്കുന്നതും തുടർന്ന് ഭരണാനുമതിക്ക് സമർപ്പിക്കുന്നതുമാണ്.

(ബി) അഴീക്കൽ-മാട്ടൂൽ സൗത്ത്, നീരൊഴുക്കുംചാൽ, ഓലക്കീൽ എന്നീ മൂന്ന് പാലങ്ങളാണുള്ളത്. ഇതിൽ നീരൊഴുക്കുംചാൽ, ഓലക്കീൽ എന്നീ പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. അഴീക്കൽ-മാട്ടൂൽ സൗത്ത് പാലത്തിന്റെ കരയിലെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. അഴിഭാഗത്ത് തിരയുടെ ശക്തി കൂടുതലായതിനാൽ ബോറിംഗ് നടത്താൻ പറ്റാത്ത അവസ്ഥ നിലനിന്നിരുന്നു. കപ്പലുകൾ പ്രവേശിക്കുന്നതിന് പാലത്തിന്റെ ഹൊറിസോണ്ടൽ ക്ലിയറൻസ് 75 മീറ്ററും വെർട്ടിക്കൽ ക്ലിയറൻസ് 35 മീറ്ററും ആവശ്യമാണെന്ന് സ്റ്റീൽ ഇൻഡസ്ട്രിയൽ, പോർട്ട് ഓഫീസ് എന്നിവിടങ്ങളിൽ നിന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ പാലത്തിന്റെ സ്പാനിൽ മാറ്റം വരുത്തി അഴിഭാഗത്തെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ആരംഭിക്കേണ്ടതുണ്ട്.

## ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല

107(1179) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ വഞ്ചിയൂരുള്ള പ്രാദേശിക കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണത്തിനായി തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ ആസ്തി വികസന സ്കീമിൽ നിന്നും 30 ലക്ഷം രൂപ

അനുവദിക്കുകയും 17-2-2016-ൽ ഇതിലേയ്ക്കായി ഭരണാനുമതി പുറപ്പെടുവിക്കുകയും ചെയ്തിരുന്നോ;

(ബി) എങ്കിൽ മൂന്നരവർഷം പിന്നിട്ടിട്ടും പൊതുമരാമത്ത് (കെട്ടിട വിഭാഗം) വകുപ്പ് ഇക്കാര്യത്തിൽ യാതൊരു നടപടിയും സ്വീകരിക്കാത്ത സാഹചര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ;

(സി) പദ്ധതി എത്രയുംവേഗം പൂർത്തീകരിക്കുന്നതിന് പൊതുമരാമത്ത് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ വഞ്ചിയൂരുള്ള പ്രാദേശിക കേന്ദ്രത്തിന്റെ കെട്ടിടനിർമ്മാണത്തിനായി തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ ആസ്തി വികസന സ്കീമിൽ ഉൾപ്പെടുത്തി 17-2-2016-ലെ ജി.ഒ.(ആർ.ടി.) നമ്പർ 489/2016/HEdn. പ്രകാരം 30 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി&സി) സർവ്വകലാശാലയുടെ വഞ്ചിയൂരുള്ള പ്രാദേശിക കേന്ദ്രത്തിൽ ഭാവിയിൽ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കാൻ സ്ഥലം ലഭ്യമല്ലാത്തതിനാൽ നിലവിൽ ലഭ്യമായ സ്ഥലത്ത് ഒരു മൂന്നുനില കെട്ടിടം നിർമ്മിക്കണമെന്ന് സർവ്വകലാശാല ആവശ്യപ്പെടുകയും ആയതിനായി സ്ട്രക്ചറൽ ഡ്രോയിംഗ് സർവ്വകലാശാല തയ്യാറാക്കി നൽകുകയും ചെയ്തു. ലഭ്യമായ സോയിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് പ്രകാരം പ്രസ്തുത സ്ഥലത്ത് പൈൽ ഫൗണ്ടേഷനാണ് പ്രൊപ്പോസ് ചെയ്തിരിക്കുന്നത്. എന്നാൽ, സർവ്വകലാശാല നൽകിയ ഡ്രോയിംഗ് ഇതിന് അനുവദിച്ചിട്ടുള്ളതല്ല എന്നതിനാൽ പൊതുമരാമത്ത് വകുപ്പ് മുഖാന്തരം ആർക്കിടെക്ചറൽ ആൻഡ് സ്ട്രക്ചറൽ ഡ്രോയിംഗ് തയ്യാറാക്കുന്നതിന് പ്രൊപ്പോസൽ ലഭ്യമാക്കുകയും ആയതിൻപ്രകാരം പി.ഡബ്ല്യു.ഡി. ആർക്കിടെക്ചറൽ വിംഗിൽനിന്നും 22-1-2020-ന് പ്ലാൻ തയ്യാറാക്കുകയും ആയത് അംഗീകാരത്തിനായി 31-1-2020-ന് സർവ്വകലാശാലയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് അടിയന്തരമായി അനന്തര നടപടി സ്വീകരിക്കുന്നതാണ്.

**കാട്ടാക്കട മണ്ഡലത്തിലെ സ്കൂളുകളുടെ കെട്ടിടനിർമ്മാണം**

108(1180) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ കണ്ടള എച്ച്.എസ്, കുളത്തുമ്മൽ എച്ച്.എസ്.എസ്, എന്നീ സ്കൂളുകളുടെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലായെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കെട്ടിടങ്ങൾക്കായുള്ള സ്ട്രക്ച്ചറൽ ഡിസൈൻ ലഭ്യമാക്കുന്നതിനും സാങ്കേതിക അനുമതി ലഭ്യമാക്കുന്നതിനുമുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ;

(സി) ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് എന്നത്തേയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിലെ കുളത്തുമ്മൽ എച്ച്.എസ്.എസ്.-ന്റെ സ്ട്രക്ചറൽ ഡിസൈൻ പൊതുമരാമത്ത് വകുപ്പിന്റെ ഡിസൈൻ വിഭാഗത്തിൽ തയ്യാറാക്കിവരുന്നു. കണ്ടള എച്ച്.എസ്-ന്റെ സ്ട്രക്ചറൽ ഡിസൈന്റെ അഡ്വാൻസ് കോപ്പി 4-2-2020-ന് സെക്ഷൻ ഓഫീസിൽ ഇ-മെയിൽ വഴി ലഭിച്ചിട്ടുണ്ട്.

(ബി) കാട്ടാക്കട മണ്ഡലത്തിലെ കണ്ടള എച്ച്.എസ്-ന്റെ നിർമ്മാണപ്രവൃത്തിയുടെ സാങ്കേതികാനുമതിക്കുള്ള സ്ട്രക്ചറൽ ഡ്രോയിംഗ് തയ്യാറായിട്ടുണ്ട്.

കാട്ടാക്കട മണ്ഡലത്തിലെ കുളത്തുമ്മൽ എച്ച്.-എസ്-എസ്-ന്റെ സ്ട്രക്ചറൽ ഡിസൈൻ മുൻഗണനാക്രമത്തിൽ ചെയ്തുകൊണ്ടിരിക്കുന്നു. 2020 മാർച്ച് അവസാനത്തോടെ ഈ പ്രവൃത്തിയുടെ സാങ്കേതികാനുമതിക്കായുള്ള സ്ട്രക്ചറൽ ഡ്രോയിംഗ് തയ്യാറാക്കി നൽകാൻ കഴിയുന്നതാണ്. മുകളിൽ പറഞ്ഞ രണ്ട് പ്രവൃത്തികൾക്കും കാലതാമസമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സ്ട്രക്ചറൽ ഡിസൈൻ ലഭ്യമാകുന്നമുറയ്ക്ക് സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ നടപടി പൂർത്തിയാക്കിയാൽ മാത്രമേ പ്രവൃത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ. മൂന്നുമാസത്തിനകം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**ഇലക്ട്രിക്കൽ വിഭാഗം ഓഫീസുകൾ**

109 (1181) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് വകുപ്പിലെ ഇലക്ട്രിക്കൽ വിഭാഗത്തിന് കണ്ണൂരിൽ അനുവദിച്ച എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും അസിസ്റ്റന്റ് എഞ്ചിനീയറുടെയും കാര്യാലയങ്ങളുടെ പ്രവർത്തനം ആരംഭിക്കുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

പൊതുമരാമത്ത് വകുപ്പ് വൈദ്യുത വിഭാഗത്തിന് കണ്ണൂരിൽ അനുവദിച്ച എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം പ്രവർത്തനം ആരംഭിക്കുകയും എക്സിക്യൂട്ടീവ് എഞ്ചിനീയറെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറെ നിയമിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. നിലവിൽ തളിപ്പറമ്പ് സെക്ഷൻ ഓഫീസിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ അധികച്ചുമതല കണ്ണൂർ വൈദ്യുത വിഭാഗം സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്.

**ചടയമംഗലം മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

110 (1182) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നടത്തുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ചടയമംഗലം-ചിങ്ങേലി-പാങ്ങോട് റോഡിന്റെ നിർമ്മാണ പ്രവൃത്തി നിർത്തിവച്ചിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കിഫ്ബി വഴിയുള്ള പ്രസ്തുത റോഡ് പ്രവൃത്തി വേഗത്തിലാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ചടയമംഗലം നിയോജകമണ്ഡലത്തിൽ കെ.എസ്.റ്റി.പി.യുടെ അധീനതയിൽ എം.സി. റോഡിൽ വാഴോട് (കി.മീ.42/000) മുതൽ ആയൂർ പാലം (കി.മീ.53/200) വരെ ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന മാതൃകാ സുരക്ഷാ ഇടനാഴി പദ്ധതിയുടെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. കെ.എസ്.ടി.പി. പദ്ധതിയുടെ ഭാഗമായുള്ള കൊല്ലം-ആയൂർ റോഡിൽ ചടയമംഗലം മണ്ഡലത്തിൽ വരുന്ന മൈലോട് (കി.മീ. 21/500) മുതൽ ആയൂർ (കി.മീ.30/750) വരെയുള്ള ഭാഗത്തെ മെയിന്റനൻസ് പ്രവൃത്തികളും നടത്തിയിട്ടുണ്ട്.

നിരത്ത്, കെട്ടിടം, കിഫ്ബി വിഭാഗങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ചടയമംഗലം-ചിങ്ങേലി-പാങ്ങോട് റോഡിന്റെ പ്രവൃത്തിയിൽ ചില ന്യൂനതകൾ ചൂണ്ടിക്കാട്ടി പ്രവൃത്തി നിർത്തിവയ്ക്കാനുള്ള ഉത്തരവ് കിഫ്ബിയിൽ നിന്ന് ലഭിച്ചിരുന്നു. തുടർന്ന് ആവശ്യമായ നടപടി സ്വീകരിച്ച് ന്യൂനതകൾ പരിഹരിച്ചുകൊണ്ടുള്ള രേഖകൾ കിഫ്ബിയിൽ സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ടി പ്രവൃത്തി പുനരാരംഭിക്കാനുള്ള ഉത്തരവ് കിഫ്ബിയിൽ നിന്ന് 3-2-2020-ൽ ലഭിക്കുകയും ചെയ്തു. പ്രസ്തുത പ്രവൃത്തി വേഗത്തിൽ പൂർത്തീകരിക്കാനുള്ള നടപടികളാണ് സ്വീകരിക്കുന്നത്.

**തീരദേശ ഹൈവേ**

111(1183) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരംഭിക്കുന്ന 'തീരദേശഹൈവേ' യുടെ നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ ഇതിനായി ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തി എന്നാരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) തീരദേശ ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലെ പുരോഗതിയുടെ വിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) കാസർഗോഡ് ജില്ലയിൽ തീരദേശ ഹൈവേയുടെ ഭാഗമായുള്ള പാലങ്ങളുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുവേണ്ടിയുള്ള പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്.

(സി) ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ച് അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടി ആരംഭിക്കുന്നതാണ്.

**കരാറുകാരുടെ ലൈസൻസുകൾ പുതുക്കുന്നതിന് നടപടി**

112(1184) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിശ്ശിക നൽകാത്തതിനെത്തുടർന്ന് സർക്കാരിന്റെ ടെണ്ടറുകൾ ബഹിഷ്കരിക്കാൻ നിർമ്മാണ മേഖലകളിൽ പ്രവർത്തിക്കുന്ന സർക്കാർ കരാറുകാർ തീരുമാനമെടുത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രതിസന്ധി പരിഹരിക്കുവാൻ എന്ത് നടപടിയാണ് വകുപ്പ് കൈക്കൊണ്ടിട്ടുള്ളത് വിശദമാക്കുമോ;

---
*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കരാറുകാരുടെ ലൈസൻസുകൾ പുതുക്കി നൽകുന്നതിൽ ഏതെങ്കിലും നിബന്ധനകൾ ഇപ്പോൾ മാറ്റി ഉത്തരവിറക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(ബി) 27-12-2019-ലെ ജി.ഒ.(എം.എസ്.)നമ്പർ 60/2019/പൊ.മ.വ. പ്രകാരം 1-4-2020 മുതൽ കരാറുകാരുടെ ലൈസൻസ് രജിസ്റ്റർ ചെയ്യുന്നതും അവ പുതുക്കുന്നതും പ്രൈസ് സോഫ്റ്റ്‌വെയർ വഴി നടത്തണമെന്ന് ഉത്തരവായിട്ടുണ്ട്. ലൈസൻസ് ലഭ്യമാക്കുന്നതിനും പുതുക്കുന്നതിനും ആവശ്യമായ സെക്യൂരിറ്റി ഡെപ്പോസിറ്റ് ദേശസാത്കൃത/ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നുമുള്ള നിബന്ധനകൾ ഒന്നുമില്ലാത്ത ബാങ്ക് ഗ്യാരന്റി സമർപ്പിക്കണമെന്ന് ഈ ഉത്തരവിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇതിനുപുറമെ കരാർ ലൈസൻസ് പുതുക്കുമ്പോൾ ബാങ്കുകൾ നൽകുന്ന കേപ്പബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന വ്യവസ്ഥയിൽ ഇളവുകൾ നൽകുന്ന കാര്യത്തിൽ സർക്കാർ ഉത്തരവിറക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള സ്ഥലങ്ങളിലെയും റോഡിന്റെ ഇരുഭാഗങ്ങളിലെയും കയ്യേറ്റങ്ങൾ

113 (1185) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള സ്ഥലങ്ങളിലെയും റോഡിന്റെ ഇരുഭാഗങ്ങളിലെയും കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും ആയതിന്റെ പുരോഗതിയും വ്യക്തമാക്കാമോ;

(ബി) റോഡിന്റെ ഇരുപുറങ്ങളിലുമുള്ള സ്ഥലം കയ്യേറി കച്ചവടസ്ഥാപനങ്ങൾ നടത്തുകയോ മതിൽ കെട്ടിമറയ്ക്കുകയോ ചെയ്തവർ സ്വയം ഒഴിഞ്ഞുപോകുന്നതിന് അതത് പ്രദേശത്തെ ബന്ധപ്പെട്ട പൊതുമരാമത്ത് ഓഫീസിൽ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ നോട്ടീസ് നൽകാറുണ്ടോ;

(സി) പൊതുമരാമത്ത് റോഡുകളുടെയും പാലങ്ങളുടെയും മറ്റും നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി ഒരു പ്രത്യേക സംഘത്തെ നിയോഗിക്കുന്നതിനും നിയമവിരുദ്ധ പ്രവർത്തനം നടത്തുന്നവർക്കെതിരെ പിഴ ചുമത്തുന്നതിനും കേസെടുക്കുന്നതിനും നടപടി സ്വീകരിക്കാമോ;

(ഡി) സംസ്ഥാനത്ത് പൊതുമരാമത്ത് റോഡുകളുടെ വശങ്ങളിൽ വാഹന പാർക്കിംഗിന് ഏതെല്ലാം കോർപ്പറേഷനുകൾ, നഗരസഭകൾ, പഞ്ചായത്തുകൾ പാർക്കിംഗ് ഫീസ് ഈടാക്കുന്നുണ്ട്; വിശദാംശം വെളിപ്പെടുത്താമോ;

(ഇ) ഇക്കാര്യത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ;

(എഫ്) പൊതുമരാമത്ത് റോഡുകളുടെ വശങ്ങളിൽ നടത്തുന്ന അശാസ്ത്രീയ പാർക്കിംഗുമൂലം അപകടങ്ങൾ ഉണ്ടാകുന്നു എന്നതിനാൽ ആയത് നിയന്ത്രിക്കുന്നതിന് എന്തു നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഒഴിഞ്ഞുപോകാൻ രേഖാമൂലം ആവശ്യപ്പെടുകയും പോലീസ്, റവന്യൂ ഉദ്യോഗസ്ഥർ എന്നിവരുടെ സഹായത്തോടെ ഹൈവേ പ്രൊട്ടക്ഷൻ ആക്ട് സെക്ഷൻ 4 പ്രകാരം കയ്യേറ്റങ്ങൾ ഒഴിപ്പിക്കാനുള്ള നടപടി സ്വീകരിക്കാറുമുണ്ട്.

(ബി) കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടാൽ ഒഴിഞ്ഞുപോകുന്നതിന് നോട്ടീസ് നൽകാറുണ്ട്.

(സി) കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടാൽ പൊതുമരാമത്ത് വകുപ്പ് മാന്വൽ, കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നിലവിൽ വ്യവസ്ഥയുണ്ട്. ഈ ആവശ്യത്തിന് പ്രത്യേക സംഘത്തെ നിയോഗിക്കുന്നത് സംബന്ധിച്ച് നിലവിൽ തീരുമാനമെടുത്തിട്ടില്ല.

(ഡി&ഇ) തിരുവനന്തപുരം, പട്ടം, ശാസ്തമംഗലം ഏരിയയിൽ റോഡുകളിലെ പാർക്കിംഗിനായി നിലവിൽ കെ.ആർ.എഫ്.ബി.-യുടെ അധീനതയിലുള്ള റോഡുകളിൽ തിരുവനന്തപുരം കോർപ്പറേഷൻ ഫീസ് പിരിവ് നടത്തുന്നുണ്ട്. കൂടാതെ പൊതുമരാമത്ത് വകുപ്പിന്റെ അയ്യൻകാളി ഹാൾ റോഡിലും അട്ടക്കുളങ്ങര-കിള്ളിപ്പാലം ബൈപ്പാസ് റോഡിലും കോർപ്പറേഷൻ പാർക്കിംഗ് ഫീസ് പിരിക്കുന്നുണ്ട്. എറണാകുളം ജില്ലയിൽ ബ്രോഡ് വേ റോഡിൽ കൊച്ചി കോർപ്പറേഷനും തൃശ്ശൂർ ജില്ലയിൽ ബിഷപ്പ് പാലസ് റോഡിൽ തൃശ്ശൂർ കോർപ്പറേഷനും പാർക്കിംഗ് ഫീസ് ഈടാക്കുന്നുണ്ട്.

പൊതുമരാമത്ത് വകുപ്പ് ദേശീയപാത 66-ലെ കി.മീ. 561/400 മുതൽ 566/000 വരെയുള്ള ഭാഗത്ത് പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന്റെ അനുമതിയില്ലാതെ തിരുവനന്തപുരം കോർപ്പറേഷൻ നൽകുന്ന രസീത്

ബുക്കുപയോഗിച്ച് ട്രാഫിക് വാർഡൻമാർ പാർക്കിംഗ് ഫീസ് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് നിർത്തണമെന്ന് ആവശ്യപ്പെട്ടെങ്കിലും കോർപ്പറേഷൻ ഇത് നിർത്തലാക്കിയില്ല. ആയതിന്റെ കാരണം KM Act 1994-ലെ 472-ാം വകുപ്പുപ്രകാരം ട്രാഫിക് അഡ്വൈസറി കമ്മിറ്റിയുടെ തീരുമാനമാണെന്നും കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗത്തിന്റെ അധീനതയിലുള്ളതും ക്യാരേജ് വേ ആയി മാർക്ക് ചെയ്തിരിക്കുന്നതുമായ ഭാഗത്ത് ദേശീയപാത വിഭാഗത്തിന്റെ അനുമതിയില്ലാതെ പാർക്കിംഗ് സ്ഥലമാക്കി മാറ്റി അനധികൃതമായി ഫീസ് പിരിക്കുകയാണ് ചെയ്യുന്നത്. ഇത് ഹൈവേ പ്രൊട്ടക്ഷൻ ആക്ടിന് വിരുദ്ധമാണെന്നും ആയതിനാൽ ഉടൻതന്നെ നിർത്തലാക്കണമെന്നും കാണിച്ച് കോർപ്പറേഷന് പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗം കത്ത് നൽകുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റി കോളേജ് മുതൽ സ്റ്റാച്യൂ വരെയുള്ള പിരിവ് നിർത്തലാക്കി. പൊതുമരാമത്ത് റോഡിൽ പാർക്കിംഗ് ഫീസ് ഈടാക്കാൻ കോർപ്പറേഷന് അധികാരമില്ല.

(എഫ്) ഈ വിഷയത്തിൽ മോട്ടോർ വാഹന വകുപ്പും പോലീസ് വകുപ്പുമാണ് നടപടി സ്വീകരിക്കേണ്ടത്.

**പൊതുമരാമത്ത് പ്രവൃത്തി നടത്തുന്നതിനുള്ള അനുമതി**

114(1186) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് പ്രവൃത്തികൾ നടത്തുന്നതിന് അനുമതി നൽകുന്നത് എന്തെല്ലാം വ്യവസ്ഥകൾ പ്രകാരമാണെന്നും അവയുടെ വിശദാംശം (രേഖകളുടെ പകർപ്പുകൾ സഹിതം) എന്തെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങൾ സംബന്ധിച്ച് ഈ സർക്കാർ ഇറക്കിയ ഉത്തവുകൾ എന്തെല്ലാം (പകർപ്പുകൾ സഹിതം) എന്നും അറിയിക്കാമോ;

(സി) പ്രസ്തുത ഉത്തരവുകൾ പ്രകാരവും മുൻ ഉത്തരവുകൾ പ്രകാരവും സംസ്ഥാന പൊതുമരാമത്ത് പ്രവൃത്തികളിലെ കാലതാമസം തുടങ്ങി മറ്റു കുറ്റകൃത്യങ്ങൾ നടത്തിയതായി ഈ സർക്കാർ കാലയളവിൽ എത്ര പേർക്കെതിരെ പരാതികളും അന്വേഷണങ്ങളും ഉണ്ടായി എന്ന് അറിയിക്കാമോ ;

(ഡി) ഇതിൽ എത്ര പേർക്കെതിരെ നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ; മുൻസർക്കാർ കാലയളവിൽ ഇത്തരം പൊതുമരാമത്ത് പ്രവർത്തനവുമായി ബന്ധപ്പെട്ടുള്ള കുറ്റാരോപിതരായ ഉദ്യോഗസ്ഥർ എത്രയെന്നു വ്യക്തമാക്കാമോ;

(ഇ) ഇതിൽ എത്രപേരുടെ പേരിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; എത്ര പേർ നിലവിൽ സർവ്വീസിലുണ്ട്; എത്ര പെൻഷൻകാർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വ്യവസ്ഥകളും (സെക്ഷൻ 1800-പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു*) ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾ നടത്തുന്നതിന് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുകയും അതനുസരിച്ച് അംഗീകൃത ലൈസൻസുള്ള കരാറുകാർ ടെണ്ടറിൽ പങ്കെടുക്കുകയും അതിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരനെ കരാർ ഉടമ്പടിയിൽ ഏർപ്പെടുത്താൻ അനുവദിക്കുകയുമാണ് ചെയ്യാറുള്ളത്.

(ബി) പ്രസ്തുത പ്രവർത്തനങ്ങൾ സംബന്ധിച്ച് ഈ സർക്കാർ ചുവടെ ചേർക്കുന്ന ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു*.

1. 20-12-2016-ലെ ജി.ഒ.(പി) നമ്പർ 184/2016/ഫിൻ.
2. 6-2-2017-ലെ ജി.ഒ.(പി) നമ്പർ 16/2017/ഫിൻ.
3. 11-4-2019-ലെ ജി.ഒ.(ആർ.റ്റി) നമ്പർ 2997/2019/ഫിൻ.
4. 4-5-2019-ലെ ജി.ഒ.(പി) നമ്പർ 54/2019/ഫിൻ.
5. 21-8-2019-ലെ ജി.ഒ.(പി) നമ്പർ 111/2019/ഫിൻ.
6. 25-11-2019-ലെ ജി.ഒ.(പി) നമ്പർ 161/2019/ഫിൻ.

(സി-ഇ) പൊതുമരാമത്ത് പ്രവൃത്തികളിലെ കാലതാമസം പ്രവൃത്തികളുമായി ബന്ധപ്പെട്ട മറ്റ് കുറ്റകൃത്യങ്ങൾ എന്നിവയുടെ പേരിൽ ഈ സർക്കാർ കാലയളവിൽ 277 ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടത്തി നടപടി സ്വീകരിച്ചിട്ടുണ്ട്.

പൊതുമരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് മുൻ സർക്കാർ കാലയളവിൽ 643 കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ സസ്പെൻഷൻ, ഇൻക്രിമെന്റ് തടഞ്ഞുവയ്ക്കൽ, കർശന താക്കീത് എന്നിവയുൾപ്പെടെയുള്ള ശിക്ഷണ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിൽ ഒരേ വ്യക്തികൾതന്നെ നിരവധി ക്രമക്കേടുകളിൽ ഉൾപ്പെട്ടതായും കണ്ടെത്തിയിട്ടുണ്ട്. അച്ചടക്ക നടപടി സ്വീകരിച്ചിരുന്ന സമയത്ത്

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

576 പേർ സർവ്വീസിലുണ്ടായിരിക്കുകയും 67 പേർ വിരമിക്കുകയും ചെയ്തിരുന്നു. വിരമിച്ച ജീവനക്കാരിൽ 38 പേർക്കെതിരെയുള്ള തുടർനടപടികൾ അവസാനിപ്പിക്കുകയും 23 പേരിൽനിന്നും നിശ്ചിത തുക പെൻഷനിൽനിന്നും ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് ആറ് പേർക്കെതിരായ വിജിലൻസ് കേസുകളിൽ നടപടി പൂർത്തിയായിട്ടില്ല.

## പൊതുമരാമത്ത് ജോലികളുമായി ബന്ധപ്പെട്ടുണ്ടാകുന്ന അവശിഷ്ടങ്ങൾ

115(1187) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. എം. ഉമ്മർ :
ശ്രീ. അബ്ദുൽ ഹമീദ് പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ്, പാലം, കെട്ടിടനിർമ്മാണം തുടങ്ങിയ പൊതുമരാമത്ത് ജോലികളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന അവശിഷ്ടങ്ങളും മാലിന്യങ്ങളും അതതു സ്ഥലത്തു നിന്ന് ശാസ്ത്രീയമായി നീക്കുകയും സംസ്കരിക്കുകയും ചെയ്യണമെന്ന പൊതുമരാമത്ത് മാന്വലിലെ നിർദ്ദേശം പാലിക്കപ്പെടുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ നിർദ്ദേശം പാലിക്കാത്തവർക്കെതിരെ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ നിർദ്ദേശം പാലിക്കാത്തവർക്കെതിരെ 20-12-2019-ലെ സ.ഉ.(എം.എസ്) നമ്പർ 58/2019/പൊ.മ.വ. പ്രകാരം എസ്റ്റിമേറ്റ് പി.എ.സി.-യുടെ 1% എന്ന നിരക്കിൽ കുറഞ്ഞത് ഒരു ലക്ഷവും കൂടിയത് 5 ലക്ഷവും ഫൈൻ ഏർപ്പെടുത്തിയിട്ടുണ്ട്.

## വൻകിട ഫ്ലാറ്റുകളും കെട്ടിടങ്ങളും വിലകുറച്ച് രജിസ്റ്റർ ചെയ്യുന്നതിനെതിരെ നടപടി

116(1188) ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൻകിട ഫ്ലാറ്റുകളും കെട്ടിടങ്ങളും ക്രയവിക്രയം ചെയ്യുമ്പോൾ വിലകുറച്ച് കാണിച്ച് രജിസ്റ്റർ ചെയ്ത് സർക്കാരിന് വൻ സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇത്തരത്തിലുള്ള രജിസ്ട്രേഷനുകൾ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇത്തരത്തിലുള്ള എത്ര കേസ്സുകൾ കണ്ടെത്തിയിട്ടുണ്ടെന്നും അവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള 19-7-2016-ലെ ജി.ഒ.(പി) നമ്പർ 73/16/റ്റി.ഡി. നമ്പർ ഉത്തരവ് (S.R.O.No.486/2016), 9-8-2016-ലെ ജി.ഒ.(പി) നമ്പർ 80/16/റ്റിഡി (SRO No.526/2016) നമ്പർ ഉത്തരവുകൾ പ്രകാരവും ഫ്ലാറ്റുകളുമായി ബന്ധപ്പെട്ടുള്ള രജിസ്ട്രേഷന് ഫ്ലാറ്റുകളുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. ഗസറ്റിന്റെ പകർപ്പ് ലൈബ്രറിയിൽ വച്ചിട്ടുണ്ട്. *

(ബി) മേൽ ഉത്തരവുകൾക്ക് മുമ്പുള്ള കാലയളവിലെ വിലകുറച്ച് കാണിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള ആധാരങ്ങൾക്ക് 45(ബി)(1)(2)(3) എന്നിവ പ്രകാരം അണ്ടർ വാല്യുവേഷൻ നടപടി സ്വീകരിക്കുന്നുണ്ട്.

(സി) 5887 കേസ്സുകൾ കണ്ടെത്തിയിട്ടുണ്ട്. അതിന്മേൽ അണ്ടർ വാല്യുവേഷൻ നടപടി സ്വീകരിച്ചുവരുന്നു.

**ആധാരങ്ങളുടെ അധിക മുദ്രവില**

117(1189) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധാരങ്ങളുടെ മുദ്രവിലയും രജിസ്ട്രേഷൻ ഫീസും കുറച്ച് കാണിച്ചുവെന്ന് ആരോപിച്ച് ഭീമമായ തുക പിഴയായി അടയ്ക്കുവാൻ ആവശ്യപ്പെട്ട് ജില്ലാ രജിസ്ട്രാർമാർ മുഖേന ജനങ്ങൾക്ക് നോട്ടീസ് അയയ്ക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(ബി) പതിറ്റാണ്ടുകൾ പഴക്കമുള്ള ആധാരങ്ങൾക്ക് പോലും അധിക മുദ്രവില ചുമത്തി റവന്യൂ റിക്കവറി നടപടികൾ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നത് നീതീകരിക്കാവുന്നതാണോ;

(സി) 2010-ൽ സർക്കാർ ഫെയർവാല്യു നിശ്ചയിച്ചതിന് മുമ്പ് നടന്ന ഇടപാടുകൾക്ക് മുദ്രവില കുറഞ്ഞുപോയി എന്ന പേരിൽ നടപടി സ്വീകരിക്കുന്നത് ഏത് സാഹചര്യത്തിലാണെന്ന് വിശദമാക്കുമോ; ഇത് പുനഃപരിശോധിക്കുമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) കേരള മുദ്രപത്രനിയമം വകുപ്പ് 45(ബി)(1), (2) പ്രകാരം രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥൻ ഏതെങ്കിലും വസ്തു കൈമാറ്റം ചെയ്യാനുള്ള ഏതെങ്കിലും കരണം രജിസ്റ്റർ ചെയ്യുമ്പോൾ വസ്തുവിന്റെ വിലയോ പ്രതിഫലമോ കരണത്തിൽ സത്യമായിട്ടല്ല പറഞ്ഞിട്ടുള്ളതെന്ന് വിശ്വസിക്കാൻ കാരണമുണ്ടെങ്കിൽ അദ്ദേഹത്തിന് അങ്ങനെയുള്ള കരണം രജിസ്റ്റർ ചെയ്തശേഷം അക്കാര്യം വിലയോ, പ്രതിഫലമോ അതും, അതിന്മേൽ അടയ്ക്കേണ്ട ശരിയായ മുദ്രവിലയും നിർണ്ണയിക്കുന്നതിന് കളക്ടർക്ക് റഫർ ചെയ്യാവുന്നതാണെന്നും ഇപ്രകാരമുള്ള റഫറൻസ് ലഭിക്കുന്നപക്ഷം കളക്ടർ കക്ഷികൾക്ക് തങ്ങളുടെ കാര്യം പറയാൻ ന്യായമായ അവസരം നൽകുകയും അന്വേഷണ വിചാരണ നടത്തി വസ്തുവിന്റെ വിലയോ പ്രതിഫലവും മുദ്രവിലയും ഉത്തരവുമൂലം നിർണ്ണയിക്കേണ്ടതും, ഒടുക്കിയ മുദ്രവില കുറവാണെങ്കിൽ കുറവ് മുദ്രവില അടയ്ക്കാൻ ബാദ്ധ്യസ്ഥനായ ആൾ അടയ്ക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ രജിസ്ട്രേഷൻ തീയതി മുതൽ അഞ്ച് വർഷത്തിനകം കളക്ടർക്കുതന്നെ സ്വയം ബോദ്ധ്യപ്പെടുന്നപക്ഷം ടി നടപടിക്രമങ്ങൾ സ്വീകരിക്കുന്നതിനും കേരള മുദ്രപത്ര നിയമം 45(ബി)(3) പ്രകാരം വ്യവസ്ഥയുണ്ട്. ടി ഉത്തരവുമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും കൈമാറ്റം ചെയ്ത വസ്തു സ്ഥിതി ചെയ്യുന്ന പ്രദേശം അധികാരപരിധിയിലുള്ള ജില്ലാ കോടതിയിൽ അപ്പീൽ ബോധിപ്പിക്കുന്നതിനും ടി നിയമം വകുപ്പ് 45(ബി) 4 പ്രകാരം സാധിക്കുന്നതാണ്. ഇത്തരത്തിൽ കളക്ടർ പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ കുറവ് മുദ്ര ഒടുക്കാത്തവയെയാണ് അണ്ടർവാല്യുവേഷൻ കേസുകളിൽ ഉൾപ്പെടുത്തുന്നത്. ടി സാഹചര്യത്തിലാണ് കുറവ് തുക ഒടുക്കാൻ ആവശ്യപ്പെട്ട് ബന്ധപ്പെട്ട കക്ഷികൾക്ക് നോട്ടീസ് അയയ്ക്കേണ്ടതായി വരുന്നത്.

(ബി) സർക്കാരിന്റെ ഖജനാവിലേയ്ക്ക് വരാനുള്ള തുക ഒടുക്കാത്ത കേസ്സുകൾക്ക് വിവിധ കാലഘട്ടങ്ങളിലായുള്ള സർക്കാരിന്റെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരം ഒടുക്കേണ്ട തുകയിൽ ഇളവ് അനുവദിച്ച് അണ്ടർവാല്യുവേഷൻ നടപടികളിൽനിന്നും ഒഴിവാകുന്നതിനുള്ള സൗകര്യമുണ്ട്. ടി ആനുകൂല്യങ്ങളും ഉപയോഗിക്കാത്തവയ്ക്കാണ് നിയമാനുസരണമുള്ള റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടി സ്വീകരിക്കുന്നത്.

(സി) സർക്കാരിന്റെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരമാണ് മുദ്രവില കുറഞ്ഞുപോയ ഇടപാടുകൾക്ക് നടപടി സ്വീകരിക്കുന്നത്. 23-5-2018-ലെ ജി.ഒ.(പി) 74/2018/റ്റി.ഡി, 30-4-2019-ലെ ജി.ഒ.(പി) 69/19/റ്റി.ഡി. എന്നീ ഉത്തരവുകൾ പ്രകാരമുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയാണ് ഇപ്പോൾ നിലവിലുള്ളത്. 1986 മുതൽ 2017 മാർച്ച് വരെ രജിസ്റ്റർ ചെയ്ത അണ്ടർവാല്യുവേഷൻ നടപടികളിലുൾപ്പെട്ട ആധാരങ്ങളെ ടി നടപടികളിൽ നിന്നും

ഒഴിവാക്കുന്നതിനായി പ്രഖ്യാപിക്കപ്പെട്ടതാണ് ടി പദ്ധതി. ആധാരങ്ങൾ രജിസ്റ്റർ ചെയ്യതിലൂടെ സർക്കാരിനുണ്ടായ റവന്യൂ നഷ്ടം പരിഹരിക്കുന്നതിനുകൂടിയാണ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. ആയതിനാൽ ഇക്കാര്യം പുനഃപരിശോധിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**സബ്-രജിസ്ട്രാർ ഓഫീസുകളിലെ ഓൺലൈൻ സേവനങ്ങൾ**

118(1190) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. എസ്. ശർമ്മ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'പുതിയ കാലം പുതിയ സേവനം' എന്ന മുദ്രാവാക്യം മുൻനിർത്തി രജിസ്ട്രേഷൻ വകുപ്പിൽ ഈ സർക്കാർ പുതിയ പരിഷ്കാരങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഓഫീസുകൾ അഴിമതി രഹിതമാക്കുന്നതിന്റെ ഭാഗമായി സബ്-രജിസ്ട്രാർ ഓഫീസുകളിൽ ഏതെല്ലാം സേവനങ്ങൾക്കുള്ള ഫീസ് ആണ് ഇ-പേമെന്റായി സ്വീകരിക്കുന്നത്;

(സി) പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമാകുന്ന രീതിയിൽ ഡെബിറ്റ്, ക്രെഡിറ്റ് കാർഡുകൾ ഉപയോഗിച്ച് ഫീസ് അടയ്ക്കുന്ന ഇലക്ട്രോണിക് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) സബ്-രജിസ്ട്രാർ ഓഫീസുകളിലെ ഓൺലൈൻ സേവനങ്ങൾ പൊതുജനങ്ങൾക്ക് തടസ്സരഹിതമായി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 'പുതിയ കാലം പുതിയ സേവനം' എന്ന മുദ്രാവാക്യം മുൻനിർത്തി രജിസ്ട്രേഷൻ വകുപ്പിൽ ഈ സർക്കാർ ഏർപ്പെടുത്തിയ പുതിയ പരിഷ്കാരങ്ങൾ ചുവടെ ചേർക്കുന്നു:

1. ആധാര വിവരങ്ങൾ ഓൺലൈനായി അറിയുന്നതിനും ആധാരം രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ചുകൊണ്ട് ഓൺലൈനായി ടോക്കൺ എടുക്കുന്നതിനുമുള്ള സംവിധാനം.

2. ആധാര രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി ഒടുക്കുന്നതിന് ഇ-പേമെന്റ് സംവിധാനം.

3. ഒരു ലക്ഷം രൂപയുമുകളിൽ മുദ്രവില ഒടുക്കേണ്ടിവരുന്ന എല്ലാ ആധാരങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് സൗകര്യം.

4. ആധാര രജിസ്ട്രേഷൻ നടപടി പൂർത്തിയാക്കുന്നമുറയ്ക്കുതന്നെ അവയുടെ ഡിജിറ്റൽ പകർപ്പുകൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ ഓൺലൈനായി ലഭ്യമാക്കിക്കൊണ്ട് പോക്കുവരവ് നടപടി കൂടുതൽ സുതാര്യമാക്കി.

5. ഭൂമിയുടെ ന്യായവില പൊതുജനങ്ങൾക്ക് ഓൺലൈനായി പരിശോധിക്കുന്നതിനുള്ള സംവിധാനം.

6. ആധാരങ്ങളുടെ സർട്ടിഫൈഡ് പകർപ്പ്, ലിസ്റ്റ് സർട്ടിഫിക്കറ്റ് എന്നിവയ്ക്കായി സബ് രജിസ്ട്രാർ ഓഫീസിലേയ്ക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സംവിധാനം.

7. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾക്കായി ഓഫീസിൽ ഹാജരാകാതെ ഓൺലൈനായി അപേക്ഷിക്കുന്നതിനും ഇ-പേമെന്റ് സംവിധാനത്തിലൂടെ ഫീസ് ഒടുക്കുന്നതിനും അപേക്ഷകർക്ക് സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ഡൗൺലോഡ് ചെയ്യുന്നതിനുമുള്ള സൗകര്യം.

8. സ്പെഷ്യൽ മാര്യേജ് രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനം.

9. സൊസൈറ്റി രജിസ്ട്രേഷനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനും ഓൺലൈനായി ഫീസ് ഒടുക്കുന്നതിനുമുള്ള സംവിധാനം.

10. പാർട്ട്ണർഷിപ്പ് ഫേമുകളുടെ രജിസ്ട്രേഷനുവേണ്ടി ഓൺലൈനായി അപേക്ഷിക്കുന്നതിനും, രജിസ്ട്രേഷൻ ഫീസ് ഇ-പേമെന്റ് സംവിധാനത്തിലൂടെ ഒടുക്കുന്നതിനും ഓഫീസിൽ ഹാജരാകാതെ തന്നെ രജിസ്ട്രേഷൻ വിവരം ഡൗൺലോഡ് ചെയ്യുന്നതിനുമുള്ള സൗകര്യം.

11. ചിട്ടി രജിസ്ട്രേഷൻ നടപടികൾക്കുള്ള ഓൺലൈൻ സംവിധാനം.

12. രജിസ്ട്രേഷൻ വകുപ്പിനുകീഴിലെ ഓഫീസുകളിൽ ഡെബിറ്റ്/ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് ഫീസുകൾ അടയ്ക്കുന്നതിനുള്ള സംവിധാനം

13. സഹകരണ ബാങ്കുകളിൽനിന്നും വായ്പയെടുക്കുന്നതിനായി സബ് രജിസ്ട്രാർ ഓഫീസുകളിൽ ഫയൽ ചെയ്യുന്ന ഗഹാനുകൾ ഓഫീസിൽ ഹാജരാകാതെ തന്നെ ഓൺലൈനായി ഫയൽ ചെയ്യുന്നതിനുള്ള ഇ-ഗഹാൻ സംവിധാനം.

(ബി) ഓഫീസുകൾ അഴിമതിരഹിതമാക്കുന്നതിന്റെ ഭാഗമായി സബ് രജിസ്ട്രാർ ഓഫീസുകളിൽനിന്നും നൽകുന്ന സേവനങ്ങളിൽ ബാദ്ധ്യതാ സർട്ടിഫിക്കറ്റിനുള്ള ഫീസ്, രജിസ്ട്രേഷൻ ഫീസ്, സ്പെഷ്യൽ മാര്യേജ് അപേക്ഷയ്ക്കുള്ള ഫീസ്, സർട്ടിഫൈഡ് പകർപ്പുകൾക്കുള്ള തെരച്ചിൽ ഫീസ്, ചിട്ടി രജിസ്ട്രേഷൻ ഫീസ് എന്നിവയ്ക്കുള്ള ഫീസുകൾ ഇ-പേമെന്റായി സ്വീകരിക്കുന്നു.

(സി) പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമാകുന്ന രീതിയിൽ ഡെബിറ്റ്, ക്രെഡിറ്റ് കാർഡുകൾ ഉപയോഗിച്ച് ഫീസടയ്ക്കുന്ന ഇലക്ട്രോണിക് (ഇ-പോസ്) സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. രജിസ്ട്രേഷൻ വകുപ്പിനുകീഴിൽ ഓഫീസുകളിൽ ഫെഡറൽ ബാങ്ക് സൗജന്യമായിട്ടാണ് ഇ-പോസ് (point of Sale - PoS) മെഷീനുകൾ സ്ഥാപിച്ചിട്ടുള്ളത്. രജിസ്ട്രേഷൻ വകുപ്പ് മുഖാന്തരം ലഭ്യമാകുന്ന വിവിധ സേവനങ്ങൾ ലഭ്യമാകുന്നതിന് ഇ-ട്രഷറി മുഖാന്തരം ഫീസുകൾ ഒടുക്കുന്നതിനും, ആധാരം രജിസ്ട്രേഷൻ സമയത്ത് കൂടുതലായി ഫീസ് ഒടുക്കേണ്ട അവസരത്തിൽ കക്ഷികൾക്ക് ട്രഷറിയിൽ പോകാതെതന്നെ ഓഫീസിൽനിന്നും ഫീസ് ഒടുക്കുന്നതിനും പ്രസ്തുത സംവിധാനത്തിലൂടെ സാധിക്കുന്നു.

(ഡി) കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും തകരാറുകളും നെറ്റ്‌വർക്ക് തകരാറുകളും യഥാസമയം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സബ് രജിസ്ട്രാർ ഓഫീസുകളിലേയ്ക്കാവശ്യമായ പുതിയ കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവ വിതരണം ചെയ്തിട്ടുണ്ട്. ഓൺലൈൻ സേവനങ്ങൾ തടസ്സരഹിതമായി നൽകുന്നതിനായി യു.പി.എസ്. സംവിധാനത്തിലെ തകരാർ യഥാസമയം പരിഹരിക്കുന്നതിനും തകരാറിലാകുന്ന യു.പി.എസ്. ബാറ്ററികൾ യഥാസമയം മാറ്റിസ്ഥാപിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**ഓൺലൈനിൽ ആധാരങ്ങളുടെ അസൽ പകർപ്പ്**

119(1191) <u>ശ്രീ. മോൻസ് ജോസഫ്</u> :

<u>ശ്രീ. സി. എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധാരങ്ങളുടെ അസ്സൽ പകർപ്പ് ഓൺലൈനിൽ ലഭ്യമാക്കുന്നതിനുള്ള നടപടി പൂർത്തിയായിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഓൺലൈനിൽ ആധാരങ്ങളുടെ പകർപ്പ് ആവശ്യപ്പെടുന്നതിന്റെ നടപടിക്രമങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രമാണങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭിക്കുന്നതിൽ ഇടനിലക്കാരുടെ ഇടപെടൽ അവസാനിപ്പിക്കുന്നതിന് നടത്തിയ നടപടികൾ വ്യക്തമാക്കാമോ;

(ഡി) ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതോടൊപ്പം പോക്കുവരവ് നടത്തി കിട്ടുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഇ) ആധാരമെഴുത്തുകാരിൽ നിന്നും പകർപ്പ് വാങ്ങി സൂക്ഷിക്കുന്ന രീതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയത് അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ആധാരങ്ങളുടെ അസൽ പകർപ്പ് ഓൺലൈനിൽ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ടുള്ള സോഫ്റ്റ്‌വെയർ പരിഷ്കരണത്തിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) നിലവിൽ www.keralaregistration.gov.in എന്ന വെബ്സൈറ്റിലെ 'ഓൺലൈൻ അപേക്ഷകൾ' എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന വെബ് പേജിലെ certificates എന്ന മെനുവിൽ നിന്നും ആധാരങ്ങളുടെ പകർപ്പിനുള്ള (certified copy) ഓൺലൈൻ അപേക്ഷാഫോം ലഭിക്കുന്നതാണ്. പ്രസ്തുത അപേക്ഷാഫോറം പൂരിപ്പിച്ച് ഓൺലൈനായി സബ്മിറ്റ് ചെയ്യുന്നതോടൊപ്പം അപേക്ഷാഫീസും തെരച്ചിൽഫീസും ഓൺലൈനായി അടയ്ക്കാവുന്നതാണ്. ആധാരം തെരഞ്ഞ് കണ്ടുപിടിച്ചശേഷം ആധാരത്തിന്റെ പകർപ്പിനുള്ള ഫീസ് ഓഫീസിൽ നേരിട്ട് അടച്ച് പകർപ്പ് ഓഫീസിൽനിന്നും നേരിട്ട് കൈപ്പറ്റേണ്ടതാണ്.

(സി) പ്രമാണങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭിക്കുന്നതിനായി ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള സംവിധാനവും തെരച്ചിൽ ഫീസ് ഓൺലൈനായി ഒടുക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തുകയുണ്ടായി. ആധാരങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഡിജിറ്റൽ ഒപ്പോടുകൂടി ഓൺലൈനായിത്തന്നെ ഡൗൺലോഡ് ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പ്രസ്തുത സംവിധാനം നിലവിൽ വരുന്നതോടെ അപേക്ഷകർക്ക് ഇടനിലക്കാരുടെ സഹായമില്ലാതെ ആധാരങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഓൺലൈനായി ഡൗൺലോഡ് ചെയ്യുന്നതിന് സാധിക്കുന്നതാണ്.

(ഡി) ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതോടൊപ്പം പോക്കുവരവ് നടത്തി കിട്ടുന്നതിനായി ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കിയിട്ടുണ്ട്. രജിസ്ട്രേഷൻ നടപടി പൂർത്തിയായ ആധാരത്തിന്റെ ഡിജിറ്റൽ പകർപ്പ് ഓൺലൈനായി ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ ലഭ്യമാക്കുകയും വില്ലേജ് ഓഫീസിൽ നിന്നും വില്ലേജിലെ രേഖകളും രജിസ്റ്റർ ചെയ്ത ആധാരവും പരിശോധിച്ച് പോക്കുവരവ് നടപടികൾ പൂർത്തിയാക്കുകയും ചെയ്യുന്നു.

(ഇ) ആധാരമെഴുത്തുകാരിൽ നിന്നും പകർപ്പ് വാങ്ങി സൂക്ഷിക്കുന്ന രീതി നിലവിലില്ല. എന്നാൽ രജിസ്ട്രേഷനായി ആധാരം ഹാജരാക്കുമ്പോൾ നിശ്ചിത മാതൃകയിലുള്ള ഫയലിംഗ് ഷീറ്റിൽ തയ്യാറാക്കിയ ആധാരത്തിന്റെ പകർപ്പ് ഓഫീസിൽ സൂക്ഷിക്കുന്നുണ്ട്. യഥാർത്ഥ ആധാരം രജിസ്ട്രേഷനുശേഷം തിരികെ നൽകുകയും ഫയലിംഗ് ഷീറ്റ് ഓഫീസിൽ സൂക്ഷിക്കുകയുമാണ് ചെയ്യുന്നത്. പ്രസ്തുത രീതി അവസാനിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല.

**രജിസ്ട്രേഷൻ വകുപ്പിൽ ഓൺലൈൻ സേവനം**

120(1192) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെ നിന്നും ഭൂമി കൈമാറ്റം നടത്താനായി കേരള രജിസ്ട്രേഷൻ ആക്ടിൽ ഭേദഗതി കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) രജിസ്ട്രേഷൻ വകുപ്പിൽ ഓൺലൈൻ സേവനങ്ങൾക്കായി ഉപയോഗിക്കുന്ന പാക്കേജ് ഓഫ് എഫക്ടീവ് അഡ്മിനിസ്ട്രേഷൻ ഓഫ് രജിസ്ട്രേഷൻ സോഫ്റ്റ്‌വെയറിലെ മൊഡ്യൂൾ മേല്പറഞ്ഞ കാര്യത്തിനായി പരിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി &സി) ബാധകമല്ല.

**കോതമംഗലം രജിസ്ട്രേഷൻ കോംപ്ലക്സ് നിർമ്മാണം**

121(1193) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലത്ത് നിർമ്മിക്കുന്ന പുതിയ രജിസ്ട്രേഷൻ കോംപ്ലക്സിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) എന്തെല്ലാം സൗകര്യങ്ങളാണ് പുതിയ രജിസ്ട്രേഷൻ കോംപ്ലക്സുമായി ബന്ധപ്പെട്ട് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) നിർമ്മാണ പ്രവൃത്തികൾ ഏത് ഏജൻസി വഴിയാണ് നടപ്പിലാക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത കോംപ്ലക്സ് നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കോതമംഗലത്ത് നിർമ്മാണത്തിലിരിക്കുന്നത് കോതമംഗലം സബ് രജിസ്ട്രാർ ഓഫീസിനായുള്ള പുതിയ കെട്ടിടമാണ്. അതിന്റെ താഴത്തെ നിലയുടെ പില്ലർ, സ്ലാബ് എന്നിവ പൂർത്തീകരിച്ചു. രണ്ടാം നിലയുടെ പില്ലർ നിർമ്മാണം പുരോഗമിക്കുന്നു.

(ബി) താഴത്തെ നിലയിൽ പ്രിൻസിപ്പൽ സബ് രജിസ്ട്രാർ, ജോയിന്റ് സബ് രജിസ്ട്രാർ എന്നിവർക്കുള്ള റൂം, ഓഫീസ് സ്റ്റാഫ് റൂം, ഓഡിറ്റ് & ലൈബ്രറി റൂം, വരാന്ത, സ്റ്റാഫ് ഡൈനിംഗ് റൂം, ശുചിമുറികൾ, വികലാംഗർക്ക് കയറി വരുന്നതിനുള്ള റാമ്പ്, പൊതുജനങ്ങൾക്കുള്ള വെയിറ്റിംഗ് റൂം, ശുചിമുറികൾ എന്നിവയും രണ്ടാംനിലയിൽ റെക്കോർഡ് റൂമും അതിന്റെ ടെറസ്സിന് ട്രസ്സ് വർക്കിനുള്ള ജി.ഐ.എസ്. മേൽക്കൂരയും ഉൾപ്പെടുത്തിയാണ് കെട്ടിടം രൂപകൽപ്പന ചെയ്തിട്ടുള്ളത്.

(സി) നിർമ്മാണ പ്രവൃത്തികൾ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ വഴിയാണ് നടപ്പിലാക്കുന്നത്.

(ഡി) 2020 മേയ് മാസത്തോടുകൂടി നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## മലയിൻകീഴ് സബ് രജിസ്ട്രാർ ഓഫീസിന്റെ നിർമ്മാണം

122(1194) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയിൻകീഴ് സബ് രജിസ്ട്രാർ ഓഫീസിന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആദ്യനിലയുടെ കോൺക്രീറ്റിംഗ് കഴിഞ്ഞു. രണ്ടാം നിലയുടെ പില്ലറുകൾ സ്ഥാപിച്ചുവരുന്നു. അതോടൊപ്പം രണ്ടാംനിലയിലേയ്ക്കുള്ള പടിക്കെട്ടിനായുള്ള കോൺക്രീറ്റിംഗിനുവേണ്ടിയുള്ള നടപടികളും നടന്നുവരുന്നു.

(ബി) കെട്ടിട നിർമ്മാണ ഏജൻസിയായ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനും കരാറുകാരനും തമ്മിലുള്ള കരാർ പ്രകാരം നിർമ്മാണ കാലാവധി 12 മാസമാണ്. 16-2-2019-നാണ് കരാർ ഒപ്പുവച്ചിട്ടുള്ളത്. അതുപ്രകാരം 15-2-2020-ന് നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്.

## വെണ്ടർ ലൈസൻസ്

123(1195) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര പേർക്ക് വെണ്ടർ ലൈസൻസ് പുതുതായി അനുവദിച്ചു നൽകി; വിശദമാക്കാമോ;

(ബി) വെണ്ടർ ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എപ്രകാരമാണെന്ന് വിശദമാക്കാമോ;

(സി) വെണ്ടർ ലൈസൻസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകൾ സർക്കാരിന്റെ പരിഗണനയിലുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ആർക്കും പുതുതായി വെണ്ടർ ലൈസൻസ് അനുവദിച്ചുനൽകിയിട്ടില്ല.

(ബി) 13-7-2007-ലെ ജി.ഒ.(പി) നമ്പർ 156/2007/നി.വ (എസ്.ആർ.ഒ.നമ്പർ 614/2007) അനുസരിച്ചാണ് വെണ്ടർ ലൈസൻസ്

അനുവദിക്കുന്നതിനുള്ള നടപടിയെടുത്തുവരുന്നത്. ജില്ലാ കളക്ടറും ജില്ലാ (ജനറൽ) രജിസ്ട്രാറും ജില്ലാ ട്രഷറി ഓഫീസറും അംഗങ്ങളായുള്ള ജില്ലാ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന വെണ്ടർമാർക്ക് ജില്ലാ ട്രഷറി ഓഫീസറാണ് ലൈസൻസ് നൽകുന്നത്. ഒരു ജില്ലയിലെ ഒരു പ്രദേശത്ത് ആവശ്യമായ സ്റ്റാമ്പ് വെണ്ടർമാരുടെ എണ്ണം, ആവശ്യകത എന്നിവ പരിശോധിച്ചതിനുശേഷം ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള കമ്മിറ്റിയുടെ റിപ്പോർട്ട് പരിഗണിച്ചുകൊണ്ട് സർക്കാർ നിർണ്ണയിക്കുന്ന പ്രകാരമുള്ള ഒഴിവുകൾ വർത്തമാനപത്രങ്ങളും ഇലക്ട്രോണിക് മാധ്യമങ്ങളും മുഖേന വ്യാപകമായ പ്രചാരണം നൽകിക്കൊണ്ട് വിജ്ഞാപനപ്പെടുത്തുന്നതാണ്. ലൈസൻസുള്ള സ്റ്റാമ്പ് വെണ്ടറായി നിയമിക്കപ്പെടുന്നതിനുള്ള അപേക്ഷ ഫോറം 1(എ)-ൽ അപേക്ഷ ക്ഷണിച്ചുകൊണ്ട് ജില്ലാ ട്രഷറി ഓഫീസർ പുറപ്പെടുവിക്കുന്ന വിജ്ഞാപനത്തിൽ പ്രത്യേകം പറഞ്ഞിരിക്കുന്ന പ്രകാരമുള്ള തീയതിക്കുമുമ്പായി ബന്ധപ്പെട്ട ജില്ലാ ട്രഷറി ഓഫീസർക്ക് സമർപ്പിക്കണം. സംസ്ഥാനത്ത് എവിടെയെങ്കിലും സ്റ്റാമ്പ് വെണ്ടർ ലൈസൻസ് ഉള്ളവർക്ക് മറ്റൊരിടത്തും ലൈസൻസിന് അപേക്ഷിക്കാൻ അർഹതയില്ല. സംസ്ഥാനത്ത് എവിടെയെങ്കിലും ആധാരമെഴുത്ത് ലൈസൻസ് ഉള്ളവർക്കും സ്റ്റാമ്പ് വെണ്ടർ ലൈസൻസിന് അപേക്ഷിക്കാൻ അർഹതയില്ല. ഒഴിവ് വിജ്ഞാപനം നടത്തുന്ന വർഷം ജനുവരി ഒന്നിന് 18 വയസ്സ് പൂർത്തിയാകാത്തവർക്കും 60 വയസ്സ് പൂർത്തിയായവർക്കും, എസ്.എസ്.എൽ.സി.-യോ തത്തുല്യ പരീക്ഷയോ ജയിക്കാത്തവർക്കും സ്റ്റാമ്പ് വെണ്ടർ ലൈസൻസിന് അപേക്ഷിക്കാൻ അർഹതയില്ല. വെണ്ടർ ലൈസൻസിനുവേണ്ടി ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച്, കുറിപ്പ് തയ്യാറാക്കി, ജില്ലാ കളക്ടറുമായി കൂടിയാലോചിച്ച്, കമ്മിറ്റി കൂടാനുള്ള തീയതി നിശ്ചയിക്കുന്നു. ലഭിക്കുന്ന അപേക്ഷകൾ വിശദമായി പരിശോധിച്ച് ജില്ലാ ട്രഷറി ഓഫീസർ അർഹതയും മറ്റ് കാര്യങ്ങളും നിയമാനുസൃതം ഉറപ്പുവരുത്തിയശേഷം കമ്മിറ്റിയിൽ ചർച്ച ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ ഇന്റർവ്യൂ നടത്തുകയും അതിൻപ്രകാരമുള്ള ലിസ്റ്റ് കമ്മിറ്റി അംഗീകരിക്കുകയും ചെയ്യുന്നു. ജില്ലാ ട്രഷറി ഓഫീസർക്ക് ലഭിക്കുന്ന അപേക്ഷകൾ മാത്രമേ കമ്മിറ്റിയിൽ പരിഗണിക്കുകയുള്ളൂ. വെണ്ടർ നിയമനത്തിനുള്ള കമ്മിറ്റിയുടെ കൺവീനർ ജില്ലാ ട്രഷറി ഓഫീസറാണ്. ജില്ലാ ട്രഷറി ഓഫീസർ രേഖകൾ പരിശോധിച്ച് കമ്മിറ്റിയിൽ വയ്ക്കുന്നു. കമ്മിറ്റിയിൽ ഭിന്നാഭിപ്രായമുണ്ടായാൽ ഭൂരിപക്ഷ തീരുമാനപ്രകാരം നടപടിയെടുക്കുകയും ചെയ്യുന്നു. ഏത് ജില്ലാ ട്രഷറിയുടെ അധികാരപരിധിയിലുള്ള സ്ഥലത്താണോ വേക്കൻസി വരുന്നത് അവിടെയുള്ള ജില്ലാ ട്രഷറി ഓഫീസറാണ് നിയമനത്തിനുള്ള കമ്മിറ്റി കൺവീനർ.

(സി) 7-4-2017 മുതൽ ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള മുദ്രപത്രങ്ങൾ ഇ-സ്റ്റാമ്പിംഗിലേയ്ക്ക് മാറ്റിയിട്ടുണ്ട്. ഒരു ലക്ഷം രൂപയ്ക്ക് താഴെ മൂല്യമുള്ള സ്റ്റാമ്പുകളും മുദ്രപത്രങ്ങളുംകൂടി ഇ-സ്റ്റാമ്പിംഗിലേയ്ക്ക് മാറ്റാനുള്ള സോഫ്റ്റ്‌വെയർ ഒരുക്കങ്ങൾ നടത്തിവരികയാണ്. ഇ-സ്റ്റാമ്പിംഗ് പൂർണ്ണമായി നടപ്പിലാക്കുന്ന പശ്ചാത്തലത്തിൽ പുതിയ സ്റ്റാമ്പ് വെണ്ടർ ലൈസൻസ് അനുവദിക്കേണ്ടതില്ലെന്നും താൽക്കാലിക വെണ്ടർ ലൈസൻസ് സ്ഥിരപ്പെടുത്തി നൽകേണ്ടതില്ലെന്നും പുതിയ വെണ്ടർ തസ്തിക സൃഷ്ടിക്കേണ്ടതില്ലെന്നും തീരുമാനിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ വെണ്ടർ ലൈസൻസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ലഭിക്കുന്ന അപേക്ഷകളൊന്നും പരിഗണനയ്ക്ക് എടുക്കുന്നില്ല.

**ശബരി റെയിൽ പദ്ധതി**

124(1196) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി-എരുമേലി ശബരി റെയിൽ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ;

(ബി) റെയിൽവേ ലൈനിന്റെ അലൈൻമെന്റ് പൂർണ്ണമായും തയ്യാറാക്കിയിട്ടുണ്ടോ; ഇതിനായി എത്ര ഭൂമിയാണ് ഏറ്റെടുക്കേണ്ടി വരിക; ഇതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(സി) പദ്ധതി നിർവ്വഹണത്തിന് എത്ര രൂപ ചെലവു വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; ഇതിനുള്ള തുക എങ്ങനെ കണ്ടെത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(ഡി) പദ്ധതി നടത്തിപ്പു സംബന്ധിച്ച് റെയിൽവേ മന്ത്രാലയത്തിന്റെ നിലപാട് സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് വ്യക്തമാക്കാമോ;

(ഇ) ശബരിമല തീർത്ഥാടകർക്ക് പ്രയോജനം ചെയ്യും വിധം എരുമേലിക്കടുത്ത് വിമാനത്താവളം യാഥാർത്ഥ്യമാകാനിരിക്കേ, റെയിൽവേ ലൈൻ കൂടി സാധ്യമാക്കുന്നതിലേയ്ക്കായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-ഇ) അങ്കമാലി-ശബരി റെയിൽ പദ്ധതി 1997-98 റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ചു. 517 കോടി രൂപ ചെലവ് പ്രതീക്ഷിച്ച പ്രസ്തുത

പദ്ധതിയുടെ പുതുക്കിയ ചെലവ് 2815 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകളിൽ നിന്നായി 416 ഹെക്ടർ ഭൂമിയാണ് ആവശ്യമായിട്ടുള്ളത്. ഇതിനായി റവന്യൂവകുപ്പ് രണ്ട് സ്പെഷ്യൽ തഹസിൽദാർമാർ ഉൾപ്പെട്ട രണ്ട് ഭൂമി ഏറ്റെടുക്കൽ യൂണിറ്റുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഈ പദ്ധതിക്കായി കാലടി വരെയുള്ള 24.4 ഹെക്ടർ ഭൂമി ഏറ്റെടുത്ത് റെയിൽവേയ്ക്ക് കൈമാറിയിട്ടുണ്ട്. അങ്കമാലി-ശബരി സെക്ടറിലെ കാലടി റെയിൽവേ സ്റ്റേഷന്റെയും പ്ലാറ്റ്ഫോമിന്റെയും നിർമ്മാണ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. പെരുമ്പാവൂർ, കുവപ്പടി, വെങ്ങൂർ വെസ്റ്റ്, അശമന്നൂർ, രായമംഗലം, ചേലാമറ്റം എന്നീ വില്ലേജുകളിലെ 40.40.08 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള SIA പഠനം പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ഈ സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്കായി ഫണ്ടിന്റെ ലഭ്യത സംബന്ധിച്ച വിവരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ദക്ഷിണ റെയിൽവേ ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (കൺസ്ട്രക്ഷൻ) എറണാകുളം ആയത് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. എരമല്ലൂർ, മുളവൂർ, വെള്ളൂർകുന്നം, മൂവാറ്റുപുഴ, കോതമംഗലം, മാഞ്ഞല്ലൂർ എന്നീ വില്ലേജുകളിലെ 87.23.40 ഹെക്ടർ ഭൂമിയുടെ SIA പഠനം നടത്തുന്നതിലേയ്ക്കായി ഏറ്റെടുക്കേണ്ടുന്ന ഭൂമിയുടെ അതിരുകല്ല് സ്ഥാപിക്കേണ്ടതായിട്ടുണ്ട്. എന്നാൽ അർത്ഥനാധികാരിയായ ദക്ഷിണ റെയിൽവേ ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (കൺസ്ട്രക്ഷൻ), എറണാകുളം ആയത് നാളിതുവരെ സ്ഥാപിച്ചിട്ടില്ല.

കോട്ടയം ജില്ലയിൽ അങ്കമാലി-ശബരി റെയിൽപാതയ്ക്കായി ഭൂമിയൊന്നും ഏറ്റെടുത്തിട്ടില്ലാത്തതാണ്. മീനച്ചിൽ-കാഞ്ഞിരപ്പള്ളി താലൂക്കുകളിലായി 13 വില്ലേജുകളിലൂടെ ലൈൻ കടന്നുപോകുന്നു. ഇതിൽ രാമപുരം-എരുമേലി ഭാഗത്തെ അലൈൻമെന്റുമായി ബന്ധപ്പെട്ട തർക്കം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മറ്റ് വില്ലേജുകളിൽ ഫൈനൽ ലൊക്കേഷൻ സർവ്വേ നടപടി റെയിൽവേ അധികൃതർ സ്വീകരിച്ചുവരുന്നു.

പ്രധാനമന്ത്രിയുടെ 'പ്രഗതി' സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ള ഈ പദ്ധതിക്കാവശ്യമായ ഭൂമിയുടെ വിലയിലുണ്ടായ ഭീമമായ വർദ്ധന കണക്കിലെടുത്ത് ഭൂമി സൗജന്യമായി വിട്ടുതരുന്നതിനുള്ള സന്നദ്ധതയും നിർമ്മാണചെലവിന്റെ അൻപത് ശതമാനം ഏറ്റെടുക്കുന്നതിനുള്ള സമ്മതവും സംസ്ഥാന സർക്കാർ അറിയിക്കുന്നമുറയ്ക്ക് ഈ പദ്ധതി ഏറ്റെടുക്കുന്നതാണെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്.

എന്നാൽ ഈ പദ്ധതി ആവിഷ്കരിച്ച വേളയിലോ പ്രഖ്യാപന സമയത്തോ പദ്ധതി വിഹിതത്തിന്റെ അൻപത് ശതമാനം സംസ്ഥാന സർക്കാർ വഹിക്കണമെന്നോ ആവശ്യമായ ഭൂമി സൗജന്യമായി ലഭ്യമാക്കണമെന്നോ ഉള്ള നിർദ്ദേശങ്ങളില്ലായിരുന്നു. ആയതിനാൽ സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് ഈ പദ്ധതിക്കാവശ്യമായ മുഴുവൻ തുകയും 1997-98-ലെ റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതുപോലെ റെയിൽവേ വഹിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും റെയിൽവേയുടെ ചുമതലയുള്ള മന്ത്രിയും കേന്ദ്ര റെയിൽവേ മന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

**അങ്കമാലി-എരുമേലി ശബരി റെയിൽവേ പദ്ധതി**

125(1197) ശ്രീ. പി. കെ. അബ്ദു റബ്ബ് :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :

ഡോ. എം. കെ. മുനീർ :

ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട അങ്കമാലി -എരുമേലി ശബരി റെയിൽവേ പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പകുതി ചെലവ് സംസ്ഥാന സർക്കാർ വഹിക്കണമെന്ന് കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഈ ആവശ്യത്തിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ-സി) അങ്കമാലി-ശബരി റെയിൽ പദ്ധതി 1997-98 റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ചു. 517 കോടി രൂപ ചെലവ് പ്രതീക്ഷിച്ച പ്രസ്തുത പദ്ധതിയുടെ പുതുക്കിയ ചെലവ് 2815 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകളിൽ നിന്നായി 416 ഹെക്ടർ ഭൂമിയാണ് ആവശ്യമായിട്ടുള്ളത്. ഇതിനായി റവന്യൂ വകുപ്പ് രണ്ട് സ്പെഷ്യൽ തഹസിൽദാർമാർ ഉൾപ്പെട്ട രണ്ട് ഭൂമി ഏറ്റെടുക്കൽ യൂണിറ്റുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഈ പദ്ധതിക്കായി കാലടി വരെയുള്ള 24.4 ഹെക്ടർ ഭൂമി ഏറ്റെടുത്ത് റെയിൽവേയ്ക്ക് കൈമാറിയിട്ടുണ്ട്. അങ്കമാലി-ശബരി സെക്ടറിലെ കാലടി റെയിൽവേ സ്റ്റേഷന്റെയും പ്ലാറ്റ്ഫോമിന്റെയും നിർമ്മാണ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. പെരുമ്പാവൂർ, കുവപ്പടി, വെങ്ങൂർ വെസ്റ്റ്, അശമന്നൂർ,

രായമംഗലം, ചേലാമറ്റം എന്നീ വില്ലേജുകളിലെ 40.40.08 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള SIA പഠനം പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ഈ സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്കായി ഫണ്ടിന്റെ ലഭ്യത സംബന്ധിച്ച വിവരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ദക്ഷിണ റെയിൽവേ ചീഫ് അഡ്മിസ്ട്രേറ്റീവ് ഓഫീസർ (കൺസ്ട്രക്ഷൻ), എറണാകുളം ആയത് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. എരമല്ലൂർ, മുളവൂർ, വെല്ലൂർകുന്നം, മുവാറ്റുപുഴ, കോതമംഗലം, മാഞ്ഞല്ലൂർ എന്നീ വില്ലേജുകളിലെ 87.23.40 ഹെക്ടർ ഭൂമിയുടെ SIA പഠനം നടത്തുന്നതിലേയ്ക്കായി ഏറ്റെടുക്കേണ്ടുന്ന ഭൂമിയുടെ അതിരുകല്ല് സ്ഥാപിക്കേണ്ടതായിട്ടുണ്ട്. എന്നാൽ അർത്ഥനാധികാരിയായ ദക്ഷിണ റെയിൽവേ ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (കൺസ്ട്രക്ഷൻ), എറണാകുളം ആയത് നാളിതുവരെ സ്ഥാപിച്ചിട്ടില്ല.

കോട്ടയം ജില്ലയിൽ അങ്കമാലി-ശബരി റെയിൽപാതയ്ക്കായി ഭൂമിയൊന്നും ഏറ്റെടുത്തിട്ടില്ലാത്തതാണ്. മീനച്ചിൽ-കാഞ്ഞിരപ്പള്ളി താലൂക്കുകളിലായി 13 വില്ലേജുകളിലൂടെ ലൈൻ കടന്നുപോകുന്നു. ഇതിൽ രാമപുരം-എരുമേലി ഭാഗത്തെ അലൈൻമെന്റുമായി ബന്ധപ്പെട്ട തർക്കം പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മറ്റ് വില്ലേജുകളിൽ ഫൈനൽ ലൊക്കേഷൻ സർവ്വേ നടപടി റെയിൽവേ അധികൃതർ സ്വീകരിച്ചുവരുന്നു.

പ്രധാനമന്ത്രിയുടെ 'പ്രഗതി' സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ള ഈ പദ്ധതിക്കാവശ്യമായ ഭൂമിയുടെ വിലയിലുണ്ടായ ഭീമമായ വർദ്ധനവ് കണക്കിലെടുത്ത് ഭൂമി സൗജന്യമായി വിട്ടുതരുന്നതിനുള്ള സന്നദ്ധതയും നിർമ്മാണചെലവിന്റെ അൻപത് ശതമാനം ഏറ്റെടുക്കുന്നതിനുള്ള സമ്മതവും സംസ്ഥാന സർക്കാർ അറിയിക്കുന്നമുറയ്ക്ക് ഈ പദ്ധതി ഏറ്റെടുക്കുന്നതാണെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്.

ഈ പദ്ധതി ആവിഷ്കരിച്ച വേളയിലോ പ്രഖ്യാപന സമയത്തോ പദ്ധതി വിഹിതത്തിന്റെ അൻപത് ശതമാനം സംസ്ഥാന സർക്കാർ വഹിക്കണമെന്നോ ആവശ്യമായ ഭൂമി സൗജന്യമായി ലഭ്യമാക്കണമെന്നോ ഉള്ള നിർദ്ദേശങ്ങൾ ഇല്ലായിരുന്നു. ആയതിനാൽ സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ഈ പദ്ധതിക്കാവശ്യമായ മുഴുവൻ തുകയും 1997-98-ലെ റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതുപോലെ റെയിൽവേ വഹിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും റെയിൽവേയുടെ ചുമതലയുള്ള മന്ത്രിയും കേന്ദ്ര റെയിൽവേ മന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

## കല്ലുമല റെയിൽവേ മേൽപ്പാല നിർമ്മാണം

126(1198) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ കല്ലുമല റെയിൽവേ മേൽപ്പാല നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ഇതിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണത്തിനാവശ്യമായ തുകയെത്രയെന്ന് വ്യക്തമാക്കുമോ; തുക ഏത് പദ്ധതിയിലാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കല്ലുമല റെയിൽവേ മേൽപ്പാലത്തിന് 19-1-2018-ലെ സ.ഉ. (സാധാ)നമ്പർ 718/2018/പൊ.മ.വ. പ്രകാരം 22.5 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പദ്ധതിയുടെ എസ്.പി.വി. ആയി ആർ.ബി.ഡി.സി.കെ.-യെ നിയമിക്കുകയും ചെയ്തു. കല്ലുമല മേൽപ്പാലത്തിന്റെ വിശദമായ പദ്ധതിരേഖ തയ്യാറാക്കി 1-10-2019-ന് കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽനിന്നും അംഗീകാരം ലഭിക്കുന്നമുറയ്ക്ക് മാത്രമേ സ്ഥലമേറ്റെടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

(ബി) വിശദമായ പദ്ധതിരേഖയനുസരിച്ച് 40.03 കോടി രൂപയാണ് സ്ഥലമേറ്റെടുക്കുന്നതിനും നിർമ്മാണത്തിനുമായി എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. കിഫ്ബി പദ്ധതിയിലാണ് ഇത് വകയിരുത്തിയിരിക്കുന്നത്.

## കായംകുളം മണ്ഡലത്തിലെ റെയിൽവേ മേൽപ്പാലങ്ങൾ

127(1199) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ ഉൾപ്പെട്ട കൃഷ്ണപുരം മാമ്പ്രകുന്നേൽ റയിൽവേ മേൽപ്പാലം, കായംകുളം-തിരുവല്ല റോഡിലെ കാക്കനാട് റയിൽവേ മേൽപ്പാലം എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ നിലവിലുള്ള പുരോഗതി വിശദമാക്കാമോ?

ഉത്തരം

മാമ്പ്രകുന്നേൽ റെയിൽവേ മേൽപ്പാലത്തിന് 10-7-2017-ലെ സ.ഉ.(സാധാ)നമ്പർ 942/2017/പൊ.മ.വ. പ്രകാരം 60 കോടി രൂപയുടെ ഭരണാനുമതി നൽകുകയും

പദ്ധതിയുടെ എസ്.പി.വി. ആയി ആർ.ബി.ഡി.സി.കെ.-യെ നിയമിക്കുകയും ചെയ്തു. തുടർന്ന് പദ്ധതിയുടെ വിശദമായ പദ്ധതിരേഖ കിഫ്ബിക്ക് സമർപ്പിക്കുകയും കിഫ്ബി 9-11-2018-ന് പദ്ധതി അംഗീകരിച്ച് 31.21 കോടി രൂപ അനുവദിക്കുകയും ചെയ്തു.

പദ്ധതിക്കായി സ്ഥലമേറ്റെടുക്കാനുള്ള റിക്വിസിഷൻ ആലപ്പുഴ ജില്ലാ കളക്ടർക്ക് 24-12-2018-ന് സമർപ്പിച്ചു. സ്ഥലമേറ്റെടുക്കുന്നതിനായി അതിർത്തി കല്ലുകൾ സ്ഥാപിക്കുകയും ഭൂമി ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പിൽനിന്നുള്ള ഭരണാനുമതി 13-5-2019-ന് ലഭ്യമാക്കുകയും ചെയ്തു. സ്ഥലം ഏറ്റെടുക്കുന്നതിന്റെ ഭാഗമായുള്ള സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിന് ഏജൻസിയെ 9-10-2019-ന് നിയമിക്കുകയും ചെയ്തു. സ്ഥലമേറ്റെടുപ്പിനുവേണ്ടിയുള്ള 4(1) നോട്ടിഫിക്കേഷൻ 27-12-2019-ന് പ്രസിദ്ധീകരിച്ചു. തുടർന്ന് സാമൂഹിക പ്രത്യാഘാത പഠനം ആരംഭിക്കുകയും ചെയ്തു. ഇതിന്റെ ഭാഗമായുള്ള പബ്ലിക് ഹിയറിംഗ് 31-1-2020-ന് പൂർത്തിയാക്കിയിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ നടപടി പുരോഗമിച്ചുവരുന്നു. ആയത് പൂർത്തിയാകുന്നമുറയ്ക്ക് മാത്രമേ നിർമ്മാണ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

27-4-2018-ലെ സ.ഉ.(സാധാ) നമ്പർ 780/2018/പൊ.മ.വ. പ്രകാരം കേരള റെയിൽ ഡെവലെപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ കാക്കനാട് റെയിൽവേ മേൽപ്പാല നിർമ്മാണ പദ്ധതിയുടെ എസ്.പി.വി.-യായി നിയമിച്ചിട്ടുണ്ട്. ടി റെയിൽവേ മേൽപ്പാലത്തിന്റെ ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംഗ് (ജി.എ.ഡി.) പൂത്തീകരിച്ച് റെയിൽവേയ്ക്ക് സമർപ്പിച്ച് അനുമതി ലഭ്യമായിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു.

**അതിവേഗ റെയിൽ പദ്ധതി**

128(1200) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നടപ്പിലാക്കുന്ന അതിവേഗ റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 532 കി.മീ. ദൂരത്തിൽ സെമി ഹൈസ്പീഡ് ട്രെയിനുകൾക്കായുള്ള അർദ്ധ അതിവേഗ റെയിൽ പദ്ധതിക്ക് റെയിൽവേ ബോർഡിന്റെ അംഗീകാരം ലഭ്യമായതിനുശേഷം മാത്രം വാല്യൂ

ക്യാപ്ച്ചറിംഗ്, ധനസമാഹരണം മുതലായവ ആരംഭിക്കുന്നതാണെന്ന വ്യവസ്ഥയിൽ ഈ പദ്ധതിക്കായി 'സിസ്ട്ര' സമർപ്പിച്ച സാദ്ധ്യതാ പഠന റിപ്പോർട്ടും അലൈൻമെന്റും സംസ്ഥാനം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

ഈ പദ്ധതിക്ക് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ തത്വത്തിലുള്ള (in principle) അംഗീകാരം ലഭ്യമായിട്ടുണ്ട്. സോയിൽ സർവ്വേ, ലിഡാർ ഏരിയൽ സർവ്വേ, ട്രാഫിക് സർവ്വേ, EIA പഠനം എന്നിവ പൂർത്തിയായിട്ടുണ്ട്. മൂലധന സമാഹരണവുമായി ബന്ധപ്പെട്ട് KFW, JICA, ലോകബാങ്ക് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളുമായി ചർച്ചകൾ നടന്നുവരുന്നു. 11 ജില്ലകളിൽക്കൂടി കടന്നുപോകുന്ന ഈ പാതയ്ക്ക് 10 സ്റ്റേഷനുകളാണ് വിഭാവനം ചെയ്തിട്ടുള്ളത്. വിശദമായ പദ്ധതി റിപ്പോർട്ട് (DPR) 2020 മാർച്ച് മാസത്തോടുകൂടി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

**അതിവേഗ റെയിൽവേ പാത**

129(1201) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിവേഗ റെയിൽവേ പാതയ്ക്ക് കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയ സാഹചര്യത്തിൽ ഈ പദ്ധതിക്കായി വായ്പ ലഭ്യമാക്കുവാൻ ഏതെങ്കിലും വിദേശ ബാങ്കുകൾ/ ഏജൻസികളുമായി ചർച്ച നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പാതയുടെ ആകാശ സർവ്വേയും ട്രോപ്പിക്കൽ സർവ്വേയും പൂർത്തിയായിട്ടുണ്ടോ; അലൈന്റ്മെന്റ് അംഗീകരിച്ചിട്ടുണ്ടോ;

(സി) ഇപ്പോൾ അംഗീകരിച്ച പദ്ധതി പ്രകാരം തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ എത്ര സ്റ്റോപ്പുകളാണ് വിഭാവനം ചെയ്തിട്ടുള്ളത്;

(ഡി) എന്നത്തേയ്ക്ക് പ്രസ്തുത പദ്ധതിയുടെ പണി ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ-ഡി) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 532 കി.മീ. ദൂരത്തിൽ സെമി ഹൈസ്പീഡ് ട്രെയിനുകൾക്കായി നിലവിലുള്ള ഇരട്ടപ്പാതയ്ക്ക് സമാന്തരമായി മണിക്കൂറിൽ ശരാശരി 180 മുതൽ 200 കിലോമീറ്റർ വരെ വേഗത്തിൽ ട്രെയിനുകൾ സഞ്ചരിക്കുന്നതിനായുള്ള മൂന്നും നാലും പാതകൾ/ഗ്രീൻ ഫീൽഡ് കോറിഡോറാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതുപ്രകാരം

തിരുവനന്തപുരത്തുനിന്നും ഒന്നര മണിക്കൂറിനുള്ളിൽ എറണാകുളത്തും നാലുമണിക്കൂറിനുള്ളിൽ കാസർഗോഡും എത്തിച്ചേരാൻ സാധിക്കും.

റെയിൽവേ ബോർഡിന്റെ അംഗീകാരം ലഭ്യമായതിനുശേഷം മാത്രം വാല്യൂ ക്യാപ്ച്ചറിംഗ്, ധനസമാഹരണം മുതലായവ ആരംഭിക്കുന്നതാണെന്ന വ്യവസ്ഥയിൽ ഈ പദ്ധതിക്കായി 'സിസ്ട്ര' സമർപ്പിച്ച സാദ്ധ്യതാപഠന റിപ്പോർട്ടും അലൈൻമെന്റും സംസ്ഥാനം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

ഈ പദ്ധതിക്ക് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ തത്വത്തിലുള്ള (in principle) അംഗീകാരം ലഭ്യമായിട്ടുണ്ട്. സോയിൽ സർവ്വേ, ലിഡാർ ഏരിയൽ സർവ്വേ, ട്രാഫിക് സർവ്വേ, EIA പഠനം എന്നിവ പൂർത്തിയായിട്ടുണ്ട്. മൂലധന സമാഹരണവുമായി ബന്ധപ്പെട്ട് KFW, JICA, ലോകബാങ്ക് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളുമായി ചർച്ചകൾ നടന്നുവരുന്നു. 11 ജില്ലകളിൽക്കൂടി കടന്നുപോകുന്ന ഈ പാതയ്ക്ക് 10 സ്റ്റേഷനുകളാണ് വിഭാവനം ചെയ്തിട്ടുള്ളത്. വിശദമായ പദ്ധതി റിപ്പോർട്ട് (DPR) 2020 മാർച്ച് മാസത്തോടുകൂടി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. 66,405 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതി നടപ്പുസാമ്പത്തികവർഷംതന്നെ ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**അങ്കമാലി-എരുമേലി ശബരിപാത**

130(1202) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1997-98-ലെ കേന്ദ്ര റെയിൽവെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച അങ്കമാലി-എരുമേലി ശബരിപാതയുടെ നിലവിലെ നിർമ്മാണ പുരോഗതി വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ചെലവ് നിലവിൽ എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പാത നടപ്പിലാക്കണമെങ്കിൽ സംസ്ഥാന സർക്കാർ പകുതി ചെലവ് വഹിക്കണമെന്ന് കാണിച്ച് കേന്ദ്ര സർക്കാർ കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്മേലുള്ള സംസ്ഥാന നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) ശബരിപാത യാഥാർത്ഥ്യമാക്കുന്നതിന് എന്ത് നടപടിയാണ് ഇതിനകം സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-ഡി) അങ്കമാലി-ശബരി റെയിൽ പദ്ധതി 1997-98 റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ചു. 517 കോടി രൂപ ചെലവ് പ്രതീക്ഷിച്ച പ്രസ്തുത

പദ്ധതിയുടെ പുതുക്കിയ ചെലവ് 2815 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകളിൽനിന്നായി 416 ഹെക്ടർ ഭൂമിയാണ് ആവശ്യമായിട്ടുള്ളത്. ഇതിനായി റവന്യൂവകുപ്പ് രണ്ട് സ്പെഷ്യൽ തഹസിൽദാർമാർ ഉൾപ്പെട്ട രണ്ട് ഭൂമി ഏറ്റെടുക്കൽ യൂണിറ്റുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഈ പദ്ധതിക്കായി കാലടി വരെയുള്ള 24.4 ഹെക്ടർ ഭൂമി ഏറ്റെടുത്ത് റെയിൽവേയ്ക്ക് കൈമാറിയിട്ടുണ്ട്. അങ്കമാലി-ശബരി സെക്ടറിലെ കാലടി റെയിൽവേ സ്റ്റേഷന്റെയും പ്ലാറ്റ്ഫോമിന്റെയും നിർമ്മാണപ്രവൃത്തി പൂർത്തിയായിട്ടുണ്ട്. പെരുമ്പാവൂർ, കുവപ്പടി, വെങ്ങൂർ വെസ്റ്റ്, അശമന്നൂർ, രായമംഗലം, ചേലാമറ്റം എന്നീ വില്ലേജുകളിലെ 40.40.08 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള SIA പഠനം പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ഈ സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്കായി ഫണ്ടിന്റെ ലഭ്യത സംബന്ധിച്ച വിവരം ആവശ്യപ്പെട്ടിരുന്നെങ്കിലും ദക്ഷിണ റെയിൽവേ ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (കൺസ്ട്രക്ഷൻ), എറണാകുളം ആയത് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. എരമല്ലൂർ, മുളവൂർ, വെല്ലൂർകുന്നം, മൂവാറ്റുപുഴ, കോതമംഗലം, മാഞ്ഞല്ലൂർ എന്നീ വില്ലേജുകളിലെ 87.23.40 ഹെക്ടർ ഭൂമിയുടെ SIA പഠനം നടത്തുന്നതിലേയ്ക്കായി ഏറ്റെടുക്കേണ്ടുന്ന ഭൂമിയുടെ അതിരുകല്ല് സ്ഥാപിക്കേണ്ടതുണ്ട്. എന്നാൽ അർത്ഥനാധികാരിയായ ദക്ഷിണ റെയിൽവേ ചിഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (കൺസ്ട്രക്ഷൻ), എറണാകുളം ആയത് നാളിതുവരെ സ്ഥാപിച്ചിട്ടില്ല.

കോട്ടയം ജില്ലയിൽ അങ്കമാലി-ശബരി റെയിൽപ്പാതയ്ക്കായി ഭൂമിയൊന്നും ഏറ്റെടുത്തിട്ടില്ലാത്തതാണ്. മീനച്ചിൽ-കാഞ്ഞിരപ്പള്ളി താലൂക്കുകളിലായി 13 വില്ലേജുകളിലൂടെ ലൈൻ കടന്നുപോകുന്നു. ഇതിൽ രാമപുരം-എരുമേലി ഭാഗത്തെ അലൈൻമെന്റുമായി ബന്ധപ്പെട്ട തർക്കം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മറ്റ് വില്ലേജുകളിൽ ഫൈനൽ ലൊക്കേഷൻ സർവ്വേ നടപടി റെയിൽവേ അധികൃതർ സ്വീകരിച്ചുവരുന്നു.

പ്രധാനമന്ത്രിയുടെ 'പ്രഗതി' സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ള ഈ പദ്ധതിക്കാവശ്യമായ ഭൂമിയുടെ വിലയിൽ ഉണ്ടായ ഭീമമായ വർദ്ധനവ് കണക്കിലെടുത്ത് ഭൂമി സൗജന്യമായി വിട്ടുതരുന്നതിനുള്ള സന്നദ്ധതയും നിർമ്മാണ ചെലവിന്റെ 50% ഏറ്റെടുക്കുന്നതിനുള്ള സമ്മതവും സംസ്ഥാന സർക്കാർ അറിയിക്കുന്നമുറയ്ക്ക് ഈ പദ്ധതി ഏറ്റെടുക്കുന്നതാണെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്. ഈ പദ്ധതി ആവിഷ്കരിച്ചവേളയിലോ പ്രഖ്യാപന സമയത്തോ പദ്ധതി വിഹിതത്തിന്റെ 50% സംസ്ഥാന സർക്കാർ വഹിക്കണമെന്നോ ആവശ്യമായ ഭൂമി സൗജന്യമായി ലഭ്യമാക്കണമെന്നോ ഉള്ള നിർദ്ദേശങ്ങൾ ഇല്ലായിരുന്നു.

ആയതിനാൽ സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് ഈ പദ്ധതിക്കാവശ്യമായ മുഴുവൻ തുകയും 1997-98-ലെ റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതുപോലെ റെയിൽവേ വഹിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും റെയിൽവേയുടെ ചുമതലയുള്ള മന്ത്രിയും കേന്ദ്ര റെയിൽവേ മന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

**രാജ്യറാണി എക്സ്പ്രസ്സ് എത്തിച്ചേരുന്ന സ്ഥലം**

131(1203) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂരിൽനിന്നും പുറപ്പെടുന്ന രാജ്യറാണി എക്സ്പ്രസ്സ് മുമ്പത്തേതിൽ നിന്നും വ്യത്യസ്തമായി കൊച്ചുവേളിയിൽ യാത്ര അവസാനിപ്പിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ക്യാൻസർ രോഗികൾക്കടക്കം നിരവധി യാത്രക്കാർക്ക് ഈ മാറ്റം ബുദ്ധിമുട്ടുണ്ടാക്കുന്നതിനാൽ, രാജ്യറാണി എക്സ്പ്രസ്സ് എത്തിച്ചേരുന്ന സ്ഥലം മുമ്പത്തേതുപോലെ തിരുവനന്തപുരം സെന്റട്രലിലേയ്ക്കുതന്നെ മാറ്റുന്ന കാര്യത്തിൽ ഇടപെടാൻ സർക്കാർ തയ്യാറാകുമോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) നിലമ്പൂർ-തിരുവനന്തപുരം രാജ്യറാണി എക്സ്പ്രസ്സ് കൊച്ചുവേളിയിൽ യാത്ര അവസാനിപ്പിക്കുന്നതുമൂലം യാത്രക്കാർക്ക് തിരുവനന്തപുരം നഗരത്തിൽ എത്തിച്ചേരാൻ ബുദ്ധിമുട്ട് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ടി ട്രെയിൻ തിരുവനന്തപുരംവരെ നീട്ടണമെന്ന് റെയിൽവേയോട് അഭ്യർത്ഥിക്കുകയുണ്ടായി. ടെർമിനലുകളുടെ അപര്യാപ്തത കാരണം ഈ നിർദ്ദേശം പ്രായോഗികമല്ലെന്ന നിലപാടാണ് റെയിൽവേ കൈക്കൊണ്ടിട്ടുള്ളത്.

എന്നാൽ രാജ്യറാണി എക്സ്പ്രസ്സ് തിരുവനന്തപുരം സെൻട്രലിലേയ്ക്കുതന്നെ മാറ്റണമെന്ന് കേന്ദ്ര റെയിവേ മന്ത്രിയോട് 30-12-2019-ലെ കത്ത് മുഖേന വീണ്ടും ആവശ്യപ്പെട്ടിട്ടുണ്ട്. സർക്കാരിന്റെ അഭ്യർത്ഥന മാനിച്ച് രാജ്യറാണി എക്സ്പ്രസ്സ് തിരുവനന്തപുരം റെയിൽവേസ്റ്റേഷൻവരെ നീട്ടുന്ന കാര്യത്തിൽ റെയിൽവേയുടെ ഭാഗത്തുനിന്ന് അനുഭാവപൂർണ്ണമായ സമീപനം കൈക്കൊള്ളുമെന്ന് കരുതുന്നു.

## ശാസ്ത്രപഥം എന്ന പേരിൽ ക്യാമ്പ്

132(1204) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :

ശ്രീ. ജോൺ ഫെർണാണ്ടസ് :

ശ്രീ. വി. ജോയി :

ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാർത്ഥികളിൽ ശാസ്ത്രാഭിരുചിയും ശാസ്ത്രാവബോധവും വളർത്തുക എന്ന ലക്ഷ്യത്തോടെ ശാസ്ത്രപഥം എന്ന പേരിൽ ക്യാമ്പ് സംഘടിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ക്യാമ്പിൽ ഏതെല്ലാം വിഷയങ്ങളാണ് കൈകാര്യം ചെയ്തതെന്നും കുട്ടികൾക്കായി ക്ലാസ്സുകൾ നയിച്ചത് ആരൊക്കെയാണെന്നും വിശദമാക്കാമോ;

(സി) സ്കൂളിൽ പഠിക്കുന്ന ശാസ്ത്രതത്വങ്ങൾ ആഴത്തിൽ മനസ്സിലാക്കുന്നതിനും ശാസ്ത്രമേഖലയിലെ ഗവേഷണ സാധ്യതകൾ ബോധ്യപ്പെടുന്നതിനും പ്രസ്തുത ക്യാമ്പ് കുട്ടികൾക്ക് എപ്രകാരമാണ് സാഹായകമായിട്ടുള്ളത്; വെളിപ്പെടുത്തുമോ;

(ഡി) ആധുനിക ശാസ്ത്രോപകരണങ്ങളും കണ്ടുപിടിത്തങ്ങളും സാമൂഹ്യപുരോഗതിക്കായി എങ്ങനെ ഉപയോഗപ്പെടുത്താമെന്ന് വിദ്യാർത്ഥികളെ മനസ്സിലാക്കിക്കൊടുക്കുന്നതിനായി ഇതുപോലുള്ള ശാസ്ത്രമേളകൾ തുടർന്നും സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട് സംസ്ഥാനത്തെ പതിനൊന്നാം ക്ലാസിൽ സയൻസ് കോമ്പിനേഷനിൽ പഠിക്കുന്ന തെരഞ്ഞെടുത്ത കുട്ടികൾക്കായി 2018-19 വർഷം സമഗ്രശിക്ഷാ കേരളം, ഹയർ സെക്കണ്ടറി വിദ്യാഭ്യാസം, കൊളീജിയേറ്റ് വിദ്യാഭ്യാസം എന്നീ വകുപ്പുകളുമായി സഹകരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് 'ശാസ്ത്രപഥം'. ഓരോ ജില്ലയിലും തെരഞ്ഞെടുത്ത കോളേജുകളിൽ അതത് ജില്ലയിലെ കുട്ടികൾക്ക് മൂന്നുദിവസത്തെ റസിഡൻഷ്യൽ ക്യാമ്പ് സംഘടിപ്പിച്ചു. പ്രസ്തുത ക്യാമ്പിൽ ശാസ്ത്രാവബോധം, ശാസ്ത്രചരിത്രം, ശാസ്ത്രജ്ഞൻമാരുടെ ജീവിതചരിത്രം, ശാസ്ത്ര സാങ്കേതിക സ്ഥാപന സന്ദർശനം, വിദ്യാർത്ഥികളുടെ പ്രോജക്ട് അവതരണം-ശാസ്ത്ര രംഗത്തുള്ള പുതിയ നേട്ടങ്ങൾ, ഐ.റ്റി. മേഖലയുടെ ഉപയോഗം, പരീക്ഷണങ്ങളും പ്രവർത്തനങ്ങളും, പ്രഭാഷണങ്ങൾ, ശാസ്ത്രത്തിൽ ഉണ്ടാകുന്ന വികാസങ്ങൾ, സമൂഹത്തെ നേരിട്ട് ബാധിക്കുന്ന ശാസ്ത്രവിഷയങ്ങൾ,

ശാസ്ത്രവിജ്ഞാനം എങ്ങനെ സമൂഹവുമായി പങ്കുവയ്ക്കാം, ശാസ്ത്രജ്ഞൻമാരുമായുള്ള മുഖാമുഖം എന്നിവയ്ക്ക് ഊന്നൽ നൽകി. ജില്ലാതലത്തിലെ ഓരോ ക്യാമ്പിൽ നിന്നും മികവ് പുലർത്തിയ അഞ്ച് വീതം കുട്ടികളെ തെരഞ്ഞെടുത്ത് അവർക്ക് ഐസർ തിരുവനന്തപുരത്ത് 5 ദിവസത്തെ സംസ്ഥാനതല ക്യാമ്പ് സംഘടിപ്പിച്ചു.

(ബി) ശാസ്ത്രപഥം ജില്ലാതല ക്യാമ്പിൽ ഫിസിക്സ്, കെമിസ്ട്രി, ബോട്ടണി, സുവോളജി, കണക്ക് എന്നീ ശാസ്ത്ര വിഷയങ്ങളാണ് കൈകാര്യം ചെയ്യുന്നത്. ജില്ലാതല ക്യാമ്പിൽ ശാസ്ത്രരംഗത്തെ വിദഗ്ദ്ധർ, പ്രൊഫസർമാർ, ശാസ്ത്രജ്ഞന്മാർ എന്നിവർ ക്ലാസുകൾ നയിച്ചു. സംസ്ഥാനതല 'ശാസ്ത്രപഥം' ക്യാമ്പ് ഐസർ തിരുവനന്തപുരത്തുവച്ച് നടത്തി. ഐ.ഐ.റ്റി. ഇന്ത്യയിലെ വിവിധ യൂണിവേഴ്സിറ്റികളിലെ അദ്ധ്യാപകർ, ശാസ്ത്രജ്ഞന്മാർ ഐ.ഐ.എസ്.റ്റി., ഐ.ഐ.എസ്.ഇ.ആർ. എന്നീ സ്ഥാപനങ്ങളിലെ അദ്ധ്യാപകർ, പ്രസിദ്ധരായ പ്രൊഫസർമാർ എന്നിവർ ക്ലാസുകൾ നയിച്ചു.

(സി) ക്യാമ്പിൽ ശാസ്ത്രാവബോധം, ശാസ്ത്രചരിത്രം, ശാസ്ത്രജ്ഞന്മാരുടെ ജീവിത ചരിത്രം, ശാസ്ത്ര സാങ്കേതിക സ്ഥാപന സന്ദർശനം, വിദ്യാർത്ഥികളുടെ പ്രോജക്ട് അവതരണം, ശാസ്ത്ര രംഗത്തുള്ള പുതിയ നേട്ടങ്ങൾ, ഐ.റ്റി. മേഖലയുടെ ഉപയോഗം, പരീക്ഷണങ്ങളും പ്രവർത്തനങ്ങളും പ്രഭാഷണങ്ങൾ, ശാസ്ത്രത്തിൽ ഉണ്ടാകുന്ന വികാസങ്ങൾ, സമൂഹത്തെ നേരിട്ട് ബാധിക്കുന്ന ശാസ്ത്ര വിഷയങ്ങൾ, ശാസ്ത്രവിജ്ഞാനം എങ്ങനെ സമൂഹവുമായി പങ്കുവയ്ക്കാം, ശാസ്ത്രജ്ഞന്മാരുമായിട്ടുള്ള മുഖാമുഖം എന്നിവയ്ക്ക് ഊന്നൽ നൽകി.

(ഡി) കഴിഞ്ഞവർഷം നടപ്പിലാക്കിയ 'ശാസ്ത്രപഥം' പദ്ധതി ഈ വർഷവും സംഘടിപ്പിക്കുന്നതിനുള്ള നടപടി ആരംഭിച്ചു. ഈ വർഷം സയൻസ് വിദ്യാർത്ഥികൾക്കായി ശാസ്ത്രപഥം പരിപാടി നടപ്പിലാക്കുന്നതോടൊപ്പം ഹ്യൂമാനിറ്റിക്സ്, കൊമേഴ്സ് വിഭാഗം കുട്ടികൾക്കും ഒരു പരിപാടി നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.

**എസ്.എസ്.എൽ.സി. ബുക്കിൽ ഇനിഷ്യലിന്റെ വികസിത രൂപം രേഖപ്പെടുത്താൻ നടപടി**

133 (1205) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. ബുക്കിൽ പേരിന്റെ കൂടെയുള്ള ഇനീഷ്യലിന്റെ വികസിത രൂപം എഴുതുന്നതിനുള്ള കോളമില്ലാത്തത് വിദ്യാർത്ഥികൾക്ക് പ്രയാസം സൃഷ്ടിക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇനീഷ്യലിന്റെ വികസിത രൂപം രേഖപ്പെടുത്തുന്നതിന് നിലവിലുള്ള മാർഗ്ഗമെന്തെന്ന് വ്യക്തമാക്കാമോ;

(സി) ഇക്കാര്യം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇതുമായി ബന്ധപ്പെട്ട പരാതിയൊന്നുംതന്നെ ഇതുവരെ ലഭിച്ചിട്ടില്ലാത്തതിനാൽ ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നിലവിലുള്ള സർട്ടിഫിക്കറ്റിൽ ഇനിഷ്യലിന്റെ വികസിത രൂപം രേഖപ്പെടുത്തുന്നതിന് പ്രത്യേക കോളം ഉൾപ്പെടുത്തിയിട്ടില്ല.

(സി) നിലവിൽ പരിഗണനയിലില്ല.

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

134(1206) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 5 കോടി, 3 കോടി, 1 കോടി എന്നിങ്ങനെ ഭരണാനുമതി നൽകി പണി പൂർത്തീകരിക്കുന്നതിനായി ഏതെല്ലാം എസ്.പി.വി.കളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ആകെ എത്ര സ്കൂളുകൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്നും ഇതിൽ പണി തുടങ്ങുവാൻ കഴിഞ്ഞിട്ടുള്ളത് എത്ര സ്കൂളുകൾക്കാണെന്നും ഇതിനോടകംതന്നെ പണി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളത് എത്ര സ്കൂളുകൾക്കാണെന്നുമുള്ള വിവരങ്ങൾ നൽകുമോ;

(സി) നാളിതുവരെ പണി ആരംഭിക്കുവാൻ കഴിയാത്ത സ്കൂളുകളുടെ വർക്ക് പി.ഡബ്ല്യു.ഡി.യെ ഏൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) 2017-18 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കിഫ്ബി ധനസഹായത്തോടെ അഞ്ച് കോടി രൂപയുടെ പദ്ധതിയിൽ 141 സ്കൂളുകളും 3 കോടി രൂപയുടെ പദ്ധതിയിൽ 96 സ്കൂളുകളുടെ എസ്.പി.വി.ആയി KITE-നെയും 3 കോടി രൂപയുടെ പദ്ധതിയിലുൾപ്പെട്ട 50 സ്കൂളുകളുടെ എസ്.പി.വി. ആയി WAPCOS ഉം,

67 സ്കൂളുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എസ്.പി.വി. ആയി ഇൻകെലിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. 2018-19 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന 166 സ്കൂളുകൾക്ക് 3 കോടി കിഫ്ബി ധനസഹായത്തോടെയുള്ള നിർമ്മാണ പ്രവൃത്തികളുടെ എസ്.പി.വി.ആയി 'ഇൻകെലിനെയും', 500-നും 1000-നും ഇടയിൽ കുട്ടികൾ പഠിക്കുന്ന 446 സ്കൂളുകൾക്കുള്ള 1 കോടി ധനസഹായത്തോടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് എസ്.പി.വി. ആയി കിലയെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ഭരണാനുമതി ലഭിച്ച സ്കൂളുകളുടെ എണ്ണം 141 (5 കോടി) + 220 (3 കോടി) + 166 (3 കോടി) + 446 ( 1 കോടി) = 973.

5 കോടി രൂപ കിഫ്ബി ധനസഹായത്തോടെ 141 സ്കൂളുകളിൽ നിർമ്മാണം ആരംഭിക്കുകയും അതിൽ 21 സ്കൂളുകളിൽ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. 3 കോടി കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് ഭരണാനുമതി ലഭിച്ച 213 സ്കൂളുകളിൽ 70 സ്കൂളുകളുടെ നിർമ്മാണം ആരംഭിക്കുകയും അതിൽ 11 സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു.

(സി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം**

135(1207) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി 3 കോടി രൂപയുടെ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നല്കിയ എറണാകുളം ജില്ലയിലെ സ്കൂളുകൾ ഏതെല്ലാമെന്ന് നിയോജക മണ്ഡലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ; പ്രസ്തുത സ്കൂളുകളിലെ നിർമ്മാണ പ്രവൃത്തികളുടെ നിജസ്ഥിതി എന്തെന്നും വ്യക്തമാക്കാമോ;

(ബി) 2-3-2019-ലെ പൊതുവിദ്യാഭ്യാസ(എം)വകുപ്പിന്റെ 836/2019 നമ്പർ ഉത്തരവുപ്രകാരം ഭരണാനുമതി ലഭിച്ച ചൊവ്വര ഗവ. എച്ച്.എസ്.എസിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന ഏജൻസി ഏതെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 3 കോടി രൂപയുടെ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ എറണാകുളം

ജില്ലയിലെ സ്കൂളുകളുടെ വിവരം ചുവടെ ചേർക്കുന്നു:

| നിയോജകമണ്ഡലം | സ്കൂൾ |
|---|---|
| പെരുമ്പാവൂർ | ജി.എച്ച്.എസ്.എസ്., കല്ലിൽ |
| ആലുവ | ജി.എച്ച്.എസ്., കുട്ടമശ്ശേരി |
| കളമശ്ശേരി | ഗവ.ജെ.ബി.എസ്., കുന്നുകര |
| പറവൂർ | ജി.വി.എച്ച്.എസ്.എസ്., കൈതാരം |
| എറണാകുളം | ജി.ജി.എച്ച്.എസ്.എസ്., എറണാകുളം |
| തൃക്കാക്കര | ജി.എച്ച്.എസ്.എസ് . , വെണ്ണല |
| കുന്നത്തുനാട് | ജി.എച്ച്.എസ്.എസ്., കടയിരുപ്പ് |
| കോതമംഗലം | ജി.എച്ച്.എസ്.എസ് . , പല്ലാരിമംഗലം |

ഒന്നാംഘട്ടം നിർമ്മാണം ആരംഭിച്ച കുന്നുകര ഗവൺമെന്റ് ജെ.ബി.എസ്., ജി.എച്ച്.എസ്.എസ്. കടയിരുപ്പ് എന്നീ സ്കൂളുകളുടെ നിർമ്മാണം പൂർത്തിയാക്കി. കുന്നുകര ജി.വി.എച്ച്.എസ്-ന്റെ ഉദ്ഘാടനം കഴിഞ്ഞു. കൈതാരം ജി.വി.എച്ച്.എസ്.എസ്-ന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

ജി.എച്ച്.എസ്.എസ്. കല്ലിൽ, ജി.എച്ച്.എസ്.കുട്ടമശ്ശേരി, വെണ്ണല ജി.എച്ച്.എസ്.എസ്., ജി.ജി.എച്ച്.എസ്.എസ്. എറണാകുളം എന്നീ സ്കൂളുകളുടെ എസ്.പി.വി. ആയി ഇൻകെലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പല്ലാരിമംഗലം ജി.എച്ച്.എസ്.എസ്-ന്റെ നിർമ്മാണത്തിലുള്ള എസ്.പി.വി.ആയി WAPCOS-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തുടർനടപടി സ്വീകരിച്ചുവരുന്നു.

(ബി) 2-3-2019-ലെ പൊതുവിദ്യാഭ്യാസ (എം) വകുപ്പിന്റെ 836/2019 നമ്പർ ഉത്തരവുപ്രകാരം ഭരണാനുമതി ലഭിച്ച ചൊവ്വര ഗവൺമെന്റ് എച്ച്.എസ്.എസ്-ന്റെ നിർമ്മാണപ്രവൃത്തികൾക്കായി കിഫ്ബി മുഖേന മൂന്ന് കോടി രൂപ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ കൈറ്റ്, കിറ്റ്കോ എന്നിവരെ ചുമതലപ്പെടുത്തി ഉത്തരവ് നൽകിയിട്ടുണ്ട്. പ്രസ്തുത സ്കൂൾ 18-6-2019-ലെ 1 കോടി രൂപ അനുവദിച്ച ഉത്തരവിലും ഉൾപ്പെട്ടിട്ടുണ്ട്. ആയതിന്റെ എസ്.പി.വി.ആയി കിലയെയാണ് ചുമതലപ്പെടുത്തിയത്.

## പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനങ്ങൾ

136(1208) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി ചാലക്കുടി മണ്ഡലത്തിലെ ഏതെല്ലാം വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനങ്ങൾക്കാണ് നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) അന്താരാഷ്ട്ര നിലവാരമുള്ള ഹൈസ്കൂളായി ഉയർത്തുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ള ചാലക്കുടി ജി.വി.എച്ച്.എസ്.എസ്. കോമ്പൗണ്ടിൽ പ്രവർത്തിച്ചുവരുന്ന എൽ.പി. വിഭാഗം, വി.എച്ച്.എസ്.സി. വിഭാഗം, ടി.ടി.ഐ. വിഭാഗങ്ങൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി ചാലക്കുടി മണ്ഡലത്തിലെ ചുവടെപ്പറയുന്ന വിദ്യാലയങ്ങളെ അടിസ്ഥാന സൗകര്യ വികസനത്തിനായി തെരഞ്ഞെടുത്തിട്ടുണ്ട്.

1. കിഫ്ബിയുടെ 5 കോടി രൂപ ധനസഹായത്തിലുൾപ്പെടുത്തി അടിസ്ഥാന സൗകര്യ വികസനത്തിനായി ചാലക്കുടി ഗവൺമെന്റ് വി.എച്ച്.എസ്.എസ്-നെ തെരഞ്ഞെടുത്തിട്ടുണ്ട്. നിർമ്മാണം പുരോഗമിച്ചുവരുന്നു.

2. കിഫ്ബിയുടെ 1 കോടി രൂപ ധനസഹായത്തിലുൾപ്പെടുത്തി അടിസ്ഥാന സൗകര്യ വികസനത്തിനായി ജി.എച്ച്.എസ്.എസ്., ചായ്പ്പാൻകുഴി, ജി.എച്ച്.എസ്.എസ്., കൊടകര എന്നീ സ്കൂളുകൾക്ക് ഭരണാനുമതി നൽകുകയും നിർമ്മാണത്തിനുള്ള എസ്.പി.വി.യായി കിലയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) ചാലക്കുടി ജി.വി.എച്ച്.എസ്.എസ്-ന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പ്ലാൻഫണ്ടിൽ ഉൾപ്പെടുത്തി 2018-19 വർഷം 1 കോടി രൂപ അനുവദിച്ചിരുന്നു. പ്രസ്തുത നിർമ്മാണപ്രവർത്തനങ്ങൾ പി.ഡബ്ല്യു.ഡി. മുഖാന്തരം പുരോഗമിച്ചുവരുന്നു.

**മണലൂർ മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതി**

137(1209) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിൽ ഏതെല്ലാം സ്കൂളുകളിലാണ് കെട്ടിട നിർമ്മാണം പുരോഗമിക്കുന്നത് എന്നറിയിക്കാമോ; നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകാമോ;

(ബി) മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിലെ കെട്ടിട നിർമ്മാണം കരാറുകാരന്റെ വീഴ്ചമൂലം നിലച്ചതിനാൽ കരാറുകാരനെ മാറ്റി കെട്ടിടനിർമ്മാണം പുനരാരംഭിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിപ്രകാരം മണലൂർ മണ്ഡലത്തിൽ മൂന്ന് സ്കൂളുകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്.

1. മുല്ലശ്ശേരി ഗവൺമെന്റ് എച്ച്.എസ്.എസ്.-5 കോടി രൂപ
2. പി.ജെ.എം.എസ്.ജി.എച്ച്.എസ്.എസ്. കണ്ടശൻകടവ് - 1 കോടി രൂപ
3. ഗവൺമെന്റ് എച്ച്.എസ്.എസ്. വാടാനപ്പള്ളി - 1 കോടി രൂപ

ഇതിൽ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന പദ്ധതിയിലുൾപ്പെട്ട മുല്ലശ്ശേരി ഗവൺമെന്റ് എച്ച്.എസ്.എസ്-ന്റെ അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. മറ്റ് രണ്ട് സ്കൂളുകളുടെയും ഡി.പി.ആർ. 'കില' തയ്യാറാക്കിവരുന്നു.

(ബി) കെട്ടിടനിർമ്മാണം താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. കരാർചുമതലയുള്ള ശ്രീശൈലം ഗ്രൂപ്പ് കരാർപ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്താതിരിക്കുകയും കാലതാമസം ഉണ്ടാക്കുകയും ചെയ്തതിനാൽ പ്രസ്തുത കരാറുകാരന്റെ കോൺട്രാക്ട് നിർത്തിവച്ചിരിക്കുകയാണ്. ബാക്കി പ്രവൃത്തികൾക്ക് ദർഘാസ് ക്ഷണിക്കാൻ കൈറ്റ് നടപടി ആരംഭിച്ചിട്ടുണ്ട്. എത്രയും പെട്ടെന്ന് നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാനുള്ള ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്.

## പരവൂർ, ചിറക്കര സ്കൂളുകളുടെ പ്രവൃത്തി

138(1210) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി തയ്യാറാക്കിയ രണ്ടാമത്തെ പൊതുവിദ്യാഭ്യാസ സ്കീമിൽ ഉൾപ്പെട്ടിട്ടുള്ള പരവൂർ ജി.എച്ച്.എസ്.എസ്.ന്റെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ച് എസ്.പി.വി.യായി ഇൻകെലിനെ ചുമതലപ്പെടുത്തിയിട്ടും നാളിതുവരെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്താക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് തടസ്സങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ടോ എന്നും അവ എന്തെന്നും വിശദമാക്കാമോ;

(സി) ചാത്തന്നൂർ മണ്ഡലത്തിൽ പ്രസ്തുത സ്കീമിൽ ഉൾപ്പെട്ടിട്ടുള്ള ചിറക്കര ജി.എച്ച്.എസ്.ന്റെ ഡി.പി.ആർ. ഇതിനകം കിറ്റ്കോ കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ വിദ്യാലയങ്ങൾക്ക് പുതിയ കെട്ടിടങ്ങൾ

139(1211) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ഏതെല്ലാം വിദ്യാലയങ്ങൾക്കാണ് ഈ സർക്കാരിന്റെ കാലത്ത് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി ലഭിച്ചതെന്നും അവയുടെ നിർമ്മാണ പുരോഗതിയും ഉൾപ്പെടുന്ന വിശദമായ ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിൽ ഉൾപ്പെടുത്തി മൂന്ന് കോടി രൂപയുടെയും 1 കോടി രൂപയുടെയും ഭരണാനുമതി ലഭിച്ചിട്ടുള്ള പ്രസ്തുത മണ്ഡലത്തിലെ വിദ്യാലയങ്ങളുടെ നിർമ്മാണ പ്രവൃത്തി നടത്തുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്നും ആയതിന്റെ നിർമ്മാണ പുരോഗതി എവിടെവരെയായെന്നും വിശദീകരിക്കുമോ;

(സി) അടുത്ത അധ്യയന വർഷത്തിന് മുമ്പായി എല്ലാ നിർമ്മാണ പ്രവർത്തികളും പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ & ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(സി) നിർമ്മാണപ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കാൻ നിർവ്വഹണ ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം**

140(1212) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 3 കോടി രൂപ വീതം നൽകുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയുടെ നിർവ്വഹണ ചുമതല നൽകിയിട്ടുള്ളത് ഏത് ഏജൻസിക്കാണ്; എത്ര സ്കൂളുകൾക്ക് ഇതിനോടകം തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഈ ഉത്തരവിൽ ഉൾപ്പെട്ടിട്ടുള്ള എത്ര സ്കൂളുകളുടെ കെട്ടിടനിർമ്മാണം ആരംഭിച്ചിട്ടുണ്ട്; നിർമ്മാണം വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ; അടുത്ത അക്കാദമിക് വർഷം ആരംഭിക്കുന്നതിനുമുൻപ് കെട്ടിടനിർമ്മാണം ആരംഭിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 2017-18 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 3 കോടി കിഫ്ബി ധനസഹായത്തോടെ നിർമ്മാണപ്രവർത്തനം നടത്തുന്നതിന് ഭരണാനുമതി നൽകിയ 213 സ്കൂളുകളിൽ 70 സ്കൂളുകളുടെ നിർമ്മാണം ആരംഭിക്കുകയും അതിൽ 11 സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. 115 സ്കൂളുകൾക്ക് കിഫ്ബിയുടെ അനുമതി ലഭ്യമാകുകയും 28 സ്കൂളുകളുടെ ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു. 67 സ്കൂളുകളുടെ നിർമ്മാണ ചുമതല എസ്.പി.വി. ആയ ഇൻകലിന് നൽകിയിട്ടുള്ളതിൽ, കിഫ്ബി അംഗീകാരം ലഭ്യമായ 39 സ്കൂളുകളിൽ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

37 സ്കൂളുകളുടെ ടെണ്ടർ നടപടി സ്വീകരിച്ചിട്ടുണ്ട്. 50 സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തനങ്ങളുടെ എസ്.പി.വി.ആയി വാപ്കോസിനെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. ഇതിൽ 36 എണ്ണത്തിന്റെ ടെണ്ടർ നടപടി സ്വീകരിച്ചു. 14 എണ്ണം റീടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

2018-19 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ കിഫ്ബി ധനസഹായത്തോടെ 3 കോടി രൂപ വീതം നൽകുന്ന പദ്ധതിയിൽ 166 സ്കൂളുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സ്കൂളുകളുടെ നിർമ്മാണത്തിനുള്ള എസ്.പി.വി. ആയി ഇൻകലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഡി.പി.ആർ.-ന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്കൂളുകൾക്ക് തുക അനുവദിക്കുന്നത് കിഫ്ബിയാണ്. ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു*.

(സി) 2017-18-ൽ അനുവദിച്ച സ്കൂളുകളിൽ 96 സ്കൂളുകളുടെ നിർമ്മാണം ആരംഭിച്ചു. ഇതിൽ 11 സ്കൂളുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. മറ്റ് സ്കൂളുകളുടെ നിർമ്മാണം എത്രയുംവേഗം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സമയബന്ധിതമായി കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിനായിട്ടാണ് വിവിധ ഏജൻസികളെ എസ്.പി.വി.യായി ചുമതലപ്പെടുത്തി സമാന്തരമായി നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത്.

**പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം**

141(1213) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അനുവദിച്ചിട്ടുള്ള സ്കൂളുകളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത സ്കൂളുകളുടെ നിർമ്മാണം ഏതെല്ലാം ഏജൻസികൾക്കാണ് (എസ്.പി.വി.) നൽകിയിട്ടുള്ളത്; ഇവയുടെ പുരോഗതി വിവരം ലഭ്യമാക്കുമോ;

(സി) നാളിതുവരെ ഇതിൽ ഭൂരിപക്ഷം സ്കൂളുകളുടെയും നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടില്ലെന്നുള്ള വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നൽകുമോ;

(ഡി) 2020 ഡിസംബർ 31-നുമുൻപെങ്കിലും പ്രസ്തുത സ്കൂളുകളുടെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) കോങ്ങാട് മണ്ഡലത്തിൽ അഞ്ചുകോടി, മൂന്ന കോടി, ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയ സ്കൂളുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | ജി.എച്ച്.എസ്.എസ്., പത്തിരിപ്പാല | 5 കോടി |
| 2 | ജി.എച്ച്.എസ്., മങ്കര | 3 കോടി |
| 3 | ജി.എച്ച്.എസ്.എസ്., കാരക്കുറിശ്ശി | 3 കോടി |
| 4 | ജി.എച്ച്.എസ്., കരിമ്പ | 3 കോടി |
| 5 | ജി.എച്ച്.എസ്.എസ്., പൊട്ടശ്ശേരി | 3 കോടി |
| 6 | ജി.യു.പി.എസ്., കോങ്ങാട് | 3 കോടി |
| 7 | ജി.യു.പി.എസ്., കരിമ്പ | 1 കോടി |
| 8 | ജി.യു.പി.എസ്.,ഇടത്തറ | 1 കോടി |

(ബി) ജി.എച്ച്.എസ്.എസ്., പത്തിരിപ്പാല സ്കൂളിന്റെ നിർമ്മാണം കൈറ്റ് മുഖാന്തരം നടന്നുകൊണ്ടിരിക്കുന്നു. നാല്പത് ശതമാനത്തിലധികം വർക്ക് പൂർത്തിയായിട്ടുണ്ട്.

ജി.എച്ച്.എസ്., മങ്കര, ജി.യു.പി.എസ്.കരിമ്പ, ജി.എച്ച്.എസ്.എസ്., പൊട്ടശ്ശേരി, ജി.യു.പി.എസ്., കോങ്ങാട് എന്നീ സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനത്തിനുള്ള എസ്.പി.വി. ആയി ഇൻകലിനെ നിയമിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ജി.എച്ച്.എസ്.എസ്. കാരക്കുറിശ്ശിയുടെ നിർമ്മാണത്തിനുള്ള എസ്.പി.വി. ആയി വാപ്കോസ് എന്ന ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ജി.യു.പി.എസ്., കരിമ്പ, ജി.യു.പി.എസ്., ഇടത്തറ എന്നീ സ്കൂളുകളുടെ എസ്.പി.വി. ആയി കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) ഉണ്ട്. 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ കിഫ്ബി ധനസഹായത്തോടെ 3 കോടി രൂപയുടെ നിർമ്മാണപ്രവർത്തനങ്ങളുടെ എസ്.പി.വി. ആയി കൈറ്റിനെയാണ് ചുമതലപ്പെടുത്തിയിരുന്നത്. എന്നാൽ 'കൈറ്റ്' നിലവിൽ ചെയ്തുകൊണ്ടിരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ വൈപുല്യവും തൽസ്ഥിതിയും നേരിടുന്ന തടസ്സങ്ങളും ഉൾപ്പെടെ ചൂണ്ടിക്കാട്ടി കുറച്ച് സ്കൂളുകളുടെ

എസ്.പി.വി.-യെ മാറ്റണമെന്നാവശ്യപ്പെട്ട് കൈറ്റ് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ 117 സ്കൂളുകളുടെ എസ്.പി.വി.യെ മാറ്റി നിയമിച്ചതിനാൽ നിർമ്മാണപ്രവർത്തനങ്ങളിൽ മന്ദഗതി നേരിട്ടിട്ടുണ്ട്. ആയതിൽ കോങ്ങാട് മണ്ഡലത്തിലെ സ്കൂളും ഉൾപ്പെട്ടിട്ടുണ്ട്.

(ഇ) സമയബന്ധിതമായി കെട്ടിടനിർമ്മാണം പൂർത്തീകരിക്കുന്നതിനായാണ് വിവിധ ഏജൻസികളെ എസ്.പി.വി. ആയി ചുമതലപ്പെടുത്തി സമാന്തരമായി നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളത്.

**പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായുള്ള അടിസ്ഥാന സൗകര്യവികസനം**

142(1214) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽപ്പെടുന്ന വാക്കനാട് ജി.എച്ച്.എസ്.എസ്., മുട്ടറ വി.എച്ച്.എസ്.എസ്. എന്നീ സ്കൂളുകളിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള അടിസ്ഥാന സൗകര്യവികസനത്തിന് എത്ര തുക ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നു; വ്യക്തമാക്കുമോ;

(ബി) എന്നാണ് ഭരണാനുമതി ഉത്തരവ് നൽകിയത്;

(സി) പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണചുമതല ആർക്കാണെന്നും ആയതിന്റെ പുരോഗതി എന്താണെന്നും വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) കൊട്ടാരക്കര നിയോജമണ്ഡലത്തിൽപ്പെടുന്ന വാക്കനാട് ജി.എച്ച്.എസ്.എസ്.-ന് 3,54,55,871 രൂപയുടെയും മുട്ടറ വി.എച്ച്.എസ്.എസ്.-ന് 3,15,78,915 രൂപയുടെയും ഭരണാനുമതി നൽകിയിരുന്നു.

(ബി) 24-12-2018-ലാണ് ഭരണാനുമതി ഉത്തരവ് നൽകിയത്.

(സി) 1-8-2019-ൽ പ്രസ്തുത സ്കൂളുകളുടെ നിർമ്മാണച്ചുമതലയുടെ എസ്.പി.വി. ആയി ഇൻകലിനെ നിയമിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്. തുടർനടപടി സ്വീകരിച്ചുവരുന്നു.

**പൊതുവിദ്യാഭ്യാസ ശാക്തീകരണ യജ്ഞം**

143(1215) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ ശാക്തീകരണ യജ്ഞത്തിന്റെ ഭാഗമായി പ്രഖ്യാപിച്ച 5 കോടി, 3 കോടി, 1 കോടി പദ്ധതികളിൽ ഉൾപ്പെട്ട മിക്ക വിദ്യാലയങ്ങളിലും ഇതുവരെ ഒരു പ്രവൃത്തിയും ആരംഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂളുകളിൽ എത്രയുംവേഗം പ്രവൃത്തി ആരംഭിക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) പ്രഖ്യാപിച്ച മൂന്ന് പദ്ധതികളിലായി കൊണ്ടോട്ടി മണ്ഡലത്തിൽനിന്ന് 12 സ്കൂളുകൾ ഉൾപ്പെട്ടിട്ടും അതിൽ ഒരിടത്ത് മാത്രമാണ് പ്രവൃത്തി ആരംഭിച്ചതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ബാക്കിയുള്ള സ്ഥലങ്ങളിൽ പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഇ) കൊണ്ടോട്ടി മണ്ഡലത്തിലെ പ്രസ്തുത സ്കൂളുകളിൽ നടപടിക്രമം പൂർത്തീകരിച്ച് പ്രവൃത്തി എന്ന് തുടങ്ങാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 2017-18 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കിഫ്ബി ധനസഹായത്തോടെ 5 കോടിരൂപയുടെ പദ്ധതിയിൽ 141 സ്കൂളുകളും 3 കോടി രൂപയുടെ പദ്ധതിയിൽ 96 സ്കൂളുകളുടെ എസ്.പി.വി. ആയി കൈറ്റിനെയും 3 കോടി രൂപയുടെ പദ്ധതിയിൽ ഉൾപ്പെട്ട 50 സ്കൂളുകളുടെ എസ്.പി.വി. ആയി വാപ്കോസും 67 സ്കൂളുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എസ്.പി.വി. ആയി ഇൻകലിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. 2018-19 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന 166 സ്കൂളുകൾക്ക് 3 കോടി രൂപ കിഫ്ബി ധനസഹായത്തോടെയുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ എസ്.പി.വി.ആയി ഇൻകലിനെയും 500-നും 1000-ത്തിനുമിടയിൽ കുട്ടികൾ പഠിക്കുന്ന 446 സ്കൂളുകൾക്കുള്ള 1 കോടി രൂപ ധനസഹായത്തോടെയുള്ള നിർമ്മാണപ്രവർത്തനങ്ങൾക്ക് എസ്.പി.വി. ആയി കിലയെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി-ഇ) ഉണ്ട്. മറ്റ് 11 സ്കൂളുകളുടെ നിർമ്മാണം സമാന്തരമായി നടക്കുന്നതിനായി വിവിധ ഏജൻസികളെ എസ്.പി.വി. ആയി ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഒന്നാം ഘട്ടം അനുവദിച്ച 3 കോടി രൂപയിൽ ഉൾപ്പെട്ട 3 സ്കൂളുകളുടെ നിർമ്മാണത്തിനുള്ള എസ്.പി.വി. ആയി വാപ്കോസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിൽ രണ്ടാം ഘട്ടത്തിലനുവദിച്ച 3 കോടി രൂപയിൽ ഉൾപ്പെട്ട 3 സ്കൂളുകളുടെ നിർമ്മാണത്തിനുള്ള എസ്.പി.വി.യായി ഇൻകെലിനെ ചുമതലപ്പെടുത്തി. 1 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെട്ട 5 സ്കൂളുകളുടെ നിർമ്മാണത്തിനുള്ള എസ്.പി.വി. ആയി കിലയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു.

നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ എല്ലാ ഏജൻസികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം**

144(1216) ശ്രീ. എം. സ്വരാജ്:

ശ്രീ. ആർ. രാജേഷ്:

ശ്രീ. സി. കെ. ശശീന്ദ്രൻ:

ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളുടെ ഭൗതിക സാഹചര്യം വികസിപ്പിക്കുന്നതോടൊപ്പം പഠന-ബോധന നിലവാരം ഉയർത്തുന്നതിന് ലക്ഷ്യമിട്ടിരുന്നോ; ഇക്കാര്യത്തിൽ കൈവരിച്ച നേട്ടം അറിയിക്കാമോ;

(ബി) സാമൂഹ്യബോധവും യുക്തിചിന്തയും ഉണർത്തുന്ന തരത്തിലും ഓരോരുത്തർക്കുമുള്ള വ്യത്യസ്തശേഷി വളർത്തുന്നതിലേയ്ക്കും ഒരാളും പാർശ്വവൽക്കരിക്കപ്പെടാതെയും വിദ്യാഭ്യാസ പ്രവർത്തനം ഉയർത്താൻ നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ;

(സി) ടാലന്റ് ലാബ് പരിപാടി പ്രാവർത്തികമായിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) കുട്ടികൾക്ക് ശാരീരികമായും മാനസികമായും ക്ഷതമേൽപ്പിക്കുന്ന ശിക്ഷാ നടപടികൾ സർക്കാർ ഉത്തരവ് പ്രകാരം വിലക്കിയിട്ടുണ്ടെങ്കിലും മികച്ച റിസൾട്ട് സൃഷ്ടിക്കുന്നതിനും അച്ചടക്കം കൈവരിക്കുന്നതിനും എന്ന പേരിൽ മിക്ക സ്വകാര്യ സ്കൂളുകളും പ്രത്യേകിച്ച് അൺ എയ്ഡഡ് സ്കൂളുകൾ പ്രാകൃത ശിക്ഷാ രീതികൾ തുടരുന്ന കാര്യം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; ഇത് അവസാനിപ്പിക്കാൻ ശക്തമായ നടപടിയെടുക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭൗതികസാഹചര്യം വികസിപ്പിക്കുന്നതോടൊപ്പം സ്കൂളുകളിലെ പഠന-ബോധന നിലവാരവും ഉയർത്തുന്നതിന് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഒട്ടേറെ കർമ്മ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പഠനം വിവരസാങ്കേതിക വിദ്യയിലധിഷ്ഠിതമാക്കുന്നതിന് 'സമഗ്ര' എന്ന പ്രത്യേക വെബ്പോർട്ടൽ വികസിപ്പിച്ച് ഡിജിറ്റൽ വിഭവങ്ങൾ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. ഇത് പഠനം കൂടുതൽ ഫലപ്രദമാക്കാൻ സഹായകമാണ്. കൂടാതെ പാഠപുസ്തകങ്ങളിൽ ക്യൂ.ആർ.കോഡ് ഉൾച്ചേർത്ത് പാഠഭാഗങ്ങളെ ഡിജിറ്റൽ വിഭവങ്ങളുമായി ബന്ധിപ്പിച്ചിട്ടുണ്ട്. ഇത് സ്വയം പഠനത്തെയും പ്രോത്സാഹിപ്പിക്കുന്നു. 8, 9, 10 ക്ലാസുകളിലെ പാഠപുസ്തകങ്ങൾ നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്കിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നൈപുണികളുമായി ഉദ്ഗ്രഥിച്ച് ഉൾച്ചേർത്തിട്ടുണ്ട്. കൂടാതെ പഠന പരിപോഷണ പരിപാടികളായ ശ്രമാറ്റ്സ്, സ്റ്റെപ്സ്, മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, സുരീലീഹിന്ദി തുടങ്ങിയ പ്രത്യേക പരിപാടികൾ, പഠനബോധന നിലവാരം ലക്ഷ്യമാക്കി രൂപീകരിച്ചിട്ടുള്ളതാണ്.

ഡിജിറ്റൽ വിഭവങ്ങളും ആധുനിക വിവരവിനിമയ സാങ്കേതികവിദ്യയുടെ പ്രയോജനം പഠന-ബോധന പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള 'സമഗ്ര' ഡിജിറ്റൽ വിഭവ പോർട്ടൽ, ലിറ്റിൽ കൈറ്റ്, ഐ.ടി. ക്ലബ്ബുകൾ, പ്രത്യേക പരിശീലനം അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും തുടങ്ങിയ പ്രവർത്തനങ്ങളും നടപ്പിലാക്കുന്നുണ്ട്.

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സ്കൂൾ തലത്തിൽ തയ്യാറാക്കിയിട്ടുള്ള അക്കാദമിക മാസ്റ്റർപ്ലാനുകൾ, പ്രവർത്തന പദ്ധതികൾ എന്നിവ വ്യത്യസ്തങ്ങളായ ശേഷികളെ വികസിപ്പിക്കുന്നതിനും പാർശ്വവത്കരണം തടയുന്നതിനും ലക്ഷ്യമിടുന്നു. ഇതിനനുസൃതമായി അദ്ധ്യാപക പരിശീലന പരിപാടികളും നടന്നുവരുന്നു.

പൊതുവിദ്യാഭ്യാസ മേഖലയിൽ പഠിക്കുന്ന എല്ലാ സ്കൂൾ കുട്ടികൾക്കും ഹൈടെക് സംവിധാനങ്ങളുടെ പ്രയോജനം ഉറപ്പുവരുത്തുന്നതിന് ഒന്നുമുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളുള്ള എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലേയ്ക്കും ഹൈടെക് ഉപകരണങ്ങൾ ലഭ്യമാക്കുകയും ഡിജിറ്റൽ വിഭവങ്ങൾ, പ്രത്യേക പരിശീലനം തുടങ്ങിയവ ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. ഒരു ക്ലാസിൽ ശരാശരി 7 കുട്ടികളിൽ കുറവുള്ള 1359 സ്കൂളുകൾ ഹൈടെക് ലാബ് പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഉൾപ്പെട്ടിരുന്നില്ല. എന്നാൽ എല്ലാ കുട്ടികൾക്കും ഹൈടെക് സംവിധാനങ്ങളുടെ പ്രയോജനം ഉറപ്പുവരുത്തുന്നതിനായി പ്രസ്തുത സ്കൂളുകൾക്കും ഹൈടെക് ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് സംവിധാനം ഒരുക്കിയിട്ടുണ്ട്.

(സി) ഉണ്ട്. ടാലന്റ് ലാബ് പദ്ധതിക്ക് സഹായകമായ ഒരു കൈപുസ്തകം തയ്യാറാക്കി സ്കൂളുകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ മികച്ച ടാലന്റ് ലാബ് പ്രവർത്തനങ്ങൾ നടക്കുന്ന സ്കൂളുകളുടെ പ്രവർത്തനങ്ങൾ തെളിവുകൾ സഹിതം കഴിഞ്ഞവർഷത്തെ അദ്ധ്യാപക പരിശീലനത്തിൽ അദ്ധ്യാപകരെ പരിചയപ്പെടുത്തിയിരുന്നു. കലാകായിക അക്കാദമിക മേഖലയിലുള്ള കുട്ടികളുടെ വ്യത്യസ്തമായ കഴിവുകൾ കണ്ടെത്തി അവ പ്രോത്സാഹിപ്പിക്കാൻവേണ്ടിയുള്ള പ്രവർത്തനങ്ങളാണ് ടാലന്റ് ലാബ് പദ്ധതിവഴി നടപ്പിലാക്കുന്നത്. അദ്ധ്യാപകരുടെയും വ്യത്യസ്ത മേഖലകളിൽ പ്രാവീണ്യം നേടിയിട്ടുള്ള പൂർവ്വ വിദ്യാർത്ഥികളുടെയും കലാകായിക മേഖലകളിൽ മികവ് തെളിയിച്ചിട്ടുള്ള വിദഗ്ദ്ധരുടെയും സഹായത്തോടുകൂടിയാണ് വിദ്യാലയങ്ങളിൽ ഈ പദ്ധതി പ്രവർത്തനക്ഷമമാക്കിയത്. അവധി ദിവസങ്ങളിലും വെക്കേഷൻ കാലത്തും ക്യാമ്പുകൾ നടത്തിയാണ് ഈ പരിപാടി നടപ്പിലാക്കിയത്.

(ഡി) സർക്കാർ അംഗീകൃത സ്കൂളുകളിൽ ഇത്തരം ശിക്ഷാരീതികൾ നടപ്പാക്കുന്നതായി പരാതികളുണ്ടായിട്ടില്ല.

**പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി**

145(1217) ശ്രീ. അനൂപ് ജേക്കബ് :

ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) അഞ്ച് കോടി രൂപ ചെലവ് വരുന്ന പദ്ധതിയുടെ കീഴിൽ ഇതിനകം എത്ര സ്കൂളുകൾ പൂർത്തിയാക്കിയെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൽ മൂന്ന് കോടി രൂപ, രണ്ട് കോടി രൂപ എന്നിങ്ങനെ ചെലവ് വരുന്ന വിഭാഗങ്ങളിൽ എത്ര സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഏറ്റെടുത്തിട്ടുള്ളതെന്നും അതിൽ എത്ര സ്കൂളുകളുടെ നിർമ്മാണം പൂർത്തിയാക്കിയെന്നും അറിയിക്കാമോ;

(ഡി) നിർമ്മാണം സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ കരാറുകാരുടെ ഭാഗത്ത് വീഴ്ച ഉണ്ടാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയിൽ കരാറുകാരുടെ വീഴ്ചമൂലം പാതിവഴിയിൽ ഉപേക്ഷിച്ച പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ഏർപ്പെടുത്തിയ സംവിധാനം എന്താണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഒരു നിയോജകമണ്ഡലത്തിലെ ഒരു സ്കൂൾ വീതം തെരഞ്ഞെടുത്ത് മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 5 കോടി രൂപ കിഫ്ബി ധനസഹായത്തോടെ 141 സ്കൂളുകളിൽ നിർമ്മാണം ആരംഭിക്കുകയും അതിൽ 21 സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു.

(സി) ആദ്യഘട്ടത്തിൽ മൂന്ന് കോടി രൂപ പദ്ധതിയിൽ ഉൾപ്പെടുത്തിയ 213 സ്കൂളുകളിലെ 70 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചു. 2018-19 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന സ്കൂളുകൾക്ക് 3 കോടി രൂപ കിഫ്ബി ധനസഹായ പദ്ധതിയും 500-നും 1000-നും ഇടയിൽ കുട്ടികൾ പഠിക്കുന്ന സ്കൂളുകൾക്ക് ഒരു കോടി രൂപ കിഫ്ബി ധനസഹായ പദ്ധതിയുമാണ് നടപ്പിലാക്കുന്നത്. ആയതിൽ 3 കോടി രൂപ പദ്ധതിയിൽ 166 സ്കൂളുകളെ തെരഞ്ഞെടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള എസ്.പി.വി. ആയി ഇൻകലിനെയും ഒരു കോടി രൂപ പദ്ധതിയിൽ 446 സ്കൂളുകളെ തെരഞ്ഞെടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള എസ്.പി.വി. ആയി കിലയെയും സർക്കാർ നിയമിച്ചിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി&ഇ) ഉണ്ട്. തൃശ്ശൂർ ജില്ലയിലെ 4 സ്കൂളുകളുടെ കരാർ ഏറ്റെടുത്തിരുന്ന ശ്രീശൈലം ഏജൻസി സമയബന്ധിതമായി നിർമ്മാണം നടത്താത്തതിനെത്തുടർന്ന് കരാർ റദ്ദാക്കിക്കൊണ്ട് ഉത്തരവ് നൽകിയിട്ടുണ്ട്.

കരാർ റദ്ദാക്കിയ സ്കൂളുകളുടെ നിർമ്മാണം പരിശോധിച്ച് തുടർനിർമ്മാണത്തിനുള്ള ടെണ്ടർ നൽകുന്നതിനായി കൈറ്റ് മുഖാന്തരം നടപടി സ്വീകരിച്ചുവരുന്നു.

## പൊതുവിദ്യാലയങ്ങളുടെ അക്കാദമിക മികവ്

146(1218) ശ്രീ. എം. സ്വരാജ്:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളുടെ അക്കാദമിക മികവ് മെച്ചപ്പെടുത്തുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ ഉണ്ടായതുപോലെ പൊതുവിദ്യാലയങ്ങളിൽ പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണത്തിൽ തുടർന്നും വർദ്ധനവ് വരുത്തുന്നതിന് എന്തെല്ലാം ഊർജ്ജിത നടപടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) പൊതുവിദ്യാഭ്യാസ മേഖലയിൽ മികച്ച അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി ഒരു നിയോജകമണ്ഡലത്തിലെ ഒരു സ്കൂൾ വീതം തെരഞ്ഞെടുത്ത് മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയിലുൾപ്പെടുത്തി 5 കോടി രൂപ കിഫ്ബി ധനസഹായത്തോടെ 141 സ്കൂളുകളിൽ നിർമ്മാണം ആരംഭിക്കുകയും അതിൽ 21 സ്കൂളുകളിൽ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു.

2017-18 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 3 കോടി രൂപ കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് ഭരണാനുമതി നൽകിയ 213 സ്കൂളുകളിൽ 70 സ്കൂളുകളുടെ നിർമ്മാണം ആരംഭിക്കുകയും അതിൽ 11 സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. 115 സ്കൂളുകൾക്ക് കിഫ്ബിയുടെ അനുമതി ലഭ്യമാകുകയും 28 സ്കൂളുകളുടെ ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു. 67 സ്കൂളുകളുടെ നിർമ്മാണ ചുമതല എസ്.പി.വി. ആയ ഇൻകലിന് നൽകിയിട്ടുള്ളതിൽ കിഫ്ബി അംഗീകാരം ലഭ്യമായ 39 സ്കൂളുകളിൽ 37 സ്കൂളുകളുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

50 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ എസ്.പി.വി.യായി വാപ്കോസിനെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. ഇതിൽ 36 എണ്ണത്തിന്റെ ടെണ്ടർ നടപടി സ്വീകരിച്ചു. 14 എണ്ണം റീടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

2018-19 വർഷം 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന 166 സ്കൂളുകൾക്ക് 3 കോടി രൂപ കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണച്ചുമതല എസ്.പി.വി. ആയ ഇൻകലിനെ ഏൽപ്പിച്ചിട്ടുണ്ട്. 500-നും 1000-ത്തിനുമിടയിൽ കുട്ടികൾ പഠിക്കുന്ന 446 സ്കൂളുകൾക്ക് ഒരു കോടി രൂപ കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്.

45000 ഹൈസ്കൂൾ ഹയർ സെക്കണ്ടറി ക്ലാസ് മുറികൾ ഹൈടെക് സംവിധാനമുള്ളവയായി. എൽ.പി., യു.പി. സ്കൂളുകളും ഹൈടെക് സ്കൂളുകളായി മാറിവരുന്നു. ലൈബ്രറികൾ, ക്ലാസ് ലൈബ്രറികൾ, ലബോറട്ടറികൾ, ശുചിമുറികൾ, ശൗചാലയങ്ങൾ, പുതിയ കെട്ടിടങ്ങൾ, ക്ലാസ് മുറികൾ, ചുറ്റുമതിൽ, സ്കൂളുകൾ ആകർഷമാക്കൽ, പാചകപ്പുര (അടുക്കള) നവീകരണം, കളിസ്ഥലങ്ങളുടെ മെച്ചപ്പെടുത്തൽ, സ്മാർട്ട് ക്ലാസ് മുറികൾ, ഫർണിച്ചർ, ലാംഗ്വേജ് ലാബുകൾ, റാമ്പ് & റെയിൽ സംവിധാനം, ഭിന്നശേഷി സൗഹൃദ ശുചിമുറികൾ, ഐ.സി.റ്റി. ഉപകരണങ്ങൾ, ലബോറട്ടറി ഉപകരണങ്ങൾ, ലൈബ്രറി പുസ്തകങ്ങൾ എന്നീ സംവിധാനങ്ങളുൾപ്പെടെ നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളുടെ അക്കാദമിക മികവ് മെച്ചപ്പെടുത്താൻ വളരെയധികം പദ്ധതികൾ നടപ്പിലാക്കിവരുന്നു. കുട്ടികളുടെ ഭാഷയിലും ഗണിതത്തിലും ശാസ്ത്രത്തിലും സാമൂഹ്യശാസ്ത്രത്തിലുമുള്ള അക്കാദമിക മികവ് മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കുന്ന പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. എല്ലാ സ്കൂളുകളിലും അക്കാദമിക മാസ്റ്റർപ്ലാൻ ആക്ഷൻ പ്ലാൻ.
2. ഭാഷാ വികസനത്തിനായി മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, സുരീലി ഹിന്ദി
3. പഠന പിന്നോക്കാവസ്ഥ അഭിമുഖീകരിക്കാൻ 'ശ്രദ്ധ പദ്ധതി'
4. ശാസ്ത്രപഠനവും ഗണിതപഠനവും മികവാർന്നതാക്കാൻ ശാസ്ത്ര പാർക്കുകൾ, ശാസ്ത്ര ഗണിത ക്ലബ്ബുകൾ, ഗണിത വിജയം, ഉല്ലാസ ഗണിതം, ഭൂമിശാസ്ത്ര ലാബ്, ഗണിതകിറ്റ് തുടങ്ങിയവ.

5. കുട്ടികളുടെ സർഗ്ഗശേഷി വികസിപ്പിക്കുന്നതിന് 'ടാലന്റ് ലാബ്', പ്രത്യേക പരിഗണന അർഹിക്കുന്നവർക്കുള്ള ഉൾച്ചേരൽ വിദ്യാഭ്യാസത്തിനുള്ള വിവിധ പ്രവർത്തനങ്ങൾ

6. ജൈവവൈവിധ്യ ഉദ്യാനം, ഓട്ടിസം പാർക്ക്

7. അദ്ധ്യാപക പരിശീലനം.

8. മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളെ മെച്ചപ്പെടുത്തൽ.

9. അദ്ധ്യയന നിലവാരം ഉയർത്തുന്നതിനായി കേരളത്തിന്റെ സ്കൂൾ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ

10. ഹയർസെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി ഇംഗ്ലീഷ് പരിപോഷണ പരിപാടി

11. ഹയർ സെക്കണ്ടറി/ക്യൂ.ഐ.പി. വിദ്യാലയങ്ങൾക്കായുള്ള ഇംഗ്ലീഷ് പഠന പരിപോഷണ പരിപാടി

12. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുമായുള്ള മെന്ററിംഗ്

13. പ്രീസ്കൂൾ ശാക്തീകരണം

14. ക്ലാസ് ലൈബ്രറി

15. പഠനോത്സവങ്ങൾ

(സി) പൊതുവിദ്യാലയങ്ങളിലെ അക്കാദമിക മികവ് രക്ഷിതാക്കളെയും പൊതുസമൂഹത്തെയും ബോധ്യപ്പെടുത്തുന്നതിന് എല്ലാ പൊതുവിദ്യാലയങ്ങളിലും പഠനോത്സവങ്ങൾ സംഘടിപ്പിക്കുന്നു. കുട്ടികളുടെ പഠനത്തെളിവുകൾ പഠനോത്സവങ്ങളിൽ അവതരിപ്പിക്കും. പഠനോത്സവം മുതൽ അടുത്ത വർഷത്തെ സ്കൂൾ പ്രവേശനോത്സവം വരെയുള്ള വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തുവരുന്നു.

**വിദ്യാലയങ്ങൾക്ക് ചലഞ്ച് ഫണ്ട്**

147(1219) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങൾക്ക് ചലഞ്ച് ഫണ്ട് ലഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് എന്ന് അറിയിക്കാമോ;

(ബി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ഏതൊക്കെ സ്കൂളുകൾക്കാണ് ചലഞ്ച് ഫണ്ട് ഉപയോഗിച്ച് കെട്ടിടം അനുവദിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ;

(സി) പരമാവധി എത്ര രൂപ വരെയുള്ള ധന സഹായമാണ് ചലഞ്ച് ഫണ്ടിലൂടെ ലഭ്യമാക്കുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 15-11-2019-ലെ സ.ഉ.(അച്ചടി) നമ്പർ 156/2019/ധന. നമ്പർ ഉത്തരവിലെ മാനദണ്ഡങ്ങൾ അനുസരിച്ചാണ് ചലഞ്ച് ഫണ്ട് ലഭ്യമാക്കുന്നതിനായി പ്രൊപ്പോസൽ നൽകേണ്ടത്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്*)

(ബി) ചലഞ്ച് ഫണ്ട് വിനിയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് 61 സ്കൂളുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സ്കൂളുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(സി) 50 ലക്ഷം രൂപ

## എസ്.എസ്.എൽ.സി. കാർഡിലെ തെറ്റുകൾ തിരുത്തി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ

148(1220) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. കാർഡിലെ വിവിധ തെറ്റുകൾ തിരുത്തി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ വിശദീകരിക്കാമോ;

(ബി) ജനന സർട്ടിഫിക്കറ്റുകൾ ഇല്ലാത്തവരുടെ അപേക്ഷകളിൽ ജനന തീയതി തിരുത്തി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ;

(സി) ജനന തീയതി ഉൾപ്പെടെ വിവിധ തെറ്റുകൾ തിരുത്തി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എസ്.എസ്.എൽ.സി. കാർഡിലെ വിവിധ തെറ്റുകൾ തിരുത്തി നൽകുന്നതിനുള്ള നടപടിക്രമങ്ങളുടെ കോപ്പി അനുബന്ധമായി ചേർക്കുന്നു*.

(ബി) ഇതുമായി ബന്ധപ്പെട്ട് ഉത്തരവുകൾ നിലവിലില്ല. എന്നിരുന്നാലും ജനന സർട്ടിഫിക്കറ്റിനായി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളിൽ രേഖാമൂലം അപേക്ഷ സമർപ്പിക്കാവുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ജനനസർട്ടിഫിക്കറ്റ് പ്രകാരമുള്ള തിരുത്തലുകൾക്ക് ലളിതമായ നടപടിക്രമങ്ങളാണ് നിലവിലുള്ളത്.

**എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി, പൊതു പരീക്ഷകളുടെ നടത്തിപ്പ്**

149(1221) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി പൊതു പരീക്ഷകൾ ഒരുമിച്ച് നടത്താൻ സർക്കാർ തീരുമാനിക്കാനിടയായ സാഹചര്യം, പരീക്ഷയ്ക്കുവേണ്ടി ഒരുക്കിയ സംവിധാനങ്ങൾ എന്നിവ അറിയിക്കാമോ;

(ബി) വളരെ പ്രധാനപ്പെട്ട രണ്ട് പൊതുപരീക്ഷകൾ, 39 കുട്ടികളെ ഒരേ ക്ലാസ് മുറിയിലിരുത്തി വ്യത്യസ്ത സമയദൈർഘ്യമുള്ള രണ്ട് പരീക്ഷകൾ ഒരുമിച്ച് നടത്തുന്നത് കുട്ടികളുടെ ഏകാഗ്രതയെയും, മാനസികനിലയെയും ദോഷകരമായി ബാധിക്കുമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്കോൾ കേരള വഴി രജിസ്റ്റർ ചെയ്ത പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർത്ഥികളും റെഗുലർ വിദ്യാർത്ഥികളും എല്ലാമായി ആയിരത്തിലധികംപേർ മിക്ക വിദ്യാലയങ്ങളിലും പരീക്ഷ എഴുതുമ്പോൾ ഇതിനുള്ള സൗകര്യം ഉറപ്പുവരുത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

ഉത്തരം

(എ) ബഹുമാനപ്പെട്ട ബാലാവകാശ കമ്മീഷന്റെ ഉത്തരവിന്റെയും രക്ഷിതാക്കളും അദ്ധ്യാപകരുമുൾപ്പെടെയുള്ള പൊതുസമൂഹത്തിന്റെ വിവിധ കോണുകളിൽ നിന്നുയർന്ന അഭ്യർത്ഥനകളുടെയും അടിസ്ഥാനത്തിലാണ് പരീക്ഷകൾ ഒരുമിച്ചു നടത്താൻ തീരുമാനമായത്. പൊതുപരീക്ഷകൾ ഒരുമിച്ച് നടത്തുമ്പോൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് 30-12-2019-ൽ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 5772/2019/പൊ.വി.വ. പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു*) പ്രസ്തുത സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരീക്ഷാകേന്ദ്രങ്ങളിൽ സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച് എല്ലാ വിദ്യാലയങ്ങളിലേയ്ക്കും പരീക്ഷാ കമ്മീഷണർ സർക്കുലർ നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ എല്ലാ വിദ്യാലയങ്ങളിലും തുടർനടപടി സ്വീകരിച്ചുവരികയാണ്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എസ്.എസ്.എൽ.സി. വിദ്യാർത്ഥികളെയും ഹയർ സെക്കണ്ടറി വിദ്യാർത്ഥികളെയും 20, 30 എന്ന ക്രമത്തിൽ ഇരിപ്പിടം ക്രമീകരിക്കാവുന്ന വിദ്യാലയങ്ങളിൽ നിലവിലെ രീതി തുടരുന്നതാണ്. സ്ഥലപരിമിതി നേരിടുന്ന വിദ്യാലയങ്ങളിൽ മാത്രമേ സെക്കണ്ടറി, ഹയർ സെക്കണ്ടറി വിദ്യാർത്ഥികളെ ഇടകലർത്തി ഇരിപ്പിടം ക്രമീകരിക്കുകയുള്ളൂ. രണ്ട് പരീക്ഷകൾ ഒരുമിച്ച് നടത്തുന്നത് കുട്ടികളുടെ എകാഗ്രതയെയും മാനസികനിലയെയും ദോഷകരമായി ബാധിക്കുമെന്ന് കരുതുന്നില്ല.

(സി) ഹയർ സെക്കണ്ടറി വിഭാഗത്തിലെ ഓപ്പൺ സ്കൂൾ വിദ്യാർത്ഥികൾക്ക് പരീക്ഷാ കേന്ദ്രമായി ഹൈസ്കൂൾ വിഭാഗം മാത്രമുള്ള പരീക്ഷാ കേന്ദ്രങ്ങളും അനുവദിക്കുന്നതാണ്. പൊതുപരീക്ഷയുടെ ക്രമീകരണങ്ങൾ മോണിറ്റർ ചെയ്യുന്നതിന് റവന്യൂ ജില്ലാതലത്തിൽ വകുപ്പുതല ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി മോണിറ്ററിംഗ് ടീം രൂപീകരിക്കും. റവന്യൂ ജില്ലയിലെ എല്ലാ വിദ്യാലയങ്ങളിലും മോണിറ്ററിംഗ് ടീം അംഗങ്ങൾ നേരിട്ട് സന്ദർശനം നടത്തി പരീക്ഷാ ക്രമീകരണങ്ങൾ വിലയിരുത്തും.

**ഹൈടെക് ക്ലാസ് മുറികൾ**

150(1222) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈമറി സ്കൂളുകളിലെ ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിനുള്ള പദ്ധതി പ്രകാരം ഷൊർണ്ണൂർ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളാണ് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത് എന്നും ഓരോ സ്കൂളിലേയ്ക്കും എന്തെല്ലാം ഉപകരണങ്ങളാണ് നൽകുന്നത് എന്നും അറിയിക്കാമോ;

(ബി) ഷൊർണ്ണൂർ മണ്ഡലത്തിലെ ഏതെങ്കിലും സ്കൂൾ ഈ പദ്ധതിയിൽ ഉൾപ്പെടാതെ പോയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) പ്രൈമറി സ്കൂളുകളിൽ ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പദ്ധതിയല്ല, പകരം സ്കൂളുകളിലെ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ഐ.ടി. ഉപകരണങ്ങൾ ലഭ്യമാക്കുന്ന ഹൈടെക് ലാബ് പദ്ധതിയാണ് നടപ്പിലാക്കിയത്. ഷൊർണ്ണൂർ മണ്ഡലത്തിൽ 100 പ്രൈമറി വിഭാഗം വിദ്യാലയങ്ങളിൽ പദ്ധതി നടപ്പിലാക്കി. പ്രൈമറി വിഭാഗത്തിൽ ഓരോ സ്കൂളിനും വിതരണം ചെയ്ത ഉപകരണങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഒരു ക്ലാസ്സിൽ ശരാശരി 7 കുട്ടികളിൽ കുറവുള്ള ഷൊർണ്ണൂർ മണ്ഡലത്തിലെ 6 സ്കൂളുകൾ ഹൈടെക് ലാബ് പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഉൾപ്പെട്ടിരുന്നില്ല. എന്നാൽ എല്ലാ കുട്ടികൾക്കും ഹൈടെക് സംവിധാനങ്ങളുടെ പ്രയോജനം ഉറപ്പുവരുത്തുന്നതിനായി പ്രസ്തുത സ്കൂളുകൾക്കും ഹൈടെക് ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് സംവിധാനം ഒരുക്കിയിട്ടുണ്ട്.

**സ്കൂൾ വിനോദയാത്രാ സംഘങ്ങൾക്ക് നിയമാവലി**

151(1223) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിൽനിന്നും സ്കൂൾ കുട്ടികളുമായി വിനോദയാത്രക്ക് പോകുന്ന വാഹനങ്ങൾ നിരവധി നിയമലംഘനങ്ങൾ നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വെണ്ടാർ വിദ്യാധിരാജ ഹയർസെക്കന്ററി സ്കൂളിൽനിന്നും വിനോദയാത്രക്ക് പോകുവാൻ തയ്യാറായ വാഹനങ്ങൾ അപകടകരമായ രീതിയിൽ സ്കൂൾ വളപ്പിൽ ഓടിക്കുന്നതിന്റെ ദൃശ്യം സമൂഹമാധ്യമങ്ങൾ വഴി പ്രചരിച്ച സാഹചര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ;

(സി) ഇക്കാര്യത്തിൽ അധികൃതരുടെ ഭാഗത്ത് നിന്നും ഉണ്ടാകുന്ന അലംഭാവം അപകടങ്ങൾക്ക് കാരണമാകുമെന്നതിനാൽ അവരെക്കൂടി ഇക്കാര്യത്തിൽ ഉത്തരവാദികളാക്കുന്നതിനായി സ്കൂൾ വിനോദയാത്രാ സംഘങ്ങൾക്ക് നിയമാവലി ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സ്കൂളുകളിൽനിന്നും വിനോദയാത്ര പോകുന്ന വാഹനങ്ങളുടെ നിയമലംഘനങ്ങൾ സംബന്ധിച്ച് ഒറ്റപ്പെട്ട ചില സംഭവങ്ങൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിലുള്ള വെണ്ടാർ വിദ്യാധിരാജ സ്കൂളിലെ വി.എച്ച്.എസ്.ഇ. വിഭാഗത്തിന്റെ വിനോദയാത്രയുമായി ബന്ധപ്പെട്ടുണ്ടായ സംഭവമാണിത്. സംഭവം നടന്ന തൊട്ടടുത്ത ദിവസംതന്നെ ജില്ലാ വിദ്യാഭ്യാസ ഓഫീസർ സ്കൂൾ സന്ദർശിക്കുകയും പ്രധാനാദ്ധ്യാപകനിൽനിന്നും റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തു. അതിൻപ്രകാരം സ്കൂൾ ഗ്രൗണ്ടിന് പുറത്തുള്ള സ്ഥലത്താണ് ബസ് ഓപ്പറേറ്റേഴ്സ് ബൈക്ക് റാലി നടത്തിയതെന്നും സ്കൂൾ കുട്ടികൾ അതിൽ പങ്കെടുത്തിട്ടില്ലെന്നും അദ്ധ്യാപകരും വിദ്യാർത്ഥികളും ഈ പ്രവൃത്തി നിർത്താൻ ആവശ്യപ്പെടുക മാത്രമാണ് ചെയ്തതെന്നും അറിയിച്ചിട്ടുണ്ട്.

(സി) ഈ വിഷയത്തിൽ 2-3-2007-ലെ ജി.ഒ.(എം.എസ്)നമ്പർ 51/2007/പൊ.വി.വ. സർക്കാർ ഉത്തരവും 6-8-2016-ലെ H1/976/2016/dpi സർക്കുലർ നമ്പർ പ്രകാരവും പഠനയാത്രയ്ക്ക് വാഹനങ്ങൾ ഉപയോഗിക്കുന്നതിനും വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

## സർക്കാർ സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നസ്

152(1224) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ സ്കൂൾ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് നൽകുന്നത് സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമാക്കാമോ;

(ബി) സാങ്കേതിക വിഭാഗം ജീവനക്കാരായ അസിസ്റ്റന്റ് എഞ്ചിനീയർമാർ, ഓഫീസർമാർ എന്നിവർ വിശദമായി പരിശോധിക്കാതെയാണ് സർക്കാർ സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാറുള്ളതെന്ന കാര്യം പരിശോധിക്കുമോ; നടപടി സ്വീകരിക്കുമോ;

(സി) സുൽത്താൻ ബത്തേരി സർവജന ഗവൺമെന്റ് സ്കൂളിൽ പൊതുമരാമത്ത് വകുപ്പിന്റെയോ തദ്ദേശസ്വയംഭരണ വകുപ്പിന്റെയോ ഉദ്യോഗസ്ഥർ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പരിശോധനയ്ക്കായി സ്കൂൾ സന്ദർശിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) പരിശോധിക്കാതെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുവാൻ വിദ്യാഭ്യാസ വകുപ്പ് ബന്ധപ്പെട്ട പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

### ഉത്തരം

(എ) എല്ലാ അദ്ധ്യയന വർഷാരംഭത്തിനും മുമ്പായി സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ നേരിട്ട് പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിവരുന്നു. പരിശോധനയിൽ സുരക്ഷിതമല്ലെന്ന് കാണുന്ന കെട്ടിടങ്ങൾക്ക് സർട്ടിഫിക്കറ്റ് നൽകുകയോ ആയതിൽ ക്ലാസ്സുകൾ നടത്താൻ അനുവാദം നൽകുകയോ ചെയ്യുന്നില്ല. ഇത്തരം കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്താൻ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുകയും ചെയ്തുവരുന്നു. പുതിയ സർക്കാർ സ്കൂൾ കെട്ടിടങ്ങൾക്ക് ആദ്യതവണ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ കുറയാത്ത ഉദ്യോഗസ്ഥനും പിന്നീടുള്ള വർഷങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനീയറിൽ കുറയാത്ത

ഉദ്യോഗസ്ഥനും തദ്ദേശഭരണ സ്ഥാപനത്തിന്റെ കെട്ടിട നിർമ്മാണ ചട്ടങ്ങളനുസരിച്ചും കേരള വിദ്യാഭ്യാസ ചട്ടങ്ങളനുസരിച്ചും സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ പരിശോധിച്ച് 'ഫിറ്റ്നസ്' സാക്ഷ്യപ്പെടുത്തിവരുന്നു.

(ബി) സാങ്കേതിക വിഭാഗം ജീവനക്കാരായ അസിസ്റ്റന്റ് എഞ്ചിനീയർമാർ/ഓഫീസർമാർ വിശദമായി പരിശോധിച്ചതിനുശേഷമാണ് സർക്കാർ സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ നൽകിവരുന്നത്. ഇപ്രകാരം പരിശോധന നടത്താതെ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെടുന്ന പക്ഷം കർശന നടപടി സ്വീകരിക്കുന്നതാണ്.

(സി) സുൽത്താൻ ബത്തേരി സർവജന ഗവൺമെന്റ് സ്കൂളിൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പരിശോധനയ്ക്കായി സ്കൂൾ സന്ദർശിക്കുകയും 20-5-2019-ൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ടി സ്കൂളിന് നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറാണ് സുൽത്താൻ ബത്തേരി സർവ്വജന ഗവൺമെന്റ് സ്കൂളിന് 2019-20 അദ്ധ്യയനവർഷത്തിൽ 'ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളത്. ആയതിനാൽ പൊതുമരാമത്ത് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ഇതുമായി ബന്ധമില്ല.

## ക്രിസ്തുമസ് പരീക്ഷയുടെ സമയക്രമം

153(1225) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ ക്രിസ്തുമസ് പരീക്ഷയുടെ സമയക്രമം മാറ്റി നിശ്ചയിച്ചിരുന്നോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മാറ്റം മലയോര ജില്ലകളിൽ യഥാസമയം വാഹനം ലഭിച്ച് രാത്രിയാകുന്നതിന് മുമ്പ് കുട്ടികൾക്ക് വീട്ടിലെത്തുവാൻ സാധിക്കാത്ത സാഹചര്യം ഉണ്ടാക്കിയെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പരീക്ഷാ സമയക്രമത്തിൽ വരുത്തിയ മാറ്റം പുനഃപരിശോധിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) 2019-20 അദ്ധ്യയന വർഷത്തെ രണ്ടാം പാദവാർഷിക പരീക്ഷയുമായി ബന്ധപ്പെട്ട് ചില ക്ലാസ്സുകളിലെ പരീക്ഷയുടെ സമയക്രമം പുനഃക്രമീകരിച്ചിരുന്നു. എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി പരീക്ഷകൾ ഒരുമിച്ച് രാവിലെ നടത്തിയതിനാലാണ് ഇത്തരം ക്രമീകരണങ്ങൾ നടത്തേണ്ടിവന്നത്.

(ബി) ഉണ്ട്.

(സി) വാർഷിക പരീക്ഷയിൽ ഇതനുസരിച്ച് മാറ്റം വരുത്തിയിട്ടുണ്ട്. വൈകുന്നേരം 4.15-ന് പരീക്ഷ അവസാനിക്കുന്ന രീതിയിലാണ് ടൈംടേബിൾ തയ്യാറാക്കിയിരിക്കുന്നത്.

**വിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്നും ഭരണാനുമതി**

154(1226) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷം തലശ്ശേരി നിയോജകമണ്ഡലത്തിൽ വിദ്യാഭ്യാസവകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്നും ഭരണാനുമതി ലഭിച്ച ചുണ്ടങ്ങാംപൊയിൽ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ, വലിയമാടാവ് ഗവൺമെന്റ് യു.പി. സ്കൂൾ എന്നിവിടങ്ങളിലെ പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്കൂളുകളിലെ പ്രവൃത്തികളുടെ പൂർത്തീകരണത്തിന് ഇനി എന്തൊക്കെ നടപടിക്രമങ്ങളാണ് ഉള്ളതെന്നും ആയത് എന്ന് പൂർത്തീകരിക്കാൻ ആകുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഗവൺമെന്റ് എസ്.ബി.സ്കൂൾ, വലിയമാടാവിന്റെ കെട്ടിട നിർമ്മാണപ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. കെട്ടിടനിർമ്മാണം അടിയന്തരമായി പൂർത്തിയാക്കാൻ നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷത്തിൽ ചുണ്ടങ്ങാംപൊയിൽ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന് നിർമ്മാണപ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടില്ല.

**സ്കൂളുകളിൽ ഉച്ചഭക്ഷണത്തിനുള്ള സാധനങ്ങൾ വാങ്ങുന്നതിന് ജി.എസ്.റ്റി.അംഗീകാരമുള്ള ബില്ലുകൾ വേണമെന്ന വ്യവസ്ഥ**

155(1227) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ ഉച്ചഭക്ഷണത്തിനുള്ള സാധനങ്ങൾ വാങ്ങുന്നതിന് ജി.എസ്.റ്റി. അംഗീകാരമുള്ള ബില്ലുകൾ വേണമെന്ന വ്യവസ്ഥ ഗ്രാമപ്രദേശങ്ങളിലുള്ള സ്കൂളുകളിലെ പ്രധാനാദ്ധ്യാപകരെ വിഷമിപ്പിക്കുന്നതായുള്ള കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സ്വന്തം കൈയിലെ പണംകൊണ്ട് കുട്ടികൾക്ക് വാങ്ങി നൽകിയ ഭക്ഷണ സാധനങ്ങളുടെ തുക തിരികെ ലഭിക്കാതെ അദ്ധ്യാപകർ വിഷമിക്കുന്ന കാര്യം വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; ആയതിന്മേൽ സർക്കാർ തലത്തിൽ എടുത്ത തീരുമാനം എന്തെല്ലാം; വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ ട്രഷറികളിൽ ജി.എസ്.റ്റി. ഇല്ലാതെയുള്ള ബില്ലുകൾ മാറി നൽകുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ധനവകുപ്പുമായി കൂടിയാലോചിച്ച് ഇതിന്മേൽ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്കൂളുകളിൽ കുട്ടികൾക്ക് ഗുണമേന്മയുള്ള ഉച്ചഭക്ഷണം നൽകുന്നതിനുള്ള സാധനസാമഗ്രികൾ ഉച്ചഭക്ഷണ കമ്മിറ്റിയുടെ നിർദ്ദേശത്തിന് വിധേയമായി പൊതുവിപണി, മാവേലിസ്റ്റോർ, സഹകരണ സംഘങ്ങൾ, വിവിധ സൊസൈറ്റികൾ എന്നിവിടങ്ങളിൽനിന്നും ആവശ്യാനുസരണം വാങ്ങുന്നതിന് സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽസാധനങ്ങൾ വാങ്ങുമ്പോൾ നിർബന്ധമായും സ്ഥാപനത്തിന്റെ സീൽ പതിച്ച ബില്ലുകൾ വാങ്ങാനും പ്രിന്റ് ബില്ലുകൾ ലഭ്യമല്ലെങ്കിൽ സ്ഥാപനത്തിന്റെ/ ഉടമയുടെ പേര്, ഫോൺ നമ്പർ, വാങ്ങിയ സാധനത്തിന്റെ അളവ്, നിരക്ക്, തീയതി എന്നിവ രേഖപ്പെടുത്തിയ ബില്ലുകൾ/വൗച്ചറുകൾ വാങ്ങാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ജി.എസ്.റ്റി. ബില്ലുകൾ വേണമെന്ന നിർദ്ദേശം നൽകിയിട്ടില്ല.

(ബി) ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിൽ പ്രഥമാദ്ധ്യാപകർക്ക് ചെലവായ തുക തിരികെ ലഭിക്കുന്നതിനാവശ്യമായ എല്ലാവിധ നടപടികളും കൈക്കൊണ്ടിട്ടുണ്ട്. സ്കൂളുകൾക്ക് ഈ അദ്ധ്യയന വർഷം ഉച്ചഭക്ഷണ പദ്ധതിക്കാവശ്യമായ മുഴുവൻ തുകയും അലോട്ട്മെന്റ് മുഖാന്തരം അനുവദിച്ച് നൽകിയിട്ടുണ്ട്. സാധന സാമഗ്രികൾ വാങ്ങിയതിന്റെ ബില്ലുകളും വൗച്ചറുകളും സഹിതം കണ്ടിജന്റ് വൗച്ചറുകൾ ട്രഷറിയിൽ സമർപ്പിച്ച് ടി തുക റീ-ഇംബേഴ്സ് ചെയ്യാവുന്നതുമാണ്. പ്രഥമാദ്ധ്യാപകർ ഉച്ചഭക്ഷണ പദ്ധതിക്കായി സ്വന്തം കൈയിൽനിന്ന് ചെലവാക്കിയ തുക റീഇംബേഴ്സ് ചെയ്തുവരുന്നുണ്ട്.

(സി) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് പാൽ, മുട്ട, പച്ചക്കറി മുതലായ സാധനങ്ങൾക്ക് ജി.എസ്.റ്റി. ബില്ലുകൾ വേണമെന്നാവശ്യപ്പെട്ട് ചില ട്രഷറികൾ തടസ്സവാദം ഉന്നയിച്ചിരുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. എന്നാൽ ഗ്രാമപ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് ജി.എസ്.റ്റി. ബില്ലുകൾ സമർപ്പിക്കുന്നത് പ്രായോഗിക ബുദ്ധിമുട്ടുള്ളതിനാൽ പ്രഥമാദ്ധ്യാപകർ സമർപ്പിക്കുന്ന ജി.എസ്.റ്റി. ഇല്ലാതെയുള്ള ബില്ലുകൾകൂടി ട്രഷറികളിൽനിന്നും മാറിനൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ ആലോചിച്ചുവരുന്നു.

**പൊതുവിദ്യാലയ മേധാവികളുടെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് നടപടി**

156(1228) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയ മേധാവികൾക്ക് ഭരണ നിർവ്വഹണത്തിൽ വേണ്ടത്ര കാര്യക്ഷമതയില്ലാത്തത് കാരണം പലപ്പോഴും പരാതികൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുവിദ്യാലയങ്ങളിലെ പ്രധാനാദ്ധ്യാപകർക്കും പ്രിൻസിപ്പൽമാർക്കും ആധുനിക നിലവാരത്തിലുള്ള മാനേജ്മെന്റ് ട്രെയിനിംഗ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സ്കൂൾ സമയത്ത് പാമ്പ് കടിയേറ്റ് ഷെഹല ഷെറിൻ എന്ന കുട്ടി മരണപ്പെട്ടതിന്റെ പശ്ചാത്തലത്തിൽ പൊതുവിദ്യാലയ മേധാവികളുടെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചുവരുന്ന മുൻകരുതൽ നടപടികൾ എന്തെല്ലാമാണ്?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രധാനാദ്ധ്യാപകർക്കും പ്രിൻസിപ്പൽമാർക്കും അവസരോചിത പരിശീലനങ്ങൾ എസ്.സി.ഇ.ആർ.ടി., സീമാറ്റ് എന്നീ സ്ഥാപനങ്ങൾ വഴി തുടർച്ചയായി നൽകിവരുന്നുണ്ട്. ഇത് കൂടുതൽ കാര്യക്ഷമതയോടെ തുടരുന്നതാണ്.

ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്രിൻസിപ്പൽമാർക്ക് എല്ലാ വർഷവും സീമാറ്റ് വഴി 3 ദിവസത്തെ മാനേജ്മെന്റ് ട്രെയിനിംഗ് (LEP-Leadership Enhancement Programme) നൽകുന്നുണ്ട്.

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ മുൻകരുതലുകളും നടത്തിയിട്ടുണ്ട്. അവശ്യഘട്ടങ്ങളിൽ അനുവർത്തിക്കേണ്ട പ്രവൃത്തികൾ, തുടരേണ്ട രീതികൾ, പുലർത്തേണ്ട ഉത്തരവാദിത്വങ്ങൾ എന്നിവ സംബന്ധിച്ച് വിശദമായ അറിയിപ്പുകൾ എല്ലാപേർക്കും നൽകിയിട്ടുണ്ട്. സ്കൂളും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിനും അപകടരഹിതമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഊന്നൽ നൽകുന്ന വിവിധ പരിപാടികൾ, സന്നദ്ധ സംഘടനകളും തദ്ദേശഭരണ സ്ഥാപനങ്ങളും രക്ഷാകർതൃ സമിതികളുമായി ചേർന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. 9-1-2020-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ആർ & ആർ (1) 90010/2017/ഡി.ജി.ഇ. നമ്പർ സർക്കുലർ പ്രകാരം ആർ.ഡി.ഡി. മുഖേന എല്ലാ ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## വിദ്യാലയങ്ങളിലെ കൗൺസിലിംഗ് റൂമുകൾ

157(1229) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾ മാനസികവും ശാരീരികവുമായ നിരവധി പ്രശ്നങ്ങൾ നേരിടുന്ന വിദ്യാഭ്യാസ കാലത്ത് കൗൺസിലർമാരുടെ സേവനം ലഭ്യമാക്കാൻ പല സ്കൂളുകളിലും മതിയായ സൗകര്യങ്ങളുള്ള കൗൺസിലിംഗ് റൂമുകൾ ഇല്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മതിയായ സൗകര്യങ്ങളോടുകൂടിയ കൗൺസിലിംഗ് റൂമുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക രക്ഷാകർത്തൃ സമിതികളുടെ പ്രവർത്തനം

158(1230) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക രക്ഷാകർത്തൃ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പൊതുവിദ്യാഭ്യാസ മേഖലയിൽ ഉണ്ടായിട്ടുള്ള സമഗ്രമായ മുന്നേറ്റങ്ങളിൽ ക്രിയാത്മകമായി ഇടപെടുന്നതിന് അദ്ധ്യാപക രക്ഷാകർത്തൃ സമിതി അംഗങ്ങളെ പ്രാപ്തരാക്കാൻ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) പൊതുവിദ്യാഭ്യാസ മേഖലയുടെ അഭ്യുദയകാംക്ഷികളിൽനിന്ന് പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പി.റ്റി.എ. അക്കൗണ്ടിലേയ്ക്ക് സംഭാവന പണമായി സ്വീകരിക്കുവാൻ അനുമതിയുണ്ടോ; ഇല്ലായെങ്കിൽ ഇത്തരത്തിൽ പണം സ്വീകരിക്കുവാനും ചിലവഴിക്കുവാനുമുള്ള വ്യക്തമായ ചട്ടങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അദ്ധ്യാപക രക്ഷാകർതൃ സംഘടനകളുടെ പ്രവർത്തനം സംബന്ധിച്ച് സർക്കാർ വ്യക്തമായ മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പി.റ്റി.എ. മീറ്റിംഗുകൾ യഥാസമയം വിളിച്ചുചേർക്കുന്നതിനും സ്കൂളിന്റെ പ്രവർത്തനങ്ങളിൽ പി.റ്റി.എ. യുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

(ബി) രക്ഷാകർതൃ പരിശീലനങ്ങൾ നടത്തിവരാറുണ്ട്.

(സി) പി.റ്റി.എ. ഫണ്ട് പണമായി നൽകുന്നതിന് തടസ്സമില്ല.

## പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സുരക്ഷിതത്വവും പരിസര ശുചീകരണവും

159(1231) ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സുരക്ഷിതത്വവും പരിസര ശുചീകരണവും ഉറപ്പാക്കുന്നതിന് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇവ പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ; വിശദമാക്കുമോ;

(സി) ഷെഹല ഷെറിൻ എന്ന അഞ്ചാം ക്ലാസ് വിദ്യാർത്ഥിനി ക്ലാസ് മുറിയിൽ പാമ്പുകടിയേറ്റ് മരിച്ച വയനാട് സുൽത്താൻ ബത്തേരി ഗവൺമെന്റ് സർവ്വജന വി.എച്ച്.എസ്.എസ്-ൽ കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിൽ അധികൃതരുടെ ഭാഗത്ത് വീഴ്ച ഉണ്ടായിട്ടുണ്ടോ എന്നു പരിശോധിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സുരക്ഷിതത്വവും പരിസരശുചീകരണവും ഉറപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും 23-11-2019-ൽ ഡി.എ.1/361/19/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നൽകുകയും കൂടാതെ പൊതുവിദ്യാഭ്യാസ

ഡയറക്ടർ 22-11-2019-ൽ ആർ&ആർ (1)/90010/17/ഡി.ജി.ഇ. നമ്പരായ സർക്കുലർ നൽകുകയും ചെയ്തിട്ടുണ്ട്. ഇതിലെ നിർദ്ദേശങ്ങൾ എല്ലാ സ്കൂളുകളിലും പാലിച്ചിട്ടുണ്ട്. കൂടാതെ പൊതുവിദ്യാഭ്യാസ ഡയറക്ടർ 9-1-2020-ലെ ആർ&ആർ(1)/90010/17/ഡി.ജി.ഇ. നമ്പരായ സർക്കുലർ പ്രകാരം സുരക്ഷിതവിദ്യാലയം ക്യാമ്പയിന്റെ ഭാഗമായി സ്പെഷ്യൽ പി.ടി.എ. യോഗം ചേരുന്നതിനുള്ള നിർദ്ദേശവും പുറപ്പെടുവിച്ചിരുന്നു. സർക്കുലറുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(ബി) പൊതുവിദ്യാഭ്യാസ ഡയറക്ടർ 22-11-2019-ൽ നൽകിയ സർക്കുലറിൽ പത്തിന നിർദ്ദേശങ്ങൾ സ്കൂൾ പി.ടി.എ.കളും ജനപ്രതിനിധികളും തദ്ദേശഭരണ സ്ഥാപനാധികൃതരും വിദ്യാഭ്യാസാധികൃതരും ജനകീയ കൂട്ടായ്മയോടെ നടപ്പിൽവരുത്തി റിപ്പോർട്ട് ചെയ്യണമെന്ന് ആവശ്യപ്പെട്ടതനുസരിച്ച് 10-12-2019, 18-12-2019 എന്നീ ദിവസങ്ങളിലായി റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുകളിൽനിന്നും സ്കൂൾ സുരക്ഷയ്ക്കായി നൽകിയ നിർദ്ദേശങ്ങൾ പൂർണ്ണമായി നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിക്കുന്നു. ആർ&ആർ(1)/90010/17/ഡി.ജി.ഇ. നമ്പർ 20-12-2019-ലെ കത്ത് വഴി ജില്ലാ പഞ്ചായത്ത്, ഡെപ്യൂട്ടി ഡയറക്ടർ, മുൻസിപ്പൽ-കോർപ്പറേഷൻ-ജില്ലാ പഞ്ചായത്ത് ഉദ്യോഗസ്ഥർ, അസിസ്റ്റന്റ് ഡയറക്ടർ (വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം), റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ (ഹയർ സെക്കണ്ടറി വിഭാഗം), വിദ്യാഭ്യാസ ഉപഡയറക്ടർമാർ (പൊതുവിദ്യാഭ്യാസം), പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ജില്ലാ കോ-ഓർഡിനേറ്റർ എന്നിവരുടെ സംയുക്ത അവലോകനയോഗം കൂടാനും സ്കൂൾ സുരക്ഷയ്ക്കായി നൽകിയ നിർദ്ദേശങ്ങൾ പൂർണ്ണമായി നടപ്പിലാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തി തുടർ നിർദ്ദേശങ്ങൾ നൽകുന്നതിനും പൊതുവിദ്യാഭ്യാസ ഡയറക്ടർ എല്ലാ ജില്ലാ കളക്ടർമാരോടും അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) സുൽത്താൻ ബത്തേരി ഗവൺമെന്റ് സർവ്വജന വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ ഷെഹ്‌ല ഷെറിൻ ക്ലാസ് മുറിയിൽ വച്ച് പാമ്പ് കടിയേറ്റ് മരണമടഞ്ഞ സംഭവത്തിൽ കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിൽ അധികൃതരുടെ ഭാഗത്ത് സൂക്ഷ്മതക്കുറവ് ഉണ്ടായിട്ടുണ്ടെന്ന് വകുപ്പുതല അന്വേഷണ റിപ്പോർട്ടിൽ അറിയിച്ചിട്ടുള്ളതും ബന്ധപ്പെട്ട അദ്ധ്യാപകരോട് വിശദീകരണം ആവശ്യപ്പെട്ടിട്ടുള്ളതുമാണ്. വിശദീകരണം ലഭിച്ചാലുടൻ മേൽനടപടി സ്വീകരിക്കുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥി പ്രവേശനത്തിലെ വർദ്ധനവ്

160(1232) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ഇടപെടൽമൂലം സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങൾ മെച്ചപ്പെട്ടതിന്റെ ഫലമായി കഴിഞ്ഞ അധ്യയന വർഷങ്ങളിൽ വിദ്യാർത്ഥി പ്രവേശനത്തിലുണ്ടായ വർദ്ധനവിന്റെ കണക്കുകൾ നൽകാമോ; വിശദമാക്കാമോ;

(ബി) കോഴിക്കോട് ജില്ലയുടെ കണക്ക് പ്രത്യേകം നൽകുമോ?

### ഉത്തരം

(എ) ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം എന്ന ദൗത്യത്തിന്റെ ഫലമായി സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ 2017-18 മുതൽ 2019-20 വരെയുള്ള ഓരോ അധ്യയനവർഷത്തിലും പുതുതായി വന്നുചേർന്ന വിദ്യാർത്ഥികളുടെ എണ്ണം താഴെകൊടുത്തിരിക്കുന്നു.

| വർഷം | പുതുതായി വന്നുചേർന്ന കുട്ടികളുടെ എണ്ണം |
|---|---|
| 2017-18 | 1,56,565 |
| 2018-19 | 1,84,728 |
| 2019-20 | 1,63,558 |

(ബി) കോഴിക്കോട് ജില്ലയിൽ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ 2017-18 മുതൽ 2019-20 വരെയുള്ള ഓരോ അദ്ധ്യയന വർഷത്തിലും പുതുതായി വന്നുചേർന്ന വിദ്യാർത്ഥികളുടെ എണ്ണം താഴെകൊടുത്തിരിക്കുന്നു.

| വർഷം | പുതുതായി വന്നുചേർന്ന കുട്ടികളുടെ എണ്ണം |
|---|---|
| 2017-18 | 13,172 |
| 2018-19 | 20,043 |
| 2019-20 | 15,705 |

## പൊതുവിദ്യാലയങ്ങളിൽ ജൈവവൈവിധ്യ ഉദ്യാനങ്ങൾ

161(1233) ശ്രീ. ഡി. കെ. മുരളി :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. എം. നൗഷാദ് :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിൽ ജൈവവൈവിധ്യ ഉദ്യാനങ്ങൾ സജ്ജീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) മികച്ച ജൈവവൈവിധ്യ പാർക്കുകൾ സജ്ജീകരിക്കുന്ന വിദ്യാലയങ്ങൾക്ക് സർക്കാർ എന്തെങ്കിലും പ്രോത്സാഹനം നൽകുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) പൊതുജനങ്ങൾക്ക് ജൈവവൈവിധ്യ ഉദ്യാന നിർമ്മാണത്തിലും പരിപോഷണത്തിലും പങ്കാളികളാകുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സ്ഥലപരിമിതി ഉള്ള പൊതുവിദ്യാലയങ്ങളിൽ ജൈവവൈവിധ്യ പാർക്കുകൾ എപ്രകാരം നിർമ്മിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്; വിശദീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്. വിദ്യാലയത്തിന് ചുറ്റുമുള്ള ജൈവവൈവിധ്യത്തെക്കുറിച്ച് അറിയുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള താല്പര്യം വിദ്യാർത്ഥികളിൽ വളർത്തുക, പ്രകൃതി വിഭവ സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം ജനിപ്പിക്കുക എന്നിവയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

(ബി) ഉണ്ട്. ജില്ലാതലത്തിൽ മികച്ച ജൈവവൈവിധ്യ ഉദ്യാനങ്ങൾ തെരഞ്ഞെടുക്കുകയും അതിൽ 1, 2, 3 സ്ഥാനക്കാർക്ക് യഥാക്രമം 25,000, 20,000, 15,000 രൂപ വീതവും സംസ്ഥാനതലത്തിൽ മികച്ച ജൈവവൈവിധ്യ ഉദ്യാനങ്ങൾ തെരഞ്ഞെടുത്ത് 1, 2, 3 സ്ഥാനക്കാർക്ക് യഥാക്രമം 50,000, 30,000, 20,000 രൂപ വീതം ക്യാഷ് അവാർഡ് നൽകുകയും ചെയ്യുന്നുണ്ട്.

(സി) ഇല്ല.

(ഡി) ജൈവവൈവിധ്യ ഉദ്യാനം പദ്ധതിക്കായി പുറപ്പെടുവിച്ചിട്ടുള്ള നടപടിക്രമത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാലയങ്ങളിൽ ടി പദ്ധതി നടപ്പിലാക്കാൻ ആവശ്യമായ സ്ഥലസൗകര്യമുണ്ടെന്ന് ഉറപ്പാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

## ഹൈടെക് ക്ലാസ് മുറികൾ

162(1234) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ലാസ് മുറികൾ ഹൈടെക് ആക്കി മാറ്റുന്ന പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് എത്ര ക്ലാസ്സ് മുറികൾ ഹൈടെക് ആക്കി മാറ്റി എന്ന് അറിയിക്കാമോ;

(ബി) ഇതിൽ കോഴിക്കോട് ജില്ലയിൽ എത്ര ക്ലാസ്സ് മുറികൾ ഹൈടെക് ആക്കി മാറ്റിയെന്ന് അറിയിക്കാമോ;

(സി) ഈ സർക്കാർ പൊതുവിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിയ മറ്റ് പ്രധാന വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണ് എന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) എട്ടു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളുള്ള എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും കിഫ്ബി ധനസഹായത്തോടെ ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കി. ഹൈസ്കൂൾ, ഹയർ സെക്കണ്ടറി-വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗങ്ങളിലുള്ള 4752 സ്കൂളുകളിലെ 45000 ക്ലാസ് മുറികളിലേയ്ക്കും ലാബുകളിലേയ്ക്കുമുള്ള ഐ.ടി. ഉപകരണങ്ങൾ വിതരണം ചെയ്തു.

(ബി) കോഴിക്കോട് ജില്ലയിലെ ഹൈസ്കൂൾ/ഹയർ സെക്കണ്ടറി വിഭാഗത്തിലുള്ള 363 സ്കൂളുകളിലെ 4454 ക്ലാസ് മുറികളിലേയ്ക്കുള്ള ഉപകരണങ്ങൾ വിതരണം ചെയ്തു. ഇതിനുപുറമെ പ്രൈമറി വിഭാഗത്തിലെ 1054 സ്കൂളുകൾക്കും ഉപകരണങ്ങൾ ലഭ്യമാക്കി.

(സി) എട്ട് മുതൽ പന്ത്രണ്ട് വരെ ക്ലാസുകളുള്ള എല്ലാ സർക്കാർ എയ്ഡഡ് സ്കൂളുകളിലും കിഫ്ബി ധനസഹായത്തോടെ ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കി. ഹൈസ്കൂൾ, ഹയർ സെക്കണ്ടറി-വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗങ്ങളിലുള്ള 4752 സ്കൂളുകളിലെ 45000 ക്ലാസ് മുറികളിലേയ്ക്കും ലാബുകളിലേയ്ക്കുമുള്ള ഐ.ടി. ഉപകരണങ്ങൾ വിതരണം ചെയ്തു.

4751 ഹൈസ്കൂൾ, ഹയർ സെക്കണ്ടറി-വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലുൾപ്പെടെ 12149 സ്കൂളുകളിൽ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യമൊരുക്കി.

9941 പ്രൈമറി വിഭാഗം വിദ്യാലയങ്ങളിൽ കിഫ്ബി ധനസഹായത്തോടെ 292 കോടി (ഇരുന്നൂറ്റി തൊണ്ണൂറ്റി രണ്ട് കോടി രൂപ മാത്രം) രൂപയുടെ ഹൈടെക് ലാബ് പദ്ധതി നടപ്പിലാക്കി.

ഒരു ക്ലാസിൽ ശരാശരി 7 കുട്ടികളിൽ കുറവുള്ള 1359 സ്കൂളുകൾ ഹൈടെക് ലാബ് പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഉൾപ്പെട്ടിരുന്നില്ല. എന്നാൽ എല്ലാ കുട്ടികൾക്കും ഹൈടെക് സംവിധാനങ്ങളുടെ പ്രയോജനം ഉറപ്പുവരുത്തുന്നതിനായി പ്രസ്തുത സ്കൂളുകൾക്കും ഹൈടെക് ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് സംവിധാനം ഒരുക്കിയിട്ടുണ്ട്.

ഓരോ സ്കൂളിനും 5 കോടി (അഞ്ച് കോടി രൂപ മാത്രം) രൂപ ചെലവഴിച്ച് 141 സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി.

96 സ്കൂളുകളിൽ അടിസ്ഥാന സൗകര്യവികസനത്തിനായി 3 കോടി (മൂന്നുകോടി രൂപ മാത്രം) രൂപ വീതം ചെലവഴിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്ന പദ്ധതി.

ഹൈടെക് സംവിധാനങ്ങളും പശ്ചാത്തല സൗകര്യവും ഒരുക്കുന്നതോടൊപ്പം ഡിജിറ്റൽ വിഭാഗങ്ങളും ആധുനിക വിവരവിനിമയ സാങ്കേതികവിദ്യയുടെ പ്രയോജനം പഠന-ബോധന പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള 'സമഗ്ര' വിഭവ പോർട്ടൽ, പ്രത്യേക പരിശീലനം അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും തുടങ്ങിയ പ്രവർത്തനങ്ങളും നടപ്പിലാക്കുന്നു.

ഹൈസ്കൂൾ ക്ലാസുകളിലെ തെരഞ്ഞെടുത്ത കുട്ടികളെ ഉൾപ്പെടുത്തി ഇന്ത്യയിലെതന്നെ കുട്ടികളുടെ ഏറ്റവും വലിയ ഐ.ടി. കൂട്ടായ്മയായ 'ലിറ്റിൽ കൈറ്റ്സ്' യൂണിറ്റ് 2060 ഹൈസ്കൂളുകളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

**കോന്നി മണ്ഡലത്തിലെ കൈറ്റ് പദ്ധതി**

163 (1235) ശ്രീ. കെ. യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈറ്റ് പദ്ധതിപ്രകാരം കോന്നി മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്കാണ് ഇനിയും സ്മാർട്ട് ക്ലാസ് റൂം ഉപകരണങ്ങൾ ലഭ്യമാക്കാനുള്ളത്;

(ബി) പ്രസ്തുത സ്കൂളുകൾക്കുകൂടി ഇവ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) കോന്നി മണ്ഡലത്തിലേതുൾപ്പെടെ സംസ്ഥാനത്ത് 8 മുതൽ 12 വരെ ക്ലാസുകളുള്ള എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും കിഫ്ബി ധനസഹായത്തോടെ ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കി. പ്രൈമറി വിഭാഗം വിദ്യാലയങ്ങളിലും ഹൈടെക് സംവിധാനം ഏർപ്പെടുത്തുന്നതിനായി ഹൈടെക്

ലാബ് പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ഒരു ക്ലാസിൽ ശരാശരി 7 കുട്ടികളിൽ കുറവുള്ള കോന്നി മണ്ഡലത്തിലെ 21 സ്കൂളുകൾ ഹൈടെക് ലാബ് പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഉൾപ്പെട്ടിരുന്നില്ല. എന്നാൽ എല്ലാ കുട്ടികൾക്കും ഹൈടെക് സംവിധാനങ്ങളുടെ പ്രയോജനം ഉറപ്പുവരുത്തുന്നതിനായി പ്രസ്തുത സ്കൂളുകൾക്കും ഹൈടെക് ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് സംവിധാനം ഒരുക്കിയിട്ടുണ്ട്.

## സ്കൂളുകളിലെ അടിസ്ഥാനസൗകര്യ വികസനം

164(1236) ശ്രീ. കെ. യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കോന്നി നിയോജക മണ്ഡലത്തിലെ എത്ര സ്കൂളുകൾക്കാണ് അടിസ്ഥാനസൗകര്യ വികസനത്തിനായി തുക അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) അടിസ്ഥാനസൗകര്യ വികസനം ഇനി ഏതെല്ലാം സ്കൂളുകൾക്ക് ലഭ്യമാക്കാനുണ്ടെന്നാണ് പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് നൽകിയിട്ടുള്ളത്; അറിയിക്കാമോ;

(സി) പ്രസ്തുത സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ-സി) അടിസ്ഥാന സൗകര്യവികസനത്തിനായി ഭരണാനുമതി നൽകിയ സ്കൂളുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | ഭരണാനുമതി നൽകിയ തുക (ലക്ഷത്തിൽ) |
|---|---|---|
| 2017-18 | | |
| 1 | ഗവ. യു.പി. സ്കൂൾ, തണ്ണീർത്തോട് | 100 |
| 2019-20 | | |
| 1 | ഗവ. എൽ. പി. സ്കൂൾ, കലഞ്ഞൂർ | 120.3 |
| 2 | ഗവ. യു.പി. സ്കൂൾ, കുന്നിട | 125 |
| 3 | ഗവ. എൽ.പി. സ്കൂൾ, മലയാലപ്പുഴ | 120 |

ഭരണാനുമതി നൽകാനുള്ള മറ്റ് പ്രൊപ്പോസലുകളൊന്നും സർക്കാരിൽ ലഭ്യമാക്കിയിട്ടില്ല.

## മൂവാറ്റുപുഴ മണ്ഡലത്തിലെ ചാത്തമറ്റം സ്കൂളിന്റെ നവീകരണം

165(1237) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് തെരഞ്ഞെടുത്ത സർക്കാർ സ്കൂളുകൾ ഏതൊക്കെയാണെന്ന് വർഷം തിരിച്ച് അറിയിക്കാമോ;

(ബി) പ്രസ്തുത സ്കൂളുകളുടെ നവീകരണ ചുമതല ഏത് ഏജൻസിക്കാണെന്നും അതിന്റെ കാലാവധി എന്നുവരെയാണെന്നും വ്യക്തമാക്കാമോ;

(സി) മൂവാറ്റുപുഴ നിയോജക മണ്ഡലത്തിലെ ചാത്തമറ്റം സ്കൂളിന്റെ നവീകരണ ജോലികൾ ആരംഭിക്കുന്നതിലെ കാലതാമസം എന്താണെന്നും എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും അറിയിക്കാമോ?

ഉത്തരം

(എ) 2017-18 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ കിഫ്ബിയുടെ 5 കോടി രൂപ ധനസഹായത്തോടെ ഒരു നിയോജകമണ്ഡലത്തിലെ ഒരു സ്കൂളിനെ വീതം തെരഞ്ഞെടുത്ത് മികവിന്റെ കേന്ദ്രമാക്കുന്നതിന് 141 സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. പ്രസ്തുത സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.

(ബി) മികവിന്റെ കേന്ദ്രങ്ങളാക്കുന്ന 141 സ്കൂളുകളുടെയും നിർമ്മാണച്ചുമതലയ്ക്ക് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കൈറ്റിനെയാണ് എസ്.പി.വി. ആയി ചുമതലപ്പെടുത്തിയിരിക്കുന്നത്.

(സി) നിർമ്മാണ പ്രവർത്തനങ്ങൾക്കായി കിഫ്ബി ഫണ്ടിലുൾപ്പെടുത്തിയും പ്ലാൻ ഫണ്ടിലുൾപ്പെടുത്തിയും നിലവിൽ ഭരണാനുമതി നൽകിയിട്ടുള്ള സ്കൂളുകളുടെ ലിസ്റ്റിൽ മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ ചാത്തമറ്റം സ്കൂൾ ഉൾപ്പെട്ടിട്ടില്ല.

## സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസനം

166(1238) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അടിസ്ഥാനസൗകര്യ വികസനത്തിനായി കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ നിന്നും ഏതെല്ലാം സ്കൂളുകൾക്ക് എത്ര രൂപ അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) നോർത്ത് മഴവന്നൂർ സ്കൂളിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി തയ്യാറാക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) നോർത്ത് മഴവന്നൂർ സ്കൂളിന്റെ കെട്ടിടനിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**അദ്ധ്യാപകരുടെ ശാക്തീകരണം**

167(1239) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ ശാക്തീകരണത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(ബി) അദ്ധ്യാപകരുടെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) അദ്ധ്യാപകരുടെ കാര്യക്ഷമത മോണിറ്റർ ചെയ്യുന്നതിന് നിലവിൽ എന്തൊക്കെ സംവിധാനങ്ങളുണ്ടെന്ന് അറിയിക്കാമോ;

(ഡി) വിദ്യാലയങ്ങളിലെ മോണിറ്റർ സംവിധാനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) അദ്ധ്യാപകർക്ക് വെക്കേഷൻ കാലത്തുതന്നെ 8 ദിവസത്തെ പരിശീലനം നൽകി, വിവര വിനിമയ സാങ്കേതികവിദ്യയുടെ ഫലപ്രദമായ ഉപയോഗം ഉറപ്പുവരുത്തുന്നതിന് ഒന്ന് മുതൽ പത്ത് വരെ ക്ലാസുകളിലെ അദ്ധ്യാപകർക്ക് നാല് ദിവസം വീതം പ്രത്യേക ഐ.സി.ടി. പരിശീലനം ഇതിലുൾപ്പെടുത്തി 2019 ഏപ്രിൽ, മേയ് മാസങ്ങളിൽ നൽകി. ഹയർ സെക്കണ്ടറിക്ക് 4 ദിവസത്തെ ഐ.ടി. പരിശീലനം വെക്കേഷൻ കാലത്ത് നൽകി.

ജില്ലകളിലെ അദ്ധ്യാപക പരിശീലനകേന്ദ്രങ്ങളായ ഡയറ്റുകളിൽ പുതുതായി അദ്ധ്യാപകരെ നിയമിച്ച് ഉന്നത നിലവാരത്തിലുള്ള ഏഴ് ദിവസത്തെ പരിശീലനം നൽകി. ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ചേർന്ന് പത്ത് ദിവസത്തെ പരിശീലനം എച്ച്.എസ്.എസ്.ടി.പി. എന്ന പേരിൽ നൽകി. പ്രൈമറി സെക്കണ്ടറി

അദ്ധ്യാപകർക്ക് സമഗ്രശിക്ഷ കേരളയും കൈറ്റും ചേർന്ന് അക്കാദമികവും സാങ്കേതികവുമായ പരിശീലനം നൽകി. പുതുതായി നിയമനം ലഭിച്ച അദ്ധ്യാപകർക്ക് ഇൻഡക്ഷൻ പരിശീലനം നൽകാൻ പദ്ധതി തയ്യാറാക്കി പരിശീലന പരിപാടികൾ തുടക്കംകുറിച്ചു. ഇതിൽ 'കൂൾ' എന്ന പേരിൽ ഡിജിറ്റൽ പ്ലാറ്റ്ഫോം ഉപയോഗിച്ച് നടത്തുന്ന ഐ.സി.ടി. പരിശീലനവും ഉൾപ്പെടുന്നു.

പരിശീലനത്തിനായി അദ്ധ്യാപകർ പോകുമ്പോൾ കുട്ടികൾക്ക് ക്ലാസുകൾ നഷ്ടമാകാതിരിക്കാൻ സ്കൂൾ അധിഷ്ഠിത അദ്ധ്യാപക പരിശീലനത്തിന്റെ സാധ്യതകൾ ചില സ്കൂളുകളിൽ നടപ്പാക്കി. അദ്ധ്യാപകർക്കായി ഓൺലൈൻ കോഴ്സ് ആസൂത്രണം ചെയ്തു നടപ്പാക്കിവരുന്നു.

(ബി) സാങ്കേതികവിദ്യാ പഠനപ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നതിന് ഐ.ടി. ഉപകരണങ്ങൾ, ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം തുടങ്ങിയവ ശരിയായ രീതിയിൽ ഉപയോഗിക്കുന്നതിനും ഡിജിറ്റൽ പഠന വിഭവങ്ങളുടെ സഹായം ഉറപ്പുവരുത്തുന്നതിനും പ്രത്യേക പരിശീലനങ്ങൾ ഉൾപ്പെടെയുള്ള ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. അതോടൊപ്പം സേവനകാല അദ്ധ്യാപക പരിശീലന പരിപാടികൾ, ഓൺലൈൻ കോഴ്സുകൾ, ഇൻഡക്ഷൻ പരിശീലന പരിപാടികൾ എന്നിവ അദ്ധ്യാപകരുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളവയാണ്.

(സി) ഉപജില്ലാതലത്തിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ നേതൃത്വത്തിലും വിദ്യാഭ്യാസ ജില്ലാതലത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ നേതൃത്വത്തിലും അക്കാദമിക മോണിറ്ററിംഗ് ഫലപ്രദമായി നടന്നുവരുന്നു.

(ഡി) ഉപജില്ലാതലത്തിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ കൺവീനർമാരായും ബ്ലോക്ക് പ്രോഗ്രാം കോ-ഓർഡിനേറ്റർ, ഡയറ്റ് ഫാക്കൽറ്റി എന്നിവർ അംഗങ്ങളായും വിദ്യാഭ്യാസ ജില്ലാതലത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ കൺവീനർമാരായും സമഗ്ര ശിക്ഷാ പ്രോഗ്രാം ഓഫീസർ, ഡയറ്റ് ഫാക്കൽറ്റി എന്നിവർ അംഗങ്ങളായും കമ്മിറ്റി രൂപീകരിച്ച് ആഴ്ചയിൽ കുറഞ്ഞത് രണ്ട് സ്കൂളുകളെങ്കിലും സന്ദർശിച്ച് പ്രത്യേകം തയ്യാറാക്കി നൽകിയിട്ടുള്ള ഫോർമാറ്റിൽ റിപ്പോർട്ട് നൽകുന്നുണ്ട്. ജില്ലാതലത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടർമാർ കൺവീനർമാരായും ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർ, ഡയറ്റ് പ്രിൻസിപ്പാൾമാർ എന്നിവർ അംഗങ്ങളായും കമ്മിറ്റി രൂപീകരിച്ച് മാസത്തിൽ കുറഞ്ഞത് രണ്ട് സ്കൂളുകളെങ്കിലും സന്ദർശിച്ച് റിപ്പോർട്ട് നൽകുന്നുണ്ട്. സംസ്ഥാനതലത്തിൽ ചേരുന്ന വിദ്യാഭ്യാസ ഓഫീസർമാരുടെ റിവ്യൂ മീറ്റിംഗിൽ എല്ലാ വിദ്യാഭ്യാസ ഓഫീസർമാരും അതത് ജില്ലകളിൽ നടത്തിയിട്ടുള്ള അക്കാദമിക് മോണിറ്ററിംഗ് സംബന്ധിച്ച റിപ്പോർട്ട് അവതരിപ്പിക്കുന്നുണ്ട്.

**വിദ്യാർത്ഥികളുടെ ബുദ്ധിപരമായ കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ**

168(1240) ശ്രീ. ചിറ്റയം ഗോപകുമാർ :

ശ്രീമതി ഗീതാ ഗോപി :

ശ്രീ. മുഹമ്മദ് മുഹസിൻ പി :

ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ രംഗത്ത് കുട്ടികളുടെ ഭാഷാപരവും ഗണിതപരവും ശാസ്ത്രപരവും ഉൾപ്പെടെ ബുദ്ധിപരമായ കഴിവുകൾ വികസിപ്പിക്കുന്നതിന് നടപ്പിലാക്കിയ പരിപാടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(ബി) ഓരോ ക്ലാസിലും ഒരു വിദ്യാർത്ഥി ആർജ്ജിക്കേണ്ട ഭാഷാപരവും ഗണിതപരവുമായ ശേഷി നേടിയെടുക്കുന്നു എന്നുറപ്പുവരുത്തുന്നതിന് പൊതുവിദ്യാഭ്യാസ മേഖലയിൽ അവലംബിക്കുന്ന മാർഗ്ഗങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(സി) ഇത്തരം മാർഗ്ഗങ്ങൾ അവലോകനം ചെയ്ത് ന്യൂനതകൾ പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(ഡി) കുട്ടികളുടെ പഠനസമയം അഥവാ അദ്ധ്യാപക-വിദ്യാർത്ഥി ആശയ വിനിമയ സമയം 200 പ്രവൃത്തി ദിവസം അഥവാ 1000 മണിക്കൂറായി ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ രംഗത്ത് കുട്ടികളുടെ ഭാഷാപരവും ഗണിതപരവും ശാസ്ത്രപരവുമായ കഴിവുകൾ വികസിപ്പിക്കുന്നതിന് നിരവധി പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. ഇത്തരത്തിൽ സംഘടിപ്പിക്കുന്ന പ്രധാന പരിപാടികൾ ചുവടെ ചേർക്കുന്നു.

മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, സുരീലിഹിന്ദി, ഇംഗ്ലീഷ്, മലയാളം, ഹിന്ദി വായനകാർഡുകൾ, കുഞ്ഞുവായന, ഉല്ലാസഗണിതം, ഗണിത വിജയം, ഗണിതോത്സവം, ശാസ്ത്രപാർക്ക്, ശാസ്ത്രകൗതുകം, ശാസ്ത്രപഥം, ഭൂമിശാസ്ത്ര ലാബ് (ജിയോ ലേണിംഗ് ലാബ്), ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി എൽ.ഇ.പി. ഇംഗ്ലീഷ് ക്ലാസ്, ഗണിതലാബ്, നമാറ്റ്സ്, ശ്രദ്ധ, ശാസ്ത്രയാനം.

(ബി) ഓരോ ടേം മൂല്യനിർണയത്തിനുശേഷവും കുട്ടികളെ വിലയിരുത്തി പരിഹാരമാർഗ്ഗങ്ങൾ അവലംബിക്കുന്നു. കൂടാതെ നിരന്തരമായി വിലയിരുത്തൽ നടത്തി അവരുടെ ശേഷികൾ പരമാവധി വികസിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്ന രീതിയിൽ മെന്ററിഗ് പരിപാടി 'സഹിതം' എന്ന പേരിൽ നടപ്പിലാക്കിവരുന്നു.

(സി) മേൽ സൂചിപ്പിച്ചിട്ടുള്ള പഠനപോഷണ പരിപാടികൾ അവലോകനം ചെയ്ത് ന്യൂനതകൾ പരിഹരിച്ച് മാറ്റങ്ങൾ വരുത്തിയാണ് സ്കൂളുകളിൽ നടപ്പിലാക്കുന്നത്. ഓരോ പ്രവർത്തനവും തെരഞ്ഞെടുത്ത സ്കൂളുകളിൽ ട്രൈ ഔട്ട് നടത്തി പോരായ്മകളും പരിമിതികളും പരിഹരിച്ചാണ് നടപ്പിലാക്കുന്നത്. പ്രസ്തുത പ്രോഗ്രാമുകളുടെ സമഗ്രമായ വിലയിരുത്തൽ, മോണിറ്ററിംഗ് എന്നിവ നടത്തി പരിഹാര പരിപാടികൾ നടത്തിവരുന്നു.

(ഡി) കുട്ടികളുടെ പഠനസമയം 200 പ്രവൃത്തി ദിവസം അഥവാ 1000 മണിക്കൂറായി ഉറപ്പാക്കുന്ന രീതിയിലാണ് സ്കൂൾ കലണ്ടർ തയ്യാറാക്കിയിട്ടുള്ളത്. കൂടാതെ പാഠ്യക്രമവും അപ്രകാരമാണ് തയ്യാറാക്കിയിട്ടുള്ളത്. നഷ്ടപ്പെടുന്ന പ്രവൃത്തിദിനങ്ങൾ പരിഹരിക്കുന്നതിന് ശനിയാഴ്ചകളിലും സ്കൂളുകൾ പ്രവർത്തിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

**മൾട്ടി ഗ്രേഡ് ലേണിംഗ് സെന്റർ**

169(1241) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര എം.ജി.എൽ.സി.(മൾട്ടി ഗ്രേഡ് ലേണിംഗ് സെന്റർ) പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ജീവനക്കാരുടെ ശമ്പളം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) കഴിഞ്ഞ കുറെ മാസങ്ങളായി പ്രസ്തുത ജീവനക്കാർക്ക് ശമ്പളം കിട്ടുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര മാസത്തെ കുടിശ്ശിക ഉണ്ടെന്ന് വ്യക്തമാക്കാമോ; വിശദവിവരം നല്കാമോ?

ഉത്തരം

(എ) കേരളത്തിൽ 11 ജില്ലകളിലാണ് എം.ജി.എൽ.സി.കൾ പ്രവർത്തിക്കുന്നത്. അവയുടെ എണ്ണം ചുവടെ ചേർക്കുന്നു.

- തിരുവനന്തപുരം - 13
- കൊല്ലം - 2
- എറണാകുളം - 5
- തൃശ്ശൂർ - 1
- പാലക്കാട് - 25
- മലപ്പുറം - 45
- കോഴിക്കോട് - 15
- വയനാട് - 36
- കണ്ണൂർ - 14
- കാസർഗോഡ് - 52
- ഇടുക്കി - 62

(ബി)

- തിരുവനന്തപുരം - 14
- കൊല്ലം - 2
- എറണാകുളം - 5
- തൃശ്ശൂർ - 1
- പാലക്കാട് - 26
- മലപ്പുറം - 77
- കോഴിക്കോട് - 15
- വയനാട് - 38
- കണ്ണൂർ - 16
- കാസർഗോഡ് - 71
- ഇടുക്കി - 75

(സി) എം.ജി.എൽ.സി.-കളിലെ വിദ്യാ വോളണ്ടിയർമാരുടെ ഓണറേറിയം പ്രതിമാസം 18,500 രൂപയാണ്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 4 മാസത്തെ ഓണറേറിയം കുടിശ്ശിക ഉണ്ട്. കുടിശ്ശിക തീർത്തു നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മാതമംഗലം ഗവൺമെന്റ് എൽ.പി. സ്കൂൾ കെട്ടിട നിർമ്മാണം**

170(1242) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ മാതമംഗലം ഗവൺമെന്റ് എൽ.പി. സ്കൂൾ കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണം പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അത് പരിഹരിച്ച് കെട്ടിട നിർമ്മാണ പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) പ്രസ്തുത സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണം 50% പൂർത്തിയായിട്ടുണ്ട്. കെട്ടിടനിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കാനാവശ്യമായ നിർദ്ദേശം നിർവ്വഹണ ഏജൻസിയായ നിർമ്മിതി കേന്ദ്രയ്ക്ക് നൽകിയിട്ടുണ്ട്.

**ദേവികുളം മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള പദ്ധതികൾ**

171(1243) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേവികുളം നിയോജകമണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വിവിധ പദ്ധതികളിലൂടെ അനുവദിച്ചിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതൊക്കെ പൂർത്തിയാക്കിയെന്നും അവശേഷിക്കുന്നവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&സി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**ഒല്ലൂർ മണ്ഡലത്തിൽ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന സ്കൂളുകൾ**

172(1244) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതു-വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒല്ലൂർ മണ്ഡലത്തിലെ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുവേണ്ടിയുള്ള നിർമ്മാണപ്രവൃത്തികളുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്തുന്നതിനായി ഒല്ലൂർ മണ്ഡലത്തിൽ നിന്നും താഴെപ്പറയുന്ന സ്കൂളുകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്.

1. 5 കോടി രൂപ കിഫ്ബി ധനസഹായം - ജി.എച്ച്.എസ്.എസ്., പുത്തൂർ (നിർമ്മാണം ആരംഭിച്ചു)
2. 3 കോടി രൂപ കിഫ്ബി ധനസഹായം - ജി.എച്ച്.എസ്.എസ്. പീച്ചി (നിർമ്മാണം ആരംഭിച്ചു.) വൈലോപ്പിള്ളി ശ്രീധരമേനോൻ ഗവ. എച്ച്.എസ്.എസ്., ഒല്ലൂർ, ജി.എച്ച്.എസ്.എസ്., പട്ടിക്കാട്, ജി.എച്ച്.എസ്.എസ്., എരുമയൂർ (എസ്.പി.വി.യായി ഇൻകലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്).
3. ഒരു കോടി രൂപ - ജി.എച്ച്.എസ്.എസ്., അഞ്ചേരി, കാട്ടിലപ്പൂവ്വം (എസ്.പി.വി.യായി കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്).
4. പ്ലാൻ ഫണ്ട് - ജി.യു.പി.എസ്., മൂർക്കാനിക്കര, ജി.എൽ.പി.എസ്., പുത്തൂർ.

**നെടുമങ്ങാട് മണ്ഡലത്തിലെ സ്കൂളുകളുടെ വികസനം**

173(1245) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് മണ്ഡലത്തിലെ വിവിധ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 3 കോടി രൂപ അനുവദിക്കപ്പെടുകയും ഇൻകെൽ-നെ എസ്.പി.വി. ആയി ചുമതലപ്പെടുത്തിയിട്ടുള്ളതുമായ പ്രവൃത്തികൾ ഇനിയും ആരംഭിക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കാലതാമസം ഒഴിവാക്കി സമയബന്ധിതമായി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് സർക്കാർ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. 2017-18 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 3 കോടി രൂപ അനുവദിച്ച ജി.ജി.എച്ച്.എസ്.എസ്. കന്യാകുളങ്ങരയുടെ എസ്.പി.വി. ആയി കൈറ്റിനെയായിരുന്നു നിയമിച്ചിരുന്നത്. 1-8-2019-ൽ എസ്.പി.വി.-യായ കൈറ്റിനെ മാറ്റി ഇൻകലിനെ നിയമിച്ചിട്ടുണ്ട്. കൂടാതെ 2018-19 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 3 കോടി രൂപ അനുവദിച്ച സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കും എസ്.പി.വി.-യായി ഇൻകലിനെ തന്നെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**മാവേലിക്കരയിലെ സ്കൂളുകളിലെ പദ്ധതികൾ**

174(1246) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതു-വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയതും വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി വിവിധ സ്കൂളുകളുടെ ഉന്നമനത്തിനായി അനുവദിച്ചതും വിനിയോഗിച്ചതുമായ തുകയുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ സ്കൂളുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുവാൻ നിർവ്വഹണ ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യവികസനം**

175(1247) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് ഈ സാമ്പത്തിക വർഷം വകയിരുത്തിയിരുന്ന തുകയും ചെലവഴിച്ച തുകയും എത്രയാണെന്ന് വെളിപ്പെടുത്തുമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) വേങ്ങര നിയോജകമണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഈ സർക്കാരിന്റെ കാലത്ത് വിവിധ ഫണ്ടുകൾ ഉപയോഗിച്ച് അടിസ്ഥാന സൗകര്യ വികസനത്തിനായി അനുവദിച്ച പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

ഉത്തരം

(എ) സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2019-20 സാമ്പത്തിക വർഷത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന് പദ്ധതിയിനത്തിൽ 23250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുകയിൽ 21493.35 ലക്ഷം രൂപയ്ക്ക് ഇതുവരെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

കൂടാതെ കിഫ്ബി ഫണ്ട് വിനിയോഗിച്ച് സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി 326 സ്കൂളുകൾക്കായി 1237.67 കോടി രൂപയും ആയിരം കുട്ടികളിൽ കൂടുതൽ പഠിക്കുന്ന 166 സ്കൂളുകൾക്ക് 3 കോടി രൂപയും 500-നും 1000-നുമിടയിൽ കുട്ടികൾ പഠിക്കുന്ന 446 സ്കൂളുകളിൽ 1 കോടി രൂപയും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് നൽകിയിട്ടുണ്ട്.

(ബി) കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയ സ്കൂളുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

**'എൻ.എസ്.ക്യൂ.എഫ്' ഫോർമാറ്റ്**

176(1248) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സുകൾ എൻ.എസ്.ക്യൂ.എഫ്. ഫോർമാറ്റിലേയ്ക്ക് മാറ്റുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ ജീവനക്കാരുടെ പുനർവിന്യാസത്തെ കുറിച്ചുള്ള ആശങ്കകൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) എയ്ഡഡ് മേഖലയിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുമോ എന്ന് അറിയിക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുമ്പോൾ വൊക്കേഷണൽ ടീച്ചർ, വൊക്കേഷണൽ ഇൻസ്ട്രക്ടർ, ലാബ് അസിസ്റ്റന്റ് എന്നീ തസ്തികകളിലെ ജോലിഭാരം ക്രമീകരിക്കാൻ വ്യവസ്ഥയുണ്ടാകുമോ; വ്യക്തമാക്കുമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

(സി) 2020-21 അധ്യയനവർഷം മുതൽ എയ്ഡഡ് മേഖലയിലും എൻ.എസ്.ക്യു.എഫ്. പാഠ്യപദ്ധതി നടപ്പിലാക്കുന്നതാണ്.

(ഡി) കേരളത്തിലെ വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സുകൾ എൻ.എസ്.ക്യു.എഫ്. പാഠ്യപദ്ധതിയിലേയ്ക്ക് മാറ്റുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിന് 24-1-2020-ലെ സ.ഉ.(കൈ) നമ്പർ 13/2020/പൊ.വി.വ. പ്രകാരം ഒരു സമിതി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

**ഹയർ സെക്കണ്ടറി സ്കൂളുകളിലെ പദ്ധതി നിർവ്വഹണം**

177(1249) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷം കിഫ്ബിയിൽനിന്നും 3 കോടി രൂപ അനുവദിച്ച കാട്ടികുളം, വെള്ളമുണ്ട, പനമരം എന്നീ ഹയർ സെക്കണ്ടറി സ്കൂളുകളുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച നിലവിലെ അവസ്ഥ അറിയിക്കാമോ;

(ബി) ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ടെണ്ടർ എടുത്ത കമ്പനിയുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) 2017-18 സാമ്പത്തിക വർഷം കിഫ്ബിയിൽനിന്നും 3 കോടി രൂപ അനുവദിച്ച കാട്ടികുളം, വെള്ളമുണ്ട, പനമരം എന്നീ ഹയർ സെക്കണ്ടറി സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനത്തിനുള്ള എസ്.പി.വി. ആയി ഇൻകലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം**

178(1250) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു-വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാമനപുരം നിയോജകമണ്ഡലത്തിൽ പൊതു വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് എത്ര തുക അനുവദിച്ചുവെന്നും ഏതെല്ലാം വിദ്യാലയങ്ങൾക്കാണ് തുക അനുവദിച്ചതെന്നും അറിയിക്കാമോ;

(ബി) ഏതൊക്കെ ഫണ്ടിൽ നിന്നുമാണ് തുക അനുവദിച്ചതെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത സ്കൂളുകളിലെ പ്രവൃത്തിയുടെ പുരോഗതി വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ-സി) കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയ സ്കൂളുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

**എയ്ഡഡ് സ്കൂൾ നവീകരണത്തിനായുള്ള ചലഞ്ച് ഫണ്ട്**

179(1251) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു-വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളുടെ നവീകരണത്തിനായി സർക്കാർ ആവിഷ്കരിച്ചിട്ടുള്ള ചലഞ്ച് ഫണ്ട് പ്രകാരം സംസ്ഥാനത്ത് എത്ര സ്കൂളുകൾക്ക് ധനസഹായം നൽകിയെന്നും എത്ര തുകയാണ് അനുവദിച്ചതെന്നും അറിയിക്കാമോ;

(ബി) പാലക്കാട് ജില്ലയിലെ ഏതെല്ലാം സ്കൂളുകൾക്കാണ് പ്രസ്തുത ഫണ്ട് അനുവദിച്ചതെന്നും എത്ര തുക അനുവദിച്ചുവെന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ചലഞ്ച് ഫണ്ട് വിനിയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് 61 സ്കൂളുകൾക്കായി 1988.5 ലക്ഷം (ആയിരത്തി തൊള്ളായിരത്തി എൺപത്തിയെട്ട് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) രൂപയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പാലക്കാട് ജില്ലയിൽ ചലഞ്ച് ഫണ്ട് അനുവദിച്ച സ്കൂളുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | ഭരണാനുമതി നൽകിയ തുക |
|---|---|---|
| 1 | സെന്റ് മേരീസ് എൽ.പി. സ്കൂൾ, മംഗലഗിരി, പാലക്കാട് | 25 ലക്ഷം |
| 2 | എ.യു.പി.സ്കൂൾ, ചങ്ങലീരി | 40 ലക്ഷം |
| 3 | സെന്റ് സ്റ്റീഫൻസ് എൽ.പി. സ്കൂൾ, രാജഗിരി, കള്ളമല | 25 ലക്ഷം |
| 4 | കല്ലടി അബ്ദു ഹാജി ഹയർ സെക്കണ്ടറി സ്കൂൾ, കോട്ടോപ്പാടം, പാലക്കാട് | 20 ലക്ഷം |
| | ആകെ | 110 ലക്ഷം |

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വിളയൂർ ഹൈസ്കൂൾ കെട്ടിടം നിർമ്മാണം

180(T*1252) ശ്രീ. മുഹമ്മദ് മുഹസിൻ പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-2020-ലെ ബജറ്റിൽ തുക വകയിരുത്തിയിട്ടുള്ള വിളയൂർ ഹൈസ്കൂൾ കെട്ടിട നിർമ്മാണ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കെട്ടിടനിർമ്മാണത്തിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല.

## രോഷ്നി പദ്ധതി

181(1253) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതിക്കായി നടപ്പാക്കിവരുന്ന രോഷ്നി പദ്ധതി തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

(എ) നിലവിൽ എറണാകുളം ജില്ലയിൽ മാത്രമാണ് രോഷ്നി പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

(ബി) എറണാകുളം ജില്ലയിൽ ജില്ലാ ഭരണകൂടം, വിദ്യാഭ്യാസ വകുപ്പ്, സമഗ്ര ശിക്ഷാ അഭിയാൻ എന്നിവ സംയുക്തമായി കൊച്ചി ബി.പി.സി.എൽ.-ന്റെ സാമ്പത്തിക സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികളെ സ്കൂളിൽ എത്തിക്കുക, അവരുടെ കൊഴിഞ്ഞുപോക്ക് തടയുക, അവരുടെ പഠന നിലവാരം മെച്ചപ്പെടുത്തുക, കുട്ടികളുടെ മാതൃഭാഷയിലുള്ള വാളന്റിയർമാരെ സ്കൂളുകളിൽ നിയോഗിച്ച് ഭാഷാമൂല്യമുള്ള പരിമിതികൾ മറികടക്കുക എന്നിവയെല്ലാം ഇതിന്റെ ഭാഗമായി ചെയ്തുവരുന്നു. പദ്ധതിയുടെ ഭാഗമായി കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകുന്നുണ്ട്.

*'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

കുട്ടികളുടെ കലാപരമായ വാസനകളെ പരിപോഷിപ്പിക്കുന്നതും പദ്ധതിയുടെ ഭാഗമാണ്. 2017-ൽ 4 സ്കൂളുകളിൽ മാത്രം ആരംഭിച്ച ഈ പദ്ധതിയിൽ നിലവിൽ 50 സ്കൂളുകളിലെ 2000-ൽ പരം കുട്ടികൾ ഉൾപ്പെട്ടിട്ടുണ്ട്.

**ഒറ്റപ്പാലം മണ്ഡലത്തിലെ പ്രവൃത്തികൾ**

182(1254) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയും എന്നാണ് ആരംഭിച്ചതെന്നും, എന്ന് പൂർത്തികരിക്കാൻ കഴിയും എന്നും വിശദീകരിക്കാമോ?

ഉത്തരം

(എ&ബി) കെട്ടിടനിർമ്മാണത്തിന് ഭരണാനുമതി നൽകിയ സ്കൂളുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

**സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങൾ**

183(1255) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിവഴിയും അല്ലാതെയും സംസ്ഥാനത്തെ സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനും സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആയി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ബി) അതിൽ കോഴിക്കോട് ജില്ലയിൽ ഉൾപ്പെട്ട സ്കൂളുകളുടെ എണ്ണം അറിയിക്കാമോ;

(സി) ആകെ എത്ര സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു; എത്ര എണ്ണം ആരംഭിച്ചു; വ്യക്തമാക്കാമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ മേഖലയിൽ മികച്ച അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി ഒരു നിയോജകമണ്ഡലത്തിലെ ഒരു സ്കൂൾ വീതം തെരഞ്ഞെടുത്ത് മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 5 കോടി രൂപ കിഫ്ബി ധനസഹായത്തോടെ 141 സ്കൂളുകളിൽ നിർമ്മാണം ആരംഭിക്കുകയും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

21 സ്കൂളുകളിൽ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു. 10 സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തി ഫെബ്രുവരി മാസം പൂർത്തിയാക്കാൻ കഴിയുമെന്ന് കരുതുന്നു. 52 സ്കൂളുകളിൽ 60%-ൽ അധികം പണികൾ കഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ള സ്കൂളുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

2017-18 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 3 കോടി കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് ഭരണാനുമതി നൽകിയ 213 സ്കൂളുകളിൽ 70 സ്കൂളുകളുടെ നിർമ്മാണം ആരംഭിക്കുകയും അതിൽ 11 സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. 115 സ്കൂളുകൾക്ക് കിഫ്ബിയുടെ അനുമതി ലഭ്യമാകുകയും 28 സ്കൂളുകളുടെ ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു. 67 സ്കൂളുകളുടെ നിർമ്മാണ ചുമതല എസ്.പി.വി. ആയ ഇൻകലിന് നൽകിയിട്ടുള്ളതിനാൽ, കിഫ്ബി അംഗീകാരം ലഭ്യമായ 39 സ്കൂളുകളിൽ 37 സ്കൂളുകളുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 50 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ എസ്.പി.വി.യായി വാപ്കോസിനെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. ഇതിൽ 36 എണ്ണത്തിന്റെ ടെണ്ടർ നടപടികൾ സ്വീകരിച്ചു. 14 എണ്ണം റീടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2018-19 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന 166 സ്കൂളുകൾക്ക് 3 കോടി കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ ചുമതല എസ്.പി.വി. ആയ ഇൻകലിനെ ഏൽപ്പിച്ചിട്ടുണ്ട്. 500-നും 1000-നും ഇടയിൽ കുട്ടികൾ പഠിക്കുന്ന 446 സ്കൂളുകൾക്ക് 1 കോടി കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സ്കൂളുകളുടെ നിർമ്മാണം നടത്തുന്നതിന് എസ്.പി.വി. ആയി കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കോഴിക്കോട് ജില്ലയിൽ മികവിന്റെ കേന്ദ്രമാക്കുന്നതിനായി 5 കോടി പദ്ധതിയിൽ ഉൾപ്പെടുത്തി 13 സ്കൂളുകളെയും അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള 3 കോടി പദ്ധതിയിൽ ഉൾപ്പെടുത്തി 45 സ്കൂളുകളെയും ഒരു കോടി പദ്ധതിയിൽ ഉൾപ്പെടുത്തി 31 സ്കൂളുകളെയും തെരഞ്ഞെടുത്തിട്ടുണ്ട്.

(സി) സംസ്ഥാനത്ത് മികവിന്റെ കേന്ദ്രമാക്കുന്നതിനായി തെരഞ്ഞെടുത്ത 141 സ്കൂളുകളിലും അടിസ്ഥാനസൗകര്യ വികസനത്തിനായി തെരഞ്ഞെടുത്ത 96 സ്കൂളുകളിലും നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചു. മികവിന്റെ കേന്ദ്രമാക്കുന്നതിൽ 21 സ്കൂളുകളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനായി തെരഞ്ഞെടുത്ത സ്കൂളുകളിൽ 11 സ്കൂളുകളുടെയും നിർമ്മാണം പൂർത്തിയായി.

## നീന്തൽക്കുള നിർമ്മാണം

184(1256) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു നിയോജകമണ്ഡലത്തിൽ ഒരു നീന്തൽകുളം എന്ന പദ്ധതിക്ക് വിദ്യാഭ്യാസ വകുപ്പ് ഭരണാനുമതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ നീന്തൽകുള നിർമ്മാണത്തിന് ഏത് സ്കൂളിനെയാണ് തെരഞ്ഞെടുത്തത് എന്ന് വ്യക്തമാക്കാമോ;

(സി) നീന്തൽകുള നിർമ്മാണത്തിനായുള്ള ഡി.പി.ആർ. പൂർത്തിയാക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തുന്നത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ-സി) ഒരു നിയോജകമണ്ഡലത്തിലെ ഒരു വിദ്യാലത്തിൽ ഒരു നീന്തൽക്കുളം എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായിട്ടുള്ള സ്കൂൾ സെലക്ഷനും മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതും സംബന്ധിച്ച നടപടിക്രമം നടന്നുവരുന്നു.

## വിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ട്

185(1257) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തികവർഷം വിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്തെ ഏതെല്ലാം സ്കൂളുകൾ നവീകരിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ;

(ബി) ആകെ എത്ര തുകയാണ് ഇതിനായി മാറ്റി വെച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പദ്ധതിയിനത്തിൽ 23,250 ലക്ഷം രൂപയും ഹയർ സെക്കണ്ടറി സ്കൂളുകളുടെ ലാബ് നവീകരണത്തിനായി 3500 ലക്ഷം രൂപയും 2019-20 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്. ഭരണാനുമതി നൽകിയ സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്*.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## നബാർഡിന്റെ പദ്ധതിപ്രകാരം അനുവദിച്ച തുകയിൽ പദ്ധതിക്കുശേഷമുള്ള നീക്കിയിരുപ്പ് തുക

186(1258) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേളാരി വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം കെട്ടിട നിർമ്മാണത്തിനായി നബാർഡിന്റെ ധനസഹായ പദ്ധതിപ്രകാരം അനുവദിച്ച തുകയിൽ കെട്ടിട നിർമ്മാണം കഴിഞ്ഞ് നീക്കിയിരുപ്പു തുക പ്രസ്തുത സ്കൂളിന് ആവശ്യമായ സൗകര്യങ്ങൾ ചെയ്യുന്നതിന് അനുവദിക്കുന്നതിന് സ്കൂൾ പ്രിൻസിപ്പൽ നൽകിയ അപേക്ഷ ബന്ധപ്പെട്ട വിഭാഗങ്ങൾ തയ്യാറാക്കിയ എസ്റ്റിമേറ്റ് സഹിതം കുറ്റിപ്പുറം വി. എച്ച്. എസ്. ഇ. മേഖലാ ഓഫീസിൽനിന്ന് അസിസ്റ്റന്റ് ഡയറക്ടർ മുഖേന പൊതവിദ്യാഭ്യാസ ഡയറക്ടർക്ക് 19-12-2019-ലെ എ 3-1209 കത്ത് പ്രകാരം സമർപ്പിച്ചിരുന്നുവോ;

(ബി) ഇത് സംബന്ധിച്ച് സ്ഥലം എം.എൽ.എ. പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിവേദനം സമർപ്പിച്ചിരുന്നുവോ;

(സി) ഇക്കാര്യത്തിലുള്ള നടപടികളുടെ പുരോഗതി ഫയൽ നമ്പർ സഹിതം വിശദമാക്കാമോ;

(ഡി) പുതിയ കെട്ടിടത്തിന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടികൾ ത്വരിതപ്പെടുത്താമോ?

ഉത്തരം

(എ&ബി) സമർപ്പിച്ചിരുന്നു.

(സി&ഡി) ഇക്കാര്യം എസ്.സി.3/41/2020/പൊ.വി.വ. ഫയലിൽ പരിശോധിച്ചുവരുന്നു.

## വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിനുള്ള നടപടികൾ

187(1259) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അദ്ധ്യാപന നിലവാരം ഉയർത്തുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തിയും, ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കിയും പൊതുവിദ്യാലയങ്ങളിൽ സർക്കാർ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയെന്നും, 2016-നുശേഷം പൊതുവിദ്യാലയങ്ങളിൽ ഓരോ ക്ലാസ്സുകളിലും ഉണ്ടായിട്ടുള്ള വർദ്ധന എത്രയെന്നും വർഷം തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഹൈടെക് സംവിധാനങ്ങളും പശ്ചാത്തല സൗകര്യവും ഒരുക്കുന്നതോടൊപ്പം ഡിജിറ്റൽ വിഭവങ്ങളും ആധുനിക വിവര വിനിമയ സാങ്കേതികവിദ്യയുടെ പ്രയോജനം പഠനബോധന പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള 'സമഗ്ര' ഡിജിറ്റൽ വിഭവ പോർട്ടൽ, ലിറ്റിൽ കൈറ്റ് ഐ.ടി. ക്ലബ്ബുകൾ, പ്രത്യേക പരിശീലനം അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും തുടങ്ങിയ പ്രവർത്തനങ്ങളും നടപ്പിലാക്കി. ഹയർസെക്കണ്ടറി, സെക്കണ്ടറി, പ്രൈമറി, ഡയറ്റ്, ടീച്ചർ എഡ്യൂക്കേറ്റർ തുടങ്ങി വിവിധതലത്തിലുള്ള അദ്ധ്യാപകർക്ക് വിവിധ രൂപത്തിലുള്ള ശാക്തീകരണ പരിപാടികൾ നടത്തി അവരെ ശാക്തീകരിച്ചു. ഒരു അക്കാദമിക വർഷം 200 പ്രവൃത്തി ദിവസം ലഭിക്കുന്നതിനാവശ്യമായ ക്രമീകരണം നടത്തി.

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണത്തിനും നിലവാര വർദ്ധനയ്ക്കും വേണ്ടി 'പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം' എന്ന പേരിൽ പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ ഹൈടെക് സ്കൂൾ പദ്ധതി, പ്രൈമറി വിഭാഗം സ്കൂളുകൾക്കുള്ള ഹൈടെക് ലാബ് പദ്ധതി എന്നിവയോടൊപ്പം ഒരു നിയോജകമണ്ഡലത്തിൽ ഒരു സ്കൂൾ എന്ന നിലയിൽ സംസ്ഥാനമൊട്ടാകെ 141 സ്കൂളുകളെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്ന പദ്ധതി കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിനുപുറമെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് ഒരു സ്കൂളിന് 3 കോടി രൂപവീതം ചെലവഴിച്ച് കൈറ്റ് എസ്.പി.വി. ആയി 96 സ്കൂളുകളിൽ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി 233 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഇൻകലിനെയും 50 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി വാപ്കോസിനെയുമാണ് എസ്.പി.വി. ആയി ചുമതലപ്പെടുത്തിയിരിക്കുന്നത്.

പശ്ചാത്തല സൗകര്യവികസനത്തിനായി ഒരു കോടി രൂപ വീതം ചെലവഴിക്കുന്ന പദ്ധതിയിൽ ഉൾപ്പെട്ട 446 സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തികളുടെ തുടർനടത്തിപ്പിനായി എസ്.പി.വി. ആയി കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഹയർസെക്കണ്ടറി, സെക്കണ്ടറി, പ്രൈമറി, ഡയറ്റ്, ടീച്ചർ എഡ്യൂക്കേറ്റർ തുടങ്ങി വിവിധതലത്തിലുള്ള അദ്ധ്യാപകർക്ക് വിവിധരൂപത്തിലുള്ള ശാക്തീകരണ പരിപാടികൾ നടത്തി അവരെ ശാക്തീകരിച്ചു. ഒരു അക്കാദമിക വർഷം 200 പ്രവൃത്തി ദിവസം ലഭിക്കുന്നതിനാവശ്യമായ ക്രമീകരണം നടത്തി.

പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികളെ മുഖ്യധാരയിൽ എത്തിക്കുന്നതിനായി 'ശ്രദ്ധ' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിവരുന്നു. മലയാള ഭാഷാപഠനം കൂടുതൽ ഫലപ്രദമാക്കുന്നതിന് മലയാളത്തിളക്കം, ഇംഗ്ലീഷ് പഠനത്തിനായി 'ഹലോ ഇംഗ്ലീഷ്', ഹിന്ദി പഠനത്തിനായി 'സുരീലി ഹിന്ദി', അറബി പഠനത്തിനായി 'അഹ്ലൻ അറബിക്' എന്നീ പദ്ധതികൾ സമഗ്ര ശിക്ഷാ കേരളയുടെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നു. കൂടാതെ ഗണിതശേഷി വികസിപ്പിക്കുന്നതിന് 'നമാറ്റ്സ്', സോഷ്യൽ സയൻസ് പഠനത്തിനായി 'സ്റ്റെപ്സ്' എന്നീ പദ്ധതികൾ എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നു.

2017-18 അധ്യയന വർഷം മുതൽ ഓരോ വർഷം ഓരോ ക്ലാസിലുമുണ്ടായ കുട്ടികളുടെ വർദ്ധന സംബന്ധിച്ച കണക്ക് അനുബന്ധമായി ചേർക്കുന്നു*.

### സ്കൂൾ പാഠ്യപദ്ധതിയുടെയും പാഠപുസ്തകങ്ങളുടെയും പരിഷ്കരണം

188(1260) പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. കെ. ബാബു:
ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഒന്നുമുതൽ പന്ത്രണ്ടുവരെയുള്ള സ്കൂൾ പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും സമഗ്രമായി പരിഷ്കരിക്കാൻ 50-ാം സ്കൂൾ കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ടോയെന്നു അറിയിക്കാമോ;

(ബി) ഉണ്ടെങ്കിൽ കരിക്കുലം കമ്മിറ്റിയുടെ പ്രസ്തുത തീരുമാനത്തിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിയുള്ള പഠനം ശക്തിപ്പെടുത്തുന്നതിനും നൈപുണ്യശേഷി വികസനത്തിന് അനുയോജ്യമായ തൊഴിൽ പഠനം നടപ്പാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ടോ;

(ഡി) പുതുതായി പ്രസിദ്ധീകരിക്കുന്ന പാഠപുസ്തകങ്ങളിൽ ക്യൂ.ആർ. കോഡ് പതിപ്പിക്കാനും വിവിധ ഡിജിറ്റൽ റിസോഴ്സുകളുമായി ബന്ധിപ്പിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) നിലവിലെ സ്കൂൾ പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും പരിഷ്കരിക്കണമെന്ന് സംസ്ഥാന കരിക്കുലം കമ്മിറ്റി നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) പാഠ്യപദ്ധതി പരിഷ്കരണത്തിലേയ്ക്ക് നയിക്കുന്ന കരട് സമീപനരേഖ തയ്യാറാക്കിയിട്ടുണ്ട്. തുടർന്ന് ഓരോ തലത്തിലേയ്ക്കുംവേണ്ട പഠനനേട്ടങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. പരിഷ്കരണം സംബന്ധിച്ച് കൂടുതൽ ആശയങ്ങൾ സ്വരൂപിക്കുന്നതിന് വിവിധ മേഖലകളിലെ വിദഗ്ദ്ധരുമായി ആശയവിനിമയം നടന്നുവരുന്നു.

(സി) വിവര സാങ്കേതികവിദ്യയുടെ പരമാവധി ഉപയോഗം ഉറപ്പുവരുത്തുന്ന രീതിയിലാണ് പാഠ്യപദ്ധതി തയ്യാറാക്കുന്നത്. കൂടാതെ നൈപുണീ വികസനത്തിന് അനുയോജ്യമായ രീതിയിൽ തൊഴിൽ പഠനം ഉറപ്പാക്കുന്നതരത്തിലുമാണ് പാഠ്യപദ്ധതി വിഭാവന ചെയ്തിട്ടുള്ളത്.

(ഡി) സ്വീകരിച്ചിട്ടുണ്ട്. നിലവിൽ 8 മുതൽ 12 വരെ ക്ലാസുകളിലെ പാഠപുസ്കങ്ങളിൽ ക്യൂ.ആർ. കോഡ് ഉൾച്ചേർത്ത് പാഠപുസ്കങ്ങൾ പരിഷ്കരിച്ചിട്ടുണ്ട്.

**പാഠ്യപദ്ധതിയിൽ ഭരണഘടനാ പഠനം ഉൾപ്പെടുത്തുന്നതിന് നടപടി**

189(T*1261) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീമതി ഗീതാ ഗോപി:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തിന്റെ ഭരണഘടന സംരക്ഷിക്കപ്പെടേണ്ടതാണെന്ന പൊതുബോധം വളർത്തിയെടുക്കുന്നതിന് സ്കൂൾ - കോളേജ് അസംബ്ലികളിൽ ഭരണഘടനയുടെ ആമുഖം വായിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) ഭരണഘടന, ഭരണഘടനാ മൂല്യങ്ങൾ, ഭരണഘടനയുടെ പ്രായോഗികത എന്നിവ സംബന്ധിച്ച് വിദ്യാർത്ഥികൾക്ക് അറിവ് നല്കുന്നതിന് ഭരണഘടനാപഠനം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ 'നൈതികം' പരിപാടിയുടെ ഭാഗമായി സ്കൂൾ അസംബ്ലിയിൽ ഭരണഘടനയുടെ ആമുഖം വായിച്ചിട്ടുണ്ട്.

*'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) നിലവിലെ പാഠ്യപദ്ധതിയിൽ ഈ മേഖലയിൽ സോഷ്യൽ സയൻസ് വിഷയത്തിൽ ഉചിതമായ രീതിയിൽ ഉൾച്ചേർത്തിട്ടുണ്ട്. സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണ വേളയിൽ മേൽ സൂചന വിഷയങ്ങൾ ഉചിതമായ രീതിയിൽ വിവിധ വിഷയങ്ങളുമായി ഉദ്ഗ്രഥിച്ച് ഉൾച്ചേർക്കുന്നതാണ്.

## പ്രീ-സ്കൂൾ വിദ്യാഭ്യാസ മേഖലയുടെ ശാക്തീകരണം

190(1262) ശ്രീ. സി. ദിവാകരൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രീ-സ്കൂൾ വിദ്യാഭ്യാസ മേഖല ശാക്തീകരിക്കുന്നതിന് സർക്കാർ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പ്രീ-സ്കൂൾ അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സർക്കാർ അംഗീകൃത പ്രീ-പ്രൈമറി അദ്ധ്യാപികമാരുടെയും ആയമാരുടെയും ഓണറേറിയം വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ഡി) പ്രീ-സ്കൂൾ പഠനം മെച്ചപ്പെടുത്തുന്നതിനുവേണ്ട പാഠ്യപദ്ധതി ചട്ടക്കൂട് തയ്യാറാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ഇ) പ്രീ-സ്കൂൾ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി നിലവിലുള്ള അങ്കണവാടികളെയും പ്രീ-പ്രൈമറി സംവിധാനത്തെയും ഉൾപ്പെടുത്തിയാണോ തയ്യാറാക്കിയിട്ടുള്ളതെന്നും അതിനായി സ്വീകരിക്കുന്ന രീതികളും നടപടികളും സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുമോ?

### ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രമുഖ ലക്ഷ്യങ്ങളിൽ ഒന്നാണ് പ്രീ-സ്കൂൾ വിദ്യാഭ്യാസം ശാസ്ത്രീയമായി പരിഷ്കരിക്കുക എന്നത്. ശിശുകേന്ദ്രീകൃതമായ പ്രീ-സ്കൂൾ വിദ്യാഭ്യാസം പ്രാവർത്തികമാക്കുന്നതിനായി 2014-ൽ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയ പ്രീ-സ്കൂൾ പാഠ്യപദ്ധതിയുടെ അടിസ്ഥാനത്തിൽ 2017-ൽ പ്രീ-സ്കൂൾ അദ്ധ്യാപകർക്കായി കളിപ്പാട്ടം എന്ന പേരിലുള്ള പ്രവർത്തന പുസ്തകവും കുട്ടികൾക്കായി (3+, 4+ പ്രായക്കാർക്ക്) കളിത്തോണി എന്ന പ്രവർത്തന പുസ്തകവും, അവ ക്ലാസിൽ വിനിമയം ചെയ്യുന്നതിനുള്ള അദ്ധ്യാപക വിനിമയ സഹായിയും തയ്യാറാക്കിയിട്ടുണ്ട്.

തയ്യാറാക്കപ്പെട്ട സഹായികൾ പ്രാവർത്തികമാക്കുന്നതിനായി അദ്ധ്യാപകർക്ക് ഘട്ടംഘട്ടമായി ട്രൈഔട്ടുകൾ നടത്തി പരിശീലനം എസ്.സി.ഇ.ആർ.ടി., ഡയറ്റ് എന്നിവയുടെ നേതൃത്വത്തിൽ നൽകിവരുന്നു.

ക്ലാസ് മുറികളിൽ അക്കാദമിക-ഭൗതിക സൗകര്യങ്ങൾ ഉറപ്പു വരുത്തുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട പ്രീ-സ്കൂളുകളിൽ സാമ്പത്തിക സഹായം നൽകി പ്രവർത്തനമൂലകൾ സജ്ജീകരിച്ചുവരുന്നു.

(ബി&സി) സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 5039/2019 പൊ.വി.വ. തീയതി 22-11-2019 പ്രകാരം പ്രീ-പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കും യഥാക്രമം 11,000 രൂപ, 6500 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ വർദ്ധിപ്പിച്ച തുക നവംബർ 2019 മുതൽ അനുവദിച്ചുവരുന്നു.

(ഡി) ഏകീകൃത പ്രീ-സ്കൂൾ പാഠ്യപദ്ധതി തയ്യാറാക്കിയിട്ടുണ്ട്. എസ്.സി.ഇ.ആർ.ടി.യുടെ വെബ്സൈറ്റിലും പുസ്തക രൂപേണ സെയിൽസ് കൗണ്ടറിലും ലഭ്യമാണ്.

(ഇ) കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമായി അങ്കണവാടികളിലെ കുട്ടികൾക്കും ശാസ്ത്രീയമായി വിദ്യാഭ്യാസം നൽകുന്നതിന് പൈലറ്റ് അടിസ്ഥാനത്തിൽ ക്ലസ്റ്ററധിഷ്ഠിത പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. ഇതിനാവശ്യമായ അവസ്ഥാ പഠനം പൂർത്തിയായിവരുന്നു. ഇതിന്റെ അദ്ധ്യാപക പരിശീലനം നൽകുന്നതിനായി സംസ്ഥാന റിസോഴ്സ് അംഗങ്ങൾക്ക് ശില്പശാലകളും പരിശീലനങ്ങളും സംഘടിപ്പിച്ചു. പരിശീലന മൊഡ്യൂളിന്റെ പാക്കേജും തയ്യാറാക്കിയിട്ടുണ്ട്. തുടർ പരിശീലനത്തിനുള്ള ഏകോപന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

എസ്.സി.ഇ.ആർ.ടി. ക്ലസ്റ്റർ അധിഷ്ഠിത പ്രീ-സ്കൂൾ ഏകോപന പ്രവർത്തനങ്ങൾക്കായി വെള്ളായണി എം.എൻ.എൽ.പി.എസ്.-നെയും ആ ക്ലസ്റ്ററിലെ 3 അങ്കണവാടികളെയും സംയോജിപ്പിച്ചുകൊണ്ട് ഒരു ഗവേഷണ പഠനം ആരംഭിച്ചിട്ടുണ്ട്.

## പ്രീ-പ്രൈമറി വിഭാഗമില്ലാത്ത സ്കൂളുകൾ

191(1263) <u>ശ്രീ. ഡി. കെ. മുരളി :</u> താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പ്രീ-പ്രൈമറി വിഭാഗമില്ലാത്ത സർക്കാർ, എയ്ഡഡ് സ്കൂളുകളുണ്ടോ;എങ്കിൽ അവയുടെ ജില്ലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ നൽകാമോ?

<u>ഉത്തരം</u>

ഉണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | സംസ്ഥാനത്ത് പ്രീ-പ്രൈമറി വിഭാഗമില്ലാത്ത സർക്കാർ സ്കൂളുകൾ | സംസ്ഥാനത്ത് പ്രീ-പ്രൈമറി വിഭാഗമില്ലാത്ത എയ്ഡഡ് സ്കൂളുകൾ | ആകെ |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 86 | 117 | 203 |
| 2 | കൊല്ലം | 108 | 218 | 326 |
| 3 | പത്തനംതിട്ട | 64 | 186 | 250 |
| 4 | ആലപ്പുഴ | 74 | 183 | 257 |
| 5 | കോട്ടയം | 114 | 343 | 457 |
| 6 | ഇടുക്കി | 108 | 155 | 263 |
| 7 | എറണാകുളം | 76 | 254 | 330 |
| 8 | തൃശ്ശൂർ | 58 | 252 | 310 |
| 9 | പാലക്കാട് | 72 | 116 | 188 |
| 10 | മലപ്പുറം | 140 | 190 | 330 |
| 11 | കോഴിക്കോട് | 187 | 391 | 578 |
| 12 | വയനാട് | 62 | 60 | 122 |
| 13 | കണ്ണൂർ | 175 | 345 | 520 |
| 14 | കാസർഗോഡ് | 154 | 114 | 268 |
| ആകെ | | 1478 | 2924 | 4402 |

## പ്രീ-പ്രൈമറി വിദ്യാഭ്യാസം

192(1264) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രീ-പ്രൈമറി അദ്ധ്യാപകരുടെയും ആയമാരുടെയും പ്രശ്നങ്ങൾ പഠിക്കുന്നതിനും സേവന-വേതനവ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനുമായി സർക്കാർ കുഞ്ഞിരാമൻ കമ്മീഷനെ നിയമിച്ചത് എപ്പോഴാണ്;

(ബി) പ്രസ്തുത കമ്മീഷന്റെ കാലാവധി, പഠനവിഷയങ്ങൾ, പ്രവർത്തനപുരോഗതി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രീ-പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കും 2015-ലെ ശമ്പളക്കമ്മീഷൻ ശിപാർശപ്രകാരമുള്ള ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ടോ;

(ഡി) പ്രീ-പ്രൈമറി സ്കൂളുകളിൽ ഉച്ചഭക്ഷണപദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; പദ്ധതി നടപ്പിലാക്കിയ എത്ര പ്രൈമറി സ്കൂളുകളുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) പ്രീ-പ്രൈമറി സ്കൂളുകളിൽ സർക്കാർ/എയ്ഡഡ് വ്യത്യാസമില്ലാതെ പുസ്തകവിതരണത്തിനുള്ള തീരുമാനം നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിൽ പി.ടി.എ.യുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന പ്രീ-പ്രൈമറിയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി പഠനസമിതി രൂപവൽക്കരിക്കുന്നതിനും പഠനം നടത്തുന്നതിനുമായി 23-3-2017-ലാണ് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളത്.

(ബി) കമ്മീഷന്റെ കാലാവധി രണ്ട് മാസമായിരുന്നു. പ്രീ-പ്രൈമറിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ സംബന്ധിച്ചാണ് ഉത്തരവ്. പ്രവർത്തന പുരോഗതി ചുവടെ ചേർക്കുന്നു.

1. എസ്.സി.ഇ.ആർ.ടി., ഡോ ടി.വി. കുഞ്ഞിരാമൻ ചെർമാനായി 6 അംഗ കമ്മിറ്റി രൂപീകരിച്ചു.
2. 14 ജില്ലകളിലെയും ഡയറ്റുകളുടെ നേതൃത്വത്തിൽ പഠനം നടന്നു.
3. വിവരശേഖരണം പൂർത്തിയായി.
4. റിപ്പോർട്ട് പൂർത്തിയായിവരുന്നു.
5. ദേശീയതലത്തിൽ രൂപപ്പെട്ട ഇ.സി.സി.ഇ. പോളിസി, പാഠ്യപദ്ധതി, ന്യൂ എഡ്യൂക്കേഷൻ പോളിസി (ഡ്രാഫ്റ്റ്) എന്നിവയുടെ അടിസ്ഥാനത്തിൽ പുനർചർച്ചകൾ നടന്നുവരുന്നു.

(സി) സർക്കാരിന്റെ കീഴിലുള്ള പ്രീ-പ്രൈമറി സ്കൂൾ അദ്ധ്യാപികമാർക്കും ആയമാർക്കും അനുവദിച്ചിട്ടുണ്ട്.

(ഡി) അംഗീകാരമുള്ള പ്രീ-പ്രൈമറി സ്കൂളുകളിൽ ഉച്ചഭക്ഷണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ആകെ 4030 എണ്ണം പ്രീ-പ്രൈമറികളെ ഉച്ചഭക്ഷണ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഇ) ഇല്ല. സർക്കാർ അംഗീകൃത പ്രീ-പ്രൈമറികളിൽ പുസ്തക വിതരണം നടന്നുവരുന്നു.

**എൽ.പി.എസ്.എ. അന്തർജില്ലാ സ്ഥലംമാറ്റം**

193(1265) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 അധ്യയന വർഷത്തിൽ 23-4-2003-ലെ സ.ഉ. (എം.എസ്.)നമ്പർ 94/2003/പൊ.വി.വ ഉത്തരവുപ്രകാരം തിരുവനന്തപുരം ജില്ലയിൽ എൽ.പി.എസ്.എ. അന്തർ ജില്ലാ സ്ഥലംമാറ്റത്തിനായി അപേക്ഷിച്ച അദ്ധ്യാപകർക്കാർക്കും സ്ഥലംമാറ്റം നൽകാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 9-12-2019-ലെ ഒ.എ.1079/2019 ഉത്തരവിൻപ്രകാരം എൽ.പി.എസ്.എ. അന്തർ ജില്ലാ സ്ഥലംമാറ്റം ട്രൈബൽ/ഹിൽസ്റ്റേഷൻ സ്കൂളുകളിൽ അടിയന്തരമായി നൽകുവാൻ തിരുവനന്തപുരം ഡി.ഡി.ഇ.-യോട് നിർദ്ദേശിച്ചിട്ടും നാളിതുവരെ യാതൊരു നടപടിയും സ്വീകരിക്കാതിരുന്നത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 28-12-2019-ലെ പൊതുവിദ്യാഭ്യാസ വകുപ്പ് എച്ച്1/352/2019 ഉത്തരവനുസരിച്ച് പ്രസ്തുത കോടതി ഉത്തരവിന്മേൽ ആവശ്യമായ നടപടി സ്വീകരിക്കുവാൻ വിദ്യാഭ്യാസ വകുപ്പ് ഡി.ഡി.ഇ.-യോട് ആവശ്യപ്പെട്ടിട്ടും നടപടി സ്വീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ശ്രീമതി ഗീതാ ഗോപി എം.എൽ.എ.യുടെ സബ്മിഷന് മറുപടിയായി കോടതിയുടെ അന്തിമവിധിക്കനുസൃതമായ തുടർനടപടി സ്വീകരിക്കുമെന്ന് സഭയിൽ ഉറപ്പ് നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) കെ.എ.ടി.യുടെ ഉത്തരവ് വന്നതിനുശേഷവും വിധി നടപ്പിലാക്കാതെ ട്രൈബൽ/ഹിൽസ്റ്റേഷൻ സ്കൂളുകളിൽ പുതിയ അദ്ധ്യാപകരെ നിയമിക്കുന്നത് കോടതി വിധിയുടെ ലംഘനമായതിനാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(എഫ്) തിരുവനന്തപുരം ജില്ലയിൽ ട്രൈബൽ/ഹിൽസ്റ്റേഷൻ സ്കൂളുകളിൽ മുപ്പതിലധികം എൽ.പി.എസ്.എ. ഒഴിവുകൾ നിലവിലുണ്ടെന്നതിനാൽ പ്രസ്തുത കോടതി ഉത്തരവ് അടിയന്തരമായി നടപ്പിലാക്കുവാൻ തിരുവനന്തപുരം ഡി.ഡി.ഇ.ക്ക് നിർദ്ദേശം നൽകുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 2019-20-ൽ ആകെ 52 ഒഴിവുകളാണ് എൽ.പി.എസ്.എ.-മാർക്ക് അന്തർജില്ലാ സ്ഥലംമാറ്റം നൽകാനായി മാറ്റിവച്ചത്. എന്നാൽ ഒ.എ.(ഇ.കെ.എം.) 1382/16-ൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 7-10-2016-ൽ പുറപ്പെടുവിച്ച ഉത്തരവുപ്രകാരം 2015-16-ൽ അന്തർ ജില്ലാ സ്ഥലംമാറ്റത്തിന് അനുവദനീയമായ അനുപാതത്തിന് അധികമായി എൽ.പി.എസ്.എ.-മാർക്ക് തിരുവനന്തപുരം ജില്ലയിലേയ്ക്ക് സ്ഥലംമാറ്റം നൽകിയിട്ടുണ്ടെങ്കിൽ അങ്ങനെ അധികമായി വന്ന എൽ.പി.എസ്.എ.മാരെ അവരവരുടെ മാതൃജില്ലകളിലേയ്ക്ക് തിരിച്ചയച്ച് പ്രസ്തുത ഒഴിവുകൾ 21-9-2016-ൽ കാലാവധി അവസാനിച്ച എൽ.പി.എസ്.എ.-മാരുടെ റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നൽകത്തക്കവിധം നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. പ്രസ്തുത നിർദ്ദേശം പ്രായോഗികമായി നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിച്ചപ്പോൾ 2015-16-ൽ അന്തർജില്ലാ സ്ഥലംമാറ്റം വഴി അധികമായി തിരുവനന്തപുരം ജില്ലയിലേയ്ക്ക് വന്ന 47 എൽ.പി.എസ്.എ.മാരെ തൊട്ടടുത്ത വർഷങ്ങളിൽ സ്ഥലംമാറി വന്നതായി കണക്കാക്കുകയും അന്തിമമായി 2019-20-ൽ ആകെ ഉണ്ടായിരുന്ന 52 ഒഴിവുകളിൽ 47 എണ്ണം അപ്രകാരവും 5 എണ്ണം 5 വർഷം പൂർത്തിയായ മറ്റ് ജില്ലകളിലെ ജീവനക്കാർക്ക് അപേക്ഷിച്ചതിൻപ്രകാരം അന്തർജില്ലാ സ്ഥലംമാറ്റം നൽകിയിട്ടുണ്ട്.

(ബി) ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ.1079/2019-ലെ 9-12-2019-ലെ ഉത്തരവ് നടപ്പിലാക്കി തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടർ 14-1-2020-ലെ എ(4)/14834/2019/കെ.ഡിസ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) സർക്കാർ നിർദ്ദേശ പ്രകാരം തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടർ 14-1-2020-ലെ എ(4)/14834/2019/കെ.ഡിസ് പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) അന്തിമവിധിക്കനുസരിച്ചുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു.

(ഇ&എഫ്) പരിശോധിക്കുന്നതാണ്.

## ഹൈടെക് പ്രൈമറി സ്കൂളുകൾ

194(1266) ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. ബി. സത്യൻ:
ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എട്ടുമുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസ്സുകൾ ഹൈടെക് ആക്കിയതുപോലെ പ്രൈമറി സ്കൂളുകളും ഹൈടെക് ആക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിനായി എത്ര പ്രൈമറി വിദ്യാലയങ്ങളെയാണ് തെരഞ്ഞെടുത്തിരിക്കുന്നതെന്നും ഇവയുടെ ഡി.പി.ആർ. തയ്യാറായിട്ടുണ്ടോ എന്നും അറിയിക്കാമോ;

(സി) പദ്ധതിയുടെ നടത്തിപ്പിനായി കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) എന്തെല്ലാം സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്;

(ഡി) പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനായി അദ്ധ്യാപകർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) പ്രൈമറിതലത്തിൽ ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിന് പകരം ഹൈടെക് ലാബ് പദ്ധതിയാണ് നടപ്പിലാക്കിയിട്ടുള്ളത്. 9941 വിദ്യാലയങ്ങളിൽ ഇതിനുള്ള ഉപകരണങ്ങൾ വിതരണം ചെയ്തു.

(ബി) പ്രൈമറി സ്കൂളിലെ ഹൈടെക് പ്രവർത്തനങ്ങൾ ആകെ 11300 പ്രൈമറി വിഭാഗം വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്നുണ്ട്. ആദ്യഘട്ടമായി 9941 പ്രൈമറി സ്കൂളുകളിലേയ്ക്കുള്ള ഡി.പി.ആർ. തയ്യാറാക്കുകയും കിഫ്ബി അംഗീകാരം ലഭിച്ചതിനെത്തുടർന്ന് പ്രസ്തുത പദ്ധതി നടപ്പിലാക്കുകയും ചെയ്തു. രണ്ടാംഘട്ടമായി 1359 സ്കൂളുകൾക്കുള്ള ഡി.പി.ആർ.-ന് കിഫ്ബി അംഗീകാരം ലഭിച്ചു.

(സി) ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികളിൽ ഉൾപ്പെടുത്തി കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) 14693 സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ 440976 ഉപകരണങ്ങൾ വിന്യസിച്ചു. 14858

ലാപ്ടോപ്, 66592 പ്രൊജക്ടർ, 4714 ഡി.എസ്.എൽ.ആർ. ക്യാമറ, 4545 എൽ.ഇ.ഡി. ടി.വി., 4720 വെബ്ക്യാം, 23104 പ്രൊജക്ഷൻ സ്ക്രീൻ, 41878 എച്ച്.ഡി.എം. ഐ കേബിൾ, 40614 ഫേസ് പ്ലേറ്റ്, 41789 സീലിംഗ് മൗണ്ട് കിറ്റ്, 97825 യു.എസ്.ബി. സ്പീക്കർ തുടങ്ങിയവ വിതരണം ചെയ്തു.

(ഡി) ഹൈടെക് സംവിധാനങ്ങളും പശ്ചാത്തല സൗകര്യവും ഒരുക്കുന്നതോടൊപ്പം ഡിജിറ്റൽ വിഭവങ്ങളും ആധുനിക വിവരവിനിമയ സാങ്കേതികവിദ്യയുടെ പ്രയോജനം പഠന ബോധനപ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള 'സമഗ്ര' ഡിജിറ്റൽ വിഭവ പോർട്ടൽ, ലിറ്റിൽ കൈറ്റ് ഐ.ടി. ക്ലബ്ബുകൾ, പ്രത്യേക പരിശീലനം അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും തുടങ്ങിയ പ്രവർത്തനങ്ങളും നടപ്പിലാക്കുന്നുണ്ട്.

## ക്ലാസ് മുറിയിൽ വിദ്യാർത്ഥിനി പാമ്പുകടിയേറ്റ് മരിക്കുന്നതിനിടയായ സംഭവം

195(1267) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ സ്കൂളിലെ ക്ലാസ്സ് മുറിയിൽ വിദ്യാർത്ഥിനി പാമ്പ് കടിയേറ്റ് മരിക്കുന്നതിനിടയായ സംഭവം ക്ലാസ്സ് മുറികളുടെ ശോചനീയാവസ്ഥ യഥാസമയം പരിഹരിയ്ക്കാത്തതുമൂലമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ആരംഭിച്ചിട്ടും പ്രഥമ പരിഗണന നൽകി ശോചനീയാവസ്ഥ പരിഹരിക്കാത്ത സ്കൂളുകൾ നിരവധിയാണെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ പ്രസ്തുത സംഭവത്തിന്റെ അടിസ്ഥാനത്തിൽ ക്ലാസ്സ് മുറികളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി എന്തെങ്കിലും പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) വിദ്യാഭ്യാസരംഗത്ത് സംസ്ഥാനം കൈവരിച്ച നേട്ടങ്ങളെ പിന്നോട്ടടിക്കുന്നതിന് പ്രസ്തുത സംഭവങ്ങൾ ഇടയാക്കുമെന്നതിന്റെ അടിസ്ഥാനത്തിൽ ഇത്തരം സംഭവങ്ങൾ ആവർത്തിയ്ക്കാതിരിയ്ക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ; വ്യക്തമാക്കാമോ?

### ഉത്തരം

(എ) വയനാട് ജില്ലയിലെ സർവ്വജന വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന് 2019-20 അദ്ധ്യയന വർഷത്തേയ്ക്ക് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ അടിസ്ഥാനത്തിലാണ് സ്കൂൾ ക്ലാസ്സുകൾ ആരംഭിച്ചിട്ടുള്ളത്.

വിദ്യാർത്ഥിനി പഠിച്ചിരുന്ന ക്ലാസ്സ് മുറിയുടെ അടിത്തറയിൽ ചില മാളങ്ങൾ രൂപപ്പെട്ടിരുന്നത് ശ്രദ്ധയിൽപ്പെടാതിരുന്നതിനാലാണ് വിദ്യാർത്ഥിനി പാമ്പുകടിയേറ്റ് മരിക്കുന്നതിനിടയാക്കിയിട്ടുള്ളത്.

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ആരംഭിച്ചതിനുശേഷം അപൂർവ്വം സ്കൂളുകളിൽ മാത്രമേ ശോചനീയാവസ്ഥ നിലവിലുള്ളു. അത്തരത്തിലുള്ള സ്കൂളുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്.

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ബന്ധപ്പെട്ട എല്ലാവർക്കും നൽകിയിട്ടുണ്ട്.

1. സംസ്ഥാനത്തെ സ്കൂളുകളിലെ പാഴ്ചെടികളും പടർപ്പുകളും വെട്ടിമാറ്റി സ്കൂളും പരിസരവും വൃത്തിയാക്കി സൂക്ഷിക്കുക.
2. ക്ലാസ്സ് മുറികൾ, കോമ്പൗണ്ടു മതിലുകൾ, ടോയ്‌ലറ്റുകൾ തുടങ്ങിയ സ്ഥലങ്ങളിൽ ദ്വാരങ്ങളോ വിള്ളലുകളോ ഉണ്ടെങ്കിൽ അവ സിമന്റും മണലും ഉപയോഗിച്ച് അടച്ച് സുരക്ഷ ഉറപ്പുവരുത്തുക.
3. സ്കൂൾ പരിസരത്ത് ഉപയോഗശൂന്യമായ പാഴ്‌വസ്തുക്കൾ കൂട്ടിയിട്ടിട്ടുണ്ടെങ്കിൽ അവ ഉടനടി നീക്കം ചെയ്ത് പ്രദേശം വൃത്തിയാക്കുക.
4. ടോയ്‌ലറ്റുകളിൽ സ്വാഭാവിക വെളിച്ചമില്ലെങ്കിൽ ലൈറ്റുകൾ സ്ഥാപിക്കുക.
5. വിദ്യാർത്ഥികൾക്ക് പാദരക്ഷകൾ ഉപയോഗിക്കുന്നതിനുള്ള വിലക്ക് ഒരു വിദ്യാലയത്തിലും ഒരു കാരണവശാലും ഉണ്ടാകാൻ പാടില്ല.
6. വിദ്യാർത്ഥികൾ പറയുന്ന അവരുടെ ചെറിയ അസ്വസ്ഥതകൾപോലും വളരെ ശ്രദ്ധ നൽകി ജാഗ്രതയോടെ സത്വര നടപടി സ്വീകരിക്കേണ്ടതാണ്. ഇതിനായി ലഭ്യമാകുന്ന ഏത് വാഹനവും അടിയന്തര പ്രാധാന്യം നൽകി ഉപയോഗിക്കേണ്ടതാണ്.
7. അദ്ധ്യയന സമയം കഴിഞ്ഞാൽ ക്ലാസ് മുറികളുടെ വാതിലുകളും ജനലുകളും പൂട്ടി ഭദ്രമാക്കേണ്ടതാണ്.
8. സ്കൂളുകളുടെ വൃത്തിയുള്ള അവസ്ഥ തുടരുന്നതിന് ജനപ്രതിനിധികളുമായും തദ്ദേശഭരണ സ്ഥാപനങ്ങളുമായും കൂടിയാലോചിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## ചലഞ്ച് ഫണ്ട് പദ്ധതി

196(1268) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി സർക്കാർ ചലഞ്ച് ഫണ്ട് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഇതിനകം എത്ര എയ്ഡഡ് സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ട്; അറിയിക്കുമോ;

(സി) അൻപത് ശതമാനം മാനേജ്മെന്റ് വിഹിതം അടച്ചശേഷവും തുല്യമായ സർക്കാർ ഫണ്ട് വിഹിതം നൽകാത്തതുമൂലം സ്കൂളുകളിൽ പണി ആരംഭിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര സ്കൂളുകളിലാണ് മാനേജ്മെന്റ് വിഹിതം അടച്ചിട്ടും ചലഞ്ച് ഫണ്ട് പദ്ധതിപ്രകാരമുള്ള പണി ആരംഭിക്കാത്തത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ എയ്ഡഡ് മേഖലയിലെ എൽ.പി., യു.പി., എച്ച്.എസ്., എച്ച്.എസ്.എസ്. വിഭാഗത്തിൽപ്പെട്ട സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി സ്കൂൾ മാനേജ്മെന്റ്/സ്കൂൾ സംരക്ഷണ സമിതി സമാഹരിക്കുന്ന തുകയ്ക്ക് ആനുപാതികമായ തുക പരമാവധി 50 ലക്ഷം രൂപ വരെ നൽകുന്ന പദ്ധതിയാണ് ചലഞ്ച് ഫണ്ട്.

(ബി) 61 സ്കൂളുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) മാനേജ്മെന്റ് വിഹിതം ഉപയോഗിച്ച് നിർമ്മാണപ്രവൃത്തി ആരംഭിക്കുകയും സർക്കാർ വിഹിതം ലഭിക്കുന്നതിലേയ്ക്കായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയർ പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുകയും പുരോഗതിയുടെ അടിസ്ഥാനത്തിൽ സമർപ്പിക്കുന്ന ബില്ലിന്റെ 50%, പരമാവധി തുകയിൽ അധികരിക്കാതെ സർക്കാർ വിഹിതമായി അനുവദിക്കുന്നതാണ്. 1-3-2018-ന് മുൻപ് ആരംഭിച്ച പ്രവൃത്തികൾക്ക് ചലഞ്ച് ഫണ്ട് പദ്ധതിപ്രകാരമുള്ള സർക്കാർ വിഹിതത്തിന് അർഹതയുണ്ടാവില്ല.

## കണ്ണൂർ ജില്ല എച്ച്.എസ്.എ. ഗണിതം പി.എസ്.സി. റാങ്ക് ലിസ്റ്റ്

197(1269) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ എച്ച്.എസ്.എ. ഗണിതം പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെപ്പോഴെന്നും ഇതുവരെയായി എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ടെന്നും അറിയിക്കാമോ;

(ബി) ഇപ്പോൾ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും നിലവിലുള്ള ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും അറിയിക്കുമോ;

(സി) പ്രസ്തുത വിഷയത്തിന് തസ്തികമാറ്റം വഴിയുള്ള ലിസ്റ്റ് നിലവിലുണ്ടോ;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത ഒഴിവുകൾ കൂടി പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്ത് കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കണ്ണൂർ ജില്ലയിലെ എച്ച്.എസ്.എ. ഗണിതം പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് 12-7-2018-ൽ ആണ്. ഇതുവരെ 37 ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) ഇപ്പോൾ നിലവിൽ 11 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ 6 ഒഴിവുകൾ തസ്തികമാറ്റം മുഖാന്തരമുള്ള നിയമനങ്ങൾക്കാണ്.

(സി&ഡി) നിലവിൽ തസ്തികമാറ്റം മുഖാന്തരമുള്ള നിയമനത്തിനുള്ള ലിസ്റ്റ് ഇല്ല. എന്നാൽ പ്രസ്തുത വിഭാഗത്തിൽ 6 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ അനദ്ധ്യാപക തസ്തികകൾ**

198(1270) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വിദ്യാഭ്യാസ ചട്ടപ്രകാരം എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഹയർ സെക്കണ്ടറി ഡയറക്ടർ അംഗീകരിച്ച അനദ്ധ്യാപക തസ്തികകൾക്ക് അനുമതി നൽകുന്ന കാര്യത്തിൽ 2017-ൽ ഉണ്ടായ ഹൈക്കോടതി സിംഗിൾ ബെഞ്ച് വിധിക്കെതിരെ സർക്കാർ അപ്പീൽ നൽകിയിട്ടുണ്ടോ; എങ്കിൽ കാരണമെന്താണെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത അപ്പീലിന്മേൽ ഡിവിഷൻ ബെഞ്ചിന്റെ വിധി ഉണ്ടായിട്ടുണ്ടോ; എങ്കിൽ അത് എന്താണെന്നും പ്രസ്തുത വിധി എന്നത്തേയ്ക്ക് നടപ്പിലാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്തിരുന്ന WP(C) No.29618/2005, 5835/2013, 7385/2013, 7881/2013 നമ്പർ

കേസ്സുകളിലെ 5-9-2013 തീയതികളിലെ പൊതു വിധിന്യായം നടപ്പിലാക്കിക്കൊണ്ട് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലോവർ ഡിവഷൻ ക്ലാർക്ക്, പാർട്ട്/ഫുൾ ടൈം മീനിയൽ, ലൈബ്രേറിയൻ ഗ്രേഡ് 4 എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിന് 17-8-2015 തീയതിയിലെ ജി.ഒ.(എംഎസ്.) നമ്പർ 220/2015/പൊ.വി.വ. പ്രകാരം ഒരു സ്കീം തയ്യാറാക്കി ഉത്തരവായിരുന്നു.

(ബി) ഉണ്ട്. പ്രസ്തുത തീരുമാനം നടപ്പിലാക്കുന്നതുമൂലമുണ്ടാകുന്ന ഭീമമായ സാമ്പത്തിക ബാധ്യത കണക്കിലെടുത്താണ് ഈ വിഷയത്തിൽ സർക്കാർ അപ്പീൽ നൽകിയത്.

(സി) ഉണ്ട്. 17-8-2015-ലെ സർക്കാർ ഉത്തരവുപ്രകാരം ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കാനുള്ള നിർദ്ദേശമാണ് നൽകിയിട്ടുള്ളത്. വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**സ്കൂൾ കലോത്സവത്തിലെ അപ്പീലുകളുടെ ബാഹുല്യം**

199(1271) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷത്തെ സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ലോകായുക്ത അനുവദിച്ച അപ്പീലുകളുടെ അടിസ്ഥാനത്തിൽ മത്സരത്തിൽ പങ്കെടുത്തവർ എത്രപേരാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ലോകായുക്തയിൽ അപ്പീൽ നൽകുന്ന സമയത്ത് മത്സരത്തിൽ പങ്കെടുക്കുന്ന വിദ്യാർത്ഥി 10,000 രൂപ ഡി.പി.ഐ. ഓഫീസിൽ അടയ്ക്കേണ്ടതുണ്ടായിരുന്നോയെന്നും സംസ്ഥാന കലോത്സവങ്ങളിൽ ലഭിക്കുന്ന അപ്പീലുകൾ കുറയ്ക്കുന്നതിന് പ്രസ്തുത വ്യവസ്ഥ നടപ്പിലാക്കിയതുമൂലം സാധിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) അപ്പീലുകളുടെ അനുവാദത്തിന്റെ അടിസ്ഥാനത്തിൽ മത്സരത്തിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് ഏതെങ്കിലും സാഹചര്യത്തിൽ അടച്ച തുക തിരികെ നൽകണമെന്ന് ലോകായുക്ത നിർദ്ദേശിച്ചിരുന്നോ; ഇതുപ്രകാരം എത്രപേരുടെ തുക തിരികെ നൽകി; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2019 വർഷത്തെ സംസ്ഥാന സ്കൂൾ കലോത്സവത്തിൽ 320 അപ്പീലുകളാണ് ലോകായുക്ത വഴി ലഭിച്ചത്.

(ബി) സ്കൂൾ കലോത്സവ മാന്വൽ പ്രകാരം അപ്പീൽ നൽകുന്നതിന് 5000 രൂപ നിശ്ചയിച്ചിട്ടുണ്ട്. അതിനുപുറമെ ലോകായുക്തയുടെ ഉത്തരവിൽ കൂടുതൽ തുക അടയ്ക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ ആ തുകയും പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ അടയ്ക്കണം. 2018 വർഷം അപ്പീൽവഴി 680 മത്സരാർത്ഥികളാണ് പങ്കെടുത്തത്. 2019 വർഷം മുൻ വർഷത്തേക്കാൾ 38 അപ്പീലുകൾ കുറഞ്ഞിട്ടുണ്ട്.

(സി) സ്കൂൾ കലോത്സവ മാന്വൽ പ്രകാരം അപ്പീൽ മുഖേന പങ്കെടുക്കുന്ന മത്സരാർത്ഥി ജില്ലാതലത്തിൽനിന്നും മത്സരിച്ച് വിജയിച്ച മത്സരാർത്ഥിയോടൊപ്പമോ/ മെച്ചപ്പെട്ടതോ ആയ സ്കോർ ലഭിച്ചാൽ മാത്രമേ ഗ്രേഡിനും മറ്റ് ആനുകൂല്യങ്ങൾക്കും പരിഗണിക്കുകയുള്ളൂ. എന്നാൽ ലോകായുക്തയുടെ അതത് ഉത്തരവുകളിൽ നിർദ്ദേശിക്കുന്ന തരത്തിൽ മാത്രമെ അപ്പീൽ ഫീ ഇനത്തിലെ തുക തിരിച്ച് നൽകുകയുള്ളൂ. 2019-ൽ 6 മത്സരാർത്ഥികൾക്ക് ഇപ്രകാരം തുക മടക്കി നൽകിയിട്ടുണ്ട്.

**ഒരു വിദ്യാലയത്തിൽ ഒരു നീന്തൽകുളം പദ്ധതി**

200(1272) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

'ഒരു വിദ്യാലയത്തിൽ ഒരു നീന്തൽകുളം ' എന്ന പദ്ധതി പ്രകാരം പാലക്കാട് ജില്ലയിലെ ഏതെല്ലാം സ്കൂളുകളിലാണ് നീന്തൽകുളം സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ഒരു നിയോജകമണ്ഡലത്തിലെ ഒരു വിദ്യാലയത്തിൽ ഒരു നീന്തൽക്കുളം എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായിട്ടുള്ള സ്കൂൾ സെലക്ഷനും, മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതും സംബന്ധിച്ച നടപടിക്രമം നടന്നുവരുന്നു.

**സ്കൂൾ തലത്തിൽ ചെസ്സ് പരിശീലനം**

201(1273) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ നമ്മുടെ പൊതു വിദ്യാഭ്യാസ കേന്ദ്രങ്ങളിൽ "ചെസ്സ്" പോഷിപ്പിക്കുന്നതിന് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നിലവിലില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) നിലവിൽ സ്കൂൾ തലങ്ങളിൽ ചെസ്സിന്റെ വികാസത്തിനായി എന്തെല്ലാം പ്രവർത്തനങ്ങൾ ഉണ്ട്; വിശദമാക്കുമോ;

(സി) ചെസ്സ് പരിശീലകരുടെ സഹായം ലഭ്യമാക്കുന്നതിനും കുട്ടികളെ ഈ ബൗദ്ധിക വിനോദത്തിലേയ്ക്ക് ആകർഷിക്കുന്നതിനുംവേണ്ട നടപടി കൈക്കൊള്ളുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ചെസ്സ് പരിശീലനം നേടി മത്സരങ്ങളിൽ പങ്കെടുക്കുന്നതിനും അതുവഴി ചെസ്സ് പരിപോഷിപ്പിക്കുന്നതിനുമായി സ്കൂൾ മത്സര ഇനമായി ഉൾപ്പെടുത്തി മത്സരങ്ങൾ നടത്തുകയും സർട്ടിഫിക്കറ്റ്, മെഡൽ, പ്രൈസ് മണി എന്നിവ നൽകുകയും ചെയ്യുന്നുണ്ട്.

(ബി) സ്കൂൾതല മത്സരങ്ങളും സബ് ജില്ലാ, ജില്ലാ, സംസ്ഥാന, ദേശീയ മത്സരങ്ങൾ വരെ നടത്തുന്നുണ്ട്. ആയതുകൊണ്ട് കൂടുതൽ കുട്ടികൾ ചെസ്സ് മത്സരത്തിലേയ്ക്ക് എത്തുന്നുണ്ട്.

(സി) സ്കൂളിൽ നിലവിലുള്ള കായികാധ്യാപകർ വഴിയും സ്വന്തമായും ആണ് കുട്ടികൾ പരിശീലനം നേടുന്നത്. വിദ്യാഭ്യാസ വകുപ്പ് പ്രത്യേക പദ്ധതികളൊന്നും ആസൂത്രണം ചെയ്തിട്ടില്ല.

**പെരുംകുളം ഗവൺമെന്റ് പി.വി.എച്ച്.എസ്.എസ്.-ൽ ശാസ്ത്രപോഷിണി ലാബ്**

202(1274) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെടുന്ന പെരുംകുളം ഗവൺമെന്റ് പി.വി.എച്ച്.എസ്.എസ്.-ൽ ശാസ്ത്രപോഷിണി ലാബ് സ്ഥാപിക്കുന്നതിന് എം.എൽ.എ. വികസന ഫണ്ടിൽനിന്നും ആവശ്യമായ തുക കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് ലഭ്യമായിട്ടുണ്ടോ; അറിയിക്കുമോ;

(ബി) കൗൺസിലിന് എത്ര തുക ലഭ്യമായി എന്നും എന്ന് ലഭ്യമായി എന്നും വിശദമാക്കാമോ;

(സി) സ്കൂളിന്റെ ലാബ് സ്ഥാപിക്കുന്നതിനായി കൗൺസിൽ നാളിതുവരെ സ്വീകരിച്ച നടപടി ക്രമങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ&ബി) കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ പെരുംകുളം ഗവൺമെന്റ് പി.വി.എച്ച്.എസ്.എസ്.-ന് ശാസ്ത്രപോഷിണി ലാബ് സ്ഥാപിക്കുന്നതിന്

ബഹുമാനപ്പെട്ട കൊട്ടാരക്കര എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽനിന്നും 5 ലക്ഷം രൂപ ജില്ലാ കളക്ടർ അനുവദിച്ചിരുന്നെങ്കിലും കൗൺസിലിന് ഡി.ഡി.ഒ. കോഡ് ലഭ്യമല്ലാത്തതിനാൽ പ്രസ്തുത തുക കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് (KSCSTE) ലഭ്യമായിട്ടില്ല.

(സി) പെരുംകുളം ഗവ. പി.വി.എച്ച്.എസ്.എസ്.-ൽ ശാസ്ത്രപോഷിണി ലാബ് സ്ഥാപിക്കുന്നതിനായി കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1. 2018-ൽ കൗൺസിൽ നിയോഗിച്ച് വിദഗ്ധ സമിതി പെരുംകുളം ഗവ. പി.വി.എച്ച്.എസ്.എസ്. സന്ദർശിക്കുകയും ശാസ്ത്രപോഷിണി ലാബ് സ്ഥാപിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ വിലയിരുത്തുകയും ചെയ്തു.

2. 29-3-2019-ലെ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ഉത്തരവുപ്രകാരം ശാസ്ത്രപോഷിണി ലാബുകൾക്കുള്ള പ്രാഥമിക സൗകര്യങ്ങൾ ഒരുക്കുന്നതിനായി 2 ലക്ഷം രൂപ അനുവദിക്കുകയും പ്രസ്തുത തുക സ്കൂൾ അക്കൗണ്ടിലേയ്ക്ക് കൈമാറുകയും ചെയ്തു.

3. ഗവൺമെന്റ് പി.വി.എച്ച്.എസ്.എസ്.-ന് ശാസ്ത്രപോഷിണി ലാബ് സ്ഥാപിക്കുന്നതിന് എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽനിന്നും 5 ലക്ഷം രൂപ ജില്ലാ കളക്ടർ അനുവദിച്ചിരുന്നെങ്കിലും കൗൺസിലിന് ഡി.ഡി.ഒ. കോഡ് ലഭ്യമല്ലാത്തതിനാൽ പ്രസ്തുത തുക സ്കൂളിന്റെ ഡി.ഡി.ഒ. കോഡ് വഴി സ്കൂളിന്റെ അക്കൗണ്ടിലേയ്ക്ക് കൈമാറുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ കൊല്ലം ജില്ലാ കളക്ടർക്ക് കത്ത് നൽകുകയുണ്ടായി. ഈ തുക സ്കൂളിൽ ലഭ്യമായാലുടൻ ലാബിലേയ്ക്കാവശ്യമായുള്ള സാധന സാമഗ്രികൾ എത്തിക്കുന്നതിന് വേണ്ടിയുള്ള തുടർനടപടികൾ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ സ്വീകരിക്കുന്നതാണ്.

**സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി**

203(1275) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നതിന് തീരുമാനിച്ചിരുന്നോ;

(ബി) പ്രസ്തുത തീരുമാനം ഈ സർക്കാർ മരവിപ്പിക്കുകയും അത്തരം സ്കൂളുകൾക്കായി പ്രത്യേക പാക്കേജ് നടപ്പിലാക്കുകയും ചെയ്യുമെന്ന് പ്രഖ്യാപിച്ചിരുന്നോ;

(സി) പ്രസ്തുത പാക്കേജിൽ പ്രഖ്യാപിച്ച പദ്ധതികൾ എന്തൊക്കെയാണെന്നും ഇവ നടപ്പിലാക്കിയിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും അറിയിക്കുമോ;

(ഡി) സ്പെഷ്യൽ പാക്കേജ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സ്കൂളുകൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിരുന്നോ; ഈ ഉത്തരവ് നിർത്തിവയ്ക്കുവാൻ ഉത്തരവായിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം അറിയിക്കുമോ?

<u>ഉത്തരം</u>

(എ-സി) മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന, നൂറ് വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് 9-2-2016-ലെ സ.ഉ.(എംഎസ്.) നമ്പർ 38/2016/പൊ.വി.വ. നമ്പർ ഉത്തരവുപ്രകാരം എയ്ഡഡ് പദവി അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ 1-1-2016 മുതൽ 30-4-2016 വരെയുള്ള മന്ത്രിസഭാ തീരുമാനങ്ങൾ പുനഃപരിശോധിച്ച മന്ത്രിസഭാ ഉപസമിതി ഈ വിഷയവും പുനഃപരിശോധിക്കാൻ നിർദ്ദേശിച്ചിരുന്നു. തുടർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 27-11-2017-ന് കൂടിയ യോഗ തീരുമാനപ്രകാരം ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്കൂളുകൾക്കായി ഒരു സമഗ്ര ആശ്വാസ പാക്കേജ് സാമൂഹ്യനീതി വകുപ്പ് മുഖേന തയ്യാറാക്കുകയും പ്രസ്തുത പാക്കേജ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 9-8-2018-ന് ചേർന്ന യോഗത്തിൽ തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സമഗ്ര പാക്കേജ് നടപ്പിലാക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് മുഖേന തുടർനടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് വിദ്യാഭ്യാസ വകുപ്പിൽനിന്നും രജിസ്ട്രേഷൻ ലഭിച്ച 329 സ്പെഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത സ്കൂളുകൾക്ക് സംസ്ഥാന സർക്കാർ എല്ലാ വർഷവും സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്. ഓരോ സ്കൂളുകളിലെയും കുട്ടികളുടെയും അദ്ധ്യാപകരുടെയും എണ്ണത്തിന് ആനുപാതികമായിട്ടാണ് സ്കൂളുകൾക്ക് തുക അനുവദിച്ചുനൽകുന്നത്. 2018-19 വർഷം 14 കോടി രൂപ സാമ്പത്തിക സഹായമായി നൽകിയിരുന്നു. 2019-20 വർഷം 14.50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനുപുറമെ 7-9-2019-ലെ സ.ഉ. (സാധാ) 7242/2019/ധന. നമ്പർ ഉത്തരവുപ്രകാരം 25 കോടി രൂപയുടെ Additional Authorization അനുവദിച്ചിട്ടുണ്ട്. കൂടാതെ സ.ഉ.(കൈ)

133/2019/പൊ.വി.വ. തീയതി 30-8-2019 നമ്പർ ഉത്തരവുപ്രകാരം മാനസിക/ഭൗതിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് പ്രത്യേക വിദ്യാഭ്യാസം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) സ്പെഷ്യൽ പാക്കേജ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സ്കൂളുകൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശം നൽകിയിരുന്നു.

ഈ ഉത്തരവ് നിർത്തിവയ്ക്കാൻ ഉത്തരവായിട്ടില്ല.

**ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ വെൽഫെയർ സ്കൂൾ**

204(1276) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തമംഗലം ഗ്രാമപഞ്ചായത്ത് വിലക്കെടുത്തിരുന്നതും ഇപ്പോൾ പ്രവർത്തിക്കാത്തതുമായ വെൽഫെയർ സ്കൂളിലെ രജിസ്റ്ററും ഫർണിച്ചറുകളും പാത്രങ്ങളും അടത്തുള്ള ഏതെങ്കിലും സ്കൂളിലേയ്ക്ക് മാറ്റണമെന്ന് ആവശ്യപ്പെട്ട് വിദ്യാഭ്യാസ ഓഫീസർക്ക് ഗ്രാമപഞ്ചായത്ത് കത്ത് നൽകിയിട്ടുണ്ടോ;

(ബി) പൂട്ടിപ്പോയ സ്കൂളിലെ അഡ്മിഷൻ രജിസ്റ്റർ പകർപ്പ് ലഭിക്കുന്നതിന് അപേക്ഷകൾ പരിഗണിക്കാൻ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സ്കൂൾ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ ഗ്രാമപഞ്ചായത്ത് തീരുമാനിച്ച സാഹചര്യത്തിൽ സാധനങ്ങൾ മറ്റിടങ്ങളിലേയ്ക്ക് മാറ്റുവാൻ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) ചാത്തമംഗലം ഗവൺമെന്റ് വെൽഫെയർ എൽ.പി. സ്കൂൾ ചാത്തമംഗലം ഗ്രാമപഞ്ചായത്തിന് വിലയ്ക്ക് നൽകിയിട്ടില്ല. ഇപ്പോഴും വിദ്യാഭ്യാസ വകുപ്പിന്റേതാണ്. സ്കൂളിലെ ജംഗമ വസ്തുക്കളും അനുബന്ധരേഖകളും സ്കൂളിൽത്തന്നെ സൂക്ഷിച്ചുവരുന്നു. ആയത് മറ്റ് സ്ഥലത്തേയ്ക്ക് മാറ്റുന്നതിന് യാതൊരു കത്തുകളും ഗ്രാമപഞ്ചായത്തിൽനിന്ന് ലഭിച്ചിട്ടില്ല. വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്കൂളിന്റെ സ്ഥലത്തിന്മേലുള്ള അധികാരം വിദ്യാഭ്യാസ വകുപ്പിനാണ്.

(ബി) സ്കൂളിൽ കുട്ടികളില്ലാത്തതിന്റെ പേരിൽ നിലവിൽ അടച്ചിട്ടിരിക്കുകയാണ്. അതിനാൽ പ്രസ്തുത സ്കൂൾ രേഖകൾ സൂക്ഷിക്കുന്നതിന് കുന്ദമംഗലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പ് ലഭിക്കുന്നതിന് കുന്ദമംഗലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്കാണ് അപേക്ഷ നൽകേണ്ടത്.

(സി) ഇപ്പോൾ പ്രസ്തുത സ്കൂളിന്റെ ഒരു കെട്ടിടത്തിൽ ഗവൺമെന്റ് ഐ.ടി.ഐ. ഒരു വർഷത്തേയ്ക്ക് പ്രവർത്തിക്കാൻ താത്കാലികമായി അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഐ.ടി.ഐ. തുടർന്നും പ്രവർത്തിക്കുന്നതിനുള്ള അനുമതി ലഭിക്കുന്നതിനായി കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപേക്ഷ ലഭിച്ചിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം ഗ്രാമപഞ്ചായത്തിന് മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ സാധ്യമല്ല. പൂട്ടിപ്പോയ സ്കൂൾ സ്വത്തിന്റെ അധികാരി വിദ്യാഭ്യാസ വകുപ്പാണ്.

### അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർ

205(1277) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പല അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്കും തുച്ഛമായ ശമ്പളമാണ് ലഭിക്കുന്നതെന്നും അവർക്ക് ജോലി സ്ഥിരത ഇല്ലെന്നതും വസ്തുതയല്ലേ;

(ബി) അൺഎയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്കും മറ്റ് ജീവനക്കാർക്കും നേരെ നടക്കുന്ന ചൂഷണത്തിനെതിരെ നിയമനിർമ്മാണം കൊണ്ടുവരുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ;

(സി) അടിയന്തരമായി പ്രസ്തുത നിയമനിർമ്മാണം കൊണ്ടുവരുവാൻ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) അതെ.

(ബി&സി) സംസ്ഥാനത്തെ അംഗീകാരമുള്ള അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർ നേരിടുന്ന തൊഴിൽ ചൂഷണവും തൊഴിൽ സുരക്ഷിതത്വമില്ലായ്മയും പരിഹരിക്കുന്നതിന് അദ്ധ്യാപകർക്ക് മിനിമം വേതനം ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെ ഒരു പുതിയ നിയമനിർമ്മാണം നടത്തുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

### എയ്ഡഡ് സ്കൂളുകളിലെ അധിക തസ്തികകൾ

206(1278) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിൽ ഉണ്ടാകുന്ന അധിക തസ്തികകളിൽ 1:1 അനുപാതത്തിൽ നിയമനം നൽകുന്നതിനായി കേരള എജ്യൂക്കേഷൻ റൂൾസ് ഭേദഗതി ചെയ്തതുപ്രകാരം 2019-2020 അദ്ധ്യയന വർഷത്തിൽ ഉണ്ടായിട്ടുള്ള എത്ര അധിക തസ്തികകൾ മാനേജർമാർ സർക്കാരിന് വിട്ടുനൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ മാനേജർമാർ നിയമിച്ച എത്ര പേർക്ക് നിയമനാംഗീകാരം നൽകിയിട്ടുണ്ട്; ഇനി എത്ര പേർ ബാക്കിയുണ്ട്;

(സി) ഇത്തരത്തിൽ നിയമനാംഗീകാരം നൽകിയിട്ടില്ലാത്തവർക്ക് അംഗീകാരം നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**എയ്ഡഡ് വിദ്യാഭ്യാസ മേഖലയിലെ അദ്ധ്യാപകരുടെ നിയമനാംഗീകാരം**

207(1279) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് വിദ്യാഭ്യാസ മേഖലയിൽ നിയമിക്കപ്പെട്ടിട്ടുള്ള നിരവധി അധ്യാപകരുടെ നിയമനം അംഗീകരിക്കുന്നതിനുള്ള നടപടികൾക്ക് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ കെട്ടിക്കിടക്കുന്ന നിയമന അംഗീകാരത്തിനുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ;

(സി) ഇത്തരം നടപടികൾക്കായി പ്രത്യേക അദാലത്തുകൾ നടത്തിയിട്ടുണ്ടോ; നടത്തുന്ന കാര്യം പരിഗണിക്കാമോ;

(ഡി) നിയമന അംഗീകാരത്തിനുള്ള നടപടികൾ അനിശ്ചിതമായി നീണ്ടുപോകുന്നതിനാൽ ഇത്തരം അദ്ധ്യാപകരെ ചില ഇടനിലക്കാർ ചൂഷണം ചെയ്യുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത് തടയുന്നതിന് നടപടികൾ ഉണ്ടാകുമോ?

<u>ഉത്തരം</u>

(എ-സി) നിലവിലുള്ള ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾപ്രകാരം നിയമിതരായ അദ്ധ്യാപകർക്കുള്ള നിയമനാംഗീകാരം നൽകുന്നതിന് കാലതാമസം നേരിടാറില്ല. ചട്ടപ്രകാരമല്ലാതെ, വ്യവസ്ഥാപിതമായ ഒഴിവുകളിലല്ലാതെ മാനേജർമാർ നടത്തിയ നിയമനങ്ങൾ, സംശയദൂരീകരണം ആവശ്യമുള്ളവ തുടങ്ങിയവ അംഗീകരിക്കുന്നതിനാണ് പ്രയാസം അനുഭവപ്പെടുന്നത്. ഇക്കാര്യത്തിന് അദാലത്തുകൾ നടത്തേണ്ട ആവശ്യകതയുള്ളതായി കരുതുന്നില്ല.

(ഡി) 2019-20 വർഷം മുതൽ നിയമന അംഗീകാര ഫയലുകൾ ഓൺലൈനായാണ് തീർപ്പാക്കുന്നത്. ആയതിനാൽ ഇത്തരം ആശങ്കയ്ക്ക് വകയില്ല.

**പരീക്ഷാ മേൽനോട്ടം ജോലിയുടെ ഭാഗമാക്കുന്ന ഉത്തരവ്**

208(1280) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. പരീക്ഷാ മേൽനോട്ടം അദ്ധ്യാപകരുടെ ജോലിയുടെ ഭാഗമാക്കുന്ന സർക്കാർ ഉത്തരവ് കേന്ദ്ര വിദ്യാഭ്യാസ അവകാശനിയമത്തിന് വിരുദ്ധമാണെന്നും ഇതിനെ നിയമപരമായി നേരിടുമെന്നുമുള്ള അദ്ധ്യാപക സംഘടനകളുടെ പ്രതികരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സെൻസസ് ജോലി, തെരഞ്ഞെടുപ്പ് ജോലി, പ്രകൃതിക്ഷോഭത്തെ തുടർന്നുള്ള അടിയന്തര ജോലികൾ എന്നിവ മാത്രമേ അദ്ധ്യാപകർക്കുള്ള മറ്റ് ജോലികളായി വ്യവസ്ഥ ചെയ്തിട്ടുള്ളൂ എന്ന സംഘടനകളുടെ അഭിപ്രായം പരിശോധിക്കുക ഉണ്ടായോ;

(സി) എങ്കിൽ സർക്കാർ ഉത്തരവിന്റെയും അദ്ധ്യാപക സംഘടനകളുടെ എതിർപ്പിന്റെയും സാഹചര്യത്തിൽ ഇക്കാര്യം സംഘടനകളുമായി ചർച്ച ചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഇല്ല.

(ബി&സി) സംഘടനകളുടെ നിവേദനങ്ങൾ സർക്കാരിൽ ലഭിച്ച് കാണുന്നില്ല. ആയതിനാൽ മറ്റ് വിഷയങ്ങൾ ഇതുസംബന്ധമായി ഇപ്പോൾ പരിശോധിക്കേണ്ടതായിട്ടില്ല.

**തിരുവനന്തപുരം ജില്ലയിൽ എച്ച്.എസ്.എ. തസ്തികയിലുള്ള നിയമനം**

209(1281) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എച്ച്.എസ്.എ. (സോഷ്യൽ സയൻസ്) അദ്ധ്യാപക തസ്തികയിൽ 2020 മാർച്ച് മുതൽ 2020 ജൂലൈ വരെ ഉണ്ടാകുന്ന ഒഴിവുകൾ എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകളുണ്ട്; അവ കെ.പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) 2014 മാർച്ച് മുതൽ 2015 മാർച്ച് വരെ പ്രസ്തുത തസ്തികയിൽ അന്തർ ജില്ലാ സ്ഥലംമാറ്റം, തസ്തിക മാറ്റം മുഖേനയുള്ള ഉദ്യോഗക്കയറ്റം എന്നിവ ഒഴികെ കെ.പി.എസ്.സി. മുഖേന നേരിട്ട് നടത്തിയ നിയമനങ്ങളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 4 (നാല്) ഒഴിവുകൾ.

(ബി) നിലവിൽ ഒഴിവുകൾ ഇല്ല.

(സി) പ്രസ്തുത കാലയളവിൽ 11 ഒഴിവുകളിൽ നേരിട്ട് നിയമനങ്ങൾ നൽകിയിട്ടുണ്ട്. ഇതിൽ 28-5-2015-ൽ നിയമനോത്തരവ് നൽകിയ 6 തസ്തികകൾ 2-2-2015-ന്റെ പി.എസ്.സി. അഡ്വൈസ് പ്രകാരമാണ്.

**ശൂന്യവേതനാവധിയിൽ പ്രവേശിച്ച ഹയർ സെക്കന്ററി ഇംഗ്ലീഷ് അദ്ധ്യാപകരുടെ ഒഴിവ്**

210(1282) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കന്ററി ഇംഗ്ലീഷ് തസ്തികയിൽ സേവനം അനുഷ്ഠിക്കുന്ന എത്ര അദ്ധ്യാപകർ 90 ദിവസത്തിനുമുകളിൽ ശൂന്യവേതനാവധിയിൽ പ്രവേശിച്ചിട്ടുണ്ട്; എത്ര അദ്ധ്യാപകർ 90 ദിവസത്തിനുമുകളിൽ ശൂന്യവേതനാവധി അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) ശൂന്യവേതനാവധിയിൽ പ്രവേശിച്ച ഹയർസെക്കന്ററി ഇംഗ്ലീഷ് അദ്ധ്യാപകരുടെ ഒഴിവ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 22 അദ്ധ്യാപകർ നിലവിൽ അവധിയിൽ പ്രവേശിച്ചിട്ടുണ്ട്. തൊണ്ണൂറ് ദിവസത്തിനുമുകളിൽ ശൂന്യവേതനാവധി അനുവദിക്കുന്നതിന് പുതുതായി ആരും അപേക്ഷ സമർപ്പിച്ചിട്ടില്ല.

(ബി) എച്ച്.എസ്.എസ്.റ്റി. ജൂനിയർ (ഇംഗ്ലീഷ്) അധ്യാപകരിൽനിന്ന് തസ്തികമാറ്റം മുഖേന എച്ച്.എസ്.എസ്.റ്റി.-മാരായി നിയമിക്കുന്നതിനാൽ പ്രസ്തുത വേക്കൻസികൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയുകയില്ല.

**എയ്ഡഡ് വിദ്യാലയങ്ങളിലെ നിയമനങ്ങളുടെ പരിശോധന**

211(1283) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് വിദ്യാലയങ്ങളിലെ നിയമനങ്ങൾ പരിശോധിക്കുവാൻ ധനകാര്യ വകുപ്പ് പ്രത്യേക നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ധനകാര്യ വകുപ്പിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) 2016 മുതൽ ചട്ടപ്രകാരം നിയമിക്കപ്പെട്ട അദ്ധ്യാപക-അനധ്യാപക ജീവനക്കാർക്ക് അംഗീകാരം ലഭിക്കാത്തതുമൂലം ശമ്പളം ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഇവർക്ക് നിയമനാംഗീകാരം നൽകി എന്നത്തേയ്ക്ക് ശമ്പളം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) എയ്ഡഡ് വിദ്യാലയങ്ങളിലെ നിയമനവും നിയമനാംഗീകാരവും കുറ്റമറ്റ രീതിയിൽ സുതാര്യമായി നടത്തുന്നതിനാവശ്യമായ ചില നിർദ്ദേശങ്ങൾ ധനകാര്യവകുപ്പ് മുന്നോട്ടുവച്ചിട്ടുണ്ട്. 2019-20 വർഷം മുതൽ നിയമനവും നിയമനാംഗീകാരവും 'സമന്വയ' എന്ന ഒരു ഓൺലൈൻ സോഫ്റ്റ്‌വെയർ വഴിയാണ് നടത്തുന്നത്.

(സി&ഡി) 2016 മുതൽ ചട്ടപ്രകാരം നിയമിക്കപ്പെട്ട അദ്ധ്യാപകർക്കും അനധ്യാപകർക്കും ഇതിനകം അർഹതയുടെ അടിസ്ഥാനത്തിൽ നിയമനാംഗീകാരം നൽകിയിട്ടുണ്ട്.

## വിദ്യാഭ്യാസ വകുപ്പിൽ ആശ്രിത നിയമനത്തിനായുള്ള അപേക്ഷകൾ

212(1284) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിൽ ആശ്രിത നിയമനം നൽകാനായി എത്ര അപേക്ഷകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ആശ്രിത നിയമനത്തിനുള്ള അപേക്ഷകളിൽ മുൻഗണനാക്രമം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ആശ്രിത നിയമനത്തിനായി ജില്ലാടിസ്ഥാനത്തിലാണോ അപേക്ഷകരെ പരിഗണിക്കുന്നത്; വിശദമാക്കാമോ;

(ഡി) ജില്ലാടിസ്ഥാനത്തിലാണ് പരിഗണിക്കുന്നതെങ്കിൽ വിദ്യാഭ്യാസ വകുപ്പിലേയ്ക്കായി കോഴിക്കോട് ജില്ലയിൽ എത്ര അപേക്ഷകൾ നിലവിലുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ആശ്രിത നിയമനത്തിനായി സർക്കാരിൽ ലഭിച്ചിട്ടുള്ള 193 അപേക്ഷകളിൽ നടപടി സ്വീകരിച്ചുവരുന്നു.

(ബി) ആശ്രിത നിയമനത്തിന് അപേക്ഷകൻ സമർപ്പിക്കുന്ന അപേക്ഷയിലെ തീയതിയാണ് മാനദണ്ഡമായി കണക്കാക്കുന്നത്.

(സി) അപേക്ഷകനാണ് ഏത് ജില്ലയിൽ നിയമനം ലഭിക്കണമെന്ന് അപേക്ഷയിൽ സൂചിപ്പിക്കുന്നത്. സർക്കാരിൽ ലഭിക്കുന്ന അപേക്ഷകളിന്മേൽ സർക്കാർ തീരുമാനം കൈക്കൊള്ളുന്നു. ഈ ഉത്തരവ് ലഭിക്കുമ്പോൾ നിയമന അധികാരി ഒഴിവുകൾ അടിസ്ഥാനമാക്കി നിയമനം നൽകിവരുന്നു.

(ഡി) കോഴിക്കോട് ജില്ലയിൽ നിലവിൽ 18 അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്.

## സ്കൂളുകളിൽ എഫ്.ടി.എം. തസ്തികയിലെ നിയമനം

213(1285) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പല സ്കൂളുകളിലും എഫ്.ടി.എം. തസ്തികയിൽ നിയമനം നടത്താൻ കഴിയുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എഫ്.ടി.എം. തസ്തികയിൽ താല്കാലിക നിയമനം നടത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. പി.റ്റി.സി.എം. ജീവനക്കാർക്ക് 70 വയസ്സുവരെ സർവ്വീസിൽ തുടരാൻ കഴിയുമെന്നതിനാൽ എഫ്.റ്റി.സി.എം. തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റത്തിന് സമ്മതപത്രം നൽകുന്ന പി.റ്റി.സി.എം. ജീവനക്കാരുടെ എണ്ണം വളരെ കുറവാണ്.

(ബി) സർക്കാർ സ്കൂളിലേയും പൊതുവിദ്യാഭ്യാസ വകുപ്പിലെ ഓഫീസുകളിലെയും ഫുൾടൈം മീനിയൽ, പി.ടി.സി.ഇ. തസ്തികകളിലുള്ള ഒഴിവുകൾ, റഗുലർ നിയമനം നടക്കുന്നതുവരെ മറ്റുവിധത്തിൽ നികത്തുന്നത് സംബന്ധിച്ച് കാര്യങ്ങൾ പരിശോധിച്ചുവരുന്നു.

## വൊക്കേഷണൽ ഹയർ സെക്കന്ററി ടീച്ചർമാരുടെ നിയമനം

214(1286) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനാല് വിഷയങ്ങളിലും നിലവിലുള്ള ഹയർസെക്കന്ററി സ്കൂൾ ടീച്ചേഴ്സ് ജൂനിയർ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം മന്ദഗതിയിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിം വർക്ക് നടപ്പിലാക്കി വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ ഹയർ സെക്കന്ററി ആയി മാറുന്ന സാഹചര്യത്തിൽ, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലുള്ള ഒഴിവുകളിൽ നിയമനം നടത്തുന്നതിന് കാലതാമസം ഉണ്ടാകുവാൻ സാധ്യതയുണ്ടോ;

(സി) ഒരേ യോഗ്യത ആവശ്യമായ വൊക്കേഷണൽ ഹയർ സെക്കന്ററിയിലെ നോൺ വൊക്കേഷണൽ ടീച്ചർ (എൻ.വി.റ്റി.ജൂനിയർ) തസ്തികയിലേയ്ക്ക് നിലവിലുള്ള എച്ച്.എസ്.എസ്.ടി. ജൂനിയർ റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിന് ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാനത്തുള്ള 389 സർക്കാർ/എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ ഘട്ടംഘട്ടമായി എൻ.എസ്.ക്യൂ.എഫ്. പാഠ്യപദ്ധതി നടപ്പിലാക്കിവരുന്ന സാഹചര്യത്തിലാണ് വൊക്കേഷണൽ ടീച്ചർ, വൊക്കേഷണൽ ഇൻസ്ട്രക്ടർ, ലാബ് ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ തസ്തികകളിലേയ്ക്കുള്ള നിയമനം താത്കാലികമായി നിർത്തിവയ്ക്കാൻ തീരുമാനിച്ചിട്ടുള്ളത്. ടി പാഠ്യപദ്ധതി സംസ്ഥാനത്തെ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ പൂർണ്ണമായും നടപ്പിലാക്കുന്ന വേളയിൽ ടി തസ്തികയിലെ ഒഴിവുകളിലെ നിയമനം നടത്തുന്നത് സംബന്ധിച്ച് പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(സി) ഈ വിഷയം പരിശോധിക്കുന്നതാണ്.

## എൽ.പി./യു.പി. സ്കൂൾ തസ്തികകൾ

215(1287) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ എൽ.പി./യു.പി. വിഭാഗങ്ങളിലായി പുതുതായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) എയ്ഡഡ് മേഖലയിൽ അനുവദിച്ച ആകെ തസ്തികകൾ എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വിശദാംശങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

**പുതുതായി സൃഷ്ടിച്ച അദ്ധ്യാപക തസ്തികകൾ**

216(1288) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹൈസ്കൂൾ വിഭാഗത്തിലും ഹയർസെക്കന്ററി വിഭാഗത്തിലുമായി സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ എത്ര അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹയർ സെക്കന്ററി വിഭാഗത്തിൽ ആകെ 3240 അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആയത് കാറ്റഗറി തിരിച്ച് ചുവടെ ചേർക്കുന്നു:

| തസ്തികകൾ | ഗവൺമെന്റ് | എയ്ഡഡ് |
|---|---|---|
| പ്രിൻസിപ്പാൾ | 49 | 153 |
| എച്ച്.എസ്.എസ്.ടി. | 358 | 973 |
| എച്ച്.എസ്.എസ്.ടി.(ജൂനിയർ) | 337 | 932 |
| അപ്ഗ്രഡേഷൻ | 155 | 283 |
| ആകെ | 899 | 2341 |

സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ സൃഷ്ടിച്ച അദ്ധ്യാപക തസ്തികകളുടെ വിശദാംശങ്ങൾ ശേഖരിച്ചുനൽകുന്നതാണ്.

**ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർമാരുടെ ഒഴിവുകൾ**

217(1289) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ ഗവൺമെന്റ് ട്രൈബൽ സ്കൂൾ മീനാങ്കൽ, പനക്കോട് ഗവൺമെന്റ് വി.കെ.കാണി എച്ച്.എസ്., ഗവൺമെന്റ് റീജണൽ ഫിഷറീസ് ഹൈസ്കൂൾ എന്നീ സ്കൂളുകളിൽ ഫിസിക്കൽ എജ്യൂക്കേഷൻ ഹൈസ്കൂൾ ടീച്ചർമാരുടെ തസ്തികകളിൽ സ്ഥിരം അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഈ ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) തിരുവനന്തപുരം ജില്ലയിൽ 2020 -ൽ ഫിസിക്കൽ എഡ്യൂക്കേഷൻ ഹൈസ്കൂൾ ടീച്ചർമാരുടെ എത്ര ഒഴിവുകളാണ് റിട്ടയർമെന്റ് മുഖേനയുണ്ടാകുന്നത്; ഇത് ഏതൊക്കെ സ്കൂളുകളിലാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ജില്ലയിലെ ഗവൺമെന്റ് ട്രൈബൽ സ്കൂൾ മീനാങ്കൽ, ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ഹൈസ്കൂൾ, വലിയതുറ എന്നിവിടങ്ങളിൽ ഫിസിക്കൽ എഡ്യൂക്കേഷൻ അധ്യാപകരെ നിയമിച്ചിട്ടില്ല.

കരകുളം ഗവൺമെന്റ് വി.എച്ച്.എസ്.എസ്.-ൽനിന്നും തസ്തിക നിർണ്ണയ പ്രകാരം തസ്തിക നഷ്ടമായ അധ്യാപകൻ ശ്രീ. ബോബി സി. ജോസഫിനെ സ്ഥലംമാറ്റി പനയ്ക്കോട് വി.കെ.കാണി ഗവൺമെന്റ് എച്ച്.എസ്.-ൽ നിയമിച്ചിട്ടുണ്ട്. അദ്ദേഹം ഇപ്പോൾ വേലവിലക്കിലാണ്.

(ബി) നിലവിൽ ജില്ലയിൽ താഴെപ്പറയുന്ന മൂന്ന് ഒഴിവുകളാണുള്ളത്:

1. ഗവൺമെന്റ് എച്ച്.എസ്.എസ്., പാളയംകുന്ന്
2. ഗവൺമെന്റ് ട്രൈബൽ സ്കൂൾ, മീനാങ്കൽ
3. ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ഹൈസ്കൂൾ, വലിയതുറ.

ഇതിൽ 2 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) 31-5-2020-ൽ വിരമിക്കൽമൂലം തിരുവനന്തപുരം ജില്ലയിൽ ഫിസിക്കൽ എഡ്യൂക്കേഷൻ ഹൈസ്കൂൾ ടീച്ചർമാരുടെ നാല് ഒഴിവുകളാണുണ്ടാകുന്നത്.

1. ഗവൺമെന്റ് എച്ച്.എസ്., കൊടുവഴന്നൂർ
2. പി.എൻ.എം. ഗവൺമെന്റ് എച്ച്.എസ്., കുന്തള്ളൂർ
3. ഗവൺമെന്റ് എച്ച്.എസ്.എസ്., വെഞ്ഞാറമൂട്
4. ഗവൺമെന്റ് ജി.എച്ച്.എസ്.എസ്., കോട്ടൺഹിൽ

## എറണാകുളം ജില്ലയിലെ എൽ.പി.എസ്.റ്റി., യു.പി.എസ്.റ്റി. സ്കൂളുകളിലെ ഒഴിവുകൾ

218(1290) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ സർക്കാർ സ്കൂളുകളിലെ എൽ.പി.എസ്.ടി., യു.പി.എസ്.ടി. തസ്തികകളിൽ 2020 മാർച്ച് മുതൽ ജൂൺ വരെ എത്ര അദ്ധ്യാപകർ വിരമിക്കും; വിരമിക്കുന്ന അദ്ധ്യാപകരുടെ വിവരം, സ്കൂൾ വേർതിരിച്ച് നൽകാമോ;

(ബി) വിരമിക്കുന്നതുമൂലമുണ്ടാകുന്ന ഒഴിവുകൾ അതത് മാസങ്ങളിൽതന്നെ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ എത്ര; ഈ ഒഴിവുകൾ എപ്രകാരം നിയമനങ്ങൾ നടത്തുന്നതിന് വേണ്ടിയാണ് മാറ്റി വയ്ക്കപ്പെട്ടിട്ടുള്ളത്; ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; അറിയിക്കുമോ?

<u>ഉത്തരം</u>

(എ) എറണാകുളം ജില്ലയിലെ സർക്കാർ സ്കൂളുകളിൽ 34 എൽ.പി.എസ്.റ്റി.മാരും, 18 യു.പി.എസ്.റ്റി.മാരും വിരമിക്കുന്നു.

<u>വിരമിക്കുന്ന എൽ.പി.എസ്.റ്റി.മാർ 34 പേർ</u>

1. വിജയകുമാരി. എൻ.ആർ., പി.ഡി. ടീച്ചർ, ഗവൺമെന്റ് ഹൈസ്കൂൾ, തെങ്ങോട്
2. ഉഷ എൻ. ആർ., പി.ഡി. ടീച്ചർ, ഗവൺമെന്റ് ഹൈസ്ക്കൂൾ, നൊച്ചിമ
3. സജിമോൾ ജോസഫ്, എൽ.പി.എസ്.ടി., ഗവൺമെന്റ് യു.പി.എസ്., കുറ്റിലഞ്ഞി
4. ശ്യാമള വി. ആർ., പി.ഡി. ടീച്ചർ, ഗവൺമെന്റ് എൽ.പി. സ്കൂൾ, മണിമരുതുംചാൽ
5. തങ്കച്ചൻ എം. ജെ., പി.ഡി. ടീച്ചർ, ഗവൺമെന്റ് എൽ.പി.എസ്., മാവുടി
6. ലിസ്സി കെ. കെ., പി.ഡി. ടീച്ചർ, ഗവൺമെന്റ് എൽ.പി.എസ്., തൃക്കാരിയൂർ
7. ബേബി വി. പി., പി.ഡി. ടീച്ചർ, ഗവൺമെന്റ് എൽ.പി. സ്കൂൾ, സൗത്ത് വാഴക്കുളം
8. ശ്രീലത എം. എ., പി.ഡി. ടീച്ചർ, ഗവൺമെന്റ് എൽ.പി.എസ്., വെങ്ങോല
9. മോളി ടി. എ., പി.ഡി. ടീച്ചർ, ഗവൺമെന്റ് എൽ.പി.ജി.എസ്, പെരുമ്പാവൂർ
10. ലിസ്സി പോൾ, എൽ.പി.എസ്.റ്റി., ഗവൺമെന്റ് എൽ.പി.എസ്., ഒക്കൽ
11. ഗ്ലോറിമോൾ. എക്സ്, കല്ലുപുരയ്ക്കൽ, എൽ.പി.എസ്.റ്റി., ഗവൺമെന്റ് വി.എച്ച്.എസ്.എസ്., മാതിരപ്പിള്ളി

12. ഷീല മാധവൻ, എൽ.പി.എസ്.റ്റി., ഗവൺമെന്റ് ഈസ്റ്റ് എച്ച് എസ്., മൂവാറ്റുപുഴ

13. മേഴ്സിക്കുട്ടി മാത്യു, എൽ.പി.എസ്.റ്റി, ഗവൺമെന്റ് മോഡൽ എച്ച്.എസ്., പാലക്കുഴ.

14. ചിന്നമ്മ എ. സി., പി.ഡി. ടീച്ചർ, ഗവൺമെന്റ് യു.പി.എസ്.,കുന്നക്കാൽ വെസ്റ്റ്

15. ഉഷ കെ. എൻ., എൽ.പി.എസ്.റ്റി., ഗവൺമെന്റ് യു.പി.എസ്., പണ്ടപ്പിള്ളി

16. ഷാജി ജോസഫ്, പി.ഡി. ടീച്ചർ, ഗവൺമെന്റ് യു.പി.എസ്., ഓണക്കൂർ

17. സുജാത എം. കെ., എൽ.പി.എസ്.റ്റി., ഗവൺമെന്റ് എച്ച്.എസ്., പാമ്പാക്കുട

18. ലിസ്സി ജോൺ, എൽ.പി.എസ്.റ്റി., ഗവൺമെന്റ് യു.പി. സ്കൂൾ, കാരിക്കോട്

19. ലില്ലി റ്റി. ഡി., പി.ഡി. ടീച്ചർ, ഗവൺമെന്റ് ഗേൾസ് എൽ.പി.എസ്., എറണാകുളം

20. കൃഷ്ണ പൈ എൻ, പി.ഡി. ടീച്ചർ, ഗവൺമെന്റ് എച്ച്.എസ്., പനയപ്പിള്ളി

21. ഡെയ്സി വി. എ., പി.ഡി. ടീച്ചർ, ഗവൺമെന്റ് യു.പി. സ്കൂൾ, പീച്ചാനിക്കാട്

22. വത്സല കെ. കെ., എൽ.പി.എസ്.റ്റി., ഗവൺമെന്റ് എൽ.പി.എസ്., മാണിക്യമംഗലം.

23. ജയശ്രീ പി. ആർ., പി.ഡി. ടീച്ചർ, ഗവൺമെന്റ് യു.പി. സ്കൂൾ, ചേന്ദമംഗലം

24. ഷീല എം.എസ്., പി.ഡി. ടീച്ചർ, ഗവൺമെന്റ് യു.പി.എസ്., കറുകപ്പിള്ളി

25. കുഞ്ഞുമോൾ പി. വി., പി.ഡി. ടീച്ചർ, ഗവൺമെന്റ് എൽ.പി. സ്കൂൾ, പാൻകോഡ്

26. മേരി റോനെറ്റ്പിൻ ഹീറോ, എൽ.പി.എസ്.റ്റി., ഗവൺമെന്റ് സെറ്റിൽമെന്റ് എൽ.പി.എസ്., ആലുവ

27. ഷീല എ., എൽ.പി.എസ്.റ്റി., ഗവൺമെന്റ് എൽ.പി.എസ്., പള്ളിലാംകര

28. വിജയൻ പി. കെ., പി.ഡി. ടീച്ചർ, ഗവൺമെന്റ് എൽ.പി.എസ്., മണ്ണത്തൂർ

29. ലിസ്സി പി.പി., പി.ഡി. ടീച്ചർ, ഗവൺമെന്റ് എൽ.പി.എസ്., കക്കൂർ

30. ഷീലാമ്മ മാത്യു, എൽ.പി.എസ്.റ്റി., ഗവൺമെന്റ്എൽ.പി.എസ്., കാലാമ്പൂര്

31. എൽസി എ. എം., എൽ.പി.എസ്.റ്റി., ഗവൺമെന്റ് എൽ.പി.എസ്, പാഴൂർ

32. ഓമന ടി. കെ., പി.ഡി. ടീച്ചർ, ഗവൺമെന്റ് യു.പി.എസ്., കുത്താട്ടുകുളം

33. ഉഷ വി. കെ., പി.ഡി. ടീച്ചർ, ഗവൺമെന്റ് എൽ.പി.എസ്., പാഴൂർ

34. ഇഷ കെ. കെ., പി.ഡി. ടീച്ചർ, ഗവൺമെന്റ് എച്ച്.എസ്., അയ്യങ്കാവ്

വിരമിക്കുന്ന യു.പി.എസ്.റ്റി.മാർ - 18 പേർ

1. അമ്പ്രോസ് സി.എ., പി.ഡി. ടീച്ചർ, ഗവൺമെന്റ് എച്ച്.എസ്., വെസ്റ്റ് കടുങ്ങല്ലൂർ

2. പുഷ്പ പി. ആർ., പി.ഡി. ടീച്ചർ, ഗവൺമെന്റ് യു.പി.എസ്., അശമന്നൂർ

3. സാറാമ്മ ടി. കെ., പി.ഡി. ടീച്ചർ, ഗവൺമെന്റ് യു.പി.എസ്., അശമന്നൂർ

4. ലിസ്സി എസ്. കെ., പി.ഡി. ടീച്ചർ, ഗവൺമെന്റ് ഗേൾസ് എച്ച്.എസ്.എസ്., പെരുമ്പാവൂർ

5. സുധാകുമാരി ബി., പി.ഡി. ടീച്ചർ, ഗവൺമെന്റ് ഗേൾസ് എച്ച്.എസ്.എസ്., പെരുമ്പാവൂർ

6. വിജയൻ കെ.എം., പി.ഡി. ടീച്ചർ, ഗവൺമെന്റ് എച്ച്.എസ്., ആറൂർ

7. അംബിക സി. എസ്., പി.ഡി. ടീച്ചർ, ഗവൺമെന്റ് വി.എച്ച്.എസ്.എസ്., തിരുമാറാടി

8. ഷീല കെ.ആർ., യു.പി.എസ്.ടി., ഗവൺമെന്റ് എച്ച്.എസ്., പിറവം

9. മേരിക്കുട്ടി ഇ. കെ., പി.ഡി. ടീച്ചർ, ഗവൺമെന്റ് യു.പി.എസ്., കടാതി

10. ശോശാമ്മ മാത്യു, പി.ഡി. ടീച്ചർ, ഗവൺമെന്റ് എച്ച്.എസ്. അത്താണിക്കൽ

11. വത്സ കെ. വി., പി.ഡി. ടീച്ചർ, ഗവൺമെന്റ് എച്ച്.എസ്., ഊരമന
12. ഗീത എം.എസ്., പി.ഡി. ടീച്ചർ, ഗവൺമെന്റ് പാലസ് എച്ച്.എസ്., തൃപ്പൂണിത്തുറ
13. സുനിത കെ.എ., പി.ഡി. ടീച്ചർ, ഗവൺമെന്റ് എച്ച്. എസ്., എളമക്കര
14. ജൂഡി സേവ്യർ, പി.ഡി. ടീച്ചർ, ഗവൺമെന്റ് എച്ച്.എസ്., സെൻട്രൽ കൽവത്തി
15. മോഹൻദാസ്, സി.എൻ., പി.ഡി. ടീച്ചർ, ഗവൺമെന്റ് എച്ച്.എസ്., പഴന്തോട്ടം
16. ലൈലാ ബീവി എ., പി.ഡി. ടീച്ചർ, ഗവൺമെന്റ് എച്ച്.എസ്., തെങ്ങോട്
17. ഹെലെന എം.എ., പി.ഡി. ടീച്ചർ, ഗവൺമെന്റ് യു.പി.എസ്., കോട്ടുവള്ളി
18. സുരേന്ദ്രൻ എം.കെ., പി.ഡി. ടീച്ചർ, ഗവൺമെന്റ് യു.പി. സ്കൂൾ, ഊരക്കാട്

(ബി) കേഡർ നില അനുസരിച്ച് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) എൽ.പി.എസ്.റ്റി. തസ്തികയിൽ 93 ഒഴിവുകളും യു.പി.എസ്.റ്റി. തസ്തികയിൽ 29 ഒഴിവുകളും നിലവിലുണ്ട്. എൽ.പി.എസ്.റ്റി. തസ്തികയിൽ കേഡർനില അനുസരിച്ച് 67 ഒഴിവുകൾ ബൈട്രാൻസ്ഫർ മുഖേനയുള്ള നിയമനത്തിനായും 1 ഒഴിവ് ബൈട്രാൻസ്ഫർ എൻ.ജെ.ഡി. ആയും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ 6 ഒഴിവുകൾ Physically handicapped turn-നായി പി.എസ്.സി.യിൽ നിലനിൽക്കുന്നുണ്ട്. കൂടാതെ 4 ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആകെ 78 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മിച്ചമുള്ള ഒഴിവുകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരുടെ 2 ഒഴിവുകളും, 6 മാസത്തിൽ അധികരിക്കാത്ത 3 ശൂന്യവേതനാവധികളും സഹതാപാർഹ സാഹചര്യത്തിലുള്ള അന്തർ ജില്ലാ സ്ഥലംമാറ്റത്തിനായുള്ള 3 ഒഴിവുകളും നിയമന ഉത്തരവ് കൈപ്പറ്റിയവരിൽ ജോലിയിൽ പ്രവേശിക്കാത്ത ഉദ്യോഗാർത്ഥികളുടെ 3 ഒഴിവുകളും, ഉൾപ്പെടുന്നു. കൂടാതെ മിച്ചമുള്ള 4 ഒഴിവുകൾ സ്റ്റാഫ് ഫിക്സേഷൻ റിവ്യൂ പൂർത്തിയായശേഷം കേഡർ നില ക്രമീകരിച്ച് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതാണ്.

യു.പി.എസ്.റ്റി. തസ്തികയിൽ 9 ഒഴിവുകൾ ബൈട്രാൻസ്ഫർ നിയമനത്തിനായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2 ഒഴിവുകൾ Physically handicapped category-യിൽ പി.എസ്.സി.-യിൽ നിലനിൽക്കുന്നുണ്ട്. 5 ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി റിപ്പോർട്ട് ചെയ്തിട്ടുള്ളതിൽ നിയമന ശിപാർശ ലഭിച്ചിട്ടുണ്ട്. 2 ഒഴിവുകൾ സഹതാപാർഹ സാഹചര്യത്തിലുള്ള അന്തർജില്ലാ സ്ഥലംമാറ്റത്തിനായി മാറ്റിവച്ചിട്ടുള്ളതാണ്. 2 ഒഴിവുകൾ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരുടേതാണ്. മിച്ചമുള്ള 9 ഒഴിവുകൾ കേഡർ നില അനുസരിച്ച് സ്റ്റാഫ് ഫിക്സേഷൻ റിവ്യൂ പൂർത്തിയായതിനുശേഷം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## എറണാകുളം ജില്ലയിലെ സർക്കാർ സ്കൂളുകളിലെ എൽ.പി.എസ്.എ., യു.പി.എസ്.എ. നിയമനം

219(1291) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലുള്ള സർക്കാർ സ്കൂളുകളിലെ എൽ.പി.എസ്.എ., യു.പി.എസ്.എ . തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്നും ,ഈ ഒഴിവുകളിലേയ്ക്ക് എപ്രകാരം നിയമനം നടത്താനാണ് ഉദ്ദേശിക്കുന്നതെന്നും അറിയിക്കുമോ; ഈ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) എറണാകുളം ജില്ലയിലുള്ള സർക്കാർ സ്കൂളുകളിലെ പ്രസ്തുത തസ്തികകളിൽനിന്ന് 2020 മാർച്ച് മുതൽ 2020 ജൂൺ വരെ വിരമിക്കുന്ന അദ്ധ്യാപകരുടെയും പ്രധാന അദ്ധ്യാപകരുടെയും എണ്ണം എത്രയെന്ന് മാസാടിസ്ഥാനത്തിൽ സ്കൂളുകൾ തിരിച്ച് അറിയിക്കുമോ;

(സി) ഉദ്യോഗസ്ഥ ഭരണപരിഷ്കാര കമ്മിഷന്റെ 20-9-2019-ലെ പരിപത്രത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും ഉത്തരവുകൾ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) എൽ.പി.എസ്.റ്റി. തസ്തികയിൽ 93 ഒഴിവുകളും യു.പി.എസ്.റ്റി. തസ്തികയിൽ 29 ഒഴിവുകളും നിലവിലുണ്ട്. എൽ.പി.എസ്.റ്റി. തസ്തികയിൽ കേഡർനില അനുസരിച്ച് 67 ഒഴിവുകൾ ബൈട്രാൻസ്ഫർ മുഖേനയുള്ള

നിയമനത്തിനായും ഒരൊഴിവ് ബൈട്രാൻസ്ഫർ എൻ.ജെ.ഡി. ആയും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ 6 ഒഴിവുകൾ Physically handicapped turn-നായി പി.എസ്.സി.-യിൽ നിലനിൽക്കുന്നുണ്ട്. കൂടാതെ 4 ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആകെ 78 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മിച്ചമുള്ള ഒഴിവുകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരുടെ 2 ഒഴിവുകളും 6 മാസത്തിൽ അധികരിക്കാത്ത 3 ശൂന്യവേതനാവധികളും സഹതാപാർഹ സാഹചര്യത്തിലുള്ള അന്തർജില്ലാ സ്ഥലംമാറ്റത്തിനായുള്ള 3 ഒഴിവുകളും നിയമന ഉത്തരവ് കൈപ്പറ്റിയവരിൽ ജോലിയിൽ പ്രവേശിക്കാത്ത ഉദ്യോഗാർത്ഥികളുടെ 3 ഒഴിവുകളും ഉൾപ്പെടുന്നു. കൂടാതെ മിച്ചമുള്ള 4 ഒഴിവുകൾ സ്റ്റാഫ് ഫിക്സേഷൻ റിവ്യൂ പൂർത്തിയായശേഷം കേഡർ നില ക്രമീകരിച്ച് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതാണ്.

യു.പി.എസ്.റ്റി. തസ്തികയിൽ 9 ഒഴിവുകൾ ബൈട്രാൻസ്ഫർ നിയമനത്തിനായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2 ഒഴിവുകൾ Physically handicapped category-യിൽ പി.എസ്.സി.-യിൽ നിലനിൽക്കുന്നുണ്ട്. 5 ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി റിപ്പോർട്ട് ചെയ്തിട്ടുള്ളതിൽ നിയമനശിപാർശ ലഭിച്ചിട്ടുണ്ട്. 2 ഒഴിവുകൾ സഹതാപാർഹ സാഹചര്യത്തിലുള്ള അന്തർജില്ലാ സ്ഥലംമാറ്റത്തിനായി മാറ്റിവച്ചിട്ടുള്ളതാണ്. 2 ഒഴിവുകൾ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരുടേതാണ്. മിച്ചമുള്ള 9 ഒഴിവുകൾ കേഡർ നിലയനുസരിച്ച് സ്റ്റാഫ് ഫിക്സേഷൻ റിവ്യൂ പൂർത്തിയാക്കിയതിനുശേഷം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി)

| ക്രമ നമ്പർ | സ്കൂൾ | എൽ.പി. എസ്.റ്റി. | യു.പി. എസ്.റ്റി. |
|---|---|---|---|
| (1) | (2) | (3) | (4) |
| 31-3-2020 | | | |
| 1 | ഗവൺമെന്റ്എച്ച്.എസ്., നൊച്ചിമ | 1 | |
| 2 | ഗവൺമെന്റ് എച്ച്.എസ്., വെസ്റ്റ് കടുങ്ങല്ലൂർ | | 1 |
| 3 | ഗവൺമെന്റ് ഈസ്റ്റ് എച്ച്.എസ്., മൂവാറ്റുപുഴ | 1 | |
| 4 | ഗവൺമെന്റ് മോഡൽ എച്ച്.എസ്., പാലക്കുഴ | 1 | |

| (1) | (2) | (3) | (4) |
|---|---|---|---|
| 5 | ഗവൺമെന്റ് യു.പി.എസ്., കുന്നക്കാൽ വെസ്റ്റ് | 1 | |
| 6 | ഗവൺമെന്റ് എച്ച്.എസ്., ആറൂർ | | 1 |
| 7 | ഗവൺമെന്റ്എച്ച്.എസ്, അത്താണിക്കൽ | | 1 |
| 8 | ഗവൺമെന്റ് പാലസ് എച്ച്.എസ്., തൃപ്പൂണിത്തുറ | | 1 |
| 9 | ഗവൺമെന്റ്എച്ച്.എസ്., എളമക്കര | | 1 |
| 10 | ഗവൺമെന്റ് എച്ച്.എസ്., സെൻട്രൽ കൽവത്തി | | 1 |
| 11 | ഗവൺമെന്റ് യു.പി. സ്കൂൾ, ഓണക്കൂർ | 1 | |
| 12 | ഗവൺമെന്റ് ഗേൾസ് എൽ.പി.എസ്., എറണാകുളം | 1 | |
| 13 | ഗവൺമെന്റ് എൽ.പി.എസ്., മാണിക്കമംഗലം | 1 | |
| 14 | ഗവൺമെന്റ് യു.പി.എസ്., ചേന്ദമംഗലം | 1 | |
| 15 | ഗവൺമെന്റ് യു.പി.എസ്., കറുകപ്പിള്ളി | 1 | |
| 16 | ഗവൺമെന്റ് എൽ.പി.എസ്., പാങ്കോട് | 1 | |
| 17 | ഗവൺമെന്റ് എൽ.പി.എസ്., പള്ളിലാംകര | 1 | |
| 18 | ഗവൺമെന്റ് എൽ.പി.എസ്., മണ്ണത്തൂർ | 1 | |
| 19 | ഗവൺമെന്റ് എൽ.പി.എസ്., പാഴൂർ | 1 | |
| 20 | ഗവൺമെന്റ് എച്ച്.എസ്., തെങ്ങോട് | | 1 |
| 21 | ഗവൺമെന്റ് യു.പി.എസ്., കോട്ടുവള്ളി | | 1 |
| 22 | ഗവൺമെന്റ് യു.പി.എസ്., കുത്താട്ടുകുളം | 1 | |
| | ആകെ | 14 | 8 |

30-4-2020

| (1) | (2) | (3) | (4) |
|---|---|---|---|
| 1 | ഗവൺമെന്റ് യു.പി.എസ്., കുറ്റിലഞ്ഞി | 1 | |
| 2 | ഗവൺമെന്റ് എൽ.പി.എസ്., തൃക്കാരിയൂർ | 1 | |
| 3 | ഗവൺമെന്റ് എൽ.പി.ജി.എസ്., പെരുമ്പാവൂർ | 1 | |
| 4 | ഗവൺമെന്റ് യു.പി.എസ്., കടാതി | | 1 |
| 5 | ഗവൺമെന്റ് യു.പി.എസ്., പണ്ടപ്പിള്ളി | 1 | |
| | ആകെ | 4 | 1 |

| 31-5-2020 | | | |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ഗവൺമെന്റ് എച്ച്.എസ്., തെങ്ങോട് | 1 | |
| 2 | ഗവൺമെന്റ് എൽ.പി.എസ്., മണിമരുതുംചാൽ | 1 | |
| 3 | ഗവൺമെന്റ് എൽ.പി.എസ്., മാവൂടി | 1 | |
| 4 | ഗവൺമെന്റ് എൽ.പി.എസ്., സൗത്ത് വാഴക്കുളം | 1 | |
| 5 | ഗവൺമെന്റ് എൽ.പി.എസ്., വെങ്ങോല | 1 | |
| 6 | ഗവൺമെന്റ് എൽ.പി.എസ്., ഒക്കൽ | 1 | |
| 7 | ഗവൺമെന്റ് വി.എച്ച്.എസ്.എസ്, മാതിരപ്പിള്ളി | 1 | |
| 8 | ഗവൺമെന്റ് യു.പി.എസ്., അശമന്നൂർ | | 2 |
| 9 | ഗവൺമെന്റ് ജി.എച്ച്.എസ്.എസ്., പെരുമ്പാവൂർ | | 2 |
| 10 | ഗവൺമെന്റ് വി.എച്ച്.എസ്.എസ്., തിരുമാറാടി | | 1 |
| 11 | ഗവൺമെന്റ് എച്ച്.എസ്., പിറവം | | 1 |
| 12 | ഗവൺമെന്റ് എച്ച്.എസ്., ഉരമന | | 1 |
| 13 | ഗവൺമെന്റ്എച്ച്.എസ്., പഴന്തോട്ടം | | 1 |
| 14 | ഗവൺമെന്റ് യു.പി.എസ്., ഊരക്കാട് | | 1 |
| 15 | ഗവൺമെന്റ് എച്ച്.എസ്., പാമ്പാക്കുട | 1 | |
| 16 | ഗവൺമെന്റ് യു.പി.എസ്., കാരിക്കോട് | 1 | |
| 17 | ഗവൺമെന്റ് എച്ച്.എസ്., പനയപ്പിള്ളി | 1 | |
| 18 | ഗവൺമെന്റ് യു.പി.എസ്., പീച്ചാനിക്കാട് | 1 | |
| 19 | ഗവൺമെന്റ് സെറ്റിൽമെന്റ് എൽ.പി.എസ്., ആലുവ | 1 | |
| 20 | ഗവൺമെന്റ് എൽ.പി.എസ്., കാക്കൂർ | 1 | |
| 21 | ഗവൺമെന്റ് എൽ.പി.എസ്., കാലാംമ്പൂർ | 1 | |
| 22 | ഗവൺമെന്റ് എൽ.പി.എസ്., പാഴൂർ | 1 | |
| 23 | ഗവൺമെന്റ് എച്ച്.എസ്., അയ്യങ്കാവ് | 1 | |
| | ആകെ | 16 | 9 |

| പ്രൈമറി പ്രധാനാധ്യാപകർ | | |
|---|---|---|
| 31-3-2020 | | |
| (1) | (2) | (3) |
| 1 | ഗവൺമെന്റ് എൽ.പി.എസ്., തൃക്കാക്കര | 1 |
| 2 | ഗവൺമെന്റ് യു.പി.എസ്., എറണാകുളം | 1 |
| 3 | ഗവൺമെന്റ് എൽ.പി.എസ്., കുറുകുന്നപ്പുരം | 1 |
| 4 | ഗവൺമെന്റ് യു.പി.എസ്., ഉപ്പുകണ്ടം | 1 |
| 5 | ഗവൺമെന്റ് യു.പി.എസ്., കുറ്റിലഞ്ഞി | 1 |
| 6 | ഗവൺമെന്റ് യു.പി.എസ്., പൈമറ്റം | 1 |
| 7 | ഗവൺമെന്റ് എൽ.പി.എസ്., മണിമരുതുംചാൽ | 1 |
| 8 | ഗവൺമെന്റ് എൽ.പി.എസ്., കോട്ടപ്പടി നോർത്ത് | 1 |
| 9 | ഗവൺമെന്റ് എൽ.പി.എസ്., വാരപ്പെട്ടി | 1 |
| 10 | ഗവൺമെന്റ് എൽ.പി.എസ്., പാഴൂർ | 1 |
| 11 | ഗവൺമെന്റ് യു.പി.എസ്., ഓണക്കൂർ നോർത്ത് | 1 |
| 12 | ഗവൺമെന്റ് എൽ.പി.എസ്., ചുള്ളി | 1 |
| 13 | ഗവൺമെന്റ് എൽ.പി.എസ്., നീലേശ്വരം | 1 |
| 14 | ഗവൺമെന്റ് എൽ.പി.എസ്., കോലഞ്ചേരി | 1 |
| 15 | ഗവൺമെന്റ് എൽ.പി.എസ്., വെമ്പിള്ളി | 1 |
| 16 | ഗവൺമെന്റ് എൽ.പി.എസ്., മഴുവന്നൂർ | 1 |
| 17 | ഗവൺമെന്റ് യു.പി.എസ്., ഊരക്കാട് | 1 |
| 18 | ഗവൺമെന്റ് യു.പി.എസ്., ചേന്ദമംഗലം | 1 |
| 19 | ഗവൺമെന്റ് എൽ.പി.ബി.എസ്., മുത്തകുന്നം | 1 |
| 20 | ഗവൺമെന്റ് ഫിഷറീസ് യു.പി.എസ്., ഞാറക്കൽ | 1 |
| | ആകെ | 20 |

| 30-4-2020 | | |
|---|---|---|
| (1) | (2) | (3) |
| 1 | ഗവൺമെന്റ് എം.ഐ.യു.പി.എസ്., വെളിയത്തുനാട് | 1 |
| 2 | ഗവൺമെന്റ് എൽ.പി.എസ്., പാനായിക്കുളം | 1 |
| 3 | ഗവൺമെന്റ് എൽ.പി.എസ്., തിരുവല്ലൂർ | 1 |
| 4 | ഗവൺമെന്റ് ജെ.ബി.എസ്., ദേശം | 1 |
| 5 | ഗവൺമെന്റ് എൽ.പി.എസ്., പാറക്കടവ് | 1 |
| 6 | ഗവൺമെന്റ് ജെ.ബി.എസ്., കണിയാട്ടുനിരപ്പ് | 1 |
| 7 | ഗവൺമെന്റ് എൽ.പി.എസ്., പാങ്കോട് | 1 |
| 8 | ഗവൺമെന്റ് ബി.എൽ.പി.എസ്., പെരുമ്പാവൂർ | 1 |
| | ആകെ | 8 |
| 31-5-2020 | | |
| (1) | (2) | (3) |
| 1 | ഗവൺമെന്റ് ജി.എൽ.പി.എസ്., എറണാകുളം | 1 |
| 2 | ഗവൺമെന്റ് എൽ.പി.എസ്., വെണ്ണല | 1 |
| 3 | ഗവൺമെന്റ് എൽ.പി.എസ്., വടകര | 1 |
| 4 | ഗവൺമെന്റ് എൽ.പി.എസ്., കൂത്താട്ടുകുളം | 1 |
| 5 | ഗവൺമെന്റ് എൽ.പി.എസ്., ഇടയാർ | 1 |
| 6 | ഗവൺമെന്റ് യു.പി.എസ്., ചെങ്ങര | 1 |
| 7 | ഗവൺമെന്റ് യു.പി.എസ്., ഇടമലയാർ | 1 |
| 8 | ഗവൺമെന്റ് യു.പി.എസ്., പാനിപ്ര | 1 |
| 9 | ഗവൺമെന്റ് യു.പി.എസ്., നേര്യമംഗലം | 1 |
| 10 | ഗവൺമെന്റ് എൽ.പി.എസ്., ചെറുവട്ടൂർ | 1 |
| 11 | ഗവൺമെന്റ് എൽ.പി.എസ്., കോതമംഗലം | 1 |
| 12 | ഗവൺമെന്റ് എൽ.പി.എസ്., കുറ്റിയാംചാൽ | 1 |
| 13 | ഗവൺമെന്റ് എൽ.പി.എസ്., പാലമറ്റം | 1 |
| 14 | ഗവൺമെന്റ് യു.പി.എസ്., പള്ളുരുത്തി | 1 |
| 15 | ഗവൺമെന്റ് യു.പി.എസ്., കക്കാട് | 1 |

| (1) | (2) | (3) |
|---|---|---|
| 16 | ഗവൺമെന്റ് യു.പി.എസ്., മേമ്മുറി | 1 |
| 17 | ഗവൺമെന്റ് യു.പി.എസ്., ആഴകം | 1 |
| 18 | എൻ.എസ്.എസ്.ജി.എൽ.പി.എസ്., ഐരാപുരം | 1 |
| 19 | ഗവൺമെന്റ് എൽ.പി.എസ്., വടയമ്പാടി | 1 |
| 20 | ഗവൺമെന്റ് ജെ.ബി.എസ്., നീറാമുഗൾ | 1 |
| 21 | എൽ.പി.ജി.എസ്., മഴുവന്നൂർ | 1 |
| 22 | ഗവൺമെന്റ് എൽ.പി.എസ്., കടാതി | 1 |
| 23 | ഗവൺമെന്റ് ടൗൺ യു.പി.എസ്., മൂവാറ്റുപുഴ | 1 |
| 24 | ഗവൺമെന്റ് എൽ.പി.എസ്., പറയക്കാട് | 1 |
| 25 | ഗവൺമെന്റ് എം.ഒ.എച്ച്.എൽ.പി.എസ്., വടക്കേക്കര | 1 |
| 26 | ഗവൺമെന്റ് എൽ.പി.എസ്., വേങ്ങൂർ | 1 |
| 27 | ഗവൺമെന്റ് യു.പി.എസ്, കീഴില്ലം | 1 |
| 28 | ഗവൺമെന്റ് എൽ.പി.എസ്., കുറിച്ചിലക്കോട് | 1 |
| 29 | ഗവൺമെന്റ് യു.പി.എസ്., മുടക്കുഴ | 1 |
| 30 | ഗവൺമെന്റ് യു.പി.എസ്., പുതുവൈപ്പ് | 1 |
| | ആകെ | 30 |

ഹൈസ്ക്കൂൾ പ്രധാനാദ്ധ്യാപകർ

മാർച്ച് 2020

| (1) | (2) | (3) |
|---|---|---|
| 1 | ഇ.എം.എച്ച്.എസ്.എസ്., ഫോർട്ട് കൊച്ചി | 1 |
| 2 | എസ്.ആർ.വി.ജി.എച്ച്.എസ്.എസ്., എറണാകുളം | 1 |
| 3 | യു.ബി.എച്ച്.എസ്., തൃപ്പൂണിത്തുറ | 1 |
| 4 | ജി.റ്റി.റ്റി.ഐ., ഇടപ്പള്ളി | 1 |
| 5 | ജി.റ്റി.റ്റി.ഐ., ചെറുവട്ടൂർ | 1 |
| | ആകെ | 5 |

| മേയ് 2020 | | |
|---|---|---|
| (1) | (2) | (3) |
| 1 | ജി.വി.എച്ച്.എസ്.എസ്., കളമശ്ശേരി | 1 |
| 2 | ജി.എച്ച്.എസ്., ഏഴിക്കര | 1 |
| 3 | എം.ജി.എം.ജി.എച്ച്.എസ്, നായത്തോട് | 1 |
| 4 | ജി.എച്ച്.എസ്., സെൻട്രൽ, കാൽവത്തി | 1 |
| 5 | ജി.ജി.എച്ച്.എസ്., എറണാകുളം | 1 |
| 6 | ജി.എച്ച്.എസ്., നാമക്കുഴി | 1 |
| 7 | ജി.എച്ച്.എസ്., അകനാട് | 1 |
| 8 | ജി.എച്ച്.എസ്., ചേരാനെല്ലൂർ | 1 |
| 9 | ജി.എച്ച്.എസ്., കുട്ടമ്പുഴ | 1 |
| 10 | ജി.വി.എച്ച്.എസ്.എസ്, ഇരിങ്ങോൾ | 1 |
| | ആകെ | 10 |

(സി) ഇല്ല.

**തൃശ്ശൂർ ജില്ലയിലെ എൽ.പി.എസ്./യു.പി.എസ്. അദ്ധ്യാപകരുടെ ഒഴിവുകൾ**

220(1292) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ എൽ.പി.എസ്./യു.പി.എസ്. അദ്ധ്യാപകരുടെ എത്ര ഒഴിവുകൾ ഉണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) എൽ.പി.എസ്.എ. - 178

യു.പി.എസ്.എ. - 35

(ബി) ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**പാലക്കാട് ജില്ലയിലെ തയ്യൽ ടീച്ചർ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം**

221(1293) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ യു.പി. സ്കൂൾ തയ്യൽ ടീച്ചർ റാങ്ക് ലിസ്റ്റ് എപ്പോഴാണ് നിലവിൽ വന്നതെന്നും എത്ര പേർക്ക് ഇതുവരെ നിയമനം നൽകിയിട്ടുണ്ടെന്നും അറിയിക്കാമോ;

(ബി) യു.പി. സ്കൂളിലെയും ഹൈസ്കൂളിലെയും തയ്യൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ യോഗ്യതയും ശമ്പള സ്കെയിലും ഒന്നായ സാഹചര്യത്തിൽ ഈ രണ്ട് തസ്തികയും ഏകീകരിച്ച് നിലവിലുള്ള യു.പി. സ്കൂൾ തയ്യൽ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തിയാൽ കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കുമെന്നത് കണക്കിലെടുത്ത് ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) യു.പി. വിഭാഗം തയ്യൽ ടീച്ചർ തസ്തികയിലെ റാങ്ക് ലിസ്റ്റ് 21-3-2017-ൽ നിലവിൽവന്നു. ഈ റാങ്ക് ലിസ്റ്റിൽനിന്നും ഒരാൾക്ക് മാത്രമേ നിയമനം നല്കിയിട്ടുള്ളൂ. കൂടാതെ ഒരു ഒഴിവുകൂടി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും പി.എസ്.സി.-യിൽനിന്നും നിയമന ശിപാർശ ഇതുവരെ ലഭിച്ചിട്ടില്ല.

(ബി) യു.പി. വിഭാഗം തയ്യൽ അദ്ധ്യാപക തസ്തികയ്ക്കും ഹൈസ്കൂൾ വിഭാഗം തയ്യൽ അദ്ധ്യാപക തസ്തികയ്ക്കും രണ്ട് വ്യത്യസ്ത റാങ്ക് ലിസ്റ്റാണ് നിലവിലുള്ളത്. ഈ രണ്ട് തസ്തികയും ഏകീകരിച്ച് നിലവിലുള്ള യു.പി. സ്കൂൾ റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിഗണിച്ചിട്ടില്ല.

**തിരുവനന്തപുരം ജില്ലയിലെ കായിക അദ്ധ്യാപകരുടെ ഒഴിവ്**

222(1294) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ ഹൈസ്കൂൾ വിഭാഗത്തിൽ എത്ര കായിക അദ്ധ്യാപകരുടെ ഒഴിവുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) ഈ അധ്യയന വർഷം തിരുവനന്തപുരം ജില്ലയിൽ ഹൈസ്കൂൾ വിഭാഗത്തിൽ നിന്നും വിരമിക്കുന്ന കായിക അദ്ധ്യാപകരുടെ പേരും വിശദാംശങ്ങളും നൽകുമോ?

ഉത്തരം

(എ) 3 ഒഴിവുകളുണ്ട്.

(ബി) 2 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒരൊഴിവ് അന്തർ ജില്ലാ സ്ഥലംമാറ്റത്തിനായി മാറ്റിവച്ചിരിക്കുന്നു.

(സി) ഈ അധ്യയന വർഷം തിരുവനന്തപുരം ജില്ലയിൽ ഹൈസ്കൂൾ വിഭാഗത്തിൽനിന്നും വിരമിക്കുന്ന കായിക അദ്ധ്യാപകരുടെ പേരും വിശദാംശങ്ങളും ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പേര് | സ്കൂളിന്റെ പേര് | വിരമിക്കൽ തീയതി |
|---|---|---|---|
| ജില്ലാ വിദ്യാഭ്യാസ ഓഫീസ്, ആറ്റിങ്ങൽ | | | |
| 1 | ശ്രീമതി കനകമണി | ഗവ.എച്ച്.എസ്., കൊട്ടുവഴന്നൂർ | 31-5-2020 |
| 2 | ശ്രീമതി നൈസി പി. ആന്റണി | പി.എൻ.എം. ഗവ. എച്ച്.എസ്., കുന്തള്ളൂർ | 31-5-2020 |
| 3 | ശ്രീമതി പി. ശോഭന | ഗവ. എച്ച്.എസ്.എസ്., വെഞ്ഞാറമൂട് | 31-5-2020 |
| ജില്ലാ വിദ്യാഭ്യാസ ഓഫീസ്, തിരുവനന്തപുരം | | | |
| 4 | ശ്രീമതി എൽ. ബി. മേബൽ | ഗവ. എച്ച്.എസ്.എസ്., കോട്ടൺഹിൽ | 31-5-2020 |

## സ്പെഷ്യൽ സ്കൂളുകൾ

223(1295) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര സ്പെഷ്യൽ സ്കൂളുകളാണ് നിലവിലുള്ളത്; ഈ സർക്കാരിന്റെ കാലത്ത് എത്ര സ്പെഷ്യൽ സ്കൂളുകളാണ് അടച്ചുപൂട്ടിയത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ സ്കൂളുകൾക്ക് സ്പെഷ്യൽ പാക്കേജ് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് നാളിതുവരെ നടപ്പിലാക്കാൻ കഴിയാത്തത്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരം സ്കൂളുകൾക്ക് ഓരോ വർഷവും എത്ര തുകവീതം നൽകിയിട്ടുണ്ട്; മുൻ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും എത്ര തുകവീതം നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) 43 അന്ധ-ബധിര വിദ്യാലയങ്ങളും വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന 338 സ്കൂളുകളും പ്രവർത്തിക്കുന്നു. അതിൽ 70 സ്കൂളുകൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളുകളാണ്. സർക്കാർ തലത്തിൽ പ്രവർത്തിക്കുന്ന അന്ധ-ബധിര സ്കൂളുകൾ ഒന്നുംതന്നെ അടച്ചുപൂട്ടിയിട്ടില്ല.

(ബി) മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന സ്കൂളുകൾക്കായി 25 കോടി രൂപ സ്പെഷ്യൽ പാക്കേജായി വകയിരുത്തിയിട്ടുണ്ട്. ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അന്ധ-ബധിര സ്കൂളുകൾക്ക് 3 കോടി 75 ലക്ഷം രൂപയും മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന സ്കൂളുകൾക്ക് 71 കോടി 50 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് നൽകിയ തുക സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുനൽകുന്നതാണ്.

**സ്കോളർഷിപ്പ് തുക ലഭ്യമാക്കുന്നതിന് നടപടി**

224(1296) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2017-18 അധ്യയന വർഷം മുതൽ എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പിന് അർഹത നേടിയ വിദ്യാർത്ഥികൾക്ക് പ്രസ്തുത തുക ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സ്കോളർഷിപ്പ് തുക വർദ്ധിപ്പിക്കുന്നതിനും ആയത് സമയബന്ധിതമായി വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) സ്കോളർഷിപ്പിന് അർഹത നേടിയ നെയ്യാറ്റിൻകര വിദ്യാഭ്യാസ ജില്ലയിലെ വിദ്യാർത്ഥികൾക്ക് പ്രസ്തുത തുക എന്ന് ലഭ്യമാകുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 2017-18, 2018-19 വർഷങ്ങളിൽ 14 വിദ്യാഭ്യാസ ഉപഡയറക്ടർമാരിൽ-നിന്നും ലഭിച്ച റിക്വയർമെന്റ് പ്രകാരം എൽ.എസ്.എസ്./യു.എസ്.എസ്. സ്കോളർഷിപ്പിന് അർഹത നേടിയ വിദ്യാർത്ഥികൾക്ക് അലോട്ട്മെന്റ് തുക വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. 2019-20 വർഷത്തിൽ സ്കോളർഷിപ്പ് വിതരണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 2017-18 വർഷം മുതൽ എൽ.എസ്.എസ്./യു.എസ്.എസ്. അർഹത നേടിയ കുട്ടികൾക്ക് 200, 300 രൂപയിൽനിന്നും യഥാക്രമം 1000, 1500 രൂപയായി വർദ്ധിപ്പിച്ച തുക നൽകിവരുന്നു.

(സി) സ്കോളർഷിപ്പ് വിതരണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വിദ്യാഭ്യാസ ഓഫീസുകളിൽ ഓൺലൈൻ സംവിധാനം

225(1297) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ വിദ്യാഭ്യാസ ഓഫീസുകളും വിദ്യാഭ്യാസ ഡയറക്ടറേറ്റുകളും പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറിയിട്ടുണ്ടോ;

(ബി) അദ്ധ്യാപകരുടെ സേവന-ആനുകൂല്യങ്ങൾ സംബന്ധമായ അപേക്ഷകൾ ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലും ഡി.ഡി. ഓഫീസുകളിലും ദീർഘകാലം വച്ചുതാമസിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിലുള്ള നടപടികൾ അവസാനിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ?

### ഉത്തരം

(എ) ഇല്ല.

(ബി) വിദ്യാഭ്യാസ ഓഫീസുകളിൽ ഫയലുകളിൽ തീരുമാനമെടുക്കാൻ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഫയലുകൾ തീർപ്പാക്കുവാൻ കൃത്യമായ ഇടവേളകളിൽ ഫയൽ അദാലത്തുകൾ നടത്തുന്നതിനും അദാലത്തുകളുടെ പുരോഗതി മൂന്നുമാസത്തിലൊരിക്കൽ ഡയറക്ടർ തലത്തിൽ പരിശോധിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

കൂടാതെ ഡയറക്ടറേറ്റിലും ജില്ലാ ഓഫീസുകളിലും തപാലുകൾ/അപേക്ഷകൾ ലഭിച്ചുവെന്ന് ഉറപ്പുവരുത്തുന്നതിനും ലഭിച്ച എല്ലാ അപേക്ഷകളിലും തുടർനടപടി സ്വീകരിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുമായി പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസുകളിലും എല്ലാവിധ കത്തിടപാടുകളും ഇ-മെയിൽ മുഖാന്തരം ആയിരിക്കണമെന്ന് സർക്കാർ കർശന നിർദ്ദേശം നല്കുകയും അതിനായി എല്ലാ ഓഫീസുകളിലെയും സെക്ഷനുകൾക്കും, ഓഫീസർമാർക്കും gov.in-ൽ അവസാനിക്കുന്ന ഔദ്യോഗിക മേൽവിലാസം തയ്യാറാക്കി നല്കുകയും ചെയ്തിട്ടുണ്ട്.

## വിദ്യാലയങ്ങളിലെ വിനോദയാത്ര സംബന്ധിച്ച് നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ

226(1298) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളിലെ വിനോദയാത്ര സംബന്ധിച്ച് ദുരന്തനിവാരണ അതോറിറ്റിയും വിദ്യാഭ്യാസ വകുപ്പും എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത നിർദ്ദേശങ്ങൾ പലപ്പോഴും കർശനമായി പാലിക്കുന്നില്ലായെന്നും അതുമൂലം ദുരന്തങ്ങൾ ഉണ്ടാകാനുള്ള സാധ്യതയുണ്ടെന്നും കണ്ടെത്തിയിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലെയും പ്രഥമ അധ്യാപകരും പി.റ്റി.എ. യും വിനോദയാത്ര സംബന്ധിച്ച് നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് സംവിധാനം ഏർപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) വിദ്യാലയങ്ങളിൽനിന്നുള്ള വിനോദയാത്ര സംബന്ധിച്ച് സ്വീകരിക്കേണ്ട സുരക്ഷാ നടപടികൾ ഉൾപ്പെടെയുള്ള വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാരിന്റെ 2-3-2007-ലെ ജി.ഒ.(എം.എസ്.) 51/2007/പൊ.വി.വ. ഉത്തരവിന്റെയും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 6-8-2016-ലെ എച്ച്/976/2016 സർക്കുലറിലും വളരെ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. യാത്രയ്ക്കുള്ള അനുവാദം യാത്ര സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും ഉൾപ്പെടുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസിൽ നിന്നാണ് നൽകുന്നത്.

(ബി) മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് വിനോദയാത്രകൾ നടത്തണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) വിനോദയാത്രയ്ക്ക് മുമ്പുതന്നെ പ്രോഗ്രാം ചാർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസിൽനിന്നും അനുവാദം ലഭിച്ചതിനുശേഷമേ യാത്ര നടത്താവൂ. യാത്ര സംബന്ധിച്ച് പി.റ്റി.എ. എക്സിക്യൂട്ടീവിൽ തീരുമാനമെടുക്കേണ്ടതായിട്ടുണ്ട്. പ്രഥമാദ്ധ്യാപകനോ സീനിയർ അദ്ധ്യാപകനോ നിർബന്ധമായും യാത്രാ സമയത്ത് ഉണ്ടായിരിക്കേണ്ടതാണ്. രക്ഷിതാക്കളുടെ പ്രതിനിധികളെയും യാത്രാ സംഘത്തിൽ ഉൾപ്പെടുത്താവുന്നതാണ്.

**ഭരണഘടനാ സാക്ഷരതാ പരിപാടി**

227(1299) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)സാക്ഷരതാ മിഷന്റെ ആഭിമുഖ്യത്തിൽ ഭരണഘടനാ സാക്ഷരതാ പരിപാടി സംഘടിപ്പിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഭാഗമായി നടത്തുന്ന പരിപാടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കേരള സംസ്ഥാന സാക്ഷരതാ മിഷൻ കേരള നിയമസഭയുമായി ചേർന്ന് ഭരണഘടനാ സാക്ഷരതാ ജനകീയ വിദ്യാഭ്യാസ പരിപാടിയുടെ ഒന്നാംഘട്ടം 2018 നവംബർ 26-ന് ആരംഭിച്ചു. ഭരണഘടനാ ആശയങ്ങളെ ആധാരമാക്കി 'ഭരണഘടനാ സാക്ഷരതാ പുസ്തകം' എന്ന പേരിൽ തയ്യാറാക്കിയ പുസ്തകം പ്രകാശനം ചെയ്തു. ജില്ലാ-ബ്ലോക്ക്-മുനിസിപ്പൽ-കോർപ്പറേഷൻ-ഗ്രാമപഞ്ചായത്ത് തലങ്ങളിൽ ഭരണഘടനാ സംരക്ഷണ സംഗമങ്ങൾ സംഘടിപ്പിച്ചു. 2019 ജനുവരി 14 മുതൽ 24 വരെ കാസർഗോഡ് മഞ്ചേശ്വരം മുതൽ തിരുവനന്തപുരം വെഞ്ഞാറമൂട് വരെ സംസ്ഥാന സാക്ഷരതാ മിഷൻ ഭരണഘടനാ സന്ദേശ യാത്ര സംഘടിപ്പിച്ചു. ഭരണഘടനാ സാക്ഷരതാ ജനകീയ വിദ്യാഭ്യാസ പരിപാടിയുടെ രണ്ടാം ഘട്ടം 2020 ജനുവരി 1 മുതൽ 30 വരെ നീണ്ടുനിന്ന വിപുലമായ പരിപാടികളോടെ സംസ്ഥാനതലത്തിൽ സംഘടിപ്പിച്ചു. ജനുവരി 3 മുതൽ പതിനാല് ജില്ലകളിലും 'ഇന്ത്യ എന്ന റിപ്പബ്ലിക്' എന്ന പേരിൽ കലാജാഥ സംഘടിപ്പിച്ചു. 'ഇന്ത്യ എന്ന റിപ്പബ്ലിക്' ഭരണഘടനാ സാക്ഷരതാ ലഘുപുസ്തകം പ്രസിദ്ധീകരിച്ചു. സംസ്ഥാനത്തുടനീളം അയ്യായിരം കേന്ദ്രങ്ങളിലായി അഞ്ച് ലക്ഷത്തോളം പേരിലേയ്ക്ക് ഭരണഘടനാ സന്ദേശങ്ങൾ എത്തിക്കുകയും ഭരണഘടനയുടെ ആമുഖം വായിക്കുകയും ചെയ്തു. 'ഇന്ത്യ എന്ന റിപ്പബ്ലിക്' എന്ന ആശയത്തെ ആസ്പദമാക്കി പ്രദർശനവും പ്രഭാഷണ പരമ്പരയും സംഘടിപ്പിച്ചു. ജനുവരി 30-ന് തിരുവനന്തപുരം ഗാന്ധിപാർക്കിൽ സാക്ഷരതാ മിഷൻ പ്രവർത്തകരെയും പഠിതാക്കളെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള റാലിയും ജനകീയ സംഗമവും സംഘടിപ്പിച്ചു.

**ജനസൗഹൃദ വില്ലേജ് ഓഫീസുകൾ**

228(1300) <u>ശ്രീ. മോൻസ് ജോസഫ്</u>:

<u>ശ്രീ. പി. ജെ. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകൾ ജനസൗഹൃദമാക്കാൻ വില്ലേജ് ഓഫീസർമാർക്ക് വേണ്ട പരിശീലനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ജനങ്ങളുടെ പ്രശ്നങ്ങൾക്ക് മുഖ്യ പരിഗണന നൽകുന്നതിനും സാധ്യമായ വിഷയങ്ങളിൽ ജനങ്ങൾ പലതവണ ഓഫീസ് കയറി ഇറങ്ങേണ്ട അവസ്ഥ ഒഴിവാക്കുന്നതിനും വേണ്ട നടപടി ഏർപ്പെടുത്തുമോ;

(സി) വില്ലേജ് ഓഫീസർമാർക്ക് പരിഹരിക്കാൻ കഴിയാത്ത വിഷയങ്ങൾ സംബന്ധിച്ച് ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിന് വില്ലേജ് സ്റ്റാഫിന് വേണ്ട പരിശീലനം നടത്തുമോ; വിശദമാക്കുമോ ?

ഉത്തരം

(എ) ജനസൗഹൃദപരമായ പെരുമാറ്റവും ഉയർന്ന തലത്തിലുള്ള സേവനവും ഉറപ്പുവരുത്തുന്നതിനായി വില്ലേജ് ഓഫീസ് ജനസൗഹൃദം പരിശീലന പരിപാടി തിരുവനന്തപുരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റിൽ നടന്നുവരുന്നു. നിലവിൽ തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ വില്ലേജ് ഓഫീസർമാർക്ക് വില്ലേജ് ഓഫീസ് ജനസൗഹൃദം പരിശീലനം നൽകിയിട്ടുണ്ട്. മറ്റ് ജില്ലകളിലെ എല്ലാ വില്ലേജ് ഓഫീസർമാർക്കും പരിശീലനം നൽകുന്നതാണ്.

(ബി) നിലവിൽ വില്ലേജോഫീസുകളിൽ ഇ-ഡിസ്ട്രിക്റ്റ്, റെലിസ് എന്നീ ഓൺലൈൻ സംവിധാനങ്ങൾ നിലവിലുണ്ട്. ഇ-ഡിസ്ട്രിക്റ്റ് മുഖേന വിവിധ സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷിക്കുന്നതിനാൽ ടി വിഷയത്തിൽ വില്ലേജോഫീസുകളിൽ കയറിയിറങ്ങേണ്ട അവസ്ഥയില്ല. റെലിസ് സംവിധാനം നിലവിൽ വന്നതിനാൽ പോക്കുവരവ് ഓൺലൈൻ മുഖേനയാണ്. റെലിസ് മുഖേന ഓൺലൈനായി ഭൂനികുതിയുൾപ്പെടെയുള്ള വിവിധ ടാക്സുകൾ അടയ്ക്കാനുള്ള സംവിധാനവും നിലവിലുണ്ട്.

(സി) വില്ലേജ് സ്റ്റാഫുകൾക്ക് വിവിധ റവന്യൂ വിഷയങ്ങളിൽ തിരുവനന്തപുരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് & ഡിസാസ്റ്റർ മാനേജ്മെന്റിൽ പരിശീലനം നൽകിവരുന്നുണ്ട്.

**ഭൂനികുതി ഇരട്ടിയാക്കാൻ ശിപാർശ**

229(1301) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂനികുതി ഇരട്ടിയാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇത് സംബന്ധമായ ശിപാർശ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എന്നാണ് സംസ്ഥാനത്ത് അവസാനമായി ഭൂനികുതി കൂട്ടിയത്; വിശദമാക്കുമോ;

(ബി) ഭൂമിയുടെ ന്യായവില വർഷംതോറും വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇതുവഴി രജിസ്ട്രേഷൻ ഫീസ്, സ്റ്റാമ്പ് ഡ്യൂട്ടി എന്നീ ഇനങ്ങളിൽ വരുമാനം ഇരട്ടിയാക്കാമെന്ന് സർക്കാർ കരുതുന്നുണ്ടോ; വിശദമാക്കുമോ;

(സി) സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധിയാണോ ഇത്തരം തീരുമാനങ്ങൾക്കുപിന്നിൽ എന്നറിയിക്കാമോ; വരുമാനം വർദ്ധിപ്പിക്കാൻ നിർദ്ദേശങ്ങൾ സമർപ്പിക്കാനായി നിയോഗിച്ച സമിതിയുടേതാണോ ഈ ശിപാർശകൾ എന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) ഇല്ല. സംസ്ഥാനത്ത് ഭൂനികുതി അവസാനമായി കൂട്ടിയത് 1-4-2018-ൽ ആയിരുന്നു.

(ബി) ഇല്ല.

(സി) ബാധകമല്ല.

**റവന്യൂ വകുപ്പ് പിടിച്ചെടുത്ത വാഹനങ്ങൾ നീക്കം ചെയ്യുന്നതിന് നടപടി**

230 (1302) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അനധികൃതമായി മണൽ കടത്തിയതിന് എത്ര വാഹനങ്ങൾ റവന്യൂ വകുപ്പ് പിടിച്ചെടുത്തിട്ടുണ്ട്; വിശദമാക്കാമോ;

(ബി) പ്രസ്തുത വാഹനങ്ങളിൽ എത്രയെണ്ണം കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമത്തിലെ 23(എ)(4) വകുപ്പുപ്രകാരം വിട്ടുതൽ ചെയ്തിട്ടുണ്ട്; വിശദമാക്കാമോ;

(സി) ഇത്തരത്തിൽ പിടിച്ചെടുക്കുന്ന വാഹനങ്ങൾ പാർക്ക് ചെയ്യുന്നതുമൂലം ഓഫീസ് കോമ്പൗണ്ടുകളിൽ പൊതുജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ട് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഇത്തരം വാഹനങ്ങൾ അടിയന്തരമായി നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അനധികൃതമായി മണൽ കടത്തിയതിന് എത്ര വാഹനങ്ങൾ പിടിച്ചെടുത്തിട്ടുണ്ടെന്നും വിട്ടുതൽ ചെയ്തിട്ടുണ്ടെന്നുമുള്ളതിനെ സംബന്ധിച്ച ജില്ല തിരിച്ചുള്ള വിവരം പട്ടികയായി ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | പിടിച്ചെടുത്ത വാഹനങ്ങളുടെ എണ്ണം | വിട്ടുതൽ ചെയ്ത വാഹനങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | 49 | 15 |
| 2 | കൊല്ലം | 17 | 04 |
| 3 | പത്തനംതിട്ട | 0 | 0 |
| 4 | ആലപ്പുഴ | 13 | 11 |
| 5 | കോട്ടയം | 03 | 02 |
| 6 | ഇടുക്കി | 16 | 05 |
| 7 | എറണാകുളം | 06 | 05 |
| 8 | തൃശ്ശൂർ | 312 | 02 |
| 9 | പാലക്കാട് | 180 | 22 |
| 10 | മലപ്പുറം | 505 | 332 |
| 11 | കോഴിക്കോട് | 31 | 06 |
| 12 | വയനാട് | 27 | 0 |
| 13 | കണ്ണൂർ | 08 | 02 |
| 14 | കാസർഗോഡ് | 08 | 0 |
| ആകെ | | 1175 | 406 |

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ആക്ട് 2013 പ്രകാരമുള്ള നടപടി സമയബന്ധിതമായി പൂർത്തിയാക്കി ടി വാഹനങ്ങൾ ലേലം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**മരടിലെ അനധികൃത ഫ്ലാറ്റുടമകൾക്ക് നൽകിയ നഷ്ടപരിഹാരം**

231 (1303) <u>ശ്രീ. ടി. ജെ. വിനോദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരടിലെ അനധികൃത ഫ്ലാറ്റുകൾ പൊളിക്കണമെന്ന സുപ്രീംകോടതി വിധി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കെട്ടിട ഉടമകൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ഇതിനായി എന്ത് തുകയാണ് ഇതുവരെ ചെലവഴിച്ചത്; അറിയിക്കുമോ;

(സി) ഫ്ലാറ്റുകളുടെ യഥാർത്ഥ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ ഇനിയും ഹാജരാക്കാത്തതിനാൽ നഷ്ടപരിഹാരം നൽകുവാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എത്ര ഫ്ലാറ്റുകളുടെ ഉടമസ്ഥാവകാശമാണ് ഇനിയും കണ്ടുപിടിക്കേണ്ടതായിട്ടുള്ളത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) നൽകിയിട്ടുണ്ട്. മരടിലെ അനധികൃത ഫ്ലാറ്റുകൾ പൊളിക്കണമെന്നും കെട്ടിടമുടമകൾക്ക് 25 ലക്ഷം രൂപ വീതം നഷ്ടപരിഹാരം നൽകണമെന്നും സുപ്രീംകോടതി ഉത്തരവിട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ മരട് മുനിസിപ്പൽ സെക്രട്ടറി സർക്കാരിൽ ലഭ്യമാക്കിയ ലിസ്റ്റ് പ്രകാരമുള്ള കെട്ടിട ഉടമകൾക്കെല്ലാം നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. ഈ ഇനത്തിൽ ഇതുവരെ 59,32,32,780/- (അൻപത്തിയൊമ്പത് കോടി മുപ്പത്തിരണ്ട് ലക്ഷത്തി മുപ്പത്തി രണ്ടായിരത്തി എഴുന്നൂറ്റി എൺപത്) രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ ഫ്ലാറ്റുടമകൾക്ക് നൽകേണ്ട അധിക തുക സംബന്ധിച്ച് സുപ്രീംകോടതി നിയമിച്ച ജസ്റ്റിസ് ബാലകൃഷ്ണൻ നായർ കമ്മിറ്റിക്ക് തീരുമാനമെടുക്കാവുന്നതാണെന്നും കോടതി ഉത്തവിട്ടിട്ടുണ്ട്.

(സി) ഉണ്ടായിട്ടുണ്ട്.

(ഡി) 13 എണ്ണം. ഫ്ലാറ്റുടമകളിൽനിന്ന് മൊത്തം കിട്ടിയ അപേക്ഷകളിൽ 13 എണ്ണം രജിസ്റ്റർ ചെയ്ത ആധാരങ്ങളല്ലെന്ന കാരണത്താൽ നിരസിക്കുകയുണ്ടായി.

**മിത്രം സോഫ്റ്റ്‌വെയർ**

232 (1304) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ സംബന്ധമായ പരാതികൾ ഓൺലൈനായി സമർപ്പിക്കുന്നതിന് മിത്രം എന്ന പേരിൽ സോഫ്റ്റ്‌വെയർ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇപ്പോൾ വകുപ്പുമന്ത്രിക്ക് രേഖാമൂലം നൽകുന്ന പരാതികളിൽ തുടർനടപടികൾ ഉണ്ടാകുന്നില്ലായെന്ന ആക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണോ സോഫ്റ്റ്‌വെയറിലൂടെ പരാതികൾ സ്വീകരിക്കുവാൻ തീരുമാനിച്ചതെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത സോഫ്റ്റ്‌വെയറിലൂടെ ഇതിനകം എത്ര അപേക്ഷകൾ രജിസ്റ്റർ ചെയ്തുവെന്നും അതിൽ എത്രയെണ്ണത്തിൽ നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) റവന്യൂ സംബന്ധമായ പരാതികൾ ഓൺലൈനായി സമർപ്പിക്കുന്നതിന് മിത്രം എന്ന പേരിൽ സോഫ്റ്റ്‌വെയർ നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത വെബ്സൈറ്റിന്റെ വിലാസം mitram.revenue.kerala.gov.in എന്നാണ്.

(ബി) രേഖാമൂലം നൽകുന്ന പരാതികളിൽ തുടർനടപടി ഉണ്ടാകുന്നില്ലെന്ന ആക്ഷേപത്തിന്റെ അടിസ്ഥാനത്തിലല്ല മിത്രം സോഫ്റ്റ്‌വെയറിലൂടെ പരാതികൾ സ്വീകരിക്കാൻ തീരുമാനിച്ചത്. ഓൺലൈൻ സംവിധാനത്തിലൂടെ പരാതികൾ കൈകാര്യം ചെയ്യുന്നതിനാൽ പരാതിക്കാരന് പരാതിയുടെ നിലവിലെ സ്ഥിതി അറിയാൻ കഴിയുന്നതുകൊണ്ടാണ് പ്രസ്തുത സോഫ്റ്റ്‌വെയർ ആരംഭിച്ചത്. മറുപടി തയ്യാറാക്കിയാൽ ഉടൻതന്നെ പരാതിക്കാരന്റെ ലോഗിനിൽ മറുപടി അറിയാൻ കഴിയുന്നതാണ്. ഓരോഘട്ടത്തിലും എസ്.എം.എസ്. മുഖേന പരാതിക്കാരന്റെ മൊബൈലിൽ അറിയിപ്പ് ലഭിക്കുന്നതുമാണ്. സോഫ്റ്റ്‌വെയർ നടപ്പിലാക്കുകവഴി പരാതിപരിഹാര സംവിധാനം കൂടുതൽ ജനസൗഹാർദ്ദപരമാകുന്നതാണ്.

(സി) മിത്രം സോഫ്റ്റ്‌വെയറിലൂടെ ആകെ 145 പരാതികളിൽ 116 എണ്ണത്തിൽ നടപടി സ്വീകരിച്ചുതുടങ്ങിയിട്ടുള്ളതും 5 പരാതികൾ പൂർണ്ണമായി തീർപ്പാക്കിയിട്ടുള്ളതുമാണ്.

**ലീഗൽ ഹയർഷിപ്പ് സർട്ടിഫിക്കറ്റുകൾ**

233 (1305) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗൽ ഹയർഷിപ്പ് സർട്ടിഫിക്കറ്റിനുള്ള അപേക്ഷകൾ സ്വീകരിച്ച ശേഷം അവ അനുവദിക്കുന്നതിനായി പല താലൂക്ക് ഓഫീസുകളിലും കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) താലൂക്കുകളിൽനിന്നും ഓൺലൈൻവഴി ഗസറ്റ് പ്രസിദ്ധീകരണത്തിലേയ്ക്ക് അതത് താലൂക്കുകളിൽനിന്നും അപേക്ഷ നൽകുന്ന കാര്യം വകുപ്പ് പരിഗണിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) റവന്യൂ വിഭാഗം നൽകുന്ന മറ്റെല്ലാ സർട്ടിഫിക്കറ്റുകളും വേഗത്തിൽ ലഭ്യമാവുമ്പോൾ ലീഗൽ ഹയർ സർട്ടിഫിക്കറ്റ് ലഭിക്കാൻ നേരിടുന്ന താമസം പരിഹരിക്കുന്നതിന് എന്തെങ്കിലും പരിഷ്കരണത്തിന് തുടക്കം കുറിക്കുന്നുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പരിഗണിക്കുന്നുണ്ട്. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഐ.ടി. മിഷൻ പ്രതിനിധികളുമായി ചർച്ച നടത്തിയിട്ടുണ്ട്. ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറുന്നതിനുള്ള നടപടി പൂർത്തിയാകുന്നമുറയ്ക്ക് സംസ്ഥാനത്തെ ലീഗൽ ഹയർഷിപ്പ് സർട്ടിഫിക്കറ്റുകളുമായി ബന്ധപ്പെട്ട വിവരങ്ങൾ ഇ-ഗസറ്റിൽ പ്രസിദ്ധീകരിക്കാൻ കഴിയുന്നതാണ്.

(സി) ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**പ്രകൃതി ദുരന്തങ്ങൾമൂലം സംസ്ഥാനത്തുണ്ടായ നാശനഷ്ടങ്ങൾ**

234 (1306) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ൽ ഉൾപ്പെടെ ഈ സർക്കാർ കാലയളവിൽ ഉണ്ടായ പ്രകൃതി ദുരന്തങ്ങളിൽ സംസ്ഥാനത്തുണ്ടായ നാശനഷ്ടങ്ങൾ, മരണങ്ങൾ, വീടുനഷ്ടപ്പെട്ടവർ, കൃഷിനാശം തുടങ്ങിയതു സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവമൂലം സംസ്ഥാനത്തുണ്ടായ സാമ്പത്തിക ബാധ്യത എത്ര; എത്ര കേന്ദ്രസഹായം അഭ്യർത്ഥിച്ചു; എത്ര ലഭ്യമായി എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രകൃതി ദുരന്തങ്ങളിൽപ്പെട്ട എത്രപേർക്ക് ധനസഹായം നല്കി; എത്ര പേർക്ക് വീടുവച്ചു നല്കി; ഇവ കൂടാതെ ഈ സർക്കാർ നടത്തിയ തുടർ പുനർനിർമ്മാണ പ്രവൃത്തികൾ എന്തെല്ലാം; ഇതിനായി നാളിതുവരെ ചെലവാക്കിയ തുക എത്ര; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**സാമൂഹിക മാധ്യമങ്ങളുടെ ഉപയോഗം**

235 (T*1307) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജില്ലാ കളക്ടർമാരുടെ പേരിൽ സാമൂഹിക മാധ്യമങ്ങളായ ഫേസ്ബുക്ക്, വാട്സ് ആപ്പ്, ട്വിറ്റർ, ഇൻസ്റ്റഗ്രാം എന്നിവയിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ജില്ലകളിലാണ് ഇത്തരം സംവിധാനങ്ങൾ ഉള്ളതെന്ന് വിശദമാക്കാമോ;

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) മലപ്പുറം ജില്ലാകളക്ടറുടെ പേരിൽ സാമൂഹിക മാധ്യമമായ ഫേസ്ബുക്കിൽ ഡിസ്ട്രിക്ട് കളക്ടർ മലപ്പുറം എന്ന പേരിൽ അക്കൗണ്ട് ഉണ്ടോ; ഇത് ഔദ്യോഗിക ഫേസ്ബുക്ക് അക്കൗണ്ടാണോ; വിശദമാക്കാമോ;

(സി) പ്രസ്തുത ഫേസ്ബുക്ക് ഐ.ഡിയിൽ വരുന്ന പോസ്റ്റുകളും കുറിപ്പുകളും തയ്യാറാക്കുന്നത് ആരാണെന്നും ഇത് തയ്യാറാക്കുന്ന ഉദ്യോഗസ്ഥന്റെ പേരും വിലാസവും ഇതിൽ വരുന്ന പോസ്റ്റുകളുടെ ഉത്തരവാദിത്തം ആർക്കാണെന്നുമുള്ള വിശദവിവരം അറിയിക്കുമോ;

(ഡി) ഡിസ്ട്രിക്ട് കളക്ടർ മലപ്പുറം എന്ന പേരിൽ ഫേസ്ബുക്ക് അക്കൗണ്ട് തുടങ്ങുന്നതിനും അതിൽ പോസ്റ്റ് ചെയ്യുന്നതിനും സംസ്ഥാന സർക്കാരിന്റെ അനുമതി ആവശ്യമുണ്ടോ; ഇത്തരം പ്രവൃത്തികൾ ആൾ ഇന്ത്യ സർവ്വീസ് ( കണ്ടക്ട് റൂൾ) 1968- പരിധിയിൽ വരുന്നവയാണോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ജില്ലാ കളക്ടർമാരുടെ പേരിൽ സാമൂഹിക മാധ്യമങ്ങളായ ഫേസ്ബുക്ക്, വാട്സാപ്പ്, ട്വിറ്റർ, ഇൻസ്റ്റഗ്രാം എന്നിവയിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. ആയതിന്റെ ജില്ലതിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) മലപ്പുറം ജില്ലാ കളക്ടറുടെ പേരിൽ facebook.com/malappuramcollector എന്ന ഫേസ്ബുക്ക് പേജ് നിലവിലുണ്ട്. ആയത് മലപ്പുറം ജില്ലാ കളക്ടറുടെ ഔദ്യോഗിക ഫേസ്ബുക്ക് പേജാണ്. പ്രസ്തുത ഫേസ്ബുക്ക് പേജ് ആരംഭിച്ചത് 2015-ലാണ്.

(സി) പ്രസ്തുത പേജിലെ പോസ്റ്റുകൾ തയ്യാറാക്കുന്നത് മലപ്പുറം ജില്ലാ കളക്ടർ തന്നെയാണ്. ടി പേജിലെ എല്ലാ പോസ്റ്റുകളുടെയും ഉത്തരവാദിത്വം ജില്ലാ കളക്ടർക്കാണ്.

(ഡി) ആവശ്യമില്ല. സർക്കാർ പദ്ധതികളെക്കുറിച്ചും മറ്റുമുള്ള ഔദ്യോഗിക കാര്യങ്ങൾ പങ്കുവയ്ക്കുന്നതിനും ജനങ്ങളിൽനിന്ന് നേരിട്ട് പരാതികളും മറ്റും സ്വീകരിക്കുന്നതിനുമാണ് ജില്ലാ കളക്ടർമാരുടെ പേരിൽ സമൂഹമാധ്യമങ്ങളിൽ അക്കൗണ്ടുകൾ തുടങ്ങിയിട്ടുള്ളത്. ആയത് ആൾ ഇന്ത്യ സർവ്വീസ് (കണ്ടക്ട് റൂൾ) 1968-ന്റെ പരിധിയിൽ വരുന്നതാണോയെന്ന കാര്യം പരിശോധിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ഭൂമിയുടെ തരംമാറ്റം**

236 (1308) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.ഡി.ഒ.മാർ തരംമാറ്റാൻ അനുവാദം നൽകിയ ഭൂമിയിൽ, "പുരയിടം" എന്ന നിർവ്വചനത്തിന് പകരം "സ്വഭാവ വ്യതിയാനം വരുത്തിയ പുരയിടം" എന്ന് രേഖപ്പെടുത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ഇപ്രകാരം ഒരു തീരുമാനം എടുത്തത് ഏത് സാഹചര്യത്തിലാണെന്നും ഇതുമൂലമുള്ള പ്രയോജനമെന്താണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമപ്രകാരം സ്വഭാവ വ്യതിയാനം വരുത്തുന്ന ഭൂമിയുടെ സപ്ലിമെന്ററി ബി.റ്റി.ആർ. തയ്യാറാക്കുമ്പോൾ 'സ്വഭാവ വ്യതിയാനം നടത്തുന്നതിന് അനുമതി ലഭിച്ചതിൻപ്രകാരം പുരയിടമാക്കിയ ഭൂമി' എന്ന വേർതിരിവില്ലാതെ പോകുമെന്ന തരത്തിലുള്ള സംശയങ്ങൾ ചില ഭാഗങ്ങളിൽനിന്നും ഉണ്ടായിരുന്നു. ആയതിനാൽ സ്വഭാവ വ്യതിയാനത്തിന് അനുമതി ലഭിച്ചുവഴി പുരയിടമാക്കി മാറ്റിയ ഭൂമിയാണെന്ന് എല്ലാ സമയത്തും തിരിച്ചറിയാൻ കഴിയുന്ന രീതിയിലായിരിക്കണം റവന്യൂ രേഖകളിൽ ഉൾക്കുറിപ്പുകൾ ചേർക്കേണ്ടത് എന്നുള്ളതുകൊണ്ട്, സ്വഭാവ വ്യതിയാനം വരുത്താൻ അനുമതി നൽകപ്പെട്ട ഭൂമി സംബന്ധിച്ച് 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ചട്ടം 13(3) പ്രകാരം സപ്ലിമെന്ററി അടിസ്ഥാന ഭൂനികുതി രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുമ്പോൾ 'സ്വഭാവ വ്യതിയാനം നടത്തിയ' എന്ന വാക്കുകൾകൂടി "പുരയിടം" എന്ന വാക്കിനുമുമ്പേ ഉൾപ്പെടുത്തിയായിരിക്കണം ഉൾക്കുറിപ്പ് ചേർക്കേണ്ടതെന്ന് സർക്കുലർ മുഖേന നിർദ്ദേശിക്കുകയുണ്ടായി. അതിൻപ്രകാരം ചട്ടം ഭേദഗതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ഭൂവിനിയോഗ ബോർഡിന്റെ പ്രവർത്തനം**

237 (1309) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ പ്രവർത്തനം സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഈ കാലയളവിൽ പ്രസ്തുത ബോർഡ് സംസ്ഥാന സർക്കാരിന് ഏതെങ്കിലും തരത്തിലുള്ള ശിപാർശകളോ, റിപ്പോർട്ടോ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഭൂവിനിയോഗവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അനുയോജ്യമായ നയരൂപീകരണത്തിന് ബോർഡ് ശിപാർശ സമർപ്പിച്ചിട്ടുണ്ടോ; ഭൂവിഭവ പരിപാലനവുമായി ബന്ധപ്പെട്ട ബോധവത്കരണം നടത്തുന്നതിനായി ബോർഡ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സർക്കാർ വകുപ്പായ കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ പദ്ധതി പ്രവർത്തനങ്ങൾ എല്ലാ വർഷവും ആസൂത്രണ ബോർഡിന്റെ നേതൃത്വത്തിൽ വിലയിരുത്താറുണ്ട്. കൂടാതെ സർക്കാർതലത്തിലും വകുപ്പിന്റെ പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട 27 ഗ്രാമപഞ്ചായത്തുകളിലെ നിലവിലെ ഭൂവിനിയോഗം, പ്രശ്നങ്ങൾ, സാധ്യതകൾ എന്നിവ ശാസ്ത്രീയമായി വിശകലനം ചെയ്ത് ഭൂപ്രദേശത്തിന്റെ പ്രത്യേകതകൾക്ക് ഏറ്റവും അനുയോജ്യമായതും പരമാവധി ഉത്പാദനവും വരുമാനവും ലഭ്യമാകുന്ന തരത്തിലുള്ളതുമായ ലാൻഡ് യൂസ് ഡിസിഷൻ മോഡലുകൾ തയ്യാറാക്കി അതത് പഞ്ചായത്തുകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. തിരുവനന്തപുരം നഗരസഭ, തിരുവനന്തപുരം ജില്ലയിലെ നാല് മുനിസിപ്പാലിറ്റികൾ, കൊല്ലം നഗരസഭ എന്നിവിടങ്ങളിലെ നിലവിലെ ഭൂവിനിയോഗം, കാർഷിക പശ്ചാത്തലം, അടിസ്ഥാന സൗകര്യങ്ങൾ, പ്രകൃതി വിഭവങ്ങൾ എന്നിവ സർവ്വേ നമ്പർ അടിസ്ഥാനത്തിൽ ഫീൽഡ് പരിശോധന നടത്തി വാർഡുതലത്തിൽ അനുയോജ്യ ഭൂവിനിയോഗ മാതൃകകൾ തയ്യാറാക്കി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അഞ്ച് ജില്ലകളുടെ വെബ് അധിഷ്ഠിത ഭൂവിഭവ വിവര സംവിധാനം പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന തരത്തിൽ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ വെബ് അധിഷ്ഠിത സംസ്ഥാനതല നീർത്തട വിവരസഞ്ചയവും തയ്യാറാക്കിയിട്ടുണ്ട്. വകുപ്പിൽ തയ്യാറാക്കിയതും വിവിധ വകുപ്പുകളിൽ ഭൂവിഭവ സംരക്ഷണവുമായി ബന്ധപ്പെട്ട് ലഭ്യമായ അടിസ്ഥാന വിവരങ്ങളും ശേഖരിച്ച് ക്രോഡീകരിച്ച് 14 ജില്ലകളുടെയും ബ്ലോക്കുതല ഡാറ്റാ ബാങ്കുകളും തിരുവനന്തപുരം ജില്ലയുടെ പഞ്ചായത്തുതല പ്രകൃതിവിഭവ ഡാറ്റാ ബാങ്കുകളും തയ്യാറാക്കിയിട്ടുണ്ട്.

സുസ്ഥിര വികസനത്തിനായുള്ള ആസൂത്രണത്തിനും ദാരിദ്ര്യനിർമ്മാർജ്ജനത്തിനും ഭക്ഷ്യസുരക്ഷയ്ക്കും അത്യന്താപേക്ഷിതമായ നീർത്തടാധിഷ്ഠിതമായ കർമ്മപദ്ധതികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാക്കി നൽകുകയെന്ന ലക്ഷ്യത്തോടെ പാലക്കാട്, തൃശ്ശൂർ മേഖലകളിൽപ്പെടുന്ന ഗായത്രി, ചീരക്കുഴി, കരുവന്നൂർ ഉപനദീതടങ്ങളിലുൾപ്പെടുന്ന വിവിധ ചെറുനീർത്തടങ്ങളുടെ പ്രകൃതിവിഭവ പരിപാലന പ്ലാനുകൾ തയ്യാറാക്കി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. നെയ്യാർ നദീതടത്തിലെ മൂന്ന് ചെറുനീർത്തടങ്ങളിൽ പാരിസ്ഥിതിക പുനരുദ്ധാരണത്തിനായി പഠനം നടത്തുകയും മഴ, മണ്ണ്, ഭൂപ്രകൃതി, ഭൂവിനിയോഗം, ചരിവ് എന്നിവ കണക്കിലെടുത്ത് ജി.ഐ.എസ്. സംവിധാനത്തിലൂടെ വാർഷിക ശരാശരി മണ്ണൊലിപ്പ് കണക്കാക്കി ഉരുൾപൊട്ടൽ മേഖലകളുടെ തീവ്രത അടിസ്ഥാനപ്പെടുത്തുകയും അവ തരംതിരിച്ച് അനുയോജ്യമായ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള പരിപാലനമുറകൾ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. പ്രളയാനന്തരം വകുപ്പിന്റെ മേഖലാ ഓഫീസ് നടത്തിയ പഠനത്തിന്റെ വെളിച്ചത്തിൽ Relevance of Gayathri Subwatershed Plan in Mitigation of Natural Calamities എന്ന റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(സി) പ്രളയാനന്തര നവകേരള നിർമ്മിതിയിൽ അനുയോജ്യമായ ഭൂവിനിയോഗ നയം രൂപീകരിക്കുന്നതിനായി സർക്കാർതലത്തിൽ രൂപീകരിച്ചിരിക്കുന്ന സബ്‌വർക്കിംഗ് കമ്മിറ്റിയിൽ ഭൂവിനിയോഗ കമ്മീഷണർ അംഗമാണ്.

വകുപ്പ് ഏറ്റെടുത്ത് നടത്തുന്ന വിവിധ പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി ഓരോപ്രദേശത്തെയും ഭൂവിനിയോഗം, ചരിവ്, ഉന്നതി, ജിയോളജി, ജിയോമോർഫോളജി, നീരൊഴുക്ക് തുടങ്ങി വിവിധ പ്രമേയങ്ങൾ ശാസ്ത്രീയമായി അവലോകനം ചെയ്ത് പ്രദേശത്തിനാവശ്യമായ മണ്ണ്, ജലസംരക്ഷണ പ്രവർത്തനങ്ങളും അനുയോജ്യമായ ഭൂവിനിയോഗവും നിർദ്ദേശിക്കുകയും ചെയ്തുവരുന്നു.

ഭൂവിഭവ പരിപാലനവുമായി ബന്ധപ്പെട്ട ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി ഭൂവിനിയോഗാസൂത്രണവും പ്രാദേശിക വികസനവും എന്ന വിഷയത്തിൽ പത്തനംതിട്ട, കണ്ണൂർ, വയനാട് ജില്ലകളിൽ ഏകദിന സെമിനാറുകളും ഹരിത കേരള മിഷനുമായി സഹകരിച്ച് നീർത്തടാസൂത്രണം സുസ്ഥിര വികസനത്തിന് എന്ന വിഷയത്തിൽ തിരുവനന്തപുരത്തുവച്ച് ദ്വിദിന സംസ്ഥാനതല സെമിനാറും നവകേരള നിർമ്മിതിയും ഭൂവിനിയോഗാസൂത്രണവും എന്ന വിഷയത്തിൽ ഏകദിന മേഖലാ സെമിനാറും സംഘടിപ്പിച്ചിട്ടുണ്ട്.

പ്രകൃതിവിഭവങ്ങളുടെ സംരക്ഷണം, പരിപാലനം എന്നിവയുടെ പ്രാധാന്യത്തെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാട് നൽകുന്നതിന് വിദ്യാർത്ഥികൾക്ക് വിവിധ ജില്ലകളിൽ ചിത്രരചനാ മത്സരവും ഉപന്യാസമത്സരവും

സംഘടിപ്പിച്ചിട്ടുണ്ട്. ഇതിനുപുറമെ സർക്കാർ വകുപ്പുകൾ സംഘടിപ്പിക്കുന്ന എക്സിബിഷനുകളിൽ പങ്കെടുക്കുകയും ഇതുമുഖേന മണ്ണ്, ജലസംരക്ഷണ പ്രവർത്തനങ്ങളെക്കുറിച്ച് ബോധവത്കരണം സൃഷ്ടിക്കുകയും ചെയ്തുവരുന്നു. ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് മാതൃകാ പദ്ധതിയായി അംഗീകാരം ലഭിച്ചിട്ടുള്ള ജലസമൃദ്ധി പദ്ധതിയിൽ അവലംബിക്കുന്ന നടപടികൾ ജലസമൃദ്ധി വെബ്സൈറ്റിൽ യഥാസമയം ലഭ്യമാക്കിവരുന്നു. എല്ലാ വർഷവും സർക്കാർ സംഘടിപ്പിക്കുന്ന ഓണം ഘോഷയാത്രയിലും വകുപ്പ് പങ്കെടുക്കുകയും പ്രകൃതിവിഭവ ബോധവത്കരണ ഫ്ളോട്ടുകൾ അവതരിപ്പിക്കുകയും ചെയ്യുന്നുണ്ട്.

**സ്മാർട്ട് വില്ലേജാഫീസ് പദ്ധതി**

238(1310) <u>ശ്രീ. സി. ദിവാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് വില്ലേജാഫീസ് പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ കരിപ്പൂര് വില്ലേജാഫീസിന്റെ നിർമ്മാണം നിർത്തിവച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വില്ലേജ് ഓഫീസിന്റെ നിർമ്മാണം പുനരാരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കരിപ്പൂര് വില്ലേജാഫീസ് നിർമ്മാണവുമായി ബന്ധപ്പെട്ട ബില്ലുകൾക്ക് Ways and Means (WAMS)-ൽനിന്ന് ക്ലിയറൻസ് ലഭ്യമാകാത്തതിനാൽ നിർമ്മാണ പ്രവർത്തികൾ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. WAMS ക്ലിയറൻസ് ലഭ്യമാകുന്നമുറയ്ക്ക് ബിൽ തുക മാറി നൽകി നിർമ്മാണപ്രവൃത്തി പുനരാരംഭിക്കുന്നതാണ്.

**വ്യക്തികളും സ്ഥാപനങ്ങളും കൈവശംവച്ചിട്ടുള്ള സർക്കാർ ഭൂമി**

239 (1311) <u>ശ്രീ. എൻ .എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും അധീനതയിൽ എത്ര സർക്കാർ ഭൂമിയുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഓരോ വ്യക്തിയും സ്ഥാപനവും കൈവശം വച്ചിട്ടുള്ള ഭൂമിയുടെ വിസ്തീർണം എത്രയാണെന്നും എത്രകാലമായിട്ടാണ് അവരുടെ അധീനതയിൽ ഉള്ളതെന്നും ആ ഭൂമിയുടെ ഇന്നത്തെ മാർക്കറ്റ് വില എത്രയാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ഈ ഭൂമി സർക്കാർ തിരിച്ചെടുക്കാനുള്ള സാധ്യതയുണ്ടോ; ഇല്ലെങ്കിൽ മാർക്കറ്റ് വില നിശ്ചയിച്ച് കൈവശം വച്ചിട്ടുള്ള വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും നൽകാൻ നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**വില്ലേജ് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം**

240 (1312) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്ക് സഹായമെത്തിക്കുന്നതിനായി വില്ലേജാഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തണമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച നിർദ്ദേശത്തിൽ ധനകാര്യ വകുപ്പ് എന്ത് മറുപടിയാണ് നൽകിയത്;

(സി) വില്ലേജാഫീസുകൾവഴി നൽകുന്ന സേവനങ്ങൾ ഓൺലൈനായപ്പോൾ കമ്പ്യൂട്ടർ സാക്ഷരത ഇല്ലാത്തവർ ബുദ്ധിമുട്ടുന്ന സാഹചര്യത്തിൽ വില്ലേജാഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം പ്രാവർത്തികമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വില്ലേജ് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം പ്രാവർത്തികമാക്കിയിട്ടില്ല.

(ബി) വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയുടെ അൻപത് ശതമാനം തസ്തികകൾ അപ്ഗ്രേഡ് ചെയ്ത് വില്ലേജ് അസിസ്റ്റന്റ് തസ്തികയാക്കിയാൽ വില്ലേജ് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പാക്കാൻ കഴിയുമെന്ന നിർദ്ദേശമാണ് റവന്യൂ വകുപ്പ് മുന്നോട്ടുവച്ചത്. ടി ഫയലിൽ ധനകാര്യ വകുപ്പ് നൽകിയ അഭിപ്രായം ചുവടെ ചേർക്കുന്നു.

വില്ലേജ് ഓഫീസുകളുടെ ഫീൽഡ് ലെവൽ പ്രവർത്തനത്തിനുവേണ്ടിയാണ് വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തിക സൃഷ്ടിച്ചിട്ടുള്ളത്. വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തിക വില്ലേജ് ഓഫീസുകളിൽ മാത്രമേ നിലവിലുള്ളൂ. എന്നാൽ എൽ.ഡി. ക്ലർക്ക് തസ്തിക റവന്യൂ വകുപ്പിന്റെ വില്ലേജ് ഓഫീസ് മുതൽ ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് വരെയുള്ള ഓഫീസുകളിൽ നിലവിലുള്ള തസ്തികയാണ്.

വില്ലേജ് ഓഫീസുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയ്ക്ക് നിറവേറ്റപ്പെടേണ്ട നിർവ്വചിക്കപ്പെട്ടിട്ടുള്ള ചുമതലകളുണ്ട്. മുമ്പ് വില്ലേജ് മാൻ ആയിരുന്ന തസ്തിക പിന്നീട് വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് എന്ന് പുനർനാമകരണം ചെയ്ത് തസ്തികയുടെ യോഗ്യത ഉയർത്തി എന്നതുകൊണ്ട് VFA തസ്തികകൾ ഇപ്പോൾ വില്ലേജ് ഓഫീസുകളിൽ അത്യന്താപേക്ഷിതമല്ല. അതുകൊണ്ട് ആയത് അപ്ഗ്രേഡ് ചെയ്ത് ക്ലറിക്കൽ തസ്തികയാക്കി മാറ്റണമെന്ന റവന്യൂ വകുപ്പിന്റെ അഭിപ്രായത്തോട് ധനവകുപ്പ് യോജിക്കുന്നില്ല. റവന്യൂ വകുപ്പിനെ സംബന്ധിച്ച് ഫീൽഡ് ലെവലിൽ ഉത്തരവാദിത്വം വഹിക്കേണ്ട, ഒരു വില്ലേജിൽ നിലവിലുള്ള രണ്ട് VFA തസ്തികകളിൽ ഒന്നിനെ ക്ലറിക്കൽ തസ്തികയാക്കി മാറ്റണമെന്ന ആവശ്യം അംഗീകരിക്കുന്നത് ഇപ്പോൾ ടി തസ്തികയിലുള്ളവർ നിർവ്വഹിക്കുന്ന ജോലി ഭാവിയിൽ നിർവ്വഹിക്കുന്നതിനുവേണ്ടി പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് കാരണമാകും. മാത്രമല്ല ഭരണ വകുപ്പ് ശിപാർശ അംഗീകരിക്കുന്നത് ഉടൻതന്നെ രണ്ടായിരത്തോളം തസ്തികകൾ അപ്ഗ്രേഡ് ചെയ്യുന്നതുവഴി ലക്ഷകണക്കിന് രൂപയുടെ സാമ്പത്തിക ബാദ്ധ്യതയുമുണ്ടാകും. VFA തസ്തികയിൽ നിലവിലുള്ള മുഴുവൻ ജീവനക്കാരും പഴയ യോഗ്യതപ്രകാരമുള്ള പി.എസ്.സി.യുടെ നിയമനപ്രക്രിയ വഴി നിയമിക്കപ്പെട്ടവരാണ്. ഒരു തസ്തികയുടെ യോഗ്യത അനുസരിച്ചുള്ള നിയമനരീതിയിൽ സർക്കാർ സർവ്വീസിൽ നിയമിക്കപ്പെട്ടശേഷം ഉയർന്ന യോഗ്യതയുണ്ടെന്നതിനാൽ തസ്തിക അതനുസരിച്ച് അപ്ഗ്രേഡ് ചെയ്യണമെന്ന വാദം യുക്തിസഹമല്ല. ഇത്തരത്തിൽ ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവർ താഴ്ന്ന തസ്തികകളിൽ നിയമിക്കപ്പെടുന്നത് സർക്കാർ സർവ്വീസിന്റെ സ്വാഭാവികതയാണ്. ഓരോ ജോലിക്കും സർക്കാർ സ്പഷ്ടമായ ചുമതലകളും ഉത്തരവാദിത്വങ്ങളും നിശ്ചയിച്ചിട്ടുണ്ടെന്നതിനാൽ വിദ്യാഭ്യാസ യോഗ്യത ഉയർത്തി എന്നതുകൊണ്ട് ഒരു തസ്തികയെ ഉയർന്ന തസ്തികയായി ഉയർത്തണമെന്ന ആവശ്യം അംഗീകരിക്കാൻ കഴിയില്ലെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു. '

(സി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

**പട്ടികവർഗ്ഗ പട്ടയവിതരണം**

241 (1313) ശ്രീ. സി. കെ. ശശീന്ദ്രൻ
ശ്രീ. ആന്റണി ജോൺ
ശ്രീ. കെ. യു. ജനീഷ് കുമാർ
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം പട്ടയവിതരണം കാര്യക്ഷമമാക്കുന്നതിനായി എന്തെല്ലാം ഊർജ്ജിത നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പട്ടയ വിതരണവുമായി ബന്ധപ്പെട്ട് ലാൻഡ് ട്രൈബ്യൂണലുകളിൽ നിലവിലുണ്ടായിരുന്ന കേസ്സുകൾ പരമാവധി തീർപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(സി) കേന്ദ്ര ഗവൺമെന്റിന്റെയും സുപ്രീംകോടതിയുടെയും അനുമതി ലഭിച്ച വനഭൂമിയിൽ അവശേഷിക്കുന്നവർക്കുകൂടി പട്ടയം നൽകുന്നതിന് സത്വര നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഭൂമിയുടെ കൈവശരേഖയുള്ള അർഹതയുള്ള എല്ലാ പട്ടികവർഗ്ഗക്കാർക്കും ഉപാധിരഹിത പട്ടയം നൽകുന്നതുസംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) താലൂക്കുതലത്തിൽ അസൈൻമെന്റ് കമ്മിറ്റികൾ സമയാസമയങ്ങളിൽ യോഗം ചേർന്ന് അസൈൻമെന്റ് പട്ടയങ്ങൾ നിയമാനുസരണം വിതരണം ചെയ്യുന്നതിനുള്ള നടപടിയും സ്പെഷ്യൽ തഹസിൽദാർമാർക്ക് ലാൻഡ് ട്രിബ്യൂണലുകളുടെ അധികച്ചുമതല നൽകി ഉത്തരവായതനുസരിച്ച് ആ ഓഫീസുകളിൽനിന്നും പട്ടയം വിതരണം ചെയ്യുന്നതിനുള്ള ഊർജ്ജിത നടപടികളും ആഴ്ചയിൽ പരമാവധി ദിവസങ്ങളിൽ കക്ഷികളെ നേരിൽ കേട്ട് ദേവസ്വം പട്ടയ അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. പട്ടയവിതരണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ജില്ലാതലത്തിൽ പട്ടയമേളകൾ സംഘടിപ്പിച്ച് അർഹരായവർക്ക് പട്ടയം വിതരണം ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ 1,31,138 പട്ടയങ്ങളും 462 പട്ടികവർഗ്ഗ കൈവശരേഖകളും 1128 വനാവകാശ രേഖകളും 84 മുത്തങ്ങ കൈവശരേഖകളും മറ്റിനങ്ങളിലായി 288 കൈവശ രേഖകളും വിതരണം ചെയ്തിട്ടുണ്ട്. വിതരണം ചെയ്തിട്ടുള്ള പട്ടയങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു*.

(ബി) കേരളത്തിലെ ലാൻഡ് ട്രൈബ്യൂണലുകളിൽ തീർപ്പാക്കാനായി ശേഷിച്ച കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കാൻ നിരവധി നടപടികൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ കേസ്സുകൾ 500-ൽ താഴെയായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഈ ജില്ലകളിലുണ്ടായിരുന്ന കേസ്സുകൾ അതത് ജില്ലകളിലെ മുഴുവൻ താലൂക്ക് തഹസിൽദാർമാർക്കും എൽ.റ്റി.-യുടെ ചുമതല നൽകി വീതിച്ച് നൽകുകയുണ്ടായി. ഈ ജില്ലകളിലുണ്ടായിരുന്ന ലാൻഡ് ട്രൈബ്യൂണൽ ജീവനക്കാരുടെ തസ്തിക പുനർവിന്യാസം ചെയ്ത് കേസ്സുകൾ കൂടുതലുള്ള വടക്കൻ ജില്ലകളിൽ 6 പുതിയ ട്രൈബ്യൂണലുകൾ ആരംഭിച്ചിട്ടുള്ളതും അട്ടപ്പാടി മേഖലയിലെ പട്ടയപ്രശ്നങ്ങൾ പരിഹരിക്കാൻ അട്ടപ്പാടി എൽ.എ.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സ്പെഷ്യൽ തഹസിൽദാർക്ക് എൽ.റ്റി.യുടെ ചുമതല നൽകിയിട്ടുള്ളതും എൽ.റ്റി.യിലേയ്ക്കുള്ള റിപ്പോർട്ടിംഗ് ഓഫീസറുടെ കുറവ് പരിഹരിക്കാൻ എല്ലാ വില്ലേജ് ഓഫീസർമാരെയും റിപ്പോർട്ടിംഗ് ഓഫീസർമാരായി അധികാരപ്പെടുത്തി വിജ്ഞാപനം നടത്തിയിട്ടുള്ളതുമാകുന്നു. 1976-ലെ കാണം കുടിയായ്മ നിർത്തലാക്കൽ നിയമം പ്രാബല്യത്തിലുള്ള പ്രദേശങ്ങളിൽ കാണം കുടിയാന്മാർക്ക് എൽ.റ്റി.യിൽനിന്ന് പ്രത്യേകം പട്ടയം വാങ്ങേണ്ടതില്ലായെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ഇതുവഴി 32000 കാണകുടിയാന്മാരുടെ പട്ടയപ്രശ്നം പരിഹരിച്ചു. കേസ്സുകൾ കൂടുതലുള്ള വടക്കൻ ജില്ലകളിൽ 15 സ്പെഷ്യൽ തഹസിൽദാർമാർക്ക് എൽ.റ്റി.യുടെ അധിക ചുമതല നൽകിയിട്ടുള്ളതും ജീവനക്കാർക്ക് പരിശീലനങ്ങളും കേസ് തീർപ്പാക്കൽ, പുരോഗതി വിലയിരുത്തൽ യോഗങ്ങളും നടത്തി വരുന്നതുമാകുന്നു. പഴയ രേഖകളും പട്ടയങ്ങളും എളുപ്പത്തിൽ ആവശ്യക്കാർക്ക് ലഭിക്കുന്നതിനായി എൽ.റ്റി.യിലെ കേസ് റെക്കോർഡുകൾ ഡിജിറ്റലൈസ് ചെയ്യുന്ന പദ്ധതി പുരോഗമിച്ചുവരുന്നു. ഈ നടപടികളിലൂടെ ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം 136787 കേസ്സുകൾ തീർപ്പാക്കുകയും ആയതിൽ നിയമാനുസൃതം അർഹതയുള്ള 64674 ആളുകൾക്ക് ക്രയ സർട്ടിഫിക്കറ്റ് (പട്ടയം) നൽകുകയും ചെയ്തിട്ടുണ്ട്.

(സി) കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെയും സുപ്രീം കോടതിയുടെയും അനുമതി ലഭിച്ച 19000 ഏക്കർ നിക്ഷിപ്ത വനഭൂമിയിൽ വിതരണം ചെയ്യാൻ ശേഷിക്കുന്നതിൽ വാസയോഗ്യമെന്ന് കണ്ടെത്തിയിട്ടുള്ള മുഴുവൻ ഭൂമിക്കും പട്ടയം നൽകണമെന്ന നിർദ്ദേശം ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്.

(ഡി) 1993-ലെ പ്രത്യേക ഭൂമി പതിവ് ചട്ടപ്രകാരം പട്ടികവർഗ്ഗക്കാരുടെ കൈവശ ഭൂമിക്ക് പട്ടയം നൽകുന്നതിനും പ്രസ്തുത ചട്ടപ്രകാരം പട്ടയത്തിന് അർഹതയുണ്ടായിട്ടും കൈവശരേഖ മാത്രം അനുവദിച്ചിട്ടുള്ള കേസ്സുകളിൽ ആയത് റദ്ദ് ചെയ്ത് പട്ടയം നൽകുന്നതിന് 27-4-2017-ലെ സ.ഉ.(സാധാ) 2023/2017/റവ. നമ്പർ പ്രകാരം ഉത്തരവായിട്ടുള്ളതും ആയത് അനുസരിച്ച് ജില്ലാ കളക്ടർമാർ നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്.

**അയിരൂർ വില്ലേജിലെ കായൽ പുറമ്പോക്ക് കയ്യേറ്റം**

242 (1314) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല താലൂക്കിലെ അയിരൂർ വില്ലേജിൽ കായൽപ്പുറം ദേശത്ത് ഹിൽ കൺട്രി റിസോർട്ട് നിർമ്മാണം നടത്തുന്നതിനോടൊപ്പം പൊതുവഴിയും തോടും വരമ്പും കയ്യേറി മതിൽ കെട്ടിയതായ പരാതിയിന്മേൽ ഇതിനകം സ്വീകരിച്ച നടപടി എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് വർക്കല തഹസീൽദാരുടെ നേതൃത്വത്തിൽ സമഗ്രമായ സർവ്വേ നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സർവ്വേയിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) ഇലകമൺ ഗ്രാമപഞ്ചായത്ത് തർക്കവഴിയുടെ ഭാഗത്ത് പരാതി തീർപ്പാക്കുന്നതുവരെ നിർമ്മാണ പ്രവർത്തനങ്ങളൊന്നും നടത്തരുതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും അത് ലംഘിച്ചുകൊണ്ട് കായൽ പുറമ്പോക്ക് കയ്യേറിയും പൊതുവഴിയും തോടും മണ്ണിട്ട് നികത്തിയും നടത്തുന്ന നിർമ്മാണ പ്രവർത്തനം നിർത്തിവെയ്ക്കുവാൻ വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) വർക്കല താലൂക്കിലെ അയിരൂർ വില്ലേജിൽ കായൽപ്പുറം ദേശത്ത് ഹിൽ കൺട്രി റിസോർട്ട് പൊതുവഴിയും തോടും വരമ്പും കയ്യേറി മതിൽ കെട്ടിയതായുള്ള പരാതിയിൽ വർക്കല തഹസിൽദാർ മുഖേന സർവ്വേ ചെയ്ത് പരിശോധിച്ചിട്ടുള്ളതാണ്. പഴയ ലിത്തോ മാപ്പിൽ വഴി ഡോട്ടഡ് ലൈനിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും റീസർവ്വേ സ്കെച്ചിൽ വഴിയോ തോടോ രേഖപ്പെടുത്തിയിട്ടില്ലാത്തതാണ്. മുൻ സർവ്വേ സ്കെച്ചും മെഷർമെന്റും ലഭ്യമല്ലാത്തതിനാൽ നിലവിൽ റീസർവ്വേയിൽ ഉൾപ്പെടുത്തി തോട്, വഴി, പുറമ്പോക്കുകൾ സബ് ഡിവിഷൻ ചെയ്യാൻ കഴിഞ്ഞിട്ടില്ല. മുൻസർവ്വേ 970-ൽപ്പെട്ട 2.96 ആർസ് ഭൂമി നിലവിൽ റിസോർട്ടിന്റെ കൈവശമാണെന്ന് പരിശോധനയിൽ തഹസിൽദാർ കണ്ടെത്തിയിട്ടുണ്ട്. ടി കയ്യേറ്റം നിയമാനുസരണം ഒഴിപ്പിക്കുന്നതിനുള്ള നടപടി താലൂക്ക് തലത്തിൽ സ്വീകരിച്ചുവരുന്നു. കേരളാ സ്റ്റേറ്റ് സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിന്റെ 21-11-2017-ൽ കൂടിയ യോഗത്തിൽ കോമ്പൗണ്ട് വാൾ, സ്വിമ്മിംഗ് പൂൾ, ആയൂർവേദ സ്പാ എന്നിവ നിർമ്മിക്കുന്നതിന് അനുമതി നൽകാൻ കെ.എസ്.ഐ.ഡി.സി. മാനേജിംഗ് ഡയറക്ടറെ ബോർഡ് ചുമതലപ്പെടുത്തിയിട്ടുണ്ട്. അതോടൊപ്പം പ്രോജക്ട് പ്രൊപ്പണന്റായ M/s.Hill Country Hotels & Resorts India Pvt. Ltd. നോട് കായൽ മുഖത്തോട് ചേർന്ന ഭാഗത്ത് നിർമ്മാണപ്രവർത്തനങ്ങൾ പാടില്ലെന്നും ലിത്തോ മാപ്പിൽ നടവഴിയുമുള്ള ഭാഗം തടസ്സപ്പെടുത്താൻ പാടില്ലെന്നും ബോർഡ് യോഗത്തിൽ നിർദ്ദേശിച്ചിട്ടുള്ളതുമാണ്.

(ബി) അയിരൂർ വില്ലേജ് മുൻ സർവ്വെ 970-ൽപ്പെട്ട 13 സെന്റ് പുറമ്പോക്ക് റീസർവ്വേയിൽ പട്ടയഭൂമിയായി വന്നിട്ടുള്ളതിനാൽ പഴയ സർവ്വേ റെക്കോർഡുകളുടെ അടിസ്ഥാനത്തിൽ സർവ്വേ ചെയ്ത് അതിർത്തികൾ

പുനഃസ്ഥാപിച്ചിട്ടുണ്ട്. മേൽ പുറമ്പോക്ക് ഭൂമി നാളത് സ്ഥിതിയനുസരിച്ച് റീസർവ്വേ 134/1, 134/4 എന്നിവയുടെ ഭാഗമായി ഹിൽ കൺട്രി റിസോർട്ട്സ്, ശ്രീ. അരുൺ എന്നിവരുടെ കൈവശമാണെന്നും കണ്ടെത്തിയിട്ടുണ്ട്. റീസർവ്വേ 134/3-നോട് ചേർന്നുണ്ടായിരുന്നതും പഴയ മാപ്പിൽ ചേർത്തിരിക്കുന്നതും മുമ്പ് ജനങ്ങൾ ഉപയോഗിച്ച് വന്നിരുന്നതെന്ന് പഞ്ചായത്ത് അധികാരികളും പൊതുജനങ്ങളും പറയുന്നതുമായ നടവഴിയിൽ റിസോർട്ട് അധികൃതർ മതിൽകെട്ടി അടച്ചതുമൂലം ടി സ്ഥലത്തുകൂടി നടപ്പാത ഉപയോഗിച്ചിരുന്നതും തുടർന്ന് പടിഞ്ഞാറോട്ടുള്ള വസ്തുക്കളായ റീസർവ്വേ 119/6, 7, 130/1,3, 13, 16, 17, 20 എന്നിവയിലേയ്ക്കും 120/1,4, 120/109, 110 എന്നീ സർവ്വേ നമ്പരുകളുടെ കൈവശക്കാരായ ടിസ്സ, ടോജോ, സീന, റഹ്ന, നിശാന, തസ്ലിൻ, റൂബി, ഫിർദൗസ് മുതലായവർക്ക് വഴി സൗകര്യം തടസ്സപ്പെട്ടിട്ടുള്ളതായി കാണുന്നു.

ടി വഴി റിസോർട്ടുടമ മതിൽകെട്ടി തടസ്സപ്പെടുത്തി എന്നത് സംബന്ധിച്ച് പഞ്ചായത്ത് സെക്രട്ടറി നൽകിയ നിരോധന ഉത്തരവ് ശ്രീ. ജോർജ് കോശി എൽ.എസ്.ജി.ഡി ട്രൈബ്യൂണൽ മുമ്പാകെ സമർപ്പിച്ച അപ്പീൽ നമ്പർ 1146/2016 മേൽ 5-7-2017-നുണ്ടായ വിധിയിൽ അപ്പീൽ തള്ളിയിട്ടുള്ളതും ടി നടവഴിയുള്ളതായി സ്ഥിരീകരിച്ചും കാണുന്നു. നിലവിൽ നീരൊഴുക്ക് ചാൽ മതിലിന്റെ തുടക്കത്തിൽ കാണുന്നില്ലെങ്കിലും ടി 13 സെന്റ് പുറമ്പോക്കിൽക്കൂടി നിലവിൽ വെള്ളമൊഴുകി ശ്രീ. കോശി വക സ്ഥലത്തുകൂടി കായലിലേയ്ക്ക് ചേരുന്നു.

(സി) കേരളാ സ്റ്റേറ്റ് സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിന്റെ അനുമതിയുടെ അടിസ്ഥാനത്തിലാണ് നിർമ്മാണ പ്രവർത്തനം നടത്തുന്നതെന്ന് ഇലകമൺ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കുന്ന കാര്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പുമായി കൂടിയാലോചിച്ച് മാത്രമേ തുടർനടപടി സ്വീകരിക്കാനാകൂ.

**സർക്കാർ ഭൂമി കയ്യേറിയതിന് നടപടി**

243 (1315) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാപ്പികോ റിസോർട്ട് സർക്കാർ ഭൂമി കയ്യേറി നിർമ്മിച്ചതാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ഹെക്ടർ സർക്കാർ ഭൂമി കയ്യേറിയെന്നാണ് കണ്ടെത്തിയിട്ടുള്ളത്;

(ബി) 1957-ലെ ഭൂവിനിയോഗ നിയമപ്രകാരം സർക്കാർ ഭൂമി അനധികൃതമായി കൈവശം വയ്ക്കുന്നവർക്ക് എന്ത് ശിക്ഷയാണ് നിശ്ചയിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ;

(സി) പ്രസ്തുത റിസോർട്ട് നിർമ്മിച്ചത് തണ്ണീർതട സംരക്ഷണത്തിലെ വ്യവസ്ഥകൾ ലംഘിച്ചാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാർ ഭൂമി കയ്യേറിയിട്ടുണ്ട്. 2.9397 ഹെക്ടർ ഭൂമി കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) 1957-ലെ ഭൂസംരക്ഷണ നിയമപ്രകാരമാണ് അനധികൃത സർക്കാർ ഭൂമി കയ്യേറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചുവരുന്നത്. 1957-ലെ ഭൂസംരക്ഷണ നിയമം 7(a) പ്രകാരം സർക്കാർ ഭൂമിയിൽ നിയമ വിരുദ്ധമായി പ്രവേശിക്കുകയോ കൈവശം വയ്ക്കുകയോ ചെയ്യുകയാണെങ്കിൽ മൂന്ന് വർഷത്തിൽ കുറയാത്തതും അഞ്ചുവർഷം വരെയാകാവുന്നതുമായ തടവുശിക്ഷയോ അമ്പതിനായിരം രൂപയിൽ കുറയാത്തതും പരമാവധി രണ്ട് ലക്ഷം രൂപ വരെയാകാവുന്നതുമായ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) കാപ്പികോ റിസോർട്ടിന്റെ കൈവശമുള്ള ചില സർവ്വേ നമ്പരുകൾ ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടുള്ളതാണെന്ന് കണ്ടെത്തിയിട്ടുണ്ട്. നിലവിൽ കോടതി കേസ്സുകളില്ലാത്തതിനാൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ ലംഘിച്ചതായി കണ്ടെത്തുന്നപക്ഷം ടി നിയമപ്രകാരം നടപടി സ്വീകരിക്കുന്നതാണ്.

**തീരദേശ സംരക്ഷണ നിയമത്തിന്റെ ലംഘനം**

244 (1317) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ സംരക്ഷണനിയമം ലംഘിച്ച് പണിത കെട്ടിടങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ നൽകണമെന്ന് സുപ്രീംകോടതി നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുതനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഇതുസംബന്ധിച്ച എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ; പരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെയാണ്;

(സി) നിയമലംഘനങ്ങൾ കണ്ടെത്തിയിട്ടുള്ളത് ഏത് ഏജൻസിയുടെ സഹായത്തോടെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഏജൻസി തയ്യാറാക്കിയ പട്ടിക സംബന്ധിച്ച് പരാതി അറിയിക്കുന്നതിന് സംവിധാനം ഒരുക്കിയിട്ടുണ്ടോ;

(ഇ) കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം 2011-ൽ പുറത്തിറക്കിയ കോസ്റ്റൽ റെഗുലേഷൻ സോൺ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലാണോ ചട്ടലംഘനങ്ങൾ കണ്ടെത്തിയിട്ടുള്ളത്;

(എഫ്) 2019-ൽ ദൂരപരിധി കുറച്ച് പ്രസ്തുത വിജ്ഞാപനം ഭേദഗതി ചെയ്തതിന്റെ അടിസ്ഥാനത്തിൽ കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ, അടിയന്തരമായി പുതിയ പ്ലാൻ തയ്യാറാക്കി കേന്ദ്ര വനം-പരിസ്ഥിതിമന്ത്രാലയത്തിന്റെ അനുമതിക്കായി സമർപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-ഡി) ഉണ്ട്. സുപ്രീംകോടതിയുടെ MA1808-1809/2019 in C.A No. 4784-4785/2019 കേസ്സിലെ 23-9-2019-ലെ ഉത്തരവിൻപ്രകാരം തീരദേശ പരിപാലന നിയമം ലംഘിച്ച് സംസ്ഥാനത്ത് നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കാനായി 16-10-2019-ലെ G.O. (Rt) No.98/2017/Envt. പ്രകാരവും 17-10-2019 G.O. (Rt) No.101/2019/Envt. പ്രകാരവും ജില്ലാ കളക്ടർ ചെയർമാനായും ജില്ലാ നഗരാസൂത്രകൻ കൺവീനറായും 10 തീരദേശ ജില്ലകളിലും തീരദേശ ജില്ലാ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റികളുടെ അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല. അന്തിമ റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് മാത്രമേ സംസ്ഥാനത്ത് തീരദേശ പരിപാലന നിയമം ലംഘിച്ച് നടത്തിയ നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരം ലഭ്യമാവുകയുള്ളൂ. പൊതുജനങ്ങളിൽ നിന്നുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിശോധിച്ചശേഷമായിരിക്കണം അന്തിമ റിപ്പോർട്ട് തയ്യാറാക്കേണ്ടതെന്നും ജില്ലാ കമ്മിറ്റികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) 28-2-2019-ന് മുമ്പ് തീരദേശ മേഖലയിൽ നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾക്ക് 2011-ലെ CRZ വിജ്ഞാപനത്തിലെ വ്യവസ്ഥകളും 1996-ലെ തീരദേശ പരിപാലന പ്ലാനുമായിരിക്കും ബാധകം.

(എഫ്) 2019-ലെ തീരദേശ വിജ്ഞാപനപ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് 20-8-2019-ലെ സ.ഉ.(സാധാ) നമ്പർ 80/19/പരി. നമ്പർ ഉത്തരവ് പ്രകാരം തിരുവനന്തപുരത്തെ കേന്ദ്ര ഭൗമ ശാസ്ത്ര പഠന കേന്ദ്രത്തെ (NCESS) ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രവർത്തി പൂർത്തിയായിട്ടില്ല. അടിയന്തരമായി പുതിയ പ്ലാൻ തയ്യാറാക്കി അനുമതിക്ക് സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കൽ

245(1318) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനധികൃത കയ്യേറ്റങ്ങൾ കണ്ടെത്തി ഒഴിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കാമോ;

(ബി) ഈ കാലയളവിൽ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് സർക്കാരിലേയ്ക്ക് കണ്ടുകെട്ടിയ ഭൂമിയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) അനധികൃത കയ്യേറ്റങ്ങൾ കണ്ടെത്തുന്നതിനായി ഭാവിയിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) സർക്കാർ ഭൂമി കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി 1957-ലെ കേരള ഭൂസംരക്ഷണ നിയമവും 1958-ലെ ചട്ടങ്ങളും പ്രകാരമുള്ള ഒഴിപ്പിക്കൽ നടപടികളും 2009-ലെ കേരള ഭൂസംരക്ഷണ നിയമം ഒഴിപ്പിക്കൽ നടപടികളും 2009-ലെ കേരള ഭൂസംരക്ഷണ നിയമം ഭേദഗതി പ്രകാരമുള്ള ശിക്ഷാനടപടികളും സ്വീകരിച്ചുവരുന്നു. നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി 10-9-2018-ലെ സ.ഉ. (സാധാ) 3778/18/റവ. നമ്പർ ഉത്തരവിൻപ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് ജില്ലാതലത്തിലും താലൂക്കുതലത്തിലും മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുള്ളതും പ്രസ്തുത ടീം സ്ഥലപരിശോധന ഉൾപ്പെടെ നടത്തി കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. രണ്ടാംശനി, ഞായർ ഉൾപ്പെടെയുള്ള പൊതുഅവധി ദിവസങ്ങളിലും ടീം സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് താലൂക്ക് സർവ്വേയർമാരുടെ സഹായത്തോടെ സർക്കാർ ഭൂമി അളന്ന് തിട്ടപ്പെടുത്തി അതിർത്തി കല്ലുകൾ സ്ഥാപിച്ച് കയ്യേറ്റം തടയാനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ 275.5194 ഹെക്ടർ സർക്കാർ ഭൂമിയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് തിരികെ ഏറ്റെടുക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് വീണ്ടെടുത്ത 275.5194 ഹെക്ടർ സർക്കാർ ഭൂമിയുടെ

ജില്ലതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ജില്ല | കയ്യേറ്റം ഒഴിപ്പിച്ചെടുത്ത ഭൂമി (ഹെക്ടറിൽ) |
|---|---|
| തിരുവനന്തപുരം | 5.2232 |
| കൊല്ലം | 3.7494 |
| പത്തനംതിട്ട | 3.3722 |
| ആലപ്പുഴ | 5.1886 |
| കോട്ടയം | 1.3837 |
| ഇടുക്കി | 199.4232 |
| എറണാകുളം | 7.0269 |
| തൃശ്ശൂർ | 9.5539 |
| പാലക്കാട് | 8.2437 |
| മലപ്പുറം | 3.0831 |
| കോഴിക്കോട് | 2.1528 |
| വയനാട് | 26.2802 |
| കണ്ണൂർ | 0.0558 |
| കാസർഗോഡ് | 0.7827 |
| ആകെ | 275.5194 |

(സി) സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റങ്ങൾ വിവേചനം കൂടാതെതന്നെ പൂർണ്ണതോതിൽ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 275.5194 ഹെക്ടർ സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് തിരിച്ചുപിടിച്ചിട്ടുണ്ട്. സർക്കാർ ഭൂമി കയ്യേറ്റം ഒഴിപ്പിക്കുന്നതിനായുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി 10-9-2018-ലെ സ.ഉ.(സാധാ) 3778/18/റവ. നമ്പർ ഉത്തരവിൻപ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് ജില്ലാതലത്തിലും താലൂക്കുതലത്തിലും മോണിറ്ററിംഗ് സെല്ലുകൾ രൂപീകരിച്ചിട്ടുള്ളതും പ്രസ്തുത ടീമുകൾ സ്ഥലപരിശോധനയുൾപ്പെടെ നടത്തി കയ്യേറ്റം ഒഴിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

## കിഴക്കേക്കോട്ടയിലെ കയ്യേറിയ സ്ഥലം ഒഴിപ്പിക്കാൻ നടപടി

246 (T*1319) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഴക്കേക്കോട്ടയിലെ കോട്ടമതിലിന് ചുറ്റുമുള്ള കെ.എസ്.ആർ.ടി.സി. വക 72.250 സെന്റ് സ്ഥലം ഒഴിപ്പിച്ചെടുക്കുന്നതിൽനിന്ന് ഒഴിവാക്കണമെന്ന ആവശ്യം പ്രമുഖ രാഷ്ട്രീയ കക്ഷികളാരെങ്കിലും ഉന്നയിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഇല്ലെങ്കിൽ പതിനാലാം കേരള നിയമസഭയിൽ വിവിധ സമ്മേളനങ്ങളിൽ കെ.എസ്.ആർ.ടി.സി.-യ്ക്ക് നൽകിയ ഈ സ്ഥലത്തെ കയ്യേറ്റം ഒഴിപ്പിക്കുന്ന വിഷയം ഉന്നയിച്ചിട്ടും ഒഴിപ്പിക്കൽ യാഥാർത്ഥ്യമാക്കാതിരിക്കുന്നതിനും ഒഴിപ്പിക്കൽ പ്രക്രിയ നീട്ടിക്കൊണ്ട് പോകുന്നതിനുമുള്ള യഥാർത്ഥ കാരണം വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ ഉറപ്പുകൾ നൽകുന്നതിലുപരിയായി ആവശ്യമായ പ്രാവർത്തിക നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കെ.എസ്.ആർ.ടി.സി. വക 72.250 സെന്റ് സ്ഥലത്തിലെ 20 ചെറുകിട കച്ചവടക്കാരെ മാനുഷിക പരിഗണന നൽകി പുനരധിവസിപ്പിക്കുന്നതിന് തീരുമാനിച്ചിരുന്നു. അതിൻപ്രകാരം പുനരധിവാസ പ്രക്രിയകൾ പുരോഗമിച്ചുവരുന്നതും പ്രസ്തുത പുനരധിവാസം പൂർത്തിയാകുന്നമുറയ്ക്ക് കാലതാമസം കൂടാതെ കയ്യേറ്റം പൂർണ്ണതോതിൽ ഒഴിപ്പിക്കുന്നതാണ്.

(സി) പുനരധിവാസ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നമുറയ്ക്ക് കയ്യേറ്റം പൂർണ്ണതോതിൽ ഒഴിപ്പിക്കുന്നതാണ്.

## കിഴക്കേക്കോട്ടയിലെ സംരക്ഷിത കോട്ടമതിലിന് ചുറ്റുമുള്ള കയ്യേറ്റം

247 (1320) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഴക്കേക്കോട്ടയിലെ സംരക്ഷിത കോട്ടമതിലിന് ചുറ്റുമുള്ള കെ.എസ്.ആർ.ടി.സി. വക 72.250 സെന്റ് സ്ഥലത്തെ കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നത് സംബന്ധിച്ച് യാതൊരു നടപടിയും സാധ്യമാകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) ഇവിടുത്തെ കയ്യേറ്റക്കാരെ ഒഴിപ്പിച്ചെടുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഈ സ്ഥലം പൂർണ്ണമായി കയ്യേറ്റമുക്തമാക്കാൻ വകുപ്പ് മേധാവികളും ഭരണനേതൃത്വവും യഥാർത്ഥ താൽപ്പര്യം കാട്ടുന്നില്ല എന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കെ.എസ്.ആർ.ടി.സി. വക 72.250 സെന്റ് സ്ഥലത്തിലെ കയ്യേറ്റത്തിൽ ഉൾപ്പെട്ടുവരുന്ന 20 ചെറുകിട കച്ചവടക്കാരെ മാനുഷിക പരിഗണന നൽകി പുനരധിവസിപ്പിക്കുന്നതിന് തീരുമാനിച്ചിരുന്നു. പുനരധിവാസം പൂർത്തിയാക്കുന്നമുറയ്ക്ക് പ്രസ്തുത ഭൂമിയിലെ കയ്യേറ്റം പൂർണ്ണമായും ഒഴിപ്പിച്ച് ഭൂമി വീണ്ടെടുക്കുന്നതാണ്.

(സി) കിഴക്കേക്കോട്ടയിലെ സംരക്ഷണ മതിലിന് ചുറ്റുമുള്ള കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ള 72.250 സെന്റ് ഭൂമിയിൽ അനധികൃതമായി പ്രവർത്തിക്കുന്ന കച്ചവട സ്ഥാപനങ്ങൾ ഒഴിപ്പിക്കുന്നതിന് ഒഴിപ്പിക്കൽ നോട്ടീസ് നൽകിയവരിൽ നീണ്ടകാലയളവിലായി കുത്തകപാട്ട പ്രകാരം തുക അടച്ച് ഭൂമി കൈവശം വച്ചുവരുന്നവരുൾപ്പെടുന്നു. പ്രസ്തുത പാട്ടങ്ങൾ റദ്ദാക്കിയിരുന്നെങ്കിലും നീണ്ടകാലയളവിലായി പാട്ടം അടച്ച് വന്നിരുന്നതും ടി സ്ഥലം ഉപജീവനമാർഗ്ഗത്തിന്റെ ഭാഗമായി കച്ചവടത്തിനായി ഉപയോഗിച്ചുവരുന്നതുമായ പ്രത്യേകതകൂടി കണക്കിലെടുത്താണ് വഞ്ചിയൂർ വില്ലേജിലെ സർവ്വേ 659-ൽപ്പെട്ട 72.250 സെന്റ് ഭൂമിയിലെ 20 ചെറുകിട കച്ചവടക്കാരെ മാനുഷിക പരിഗണന നൽകി പുനരധിവസിപ്പിക്കുന്നതിന് തീരുമാനമെടുത്തിട്ടുള്ളത്. ഇതിനായുള്ള പുനരധിവാസ നടപടി അന്തിമഘട്ടത്തിലാണ്. ഈ നടപടി പൂർത്തിയായാൽ കയ്യേറ്റം ഒഴിപ്പിക്കുന്നത് പൂർത്തീകരിക്കാൻ കഴിയും.

**പട്ടയ വിതരണം**

248 (1321) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പട്ടയങ്ങൾ വിതരണം ചെയ്തുവെന്ന് വെളിപ്പെടുത്താമോ; ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ 1,31,138 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 462 പട്ടികവർഗ്ഗ കൈവശരേഖകളും 1128 വനാവകാശ രേഖകളും മുത്തങ്ങയിൽ 84 കൈവശരേഖകളും മറ്റ് ഇനങ്ങളിൽ 288 കൈവശരേഖകളും വിതരണം ചെയ്തിട്ടുണ്ട്. വിതരണം ചെയ്തിട്ടുള്ള പട്ടയങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ജില്ല | വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 1449 |
| കൊല്ലം | 1191 |
| പത്തനംതിട്ട | 655 |
| ആലപ്പുഴ | 991 |
| കോട്ടയം | 703 |
| ഇടുക്കി | 27914 |
| എറണാകുളം | 3648 |
| തൃശ്ശൂർ | 30133 |
| പാലക്കാട് | 13800 |
| മലപ്പുറം | 27188 |
| കോഴിക്കോട് | 8430 |
| വയനാട് | 1635 |
| കണ്ണൂർ | 5300 |
| കാസർഗോഡ് | 8101 |
| ആകെ | 131138 |

## എനിമി പ്രോപ്പർട്ടി

249 (1322) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ എനിമി പ്രോപ്പർട്ടിയായി രേഖപ്പെടുത്തിയിട്ടുള്ള വസ്തുവകകളുടെ വിശദവിവരം ശേഖരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇവയുടെ നിലവിലുള്ള ഉടമസ്ഥരുടെ പേരുവിവരം സഹിതം പട്ടികതിരിച്ച് ലഭ്യമാക്കുമോ?

ഉത്തരം

(എ) ശേഖരിച്ചിട്ടുണ്ട്.

(ബി) പട്ടിക അനുബന്ധമായി ചേർക്കുന്നു.*

**കോന്നി നിയോജകമണ്ഡലത്തിൽ പട്ടയമേള**

250 (1323) ശ്രീ. കെ. യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടയത്തിനായി കോന്നി നിയോജകമണ്ഡലത്തിൽനിന്നും എത്ര അപേക്ഷകളാണ് ലഭ്യമായിട്ടുള്ളത്; ഇതിൽ എത്ര പേർക്ക് പട്ടയം അനുവദിച്ചു;

(ബി) ഇനിയും പട്ടയം ലഭിക്കാത്തവർക്ക് പട്ടയം നൽകുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇവർക്ക് എന്നത്തേയ്ക്ക് പട്ടയം നൽകാൻ കഴിയുമെന്ന് അറിയിക്കുമോ;

(സി) ഇനിയും പട്ടയം ലഭിക്കാത്തവർക്ക് പട്ടയം നൽകുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇവർക്ക് എന്നത്തേയ്ക്ക് പട്ടയം നൽകാൻ കഴിയുമെന്ന് അറിയിക്കുമോ;

(ഡി) അർഹരായവർക്ക് പട്ടയം നൽകുന്നതിനായി പട്ടയമേള സംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം പട്ടയത്തിനായി കോന്നി നിയോജകമണ്ഡലത്തിൽനിന്നും 301 അപേക്ഷകളാണ് ലഭ്യമായിട്ടുള്ളത്.

(ബി&സി) പത്തനംതിട്ട ജില്ലയിൽ 1-1-1977-നുമുമ്പ് വനഭൂമി കയ്യേറി വച്ചുവരുന്ന ഭൂമിക്ക് പട്ടയം അനുവദിക്കുന്നതിലേയ്ക്കായി വനംവകുപ്പുമായി ചേർന്ന് നടത്തിയ സംയുക്ത പരിശോധനയിൽ വനഭൂമി കയ്യേറിയതായി കണ്ടെത്തിയിട്ടുള്ള 1970.04 ഹെക്ടർ ഭൂമിയുടെ വിവരങ്ങൾ Proposal No. FP/KL/ENCRU/8556/2012 ആയി കേന്ദ്ര ഗവൺമെന്റിന്റെ മുൻകൂർ അനുമതിക്കായി ഓൺലൈനായി അപേക്ഷിച്ചിട്ടുണ്ട്. കേന്ദ്രാനുമതി ലഭിക്കുന്നമുറയ്ക്ക് വനഭൂമിയുള്ള കയ്യേറ്റം ക്രമവൽക്കരിച്ച് പട്ടയം നൽകുന്നതാണ്. മറ്റ് ചട്ടങ്ങൾ പ്രകാരം പട്ടയത്തിന് അർഹതയുള്ളവരുടെ കാര്യത്തിലും പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) പത്തനംതിട്ട ജില്ലയിൽ 2020 ജനവരി മാസത്തിൽ പട്ടയമേള നടത്തിയിട്ടുള്ളതും വിതരണത്തിന് തയ്യാറായ മുഴുവൻ പട്ടയങ്ങളും നൽകി കഴിഞ്ഞിട്ടുള്ളതുമാണ്. ഇനിയും പട്ടയങ്ങൾ തയ്യാറാകുന്നമുറയ്ക്ക് പട്ടയമേളകൾ നടത്തി പട്ടയം വിതരണം ചെയ്യുന്നതാണ്.

**ഭൂരഹിതരുടെ എണ്ണവും പട്ടയ വിതരണവും**

251 (1324) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംസ്ഥാനത്ത് എത്ര ഭൂരഹിതരുണ്ടെന്നാണ് കണക്കാക്കുന്നത്; ആയത് 2016-ൽ എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ സംസ്ഥാനത്ത് എത്ര കുടുംബങ്ങൾക്ക് നാളിതുവരെ പട്ടയം നൽകി; ആയതു പ്രകാരം എത്രപേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് 2011-2016 കാലഘട്ടത്തിൽ എത്ര കുടുംബങ്ങൾക്കാണ് പട്ടയം വിതരണം ചെയ്തതെന്ന് അറിയിക്കുമോ;

(ഡി) നിലവിൽ സർക്കാർ കൈവശമുള്ള ഭൂമിയുടെ അളവെത്രയെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ സർക്കാരിന്റെ കാലത്തുതന്നെ ഭൂരഹിതരായ മുഴുവൻപേർക്കും ഭൂമി നൽകി എന്നുറപ്പ് വരുത്തുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ 1,31,138 പട്ടയങ്ങളും 462 പട്ടികവർഗ്ഗ കൈവശരേഖകളും 1128 വനാവകാശ രേഖകളും 84 മുത്തങ്ങ കൈവശരേഖകളും മറ്റ് ഇനങ്ങളിൽ 288 കൈവശരേഖകളും വിതരണം ചെയ്തിട്ടുണ്ട്. പട്ടയം നൽകിയിട്ടുള്ള 1,31,138 കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്. വിതരണം ചെയ്തിട്ടുള്ള പട്ടയങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ജില്ല | വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 1449 |
| കൊല്ലം | 1191 |
| പത്തനംതിട്ട | 655 |
| ആലപ്പുഴ | 991 |
| കോട്ടയം | 703 |
| ഇടുക്കി | 27914 |
| എറണാകുളം | 3648 |
| തൃശ്ശൂർ | 30133 |
| പാലക്കാട് | 13800 |
| മലപ്പുറം | 27188 |
| കോഴിക്കോട് | 8430 |
| വയനാട് | 1635 |
| കണ്ണൂർ | 5300 |
| കാസർഗോഡ് | 8101 |
| ആകെ | 131138 |

(സി) 2011-2016 കാലഘട്ടത്തിൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം നൽകിയ മുപ്പതിനായിരത്തോളം പട്ടയങ്ങളുൾപ്പെടെ 130744 കുടുംബങ്ങൾക്ക് പട്ടയം നൽകിയിട്ടുണ്ട്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) ഭൂരഹിതരായ മുഴുവൻ പേർക്കും പട്ടയം നൽകുന്നതിന്റെ ഭാഗമായി താലൂക്ക് തലത്തിൽ അസൈൻമെന്റ് കമ്മിറ്റികൾ സമയാസമയങ്ങളിൽ യോഗം

ചേർന്ന് അസൈൻമെന്റ് പട്ടയങ്ങൾ നിയമാനുസരണം വിതരണം ചെയ്യുന്നതിനുള്ള നടപടിയും സ്പെഷ്യൽ തഹസിൽദാർമാർക്ക് ലാൻഡ് ട്രിബ്യൂണലുകളുടെ അധിക ചുമതല നൽകി ഉത്തരവായതനുസരിച്ച് ആ ഓഫീസുകളിൽനിന്നും പട്ടയം (കുടിയായ്മ, കുടികിടപ്പ്, ക്രയസർട്ടിഫിക്കറ്റുകൾ) വിതരണം ചെയ്യുന്നതിനുള്ള ഊർജ്ജിത നടപടികളും ആഴ്ചയിൽ പരമാവധി ദിവസങ്ങളിൽ കക്ഷികളെ നേരിൽ കേട്ട് ദേവസ്വം പട്ടയ അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. പട്ടയ വിതരണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ജില്ലാതലത്തിൽ പട്ടയമേളകൾ സംഘടിപ്പിച്ച് അർഹരായവർക്ക് പട്ടയം വിതരണം ചെയ്തുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ 1,31,138 പട്ടയങ്ങളും 462 പട്ടികവർഗ്ഗ കൈവശരേഖകളും 1128 വനാവകാശ രേഖകളും 84 മുത്തങ്ങ കൈവശരേഖകളും മറ്റിനങ്ങളിലായി 288 കൈവശ രേഖകളും വിതരണം ചെയ്തിട്ടുണ്ട്. ഭൂരഹിതരായ മുഴുവൻപേർക്കും ഭൂമിയോടൊപ്പം വീടും നിർമ്മിച്ച് നൽകുന്നതിനുള്ള നടപടി ലൈഫ് മിഷൻ പദ്ധതിപ്രകാരവും സ്വീകരിച്ചുവരുന്നു.

**പട്ടയവിതരണം**

252 (1325) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി താലൂക്കിൽ പട്ടയവിതരണം നടത്താൻ ബാക്കിയുള്ള എത്ര കേസുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) മാനന്തവാടി താലൂക്കിൽ ഏതെല്ലാം വില്ലേജുകളിലാണ് നടപടി ക്രമങ്ങൾ പൂർത്തിയാക്കി പട്ടയവിതരണം നടത്താനുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) മാനന്തവാടി താലൂക്കിൽ പട്ടയവിതരണം ത്വരിതപ്പെടുത്താൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മാനന്തവാടി താലൂക്കിൽ പട്ടയം ലഭിക്കുന്നതിനായി സമർപ്പിച്ച 187 അപേക്ഷകളിൽ നടപടി പൂർത്തീകരിക്കാനുണ്ട്.

(ബി) പട്ടയം നൽകാൻ ബാക്കിയുള്ള കേസ്സുകളുടെ വില്ലേജ് തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| വില്ലേജ് | അപേക്ഷകരുടെ എണ്ണം | വില്ലേജ് | അപേക്ഷകരുടെ എണ്ണം |
|---|---|---|---|
| മാനന്തവാടി | 55 | പയ്യമ്പള്ളി | 3 |
| ചെറുകാട്ടൂർ | 3 | തിരുനെല്ലി | 25 |
| അഞ്ചുകുന്ന് | 7 | പനമരം | 4 |
| പൊരുന്നന്നൂർ | 0 | നല്ലൂർനാട് | 2 |
| കാഞ്ഞിരങ്ങാട് | 2 | തൊണ്ടർനാട് | 3 |
| വാളാട് | 4 | വെള്ളമുണ്ട | 11 |
| തവിഞ്ഞാൽ | 42 | പേരിയ | 3 |
| തൃശ്ശിലേരി | 11 | എടവക | 12 |

(സി) പട്ടയവിതരണം ത്വരിതഗതിയിലാക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നുണ്ട്. തവിഞ്ഞാൽ വില്ലേജിൽ മക്കിമല തിണ്ടുമ്മേൽ പ്രദേശത്ത് റീസർവ്വേ നമ്പർ 68/1 ബി, 90/Pt-ൽപ്പെട്ട ഭൂമി പ്രശ്നവുമായി ബന്ധപ്പെട്ട് പ്രസ്തുത ഭൂമിയിലെ അനധികൃത മരംമുറി സംബന്ധിച്ചും ഭൂമി കൈവശം വയ്ക്കാത്തവരുടെ പട്ടയം റദ്ദ് ചെയ്ത് നിലവിലെ കൈവശക്കാർക്ക് പതിച്ച് കൊടുക്കുന്നത് സംബന്ധിച്ചും അന്തിമ തീരുമാനമാകുന്നമുറയ്ക്ക് നിലവിലെ കൈവശക്കാർക്ക് പട്ടയം നൽകുന്നതിന് സാധിക്കുന്നതാണ്. മേൽ വിഷയത്തിൽ ലാൻഡ് റവന്യൂ കമ്മീഷണറുടെ നിർദ്ദേശപ്രകാരം സമഗ്രമായ അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സബ് കളക്ടറുടെ നേതൃത്വത്തിൽ പ്രത്യേക സംഘത്തെ നിയോഗിച്ചിട്ടുള്ളതാണ്.

**പട്ടയത്തിനായി ദേവസ്യ സമർപ്പിച്ച അപേക്ഷ**

253 (1326) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയത്തിനായി കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ കുറവിലങ്ങാട് വില്ലേജിൽ മണ്ണയ്ക്കനാട് കരയിൽ മുണ്ടയ്ക്കൽ വീട്ടിൽ ദേവസ്യ സമർപ്പിച്ച അപേക്ഷയിൽ നിലവിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) അപേക്ഷകൻ 2019 ജനുവരി മാസത്തിലാണ് അപേക്ഷ സമർപ്പിച്ചത് എന്നതിന്റെ പേരിൽ പ്രസ്തുത അപേക്ഷ മീനച്ചിൽ താലൂക്കാഫീസിൽ പരിഗണനയ്ക്കെടുക്കാതെ മാറ്റി വച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വീടില്ലാത്ത ദേവസ്യക്ക് വീട് വയ്ക്കുവാൻ നാടുകുന്ന് മഠത്തിൽനിന്നും സഹായം വാഗ്ദാനം ചെയ്തിരിക്കുന്ന സാഹചര്യത്തിൽ അപേക്ഷകന് എത്രയും വേഗം പട്ടയം നൽകുവാനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മീനച്ചിൽ താലൂക്കിൽ കുറവിലങ്ങാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 8-ൽ റീസർവ്വേ 407/4-ൽപ്പെട്ട 01.80 ആർ വസ്തുവിന് കുടികിടപ്പ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി ശ്രീ. ദേവസ്യ മുണ്ടയ്ക്കൽ വീട് എന്ന വ്യക്തി 4-1-2019-ൽ മീനച്ചിൽ താലൂക്കിൽ അപേക്ഷ സമർപ്പിച്ചിരുന്നതും ആയതിൽ 24-7-2019-ൽ തഹസിൽദാർ ടിയാനെ നേരിൽ കേട്ടിട്ടുള്ളതുമാണ്.

(ബി) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ 31-12-2018 വരെ ലഭിച്ച അപേക്ഷകൾ പരിഗണിച്ചാൽ മതിയെന്ന ലാൻഡ് ബോർഡിന്റെ നിർദ്ദേശപ്രകാരം ടി കക്ഷി താലൂക്ക് ഓഫീസിൽ സമർപ്പിച്ച അപേക്ഷ ഇപ്പോൾ പരിഗണിക്കുന്നില്ലെന്നും തീയതി നീട്ടിക്കിട്ടുന്ന അവസരത്തിൽ ടിയാളുടെ അപേക്ഷ പരിഗണിക്കുന്നതാണെന്ന് കക്ഷിയെ അറിയിച്ചിരുന്നതായും മീനച്ചിൽ തഹസിൽദാർ അറിയിച്ചിട്ടുണ്ട്.

(സി) 31-12-2018-നുശേഷമുള്ള അപേക്ഷകൾ പരിഗണിക്കുന്നതനുസരിച്ച് ടിയാന് പട്ടയം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**കൈവശകർഷകർക്ക് പട്ടയം**

254(1327) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പട്ടി, പൊന്തൻപുഴ പ്രദേശങ്ങളിൽ നാലുതലമുറകളായി താമസിച്ചു വരുന്ന കൈവശകർഷകർക്ക് തങ്ങളുടെ കൈവശ ഭൂമികൾക്ക് പട്ടയം നൽകുന്നതിന് എന്തൊക്കെ നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) എത്രപേർക്കാണ് പട്ടയം നൽകാനുള്ളതെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ഏക്കർ ഭൂമിയ്ക്കാണ് പട്ടയം നൽകേണ്ടത്;

(സി) പട്ടയ നടപടികളിൽ എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത പ്രശ്നം പരിഹരിക്കാൻ എന്തുനടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; എന്നത്തേയ്ക്ക് പ്രദേശവാസികൾക്ക് പട്ടയം നൽകാൻ കഴിയും; വിശദവിവരം നൽകാമോ?

<u>ഉത്തരം</u>

(എ, സി &ഡി) പൊന്തൻപുഴ വലിയകാവ് വനഭൂമിയുടെ ജണ്ടയ്ക്ക് വെളിയിലായി വനാതിർത്തിയോട് ചേർന്ന 104.15 ഹെക്ടർ (257.35 ഏക്കർ) സ്ഥലത്ത് കുടിയേറിയിട്ടുള്ള കർഷകർക്ക് പെരുമ്പട്ടി വില്ലേജിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്ററിലെ ഭൂമിയുടെ തരം കാണിക്കുന്ന കോളം 5-ൽ പുറമ്പോക്ക് എന്നും ഭൂവുടമയുടെ പേര് കാണിക്കുന്ന കോളം 9-ൽ സർക്കാർ എന്നും റിമാർക്സ് കോളം 10-ൽ ചിലതിൽ കൈവശക്കാരുടെ പേര് വിവരങ്ങളും മറ്റ് ചിലതിൽ റിസർവ് എന്നും രേഖപ്പെടുത്തിയിരിക്കുന്നതിനാൽ പട്ടയം അനുവദിക്കാൻ കഴിഞ്ഞിരുന്നില്ല. പത്തനംതിട്ട ജില്ലയിൽ 1-1-1977-നുമുമ്പ് വനഭൂമി കയ്യേറി കൈവശം വച്ചുവരുന്ന ഭൂമിക്ക് പട്ടയം അനുവദിക്കുന്നതിലേയ്ക്കായി വനംവകുപ്പുമായി ചേർന്ന് നടത്തിയ സംയുക്ത പരിശോധനയിൽ വനഭൂമി കയ്യേറിയിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ള 1970.04 ഹെക്ടർ ഭൂമിയുടെ വിവരങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിൽ വനഭൂമിയാണെന്ന തെറ്റിദ്ധാരണയിൽ പെരുമ്പട്ടി വില്ലേജിലെ കൈവശക്കാരുടെ ഭൂമിയും ഉൾപ്പെട്ടിരുന്നെങ്കിലും പെരുമ്പട്ടി വില്ലേജിലെ കൈവശക്കാരുടെ ഭൂമി വനഭൂമിക്ക് പുറത്തായി സ്ഥിതി ചെയ്യുന്നതായി 2019-ലെ വനം-റവന്യൂ വകുപ്പുകളുടെ സംയുക്ത സർവ്വേയിൽ വ്യക്തമായിട്ടുള്ളതിനാലും ടി ഭൂമി പതിറ്റാണ്ടുകളായി മനുഷ്യർ അധിവസിക്കുന്നതും 31-5-1958-ലെ F(A) 2-1089/57/AD നോട്ടിഫിക്കേഷനിൽ വിവരിക്കുന്ന വലിയകാവ് വനത്തിന്റെ അതിർത്തിക്ക് പുറത്താണെന്നുള്ളതും റവന്യൂ രേഖകളിൽ സർക്കാർ പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും ആകയാൽ 1-1-1977-നുമുമ്പ് വനംഭൂമി കയ്യേറിയവർക്ക് പട്ടയം അനുവദിക്കുന്നതിന് പാലിക്കേണ്ട നടപടിക്രമങ്ങൾ ഈ കാര്യത്തിൽ പ്രസക്തമല്ലാത്തതും പ്രദേശവാസികൾക്ക് പട്ടയം നൽകുന്നതിന് അനാവശ്യമായ കാലവിളംബമുണ്ടാക്കുന്നതുമാണ് എന്നതിനാൽ പെരുമ്പട്ടി വില്ലേജിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്ററിലെ ഭൂമിയുടെ തരംകാണിക്കുന്ന കോളം 5-ൽ പുറമ്പോക്ക് എന്ന് ഭൂവുടമയുടെ പേര് കാണിക്കുന്ന കോളം 9-ൽ സർക്കാർ എന്നും റിമാർക്സ് കോളം 10-ൽ ചിലതിൽ കൈവശക്കാരുടെ പേരുവിവരങ്ങളും മറ്റ് ചിലതിൽ റീസർവ്വേ എന്നും രേഖപ്പെടുത്തിയിരിക്കുന്നത് തിരുത്തി പെരുമ്പട്ടി

വില്ലേജിലെ കൈവശക്കാരുടെ ഭൂമിക്ക് 1964 ഭൂമി പതിവ് ചട്ടം പ്രകാരം പട്ടയം അനുവദിക്കുന്നതിന് മന്ത്രിസഭയുടെ അംഗീകാരത്തോടെ അനുമതി നൽകുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവായിട്ടുള്ളതാണ്.

(ബി) ഉദ്ദേശം 257 ഏക്കർ ഭൂമിക്ക് 512 കുടുംബങ്ങൾക്കാണ് പട്ടയം നൽകാനുള്ളത്.

**ആരാധനാലയങ്ങൾക്ക് പതിച്ച് നൽകുന്ന ഭൂമി**

255 (1328) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ആരാധനാലയങ്ങൾ കൈവശം വച്ചിരിക്കുന്ന ഭൂമി ചെറിയ തുക ഈടാക്കി കൊണ്ട് അവർക്ക് പതിച്ചു നൽകുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) ഇതുസംബന്ധിച്ച് ഇറക്കിയ സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഇത്തരത്തിൽ ഭൂമി പതിച്ചുനൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; ആർക്കാണ് ഇതിനുള്ള അധികാരം നൽകിയിട്ടുള്ളത്; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ-സി) ആരാധനാലയങ്ങളും ശ്മശാനങ്ങളും സാംസ്കാരിക സ്ഥാപനങ്ങളും സാംസ്കാരിക സംഘടനകളും മതിയായ രേഖകളില്ലാതെ കൈവശം വച്ചിരിക്കുന്ന ഭൂമി ഓരോന്നിന്റെയും ആവശ്യം നിറവേറ്റുന്നതിനുള്ള കുറഞ്ഞ അളവ്, വ്യവസ്ഥകൾക്ക് വിധേയമായി പതിച്ചുനൽകുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചു കൊണ്ട് ഉത്തരവായിട്ടുണ്ട്. ആയതനുസരിച്ച് ആരാധനാലയങ്ങളുടെയും ശ്മശാനങ്ങളുടെയും സംഗതിയിൽ പ്രസ്തുത ഭൂമി ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിക്കുന്നതിനുമുമ്പും കൈവശം വച്ചുവരുന്നതാണെങ്കിൽ നിലവിലെ ഫെയർവാല്യുവിന്റെ പത്ത് ശതമാനവും സ്വാതന്ത്ര്യം ലഭിച്ചതിനുശേഷവും കേരളപ്പിറവിക്ക് മുമ്പും കൈവശം വച്ചുവരുന്നതാണെങ്കിൽ ഫെയർവാല്യുവിന്റെ ഇരുപത്തിയഞ്ച് ശതമാനവും കേരളപ്പിറവിക്കുശേഷവും 1990 ജനുവരി ഒന്നിന് മുമ്പുമുള്ള കൈവശമാണെങ്കിൽ ഫെയർവാല്യൂവും ഈടാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. മറ്റ് വിശദാംശങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്*.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കാലവർഷക്കെടുതിയിൽ തകർന്ന റോഡുകൾ**

256 (1329) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ ദുരന്ത നിവാരണ വകുപ്പിന്റെ കീഴിൽ കാലവർഷക്കെടുതിയിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിന് അനുവദിച്ച പ്രവൃത്തികളുടെ പേരും വിശദാംശവും ലഭ്യമാക്കാമോ;

(ബി) ഇതിൽ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതെല്ലാമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**പ്രളയ ദുരിതാശ്വാസത്തുക**

257 (1330) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. അനിൽ അക്കര:
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയദുരിതാശ്വാസമായി സർക്കാർ നൽകിയ പണം തിരികെ അടയ്ക്കണമെന്നാവശ്യപ്പെട്ട് ദുരിതബാധിതർക്ക് നോട്ടീസ് അയച്ചിരുന്നോ; എങ്കിൽ, അതിനുള്ള കാരണമെന്താണ് എന്നറിയിക്കുമോ;

(ബി) രണ്ടാമത്തെ ഗഡു നൽകിയപ്പോൾ ഇരട്ടിപ്പ് വന്നുവെന്നത് വസ്തുതാപരമാണോ; എങ്കിൽ, എത്രപേർക്ക് ഇപ്രകാരം അധികം തുക നൽകി; വ്യക്തമാക്കുമോ;

(സി) പ്രളയത്തിൽ സർവ്വതും നഷ്ടപ്പെട്ടവർക്ക് സഹായമായി നൽകിയ തുക തിരിച്ചടയ്ക്കുവാൻ ആവശ്യപ്പെടുന്നത് ദുരിതബാധിതരെ കൂടുതൽ കഷ്ടപ്പെടുത്തുന്നതിന് സമമായതിനാൽ ഈ നടപടിയിൽനിന്നും സർക്കാർ പിൻവാങ്ങുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) നൽകിയിരുന്നു. 2019-ലെ പ്രകൃതിക്ഷോഭത്തിൽ അടിയന്തര ധനസഹായമായി 10,000 രൂപ അനുവദിച്ചതിൽ ഇരട്ടിപ്പ് സംഭവിച്ച കേസ്സുകളിൽ തുക തിരികെ അടയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകിയിട്ടുണ്ട്.

(ബി) 2019-ലെ പ്രകൃതിക്ഷോഭത്തിൽ തകർന്ന വീടുകൾക്കുള്ള രണ്ടാം ഗഡു തുക വിതരണം ചെയ്തു തുടങ്ങിയിട്ടില്ല.

(സി) പ്രളയബാധിതർക്ക് സർക്കാർ പ്രഖ്യാപിച്ച ദുരിതാശ്വാസം ദുരിതബാധിതകർക്ക് അനുവദിച്ചിട്ടുണ്ട്. ഇരട്ടിപ്പായി അനുവദിച്ച തുക മാത്രമാണ് തിരിച്ചടയ്ക്കാൻ ആവശ്യപ്പെട്ടിട്ടുള്ളത്.

**ദുരന്ത ലഘൂകരണ പദ്ധതികൾ**

258 (1331) <u>ശ്രീ. കെ. രാജൻ</u>:
<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>:
<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>:
<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം അഭിമുഖീകരിച്ച പ്രളയത്തിന്റെ പാഠങ്ങൾ ഉൾക്കൊണ്ട് ദുരന്തനിവാരണ സംവിധാനത്തിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയതെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാന-ജില്ലാതലങ്ങളിലെ ദുരന്ത ലഘൂകരണ പദ്ധതികൾ പുതുക്കുന്ന നടപടി പൂർത്തിയായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കേന്ദ്ര ദുരന്ത ലഘൂകരണ പദ്ധതിപ്രകാരം സംസ്ഥാനത്തെ കാലാവസ്ഥാ നിരീക്ഷണ സംവിധാനങ്ങളുടെ വ്യാപ്തി വർദ്ധിപ്പിക്കുക, മുന്നറിയിപ്പ് സംവിധാനങ്ങൾ മെച്ചപ്പെടുത്തുക എന്നീ ചുമതലകൾ കേന്ദ്ര കാലാവസ്ഥാ വകുപ്പിൽ നിക്ഷിപ്തമായിട്ടുള്ളതിനാൽ അവ നിർവഹിക്കണമെന്ന ആവശ്യം കേന്ദ്രകാലാവസ്ഥാ വകുപ്പിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) ദേശീയ ദുരന്ത നിവാരണ ആസൂത്രണരേഖ പ്രകാരം പ്രാദേശികമായി ദുരന്ത സാധ്യതയുടെ പ്രവചനം ഏതൊക്കെ കേന്ദ്ര ഏജൻസികളിൽ നിന്നാണ് ലഭ്യമാകുന്നതെന്ന് അറിയിക്കാമോ;

(ഇ) ഇത്തരത്തിൽ ദുരന്ത സാധ്യതാ പ്രവചനം ലഭിക്കുന്ന മുറയ്ക്ക് സംസ്ഥാന സർക്കാർ സ്വീകരിക്കുന്ന നടപടികൾ എന്താക്കെയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ സന്നദ്ധ പ്രവർത്തനത്തിന് പ്രവർത്തകരെ വാർത്തെടുക്കുന്നതിനായി ഒരു ഡയറക്ടറേറ്റ് സ്ഥാപിച്ചിട്ടുണ്ട്. കേരളം

മൊത്തത്തിൽ സിവിൽ ഡിഫൻസ് സംസ്ഥാനമായി പ്രഖ്യാപിച്ചു. ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്ക് വിദഗ്ദ്ധോപദേശം നൽകുന്നതിനായി മണ്ണ് സംരക്ഷണ വകുപ്പ്, മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ്, ഭൂജല വകുപ്പ് എന്നിവയിലെ ഉദ്യോഗസ്ഥരെ ഉപയോഗപ്പെടുത്തി കേരളത്തിൽ 50 സംഘങ്ങളെ നിയോഗിച്ചു. എല്ലാ സംഘത്തിലും ഒരു ജിയോളജിസ്റ്റും ഒരു മണ്ണ് സംരക്ഷണ വിദഗ്ദ്ധനുമുണ്ടായിരിക്കും. പ്രാദേശികാടിസ്ഥാനത്തിൽ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ സഹായത്തോടെ 2018-ലെ മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ എന്നിവ ബാധിച്ച പ്രദേശങ്ങളിൽ മുൻപ് വീടുണ്ടായിരുന്ന, നിലവിൽ വീട് നിർമ്മാൻ പാടില്ലാത്ത പ്രദേശങ്ങൾ കണ്ടെത്തുന്ന പഠനം നടത്തി.

കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിയുടെ സഹായത്തോടെയുള്ള ആപ്താമിത്ര പദ്ധതി ഉപയോഗിച്ച് കോട്ടയം ജില്ലയിൽ 200 പേരുടെ ഒരു സാമൂഹികാധിഷ്ഠിത ദുരന്ത ലഘൂകരണസേന രൂപീകരിച്ചു. എല്ലാ ജില്ലകളിലേയ്ക്കും ഈ പദ്ധതി വ്യാപിപ്പിക്കാൻ ആവശ്യമായ സഹായം നൽകാൻ ദേശീയ ദുരന്ത നിവാരണ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സംസ്ഥാനത്തെ ജലസേചനം, കേരള വാട്ടർ അതോറിറ്റി, കൃഷി, മൃഗസംരക്ഷണം, ലാൻഡ് റവന്യൂ, മൈനിംഗ് ആൻഡ് ജിയോളജി,മണ്ണ് സംരക്ഷണം, ആരോഗ്യ വകുപ്പ് എന്നീ വകുപ്പുകളിലുള്ള ദുരന്ത നിവാരണ സാങ്കൽപ്പിക ശ്രേണിയിലെ ഉദ്യോഗസ്ഥർക്ക് ദുരന്ത ലഘൂകരണ പദ്ധതികൾ തയ്യാറാക്കുന്നതിൽ പരിശീലനം നൽകി. സംസ്ഥാനത്തെ എല്ലാ ജില്ലാ കളക്ടർമാർക്കും ഉപഗ്രഹ ഫോൺ (Satellite Phone) നൽകി. Location Based Messaging System എന്ന സാങ്കേതികവിദ്യ നടപ്പാക്കാൻ നടപടി ആരംഭിച്ചു. സംസ്ഥാന അതോറിറ്റിയിൽ ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾക്ക് സഹായമേകാൻ അധിക സാങ്കേതിക വിദഗ്ദ്ധരെ ലഭ്യമാക്കി.

(ബി) ഉണ്ട്. ഈ പ്രവർത്തനം മാർച്ച് മാസത്തോടെ പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) കേന്ദ്ര കാലാവസ്ഥാ വകുപ്പിൽ നിക്ഷിപ്തമായ ചുമതലയായ സംസ്ഥാനത്തെ കാലാവസ്ഥാ നിരീക്ഷണ സംവിധാനങ്ങൾ വർദ്ധിപ്പിക്കാനും മുന്നറിയിപ്പ് സംവിധാനങ്ങൾ മെച്ചപ്പെടുത്താനും ആവശ്യപ്പെട്ടിട്ടുണ്ട്. 256 ഓട്ടോമാറ്റിക് കാലാവസ്ഥാ മാപിനികളിൽ ഏഴ് എണ്ണം മാത്രമാണ് നിലവിൽ പ്രവർത്തിക്കുന്നത്. കേരളത്തിൽ ഒരു റഡാർ കൂടി കോഴിക്കോട്, വയനാട് അതിർത്തിയിൽ സ്ഥാപിക്കണമെന്നും സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ നിലവിലെ എല്ലാ മഴമാപിനികളും പരിശോധിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കി. ഇവയിൽ

തെരഞ്ഞെടുത്ത 15 സ്ഥലങ്ങളിൽ ഉടൻതന്നെ കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ ആട്ടോമാറ്റിക് കാലാവസ്ഥ മാപിനി (AWS) സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ 10 തീർത്ഥാടന/ടൂറിസ്റ്റ് കേന്ദ്രങ്ങളിലും ഓട്ടോമാറ്റിക് കാലാവസ്ഥാ മാപിനികളും ഡിസ്‌പ്ലേ ബോർഡും സ്ഥാപിക്കാൻ കേന്ദ്ര കാലാവസ്ഥാ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി)

- പ്രളയം - കേന്ദ്ര ജല കമ്മീഷൻ
- ഉരുൾപൊട്ടൽ മണ്ണിടിച്ചിൽ Geological Survey of India
- കാലാവസ്ഥാ സംബന്ധമായ എല്ലാ ദുരന്തങ്ങൾ - India Meterological Department
- സുനാമി - Indian National Centre for Ocean Information Services
- ഭൂമികുലുക്കം - National Centre for Seismology

(ഇ) സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി കാലവർഷ-തുലാവർഷ മുന്നൊരുക്ക, ദുരന്ത പ്രതികരണ മാർഗ്ഗരേഖ തയ്യാറാക്കി. ഈ മാർഗ്ഗരേഖയും സംസ്ഥാനത്ത് Incident Response System-വും താലൂക്കുതലം വരെ അംഗീകരിച്ചിട്ടുണ്ട്. മേൽ രേഖയിൽ ദുരന്ത സാഹചര്യം വിലയിരുത്താനും 30 വകുപ്പുകളും കേന്ദ്ര സേനകളും ദുരന്ത സാഹചര്യങ്ങൾ എങ്ങനെ നേരിടണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. അംഗീകൃത ദുരന്തങ്ങളെയും മഴക്കാലത്ത് സംസ്ഥാനത്ത് സാധ്യതയുള്ള ദുരന്തങ്ങളെയും പരിചയപ്പെടുത്തുന്ന കൈപ്പുസ്തകം സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രം, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, ഡി.ഇ.ഒ.സി.-കൾ, കേന്ദ്ര ഏജൻസികൾ, രക്ഷാസേനകൾ, വിവിധ സർക്കാർ വകുപ്പുകൾ എന്നിവർ ദുരന്തങ്ങൾക്ക് മുന്നേയും ദുരന്ത സമയത്തും സ്വീകരിക്കേണ്ട നടപടികൾ കൃത്യമായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

**ദുരന്തപ്രതികരണ നിധിയുടെ വിനിയോഗത്തിനുള്ള മാനദണ്ഡം**

259 (1332) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി അനുവദിക്കുന്ന ഫണ്ട് ഉപയോഗിച്ച് നടത്തപ്പെടുന്ന റോഡ് പുനരുദ്ധാരണ പ്രവൃത്തികളിൽ വെള്ളക്കെട്ട് ഉണ്ടാകാൻ സാധ്യത ഉള്ള സ്ഥലങ്ങളിൽ പ്രതലം മാറ്റി ഇന്റർലോക്ക് ടൈൽ ഇടുന്നതിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം തടസ്സമുണ്ടോ;

(ബി) ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം അനുവദനീയമായ പ്രവൃത്തികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം അനുവദിക്കാവുന്ന പ്രവൃത്തികൾ ഗതാഗത പുനഃസ്ഥാപനത്തിനായുള്ള അടിയന്തര റിപ്പയർ പ്രവൃത്തികൾ മാത്രമാണ്. അതുപ്രകാരം റോഡുകളിൽ സോളിംഗ്, മെറ്റലിംഗ്, പുതിയ ടാറിംഗ്, കോൺക്രീറ്റിംഗ്, സംരക്ഷണ ഭിത്തികളുടെ നിർമ്മാണം ഓടകളുടെയും കലുങ്കുകളുടെയും നിർമ്മാണം, റോഡ് പ്രതലത്തിന്റെ തരംമാറ്റിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയ പ്രവൃത്തികൾ അനുവദിക്കാനാകില്ല.

**ദുരന്ത പ്രതികരണ മാർഗ്ഗരേഖ**

260 (1333) ശ്രീ. പി. വി. അൻവർ :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതി ദുരന്തങ്ങൾ ആവർത്തിച്ചുണ്ടാകുന്ന സാഹചര്യത്തിൽ ജനകീയ പങ്കാളിത്തത്തോടെ ചടുലമായ ദുരന്ത നിവാരണം സാധ്യമാക്കുന്നതിന് പരിപാടിയുണ്ടോ;

(ബി) ദുരന്ത നിവാരണ അതോറിറ്റി ദുരന്ത പ്രതികരണ മാർഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ അടിയന്തര ഘട്ട കാര്യനിർവഹണത്തിനുള്ള സംവിധാനം ശക്തിപ്പെടുത്തിയിട്ടുണ്ടോ;

(സി) അതിതീവ്രമായ മഴയും ഉരുൾപൊട്ടലും പ്രളയവും ആവർത്തിക്കുന്ന സാഹചര്യത്തിൽ ഭൂവിനിയോഗത്തിൽ ഉചിതമായ മാനദണ്ഡം കൊണ്ടുവരുന്നതിനും ദുരന്ത മേഖലയിൽനിന്ന് മാറിത്താമസിക്കാൻ ആളുകളെ പ്രേരിപ്പിക്കുന്നതിനും പരിപാടിയുണ്ടോ?

ഉത്തരം

(എ) പ്രകൃതി ദുരന്തങ്ങൾ ആവർത്തിച്ചുണ്ടാകുന്ന സാഹചര്യത്തിൽ ജനകീയ പങ്കാളിത്തത്തോടെ ചടുലമായ ദുരന്ത നിവാരണം സാധ്യമാക്കുന്നതിന് പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ദുരന്ത നിവാരണ അതോറിറ്റി ദുരന്ത പ്രതികരണ മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ അടിയന്തരഘട്ട കാര്യനിർവ്വഹണത്തിനുള്ള സംവിധാനം ശക്തിപ്പെടുത്തിയിട്ടുമുണ്ട്.

(സി) ഉണ്ട്.

**സാമൂഹിക സന്നദ്ധസേന**

261 (1334) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതി ദുരന്തങ്ങളിലും പ്രാദേശിക പ്രതിസന്ധികളിലും സഹായത്തിനായി സാമൂഹിക സന്നദ്ധ സേന എന്ന പേരിൽ ഒരു സേന രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) എങ്കിൽ ഇതിനകം എത്രപേർ പ്രസ്തുത സേനയിൽ അംഗങ്ങളായി പേര് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അവർക്ക് ഏതൊക്കെ മേഖലകളിലാണ് പരിശീലനം നൽകുന്നതെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത സേനയുടെ ഭാഗമായി ഡയറക്ടറേറ്റ് സ്റ്റിയറിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) 1-1-2020-ലെ സ.ഉ.(കൈ)നമ്പർ 01/2020/പൊഭവ. പ്രകാരം സംസ്ഥാനത്തെ പ്രകൃതി ദുരന്തങ്ങളിൽ സഹായമെത്തിക്കുന്നതിനും യാതൊരു പ്രാദേശിക പ്രതിസന്ധിയിലും സഹായത്തിനുണ്ടാകുന്ന തരത്തിൽ ഒരു സാമൂഹിക സന്നദ്ധസേന രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. കേരളത്തിൽ ശരാശരി 100 വ്യക്തികൾക്ക് ഒരു സന്നദ്ധ പ്രവർത്തകൻ എന്ന നിലയിൽ 3.4 ലക്ഷം പേരുള്ള സാമൂഹിക സന്നദ്ധസേനയാണ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നത്.

(ബി) സേന രൂപീകരിക്കുന്ന പ്രവർത്തനം നടന്നുവരുന്നു. 27-1-2020-ലാണ് ഈ സേനയുടെ ഭാഗമായി പേര് രജിസ്റ്റർ ചെയ്യാനുള്ള വെബ്സൈറ്റ് തയ്യാറായത്. ഈ സാമൂഹിക സന്നദ്ധസേനയിൽ https://sannadham.kerala.gov. എന്ന വെബ്സൈറ്റ് വഴി പേര് രജിസ്റ്റർ ചെയ്യാം. 1-2-2020 വരെ 251 വ്യക്തികൾ ഈ സേനയിൽ അംഗങ്ങളാകാൻ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) സാമൂഹിക സന്നദ്ധസേനയുടെ ഡയറക്ടറായി ശ്രീ. അമിത്ത് മീണ ഐ.എ.എസ്.-നെ നിയമിച്ചു. മറ്റ് വിഷയങ്ങളിന്മേൽ തുടർനടപടി സ്വീകരിച്ചുവരുന്നു.

**പ്രകൃതി സംരക്ഷണ യത്നം**

262 (1335) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലും 2019-ലും രണ്ട് പ്രളയങ്ങൾ തുടർച്ചയായി ഉണ്ടായിട്ടും പ്രകൃതിയെ അമിതമായി ചൂഷണം ചെയ്തതാണ് പ്രസ്തുത പ്രളയത്തിന്റെ കാരണമെന്ന് തിരിച്ചറിഞ്ഞിട്ടും പ്രകൃതി സംരക്ഷണ യത്നങ്ങളിൽ സംസ്ഥാനം ഇപ്പോഴും വളരെ പുറകിലാണെന്നത് വസ്തുതയല്ലേ;

(ബി) നിയമവിരുദ്ധമായി എന്ത് ചെയ്താലും ഉദ്യോഗസ്ഥരെയും ഭരണാധികാരികളെയും സ്വാധീനിച്ച് അത് നിയമവിധേയമാക്കാമെന്ന ചിന്താഗതിക്ക് മരടിലെ സുപ്രീം കോടതി വിധി പാഠമായതായി കരുതുന്നുണ്ടോ;

(സി) മരടിലെ ഫ്ളാറ്റുകൾ തകർത്തതുമൂലം സമീപ പ്രദേശങ്ങളിലെ വീടുകൾക്കും മറ്റ് കെട്ടിടങ്ങൾക്കും എന്തെങ്കിലും കേടുപാട് ഉണ്ടായി എന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അതിന് എന്ത് നഷ്ടപരിഹാരമാണ് ഇതിനകം നൽകിയത്;

(ഡി) സംസ്ഥാനത്തിന്റെ തീരദേശമേഖലയിൽ നടക്കുന്ന കയ്യേറ്റങ്ങൾക്കും അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾക്കും എതിരെ ശക്തമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) വസ്തുതയല്ല. ഒരു സമഗ്ര ശാസ്ത്ര പഠനങ്ങളും ഈ അവലോകനത്തിലേയ്ക്ക് ശാസ്ത്രീയമായി എത്തിയിട്ടില്ല.

(ബി) അത്തരമൊരു വിലയിരുത്തൽ നടത്തിയിട്ടില്ല.

(സി) ഫ്ലാറ്റുകൾ തകർത്തതുമൂലം സമീപത്തുള്ള വീടുകൾക്ക് നാശനഷ്ടങ്ങളൊന്നും സംഭവിച്ചതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

(ഡി) സംസ്ഥാനത്തെ പത്ത് ജില്ലകൾ (പത്തനംതിട്ട, ഇടുക്കി, പാലക്കാട്, വയനാട് ഒഴികെയുള്ള) ഉൾപ്പെടുന്ന തീരദേശമേഖലയിൽ നടക്കുന്ന കയ്യേറ്റങ്ങൾക്കും അനധികൃത നിർമ്മാണ പ്രവർത്തനങ്ങളും റിപ്പോർട്ട് ചെയ്യുന്നതിനായി Costal District Committees- നെ രൂപീകരിച്ചിട്ടുള്ളതാണ്.

## ജലവാഹകശേഷി വർദ്ധിപ്പിക്കുന്നതിന് നടപടി

263 (1336) ശ്രീ. രാജു എബ്രഹാം :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. കെ. യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവർത്തിച്ചുണ്ടായ പ്രളയംകൊണ്ടും ദീർഘകാലമായുള്ള നീരൊഴുക്കുകൊണ്ടും ജലസംഭരണികളിലും നദികളിലും കായലുകളിലുമെല്ലാം അടിഞ്ഞു കൂടിയിട്ടുള്ള മണ്ണും ചെളിയും നീക്കി അവയുടെ ജലവാഹക ശേഷി വർദ്ധിപ്പിക്കാൻ പരിപാടിയുണ്ടോ; ഇത്തരത്തിൽ ലഭിക്കുന്ന മണലിന്റെയും എക്കലിന്റെയും വിനിയോഗം സംബന്ധിച്ച് രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) നദികളിൽ നിന്ന് വാരാവുന്ന മണലിന്റെ അളവ് തിട്ടപ്പെടുത്തിയിട്ടുണ്ടോ; കരാറുകാർ സാഹചര്യം ദുരുപയോഗം ചെയ്യാതിരിക്കുന്നതിനായി ഉദ്ദേശിക്കുന്ന പരിശോധനാ സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) സാൻഡ് ഓഡിറ്റിംഗും റിവർബാങ്ക് മാപ്പിംഗും പൂർത്തിയായിട്ടുണ്ടോ; നദീതീര സംരക്ഷണത്തിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ഡി) റാംസർ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള പാരിസ്ഥിതിക പ്രാധാന്യമേറിയ വേമ്പനാട്, ശാസ്താംകോട്ട, അഷ്ടമുടി എന്നീ കായലുകളിൽ ചെളിയും മണ്ണും അടിഞ്ഞ് ആഴവും വിസ്തൃതിയും കുറഞ്ഞു പോയ സാഹചര്യത്തിൽ അവയുടെ സംരക്ഷണത്തിനായി എന്തെങ്കിലും പദ്ധതിയുണ്ടോ എന്ന് അറിയിക്കാമോ?

### ഉത്തരം

(എ) ഉണ്ട്. പ്രളയം നിമിത്തം നദികളിൽ അടിഞ്ഞ് കൂടിയ മണ്ണും ചെളിയും നീക്കി നദികളുടെശേഷി വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് 24-12-2019-ലെ സ.ഉ.(സാധാ) നമ്പർ 3880/2019/റവ. ഉത്തരവുപ്രകാരം ബന്ധപ്പെട്ട ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) നദികളിൽ നടത്തുന്ന സാൻഡ് ഓഡിറ്റിംഗ് പ്രകാരം വരാവുന്ന മണലിന്റെ അളവ് തിട്ടപ്പെടുത്തി നൽകാറുണ്ട്. നദികളിൽനിന്ന് മണൽ വാരുന്നതിന് കരാർ നൽകാറില്ല. മൈനിംഗ് ആൻഡ് ജിയോളജി, റവന്യൂ, പോലീസ് വകുപ്പുകളുടെ പരിശോധന സംവിധാനം നിലവിലുണ്ട്.

(സി) ഇതുവരെ സംസ്ഥാനത്തെ 20 നദികളുടെ റിവർ ബാങ്ക് മാപ്പിംഗും 21 നദികളുടെ സാൻഡ് ആഡിറ്റിംഗും പൂർത്തിയായിട്ടുണ്ട്. അനധികൃത മണൽ വാരൽ, കരയിടിച്ചിൽ, കയ്യേറ്റം എന്നിവ തടയുന്നതിനായി താലൂക്ക്

ജില്ലാതലങ്ങളിൽ റവന്യൂ വകുപ്പും പോലീസ് വകുപ്പും സ്ക്വാഡുകൾ രൂപീകരിച്ച് നടപടി സ്വീകരിച്ചുവരുന്നു. അനധികൃത ഖനനം, കയ്യേറ്റം, കരയിടിച്ചിൽ എന്നിവമൂലം നദീതീരങ്ങളും നദികളും നശിക്കുന്നത് തടയുന്നതിലേയ്ക്ക് നദീതീരങ്ങളിൽ സംരക്ഷണഭിത്തികൾ കെട്ടിയും കണ്ടൽ ചെടികൾ ഉൾപ്പെടെയുള്ള സസ്യങ്ങളും മരങ്ങളും നട്ടുപിടിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു.

(ഡി) വേമ്പനാട് കായലിന്റെ അടിത്തട്ടിൽനിന്നും മാലിന്യങ്ങൾ ശേഖരിച്ച് അതിൽനിന്നും ജനകീയ പങ്കാളിത്തത്തോടെ പ്ലാസ്റ്റിക് മാലിന്യങ്ങൾ വേർതിരിച്ച് പഞ്ചായത്ത് വഴി അത് ശേഖരിച്ച് റീസൈക്ലിംഗ് ഏജൻസിക്ക് നൽകണമെന്നും വേമ്പനാട് കായലിൽ നിന്നും ഡിസിൽട്ട് ചെയ്തുകിട്ടുന്ന ചെളി ഉപയോഗിച്ച് പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തുന്നതിന് ഹൈഡ്രോ ഗ്രാഫിക് സർവ്വേ വകുപ്പും ജലസേചന വകുപ്പും ചേർന്ന് പ്ലാൻ തയ്യാറാക്കണമെന്നും ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിൽ 14-12-2019-ന് ആലപ്പുഴ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വച്ച് കൂടിയ യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്.

**ദുരന്തപ്രതിരോധ പ്രവർത്തനങ്ങൾ**

264 (1337) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുടർച്ചയായി ഉണ്ടാകുന്ന പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ പ്രാദേശിക തലത്തിൽ, ദുരന്തപ്രതിരോധ സംവിധാനം രൂപീകരിക്കുവാൻ "നമ്മൾ നമുക്കായി" എന്ന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) വാർഡ് തലത്തിൽ ദുരന്തപ്രതിരോധ പ്രവർത്തനങ്ങൾ തയ്യാറാക്കുന്നതിനായി പ്രത്യേക ഗ്രാമസഭ ചേരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

(സി) ജനങ്ങളിൽനിന്നും ദുരന്ത നിവാരണത്തിന് ലഭിക്കുന്ന ആശയങ്ങൾ ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) ദുരന്ത പ്രതിരോധ സംവിധാനത്തിനായി എന്തെങ്കിലും പ്രത്യേക നിയമനിർമ്മാണം നടത്തേണ്ടതുണ്ടോ; എങ്കിൽ അതിനായുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) രൂപീകരിച്ചിട്ടുണ്ട്. ദുരന്തമുഖത്തെ അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിനുതകുന്ന തരത്തിൽ സംസ്ഥാനത്തെ എല്ലാ ജനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് അവരുടെ അറിവും ആശയങ്ങളും ഉൾക്കൊണ്ടുകൊണ്ട് തികച്ചും ജനകീയവും പ്രായോഗികവുമായ രീതിയിൽ "നമ്മൾ നമുക്കായി" എന്ന പേരിൽ ഒരു ജനപങ്കാളിത്ത ക്യാമ്പയിൻ (റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ)) തുടക്കം കുറിച്ചിട്ടുണ്ട്. ദുരന്ത ലഘൂകരണം, തയ്യാറെടുപ്പ്, ദുരന്ത മാനേജ്മെന്റ് എന്നീ മേഖലകളിൽ ജനകീയ പങ്കാളിത്തത്തോടെ പ്രാദേശികമായി ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് തദ്ദേശഭരണ സ്ഥാപനതലത്തിൽ നടപ്പാക്കുന്നതിനായി സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

പ്രസ്തുത ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കുന്നതിനായി കില (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ), തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നാല് ഘട്ടങ്ങളിലായി പരിശീലനം നൽകുകയുണ്ടായി. അഞ്ചാംഘട്ടം നടന്നുകൊണ്ടിരിക്കുന്നു. ഒന്നാംഘട്ടത്തിൽ സ്റ്റിയറിംഗ് കമ്മിറ്റി & ദുരന്ത നിവാരണ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾക്കുള്ള പരിശീലനവും രണ്ടാം ഘട്ടത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളിൽ രൂപീകരിച്ചിട്ടുള്ള 20 പേരടങ്ങുന്ന റിസോഴ്സ് ടീമിനും (LRG), മൂന്നാം ഘട്ടത്തിൽ മറ്റ് വർക്കിംഗ് ഗ്രൂപ്പ് ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, കൺവീനർ എന്നിവർക്കും നാലാംഘട്ടത്തിൽ പ്ലാൻ ക്ലാർക്കുമാർക്കും പരിശീലനം നൽകി. അഞ്ചാം ഘട്ടത്തിൽ ഒരു വാർഡിൽനിന്നും 20 റിസോഴ്സ് ടീമിന് പരിശീലനം നൽകിവരുന്നു.

(ബി) 2020-2021 വാർഷിക പദ്ധതി രൂപീകരണ ഗ്രാമസഭയിൽ ഇതിനായുള്ള പ്ലാനുകൾ വിശേഷാലായി ചർച്ച ചെയ്യണമെന്നും പ്രത്യേക വികസന സെമിനാർ ചേർന്ന് ചർച്ച ചെയ്യേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ദുരന്ത പ്രതിരോധ പ്രവർത്തനത്തിന് കേന്ദ്ര ദുരന്ത നിവാരണ നിയമം 2005 ആണ് ബാധകമായിട്ടുള്ളത്. പ്രസ്തുത നിയമത്തിൽ നിഷ്കർഷിക്കുന്ന തരത്തിലുള്ള നടപടി മാത്രമേ ഇക്കാര്യത്തിൽ നടത്താൻ കഴിയുകയുള്ളൂ. സംസ്ഥാനത്ത് ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട് നിയമനിർമ്മാണം നടത്താൻ കഴിയുകയില്ല.

**ദുരിതാശ്വാസവുമായി ബന്ധപ്പെട്ട ധനസഹായ വിതരണം**

265 (1338) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയ ദുരിതാശ്വാസവുമായി ബന്ധപ്പെട്ടും 2019-ലെ വെള്ളപ്പൊക്ക ദുരിതാശ്വാസവുമായി ബന്ധപ്പെട്ടും മാവേലിക്കര താലൂക്കിൽ വിതരണം ചെയ്ത ധനസഹായത്തിന്റെ വിവരം വില്ലേജ് തിരിച്ച് വിശദമാക്കുമോ;

(ബി) ഗുണഭോക്താക്കളുടെ പേരും ലഭിച്ച തുകയും പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) 2018-ലെ പ്രളയ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് മാവേലിക്കര താലൂക്ക് പരിധിയിൽ ഗുണഭോക്താക്കൾക്ക് ധനസഹായം വിതരണം ചെയ്തത് പഞ്ചായത്തിന്റെ അടിസ്ഥാനത്തിലാണ്. ആയതിന്റെ കണക്കുകൾ ചുവടെ ചേർക്കുന്നു:

| പഞ്ചായത്ത് | ധനസഹായം വിതരണം ചെയ്ത അപേക്ഷകരുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|
| തഴക്കര | 542 | 38968150 |
| ചെട്ടികുളങ്ങര | 802 | 50888100 |
| തെക്കേക്കര | 63 | 3732650 |
| പാലമേൽ | 69 | 2570000 |
| മാവേലിക്കര മുനിസിപ്പാലിറ്റി | 750 | 55973250 |
| ചുനക്കര | 225 | 17650600 |
| നൂറനാട് | 433 | 29927650 |
| ഭരണിക്കാവ് | 12 | 685000 |
| താമരക്കുളം | 38 | 430000 |
| വള്ളികുന്നം | 62 | 4380000 |
| ചെന്നിത്തല | 1814 | 89138350 |

2019-ലെ പ്രളയത്തിൽ ധനസഹായം നൽകിയവരുടെ വിവരങ്ങൾ വില്ലേജുതലത്തിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. കേന്ദ്രീകൃതമായി സർക്കാരിൽനിന്ന് ഡി.ബി.റ്റി.വഴിയാണ് ധനസഹായ വിതരണം നടത്തിയിട്ടുള്ളത്. ക്യാമ്പുകളിൽ താമസിച്ചവർക്കും ഗ്രൂവൽ സെന്ററുകളിൽ താമസിച്ചവർക്കും ബന്ധുവീടുകളിൽ താമസിച്ചവർക്കുമാണ് ആശ്വാസ ധനസഹായമായ 10,000 രൂപ ലഭ്യമാക്കിയിട്ടുള്ളത്. മാവേലിക്കര താലൂക്കിൽ 1731 പേർക്ക് 173,10,000 രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

2018-ലെ പ്രളയത്തിൽ ധനസഹായം ലഭ്യമായ ഗുണഭോക്താക്കളുടെ പേരും തുകയും അനുബന്ധമായി ചേർക്കുന്നു.*

**ഗതാഗതയോഗ്യമല്ലാതായ റോഡുകളുടെ പുനരുദ്ധാരണം**

266 (1339) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കെടുതിമൂലം ഗതാഗതയോഗ്യമല്ലാതായ റോഡുകളുടെ പുനരുദ്ധാരണത്തിനായി ദുരന്തനിവാരണ വകുപ്പ് 5-9-2019-ലെ 583/2019/ഡി.എം.ഡി. നമ്പർ സർക്കാർ ഉത്തരവുപ്രകാരം തൃശ്ശൂർ ജില്ലയിലെ ഏതെല്ലാം റോഡുകൾക്കാണ് ഭരണാനുമതി നല്കിയതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഓരോ റോഡിന്റെയും പുനരുദ്ധാരണ പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ പട്ളങ്ങാടി തെക്കേ മസ്ജിദ് റോഡ് (വാർഡ് 13) എന്ന പ്രവൃത്തിക്ക് നിർവ്വഹണാനുമതി നൽകിയിട്ടുണ്ട്. ലക്ഷം വീട് റോഡ് (വാർഡ് 5), കിസാൻ റോഡ് (വാർഡ് 12) എന്നീ പ്രവൃത്തികൾ ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡങ്ങൾക്ക് അനുസൃതമല്ലാത്തതിനാൽ നിർവ്വഹണാനുമതി നൽകിയിട്ടില്ല. മറ്റ് പ്രവൃത്തികൾക്ക് നിലവിൽ നിർവ്വഹണോദ്യോഗസ്ഥരിൽനിന്നും എസ്റ്റിമേറ്റ് ലഭ്യമായിട്ടില്ല.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ജലവിതാനത്തിനടിയിൽപ്പെട്ടുപോയ കർഷകർക്ക് നഷ്ടപരിഹാരം**

267 (1340) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വെള്ളയാണിക്കായൽ ജലവിതാനത്തിനടിയിൽപ്പെട്ടു പോയ പട്ടയ ഭൂമിയുടെ ഉടമസ്ഥരായ കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനായിട്ടുള്ള വിഷയം ചർച്ചചെയ്യാൻ 13-6-2017-ൽ ചേർന്ന യോഗത്തിന്റെ (റവന്യൂ B-3/9458/16 ) തീരുമാനത്തിൽ 626 കർഷകരുടെ കൈവശമുള്ള ഭൂമി ഏറ്റെടുക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ സ്ഥലം സർവ്വേ ചെയ്ത് കർഷകരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എത്ര പേരുടെ പട്ടികയാണ് തയ്യാർ ചെയ്തതെന്ന് വിശദമാക്കാമോ; അവരുടെ പേരും വിലാസവും വ്യക്തമാക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം വെള്ളായണിക്കായൽ ജലവിതാനത്തിനടിയിൽപ്പെട്ടു പോയ പട്ടയ ഭൂമിയുടെ ഉടമസ്ഥരായ കർഷകർക്ക് നഷ്ടപരിഹാരം നൽകുന്ന വിഷയം ചർച്ച ചെയ്യാൻ 13-6-2017-ൽ അല്ല യോഗം ചേർന്നത്. ഇതുസംബന്ധിച്ച് 16-5-2017-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വെള്ളായണിക്കായൽ പ്രദേശത്തെ വെള്ളം മൂടിക്കിടക്കുന്ന കർഷകരുടെ പട്ടയഭൂമി ഏറ്റെടുക്കാൻ തീരുമാനിച്ചു. ഇതിനായി ജില്ലാ കളക്ടർ സ്ഥലം സർവ്വേ ചെയ്ത് ഭൂമി കൈവശം വച്ചിരുന്ന കർഷകരുടെ പട്ടിക തയ്യാറാക്കി ജലവിഭവ വകുപ്പിന് ലഭ്യമാക്കേണ്ടതാണെന്നും ആയതിന്മേൽ ജലവിഭവ വകുപ്പ് ഭരണാനുമതി പുറപ്പെടുവിച്ച് സ്ഥലവില അംഗീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ എസ്.എൽ.ഇ.സി. മുമ്പാകെ അവതരിപ്പിച്ച് സ്ഥലമേറ്റെടുക്കൽ നടപടി പൂർത്തീകരിക്കേണ്ടതാണെന്ന് തീരുമാനമെടുത്തിരുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥലം സർവ്വേ ചെയ്തിട്ടുള്ളതും 2017-ലെ ഫെയർ വാല്യൂവിന്റെ അടിസ്ഥാനത്തിൽ സ്ഥലവില നിർണ്ണയിച്ചുകൊണ്ടുള്ള റിപ്പോർട്ട് 23-6-2017-ലെ കത്തുപ്രകാരം ജില്ലാ കളക്ടർ ജലവിഭവ വകുപ്പിന് സമർപ്പിക്കുകയുണ്ടായി. നഷ്ടപരിഹാരത്തുക കണക്കിലാക്കേണ്ടത് പ്രസ്തുത വസ്തുക്കൾ കൃഷിയോഗ്യമല്ലാതായത് എന്നാണോ അന്നത്തെ വിലയുടെ അടിസ്ഥാനത്തിലായിരിക്കണമെന്ന് ജലവിഭവ വകുപ്പ് നിർദ്ദേശിക്കുകയുണ്ടായി. പ്രസ്തുത പട്ടയ വസ്തുക്കൾ കൃഷിയോഗ്യമല്ലാതായി തീർന്ന

സമയത്തെ വില കണ്ടെത്താൻ കഴിയുന്ന റെക്കോർഡുകളൊന്നുംതന്നെ നിലവിലില്ലെന്നും ആയതിനാൽ അന്നത്തെ വിലയുടെ അടിസ്ഥാനത്തിൽ വില നിർണ്ണയിക്കാൻ സാധിക്കുകയില്ലെന്നും ജില്ലാ കളക്ടർ 10-7-2018-ലെ കത്തുപ്രകാരം അറിയിക്കുകയുണ്ടായി.

16-5-2017-ലെ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഭരണവകുപ്പ് ഭരണാനുമതി പുറപ്പെടുവിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

(ബി) സ്ഥലം സർവ്വേ ചെയ്ത് പട്ടിക തയ്യാറാക്കിയിട്ടുണ്ട്. കല്ലിയൂർ വില്ലേജ് - 463, വെങ്ങാനൂർ വില്ലേജ് - 162 പേർ, ആകെ 625 പേരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ഭൂവുടമകളുടെ പേരും വിശദവിവരങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**നദികളിൽ അടിഞ്ഞുകൂടിയ മണൽ**

268 (T*1341) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയശേഷം പ്രധാന നദികളിൽ അടിഞ്ഞുകൂടിയ മണൽ വാരുന്നതിന് അനുമതി നൽകിയ ഉത്തരവ് പിൻവലിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) അടുത്ത മഴക്കാലത്തിന് മുമ്പായി മണൽ വാരുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രളയത്തെത്തുടർന്ന് സംസ്ഥാനത്തെ നദികളിൽ അടിഞ്ഞുകൂടിയ മണൽ ഡീസിൽട്ട് ചെയ്ത് നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് 7-11-2019-ൽ ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ചേർന്ന യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രളയം ബാധിച്ച നദികളായ മലപ്പുറം ജില്ലയിലെ കടലുണ്ടി, ചാലിയാർ, കണ്ണൂർ ജില്ലയിലെ വളപട്ടണം, കാസർഗോഡ് ജില്ലയിലെ ഷിറിയ, എറണാകുളം ജില്ലയിലെ പെരിയാർ, മൂവാറ്റുപുഴ, പത്തനംതിട്ട

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* "T" മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ജില്ലയിലെ പമ്പ, അച്ചൻകോവിൽ എന്നീ നദികളിൽ ഡീസിൽറ്റിംഗ് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി അതത് ജില്ലകളിലെ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തികൊണ്ട് 21-12-2019-ലെ G.O.(Rt) No. 3852/2019/RD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പിന്നീട് ടി ഉത്തരവ് അപര്യാപ്തമാണെന്ന് കണ്ടെത്തുകയും പ്രളയം ബാധിച്ച എല്ലാ നദികളിൽനിന്നും ചെളിയും അവശിഷ്ടങ്ങളും നീക്കം ചെയ്യുന്നതിന് ദുരന്തനിവാരണ ആക്ട്, 2005 പ്രകാരം നടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് 24-12-2019-ലെ G.O.(Rt) No. 3880/2019/RD പ്രകാരം പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

(ബി) അടുത്ത മഴക്കാലത്തിനുമുമ്പായി നദികളിലെ അടിഞ്ഞുകൂടിയിട്ടുള്ള മണൽ ഉൾപ്പെടെയുള്ള അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സാൻഡ് ആഡിറ്റിംഗ് പൂർത്തിയാക്കിയ നദികളിൽ മണൽവാരലിനുള്ള പാരിസ്ഥിതികാനുമതി ലഭ്യമാകുന്നതോടെ മണൽ വാരൽ ആരംഭിക്കുന്നതാണ്.

**നദികളിൽ അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യുന്നതിന് നടപടി**

269(T*1342) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എം. ഉമ്മർ:
പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. അബ്ദുൽ ഹമീദ് പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ സംസ്ഥാനത്തെ നദികളിൽ അടിഞ്ഞ് കൂടിയ മണലും മാലിന്യങ്ങളും നീക്കം ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ മണൽ വാരുന്നത് സംബന്ധിച്ച് എന്തെങ്കിലും മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. പ്രളയംനിമിത്തം നദികളിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും നീക്കി നദികളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് 24-12-2019-ലെ സ.ഉ.(സാധാ) നമ്പർ 3880/2019/റവ. ഉത്തരവുപ്രകാരം ബന്ധപ്പെട്ട ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

*"T" മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) സ.ഉ.(സാധാ) നമ്പർ 3880/2019/റവ. നമ്പർ സർക്കാർ ഉത്തരവിൽ മണ്ണും ചെളിയും നീക്കം ചെയ്യുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൻപ്രകാരം ചെളിയും അവശിഷ്ടങ്ങളും നീക്കം ചെയ്യപ്പെടുന്ന വേളയിൽ നദീതീരങ്ങളുടെയും നദീതടങ്ങളുടെയും സുരക്ഷയും ഉറപ്പും ജില്ലാ കളക്ടർമാർ ഉറപ്പുവരുത്തേണ്ടതാണ്. ജില്ലാ കളക്ടർമാർക്ക് ഉചിതമെന്ന് തോന്നുന്ന രീതിയിൽ അവശിഷ്ടങ്ങൾ നീക്കം ചെയ്യാവുന്നതാണ്. ജിയോളജി, ജലവിഭവ വകുപ്പുകളിലെ സാങ്കേതിക വിദഗ്ധരുടെ സേവനം അവർക്ക് ഇതിനായി പ്രയോജനപ്പെടുത്താവുന്നതാണ്.

**നദികളിലെ മണൽ വാരുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ**

270 (1343) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദികളിലും മറ്റും അടിഞ്ഞു കിടക്കുന്ന മണലും മറ്റു മാലിന്യങ്ങളും നീക്കം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത മണലും മാലിന്യങ്ങളും അടുത്ത മഴക്കാലത്തിനു മുൻപ് നീക്കം ചെയ്യുവാൻ കഴിയുമോ; ആയതിന്റെ നടപടി പുരോഗതി അറിയിക്കാമോ;

(സി) മണൽ വാരുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. പ്രളയം നിമിത്തം നദികളിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും നീക്കി നദികളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് 24-12-2019-ലെ സ.ഉ.(സാധാ) നമ്പർ 3880/2019/റവ. ഉത്തരവുപ്രകാരം ബന്ധപ്പെട്ട ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) കഴിയും. ജില്ലാ തലത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

(സി) സ.ഉ.(സാധാ) നമ്പർ 3880/2019/റവ നമ്പർ സർക്കാർ ഉത്തരവിൽ മണ്ണും ചെളിയും നീക്കം ചെയ്യുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൻപ്രകാരം ചെളിയും അവശിഷ്ടങ്ങളും നീക്കം ചെയ്യപ്പെടുന്ന വേളയിൽ നദീതീരങ്ങളുടെയും നദീതടങ്ങളുടെയും സുരക്ഷയും ഉറപ്പും ജില്ലാ കളക്ടർമാർ ഉറപ്പുവരുത്തേണ്ടതാണ്. ജില്ലാ കളക്ടർമാർക്ക്, അവർക്ക് ഉചിതമെന്ന് തോന്നുന്ന രീതിയിൽ അവശിഷ്ടങ്ങൾ നീക്കം ചെയ്യാവുന്നതാണ്. ജിയോളജി, ജലവിഭവ വകുപ്പുകളിലെ സാങ്കേതിക വിദഗ്ധരുടെ സേവനം അവർക്ക് ഇതിനായി പ്രയോജനപ്പെടുത്താവുന്നതാണ്.

**ഭൂമി ഏറ്റെടുക്കൽ**

271 (1344) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യംനിന്നതും ഉപേക്ഷിക്കപ്പെട്ടതുമായ സ്വകാര്യഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരത്തിലുള്ള ഭൂമി ഏറ്റെടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇത്തരത്തിൽ ഏറ്റെടുത്ത ഭൂമി സംരക്ഷിക്കുന്നതിനുവേണ്ടി എന്തു തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) കേരള അന്യംനിന്നതും നഷ്ടപ്പെട്ടതുമായ വസ്തുക്കൾ സംബന്ധിച്ച ആക്ട് 1964, അതിന്മേലുണ്ടാക്കിയ 1965-ലെ ചട്ടങ്ങൾ ഇവ പ്രകാരം നിയമാനുസൃത അവകാശികൾ ഇല്ലാതെയും വിൽപ്പത്രം എഴുതി വയ്ക്കാതെയും മരണപ്പെടുന്ന ആളിന്റെ വസ്തുവകകൾ വകുപ്പ് (3) പ്രകാരം അന്യം നിന്ന വസ്തുക്കളാകുന്നതും അവ സർക്കാർ വകയായി തീരുന്നതുമാണ്. ഇത്തരം വസ്തുക്കളെക്കുറിച്ച് വിവരം ലഭിക്കുന്നമുറയ്ക്ക് ടി വകുപ്പിലെ (4) പ്രകാരം വില്ലേജ് ഓഫീസർ, തഹസിൽദാർ എന്നിവർ മുഖേന അന്വേഷണം നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടി സംഗതികൾ ജില്ലാ കളക്ടർക്ക് ബോദ്ധ്യപ്പെടുന്നപക്ഷം വകുപ്പ് (5) പ്രകാരം ആറ് മാസത്തിനകം തന്റെ മുന്നിൽ ഹാജരായി അവകാശവാദം ബോധിപ്പിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. അവകാശവാദങ്ങളോ പരാതിയോ ലഭിക്കുകയാണെങ്കിൽ വകുപ്പ് (6) പ്രകാരം പരാതിക്കാരനെ കേട്ടതിനുശേഷം മാത്രം തീരുമാനം കൈക്കൊള്ളുന്നതാണ്. അല്ലാത്തപക്ഷം പ്രസ്തുത നിയമം അനുശാസിക്കുന്നവിധത്തിൽ ഏറ്റെടുത്ത് സർക്കാർ സംരക്ഷിക്കുന്നതാണ്. ജില്ലാ കളക്ടറുടെ തീരുമാനത്തിന്മേൽ ബന്ധപ്പെട്ട കക്ഷികൾക്ക് വകുപ്പ് (7) പ്രകാരം ആവശ്യമെങ്കിൽ മൂന്ന് മാസത്തിനുള്ളിൽ ലാൻഡ് റവന്യൂ കമ്മീഷണർക്ക് അപ്പീൽ നൽകാവുന്നതും പ്രസ്തുത അപ്പീലിന്മേലുള്ള കമ്മീഷണറുടെ തീരുമാനത്തിൽ ബന്ധപ്പെട്ട കക്ഷികൾക്ക് ആക്ഷേപമുള്ളപക്ഷം പ്രസ്തുത തീരുമാനം കൈപ്പറ്റി 60 ദിവസത്തിനകം സർക്കാരിൽ രണ്ടാം അപ്പീൽ നൽകാവുന്നതും ഇക്കാര്യത്തിലുള്ള സർക്കാർ തീരുമാനം വകുപ്പ് 11-ന് വിധേയമായി അന്തിമമായിരിക്കുന്നതുമാണ്. വകുപ്പ് (8) പ്രകാരം വ്യവഹാരം വല്ലതും ബോധിപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ അവസാന തീർപ്പ് കൽപ്പിക്കുന്നതുവരെയും ഏറ്റെടുക്കൽ ഉത്തരവ് നടപ്പിൽ വരുത്താൻ പാടില്ലാത്തതാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ഏറ്റെടുത്തിട്ടുള്ള ഭൂമിയുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) എസ്ചീറ്റായി ഏറ്റെടുത്ത ഭൂമി സംരക്ഷിക്കുന്നതിനുവേണ്ടി കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽനിന്നും 1200 രൂപ ചെലവഴിച്ചിട്ടുണ്ട്.

**പൊതു ആവശ്യങ്ങൾക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്ന നടപടിക്രമം**

272(1345) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു ആവശ്യങ്ങൾക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്ന നടപടിക്രമം വർഷങ്ങൾ നീണ്ടുപോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇത് പരിഹരിക്കാൻ ഭൂമിയേറ്റെടുക്കലിന് സമയകൃത്യത ഉറപ്പു വരുത്തുന്ന ചട്ടങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ;

(സി) കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ എളമരം കടവ് പാലം അപ്രോച്ച് റോഡ്, കുളിമാട് പാലം അപ്രോച്ച് റോഡ്, ഫാറൂഖ് കോളേജ്-വാഴക്കാട് റോഡിൽ ഊർക്കടവ് വളവ് നിവർത്തൽ തുടങ്ങിയ പദ്ധതികൾക്ക് ഭൂമി ഏറ്റെടുക്കൽ നടപടികൾ തുടങ്ങിയിട്ട് വർഷങ്ങളായെങ്കിലും ഇനിയും പൂർത്തീകരിക്കാൻ സാധിക്കാത്തതിന്റെ കാരണം അറിയിക്കാമോ;

(ഡി) ഈ പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ, നടപടികൾ പൂർത്തീകരിച്ച് എന്ന് ഭൂമി ഏറ്റെടുക്കാൻ സാധിക്കും തുടങ്ങിയ കാര്യങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല

(ബി) ഭൂമി ഏറ്റെടുക്കലിന് സമയകൃത്യത ഉറപ്പുവരുത്തുന്ന ചട്ടങ്ങൾ നിലവിലുണ്ട്. ആയതിലെ പ്രസക്തഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

I. സ്ഥലമെടുപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട 4(1) വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയ തീയതി മുതൽ പരമാവധി ആറ് മാസംകൊണ്ട് സാമൂഹ്യാഘാത പഠനം റിപ്പോർട്ട് സമർപ്പിക്കണം. സാമൂഹ്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിന് വിദഗ്ദ്ധ സമിതി രൂപീകൃതമായ തീയതി മുതൽ രണ്ട് മാസത്തിനുള്ളിൽ വിദഗ്ദ്ധസമിതി ശിപാർശ സമർപ്പിക്കണം.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

II. സാമൂഹ്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തിക്കൊണ്ടുള്ള വിദഗ്ധ സമിതിയുടെ റിപ്പോർട്ട് തീയതി മുതൽ 12 മാസത്തിനകം ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ വിജ്ഞാപനം 11(1) വിജ്ഞാപനം] പ്രസിദ്ധപ്പെടുത്തണം. എന്നാൽ അത്യാവശ്യ സന്ദർഭങ്ങളിൽ സർക്കാരിന്റെ പ്രത്യേകാധികാരം ഉപയോഗിച്ച് 1(1) വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതിനുള്ള സമയം നീട്ടിനൽകാവുന്നതാണ്.

III. 11(1) വിജ്ഞാപന തീയതി മുതൽ 12 മാസത്തിനകം 19(1) പ്രഖ്യാപനം പ്രസിദ്ധപ്പെടുത്തണം. എന്നാൽ അത്യാവശ്യ സന്ദർഭങ്ങളിൽ സർക്കാരിന്റെ പ്രത്യേക അധികാരം ഉപയോഗിച്ച് 19(1) പ്രഖ്യാപനം പ്രസിദ്ധപ്പെടുത്തുന്നതിനുള്ള സമയം നീക്കി നൽകാവുന്നതാണ്.

IV. 19(1) പ്രഖ്യാപനം പ്രസിദ്ധപ്പെടുത്തിയ തീയതി മുതൽ 12 മാസത്തിനകം അവാർഡ് പാസ്സാക്കണം. എന്നാൽ അത്യാവശ്യ സന്ദർഭങ്ങളിൽ സർക്കാരിന്റെ പ്രത്യേക അധികാരം ഉപയോഗിച്ച് അവാർഡ് പാസ്സാക്കുന്നതിനുള്ള സമയം നീട്ടി നൽകാവുന്നതാണ്.

(സി&ഡി) എളമരം കടവ് പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിനായി അർത്ഥനാധികാരി അർത്ഥനാപത്രം സമർപ്പിച്ചിട്ടാത്തതിനാൽ സ്ഥലമേറ്റെടുക്കൽ നടപടി ആരംഭിച്ചിട്ടില്ല.

കുളിമാട് പാലം അപ്രോച്ച് റോഡ് സ്ഥലമെടുപ്പ് പദ്ധതിക്ക് 8-11-2019-ലെ സ.ഉ.(സാധാ) 3267/2019/റവ. പ്രകാരം സ്റ്റേറ്റ്ലെവൽ എംപവേർഡ് കമ്മിറ്റിയുടെ (SLEC) അംഗീകാരം ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ വിശദ വിലവിവരപ്പട്ടിക (DVS) സമർപ്പിക്കുന്നതിന് 22-11-2019-ൽ ലാൻഡ് അക്വിസിഷൻ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്നമുറയ്ക്ക് വിശദ വിലവിവര പട്ടിക ജില്ലാ കളക്ടർ അംഗീകരിച്ച് സ്ഥലം നേരിട്ട് രജിസ്റ്റർ ചെയ്യുന്നതിന് പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുന്നതാണ്.

ഫാറൂഖ് കോളേജ്-വാഴക്കാട് റോഡിൽ ഊർക്കടവ് വളവ് നിവർത്തലുമായി ബന്ധപ്പെട്ടുള്ള സ്ഥലമെടുപ്പ് കേസ്സിൽ 12-1-2018-ൽ നടന്ന DLFC യോഗത്തിൽ ഭൂവുടമകളുമായി വിലയിൽ ധാരണയിലെത്താൻ കഴിയാത്തതിനാൽ 2013-ലെ LARR ആക്ട് പ്രകാരം സ്ഥലമേറ്റെടുക്കുന്നതിന് അർത്ഥന സമർപ്പിക്കാൻ 17-1-2020-ൽ മഞ്ചേരി പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ആറുപുഴ-ഇല്ലിക്കൽ ലാൻഡ് അക്വിസിഷൻ പ്രവൃത്തി

273 (1346) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം മണ്ഡലത്തിൽ ബേക്കർ ജംഗ്ഷൻ മുതൽ ഇല്ലിക്കൽ വരെയുള്ള റോഡ് വികസന പ്രവൃത്തിയുടെ ഭാഗമായി ആറുപുഴ മുതൽ ഇല്ലിക്കൽ വരെയുള്ള ലാൻഡ് അക്വിസിഷൻ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(ബി) റോഡ് വികസനം പൂർത്തിയാക്കുവാൻ ഇനി എത്ര ഭൂമി അക്വയർ ചെയ്യാനുണ്ടെന്നും ആയത് എന്നേയ്ക്ക് പൂർത്തിയാക്കാനാവുമെന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) കോട്ടയം-കുമരകം റോഡ് വികസനത്തിനുവേണ്ടി കോട്ടയം, വേളൂർ എന്നീ വില്ലേജുകളിലുൾപ്പെട്ടുവരുന്ന 0.2991 ഹെക്ടർ സ്ഥലം എൽ.എ.ആർ.ആർ. ആക്ട്, 2013 പ്രകാരം ഏറ്റെടുക്കുന്നതിന് 24-5-2016-ലെ ജി.ഒ. (ആർ.ടി) 2426/16/ആർ.ഡി. നമ്പർ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. സ്ഥലമേറ്റെടുക്കൽ നടപടിയുമായി മുന്നോട്ടുപോകുന്നതിന് അഞ്ച് ശതമാനം കണ്ടിജൻസി ചാർജ്ജ് അടയ്ക്കുന്നതിനായി അർത്ഥനാധികാരിയായ കോട്ടയം പി.ഡബ്ല്യൂ.ഡി. (റോഡ്സ് ഡിവിഷൻ) എക്സിക്യൂട്ടീവ് എഞ്ചിനീയറോട് നിരവധി തവണ ആവശ്യപ്പെട്ടിരുന്നെങ്കിലും പ്രസ്തുത തുക അടവാക്കാത്തതിനാൽ തുടർനടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. ആയത് ലഭ്യമാക്കുന്നമുറയ്ക്ക് എൽ.എ.ആർ.ആർ. ആക്ട്, 2013-ലെ മാനദണ്ഡങ്ങൾക്കനുസരിച്ച് സ്ഥലമേറ്റെടുക്കൽ നടപടി സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്.

## അടൂർ ജനറൽ ആശുപത്രിക്ക് സ്ഥലം ലഭ്യമാക്കുന്നതിന് നടപടി

274 (T*1347) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ ജനറൽ ആശുപത്രിക്ക് മതിയായ സ്ഥലമില്ലാത്തതിനാൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെയും ജലവിഭവ വകുപ്പിന്റേതുമായ സ്ഥലങ്ങൾ ലഭ്യമാക്കുന്നതിനുള്ള നിവേദനത്തിന്മേൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടി വിവരങ്ങൾ ലഭ്യമാക്കാമോ;

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) വിവിധ വകുപ്പുതല ഭൂമി കൈമാറ്റ വിഷയമാകയാൽ റവന്യൂ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഇതര അനുബന്ധ വകുപ്പുതല ഉദ്യോഗസ്ഥരുടെ ഒരു സംയുക്തയോഗം വിളിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) അടൂർ ജനറൽ ആശുപത്രിയുടെ നിലവിലുള്ള സ്ഥലപരിമിതി പരിഹരിക്കുന്നതിന് സമീപത്തുള്ള ഐ.എച്ച്.ആർ.ഡി. അപ്ലൈഡ് സയൻസ് കോളേജ് ജലവിഭവ വകുപ്പിന്റെ ഉപയോഗ ശൂന്യമായി കിടക്കുന്ന സ്ഥലത്തേയ്ക്ക് മാറ്റാനും അതുവഴി ആശുപത്രിക്ക് അധികസ്ഥലം ലഭ്യമാക്കുന്നതും സംബന്ധിച്ച് ജില്ലാ കളക്ടറിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി വിഷയം സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെയും ജലവിഭവ വകുപ്പിന്റെയും അഭിപ്രായം ആരാഞ്ഞിട്ടുള്ളതും ആയത് ലഭ്യമായിട്ടില്ലാത്തുമാണ്. ഇതുസംബന്ധിച്ച് A1/274/17/റവ. ഫയലിൽ നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഈ വിഷയത്തിൽ റവന്യൂ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ സംയുക്തയോഗം വിളിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുന്നതാണ്.

**ഭൂമിയുടെ ഏറ്റെടുക്കൽ ചെലവ് തിട്ടപ്പെടുത്തൽ**

275 (1348) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വലിയമല എൽ.പി.എസ്.സി.ക്കുവേണ്ടി വിജ്ഞാപനം ചെയ്തിട്ടുള്ള ഭൂമി ഏറ്റെടുക്കൽ ചെലവ് തിട്ടപ്പെടുത്തിയോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് അറിയിക്കാമോ;

(ബി) റബ്ബർ കൃഷി ചെയ്തിട്ടുള്ള വസ്തുക്കളുടെ മൂല്യനിർണ്ണയം ഏതെല്ലാം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് നടത്തുന്നത്; വിശദമാക്കുമോ;

(സി) ഇതിലേയ്ക്ക് പരിചയ സമ്പന്നരായ റബ്ബർ ബോർഡ് ഉദ്യോഗസ്ഥരുടെ സേവനം ഉപയോഗപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് വിശദമാക്കുമോ;

(ഡി) കെട്ടിടങ്ങളുടെ മൂല്യനിർണ്ണയം നടത്തുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ഇ) മറ്റ് കാർഷിക കാർഷികേതര വിളകളുടെ മൂല്യനിർണ്ണയം നടത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ജില്ലയിലെ വലിയമലയിൽ ഐ.എസ്.ആർ.ഒ.-എൽ.പി.എസ്.സി. വികസനത്തിനുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായി RFCTLARR ACT, 2013 സെക്ഷൻ 19(1) പ്രകാരമുള്ള പ്രഖ്യാപനം പുറപ്പെടുവിച്ചിട്ടില്ല. ആയത് പുറപ്പെടുവിച്ചശേഷം മാത്രമേ ഭൂമിയുടെ വില നിശ്ചയിക്കുന്നതിനായി നിയമപ്രകാരമുള്ള നടപടി സ്വീകരിക്കുകയുള്ളൂ. എന്നിരുന്നാലും നഷ്ടപരിഹാരം നൽകുന്നതിനായി ഏകദേശ വില കണക്കാക്കി 90 കോടി രൂപ അർത്ഥനാധികാരിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാവുന്നതാണ്.

(ബി) റബ്ബർ കൃഷി ചെയ്തിട്ടുള്ള വസ്തുക്കളുൾപ്പെടെയുള്ള എല്ലാ വസ്തുക്കളുടെയും മൂല്യനിർണ്ണയം RFCTLARR ACT, 2013 സെക്ഷൻ 26 പ്രകാരവും റബ്ബർ മരങ്ങളുടെ മൂല്യനിർണ്ണയം RFCTLARR ACT, 2013 സെക്ഷൻ 29 പ്രകാരവുമാണ് നിർണ്ണയിക്കുന്നത്.

(സി) ഏറ്റെടുക്കുന്ന ഭൂമിയിലുള്ള മരങ്ങളുടെ മൂല്യനിർണ്ണയം പരിചയസമ്പന്നരായ വ്യക്തികളുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണെന്ന് RFCTLARR ACT, 2013-ലെ സെക്ഷൻ 29(2) പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. ആയതനുസരിച്ച് ഏറ്റെടുക്കുന്ന ഭൂമിയിലെ റബ്ബർ മരങ്ങളുടെ മൂല്യം നിശ്ചയിച്ചുനൽകുന്നതിനായി ആദ്യ ലിസ്റ്റ് 3-1-2020-ൽ എ 6-303/17 നമ്പർ കത്തുപ്രകാരം ലാൻഡ് അക്വിസിഷൻ ഓഫീസർ (സ്പെഷ്യൽ തഹസിൽദാർ, അഡീഷണൽ (എൽ.എ യൂണിറ്റ്) റബ്ബർ ബോർഡിന് നൽകിയിട്ടുണ്ട്.

(ഡി) പൊതുമരാമത്ത് വകുപ്പിന്റെ നിലവിലുള്ള Plinth area നിരക്കിനൊപ്പം കെട്ടിടങ്ങളുടെ കാലപ്പഴക്കംകൂടി കണക്കാക്കിയാണ് കെട്ടിടങ്ങളുടെ മൂല്യനിർണ്ണയം നടത്തുന്നത്. കാർഷിക വിളകളുടെ മൂല്യനിർണ്ണയം നടത്തുന്നതിന് വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരമുള്ള മാനദണ്ഡമാണ് നിലവിലുള്ളത്.

(ഇ) കെട്ടിടങ്ങളുടെ മൂല്യനിർണ്ണയവും മറ്റ് കാർഷിക കാർഷികേതര വിളകളുടെ മൂല്യനിർണ്ണയവും RFCTLARR ACT, 2013 സെക്ഷൻ 29 പ്രകാരമാണ് നിർണ്ണയിക്കുന്നത്.

**ഒറ്റപ്പാലം ബൈപ്പാസിനായുള്ള സ്ഥലമേറ്റെടുക്കൽ**

276 (1349) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം ബൈപ്പാസിനായുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ബൈപ്പാസിനായി എത്ര സ്ഥലമാണ് ഏറ്റെടുക്കുന്നതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ബൈപ്പാസിനായുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഒറ്റപ്പാലം ബൈപ്പാസ് റോഡ് സ്ഥമെടുപ്പുമായി ബന്ധപ്പെട്ട് നടപടി ആരംഭിച്ചിട്ടുള്ളതും സംയുക്ത പരിശോധന പൂർത്തിയാക്കിയിട്ടുള്ളതും സാമൂഹ്യ പ്രത്യാഘാത പഠന സമിതിയെ നിയോഗിച്ചുകൊണ്ട് 4(1) വിജ്ഞാപനം 3-12-2019-ന് കേരള അസാധാരണ ഗസറ്റ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ളതും സാമൂഹ്യ പ്രത്യാഘാത പഠന സമിതി പഠനം നടത്തിവരുന്നതുമാണ്. സ്ഥലമെടുപ്പ് നടപടികളുമായി ബന്ധപ്പെട്ട് അർത്ഥനാധികാരി കണ്ടിൻജൻസി ഫണ്ട് ലാൻഡ് അക്വിസിഷൻ ഓഫീസർക്ക് നൽകിയിട്ടുള്ളതാണ്.

(ബി) ഒറ്റപ്പാലം ബൈപ്പാസ് റോഡ് സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് 3.25 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനാണ് അർത്ഥനാപത്രം ലഭിച്ചിട്ടുള്ളത്.

(സി) ഒറ്റപ്പാലം ബൈപ്പാസ് റോഡ് സ്ഥലമെടുപ്പ് സംബന്ധിച്ച് നിലവിൽ സാമൂഹ്യ പ്രത്യാഘാത പഠനം നടന്നുവരുന്നതാണ്. സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിന്മേൽ വിദഗ്ദ്ധസമിതിയുടെ ശിപാർശ ജില്ലാ കളക്ടർ വിലയിരുത്തി ശിപാർശ സഹിതം സമർപ്പിക്കുന്നമുറയ്ക്ക് സമുചിത സർക്കാർ തീരുമാനം പുറപ്പെടുവിച്ച് എൽ.എ.ആർ.ആർ. ആക്ട് 2013-ലെ മാനദണ്ഡങ്ങൾക്കനുസൃതമായി സ്ഥലമേറ്റെടുക്കൽ നടപടി സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്.

**പാട്ടക്കാലാവധി തീർന്ന തോട്ടംഭൂമി തിരിച്ചുപിടിക്കാൻ നടപടി**

277 (1350) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാട്ടക്കാലാവധി തീർന്ന തോട്ടം ഭൂമി തിരിച്ചുപിടിക്കാൻ റവന്യൂ വകുപ്പ് നടപടി സ്വീകരിക്കുമോ;

(ബി) തോട്ടം ഭൂമിയുടെ ഉടമസ്ഥാവകാശം പുനഃസ്ഥാപിച്ച് കിട്ടുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ തോട്ടങ്ങളിൽനിന്നും ലഭിക്കേണ്ട പാട്ടകുടിശ്ശിക യഥാസമയം പിരിച്ചെടുക്കുന്നുണ്ടോ എന്നറിയിക്കാമോ; എത്ര കുടിശ്ശികയാണ് ഇക്കാര്യത്തിൽ നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ തോട്ടഭൂമി പാട്ടത്തിന് നൽകിയിട്ടില്ലാത്തതാണ്. മറ്റ് നാല് ജില്ലകളിലെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പത്തനംതിട്ട ജില്ലയിൽ എൻ.എസ്.എസ്. നൂറക്കോട് എസ്റ്റേറ്റ്, ശ്രീ. കരുണാകരൻ നായർ, അമ്മച്ചിക്കാട് എസ്റ്റേറ്റ് എന്നീ തോട്ടഭൂമികൾ നിലവിൽ പാട്ടത്തിന് നൽകിയിട്ടുണ്ട്. പാലക്കാട് ജില്ലയിൽ നെന്മാറ ഫോറസ്റ്റ് ഡിവിഷന് കീഴിൽ വനം വകുപ്പ് മുഖാന്തരമാണ് തോട്ടഭൂമി പാട്ടത്തിന് നൽകി വരുന്നത്. കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ് താലൂക്കിൽ തയ്യൂർ, ചീമേനി വില്ലേജുകളിലായി നിലവിൽ പ്ലാന്റേഷൻ കോർപ്പറേഷന് ഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ട്.

ഇടുക്കി ജില്ലയിൽ പാട്ടക്കാലാവധി തീർന്ന എസ്റ്റേറ്റുകൾ തിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ഹാരിസൺ മലയാളം ലിമിറ്റഡും മറ്റ് അനുബന്ധ കമ്പനികളും കൈവശം വച്ചുവരുന്ന ഭൂമിയിന്മേൽ സർക്കാരിന്റെ ഉടമസ്ഥാവകാശം സ്ഥാപിക്കുന്നതിന് സിവിൽ കേസ്സുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) തോട്ടനികുതി ഇനത്തിൽ പിരിച്ചെടുക്കേണ്ട മുഴുവൻ തുകയും പിരിച്ചെടുക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിലെ കുടിശ്ശികപ്രകാരം ഇടുക്കി ജില്ല (38,410) പാലക്കാട് ജില്ല (1,00,16,923) കാസർഗോഡ് ജില്ല (1,99,47,891) എന്ന പ്രകാരമാണ്. പത്തനംതിട്ട ജില്ലയിൽ പാട്ടം ഈടാക്കുന്നതിലേയ്ക്ക് മരങ്ങളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് സ്പെഷ്യൽ ടീമിനെ നിയോഗിച്ചിട്ടുണ്ട്.

**ഐ.എസ്.ആർ.ഒ., എൽ.പി.എസ്.സി. പദ്ധതിക്ക് നൽകിയ ഭൂമി**

278 (1351) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വലിയമലയിൽ വി.എസ്.എസ്.സി.-യുടെ എൽ.പി.എസ്.സി. പ്രോജക്ട് നടപ്പാക്കുന്നതിന് നൽകിയിട്ടുള്ള സർക്കാർ ഭൂമിയുടെ കണക്ക് ലഭ്യമാക്കാമോ;

(ബി) ഇതിലേയ്ക്കായി ഐ.എസ്.ആർ.ഒ., എൽ.പി.എസ്.സി. എത്ര ഭൂമി നേരിട്ട് വിലയ്ക്ക് വാങ്ങിയെന്നും അത് എവിടെയെല്ലാമാണെന്നും അറിയിക്കാമോ;

(സി) സർക്കാർ നാളിതുവരെ എത്ര ഭൂമിയാണ് പൊന്നും വിലയ്ക്ക് എടുത്ത് ഐ.എസ്.ആർ.ഒ., എൽ.പി.എസ്.സി.ക്ക് നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ഡി) നാളിതുവരെ എത്ര ഭൂമി പ്രസ്തുത സ്ഥാപനത്തിന്റെ കൈവശമുണ്ടെന്നു അറിയിക്കാമോ ?

ഉത്തരം

(എ) 284.79 ഏക്കർ

(ബി) ട്രാൻസ്പോർട്ട് യാർഡിന് സമീപം 0.55 ഏക്കർ ഭൂമി

(സി) 28.90 ഏക്കർ ഭൂമി

(ഡി) 260.81 ഏക്കർ ഭൂമി

**വ്യക്തിഗത കൃഷിക്ക് ഭൂമി**

279 (1352) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം വ്യക്തിഗത കൃഷിക്കായി ഒരു കുടുംബത്തിന് കുന്നിൻപ്രദേശങ്ങളിലും, സമതലപ്രദേശങ്ങളിലും എത്ര സ്ഥലം പതിച്ചു നല്കാം എന്ന് വ്യക്തമാക്കാമോ;

(ബി) വ്യക്തിഗത കൃഷിക്ക് ഭൂമി പതിച്ചുനൽകുന്നതിന് സർക്കാർ തലത്തിൽ എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) 27/07/2011-ലെ സ.ഉ.നമ്പർ 280/11/RD പ്രകാരം ഭൂരഹിതർക്ക് വീട് വയ്ക്കുന്നതിന് 15 സെന്റ് സ്ഥലം മാത്രമാണ് നിലവിൽ പതിച്ചുനൽകുന്നത് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) സ.ഉ.നമ്പർ 280/11/RD നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കാർഷിക ആവശ്യത്തിന് ഭൂമി പതിച്ച് നല്കുന്നതിനുവേണ്ടി നല്കുന്ന അപേക്ഷകൾ നിരസിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിൽ 2014-ലെ ഭേദഗതി പ്രകാരം കുന്നിൻ പ്രദേശങ്ങളിൽ 4 ഏക്കറും സമതലപ്രദേശങ്ങളിൽ 2 ഏക്കറും ഭൂമി കാർഷിക ആവശ്യത്തിന് പതിച്ചു നൽകാൻ കഴിയുമോ; എങ്കിൽ ഇതിനു വേണ്ട നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ഉത്തരം

(എ) 30-9-2014-ലെ ജി.ഒ.(പി) 425/2014/ആർ.ഡി. നമ്പർ ഭേദഗതി ഉത്തരവുപ്രകാരം പതിച്ച് കൊടുക്കാവുന്ന ഭൂമിയുടെ വിസ്തീർണ്ണം ചുവടെ ചേർക്കുന്നു.

1. കൈവശമില്ലാത്ത ഭൂമിയാണെങ്കിൽ സമതലപ്രദേശത്ത് ഒരു ഏക്കർ കരഭൂമിയോ നിലമോ പതിച്ച് നൽകാവുന്നതും മലയോരപ്രദേശത്ത് ഒരു ഏക്കർ നിലമോ മൂന്ന് ഏക്കർ കരഭൂമിയോ പതിച്ച് നൽകാവുന്നതുമാണ്.

2. സ്വന്തം ദേഹണ്ഡമില്ലാത്ത കൈവശ ഭൂമിയാണെങ്കിൽ സമതലപ്രദേശത്ത് ഒരു ഏക്കർ കരഭൂമിയോ നിലമോ പതിച്ച് നൽകാവുന്നതും മലയോര പ്രദേശത്ത് ഒരു ഏക്കർ നിലമോ മൂന്ന് ഏക്കർ കരഭൂമിയോ പതിച്ച് നൽകാവുന്നതുമാണ്.

3. കൈവശക്കാരൻ വിലപിടിപ്പുള്ള ദേഹണ്ഡങ്ങൾ ചെയ്തിട്ടുള്ള ഭൂമിയാണെങ്കിൽ രണ്ട് ഏക്കർ കരഭൂമിയോ നിലമോ പതിച്ചുനൽകാവുന്നതും മലയോരപ്രദേശത്ത് രണ്ട് ഏക്കർ നിലമോ നാല് ഏക്കർ കരഭൂമിയോ പതിച്ച് നൽകാവുന്നതുമാണ്. എന്നാൽ മലയോരപ്രദേശത്തുള്ള ഭൂമി ജലസേചന സൗകര്യമുള്ള കൃഷിഭൂമിയാണെങ്കിൽ രണ്ട് ഏക്കർ വരെ മാത്രമേ പതിച്ചുനൽകാൻ കഴിയൂ.

(ബി) വ്യക്തിഗത കൃഷിക്ക് ഭൂമി പതിച്ചുനൽകുന്നതിന് സർക്കാർതലത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ അനുദിനം ലഭ്യത കുറഞ്ഞുവരുന്ന സർക്കാർ ഭൂമിയുടെ കാര്യക്ഷമമായ വിനിയോഗം ഉറപ്പാക്കുന്നതിലേയ്ക്കായി ഉത്തരവായിട്ടുള്ള 27-7-2011-ലെ ജി.ഒ.(എംഎസ്.) 280/2011/ആർ.ഡി. നമ്പർ ഉത്തരവിൽ കാർഷിക ആവശ്യത്തിന് ഭൂമി പതിച്ചുനൽകേണ്ടതില്ലെന്നും നിർദ്ദേശിച്ചിട്ടുണ്ട്. 1971 ആഗസ്റ്റ് ഒന്നാം തീയതിക്കുമുമ്പുള്ള കൈവശഭൂമി പതിച്ചുനൽകുന്നതിന് പ്രസ്തുത ഉത്തരവ് ബാധകമല്ലാത്തതാണ്. അത് സംബന്ധിച്ച നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) 27-7-2011-ലെ സ.ഉ.(എംഎസ്) നമ്പർ 280/11/ആർ.ഡി. പ്രകാരം വീടുവയ്ക്കുന്നതിന് 15 സെന്റ് സ്ഥലം മാത്രം പതിച്ചുനൽകിയാൽ മതിയെന്ന് നിർദ്ദേശിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം കൈവശത്തിലില്ലാത്ത ഭൂമിക്ക് പട്ടയം അനുവദിക്കുന്നതിനുള്ള അപേക്ഷകളിൽ മാത്രമേ സാധ്യമാകുകയുള്ളൂ.

(ഡി) 27-7-2011-ലെ ജി.ഒ. (എം.എസ്.) 280/2011/ആർ.ഡി നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിൽ 1-8-1971-നുമുമ്പുള്ള കൈവശങ്ങൾക്ക് മാത്രമാണ് കാർഷികാവശ്യത്തിനുള്ള പതിവിൽപ്പെടുത്തി

നടപടി സ്വീകരിച്ചുവരുന്നതെന്നും ആലപ്പുഴ ജില്ലയിൽ നിലവിൽ ഭൂരഹിതർക്ക് ഭവന നിർമ്മാണത്തിനുവേണ്ടിയുള്ള അപേക്ഷകൾ മാത്രമാണ് പരിഗണിച്ചുവരുന്നതെന്നും എറണാകുളം ജില്ലയിൽ കോതമംഗലം താലൂക്കിൽ കാർഷിക ആവശ്യത്തിനുള്ള അപേക്ഷകളിൽ മേൽ ഉത്തരവിനുശേഷം നടപടി സ്വീകരിച്ചിട്ടില്ലെന്നും തൃശ്ശൂർ ജില്ലയിൽ തലപ്പിള്ളി താലൂക്കിൽ കാർഷികാവശ്യത്തിനുള്ള ഒരു അപേക്ഷ വ്യക്തമായ അതിർത്തി കാണിക്കാൻ കക്ഷിക്ക് സാധിക്കാത്തതിനാൽ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിരസിച്ചിട്ടുള്ളതായും ജില്ലാ കളക്ടർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മറ്റ് ജില്ലകളിൽ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അപേക്ഷ നിരസിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോതമംഗലം താലൂക്കിലെ പട്ടയപ്രശ്നം സംബന്ധിച്ച് കൂടിയ മീറ്റിംഗിൽ കാലങ്ങളായി കൈവശം വച്ചിരിക്കുന്ന കൈവശഭൂമി കൃഷിക്കായി പതിച്ചുനൽകുന്ന കാര്യത്തിൽ 27-7-2011-ലെ ഉത്തരവ് ബാധകമാക്കേണ്ടതില്ലെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) 1964-ലെ കേരള ഭൂമി പതിവ് ചട്ടത്തിൽ 30-9-2014-ലെ ജി.ഒ (പി) 425/2014/ആർ.ഡി. നമ്പർ ഭേദഗതി ഉത്തരവുപ്രകാരം കൈവശക്കാരൻ വിലപിടിപ്പുള്ള ദേഹണ്ഡങ്ങൾ ചെയ്തിട്ടുള്ള ഭൂമിയാണെങ്കിൽ സമതലപ്രദേശത്ത് രണ്ട് ഏക്കർ കരഭൂമിയോ നിലമോ നൽകാവുന്നതും മലയോര പ്രദേശത്ത് 2 ഏക്കർ നിലമോ നാല് ഏക്കർ കരഭൂമിയോ പതിച്ച് നൽകാവുന്നതുമാണ്.

## കുട്ടമ്പുഴ വില്ലേജിലെ ഹിൽമെന്റ് സെറ്റിൽമെന്റ്

280 (1353) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ കുട്ടമ്പുഴ വില്ലേജിൽ ഉൾപ്പെടുന്ന മണികണ്ഠംചാൽ, കല്ലേലിമേട് പ്രദേശങ്ങൾ റീസർവ്വെയ്ക്കുശേഷം തയ്യാറാക്കിയിട്ടുള്ള ലിത്തോമാപ്പിൽ ഹിൽമെന്റ് സെറ്റിൽമെന്റ് എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രദേശങ്ങളിൽ നിലവിൽ ഒരു ട്രൈബൽ കുടുംബംപോലും താമസമില്ലെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 1-1-1977-നുമുമ്പായി ഇവിടെ കുടിയേറി കൃഷി ചെയ്ത് താമസിച്ചു വരുന്നവർക്ക് ജോയിന്റ് വേരിഫിക്കേഷൻ കഴിഞ്ഞിട്ടും പ്രസ്തുത പ്രദേശം ഹിൽമെന്റ് സെറ്റിൽമെന്റ് എന്ന് കിടക്കുന്നതിനാൽ പട്ടയം ലഭ്യമാകാത്ത സാഹചര്യത്തിൽ ഹിൽമെന്റ് സെറ്റിൽമെന്റ് എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് ഒഴിവാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ &ബി) ഉണ്ട്.

(സി) ടി പ്രദേശത്ത് കൈവശക്കാർക്ക് പട്ടയം കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും ടി വിഷയവുമായി ബന്ധപ്പെട്ട് കോടതിയിൽ നിലവിലുള്ള ഡബ്ല്യൂ.പി.(സി) 8083/18 നമ്പർ കേസ്സിൽ അർഹരായവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും 7-6-2018 തീയതിയിൽ ബഹുമാനപ്പെട്ട വനം, റവന്യൂ വകുപ്പുമന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ നിയമസഭാ സമുച്ചയത്തിൽ ചേർന്ന യോഗത്തിൽ എറണാകുളം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിരുന്നതനുസരിച്ച് ഇക്കാര്യത്തിലുള്ള തുടർനടപടി ജില്ലാ കളക്ടർ സ്വീകരിച്ചുവരുന്നു.

**റവന്യൂ രേഖകളുടെ ഡിജിറ്റൈസേഷൻ**

281 (1354) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആധാറും തണ്ടപ്പേരും തമ്മിൽ ബന്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇതിലേയ്ക്കായി സംസ്ഥാനത്തെ മുഴുവൻ റവന്യൂ രേഖകളും ഡിജിറ്റൈസ് ചെയ്യുന്ന പ്രവൃത്തിയുടെ പുരോഗതി വെളിപ്പെടുത്തുമോ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഏതെങ്കിലും വില്ലേജിൽ മിച്ചഭൂമി ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ആധാറും തണ്ടപ്പേരും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് യൂണിക് തണ്ടപ്പേർ പദ്ധതി നടപ്പാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.

(ബി) നിലവിൽ റവന്യൂ വകുപ്പിലെ 1664 വില്ലേജുകളിൽ 1653 വില്ലേജുകളിലെയും ബി.റ്റി.ആർ. വിവരങ്ങൾ ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. പ്രസ്തുത ഡാറ്റ ഉപയോഗിച്ചാണ് യൂണിക് തണ്ടപ്പേർ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

(സി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതോടെ സംസ്ഥാനത്ത് ഒരാൾക്ക് ഒരു തണ്ടപ്പേർ എന്ന രീതി നടപ്പാകുന്നതാണ്. അതോടുകൂടി ഏതൊരു സ്ഥലത്തും ഒരാൾ കൈവശം വച്ചിരിക്കുന്ന ആകെ ഭൂമി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാകുന്നതാണ്.

**പട്ടികജാതി, ആദിവാസി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് പട്ടയം**

282 (T*1355) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പട്ടികജാതി, ആദിവാസി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട കൈവശാവകാശമുള്ള എത്രപേർക്ക് ഇനിയും പട്ടയം ലഭിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ജില്ലയിൽ മിച്ചഭൂമിക്കായി അപേക്ഷ നൽകിയ മേൽപറഞ്ഞ വിഭാഗത്തിൽപ്പെട്ട എത്ര അപേക്ഷകർ ഉണ്ടെന്നും ഇതിൽ ഇനിയും മിച്ചഭൂമി കിട്ടാനുള്ളവർ എത്രയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ പട്ടികജാതി, ആദിവാസി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കൈവശാവകാശമുള്ള 124 പേർക്ക് ഇനിയും പട്ടയം ലഭ്യമാക്കാനുണ്ട്.

(ബി) ജില്ലയിൽ മിച്ചഭൂമിയായി അപേക്ഷ നൽകിയ മേൽ പറഞ്ഞ വിഭാഗങ്ങളിൽപ്പെട്ട 43 അപേക്ഷകരുണ്ട്. ആയതിൽ 38 പേർക്ക് പട്ടയം അനുവദിച്ച് നൽകിയിട്ടുണ്ട്. മിച്ചഭൂമി പട്ടയം ലഭിക്കാനുള്ള അഞ്ച് അപേക്ഷകൾ ഇനി നിലവിലുണ്ട്.

**പാട്ടനിരക്കുകൾ പുതുക്കുന്നതിനുള്ള നടപടി**

283 (1356) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പാട്ടത്തിന് നൽകിയിട്ടുള്ള ഭൂമിയുടെ പാട്ട നിരക്കുകൾ പുതുക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്നും നിലവിലുള്ള പാട്ട നിരക്കുകൾ എത്രയെന്നും വിശദമാക്കാമോ;

(സി) 31-3-2006-ൽ പാട്ടകാലാവധി അവസാനിച്ചതും പാട്ടവ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് ഫോർട്ട് കൊച്ചിയിലെ കൊച്ചിൻ ക്ലബ്ബ് കൈവശം വച്ചിരിക്കുന്നതുമായ 4.44.220 ഏക്കർ ഭൂമി തിരിച്ചെടുക്കുന്നത് സംബന്ധിച്ച് റവന്യൂ വകുപ്പിലെ A3/97/2018/Rev നമ്പർ ഫയലിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; വ്യക്തമാക്കാമോ;

---

* 'T'മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ഡി) ഈ സ്ഥാപനത്തിന്റെ പാട്ടകാലാവധിയും പാട്ടകുടിശ്ശികയും സംബന്ധിച്ച കാര്യത്തിൽ തീരുമാനം എടുക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ?

ഉത്തരം

(എ) ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

(ബി) 1985 മുതൽ 2016 വരെ പാട്ടക്കുടിശ്ശിക വാണിജ്യ സ്ഥാപനങ്ങൾക്കുള്ള പാട്ടനിരക്ക് അഞ്ച് ശതമാനമായും വാണിജ്യേതര സ്ഥാപനങ്ങൾക്ക് പാട്ടനിരക്ക് കമ്പോളവിലയുടെ രണ്ട് ശതമാനത്തിന് മുകളിൽ നിശ്ചയിച്ചിരുന്നവ രണ്ട് ശതമാനമായും നിജപ്പെടുത്തി ഒരു ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആവിഷ്കരിക്കുന്നതിന് 2019-ലെ സംസ്ഥാന ബഡ്ജറ്റിലെ പ്രഖ്യാപനപ്രകാരമുള്ള നടപടി പുരോഗമിച്ചുവരുന്നു. നിലവിലുള്ള പാട്ടനിരക്കുകൾ 6-2-2016-ലെ ജി.ഒ. (എംഎസ്.) 69/16/റവ, 28-1-2016-ലെ ജി.ഒ. (പി) നമ്പർ 64/15/റവ. എന്നീ ഉത്തരവുകൾ പ്രകാരമാണ് നിശ്ചയിച്ചിരിക്കുന്നത്.

(സി&ഡി) കാലാകാലങ്ങളിൽ പാട്ടനിരക്കുകൾ നിശ്ചയിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾപ്രകാരം കണക്കാക്കിയ പാട്ടക്കുടിശ്ശിക അടയ്ക്കുന്നതുസംബന്ധിച്ച് നൽകിയ നോട്ടീസിനെതിരായി കൊച്ചിൻ ക്ലബ്ബ് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ WP(C) 36969/2007 ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത കേസിൽ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ ടി ക്ലബ്ബിന്റെ അപേക്ഷ മന്ത്രിസഭ പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതിന് നിർദ്ദേശിച്ചിരുന്നു. ടി വിധിന്യായത്തിലെ നിർദ്ദേശപ്രകാരം ഈ വിഷയത്തിൽ തീരുമാനത്തിനായി മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതുണ്ട്.

2019-20 ബഡ്ജറ്റിൽ പാട്ടക്കുടിശ്ശിക ഒറ്റത്തവണയായി അടയ്ക്കാൻ തയ്യാറാകുന്നവർക്ക് വാണിജ്യാടിസ്ഥാനത്തില്ലാതെ പ്രവർത്തിക്കുന്നവയ്ക്ക് കമ്പോളവിലയുടെ രണ്ട് ശതമാനം നിരക്കിലും വാണിജ്യാടിസ്ഥാനത്തിലുള്ളവയ്ക്ക് കമ്പോളവിലയുടെ അഞ്ച് ശതമാനം നിരക്കിലും മുൻകാലപ്രാബല്യത്തോടെ പാട്ടം കണക്കാക്കി അടിയന്തരമായി പാട്ടത്തുക നിശ്ചയിക്കാവുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ടെന്നും അതിനാൽ കൊച്ചിൻ ക്ലബ്ബിന്റെ പാട്ടക്കുടിശ്ശിക പ്രസ്തുത പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കി അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കാനും ലാൻഡ് റവന്യൂ കമ്മീഷണർക്കും എറണാകുളം ജില്ലാ കളക്ടർക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതാണ്.

**പാട്ടത്തുക അടയ്ക്കാത്ത സ്ഥാപനങ്ങൾ**

284 (1357) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാട്ടതുക അടക്കാത്ത സ്ഥാപനങ്ങളുടെയും സംഘടനകളുടെയും പേരുവിവരം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ; ഇവരിൽനിന്നും പാട്ട കുടിശ്ശികയായി പിരിഞ്ഞു കിട്ടുവാനുള്ള തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) പാട്ട കുടിശ്ശിക അടച്ച് തീർപ്പാക്കുന്നതിന് വിസമ്മതിക്കുന്നപക്ഷം ഇതിൽ സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) പാട്ടക്കുടിശ്ശിക അടയ്ക്കാൻ വിസമ്മതിക്കുന്ന പാട്ടകക്ഷികളെ നിയമാനുസരണം നോട്ടീസ് നൽകി നേരിൽ കേൾക്കുന്നതിനും തുടർന്നും പാട്ടക്കുടിശ്ശിക ഒടുക്കുവരുത്താൻ വിസമ്മതിക്കുന്ന കേസ്സുകളിൽ പ്രസ്തുത പാട്ടം റദ്ദ് ചെയ്ത് ഭൂമി സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്നതിനാവശ്യമായ ശിപാർശ സമർപ്പിക്കുന്നതിനും കുടിശ്ശികക്കാർക്കെതിരെ കേരള റവന്യൂ റിക്കവറി നിയമവും കേരള ഭൂസംരക്ഷണ നിയമവും പ്രകാരമുള്ള നിയമനടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പാട്ടക്കാലാവധി കഴിഞ്ഞ സർക്കാർ ഭൂമി**

285 (1358) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പാട്ടക്കാലാവധി കഴിഞ്ഞ സർക്കാർ ഭൂമി തിരികെ ഏറ്റെടുക്കുന്നത് സംബന്ധിച്ച് ജില്ല തിരിച്ചുള്ള വിശദമായ വിവരങ്ങൾ ശേഖരിക്കാനായിട്ടുണ്ടോ; ശേഖരിച്ചിട്ടുണ്ടെങ്കിൽ ലഭ്യമാക്കാമോ; ഇല്ലെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) ഈ ഭൂമി തുടർന്നും ഇതേ ആൾക്കാർക്കോ സ്ഥാപനത്തിനോ തന്നെയാണോ പാട്ടത്തിന് നൽകുന്നതെന്ന് അറിയിക്കാമോ; അല്ലാതെ മറ്റ് ഏതെങ്കിലും വ്യക്തികൾക്കോ സ്ഥാപനത്തിനോ ഇത് പതിച്ച് നൽകാൻ സർക്കാരിന് ഉദ്ദേശ്യമുണ്ടോ; എങ്കിൽ അങ്ങനെ ഉദ്ദേശമുള്ള വസ്തുവകകൾ ഏതൊക്കെയാണെന്ന് പട്ടിക തിരിച്ച് ലഭ്യമാക്കാമോ;

(സി) നിലവിൽ പാട്ടക്കാലാവധി കഴിഞ്ഞും വസ്തുവകകൾ കൈവശം വച്ചിരിക്കുന്നത് ആരൊക്കെയാണെന്ന വിവരം ലഭ്യമാക്കാമോ; ഇത്തരം ഇടങ്ങൾ തിരിച്ചെടുക്കുകയെന്ന സർക്കാർ നിലപാടിന്റെ അടിസ്ഥാനത്തിൽ എത്ര ഭൂമി തിരിച്ച് എടുത്തിട്ടുണ്ട്; എങ്കിൽ അതിന്റെ വിശദമായ വിവരം ലഭ്യമാക്കുമോ; ഇല്ലെങ്കിൽ സർക്കാരിന്റെ ബാക്കിയുള്ള കാലയളവിൽ പ്രസ്തുത തീരുമാനം നടപ്പിലാക്കാനാകുമെന്ന് കരുതുന്നുണ്ടോ; വിശദീകരിക്കാമോ;

(ഡി) പാട്ടക്കാലാവധി കഴിഞ്ഞ സർക്കാർ ഭൂമി തിരിച്ചെടുക്കുന്നതിന് ഏതെങ്കിലും മുൻ സർക്കാരുകൾ ഓർഡിനൻസുകൾ / നിയമനിർമ്മാണങ്ങൾ നടത്തിയിട്ടുള്ളതായി വിവരം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമായ വിവരം ലഭ്യമാക്കുമോ; ഇല്ലെങ്കിൽ ഇക്കാര്യം യാഥാർത്ഥ്യമാക്കുന്നതിന് ഈ സർക്കാർ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ; ഇവ എന്നത്തേയ്ക്ക് നടപ്പാക്കുമെന്നുള്ള വിവരം തീയതി സഹിതം അറിയിക്കാമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

## പാട്ടക്കുടിശ്ശിക പിരിച്ചെടുക്കൽ

286 (1359) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും പിരിച്ചെടുത്ത പാട്ടം എത്രയെന്ന് വിശദമാക്കാമോ;

(ബി) പാട്ടഭൂമിയുമായി ബന്ധപ്പെട്ട് നിലവിൽ എത്ര കേസുകൾ തീർപ്പാക്കാൻ ബാക്കിയുണ്ട്; വിശദമാക്കാമോ;

(സി) പാട്ടക്കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ) ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ജില്ല തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു:

| ജില്ല | തീർപ്പാക്കാൻ ബാക്കിയുള്ള കേസ്സുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 13 |
| കൊല്ലം | 12 |
| പത്തനംതിട്ട | വിവരം ശേഖരിച്ചുവരുന്നു. |
| ആലപ്പുഴ | 04 |
| കോട്ടയം | 03 |
| ഇടുക്കി | 18 |
| എറണാകുളം | 36 |
| തൃശ്ശൂർ | 07 |
| പാലക്കാട് | 03 |
| മലപ്പുറം | 20 |
| കോഴിക്കോട് | 07 |
| വയനാട് | 0 |
| കണ്ണൂർ | 27 |
| കാസർഗോഡ് | 01 |

(സി) പാട്ടക്കുടിശ്ശിക പിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട് ലാൻഡ് റവന്യൂ കമ്മീഷണറുടെ നിർദ്ദേശപ്രകാരം പാട്ടകുടിശ്ശിക വരുത്തിയിട്ടുള്ള കേസ്സുകളിൽ ഓരോ ജില്ലകളിലെയും ശരാശരി അൻപത് ശതമാനത്തിലധികം കേസ്സുകളിലും ജില്ലാതലത്തിൽ നിയമാനുസൃത നോട്ടീസ് നൽകി ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേട്ടുകഴിഞ്ഞിട്ടുള്ളതാണ്. ശേഷിക്കുന്ന കേസ്സുകളിൽ കക്ഷികളെ നേരിൽ കേൾക്കാൻ അവസരം നൽകുന്നതിനും നേരിൽ കേട്ട കക്ഷികൾക്ക് എല്ലാംതന്നെ പതിവ് അധികാരികൾ പാട്ടക്കുടിശ്ശികയായിട്ടുള്ള ഡിമാൻഡ് നോട്ടീസ് നൽകി വരുന്നതുമാണ്. പാട്ടക്കുടിശ്ശിക തുക ഒടുക്കുവരുത്താൻ വിസമ്മതിക്കുന്ന കേസ്സുകളിൽ പ്രസ്തുത പാട്ടം റദ്ദുചെയ്ത് പാട്ടഭൂമി സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്നതിനാവശ്യമായ ശിപാർശ സമർപ്പിക്കുന്നതിനും കുടിശ്ശികക്കാർക്കെതിരെ കേരള റവന്യൂ റിക്കവറി നിയമവും കേരള ഭൂസംരക്ഷണ നിയമവുംപ്രകാരമുള്ള നിയമനടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

## റവന്യൂ റിക്കവറി നോട്ടീസുമായി ബന്ധപ്പെട്ട കേസ്സുകൾ

287 (1360) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ റിക്കവറി നോട്ടീസ് അയക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കോടതിയിൽ ഫയൽ ചെയ്യുന്ന കേസുകളിൽ സർക്കാർ അഭിഭാഷകർ ഹാജരാകാത്ത സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അപ്രകാരം ഹാജരാകാത്ത അഭിഭാഷകർക്കെതിരെ നടപടി ആവശ്യപ്പെട്ട് റവന്യൂ വകുപ്പ് അഡ്വക്കേറ്റ് ജനറലിന് കത്ത് നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) ഡിമാന്റ് നോട്ടീസ് നൽകുന്നതും തുടർനടപടി സ്വീകരിക്കുന്നതും ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി ഉത്തമവിശ്വാസത്തിൽ സ്വീകരിക്കുന്ന നടപടിയായതിനാൽ റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ഇതിനായി സംരക്ഷണം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) റവന്യൂ റിക്കവറി നടപടികൾക്കെതിരെയുള്ള കേസ്സുകളിൽ കുടിശ്ശികക്കാർ കോടതിയെ സമീപിക്കുമ്പോൾ ഉദ്യോഗസ്ഥരുടെ പേര് കൂടി ചേർത്ത് സമൺസ് ലഭിക്കുന്ന കേസ്സുകളിൽ സർക്കാർ വക്കീൽ ഹാജരാകാത്ത സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പേരുവച്ച് കക്ഷി ചേർത്തിരിക്കുന്ന ഉദ്യോഗസ്ഥർക്കുവേണ്ടിയും കേസ്സുകളിൽ എൻഗേജ് ചെയ്യുന്നതിനും ഫലപ്രദമായി കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനും എല്ലാ ഗവൺമെന്റ് പ്ലീഡർമാർക്കും നിർദ്ദേശം നൽകുന്നതിനും അപ്രകാരം നടപടി സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ ആവശ്യമായ നടപടി സ്വീകരിച്ച് സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യാനും 16-10-2019-ലെ 80967/എച്ച്3/2015/റവ. നമ്പർ കത്തിലൂടെ അഡ്വക്കേറ്റ് ജനറലിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കേരള റവന്യൂ റിക്കവറി ആക്ട് 1968-ലെ വകുപ്പ് 72, 81, 82 എന്നിവപ്രകാരം ടി നിയമത്തിലെ വിവിധ വകുപ്പുകളിലും ചട്ടങ്ങളിലും പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ പ്രകാരം സ്വീകരിക്കുന്ന എല്ലാ നടപടികൾക്കും ഉദ്യോഗസ്ഥർക്ക് സംരക്ഷണം നൽകുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുള്ളതാണ്.

**വേനൽക്കാല വരൾച്ച**

288 (T* 1361) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വരൾച്ച അനുഭവപ്പെടുന്ന പാലക്കാട് ജില്ലയിൽ വരുന്ന വേനൽക്കാലത്തെ വരൾച്ച അതിജീവിക്കുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ;

(ബി) 2020 മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ അനുഭവപ്പെടാൻ പോകുന്ന അതിരൂക്ഷമായ വരൾച്ച നേരിടുന്നതിനായി ഒറ്റപ്പാലം മണ്ഡലത്തിന് പ്രത്യേക പാക്കേജ് അനുവദിക്കുവാൻ എന്തെല്ലാം നടപടിയെടുക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വേനൽക്കാലത്തെ അതിജീവിക്കുന്നതിനായി സ്വീകരിക്കേണ്ട പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങളെ സംബന്ധിച്ച് 3-9-2019-ലെ സ.ഉ.(കൈ) 09/2019/ഡി.എം.ഡി. നമ്പർ ഉത്തരവ് പ്രകാരവും 28-3-2019-ലെ ഡി.എം.ബി2/32/2019-ഡി.എം.ഡി. നമ്പർ പരിപത്രം പ്രകാരവും 11-4-2019-ലെ സ.ഉ.(കൈ)നമ്പർ 13/2019/ഡി.എം.ഡി. നമ്പർ ഉത്തരവുപ്രകാരവും 28-3-2019-ലെ സ.ഉ.(കൈ)നമ്പർ 11/2019/ഡി.എം.ഡി. ഉത്തരവുപ്രകാരവും വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമുള്ള പ്രതികരണ പ്രതിരോധ പ്രവർത്തനങ്ങൾ പാലക്കാട് ജില്ലയിലും വരുന്ന വേനൽക്കാലത്തെ വരൾച്ച അതിജീവിക്കുന്നതിനായി സ്വീകരിക്കാവുന്നതാണ് (ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.)

(ബി) വേനൽക്കാല പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് മണ്ഡലം തിരിച്ച് പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുന്നതിനുള്ള പദ്ധതികളൊന്നും നിലവിലില്ല.

**മലപ്പുറം ജില്ലയിലെ പ്രളയ പുനരധിവാസ പ്രവർത്തനങ്ങൾ**

289(1362) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രളയ പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി മലപ്പുറം ജില്ലയിൽ സർക്കാർ പ്രഖ്യാപിച്ച പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ; മണ്ഡലം തിരിച്ചുള്ള കണക്കുകൾ വിശദമാക്കുമോ;

---

* 'T'മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇവ ഓരോന്നും ഏതുഘട്ടത്തിലാണെന്നും അവയുടെ പുരോഗതിയും വെളിപ്പെടുത്തുമോ;

(സി) പ്രാഥമിക ധനസഹായമായ 10,000 രൂപ ഇനിയും ലഭിക്കാത്ത കുടുംബങ്ങളുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ധനസഹായ വിതരണം സംബന്ധിച്ച് താലൂക്കുതല കണക്കുകൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) 2019-ലെ പ്രളയത്തെത്തുടർന്ന് മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കിൽ നിലമ്പൂർ നിയോജകമണ്ഡലത്തിൽ പോത്തുകല്ല് വില്ലേജിലുൾപ്പെടുന്ന കവളപ്പാറയിൽ ഉരുൾപ്പൊട്ടലിനെത്തുടർന്ന് ദുരിതമനുഭവിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി ഭൂമി വിലയ്ക്ക് വാങ്ങി വീട് വച്ച് നൽകുന്നതിന് ഭൂദാനം നവകേരളം ഗ്രാമം എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. പുനരധിവാസ പ്രവർത്തനങ്ങളുടെ കണക്കുകൾ മണ്ഡലാടിസ്ഥാനത്തിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

വീടുവച്ച് നൽകുന്നതിനായി ഭൂമി കണ്ടെത്തുന്ന നടപടി പുരോഗമിച്ചുവരുന്നു.

(സി) പരിശോധനയിൽ അർഹരാണെന്ന് കണ്ടെത്തിയ എല്ലാപേർക്കും 10,000 രൂപ സഹായധനം വിതരണം ചെയ്തിട്ടുണ്ട്. ഇനിയും ആർക്കെങ്കിലും പ്രസ്തുത സഹായം ലഭിക്കാനുണ്ടെങ്കിൽ ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

താലൂക്കുതല കണക്കുകൾ ചുവടെ ചേർക്കുന്നു:

| താലൂക്ക് | ഗുണഭോക്താക്കളുടെ എണ്ണം | തുക |
|---|---|---|
| തിരൂരങ്ങാടി | 10834 | 10,83,40,000 |
| നിലമ്പൂർ | 9449 | 9,44,90,000 |
| ഏറനാട് | 7467 | 7,46,70,000 |
| കൊണ്ടോട്ടി | 3375 | 3,37,50,000 |
| പെരിന്തൽമണ്ണ | 3101 | 3,10,10,000 |
| പൊന്നാനി | 3093 | 3,09,30,000 |
| തിരൂർ | 9694 | 9,69,40,000 |
| ആകെ | 47013 | 470130000 |

**ഒല്ലൂർ മണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണം**

290 (1363) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വെള്ളപ്പൊക്ക ദുരന്ത നിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി റവന്യൂ വകുപ്പ് ഒല്ലൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം റോഡുകളുടെ പുനരുദ്ധാരണത്തിനാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര റോഡുകളുടെ പ്രവൃത്തി പൂർത്തിയായിട്ടുണ്ടെന്നും പൂർത്തീകരിക്കാത്ത റോഡുകളുടെ പ്രവൃത്തികൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം നിയോജകമണ്ഡലാടിസ്ഥാനത്തിൽ പുനരുദ്ധാരണ പ്രവൃത്തികൾക്ക് ഭരണാനുമതിയും ഫണ്ടും അനുവദിക്കാറില്ല.

**ഒറ്റപ്പാലം മണ്ഡലത്തിലെ വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവൃത്തികൾ**

291 (1364) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവൃത്തിയിലുൾപ്പെടുത്തി എത്ര റോഡുകൾക്ക് ഫണ്ട് അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ എത്ര റോഡുകൾക്ക് അറ്റകുറ്റപ്പണി നടത്തുന്നതിനായി ഫണ്ട് അനുവദിച്ചുവെന്നും ആയതിന്റെ വിശദാംശവും അനുവദിച്ചതിന്റെ തുകയും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും റോഡുകളുടെ പുനരുദ്ധാരണത്തിനായി 6805 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം നിയോജകമണ്ഡലാടിസ്ഥാനത്തിൽ പുനരുദ്ധാരണ പ്രവർത്തികൾക്ക് ഭരണാനുമതിയും ഫണ്ടും അനുവദിക്കാറില്ല.

## വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങളെല്ലാം ഓൺലൈനായി അപേക്ഷിക്കാനുള്ള സൗകര്യം

292 (1365) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങളെല്ലാം ഓൺലൈനായി അപേക്ഷിക്കുവാൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; ഏതെല്ലാം സേവനങ്ങളാണ് ഓൺലൈനായി അപേക്ഷിക്കുവാൻ കഴിയുന്നത്; വിശദമാക്കുമോ;

(ബി) ഇപ്രകാരം സേവനങ്ങളെല്ലാം ഓൺലൈൻ ആയി ലഭ്യമാകുന്നതോടെ സാധാരണ ജനങ്ങൾക്ക് ഇത് വഴി അപേക്ഷിക്കുന്നതിനും ഇതുമായി ബന്ധപ്പെട്ട സഹായങ്ങൾക്കുമായി വില്ലേജ് ഓഫീസുകളിൽ ഒരു ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ; ഇതിന്റെ നിലവിലെ അവസ്ഥ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പൊതുജനങ്ങൾക്ക് വില്ലേജാഫീസുകളിൽ വരാതെതന്നെ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിന് ഇ-ഡിസ്ട്രിക്ട് എന്ന പോർട്ടലാണ് ഉപയോഗിക്കുന്നത്. കൂടാതെ (അടിസ്ഥാന ഭൂനികുതി രജിസ്റ്റർ) ബി.റ്റി.ആർ. ഡിജിറ്റൈസേഷൻ പൂർത്തിയായ 1653 വില്ലേജുകളിൽ ഭൂനികുതി അടയ്ക്കുന്നതിന് റവന്യൂ ഇ-പേമെന്റ് എന്ന ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മറ്റ് സേവനങ്ങൾ ഓൺലൈൻ വഴി കൈകാര്യം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ പോക്കുവരവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഓൺലൈൻ സംവിധാനത്തിലുൾപ്പെടുത്തി ലഘൂകരിച്ചിട്ടുണ്ട്.

(ബി&സി) പൊതുജനങ്ങൾക്ക് വളരെയേറെ പ്രയോജനപ്പെടുന്ന ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

## ലാൻഡ് ബാങ്കിൽ നിക്ഷേപിക്കുന്ന ഭൂമി

293 (T*1366) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളുടെ നിയന്ത്രണത്തിലുള്ളതും അതത് വകുപ്പുകളുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമില്ലാത്തതുമായ ഭൂമികളെല്ലാം ഒരു ലാന്റ് ബാങ്കിൽ നിക്ഷേപിക്കുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) റവന്യൂ ഭൂമി ഒഴികെ വകുപ്പുകൾക്ക് ആവശ്യമില്ലാത്ത ഭൂമി മറ്റ് വകുപ്പുകളുടെ ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ അനുമതി നൽകുന്ന കാര്യത്തിൽ എന്ത് തടസ്സമാണ് നിലനിൽക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) അതത് വകുപ്പുകൾക്ക് ആവശ്യമില്ലാത്ത ഇത്തരം ഭൂമികൾ ഒരു ലാന്റ് ബാങ്കിൽ നിക്ഷേപിച്ച് അവയുടെ ഉപയോഗാവകാശം ബന്ധപ്പെട്ട നിർവ്വഹണ വകുപ്പുകൾക്ക് കൈമാറുന്നതിന് ജില്ലാതല വകുപ്പുതലവൻമാരുടെ ഒരു സമിതി രൂപീകരിക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഇല്ല. ലാൻഡ് റവന്യൂ കമ്മീഷണറുടെ കീഴിൽ പ്രവർത്തിച്ചുവന്നിരുന്ന കേരള സ്റ്റേറ്റ് ലാൻഡ് ബാങ്ക്, 25-6-2018-ലെ സ.ഉ.(എംഎസ്.) നമ്പർ 236/2018/റവ നമ്പർ സർക്കാർ ഉത്തരവുപ്രകാരം രൂപീകരിച്ചിട്ടുള്ള കേരള ലാൻഡ് റെക്കോർഡ്സ് മോഡണൈസേഷന്റെ മിഷൻ (KLRMM)-ൽ സംയോജിപ്പിച്ചിട്ടുള്ളതാണ്.

(ബി) ഒരു വകുപ്പിന്റെ അധീനതയിലുള്ള ഭൂമി മറ്റൊരു വകുപ്പിന് കൈമാറ്റ വ്യവസ്ഥയിലൂടെ കൈമാറുന്നതിന് ഭൂമി കൈവശമുള്ള വകുപ്പിന്റെ നിരാക്ഷേപപത്രം (NOC), ഭൂമി ആവശ്യമുള്ള വകുപ്പ് അർത്ഥനപത്രത്തോടൊപ്പം സമർപ്പിക്കുന്നപക്ഷം കാലതാമസം ഒഴിവാക്കാവുന്നതാണ്. കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്ത/സ്വയാർജ്ജിത ഭൂമി മറ്റൊരു വകുപ്പിന് വിട്ടുനൽകേണ്ട കേസ്സുകളിൽ നിയമപരമായി ടി ഭൂമി റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കുന്നതിനുള്ള നടപടി പൂർത്തിയായശേഷം മാത്രമേ മറ്റൊരു വകുപ്പിന് നിയമപരമായി കൈമാറി നൽകാൻ സാധിക്കുകയുള്ളൂ. നിയമപരമായ ടി നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിലുണ്ടാകാറുള്ള ചെറിയ തോതിലുള്ള കാലതാമസം മാത്രമാണ് ഇക്കാര്യത്തിൽ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്.

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) 25-6-2018-ലെ സ.ഉ.(എംഎസ്.) നമ്പർ 236/2018/റവ നമ്പർ സർക്കാർ ഉത്തരവുപ്രകാരം രൂപീകരിച്ചിട്ടുള്ള കേരള ലാൻഡ് റെക്കോർഡ്സ് മോഡണൈസേഷൻ മിഷൻ (KLRMM) വഴി എല്ലാ വകുപ്പുകളുടെയും സഹകരണം ഉറപ്പാക്കി പ്രവർത്തിക്കുന്ന രീതിയിലുള്ള ഒരു ക്രമീകരണമാണ് ഉദ്ദേശിക്കുന്നത്.

**റീബിൽഡ് കേരള പദ്ധതിയിൽ വില്ലേജ് ഓഫീസുകളുടെ പുനർനിർമ്മാണം**

294 (1367) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട നിയോജക മണ്ഡലത്തിലെ കുളത്തുമ്മൽ, വിളവൂർക്കൽ, മലയിൻകീഴ് വില്ലേജ് ഓഫീസുകളുടെ പുനർനിർമ്മാണം റീ-ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ആയതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

കാട്ടാക്കട നിയോജകമണ്ഡലത്തിലെ കുളത്തുമ്മൽ, വിളവൂർക്കൽ, മലയിൻകീഴ് വില്ലേജ് ഓഫീസുകളുടെ പുനർനിർമ്മാണം റീ-ബിൽഡ് കേരള പദ്ധതിമുഖേന നിർവ്വഹിക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

**കുമളി റവന്യൂ ടവർ നിർമ്മാണം**

295 (1368) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തികവർഷത്തെ വാർഷിക ബഡ്ജറ്റിൽ പീരുമേട് താലൂക്കിൽ അനുവദിച്ച റവന്യൂ ടവർ കുമളി വില്ലേജ് ഓഫീസിനോട് അനുബന്ധമായ സ്ഥലത്ത് നിർമ്മിക്കുന്നതിലേയ്ക്ക് സ്വീകരിച്ചുവരുന്ന നടപടികളെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ ജില്ലാതലത്തിലെ ഏകോപിച്ചുള്ള പ്രവർത്തന കേന്ദ്രം, മുല്ലപ്പെരിയാർ ഡാം നിലനിൽക്കുന്ന പ്രദേശം, അന്താരാഷ്ട്ര വിനോദ സഞ്ചാര കേന്ദ്രമായ തേക്കടി ഉൾപ്പെടുന്ന പ്രദേശം, അന്തർസംസ്ഥാന സുഗന്ധ വ്യഞ്ജന വ്യാപാര കേന്ദ്രങ്ങൾ സ്ഥിതി ചെയ്യുന്ന പ്രദേശം എന്നീ പ്രാധാന്യങ്ങളെല്ലാമുള്ള തമിഴ്നാടിനോട് ചേർന്നുള്ള സംസ്ഥാനത്തെ പ്രധാനപ്പെട്ട അതിർത്തി പട്ടണമായ കുമളിയിൽ

വിവിധ സർക്കാർ ഓഫീസുകൾ പരിമിതമായ സൗകര്യങ്ങളിൽ വാടക കെട്ടിടങ്ങളിലോ പഞ്ചായത്തിന്റെ താൽക്കാലിക സൗകര്യങ്ങളിലോ ആണ് പ്രവർത്തിച്ചുവരുന്നത് എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരത്തിൽ പ്രവർത്തിച്ചുവരുന്ന ഓഫീസുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനും പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭിക്കുന്നതിനും ഈ ഓഫീസുകൾ ഒരു കുടക്കീഴിലാക്കി മാറ്റുവാൻ കഴിയുന്ന കുമളി റവന്യൂ ടവർ നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ) 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലും മറുപടി പ്രസംഗത്തിലും കിഫ്ബി ധനസഹായത്തോടുകൂടി നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച റവന്യൂ ടവറുകളുടെയും മിനി സിവിൽ സ്റ്റേഷനുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ പീരുമേട് റവന്യൂ ടവറും ഉൾപ്പെട്ടിട്ടുണ്ട്. തുടർനടപടി സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) പരിശോധിക്കാവുന്നതാണ്.

## വില്ലേജ് ഓഫീസുകളുടെ നവീകരണം

296 (1369) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർക്കല മണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകൾ നവീകരിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) ആയവയിൽ ഏതെല്ലാം പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർക്കല മണ്ഡലത്തിലെ മടവൂർ, കുടവൂർ എന്നീ വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റുന്നതിനും അയിരൂർ വില്ലേജ് ഓഫീസിൽ അധികമുറി നിർമ്മിക്കുന്നതിനും അറ്റകുറ്റപ്പണി നടത്തുന്നതിനും ഫണ്ടും ഭരണാനുമതിയും നൽകിയിട്ടുണ്ട്.

(ബി) മടവൂർ, കുടവൂർ എന്നീ വില്ലേജ് ഓഫീസുകളുടെ കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

**കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ വില്ലേജ് ഓഫീസുകളുടെ നിർമ്മാണം**

297(1370) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിലെ കോട്ടക്കൽ നിയോജക മണ്ഡലത്തിലുൾപ്പെടുന്ന ഇരിമ്പിളിയം, മേൽമുറി, കാട്ടിപ്പരുത്തി വില്ലേജ് ഓഫീസുകളുടെ നിർമ്മാണത്തിനായി സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) പ്രസ്തുത വില്ലേജുകളുടെ നിർമ്മാണങ്ങൾക്കുവേണ്ടിയുള്ള ഭരണാനുമതി സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കാമോ ;

(സി) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ മാറാക്കര, കോട്ടക്കൽ വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ഡി) ഇവയുടെ പുനരുദ്ധാരണത്തിനായി പ്ലാൻ ഫണ്ടിൽ ആവശ്യമായ തുക നീക്കിവയ്ക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ എല്ലാ വില്ലേജ് ഓഫീസുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിലെ ഇരിമ്പിളിയം വില്ലേജ് ഓഫീസിന് റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. മേൽമുറി വില്ലേജിന് സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിനായി പ്ലാൻ സ്കീം പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. 5.22 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം കാട്ടിപ്പരുത്തി വില്ലേജ് ഓഫീസിന്റെ അറ്റകുറ്റപ്പണികൾ പൊതുമരാമത്ത് വകുപ്പ് മുഖേന നിർവ്വഹിക്കുന്നതിനുള്ള നടപടി പരിശോധിച്ചുവരുന്നു.

(സി&ഡി) ഓരോ സാമ്പത്തികവർഷവും വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതിക്കായുള്ള ബഡ്ജറ്റ് വിഹിതം അനുസരിച്ച് മുൻഗണനാക്രമത്തിലാണ് കെട്ടിട നിർമ്മാണത്തിന്/ അറ്റകുറ്റപ്പണിക്ക് ഫണ്ട് അനുവദിക്കുന്നത്.

(ഇ) ഇക്കാര്യം പരിശോധിച്ചുവരികയാണ്.

**പയ്യന്നൂർ താലൂക്ക് ഓഫീസിന് പുതിയ കെട്ടിടം**

298 (1371) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പയ്യന്നൂർ താലൂക്ക് ഓഫീസിനുള്ള പുതിയ കെട്ടിടത്തിന് ഭരണാനുമതി നൽകാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ;

(ബി) നടപടികൾ പൂർത്തീകരിച്ച് ഈ സാമ്പത്തിക വർഷംതന്നെ ഭരണാനുമതി നൽകാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പയ്യന്നൂർ മണ്ഡലത്തിലെ പയ്യന്നൂർ താലൂക്ക് ഓഫീസിനുള്ള പുതിയ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

**കരുനാഗപ്പള്ളി മിനി സിവിൽ സ്റ്റേഷൻ**

299 (1372) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളിയിൽ മിനി സിവിൽ സ്റ്റേഷൻ അനക്സ് നിർമ്മിക്കുന്നതിന് അനുയോജ്യമായ പൊതുസ്ഥലം കണ്ടെത്തിയിട്ടുണ്ടോ; ആയത് ഈ ആവശ്യത്തിലേയ്ക്ക് ലഭിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ;

(ബി) കരുനാഗപ്പള്ളി മണ്ഡലത്തിനനുവദിച്ച ഗവഃ കോളേജ് സ്ഥാപിക്കുന്നതിനായി ഐ.എച്ച്.ആർ.ഡി. എഞ്ചിനിയറിംഗ് കോളേജിന്റെ അധീനതയിലുള്ള സ്ഥലം കൈമാറുന്നതിനായി സർവ്വേ റിപ്പോർട്ടുകൾ നൽകിയിട്ടുണ്ടോ; വിശദീകരിക്കാമോ;

(സി) ഇവിടെ കോടതി സമുച്ചയം നിർമ്മിക്കുന്നതിനുവേണ്ടി ഏതെല്ലാം സ്ഥലങ്ങൾ പരിശോധന നടത്തിയിട്ടുണ്ട്; സ്ഥലം കൈമാറുന്നതിനാവശ്യമായ പ്രാരംഭ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) വിവിധ ആവശ്യങ്ങൾക്കായി വിവിധ വകുപ്പുകളുടെ അധീനതയിലുള്ള ഭൂമി കൈമാറ്റം ചെയ്യുന്ന നടപടികൾ വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കരുനാഗപ്പള്ളി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് കരുനാഗപ്പള്ളി വില്ലേജിൽ ബ്ലോക്ക് നമ്പർ 10-ൽ റീസർവ്വേ 582/11-ൽപ്പെട്ട കെ.ഐ.പി. (കല്ലട ഇറിഗേഷൻ പ്രോജക്ട്)-യുടെ ഉപയോഗത്തിലുള്ള 0.5600 ഹെക്ടർ സ്ഥലത്ത് നിന്നും 0.1214 ഹെക്ടർ സ്ഥലം സൈക്ലോൺ ഷെൽട്ടർ നിർമ്മാണത്തിനുവേണ്ടി ഏറ്റെടുത്തിട്ടുള്ളതാണ്. ശേഷിക്കുന്ന 0.4386 ഹെക്ടർ സ്ഥലത്ത് നിൽക്കുന്ന ഉപയോഗശൂന്യമായ പഴക്കംചെന്ന കെട്ടിടങ്ങൾ ഒഴിവാക്കി ടി സ്ഥലം സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് അനുയോജ്യമാണെന്ന് കരുനാഗപ്പള്ളി തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി സ്ഥലം കെ.ഐ.പി.യുടെ ഉപയോഗത്തിലായതിനാൽ കെ.ഐ.പി.യുടെ എൻ.ഒ.സി. ലഭിക്കുന്നതിന് ജലവിഭവ സെക്രട്ടറിക്ക് അറിയിപ്പ് നൽകിയിട്ടുള്ളതാണ്. കെ.ഐ.പി.യുടെ എൻ.ഒ.സി. ലഭിച്ചാൽ മാത്രമേ ടി വിഷയത്തിൽ തുടർ നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

(ബി) ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിന്റെ അധീനതയിലുള്ള സ്ഥലം തഴവ ആർട്സ് ആൻഡ് സയൻസ് കോളേജിന് കൈമാറി നൽകുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അർത്ഥനാപത്രം സമർപ്പിച്ചിരുന്നതും ഭൂമി കൈമാറ്റത്തിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കുന്നതിന് കൊല്ലം ജില്ലാ കളക്ടർ കരുനാഗപ്പള്ളി തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

(സി) കരുനാഗപ്പള്ളി കോടതി സമുച്ചയം നിർമ്മിക്കുന്നതിന് കരുനാഗപ്പള്ളി വില്ലേജിൽ ബ്ലോക്ക് നമ്പർ 10-ൽ റീസർവ്വേ നമ്പർ 584/4-ൽ കെ.ഐ.പി.യുടെ ഉടമസ്ഥതയിലുള്ള 58.45 ആർസ് സ്ഥലം കൈമാറി നൽകുന്നതിന് കരുനാഗപ്പള്ളി തഹസിൽദാർ പ്രൊപ്പോസൽ തയ്യാറാക്കി കൊല്ലം സബ് കളക്ടർക്ക് സമർപ്പിച്ചിട്ടുള്ളതാണ്. ടി സ്ഥലം കൈമാറി നൽകുന്നതിന് ജലവിഭവ വകുപ്പിൽനിന്നും എൻ.ഒ.സി. ലഭിച്ചിട്ടില്ലാത്തതാണ്.

(ഡി) ഭൂമി കൈമാറ്റത്തിനുള്ള വിശദമായ പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് വിവിധ വകുപ്പുകളുടെ കൈവശത്തിലുള്ളതും പ്രസ്തുത വകുപ്പുകൾക്ക് ആവശ്യമില്ലാത്തതുമായ ഭൂമി ആ വകുപ്പുകളുടെ നിരാക്ഷേപപത്രം ലഭ്യമാക്കി കൈമാറ്റ നടപടി വേഗത്തിലാക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റത്തിനുള്ള

നടപടി ലഘൂകരിച്ചുകൊണ്ട് പഞ്ചായത്ത് ഏരിയയിൽ 50 സെന്റും മുനിസിപ്പൽ ഏരിയയിൽ 25 സെന്റും കോർപ്പറേഷൻ ഏരിയയിൽ 10 സെന്റും ഭൂമിവരെ കൈമാറ്റം ചെയ്യുന്നതിനുള്ള അധികാരം അതത് ജില്ലാകളക്ടർമാർക്ക് നൽകി 5-6-2018-ലെ സർക്കാർ ഉത്തരവ് നമ്പർ സ.ഉ.(പി)31/18 പുറപ്പെടുവിച്ചിട്ടുണ്ട്.

**കുന്ദമംഗലത്തെ മിനി സിവിൽ സ്റ്റേഷൻ**

300(1373) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലത്ത് നിർമ്മിക്കുന്ന അഞ്ച് നില മിനി സിവിൽ സ്റ്റേഷന്റെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) നിലവിലെ സബ്താലൂക്ക് ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് വാഹന പാർക്കിംഗിന് സൗകര്യം ഒരുക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(സി) ഇല്ലെങ്കിൽ വാഹന പാർക്കിംഗിന് എന്ത് സംവിധാനമാണ് ചെയ്യാൻ സാധിക്കുകയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കുന്ദമംഗലത്ത് നിർമ്മിക്കുന്ന അഞ്ച് നില മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിന്റെ അഞ്ചാം നിലയുടെ സ്ലാബ് കോൺക്രീറ്റ് പൂർത്തിയായിട്ടുണ്ട്.

(ബി&സി) മിനി സിവിൽ സ്റ്റേഷൻ കെട്ടിടം പണിയുമ്പോൾ നിയമപ്രകാരമുള്ള പാർക്കിംഗ് സ്ഥലം പൊതുമരാമത്ത് വകുപ്പ് പ്ലാൻ ചെയ്തിരുന്നില്ല. കെട്ടിടത്തിന്റെ പ്ലാനിൽ ഇത് ഉൾപ്പെടുത്തിയിട്ടില്ല. നിലവിൽ ഇതിനായി സൗകര്യങ്ങൾ ഒരുക്കിയിട്ടുമില്ല. മറ്റ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

**ചാലക്കുടിയിൽ അനുവദിച്ച റവന്യൂ ടവർ**

301(1374) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ അനുവദിച്ച റവന്യൂ ടവറിന്റെ നിർമ്മാണം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റവന്യൂ ടവർ നിർമ്മാണത്തിനായി ചാലക്കുടി നഗരസഭ പോട്ടയിൽ നിർദ്ദേശിച്ച സ്ഥലത്തിന് അനുമതി ലഭ്യമാക്കുന്നതിനും നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലും മറുപടി പ്രസംഗത്തിലും കിഫ്ബി ധനസഹായത്തോടുകൂടി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച റവന്യൂ ടവറുകളുടെയും മിനി സിവിൽ സ്റ്റേഷനുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ ചാലക്കുടി റവന്യൂ ടവറും ഉൾപ്പെട്ടിട്ടുണ്ട്. ചാലക്കുടി റവന്യൂ ടവർ നിർമ്മാണത്തിനായി ജില്ലാ കളക്ടർ നിർദ്ദേശിച്ചിരുന്ന ചാലക്കുടി വില്ലേജ് സർവ്വേ നമ്പർ 293/2, 294/1 എന്നിവയിൽപ്പെട്ട 55.6491 സെന്റ് സ്ഥലം അനുയോജ്യമാണെന്ന് പരിശോധിച്ച് ബോദ്ധ്യപ്പെട്ടിരുന്നുവെങ്കിലും ദേശീയപാതയോട് ചേർന്നുകിടക്കുന്ന പ്രസ്തുത റവന്യൂ ഭൂമി ബോർഡിന് കൈമാറി ലഭ്യമാകുകയുണ്ടായില്ല. എന്നാൽ ഇപ്പോൾ റവന്യൂ ടവർ നിർമ്മാണത്തിന് ചാലക്കുടി നഗരസഭ പോട്ടയിൽ മറ്റൊരു സ്ഥലം നിർദ്ദേശിച്ചിട്ടുള്ളതും ആയത് പരിശോധിച്ചുവരികയുമാണ്.

## വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് നിയമനം

302(1375) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ നിലവിലെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽനിന്നും എത്രപേർക്ക് നിയമന ഉത്തരവ് നൽകിയെന്ന് അറിയിക്കാമോ;

(ബി) ഇതിൽ എത്രപേർ ജോലിയിൽ പ്രവേശിച്ചുവെന്നും എൻ.ജെ.ഡി. ഉൾപ്പെടെ എത്ര ഒഴിവുകൾ ഇനിയും നികത്താനുണ്ടെന്നും വെളിപ്പെടുത്താമോ;

(സി) പ്രസ്തുത ഒഴിവുകളുടെ വിവരം പി.എസ്.സി.യെ അറിയിച്ച് ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 38 പേർക്ക്

(ബി&സി) 15 പേർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. ജോലിയിൽ പ്രവേശിച്ചിട്ടില്ലാത്ത 23 ഉദ്യോഗാർത്ഥികളുടെ എൻ.ജെ.ഡി. ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് ജില്ലാകളക്ടർ തലത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

## ആമ്പല്ലൂർ ഗ്രൂപ്പ് വില്ലേജ് വിഭജനം

303(1376) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിലെ ആമ്പല്ലൂർ ഗ്രൂപ്പ് വില്ലേജ് വിഭജിച്ച് കീച്ചേരി, കുലയറ്റിക്കര എന്നീ വില്ലേജുകൾ പ്രവർത്തനക്ഷമമാക്കുന്നതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച ഫയൽ നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട ജോലികൾ ത്വരിതപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുമോ എന്നറിയിക്കുമോ?

ഉത്തരം

(എ-സി) സംസ്ഥാനത്തെ ഗ്രൂപ്പ് വില്ലേജുകളിലുൾപ്പെട്ട പിറവം നിയോജകമണ്ഡലത്തിലെ ആമ്പല്ലൂർ ഗ്രൂപ്പ് വില്ലേജ് വിഭജിച്ച് കീച്ചേരി, കുലയറ്റിക്കര എന്നീ വില്ലേജുകൾ പ്രവർത്തനക്ഷമമാക്കുന്നതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സംസ്ഥാനത്തിന്റെ പൊതുധനസ്ഥിതി മെച്ചപ്പെടുന്ന അവസരത്തിൽ പരിശോധിക്കാവുന്നതാണ്.

## വില്ലേജ് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം

304(1377) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വില്ലേജ് ഓഫീസർ തസ്തിക അപ്ഗ്രേഡ് ചെയ്യാൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) വില്ലേജ് ഓഫീസർമാർക്കായി പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ അനുവദിച്ച പ്രത്യേക ശമ്പള സ്കെയിൽ ഇപ്പോഴും അവർക്ക് ലഭ്യമാകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) വില്ലേജോഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) അമ്പത് ശതമാനം വില്ലേജ്-ഫീൽഡ് അസിസ്റ്റന്റ് തസ്തിക അപ്ഗ്രേഡ് ചെയ്ത് വില്ലേജാഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) റവന്യൂ വകുപ്പിൽ എച്ച്.സി./ആർ.ഐ./വി.ഒ. തസ്തികകൾ ഒരേ ശമ്പളസ്കെയിലിലും ഒരേ സീനിയോറിറ്റി പട്ടിക പ്രകാരമുള്ളതും പരസ്പരം മാറാവുന്നതുമായ തസ്തികകളായിരുന്നു. പത്താം ശമ്പള പരിഷ്കരണ ഉത്തരവിൽ വില്ലേജ് ഓഫീസർമാർക്ക് 29200-62400 എന്ന സ്കെയിലിലും എച്ച്.സി./ആർ.ഐ. തസ്തികയ്ക്ക് 27800-59400 എന്ന സ്കെയിലിലും അനുവദിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ വില്ലേജ് ഓഫീസർ തസ്തികയുടെ പദവിയും ആനുകൂല്യങ്ങളും ഉയർത്തുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(സി&ഡി) സർക്കാർ പരിശോധിച്ചുവരുന്നു.

**മാതൃകാ അങ്കണവാടിക്ക് സ്ഥലം കൈമാറുന്നതിന് നടപടി**

305(1380) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാതൃകാ അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്ന പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ വലിയതുറ, ശംഖുമുഖം എന്നിവിടങ്ങളിൽ അങ്കണവാടികൾ സ്ഥാപിക്കുന്നതിനായി നിർദ്ദേശിച്ചിരുന്ന സ്ഥലം കൈമാറുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രൊപ്പോസൽ സമർപ്പിച്ച് രണ്ടരവർഷം പിന്നിട്ടിട്ടും റവന്യൂ വകുപ്പ് ഭൂമി കൈമാറാത്തതിനാൽ പദ്ധതി യാഥാർത്ഥ്യമാക്കാൻ കഴിയാത്ത സ്ഥിതി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) റവന്യൂ വകുപ്പിന്റെ ഭാഗത്തുനിന്നും ഭൂമി കൈമാറുന്നതുസംബന്ധിച്ച കാലതാമസം ഒഴിവാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രസ്തുത പദ്ധതിക്ക് ഭൂമി കൈമാറുന്നതിനായി കണ്ടെത്തിയ പ്രൊപ്പോസലുകളിൽ ന്യൂനതകൾ കണ്ടെത്തിയതിനെത്തുടർന്ന് ആയത് പരിഹരിക്കുന്നതിനും നിശ്ചിത മാതൃകയിൽ അപേക്ഷ സമർപ്പിക്കുന്നതിനും ഐ.സി.ഡി.എസ്.-ന് നിർദ്ദേശം നൽകിയതിനെ തുടർന്ന് ആയവ ന്യൂനതകൾ മാറ്റി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് ലഭ്യമാക്കിയിരുന്നു. എന്നാൽ തുടർന്ന് നടത്തിയ സ്ഥലപരിശോധനയിൽ അങ്കണവാടിക്ക് അനുയോജ്യമായ സ്ഥലം

മറ്റിടങ്ങളിൽ കണ്ടെത്തുകയും പ്രസ്തുത സ്ഥലത്തിന് ശിപാർശ സഹിതമുള്ള പ്രൊപ്പോസൽ ലഭ്യമാക്കുന്നതിന് ജില്ലാകളക്ടർ നിർദ്ദേശം നൽകിയിട്ടുള്ളതുമാകുന്നു.

(ബി&സി) ഇക്കാര്യത്തിൽ തിരുവനന്തപുരം ജില്ലാകളക്ടർ അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

**മലബാർ മേഖലയിലെ നികുതി കെട്ടാത്ത ഭൂമി**

306(1381) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ലാൻഡ് രജിസ്ട്രേഷൻ ആക്ട് റദ്ദ് ചെയ്തതിനുശേഷം മലബാർ മേഖലയിൽ നികുതി കെട്ടാത്ത ഭൂമി അഥവാ നി.കെ.ഭൂമി കൈവശമുള്ള ഭൂ ഉടമകൾക്ക് നികുതി അടക്കുവാൻ പ്രയാസമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നി.കെ.ഭൂമി രജിസ്ട്രേഷന് തണ്ടപേർ അപേക്ഷ ഓൺലൈനിൽ അപേക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്വകാര്യ വ്യക്തികളുടെ അധീനതയിലുള്ള നികുതി കെട്ടാത്ത ഭൂമി സംബന്ധിച്ച് നികുതി നിർണ്ണയത്തിനായി ലഭിക്കുന്ന അപേക്ഷയിന്മേൽ സ്ഥലപരിശോധന നടത്തി വസ്തുനിഷ്ഠമായ റിപ്പോർട്ട് വില്ലേജ് ഓഫീസർമാർ സമർപ്പിക്കുന്നമുറയ്ക്ക് 1961-ലെ ഭൂനികുതി നിയമമനുസരിച്ച് തഹസിൽദാർ നടപടി പൂർത്തിയാക്കി നടപടിക്രമം പുറപ്പെടുവിച്ചാൽ മാത്രമേ തണ്ടപ്പേർ ലഭിക്കുകയുള്ളൂ. ടി തണ്ടപ്പേർ ReLIS-ൽ ഉൾപ്പെടുത്തിയതിനുശേഷമേ ഓൺലൈനിൽ അപേക്ഷിക്കാൻ കഴിയുകയുള്ളൂ.

**കാപ്പികോ റിസോർട്ട്**

307(1382) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ പരിപാലന നിയമം ലംഘിച്ചതിന്റെ പേരിൽ വേമ്പനാട്ട് കായലിലെ നെടിയ തുരുത്തിൽ കാപ്പികോ റിസോർട്ട് പൊളിക്കുവാൻ സുപ്രീം കോടതി ഉത്തരവായിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കോടതി ഉത്തരവ് നടപ്പിലാക്കാൻ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) കാപ്പികോ റിസോർട്ട് നിർമ്മിക്കുന്നതിനായി എത്ര ഏക്കർ കായൽ അനധികൃതമായി നികത്തിയെന്നാണ് കണ്ടെത്തിയിട്ടുള്ളത്;

(ഡി) റിസോർട്ട് നിർമ്മാണത്തിന് തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതി ലഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. 10-1-2020-ലെ 194186/2020 നമ്പർ (Kapico Kerala Resort Pvt. Ltd. V/s State of Kerala & ors) ഉത്തരവുപ്രകാരം വേമ്പനാട്ട് കായലിലെ നെടിയ തുരുത്തിൽ കാപ്പികോ റിസോർട്ട് പൊളിക്കാൻ ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവായിട്ടുണ്ട്.

(ബി) കോടതി നിർദ്ദേശാനുസരണം തുടർനടപടികൾ സ്വീകരിക്കുന്നതിനായി പാണാവള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് കമ്മറ്റി കൂടി നിയമാനുസൃത തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

(സി) കാപ്പികോ റിസോർട്ട് നിർമ്മിക്കുന്നതിനായി 2.9397 ഹെക്ടർ കായൽ പുറമ്പോക്ക് ഭൂമി കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ട്.

(ഡി) റിസോർട്ട് നിർമ്മാണത്തിന് തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതി ലഭിച്ചിട്ടില്ല.

## ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ കരവാരം- പുളിമാത്ത്-നഗരൂർ കുടിവെള്ള പദ്ധതി

308(1383) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ കരവാരം-പുളിമാത്ത്-നഗരൂർ കുടിവെള്ള പദ്ധതിക്കായി സ്ഥലം ആവശ്യപ്പെട്ട് കേരള വാട്ടർ അതോറിറ്റി റവന്യൂ വകുപ്പിനെ സമീപിച്ചിട്ടുണ്ടോ; എങ്കിൽ റവന്യൂവകുപ്പ് സ്ഥലം ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കുമോ?

ഉത്തരം

ഉണ്ട്. ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ കരവാരം-പുളിമാത്ത്-നഗരൂർ കുടിവെള്ള പദ്ധതിക്കാവശ്യമായ റവന്യൂ ഭൂമി പാട്ടത്തിന് അനുവദിക്കുന്നതിലേയ്ക്കായി നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷകൾ 6-4-2019-ൽ വാട്ടർ അതോറിറ്റി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലാ കളക്ടർ പ്രസ്തുത ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഭാഗാധാരവും പോക്കുവരവും റദ്ദാക്കണമെന്ന ആവശ്യം**

309(1384) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേണ്ടത്ര സാക്ഷികൾ ഇല്ലാതെയും ആൾമാറാട്ടം നടത്തിയും തയ്യാറാക്കിയ ഭാഗാധാരവും പോക്കുവരവും റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി ഓമനഅമ്മ (പെറ്റീഷൻ നമ്പർ 220164/2019) നൽകിയ പരാതിയിൽ പാങ്ങപ്പാറ വില്ലേജ് ഓഫീസർ വിശദമായ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഭൂരേഖാ തഹസീൽദാർ ഈ പരാതി സംബന്ധിച്ച് എന്തെല്ലാം തുടർ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രസ്തുത വിഷയത്തിൽ പാങ്ങപ്പാറ വില്ലേജ് ഓഫീസർ തിരുവനന്തപുരം തഹസിൽദാർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) ആധാരത്തിൽ പതിപ്പിച്ചിട്ടുള്ള വിരലടയാളവും ഒപ്പും വ്യാജമാണോ എന്നതിന്റെ സാങ്കേതികത്വം പരിശോധിക്കുന്നതിന് വില്ലേജാഫീസറോ തഹസിൽദാരോ അധികാരപ്പെട്ട ഉദ്യോഗസ്ഥരല്ലാത്തതിനാൽ ആൾമാറാട്ടം നടത്തിയാണ് ആധാരം രജിസ്റ്റർ ചെയ്തിട്ടുള്ളതെങ്കിൽ അടിയന്തരമായി ക്രിമിനൽ കേസ് ചാർജ്ജ് ചെയ്യുന്നതിന് പോലീസിൽ പരാതി കൊടുക്കുന്നതിനും ആധാരം റദ്ദ് ചെയ്യുന്നതിന് സിവിൽ കോടതിയെ സമീപിക്കുന്നതിനും തിരുവനന്തപുരം തഹസിൽദാർ (ഭൂരേഖ) 1-2-2020-ൽ പരാതികക്ഷിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ചാത്തന്നൂർ താലൂക്ക് രൂപീകരിക്കാൻ നടപടി**

310(1385) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്ക് പുനഃസംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ലാന്റ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ രൂപീകരിച്ച ടീം ഒന്നാം ഘട്ട പഠന റിപ്പോർട്ട് ഇതിനകം സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ ടീമിന്റെ പഠന പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പ്രസ്തുത പഠന റിപ്പോർട്ടിന് കാലതാമസം നേരിടുന്ന പക്ഷം, കളക്ടർ നൽകിയിട്ടുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൊല്ലം താലൂക്ക് വിഭജിച്ച് നിർദ്ദിഷ്ട ചാത്തന്നൂർ താലൂക്ക് രൂപീകരിക്കാൻ നടപടികൾ കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഒന്നാംഘട്ട പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

(ബി) ഇതുസംബന്ധിച്ച് എല്ലാ ജില്ലകളിൽനിന്നും ശേഖരിച്ച വിവരങ്ങൾ പ്രസ്തുത ടീം പരിശോധിച്ചുവരികയാണ്.

(സി) പരിശോധിക്കാവുന്നതാണ്.

**കിഴക്കേകോട്ടയിലെ അനധികൃത കയ്യേറ്റം**

311(*T1386) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഴക്കേക്കോട്ടയിലെ സംരക്ഷിത കോട്ടമതിലിന് ചുറ്റുമുള്ള അനധികൃത കൈയ്യേറ്റ ഭൂമിയായ 72.250 സെന്റ് ഭൂമി കൈയ്യേറ്റം ഒഴിപ്പിച്ച് തിരിച്ചു പിടിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്ത് പ്രാവർത്തിക നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

ഉണ്ട്. വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കെ.എസ്.ആർ.ടി.സി. വക 72.250 സെന്റ് സ്ഥലത്തിലെ കയ്യേറ്റത്തിൽ ഉൾപ്പെട്ട 20 ചെറുകിട കച്ചവടക്കാരെ മാനുഷിക പരിഗണന നൽകി പുനരധിവസിപ്പിക്കുന്നതിന് തീരുമാനിക്കുകയുണ്ടായി. അതനുസരിച്ചുള്ള പുനഃരധിവാസപ്രക്രിയകൾ സർക്കാർ തലത്തിൽ സ്വീകരിച്ചുവരികയാണ്.

**നിർമ്മാണപ്രവർത്തനങ്ങൾക്ക് റവന്യൂ വകുപ്പിന്റെ അനുമതി**

312(1387) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഇടുക്കി ജില്ലയിൽ മാത്രം റവന്യൂ വകുപ്പിന്റെ അനുമതി നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിനുള്ള പ്രത്യേക സാഹചര്യമെന്തായിരുന്നു;

---

*'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(സി) ഇടുക്കി ജില്ലയിലെ എട്ട് വില്ലേജുകളിൽ മാത്രം നിർമ്മാണത്തിന് നിയന്ത്രണം ഏർപ്പെടുത്തിയത് സംബന്ധിച്ച് ഹൈക്കോടതി വിശദീകരണം ആരാഞ്ഞിട്ടുണ്ടോ;

(ഡി) അനധികൃത നിർമ്മാണങ്ങളുടെയും കയ്യേറ്റങ്ങളുടെയും പേരു പറഞ്ഞ് ഇടുക്കി ജില്ലയിലെ ജനങ്ങളെ മാത്രം ബുദ്ധിമുട്ടിക്കുന്ന നടപടി പുന:പരിശോധിക്കുമോ?

ഉത്തരം

(എ&ബി) ഭൂപതിവ് ചട്ടങ്ങൾ പ്രകാരം പട്ടയം അനുവദിച്ചിട്ടുള്ള ഭൂമിയിൽ പട്ടയ വ്യവസ്ഥകൾ ലംഘിച്ച് നിർമ്മാണങ്ങൾ അനുവദനീയമല്ല. കൂടാതെ One Earth One Life എന്ന സംഘടന ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)1810/2010-ൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 21-1-2010-ലെ ഇടക്കാല വിധിന്യായത്തിൽ മൂന്നാർ ഏരിയയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് റവന്യൂ വകുപ്പിന്റെ NOC ബാധകമാക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. അതനുസരിച്ച് മൂന്നാർ മേഖലയിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് റവന്യൂ വകുപ്പിന്റെ NOC നിർബന്ധമാക്കിയിരുന്നു. അതിന്റെ തുടർച്ചയായിട്ടാണ് 22-8-2019-ലെ സ.ഉ.(കൈ) നമ്പർ 269/2019/റവ, 14-10-2019-ലെ സ.ഉ.(കൈ)നമ്പർ 310/2019/റവ. എന്നിവ പ്രകാരം ഇടുക്കി ജില്ലയിലെ ചിന്നക്കനാൽ, കണ്ണൻദേവൻ ഹിൽസ്, ശാന്തൻപാറ, ആനവിരട്ടി, വെള്ളത്തൂവൽ, ആനവിലാസം, പള്ളിവാസൽ ബൈസൺവാലി എന്നീ വില്ലേജുകളിൽ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പട്ടയം അനുവദിച്ചിട്ടുള്ള ഭൂമിയിൽ പട്ടയം ലംഘിച്ച് വാണിജ്യ നിർമ്മാണ പ്രവർത്തങ്ങൾ നടത്തിയിട്ടുള്ളതിൽ 15 സെന്റ് വരെയുള്ള ഭൂമിയിലെ വാണിജ്യ നിർമ്മാണ പ്രവർത്തനങ്ങൾ നിബന്ധനകൾക്ക് വിധേയമായി ക്രമവൽക്കരിക്കുന്നതിനും ഭാവിയിൽ വലിയ നിർമ്മാണ പ്രവർത്തനങ്ങൾ തടയുന്നതിനായി ഏതാവശ്യത്തിനാണ് പ്രസ്തുത പട്ടയം അനുവദിച്ചതെന്നുള്ള വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലെ ബിൽഡിംഗ് പെർമിറ്റ് അനുവദിക്കാവൂ എന്ന് തദ്ദേശസ്വയംഭരണ വകുപ്പിന് നിർദ്ദേശം നൽകി ഉത്തരവായിട്ടുള്ളത്.

(സി) ഇല്ല. എന്നാൽ ടി നിർദ്ദേശം സംസ്ഥാനം മുഴുവൻ ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നതിന് WP(C)No.17983/2019 നമ്പർ കേസിൽ 30-1-2020-ലെ ഇടക്കാല വിധിന്യായത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) മേൽ പരാമർശിച്ചിട്ടുള്ള സാഹചര്യത്തിലാണ് ഇടുക്കി ജില്ലയിലെ എട്ട് വില്ലേജുകളിൽ ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുന്നതിന് വില്ലേജ് ഓഫീസറുടെ

എൻ.ഒ.സി. നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ഈ വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 7-12-2019-ൽ സർവ്വകക്ഷി യോഗം ചേരുകയും മൂന്നാർ പ്രത്യേകമായി സംരക്ഷിക്കപ്പെടേണ്ടതാണെന്ന വസ്തുത പരിശോധിച്ച് അതിനായി എന്തൊക്കെ ചെയ്യാമെന്ന് പരിശോധിച്ച് കോടതിയുടെ അനുമതിയോടെ മാത്രം ഈ വിഷയത്തിൽ സ്വീകരിക്കാവുന്ന നടപടികൾ പരിശോധിക്കുന്നതാണെന്ന് തീരുമാനിച്ചിട്ടുള്ളതുമാണ്.

## ഭൂപതിവ് ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിന് നടപടി

313(1388) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഭൂവിനിയോഗ കാര്യത്തിൽ സംജാതമായിട്ടുള്ള നിരവധി പ്രതിസന്ധികൾ പരിഹരിക്കുന്നതിലേയ്ക്ക് ഭൂപതിവ് ചട്ടങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്നു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

സംസ്ഥാനത്ത് ഭൂവിനിയോഗ കാര്യത്തിൽ സംജാതമായിട്ടുള്ള നിരവധി പ്രതിസന്ധികൾ പരിഹരിക്കുന്നതിലേയ്ക്കായി 1964-ലെ കേരള ഭൂമി പതിവ് ചട്ടത്തിലും 1995-ലെ മുൻസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടങ്ങളിലും താഴെപ്പറയുന്ന ഭേദഗതികൾ പരിഗണനയിലാണ്.

1. 2019-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ച പാട്ടക്കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 1964, 1995 എന്നിവയിൽ ഉൾക്കൊള്ളിക്കുന്നതിന്.

2. 1995-ലെ ചട്ടങ്ങളിൽ നിലവിലുള്ള 1,00,000 രൂപ എന്ന വരുമാന പരിധി കാലോചിതമായി വർദ്ധിപ്പിക്കുന്നതിന്.

3. വ്യവസായ ആവശ്യത്തിന് ഭൂമി പാട്ടത്തിന് നൽകുന്നതിനുള്ള പുതുക്കിയ വ്യവസായിക ഭൂമി പതിവ് ചട്ടങ്ങൾ രൂപീകരിക്കുന്നത് സംബന്ധിച്ച നടപടികൾ.

4. 1995-ലെ ചട്ടങ്ങളിൽ തുക അടയ്ക്കുന്നതിന് കാലതാമസം മാപ്പാക്കി പട്ടയം നൽകാനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടില്ലാത്തതിനാൽ ആയത് ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ.

## പള്ളിക്കൽ മൂന്നിയൂർ വില്ലേജുകൾ വിഭജിക്കുന്നതിന് നടപടി

314(1389) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ പള്ളിക്കൽ, മൂന്നിയൂർ എന്നീ വില്ലേജുകൾ വിഭജിക്കുന്നതിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത നിവേദനങ്ങളിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) ഈ വില്ലേജുകൾ വിഭജിച്ച് അഡ്മിനിസ്ട്രേഷൻ കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) ഇതുസംബന്ധിച്ച് ലാന്റ് റവന്യൂ കമ്മീഷണർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## റീ-സർവ്വേ പ്രവർത്തനങ്ങൾ

315(1390) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റീ-സർവ്വേ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) റീ-സർവ്വേ ഇനിയും ആരംഭിക്കാത്ത ജില്ലകളുണ്ടോ; വില്ലേജ് അടിസ്ഥാനമാക്കി വിവരം ലഭ്യമാക്കുമോ;

(സി) അതിർത്തി നിർണ്ണയ തർക്കം നിലനിൽക്കുന്ന പ്രദേശങ്ങളുടെ റീ-സർവ്വേ പൂർത്തിയാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(ഡി) റീ-സർവ്വേ പ്രവർത്തനങ്ങൾമൂലം സർവ്വേ നമ്പർ, ഏരിയ എന്നിവയിലുണ്ടാകുന്ന വ്യത്യാസം ആധാരത്തിലുൾപ്പെടുത്തുന്നതിന് നിലവിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 907 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂഭരണത്തിന് കൈമാറിയിട്ടുള്ളതും 30 വില്ലേജുകളുടെ റീസർവ്വേ പ്രവർത്തനങ്ങൾ പുരോഗതിയിലുമാണ്.

(ബി) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും റീസർവ്വേ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്. റീസർവ്വേ പൂർത്തിയായതും ശേഷിക്കുന്നതുമായ വില്ലേജുകളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു.*

(സി) അതിർത്തി നിർണ്ണയ തർക്കം നിലനിൽക്കുന്ന വില്ലേജുകളിൽ അതത് ഭൂരേഖ തഹസിൽദാർ മുഖേന നിലവിൽ റവന്യൂ ഭരണത്തിലുള്ള റെക്കാർഡുകൾ അനുസരിച്ച് അതിർത്തി പുനഃസ്ഥാപിച്ച് തർക്കം പരിഹരിക്കുകയാണ് ചെയ്യുന്നത്. കൂടാതെ സംസ്ഥാനത്തെ എല്ലാ വില്ലേജുകളുടെയും ഡിജിറ്റൽ സർവ്വേ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) റീസർവ്വേ പ്രവർത്തനങ്ങൾമൂലം സർവ്വേ നമ്പർ, വിസ്തീർണ്ണം എന്നിവയിലുണ്ടാകുന്ന വ്യത്യാസം നിലവിലെ ആധാരങ്ങളിൽ ഉൾപ്പെടുത്തുന്ന നടപടികൾ റവന്യൂ വകുപ്പ് സ്വീകരിക്കുന്നില്ല. ഇപ്രകാരം നിലവിലെ സർവ്വേ നമ്പർ, വിസ്തീർണ്ണം എന്നിവയിലുള്ള മാറ്റം തുടർന്നുള്ള ഇടപാടുകളിൽ ഉൾപ്പെടുത്തുന്നതിനായി ബേസിക് രജിസ്റ്റർ (BTR) ന്റെ പകർപ്പ് ബന്ധപ്പെട്ട സബ് രജിസ്ട്രാർ ഓഫീസുകൾക്ക് നൽകിവരുന്നു.

**കോട്ടയം ജില്ലയിലെ സബ് ഡിവിഷൻ സർവ്വേ**

316(1391) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ വിവിധ താലൂക്കുകളിൽ സബ്ഡിവിഷൻ സർവ്വേയ്ക്ക് അപേക്ഷ കൊടുക്കുമ്പോൾ റീസർവ്വേ അംഗീകരിച്ച് നൽകിയ വിസ്തീർണ്ണം മാനദണ്ഡമാക്കാതെ ആധാര പ്രകാരമുള്ള വിസ്തീർണ്ണം നിലനിർത്തുകയും ബാക്കിയുള്ള വിസ്തീർണ്ണം പഴയ തണ്ടപ്പേരുകളിൽ നിലനിർത്തുകയും ചെയ്യുന്നത് നിയമാനുസൃതമാണോ;

(ബി) റീസർവ്വേ വിസ്തീർണ്ണമാണോ അതോ ആധാര വിസ്തീർണ്ണമാണോ റവന്യൂ അധികാരികൾ മാനദണ്ഡമാക്കേണ്ടത് എന്ന് വ്യക്തമാക്കാമോ;

(സി) ഇപ്രകാരം സബ് ഡിവിഷൻ ചെയ്ത് മുൻ തണ്ടപ്പേരുകക്ഷികളുടെ പേരിൽ കിടക്കുന്ന വസ്തു പട്ടയം നൽകി റെഗുലറൈസ് ചെയ്യുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) റീസർവ്വേ നടത്തി റെക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ള വില്ലേജുകളിൽ റീസർവ്വേ രേഖകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ബേസിക് ടാക്സ് രജിസ്റ്റർ, തണ്ടപ്പേർ രജിസ്റ്റർ എന്നിവ പ്രകാരമാണ്

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഭൂമി സംബന്ധമായ തുടർനടപടികൾ സ്വീകരിക്കുന്നത്. എന്നാൽ ചില കേസുകളിൽ ഭൂമി വിസ്തീർണ്ണം മുൻ റെക്കാർഡുകളുമായി വ്യത്യാസപ്പെട്ട് കണ്ടതിനാൽ റീസർവ്വേ റെക്കാർഡിൽ കാണിച്ചിരിക്കുന്ന വിസ്തീർണ്ണം അടിസ്ഥാനരേഖയായി കണക്കാക്കി പോക്കുവരവ് ചെയ്യാവുന്നതാണെന്ന് കാണിച്ച് റവന്യൂ ബോർഡ് (സർവ്വേ) 18-9-1991-ലെ സർവ്വേ ബി1-19446/91 നമ്പർ സർക്കുലർ പുറപ്പെടുവിച്ചിരുന്നു. ടി സർക്കുലർ പ്രകാരം തുടർനടപടി സ്വീകരിക്കാൻ 12-10-2015-ൽ നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(സി) പ്രസ്തുത വിഷയം പരിശോധിക്കുന്നതാണ്.

**മൂവാറ്റുപുഴ താലൂക്കിലെ റീസർവ്വേ**

317(1392) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ താലൂക്കിൽ റീസർവ്വേ നടക്കാത്തതുമൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത താലൂക്കിലെ ഏതൊക്കെ വില്ലേജുകളിലാണ് റീസർവ്വേ നടക്കാനുള്ളതെന്നും എപ്പോൾ ആരംഭിക്കുമെന്നും അറിയിക്കാമോ;

(സി) റീസർവ്വേ പുരോഗതിക്കായി മൂവാറ്റുപുഴ കേന്ദ്രമാക്കി ഒരു റീസർവ്വേ ഓഫീസ് ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. റീസർവ്വേ പൂർത്തിയാകാത്ത വില്ലേജുകളിൽ റവന്യൂ വകുപ്പ് മുഖാന്തരം നിലവിൽ റവന്യൂ ഭരണത്തിലിരിക്കുന്ന റെക്കാർഡുകൾ പ്രകാരം പോക്കുവരവ് ചെയ്യുന്നതിനും കരമടയ്ക്കുന്നതിനും ഉൾപ്പെടെയുള്ള നടപടികൾക്ക് യാതൊരു തടസ്സവുമില്ലാത്തതാണ്. ഇക്കാരണത്താൽ റീസർവ്വേ പൂർത്തിയാക്കാത്തതുമൂലം പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുകളുണ്ടാകുന്നില്ല.

(ബി) എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ താലൂക്കിൽ ആകെയുള്ള 18 വില്ലേജുകളിലും റീസർവ്വേ പ്രവർത്തനം ആരംഭിച്ചിട്ടില്ല. റീസർവ്വേ നടപടികൾക്കുപരിയായി സ്പെഷ്യൽ സർവ്വേ, LA ജോലികൾ, LRM ജോലികൾ, NH ജോലികൾ എന്നിവയ്ക്കായും സർവ്വേ വകുപ്പിലെ ജീവനക്കാരുടെ സേവനം ഉപയോഗിച്ചുവരുന്നുണ്ട്. ഇക്കാരണത്താൽ മൂവാറ്റുപുഴ താലൂക്കിലെ വില്ലേജുകളുടെ റീസർവ്വേ എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്ന് കൃത്യമായി കണക്കാക്കാൻ കഴിയുകയില്ല. എന്നാൽ 10-5-2018-ലെ സ.ഉ.(എംഎസ്.)നമ്പർ 181/2018/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം അംഗീകൃത ഏജൻസികളെ നിയോഗിച്ച് സർവ്വേ

ചെയ്യുന്നതിനുള്ള അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ നടപടികൾ ആരംഭിക്കുമ്പോൾ കൂടുതൽ വില്ലേജുകളിൽ റീസർവ്വേ നടപടികൾ ആരംഭിക്കാൻ സാധിക്കുന്നതാണ്.

(സി) റീസർവ്വേ പ്രവർത്തനങ്ങളുടെ പുരോഗതിക്കായി സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും സർവ്വേ സൂപ്രണ്ട് ഓഫീസുകൾ ആരംഭിക്കുന്ന തരത്തിൽ വകുപ്പ് പുനഃസംഘടിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിൽ സർക്കാരിന്റെ പരിഗണനയിലാണ്.

## സ്മാർട്ട് വില്ലേജ് ഓഫീസുകൾ

318(1393) ശ്രീ. എൻ. ഷംസുദ്ദീൻ :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്മാർട്ട് വില്ലേജ് ഓഫീസുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമാണ് സ്മാർട്ട് വില്ലേജ് ഓഫീസുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുള്ളത് എന്നതിന്റെ വിശദാംശം നൽകുമോ;

(ബി) വില്ലേജോഫീസുകൾ ആധുനികവൽക്കരിക്കുന്നതിനും, ജനസൗഹൃദമാക്കുന്നതിനും വേണ്ടി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; വിശദാംശം നൽകുമോ ?

### ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് 2013-14 സാമ്പത്തിക വർഷം മുതലാണ് സ്മാർട്ട് വില്ലേജ് ഒഫീസ് പദ്ധതി നിലവിൽ വന്നത്. 2013-14 മുതൽ 2019-20 സാമ്പത്തിക വർഷം വരെ ആകെ 180 വില്ലേജ് ഓഫീസുകൾക്കാണ് പ്രസ്തുത പദ്ധതിപ്രകാരം ആധുനിക രീതിയിലുള്ള കെട്ടിടങ്ങളും അനുബന്ധ ഭൗതിക സാഹചര്യങ്ങളും ഒരുക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുള്ളത്. പ്രസ്തുത വില്ലേജ് ഓഫീസുകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

(ബി) സംസ്ഥാനത്തെ റവന്യൂ ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽനിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടുകൂടിയാണ് (SMART) സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി വില്ലേജ് ഓഫീസുകളിൽനിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്തും എവിടെവച്ചും (Any time Anywhere) ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നത്.

വില്ലേജ് ഓഫീസുകളിലെ നടപടിക്രമങ്ങൾ സുതാര്യമാക്കുന്നതിനും വിവരസാങ്കേതിക വിദ്യയുടെ സഹായത്താൽ ആധുനികവത്കരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ നടത്തുന്ന ആധുനികവത്കരണ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**ഭവനനിർമ്മാണ പദ്ധതികൾ**

319(1394) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ ഭവനനിർമ്മാണ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമാണ്; ജില്ല തിരിച്ചുള്ള വിശദവിവരം നൽകുമോ;

(ബി) ഏതെല്ലാം പുതിയ പദ്ധതികളാണ് ഭവന നിർമ്മാണ ബോർഡിന്റെ പരിഗണനയിലുള്ളത്; ജില്ല തിരിച്ചുള്ള വിശദവിവരം നൽകുമോ?

ഉത്തരം

(എ) ഭവന നിർമ്മാണ വകുപ്പിന്റെ കീഴിലുള്ള കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയം, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം എന്നീ സ്ഥാപനങ്ങളുടെ പദ്ധതികൾ ചുവടെ ചേർക്കുന്നു.

നിലവിൽ ഭവനനിർമ്മാണ ബോർഡ് നടപ്പിലാക്കിവരുന്ന പദ്ധതികളുടെ ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | - കടകംപള്ളി റവന്യൂ ടവർ |
| വയനാട് | - മാനന്തവാടി വർക്കിംഗ് വിമൻസ് ഹോസ്റ്റൽ |
| കണ്ണൂർ | - മട്ടന്നൂർ റവന്യൂ ടവർ |
| കാസർഗോഡ് | - (a) വെള്ളരിക്കുണ്ട് മിനിസിവിൽ സ്റ്റേഷൻ<br>(b) സർക്കാർ ജീവനക്കാർക്ക് സർക്കാർ ഭൂമിയിൽ ഭവന പദ്ധതി കാസർഗോഡ് ഘട്ടം 4. |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഹൗസിംഗ് കമ്മീഷണറേറ്റ് മുഖേന 'കേരള കാലാവസ്ഥ പ്രതികരണ ഭവന രൂപകൽപ്പന പ്രചരണ പരിപാടി' നടപ്പിലാക്കി വരുന്നു.

സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് 2019-20 വർഷത്തെ പദ്ധതി വിഹിതത്തിലുൾപ്പെടുത്തി താഴെപ്പറയുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിരുന്നു.

1. ആർട്ടിസാൻ ട്രെയിനിംഗ് - 60 ലക്ഷം
2. നിർമ്മിതി സ്റ്റാഫിന്റെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിലേയ്ക്കായി - 3.22 ലക്ഷം
3. ഡെവലപ്മെന്റ് ഓഫ് സെൽഫ് സസ്റ്റെയിനബിൾ ഡ്വെല്ലിംഗ് യൂണിറ്റ് - 374 ലക്ഷം
4. ഓഫീസ് ഓട്ടോമേഷൻ - 75 ലക്ഷം
5. ടെസ്റ്റിംഗ് ലാബ് - 1.68 ലക്ഷം
6. നിലവിലുള്ള പ്രൊഡക്ഷൻ സെന്ററുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് -3.49 ലക്ഷം
7. അദ്ധ്യാപകർ/വിദ്യാർത്ഥികൾ/പബ്ലിക് എന്നിവർക്ക് സസ്റ്റെയബിൾ കൺസ്ട്രക്ഷൻ എൻവിയോൺമെന്റ് പ്രൊട്ടക്ഷൻ ക്ലൈമറ്റ് ചെയ്ഞ്ചിൽ അവയർനെസ് നൽകുന്നതിലേയ്ക്കായി - 8 ലക്ഷം
8. ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ്, വാഴമുട്ടത്തുള്ള ലാബിഷാസിന്റെ പെർമനന്റ് ക്യാമ്പസ് നിർമ്മാണം - 100 ലക്ഷം
9. പബ്ലിക്കേഷൻ ഓഫ് മെറ്റീരിയൽസ് ആന്റ് ഇൻഫർമേഷൻ ഡിസ്സെമിനേഷൻ ഓൺ സസ്റ്റെയിനബിൾ ഹാബിറ്റാറ്റ് ടെക്നോളജി ആന്റ് ക്ലൈമറ്റ് ചെയ്ഞ്ച് - 13 ലക്ഷം

ഇവയിൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് വാഴമുട്ടത്തുള്ള ലാബിഷാസിന്റെ പെർമനന്റ് ക്യാമ്പസ് നിർമ്മാണം ഒഴികെ ബാക്കി പദ്ധതികൾക്ക് തുക അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തനത് ഫണ്ടിൽനിന്നും താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. ആർട്ടിസാൻ ട്രെയിനിംഗ് - എല്ലാ ജില്ലകളിലും
2. ഡെവലപ്മെന്റ് ഓഫ് സെൽഫ് സസ്റ്റെയിനബിൾ ഡ്വെല്ലിംഗ് യൂണിറ്റ് - തിരുവനന്തപുരം
3. ഓഫീസ് ഓട്ടോമേഷൻ - തിരുവനന്തപുരം

(ബി) ഭവനനിർമ്മാണ ബോർഡിന്റെ പരിഗണനയിലുള്ള പുതിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | നെട്ടയം ഭവന പദ്ധതി, പി.റ്റി. ചാക്കോ നഗർ പദ്ധതി, പട്ടം പദ്ധതി, അമ്പല നഗർ പദ്ധതി |
| കൊല്ലം | പത്തനാപുരം റവന്യൂ ടവർ |
| പത്തനംതിട്ട | പന്തളം റവന്യൂ ടവർ |
| ആലപ്പുഴ | a) Disaster Resilient Structure<br>b) ആശ്വാസ് വാടക വീട് പദ്ധതി |
| കോട്ടയം | a) ഗാന്ധി നഗർ വർക്കിംഗ് വിമെന്റ്സ് ഹോസ്റ്റൽ പദ്ധതി<br>b) ഏറ്റുമാനൂർ റവന്യൂ ടവർ |
| ഇടുക്കി | a) Disaster Resilient Structure<br>b) വാഴത്തോപ്പ് ഭവന പദ്ധതി |
| തൃശ്ശൂർ | ആശ്വാസ് വാടക വീട് പദ്ധതി |
| വയനാട് | a) Disaster Resilient Structure<br>b) തുക്കൈപ്പറ്റ ഹൗസിംഗ് കോംപ്ലക്സ് |
| പാലക്കാട് | പട്ടാമ്പി റവന്യൂ ടവർ |
| കോഴിക്കോട് | a) സർക്കാർജീവനക്കാർക്കുള്ള ഫ്ലാറ്റ്/ക്വാർട്ടേഴ്സ് പദ്ധതി<br>b) ഹൗസിംഗ് കോംപ്ലക്സ് - മുക്കം<br>c) പ്രവാസികൾക്കുള്ള ഭവന പദ്ധതി |
| കണ്ണൂർ | ഹൗസിംഗ് കോംപ്ലക്സ് - പട്ടുവം |
| കാസർഗോഡ് | a) മധൂർ വർക്കിംഗ് വിമെന്റ്സ് ഹോസ്റ്റൽ പദ്ധതി<br>b) സർക്കാർ ജീവനക്കാർക്ക് സർക്കാർ ഭൂമിയിൽ ഭവന പദ്ധതി കാസർഗോഡ് ഘട്ടം 5. |

**ഭവനനിർമ്മാണ ബോർഡിന്റെ സേവനങ്ങൾ**

320(1395) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ ബോർഡ് മുഖേന നിലവിൽ ഗുണഭോക്താക്കൾക്ക് നൽകി വരുന്ന സേവനങ്ങൾ എന്തെല്ലാമാണ്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരംഭിച്ചിട്ടുള്ളതും നൽകി വരുന്നതുമായ സേവനങ്ങൾ എന്തെല്ലാമാണ്;

(സി) ഭവന നിർമ്മാണ ബോർഡ് ആധുനികവൽക്കരിക്കുന്നതിനും കൂടുതൽ വൈവിധ്യവൽക്കരിക്കുന്നതിനുമായിട്ടുള്ള പുതിയ പദ്ധതികൾ സജീവ പരിഗണനയിലുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ?

<u>ഉത്തരം</u>

(എ) ഭവനനിർമ്മാണ ബോർഡ് മുഖേന നിലവിൽ ഗുണഭോക്താക്കൾക്ക് നൽകിവരുന്ന സേവനങ്ങൾ താഴെപ്പറയുന്നു.

1. കുടിശ്ശിക നിവാരണ അദാലത്ത് - എല്ലാ ജില്ലകളിലും ഭവന വായ്പാ കുടിശ്ശിക തീർപ്പാക്കുന്നതിനായി വായ്പാ അദാലത്തുകൾ നടത്തിവരുന്നു.
2. ഗൃഹശ്രീ ഭവന പദ്ധതി
3. എം.എൻ. ലക്ഷം വീട് ബമ്പർ ഭാഗ്യക്കുറിയുടെ അറ്റാദായം വിനിയോഗിക്കുന്നതിനുള്ള പദ്ധതി
4. സർക്കാർ ജീവനക്കാർക്ക് സർക്കാർ ഭൂമിയിൽ വാടകവീട് പദ്ധതി
5. ആശ്വാസ് വാടകവീട് പദ്ധതി
6. മാനന്തവാടി വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, വയനാട്
7. സാഫല്യം പദ്ധതി
8. കൺസൾട്ടൻസി പ്രവർത്തനങ്ങൾ - സർക്കാർ, അർദ്ധസർക്കാർ സ്വകാര്യ സ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ്/കൺസൾട്ടൻസി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിവരുന്നു. വിവിധ സർക്കാർ വകുപ്പുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനുള്ള അക്രെഡിറ്റഡ് ഏജൻസിയായി ബോർഡിനെ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

(ബി) കുടിശ്ശിക നിവാരണ അദാലത്ത് - എല്ലാ ജില്ലകളിലും ഭവന വായ്പാ കുടിശ്ശിക തീർപ്പാക്കുന്നതിനായി വായ്പാ അദാലത്തുകൾ നടത്തിവരുന്നു.

(സി) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ആധുനികവത്കരിക്കുന്നതിന്റെയും കൂടുതൽ വൈവിദ്ധ്യവത്കരിക്കുന്നതിന്റെയും ഭാഗമായി ISO Certification നേടിയിട്ടുണ്ട്. ചെലവുകുറഞ്ഞ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ഭവനനിർമ്മാണ പദ്ധതികൾ പരിഗണനയിലാണ്.

**ഗൃഹശ്രീ ഭവന പദ്ധതി**

321(1396) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൃഹശ്രീ ഭവന പദ്ധതി മുഖേന 2019-20 വർഷത്തിൽ എത്ര വീടുകൾ നിർമ്മിച്ച നൽകയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഈ പദ്ധതിക്കായി 2019-20 വർഷത്തിൽ എത്ര കോടി രൂപയാണ് നീക്കിവെച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) 2019-20 വർഷത്തിൽ ഗൃഹശ്രീ ഭവന പദ്ധതി പ്രകാരം വീടുകളുടെ നിർമ്മാണം ആരംഭിച്ചിട്ടില്ല. എന്നാൽ മുൻ വർഷങ്ങളിൽ ടി പദ്ധതിപ്രകാരം നിർമ്മാണം ആരംഭിച്ചിട്ടുള്ളതിൽ 2019-20 വർഷത്തിൽ പൂർത്തിയാക്കി നൽകിയ വീടുകളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | വീടുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 3 |
| 2 | കൊല്ലം | 3 |
| 3 | പത്തനംതിട്ട | 0 |
| 4 | ആലപ്പുഴ | 11 |
| 5 | കോട്ടയം | 4 |
| 6 | എറണാകുളം | 1 |
| 7 | തൃശ്ശൂർ | 0 |
| 8 | ഇടുക്കി | 4 |
| 9 | കോഴിക്കോട് | 0 |
| 10 | പാലക്കാട് | 50 |
| 11 | മലപ്പുറം | 3 |
| 12 | വയനാട് | 3 |
| 13 | കണ്ണൂർ | 4 |
| 14 | കാസർഗോഡ് | 3 |
| | ആകെ | 89 |

(ബി) ഈ പദ്ധതിക്കായി 2019-20 വർഷത്തിൽ 32.36 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. 2019-20 സാമ്പത്തിക വർഷം ഗൃഹശ്രീ ഭവന പദ്ധതിക്കുള്ള ഭരണാനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 19-10-2019-ൽ കൂടിയ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗിൽ ലൈഫ് മുഖേന ഭവന പദ്ധതികൾ നടപ്പിലാക്കുന്നതിനാൽ ഗൃഹശ്രീ ഭവന പദ്ധതിയിൽ ലൈഫ് പദ്ധതിയിലുൾപ്പെട്ട ഗുണഭോക്താക്കളും ഉൾപ്പെടാൻ സാധ്യതയുണ്ടോയെന്നത് സംബന്ധിച്ച് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എന്നിവരുമായി ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി ചർച്ച ചെയ്ത് തീരുമാനമെടുക്കാൻ നിർദ്ദേശം നൽകിയിരുന്നു.

**ഭവനനിർമ്മാണ ബോർഡ് തിരിച്ചടയ്ക്കാനുള്ള വായ്പ**

322(1397) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭവനനിർമ്മാണ ബോർഡ് എത്ര കോടി രൂപയുടെ വായ്പയാണ് വിവിധ ഏജൻസികളിലേയ്ക്ക് തിരിച്ചടയ്ക്കുവാനുള്ളത്; വിശദവിവരം നൽകുമോ?

ഉത്തരം

ഭവന നിർമ്മാണ ബോർഡ് നേരിട്ട് ഒരു ഏജൻസിയിൽനിന്നും എടുത്ത വായ്പയും തിരിച്ചടയ്ക്കാനില്ല. എന്നാൽ ഹരിപ്പാട് റവന്യൂ ടവർ നിർമ്മാണത്തിനായി കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് 6216-80-201-96(P) എന്ന ശീർഷകത്തിൽ സർക്കാർ ഒരു കോടി രൂപയും നബാർഡ് RIDF സ്കീമിലുൾപ്പെടുത്തി 6216-80-201-96(2)എന്ന ശീർഷകത്തിൽ 1383.46 ലക്ഷം രൂപയും ചേർത്ത് ആകെ 1483.46 ലക്ഷം രൂപ അനുവദിച്ച് നൽകിയിരുന്നു. ടി പദ്ധതിക്കായി ലോൺ ശീർഷകത്തിൽ അനുവദിച്ച തുക ക്യാപിറ്റൽ/റവന്യൂ ശീർഷകത്തിലേയ്ക്ക് റീ-ക്ലാസിഫൈ ചെയ്യുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**കേന്ദ്ര സമുദ്ര മത്സ്യബന്ധന നിയന്ത്രണ പരിപാലന ബിൽ**

323(1398) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ കൊണ്ടുവന്ന കേന്ദ്ര സമുദ്ര മത്സ്യബന്ധന നിയന്ത്രണ പരിപാലന ബിൽ മത്സ്യത്തൊഴിലാളികളുടെ താല്പര്യങ്ങൾക്ക് എതിരാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ബില്ലിലെ ഏതൊക്കെ നിബന്ധനകളാണ് മത്സ്യത്തൊഴിലാളികൾക്ക് പ്രതിബന്ധമുണ്ടാക്കുന്നതെന്ന് അറിയിക്കാമോ;

(സി) ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രതികരണം എന്താണെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത ബില്ലിനെതിരെ മത്സ്യത്തൊഴിലാളികൾ ദേശവ്യാപകമായി പ്രക്ഷോഭം നടത്തുന്ന സാഹചര്യത്തിൽ ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെട്ട് മത്സ്യത്തൊഴിലാളികളുടെ ആശങ്ക ദൂരീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കേന്ദ്രസർക്കാരിന്റെ സമുദ്ര മത്സ്യബന്ധന നിയന്ത്രണ കരട് ബില്ലിലെ മത്സ്യത്തൊഴിലാളികൾക്കുണ്ടാകുന്ന പ്രതിബന്ധങ്ങൾ ചുവടെ ചേർക്കുന്നു.

1. 12 നോട്ടിക്കൽ മൈലിനപ്പുറം 200 വരെയുള്ള പ്രദേശത്തെ മത്സ്യബന്ധന രജിസ്ട്രേഷൻ/ലൈസൻസ് നൽകുന്നതിനുള്ള അവകാശം ആർക്കാണെന്ന് ബില്ലിൽ വ്യക്തമാക്കിയിട്ടില്ല.

2. നിയമലംഘനം പരിശോധിക്കുന്നതിനുള്ള അധികാരം കോസ്റ്റ്ഗാർഡ്, നേവി എന്നിവർക്ക് മാത്രമായിരിക്കും.

3. നിയമനലംഘനം വിഷയത്തിൽ തീരുമാനമെടുക്കാനുള്ള അധികാരം (Adjudication) പ്രിൻസിപ്പൽ മജിസ്ട്രേറ്റ്/മെട്രോപൊളിറ്റൻ മജിസ്ട്രേറ്റ് എന്നിവർക്കായിരിക്കും.

4. ഇന്ത്യയുടെ സമുദ്രാതിർത്തിയിൽ മത്സ്യബന്ധനത്തിന് വിദേശ യാനങ്ങൾക്കുള്ള അനുമതി നൽകുമോയെന്ന കാര്യത്തിൽ അജ്ഞത നിലനിൽക്കുന്നു.

5. നിയമനലംഘനം ശ്രദ്ധയിൽപ്പെട്ടാൽ മത്സ്യത്തൊഴിലാളികളെ വാറന്റില്ലാതെ അറസ്റ്റ് ചെയ്യാൻ ബില്ലിൽ വ്യവസ്ഥയുണ്ട്.

6. മത്സ്യബന്ധന യാനം നിർവ്വചനത്തിൽ യന്ത്രം ഘടിപ്പിക്കാത്ത യാനങ്ങളെ ഉൾപ്പെടുത്തിയിട്ടില്ല.

7. നിയമലംഘനത്തിന്റെ ഗൗരവത്തിനനുസരിച്ച് പിഴയുടെ അളവ് നിശ്ചയിച്ചിട്ടില്ല.

8. പങ്കാളിത്ത മാനേജ്മെന്റ് സംബന്ധിച്ച് പുതിയ ബിൽ നിശബ്ദമാണ്.

(സി) ഉണ്ട്. ടി നിർദ്ദേശങ്ങളോട് അനുകൂലമായ പ്രതികരണമാണ് കേന്ദ്രസർക്കാർ സ്വീകരിച്ചുവരുന്നത്.

(ഡി) മത്സ്യത്തൊഴിലാളികളുടെ ആശങ്ക ദൂരീകരിക്കുന്നതിനുതകുന്ന വിധത്തിൽ കരട് ബില്ലിൽ ആവശ്യമായ മാറ്റം വരുത്തുന്നതിനായി സംസ്ഥാന സർക്കാരിന്റെ അഭിപ്രായങ്ങൾ/നിർദ്ദേശങ്ങൾ കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്.

**കടലിന്റെ അവകാശം മത്സ്യത്തൊഴിലാളികൾക്ക് നൽകാനുള്ള പദ്ധതി**

324(1399) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. കെ. രാജൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപരിഷ്കരണ നിയമം കൊണ്ടുവന്ന് കൃഷിഭൂമി കൃഷിക്കാർക്ക് വിതരണം ചെയ്തു പോലെ കടലിന്റെ അവകാശം കടലിൽ മീൻപിടിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ഉറപ്പുവരുത്തുന്ന സമഗ്രപരിഷ്കരണ നിയമം നടപ്പിലാക്കുമോയെന്ന് അറിയിക്കാമോ;

(ബി) കടലിലെ മത്സ്യവിഭവങ്ങളുടെ ഉടമാവകാശം, മത്സ്യബന്ധന ഉപകരണങ്ങളുടെ ഉടമാവകാശം, കടലിലേയ്ക്കുള്ള പ്രവേശനാധികാരം എന്നിവ മത്സ്യത്തൊഴിലാളികൾക്ക് മാത്രമായി പരിമിതപ്പെടുത്തിക്കൊണ്ടുള്ള നിയമനിർമ്മാണമായിരിക്കുമോ അതെന്ന് വ്യക്തമാക്കുമോ;

(സി) കടലിൽ നിന്ന് പിടിച്ചെടുക്കുന്ന മത്സ്യത്തിന്റെ ആദ്യ വില്പന അവകാശം മത്സ്യത്തൊഴിലാളികൾക്ക് ഉറപ്പാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കടൽ മത്സ്യവിഭവങ്ങളുടെ മേൽ മത്സ്യത്തൊഴിലാളികൾക്ക് ഉടമസ്ഥാവകാശവും കടപ്പുറത്ത് വീടുവച്ച് താമസിക്കുന്നതിനും കടലിൽനിന്ന് മീൻപിടിച്ച് ജീവിക്കുന്നതിനും മത്സ്യബന്ധനോപകരണങ്ങളുടെ ഉടമസ്ഥാവകാശവും പിടിച്ചെടുക്കുന്ന മത്സ്യത്തിന്റെ ആദ്യ വില്പനാവകാശവും മത്സ്യത്തൊഴിലാളികൾക്ക് മാത്രമായി ഉറപ്പുവരുത്തുന്നതിനും ലക്ഷ്യമിടുന്ന രീതിയിൽ മത്സ്യത്തൊഴിലാളികളുടെ അവകാശ സംരക്ഷണത്തിനായി ഭരണഘടനയ്ക്കുള്ളിൽ നിന്നുകൊണ്ട് ഒരു പുതിയ നിയമം ആവിഷ്കരിക്കുന്നതിന് 'മത്സ്യത്തൊഴിലാളി അവകാശ സംരക്ഷണ

നിയമത്തിന്റെ' കരട് തയ്യാറാക്കുന്നതിനായി ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ചു. പ്രസ്തുത കമ്മിറ്റി നിയമത്തിന്റെ കരട് രൂപീകരിക്കുന്നതിനുള്ള നടപടി ആരംഭിച്ചുകഴിഞ്ഞു.

(സി) മത്സ്യലേലവും വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും ഗുണനിലവാരം പരിപാലിക്കുന്നതിനും അവയുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റ് കാര്യങ്ങൾക്കുംവേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള നിയമനിർമ്മാണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ട്രോളിംഗ് നിരോധനം**

325(1400) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രോളിംഗ് നിരോധനം ആരംഭിച്ചത് എന്നാണെന്ന് അറിയിക്കാമോ;

(ബി) ട്രോളിംഗ് നിരോധനം എന്തിനാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ട്രോളിംഗ് നിരോധന കാലയളവ് തീരുമാനിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വിശദീകരിക്കാമോ;

(ഡി) ട്രോളിംഗ് നിരോധനംമൂലം മത്സ്യസമ്പത്ത് വർദ്ധിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകാമോ;

(ഇ) ട്രോളിംഗ് നിരോധന കാലയളവിൽ മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(എഫ്) എത്ര പേർക്ക് ഈ ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 1988-ലാണ് സംസ്ഥാനത്ത് ട്രോളിംഗ് നിരോധനം ആരംഭിച്ചത്.

(ബി) മത്സ്യസമ്പത്ത് സുസ്ഥിരമായി നിലനിർത്തുന്നതിനും ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനുമാണ് ട്രോളിംഗ് നിരോധനം നടപ്പിലാക്കുന്നത്.

(സി) കടലിലെ വാണിജ്യ പ്രാധാന്യമുള്ള മിക്ക മത്സ്യങ്ങളുടെയും പ്രജനനകാലമാണ് പ്രധാനമായും ട്രോളിംഗ് നിരോധനത്തിനായി തെരഞ്ഞെടുക്കുന്നത്. മുട്ടകൾക്കും കുഞ്ഞുങ്ങൾക്കും നാശം സംഭവിക്കാതിരിക്കാനാണ് ഈ കാലയളവ് തെരഞ്ഞെടുത്തിരിക്കുന്നത്. പശ്ചിമതീരത്ത് upwelling-മൂലവും മറ്റും കടൽ ഏറ്റവും കൂടുതൽ ഉല്പാദനക്ഷമമാകുന്ന കാലയളവും ട്രോളിംഗ് നിരോധന കാലയളവ് തീരുമാനിക്കുന്നതിനുള്ള മാനദണ്ഡമായി കണക്കാക്കാറുണ്ട്.

(ഡി) കണ്ടെത്തിയിട്ടുണ്ട്. സംസ്ഥാനത്ത് സർക്കാർ നിയമിച്ച വിവിധ കമ്മിറ്റികൾ ട്രോൾബാൻ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ട്. മത്സ്യസമ്പത്തിൽ ഗണ്യമായ വർദ്ധന ട്രോൾബാൻമൂലമുണ്ടായിട്ടുണ്ടെന്ന് CMFRI-യുടെ പഠന റിപ്പോർട്ടുകൾ തെളിയിക്കുന്നുണ്ട്. അമിത ചൂഷണമുണ്ടായിട്ടുകൂടി മത്സ്യസമ്പത്ത് ഒരുപരിധിവരെ സുസ്ഥിരമായി നിലനിർത്തുന്നതിന് ട്രോൾബാൻ സഹായകമാകുന്നുണ്ട്. അടിത്തട്ടിലുള്ള മത്സ്യങ്ങളുടെ എണ്ണത്തിലും ഉപരിതല മത്സ്യങ്ങളുടെ എണ്ണത്തിലും ട്രോൾബാനിനുശേഷം ഗണ്യമായ വർദ്ധനയുണ്ടായിട്ടുള്ളതായി വിവിധ ഹാർബറുകളിൽനിന്നും ലാന്റിംഗ് സെന്ററുകളിൽ നിന്നും ലഭ്യമാകുന്ന വിവരങ്ങൾ സൂചിപ്പിക്കുന്നുണ്ട്.

(ഇ) സംസ്ഥാനത്ത് സാധാരണയായി ജൂൺ, ജൂലൈ മാസങ്ങളിലാണ് ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുന്നത്. ഈ കാലയളവിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിലേർപ്പെടുന്നുണ്ട്. എന്നാൽ യന്ത്രവത്കൃത യാനങ്ങളിൽ പണിയെടുക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്നു. ഇത്തരത്തിലുള്ളവർക്ക് ട്രോളിംഗ് നിരോധന കാലയളവിൽ സൗജന്യ റേഷൻ നൽകുന്നു. കൂടാതെ ഇക്കാലയളവിൽ സമ്പാദ്യ സമാശ്വാസ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് 4500 രൂപ (കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതം ഉൾപ്പെടെ) വിതരണം ചെയ്യുന്നു.

(എഫ്) 39232 പേർക്ക് സൗജന്യറേഷനും കടൽ മത്സ്യത്തൊഴിലാളികളിൽ 175368 പേർക്ക് സമ്പാദ്യസമാശ്വാസ പദ്ധതി പ്രകാരമുള്ള 4500 രൂപ വീതം ധനസഹായവും ലഭിക്കുന്നുണ്ട്.

## പരമ്പരാഗത മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി

326(1401) <u>ശ്രീ. ടി. ജെ. വിനോദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനവും അശാസ്ത്രീയമായ മീൻപിടിത്തവും കാരണം പരമ്പരാഗത മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അടിക്കടി ഉണ്ടാകുന്ന കാലാവസ്ഥ വ്യതിയാനംമൂലമുള്ള മുന്നറിയിപ്പുകൾ നിമിത്തം മത്സ്യത്തൊഴിലാളികൾക്ക് കടലിൽ പോകുവാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(സി) 2019-ൽ ഇപ്രകാരമുള്ള മുന്നറിയിപ്പ്മൂലം മത്സ്യത്തൊഴിലാളികൾക്ക് എത്ര തൊഴിൽ ദിനങ്ങളാണ് നഷ്ടപ്പെട്ടിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് അതിന് നഷ്ടപരിഹാരം നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേലുള്ള നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) കാലാവസ്ഥ പ്രവചനങ്ങളിൽ ഉണ്ടാകുന്ന അവ്യക്തതയും സൂക്ഷ്മത ഇല്ലായ്മയുംമൂലം മത്സ്യത്തൊഴിലാളികൾക്ക് ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അടിയന്തര ഇടപെടലുകൾ ഉണ്ടാകുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്.

(സി) 2019 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ കേന്ദ്ര കാലാവസ്ഥ നിരീക്ഷണ കേന്ദ്രത്തിന്റെ മുന്നറിയിപ്പ് അനുസരിച്ച് 53 ദിവസം കേരള തീരത്ത് മത്സ്യബന്ധനത്തിന് പോകരുതെന്ന് മുന്നറിയിപ്പ് നൽകിയിട്ടുണ്ടായിരുന്നു. ടി സാഹചര്യത്തിൽ 2019-ൽ ഇപ്രകാരമുള്ള മുന്നറിയിപ്പുമൂലം മത്സ്യത്തൊഴിലാളികൾക്ക് 53 തൊഴിൽദിനങ്ങളാണ് നഷ്ടപ്പെട്ടിട്ടുള്ളത്.

(ഡി) ഉണ്ട്. ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കാലാവസ്ഥ മുന്നറിയിപ്പുകൾ കേന്ദ്ര കാലാവസ്ഥാ വിഭാഗം പുറപ്പെടുവിക്കുന്നത് സംസ്ഥാന ദുരന്ത നിവാരണ വകുപ്പുവഴി ഫിഷറീസ് വകുപ്പിന് ലഭിക്കുകയും അത് മത്സ്യത്തൊഴിലാളികളെ കൃത്യമായി അറിയിക്കുകയും ചെയ്തുവരുന്നു. പൂർണ്ണവും കൂടുതൽ ദിവസങ്ങൾ നീണ്ടുനിൽക്കുന്നതുമായ മത്സ്യബന്ധന നിരോധനം ക്യാർ, മഹ പോലുള്ള ചുഴലിക്കാറ്റ് മുന്നറിയിപ്പുകളുണ്ടാകുമ്പോൾ മാത്രമാണ്. അല്ലാത്ത സമയങ്ങളിൽ കാറ്റും ഒഴുക്കും കൂടുതലുള്ള നിശ്ചിത പ്രദേശത്ത് മാത്രമായി മത്സ്യബന്ധന വിലക്ക് ഏർപ്പെടുത്തുകയാണ് ചെയ്തുവരുന്നത്. തുടർച്ചയായ ദിവസങ്ങളിൽ മത്സ്യബന്ധന നിരോധനം ഏർപ്പെടുത്തേണ്ടിവരുമ്പോൾ സൗജന്യ റേഷനും മത്സ്യത്തൊഴിലാളി കുടുംബത്തിന് ഉപജീവന ബത്തയും അനുവദിക്കാറുണ്ട്.

മൺസൂൺ കാലയളവിൽ കടൽ പ്രക്ഷുബ്ധമാകയാൽ മത്സ്യബന്ധന ദിനങ്ങൾ കുറവാകുമെന്ന് കണ്ടുകൊണ്ട് സമ്പാദ്യ സമാശ്വാസ പദ്ധതി തുക 4,500 രൂപയായി വർദ്ധിപ്പിക്കുകയും ആയത് പഞ്ഞമാസക്കാലയളവിൽ വിതരണം ചെയ്യുകയും ചെയ്തുവരുന്നു. കൂടാതെ തണൽ പദ്ധതിയിലുൾപ്പെടുത്തി ഒരു മത്സ്യത്തൊഴിലാളി കുടുംബത്തിന് ഒരു വർഷം 1,350 രൂപ എന്ന ക്രമത്തിൽ നൽകിവരുന്നുണ്ട്.

(ഇ) കാലാവസ്ഥാ മുന്നറിയിപ്പുകൾ കേന്ദ്ര കാലാവസ്ഥാ വിഭാഗം പുറപ്പെടുവിക്കുന്നത് സംസ്ഥാന ദുരന്ത നിവാരണ വകുപ്പുവഴി ഫിഷറീസ് വകുപ്പിന് ലഭ്യമാകുകയും അത് മത്സ്യത്തൊഴിലാളികളെ കൃത്യമായി അറിയിക്കുകയും ചെയ്തുവരുന്നു. ഇത്തരം മുന്നറിയിപ്പുകൾ മത്സ്യത്തൊഴിലാളികളിലെത്തിക്കുന്നതിന് 145778 മത്സ്യത്തൊഴിലാളികളുടെ മൊബൈൽ നമ്പരുകൾ ഇൻകോയിസിന് കൈമാറിയിട്ടുണ്ട്. കൂടാതെ ISRO വികസിപ്പിച്ചെടുത്ത 'നാവിക്' ഉപകരണംവഴി മത്സ്യത്തൊഴിലാളികൾക്ക് യഥാസമയം മുന്നറിയിപ്പുകൾ ലഭ്യമാക്കുന്നുണ്ട്. സാറ്റലൈറ്റ് ഫോൺ, ഡാറ്റ് എന്നിവയിലൂടെയും മത്സ്യത്തൊഴിലാളികൾക്ക് മുന്നറിയിപ്പുകൾ ലഭ്യമാക്കുന്നു.

## വൈപ്പിൻ മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻ നടപ്പാക്കുന്ന പ്രവൃത്തികൾ

327(1402) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ തീരദേശവികസന കോർപ്പറേഷൻ മുഖാന്തരം ഏതെല്ലാം പ്രവൃത്തികളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം തീരദേശവികസന കോർപ്പറേഷൻ മുഖാന്തരം നടപ്പാക്കിയ പ്രവൃത്തികൾ ഏതെല്ലാമെന്നും എത്ര തുക വീതം ചെലവഴിച്ചിട്ടുണ്ടെന്നും പ്രവൃത്തി തിരിച്ച് വിശദമാക്കാമോ?

ഉത്തരം

(എ) വൈപ്പിൻ മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻ മുഖാന്തരം നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

2016-17 സാമ്പത്തികവർഷം

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | ജി.വി.എച്ച്.എസ്.എസ്., കടമക്കുടി, പുതിയ അക്കാദമിക് ബ്ലോക്ക് നിർമ്മാണം | 435.00 | പദ്ധതി പൂർത്തീകരിച്ചു |
| 2 | ജി.എച്ച്.എസ്.എസ്., തൃക്കുന്നപ്പുഴ, സ്പോർട്സ് കിറ്റ് വിതരണം | 3.00 | പദ്ധതി പൂർത്തീകരിച്ചു |
| 3 | ജി.എച്ച്.എസ്.എസ്., കടമക്കുടി, സ്പോർട്സ് കിറ്റ് വിതരണം | 3.00 | പദ്ധതി പൂർത്തീകരിച്ചു |
| 4 | ജി.വി.എച്ച്.എസ്.എസ്., ഞാറയ്ക്കൽ, സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മാണം | 7.00 | പദ്ധതി പൂർത്തീകരിച്ചു |
| 5 | ജി.വി.എച്ച്.എസ്.എസ്., ഞാറയ്ക്കൽ, പുതിയ അക്കാദമിക് ബ്ലോക്ക് നിർമ്മാണം | 420.00 | പദ്ധതി പൂർത്തീകരിച്ചു |

ഇതിനുപുറമെ വൈപ്പിൻ മണ്ഡലത്തിലെ നായരമ്പലം മത്സ്യമാർക്കറ്റ് കിഫ്ബി ഫണ്ട് വിനിയോഗിച്ച് നവീകരിക്കുന്നതിന് 400.68 ലക്ഷം രൂപയ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തീരദേശ വികസന കോർപ്പറേഷൻ മുഖാന്തരം നടപ്പാക്കിയ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

**പട്ടികവിഭാഗത്തിൽപ്പെടുന്നവർക്ക് ക്ഷേമനിധി**

328(1403) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുഴയിൽ നിന്ന് മീൻ പിടിച്ച് ഉപജീവനം നടത്തുന്ന ഒല്ലൂർ നിയോജകമണ്ഡലത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവർക്ക് ക്ഷേമനിധി ആനുകൂല്യങ്ങൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇവർക്ക് മത്സ്യബന്ധന ഉപകരണങ്ങളും ഇൻഷ്വറൻസ് പരിരക്ഷയും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള മത്സ്യത്തൊഴിലാളികൾക്ക് അപേക്ഷയുടെയും അർഹതയുടെയും അടിസ്ഥാനത്തിൽ ആനുകൂല്യങ്ങൾ നൽകിവരുന്നു. ഒല്ലൂർ നിയോജകമണ്ഡലത്തിലുൾപ്പെടുന്ന ഉൾനാടൻ മത്സ്യഗ്രാമത്തിലെ പുഴയിൽനിന്നും ജലസംഭരണികളിൽനിന്നും മത്സ്യം പിടിക്കുന്ന ക്ഷേമനിധി അംഗത്വമുള്ള ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് അവരുടെ അപേക്ഷകളുടെ അടിസ്ഥാനത്തിൽ ക്ഷേമനിധി മാർഗ്ഗരേഖ അനുസരിച്ച് അർഹമായ എല്ലാ ആനുകൂല്യങ്ങളും ലഭിക്കുന്നുണ്ട്.

(ബി) നിലവിൽ ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള മത്സ്യത്തൊഴിലാളി/അനുബന്ധ തൊഴിലാളി ലിസ്റ്റിലുൾപ്പെടുന്ന എല്ലാവർക്കും അപകട ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്ന പദ്ധതി നിലവിലുണ്ട്. ഉൾനാടൻ മേഖലയിൽ മത്സ്യബന്ധനോപകരണങ്ങൾ നൽകുന്ന പദ്ധതി വകുപ്പ് മുഖേന നടപ്പാക്കുന്നില്ല.

**വിവാഹ ധനസഹായം**

329(1404) <u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിവാഹ ധനസഹായം എത്ര രൂപയാണ് എന്നറിയിക്കുമോ;

(ബി) ഈ ധനസഹായം വിതരണം ചെയ്യുന്നത് സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) കഴിഞ്ഞ 12 മാസത്തോളമായി ഈ ധനസഹായം മുടങ്ങിക്കിടക്കുന്നു എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ഡി) ഈ ധനസഹായം അടിയന്തരമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മത്സ്യബോർഡ് നടപ്പാക്കുന്ന വിവാഹ ധനസഹായ പദ്ധതിപ്രകാരം മത്സ്യത്തൊഴിലാളികളുടെ രണ്ട് പെൺമക്കളുടെ വരെ വിവാഹത്തിന് ധനസഹായമായി 20-11-2014 മുതൽ 10,000 രൂപ നൽകിവരുന്നു.

(ബി) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് (മത്സ്യബോർഡ്) സ്വന്തം വരുമാനമുപയോഗിച്ച് നടപ്പാക്കിവരുന്ന പദ്ധതിയാണ് വിവാഹ ധനസഹായ പദ്ധതി. അംഗത്വമെടുത്ത് ആദ്യവിഹിതം അടച്ചതുമുതൽ 3 വർഷം കഴിഞ്ഞാൽ മാത്രമേ ഈ പദ്ധതിപ്രകാരമുള്ള ധനസഹായം ലഭിക്കുകയുള്ളൂ. മത്സ്യത്തൊഴിലാളി വിഹിതങ്ങൾ പൂർണ്ണമായും അടച്ചിരിക്കണം. വധുവിന് വിവാഹ തീയതിക്ക് പതിനെട്ട് വയസ്സ് പൂർത്തിയായിരിക്കണം. അപേക്ഷകരുടെ കുടുംബ വാർഷിക വരുമാനം റേഷൻ കാർഡിൽ 50,000 രൂപയിൽ താഴെയായിരിക്കണം. വിവാഹ തീയതിക്കുശേഷം 60 ദിവസത്തിനകം നിശ്ചിതഫോറത്തിൽ തയ്യാറാക്കിയ അപേക്ഷയുടെ രണ്ട് പകർപ്പുകൾ ആവശ്യമായ രേഖകൾ സഹിതം ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. മാർഗ്ഗരേഖകൾ പ്രകാരമുള്ള അർഹതയുടെ അടിസ്ഥാനത്തിൽ ധനസഹായം അനുവദിക്കുന്നു.

(സി) വിവാഹ ധനസഹായ പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുക കണ്ടെത്തുന്നത് മത്സ്യബോർഡിന്റെ തനത് ഫണ്ടിൽ നിന്നാണ്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചാണ് ധനസഹായം നൽകിവരുന്നത്. നിലവിൽ 2018 സെപ്റ്റംബർ മാസം വരെയുള്ള വിവാഹ ധനസഹായ അപേക്ഷകർക്കാണ് വിവാഹ ധനസഹായം അനുവദിച്ച് നൽകിയിട്ടുള്ളത്.

(ഡി) 2018 ഡിസംബർ വരെയുള്ള കുടിശ്ശിക മുഴുവനായും നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് 2019 വർഷത്തെ ധനസഹായവും നൽകുന്നതാണ്.

**തീരദേശ സ്കൂളുകളുടെ വികസനം**

330(1405) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശത്തുള്ള ഫിഷറീസ് സ്കൂളുകളുടെ വികസനത്തിനായി കിഫ്ബിയിൽ നിന്നും ധനസഹായം ഉറപ്പാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര കോടി രൂപയാണ് കിഫ്ബിയിൽനിന്നും അനുവദിച്ചതെന്നും, അതിൽ എത്ര തുക ഇതിനകം ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്തെ തീരദേശത്തെ തെരഞ്ഞെടുത്ത സ്കൂളുകളെ കിഫ്ബി ധനസഹായത്തോടെ പുനരുദ്ധരിക്കുന്നതിനായി 294.72 കോടി

രൂപയുടെ പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. ഇതിൻപ്രകാരം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന 69 സ്കൂളുകൾ പുനരുദ്ധരിക്കുന്നതിനായി 141.27 കോടി രൂപയുടെ പദ്ധതികൾ തയ്യാറാക്കി കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അതിൽ 56 സ്കൂളുകൾ പുനരുദ്ധരിക്കുന്നതിനായി 64.18 കോടി രൂപയുടെ പദ്ധതികൾക്ക് 21-1-2020-ൽ കിഫ്ബി അനുമതി ലഭിച്ചിട്ടുണ്ട്.

**പുനർഗേഹം പദ്ധതി**

331(1406) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫിഷറീസ് വകുപ്പിന്റെ പുനർഗേഹം പദ്ധതി പ്രകാരം 50 മീറ്ററിനുള്ളിൽ താമസിക്കുന്നവർ ആനുകൂല്യം കൈപ്പറ്റി പുതിയ വീട് വെച്ച് മാറി താമസിക്കുമ്പോൾ 50 മീറ്ററിനുള്ളിലെ വീടൊഴിഞ്ഞഭാഗത്തെ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഉടമകളിൽ തന്നെ നിക്ഷിപ്തമാകുമോ; അതോ സർക്കാരിലേയ്ക്ക് മുതൽ കൂട്ടുമോ; പ്രസ്തുത സ്ഥലത്ത് നിന്നുള്ള കാർഷികാദായങ്ങൾ സ്ഥലമുടമയ്ക്ക് എടുക്കാൻ കഴിയുമോ; വിശദമാക്കാമോ;

(ബി) 50 മീറ്ററിനുള്ളിൽ വീടൊഴിഞ്ഞ് പോയ ഭാഗത്തെ സ്ഥലത്തുകൂടെ തീരദേശ ഹൈവെ/മറ്റ് വികസന പ്രവർത്തനങ്ങൾ എന്നിവ വരുമ്പോൾ അതത് അക്വസിഷൻ ഏജൻസികൾ ഏറ്റെടുക്കുന്ന സ്ഥലത്തിന് സ്ഥലമുടമക്ക് നഷ്ടപരിഹാരം ലഭിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) പദ്ധതിയിലുൾപ്പെട്ട ഗുണഭോക്താക്കൾ നിലവിലുള്ള കെട്ടിടം സ്വന്തം നിലയിൽ പൊളിച്ചുമാറ്റേണ്ടതും വസ്തു റിലിങ്ക്വിഷ് ചെയ്യേണ്ടതുമാണ്. എന്നാൽ 5 സെന്റിന് മുകളിൽ ഭൂമിയുള്ള ഗുണഭോക്താക്കൾക്ക് നിബന്ധനകൾക്ക് വിധേയമായി ടി സ്ഥലം കൃഷിക്ക് ഉപയോഗിക്കാവുന്നതാണ്. ടി സ്ഥലത്ത് യാതൊരുവിധ നിർമ്മാണ പ്രവർത്തനങ്ങളും നടത്താൻ അനുവദിക്കുന്നതല്ലെന്ന് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) നിലവിൽ ഗുണഭോക്താക്കൾ റിലിങ്ക്വിഷ് ചെയ്ത ഭൂമിയിൽ അനുയോജ്യമായ മരങ്ങൾ വച്ചുപിടിപ്പിച്ച് വകുപ്പിന്റെ നേതൃത്വത്തിലൊരു ഹരിത കവചമാക്കി നിലനിർത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

## ഫിഷറീസ് സ്കൂളുകളിലെ അടിസ്ഥാന സൗകര്യവികസനം

332(1407) ശ്രീ. കെ. ദാസൻ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ മേഖലകളിലെ വിദ്യാഭ്യാസ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) തീരദേശങ്ങളിൽ നൂറ് ശതമാനം സാക്ഷരത കൈവരിക്കുന്നതിനായി ഫിഷറീസ് സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) അക്ഷര സാഗരം പദ്ധതി കൂടുതൽ തീരപ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് തീരദേശ മേഖലകളിലെ വിദ്യാഭ്യാസ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് വിവിധ വിദ്യാഭ്യാസാനുകൂല്യങ്ങളായ ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപന്റ്, ട്യൂഷൻ ഫീസ്, പോക്കറ്റ് മണി, മെസ് ഫീസ്, ഹോസ്റ്റൽ ഫീസ്, പരീക്ഷാഫീസ്, സ്പെഷ്യൽ ഫീസ് മുതലായവയും നൽകിവരുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മത്സ്യത്തൊഴിലാളികളുടെ പോസ്റ്റ് മെട്രിക് വിഭാഗത്തിൽ പഠിക്കുന്ന മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യം യഥാസമയം വിതരണം ചെയ്യുന്നതിനായി ഇ-ഗ്രാന്റ്സ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ടി പദ്ധതി മുഖേന യഥാസമയം മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിവിധ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിച്ചുവരുന്നു. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതിനായി 2016-17 സാമ്പത്തികവർഷം 19.99 കോടി രൂപയും 2017-18 സാമ്പത്തിക വർഷം 25.53 കോടി രൂപയും 2018-19 സാമ്പത്തിക വർഷം 29.17 കോടി രൂപയും അനുവദിച്ചു നൽകിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതിന് 29 കോടി രൂപ ഇതിനകം ജില്ലകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) തീരദേശങ്ങളിൽ 100% സാക്ഷരത കൈവരിക്കുന്നതിനായി മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യം വികസനവും മാനവശേഷി വികസനവും എന്ന പദ്ധതിയിലുൾപ്പെടുത്തി ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള 10 ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂളുകളെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള പദ്ധതികളും തീരദേശത്തെ 56 വിദ്യാലയങ്ങൾ കിഫ്ബിയിലുൾപ്പെടുത്തി 64.48 കോടി രൂപ ചെലവിൽ നവീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) കേരളത്തിന്റെ തീരപ്രദേശങ്ങളിലെ സാക്ഷരതാ നിലവാരം ഉയർത്തുക, നാല്, ഏഴ്, പത്ത് തുല്യതാ പരിപാടികൾ ശക്തിപ്പെടുത്തുക, തീരദേശത്ത് തുടർ വിദ്യാഭ്യാസത്തിന് അനുകൂലമായ സാഹചര്യമുണ്ടാക്കുക, മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാണ് ഫിഷറീസ് വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ സംസ്ഥാന സാക്ഷരതാ മിഷന്റെ നേതൃത്വത്തിൽ അക്ഷര സാഗരം പദ്ധതി നടപ്പിലാക്കിവരുന്നത്. കേരളത്തിന്റെ ഒമ്പത് തീരപ്രദേശങ്ങളായ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ നടപ്പിലാക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. അക്ഷര സാഗരം പദ്ധതിയുടെ ഒന്നാംഘട്ടം തിരുവനന്തപുരം, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിൽ വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്. അക്ഷരസാഗരം പദ്ധതിയുടെ രണ്ടാം ഘട്ടം കൊല്ലം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ ടി പദ്ധതിയുടെ ഭാഗമായി സാക്ഷരതാ പരിപാടികൾ പൂർത്തീകരിക്കുകയും തുടർപ്രവർത്തനങ്ങൾ എന്ന നിലയിൽ നാലാംതരം തുല്യതാ പരിപാടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അക്ഷരസാഗരം മൂന്നാംഘട്ടം പദ്ധതി ആലപ്പുഴ, തൃശ്ശൂർ, കണ്ണൂർ എന്നീ ജില്ലകളിൽ നടപ്പാക്കിവരുന്നു.

**പുനർഗേഹം പദ്ധതി**

333(1408) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശത്ത് നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ മാറ്റി താമസിപ്പിക്കുന്നതിന് പുനർഗേഹം എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഈ പദ്ധതി പ്രകാരം എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങളെയാണ് മാറ്റി താമസിപ്പിക്കേണ്ടതായി വന്നിട്ടുള്ളത്;

(സി) പുനർഗേഹം പദ്ധതിക്കായി ഫിഷറീസ് വകുപ്പ് മാർഗ്ഗനിർദ്ദേശങ്ങൾ പുറത്തിറക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത മാർഗ്ഗനിർദ്ദേശ പ്രകാരം 50 മീറ്ററിനുള്ളിൽ താമസിക്കുന്ന കുടുംബങ്ങളുടെ വീടിനോ, ഭൂമിക്കോ കടലാക്രമണത്തിലോ, പ്രകൃതിദുരന്തത്തിലോ നഷ്ടം സംഭവിച്ചാൽ നഷ്ടപരിഹാരത്തിന് അർഹതയില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ടോ;

(ഇ) പുനർഗേഹം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഇതിനകം എത്ര കുടുംബങ്ങൾക്കാണ് ധനസഹായം നൽകിയതെന്ന് വ്യക്തമാക്കാമോ;

(എഫ്) ആയിരക്കണക്കിന് മത്സ്യത്തൊഴിലാളികൾക്ക് ഇനിയും ധനസഹായം നൽകുവാൻ ഉണ്ടെന്നിരിക്കെ മാർഗ്ഗനിർദ്ദേശപ്രകാരം കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നിരസിക്കുന്നത് പുനഃപരിശോധിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 18,685 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

(സി) ഉണ്ട്. പദ്ധതി നിർവ്വഹണത്തിനായി 7-1-2020-ലെ സ.ഉ. (സാധാ)നമ്പർ 13/2020/മഉവ. പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ നിലവിൽ അധിവസിക്കുന്നവരും എന്നാൽ 'പുനർഗേഹം' പദ്ധതിയിലുൾപ്പെട്ട് മാറിത്താമസിക്കാൻ വിസമ്മതിക്കുന്നവരുമായവർക്ക് തുടർന്ന് കടൽക്ഷോഭംമൂലം ഭൂമിക്കും വീടിനുമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് യാതൊരുവിധ സർക്കാർ ധനസഹായത്തിനും അർഹതയുണ്ടായിരിക്കുന്നതല്ലെന്ന് മാർഗ്ഗനിർദ്ദേശങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഇ) പുനർഗേഹം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ സ്വയംസന്നദ്ധരായ 8487 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ധനസഹായം അനുവദിച്ച് തുടങ്ങിയിട്ടില്ല. മാറിത്താമസിക്കാൻ സന്നദ്ധരായ മത്സ്യത്തൊഴിലാളികളുടെ പട്ടിക ജില്ലാതല അപ്രൂവൽ കമ്മിറ്റി ജില്ലകളിൽ അംഗീകരിച്ച് പ്രാരംഭ നടപടി സ്വീകരിച്ചുവരുന്നു.

(എഫ്) പുനർഗേഹം പദ്ധതിയിലുൾപ്പെട്ട് മാർഗ്ഗനിർദ്ദേശപ്രകാരം മാറിത്താമസിക്കാൻ സന്നദ്ധരാകുന്ന എല്ലാ കുടുംബങ്ങൾക്കും ധനസഹായം അനുവദിക്കുന്നതാണ്.

## മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനം

334(1409) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യവികസനത്തിനുവേണ്ടി കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ഭരണാനുമതി നൽകി നടപ്പിലാക്കിയ വിവിധ മരാമത്ത് പണികളുടെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കാമോ;

(ബി) കായംകുളം ഫിഷിംഗ് ഹാർബറിന്റെ വികസനവുമായി ബന്ധപ്പെട്ട് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ പുരോഗതി കാണിക്കുന്ന ലിസ്റ്റ് ലഭ്യമാക്കാമോ;

(സി) മാർക്കറ്റുകളുടെ വികസനം, വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യവികസനം, എന്നീമേഖലകളിൽ മത്സ്യബന്ധന വകുപ്പിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയ പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ഭരണാനുമതി നൽകി നടപ്പിലാക്കിയ വിവിധ മരാമത്തുപണികളുടെ വിശദമായ റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കായംകുളം ഫിഷിംഗ് ഹാർബറിന്റെ വികസനവുമായി ബന്ധപ്പെട്ട് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ പുരോഗതി അനുബന്ധമായി ചേർത്തിരിക്കുന്നു. *

(സി) മാർക്കറ്റുകളുടെ വികസനം, വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, എന്നീ മേഖലകളിൽ മത്സ്യബന്ധന വകുപ്പിന്റെ പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

**മത്സ്യത്തൊഴിലാളികൾക്ക് സാറ്റലൈറ്റ് ഫോൺ**

335(1410) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്ക് സാറ്റലൈറ്റ് ഫോൺ നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത ഫോണിന് മത്സ്യത്തൊഴിലാളികളിൽനിന്നും എത്ര തുകയാണ് ആദ്യം ഈടാക്കിയതെന്ന് വ്യക്തമാക്കുമോ;

(സി) പിന്നീട് ഈ തുകയിൽ എന്തെങ്കിലും ഇളവ് നൽകിയിട്ടുണ്ടോ; എങ്കിൽ ആദ്യഘട്ടത്തിൽ കൂടിയ തുക ഈടാക്കിയവർക്ക് അധിക തുക മടക്കി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 93,901 രൂപ വിലവരുന്ന സാറ്റലൈറ്റ് ഫോണിന്, യന്ത്രവത്കൃത യാനങ്ങൾക്ക് 50% ഗുണഭോക്തൃ വിഹിതമായ 46,951 രൂപയും പരമ്പരാഗത

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

മത്സ്യബന്ധന യാനങ്ങൾക്ക് 10% ഗുണഭോക്തൃ വിഹിതമായ 9390 രൂപയുമാണ് ഈടാക്കിയത്.

(സി) പരമ്പരാഗത മത്സ്യബന്ധനയാനങ്ങൾക്ക് സാറ്റലൈറ്റ് ഫോൺ വിതരണം ചെയ്യുന്നതിനുള്ള ഗുണഭോക്തൃ വിഹിതം 1,000 രൂപയായി കുറച്ചിട്ടുണ്ട്. സാറ്റലൈറ്റ് ഫോണിനുവേണ്ടി ഗുണഭോക്തൃ വിഹിതം അടച്ച പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 1,000 രൂപ കുറച്ച് ബാക്കി തുക തിരിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**മത്സ്യത്തൊഴിലാളികൾക്കുള്ള പുനരധിവാസ പാക്കേജ്**

336(1411) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് മൽസ്യത്തൊഴിലാളികൾക്ക് നടപ്പിലാക്കി വരുന്ന പുനരധിവാസ പാക്കേജിന്റെ വിശദാംശം വെളിപ്പെടുത്താമോ;

(ബി) തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് ഈ പാക്കേജ് വഴി സർക്കാർ ഇതുവരെ എന്തെല്ലാം സഹായം ലഭ്യമാക്കി; വിശദമാക്കാമോ?

ഉത്തരം

(എ) വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖ പദ്ധതി നടപ്പാക്കുന്നതിനോടനുബന്ധിച്ചുള്ള നഷ്ടപരിഹാരവും പുനരധിവാസത്തിനുമായി തിരുവനന്തപുരം ജില്ലയിലെ തീരദേശ മേഖലയുടെ വികസനത്തിനായി 475 കോടി രൂപയുടെ ഒരു പ്രത്യേക പാക്കേജിന് അനുമതി നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) ലിയാക് റിപ്പോർട്ടുപ്രകാരം മത്സ്യബന്ധന മേഖലയിലെ പുനരധിവാസത്തിനായി 39.34 കോടി രൂപയാണ് കണക്കാക്കിയിട്ടുള്ളത്. ലിയാക് അപ്പീൽ കമ്മിറ്റി അംഗീകരിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സർക്കാർ അനുവദിച്ച ആനുകൂല്യങ്ങളും നാളിതുവരെ വിതരണം ചെയ്ത വിവരവും ചുവടെ ചേർക്കുന്നു.

1. ചിപ്പി/ലോബ്സ്റ്റർ വിഭാഗത്തിൽ 261 പേർക്ക് 12.34 കോടി രൂപ (കടൽകൂട് മത്സ്യകൃഷി ആളോഹരി വിഹിതമുൾപ്പെടെ) സ്ഥിരവരുമാന നഷ്ടം കണക്കാക്കി വിതരണം ചെയ്തു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2. കരമടി മത്സ്യബന്ധന വിഭാഗത്തിൽ 896 പേർക്ക് 52.13 കോടി രൂപ സ്ഥിര വരുമാന നഷ്ടം വിതരണം ചെയ്തു.

3. നിർമ്മാണ കാലയളവിൽ പദ്ധതി പ്രദേശം ചുറ്റി പോകേണ്ടതിനാൽ 1220 മത്സ്യത്തൊഴിലാളികൾക്ക് (1996 എഞ്ചിനുകൾക്കായി) 12.48 കോടി രൂപയുടെ മണ്ണെണ്ണ വിതരണം ചെയ്യുന്നതിനായി മത്സ്യഫെഡിന് നൽകിയിട്ടുണ്ട്.

4. റിസോർട്ട് തൊഴിലാളികളായ 211 പേർക്ക് 6.08 കോടി രൂപ സ്ഥിര വരുമാന നഷ്ടം വിതരണം ചെയ്തു.

5. ആറ് സ്വയം സഹായ സംഘങ്ങളിലെ 33 പേർക്ക് 8 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

6. നാളിതുവരെ ആകെ 2621 പദ്ധതി ബാധിതർക്ക് 83.11 കോടി രൂപ നഷ്ടപരിഹാര വിതരണം ചെയ്യുകയുണ്ടായി.

ലിയാക് ശിപാർശപ്രകാരമുള്ള ജീവനോപാധി നഷ്ടപരിഹാര തുക 39.34 കോടി രൂപയാണ്. എന്നാൽ ഇരട്ടിയിലധികം (83.11 കോടി രൂപ) നാളിതുവരെയായി നൽകിയിട്ടുണ്ട്.

**മത്സ്യത്തൊഴിലാളികൾക്കായുള്ള ക്ഷേമപദ്ധതികൾ**

337(1412) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളായി സംസ്ഥാനത്താകമാനമുള്ളവർ എത്രയെന്നും, ഇവരിൽ തീരദേശനിവാസികൾ എത്രയെന്നും, മത്സ്യബന്ധന-വിപണന-വിതരണമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർ എത്രയെന്നുമുള്ള വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് മുൻ സർക്കാരിന്റെ കാലയളവിൽ നൽകിയിരുന്ന സഹായങ്ങൾ/ആനുകൂല്യങ്ങൾ, വീടുവെച്ചു താമസത്തിനുള്ള സഹായം, പുനരധിവാസത്തിനായുള്ള സഹായങ്ങൾ എന്നിവ എന്തെല്ലാമെന്നു വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ ബി.ഐ.എഫ്. & എച്ച്.ഡി.എഫ്. പദ്ധതിയുൾപ്പെടെ മറ്റ് പദ്ധതികളും സഹായങ്ങളുമായി നടത്തുന്ന തുടർപ്രവർത്തനങ്ങൾ എന്തെല്ലാമെന്നു വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തെ പിന്നോക്കം നിൽക്കുന്ന മത്സ്യമേഖലയിലെ തൊഴിലാളി കുടുംബങ്ങളെ മുൻസർക്കാർ ഓരോവർഷവും എത്തരത്തിൽ സഹായിച്ചുവെന്നും, എത്രപേർക്കു സഹായം നൽകിയെന്നുമുള്ള വിവരം നൽകാമോ;

(ഇ) ഈ സർക്കാർ നിലവിലുള്ളപദ്ധതികൾക്കും സഹായങ്ങൾക്കുമൊപ്പം എന്തെല്ലാം തുടർപ്രവർത്തനങ്ങൾ നടത്തിയെന്നും, ഇതിനായി ഓരോ വർഷവും ചെലവഴിച്ച തുക എത്ര എന്നും, എത്രപേർക്കു സഹായം നൽകിയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 2019-20 വർഷത്തെ കണക്കുകൾ പ്രകാരം സംസ്ഥാനത്താകമാനം 241572 സജീവ മത്സ്യത്തൊഴിലാളികളുണ്ട്. ഇതിൽ 190811 പേർ തീരദേശവാസികളും 85531 പേർ മത്സ്യ അനുബന്ധ മേഖലയിൽ പ്രവർത്തിക്കുന്നവരുമാണ്.

(ബി) 13-ാം ധനകാര്യ കമ്മീഷൻ അവാർഡ്, ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഭവന പദ്ധതി, സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി, മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും എന്നിവയിലുൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്കായി ഭവന നിർമ്മാണം/കോളനി നവീകരണം/ഭവന നവീകരണം/ടോയ്‌ലറ്റ് നിർമ്മാണം എന്നിവയും മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ മത്സ്യത്തൊഴിലാളികൾക്കും അപകട ഇൻഷ്വറൻസ് പദ്ധതി, സൗജന്യ റേഷൻ, സമ്പാദ്യ സമാശ്വാസ പദ്ധതി, വിദ്യാഭ്യാസ ആനുകൂല്യം, സംസ്ഥാന സർക്കാരിന്റെ സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി ടോയ്‌ലറ്റ് നിർമ്മാണ ധനസഹായം, കട്ടമരം വാങ്ങുന്നതിന് ധനസഹായം, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി പെൻഷൻ/ ഇൻഷ്വറൻസ്/തണൽ എന്നിങ്ങനെ വിവിധ ക്ഷേമ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

മത്സ്യത്തൊഴിലാളി വനിതകൾക്കായി സാഫ് മുഖേന ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട്, സാങ്കേതികവിദ്യാ നവീകരണം, തീരനൈപുണ്യ, കപ്പാസിറ്റി ബിൽഡിംഗ്, ബ്രാൻഡിംഗ് ആൻഡ് മാർക്കറ്റിംഗ് തുടങ്ങിയ പദ്ധതികൾ എന്നിവ പ്രകാരം ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്.

മത്സ്യഫെഡ് മുഖേന എഞ്ചിൻ സബ്സിഡി, മണ്ണെണ്ണ സബ്സിഡി, വലകൾക്ക് ധനസഹായം, എൻ.സി.ഡി.സി. പദ്ധതി, പലിശ രഹിത വായ്പ, തുടങ്ങിയവ നൽകിവരുന്നു.

(സി) ബി.ഐ.എഫ്. & എച്ച്.ഡി.എഫ്. പദ്ധതിയിലുൾപ്പെടുത്തി ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ഇ) ഈ സർക്കാർ നിലവിലുള്ള പദ്ധതികൾക്കും സഹായങ്ങൾക്കുമൊപ്പം നടത്തിയ തുടർപ്രവർത്തനങ്ങളും ഇതിനായി ഓരോ വർഷവും സാഫ് നൽകിയ സഹായങ്ങളും അനുബന്ധമായി ചേർക്കുന്നു.*

**കടലിൽ പോകുന്ന മത്സ്യബന്ധന യാനങ്ങളുടെ സുരക്ഷ**

338(1413) ശ്രീ. ടി. വി. ഇബ്രാഹിം
ശ്രീ. കെ. എൻ. എ. ഖാദർ
ശ്രീ. എം. ഉമ്മർ
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരപ്രദേശങ്ങളിൽ നിന്നും കടലിൽ മത്സ്യബന്ധനത്തിന് പോകുന്ന ബോട്ടുകളും വള്ളങ്ങളും കപ്പലുകളുമായി കൂട്ടിയിടിച്ച് ഇടയ്ക്കിടെ അപകടങ്ങൾ ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം കൂട്ടിയിടിക്കിടയാക്കുന്ന കാരണങ്ങളെക്കുറിച്ച് വസ്തുനിഷ്ഠമായ പഠനം നടന്നിട്ടുണ്ടോ; എങ്കിൽ പഠനത്തിലെ കണ്ടെത്തലുകളും പരിഹാര നിർദ്ദേശങ്ങളും എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) കടലിൽ പോകുന്ന യാനങ്ങളിൽ ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ ഘടിപ്പിച്ചിട്ടില്ലാത്തതാണ് ഇത്തരം അപകടങ്ങൾക്കുള്ള ഒരു പ്രധാന കാരണമെന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിലുള്ള നിയമപ്രകാരം സംസ്ഥാനത്തിന്റെ അധികാര പരിധിയിലുള്ള 12 നോട്ടിക്കൽ മൈൽ ദൂരപരിധിയിൽ മാത്രമാണ്

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനം നടത്തുന്നതിന് സംസ്ഥാന സർക്കാർ ലൈസൻസ് നൽകിവരുന്നത്. സംസ്ഥാനത്തിന്റെ അധികാര പരിധിയിലുള്ള 12 നോട്ടിക്കൽ മൈൽ ദൂര പരിധിയും കടന്ന് മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനം നടത്തുന്നതുകൊണ്ടാണ് അപകടങ്ങളുണ്ടാകുന്നത്. അപകടങ്ങൾ ഒഴിവാക്കുന്നതിനായി കപ്പൽ ചാലുകളിൽ മത്സ്യബന്ധനം നടത്തുന്നത് ഒഴിവാക്കണമെന്ന് വിവിധ മാർഗ്ഗങ്ങളിലൂടെ ഫിഷറീസ് വകുപ്പ് മത്സ്യത്തൊഴിലാളികൾക്കിടയിൽ ബോധവത്ക്കരണം നടത്തിവരുന്നുണ്ട്. അതുപോലെ വാണിജ്യ കപ്പലുകൾ ദിശ മാറി കരയോട് കൂടുതൽ അടുത്ത് യാത്ര ചെയ്യുന്നത് മുഖേനയും അപകടങ്ങളുണ്ടായിട്ടുണ്ട്. യന്ത്രവത്കൃത യാനങ്ങളിൽ 2019 സെപ്റ്റംബർ മാസം മുതൽ എ.ഐ.എസ്./വെസ്സൽ ട്രാക്കിംഗ് സിസ്റ്റം നിർബന്ധമാക്കിയിട്ടുണ്ട്. ഒരു പരിധിവരെ ഈ ഉപകരണത്തിന്റെ സഹായത്തോടെ ഇത്തരം അപകടങ്ങൾ ഒഴിവാക്കാൻ സാധിക്കും.

(സി) യന്ത്രവത്കൃത യാനങ്ങളിൽ 2019 സെപ്റ്റംബർ 1 മുതൽ AIS (ആട്ടോമാറ്റിക് ഐഡന്റിഫിക്കേഷൻ സിസ്റ്റം) നിയമപരമായി നിർബന്ധമാക്കിയിട്ടുണ്ട്. എ.ഐ.എസ് (ആട്ടോമാറ്റിക് ഐഡന്റിഫിക്കേഷൻ സിസ്റ്റം) ഘടിപ്പിക്കുന്നതുവഴി എതിരെ വരുന്ന കപ്പലുകൾക്ക് പ്രസ്തുത മത്സ്യബന്ധന യാനത്തിന്റെ സാന്നിദ്ധ്യം വളരെ അകലെ വച്ചുതന്നെ മനസ്സിലാക്കുന്നതിനും ദിശമാറി പോകുന്നതിനും അതുവഴി അപകടം ഒഴിവാക്കുന്നതിനും സാധിക്കും.

## തീരപ്രദേശങ്ങളുടെ വിസ്തൃതിയും കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശങ്ങളും

339(1414) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള തീരപ്രദേശങ്ങളുടെ വിസ്തൃതി എത്ര എന്നും ആയതിൽ കടലാക്രമണ /അതിരൂക്ഷ കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശ വിസ്തൃതി എത്ര എന്നും പ്രസ്തുത പ്രദേശങ്ങളിൽ എത്ര കുടുംബങ്ങൾ/എത്രപേർ താമസിക്കുന്നു എന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രദേശങ്ങളെ വേലിയേറ്റം, വേലിയിറക്കം ഉൾപ്പെടെയുള്ള പ്രകൃതിക്ഷോഭങ്ങൾ എത്തരത്തിൽ ബാധിക്കുമെന്നും ഈ സർക്കാർ കാലയളവിൽ എത്രപേർക്ക് ഇതുമൂലമുണ്ടായ ദുരന്തങ്ങൾക്കും കഷ്ടനഷ്ടങ്ങൾക്കും വിധേയരാകേണ്ട അവസ്ഥ ഉണ്ടായി എന്നും ആയതുമൂലമുണ്ടായ കഷ്ടനഷ്ടങ്ങൾ എന്തെല്ലാമെന്നും വിവരിക്കാമോ;

(സി) പ്രസ്തുത സാഹചര്യങ്ങൾ പഠനവിധേയമാക്കാനും തീരമേഖലാ നിവാസികൾക്ക് താമസവും തൊഴിലും ഉറപ്പുവരുത്താനുമായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന തുടർ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളത്തിന്റെ തീരപ്രദേശത്തിന് 590 കിലോമീറ്റർ നീളമുണ്ട്. കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ റിപ്പോർട്ടുപ്രകാരം ഇതിൽ 215.50 കിലോമീറ്റർ അതിരൂക്ഷ കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശമാണ്. തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ 18,685 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ താമസിക്കുന്നതായി ഫിഷറീസ് വകുപ്പ് നടത്തിയ സർവ്വേയിൽ കണ്ടെത്തിയിട്ടുണ്ട്.

(ബി) കേരളത്തിന്റെ 590 കിലോമീറ്റർ ദൈർഘ്യമുള്ള പ്രദേശവും വേലിയേറ്റ വേലിയിറക്കം അനുഭവപ്പെടുന്ന മേഖലയാണ്. കടൽക്ഷോഭംമൂലം പലപ്പോഴും തീരത്തോട് ചേർന്ന് അധിവസിക്കുന്നവർക്ക് ഭവനമുൾപ്പെടെയുള്ള സ്ഥാവര ജംഗമ വസ്തുക്കൾക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന് 2016-17 വർഷം 248 കുടുംബങ്ങൾക്ക് ഭവനവും ഭൂമിയും നഷ്ടപ്പെട്ടിട്ടുണ്ട്. ഇവരെ പുനരധിവസിപ്പിക്കാൻ 25 കോടി രൂപയുടെ പ്രത്യേക പാക്കേജ് നടപ്പിലാക്കി. കടലോരത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന 1798 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 2018-19 വരെയുള്ള ഫിഷറീസ് വകുപ്പ് ബഡ്ജറ്റ് വിഹിതം വിനിയോഗിച്ച് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. കൂടാതെ കടലാക്രമണംമൂലം ഭൂമി നഷ്ടപ്പെട്ട് സ്കൂളുകളിൽ കഴിഞ്ഞിരുന്ന തിരുവനന്തപുരം വലിയതുറയിലെ 192 കുടുംബങ്ങളെ മുട്ടത്തറ ഫ്ലാറ്റിൽ പുനരധിവസിപ്പിച്ചിട്ടുണ്ട്. ഇത്തരത്തിൽ കടലാക്രമണ ഭീഷണിയിൽ കഴിയുന്ന മുഴുവൻ കുടുംബങ്ങളെയും അടുത്ത മൂന്ന് വർഷത്തിനുള്ളിൽ പുനരധിവസിപ്പിക്കാൻ 2450 കോടി രൂപയുടെ ഒരു ബൃഹത് പദ്ധതി 'പുനർഗേഹം' എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

(സി) കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികളെ സുരക്ഷിത മേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 2016-17-ൽ 'അഭയം' എന്ന പേരിൽ ഒരു പ്രത്യേക പാക്കേജ് നടപ്പാക്കുന്നതിന് അനുമതി നൽകിയിരുന്നു. 2016 ജൂൺ - ജൂലൈയിൽ ഉണ്ടായ കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ട 248 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സുരക്ഷിതമേഖലയിൽ സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. പദ്ധതി പ്രകാരം 129 പേർ സ്ഥലം രജിസ്റ്റർ ചെയ്ത് ഭവനനിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

ഇതിൽ 117 പേർ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന 750 കുടുംബങ്ങൾക്ക് സുരക്ഷിത മേഖലയിൽ സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിന് 2017-18 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ ബി.ഐ.എഫ്. & എച്ച്.ഡി.എഫ്. ഭവന പദ്ധതിയിൽ തുക വകയിരുത്തിയിരുന്നു. ഈ പദ്ധതി പ്രകാരം 449 പേർ സ്ഥലം രജിസ്റ്റർ ചെയ്ത് ഭവനനിർമ്മാണം ആരംഭിച്ചതിൽ 253 പേർ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ഓഖിയിൽ പൂർണ്ണമായും വീട് നഷ്ടപ്പെട്ട 72 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സുരക്ഷിത മേഖലയിലേയ്ക്ക് മാറിത്താമസിക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും 7.41 കോടി രൂപ അനുവദിച്ചിരുന്നു. ഇതിൽ 14 പേർക്ക് വകുപ്പിന്റെ മുൻപദ്ധതിയിലുൾപ്പെട്ട് ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്. മാറിത്താമസിക്കാൻ സന്നദ്ധരായ 24 പേരിൽ 22 പേർ സ്ഥലം രജിസ്റ്റർ ചെയ്യുകയും 15 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ ഓഖി ദുരന്തത്തിൽ മരണപ്പെട്ട/കാണാതായവരുടെ ആശ്രിതരിൽ 32 പേർക്ക് സ്ഥലം വാങ്ങി വീടുവയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതവും 6 പേർക്ക് ഭവന നിർമ്മാണത്തിന് 4 ലക്ഷം രൂപ വീതവും ധനസഹായം നൽകുന്നതിന് 3.44 കോടി രൂപ ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ 20 പേർ സ്ഥലം രജിസ്റ്റർ ചെയ്യുകയും 3 പേർ ഭവനനിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽനിന്ന് 50 മീറ്ററിനുള്ളിൽ കടലാക്രമണ ഭീഷണിയിൽ കഴിയുന്നവരെ പുനരധിവസിപ്പിക്കുന്നതിന് പുനർഗേഹം എന്ന പേരിൽ 2450 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

**എല്ലാ മത്സ്യത്തൊഴിലാളികൾക്കും സുരക്ഷിത ഭവനം**

340(1415) ശ്രീ. കെ. എം. ഷാജി:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. എൻ . എ. നെല്ലിക്കുന്ന്:
ശ്രീ. എം. സി. കമറുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശത്ത് താമസിക്കുന്ന എല്ലാ മത്സ്യത്തൊഴിലാളികൾക്കും സുരക്ഷിത ഭവനം നിർമ്മിച്ച് നൽകുന്നതിനായി എന്തെങ്കിലും പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഈ പദ്ധതി സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) അർഹരായ എല്ലാവർക്കും സമ്പൂർണ്ണ പാർപ്പിടം ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ നടപ്പാക്കുന്ന ലൈഫ് മിഷൻ പദ്ധതിയിൽ സ്വന്തമായി ഭൂമിയുള്ളതും എന്നാൽ വാസയോഗ്യമായ ഭവനമില്ലാത്തവരുമായവർക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നു. മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള എല്ലാ ജനവിഭാഗങ്ങൾക്കും പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്.

തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ കടലാക്രമണ ഭീഷണിയിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത മേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികളാണ് ഫിഷറീസ് വകുപ്പ് മുഖേന നടപ്പാക്കുന്നത്. 18685 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി 2450 കോടി രൂപയുടെ 'പുനർഗേഹം' പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ലൈഫ് മിഷൻ സർവ്വേപ്രകാരം 1220 മത്സ്യത്തൊഴിലാളികളെ ഭവനനിർമ്മാണ ധനസഹായത്തിനുള്ള അർഹതാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ഭവന നിർമ്മാണം ആരംഭിച്ച 528 പേർക്ക് സംസ്ഥാന പദ്ധതി വിഹിതമായ ഒരു ലക്ഷം രൂപ വീതം നൽകുന്നതിന് ഫിഷറീസ് വകുപ്പിൽനിന്നും 5.28 കോടി രൂപ ലൈഫ് മിഷന് അനുവദിച്ചിട്ടുണ്ട്. അർഹതയുള്ള എല്ലാ മത്സ്യത്തൊഴിലാളികൾക്കും ലൈഫ് മിഷൻ പദ്ധതിയിലൂടെ ഭവനങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന വിവരങ്ങൾ ലൈഫ് മിഷൻ നൽകിയിട്ടുണ്ട്.

1. ഫിഷറീസ് വകുപ്പിൽനിന്നും ഭവനനിർമ്മാണ ധനസഹായത്തിന് അപേക്ഷിച്ച് അർഹതാ ലിസ്റ്റിലുൾപ്പെട്ട മത്സ്യത്തൊഴിലാളികളിൽ അവശേഷിക്കുന്ന 4883 പേരുടെ ലിസ്റ്റ്.

2. ഭൂരഹിത ഭവന രഹിതരായ 6287 മത്സ്യത്തൊഴിലാളികളുടെ ലിസ്റ്റ്.

തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ കടലാക്രമണ ഭീഷണിയിൽ കഴിയുന്ന 18685 കുടുംബങ്ങളെ സുരക്ഷിത മേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിന് 2450 കോടി രൂപയുടെ 'പുനർഗേഹം' പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദിരിതാശ്വാസനിധിയിൽനിന്നും 1398 കോടി രൂപയും ബാക്കി 1052 കോടി രൂപ ഫിഷറീസ് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽനിന്നും കണ്ടെത്തി പദ്ധതി നടപ്പാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. 2019-20 മുതൽ

2021-22 വരെയുള്ള കാലയളവിൽ 3 ഘട്ടങ്ങളിലായാണ് പദ്ധതി നടപ്പാക്കുന്നത്. ആദ്യഘട്ടത്തിൽ 8487 പേരെയും രണ്ടും മൂന്നും ഘട്ടങ്ങളിൽ 5099 പേരെ വീതവും പുനരധിവസിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

## മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത മേഖലയിലേയ്ക്ക് മാറ്റിത്താമസിപ്പിക്കുന്ന പദ്ധതി

341(1416) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ വേലിയേറ്റ മേഖലയിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത മേഖലയിലേയ്ക്ക് മാറ്റിതാമസിപ്പിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) ഈ പദ്ധതിക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും തുക അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്രയാണെന്ന് വെളിപ്പെടുത്താമോ;

(സി) കടലോരത്ത് നിന്നും മാറി താമസിക്കുവാൻ തയ്യാറാകുന്ന കുടുംബങ്ങൾക്ക് വസ്തു വാങ്ങുന്നതിനും വീട് വെയ്ക്കുന്നതിനുമായി അനുവദിക്കുന്ന പരമാവധി തുക എത്രയാണെന്ന് അറിയിക്കാമോ;

(ഡി) വസ്തുവിന്റെ വില ഉയർന്നു നിൽക്കുന്ന സാഹചര്യത്തിൽ അനുവദിക്കുന്ന തുക കൊണ്ട് വസ്തു വാങ്ങുന്നതിനും വീട് വെയ്ക്കുന്നതിനും മത്സ്യത്തൊഴിലാളികൾക്ക് സാധിക്കുമെന്ന് വിലയിരുത്തുന്നുണ്ടോ; ഇല്ലെങ്കിൽ നിലവിലുള്ള നിബന്ധനകളിൽ മാറ്റം വരുത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത മേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിന് 2450 കോടി രൂപയുടെ 'പുനർഗേഹം' പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനായി പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിച്ചുവരുന്നു.

(ബി) 'പുനർഗേഹം' പദ്ധതിക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 1398 കോടി രൂപ അനുവദിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

(സി) സുരക്ഷിത മേഖലയിലേയ്ക്ക് മാറിത്താമസിക്കാൻ തയ്യാറാകുന്ന കുടുംബത്തിന് ഭൂമി വാങ്ങാനും ഭവനനിർമ്മാണത്തിനുംകൂടി പരമാവധി 10 ലക്ഷം രൂപയുടെ സഹായം ലഭ്യമാകുന്നതാണ്. സ്ഥലത്തിന്റെ വില, രജിസ്ട്രേഷൻ ഫീ, സ്റ്റാമ്പ് ഡ്യൂട്ടി, എഴുത്തുകൂലി എന്നിവയുൾപ്പെടെ 6 ലക്ഷം രൂപയും ഭവനനിർമ്മാണത്തിനായി 4 ലക്ഷം രൂപയുമുൾപ്പെടെയാണ് 10 ലക്ഷം രൂപ അനുവദിക്കുന്നത്. എന്നിരുന്നാലും സ്ഥലം വാങ്ങലിനും രജിസ്ട്രേഷൻ ഫീ, സ്റ്റാമ്പ് ഡ്യൂട്ടി, എഴുത്തുകൂലി എന്നിവയ്ക്ക് 6 ലക്ഷം രൂപയിൽ കുറവാണ് ചെലവാകുന്നതെങ്കിൽ ബാക്കിത്തുക 4 ലക്ഷം രൂപയോട് ചേർത്ത് ഭവനനിർമ്മാണത്തിനായി ഉപയോഗിക്കാവുന്നതാണ്.

(ഡി) ഉണ്ട്. കുറഞ്ഞത് 2 സെന്റും പരമാവധി 3 സെന്റും വസ്തു വാങ്ങുന്നതിന് വസ്തുവിലയായി പുനർഗേഹം പദ്ധതിപ്രകാരം പരമാവധി 6 ലക്ഷം രൂപ അനുവദിക്കുന്നുണ്ട്. ഇത്തരത്തിൽ നടപ്പാക്കുന്ന പദ്ധതികളിൽ ഏറ്റവും ഉയർന്ന നിരക്കാണിത്. 35 മീറ്റർ സ്ക്വയറിൽ കുറയാത്തതും 100 മീറ്റർ സ്ക്വയറിൽ കൂടാത്തതുമായ ഭവനനിർമ്മാണത്തിന് 4 ലക്ഷം രൂപയും അനുവദിക്കുന്നു.

**മത്സ്യത്തൊഴിലാളികൾക്ക് ഭവനനിർമ്മാണം**

342(1417) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിലെ വ്യാസനഗറിൽ ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള ഭൂമിയിൽ ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഫിഷറീസ് വകുപ്പ് നിലവിൽ ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുന്നില്ല. 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പദ്ധതിയാണ് നിലവിൽ ഫിഷറീസ് വകുപ്പ് നടപ്പാക്കുന്നത്. വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിലെ സ്ഥലവും വീടുമില്ലാത്ത 14 മത്സ്യത്തൊഴിലാളികളെ 'പുനർഗേഹം' പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## ഓഖി ദുരന്ത ഫണ്ട്

343(1418) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽനിന്നും എത്ര തുക സഹായമായി ലഭിച്ചുവെന്നും എന്നാണ് ലഭിച്ചതെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത സഹായധനത്തിൽനിന്നും എത്ര തുക വിതരണം ചെയ്തുവെന്നും എന്നാണ് വിതരണം ചെയ്തതെന്നും വിശദമാക്കുമോ;

(സി) ഓഖി കൊടുങ്കാറ്റിൽ കടലിൽ കാണാതായവരുടെ കുടുംബങ്ങൾക്ക് നഷ്ട പരിഹാരം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഓഖി ദുരന്ത ഫണ്ട് ചെലവഴിക്കുന്നതുമായി ബന്ധപ്പെട്ട് സി.&എ.ജി.യിൽ നിന്നും എന്തെങ്കിലും കത്തുകളോ നിർദ്ദേശങ്ങളോ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ; മറ്റേതെങ്കിലും സർക്കാരുകളോ സർക്കാർ ഏജൻസികളോ കേരളത്തിന് പ്രസ്തുത ദുരന്തവുമായി ബന്ധപ്പെട്ട് കത്തുകൾ അയച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) സംസ്ഥാന സർക്കാർ കേന്ദ്രത്തിനും സി.&എ.ജി.ക്കും നൽകിയ മറുപടികളുടെ പകർപ്പ് ലഭ്യമാക്കുമോ?

### ഉത്തരം

(എ) ഓഖി സമയത്ത് കേന്ദ്ര ദുരന്ത പ്രതികരണനിധിയിൽനിന്ന് 27-12-2017-ന് 133 കോടി രൂപയുടെ അടിയന്തര സഹായം അനുവദിക്കുകയും അനുവദിച്ച അടിയന്തര സഹായത്തിൽ 21.30 കോടി രൂപ അധികമായി അനുവദിച്ചതായി 26-2-2018-ൽ ചേർന്ന നാഷണൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ സബ്കമ്മിറ്റി പരിശോധിച്ച് കണ്ടെത്തുകയും അധികമായി അനുവദിച്ച തുക ഇനി വരുന്ന ദുരന്തങ്ങൾ നേരിടാൻ ഉപയോഗിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. അതിനാൽ ഓഖി ദുരന്ത പ്രതികരണത്തിനായി ചെലവഴിക്കാൻ അനുവദിക്കപ്പെട്ട തുക 111.7 കോടി രൂപ മാത്രമാണ്. സംസ്ഥാന സർക്കാർ ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് 7340 കോടി രൂപയുടെ ഒരു സ്പെഷ്യൽ പാക്കേജ് തയ്യാറാക്കി കേന്ദ്രത്തിന് സമർപ്പിച്ചുവെങ്കിലും അതിൽ യാതൊരു തുകയും അനുവദിച്ചിട്ടില്ല.

(ബി) ഓഖിയുമായി ബന്ധപ്പെട്ട് സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ നിന്ന് 111.32 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

a) 8-12-2017-ൽ മത്സ്യത്തൊഴിലാളികൾക്കുള്ള ആശ്വാസ ധനസഹായമായി 33.95 കോടി രൂപ അനുവദിച്ചിരുന്നു.

b) 1-1-2018-ൽ സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ നിന്ന് നാവിക് ഉപകരണ പരീക്ഷണത്തിന് 5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

c) 5-1-2018-ൽ കർണ്ണാടകത്തിൽ എത്തിയ മലയാളികളായ മത്സ്യത്തൊഴിലാളി ബോട്ടുകൾക്ക് ഡീസൽ നൽകുന്നതിനായി 9,09,232 രൂപ അനുവദിച്ചു.

d) 21-12-2017-ന് പുതുച്ചേരി മത്സ്യത്തൊഴിലാളികൾക്ക് ബോട്ടുകൾക്ക് 4 ലക്ഷം രൂപ സഹായം നൽകിയിട്ടുണ്ട്.

e) 7-12-2017-ൽ തമിഴ്നാട്ടിലെ മത്സ്യത്തൊഴിലാളികളുടെ ബോട്ടുകൾക്ക് 35.50 ലക്ഷം രൂപ അനുവദിച്ചു.

f) 14-2-2018-ൽ ഗോവയിൽ എത്തിയ മത്സ്യത്തൊഴിലാളികൾക്കുള്ള ബോട്ടിന് സഹായമായി 1.75 ലക്ഷം രൂപ അനുവദിച്ചു.

g) 22-12-2017-ൽ കേന്ദ്ര സംഘത്തിന്റെ ചെലവിനായി 11 ലക്ഷം രൂപയും മത്സ്യത്തൊഴിലാളി ബോട്ടുകൾ ഉപയോഗിച്ചിട്ടുള്ള തെരച്ചിലിന് 18-12-2017 -ന് 2.18 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

h) 7-3-2018-ൽ ഗുജറാത്തിലെത്തിയ മലയാളി മത്സ്യത്തൊഴിലാളികളുടെ ബോട്ടുകൾക്ക് ഡീസൽ നിറയ്ക്കുന്നതിനുള്ള ചെലവിനത്തിൽ 1,79,200 രൂപ അനുവദിച്ചു.

i) 4-10-2018-ൽ രാജീവ് ഗാന്ധി സെന്ററിന് ഡി.എൻ.എ. ടെസ്റ്റ് നടത്തിയതിന് 46,19,000 രൂപ അനുവദിച്ചിരുന്നു.

j) ഓഖി ചുഴലിക്കാറ്റിനെത്തുടർന്ന് കെ.എസ്.ഇ.ബി.-ക്കുണ്ടായ നാശനഷ്ടം പരിഹരിക്കുന്നതിനായി 17-1-2019-ൽ 46.11 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

ഇവയ്ക്ക് പുറമെ സംസ്ഥാന ദുരന്ത പ്രതികരണനിധി മാനദണ്ഡപ്രകാരം ദുരന്തബാധിതർക്ക് അനുവദിക്കേണ്ട തുകകൾ (മരിച്ചവരുടെയും കാണാതായവരുടെയും ആശ്രിതർക്കുള്ള സഹായം, വീടുകൾ പൂർണ്ണമായും ഭാഗികമായും തകർന്നവർക്കുള്ള സഹായം, കൃഷി നാശത്തിനുള്ള സഹായം) ജില്ലാകളക്ടർമാർ വിതരണം ചെയ്തിട്ടുണ്ട്.

(സി) ഓഖി കൊടുങ്കാറ്റിൽ കടലിൽ കാണാതായ 92 പേരുടെ ആശ്രിതർക്ക് റവന്യൂ വകുപ്പുവഴി 20 ലക്ഷം രൂപ വീതം നൽകിയിട്ടുണ്ട്.

(ഡി) ലഭിച്ചിട്ടില്ല.

(ഇ) ബാധകമല്ല.

## ഓഖി ദുരിതാശ്വാസ പദ്ധതികൾ

344(1419) ശ്രീ. എം. വിൻസെന്റ്:
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 ഡിസംബറിലുണ്ടായ ഓഖി ദുരന്തത്തിൽ നഷ്ടമായ യാനങ്ങൾക്ക് തുല്യമായ നഷ്ടപരിഹാരം നൽകുമെന്ന പ്രഖ്യാപനം പൂർണ്ണതോതിൽ പ്രാവർത്തികമാക്കിയിട്ടുണ്ടോ; എങ്കിൽ ഈയിനത്തിൽ എന്ത് തുകയാണ് നൽകിയതെന്ന് അറിയിക്കാമോ;

(ബി) ദുരിതബാധിതരായ 143 കുടുംബങ്ങളിൽ എത്രപേർക്ക് ഇതിനോടകം ആശ്രിതനിയമനം നൽകി; ഇപ്രകാരം നൽകിയ നിയമനം താൽക്കാലിക നിയമനമാണോയെന്ന് വ്യക്തമാക്കാമോ;

(സി) തീരദേശസേനയിൽ 200 മത്സ്യത്തൊഴിലാളികളെ നിയമിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) മത്സ്യബന്ധനയാനങ്ങളെയും മത്സ്യഗ്രാമങ്ങളെയും ബന്ധപ്പെടുത്തി വിവരവിനിമയ സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

### ഉത്തരം

(എ) 2017 നവംബർ 29, 30 തീയതികളിലുണ്ടായ ഓഖി ചുഴലിക്കാറ്റിൽ പൂർണ്ണമായി നഷ്ടമായതും കേടുപാടുകൾ സംഭവിച്ചതുമായ യാനങ്ങൾക്ക് തുല്യമായ നഷ്ടപരിഹാരം നൽകുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ട്. പ്രസ്തുത ചുഴലിക്കാറ്റിൽ നഷ്ടപ്പെട്ടതും കേടുപാടുകൾ സംഭവിച്ചതുമായ യാനങ്ങളുടെ നഷ്ടം ജില്ലകളിൽ രൂപീകരിച്ച ഇവാല്യൂവേഷൻ കമ്മിറ്റി പരിശോധിച്ച് നിർണ്ണയിക്കുകയും ആയതിനനുസരിച്ചുള്ള തുക നിശ്ചയിച്ച് ആറ് ഘട്ടങ്ങളിലായി ബന്ധപ്പെട്ട ദുരന്തബാധിതരായ മത്സ്യത്തൊഴിലാളികൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഈ ഇനത്തിൽ 480 മത്സ്യത്തൊഴിലാളികൾക്ക് 7,07,28,126 രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്.

(ബി) ഓഖി ദുരന്തത്തിൽ മരണപ്പെടുകയും കാണാതായവരുമായ മത്സ്യത്തൊഴിലാളികളുടെ വിധവകൾക്ക് (പത്താം ക്ലാസ്സിൽ താഴെ വിദ്യാഭ്യാസമുള്ളവരും 40 വയസ്സിന് താഴെ പ്രായമുള്ളവരുമായ) 42 പേർക്ക് മത്സ്യഫെഡിന്റെ മുട്ടത്തറയിലെ നെറ്റ് ഫാക്ടറിയിൽ ജോലി നൽകിയിട്ടുണ്ട്.

നിലവിൽ 32 പേർ ജോലി ചെയ്തുവരുന്നു. 10-ാം ക്ലാസ്സും അതിനുമുകളിലും വിദ്യാഭ്യാസമുള്ള 12 വിധവകൾക്ക് ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ആശുപത്രികളിൽ വിവിധ ജോലികൾ നൽകുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു. എല്ലാപേർക്കും താത്കാലിക നിയമനങ്ങളാണ് നൽകിയിട്ടുള്ളത്.

(സി) തീരദേശ സേനയിൽ 200 മത്സ്യത്തൊഴിലാളികളെ 14 തീരദേശ പോലീസ് സ്റ്റേഷനുകളിൽ കോസ്റ്റൽ വാർഡന്മാരായി നിയമിച്ചിട്ടുണ്ട്.

(ഡി) നടപ്പിലാക്കിയിട്ടുണ്ട്.

ഇൻകോയിസ്, സ്വാമിനാഥൻ ഫൗണ്ടേഷൻ, ഫിഷറീസ് വകുപ്പ് എന്നിവ സംയുക്തമായി പ്രവർത്തിച്ച് മത്സ്യത്തൊഴിലാളികൾക്ക് വിവരവിനിമയം സാദ്ധ്യമാക്കുന്നുണ്ട്. കേന്ദ്ര കാലാവസ്ഥാ കേന്ദ്രം പുറപ്പെടുവിക്കുന്ന മുന്നറിയിപ്പുകൾ കേരള ദുരന്ത നിവാരണ വകുപ്പ് ഫിഷറീസ് വകുപ്പിന് കൈമാറുകയും വകുപ്പ് വിവിധ മാർഗ്ഗങ്ങളിലൂടെ ടി മുന്നറിയിപ്പുകൾ മത്സ്യത്തൊഴിലാളികളിലെത്തിക്കുകയും ചെയ്യുന്നു. കടൽത്തീരത്തെ ആരാധനാലയങ്ങൾ, ട്രേഡ് യൂണിയൻ സംഘടനകൾ, ആകാശവാണി, എഫ്.എം.റേഡിയോ, മൈക്ക് അനൗൺസ്മെന്റ്, തീരദേശ പോലീസ്, ജാഗ്രതാ സമിതികൾ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ, ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾ തുടങ്ങിയവയുടെ സഹായത്താൽ വിവരവിനിമയം സാധ്യമാക്കുന്നുണ്ട്. 145778 മത്സ്യത്തൊഴിലാളികളുടെ മൊബൈൽ നമ്പരുകൾ ഇൻകോയിസിന് കൈമാറിയിട്ടുണ്ട്. 1000 മത്സ്യത്തൊഴിലാളികൾക്ക് സാറ്റലൈറ്റ് ഫോൺ നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. 'നാവിക്' സംവിധാനത്തിലൂടെയും മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥാ മുന്നറിയിപ്പുകളും അപകട മുന്നറിയിപ്പുകളും നൽകിവരുന്നു.

**ഓഖി ദുരിതബാധിതർക്കുള്ള സഹായം**

345(1420) ശ്രീ. വി. ജോയി:
ശ്രീ. എം. നൗഷാദ്:
ശ്രീമതി യു. പ്രതിഭ:
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തം നടന്നിട്ട് രണ്ടു വർഷം പൂർത്തിയായ ഇക്കാലംകൊണ്ട് ദുരന്തത്തിൽപ്പെട്ട കുടുംബങ്ങൾക്ക് നഷ്ടപരിഹാരമായും അവരെ പുനരധിവസിപ്പിക്കുന്നതിനും തൊഴിൽ സുരക്ഷ ഉറപ്പാക്കുന്നതിനും നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ;

(ബി) തീരദേശത്തിന്റെ സമഗ്ര വികസനത്തിനായി പ്രഖ്യാപിച്ച പ്രത്യേക പാക്കേജ് നടപ്പിലാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്;

(സി) ഇത്തരം ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ മത്സ്യബന്ധനത്തിന് പോകുന്നവരുടെ സുരക്ഷയ്ക്കായും അപകടത്തിൽപ്പെടുന്നവരെ സത്വരമായി രക്ഷിച്ച് കരയിലെത്തിക്കുന്നതിനും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളെ കുറിച്ച് വിശദമാക്കാമോ;

(ഡി) കൃത്യതയുള്ള മുന്നറിയിപ്പ് സംവിധാനം ഏർപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 2017 നവംബർ 29,30 തീയതികളിൽ വീശിയടിച്ച ഓഖി ചുഴലിക്കാറ്റിനെ തുടർന്നുള്ള കടൽക്ഷോഭത്തിൽ 52 മത്സ്യത്തൊഴിലാളികൾ മരണപ്പെടുകയും 91 പേരെ കാണാതാകുകയും ചെയ്തിരുന്നു. ഇതിനുപുറമെ പാർപ്പിട സൗകര്യങ്ങളും മത്സ്യബന്ധനോപകരണങ്ങളും മത്സ്യത്തൊഴിലാളികൾക്ക് നഷ്ടമാകുകയും ഇവരെ പുനരധിവസിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ നിരവധി പദ്ധതികൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നുള്ള തുക വിനിയോഗിച്ച് നടപ്പിലാക്കിവരുന്നു. അതിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് ഓഖി ഫണ്ടിനത്തിൽ ലഭിച്ചത് 108 കോടി രൂപയായിരുന്നു. എന്നാൽ ആകെ 122 കോടി രൂപയുടെ പദ്ധതികൾക്ക് ഇതിനകം ഭരണാനുമതി നൽകിക്കഴിഞ്ഞു. അതിൽ 88.75 കോടി രൂപയുടെ പദ്ധതികളാണ് ഫിഷറീസ് വകുപ്പ് മുഖേന നടപ്പാക്കിവരുന്നത്. ഫിഷറീസ് വകുപ്പിന് നാളിതുവരെയായി 76.2232 കോടി രൂപ ലഭ്യമായിട്ടുണ്ട്.

ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യമേഖലയുടെ സമഗ്രവികസനത്തിനായി 2000 കോടി രൂപയുടെ സമഗ്ര തീരദേശ വികസന പാക്കേജ് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. മത്സ്യമേഖലയുടെ ദീർഘകാല വികസന ലക്ഷ്യങ്ങൾ യാഥാർത്ഥ്യവത്കരിക്കുന്നതിന് ഒരു സമഗ്ര പദ്ധതി ആവിഷ്കരിക്കുകയാണ് ഓഖി സ്പെഷ്യൽ പാക്കേജ് ആവിഷ്കരിക്കുന്നതിലൂടെ ലക്ഷ്യമിടുന്നത്. പ്രസ്തുത പാക്കേജ് ആവിഷ്കരിക്കുന്നതിന് ശ്രീ. എസ്.എം. വിജയാനനന്ദ് ഐ.എ.എസ്., ചെയർമാനായി (റിട്ടയേർഡ് ചീഫ് സെക്രട്ടറി

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി.എം.സി)) ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കുകയും മത്സ്യബന്ധന മേഖലയിലെ ജീവനോപാധി സംബന്ധിച്ചുള്ള പഠനങ്ങൾ IRMA (Institute of Rural Management Anand) വഴിയും Basic Human Needs, Coastal Infrastructure, human Development, Social Service, Quality of Public Seminar, Self Help Group and Co-operative Safety, Disaster Management എന്നിവ സംബന്ധിച്ച് പഠനങ്ങൾ TISS (Tata Institute of Social Science) മുഖേനയാണ് നടത്തുന്നത്. പഠനത്തിനും പ്രോജക്ട് തയ്യാറാക്കുന്നതിനുമായി രണ്ട് കോടി രൂപ അനുവദിച്ചിട്ടുണ്ട്.

TISS യുമായിട്ടുള്ള MOU ഒപ്പുവയ്ക്കുകയും ഫീൽഡുതല പഠനം പൂർത്തിയാക്കിയിട്ടുള്ളതുമാണ്. IRMA-യുമായി ധാരണാപത്രം ഒപ്പുവയ്ക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പഠനങ്ങൾ നടന്നുവരികയും ചെയ്യുന്നു. തീരദേശത്തെ പശ്ചാത്തല വികസന ആവശ്യങ്ങൾ, അടിയന്തരമായി പരിഹരിക്കേണ്ട മത്സ്യബന്ധന ഹാർബറുകളുടെ വികസനം, വിപുലീകരണം, തീരദേശത്തെ റോഡ് വികസനം, തീരത്ത് മത്സ്യബന്ധന തുറമുഖങ്ങളുടെ സ്വാധീനത്താലുണ്ടാകുന്ന തീരശോഷണം പരിഹരിക്കൽ, തീരദേശത്തെ സ്കൂളുകളുടെ വികസനം, മാർക്കറ്റ് വികസനം, നിരന്തരം കടലാക്രമണ ഭീഷണി നേരിടുന്ന കടൽത്തീരത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം എന്നിവയ്ക്കെല്ലാമായി ഇതിനകം 4465 കോടി രൂപയുടെ പദ്ധതികൾ തീരദേശ മേഖലയിൽ നടപ്പാക്കി വരികയാണ്. ചുരുക്കത്തിൽ കേരളത്തിന്റെ തീരപ്രദേശം ഒരു സമഗ്ര വികസനത്തിലേയ്ക്ക് കുതിക്കുകയാണ്.

(സി) കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി 40,000 എണ്ണം ലൈഫ് ജാക്കറ്റുകൾ വിതരണം ചെയ്തുവരുന്നു. കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി പ്രത്യേക പരിശീലനം നൽകി 900 കടൽ സുരക്ഷാ സ്ക്വാഡുകളെ നിയോഗിക്കുന്നതിന് 7.15 കോടി രൂപ ഓഖി പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി അനുവദിച്ചു. ഗോവ ആസ്ഥാനമായി പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സ് എന്ന കേന്ദ്ര സർക്കാർ അംഗീകാരമുള്ള സ്ഥാപനത്തിലാണ് പരിശീലനം നൽകുന്നത്. ഇതുവരെയായി 433 മത്സ്യത്തൊഴിലാളികൾ പരിശീലനം പൂർത്തീകരിച്ചു. 'കടൽ സുരക്ഷ' പദ്ധതിയിലുൾപ്പെടുത്തി 500 GPS, 1000 ലൈഫ് ബോയെയും അതോടൊപ്പം 'കടൽ സുരക്ഷയും ആഴക്കടൽ മത്സ്യബന്ധനവും' പദ്ധതിയിലുൾപ്പെടുത്തി 66 ജി.പി.എസുകളും 132 ലൈഫ് ബോയികളും മത്സ്യത്തൊഴിലാളികൾക്ക് വിതരണം നടത്തിയിട്ടുണ്ട്. ഐ.എസ്.ആർ.ഒ.യുടെ സാങ്കേതികവിദ്യയുടെ സഹായത്തോടെ അടിയന്തരഘട്ടങ്ങളിൽ 1500

കിലോമീറ്റർ അകലെ വരെ കാലാവസ്ഥാ മുന്നറിയിപ്പുകൾ നൽകാൻ കഴിയുന്ന 'നാവിക് ഉപകരണങ്ങൾ' 15000 എണ്ണം ലഭ്യമാക്കുന്നതിന് അനുമതി നൽകിയതനുസരിച്ച് ആദ്യഘട്ടമായി 5000 നാവിക് ഉപകരണങ്ങൾ നിർമ്മിക്കുന്നതിന് കെൽട്രോണുമായി എഗ്രിമെന്റ് ഒപ്പുവയ്ക്കുകയും ഇതുവരെ 923 ഗുണഭോക്താക്കൾക്ക് ആയത് നൽകിയിട്ടുമുണ്ട്. 2018-19 വർഷം പരമ്പരാഗത മത്സ്യ യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്ന പദ്ധതി യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്ന് നടപ്പിലാക്കി. 15 മീറ്റർ വരെ നീളമുള്ള 647 യാനങ്ങൾക്ക് കഴിഞ്ഞ വർഷം ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി. കൂടാതെ ഈ വർഷം ഹള്ളിനും എഞ്ചിനും ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പദ്ധതിയിൽ DAT,VHF, Marine Radio എന്നീ കടൽ സുരക്ഷാ ഉപകരണങ്ങൾ 75% സബ്സിഡിയോടുകൂടി നൽകുന്നതിന് 9 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 750 യാനങ്ങളിൽ Vessel monitoring system 60% സബ്സിഡിയോടെ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 320 FRP ബോട്ടുകൾ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു.

കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി 3 മറൈൻ ആംബുലൻസുകൾ കൊച്ചിൻ ഷിപ്‌യാർഡ് മുഖേന നിർമ്മിക്കുന്നതിനുള്ള നടപടി ആരംഭിച്ചു.

(ഡി) കാലാവസ്ഥ മുന്നറിയിപ്പ് കാലാകാലത്തിൽ കുറ്റമറ്റതാക്കുന്നതിന് സംസ്ഥാന സർക്കാർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

**മത്സ്യത്തൊഴിലാളി കടാശ്വാസം അനുവദിക്കൽ**

346(1421) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ. ജോസഫ്, ചിറയിൽ, പെരുംതുരുത്ത് പി.ഒ. , കല്ലറ, കോട്ടയം എന്നയാൾ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ വഴി നൽകിയിരുന്ന പരാതിയിൽ കടാശ്വാസം അനുവദിക്കാൻ 27-2-2019-ൽ സഹകരണസംഘം രജിസ്ട്രാർക്ക് കമ്മീഷൻ നിർദ്ദേശം നൽകിയെങ്കിലും ഇതുവരെയും കടാശ്വാസം ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ സഹകരണസംഘം രജിസ്ട്രാർക്ക് നൽകിയ ഉത്തരവ് നാളിതുവരെ പാലിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ഇക്കാര്യത്തിൽ വകുപ്പുതല ഇടപെടൽ നടത്തുമോ?

<u>ഉത്തരം</u>

(എ&ബി) ശ്രീ. ജോസഫ്, ചിറയിൽ, പെരുംതുരത്ത്.പി.ഒ, കല്ലറ, കോട്ടയം, എന്നയാളുടെ ഭാര്യ ശ്രീമതി ബ്രിജിത്താമ്മ കല്ലറ വില്ലേജ് സർവ്വീസ് സഹകരണ ബാങ്ക്, ലിമിറ്റഡ് നമ്പർ 3123-ൽ നിന്നെടുത്ത വായ്പയ്ക്ക് കടാശ്വാസം ശിപാർശ ചെയ്ത് 3-ാം ഘട്ട അർഹത പട്ടികയിലുൾപ്പെടുത്തി സർക്കാരിന് നടപടികൾക്കായി സമർപ്പിച്ചിരുന്നു. എന്നാൽ കടാശ്വാസം ലഭ്യമായില്ലെന്ന ശ്രീ. ജോസഫിന്റെ പരാതി കമ്മീഷന്റെ 27-2-2019-ലെ സിറ്റിംഗിൽ പരിഗണിക്കുകയും 2002-ലെ വായ്പ വർഷംതോറും ക്രമമായി പുതുക്കി വന്നിരുന്നതായും അവസാനം 13-2-2008-ൽ പുതുക്കി നിലനിൽക്കുന്നതിനാൽ 2002-ലെ വായ്പ ബാധ്യത നിലനിൽക്കുന്നതായി കണക്കാക്കി മുതൽ കുടിശ്ശികയായ 40,000 രൂപ കടാശ്വാസമായി അനുവദിക്കാവുന്നതാണെന്നും ആയത് രണ്ട് മാസത്തിനകം എതിർകക്ഷി ബാങ്കിന് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാൻ ജോയിന്റ് ഡയറക്ടർ/ജോയിന്റ് രജിസ്ട്രാറോട് നിർദ്ദേശിച്ച് ഉത്തരവായി. കടാശ്വാസം ലഭിച്ചില്ലെന്ന് വീണ്ടും പരാതി ലഭിച്ചതിനെത്തുടർന്ന് ടി പരാതി 26-6-2019-ലെ സിറ്റിംഗിൽ പരിഗണിക്കുകയും കടാശ്വാസം അനുവദിക്കാൻ സഹകരണ സംഘം രജിസ്ട്രാർക്ക് റിപ്പോർട്ട് സമർപ്പിച്ചതായി ജോയിന്റ് രജിസ്ട്രാർ ബോധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കടാശ്വാസ തുക നൽകാനുള്ള നടപടി ത്വരിതപ്പെടുത്താൻ ജോയിന്റ് ഡയറക്ടർ/ജോയിന്റ് രജിസ്ട്രാറോട് നിർദ്ദേശിച്ച് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുകയും സ്വീകരിച്ച നടപടി ത്വരിതപ്പെടുത്തി ശിപാർശ ചെയ്ത കടാശ്വാസ തുക രണ്ട് മാസത്തിനകം നൽകാൻ ജോയിന്റ് രജിസ്ട്രാറോട് 13-11-2019-ലെ സിറ്റിംഗിൽ നിർദ്ദേശിച്ച് ഉത്തരവായി. കൂടാതെ കടാശ്വാസമായി 1,60,032 രൂപ കടാശ്വാസം അനുവദിക്കുന്നതിന് ഫിഷറീസ് ഡയറക്ടർ 24-1-2020-ലെ ഉത്തരവ് സഹകരണ സംഘം രജിസ്ട്രാർക്ക് നൽകിയിട്ടുണ്ട്.

**മത്സ്യ മാർക്കറ്റുകളുടെ നവീകരണ പദ്ധതി**

347(1422) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ കൊട്ടാരക്കര, പുത്തൂർ മത്സ്യ മാർക്കറ്റുകളുടെ നവീകരണ പദ്ധതിക്ക് കിഫ്ബിയുടെ അന്തിമ അനുമതി ലഭ്യമായിട്ടുണ്ടോ; അറിയിക്കുമോ;

(ബി) പദ്ധതിയുടെ അടങ്കൽ തുക മാർക്കറ്റുകൾ തിരിച്ച് വെളിപ്പെടുത്തുമോ;

(സി) ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പദ്ധതികൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കൊല്ലം ജില്ലയിലെ കൊട്ടാരക്കര മത്സ്യ മാർക്കറ്റ്, പുത്തൂർ മത്സ്യമാർക്കറ്റ് എന്നിവ കിഫ്ബി ഫണ്ട് വിനിയോഗിച്ച് നവീകരിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ടി മാർക്കറ്റുകൾ നവീകരിക്കുന്നതിന് സ്ഥലം സന്ദർശിച്ച് എസ്റ്റിമേറ്റ്, പ്ലാൻ, ഡി.പി.ആർ. എന്നിവ തയ്യാറാക്കിവരുന്നു.

(ബി) കൊട്ടാരക്കര മത്സ്യ മാർക്കറ്റ് നവീകരിക്കുന്നതിനായി 436.00 ലക്ഷം രൂപയുടെയും പുത്തൂർ മത്സ്യ മാർക്കറ്റ് നവീകരിക്കുന്നതിനായി 244.82 ലക്ഷം രൂപയുടെയും അംഗീകാരമാണ് തത്വത്തിൽ നൽകിയത്.

(സി) പ്രസ്തുത മാർക്കറ്റുകളുടെ നവീകരണത്തിനുള്ള ഡി.പി.ആർ.-ന് കിഫ്ബിയുടെ അംഗീകാരം ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കാൻ കഴിയുന്നതാണ്.

**മത്സ്യ ലഭ്യത വർദ്ധിപ്പിക്കാൻ പദ്ധതി**

348(1423) ഡോ. എം. കെ. മുനീർ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. കെ. എം. ഷാജി:
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യ ഉപയോഗത്തിന്റെ എഴുപതു ശതമാനത്തിലധികം അന്യസംസ്ഥാനങ്ങളിൽ നിന്നാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തീരക്കടലിൽ കൃത്രിമപാരുകൾ നിക്ഷേപിച്ച് മത്സ്യലഭ്യത വർദ്ധിപ്പിക്കാൻ എന്തെങ്കിലും പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഉപയോഗിക്കുന്ന മത്സ്യത്തിന്റെ ഏകദേശം 25 ശതമാനത്തോളം മാത്രമാണ് അന്യ സംസ്ഥാനങ്ങളിൽനിന്നും എത്തുന്നത്.

(ബി) ഉണ്ട്. കടലിന്റെ അടിത്തട്ടിൽ കൃത്രിമമായ ആവാസ വ്യവസ്ഥ സൃഷ്ടിച്ച് മത്സ്യ ലഭ്യത വർദ്ധിപ്പിക്കുന്നതിന് നടത്തിയ പരിശ്രമങ്ങൾ ഫലം കണ്ടിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ കൊച്ചുതുറ, പുതുക്കുറിച്ചി മത്സ്യബന്ധന ഗ്രാമങ്ങളുടെ തീരക്കടലിൽ 140 Trapezoidal ആകൃതിയിലുള്ള കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. കേരള തീരദേശ വികസന കോർപ്പറേഷൻ മുഖേന കൃത്രിമപ്പാരുകൾ കടലിൽ നിക്ഷേപിക്കുന്ന പ്രവൃത്തി നടന്നുവരുന്നു. 2019-20 സാമ്പത്തിക വർഷം തിരുവനന്തപുരം ജില്ലയിലെ പൂന്തുറ, ബീമാപള്ളി, വലിയതുറ എന്നീ മത്സ്യബന്ധന ഗ്രാമങ്ങളിലെ തീരക്കടലിൽ 280 കൃത്രിമപ്പാര് മോഡ്യൂളുകൾ വീതം സ്ഥാപിക്കുന്നതിന് 200 ലക്ഷം രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരികയാണ്.

ഇതുകൂടാതെ വിഴിഞ്ഞം പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ തെരഞ്ഞെടുത്ത മത്സ്യഗ്രാമങ്ങളായ കൊല്ലംകോട്, പരുത്തിയൂർ, പൂവാർ, വലിയതുറ, കൊച്ചുതുറ, പുതിയതുറ, പള്ളം, അടിമലത്തുറ എന്നീ മത്സ്യഗ്രാമങ്ങളുടെ തീരക്കടലിൽ 200 കൃത്രിമപ്പാര് മോഡ്യൂളുകൾ വീതം സ്ഥാപിക്കുന്നതിനായി 375.63 ലക്ഷം രൂപയ്ക്ക് അനുമതി നൽകിയതനുസരിച്ച് 7 മത്സ്യഗ്രാമങ്ങളിൽ Re-inforced cement concrete നിർമ്മിതിയിലുള്ള കൃത്രിമപ്പാരുകളും ഒരു മത്സ്യഗ്രാമത്തിൽ പരീക്ഷണാടിസ്ഥാനത്തിലുള്ള ferro cement നിർമ്മിതിയിലുള്ള കൃത്രിമപ്പാരുകളും സ്ഥാപിക്കുന്നതിന് കേരള തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപടി സ്വീകരിച്ചിട്ടുണ്ട്.

**മത്സ്യ മാർക്കറ്റുകളുടെ നവീകരണത്തിനായി പദ്ധതി**

349(1424) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിനായി പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇതിനായി കിഫ്ബിയിൽ നിന്നും എന്ത് തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ ഇതിനകം എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഗുണനിലവാരമുള്ള മത്സ്യം ഉപഭോക്താക്കൾക്ക് ശുചിത്വമുള്ള അന്തരീക്ഷത്തിൽ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ആധുനിക ശുചിത്വപൂർണ്ണമായ മത്സ്യമാർക്കറ്റുകളുടെ ഒരു ശൃംഖലതന്നെ സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ, മത്സ്യ വികസന ബോർഡ്/ കേന്ദ്ര സർക്കാർ സഹായത്തോടെ സംസ്ഥാനമൊട്ടാകെ 39 ആധുനിക മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്നതിനുള്ള അംഗീകാരം നൽകിയിരുന്നു. ഇതിൽ 36 മത്സ്യമാർക്കറ്റുകൾ ഇതിനോടകം പൂർത്തീകരിച്ച് പ്രവർത്തനസജ്ജമായിട്ടുണ്ട്. രണ്ടെണ്ണം പൂർത്തീകരണ ഘട്ടത്തിലും ഒരെണ്ണം പുരോഗമിച്ചുവരികയും ചെയ്യുന്നു. ഇതിനുപുറമെ നബാർഡ് ധനസഹായത്തോടെയുള്ള RIDF XXV പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണനല്ലൂർ മാർക്കറ്റ് വികസനത്തിനായി 502.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്തൊട്ടാകെ 65 മത്സ്യമാർക്കറ്റുകളുടെ നവീകരണ പദ്ധതി നടപ്പിലാക്കുന്നതിന് 193.47 കോടി രൂപയുടെ പദ്ധതി തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി&സി) കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്ത് മത്സ്യമാർക്കറ്റുകളുടെ നവീകരണ പദ്ധതി നടപ്പിലാക്കുന്നതിനായി തുകയൊന്നും അനുവദിച്ചിട്ടില്ല. ഇക്കാര്യം കിഫ്ബിയുടെ സജീവ പരിഗണനയിലാണ്.

**മരടിലെ മത്സ്യ സമ്പത്ത്**

350(1425) <u>ശ്രീ. അബ്ദുൽ ഹമീദ് പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരടിലെ പൊളിച്ചു നീക്കിയ ഫ്ലാറ്റുകളുടെ അവശിഷ്ടങ്ങൾ അവിടുത്തെ കായലിലെ മത്സ്യസമ്പത്തിന് ഭീഷണിയാകുമെന്ന് കരുതുന്നുണ്ടോ;

(ബി) ഇതുസംബന്ധിച്ച് കേരള ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസ് സർവകലാശാല പഠനം നടത്തിയിട്ടുണ്ടോ;

---

* ലൈബ്രറിയൽ വച്ചിട്ടുണ്ട്

(സി) ഫ്ലാറ്റുകൾ പൊളിച്ച നീക്കിയ ശേഷം വൻതോതിൽ പൊടിപടലം അന്തരീക്ഷത്തിൽ നിറഞ്ഞതും കെട്ടിടത്തിന്റെ അവശിഷ്ടങ്ങൾ വൻതോതിൽ കായലിൽ വീണതും കാരണം ജലഘടനയ്ക്കും മത്സ്യങ്ങളുടെ ആവാസ വ്യവസ്ഥയ്ക്കും മത്സ്യങ്ങൾ ഭക്ഷണമാക്കുന്ന ചെറു ജലജീവികളുടെ നാശത്തിനും കാരണമായിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതുസംബന്ധിച്ച് അടിയന്തര പഠനം നടത്തി പരിഹാര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതും അതിന്റെ ഫലമായുണ്ടാകുന്ന അവശിഷ്ടങ്ങളും ഹ്രസ്വകാല, ദീർഘകാല പ്രത്യാഘാതങ്ങളുണ്ടാക്കുന്നു. നിലവിലെ സാഹചര്യത്തിൽ കാര്യമായ ഒരു ആഘാതം ഇതിനാൽ സംഭവിച്ചിരിക്കാൻ സാധ്യതയില്ല. പൊളിച്ചുമാറ്റിയ ഏതെങ്കിലും ദിവസങ്ങളിൽ മത്സ്യമരണ നിരക്ക് വർദ്ധിച്ചതായുള്ള ഒരു റിപ്പോർട്ടുകളും വന്നതായി അറിവില്ല.

ആഘാതം വളരെ പ്രാദേശികവൽക്കരിക്കപ്പെട്ടിട്ടുള്ളതിനാൽ മത്സ്യ ജന്തുജാലങ്ങളിൽ കാര്യമായ ദീർഘകാല പ്രത്യാഘാതങ്ങളുണ്ടാകുമെന്ന് കരുതുന്നില്ല. എന്നിരുന്നാലും അവശിഷ്ടങ്ങൾ അടിയിൽ വസിക്കുന്ന ബെന്തിക് ജീവികളുടെ മരണത്തിന് കാരണമാകാനുള്ള സാധ്യതയുണ്ട്. ഏതെങ്കിലും ദീർഘകാല പ്രത്യാഘാതങ്ങൾ പ്രദേശത്തെ ജലരസതന്ത്രത്തിലെ മാറ്റങ്ങളെ ആശ്രയിച്ചിരിക്കും.

(ബി) ഇല്ല.

(സി) ഇതിന്റെ പോസിറ്റീവ് വശം ഫിഷ് അഗ്രഗേറ്റിംഗ് ഉപകരണങ്ങളുടെ രൂപത്തിലാകാം. വലിയ അവശിഷ്ടങ്ങളോ നിർമ്മാണ സാമഗ്രികളോ വെള്ളത്തിൽ പതിച്ചിരുന്നെങ്കിൽ ഇവ ദീർഘകാലാടിസ്ഥാനത്തിൽ എഫ്.എ.ഡി.-കളായി (FAD- Fish Aggregating Device) പ്രവർത്തിക്കും. അണ്ടർവാട്ടർ സ്റ്റഡീസ് നടത്തിയതിനുശേഷം മാത്രമേ കായൽ സംവിധാനത്തിലെ ഈ അവശിഷ്ടങ്ങളുടെ സ്വഭാവവും അളവും അവ മത്സ്യവും മറ്റ് അകശേരു ജീവികളും ഉപയോഗിക്കുന്നതെങ്ങനെയാണ് നമുക്ക് മനസ്സിലാക്കാൻ കഴിയൂ. ഇപ്പോൾ ലഭ്യമായ പരിമിതമായ വിവരങ്ങൾ അടിസ്ഥാനമാക്കി കെട്ടിടങ്ങൾ പൊളിക്കപ്പെട്ട സൈറ്റുകളിലും പരിസരങ്ങളിലും മത്സ്യങ്ങൾക്ക് ഇത് ഒരു വലിയ പ്രശ്നമാണെന്ന് കരുതുന്നില്ല എന്ന് കുഫോസ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) കായലിലെ അവശിഷ്ടങ്ങളുടെ ആഘാതം കണക്കാക്കുന്നതിനും പഠിക്കുന്നതിനും വിശദമായ ശാസ്ത്രീയ പഠനം നടത്തുന്നതിനുമുള്ള നടപടികൾ നിലവിൽ ഈ വകുപ്പിൽ സ്വീകരിച്ചിട്ടില്ല.

**മത്സ്യബന്ധന മേഖലയിലെ പ്രതിസന്ധികൾ**

351(1426) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന മേഖലയിലെ വിവിധ വിഭാഗങ്ങൾക്ക് സെസ് ചുമത്തി സമുദ്ര മത്സ്യബന്ധന നിയമം പരിഷ്കരിച്ച കേന്ദ്രസർക്കാർ നടപടി സംസ്ഥാനത്തിന് കനത്ത തിരിച്ചടിയായതായി കാണുന്നുണ്ടോ;

(ബി) സംസ്ഥാനത്തിന്റെ അധികാര പരിധിയിലുള്ള കടൽമേഖലയുടെ പരിപാലന-നിയന്ത്രണ അവകാശം കവർന്നെടുക്കാൻ കേന്ദ്രം നിരന്തരം നടത്തുന്ന ശ്രമങ്ങളും അത് മത്സ്യത്തൊഴിലാളികളിലും ഈ മേഖലയിലെ സംരംഭകരിലും ഉണ്ടാക്കുന്ന ആശങ്കയും പരിശോധിക്കുകയുണ്ടായോ; വ്യക്തമാക്കാമോ;

(സി) വലിയ വള്ളങ്ങൾക്കും ബോട്ടുകൾക്കും ഉള്ള പ്രതിവർഷ ലൈസൻസ് ഫീസ് 2,073 രൂപയിൽ നിന്നും ഒറ്റയടിക്ക് 52,000 രൂപയായി പുതിയ കേന്ദ്രനിയമത്തിൽ ഉയർത്തുകയുണ്ടായോ;

(ഡി) എങ്കിൽ പുതിയ കേന്ദ്രനിയമങ്ങളും നയങ്ങളും മത്സ്യബന്ധനമേഖലയിൽ സൃഷ്ടിക്കുന്ന പ്രതിസന്ധികൾക്ക് പരിഹാരം കാണാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ദേശീയ മത്സ്യബന്ധന (നിയന്ത്രണവും പരിപാലനവും) നിയമത്തിന് പാർലമെന്റ് അംഗീകാരം ലഭിച്ചിട്ടില്ല. സെസ് (Levi of Charges) ചുമത്താനുള്ള സാദ്ധ്യത നിയമത്തിൽ ഉൾപ്പെട്ടതായി മനസ്സിലാക്കുന്നു. പ്രസ്തുത തുക മത്സ്യത്തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തുമെന്ന് കരട് നിയമത്തിൽ കാണുന്നു.

(ബി) കരട് ബില്ലിൽ മത്സ്യത്തൊഴിലാളികൾക്ക് ദോഷകരമായി ബാധിക്കുന്ന നിരവധി കാര്യങ്ങൾ ഉൾപ്പെട്ടതിനാൽ അത്തരം കാര്യങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ യഥാസമയം കൊണ്ടുവന്നിട്ടുണ്ട്. തുടർന്ന് കേന്ദ്രസർക്കാരിലെ മത്സ്യവകുപ്പ് സെക്രട്ടറി സംസ്ഥാനത്ത് നേരിട്ട് വരികയും ഫിഷറീസ് വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്യുകയുമുണ്ടായി. തദവസരത്തിൽ മത്സ്യബന്ധന മേഖലയിലെ എല്ലാ ട്രേഡ് യൂണിയൻ പ്രതിനിധികളെയും അതിൽ

പങ്കെടുപ്പിക്കുകയും അവരുടെ അഭിപ്രായംകൂടി കേന്ദ്ര ഫിഷറീസ് സെക്രട്ടറിയെ അറിയിക്കുകയും ചെയ്തു. പങ്കാളിത്ത മാനേജ്മെന്റ് ഒഴികെ സംസ്ഥാന സർക്കാർ സമർപ്പിച്ച എല്ലാ നിർദ്ദേശങ്ങളും കേന്ദ്രസർക്കാർ തത്വത്തിൽ അംഗീകരിച്ചതായി മനസ്സിലാക്കുന്നു.

(സി) നിയമവുമായി ബന്ധപ്പെട്ട ചട്ടങ്ങൾ ഇതുവരെ തയ്യാറാക്കിയിട്ടില്ല. ലൈസൻസ് ഫീസ് സംബന്ധിച്ച കാര്യങ്ങൾ ചട്ടങ്ങളിലാണ് സാധാരണയായി ഉൾപ്പെടുക.

(ഡി) പ്രതിസന്ധി പരിഹരിക്കുന്നതിന് നിരവധി നിർദ്ദേശങ്ങൾ സംസ്ഥാന സർക്കാർ യഥാസമയം സമർപ്പിക്കുകയുണ്ടായി. പങ്കാളിത്ത മാനേജ്മെന്റ് ഒഴികെ കേരളം സമർപ്പിച്ച ഒട്ടുമിക്ക നിർദ്ദേശങ്ങളും കേന്ദ്രം തത്വത്തിൽ അംഗീകരിച്ചതായി മനസ്സിലാക്കുന്നു. സംസ്ഥാന സർക്കാർ സമർപ്പിച്ച പ്രധാന നിർദ്ദേശങ്ങൾ താഴെ പറയുന്നു.

- 12 നോട്ടിക്കൽ മൈലിന് അപ്പുറം 200 നോട്ടിക്കൽ മൈൽ വരെയുള്ള പ്രദേശങ്ങളിലെ മത്സ്യബന്ധന രജിസ്ട്രേഷൻ/ലൈസൻസ് നൽകുന്നതിനുള്ള അവകാശം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാക്കണം.
- കേന്ദ്രസർക്കാർ കൊണ്ടുവരാനുദ്ദേശിക്കുന്ന മറൈൻ ഫിഷറീസ് (റെഗുലേഷൻ & മാനേജ്മെന്റ്) ബിൽ - 2019 കേന്ദ്രസർക്കാരിന്റെ അധികാരപരിധി എക്സ്ക്ലൂസീവ് എക്കണോമിക് സോണിൽ മാത്രമായി നിജപ്പെടുത്തണം. 12 നോട്ടിക്കൽ മൈലിനകത്തെ മത്സ്യബന്ധന നിയന്ത്രണം, മാനേജ്മെന്റ് എന്നിവ നിലവിലുള്ളതുപോലെ പൂർണ്ണമായും സംസ്ഥാനത്തിന്റെ അധികാരപരിധിയിൽത്തന്നെ നിലനിർത്തണം.
- നിയമലംഘനം പരിശോധിക്കുന്നതിനുള്ള അധികാരം കോസ്റ്റ്ഗാർഡ്, നേവി എന്നിവരിൽ മാത്രം നിജപ്പെടുത്തി നിശ്ചയിക്കാതെ സംസ്ഥാന ഫിഷറീസ് ഉദ്യോഗസ്ഥരെയും ഇതിനായി നിയോഗിക്കണം.
- നിയമലംഘന വിഷയത്തിൽ തീരുമാനമെടുക്കാനുള്ള അധികാരം (Adjudication) പ്രിൻസിപ്പൽ മജിസ്ട്രേറ്റ്/മെട്രോപൊളിറ്റൻ മജിസ്ട്രേറ്റ് എന്നിവരിൽനിന്ന് മാറ്റി ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥരെ ഇതിനായി ചുമതലപ്പെടുത്തണം.
- തീരുമാനത്തിൽ അപ്പീൽ കേൾക്കുന്നതിനുള്ള അധികാരം ഫിഷറീസ് വകുപ്പിൽ (ഫിഷറീസ് ഡയറക്ടറിൽ) നിക്ഷിപ്തമാക്കണം.

- ഇന്ത്യയുടെ സമുദ്രാതിർത്തിയിൽ മത്സ്യബന്ധനത്തിന് വിദേശ യാനങ്ങൾക്ക് അനുമതി നൽകാൻ പാടില്ല.
- ആഴക്കടൽ മത്സ്യബന്ധനത്തിനുള്ള അവകാശം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കും അവരുടെ സഹകരണ സംഘങ്ങൾക്കുമായി നിജപ്പെടുത്തണം. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളെ അതിനായി പ്രാപ്തരാക്കണം.
- നിയമലംഘനം ശ്രദ്ധയിൽപ്പെട്ടാൽ മത്സ്യത്തൊഴിലാളികളെ വാറന്റില്ലാതെ അറസ്റ്റ് ചെയ്യണമെന്ന വ്യവസ്ഥ എടുത്തുകളയണം.
- സംസ്ഥാനത്തിന്റെ അധികാരപരിധിയിലുള്ള 12 നോട്ടിക്കൽ മൈൽ പ്രദേശത്ത് ഫിഷറീസ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായിരിക്കണം.
- മത്സ്യവിഭവ പരിപാലനം, മാനേജ്മെന്റ് എന്നീ കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിന് മത്സ്യത്തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തിയുള്ള പങ്കാളിത്ത മാനേജ്മെന്റ് സംവിധാനം കൊണ്ടുവരണം.
- നിയമലംഘനത്തിന്റെ ഗൗരവത്തിനനുസരിച്ച് പിഴയുടെ അളവ് നിശ്ചയിക്കണം.
- നിയമലംഘകരിൽനിന്ന് പിടിച്ചെടുക്കുന്ന മത്സ്യങ്ങളെ വിറ്റഴിക്കുന്നതിനും സർക്കാരിലേയ്ക്ക് മുതൽക്കൂട്ടുന്നതിനും സുതാര്യമായ സംവിധാനം വേണം.
- മത്സ്യബന്ധന യാനങ്ങൾക്ക് എന്തെങ്കിലും കാരണവശാൽ പെർമിറ്റ്/ലൈസൻസ് നൽകാതിരുന്നാൽ അതിനെതിരെ അപ്പീൽ നൽകാൻ വ്യവസ്ഥ വേണം.
- ഫിഷിംഗ് പെർമിറ്റിന്റെ കാലാവധി നിശ്ചയിക്കുന്നതിനും 'Seaworthiness' ഉറപ്പാക്കുന്നതിനും ബില്ലിൽ വ്യവസ്ഥ ചെയ്യണം.
- കുഞ്ഞ് മത്സ്യങ്ങളെ പിടിക്കുന്നത് തടയൽ, മൺസൂൺ കാല മത്സ്യബന്ധന നിയന്ത്രണം, മത്സ്യബന്ധന യാനങ്ങളുടെ എണ്ണം നിയന്ത്രിക്കൽ, അശാസ്ത്രീയ മത്സ്യബന്ധന നിയന്ത്രണം, വലകളുടെ കണ്ണി വലിപ്പം, ആകെ വലിപ്പം എന്നിവ നിയന്ത്രിക്കുന്നതിന് ബില്ലിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തണം.
- 'മത്സ്യബന്ധനയാനം' എന്നതിന്റെ നിർവ്വചനത്തിൽ യന്ത്രം ഘടിപ്പിക്കാത്ത യാനങ്ങളെക്കൂടി ഉൾപ്പെടുത്തണം.

- എക്സ്ക്ലൂസീവ് എക്കണോമിക് സോണിലും മത്സ്യബന്ധന യാനങ്ങൾക്ക് ലൈസൻസ് നൽകുന്നതിനുള്ള അധികാരം മത്സ്യബന്ധന വകുപ്പിന് നൽകണം.
- പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള എല്ലാത്തരം കടൽ മലിനീകരണത്തെയും നിയന്ത്രിക്കുന്നതിനുള്ള വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തണം.

## പ്രായിക്കര ഫിഷ് ലാൻഡിംഗ് സെന്റർ

352(1427) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ തീരദേശവികസന കോർപ്പറേഷനെ ചുമതലപ്പെടുത്തിയ ചെങ്ങന്നൂർ ചെന്നിത്തല പ്രായിക്കര ഫിഷ് ലാൻഡിംഗ് സെന്റർ നിർമ്മാണം പൂർത്തികരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ?

### ഉത്തരം

ചെങ്ങന്നൂർ ചെന്നിത്തല പ്രായിക്കര ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മാണം ഫിഷറീസ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ടിലുൾപ്പെടുത്തി ചെയ്യുന്നതിനായി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കിവരുന്നു.

## നിലമ്പൂർ മണ്ഡലത്തിലെ ഫിഷറീസ് വകുപ്പ് പദ്ധതികൾ

353(1428) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഫിഷറീസ് വകുപ്പിന് കീഴിൽ നിലമ്പൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ;

(ബി) നിലമ്പൂർ കേന്ദ്രീകരിച്ച് മത്സ്യഭവനം ഓഫീസ് രൂപീകരിക്കുന്നതിന്റെ നടപടിക്രമം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) നിലമ്പൂർ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മത്സ്യകർഷക വികസന ഏജൻസിയുമായി ചേർന്ന് നടപ്പിലാക്കുന്ന ജനകീയ മത്സ്യകൃഷി പദ്ധതി പ്രകാരം ശാസ്ത്രീയ സമ്മിശ്ര കാർപ്പ്, കുളങ്ങളിലെ നൈൽ തിലാപ്പിയ കൃഷി, കാർപ്പ്

വിത്തുല്പാദന യൂണിറ്റ് എന്നിവയിലായി 33.69 ഹെക്ടർ ഏരിയയിൽ മത്സ്യ കൃഷി നടപ്പിലാക്കി.

(ബി) ഫിഷറീസ് വകുപ്പിന് മത്സ്യഭവൻ ഓഫീസ് നിലമ്പൂരിൽ പ്രവർത്തിക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. മത്സ്യഭവന്റെ പ്രവർത്തനത്തിനായി ഓരോ Fisheries Extension Officer (FEO), ഫിഷറീസ് സബ് ഇൻസ്പെക്ടർ എന്നീ തസ്തികകൾ പുതിയതായി അനുവദിച്ചിട്ടുണ്ട്. ആയതിലേയ്ക്ക് നിയമനം എത്രയുംവേഗം നടത്താനുള്ള നടപടികൾ പരിഗണനയിലാണ്. കൂടാതെ മത്സ്യഭവൻ പ്രവർത്തിക്കുന്നതിനുവേണ്ടി നിലമ്പൂർ മുൻസിപ്പാലിറ്റിയിൽ വാടക കെട്ടിടം കണ്ടെത്തിയിട്ടുണ്ട്. ഇതുകൂടെ ലഭ്യമാകുന്നതോടുകൂടി നിലമ്പൂർ മത്സ്യഭവൻ പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കുന്നതാണ്.

**തീരദേശ റോഡുകളുടെ നിർമ്മാണം**

354(1429) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരദേശ റോഡുകളുടെ നിർമ്മാണത്തിനായി 2017-18, 2018-19, 2019-20 വർഷങ്ങളിൽ എറണാകുളം ജില്ലയിലെ ഓരോ നിയോജക മണ്ഡലത്തിലും നൽകിയ തുക എത്രയെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പ്രവൃത്തിക്കായി എറണാകുളം ജില്ലയിലെ 6 നിയോജകമണ്ഡലങ്ങളിലായി 2017-18, 2018-19, 2019-20 വർഷങ്ങളിൽ 98 റോഡ് പ്രവൃത്തികൾക്കായി 4632.60 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിയോജകമണ്ഡലം തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | പ്രവൃത്തികളുടെ എണ്ണം | ഭരണാനുമതി തുക (ലക്ഷത്തിൽ) |
|---|---|---|
| തൃപ്പൂണിത്തുറ | | |
| 2017-18 | 5 | 191.20 |
| 2018-19 | 5 | 213.80 |
| 2019-20 | 5 | 327.90 |
| ആകെ | | 732.90 |

| | | |
|---|---|---|
| എറണാകുളം | | |
| 2017-18 | 4 | 234.70 |
| 2018-19 | 10 | 473.80 |
| ആകെ | | 708.50 |
| കൊച്ചി | | |
| 2017-18 | 7 | 334.70 |
| 2018-19 | 6 | 216.10 |
| 2019-20 | 7 | 410.90 |
| ആകെ | | 961.70 |
| പറവൂർ | | |
| 2017-18 | 9 | 261.90 |
| 2018-19 | 7 | 227.65 |
| 2019-20 | 6 | 414.30 |
| ആകെ | | 903.85 |
| വൈപ്പിൻ | | |
| 2017-18 | 10 | 285.20 |
| 2018-19 | 7 | 388.80 |
| 2019-20 | 8 | 501.45 |
| ആകെ | | 1175.45 |
| പിറവം | | |
| 2017-18 | 2 | 150.20 |
| ആകെ | | 150.20 |

## കാസർഗോഡ് ജില്ലയിലെ തീരദേശ റോഡുകളുടെ പുനരുദ്ധാരണം

355(1430) ശ്രീ. എം. സി. കമറുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിനായി എത്ര തുക അനുവദിച്ചുവെന്ന് നിയോജകമണ്ഡലം അടിസ്ഥാനത്തിൽ കണക്ക് വ്യക്തമാക്കാമോ;

(ബി) തീരദേശ റോഡുകളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ പ്രവൃത്തികളുടെ ലിസ്റ്റും അനുവദിച്ച തുക സംബന്ധിച്ച വിവരവും ലഭ്യമാക്കുമോ;

(സി) മഞ്ചേശ്വരം മണ്ഡലത്തിൽ ഏതൊക്കെ പ്രവൃത്തികളാണ് പൂർത്തിയാക്കാനുള്ളത് എന്ന വിവരം ലഭ്യമാക്കാമോ?

### ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിനായി 4674.91 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മണ്ഡലം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| | |
|---|---|
| തൃക്കരിപ്പൂർ | 998.96 ലക്ഷം |
| മഞ്ചേശ്വരം | 937.52 ലക്ഷം |
| കാഞ്ഞങ്ങാട് | 873.37 ലക്ഷം |
| ഉദുമ | 1259.68 ലക്ഷം |
| കാസർഗോഡ് | 605.38 ലക്ഷം |
| ആകെ | 4674.91 ലക്ഷം |

തീരദേശ റോഡുകളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ പ്രവൃത്തികളുടെ ലിസ്റ്റ്, അനുവദിച്ച തുക എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

മഞ്ചേശ്വരം മണ്ഡലത്തിൽ പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കാസർഗോഡ് മണ്ഡലത്തിലെ തീരദേശ റോഡുകൾ

356(1431) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നിയോജകമണ്ഡലത്തിൽ പുനർനിർമ്മാണം നടത്തേണ്ട എത്ര തീരദേശ റോഡുകളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പുനർനിർമ്മാണത്തിന് എസ്റ്റിമേറ്റ് ലഭിച്ചിട്ടും ഭരണാനുമതി ലഭിക്കാത്ത എത്ര റോഡുകൾ മണ്ഡലത്തിലുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത റോഡുകളുടെ പുനർനിർമ്മാണത്തിന് ഭരണാനുമതി എപ്പോൾ നൽകാനാകുമെന്ന് വ്യക്തമാക്കാമോ;

(ഡി) ഭരണാനുമതി ലഭിച്ചതും ടെണ്ടർ നടപടികൾ പൂർത്തിയായിട്ട് പ്രവൃത്തികൾ തുടങ്ങാത്തതുമായ മണ്ഡലത്തിലെ തീരദേശ റോഡുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മത്സ്യബന്ധന മേഖലയുടെ പശ്ചാത്തല വികസനത്തിന് ഏറ്റവും അത്യാവശ്യം വരുന്ന റോഡുകളാണ് തീരദേശ റോഡുകളുടെ പുനരുദ്ധാരണം എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി ചെയ്തുവരുന്നത്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് നിയോജകമണ്ഡലത്തിൽ തീരദേശ റോഡുകളുടെ അംഗീകൃത ലിസ്റ്റിലുൾപ്പെടുത്തി പുനരുദ്ധാരണത്തിനായി 23 റോഡുകളാണ് ശിപാർശ ചെയ്തിരുന്നത്.

23 റോഡുകളിൽ 4 റോഡുകൾ സ്ഥലം ലഭ്യമല്ലാത്തതിനാലും മറ്റ് വകുപ്പുകൾ മുഖേന ഏർപ്പെടുത്തിയതിനാലും പുനരുദ്ധാരണത്തിനായി പരിഗണിച്ചില്ല. രണ്ട് റോഡ് പ്രവൃത്തികൾ കാസർഗോഡ് വികസന പാക്കേജിലുൾപ്പെടുത്തി പൂർത്തീകരിച്ചു. 2 റോഡുകൾക്ക് കേടുപാടുകളൊന്നുംതന്നെ ഇല്ലാത്തതിനാൽ പരിഗണിച്ചിട്ടില്ല. 2 റോഡുകൾ പ്രദേശവാസികളാണ് അംഗീകൃത ലിസ്റ്റിലേയ്ക്ക് ശിപാർശ ചെയ്തിരുന്നത്. സർക്കാർ മാർഗ്ഗനിർദ്ദേശാനുസരണം പഞ്ചായത്ത് കമ്മിറ്റി തീരുമാനം ലഭ്യമാകാതിരുന്നതിനാൽ ടി റോഡുകൾ പുനരുദ്ധാരണത്തിനായി പരിഗണിച്ചിട്ടില്ല. 12 റോഡുകളുടെ എസ്റ്റിമേറ്റിൽ 9 റോഡുകൾക്ക് ഭരണാനുമതി നൽകി. ഒരു റോഡിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(ബി & സി) തീരദേശ റോഡുകളുടെ പുനരുദ്ധാരണ പദ്ധതിയിലുൾപ്പെടുത്തി കാസർഗോഡ് നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട 12 റോഡുകളിൽ 9 എണ്ണത്തിന് ഭരണാനുമതി നൽകി.

(ഡി) ഭരണാനുമതി നൽകിയ എല്ലാ റോഡുകളുടെയും ടെണ്ടർ നടപടി പൂർത്തിയാക്കി പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

**ബോട്ട് പുറംകടലിൽ കപ്പലിടിച്ച് തകർന്ന സംഭവം**

357(1432) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>:
<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>:
<u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂന്തുറയിൽ നിന്നും മത്സ്യബന്ധനത്തിനു പോയവരുടെ ബോട്ട് പുറംകടലിൽ കപ്പലിടിച്ച് തകർന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബോട്ടിൽ ഇടിച്ച കപ്പൽ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇല്ല. കപ്പൽ കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട നടപടികൾ കോസ്റ്റൽ പോലീസ്, ഇന്ത്യൻ കോസ്റ്റ് ഗാർഡ് എന്നിവർ സ്വീകരിച്ച് വരുന്നുണ്ട്.

(സി) കേരള തീരത്ത് 12 നോട്ടിക്കൽ മൈൽ വരെ മത്സ്യബന്ധനം നടത്തുന്നതിനാണ് സംസ്ഥാന മത്സ്യബന്ധന വകുപ്പ് ലൈസൻസ് നൽകുന്നത്. എന്നാൽ ടി പരിധിയും കഴിഞ്ഞ് മത്സ്യബന്ധനം നടത്താൻ ശ്രമിക്കുന്നതാണ് അപകടമുണ്ടാകാൻ കാരണം. കപ്പൽ ചാലിൽ മത്സ്യബന്ധനം ഒഴിവാക്കണമെന്ന് നിരന്തരമായ ബോധവത്കരണ ക്യാമ്പയിൻ മത്സ്യത്തൊഴിലാളികൾക്കിടയിൽ നടത്തിവരുന്നു. ഇത്തരം അപകടങ്ങൾ ഒഴിവാക്കുന്നതിനായി യാനങ്ങളിൽ നാവിഗേഷൻ ഉപകരണങ്ങൾ നിർബന്ധമാക്കുകയും സർട്ടിഫൈഡ് സ്രാങ്ക്/എഞ്ചിൻ ഡ്രൈവർ മാത്രമേ മത്സ്യബന്ധനയാനങ്ങൾ പ്രവർത്തിപ്പിക്കാവൂ എന്നീ നിബന്ധനകൾ കെ.എം.എഫ്.ആർ. 2018 ചട്ടങ്ങളിലൂടെ ഉത്തരവാകുകയും

നടപ്പിലാക്കി വരികയുമാണ്. യന്ത്രവത്കൃത ബോട്ടുകളിൽ വെസ്സൽ ട്രാക്കിംഗ് ഡിവൈസ് അല്ലെങ്കിൽ ആട്ടോമാറ്റിക് ഐഡന്റിഫിക്കേഷൻ സിസ്റ്റം (AIS) നിർബന്ധമാക്കിയിട്ടുണ്ട്.

**പരപ്പനങ്ങാടി ഫിഷിംഗ് ഹാർബർ നിർമ്മാണം**

358(1433) ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നു ദശാബ്ദത്തിലേറെ അനിശ്ചിതത്വത്തിൽ നിന്നിരുന്ന, പരപ്പനങ്ങാടി ഫിഷിംഗ് ഹാർബർ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ;

(ബി) ഹാർബറിന്റെ ആസ്ഥാനം സംബന്ധിച്ച തർക്കം പരിഹരിച്ചിട്ടുണ്ടോ;

(സി) ഈ ഹാർബറിന്റെ പണി എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പരപ്പനങ്ങാടി ഫിഷിംഗ് ഹാർബർ നിർമ്മാണ പ്രവൃത്തിക്ക് 9-1-2020-ൽ ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുണ്ട്. ടി പ്രവൃത്തി നടപ്പിലാക്കുന്നതിന് കരാറുകാരന് സൈറ്റ് കൈമാറുകയും പ്രവൃത്തി ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പരിഹരിച്ചിട്ടുണ്ട്.

(സി) ടി പദ്ധതി ജൂലൈ 2022-ൽ പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

**പുതിയ മത്സ്യബന്ധന ഹാർബറുകൾ**

359(1434) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ പശ്ചാത്തല വികസനത്തിന്റെ ഭാഗമായി സംസ്ഥാനത്ത് പുതിയ മത്സ്യബന്ധന ഹാർബറുകൾ നിർമ്മിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി കിഫ്ബിയിൽ നിന്നും എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളത്;

(സി) പ്രസ്തുത ഓരോ പദ്ധതിക്കും അനുവദിച്ച തുകയും ഇതിനകം ചെലവഴിച്ച തുകയും എത്രയെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ&ബി) കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി പരപ്പനങ്ങാടി ഫിഷിംഗ് ഹാർബർ നിർമ്മാണത്തിന് 112.218 കോടി രൂപയുടെ പദ്ധതിക്ക് കിഫ്ബി അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രവൃത്തി ടെണ്ടർ ചെയ്ത് നിർമ്മാണം ആരംഭിച്ചു. കൂടാതെ ചെത്തി മിനി ഹാർബർ വിപുലമാക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കിയ 97.43 കോടി രൂപയുടെ ഡി.പി.ആർ.-നും കിഫ്ബിയുടെ അനുമതി ലഭിച്ചു.

(സി)

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | പരപ്പനങ്ങാടി ഫിഷിംഗ് ഹാർബർ | 11221.80 | 32.92 |
| 2 | ചെത്തി ഫിഷിംഗ് ഹാർബർ | 9743.00 | 29.19 |
| | ആകെ | 20964.80 | 62.11 |

**വർക്കല മണ്ഡലത്തിലെ തീരദേശ റോഡുകളുടെ നവീകരണം**

360(1435) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് വർക്കല മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ വിശദമാക്കാമോ;

(ബി) തീരദേശ മേഖലയിലെ റോഡുകളുടെ നവീകരണത്തിന് എത്ര രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്; അവ ഏതെല്ലാം റോഡുകൾക്കെന്ന് വ്യക്തമാക്കാമോ;

(സി) ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ സാങ്കേതികാനുമതി നൽകുവാനും ടെണ്ടർ നടപടി പൂർത്തിയാക്കുവാനുമുള്ളവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരമേറ്റശേഷം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് വർക്കല മണ്ഡലത്തിൽ 37 പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. ടി റോഡുകളുടെ നവീകരണത്തിനായി 932.69 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. *

**മഞ്ചേശ്വരം ഫിഷിംഗ് ഹാർബർ**

361(1436) ശ്രീ. എം. സി. കമറുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം ഫിഷിംഗ് ഹാർബർ പ്രവൃത്തി പൂർത്തിയാക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇനി പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ എന്തൊക്കെയാണെന്നും പ്രസ്തുത പ്രവൃത്തികൾ എപ്പോൾ പൂർത്തിയാക്കാനാകുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) മഞ്ചേശ്വരം ഫിഷിംഗ് ഹാർബർ പ്രവൃത്തി പൂർത്തീകരണഘട്ടത്തിലാണ്.

മഞ്ചേശ്വരം ഫിഷിംഗ് ഹാർബർ പദ്ധതിയുടെ ഭരണാനുമതിയിൽ ഉൾപ്പെട്ട പ്രധാന ഘടകങ്ങളായ രണ്ട് പുലിമുട്ടുകൾ, വാർഫ്, ലേലപ്പുര, പാർക്കിംഗ് ഏരിയ, നെറ്റ് മെൻഡിംഗ് ഷെഡ്, കാന്റീൻ, വർക്ക്ഷോപ്പ്, ടോയ്‌ലറ്റ്, ലോക്കർ റൂം, ഷോപ്പ് ബിൽഡിംഗ്, അപ്രോച്ച് റോഡ്, കോമ്പൗണ്ട് വാൾ, ഗേറ്റ് ഹൗസ്, ജലവിതരണ സംവിധാനത്തിനുള്ള വാട്ടർ ടാങ്ക്, ഇലക്ട്രിഫിക്കേഷൻ & ലൈറ്റിംഗ് മുതലായവ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ജലവിതരണ സംവിധാനത്തിൽ ഇനി സമ്പിന്റെ പ്രവൃത്തികൂടി പൂർത്തീകരിക്കാനുണ്ട്. കൂടാതെ വാട്ടർ അതോറിറ്റിയിൽനിന്നും ശുദ്ധജലവിതരണത്തിനുള്ള കണക്ഷൻ സ്വീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഡ്രെഡ്ജിംഗ് പ്രവൃത്തി പൂർത്തീകരിച്ചുവെങ്കിലും 2018-ലെ വെള്ളപ്പൊക്കത്തെ തുടർന്ന് ഹാർബർ ബേസിനിൽ മണ്ണ് അടിഞ്ഞതോടുകൂടി ആഴം കുറഞ്ഞതുകൊണ്ട് പദ്ധതിയിലെ സേവിംഗ്സിൽ നിന്നും തുക കണ്ടെത്തി ഡ്രെഡ്ജിംഗ് പ്രവൃത്തി നടത്തുന്നതിനുള്ള കരാറിലേർപ്പെട്ടിട്ടുണ്ട്. ഈ പദ്ധതി 2020 മാർച്ച് മാസത്തോടുകൂടി പൂർത്തീകരിക്കാൻ കഴിയും.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## മത്സ്യബന്ധന തുറമുഖങ്ങളുടെ പുനരുദ്ധാരണം

362(1437) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ മത്സ്യബന്ധന തുറമുഖങ്ങളുടെ പുനരുദ്ധാരണത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണത്തിനാണ് പദ്ധതിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) ഓരോ മത്സ്യബന്ധന തുറമുഖത്തിലും നിലവിൽ നടക്കുന്ന പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് എന്ത് തുക വീതമാണ് അനുവദിച്ചിട്ടുള്ളത്;

(സി) കായംകുളം, തോട്ടപ്പള്ളി, മുനമ്പം തുറമുഖങ്ങളുടെ പുലിമുട്ടിന്റെ ശേഷി വർദ്ധിപ്പിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി എന്ത് തുകയാണ് നീക്കി വച്ചിട്ടുള്ളത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) മത്സ്യബന്ധന തുറമുഖങ്ങളുടെ പുനരുദ്ധാരണത്തിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഓഖി പാക്കേജിൽ നീണ്ടകര (5.11 കോടി), കായംകുളം (8.44 കോടി), തോട്ടപ്പള്ളി (13.38 കോടി), മുനമ്പം (10.57 കോടി), കാസർഗോഡ് (17.20 കോടി) എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ പുനരുദ്ധാരണത്തിന് 54.70 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നീണ്ടകര മത്സ്യബന്ധന തുറമുഖത്തിന്റെ പുനരുദ്ധാരണ പ്രവൃത്തി, കായംകുളം മത്സ്യബന്ധന തുറമുഖത്തിന്റെ പുലിമുട്ടുകളുടെ പുനരുദ്ധാരണ പ്രവൃത്തി, തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖത്തിന്റെ പുലിമുട്ടിന്റെ നീളം കൂട്ടുന്ന പ്രവൃത്തി, മുനമ്പം മത്സ്യബന്ധന തുറമുഖത്തിന്റെ വടക്കേ പുലിമുട്ടിന്റെ നീളം കൂട്ടുന്ന പ്രവൃത്തി എന്നിവ പുരോഗമിക്കുന്നു. കാസർഗോഡ് മത്സ്യബന്ധന തുറമുഖത്തിന്റെ പുലിമുട്ടിന്റെ നീളം വർദ്ധിപ്പിക്കുന്ന പ്രവൃത്തിയുടെ ദർഘാസ് നടപടി പൂർത്തീകരിച്ചുവരുന്നു.

2. ചെല്ലാനം മത്സ്യബന്ധന തുറമുഖം (10.37 കോടി), തങ്കശ്ശേരി മത്സ്യബന്ധന തുറമുഖം (6.25 കോടി), വെള്ളയിൽ മത്സ്യബന്ധന തുറമുഖം (6.5 കോടി), പുതിയാപ്പ മത്സ്യബന്ധന തുറമുഖം (2.28 കോടി) എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി NABARD RIDF XXIII-ൽ ഭരണാനുമതി ലഭ്യമാക്കി പ്രസ്തുത പ്രവൃത്തികൾ പുരോഗമിക്കുന്നു.

3. താനൂർ മത്സ്യബന്ധന തുറമുഖം (14.86 കോടി), വെള്ളയിൽ മത്സ്യബന്ധന തുറമുഖം(22.33 കോടി) എന്നിവയുടെ പുലിമുട്ടിന്റെ നീളം കൂട്ടുന്ന പ്രവൃത്തി, പുറത്തൂർ പള്ളിക്കടവ് തീരസംരക്ഷണ പ്രവൃത്തി (7.14 കോടി) എന്നിവയ്ക്ക് NABARD RIDF - XXV-ൽ ഭരണാനുമതി ലഭ്യമാക്കി. ഇതിന്റെ പ്രീ ക്വാളിഫിക്കേഷൻ ദർഘാസ് നടപടികൾ നടന്നുവരുന്നു.

4. മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടിയിൽ പുതിയ മത്സ്യബന്ധന തുറമുഖം സ്ഥാപിക്കുന്നതിന് 112.22 കോടി രൂപയുടെ പദ്ധതിക്ക് KIIFB ഫണ്ട് അനുവദിക്കുകയും പ്രവൃത്തി ടെണ്ടർ ചെയ്ത് നിർമ്മാണം ആരംഭിക്കുന്ന ഘട്ടത്തിലെത്തി കഴിഞ്ഞു. ഇതുകൂടാതെ ആലപ്പുഴ ജില്ലയിലെ ചെത്തി മത്സ്യബന്ധന തുറമുഖത്തിന്റെ വിപുലീകരണത്തിന് 98 കോടി രൂപയുടെ പദ്ധതി കിഫ്ബി ഫണ്ട് അനുവദിച്ചിട്ടുണ്ട്.

5. മത്സ്യബന്ധന തുറമുഖങ്ങളുടെ സമീപത്തുള്ള തീരശോഷണം തടയുന്നതിനുള്ള പദ്ധതി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് കിഫ്ബി ധനസഹായത്തോടെ നടപ്പാക്കിക്കൊണ്ടിരിക്കുന്നു. മുതലപ്പൊഴി (18.31 കോടി), കൊല്ലം-താന്നി (35.08 കോടി), കായംകുളം (2.42 കോടി), തോട്ടപ്പള്ളി (2.40 കോടി), ചേറ്റുവ (6.86 കോടി), തലായ് (3.48 കോടി), മഞ്ചേശ്വരം (13.47 കോടി)എന്നിവിടങ്ങളിലാണ് ഗ്രോയിൻ നിർമ്മാണം നടത്തുന്നത്. ഈ പദ്ധതികളുടെ ആകെ തുക 82.02 കോടി രൂപയാണ്.

6. മത്സ്യബന്ധന തുറമുഖ നിർമ്മാണവും വിപുലീകരണവുമായി ബന്ധപ്പെട്ട് 372.16 കോടി രൂപ അടങ്കലുള്ള 10 കേന്ദ്രാവിഷ്കൃത പദ്ധതികളാണ് നടന്നുവരുന്നത്. 247.07 കോടി രൂപയാണ് ടി പദ്ധതികളുടെ കേന്ദ്ര വിഹിതമായി ലഭിക്കേണ്ടത്. അതിൽ 59.14 കോടി രൂപ ഇനിയും കേന്ദ്രത്തിൽനിന്നും ലഭിക്കാനുണ്ട്. താനൂർ, വെള്ളയിൽ, അർത്തുങ്കൽ തുറമുഖങ്ങളുടെ പണി പൂർത്തീകരിക്കുന്നതിന് പുതുക്കിയ ഭരണാനുമതി ആവശ്യപ്പെട്ടുവെങ്കിലും കേന്ദ്ര സർക്കാർ അനുവദിച്ചിട്ടില്ല. മത്സ്യബന്ധന തുറമുഖങ്ങളുടെ വികസനത്തിനും വിപുലീകരണത്തിനുമായി ആകെ 789 കോടി രൂപയുടെ പദ്ധതികളാണ് നടന്നുവരുന്നത്.

(സി) കായംകുളം, തോട്ടപ്പള്ളി, മുനമ്പം എന്നീ തുറമുഖങ്ങളുടെ പുലിമുട്ടിന്റെ ശേഷി വർദ്ധിപ്പിക്കാൻ ഓഖി പാക്കേജിലുൾപ്പെടുത്തി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- കായംകുളം മത്സ്യബന്ധന തുറമുഖത്തിന്റെ പുലിമുട്ടുകളുടെ പുനരുദ്ധാരണ പ്രവൃത്തി - 8.44 കോടി
- തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖത്തിന്റെ പുലിമുട്ടിന്റെ നീളം കൂട്ടുന്ന പ്രവൃത്തി - 13.38 കോടി
- മുനമ്പം മത്സ്യബന്ധന തുറമുഖത്തിന്റെ വടക്കേ പുലിമുട്ടിന്റെ നീളം കൂട്ടുന്ന പ്രവൃത്തി - 10.57 കോടി

**പൊഴിയൂർ മത്സ്യബന്ധന തുറമുഖം**

363(1438) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊഴിയൂരിൽ അനുവദിച്ച മത്സ്യബന്ധന തുറമുഖത്തിന്റെ നിലവിലെ അവസ്ഥ എന്തെന്ന് വ്യക്തമാക്കാമോ;

(ബി) തുറമുഖ നിർമ്മാണത്തിന്റെ ഡി. പി. ആർ. തയ്യാറാക്കുവാൻ ഏതു ഏജൻസിയെയാണ് ചുമതലപ്പെടുത്തിയതു എന്ന് വ്യക്തമാക്കാമോ;

(സി) തുറമുഖം നിർമ്മിക്കുന്നതിന് സാങ്കേതിക - പാരിസ്ഥിതിക പഠനം നടത്തുന്നതിനു ആരെയാണ് ചുമതലപ്പെടുത്തിയത് എന്ന് അറിയിക്കാമോ ;

(ഡി) പ്രാരംഭഘട്ട പ്രവർത്തനത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പൊഴിയൂരിൽ ഒരു മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിനുള്ള അന്വേഷണ ഗവേഷണ പഠനങ്ങളുടെ ഭാഗമായി ബീച്ച് ക്രോസ് സെക്ഷൻ, ഷോർലൈൻ സർവ്വേ, പ്രീമൺസൂൺ - മൺസൂൺ - പോസ്റ്റ്മൺസൂൺ വേവ് ഡാറ്റാ എന്നിവ എടുത്തിട്ടുണ്ട്. ടോപ്പോഗ്രഫിക് സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

(ബി) പദ്ധതിയുടെ പ്രാഥമിക മാതൃകാപഠനം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടത്തുന്നതും ഇപ്രകാരം ലഭിക്കുന്ന ടെൻറ്റേറ്റീവ് (Tentative) ലേഔട്ട് തുടർ പരിശോധനയ്ക്കും വിദഗ്ദ്ധോപദേശത്തിനുമായി പൂനെ CWPRS-ന് നൽകുന്നതുമാണ്. പദ്ധതിയുടെ മാതൃകാപഠനം പൂർത്തിയാക്കിയശേഷം പരിസ്ഥിതി ആഘാത പഠനംകൂടി നടത്തി ഇ.ഐ.എ. ക്ലിയറൻസ് ലഭിച്ചശേഷം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പദ്ധതി രൂപരേഖ തയ്യാറാക്കുന്നതാണ്.

(സി) പദ്ധതിയുടെ മാതൃകാപഠനം പൂർത്തീകരിച്ചശേഷം ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

(ഡി) ടി പദ്ധതിയുടെ അന്വേഷണ ഗവേഷണ പഠനങ്ങൾക്ക് 63.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

**മുതലപ്പൊഴിയിലെ സാൻഡ് ബൈപാസിംഗ്**

364(1439) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതലപ്പൊഴിയിൽ സാൻഡ് ബൈപാസിംഗ് നടത്തുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ;

(ബി) മുതലപ്പൊഴി ഹാർബറിൽ അപകടങ്ങളിൽ മരിച്ച മത്സ്യത്തൊഴിലാളികളുടെ എണ്ണവും അവർക്ക് സർക്കാർ നൽകിയ നഷ്ടപരിഹാരത്തിന്റെ കണക്കും വെളിപ്പെടുത്താമോ?

ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്. മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിനുള്ളിൽ ആദ്യമുണ്ടായിരുന്ന ബ്രേക്ക് വാട്ടറിലെ കല്ലുകളും അവിടെ അടിഞ്ഞുകൂടിയിരുന്ന മണ്ണും നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തെ ബോട്ടുചാനലിന്റെ ആഴം മെസ്സേഴ്സ് അദാനി ഗ്രൂപ്പ് വഴി ഡ്രഡ്ജിംഗ് നടത്തി 5 മീറ്ററായി നിലനിർത്തിയിട്ടുണ്ട്. കൂടാതെ താഴംപള്ളിയിലെ തീരശോഷണത്തിന് പരിഹാരമായി KIIFB യിൽ ഉൾപ്പെടുത്തി 10 ഗ്രോയിനുകൾ (ചെറിയ പുലിമുട്ടുകൾ) നിർമ്മിക്കുന്നതിന് ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. സ്ഥിരമായി ഇതേ ആഴം നിലനിർത്തുന്നതിനായി സാൻഡ് ബൈപാസിംഗ് പരിഗണനയിലുണ്ട്.

കടലിന്റെ അടിത്തട്ടിന് താഴെക്കൂടി ഡ്രഡ്ജിംഗ് പൈപ്പ് സ്ഥാപിച്ച് വടക്ക് താഴംപള്ളി ഭാഗത്തേക്ക് സാൻഡ് ബൈപാസിംഗ് ചെയ്യുമ്പോൾ പൈപ്പ് ലൈനിൽ

'ചോക്കിംഗ്' ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ ഇത് സംബന്ധിച്ചുള്ള പഠനം നടന്നുവരികയാണ്. ബ്രേക്ക് വാട്ടറിന് കുറുകെ മുകളിൽക്കൂടി പൈപ്പ് ലൈൻ സ്ഥാപിച്ച് സാൻഡ് ബൈപാസ് ചെയ്യുന്ന കാര്യവും പരിഗണിച്ചുവരികയാണ്. പഠനങ്ങൾ പൂർത്തീകരിച്ച് സാൻഡ് ബൈപാസിംഗിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതാണ്.

(ബി) മുതലപ്പൊഴി ഹാർബറിൽ അപകടങ്ങളിൽ മരിച്ച 10 മത്സ്യത്തൊഴിലാളികളുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പേര് | മരണമടഞ്ഞ തീയതി |
|---|---|---|
| 1 | വിക്ടർ ജോസഫ് | 14-8-2017 |
| 2 | ദാസൻ ഔസേഫ് | 2-6-2018 |
| 3 | വർഗ്ഗീസ് സിൽവയ്യ | 22-6-2018 |
| 4 | ബിനു ഫ്രാൻസിസ് | 10-7-2018 |
| 5 | വർഗ്ഗീസ് അത്തനാസ് | 13-7-2018 |
| 6 | പനിയടിമ പീറ്റർ | 13-7-2018 |
| 7 | കാർമ്മൽ ലാസർ | 11-8-2018 |
| 8 | സഹായ രാജു | 11-8-2018 |
| 9 | ലാസർ തോമസ് | 12-8-2019 |
| 10 | റോക്കി ബെൻഞ്ചിലാസ് | 12-8-2019 |

മേൽപ്പറഞ്ഞ മത്സ്യത്തൊഴിലാളികളിൽ കാർമ്മൽ ലാസർ ഒഴികെയുള്ളവർ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ളവരായിരുന്നു. ക്രമനമ്പർ 8, 10 ഒഴികെ മറ്റുള്ളവരുടെ അപകട ഇൻഷ്വറൻസ് അപേക്ഷകൾ ബന്ധപ്പെട്ട ഇൻഷ്വറൻസ് കമ്പനികൾക്ക് അയച്ചിരുന്നു. ക്രമനമ്പർ 8 ശ്രീ. സഹായരാജുവിന്റെ അപേക്ഷ മത്സ്യബോർഡ് തിരുവനന്തപുരം മേഖല കാര്യാലയത്തിൽ ലഭ്യമായിട്ടില്ല. ക്രമനമ്പർ 10 ശ്രീ. റോക്കി ബെൻഞ്ചിലാസിന്റെ അപേക്ഷ മേഖല കാര്യാലയത്തിൽ ലഭ്യമാകുകയും ആയതിൽ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ഇൻഷ്വറൻസ് കമ്പനിക്ക് നൽകിയ അപേക്ഷകളിൽ ശ്രീ. വിക്ടർ ജോസഫ്, ശ്രീ. ദാസൻ ഔസേഫ് എന്നിവരുടെ ഇൻഷ്വറൻസ് തുക 10,00,000 രൂപ വീതം അവരുടെ ആശ്രിതർക്ക് അനുവദിച്ചിട്ടുണ്ട്.

## വിഴിഞ്ഞം ഹാർബറിലെ അപകടങ്ങൾ

365(1440) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം ഹാർബറിൽ അപകടങ്ങൾ വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അന്താരാഷ്ട്ര തുറമുഖത്തിന്റെ പുലിമുട്ടിൽ തട്ടി തിരമാലകൾക്ക് ഗതിമാറ്റം സംഭവിക്കുന്നതും മണലടിയുന്നതുംമൂലം അപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച പരിഹാരനടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പുലിമുട്ടിൽ തട്ടി തിരമാലകൾക്ക് ഗതിമാറ്റം സംഭവിക്കുകയും തന്മൂലം ഹാർബർ ബേസിനുള്ളിൽ ചെറിയ തോതിൽ തിരയിളക്കം അനുഭവപ്പെടുകയും ചെയ്യുന്നുണ്ട്. ഇതുമൂലം വലിയ അപകടങ്ങളൊന്നും ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടില്ല.

നിർമ്മാണം നടക്കുന്ന വേളയിലുണ്ടായ അപകടങ്ങളെക്കുറിച്ച് 'L&T Infrastructure Engineering Limited' മുഖാന്തരം പഠനം നടത്തുകയും ടി പ്രതിഭാസം തുറമുഖ നിർമ്മാണം മൂലമല്ലെന്ന് റിപ്പോർട്ട് ലഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നിരുന്നാലും ടി പ്രതിഭാസം വിശദമായി പഠിക്കുന്നതിനും പ്രദേശവാസികളുടെ ആശങ്കകൾ ദൂരീകരിക്കുന്നതിനുമായി 'Central Water and Power Research Station' മുഖാന്തരം 'Physical Model Study' ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

## വൈപ്പിനിലെ ഫിഷ് ലാൻഡിംഗ് സെന്റർ

366(1441) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിനിലെ കാളമുക്ക് ഫിഷ് ലാൻഡിംഗ് സെന്ററിന് ഭൂമി ഏറ്റെടുക്കുന്ന നടപടികൾക്ക് കാലതാമസം വരുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് എത്ര തുകയാണ് ആവശ്യമായി വരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ; കാലതാമസം ഒഴിവാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) വൈപ്പിൻ ഫിഷ് ലാന്റിംഗ് സെന്ററിനുള്ള ഭൂമി LARR Act 2013 പ്രകാരം ഏറ്റെടുക്കുന്നതിന് എറണാകുളം ജില്ലാകളക്ടർക്ക് അനുമതി നൽകിക്കൊണ്ട് 251.04 ലക്ഷം രൂപയുടെ അനുമതി റവന്യൂ വകുപ്പ് നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിന്റെ പ്രാരംഭ നടപടികൾക്കായി ആകെ വേണ്ടിവരുന്ന 251.04 ലക്ഷം രൂപയുടെ 5% ആയ 12,55,220 രൂപ സ്പെഷ്യൽ തഹസിൽദാർ (എൽ.എ) ജി.സി.ഡി.എ. എറണാകുളത്തിന് അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിക്ക് 12.552 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള 251.04 ലക്ഷം രൂപയുൾപ്പെടെ 473 ലക്ഷം രൂപയാണ് ആവശ്യമായി വരുന്നത്.

(സി) പ്രസ്തുത പ്രവർത്തനങ്ങൾക്കായി 2018-19 വർഷത്തിലും 2019-20 വർഷത്തിലും ശീർഷകത്തിൽ തുക അനുവദിച്ചിരുന്നില്ല. തുടർന്ന് അധിക ധനാഭ്യർത്ഥന മുഖേന ഭൂമി ഏറ്റെടുക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കുള്ള തുക അനുവദിച്ചു. ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(നക്ഷത്രചിഹ്നമിടാത്ത 1316, 1378, 1379 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

10.00 A.M.]

## II അടിയന്തരപ്രമേയം

ദേശീയ ജനസംഖ്യാ രജിസ്റ്റർ

മി. സ്പീക്കർ: കേന്ദ്ര സർക്കാരിന്റെ ദേശീയ ജനസംഖ്യാ രജിസ്റ്ററുമായി ബന്ധപ്പെട്ട നിരവധി ചോദ്യങ്ങൾ ചോദ്യാവലിയിൽ ഉൾപ്പെടുത്തി വിവരങ്ങൾ ശേഖരിക്കുന്ന സെൻസസ് നടപടി ആരംഭിക്കാനുള്ള സംസ്ഥാന സ ർക്കാരിന്റെ തീരുമാനംമൂലം ജനങ്ങളിൽ ഉടലെടുത്തതായി പറയപ്പെടുന്ന ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. എം. ഷാജി, കെ. സി. ജോസഫ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽ കിയിട്ടുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, പോയിന്റ് ഓഫ് ഓർഡർ. സുപ്രീംകോടതി വിധിപ്രകാരം വോട്ടവകാശമില്ലാത്ത ബഹുമാനപ്പെട്ട അംഗത്തിന് വോട്ടവകാശമുള്ള ഒരു പ്രമേയം അവതരിപ്പിക്കാൻ കഴിയുമോ? അദ്ദേഹത്തിന് വോട്ടവകാശമില്ല. ബഹുമാനപ്പെട്ട സ്പീക്കർ ചട്ടം 54 (3) പ്രകാരം അനുമതി നൽകുന്ന കാര്യത്തിൽ ആക്ഷേപം ഉന്നയിക്കുന്നപക്ഷം, അനുമതി നൽകുന്നതിന് അനുകൂലിക്കുന്ന അംഗങ്ങളോട് അവരുടെ സ്ഥാനങ്ങളിൽ എഴുന്നേറ്റ് നിൽക്കാൻ സ്പീക്കർ അഭ്യർത്ഥിക്കേണ്ടതും അതനുസരിച്ച് 15-ൽ കുറയാതെ അംഗങ്ങൾ എഴുന്നേറ്റ് നിൽക്കുന്നപക്ഷം, അനുമതി നൽകിയതായി സ്പീക്കർ അറിയിക്കേണ്ടതുമാകുന്നു. അപ്പോഴും അദ്ദേഹത്തിന് എഴുന്നേറ്റ് നിൽക്കാൻ പറ്റുകയില്ല, കാരണം അദ്ദേഹത്തിന് വോട്ടവകാശമില്ല. അതുപോലെ, ചർച്ച അവസാനിപ്പിക്കലിൽ 'പ്രശ്നം വോട്ടിനിടേണ്ടതാകുന്നു,' എന്നാണ് പറയുന്നത്. അപ്പോൾ വോട്ടിനിടേണ്ട ഒരു പ്രമേയം വോട്ടവകാശമില്ലാത്ത മെമ്പർ അവതരിപ്പിക്കുന്നത് ക്രമപ്രകാരമാണോയെന്ന് ബഹുമാനപ്പെട്ട സ്പീക്കർ റൂൾ ചെയ്യണം.

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി ഇങ്ങനെ ഒരു ഒബ്ജക്ഷൻ ഉന്നയിക്കുന്നത് വളരെ ദൗർഭാഗ്യകരമാണ്. കാരണം, ഇതിനുമുമ്പും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ പ്രത്യേക അനുമതിയോടുകൂടി നിരവധി അംഗങ്ങൾ സഭാനടപടികളിൽ പങ്കെടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി അനുസരിച്ച് അദ്ദേഹത്തിന് വോട്ടെടുപ്പിൽ പങ്കെടുക്കാൻ പാടില്ല എന്നൊരു കാര്യം മാത്രമേയുള്ളൂ. അങ്ങ് അതിനെ വളച്ചൊടിച്ച് അടിയന്തരപ്രമേയം അവതരിപ്പിക്കാൻ അവകാശമില്ല എന്നുപറയുന്നത് ശരിയല്ല. ശ്രീ. കെ. എം. ഷാജി

തന്നെ ഇതിനുമുമ്പ് ഈ സഭയിൽ ഇത് അവതരിപ്പിച്ചിട്ടുണ്ട്. ഇത് ഒരംഗത്തെ മനഃപൂർവ്വം അവഹേളിക്കുന്നതിനുവേണ്ടി ചെയ്തതാണ്. പാർലമെന്ററികാര്യ വകുപ്പുമന്ത്രിയും കൂടിയായ അങ്ങ് സഭാ മര്യാദ പാലിച്ച് ഈ ഒബ്ജക്ഷൻ പിൻവലിക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

ശ്രീ. എ. കെ. ബാലൻ: സർ, വോട്ടവകാശമില്ല, മറ്റു നടപടികളിൽ പങ്കെടുക്കാമെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിയിൽ കൃത്യമായി പറഞ്ഞിട്ടുണ്ട്. വോട്ടവകാശമില്ലാത്ത ഒരാൾക്ക് വോട്ടവകാശമുള്ള ഒരു പ്രമേയം അവതരിപ്പിക്കാമോ? ഇത് ബഹുമാനപ്പെട്ട സ്പീക്കർ അനുവദിച്ചാൽ അദ്ദേഹത്തിന് വോട്ട് ചെയ്യാൻ സാധിക്കുകയില്ലല്ലോ. ........(ബഹളം).......

മി. സ്പീക്കർ: അംഗങ്ങൾ എന്തിനാണ് ബഹളം വയ്ക്കുന്നത്?

ശ്രീ. കെ. സി. ജോസഫ്: സർ, ബഹുമാന്യനായ നിയമ വകുപ്പുമന്ത്രി നിയമത്തിന്റെ ബാലപാഠം അറിയാതെയാണ് സംസാരിക്കുന്നത്. ........(ബഹളം)....... XXXXXXXXX* ഇത്. ........(ബഹളം)....... ഇലക്ഷൻ കേസിലെ വിധി അനുസരിച്ച്, ബഹുമാന്യനായ കെ. എം. ഷാജിക്ക് ........

മി. സ്പീക്കർ: അങ്ങയുടെ ആ പ്രയോഗം വേണ്ടിയിരുന്നില്ല. XXXX * അത് അങ്ങ് ഒഴിവാക്കൂ. അങ്ങ് വിഷയം പറയൂ. വ്യക്തിപരമാകേണ്ട.

ശ്രീ. കെ. സി. ജോസഫ്: സർ, സത്യം പറഞ്ഞുകൂടേ? ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രിക്ക് നിയമത്തിന്റെ ബാലപാഠം അറിയില്ലേ? അനാവശ്യമായി പ്രശ്നമുണ്ടാക്കുകയാണ്.

മി. സ്പീക്കർ: അങ്ങേയ്ക്ക് പറയാനുള്ളത് പറയൂ.

ശ്രീ. കെ. സി. ജോസഫ്: സർ, ബഹുമാന്യനായ ശ്രീ. കെ. എം. ഷാജിക്ക് കോടതി വിധിപ്രകാരം നിയമസഭയിൽ പങ്കെടുക്കാനും ചോദ്യങ്ങൾ ചോദിക്കാനും ചർച്ചകളിൽ പങ്കെടുക്കാനുമുള്ള എല്ലാ അവകാശങ്ങളുമുണ്ട്. ആ അവകാശത്തിന്റെ ഭാഗമാണ് ഈ റൂൾ 50. അങ്ങനെയിരിക്കെ ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി അനാവശ്യമായി വിവാദമുണ്ടാക്കുന്നത് സഭയുടെ അന്തസ്സിന് നിരക്കുന്നതല്ല. അത് ഒരു ചർച്ചാ വിഷയമാക്കേണ്ട കാര്യം തന്നെയില്ല.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ ക്ലാസ്സിൽ പോയിട്ടുണ്ടോ ഇല്ലയോ എന്നൊക്കെ ശ്രീ. സണ്ണി ജോസഫിനോട് ചോദിച്ചു നോക്കൂ. ഞങ്ങൾ ഒരുമിച്ച് പഠിച്ചവരാണ്. ശ്രീ. സണ്ണി ജോസഫിനെക്കാളും അറ്റൻഡൻസ് എനിക്കുണ്ടായിരുന്നു.

* പ്രസ്തുത പരാമർശം ബഹുമാനപ്പെട്ട അംഗം പിൻവലിച്ചു

മി. സ്പീക്കർ: എന്റെയൊരു നിരീക്ഷണം പറഞ്ഞോട്ടെ.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി വളരെ ബാലിശമായ ഒരു ആർഗ്യുമെന്റാണ് ഉന്നയിച്ചിട്ടുള്ളത്. ഈ സഭയിലെ മുഖ്യമന്ത്രിമാരായിരുന്ന ഇ. കെ. നായനാർ, സി. അച്യുതമേനോൻ തുടങ്ങിയവർക്ക് സഭയിൽ വോട്ടവകാശമില്ലായിരുന്നു. അന്നവർ എം.എൽ.എ.-മാർ അല്ലായിരുന്നു, മുഖ്യമന്ത്രിമാരായിരുന്നു. അവർ നിരവധി തവണ പ്രമേയങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. അവർ ഇലക്ട് ചെയ്ത് പിന്നീട് മുഖ്യമന്ത്രിമാരായി വന്നതാണ്. ഇവിടെ കോടതി വിധിക്കെതിരെ അപ്പീൽ പോയിരിക്കുകയാണ്. കോടതി വിധി വോട്ട് ചെയ്യാൻ അവകാശമില്ലെന്നുള്ളതാണ്. ശ്രീ. കെ. എം. ഷാജിക്ക് സഭാനടപടികളിൽ പങ്കെടുക്കാനും പ്രസംഗിക്കാനുമുള്ള അവകാശം സുപ്രീംകോടതി നൽകിയിട്ടുണ്ട്. അതുകൊണ്ട് ഈ ഒബ്ജക്ഷൻ നിലനിൽക്കുന്നതല്ല, സഭാ മര്യാദയനുസരിച്ച് ഇങ്ങനെ പറയാൻ പാടില്ലായിരുന്നു, ഇത് വളരെ ദൗർഭാഗ്യകരമായിപ്പോയെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. എസ്. ശർമ്മ: സർ, ഭരണഘടനയനുസരിച്ച് എം.എൽ.എ. അല്ലാത്ത ഒരാൾക്ക് മന്ത്രിയാകാൻ സാധിക്കും. 6 മാസക്കാലത്തേയ്ക്ക് ഒരു മന്ത്രിക്കുള്ള എല്ലാ അധികാരങ്ങളോടും അവകാശങ്ങളോടും കൂടിയ പദവിയാണ് ഭരണഘടന വിവക്ഷിക്കുന്നത്. എന്നാൽ ഇത് ഭരണഘടന അനുസരിച്ചുള്ളതല്ല, ഭരണഘടനപ്രകാരമുള്ള ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയാണ്. അദ്ദേഹത്തിന് സഭയിൽ വന്നിരിക്കാം, വോട്ടവകാശമില്ല എന്നാണ് വിധിയിലുള്ളത്. വോട്ടവകാശമില്ലാത്ത ഒരാൾക്ക് വോട്ടവകാശമുള്ള ഒരു പ്രമേയം അവതരിപ്പിക്കാനുള്ള അവകാശമുണ്ടോ? ഇങ്ങനെയുള്ള കീഴ്വഴക്കം മുൻകാലത്ത് ഉണ്ടായിട്ടില്ല. ഒരു പുതിയ പ്രശ്നമാണ് വന്നിരിക്കുന്നത്. ഈ പ്രശ്നത്തിൽ റൂളിംഗ് വേണമെന്നാണ് ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി പറഞ്ഞത്. അതിൽ എന്താണ് തെറ്റ്? വോട്ടവകാശമില്ലാത്ത ഒരാൾക്ക് വോട്ടവകാശ പ്രാധാന്യമുള്ള ഒരു പ്രമേയം അവതരിപ്പിക്കാൻ അവകാശമില്ലെന്നാണ് പറഞ്ഞത്, സംസാരിക്കുന്നതിന് മറ്റു പ്രശ്നങ്ങളൊന്നുമില്ല.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഈ പ്രമേയം വോട്ടിനിടുമ്പോൾ അവതാരകന് വോട്ട് ചെയ്യാൻ സാധിക്കുമോ എന്നതാണ് ഇതിനകത്തെ ഏറ്റവും പ്രസക്തമായ ചോദ്യം. അങ്ങനെ സാധിക്കാത്ത ഒരാൾ പ്രമേയം അവതരിപ്പിക്കാൻ പാടില്ല.

മി. സ്പീക്കർ: ഇക്കാര്യത്തിൽ ഇനി ഡിബേറ്റ് വേണ്ട. വിഷയത്തിന്റെ രണ്ട് വശങ്ങളും വന്നുകഴിഞ്ഞു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, വളരെക്കാലത്തെ അനുഭവ പാരമ്പര്യമുള്ള ശ്രീ. കെ. സി. ജോസഫ്, കേരള നിയമസഭയിലും പാർലമെന്റിലുമൊക്കെ ഇരുന്ന് സമർത്ഥനായി പഠിച്ചുവന്ന ശ്രീ. എ. കെ. ബാലനെ വ്യക്തിപരമായി അപമാനിച്ചത് അങ്ങ് പൂർണ്ണമായും പിൻവലിക്കണം.

മി. സ്പീക്കർ: ഈ വിഷയത്തിൽ ചെയറിന്റെ നിരീക്ഷണം പറയാം. ബഹുമാനപ്പെട്ട കെ. സി. ജോസഫ്, XXXXX* എന്ന പ്രയോഗത്തിൽ ഉറച്ചുനിൽക്കുകയാണോ?

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ ആ പരാമർശം പിൻവലിക്കുകയാണ്.

മി. സ്പീക്കർ: അദ്ദേഹം പരാമർശം പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, നിയമ വകുപ്പുമന്ത്രി പാർലമെന്ററികാര്യ വകുപ്പുമന്ത്രി കൂടിയാണ്. അദ്ദേഹം സഭയിൽ കുറച്ചുകൂടി മാന്യമായി പെരുമാറണം. (...ബഹളം...)

മി. സ്പീക്കർ: ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി ഒരു ക്രമപ്രശ്നം ഉന്നയിച്ചു. അതിലെന്താണ് പിശക്? അതുസംബന്ധിച്ച റൂളിംഗ് നടക്കുമല്ലോ. ക്ലാരിഫിക്കേഷൻ ചോദിച്ചുവെന്നേയുള്ളൂ. ചെയറിന്റെ നിരീക്ഷണം പറയാം.

ശ്രീ. കെ. എം. ഷാജിയുടെ വോട്ടവകാശം മാത്രമേ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ തടയപ്പെട്ടിട്ടുള്ളൂവെന്നതാണ് വസ്തുത. അദ്ദേഹം ഒരു ഉപക്ഷേപമോ നോട്ടീസോ സഭയിൽ അവതരിപ്പിക്കുന്നതോടുകൂടി അത് സഭയുടെ പ്രോപ്പർട്ടിയായി മാറും. അതുകൊണ്ട് സഭാംഗമെന്ന നിലയിൽ അദ്ദേഹത്തിന് സഭയുടെ മറ്റെല്ലാ നടപടിക്രമങ്ങളിലും പങ്കെടുക്കാൻ അവകാശമുണ്ട് എന്നാണ് ചെയറിന്റെ നിരീക്ഷണം. ആ അവകാശം അദ്ദേഹത്തിന് വിനിയോഗിക്കാം, വോട്ടെടുപ്പിൽനിന്നും ശ്രീ. കെ. എം. ഷാജി മാറിനിൽക്കേണ്ടിവരുമെന്നു മാത്രമേയുള്ളൂ. വോട്ടെടുപ്പ് വേണമോ വേണ്ടയോ എന്ന് തീരുമാനിക്കുന്നത് സഭയാണ്, അത് മുൻകൂർ കണക്കാക്കി തീരുമാനമെടുക്കുന്നതിൽ യുക്തിയില്ല എന്നാണ് തോന്നുന്നത്. വോട്ടെടുപ്പ് വേണ്ടിവരുന്ന ഒരു പ്രമേയം, ഉപക്ഷേപം തുടങ്ങിയവ സഭയിൽ ഉന്നയിക്കുന്നതിൽനിന്നും ശ്രീ. കെ. എം. ഷാജിയെ കോടതി വിലക്കുന്നില്ല, ഇതാണ് ചെയറിന്റെ നിരീക്ഷണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ കെ. എം. ഷാജി നൽകിയ നോട്ടീസിൽ പറഞ്ഞിരിക്കുന്നത്, പൗരത്വ നിയമ ഭേദഗതി പാസ്സാക്കിയതിന്റെ ആശങ്ക ലോകത്തൊട്ടാകെ നിലനിൽക്കുമ്പോൾ

---

* പ്രസ്തുത പരാമർശം ബഹുമാനപ്പെട്ട അംഗം പിൻവലിച്ചു

കേന്ദ്രസർക്കാരിന്റെ ദേശീയ ജനസംഖ്യാ രജിസ്റ്ററുമായി ബന്ധപ്പെട്ട നിരവധി ചോദ്യങ്ങൾ ചോദ്യാവലിയിൽ ഉൾപ്പെടുത്തി NPR നടപടികളുമായി മുമ്പോട്ടുപോകാൻ കേന്ദ്രഗവൺമെന്റിന് സഹായകരമായ രീതിയിൽ വിവരങ്ങൾ ശേഖരിക്കുന്ന സെൻസസ് നടപടി ആരംഭിക്കാനുള്ള സംസ്ഥാന സർക്കാരിന്റെ തീരുമാനംമൂലം സംസ്ഥാനത്തെ ജനങ്ങളിൽ ഉടലെടുത്ത കടുത്ത ആശങ്ക സഭ നിർത്തിവച്ച് ചർച്ച ചെയ്യണം എന്നാണ്. പൗരത്വ നിയമ ഭേദഗതി നടപ്പാക്കില്ലെന്ന് സംസ്ഥാന സർക്കാർ നേരത്തേതന്നെ വ്യക്തമാക്കിയതാണ്. മാത്രമല്ല, ഈ ഭേദഗതി നിയമം ഇവിടെ നടപ്പാക്കുന്നില്ല എന്ന് നിയമസഭയിൽ യോജിച്ച നിലപാട് നമ്മൾ സ്വീകരിച്ചതാണ്. അതോടൊപ്പം യോജിച്ചും ഒറ്റയ്ക്കും പലതരത്തിലുള്ള പരസ്യമായ പ്രക്ഷോഭ പ്രവർത്തനങ്ങൾ കേരളത്തിൽ ഉണ്ടായിട്ടുണ്ട്. പൗരത്വ രജിസ്റ്ററിനാധാരമായ ജനസംഖ്യാ രജിസ്റ്റർ തയ്യാറാക്കുന്നതിനുവേണ്ടി വീടുകളിൽ കയറി എന്യൂമറേഷൻ നടത്തുകയില്ലെന്ന് ഇതിന്റെ തുടർച്ചയായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചതാണ്. ഇതുസംബന്ധിച്ച കേന്ദ്രഗവൺമെന്റിന്റെ ഉത്തരവ് സംസ്ഥാനം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ നേരത്തെ തന്നെ സ്റ്റേ ഉത്തരവും സംസ്ഥാന സർക്കാർ നൽകിയിട്ടുള്ളതാണ്. ഇതോടൊപ്പംതന്നെ NPR-ഉം ആയി ബന്ധപ്പെട്ട സെൻസസിന്റെ ഭാഗമായുള്ള നിർദ്ദേശങ്ങൾ സംസ്ഥാനത്തെ ചുമതലപ്പെട്ട അധികാരികൾ ബന്ധപ്പെട്ട ജില്ലാ അധികാരികൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ ജില്ലാ കളക്ടർമാർക്ക് ചീഫ് സെക്രട്ടറിയും വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് എൻ.പി.ആർ.-മായി ബന്ധപ്പെട്ട എന്യൂമറേഷൻ നടക്കില്ലെന്ന് വ്യക്തമാക്കിയതാണ്. ഇന്നലെ ഇവിടെ നടന്ന ചർച്ചയിൽ, ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിലെ ഒരംഗം സെൻസസ് നടപടിയെ ചോദ്യം ചെയ്തുകൊണ്ട് ഒരു പരാമർശം നടത്തിയിരുന്നു. ഇന്നലെ ആ പരാമർശത്തിന് മറുപടി പറയാതിരുന്നത് അതെന്തോ വാചകത്തിൽ വന്ന പിശകാണെന്ന ധാരണയിലാണ്. നമ്മുടെ രാജ്യത്ത് സെൻസസ് എല്ലാക്കാലത്തും നടക്കാറുണ്ട്. ഈ ഘട്ടത്തിലും സെൻസസ് നടക്കുന്നതിൽ മറ്റ് അപാകതകളില്ലെന്നുതന്നെയാണ് കാണേണ്ടത്. സെൻസസുമായി ബന്ധപ്പെട്ട നടപടികൾ സാധാരണഗതിയിലുള്ളവ മാത്രമാണ്. NPR തയ്യാറാക്കാനുള്ള ഏതെങ്കിലും ചോദ്യാവലി സെൻസസിന്റെ ഭാഗമായി വരുമെന്ന പ്രശ്നമേ ഉദിക്കുന്നില്ല. അതുകൊണ്ടുതന്നെ അനാവശ്യമായ ആശങ്ക ആളുകളിലുണ്ടാക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണോ ഈ നോട്ടീസ് എന്ന സംശയം എനിക്കുണ്ട്. NPR -ഉം ആയി ബന്ധപ്പെട്ട ഒരു നടപടിയും ഈ സംസ്ഥാനത്ത് നടത്തില്ലെന്ന കാര്യം നേരത്തെ തീരുമാനിച്ചിട്ടുണ്ട്. അതുതന്നെയാണ് തുടർന്നും നമ്മൾ സ്വീകരിക്കാൻ പോകുന്ന നിലപാട്. അക്കാര്യത്തിൽ ഒരുതരത്തിലുള്ള ആശങ്കയുമുണ്ടാകേണ്ടതില്ല. എന്നാൽ സെൻസസ് പാടില്ല എന്നൊരു സമീപനം ഇതുവരെ സ്വീകരിച്ചിട്ടില്ല, അതൊരു നല്ല നടപടിയുമല്ല.

ശ്രീ. കെ. എം. ഷാജി: സർ, ബഹുമാനപ്പെട്ട സ്പീക്കർ പ്രമേയം അവതരിപ്പിക്കാൻ അനുവദിച്ചതിന് ഞാൻ നന്ദി രേഖപ്പെടുത്തുകയാണ്. എന്നെപ്പോലൊരു മെമ്പറായ ശ്രീ. കാരാട്ട് റസാഖ് അപ്പുറത്തുണ്ട്. അദ്ദേഹം പേടിക്കണ്ട, ഇതുപോലൊരു പരമാർശം എന്തായാലും ഇവിടെ നിന്നുണ്ടാകില്ല. ഞാൻ ഇപ്പുറത്തും താങ്കൾ അപ്പുറത്തും ഇരിക്കുന്നതുകൊണ്ട് അത്തരത്തിലൊരു ബുദ്ധിമുട്ടുണ്ടാകില്ല. ഭയാശങ്കകൾ നിറഞ്ഞൊരു സാഹചര്യമാണ് രാജ്യത്ത് ഇന്നുള്ളത്. നമ്മളെല്ലാവരും ഭയപ്പെട്ട് നിൽക്കുകയും രാജ്യം മുഴുവൻ സമരങ്ങൾ നടന്നുകൊണ്ടിരിക്കുകയുമാണ്. 1955-ലെ സിറ്റിസൺഷിപ്പ് ആക്ട് 2003-ൽ ഇറക്കിയ റൂളിൽ സെക്ഷൻ 3 ക്ലോസ് 4-ൽ ഗവൺമെന്റ് ഒരു പോപ്പുലേഷൻ രജിസ്റ്റർ മെയിന്റയിൻ ചെയ്യണമെന്ന് പറയുന്നുണ്ട്. ഒരു രാജ്യത്ത് പൗരത്വ രജിസ്റ്ററുണ്ടാകണമെന്ന് പറയുന്നത് തെറ്റല്ല, സ്വാഭാവിക നടപടിക്രമം മാത്രമാണ്. പക്ഷെ അതൊരു പ്രശ്നമായത് 2019-ൽ സി.എ.എ. വന്നതോടുകൂടിയാണ്. പൗരത്വത്തെ മതവുമായി ബന്ധപ്പെടുത്തിയപ്പോഴാണ് നമ്മുടെ രാജ്യത്ത് പ്രശ്നങ്ങൾ ആരംഭിച്ചത്. യഥാർത്ഥത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞതുപോലെ എൻ.ആർ.സി.-യിലോ അതല്ലെങ്കിൽ എൻ.പി.ആർ.-ലോ സംസ്ഥാന സർക്കാരിന് യാതൊരു റോളുമില്ല, അത് വസ്തുതയാണ്. എന്നാൽ സ്റ്റേറ്റിന്റെ മെഷിനറിയെ ഇതിനായി ഉപയോഗിക്കുന്നുവെന്നതാണ് പ്രശ്നം. 2003-ലെ റൂളിൽ സെക്ഷൻ 4-ൽ എൻ.ആർ.സി.-യെക്കുറിച്ച് പറയുന്നുണ്ട്. ഇതിൽ സെക്ഷൻ 4 സബ്ക്ലോസ് 3-ൽ എൻ.ആർ.സി. പ്രിപ്പയർ ചെയ്യുന്നത് എൻ.പി.ആർ.-ന വേണ്ടിയാണെന്ന് പറയുന്നുണ്ട്. നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ എൻ.പി.ആർ. എൻ.ആർ.സി.-യിലേയ്ക്കും പിന്നീട് സി.എ.എ-യിലേയ്ക്കുമാണ് പോകുന്നത്. പോപ്പുലേഷൻ രജിസ്റ്ററിലെ വിവരങ്ങൾ രജിസ്റ്റർ ചെയ്ത്, സ്കൂട്ടിണൈസ് ചെയ്ത് എൻ.പി.ആർ. തയ്യാറാക്കാം. എൻ.പി.ആർ. എന്നത് ഉടലോടുകൂടി ആകാശത്തുനിന്ന് ഇറങ്ങിവരേണ്ട കാര്യമില്ല. നിലവിലുള്ള സെൻസസ് പ്രക്രിയകൾ അടിസ്ഥാനമാക്കി എൻ.പി.ആർ.-ലേയ്ക്ക് പോകാൻ കഴിയുമെന്ന് ഇതിൽ പറയുന്നുണ്ട്. ഞാൻ നേരത്തെ സൂചിപ്പിച്ച 2003-ലെ റൂളിലെ സെക്ഷൻ 3 പ്രകാരം എൻ.പി.ആർ. നിലവിലുണ്ട്. അതിന്റെ കണ്ടിന്യുവേഷനോ, അപ്ഡേഷനോ മാത്രമാണ് ഇവിടെ നടക്കുന്നത്. ഇപ്പോൾ വന്നുകൊണ്ടിരിക്കുന്ന വാർത്തകൾ ശരിയാണെങ്കിൽ യഥാർത്ഥത്തിൽ എൻ.പി.ആർ. പ്രയോഗവൽക്കരിക്കപ്പെട്ടു കഴിഞ്ഞു. 118 കോടി പൗരന്മാരുടെ വിവരങ്ങൾ ശേഖരിച്ചുവെന്നതാണ് കേന്ദ്ര സർക്കാർ രേഖ. 2010-ലെ സെൻസസിനോടൊപ്പം ഈ വിവരങ്ങൾകൂടി ശേഖരിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രാലയം ഇപ്പോൾ എൻ.പി.ആർ. തയ്യാറാക്കിയിരിക്കുന്നു. എന്നുവച്ചാൽ ഇപ്പോൾ നടക്കുന്നത് എൻ.പി.ആർ.-ന്റെ അപ്ഡേഷൻ മാത്രമാണ്. ജനസംഖ്യാ കണക്കെടുപ്പിന്റെയും എൻ.പി.ആർ.-ന്റെയും നോട്ടിഫിക്കേഷൻ കേരള

ഗവൺമെന്റിനടക്കം ഇന്ത്യയിലെ എല്ലാ സംസ്ഥാന സർക്കാരുകൾക്കും വന്നത് ഒറ്റ ഓർഡറിലാണ്. ഇതിൽ സെൻസസ് മാത്രം നടത്തും എൻ.പി.ആർ. ഉണ്ടാകില്ലെന്ന് പറയുന്നത് ഒരു ഭൂലോക വിഡ്ഢിത്തമാണ്, നടക്കാൻ ഒരു സാധ്യതയുമില്ലാത്ത കാര്യമാണ്. ഐഡന്റിക്കലായ ഡാറ്റയാണ് ഇത് രണ്ടിനും ആവശ്യം. ഒരു മണിക്കൂർ ക്യാബിനറ്റ് യോഗം ചേർന്ന് ചില ചോദ്യങ്ങൾ ഒഴിവാക്കിയെന്ന് പറഞ്ഞു. അത്തരം ചോദ്യങ്ങൾ ചോദിക്കാൻ ഞങ്ങൾ ഉദ്ദേശിച്ചിട്ടില്ലെന്ന് അഞ്ച് മിനിട്ടിനുള്ളിൽ സെൻട്രൽ ഗവൺമെന്റ് മറുപടിയും നൽകി. അതോടുകൂടി എല്ലാം തീർന്നു. എൻ.പി.ആർ.-ന്റെയും സെൻസസിന്റെയും ചോദ്യാവലി ഒന്നുതന്നെയാണ്. സ്റ്റേറ്റ് ഗവൺമെന്റ് എന്യൂമറേറ്റേഴ്സിനെ കൊടുക്കുന്നുണ്ട്. ഇന്നലെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞിരിക്കുന്നത്, സംസ്ഥാനത്തിനകത്ത് രണ്ട് ഘട്ടമായി നടക്കുന്ന ജനസംഖ്യാ കണക്കെടുപ്പിൽ സർക്കാർ പൂർണ്ണമായും സഹകരിക്കുമെന്നും എന്യൂമറേറ്റേഴ്സിനെ കൊടുക്കുമെന്നുമാണ്. അങ്ങനെ എന്യൂമറേറ്റേഴ്സിനെ കൊടുത്താൽ സെൻട്രൽ സെൻസസ് കമ്മീഷനായിരിക്കും അവരെ നിയന്ത്രിക്കുന്നത്. കളക്ടർമാർക്ക് നേരിട്ട് സെൻസസ് കമ്മീഷൻ കത്തയയ്ക്കും. എൻ.പി.ആർ.-ന് ആവശ്യമായ സകല രേഖകളും അവർ ഈ എന്യൂമറേറ്റേഴ്സിനെ ഉപയോഗിച്ച് ശേഖരിക്കും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത് നടപ്പിലാക്കില്ലെന്നുപറഞ്ഞ് കേന്ദ്രസർക്കാരിലേയ്ക്ക് അയച്ച കത്തിന് കേന്ദ്ര ആഭ്യന്തര മന്ത്രാലയമോ സെൻസസ് കമ്മീഷണറോ എന്തെങ്കിലും മറുപടി നൽകിയിട്ടുണ്ടോയെന്ന പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ ചോദ്യത്തിന് മറുപടിയായി പറഞ്ഞത് 'ഇല്ല' എന്നാണ്. സംസ്ഥാന ഗവൺമെന്റ് വെറുതെ കത്തയച്ചുകൊണ്ടിരിക്കുകയാണ്. സെൻട്രൽ ഗവൺമെന്റ് ഒരു മറുപടിയും കൊടുത്തിട്ടില്ല. എൻ.പി.ആർ. ഉണ്ടാകില്ല, സെൻസസ് മാത്രമേയുണ്ടാകൂ എന്ന കാര്യത്തിൽ കേന്ദ്രം എന്ത് ഉറപ്പാണ് നിങ്ങൾക്ക് തന്നതെന്ന് പറയാൻ സാധിക്കുമോ? പഞ്ചായത്തുമായി ബന്ധപ്പെട്ട ഒരു കേസിന്റെ ജഡ്ജ്മെന്റിൽ പറയുന്നത്, "Per contra, the learned Government Pleader submits that no doubt, the directions aforementioned have to be respected and regarded with all humility but in view of the supervening facts, which have existed only in the end of 2019 ie., the Central Government is contemplating to undertake the exercise of preparation of a new census and voters list on account of promulgation of the Citizenship (Amendment) Act, 2019" എന്നാണ്. ഗവൺമെന്റ് പ്ലീഡർക്കെതിരെ നിങ്ങൾ ആക്ഷനെടുക്കുമോ? സെൻട്രൽ ഗവൺമെന്റ് പ്ലാൻ ചെയ്തിരിക്കുന്ന പരിപാടി നടന്നു കൊണ്ടിരിക്കുന്നുവെന്നാണ് ഹൈക്കോടതി ജഡ്ജ്മെന്റിനകത്ത് പറഞ്ഞിരിക്കുന്നത്.

ഒരു വിഭാഗം ജനം ഭയപ്പെട്ട് നിൽക്കുകയാണ്. അവർക്ക് ചില വിഷമങ്ങളും ആവലാതികളുമുണ്ടെന്ന് കരുതി അവരെ വിഡ്ഢികളാക്കിക്കളയാമെന്ന് ഗവൺമെന്റ് വിചാരിക്കരുത്. ദയവുചെയ്ത് ഈ വിഷയത്തിൽ വൃത്തികെട്ട വോട്ട് രാഷ്ട്രീയം കളിക്കരുത്. തുടക്കം മുതൽ ഗവൺമെന്റിന്റെ നേതൃത്വത്തിൽ ഇതിനെയൊരു മുസ്ലീം ഇഷ്യുവാക്കി മാറ്റാൻ ശ്രമമുണ്ടായി. ഇത് മുസ്ലീം ഇഷ്യൂ അല്ല, ഭരണഘടനയെ ബാധിക്കുന്നൊരു പ്രശ്നമാണ്. അതാണ് പരിഹരിക്കപ്പെടേണ്ടത്. "ഇന്ന് ഞാൻ നാളെ നീ " എന്നുപറയുന്നൊരു കേസാണിത്. ഇതെങ്ങനെയാണ് മുസ്ലീം ഇഷ്യൂ മാത്രമാകുന്നത്? ശ്രീ. അമിത് ഷാ പാർലമെന്റിൽ പറഞ്ഞത് മുസ്ലീങ്ങൾ പേടിക്കേണ്ടതില്ലെന്നാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നതും 'ഞാൻ ഉള്ളിടത്തോളംകാലം നിങ്ങൾ പേടിക്കേണ്ടതില്ല' എന്നാണ്. നിങ്ങൾ ഇല്ലാതായിപ്പോയാൽ ഈ സമൂഹം കഷ്ടത്തിലാകുമോ; അങ്ങനെ പറയുന്നത് ശരിയാണോ? ധൈര്യമുള്ള കുറെ ആളുകൾ ഞങ്ങളുടെ കൂടെയുണ്ട്. അങ്ങനെ നിങ്ങളുടെ ഔദാര്യത്തിൽ ഇന്ത്യാ രാജ്യത്ത് ജീവിക്കണമെന്ന് ഒരു മുസൽമാനും ആഗ്രഹിക്കുകയില്ല. ഞങ്ങൾക്ക് ഭയവും വിഷമവുമുണ്ടായത് ഞങ്ങൾ ഈ രാജ്യത്തെ സ്നേഹിക്കുന്നതുകൊണ്ടാണ്. തൊട്ടടുത്ത് പാകിസ്ഥാനും ബംഗ്ലാദേശുമുണ്ട്. അത് രണ്ടും ഇസ്ലാമിക് റിപ്പബ്ലിക്കൻ രാജ്യങ്ങളാണ്. ഏറ്റവും കൂടുതൽ മുസ്ലീങ്ങളുള്ള രണ്ടാമത്തെ രാജ്യം ഇന്ത്യയാണ്. ഞങ്ങളെ വേർതിരിച്ചുകൊണ്ടൊരു പൗരത്വ ലിസ്റ്റുണ്ടാക്കിയപ്പോൾ ഞങ്ങൾക്ക് വിഷമമുണ്ടായി. പക്ഷേ, ഈ രാജ്യത്തെ കോടിക്കണക്കിനുവരുന്ന ഹിന്ദുക്കൾ ഞങ്ങളെ ചേർത്തുപിടിച്ചപ്പോൾ ആ വിഷമം ഉരുകി ഒലിച്ചുപോയി. ഞങ്ങൾക്ക് പേടിയൊന്നുമില്ല. പണ്ട് ശ്രീ. മാമുക്കോയ സിനിമയിൽ പറഞ്ഞതുപോലെ 'പേടിയുള്ളവർ എന്റെ ചുറ്റും നിന്നോളിൻ' എന്നുപറഞ്ഞതുപോലെയാണ് നിങ്ങൾ പറയുന്നത്. നിങ്ങൾക്ക് ബേജാറുണ്ടെങ്കിൽ ബി.ജെ.പി.-യെ പേടിച്ച് നിൽക്കുകയല്ലാതെ, ഞങ്ങൾക്ക് പേടിയുണ്ടെന്ന് നിങ്ങൾ പറയേണ്ട കാര്യമില്ല. 'We the people of India' എന്നുപറയുമ്പോൾ അതിനൊരു ഇന്ത്യൻ പരിപ്രേക്ഷ്യമുണ്ട്. 'We' എന്നുപറഞ്ഞാൽ 'ഞങ്ങളല്ല', 'നമ്മൾ' എന്നാണ്. നമ്മൾ എല്ലാവരുംകൂടിയുള്ളതാണ് ഇന്ത്യാ മഹാരാജ്യം. ഞങ്ങൾ, നിങ്ങൾ എന്നുപറഞ്ഞ് ആളുകളെ ഭയപ്പെടുത്തി കബളിപ്പിച്ച് മാറ്റിനിർത്തരുത്. വിവരാവകാശ നിയമപ്രകാരം ഗവൺമെന്റിനോട് ഡിറ്റൻഷൻ സെന്ററുമായി ബന്ധപ്പെട്ടുള്ള കേന്ദ്രസർക്കാരിന്റെ നിർദ്ദേശത്തെക്കുറിച്ച് ഒരു ചോദ്യം ചോദിച്ചു. അതിന് നിങ്ങൾ തന്ന മറുപടി കേന്ദ്രസർക്കാർ നിർദ്ദേശത്തിന്മേൽ സാമൂഹ്യനീതി വകുപ്പാണ് നടപടികൾ സ്വീകരിച്ചുവരുന്നത്, അവിടെ അന്വേഷിക്കണമെന്നാണ്. എനിക്ക് സാമൂഹ്യനീതി വകുപ്പിൽനിന്നും കിട്ടിയ മറുപടി കേന്ദ്രസർക്കാരിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടില്ല എന്നതാണ്. എന്തൊരു ശുദ്ധമായ അസംബന്ധമാണ്

നിങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നത്; 2019 ജനുവരിയിൽ സെൻട്രൽ ഗവൺമെന്റ് എല്ലാ സ്റ്റേറ്റ് ഗവൺമെന്റുകൾക്കും ഡിറ്റൻഷൻ സെന്ററിനുള്ള നിർദ്ദേശങ്ങൾ കൊടുത്തു. നിങ്ങൾക്കത് കിട്ടിയെന്ന് സമ്മതിക്കുന്നു, സാമൂഹ്യനീതി വകുപ്പ് ചെയ്യണമെന്ന് പറയുന്നു, പക്ഷേ സാമൂഹ്യനീതി വകുപ്പ് പറയുന്ന ഞങ്ങൾക്കിത് അറിയില്ലെന്ന്. സെൻസസിന്റെ മറവിൽ സെൻട്രൽ ഗവൺമെന്റിനുവേണ്ടി എൻ.പി.ആർ. ഉണ്ടാക്കിക്കൊടുക്കാൻ നടത്തുന്നതുപോലെയുള്ള ഏർപ്പാട് ഡിറ്റൻഷൻ സെന്ററിന്റെ കാര്യത്തിൽ നടത്തിയാൽ, കേരളത്തിലെ ഏതെങ്കിലുമൊരു ഗ്രാമത്തിലോ നഗരത്തിലോ നിങ്ങൾ അതിന് തറക്കല്ലിട്ടാൽ, ഞങ്ങൾ അത് വലിച്ചെടുത്ത് അറബിക്കടലിൽ കൊണ്ടിടും. ഇത് കേരളമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവടക്കമുള്ളവരെ സാക്ഷിനിർത്തിയാണ് ഞാനിത് പറയുന്നത്. എല്ലാവർക്കും ഒരു അഭിമാനബോധമുണ്ട്. അതിനുമുകളിൽ നിങ്ങൾ മുതലാളി ചമയരുത്. ഈ വിഷയത്തിൽ നിങ്ങൾക്കെന്താണ് ചെയ്യാനാകുന്നത്? വെർബൽ ബോംബിംഗും തൊള്ളബഡായിയുംകൊണ്ട് കാര്യമൊന്നുമില്ല. നിങ്ങൾ ചെയ്യേണ്ട ആക്ഷനെപ്പറ്റി ഞാൻ ആദ്യം പറഞ്ഞു. സെൻസസിന് എന്യൂമറേറ്റേഴ്സിനെ കൊടുക്കേണ്ടത് സംസ്ഥാനമാണ്. സെൻട്രൽ ഗവൺമെന്റ് വിളിച്ച എൻ.പി.ആർ. മീറ്റിംഗിൽ കേരളം പങ്കെടുത്തെങ്കിലും പശ്ചിമ ബംഗാളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തില്ല. XXXXXXX * ആണുങ്ങളെക്കാൾ ചൂരുള്ള പെണ്ണാണ് അവിടെ ഭരിക്കുന്നത്, ധൈര്യമുള്ളവരാണ് ഭരിക്കുന്നത്. അവർ പോയില്ല, നിങ്ങൾ മനസ്സിലാക്കണം. (....ബഹളം.....) നിങ്ങൾ ആ മീറ്റിംഗിൽ പോയി ഒപ്പിട്ടുവെന്നുമാത്രമല്ല ഒരു വിയോജനക്കുറിപ്പുപോലും......(....ബഹളം.....)

ശ്രീ. എം. സ്വരാജ്: സർ, പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. കെ. എം. ഷാജി: സർ, അടിയന്തരപ്രമേയത്തിൽ നിങ്ങൾ ആർക്കും പോയിന്റ് ഓഫ് ഓർഡർ അനുവദിക്കാറില്ല. എനിക്കുമാത്രമായി അങ്ങനെയൊരു നയമുണ്ടെങ്കിൽ ആയിക്കോളൂ. ....(ബഹളം)....

മി. സ്പീക്കർ: അങ്ങ് കൺക്ലൂഡ് ചെയ്യൂ.....

ശ്രീ. കെ. എം. ഷാജി: സർ, നിങ്ങൾ അതിനകത്ത് വിയോജനക്കുറിപ്പ് എഴുതിയില്ല. അതിനർത്ഥം നിങ്ങളത് സമ്മതിച്ചുവെന്നാണ്. ഒറ്റക്കാര്യമേ ഞാൻ പറയുന്നുള്ളൂ. സെൻസസിന്റെ പേരിൽ എൻ.പി.ആർ. നടപ്പിലാക്കാനുള്ള ശ്രമത്തെയാണ് ഒരു ഗവൺമെന്റ് ചെറുക്കേണ്ടത്. (.....ബഹളം.....) അതുകൊണ്ട് എന്യൂമറേറ്റേഴ്സിനെ സെൻട്രൽ ഗവൺമെന്റ് കൊടുക്കരുത്.

ശ്രീ. എം. സ്വരാജ്: സർ, പോയിന്റ് ഓഫ് ഓർഡർ.

*ബഹുമാനപ്പെട്ട അംഗം പ്രസ്തുത പരാമർശം പിൻവലിച്ചു

മി. സ്പീക്കർ: പ്ലീസ്, പ്ലീസ്.... അദ്ദേഹം സംസാരിച്ചതിനുശേഷം അവസരം നൽകാം. ശ്രീ. കെ. എം. ഷാജി, അങ്ങ് കൺക്ലൂഡ് ചെയ്യൂ. ...(ബഹളം)...

ശ്രീ. കെ. എം. ഷാജി: സർ, സെൻസസെടുക്കാൻ പാടില്ലെന്നുമാത്രമല്ല, ഇക്കാര്യത്തിൽ വ്യക്തത വരുന്നതുവരെ താൽക്കാലികമായി അത് നിർത്തിവയ്ക്കുകയുമാണ് വേണ്ടത്. ഈ വിഷയം ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടു കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു. (....ബഹളം.....)

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ: ശ്രീ. എം. സ്വരാജിന് പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാൻ അവസരം കൊടുക്കുകയാണ്.

ശ്രീ. എം. സ്വരാജ്: സർ, അടിയന്തരപ്രമേയം അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട അഴീക്കോട് അംഗം ഇവിടെ സംസാരിക്കുന്നതിനിടയിൽ നടത്തിയ ഒരു പരാമർശമാണ് പോയിന്റ് ഓഫ് ഓർഡറിൽ ഉന്നയിക്കുന്നത്. കേരളത്തിലെയും പശ്ചിമ ബംഗാളിലെയും മുഖ്യമന്ത്രിമാരെ താരതമ്യപ്പെടുത്തിക്കൊണ്ട് അദ്ദേഹം നടത്തിയ പരാമർശം അങ്ങേയറ്റം സ്ത്രീവിരുദ്ധമായതും സ്ത്രീത്വത്തെ അപമാനിക്കുന്നതുമാണ്. (.....ബഹളം...) അങ്ങനെ ആയിക്കോട്ടെ എന്നാണോ? ആണത്തം, പെണ്ണ് തുടങ്ങിയ പ്രയോഗങ്ങൾ നടത്തി സ്ത്രീത്വത്തെ അപമാനിക്കുന്ന, ആധുനിക സമൂഹത്തിന് അംഗീകരിക്കാനാകാത്ത അപരിഷ്കൃതമായൊരു കാഴ്ചപ്പാടാണ് ഇവിടെ പറഞ്ഞത്. ഇത് സഭാരേഖകളിലുണ്ടാകുന്നത് സ്ത്രീത്വത്തോടുള്ള അനാദരവായിരിക്കും. അങ്ങത് പരിശോധിച്ച് നീക്കം ചെയ്യണം.

മി. സ്പീക്കർ: ബഹുമാന്യയായ കെ. കെ. ശൈലജ ടീച്ചർക്ക് എന്താണ് പറയാനുള്ളത്?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ബഹുമാനപ്പെട്ട മെമ്പർ അടിയന്തരപ്രമേയം അവതരിപ്പിച്ചപ്പോൾ നിരവധിതവണ സഭയുടെ അന്തസ്സിന് നിരക്കാത്ത പദപ്രയോഗം നടത്തുകയുണ്ടായി. എന്താണ് പെണ്ണിന് കുഴപ്പം? ശ്രീ. കെ. എം. ഷാജി പറയുന്നത് അടുത്തിരുന്ന് കേൾക്കാൻ ശ്രീമതി ഷാനിമോൾ ഉസ്മാന് ലജ്ജയില്ലേ? സാമൂഹ്യനീതി വകുപ്പിന് ഡിറ്റൻഷൻ സെന്റർ തുടങ്ങാനുള്ള നിർദ്ദേശം വന്നത് ഡോ. എം. കെ. മുനീർ മന്ത്രിയായിരിക്കുമ്പോഴാണ്, യു.ഡി.എഫ്. ഭരിക്കുമ്പോഴാണ്. സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്. (.....ബഹളം.....)

മി. സ്പീക്കർ: അങ്ങയുടെ പ്രയോഗം ആധുനിക സമൂഹത്തിന് അത്ര യോജിച്ചതായില്ല.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, പോയിന്റ് ഓഫ് ഓർഡർ. ഇന്ത്യയുടെ ഇന്നത്തെ സാഹചര്യത്തിൽ ഹിന്ദു-മുസ്ലീം വ്യത്യാസമില്ലാതെ കേരള ജനത ഒറ്റക്കെട്ടായി മുന്നോട്ടുപോകുകയാണ്. ഈ സന്ദർഭത്തിൽ 'ഞങ്ങൾ, നിങ്ങൾ' എന്ന പദം ഉപയോഗിച്ചുകൊണ്ട് സമൂഹത്തിൽ വേർതിരിവുണ്ടാക്കാനും വർഗ്ഗീയത വളർത്താനും വേണ്ടിയുള്ള പ്രസംഗമാണ് അദ്ദേഹം നടത്തിയിരിക്കുന്നത്. ഇത് സഭയുടെ അന്തസ്സിന് ചേർന്നതല്ല. മുസ്ലീം ലീഗിന്റെയും യു.ഡി.എഫ്.-ന്റെയും കോൺഗ്രസ്സിന്റെയും നയത്തിന് ചേർന്നതല്ല. ഇത് എസ്.ഡി.പി.ഐ.-യുടെ വാക്കുകളാണ്, വർഗ്ഗീയവാദികളുടെ വാക്കുകളാണ്. (....ബഹളം...) ഇത് നീക്കം ചെയ്യണം.

മി. സ്പീക്കർ: പ്ലീസ്.... പ്ലീസ്.... (.....ബഹളം....) ശ്രീ. കെ. എം. ഷാജി സംസാരിക്കു. (.....ബഹളം....)

ശ്രീ. കെ. എം. ഷാജി: സർ, ഞാൻ ഇവിടെ XXXX* എന്നുപറഞ്ഞ പരാമർശം തെറ്റിദ്ധരിക്കാൻ സാധ്യതയുള്ളതുകൊണ്ട് പിൻവലിക്കുകയാണ്.

പക്ഷേ, ആണിനേക്കാൾ കരുത്തോടുകൂടിയ പെണ്ണ് എന്നുപറയുന്നത് ഒരിക്കലും സ്ത്രീത്വത്തെ അപമാനിക്കലല്ല. (.....ബഹളം....) ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് അദ്ദേഹത്തിന് തോന്നിയതാണ്. ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല. 'We' എന്നാണ്, 'നമ്മൾ' എന്നാണ്, അല്ലാതെ ഞങ്ങൾ, നിങ്ങൾ എന്ന് പറയരുതെന്നാണ് ഞാൻ പറഞ്ഞത്. (.....ബഹളം......)

മി. സ്പീക്കർ: പ്ലീസ്, പ്ലീസ്.... ഇരിക്കു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ അംഗം യഥാർത്ഥത്തിൽ എന്തെങ്കിലും ആശങ്കയോ സംശയമോ ഉള്ളതുകൊണ്ടല്ല പ്രമേയം അവതരിപ്പിച്ചത്. ഇത് വേറെ ചില അജണ്ടകളുടെ ഭാഗമായി അവതരിപ്പിച്ചതാണ്. അദ്ദേഹം നമ്മളെല്ലാവരുംകൂടി ഈ പ്രശ്നം ഏറ്റെടുത്തതിനെക്കുറിച്ച് പരാമർശിക്കുകയുണ്ടായി. ഇവിടെ അതൊരു മുസ്ലീം വിഷയമായെടുത്തുവെന്നാണ് അദ്ദേഹം പറഞ്ഞത്. കേരളം ഈ പ്രശ്നത്തെ എതിർക്കാൻ തയ്യാറായത് ഏതെങ്കിലും മതവിഭാഗത്തിന്റെ പ്രശ്നമെന്ന നിലയ്ക്കല്ല. ഇത് നമ്മുടെ ഭരണഘടനയെയും മതനിരപേക്ഷതയെയും തകർക്കാനുള്ള നീക്കമാണ്.

*ബഹുമാനപ്പെട്ട അംഗം പ്രസ്തുത പരാമർശം പിൻവലിച്ചു

മതാധിഷ്ഠിത രാഷ്ട്രം സ്ഥാപിക്കാനുള്ള ആർ.എസ്.എസ്.-ന്റെ അജണ്ടയുടെ ഭാഗമാണ്. ഈയൊരു പശ്ചാത്തലത്തിലാണ് നമ്മളെല്ലാവരും അതിനെ എതിർക്കാൻ തയ്യാറായത്. ബഹുമാന്യനായ അംഗം അങ്ങനെ ഇതിനെ കണ്ടത് എന്തുകൊണ്ടാണ്? ഏത് ജനവിഭാഗത്തെയാണ് ഗവൺമെന്റിന്റെ ഇടപെടൽ ആശങ്കയിലാഴ്ത്തിയിട്ടുള്ളത്? ചില തീവ്രവാദ വിഭാഗങ്ങൾക്ക് ഈ ഇടപെടൽ അത്ര രുചിച്ചിട്ടില്ല. അക്കൂട്ടരെ ഒരു മതവിഭാഗമായി കാണേണ്ട. മുസ്ലീം വിഭാഗത്തിലുള്ളവരെയാകെ അവരുടെ ചിറകിനുള്ളിൽ ഒതുക്കാനുള്ള അവസരമായാണ് അവർ ഇതിനെ കണ്ടത്. ഇത്തരത്തിലൊരു പ്രശ്നം വന്നപ്പോൾ തങ്ങൾക്ക് സ്വാധീനമില്ലാതായിരിക്കുന്നു, അതുകൊണ്ട് മതനിരപേക്ഷമായി ചിന്തിക്കുന്ന മഹാഭൂരിപക്ഷംപേരെ ഈയൊരു വികാരത്തിന്റെ ഭാഗമായി കൂടെ നിർത്താൻ കഴിയുമോയെന്ന് അവർ പരിശ്രമിച്ചു. അതിനുമുമ്പുതന്നെ ഗവൺമെന്റിന്റെ ഇടപെടൽ വന്നു. അതുകൊണ്ട് അവർക്ക് ഇവിടെ ബേസുണ്ടായില്ല. ഏതെങ്കിലുമൊരു മതവിഭാഗത്തിന്റെ പ്രശ്നമായല്ല ഇതിനെ നമ്മളെടുത്തത്. കേരളത്തിന് തനതായ ഒരു സംസ്കാരമുണ്ട്. അത് മതനിരപേക്ഷതയിലൂന്നിയുള്ള സംസ്കാരം തന്നെയാണ്. മറ്റ് പ്രദേശങ്ങളിലെല്ലാം മതനിരപേക്ഷതയിൽനിന്ന് വ്യത്യസ്തമായ ചില കാര്യങ്ങളുണ്ടാകുമ്പോഴും നമുക്കിവിടെ മതനിരപേക്ഷത ഉയർത്തിപ്പിടിക്കാൻ കഴിഞ്ഞിട്ടുണ്ട്, അതുതന്നെയാണ് നമ്മുടെ കരുത്തും. മുസ്ലീങ്ങളുമായി ബന്ധപ്പെട്ട് ഒരു പ്രീണന നിലപാട് സ്വീകരിക്കുന്നുവെന്ന് അദ്ദേഹം ഇവിടെ പറയുകയുണ്ടായി. നമ്മൾ ഒരുമിച്ചുനടത്തിയ പ്രക്ഷോഭത്തിന്റെ കാര്യം തന്നെയെടുക്കാം. പ്രക്ഷോഭം ഒരുമിച്ചുനടത്തണമെന്ന് പറഞ്ഞത് എന്തുകൊണ്ടാണ്? ഇതേ കാരണം കൊണ്ടുതന്നെയാണ്. നമുക്ക് എല്ലാവർക്കും പ്രക്ഷോഭം നടത്താൻ സാധിക്കും, ഓരോ സംഘടനയ്ക്കും സാധിക്കും. പക്ഷേ ഓരോ സംഘടനയും നടത്തുന്ന പ്രക്ഷോഭത്തെക്കാളുമൊക്കെ വലിയൊരു ശക്തിയായി മാറുന്നത് ഒരുമിച്ചുള്ള പ്രക്ഷോഭമാണ്. നമ്മൾ പാളയം രക്തസാക്ഷി മണ്ഡപത്തിൽ സത്യാഗ്രഹമിരുന്നപ്പോൾ അവിടെ എല്ലാ വിഭാഗങ്ങളും വന്നില്ലേ; എല്ലാവരും വന്ന് പ്രക്ഷോഭത്തെ അഭിവാദ്യം ചെയ്തില്ലേ; ഈ നാടിന്റെ പിന്തുണയല്ലേ അവർ നമ്മളെ അറിയിച്ചത്; നിങ്ങളുടെ കൂടെ ഞങ്ങൾ എല്ലാവരുമുണ്ട് എന്നല്ലേ പറഞ്ഞത്; ഈ നാട് ഒന്നാകെയല്ലേ വന്നത്? അന്നും ഈ തീവ്രവാദ വിഭാഗത്തെ അകറ്റിനിർത്താൻ നമ്മൾ ശ്രദ്ധിച്ചു. അതിൽ സ്വാഭാവികമായും അവർക്ക് വിഷമമുണ്ടാകും. ഇവിടെ മുസ്ലീം സമൂഹത്തിൽ വിവിധ വിഭാഗങ്ങളുണ്ട്. അതിൽ സുന്നി വിഭാഗത്തിൽ ഏറ്റവും പ്രബലമായ രണ്ട് വിഭാഗങ്ങൾ ഇ. കെ. സുന്നിയും എ. പി. സുന്നിയുമാണ്. ഇ. കെ. സുന്നി വിഭാഗത്തിന്റെ ബഹുമാന്യനായ നേതാവ്

സയ്യിദ് മുഹമ്മദ് ജിഫ്രി മുത്തുകോയ തങ്ങൾ, എ. പി. സുന്നി വിഭാഗത്തിന്റെ ബഹുമാന്യനായ നേതാവ് കാന്തപുരം എ. പി. അബൂബക്കർ മുസ്ലിയാർ തുടങ്ങി എല്ലാവരും ഇതുമായി സഹകരിച്ചില്ലേ? മുജാഹിദ് പോലുള്ള മറ്റ് വിഭാഗങ്ങളും സഹകരിച്ചല്ലോ. ഇക്കാര്യത്തിൽ അവർക്കാർക്കെങ്കിലും തെറ്റിദ്ധാരണയോ ആശങ്കയോ ഉണ്ടോ; നമ്മുടെ നാടിന്റെ പൊതുവായ സംസ്കാരത്തിന്റെ കാര്യത്തിൽ അവരെല്ലാവരും ഒരേ മനസ്സോടെയല്ലേ നിൽക്കുന്നത്; നമ്മൾ അതല്ലേ കാണേണ്ടത്; അതല്ലേ ശക്തിപ്പെടുത്തേണ്ടത്?

ശ്രീ. കെ. എം. ഷാജി ഇത് അവതരിപ്പിച്ചത് ഇന്നലെ ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിൽനിന്നുള്ള രണ്ടുപേർ സംസാരിച്ചതിനെ ചെറുക്കുന്നതിനു വേണ്ടിയാണെന്ന പൂർണ്ണവിശ്വാസം എനിക്കുണ്ട്. യോജിച്ച സമരമാണ് ആവശ്യമെന്ന് വളരെ ശക്തമായിത്തന്നെ ഇന്നലെ അവർ പറഞ്ഞു. ഇവിടെ ഞാനത് പ്രത്യേകമായി എടുത്തുപറഞ്ഞു. ബഹുമാന്യനായ അംഗത്തിന്റെയൊക്കെ നിലപാട് എല്ലാവർക്കും അറിയാമല്ലോ? ആ നിലപാടിന്റെ ഭാഗമായി, അത് കൂട്ടിച്ചേർത്തുകൊണ്ട് ഒരു പ്രശ്നം അവതരിപ്പിക്കാൻ ശ്രമിച്ചു എന്നല്ലാതെ വേറെ എന്താണുള്ളത്? സർക്കാരിനെ സംബന്ധിച്ചിടത്തോളം ഒരു ജനവിഭാഗത്തെയും വിഡ്ഢികളാക്കുന്ന പ്രശ്നമില്ല. 'നിങ്ങൾ ഒരു വിഭാഗം ജനങ്ങളെ വിഡ്ഢികളാക്കുകയാണെ'ന്ന് ഇവിടെ പറഞ്ഞു. ഇത് നമ്മുടെ രാജ്യത്തിന്റെ നിലനിൽപ്പിന്റെ പ്രശ്നമാണ്. ഈ രാജ്യത്തിന്റെ ഭാഗമായവരോടാണ് നിങ്ങൾ ഈ രാജ്യത്തിന്റെ ഭാഗമാണോയെന്ന് ചോദിക്കുന്നത്. അത് അംഗീകരിക്കില്ല എന്നുതന്നെയാണ് പറഞ്ഞിട്ടുള്ളത്. ഇതുസംബന്ധിച്ച് പൊതുസമൂഹത്തിന് യാതൊരു അങ്കലാപ്പുമില്ല. എന്താണ് സർക്കാരിന്റെയും നമ്മൾ ഓരോരുത്തരുടെയും നിലപാട് എന്നതുസംബന്ധിച്ച് പൊതുസമൂഹത്തിന് നല്ല ധാരണയുണ്ട്. മറ്റുചിലതിന്റെ ഭാഗമായി ആ സമൂഹത്തെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. തെറ്റിദ്ധരിപ്പിക്കാൻ ശ്രമിച്ചാലും അത് ഏശുകയില്ല. കാരണം, ഏതെങ്കിലുമൊരു ദിവസം ഉണ്ടാകുന്നതല്ലല്ലോ ധാരണ. ദീർഘകാലമായി നിലനിൽക്കുന്ന പ്രശ്നങ്ങളുടെയും സമീപനങ്ങളുടെയും അടിസ്ഥാനത്തിലല്ലേ വ്യക്തമായ ധാരണകൾ ഉരുത്തിരിഞ്ഞുവരുന്നത്? മതനിരപേക്ഷത സംരക്ഷിക്കുന്ന കാര്യത്തിൽ സ്വീകരിക്കുന്ന സമീപനം പ്രധാനമാണ്. ഇതുമായി ബന്ധപ്പെട്ട് സർക്കാർ ഇതിനുമുമ്പുതന്നെ വ്യക്തമായ നിലപാടെടുത്തിട്ടുണ്ട്. ഒരുകാരണവശാലും കേരളത്തിൽ പൗരത്വ ഭേദഗതി നിയമം നടപ്പാക്കില്ലെന്ന് പറഞ്ഞപ്പോൾ ഒരു സംസ്ഥാനത്തിന് അങ്ങനെ പറയാൻ കഴിയുമോയെന്ന് ചോദിച്ചവരില്ലേ? അങ്ങനെ പറയാൻ എന്തായിരുന്നു നമ്മുടെ ബലം? ഭരണഘടനയുടെ അടിസ്ഥാനത്തിലാണ് ഈ സ്ഥാനത്തുനിന്ന് ഞാൻ

സംസാരിക്കുന്നത്. ആ ഭരണഘടനയെ തൊട്ടാണ് നമ്മൾ സത്യപ്രതിജ്ഞ ചെയ്യുന്നത്. ഭരണഘടനയെയാണ് നമ്മൾ സംരക്ഷിക്കേണ്ടത്. ഭരണഘടനയ്ക്ക് അതീതമായ ഒരു നിയമവും നിലനിൽക്കില്ല. അതുകൊണ്ടാണ് അതിനെ ചോദ്യം ചെയ്യാൻ തയ്യാറായത്. അതിപ്പോൾ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ പരിഗണനയിലിരിക്കുകയാണ്. അതുകൊണ്ടുതന്നെയാണ് അതിവിടെ നടപ്പാക്കുകയില്ലെന്ന് പറഞ്ഞത്. എൻ.ആർ.സി.-യുടെയും എൻ.പി.ആർ.-ന്റെയും കാര്യം ആശങ്കയ്ക്കടിസ്ഥാനമില്ലാത്ത തരത്തിൽ വ്യക്തമാക്കിയതാണ്. എൻ.പി.ആർ.-ൽ നിന്നാണ് എൻ.ആർ.സി. ഉടലെടുക്കുന്നത്, സെൻസസിൽ നിന്നല്ല. എൻ.പി.ആർ. കഴിഞ്ഞ തവണയും എടുത്തിട്ടുണ്ട്. എൻ.പി.ആർ.-ന്റെ ഭാഗമായി എൻ.ആർ.സി. വരുന്നതുകൊണ്ടാണ് ഇവിടെ എൻ.പി.ആർ. തയ്യാറാക്കില്ലെന്ന് പറഞ്ഞത്. സെൻസസിൽനിന്ന് ഒരു ഭാഗമെടുത്തിട്ടല്ല എൻ.പി.ആർ. തയ്യാറാക്കുന്നത്. എൻ.പി.ആർ.-ന് പ്രത്യേക രീതിയുണ്ട്, അതിന്റെ ഭാഗമായി ചോദിക്കേണ്ട ചോദ്യങ്ങളുണ്ട്. ആ ചോദ്യങ്ങൾ ഇവിടെ ചോദിക്കില്ല, അവ ഒഴിവാക്കുമെന്നാണ് അതിന്റെ അർത്ഥം. എൻ.പി.ആർ. ഇവിടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നില്ല. ഈ രാജ്യത്തിന്റെ മുന്നിൽ കേരളത്തിന്റെ നിലപാടുണ്ട്. ഇവിടെനിന്നും ഒരു പ്രതിനിധി പങ്കെടുത്ത കാര്യത്തെപ്പറ്റി പറഞ്ഞല്ലോ; എൻ.പി.ആർ. അവിടെ നടപ്പാക്കില്ലെന്നാണ് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുള്ളത് എന്നാണ് ആ പ്രതിനിധി അവിടെ പറഞ്ഞത്. അപ്പോൾ അവർ പറഞ്ഞത് നിങ്ങൾക്ക് അതാണ് നിലപാടെന്ന് ഞങ്ങൾക്കറിയാം, ആലോചിക്കാം എന്നാണ്. ...(ബഹളം)...

മി. സ്പീക്കർ: എന്താണിത്?

ശ്രീ. പിണറായി വിജയൻ: സർ, കേരളത്തിന്റെ നിലപാട് ആ യോഗത്തിലും പറഞ്ഞിട്ടുണ്ട്. ഓരോരുത്തരുടെയും ശീലം വ്യത്യസ്തമാണ്. കളവ് പറഞ്ഞ് ശീലിച്ചവരും ഉള്ളതുമാത്രമേ പറയൂയെന്ന് നിർബന്ധമുള്ളവരുമുണ്ട്. അതിന്റെ ഭാഗമായി പ്രതിപക്ഷഭാഗത്തുനിന്നും എന്തോ വിളിച്ചുപറയുകയാണ്. ചീഫ് സെക്രട്ടറി കേന്ദ്ര ഗവൺമെന്റുമായി സംസാരിച്ച്, ഇതാണ് ഞങ്ങളുടെ നിലപാട് എന്നുപറയുന്നു. 'നിങ്ങളുടെ നിലപാട് അതാണെന്ന് ഞങ്ങൾക്കറിയാം' എന്ന് അവർ പറയുന്നു. ഇത് എല്ലാവർക്കുമറിയാം. ഓരോ ജില്ലയിലും ഇതിന് നേതൃത്വം കൊടുക്കുന്നത് കളക്ടർമാരാണ്. എൻ.പി.ആർ. ഇവിടെ യാതൊരു കാരണവശാലും നടപ്പാക്കുകയില്ലെന്ന് ചീഫ് സെക്രട്ടറി എല്ലാ കളക്ടർമാർക്കും നിർദ്ദേശം കൊടുത്തുകഴിഞ്ഞു. ഇക്കാര്യത്തിൽ സംസ്ഥാനത്തിന് വ്യക്തമായ നിലപാടാണുള്ളത്. അതുകൊണ്ട് സെൻസസും എൻ.പി.ആർ.-ഉം ഒന്നാണെന്ന് ധരിക്കരുത്. ഇതുരണ്ടും രണ്ടാണ്. എൻ.പി.ആർ. ഇവിടെ നടപ്പാക്കില്ല.

കേന്ദ്രമാണ് നിർദ്ദേശിക്കുന്നതെന്ന് പറഞ്ഞത് ശരിയാണ്. ആ നിർദ്ദേശം നടപ്പാക്കുന്നോ ഇല്ലയോ എന്നുള്ളതാണ് കാര്യം. നടപ്പാക്കാൻ നമ്മൾ തയ്യാറല്ല. ഇവിടെ ഒരു കല്ലെടുത്ത് എറിയുന്ന കാര്യം പറഞ്ഞല്ലോ, ആസാമിൽ പോകാത്തത് നന്നായി. 13-12-2011-ൽ അന്നത്തെ യു.പി.എ. സർക്കാരിലെ ആഭ്യന്തര സഹമന്ത്രി ലോക്സഭയിൽ നൽകിയ മറുപടിയുണ്ട്, അതിൽ ആസാമിൽ ഡിറ്റൻഷൻ ക്യാമ്പുകൾ സ്ഥാപിച്ച കാര്യങ്ങൾ പറയുന്നുണ്ട്. 362 പേരെ ഇത്തരത്തിൽ അനധികൃത കുടിയേറ്റക്കാരായി പ്രഖ്യാപിച്ച കാര്യവും എടുത്തുപറയുന്നുണ്ട്. ഡിറ്റൻഷൻ ക്യാമ്പ് കേരളത്തിൽ സ്ഥാപിക്കില്ലെന്ന് ശ്രീ. കെ. എം. ഷാജിക്ക് നല്ല ഉറപ്പുണ്ട്. കാരണം ഇവിടെ എൽ.ഡി.എഫ്. ഗവൺമെന്റല്ലേയുള്ളത്. ഇതൊക്കെ എൽ.ഡി.എഫ്. സർക്കാർ ഉറപ്പിച്ച് പറഞ്ഞ കാര്യങ്ങളല്ലേ? കേരളത്തിൽ പൗരത്വ ഭേദഗതി നിയമം നടപ്പാക്കില്ല. ഇവിടെ പൗരത്വ രജിസ്റ്ററിന്റെ ഭാഗമായി ഒരു നടപടിയുമുണ്ടാകില്ല. പൗരത്വ രജിസ്റ്ററിലേയ്ക്ക് പോകുന്ന എൻ.പി.ആർ. ഇവിടെ നടപ്പാക്കില്ല. അതിന്റെ ഭാഗമായ എന്യൂമറേഷൻ ഉണ്ടാകില്ല. ഇവിടെ ഡിറ്റൻഷൻ ക്യാമ്പുമായി ബന്ധപ്പെട്ട ഒരു നടപടിയും ഉണ്ടാകില്ല. ഇതൊക്കെ നേരത്തെ പ്രഖ്യാപിച്ച കാര്യങ്ങളാണ് ഇപ്പോൾ പറഞ്ഞതല്ല. ഇനി ഒരു കല്ലെടുത്ത് എറിയണമെങ്കിൽ അതും ചുമന്ന് ഒരു സ്ഥലത്ത് പോയി 'ഇതാണ് ആ കല്ല് ഞാൻ ഇതെടുത്ത് എറിയുകയാണ് എന്നുപറഞ്ഞ് എറിയണം. ഇവിടെനിന്നുള്ള നടപടിയുടെ ഭാഗമായി ഒരു കല്ലുമെടുക്കാൻ സാധിക്കില്ല. സംസ്ഥാനത്ത് എൻ.പി.ആർ. നടപടികൾ നിർത്തിവയ്ക്കാൻ 20-12-2019-ലെ ജി.ഒ.(എംഎസ്.)247/2019/ജി.എ.ഡി. പ്രകാരം സംസ്ഥാന സർക്കാർ തീരുമാനിക്കുകയാണ് ചെയ്തത്. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള രജിസ്ട്രാർ ജനറൽ ആൻഡ് സെൻസസ് കമ്മീഷണർ സംസ്ഥാന സർക്കാരിനും അതത് ജില്ലകളിലെ പ്രിൻസിപ്പൽ സെൻസസ് ഓഫീസർമാരായ ജില്ലാ കളക്ടർമാർക്കും നേരിട്ട് അയയ്ക്കുന്ന കത്തുകളിൽ എൻ.പി.ആർ. നടപടികൾകൂടി ഉൾപ്പെടുത്തുന്നതിനാൽ സംസ്ഥാനത്തെ ചില ഭാഗങ്ങളിൽ സെൻസസിനോടൊപ്പം എൻ.പി.ആർ. കൂടി തയ്യാറാക്കാനുള്ള നിർദ്ദേശമെന്ന് ധരിക്കപ്പെടുന്ന രീതിയിലുള്ള കത്തുകൾ ചില ഉദ്യോഗസ്ഥർ അയച്ചതായി ശ്രദ്ധയിൽപ്പെട്ടു. അങ്ങനെ ശ്രദ്ധയിൽപ്പെട്ടയുടൻതന്നെ ഇത്തരം കത്തുകൾ അയയ്ക്കാൻ പാടില്ലെന്നും മറിച്ച് സംഭവിച്ചാൽ അച്ചടക്കനടപടിയുണ്ടാകുമെന്നും ജി.എ.ഡി. പ്രിൻസിപ്പൽ സെക്രട്ടറി 16-1-2020-ൽത്തന്നെ നിർദ്ദേശിച്ചിട്ടുണ്ട്. സെൻസസിനൊപ്പം സഹകരിക്കുമെന്ന് ഉറപ്പ് നൽകുന്നതിനോടൊപ്പംതന്നെ എൻ.സി.ആർ.-ന്റെ ഭാഗമായി എൻ.പി.ആർ. സംസ്ഥാനത്ത് നടപ്പാക്കില്ലെന്ന കാര്യത്തിൽ സർക്കാരിന് വ്യക്തമായ കാഴ്ചപ്പാടാണുള്ളത്. മലപ്പുറം ജില്ലയിലെ ചില ഉദ്യോഗസ്ഥർ അയച്ച കത്തുകളെപ്പറ്റി ജില്ലയിലെ പ്രിൻസിപ്പൽ സെൻസസ് ഓഫീസർ കൂടിയായ മലപ്പുറം ജില്ലാ കളക്ടർ സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. വ്യക്തമായ നിർദ്ദേശങ്ങൾ ലഭിച്ചശേഷവും ഇത്തരം വീഴ്ചകൾ വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന്

കളക്ടർ വ്യക്തമാക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ നിർദ്ദേശപ്രകാരം സെൻസസുമായി ബന്ധപ്പെട്ട കാര്യങ്ങൾ മാത്രമേ ജില്ലയിൽ നടക്കുന്നുള്ളൂവെന്നും സർക്കാർ നിലപാടിന് വിരുദ്ധമായി എൻ.പി.ആർ.-മായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ജില്ലയിൽ ഒരിടത്തും നടക്കുന്നില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള സംസ്ഥാനതല സെൻസസ് കോ-ഓർഡിനേഷൻ കമ്മിറ്റിയിലും ചീഫ് സെക്രട്ടറി ജില്ലാ കളക്ടർമാരുമായി നടത്തിയ യോഗത്തിലും ഇക്കാര്യത്തിൽ വ്യക്തമായ നിർദ്ദേശം കളക്ടർമാർക്ക് നൽകിയിട്ടുമുണ്ട്.

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങ് പറഞ്ഞത് വസ്തുതാപരമല്ല. സെൻസസിനോടൊപ്പം ദേശീയ ജനസംഖ്യാ രജിസ്റ്റർ (എൻ.പി.ആർ.) നടപടികൾ മുന്നോട്ടുകൊണ്ടുപോകണമെന്ന് കാണിച്ചുകൊണ്ടുള്ള 12-11-2019-ലെ ജി.ഒ.(എംഎസ്.)218/2019/ജി.എ.ഡി. ഇപ്പോഴും പ്രാബല്യത്തിലുണ്ട്. അത് റദ്ദാക്കിയിട്ടില്ല. അത് റദ്ദാക്കാത്ത കാലത്തോളം സെൻസസിനോടൊപ്പം എൻ.പി.ആർ.-ഉം മുന്നോട്ടുപോകും.

ശ്രീ. പിണറായി വിജയൻ: സർ, 20-12-2019-ലെ ജി.ഒ.(എംഎസ്.)247/2019/ജി.എ.ഡി. പ്രകാരം എൻ.പി.ആർ. നടപടികൾ സംസ്ഥാനത്ത് നിർത്തിവയ്ക്കുകയാണ് ചെയ്തത്. അത് സാധാരണഗതിയിൽ ഒരു സർക്കാരിന് ചെയ്യാൻ കഴിയുന്ന കാര്യം മാത്രമാണ്. അനുച്ഛേദം 256, 257 പ്രകാരം കേന്ദ്ര സർക്കാരിന്റെ നോട്ടിഫിക്കേഷൻ റദ്ദ് ചെയ്യാൻ സംസ്ഥാന സർക്കാരിന് കഴിയില്ല. സ്റ്റേ ചെയ്യാനേ സംസ്ഥാന സർക്കാരിന് കഴിയൂ. അതുകൊണ്ടാണ് അത്തരമൊരു സമീപനം സ്വീകരിച്ചത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് തെറ്റിദ്ധരിപ്പിക്കുകയാണ്. കേരള സർക്കാർ 12-11-2019-ൽ ഇറക്കിയ ഉത്തരവുപ്രകാരം സെൻസസിനോടൊപ്പം എൻ.പി.ആർ. അഥവാ ദേശീയ ജനസംഖ്യാ രജിസ്റ്റർ പ്രവർത്തനങ്ങൾ കൊണ്ടുപോകണമെന്ന് പറയുന്നുണ്ട്. അത് വിവാദമായപ്പോൾ എൻ.പി.ആർ.-ന്റെ പ്രവർത്തനങ്ങൾ സ്റ്റേ ചെയ്തു. 20-12-2019-ൽ മറ്റൊരു ഉത്തരവിറങ്ങി. എന്നാൽ ഈ ഉത്തരവിൽ റഫറൻസായി നൽകിയത് നാല് മാസം മുമ്പ് ഇറങ്ങിയ മറ്റൊരു നോട്ടിഫിക്കേഷനാണ്. അങ്ങ് പരിശോധിക്കണം. താമരശ്ശേരി ഉൾപ്പെടെയുള്ള സ്ഥലങ്ങളിലെ തഹസിൽദാർമാർ ആ ഉത്തരവിറക്കിയതിനുകാരണം അത് റദ്ദാക്കാത്തതുകൊണ്ടാണ്. ആ ഗവൺമെന്റ് ഉത്തരവ് റദ്ദാക്കിയില്ലെങ്കിൽ ഈ പറയുന്ന അപകടം കേരളത്തിൽ ഇപ്പോഴും നിലനിൽക്കുകയാണ്. അങ്ങത് പരിശോധിക്കണം.

ശ്രീ. പിണറായി വിജയൻ: സർ, പതിനൊന്നാം മാസത്തിൽ അങ്ങനെയൊരു ഉത്തരവുണ്ടെങ്കിൽത്തന്നെ പന്ത്രണ്ടാം മാസം വ്യക്തമായ ഉത്തരവ് പോയിട്ടുണ്ട്. ആ ഉത്തരവിൽ ഇത് സ്റ്റേ ചെയ്തിരിക്കുന്നുവെന്ന് കൃത്യമായിട്ടും പറഞ്ഞിട്ടുണ്ട്. അതിനുശേഷം ജനുവരി 16-ാം തീയതിയും ഇക്കാര്യത്തിൽ ജി.എ.ഡി. സെക്രട്ടറിയുടെ ഉത്തരവ് പോയിട്ടുണ്ട്. അതിന് വിരുദ്ധമായി പ്രവർത്തിച്ചാൽ കർശന നടപടിയുണ്ടാകുമെന്ന് അതിൽ വ്യക്തമാക്കിയിട്ടുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ആ ഉത്തരവ് റദ്ദ് ചെയ്യുകയാണ് വേണ്ടത്.

ശ്രീ. പിണറായി വിജയൻ: സർ, കേന്ദ്ര സർക്കാരിന്റെ നോട്ടിഫിക്കേഷൻ നമുക്ക് റദ്ദ് ചെയ്യാൻ കഴിയില്ല. സ്റ്റേ ചെയ്യാൻ മാത്രമേ സാധിക്കൂ. ....(ബഹളം).... അത് നടപ്പാക്കില്ലെന്ന് ഇപ്പോൾ നമ്മൾ പറഞ്ഞിട്ടുണ്ട്. .....(ബഹളം).... കേന്ദ്ര സർക്കാരിന്റെ നോട്ടിഫിക്കേഷൻ അനുസരിച്ചുള്ള നടപടികൾ സംസ്ഥാനത്ത് സ്വീകരിക്കില്ല, സ്റ്റേ ചെയ്യുകയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല: സർ, 12-11-2019-ലെ ഉത്തരവ് റദ്ദാക്കണം.

ശ്രീ. പിണറായി വിജയൻ: സർ, ഞാൻ പറയുന്നത് അങ്ങ് കേൾക്കുന്നുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. അതായത് കേന്ദ്ര ഗവൺമെന്റിന്റെ ഒരു ഉത്തരവ്/നോട്ടിഫിക്കേഷൻ സാധാരണ നിലയിൽ ഒരു സംസ്ഥാന സർക്കാരിന് റദ്ദാക്കാനാകില്ല. .....(ബഹളം)....

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത് കേൾക്കൂ.

ശ്രീ. പിണറായി വിജയൻ: സർ, സ്റ്റേറ്റ് ഗവൺമെന്റിന് ചെയ്യാൻ സാധിക്കുന്നത് അത് നിർത്തിവയ്ക്കുക എന്നുള്ളതാണ്. അതിനുള്ള നടപടിയെടുത്തിട്ടുണ്ട്, സ്റ്റേ ചെയ്തിട്ടുണ്ട്.

ഡോ. എം. കെ. മുനീർ: സർ, 20-12-2019-ൽ ആദ്യത്തെ ഉത്തരവ് മാറ്റി ഞങ്ങൾ ഇതെല്ലാം സ്റ്റേ ചെയ്യുന്നുവെന്ന് അങ്ങ് പറഞ്ഞല്ലോ; അതിനുശേഷം ഗവൺമെന്റ് ഓഫ് ഇന്ത്യ മിനിസ്ട്രി ഓഫ് ഹോം അഫയേഴ്സിലെ ഡയറക്ടർ ഓഫ് രജിസ്ട്രാറിൽനിന്നും 14-1-2020-ൽ വീണ്ടും കത്ത് വന്നിരിക്കുന്നു. അങ്ങ് ഇതെല്ലാം സ്റ്റേ ചെയ്തുവെന്ന് പറഞ്ഞശേഷവും അവർ അയച്ച കത്തിൽ വച്ചിരിക്കുന്ന റഫറൻസ് ഏതാണെന്ന് അറിയാമോ? കേരള ഗവൺമെന്റ് 12-11-2019-ൽ പുറപ്പെടുവിച്ച ഉത്തരവ് തന്നെയാണ് വീണ്ടും അവർ ക്വാട്ട് ചെയ്യുന്നത്. അങ്ങ് ഇതൊക്കെ സ്റ്റേ ചെയ്തിട്ടും ആദ്യത്തേത് പിൻവലിക്കാത്തതുകൊണ്ട് ഇപ്പോഴും ഹോം അഫയേഴ്സ് ക്വാട്ട് ചെയ്യുന്നത് 2019 നവംബറിൽ ഇറക്കിയിട്ടുള്ള

ജി.ഒ. തന്നെയാണ്. അതുകൊണ്ട് ഈ പേപ്പർ അങ്ങ് പരിശോധിക്കണം (കത്തിന്റെ പകർപ്പ് ഉയർത്തിക്കാണിച്ചു). അങ്ങ് ഇതെല്ലാം ചെയ്യുന്നുണ്ടെങ്കിലും ഇത് അവർ അവിടെ എടുത്തിട്ടില്ല. 2011-ൽ എൻ.പി.ആർ. അടക്കം അങ്ങ് ഇറക്കിയിട്ടുള്ള ജി.ഒ. ആണ് അവർ ഇപ്പോഴും പരിഗണിക്കുന്നത്. അത് പിൻവലിക്കാത്തിടത്തോളം നമ്മൾ എന്തൊക്കെ റദ്ദാക്കിയിട്ടും കാര്യമില്ല. നഗരസഭയ്ക്ക് അയച്ച കത്താണ് എന്റെ കയ്യിലുള്ളത്. ആരാണ് ഇതിലെ എന്യൂമറേറ്റേഴ്സ്? നമ്മൾ കൊടുക്കുന്ന ചോദ്യാവലിയല്ല അവർ എടുക്കുന്നത്. കേന്ദ്ര ഗവൺമെന്റ് അയച്ചുകൊടുത്തിട്ടുള്ള കത്ത് അനുസരിച്ചാണ് അവർ കാര്യങ്ങൾ ചെയ്യുന്നത്.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇക്കാര്യത്തിൽ യാതൊരു ആശങ്കയ്ക്കും വകയില്ല. നടപടികളാകെ നിർത്തിവച്ചിരിക്കുകയാണ്. സാധാരണഗതിയിൽ സംസ്ഥാന സർക്കാരിന് ചെയ്യാൻ കഴിയുന്നത് ഇതുമാത്രമാണ്. ബഹുമാന്യനായ പ്രതിപക്ഷനേതാവ് പറഞ്ഞ കാര്യം പരിശോധിക്കാം. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള സംസ്ഥാനതല സെൻസസ് കോ-ഓർഡിനേഷൻ കമ്മിറ്റിയിലും ചീഫ് സെക്രട്ടറി ജില്ലാ കളക്ടർമാരുമായി നടത്തിയ യോഗത്തിലും ഇത് വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്പോൾ നമ്മുടെ സംസ്ഥാനത്തെ ഏതെങ്കിലും ഉദ്യോഗസ്ഥർക്ക് ഇതുമായി ബന്ധപ്പെട്ട് ഒരു ആശയക്കുഴപ്പവും ഉണ്ടാകേണ്ടതില്ല. ഇക്കാര്യത്തിൽ ഇപ്പോൾ വ്യക്തത വരുത്താൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ ദിവസം കേന്ദ്ര സർക്കാർ പാർലമെന്റിൽ നടത്തിയ പ്രഖ്യാപനങ്ങൾ കാണുമ്പോൾ നമ്മുടെ യോജിച്ച പ്രക്ഷോഭം കുറേക്കൂടി ശക്തിപ്പെടുത്തേണ്ടതുണ്ടെന്നാണ് തോന്നുന്നത്. കാരണം ആ യോജിച്ച പ്രക്ഷോഭത്തിന് എത്രമാത്രം ഫലമുണ്ടാകുന്നുണ്ട് എന്നതിന് ചില സൂചനകൾ വരുന്നുണ്ട്. നമ്മൾ കൂടുതൽ ശക്തമായി യോജിച്ച പ്രക്ഷോഭം ഉയർത്തിക്കൊണ്ടുവരാനാണ് നോക്കേണ്ടത്. യോജിച്ച പ്രക്ഷോഭം ശക്തിപ്പെടുത്തുകയെന്നത് പ്രധാനമാണ്. ഇതിൽ 'ഞങ്ങൾ നിങ്ങൾ' എന്നൊരു സമീപനമേ സ്വീകരിക്കാൻ പാടില്ല. അത് അങ്ങേയറ്റം നിർഭാഗ്യകരമാണ്. ഇതിൽ നമ്മളേയുള്ളു, നമുക്ക് അകറ്റി നിർത്തേണ്ടത് ഒരു വിഭാഗത്തെ മാത്രമേയുള്ളൂ, അത് വർഗ്ഗീയ തീവ്രവാദ ശക്തികളെയാണ്. ബാക്കിയെല്ലാംകൂടി ഒന്നായി നിന്ന് ഇതിനെ പരാജയപ്പെടുത്തും, ഇത് ഇവിടെ അനുവദിക്കില്ലെന്ന് മാത്രമല്ല രാജ്യത്ത് ഇത്തരമൊരു കാര്യം അനുവദിക്കാൻ പറ്റില്ല എന്നതിൽ നമ്മൾ ഉറച്ചുനിൽക്കേണ്ടതായിട്ടുണ്ട്. അത് നമുക്ക് ഒന്നിച്ച് തുടരാം. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

ശ്രീ. കെ. സി. ജോസഫ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കുന്നതിന് അൽപം മുമ്പ് അങ്ങ് അനുവദിച്ച പ്രകാരം മന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാർ ഉന്നയിച്ച ക്രമപ്രശ്നത്തിൽ ഈ സഭയിലെ മുസ്ലീം ലീഗിന്റെ മെമ്പറായ ശ്രീ. കെ. എം. ഷാജി എസ്.ഡി.പി.ഐ.-ക്കാരനാണെന്നും വർഗ്ഗീയവാദിയാണെന്നും പറഞ്ഞു. അത് defamatory-ആണ്. ഒന്നുകിൽ അത് പിൻവലിക്കണം, അല്ലെങ്കിൽ രേഖയിൽനിന്നും നീക്കം ചെയ്യണം.

മി. സ്പീക്കർ: പരിശോധിക്കാം.* ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

11.00 A.M.]

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ബഹുമാനപ്പെട്ട സ്പീക്കർ, ഇന്ന് ഇന്ത്യ മുഴുവൻ ചർച്ച ചെയ്യുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയത്തെപ്പറ്റി ശ്രീ. കെ. എം. ഷാജി അവതരിപ്പിച്ച ഈ അടിയന്തരപ്രമേയത്തെ മുഖ്യമന്ത്രി അതിന്റെ ഗൗരവത്തിൽ കണ്ടില്ലെന്നുള്ള ശക്തമായ വിമർശനം എനിക്കുണ്ട്. നമ്മുടെ രാജ്യത്ത് നിലനിൽക്കുന്ന ആശങ്കകളാണ് ശ്രീ. കെ. എം. ഷാജി സഭയിൽ ഉന്നയിച്ചത്. അത് ഉന്നയിച്ച അദ്ദേഹം എസ്.ഡി.പി.ഐ.-ക്കാരനാണെന്നും മതവിഭജനം നടത്തുകയാണെന്നുമൊക്കെ ശ്രീ. വി. എസ്. സുനിൽ കുമാർ പറഞ്ഞത് തെറ്റാണ്. എസ്.ഡി.പി.ഐ.-ക്കാർ കൊല്ലാൻ നടക്കുന്ന ഒരാളാണ് ശ്രീ. കെ. എം. ഷാജി. അവർക്കെതിരായി പോരാട്ടം നടത്തുന്ന ആളാണ് അദ്ദേഹം. (....ബഹളം....) മതമൗലികവാദികൾക്കും തീവ്രവാദികൾക്കുമെതിരായി പോരാട്ടം നടത്തുന്ന അദ്ദേഹത്തെക്കുറിച്ച് വസ്തുത അറിയാതെ വളരെ മോശമായാണ് കൃഷി വകുപ്പുമന്ത്രി പരാമർശിച്ചത്. ഏതായാലും ശ്രീ. വി. എസ്. സുനിൽ കുമാർ പറഞ്ഞതുകൊണ്ട് ശ്രീ. കെ. എം. ഷാജി ഒരു എസ്.ഡി.പി.ഐ.-ക്കാരൻ ആകുന്നില്ലല്ലോ. അദ്ദേഹത്തിന്റെ നിലപാടുകൾ എല്ലാവർക്കും അറിയാവുന്നതാണ്. ഞങ്ങൾ ആദ്യം മുതൽ ഇക്കാര്യത്തിലെടുത്ത സമീപനമെന്താണ്? ഇത് ഈ രാജ്യത്തെ ഏതെങ്കിലുമൊരു മതവിഭാഗവുമായി ബന്ധപ്പെട്ട പ്രശ്നമല്ല. മതേതര വിശ്വാസികൾ ഒറ്റക്കെട്ടായി ഏറ്റെടുക്കേണ്ട ഒരു പ്രശ്നമായി തന്നെയാണ് ഇതിനെ ഞങ്ങൾ കണ്ടിട്ടുള്ളത്. യു.ഡി.എഫ്. ഇക്കാര്യത്തിലെടുത്ത നിലപാട് സുവ്യക്തമാണ്. ഇതൊരു മുസ്ലീം വിഷയമല്ല.

* ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻ പ്രകാരം (ഫ.നമ്പർ 1026/ഇ.ബി./ 2020/നി.സെ. തീയതി 11-2-2020) സഭാ രേഖയിൽ നിലനിർത്തി

ഇന്ത്യയിലെ മതേതര വിശ്വാസികൾ ഏറ്റെടുക്കേണ്ട പ്രശ്നമാണ് എന്നതുതന്നെയാണ് തുടക്കം മുതലുള്ള ഞങ്ങളുടെ നിലപാട്. ഭരണഘടനയെ അട്ടിമറിക്കാനും നമ്മുടെ രാജ്യത്തിന്റെ മതേതരത്വത്തെ തകർക്കാനും ബോധപൂർവ്വമായ നീക്കം നടത്തുകയാണ്. ആർ.എസ്.എസ്.-ന്റെയും ബി.ജെ.പി.-യുടെയും ദീർഘകാല അജണ്ടയാണിത്. രാജ്യത്തെ ഒരു തിയോക്രാറ്റിക് സ്റ്റേറ്റാക്കി മാറ്റാനുള്ള അജണ്ടയുടെ ഭാഗമാണ്. അക്കാര്യം മനസ്സിൽവച്ചുകൊണ്ടുതന്നെയാണ് യു.ഡി.എഫ്.-ഉം കോൺഗ്രസ്സും ഈ രാജ്യത്തും കേരളത്തിലും പ്രക്ഷോഭങ്ങളുമായി മുന്നോട്ടുപോയിട്ടുള്ളത്. ഇതൊരു മുസ്ലീം വിഷയമാക്കരുതെന്ന് ശ്രീ. കെ. എം. ഷാജി പറഞ്ഞതിൽ എന്താണ് തെറ്റ്? ഇത് ഏതെങ്കിലും ഒരു മതവിഭാഗത്തിന്റെ പ്രശ്നമായി കാണരുതെന്നും ഇന്ത്യയിലെ മതേതര വിശ്വാസികൾ ഏറ്റെടുക്കേണ്ട പ്രശ്നമാണെന്നുമാണ് അദ്ദേഹം പറഞ്ഞത്. ..... (....ബഹളം....)

ശ്രീ. സജി ചെറിയാൻ: സർ, എനിക്ക് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് ഒരു സംശയം ചോദിക്കാനുണ്ട്. 2004 മുതൽ 2014 വരെ കോൺഗ്രസാണ് ഈ രാജ്യം ഭരിച്ചത്. 1955-ലെ സിറ്റിസൺഷിപ്പ് നിയമം 2003-ലെ ബി.ജെ.പി. ഗവൺമെന്റിന്റെ കാലത്ത് ഭേദഗതി ചെയ്തു. തടങ്കൽപാളയം പണിത് കുടിയേറ്റക്കാരെ അതിൽ വസിപ്പിക്കുകയോ അല്ലെങ്കിൽ മറ്റ് രാജ്യങ്ങളിലേയ്ക്ക് അവരെ കൊടുക്കുകയോ ചെയ്യുന്ന ഏറ്റവും ജനവിരുദ്ധമായ നിയമം ഈ രാജ്യത്ത് കൊണ്ടുവരുന്നത് 2003-ലാണ്. (....ബഹളം....)

ശ്രീ. രമേശ് ചെന്നിത്തല: സർ, പൗരത്വവുമായി ബന്ധപ്പെട്ട പ്രശ്നത്തിലൊന്നുമല്ലല്ലോ അത്. ഇന്ത്യയിലെ മതേതരവാദികളായ ജനങ്ങൾ ഏറ്റെടുത്തിരിക്കുന്ന ഒരു പ്രക്ഷോഭത്തെ അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ നിലനിർത്തണമെന്നുതന്നെയാണ് ശ്രീ. കെ. എം. ഷാജിയുടെയും ഞങ്ങളെല്ലാവരുടെയും അഭിപ്രായം. അക്കാര്യത്തിൽ ആർക്കും സംശയം വേണ്ട. മാത്രമല്ല, മതേതര വിശ്വാസികൾ ഉയർത്തിപ്പിടിക്കുന്ന ഈ പ്രക്ഷോഭത്തെ ഹൈജാക്ക് ചെയ്യാൻവേണ്ടി ചില ആളുകൾ ഹർത്താൽ പ്രഖ്യാപിച്ചപ്പോൾ ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗും യു.ഡി.എഫ്.-ഉം എടുത്ത സമീപനമെന്തായിരുന്നു? ഞാൻ എന്തുകൊണ്ടാണ് മുഖ്യമന്ത്രിയോട് യോജിച്ച സമരത്തിന് ആവശ്യപ്പെട്ടതെന്ന് പറയാം. മുസ്ലീം ലീഗിന്റെ അഖിലേന്ത്യാ സെക്രട്ടറിയായ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി എന്നെ ഫോണിൽ കിട്ടാത്തതുകൊണ്ട് ശ്രീ. ഉമ്മൻ ചാണ്ടിയുമായി സംസാരിച്ചു. അദ്ദേഹം എന്നെ വിളിച്ച് ഇവിടെ ഒരു ഹർത്താൽ പ്രഖ്യാപിച്ചിരിക്കുന്നു, രാജ്യത്ത് വലിയ തോതിലുള്ള ആശയക്കുഴപ്പവും ആശങ്കയും നിലനിൽക്കുന്നു, അതിനെ ഹൈജാക്ക് ചെയ്യാൻ ചില തീവ്രവാദ സംഘടനകൾ

മുൻകയ്യെടുക്കുന്നു, അതിനെ പരാജയപ്പെടുത്തണം. മുഖ്യമന്ത്രിയുമായി സംസാരിച്ച് ഒരു യോജിച്ച പ്രക്ഷോഭത്തിന് തയ്യാറാകണമെന്നുള്ള ആവശ്യം മുന്നോട്ടുവയ്ക്കണമെന്ന് എന്നോട് പറഞ്ഞത് ശ്രീ. ഉമ്മൻ ചാണ്ടിയാണ്. (....ബഹളം....) നിങ്ങൾ ആവശ്യമില്ലാതെ പ്രശ്നമുണ്ടാക്കുന്നതെന്തിനാണ്?

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്... ശ്രീ. അൻവർ സാദത്ത് പ്ലീസ്... (....ബഹളം....) ഡിബേറ്റ് ചെയ്യണമെങ്കിൽ എഴുന്നേറ്റുനിന്ന് അദ്ദേഹത്തോട് ചോദിച്ചാൽ മതി, അദ്ദേഹം വഴങ്ങും.

ശ്രീ. രമേശ് ചെന്നിത്തല: സർ, ജനങ്ങളിലുണ്ടായിരിക്കുന്ന ആശങ്കയും പ്രതിസന്ധിയും മുതലെടുക്കാൻവേണ്ടി ഏകപക്ഷീയമായി ഹർത്താൽ പ്രഖ്യാപിച്ചപ്പോൾ അതിനെതിരായ നിലപാട് സ്വീകരിക്കാൻ യോജിച്ച പ്രക്ഷോഭത്തിന് തയ്യാറാകണമെന്ന് ഒരു കൂട്ടായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഞാനാണ് മുഖ്യമന്ത്രിയോട് പറഞ്ഞത്. അദ്ദേഹമത് സമ്മതിച്ചു, അങ്ങനെ പറഞ്ഞതിന്റെ കാരണം അദ്ദേഹം ഉൾക്കൊണ്ടു. അതിന് ഏറ്റവുമാദ്യം മുൻകയ്യെടുത്ത പാർട്ടി ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് തന്നെയായിരുന്നു എന്നുള്ളതാണ് യാഥാർത്ഥ്യം. മത-തീവ്രവാദ സംഘടനകൾക്ക് കേരളത്തിൽ ഒരു മുതലെടുപ്പ് നടത്താനുള്ള അവസരം കൊടുക്കാതെ മതേതര ശക്തികളുടെ കൂട്ടായ്മയുണ്ടാകണമെന്ന് ആഗ്രഹിച്ചതുകൊണ്ടാണ് ഞങ്ങൾ പറഞ്ഞത്. അതുകൊണ്ടാണ് ആ സമരം irrelevant ആയി മാറിയത്. കേരളത്തിൽ നിങ്ങളും ഞങ്ങളുമൊക്കെ സമരം നടത്തും. അത് ഒരുമിച്ചും നടത്താം, ഒറ്റയ്ക്കും നടത്താം. അതൊക്കെ വേറെ കാര്യം. പക്ഷെ ഇത്തരം സംഘടനകൾ ഈ അവസരം മുതലെടുക്കാൻവേണ്ടി നടത്തിയ ശ്രമങ്ങളെ പരാജയപ്പെടുത്തണമെന്നുള്ള ലക്ഷ്യത്തോടുകൂടിത്തന്നെയാണ് ഞങ്ങൾ പ്രവർത്തിച്ചത്. ചരിത്രപരമായ ദൗത്യമാണ് ഞങ്ങൾ നിറവേറ്റിയത്. അക്കാര്യത്തിൽ ഞങ്ങൾക്ക് ഒരു അഭിപ്രായവ്യത്യാസവുമില്ല. ഞാൻ കഴിഞ്ഞ ദിവസം ഡൽഹിയിലുണ്ടായിരുന്നു. ബംഗാളിൽനിന്നും മറ്റ് സംസ്ഥാനങ്ങളിൽനിന്നും വന്നിട്ടുള്ള എന്റെ പഴയകാല സുഹൃത്തുക്കളുമായി ഞാൻ സംസാരിച്ചു. അവർക്കെല്ലാം ആശങ്കയുണ്ട്. രാജ്യത്ത് നടക്കുന്ന സെൻസസ് ദുരുപയോഗപ്പെടുത്തുമോയെന്ന ആശങ്ക നിലനിൽക്കുകയാണ്. സാധാരണഗതിയിൽ പത്ത് വർഷമാകുമ്പോഴാണ് സെൻസസ് നടത്തുന്നത്. സെൻസസ് വിവരങ്ങൾ ഇന്ത്യയിലെ പതിനഞ്ച് നഗരങ്ങളിൽ പ്രത്യേകമായി ആർക്കും കൊടുക്കാതെ സൂക്ഷിച്ചുവയ്ക്കുന്ന രേഖയാണ്. അത് കോൺഫിഡൻഷ്യൽ രേഖയാണ്. പക്ഷേ ഇന്ന് സെൻസസിലെ വിവരങ്ങൾ NPR ഉണ്ടാക്കാൻ

ദുരുപയോഗപ്പെടുത്തുമോയെന്ന ആശങ്ക ഈ രാജ്യത്തെ ജനങ്ങളിൽ നിലനിൽക്കുകയാണ്. ഏറ്റവുമാദ്യം ഈ ആശങ്ക പങ്കുവച്ചത് പശ്ചിമ ബംഗാൾ മുഖ്യമന്ത്രി ശ്രീമതി മമത ബാനർജിയാണ്. കേന്ദ്രം വിളിച്ച യോഗത്തിലേയ്ക്ക് പ്രതിനിധിയെ അയയ്ക്കണ്ടെന്ന് അവർ തീരുമാനിച്ചു. എന്തുകൊണ്ടാണ് അങ്ങനെ തീരുമാനിച്ചതെന്ന് ശ്രീമതി മമതാ ബാനർജിയോട് ചോദിച്ചപ്പോൾ അവർക്കും ഈ സംശയം ശക്തമായി നിലനിൽക്കുകയാണെന്നാണ് അറിയിച്ചത്. ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലെയും ആളുകളിൽ ആശങ്ക നിലനിൽക്കുന്നുണ്ട്. സെൻസസിന്റെ കാര്യത്തിൽനിന്ന് നമുക്ക് മാറിനിൽക്കാൻ കഴിയില്ല. അതിന് പല കാരണങ്ങളുണ്ട്, അത് നമ്മൾ ചെയ്തേ മതിയാകൂ. ആശങ്കകൾ ദൂരീകരിച്ചുകൊണ്ടുമാത്രമേ സെൻസസ് നടപടികളുമായി ഗവൺമെന്റ് മുന്നോട്ട് പോകാവൂ. (......ബഹളം.....) എന്റെ കയ്യിൽ ഒരു പത്രമുണ്ട്, അതിൽ 'രാജ്യത്ത് പൗരത്വ രജിസ്റ്റർ തീരുമാനമായില്ല' എന്നാണ് വാർത്ത. ശ്രീ. അടൂർ പ്രകാശ് ഉൾപ്പെടെയുള്ളവരുടെ ചോദ്യത്തിന് കേന്ദ്ര ആഭ്യന്തര സഹമന്ത്രി പാർലമെന്റിൽ പറഞ്ഞ കാര്യമാണിത്. എൻ.പി.ആർ.-നെയും എൻ.ആർ.സി.-യെയും സംബന്ധിച്ച് വ്യക്തതയില്ല. പ്രധാനമന്ത്രി നടപ്പാക്കില്ലെന്നും ശ്രീ. അമിത് ഷാ നടപ്പാക്കുമെന്നും പറയുന്നു. (.....ബഹളം....) രാഷ്ട്രപതിയുടെ പ്രസംഗത്തിൽ നടപ്പാക്കുമെന്നും ലോക്സഭയിൽ കേന്ദ്ര ആഭ്യന്തര മന്ത്രി നടപ്പാക്കില്ലെന്നും പറയുന്നു. ഇതിൽ ആര് പറയുന്നതാണ് ഞങ്ങൾ വിശ്വസിക്കേണ്ടത്? അക്കാര്യമാണ് ശ്രീ. കെ. എം. ഷാജി ഇവിടെ ഉന്നയിച്ചത്. ഈ ആശയക്കുഴപ്പം അവസാനിപ്പിച്ച് തൽക്കാലം സെൻസസ് നടപടികൾ നിർത്തിവയ്ക്കാനുള്ള തീരുമാനമാണ് ഗവൺമെന്റ് സ്വീകരിക്കേണ്ടത്. അതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നില്ലെങ്കിൽ നമ്മൾ വലിയ അപകടത്തിലേയ്ക്ക് ചെന്നുചാടും. ധാരാളം ചതിക്കുഴികൾ ഇതിനകത്തുണ്ടെന്നതാണ് ജനങ്ങളുടെ ആശങ്ക. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടപ്പാക്കില്ലെന്ന് പറഞ്ഞല്ലോ. യു.എ.പി.എ. നിയമം നടപ്പാക്കില്ലെന്ന് അങ്ങ് പാർട്ടി സെക്രട്ടറിയായിരുന്നപ്പോഴും മുഖ്യമന്ത്രിയായിരുന്നപ്പോഴും വളരെ വ്യക്തമായി പറഞ്ഞിട്ട് രണ്ട് ചെറുപ്പക്കാരുടെ പേരിൽ അത് നടപ്പാക്കി എൻ.ഐ.എ.-യിലേയ്ക്ക് പോയത് നമ്മൾ കണ്ടതല്ലേ? ഞങ്ങൾ ആവശ്യപ്പെട്ടതുകൊണ്ട് ഇന്നലെ അങ്ങത് പിൻവലിച്ചു. അതിൽ സന്തോഷമുണ്ട്. ഇനിയൊരു കാര്യംകൂടി ചെയ്യണം, യു.എ.പി.എ. ചേർത്തതുകൂടി പിൻവലിക്കാനുള്ള നടപടി സ്വീകരിക്കണം. എന്നാൽ മാത്രമേ അത് പൂർത്തിയാകുകയുള്ളൂ. ആട്ടിൻ കുട്ടികളല്ല അവർ, ചായ കുടിക്കാൻ പോയതല്ല എന്നെല്ലാം അങ്ങ് പറഞ്ഞതിൽ നിന്ന് തെറ്റ് മനസ്സിലാക്കി പിന്നോട്ടുപോയതിൽ സന്തോഷമുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അങ്ങ് പറയുന്നത് ഞാൻ കേട്ടുകൊണ്ടിരിക്കുന്നതുകൊണ്ട് അത് വ്യക്തമാക്കണമല്ലോ. ആ കേസുമായി ബന്ധപ്പെട്ട് ഒരു കാര്യങ്ങളിലേയ്ക്കും ഞാൻ കടന്നിട്ടില്ല. അന്ന് സംസാരിച്ചവരും പ്രതിപക്ഷ നേതാവുൾപ്പെടെയുള്ളവരെല്ലാം കേരളത്തിലെ പോലീസിൽ നല്ല വിശ്വാസം പ്രകടിപ്പിച്ചുകൊണ്ട് ഇവിടത്തെ പോലീസ് അന്വേഷിച്ചാൽ മതിയെന്ന നിലപാടെടുത്തു. മാത്രമല്ല, അക്കാര്യം കേന്ദ്ര ഗവൺമെന്റിനോട് നമ്മൾ ആവശ്യപ്പെടണമെന്നും പറഞ്ഞു. ഞാനും അതുതന്നെയാണ് പറഞ്ഞത്. അതിന്റെ ഭാഗമായിട്ടുള്ള കത്താണ് ശ്രീ. അമിത് ഷായ്ക്ക് അയച്ചത്. ഇവിടെ അതുമായി ബന്ധപ്പെട്ട് ഇങ്ങനെയൊരു ചർച്ച വന്നിട്ടുണ്ട്, ഞങ്ങൾ അത് അന്വേഷിച്ചുകൊണ്ടിരിക്കുകയായിരുന്നു വെന്നും അത് നിങ്ങൾ ഏറ്റെടുക്കാൻ മാത്രം ഗ്രാവിറ്റിയുള്ള കേസല്ല, അതിനാൽ തിരികെ തരണമെന്നും അറിയിച്ചിട്ടുണ്ട്. ആ കേസിന്റെ മെറിറ്റിലേയ്ക്ക് ഞാൻ കടന്നിട്ടില്ല. ഇപ്പോൾ ചില അഭിപ്രായങ്ങൾ പറയാൻ എന്നെ നിർബന്ധിക്കുന്ന തരത്തിലാണ് അദ്ദേഹം പറയുന്നതെങ്കിലും ഞാൻ ആ മെറിറ്റിലേയ്ക്ക് കടക്കുന്നില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെയും കേരള പോലീസിലുള്ള വിശ്വാസത്തെക്കുറിച്ച് പറഞ്ഞു. മുൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ആളാണ് ഞാൻ. കേരള പോലീസിൽ അന്ന് എനിക്ക് വിശ്വാസമുണ്ടായിരുന്നു, ഇപ്പോഴത് അല്പം കുറഞ്ഞെന്നേയുള്ളൂ. കാരണം, അങ്ങ് ഇതിന് നേതൃത്വം കൊടുക്കുന്നതും പോലീസിലുണ്ടായ അപചയവും കാരണം ആ വിശ്വാസം ഇപ്പോൾ കുറഞ്ഞെന്നേയുള്ളൂ. ശ്രീ. കെ. എം. ഷാജി അവതരിപ്പിച്ചതിനെക്കുറിച്ച് അങ്ങ് തെറ്റിദ്ധാരണാജനകമായി പറയുന്നത് എന്തിനാണ്? ഈ വിഷയത്തിലെ ആത്മാർത്ഥതയെക്കുറിച്ചുള്ള അങ്ങയുടെ സർട്ടിഫിക്കറ്റ് യു.ഡി.എഫ്.-ന് വേണ്ടെന്നുതന്നെയാണ് എനിക്ക് പറയാനുള്ളത്. പൗരത്വ നിയമ ഭേദഗതിയുടെ കാര്യത്തിൽ കേരളത്തിലെ യു.ഡി.എഫ്.-ന്റെ നിലപാട് കണ്ണാടിപോലെ സുതാര്യമാണ്. ഞങ്ങൾക്ക് ആരുടെയും സർട്ടിഫിക്കറ്റ് വേണ്ട. എന്തുകൊണ്ടാണ് താമരശ്ശേരിയിലെയും കൊടുവള്ളിയിലെയും തഹസിൽദാർമാർ ഈ ഉത്തരവിറക്കിയത്? അവർ ഉത്തരവിറക്കിയതിന് കാരണം ഞാൻ നേരത്തെ പറഞ്ഞു, 12-11-2019-ലെ ഉത്തരവാണ്. ആ ഉത്തരവുപ്രകാരം ഇതിപ്പോഴും നടപ്പാക്കേണ്ടതായി വന്നിരിക്കുകയാണ്. അതാണ് ഇവിടത്തെ ആശങ്ക. അതുമാത്രമല്ല, എന്യൂമറേറ്റർമാരെ നമ്മൾ വിട്ടുകൊടുക്കുകയാണ്. എന്യൂമറേറ്റർമാരെ വിട്ടുകൊടുത്ത് സെൻസസ് നടത്തുമ്പോൾ അത് പൗരത്വ രജിസ്റ്ററുമായി ബന്ധപ്പെട്ട പ്രവർത്തനമായി വരുമോയെന്നുള്ള ആശങ്ക ദൂരീകരിച്ചിട്ടില്ല. ആശങ്കകളുടെ കാർമേഘപടലങ്ങൾ ഇന്ത്യയിലെ ജനങ്ങളുടെ മുന്നിൽ ഉയർന്നുനിൽക്കുമ്പോൾ അതിനൊരു വ്യക്തത

വരുത്തിയതിനുശേഷം മാത്രമേ നടപ്പാക്കാവൂവെന്ന് ഞങ്ങൾ പറയുന്നതിൽ എന്താണ് തെറ്റ്; ആരെ എതിർക്കാൻവേണ്ടിയാണ് ഞങ്ങളിത് പറയുന്നത്? ഞങ്ങൾ പ്രകടിപ്പിക്കുന്ന ആശങ്ക ബംഗാളും പഞ്ചാബും ഉൾപ്പെടെ ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലുമുണ്ട്. അവരാരും സെൻസസ് തുടങ്ങരുതെന്ന അഭിപ്രായക്കാരല്ല. പക്ഷേ ഈ ആശങ്കകൾകൂടി പരിഹരിക്കപ്പെടണം എന്നുള്ളതാണ്. ജനങ്ങളുടെ മുമ്പിൽ നിൽക്കുന്ന ഈ പ്രശ്നത്തിനൊരു പരിഹാരമുണ്ടാകണം. കേന്ദ്ര ഗവൺമെന്റ് വ്യക്തതയോടുകൂടി ഇക്കാര്യങ്ങൾ പറയണം. രാജ്യത്തെ ബാധിക്കുന്ന സെൻസസ് നടപടികളെയും എൻ.പി.ആർ.-നെയും എൻ.ആർ.സി.-യെയും സംബന്ധിച്ച് വ്യക്തതയുണ്ടാകണം. ഇതൊന്നുമില്ലാതെ നമ്മൾ സെൻസസ് നടപടികളുമായി മുന്നോട്ടുപോയാൽ അതിൽ ചതിക്കുഴികളുണ്ടെന്ന് മനസ്സിലാക്കാൻ സംസ്ഥാനം തയ്യാറാകണമെന്ന കാര്യം ശ്രീ. കെ. എം. ഷാജി ഉന്നയിക്കുന്നതിൽ എന്താണ് തെറ്റ്?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, അങ്ങയുടെ പാർട്ടി ഭരിക്കുന്ന കുറച്ച് സംസ്ഥാനങ്ങളുണ്ടല്ലോ. അവിടത്തെ നിലപാട് എന്താണ്? (.........ബഹളം.....)

ശ്രീ. രമേശ് ചെന്നിത്തല: സർ, കോൺഗ്രസ് ഉൾപ്പെടെയുള്ള മുഖ്യമന്ത്രിമാർ ഈ ആശങ്ക പ്രകടിപ്പിച്ചിട്ടുണ്ട്.

ശ്രീ. എ. എൻ. ഷംസീർ: സർ, തലശ്ശേരിയോട് ചേർന്നുകിടക്കുന്ന മാഹി ഭരിക്കുന്നത് നിങ്ങളുടെ പാർട്ടിയാണ്. ശ്രീ. വി. നാരായണ സ്വാമിയാണ് അവിടത്തെ മുഖ്യമന്ത്രി. അവരുടെ നിലപാട് എന്താണ്?

ശ്രീ. രമേശ് ചെന്നിത്തല: സർ, എൻ.പി.ആർ.-നെയും എൻ.ആർ.സി.-യെയും സെൻസസിനെയും സംബന്ധിച്ച് ഇന്ത്യയിലെ ബി.ജെ.പി. ഇതര സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർക്കെല്ലാം ആശങ്കയുണ്ട്. ഇതിനകത്തൊരു വ്യക്തത വരുന്നതിനാണ് ഇത് ചർച്ച ചെയ്യേണ്ടത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ മുതൽ യോജിച്ച സമരത്തെ സംബന്ധിച്ച് പറയുന്നുണ്ട്. ഇവിടെ യോജിച്ച സമരം നടത്തിയില്ലേ; എത്ര സമരങ്ങൾ നടന്നു; നിങ്ങളെല്ലാവരും സമരം നടത്തിയില്ലേ? ആരോടെങ്കിലും ആലോചിച്ചിട്ടാണോ നിങ്ങൾ മനുഷ്യച്ചങ്ങല സൃഷ്ടിച്ചത്? ഞങ്ങൾ ഒരുമിച്ച് രക്തസാക്ഷിമണ്ഡപത്തിൽ സത്യാഗ്രഹമിരുന്നതിന്റെ അന്ന് വൈകുന്നേരമാണ് എൽ.ഡി.എഫ്.-ന്റെ യോഗംകൂടി തീരുമാനിച്ചത്. അതിനാൽ ഞങ്ങൾക്ക് ഞങ്ങളുടെ സമരം പ്രഖ്യാപിക്കേണ്ടിവന്നു, ഞങ്ങൾ സമരവുമായി മുന്നോട്ട് പോയി. ഡൽഹിയിലെ കാലാവസ്ഥയിൽ വന്ന മാറ്റം കാരണമാണ് സമരം മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കാത്തതെന്ന് ഇന്നലെ മുഖ്യമന്ത്രി പറഞ്ഞു. കാലാവസ്ഥയിൽ വന്ന മാറ്റമൊന്നുമല്ല. അതിനകത്ത് പിന്നീട്

എൽ.ഡി.എഫ്.-നും മുഖ്യമന്ത്രിക്കും രാഷ്ട്രീയ താല്പര്യങ്ങൾ വന്നതുകൊണ്ടു തന്നെയാണ് ഈ പ്രശ്നം ഉന്നയിച്ച് സമരത്തെ മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കാത്തത്. അതിനകത്തൊരു രാഷ്ട്രീയ മുതലെടുപ്പുവന്നു. നിങ്ങൾ കോൺഗ്രസ്സിനകത്ത് ഭിന്നിപ്പുണ്ടാക്കാനാണ് ശ്രമിച്ചത്. ആ വെള്ളം അങ്ങ് വാങ്ങിവച്ചാൽ മതി. കേരളത്തിലെ യു.ഡി.എഫ്. ഒറ്റക്കെട്ടായി മുന്നോട്ടുപോകും. ലീഗ് കൊള്ളാം, എന്നാൽ കോൺഗ്രസ് പാടില്ല. ലീഗ് കോൺഗ്രസ്സിനെ പ്രേരിപ്പിക്കണം. ആ വെള്ളമങ്ങ് വാങ്ങിവച്ചാൽ മതിയെന്നാണ് എനിക്ക് മുഖ്യമന്ത്രിയോട് പറയാനുള്ളത്. കേരളത്തിലെ യു.ഡി.എഫ്. ഒറ്റക്കെട്ടായി മുന്നോട്ടുപോകും. ഞങ്ങൾ ഇക്കാര്യങ്ങളിലെല്ലാം ഒറ്റക്കെട്ടായാണ് മുന്നോട്ടുപോയിട്ടുള്ളത്. ശ്രീ. കെ. എം. ഷാജി ഇവിടെ അവതരിപ്പിച്ചത് കേരളത്തിലെ ജനങ്ങളുടെ ആശങ്കയാണ്. ആശങ്കയില്ലെന്ന് നിങ്ങൾക്ക് പറയാൻ സാധിക്കുമോ? നിങ്ങൾക്ക് ശ്രീ. അമിത് ഷായിലും ശ്രീ. നരേന്ദ്രമോദിയിലുമാണോ വിശ്വാസം? ഇന്ത്യയിലെ മുഴുവൻ ജനങ്ങളിലും ആശങ്ക നിലനിൽക്കുമ്പോൾ അതൊന്നും പ്രശ്നമില്ല, ഞാനെല്ലാം സ്റ്റേ ചെയ്തെന്ന് മുഖ്യമന്ത്രി പറഞ്ഞു. നിങ്ങൾ സ്റ്റേ ചെയ്തതുകൊണ്ടൊന്നും അവസാനിക്കാൻ പോകുന്നില്ല. കാരണം ഇതെല്ലാം കേന്ദ്ര നിയമവുമായി ബന്ധപ്പെട്ടതാണ്. 1948-ലെ സെൻസസ് നിയമവും അതിനുശേഷമുള്ള നിയമങ്ങളും 1955-ലെ പൗരത്വ നിയമവുമെല്ലാം മാറണമെങ്കിൽ അതിശക്തമായ പ്രക്ഷോഭങ്ങളുമായി മുന്നോട്ടുപോകണം. അതിന് ഇന്ത്യയിൽ നേതൃത്വം കൊടുക്കാൻ കഴിയുന്നത് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന് മാത്രമാണ്. അതുകൊണ്ട് നിങ്ങൾ സ്റ്റേ ചെയ്തതുകൊണ്ട് മാത്രം നിൽക്കാൻ പോകുന്നില്ല. ഇന്ത്യയിൽ ഇതിനെതിരായി, ശ്രീ. നരേന്ദ്ര മോദിക്കും ശ്രീ. അമിത് ഷായ്ക്കുമെതിരായി പ്രക്ഷോഭങ്ങൾ നടത്തി പാർലമെന്റിനകത്തും പുറത്തും ശക്തമായ പ്രതിരോധം സൃഷ്ടിച്ച് നിന്നാൽ മാത്രമേ നിയന്ത്രിക്കാൻ കഴിയൂ. എൻ.ആർ.സി. നടപ്പാക്കില്ലെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി പറയുന്നതുവരെ കാര്യങ്ങളെത്തി. അതിനാലാണ് ഞങ്ങൾ വ്യക്തത വേണമെന്ന് അഭിപ്രായപ്പെടുന്നത്. വ്യക്തതയുണ്ടായതിനുശേഷം മാത്രമേ സെൻസസ് നടത്താവൂ, അല്ലെങ്കിൽ നമ്മൾ അപകടത്തിലേയ്ക്ക് പോകുമെന്ന് ഞാൻ ഈ ഗവൺമെന്റിന് മുന്നറിയിപ്പ് നൽകാൻ ആഗ്രഹിക്കുകയാണ്. ഇക്കാര്യത്തിൽ നിങ്ങൾ എടുത്തുചാടി മുന്നോട്ടുപോകരുത്. ഇപ്പോൾ എന്യൂമറേറ്റർമാരെ വിടേണ്ട കാര്യമില്ല. എന്യൂമറേറ്റർമാരെ വിട്ടുകഴിഞ്ഞാൽ ഇത് ഗുരുതരമായി മുന്നോട്ടുപോകാനുള്ള സാദ്ധ്യതയുണ്ട്. അതുകൊണ്ട് സെൻസസ് നടപടികൾ നിർത്തിവയ്ക്കണമെന്നുള്ള ശ്രീ. കെ. എം. ഷാജിയുടെ അഭിപ്രായം വളരെ ന്യായമായതാണ്. കേരളത്തിലെ ജനങ്ങളുടെ ആശങ്ക ഗവൺമെന്റ് ഉൾക്കൊള്ളണമെന്നാണ് എനിക്ക് പറയാനുള്ളത്. ഈ വിഷയം ചർച്ച ചെയ്യാത്ത ഗവൺമെന്റ് നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ഡോ. എം. കെ. മുനീർ: സർ, ശ്രീ. കെ. എം. ഷാജി അവതരിപ്പിച്ച അടിയന്തരപ്രമേയത്തിനിടയിൽ, അദ്ദേഹം എസ്.ഡി.പി.ഐ.-ക്കാരനാണെന്ന രീതിയിൽ ഇവിടെ ചിലർ സംസാരിക്കുകയുണ്ടായി. എസ്.ഡി.പി.ഐ.-ക്കാരുടെ ആക്രമണം ഏതുസമയത്തും ഉണ്ടാകുമെന്ന കാരണത്താൽ കേരള പോലീസ് സംരക്ഷണം കൊടുക്കുന്ന ഒരംഗമാണ് അദ്ദേഹമെന്ന കാര്യം നമ്മൾ മനസ്സിലാക്കണം. കേരള പോലീസിനോട് ചോദിച്ചാൽ എസ്.ഡി.പി.ഐ.-യും അദ്ദേഹവും തമ്മിലുള്ള ബന്ധം എന്താണെന്നുള്ളത് ബോധ്യമാകും. അതുകൊണ്ട് അതിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല.

മുസ്ലീം ലീഗിനുള്ളിൽ ഇക്കാര്യത്തിൽ രണ്ട് തട്ടൊന്നുമില്ല. മുഖ്യമന്ത്രി പറഞ്ഞ യോജിച്ച സമരത്തിൽ പങ്കെടുത്ത ആളാണ് ഞാൻ. അതിൽ പങ്കെടുത്തതിന് അന്നും ഇന്നും കുറ്റബോധമുള്ള ആളുമല്ല ഞാൻ. പക്ഷെ അതിനെ പിന്നീട് രാഷ്ട്രീയമായി കൊണ്ടുപോയതാരാണെന്ന് നമ്മൾ പരിശോധിച്ചാൽ മനസ്സിലാകും. ഇപ്പോഴും നിങ്ങൾ പറയുന്നത് ഇക്കാര്യത്തിൽ രണ്ടഭിപ്രായമാണെന്നാണ്. ഞങ്ങൾ ഒന്നിച്ചു തന്നെ ഇവിടെ നിന്ന് ഇറങ്ങിപ്പോകും. ഐക്യജനാധിപത്യ മുന്നണിക്ക് ഇക്കാര്യത്തിൽ രണ്ട് അഭിപ്രായമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പെട്ടെന്നുള്ള വികാരത്തിൽ ചില കാര്യങ്ങളിവിടെ പറയുകയും പിന്നീട് ആലോചിച്ചശേഷം അത് തിരുത്തുകയും ചെയ്യാറുണ്ടെന്നുള്ളതുകൊണ്ട് ഇക്കാര്യത്തിലും മാറ്റമുണ്ടാകുമെന്നതന്നെയാണ് ഞങ്ങളുടെ പ്രതീക്ഷ. അങ്ങ് പറഞ്ഞ യോജിച്ച പോരാട്ടത്തിൽ ഞങ്ങളുമുണ്ട്. സെൻസസ് നിർത്തിവയ്ക്കണമെന്ന ആവശ്യവുമായി അങ്ങ് ഡൽഹിയിൽ പോകുന്നുണ്ടെങ്കിൽ കൂടെ വരാൻ ഞങ്ങൾ തയ്യാറാണ്.

12-11-2019-ൽ " The Joint Director of Census Operations, Census 2021 and the appointment of Census Officers at various levels. The first phase of the Census operation, viz. Houselisting and Housing Census and Updation of NPR will be conducted during April-May, 2020" എന്നുപറഞ്ഞുകൊണ്ട് അങ്ങയുടെ ജനറൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റ് ഓർഡർ ഇറക്കിയിട്ടുണ്ട്. അതോടൊപ്പം ഒരു ഗസറ്റ് നോട്ടിഫിക്കേഷനും ഇറക്കിയിരുന്നു. 20-12-2019-ലെ സർക്കാർ ഉത്തരവ് 247/2019 പ്രകാരം സംസ്ഥാനത്തെ ദേശീയ ജനസംഖ്യാ രജിസ്റ്റർ സംബന്ധിച്ച എല്ലാ പ്രക്രിയകളും സ്റ്റേ ചെയ്യാനുള്ള തീരുമാനമെടുത്തിട്ടുണ്ടെന്നാണ് അങ്ങ് 3-2-2020-ൽ ഞങ്ങൾക്ക് നൽകിയ മറുപടിയിൽ പറയുന്നത്. 2019-ൽ ആണ് അങ്ങ് ഇത്തരമൊരു ഉത്തരവിറക്കിയത്. ഒരു മാസം കഴിഞ്ഞ് ഗവൺമെന്റ് ഓഫ് ഇന്ത്യ മിനിസ്ട്രി ഓഫ്

ഹോം അഫയേഴ്സ്, ഡയറക്ടർ ഓഫ് സെൻസസ് ഓപ്പറേഷൻ, മഞ്ചേരി നഗരസഭയ്ക്ക് 2020 ജനുവരി 14-ന് അയച്ച കത്തിൽ റഫറൻസായി ചൂണ്ടിക്കാട്ടിയിരിക്കുന്നത് അങ്ങയുടെ 12-11-2019-ലെ ഉത്തരവാണ്. അതിനർത്ഥം അങ്ങിവിടെയിത് സ്റ്റേ ചെയ്തിട്ടുണ്ടെങ്കിലും സെൻസസ് ഡയറക്ടർക്ക് ഇതുവരെ അതൊരു സ്റ്റേയായി തോന്നിയിട്ടില്ല എന്നതാണ്. കാരണം, അങ്ങ് ആദ്യമിറക്കിയ ഉത്തരവുപ്രകാരം എല്ലാ സെൻസസ് ഓഫീസേഴ്സിനെയും നിയോഗിച്ചു കഴിഞ്ഞു. ആ സെൻസസ് ഓഫീസേഴ്സിന് നേരിട്ട് കത്തയയ്ക്കുക എന്നത് സെൻട്രൽ ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണ്. ഇക്കാര്യത്തിൽ ഇനി നഗരസഭാ സെക്രട്ടറിയുടെ മേൽ അങ്ങേയ്ക്ക് നിയന്ത്രണമില്ല. കാരണം, തെരഞ്ഞെടുപ്പിന് തെരഞ്ഞെടുപ്പ് ഓഫീസേഴ്സിനെ ഉപയോഗിക്കുന്നതുപോലെ അങ്ങ് നിയോഗിച്ചതനുസരിച്ച് പ്രൈമറി സ്കൂൾ ടീച്ചേഴ്സടക്കം സെൻസസ് ഫംഗ്ഷണറീസായി മാറിക്കഴിഞ്ഞു. നഗരസഭയ്ക്കുപോലും ഇനി അവരെ നിയന്ത്രിക്കാൻ സാധിക്കില്ല. ഭരണപക്ഷ നഗരസഭയല്ലേയെന്ന് ഇവിടെ ചോദിച്ചു. നഗരസഭ ചേർന്നല്ല സെൻസസ് ഓഫീസേഴ്സിനെ തീരുമാനിച്ചത്. പ്രിയപ്പെട്ട മുഖ്യമന്ത്രി, അങ്ങയുടെ ചോദ്യാവലി ഇനി അവർക്കൊരു പ്രശ്നമേയല്ല. അങ്ങ് അതിൽ നിന്ന് എൻ.പി.ആർ. മാറ്റിയാലും സെൻസസ് മാത്രമാക്കിയാലും അതല്ല അവർ അനുസരിക്കാൻ പോകുന്നത്. സെൻസസ് ഡയറക്ടറേറ്റ് അയച്ചുകൊടുത്ത കത്തും ചോദ്യാവലിയുമാണ് അവർ അനുസരിക്കാൻ പോകുന്നത്. അതിൽ എൻ.പി.ആർ. ഉണ്ടായിരിക്കും. കാരണം, സെൻസസ് ഓഫീസറും എൻ.പി.ആർ. ഡയറക്ടറും ഇപ്പോൾ ഒന്നുതന്നെയാണ്. വേർതിരിക്കാൻ സാധിക്കാത്ത തരത്തിൽ കേന്ദ്ര സർക്കാർ ഇവ രണ്ടിനെയും ഒന്നാക്കിയിരിക്കുന്ന സാഹചര്യത്തിൽ അങ്ങേയ്ക്ക് ആ ക്വസ്റ്റ്യനെയറെടുത്ത് പരിശോധിക്കാൻ സാധിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ജനുവരി 14-ാം തീയതി ഇങ്ങനെയൊരു കത്തയച്ചുവെന്ന് ഇവിടെ പറഞ്ഞു. ജനുവരി 16-ന് ജനറൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിന്റെ പ്രിൻസിപ്പൽ സെക്രട്ടറി ബന്ധപ്പെട്ട സെക്രട്ടറിമാരോട് ഇത്തരം കത്തുകൾ അയയ്ക്കാൻ പാടില്ലെന്ന് പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പറയുന്നതുപോലെ സർവ്വതന്ത്ര സ്വതന്ത്രമായി നമ്മുടെ ഉദ്യോഗസ്ഥർക്ക് പ്രവർത്തിക്കാൻ സാധിക്കില്ല. അവർക്ക് കൃത്യമായി നിർദ്ദേശം നൽകുന്നുണ്ട്, അതനുസരിച്ച് മാത്രമേ പ്രവർത്തിക്കാൻ സാധിക്കൂ. അതിന്റെ ഭാഗമായാണ് ജനറൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിന്റെ പ്രിൻസിപ്പൽ സെക്രട്ടറി നിർദ്ദേശങ്ങൾ നൽകിയത്. ചീഫ് സെക്രട്ടറി കളക്ടർമാർക്കും നിർദ്ദേശം നൽകി. അതെല്ലാം നിലനിൽക്കുകയാണ്.

ഡോ. എം. കെ. മുനീർ: സർ, ക്വസ്റ്റ്യനെയറെന്ന് പറയുന്നത് സെൻട്രൽ ഗവൺമെന്റിലെ സെൻസസ് ഡയറക്ടറാണ് അയച്ചുകൊടുക്കുന്നത്. 1948-ലെ സെൻസസ് ആക്ടിന്റെ അടിസ്ഥാനത്തിലുള്ളതാണത്. 2003-ൽ ഇറങ്ങിയ റൂൾ

പ്രകാരമാണ് എൻ.പി.ആർ. നടത്തുന്നത്. ഇവിടത്തെ ജില്ലാ കളക്ടർമാർക്ക് അതിൽ ഇടപെട്ട് ആ ക്വസ്റ്റ്യനെയർ കട്ട് ചെയ്യാൻ സാധിക്കില്ല. സെൻസസ് നിർത്തിവയ്ക്കണമെന്നല്ല ഞങ്ങൾ ആവശ്യപ്പെടുന്നത്. സെൻസസ് നടപ്പിലാക്കുന്നതിനുമുമ്പ് വ്യക്തതയുണ്ടാക്കണമെന്നാണ് ആവശ്യപ്പെടുന്നത്. എൻ.പി.ആർ.-ഉം സെൻസസും ഒരേ ക്വസ്റ്റ്യനെയറിൽ നിന്ന് ക്വസ്റ്റ്യൻസ് ചോദിച്ചാൽ പ്രശ്നമാണ്. അത് ജനങ്ങൾക്ക് ആശങ്കയുണ്ടാക്കും. ഇന്ന് സ്ത്രീകൾ വിഭ്രാന്തരാണ്. ആസാമിൽ അനേകം സ്ത്രീകൾ മാനസിക വിഭ്രാന്തിക്ക് ട്രീറ്റ്മെന്റിലാണ്. അവരെ ഭയപ്പെടുത്തുന്ന ഈ ചോദ്യത്തിന് നമുക്ക് ഒരുമിച്ച് നിന്ന് പരിഹാരം കാണാം, ചർച്ചചെയ്ത് തീരുമാനിക്കാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ജനറൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റ് സെക്രട്ടറിയോട് പഴയ ഗവൺമെന്റ് ഓർഡർ തന്നെ സെൻസസ് ഡയറക്ടർ ഉദ്ധരിക്കുന്നതിന്റെ കാരണം എന്താണെന്ന് ചോദിക്കണം.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ഡോ. എം. കെ. മുനീർ: സർ, അതിനുശേഷം നാളെയെങ്കിലും ഞങ്ങൾക്ക് മറുപടി തരണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സെൻസസ് നടപ്പിലാക്കുമെന്ന നിലപാട് തന്നെയാണ് സംസ്ഥാന സർക്കാർ ഇതുവരെ സ്വീകരിച്ചിട്ടുള്ളത്. അതിന്റെ ഭാഗമായുള്ള നടപടികളുമായി നീങ്ങുന്നതിന് വേറെ പ്രശ്നങ്ങളൊന്നുമില്ല. NPR ആണ് നിർത്തിവയ്ക്കുമെന്ന് പറഞ്ഞത്. അതിന്റെ ചോദ്യാവലികൾ സെൻസസിന്റെ ഭാഗമായി വരികയില്ല. സെൻസസ് സാധാരണ രീതിയിൽ നടക്കുന്നുണ്ട്, അതുമാത്രമേ നടക്കൂ.

മി. സ്പീക്കർ: പ്ലീസ്... അങ്ങ് ഇനി കൺക്ലൂഡ് ചെയ്യൂ.

ഡോ. എം. കെ. മുനീർ: സർ, ഏതായാലും അങ്ങ് ഇന്ന് ഉദ്യോഗസ്ഥരെ വിളിച്ച് ഞങ്ങൾ പറഞ്ഞതാണോ അങ്ങ് പറഞ്ഞതാണോ ശരിയെന്ന് അന്വേഷിക്കണം. ഏതായാലും ഇത് ചർച്ച ചെയ്യേണ്ട വിഷയമാണ്. ശ്രീ. കെ. എം. ഷാജി അവതരിപ്പിച്ചുവെന്ന കാരണത്താൽ അങ്ങ് ഇങ്ങനെയൊരു നിലപാടെടുക്കരുത്. കാരണം, അദ്ദേഹം ഗൗരവമായി പറഞ്ഞ കാര്യം അതേ സെൻസിൽത്തന്നെ അങ്ങെടുക്കണം. ശ്രീ. കെ. എം. ഷാജി ഒരു നിയമസഭാ സാമാജികനാണ്. അദ്ദേഹത്തിന് ഇത് അവതരിപ്പിക്കാനുള്ള അവകാശമുണ്ടെന്ന് പറഞ്ഞ സാഹചര്യത്തിൽ, ഇതിന് വേറെ ഉദ്ദേശ്യമാണെന്ന മുൻവിധിയോടെ മുഖ്യമന്ത്രി ഇതിനെ കാണാൻ പാടില്ലായിരുന്നു. അങ്ങയുടെ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. ജെ. ജോസഫ്: സർ, ഞാനൊരു ശുഭാപ്തി വിശ്വാസിയാണ്. 12-11-2019-ലെ പൊതുഭരണ വകുപ്പിന്റെ ഉത്തരവ് ഇപ്പോഴും നിലനിൽക്കുകയാണ്. മുഖ്യമന്ത്രി സ്റ്റേ ചെയ്തുവെന്ന് പറയുന്നത് നിലവിൽ വന്നിട്ടില്ല. ഇപ്പോഴും 12-11-2019-ലെ ഉത്തരവ് നിലനിൽക്കുകയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ അവരുടെമേലുള്ള കൺട്രോൾ മുഴുവൻ ഗവൺമെന്റ് ഓഫ് ഇന്ത്യയ്ക്കാണ്. ഇതുസംബന്ധിച്ച് കേന്ദ്രത്തിലെ നേതാക്കന്മാർ ചിന്താക്കുഴപ്പമുണ്ടാക്കുന്ന പ്രസ്താവനകളാണ് നടത്തുന്നത്. സെൻസസ് ഓപ്പറേഷനുമായി മുന്നോട്ടുപോയാൽ അപകടം പതിയിരിക്കുന്നുവെന്ന് മനസ്സിലാക്കണം; ഇത് പുനഃപരിശോധിക്കണം. എന്തുകൊണ്ട് ചില സംസ്ഥാനങ്ങൾ ഇതുമായി മുന്നോട്ടുപോകുന്നില്ലെന്നത് ഗൗരവമായി ചിന്തിക്കേണ്ട കാര്യമാണ്. ഇത് പുനഃപരിശോധിക്കുമെന്നുള്ള പ്രതീക്ഷയിൽത്തന്നെ ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, എന്യൂമറേറ്റേഴ്സ് കേന്ദ്ര സർക്കാരിന്റെ അധികാര പരിധിയിലായിരിക്കുകയാണ്. അതുകൊണ്ടാണ് സ്റ്റേറ്റ് ഗവൺമെന്റിന് അവരെ നിയന്ത്രിക്കാൻ പരിമിതിയുണ്ടെന്ന് ഇവിടെ പ്രതിപാദിച്ചത്. സെൻസസിനെ സംബന്ധിച്ചുള്ള നടപടികളുമായി മുന്നോട്ടുപോകുന്ന സാഹചര്യത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സൂചിപ്പിച്ചതുപോലെ എൻ.പി.ആർ. അടക്കമുള്ള കാര്യങ്ങളിൽ അവ്യക്തത നിലനിൽക്കുകയാണ്. അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരിശോധിക്കണം. 20-12-2019-ൽ അങ്ങ് ഈ നോട്ടിഫിക്കേഷൻ സ്റ്റേ ചെയ്തുവെന്ന് പറഞ്ഞു. പക്ഷേ അത് റദ്ദായിട്ടില്ലെന്നുള്ളത് അങ്ങയുടെ വാക്കിൽത്തന്നെ വ്യക്തമാണ്. ഒരു ഗസറ്റ് നോട്ടിഫിക്കേഷൻ റദ്ദാക്കുന്നതിന് മറ്റൊരു ഗസറ്റ് നോട്ടിഫിക്കേഷനിലൂടെ മാത്രമേ കഴിയൂ. ഇത്തരത്തിലുള്ള അനവധി വിഷയങ്ങൾ ഇതിലുണ്ട്. ഗവൺമെന്റ് അടിയന്തരമായി ഇടപെട്ട് ഈ വിഷയം പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കണം. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.)

(പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ ഹാജരായി.)

# III ശ്രദ്ധ ക്ഷണിക്കൽ

## (1) മൂല്യാധിഷ്ഠിത ജീവിതചര്യ രൂപപ്പെടുത്തുന്നതിനുള്ള സംയുക്ത കർമ്മ പദ്ധതികൾ

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, കൗമാരക്കാരെ വഴിതെറ്റിക്കുന്ന ദുഃസ്വാധീനങ്ങൾക്കെതിരെ ജാഗ്രതയോടെയുള്ള ഇടപെടൽ നടത്തണമെന്നുള്ളതാണ് ഈ ശ്രദ്ധ ക്ഷണിക്കലിന്റെ ഭാഗമായി സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. 31.8% യുവാക്കൾ സിഗററ്റും പാൻമസാലയും മറ്റ് ലഹരി പദാർത്ഥങ്ങളും ഉപയോഗിക്കുന്നുവെന്നുള്ളതാണ് ഏറ്റവും പുതിയ കണക്കുകൾ സൂചിപ്പിക്കുന്നത്. ഏത് അണ്വായുധത്തെക്കാളും ജൈവായുധത്തെക്കാളും കരുത്തുള്ള ആയുധമെന്ന നിലയിൽ അല്ലെങ്കിൽ ഒരു സ്റ്റാറ്റസ് സിമ്പൽ എന്ന രീതിയിൽ വ്യാപകമായി യുവതലമുറ ലഹരി ഉപയോഗിക്കുന്നുണ്ട്. അതുകൊണ്ട് ഈ വിഷയത്തെ വളരെ ഗൗരവമായി കാണണം. ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ നിരവധി എം.എൽ.എ-മാർ സബ്മിഷനായും ശ്രദ്ധ ക്ഷണിക്കലായും ചോദ്യങ്ങളായുമൊക്കെ സമാന വിഷയം നിരവധി തവണ സഭയിൽ കൊണ്ടുവന്നിട്ടുണ്ടെന്നുള്ളതുതന്നെ ഇതിന്റെ ഗൗരവം എത്രത്തോളം വലുതാണെന്ന് കാണിക്കുന്നു. ശ്രീ. മുല്ലക്കര രത്നാകരന്റെ ഒരു ചോദ്യത്തിന് ഇത്തരത്തിലുള്ള 7099-ഓളം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നാണ് സർക്കാർ മറുപടി നൽകിയിരിക്കുന്നത്. പലപ്പോഴും കേസുകളെടുക്കുന്നുണ്ടെങ്കിലും പ്രതികൾ ശിക്ഷിക്കപ്പെടാത്ത സാഹചര്യമുണ്ട്. അത് ഈ ആക്ടിന്റെ പരിമിതി തന്നെയാണ്. ഒരു കിലോയിൽ താഴെയാണ് ലഹരിവസ്തു കൈവശം വയ്ക്കുന്നതെങ്കിൽ പ്രതികൾക്ക് ചെറിയ ശിക്ഷ മാത്രമേയുള്ളൂ, ജാമ്യവും കിട്ടും. അങ്ങനെ പുറത്തിറങ്ങി വീണ്ടും അവർ സമാന കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന സാഹചര്യമാണുള്ളത്. 2016-ലെ ജൂവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം കേസെടുത്താൽ ഏഴ് വർഷം തടവും ഒരു ലക്ഷംരൂപ വരെ പിഴയും ചുമത്താൻ കഴിയും. എന്നാൽ ഇതൊരു കേന്ദ്ര നിയമമായതിനാൽ അതിന്റെ നിർവ്വഹണ ഘട്ടത്തിലെത്താൻ നമുക്ക് പരിമിതിയുണ്ട്. അതുകൊണ്ട് ഈ വിഷയത്തിൽ ഒരു ദേശീയ നയം കൊണ്ടുവരേണ്ടതുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് എക്സ്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ബോധവൽക്കരണ പരിപാടിയും മറ്റും വളരെ തീവ്രമായി നടത്തുന്നുണ്ടെങ്കിലും ഇതിൽപ്പെടുന്ന കൗമാരക്കാരുടെ കണക്കുകൾ ഭയപ്പെടുത്തുന്നതാണ്. സംസ്ഥാനത്തെ സ്കൂളുകളിൽ ഏതാണ്ട് നാലായിരത്തിലധികം ലഹരി വിരുദ്ധ ക്ലബ്ബുകൾ ആരംഭിച്ചതോടൊപ്പം പൊതുസമൂഹത്തിന്റെയും എൻ.ജി.ഒ.-കളുടെയും സഹായത്തോടുകൂടി ലഹരി വിരുദ്ധ ക്യാമ്പയിനുകളും

നടത്തുന്നുണ്ട്. ഇതൊക്കെ മാതൃകാപരമായി നടക്കുമ്പോഴും നിയമത്തിന്റെ ചില പരിമിതികൾ നമ്മുടെ മുന്നിലുണ്ട്. അതായത്, എസ്.പി.സി., സ്കൗട്ട്സ്, ഗൈഡ്സ്, എൻ.സി.സി., എൻ.എസ്.എസ്. തുടങ്ങിയവയെല്ലാം ഇതിന്റെ തീവ്രയത്ന പരിപാടികളിലാണെങ്കിലും പലപ്പോഴുമിത് അതത് ഡിപ്പാർട്ടുമെന്റുകളുടെ പരിപാടികളായി മാറുന്നു. വിദ്യാഭ്യാസ/കായിക/സാംസ്കാരിക വകുപ്പുകളും ഇതുമായി ബന്ധപ്പെട്ട് ഇടപെടലുകൾ നടത്തുന്നുണ്ട്. എൻ.ജി.ഒ.-കൾ അവരുടെ തനത് പരിപാടികൾ ആവിഷ്കരിക്കുന്നുണ്ട്. എക്സൈസ്, പോലീസ്, വനം തുടങ്ങിയ വകുപ്പുകൾ അവരുടെ തനത് സർവ്വേയും മറ്റും നടത്തുന്നുണ്ട്. ഇതൊരു ജോയിന്റ് ഓപ്പറേഷനെന്ന നിലയിൽ കോ-ഓർഡിനേറ്റ് ചെയ്ത് നടത്താൻ കഴിയുമോയെന്ന് ആലോചിക്കണം. ഡീ-അഡിക്ഷൻ സെന്ററുകൾ ശക്തിപ്പെടുത്തുന്നതിനെയും അവയ്ക്കുള്ള തുക വർദ്ധിപ്പിച്ച് നൽകുന്നതിനെയും കുറിച്ച് ചിന്തിക്കണം. പലപ്പോഴും വളരെ പരിമിതമായ തുകയാണ് ഇത്തരം കാര്യങ്ങൾക്കുവേണ്ടി ചെലവഴിക്കാൻ സാധിക്കുന്നത്. കായിക വിനോദമടക്കമുള്ള കാര്യങ്ങളിലേയ്ക്ക് യുവതലമുറയെ ആകർഷിക്കാൻ കഴിഞ്ഞാൽ അവരുടെ ലഹരി ഉപഭോഗം ഒരുപരിധിവരെ കുറയ്ക്കാൻ സാധിക്കും. ഇക്കാര്യങ്ങളിൽ പൊതുസമൂഹത്തിന്റെ ഇടപെടൽ ശക്തമാക്കുന്നതിനുള്ള നടപടിയുണ്ടാകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, സമൂഹത്തിൽ നിലനിൽക്കുന്ന ദുഷ്പ്രവണതകളിൽ അകപ്പെടുന്നതും മദ്യത്തിന്റെയും ലഹരിവസ്തുക്കളുടെയും ഉപയോഗവും കാരണം കൗമാരക്കാർക്കിടയിൽ ആത്മഹത്യാ പ്രവണത വർദ്ധിച്ചുവരുന്ന സ്ഥിതിയുണ്ട്. അതോടൊപ്പം, അക്രമപ്രവർത്തനങ്ങളിൽ അറിയാതെ എത്തിപ്പെടുന്നവരും കുറവല്ല. ഇന്റർനെറ്റിന്റെയും സ്മാർട്ട് ഫോണുകളുടെയും ദുരുപയോഗവും അണുകുടുംബങ്ങളിലെ ഒറ്റപ്പെടലുകളും ഇത്തരം പ്രവണതകൾക്ക് കാരണമാണ്. ഈ സാഹചര്യങ്ങളെ അതീവ ഗൗരവത്തോടെയാണ് സർക്കാർ കാണുന്നത്. നാം കൈവരിച്ച സാംസ്കാരിക മുന്നേറ്റത്തിന്റെയും പുരോഗതിയുടെയും നന്മകളെ തകർക്കുന്ന സാമൂഹ്യ വിപത്താണ് കുട്ടികൾക്കിടയിൽ കണ്ടുവരുന്ന ലഹരി ഉപയോഗം. ബോധവൽക്കരണത്തിലൂടെ മാത്രമേ ഇത് തടയാൻ കഴിയൂ. വിദ്യാലയങ്ങളിൽ അദ്ധ്യാപകർക്കും രക്ഷകർത്താക്കൾക്കും അദ്ധ്യാപക-രക്ഷാകർതൃ സമിതിക്കും ഇതിൽ നിർണ്ണായക പങ്ക് വഹിക്കാൻ കഴിയും. ലഹരി മരുന്നിന്റെ ദൂഷ്യവശങ്ങൾ പാഠ്യവിഷയങ്ങളിൽ ഉൾപ്പെടുത്തി കുട്ടികളിൽ അവബോധം സൃഷ്ടിക്കാൻ കഴിയണം. ഇത് ലക്ഷ്യമിട്ടാണ് 'വിമുക്തി' എന്ന ബോധവൽക്കരണ മിഷന് സംസ്ഥാന സർക്കാർ രൂപം നൽകിയത്. ബോധവൽക്കരണത്തോടൊപ്പം നിയമങ്ങളുടെ കർശന

നിർവ്വഹണവും അതിന്റെ ഭാഗമാണ്. കാമ്പസുകളിലെ കർശന നിരീക്ഷണത്തോടൊപ്പം കൗമാരക്കാർ ദുഃസ്വാധീനങ്ങളിൽപ്പെടാതിരിക്കാൻ എല്ലാ മുൻകരുതൽ നടപടികളും പോലീസ് സ്വീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകൾ നടത്തിവരുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ലഹരി വിമുക്ത കേരളം എന്നതാണ് വിമുക്തി ലക്ഷ്യമിടുന്നത്. ഇന്റഗ്രേറ്റഡ് ചൈൽഡ് പ്രൊട്ടക്ഷൻ സ്കീം (ICPS), ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ORC), 'കാവൽ', സൈക്കോ സോഷ്യൽ കൗൺസിലിംഗ് പ്രോഗ്രാം, 'കരുതൽ സ്പർശം', ക്ലീൻ കാമ്പസ് സേഫ് കാമ്പസ് എന്നിവ ലഹരിവിമുക്തി ലക്ഷ്യമാക്കിയുള്ള പദ്ധതികളാണ്. സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ്, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് എന്നിവ വഴിയാണ് ഇത് പ്രധാനമായും നടത്തിവരുന്നത്. കൗമാരക്കാരെ വഴിതെറ്റിക്കുന്ന ഇന്റർനെറ്റ് സൈറ്റുകൾ പോലീസിന്റെ ഹൈടെക് എൻക്വയറി സെല്ലും സൈബർ ഡോമും നിരീക്ഷിക്കുകയും ഓൺലൈൻ കുറ്റകൃത്യങ്ങൾ കണ്ടെത്തിയാൽ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഭാഗമായി ലഹരി വിരുദ്ധ കാവൽക്കൂട്ടം എന്ന പദ്ധതിയും സൈബർ ലോകത്തിന്റെ ചതിക്കുഴികളിൽ വീഴാതിരിക്കാനായി സൈബർ ബോധവൽക്കരണ ക്ലാസുകളും സംഘടിപ്പിച്ചുവരുന്നു. കൂടാതെ കുട്ടികൾക്കാവശ്യമായ കൗൺസലിംഗും ഏർപ്പെടുത്തിയിട്ടുണ്ട്.

വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ പോലീസ് ആസൂത്രണം ചെയ്തിട്ടുള്ള 'കാവൽ' എന്ന പദ്ധതി സന്നദ്ധ സംഘടനകളുടെ സഹായത്തോടെ നടപ്പാക്കിവരുന്നു. ഇതിലൂടെ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന കുട്ടികൾ വീണ്ടും അത്തരം പ്രവണതയിലേയ്ക്ക് പോകുന്നതിന്റെ എണ്ണം 25 ശതമാനത്തിൽനിന്നും 4 ശതമാനമായി കുറഞ്ഞിട്ടുണ്ട്.

സമൂഹത്തിന്റെയും പൊതുവിൽ രക്ഷകർത്താക്കളുടെയും കൗമാരക്കാരോടുള്ള കരുതൽ വളരെ പ്രാധാന്യമർഹിക്കുന്നതാണ്. ഇത് കണക്കിലെടുത്ത് ഉത്തരവാദിത്വ രക്ഷാകർതൃത്വം ഉറപ്പുവരുത്തുന്നതിനായി എല്ലാ പഞ്ചായത്തുകളിലും അങ്കണവാടികൾ കേന്ദ്രീകരിച്ച് മാതാപിതാക്കളെയും പൊതുസമൂഹത്തെയും ബോധവൽക്കരിക്കുന്നതിനായി 'കരുതൽ സ്പർശം' എന്ന പദ്ധതിയും നടപ്പാക്കിവരുന്നുണ്ട്.

ലഹരിയുടെ വലക്കണ്ണികൾ അനുദിനം വ്യാപിച്ചുവരുന്നത് തിരിച്ചറിഞ്ഞു കൊണ്ട് ജാഗ്രത പാലിക്കാൻ നമുക്ക് കഴിയണം. എല്ലാ വിഭാഗം ജനങ്ങളുടെയും സഹകരണത്തോടെ ഈ വിപത്തിനെ നേരിടാൻ ഒന്നായി പ്രവർത്തിക്കാം.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, കൂട്ടായൊരു പ്രയത്നമാണ് ഇതിന് വേണ്ടതെന്ന് അങ്ങ് പറഞ്ഞു. കുറ്റകൃത്യം ചെയ്യുന്ന ആളുകൾതന്നെ വീണ്ടും അതിൽ ഏർപ്പെടുന്ന സാഹചര്യമാണുള്ളത്. ഇത്തരത്തിൽ ആവർത്തിച്ച് കുറ്റകൃത്യം ചെയ്യുന്ന ആളുകളെ നിയന്ത്രിക്കുന്നതിനുള്ള എന്തെങ്കിലും നടപടിയെപ്പറ്റി ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, നടപടി സ്വീകരിക്കുന്നതിന്റെ ഫലമായി അതിൽ സാരമായ കുറവ് വന്നിട്ടുണ്ട്. നേരത്തെ അങ്ങനെയുള്ള കേസുകൾ 25 ശതമാനത്തോളമുണ്ടായിരുന്നു, അത് നാല് ശതമാനമായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. പൂർണ്ണമായും കുറയ്ക്കാനുള്ള നടപടികളിലേയ്ക്കാണ് നീങ്ങുന്നത്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

(2) ഭിന്നശേഷിക്കാരുടെ പ്രശ്നങ്ങൾ

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, പരിമിതികളോട് പോരാടുന്ന ഭിന്നശേഷിക്കാരുടെ സാമൂഹിക പങ്കാളിത്തവും നേതൃപാടവവും പ്രോത്സാഹിപ്പിക്കുക എന്നതായിരുന്നു ലോക ഭിന്നശേഷി ദിനത്തിലെ മുദ്രാവാക്യം. എല്ലാ വർഷവും ഡിസംബർ 3-ാം തീയതി അന്താരാഷ്ട്ര ഭിന്നശേഷി ദിനമായി ആഘോഷിക്കുന്നു. എന്നാൽ ഇക്കഴിഞ്ഞ ഭിന്നശേഷി ദിനം നമ്മുടെ നാട്ടിലെ ഭിന്നശേഷിക്കാർ സെക്രട്ടേറിയറ്റിന് മുന്നിലും ജില്ലാ ആസ്ഥാനങ്ങളിലും അവരുടെ നീറുന്ന പ്രശ്നങ്ങളും ആവശ്യങ്ങളും ഉന്നയിച്ചുകൊണ്ട് ധർണയും സമരവും നടത്തി പ്രതിഷേധ ദിനമായാണ് ആചരിച്ചത്. പരിമിതികളെ അതിജീവിച്ച് മുന്നോട്ടുവരുമ്പോഴും ഒപ്പംനിർത്താൻ ആരുമില്ലാത്ത അവസ്ഥ പലപ്പോഴും ഭിന്നശേഷിക്കാർ നേരിടുന്നുണ്ട്. സമൂഹത്തിന്റെ സഹതാപത്തെക്കാൾ അഭിമാനകരമായ നിലനിൽപ്പാണ് ഓരോ ഭിന്നശേഷിക്കാരനും ആഗ്രഹിക്കുന്നത്. സമൂഹത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ ആരെയും പിന്നിൽ ഉപേക്ഷിക്കാതെ ഭിന്നശേഷിക്കാരെയും ചേർത്തുപിടിക്കാൻ നമുക്ക് സാധിക്കണം. ഭിന്നശേഷിക്കാരുടെ ഉന്നമനവും സാമൂഹിക മുന്നേറ്റവും ലക്ഷ്യംവച്ച് നമ്മുടെ രാജ്യത്ത് പല നിയമങ്ങളും നടപടികളും ഉണ്ടായിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തും മാറിമാറി വന്ന സർക്കാരുകൾ പല നല്ല കാര്യങ്ങളും ചെയ്തിട്ടുണ്ട് എന്നത് വിസ്മരിക്കുന്നില്ല. എന്നാൽ, സാധാരണ വ്യക്തികളിൽനിന്നും വിഭിന്നമായി ഭിന്നശേഷിക്കാർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ എണ്ണമറ്റതാണ്. ഭാരതത്തിലെ ഭിന്നശേഷി വിഭാഗക്കാരുടെ സമഗ്രമായ ശാക്തീകരണം, പുനരധിവാസം, അവകാശ സംരക്ഷണം എന്നിവ ലക്ഷ്യമാക്കി കേന്ദ്രസർക്കാർ 2016-ൽ പാസ്സാക്കിയ ആർ.പി.ഡബ്ല്യു.ഡി. ആക്ട് 2016 ഏപ്രിൽ 19-ന് രാജ്യത്ത് നിലവിൽ

വന്നിട്ടുണ്ട്. ഈ നിയമം നിലവിൽ വന്ന് ആറ് മാസത്തിനകം എല്ലാ സംസ്ഥാനങ്ങളിലും നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ രൂപീകരിക്കണമെന്ന് സംസ്ഥാനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു. ബീഹാർ, ഛത്തീസ്ഗഢ്, മധ്യപ്രദേശ്, മണിപ്പൂർ, മേഘാലയ, ഒഡീഷ, തമിഴ്നാട്, ഉത്തർപ്രദേശ്, പശ്ചിമബംഗാൾ എന്നീ സംസ്ഥാനങ്ങൾ ചട്ടങ്ങൾ രൂപീകരിച്ചുവെന്നാണ് അറിയാൻ കഴിയുന്നത്. നിർഭാഗ്യവശാൽ, കേരളത്തിൽ ഇതുവരെ ഈ നിയമത്തിന് ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ല. നമ്മുടെ സംസ്ഥാനത്തും ചട്ടങ്ങൾ എത്രയുംപെട്ടെന്ന് രൂപീകരിച്ച് ഭിന്നശേഷിക്കാർക്ക് ഗുണകരമായ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് നടപടിയുണ്ടാകണം. ചട്ടങ്ങൾ രൂപീകരിക്കുന്ന മുറയ്ക്ക് വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഓരോ വകുപ്പിനും എപ്രകാരം നടപ്പിലാക്കാൻ സാധിക്കുമെന്നത് സംബന്ധിച്ച് ഒരു പഠനം നടത്തി സാമൂഹ്യനീതി വകുപ്പിന് നൽകാൻ നിർദ്ദേശിക്കണം. സാമൂഹ്യനീതി വകുപ്പ് ഇക്കാര്യത്തിൽ ആവശ്യമായ ഏകോപനം നടത്തണം.

ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിവരുന്ന സ്കോളർഷിപ്പ് പദ്ധതി വളരെയേറെ ആശ്വാസകരമാണ്. നാഷണൽ ട്രസ്റ്റ് നിയമത്തിന്റെ പരിധിയിൽ വരുന്ന ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വെല്ലുവിളികൾ നേരിടുന്നവർ, ബഹുമുഖ വൈകല്യങ്ങളുള്ളവർ എന്നീ നാല് വിഭാഗം ഭിന്നശേഷി കുട്ടികൾക്ക് 28,500 രൂപ വീതവും മറ്റ് ഭിന്നശേഷി കുട്ടികൾക്ക് 18,500 രൂപ വീതവും പ്രതിവർഷം നൽകുന്ന ഈ പദ്ധതി സംസ്ഥാനത്തെ ആയിരക്കണക്കിന് കുട്ടികൾക്കും അവരുടെ രക്ഷിതാക്കൾക്കും ഏറെ ആശ്വാസകരമാണ്. എന്നാൽ ഈ മാതൃകാപരമായ പദ്ധതി വേണ്ടരീതിയിൽ നടപ്പിലാക്കുന്ന കാര്യത്തിൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും വേണ്ടത്ര ജാഗ്രത കാണിക്കുന്നില്ലെന്ന പരാതികൾ ഉയരുന്നുണ്ട്. അതാത് തദ്ദേശഭരണ സ്ഥാപനത്തിന്റെ പരിധിയിൽ താമസിക്കുന്ന അർഹരായ എല്ലാ ഭിന്നശേഷി കുട്ടികൾക്കും പൂർണ്ണമായ സ്കോളർഷിപ് നൽകാനുള്ള തുക ഭൂരിപക്ഷം തദ്ദേശഭരണ സ്ഥാപനങ്ങളും പദ്ധതിയിൽ വകയിരുത്തുന്നില്ല എന്നതാണ് സത്യം. ഒരു നിശ്ചിത തുക വകയിരുത്തുകയും അത് അപേക്ഷിക്കുന്ന വിദ്യാർത്ഥികൾക്ക് തുല്യമായി വീതംവച്ച് നൽകുകയുമാണ് ഇപ്പോൾ മിക്ക സ്ഥാപനങ്ങളും ചെയ്യുന്നത്. ഇക്കാര്യത്തിൽ സർക്കാർ കർശന നടപടി സ്വീകരിക്കണം.

ഭിന്നശേഷിക്കാർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് സാമ്പത്തിക സഹായം നല്കുന്നതിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എല്ലാ ജില്ലകളിലും നടപ്പിലാക്കുന്ന 'കൈവല്യ' പദ്ധതിയും ഇപ്പോൾ മതിയായ ഫണ്ട്

ലഭിക്കാത്തതിനാൽ ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കുന്നില്ല. എല്ലാ ജില്ലകളിലും നിരവധി അപേക്ഷകൾ കെട്ടിക്കിടക്കുന്ന ദുരവസ്ഥയാണുള്ളത്. മലപ്പുറം ജില്ലയിൽ 2017-ലെ അപേക്ഷകളാണ് ഇപ്പോൾ പരിഗണിക്കുന്നത്. അതുകൊണ്ട് ആവശ്യത്തിന് ഫണ്ട് ലഭ്യമാക്കി ഈ പദ്ധതി വിജയകരമായി മുന്നോട്ടുകൊണ്ടുപോകാൻ സർക്കാർ ഇടപെടൽ അത്യാവശ്യമാണ്.

കിടപ്പിലായ ഭിന്നശേഷിക്കാരുടെ കെയർ ഗിവേഴ്സിന് പ്രതിമാസം 600 രൂപവീതം നൽകുന്ന സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കുന്ന ആശ്വാസ കിരണം പദ്ധതി വർഷങ്ങളായി മുടങ്ങിക്കിടക്കുകയാണ്. ഇത് പുനരാരംഭിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

കുഞ്ഞുങ്ങളിലെ വൈകല്യങ്ങളും വളർച്ചാ പ്രശ്നങ്ങളും എത്രയും നേരത്തെ കണ്ടുപിടിക്കുന്നത് വൈകല്യത്തെ ഒരളവുവരെ പ്രായോഗികമായ രീതിയിൽ പ്രതിരോധിക്കുന്നതിന് സഹായിക്കും. ഇതിനായി ജില്ലാതലത്തിൽ ഡിസ്ട്രിക്ട് ഏർലി ഇന്റർവെൻഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവിടെ സ്ഥിരം ജീവനക്കാരില്ല. കരാർ അടിസ്ഥാനത്തിലുള്ള ജീവനക്കാരാണ് പ്രവർത്തിക്കുന്നത്. ജനറൽ ആശുപത്രികളിലും താലൂക്കാശുപത്രികളിലുംകൂടി ഇത്തരം സെന്ററുകൾ ആരംഭിക്കുകയും ആരോഗ്യ വകുപ്പിന്റെ കീഴിൽ പ്രൊഫഷണലുകളെ ഉൾപ്പെടുത്തി സ്ഥിരം ജീവനക്കാരെ നിയമിക്കുകയും ചെയ്താൽ മാത്രമേ ഈ സംവിധാനങ്ങൾ ഫലപ്രദമാകുകയുള്ളൂ. ഭിന്നശേഷിക്കാരായ കുട്ടികൾ പ്രത്യേകിച്ച്, അന്ധർ, ബധിരർ, മൂകർ, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ, ബഹുമുഖ വൈകല്യങ്ങളുള്ളവർ എന്നിവരെ പഠിപ്പിക്കുന്നതിന് ആംഗ്യഭാഷ ഉൾപ്പെടെ പരിശീലനം സിദ്ധിച്ച അദ്ധ്യാപകരെ ആവശ്യമാണ്. ഇതിനായി പ്രത്യേക ടീച്ചർ ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കണം. സംയോജിത വിദ്യാഭ്യാസ രംഗത്തും സ്പെഷ്യൽ സ്കൂളുകളിലും പഠിക്കുന്ന ശ്രവണ-സംസാര വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിന് പദ്ധതികൾ നടപ്പാക്കണം. യു.ജി.സി. നിയോഗിച്ച ഡോ. നീലം നാഥ് കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കണം. ആംഗ്യഭാഷ വിവർത്തന സംവിധാനം വ്യാപകമാക്കണം. ആംഗ്യഭാഷ പാഠ്യപദ്ധതിയുടെ ഭാഗമാക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കണം. സർക്കാർ സർവ്വീസ് നിയമനങ്ങളിൽ ഭിന്നശേഷിക്കാർക്ക് സംവരണം ഏർപ്പെടുത്തിയിരിക്കുന്നത് സാമൂഹിക സുരക്ഷയുടെ ഭാഗമായിട്ടാണ്, അവരുടെ വൈദഗ്ദ്ധ്യം മാറ്റുരയ്ക്കുന്നതിനല്ല. സാമൂഹിക സുരക്ഷയ്ക്ക് മുൻതൂക്കം നൽകുന്ന രീതിയിലായിരിക്കണം നിയമന രീതി. നിലവിലെ നിയമന രീതി മത്സരാധിഷ്ഠിതമായതിനാൽ വൈകല്യം കുറഞ്ഞ വ്യക്തികൾ സംവരണാനുകൂല്യങ്ങൾവഴി

കടന്നുവരുമ്പോൾ ഏറെ വൈകല്യങ്ങളുള്ളവർ പുറന്തള്ളപ്പെടുന്ന സാഹചര്യത്തിന് പരിഹാരമുണ്ടാകേണ്ടതുണ്ട്. ഭിന്നശേഷിക്കാരായ സർക്കാർ ജീവനക്കാർക്ക് സ്ഥാനക്കയറ്റത്തിൽ സംവരണം ഏർപ്പെടുത്തണമെന്ന ആവശ്യം ദീർഘകാലമായി നിലവിലുണ്ട്. ഇക്കാര്യത്തിൽ വിവിധ കാലയളവുകളിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽനിന്നും അനുകൂല വിധികളും വന്നിട്ടുണ്ട്. പക്ഷേ, ഇക്കാര്യത്തിൽ സർക്കാർ ഇതുവരെ തീരുമാനമെടുത്തിട്ടില്ല. തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി അടങ്കലിന്റെ അഞ്ച് ശതമാനം ഭിന്നശേഷിക്കാർക്കായി നീക്കിവയ്ക്കാൻ ഉത്തരവുണ്ട്. ഇത് യഥാവിധി പാലിക്കപ്പെടുന്നുണ്ടോയെന്ന് സാമൂഹ്യനീതി വകുപ്പ് ഉറപ്പുവരുത്തുകയും മോണിറ്റർ ചെയ്യുകയും വേണം. ഇങ്ങനെ പദ്ധതി വിഹിതം കൃത്യമായി നീക്കിവയ്ക്കാത്ത പഞ്ചായത്തിന്റെ പദ്ധതിക്ക് ഡി.പി.സി. അംഗീകാരം നൽകരുത്.

2016-ലെ ആർ.പി.ഡബ്ല്യു.ഡി. ആക്ട് അനുസരിച്ച് ചട്ടങ്ങളുണ്ടാക്കാൻ അടിയന്തര നടപടികളുണ്ടാകണമെന്നും പ്രസ്തുത നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകൾ പൂർണ്ണമായി നടപ്പാക്കുന്നതിന് സർക്കാർ തയ്യാറാകണമെന്നും വിദ്യാഭ്യാസം, ജോലി, ആശയവിനിമയം തുടങ്ങിയ വിവിധ മേഖലകളിൽ ഭിന്നശേഷിക്കാർ നേരിടുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ നടപടി സ്വീകരിച്ചുകൊണ്ട് അവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്ന പ്രവർത്തനങ്ങൾക്ക് ആക്കംകൂട്ടണമെന്നും ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, കേരളത്തെ ഭിന്നശേഷി സൗഹൃദ സംസ്ഥാനമാക്കി മാറ്റുകയാണ് ലക്ഷ്യമെന്ന് ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾത്തന്നെ പ്രഖ്യാപിച്ചിരുന്നു. അതുകൊണ്ടുതന്നെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഒട്ടേറെ കാര്യങ്ങൾ ഇക്കാലയളവിൽ ചെയ്തിട്ടുണ്ടെന്ന് പറയാൻ ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുകയാണ്. ഭിന്നശേഷിക്കാർക്കുവേണ്ടി 'അനുയാത്ര' എന്ന പേരിൽ സമഗ്രമായ ഒരു umbrella scheme ആവിഷ്കരിക്കുകയും അതിന്റെ ഭാഗമായി 22-ഓളം ഉപപദ്ധതികൾ നടപ്പിലാക്കിവരികയുമാണ്. അനുയാത്രയുടെ ഘടക പദ്ധതികളിലൂടെ മിക്ക പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ നമുക്ക് സാധിച്ചിട്ടുണ്ട്. ഇനിയും കുറെയേറെ പ്രശ്നങ്ങളുണ്ട്., അതിനും പരിഹാരം കാണും. ഈ മേഖലയിലെ പ്രവർത്തനങ്ങൾ പരിഗണിച്ചുകൊണ്ട് 2017-18, 2018-19, 2019-2020 എന്നീ വർഷങ്ങളിൽ നടത്തിയ പ്രവർത്തനങ്ങൾ മുഖവിലയ്ക്കെടുത്തുകൊണ്ടാണ് 2019-2020-ൽ ഭിന്നശേഷിക്കാർക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ ഏറ്റവും മികച്ച പ്രവർത്തനം നടത്തുന്ന സംസ്ഥാനമെന്ന

നിലയിൽ കേരളം ഒന്നാംസ്ഥാനത്ത് എത്തുകയും ഉപരാഷ്ട്രപതിയിൽനിന്നും അവാർഡ് ഏറ്റുവാങ്ങുകയും ചെയ്തത്. അതുപോലെ, 2017-18-ൽ ഏറ്റവും നല്ല ചാനലൈസിംഗ് ഏജൻസിയായി വികലാംഗക്ഷേമ കോർപ്പറേഷനെ തെരഞ്ഞെടുക്കുകയുണ്ടായി. ഭിന്നശേഷിക്കാർക്ക് ഏറ്റവും കൂടുതൽ അസിസ്റ്റീവ് ഡിവൈസസ് വിതരണം ചെയ്യുകയും സഹായകമായ വായ്പാ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തതുകൊണ്ടാണ് അങ്ങനെ തെരഞ്ഞെടുത്തത്. ഇപ്പോൾ സോഷ്യൽ ജസ്റ്റിസ് ഡിപ്പാർട്ടുമെന്റിന്റെ ഭാഗമായ കേരളാ സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന പ്രാരംഭ ഇടപെടൽ മുതൽ പുനരധിവാസം വരെയുള്ള വിവിധങ്ങളായ പ്രവർത്തനങ്ങളാണ് ഇവിടെ നടന്നുവരുന്നത്. ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ 2016-ലെ Rights of Persons With Disabilities Act പ്രകാരമുള്ള ചട്ടങ്ങൾ തയ്യാറാക്കിയിരിക്കുന്നു. മറ്റ് സംസ്ഥാനങ്ങളെപ്പോലെ ധൃതിപിടിച്ച് നമുക്കത് പാസ്സാക്കാൻ കഴിഞ്ഞില്ല. ജനാധിപത്യപരമായ രീതിയിൽ ധാരാളം ചർച്ചകൾ നടത്തി പൊതുജനങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്രോഡീകരിച്ച് ഉന്നതോദ്യോഗസ്ഥതലത്തിൽ ചർച്ചചെയ്ത് തയ്യാറാക്കിയ ചട്ടങ്ങൾ ഇപ്പോൾ പരിശോധനയ്ക്കായി നിയമ വകുപ്പിന്റെ മുന്നിലുണ്ട്. എത്രയുംവേഗം ചട്ടങ്ങൾ പ്രഖ്യാപിക്കാൻ കഴിയും, എല്ലാം തയ്യാറായിട്ടുണ്ട്. വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുംവേണ്ടി ദേശീയ ആരോഗ്യ മിഷന്റെ നേതൃത്വത്തിലും അതുപോലെതന്നെ KSSM (കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ)-ന്റെ നേതൃത്വത്തിലും ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ വളരെ ശക്തമായി നടപ്പിലാക്കുകയാണ്. ഓരോ ജില്ലയിലും District Early Intervention Centre-കൾ സ്ഥാപിക്കാൻ മൂന്ന് കോടി രൂപ വീതമാണ് നീക്കിവച്ചിട്ടുള്ളത്. ചില ജില്ലകളിൽ അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി, ചിലയിടത്ത് നടന്നുകൊണ്ടിരിക്കുകയാണ്. എല്ലാ ജില്ലകളിലും അത്യന്താധുനിക സെന്ററുകളാണ് സ്ഥാപിക്കുന്നത്. ആരോഗ്യ വകുപ്പിന്റെ കീഴിൽ ജില്ലാ ആശുപത്രികളിൽ ഇത്തരം സെന്ററുകൾ ഇപ്പോഴുണ്ട്. ഇതുകൂടാതെ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലെ മെഡിക്കൽ കോളേജുകളിൽ അത്യന്താധുനിക Regional Early Intervention Centre-കളും ആരംഭിച്ചിട്ടുണ്ട്. കോഴിക്കോടുള്ളത് ലോകോത്തരമായി മാറിയിരിക്കുന്നു. ആയിരക്കണക്കിന് ആളുകൾക്കാണ് അതിലൂടെ പ്രയോജനം ലഭിച്ചുകൊണ്ടിരിക്കുന്നത്. ഇതുകൂടാതെ കേരളാ സോഷ്യൽ സെക്യൂരിറ്റി മിഷന്റെ കീഴിൽ 25 മൊബൈൽ ഇന്റർവെൻഷൻസ് യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. ഇതൊക്കെ ജനപ്രതിനിധികളെങ്കിലും പൂർണ്ണമായി മനസ്സിലാക്കിയിട്ടുണ്ടോ എന്നറിയില്ല. ആറ് വികസന ബ്ലോക്കുകളിൽ ഇപ്പോൾ ആധുനിക മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ് ഉണ്ട്. അതിൽ ഫിസിയോ

തെറാപ്പിസ്റ്റും ഒക്യുപേഷണൽ തെറാപ്പിസ്റ്റും മറ്റ് ഡോക്ടർമാരും സൗകര്യങ്ങളുമൊക്കെയുണ്ട്. ഭിന്നശേഷിക്കാരെ അവരുടെയടുത്ത് പോയി പരിശോധിക്കുകയും ഫിസിയോ തെറാപ്പിയടക്കമുള്ളവ സംബന്ധിച്ച് നിർദ്ദേശം കൊടുക്കുകയും ചെയ്യുന്നുണ്ട്. നൂറുകണക്കിന് ആളുകളാണ് ഇപ്പോൾ അതിന്റെ സേവനം അനുഭവിച്ചുകൊണ്ടിരിക്കുന്നത്. വലിയ മാറ്റം ഇപ്പോൾ ഉണ്ടായിട്ടുണ്ട്. ചെറിയൊരു പ്രശ്നം ബാക്കിയാണെങ്കിലും സമരം നടത്തും. സമരം നടത്തുന്നതുകൊണ്ട് ഇത്തരം കാര്യങ്ങളൊന്നും ചെയ്യുന്നില്ല എന്നല്ല, വലിയ മാറ്റമാണ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകളിലൂടെ നടക്കുന്നത്. പ്രധാനപ്പെട്ട ഒരു സ്ഥാപനമാണ് തൃശ്ശൂരിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ (NIPMR). ചില പ്രതിപക്ഷാംഗങ്ങൾ അവിടെ സന്ദർശിച്ചിരുന്നു. ബഹുമാനപ്പെട്ട അംഗങ്ങളെല്ലാം അവിടെ സന്ദർശിക്കണം. ശ്രീ. പി. കെ. ബഷീർ സന്ദർശിച്ചിട്ട് അടുത്ത ദിവസം എന്നോട് പറഞ്ഞു അതൊരു ലോകോത്തര സ്ഥാപനമാക്കി മാറ്റണമെന്ന്. ഈ വിഷയത്തിൽ ഇത്രയും താല്പര്യം പ്രകടിപ്പിക്കുന്ന ഒരാളെന്ന നിലയിൽ ഈ വിഷയം അവതരിപ്പിച്ച ബഹുമാനപ്പെട്ട അംഗവും ആ സ്ഥാപനം സന്ദർശിക്കുന്നത് നന്നായിരിക്കും. അത്ര വലിയ മാറ്റങ്ങളാണ്, അത്രയും സൗകര്യങ്ങളാണ് അവിടെയുള്ളത്. അഞ്ചാറ് മാസങ്ങൾക്കകം അതിന്റെ പണി പൂർത്തിയാകും. അതുപോലെ കോഴിക്കോട്ടുള്ള IMHANS-ലും പുതിയ കോഴ്സുകൾ ആരംഭിച്ചു, ഭിന്നശേഷിക്കാർക്കുവേണ്ടി പുതിയ കാര്യങ്ങൾ ആരംഭിച്ചു. NISH-ൽ (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ്) sign language- ന്റെ കോഴ്സ് ആരംഭിച്ചിട്ടുണ്ട്. NISH-നെ ഒരു apex centre of excellence ആക്കി മാറ്റുന്നതിനുള്ള നടപടിക്രമങ്ങളെല്ലാം പൂർത്തിയായിട്ടുണ്ട്. Rights of Persons With Disabilities Act-ന്റെ സെക്ഷൻ 17-ൽ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് inclusive education നടപ്പിലാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ശ്രവണ വൈകല്യമുള്ള കുട്ടികൾക്ക് അനുയോജ്യമായ തരത്തിൽ പ്രത്യേക പരിശീലനം സിദ്ധിച്ച അദ്ധ്യാപകരുടെ സാന്നിദ്ധ്യവും ആംഗ്യഭാഷയിലുള്ള പഠനരീതികൾ ഉറപ്പുവരുത്തുന്നതിനായി വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള റിസോഴ്സ് അദ്ധ്യാപകർക്ക് NISH മുഖേന പരിശീലനവും നൽകുന്നതിനുള്ള നടപടി ആരംഭിച്ചുകഴിഞ്ഞു. സർക്കാർ സ്കൂളുകളിലെ റിസോഴ്സ് അദ്ധ്യാപകർക്ക് ആംഗ്യഭാഷ പരിശീലനം നൽകുന്നത് ഈ സ്കൂളിൽ പഠിക്കുന്ന കേൾവി വൈകല്യമുള്ള കുട്ടികളുമായി ആശയവിനിമയം നടത്തുന്നതിന് ഏറെ പ്രയോജനപ്രദമായിരിക്കും; ഇതിന്റെ ഭാഗമായി SSK (സമഗ്ര ശിക്ഷാ കേരള), SCERT, NISH എന്നിവയുമായി ചേർന്ന് പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആർ.പി.ഡബ്ല്യു.ഡി. നിയമത്തിലെ സെക്ഷൻ 16, 17 എന്നിവയിൽ വിദ്യാഭ്യാസ

വകുപ്പ് നടപടി സ്വീകരിച്ചുവരുന്നുണ്ട്. ആക്റ്റിലെ വ്യവസ്ഥകൾ കെ.ഇ.ആർ.-ൽ ഉൾപ്പെടുത്താവുന്നതാണെന്ന് വിദ്യാഭ്യാസ വകുപ്പ് അറിയിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ശ്രവണ വൈകല്യമുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിന് സ്കൂളിൽ പ്രത്യേക പരിശീലനം സിദ്ധിച്ച അദ്ധ്യാപകരുണ്ട്. 1996 മുതൽ 2017 വരെയുള്ള കാലയളവിൽ 3% സംവരണം നടപ്പാക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനായി ചുമതലപ്പെടുത്തിയ വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് അനുസരിച്ച് ഇതിൽ ഇടപെടുകയും ബാക്ക്‌ലോഗ് പരിഹരിക്കുകയും ചെയ്തു. അതുപോലെ Disabilities Act പ്രകാരം അംഗപരിമിത സംവരണം അനുവദിക്കുന്നതിനുമുമ്പാണ് ഭിന്നശേഷിക്കാർക്ക് ഗ്രേസ് മാർക്ക് അനുവദിച്ചിരുന്നത്. ഇപ്പോൾ കേന്ദ്ര നിയമം അനുസരിച്ച് ഗ്രേസ് മാർക്ക് സംവിധാനം നിർത്തലാക്കിയിട്ടുണ്ട്. അത് പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് ഹർജികൾ ലഭ്യമായതിനെത്തുടർന്ന് അക്കാര്യം പരിശോധിച്ചുവരികയാണ്. ഇവർക്കായി പ്രത്യേക സപ്ലിമെന്ററി ലിസ്റ്റ് തയ്യാറാക്കുന്ന പ്രവർത്തനവും നടന്നുവരികയാണ്. 2016-ലെ ആക്ട് പ്രകാരം അംഗപരിമിതർക്ക് സംവരണം അനുവദിക്കണമെന്ന് വ്യവസ്ഥയുണ്ടായിരുന്നു. അതനുസരിച്ച് Blindness and Low Vision, Deaf and hard of hearing (കേൾക്കാൻ ബുദ്ധിമുട്ടുള്ളവർ), Locomotor Disability-യിൽ സെറിബ്രൽ പാൾസി, ലെപ്രസിക് ക്യുറേഴ്സ്, Dwarfism, Acid attack victims and Muscular Dystrophy ഇത്രയും വിഭാഗത്തിനാണ് സംവരണം അനുവദിക്കാൻ നിർദ്ദേശമുള്ളത്. അതുപോലെ mental intellectual disability-യിൽ autism, intellectual disability, specific learning disability and mental illness എന്നിവയും ഉൾപ്പെടും. സംസാര വൈകല്യം മാത്രമുള്ളവർ ഇതിൽ ഉൾപ്പെടാത്തതിനാൽ അവർക്ക് പ്രത്യേകിച്ച് സംവരണം അനുവദിക്കാൻ കഴിയാത്ത അവസ്ഥയുണ്ട്. ഭിന്നശേഷിക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിനും അവകാശാധിഷ്ഠിത സാമൂഹ്യമുന്നേറ്റം ഉറപ്പാക്കുന്നതിനും ഭിന്നശേഷിക്കാരുടെ സഞ്ചാരത്തിന് അനുയോജ്യമായി പൊതുജന സേവനം നൽകുന്നതിനും കെട്ടിടങ്ങളും മറ്റുമൊക്കെ ഭിന്നശേഷി സൗഹൃദമാക്കി മാറ്റാനും തീരുമാനിച്ചിട്ടുണ്ട്. കണ്ണൂർ ജില്ല പൂർണ്ണമായും ബാരിയർ ഫ്രീയായി മാറ്റിയിട്ടുണ്ട്. ബാക്കി ജില്ലകളിലും റാമ്പുകൾ, കൈവരികൾ, ലിഫ്റ്റുകൾ, വിശ്രമമുറികൾ, ശൗചാലയം എന്നിവ ഇവർക്കായി പ്രത്യേകമായി നിർമ്മിക്കാനും എല്ലാ സർക്കാർ സ്ഥാപനങ്ങളിലും ഇത്തരം സൗകര്യം ഏർപ്പെടുത്താനും ഈ ഗവൺമെന്റിന്റെ കാലാവധിക്കുള്ളിൽ ത്തന്നെ എല്ലാ ജില്ലകളെയും ബാരിയർ ഫ്രീയാക്കി മാറ്റാനുമുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. സോഷ്യൽ ജസ്റ്റിസ് ഡിപ്പാർട്ടുമെന്റിന്റെ പ്രത്യേക ഉത്തരവുപ്രകാരം സ്റ്റേറ്റ് അഡ്വൈസറി ബോർഡിൽ അംഗപരിമിത മേഖലയിൽ അല്ലെങ്കിൽ പുനരധിവാസ മേഖലയിൽ വൈദഗ്ദ്ധ്യമുള്ള അഞ്ച് അംഗങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അഡ്വൈസറി ബോർഡിൽ അഞ്ച് അംഗപരിമിത

അംഗങ്ങളേ ഉള്ളൂവെന്നതിനാൽ ഓരോ അംഗപരിമിത വിഭാഗത്തെയും പ്രത്യേകം പ്രത്യേകം ഉൾപ്പെടുത്താൻ സാധിക്കില്ല. അതിൽ നിയമമനുസരിച്ച് തെരഞ്ഞെടുത്ത അഞ്ചുപേരെ ഉൾപ്പെടുത്തിയിട്ടുണ്ട്. NIPMR അന്താരാഷ്ട്ര തലത്തിലുള്ള സ്ഥാപനമായി മാറുമെന്ന് ഞാൻ നേരത്തേ പറഞ്ഞു. അതുപോലെ ആരോഗ്യ വകുപ്പിന് കീഴിലുള്ള Institute for Communicative and Cognitive Neuro Sciences (*ICCONS*)-ഉം ഇക്കാര്യത്തിൽ ഒരുപാട് മുന്നോട്ടുവന്നിട്ടുണ്ട്. ഉപകരണ വിതരണത്തിന്റെ കാര്യത്തിൽ നമ്മൾ റിക്കാർഡ് സൃഷ്ടിച്ചു. കേന്ദ്ര സർക്കാരിന്റെ നിർദ്ദേശം അനുസരിച്ച് Artificial Limbs Manufacturing Corporation of India (*ALIMCO*)-യുമായി ചേർന്ന് മിക്കവാറും എല്ലാ റീജിയണുകളിലും ക്യാമ്പുകൾ നടത്തി പതിനായിരക്കണക്കിന് ആളുകൾക്ക് ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ആക്സിഡന്റിൽ കൈ അറ്റുപോയ ചെറുപ്പക്കാരന് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ തലച്ചോറിലെ ഇംപൾസസ് അനുസരിച്ച് വിരലുകളടക്കം ചലിപ്പിക്കാൻ കഴിയുന്ന അത്യന്താധുനിക കൃത്രിമ കൈ കൊടുത്തു. അതുപോലെ തൃശ്ശൂരിൽ രണ്ട് കയ്യും അറ്റുപോയ ഒരു കലാകാരന് ആധുനിക ഉപകരണം കൊടുത്തു. ഇപ്പോൾ അദ്ദേഹത്തിന് ആ കൃത്രിമ കൈ ഉപയോഗിച്ച് എഴുതാൻ കഴിയും. കാൽ നഷ്ടപ്പെട്ടുപോയ ഒരു ചെറുപ്പക്കാരന് കൃത്രിമ കാൽ നൽകി. അത്തരത്തിൽ ആർട്ടിഫിഷ്യൽ ലിംബ് കൊടുക്കുന്നതിന് അത്യന്താധുനിക സംവിധാനം കൊണ്ടുവന്നിട്ടുണ്ട്. ആധുനിക ഉപകരണങ്ങൾ നിർമ്മിക്കുന്നതിനുള്ള ഒരു നിർമ്മാണശാല വികലാംഗക്ഷേമ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിവരുന്നു. തിരുവനന്തപുരത്ത് അതിനായി ഒരു അത്യന്താധുനിക ഷോറൂം ഉടൻതന്നെ ഉദ്ഘാടനം ചെയ്യുന്നതാണ്. അത്യന്താധുനിക അസിസ്റ്റീവ് ഡിവൈസസ് ലോകത്തെവിടെയുണ്ടെങ്കിലും അതിവിടെ പ്രദർശിപ്പിക്കാനും സാമ്പത്തിക ശേഷിയുള്ളവർക്ക് പൈസ കൊടുത്തും പാവങ്ങൾക്ക് കോർപ്പറേഷൻ/ഡിപ്പാർട്ടുമെന്റ് മുഖേനയും അത് സ്വായത്തമാക്കാനും വേണ്ടിയാണ് ഇത് കൊണ്ടുവന്നിട്ടുള്ളത്. ഭിന്നശേഷി മേഖലയിൽ നമുക്കിപ്പോൾ ഒരു എംപവർ ടീമുണ്ട്. അതുപോലെ തിരുവനന്തപുരത്തെ പ്രൊഫ. മുതുകാടിന്റെ മാജിക് അക്കാഡമിയുമായി ചേർന്ന് ഡിഫറന്റ് ആർട്സ് സെന്റർ തുടങ്ങിയിട്ടുണ്ട്. ചിത്രരചന, സംഗീതം, നൃത്തം, ചലച്ചിത്ര നിർമ്മാണം തുടങ്ങിയ മേഖലകളിൽ ഭിന്നശേഷിക്കാർ പഠനം നടത്തുകയാണ്. ഒരേസമയം 100 കുട്ടികളെയാണ് അവിടെ പഠിപ്പിക്കുന്നത്. അവരിൽ ചിലർക്ക് അവിടെ ജോലിയും കൊടുത്തു. ഇത്തരം പ്രവർത്തനങ്ങളുടെ ഫലമായാണ് കേന്ദ്ര ഗവൺമെന്റിൽ നിന്ന് ഏറ്റവും നല്ല ഭിന്നശേഷി സൗഹൃദ സംസ്ഥാനത്തിനുള്ള അവാർഡ് കിട്ടിയത്. എന്നാലും ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ഒട്ടേറെ കാര്യങ്ങൾ ഇനിയും ചെയ്യാനുണ്ട്, അതും പരിഗണിക്കുന്നതാണ്. ഭിന്നശേഷിക്കാർക്കുവേണ്ടി ചെയ്യാൻ

കഴിയുന്ന എല്ലാ കാര്യങ്ങളും ഈ ഗവൺമെന്റ് ചെയ്യുമെന്നാണ് പറയാനുള്ളത്.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പ് വളരെ സഹായകരമായ ഒന്നാണ്. പക്ഷെ മിക്ക തദ്ദേശഭരണ സ്ഥാപനങ്ങളും ആവശ്യത്തിനുള്ള ഫണ്ട് ഇതിനായി നീക്കിവയ്ക്കുന്നില്ല. ഒരു നിശ്ചിത സംഖ്യ നീക്കിവച്ച് കിട്ടുന്ന അപേക്ഷകർക്ക് തുല്യമായി അത് വീതിച്ചുകൊടുക്കുകയാണ് ചെയ്തുവരുന്നത്. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ എണ്ണത്തിനനുസരിച്ച് ആവശ്യമായ ഫണ്ട് നിർബന്ധമായും വകയിരുത്തണമെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുകയും എങ്കിൽ മാത്രമേ അവരുടെ പദ്ധതികൾക്ക് അംഗീകാരം നൽകുവെന്ന് തീരുമാനിക്കുകയും ചെയ്യണം. അങ്ങനെ വന്നാൽ വിദ്യാർത്ഥികൾക്ക് വലിയൊരു അനുഗ്രഹമായിരിക്കും. അതിലിടപെടാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ് കൊടുക്കാൻ 28000 രൂപ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മാറ്റിവയ്ക്കാമെന്ന വ്യവസ്ഥയുണ്ടെങ്കിലും ചില പഞ്ചായത്തുകൾ തുക മാറ്റിവയ്ക്കുന്നില്ലെന്നാണ് ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത്. അത് ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താം.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, അക്കാര്യം പരിശോധിക്കാം.

12.00 Noon]

# IV സബ്മിഷൻ

## (1) ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിന്റെ പ്രവർത്തനം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, വേമ്പനാട് കായലിൽ നിന്ന് ഖനനം ചെയ്തെടുക്കുന്ന കക്ക ഉപയോഗിച്ച് സിമന്റുണ്ടാക്കുന്ന ഫാക്ടറിയായി 1949-ൽ പ്രവർത്തനമാരംഭിച്ചതാണ് ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്. ഒരു കാലഘട്ടത്തിൽ കേരളത്തിന്റെ ഏറ്റവും അഭിമാനകരമായ സ്ഥാപനമായി ഇത് വളർന്നതാണ്. ഇന്ത്യയിൽത്തന്നെ വെള്ള സിമന്റിന് കുത്തകയുണ്ടായിരുന്ന ഈ സ്ഥാപനം പിന്നീട് സാമ്പത്തിക ക്ലേശത്തിലേയ്ക്ക് പോകുകയാണുണ്ടായത്. ഇന്നിത് വ്യവസായ വകുപ്പിന്റെ പൂർണ്ണമായ നിയന്ത്രണത്തിലാണ് പ്രവർത്തിച്ചു

കൊണ്ടിരിക്കുന്നത്. വൈദ്യുതിയുടെയും പ്രധാനപ്പെട്ട ഇന്ധനമായ ഫർണസ് ഓയിലിന്റെയും വിലവർദ്ധനയും പഴയ യന്ത്രസാമഗ്രികളും ടെക്നോളജിയും ഈ സ്ഥാപനത്തെ കൂടുതൽ കടക്കെണിയിലാക്കിയിരിക്കുകയാണ്. 2017 മുതൽ ജീവനക്കാരുടെ തൊഴിലുടമ വിഹിതം പി.എഫ്.-ൽ അടച്ചിട്ടില്ല. 2018 മുതൽ പിരിഞ്ഞുപോയ ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി നൽകിയിട്ടില്ല. ഇപ്പോൾ പലർക്കും നാമമാത്രമായ തുകയാണ് തവണകളായി നൽകുന്നത്. ഗ്രാറ്റുവിറ്റി ഇനത്തിൽ 48 പേർക്ക് 1.37 കോടി രൂപ കുടിശ്ശികയായിരിക്കുകയാണ്. ജി.എസ്.ടി. കുടിശ്ശിക മാത്രം നാല് കോടി രൂപയാണ്. ജീവനക്കാർക്ക് 2010-ലെ വേജ് ബോർഡ് ശിപാർശയനുസരിച്ചുള്ള ശമ്പളമാണ് ഇപ്പോഴും കൊടുക്കുന്നത്. അതിനുശേഷം 2014-ലും 2018-ലും രണ്ട് വേജ് ബോർഡുകൾ വന്നെങ്കിലും ജീവനക്കാർക്ക് അതിന്റെ ഒരംശംപോലും കിട്ടിയിട്ടില്ല. രണ്ട് വേജ് ബോർഡുകളുടെ ശിപാർശയും നടപ്പാക്കിയിട്ടില്ല. തൽക്കാലം വർക്കിംഗ് ക്യാപ്പിറ്റലായി 10 കോടി രൂപയെങ്കിലും കൊടുത്ത് അതിനെ പുനരുദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. കേരളത്തിൽ ഏറ്റവും കൂടുതൽ സ്ഥലമുള്ള ഫാക്ടറിയാണത്. അത് വിപുലീകരിക്കുന്നതിനുള്ള സാധ്യതകൾ പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് ഈ സ്ഥാപനത്തെ പൂർവ്വ രൂപത്തിലാക്കാൻ നടപടിയെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത് വസ്തുതാപരമായ കാര്യമാണ്. കോട്ടയം ജില്ലയിലെ ട്രാവൻകൂർ സിമന്റ്സിന്റെ പ്രവർത്തനം പ്രതിസന്ധിയിലായിരിക്കുകയാണ്. വെള്ള കക്കയിൽ നിന്ന് ഗ്രേ സിമന്റ് ഉല്പാദിപ്പിച്ചുകൊണ്ടിരുന്ന ആ പൊതുമേഖലാ സ്ഥാപനം കക്ക ഖനനം നിർത്തിവയ്ക്കേണ്ടിവന്നതുകൊണ്ട് നിർമ്മാണച്ചെലവിലുണ്ടായ വർദ്ധനവുമൂലം 2000 മുതൽ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ സാഹചര്യത്തിൽ സർക്കാരിൽ നിന്നും കാലാകാലങ്ങളിൽ നൽകിക്കൊണ്ടിരുന്ന പ്രവർത്തന മൂലധനംകൊണ്ടാണ് കമ്പനി നിലനിന്നുവന്നത്. വാൾപുട്ടി നിർമ്മാണത്തിലൂടെയും മറ്റ് ചെലവ് ചുരുക്കൽ പദ്ധതിവഴിയും കമ്പനി നിലനിർത്താനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. വിവിധ കുടിശ്ശികയിനത്തിൽ കമ്പനിയുടെ ബാധ്യത 16.64 കോടി രൂപയാണ്. ഈ തുകയ്ക്കുപുറമേ സർക്കാരിൽനിന്നും കാലാകാലങ്ങളായി കമ്പനിക്ക് പ്രവർത്തന മൂലധനം ഇനത്തിൽ ലോണായി അനുവദിച്ച് നൽകിയത് 38.21 കോടി രൂപയും അതിന്റെ നാളിതുവരെയുള്ള പലിശ 21.25 കോടി രൂപയുമാണ്. പ്രസ്തുത സ്ഥാപനം പ്രതിസന്ധിയിലായപ്പോൾ മലബാർ സിമന്റ്സിൽ നിന്ന് താൽക്കാലിക വായ്പയായി 2 കോടി രൂപയും നൽകി. 2017 നവംബർ മാസം മുതൽ നാളിതുവരെ വിരമിച്ച 55

ജീവനക്കാർക്ക് യഥാസമയം ഗ്രാറ്റുവിറ്റിയും മറ്റാനുകൂല്യങ്ങളും നൽകാൻ സാധിച്ചിട്ടില്ല. 2018 ജൂൺ മാസം മുതൽ വിരമിച്ച 47 ജീവനക്കാരുടെ ഗ്രാറ്റുവിറ്റി കുടിശ്ശിക ഏകദേശം 137 ലക്ഷത്തോളം രൂപയാണ്. ഇപ്പോൾ നിലനിൽക്കുന്നത് സാമ്പത്തിക പ്രശ്നമാണ്. വിരമിച്ച ക്രമമനുസരിച്ച് ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള പരിശ്രമം തുടങ്ങിയിട്ടുണ്ട്. വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്ന ഒരു സ്ഥാപനമെന്ന നിലയിൽ അടിയന്തര ആവശ്യങ്ങൾക്കായി സാമ്പത്തിക സഹായം നൽകുന്നുണ്ട്. പക്ഷെ അത് താൽക്കാലികമായി നടത്തിക്കൊണ്ടുപോകാനല്ലാതെ മുൻകാല ബാധ്യതകളോ മറ്റ് കാര്യങ്ങളോ നിർവ്വഹിക്കാനുള്ള സാധ്യത ഇപ്പോഴില്ല. ഇക്കാലയളവിൽ വിരമിച്ച ജീവനക്കാരുടെ പി.എഫ്. 2019 ജനുവരി വരെ ഏതാണ്ട് അടച്ചുതീർത്തിട്ടുണ്ട്. ഈ കമ്പനിയിലെ പ്രധാനപ്പെട്ട ഉല്പന്നങ്ങൾ വൈറ്റ് സിമന്റും വാൾപുട്ടിയുമാണ്. 2000-2001 മുതൽ സ്ഥിരമായി നഷ്ടത്തിൽ പ്രവർത്തിച്ചുവന്നിരുന്ന ഈ സ്ഥാപനം സാമ്പത്തികമായി മെച്ചപ്പെടാൻ ഉല്പാദനം വർദ്ധിപ്പിക്കുകയാണ് പോംവഴി. നഷ്ടം കുറയ്ക്കാൻ ഇപ്പോൾ സാധിച്ചിട്ടുണ്ട്. 239 ജീവനക്കാരുള്ള ട്രാവൻകൂർ സിമന്റ്സിൽ വാൾപുട്ടിയുടെ പ്രതിമാസ ഉല്പാദനം 500 ടണ്ണായി വർദ്ധിപ്പിക്കാനുള്ള പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. ഗ്രേ സിമന്റിന്റെയും വൈറ്റ് സിമന്റിന്റെയും ഉല്പാദനം വർദ്ധിപ്പിക്കാനും ഉല്പാദനച്ചെലവ് കുറച്ച് ലാഭകരമാക്കാനുമുള്ള ശ്രമം ആരംഭിച്ചിട്ടുണ്ട്. ഏതെല്ലാം വഴികളിലൂടെ പണം സമാഹരിച്ച് അവിടത്തെ ജീവനക്കാരുടെ പ്രശ്നം പരിഹരിക്കാൻ കഴിയുമെന്ന് പരിശോധിക്കാം. കെടുകാര്യസ്ഥതയും ദുർവിനിയോഗവുമാണ് ആ സ്ഥാപനത്തെ പതനത്തിലെത്തിച്ചത്. ഇപ്പോൾ അതിൽ നിന്നും കരകയറിക്കൊണ്ടിരിക്കുകയാണ്. അങ്ങ് പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കാനുള്ള ശ്രമമുണ്ടാകും.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്:</u> സർ, കമ്പനിയുടെ ഉടമസ്ഥതയിലുള്ളതും ഇപ്പോൾ ഉപയോഗശൂന്യമായി കിടക്കുന്നതുമായ എറണാകുളത്തെ വിലപിടിപ്പുള്ള സ്ഥലം വിറ്റ് തുക വാങ്ങണമെന്ന ഒരു നിർദ്ദേശമുണ്ട്. അത് സർക്കാർ പരിഗണിക്കുമോ?

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, സ്വത്ത് വളരെ വേഗം വിൽക്കാൻ ഒരുപക്ഷെ സാധിച്ചേക്കും. എന്നാൽ ഒരിക്കലും അതാകരുത് നമ്മുടെ ലക്ഷ്യം. ആ വ്യവസായത്തെ നിലനിർത്തണം. തൊഴിലാളി യൂണിയനുകൾ മുന്നോട്ടുവച്ച കാര്യമാണിത്. ഭൂമി വിൽക്കുന്നത് താത്കാലികാശ്വാസം മാത്രമേയാകൂ. എങ്കിലും പൊതുമേഖലാ സ്ഥാപനങ്ങൾക്കുതന്നെ ആ സ്ഥലം കൈമാറി താത്കാലികമായി പണം അഡ്ജസ്റ്റ് ചെയ്ത് പ്രസ്തുത സ്ഥാപനത്തെ രക്ഷിക്കാൻ കഴിയുമോയെന്ന് ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ഈ സ്ഥാപനത്തെ ലാഭകരമാക്കി മാറ്റുന്നതിനുവേണ്ടിയുള്ള 25 കോടി രൂപയുടെ ഒരു പദ്ധതി മുന്നോട്ടുവച്ചിട്ടുണ്ട്. അത് നടപ്പിലാക്കുകയാണെങ്കിൽ ഒരു വർഷംകൊണ്ട് നഷ്ടം നികത്താൻ

സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഏതായാലും ഭൂമി കൈമാറുന്ന കാര്യം സജീവ പരിഗണനയിലാണ്. കാക്കനാട് നല്ല വില ലഭിക്കുന്ന പ്രദേശത്താണ് സ്ഥലമുള്ളത്. അത് പബ്ലിക്കിന് നൽകാനല്ല, പകരം ഗവൺമെന്റിനോ മറ്റേതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിനോ നൽകാനാണ് ആലോചിക്കുന്നത്. മലബാർ സിമന്റ്സ് തന്നെ രണ്ട് കോടി രൂപ കൊടുത്ത് പ്രശ്നം പരിഹരിക്കാനുള്ള ശ്രമം നടത്തുകയാണ്.

(2) മിനി സിവിൽ സ്റ്റേഷൻ

ശ്രീ. ടി. വി. ഇബ്രാഹിം: സർ, 2013-ൽ നിലവിൽ വന്ന കൊണ്ടോട്ടി താലൂക്കിന് ഒരു മിനി സിവിൽ സ്റ്റേഷൻ വേണമെന്ന ആവശ്യം ഇതുവരെ നിറവേറ്റപ്പെട്ടിട്ടില്ല. താലൂക്ക് ഓഫീസ് തന്നെ പ്രവർത്തിക്കുന്നത് നെടിയിരിപ്പ് പഞ്ചായത്തിന്റെ പഴയ കെട്ടിടത്തിലാണ്. താലൂക്കിന്റെ പരിധിയിലുണ്ടാകേണ്ട മറ്റ് ഓഫീസുകളിൽ അധികവും വിവിധ ഭാഗങ്ങളിലായി വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ലീഗൽ മെട്രോളജി ഓഫീസ്, അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസ്, സപ്ലൈ ഓഫീസ്, ഫുഡ് സേഫ്റ്റി ഓഫീസ് തുടങ്ങിയവ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. അതുകൊണ്ട് എല്ലാ സർക്കാർ ഓഫീസുകളും ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനായി മിനി സിവിൽ സ്റ്റേഷൻ ആരംഭിക്കാൻ തീരുമാനിക്കുകയും എം.എൽ.എ.-യുടെ അസറ്റ് ഡെവലപ്മെന്റ് ഫണ്ടിൽനിന്ന് രണ്ട് കോടി രൂപ അതിനായി വകയിരുത്തുകയും ചെയ്തു. എന്നാൽ മിനി സിവിൽ സ്റ്റേഷനുവേണ്ടി കണ്ടെത്തിയ കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ 90 സെന്റ് സ്ഥലം വെറ്റ് ലാൻഡാണെന്ന് പറഞ്ഞ് അനുമതി നിഷേധിച്ചിരിക്കുകയാണ്. പൊതു ആവശ്യങ്ങൾക്കുവേണ്ടി കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി തരംമാറ്റാമെന്ന് നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥലത്തിന് അത് ബാധകമാക്കിയിട്ടില്ല. ഒന്നുകിൽ ഗവൺമെന്റ് അതിനുള്ള പ്രത്യേകാനുമതി തരണം, അല്ലെങ്കിൽ സ്വകാര്യ വ്യക്തികളുടെ സ്ഥലം ഏറ്റെടുത്ത് മിനി സിവിൽ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. അവിടത്തെ പ്രവർത്തനങ്ങൾ ഒച്ചിന്റെ വേഗതയിലാണ് നീങ്ങുന്നത്. ബഹുമാനപ്പെട്ട മന്ത്രിതന്നെ മലപ്പുറം ജില്ലാ കളക്ടറടക്കമുള്ള ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് ഇക്കാര്യത്തിൽ ഉചിതമായ തീരുമാനമെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ബഹുമാനപ്പെട്ട അംഗം മലപ്പുറം കൊണ്ടോട്ടി താലൂക്കിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട വിഷയമാണ് ഉന്നയിച്ചത്. കൊണ്ടോട്ടി

താലൂക്കിൽ സർക്കാർ ഭൂമി ലഭ്യമല്ലാത്ത സാഹചര്യമാണുള്ളത്. കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് വിട്ടുനൽകാൻ തയ്യാറായ റീ സർവ്വെ 376/1-ൽ ഉൾപ്പെട്ട 50 സെന്റ് സ്ഥലം പരിഗണിച്ചിരുന്നെങ്കിലും നെൽവയലായതിനാൽ മറ്റൊരു കരഭൂമി കണ്ടെത്തണമെന്ന നിർദ്ദേശത്തോടെ പ്രസ്തുത ശിപാർശ കൃഷി വകുപ്പ് നിരസിച്ച് ഉത്തരവായി. ഈ സാഹചര്യത്തിൽ കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് അനുയോജ്യമായ കരഭൂമി കണ്ടുപിടിച്ച് സ്കെച്ച് സഹിതമുള്ള വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ ലാന്റ് റവന്യൂ കമ്മീഷണർ മലപ്പുറം ജില്ലാ കളക്ടറോട് നിർദ്ദേശിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ബംഗ്ലാത്ത് മുഹമ്മദ്, മമ്മീര്യം എന്നിവരുടെ കൈവശമുള്ള കൊണ്ടോട്ടി താലൂക്കിലെ കൊണ്ടോട്ടി വില്ലേജിലെ ബ്ലോക്ക് 12 റീസർവ്വേ 105/-ൽപ്പെട്ട 1.20 ഹെക്ടർ വിസ്തീർണ്ണമുള്ള പുരയിടം ഇനത്തിൽപ്പെട്ട ഭൂമി 2013-ലെ എൽ.എ.ആർ.ആർ. ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിനുള്ള അനുമതിക്കായി ലാന്റ് റവന്യൂ കമ്മീഷണർക്ക് ജില്ലാ കളക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ അടിയന്തരമായി സർക്കാരിന് ലഭ്യമാക്കി പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ ആവശ്യമെന്ന് തോന്നുന്നപക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർക്കുന്ന കാര്യവും ആലോചിക്കാവുന്നതാണ്.

(3) <u>എക്കൽ നീക്കം ചെയ്യൽ</u>

ചീഫ് വിപ്പ് (<u>ശ്രീ. കെ. രാജൻ</u>): സർ, കേരളത്തിലെ പ്രധാനപ്പെട്ട പീച്ചി ജലസേചന പദ്ധതിക്ക് ഐക്യകേരളത്തിലെ ആദ്യ ഗവൺമെന്റിന്റെ അത്രതന്നെ കാലപ്പഴക്കമുണ്ട്. 1957-ലാണ് പീച്ചി ഡാം കമ്മീഷൻ ചെയ്യുന്നത്. 213.36 മീറ്റർ നീളവും 40.84 മീറ്റർ ഉയരവുമുള്ള പീച്ചി ഡാമിന്റെ പരമാവധി ജലസംഭരണശേഷി 94.946 മില്യൺ ക്യൂബിക് മീറ്ററും റിസർവോയറിന്റെ വിസ്തീർണ്ണം 12.95 ചതുരശ്ര കിലോമീറ്ററുമാണ്. ഈ ഡാമിന് വലതുകര കനാലിന്റെ സ്ലൂയിസ്, ഇടതുകര കനാലിന്റെ സ്ലൂയിസ്, കുടിവെള്ളം വിതരണം ചെയ്യുന്ന സ്ലൂയിസ്, പുഴയിലേയ്ക്ക് ജലം തുറന്നുവിടുന്ന സ്ലൂയിസ് എന്നീ നാല് ജലനിർഗ്ഗമന മാർഗ്ഗങ്ങളാണുള്ളത്. തൃശ്ശൂർ ജില്ലയിലെ 34 വില്ലേജുകൾക്ക് ജലസേചന സൗകര്യമൊരുക്കുന്ന ഒരു കേന്ദ്രമാണ് പീച്ചി ഡാം. വലതുകര കനാൽ ഉപയോഗിച്ച് തൃശ്ശൂർ ജില്ലയിൽ 25 വില്ലേജുകൾക്കും ഇടതുകര കനാൽ ഉപയോഗിച്ച് തൃശ്ശൂർ ജില്ലയിലെ 9 വില്ലേജുകൾക്കും കൃഷിക്കാവശ്യമായ ജലസേചന സൗകര്യം ഇപ്പോൾ ഒരുക്കുന്നുണ്ട്. കൃഷിക്കാവശ്യമായ ജലസേചന സൗകര്യമൊരുക്കുന്നതിന്റെ ഫലമായി കിണറുകളും റീചാർജ് ചെയ്യപ്പെടുമെന്നുള്ളതുകൊണ്ട് കുടിവെള്ള

സ്രോതസായും പീച്ചി ഡാം മാറുന്നു. ഇതിനുപുറമെ ഈ പദ്ധതിയിൽനിന്നും വാട്ടർ അതോറിറ്റി പ്രതിവർഷം 10 മില്യൺ ക്യൂബിക് മീറ്റർ വെള്ളമെടുത്ത് തൃശ്ശൂർ കോർപ്പറേഷനിലും സമീപ പഞ്ചായത്തിലും വിതരണം ചെയ്യുന്നുണ്ട്. കനാലുകളുടെയും സ്ലൂയിസുകളുടെയും ഷട്ടറുകളുടെയും അറ്റകുറ്റപ്പണിക്കാവശ്യമായ ഫണ്ട് സമയത്ത് ലഭിക്കാത്തതുമൂലവും കനാലിന്റെ ചില ഭാഗങ്ങൾ യഥാസമയം ലൈനിംഗ് നടത്താത്തതുമൂലവും ധാരാളം ജലം പാഴായിപ്പോകുന്ന സ്ഥിതിയാണുള്ളത്. പീച്ചി ഡാമിൽ 16% എക്കൽ അടിഞ്ഞുകൂടി കിടക്കുന്നുണ്ടെന്നാണ് പ്രാഥമിക പഠന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. എക്കൽ നീക്കം ചെയ്യുന്നതിലൂടെ ഡാമിന്റെ സംഭരണശേഷി വർദ്ധിപ്പിക്കാൻ സാധിക്കും. നീക്കം ചെയ്യുന്ന എക്കൽ ലേലം ചെയ്താൽ ഡാമിന്റെ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ തുക സമാഹരിക്കാൻ കഴിയും. പീച്ചി പദ്ധതിയോടനുബന്ധിച്ച് ടൂറിസം ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിൽ അവിടെ പ്രവർത്തിക്കുന്നുണ്ട്. പ്രതിവർഷം ഏകദേശം 15 ലക്ഷത്തോളം വിനോദസഞ്ചാരികൾ അവിടെ എത്തിച്ചേരുന്നുവെന്നാണ് പ്രാഥമിക കണക്ക്. പീച്ചിയുടെ സൗന്ദര്യവത്കരണത്തിനുവേണ്ടി, അങ്ങ് കൂടി ഇടപെട്ട് ടൂറിസം വകുപ്പ് അനുവദിച്ച അഞ്ച് കോടി രൂപയുടെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. അവിടെ ഇറിഗേഷൻ വകുപ്പിന്റെ ഗസ്റ്റ് ഹൗസും റസ്റ്റ് ഹൗസുമുണ്ട്. ഈ പദ്ധതി പ്രദേശത്താണ് കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കുന്നത്. മൂന്ന് മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്ന ഒരു മിനി ഹൈഡൽ പ്രോജക്ടും അവിടെയുണ്ട്. ഇത്രയും പ്രാധാന്യമുള്ള ആ സ്ഥലത്ത് ആവശ്യമായ സുരക്ഷാ സംവിധാനങ്ങളില്ലെന്നതാണ് രണ്ട് പ്രളയങ്ങളിൽ നമ്മൾ കണ്ട പ്രധാനപ്പെട്ട വസ്തുത. എന്നുമാത്രമല്ല, ടൂറിസവും ഇറിഗേഷനും കൂട്ടിയോജിപ്പിച്ചാൽ ഈ പ്രദേശത്തെ ഏറ്റവും ശ്രദ്ധേയമാക്കി മാറ്റാൻ കഴിയും. അങ്ങയുടെ ഇടപെടലിന്റെ ഭാഗമായി അവിടെ ചില മാറ്റങ്ങളുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. നമ്മളെല്ലാവരുംകൂടി ചേർന്ന യോഗത്തിന്റെ ഭാഗമായി ഇറിഗേഷൻ വകുപ്പ് തുടർപ്രവർത്തനങ്ങൾ നടത്തുമെന്ന പ്രതീക്ഷയാണുള്ളത്. രണ്ടാമത് പ്രളയമുണ്ടായപ്പോൾ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും ഞാനും അവിടെ സന്ദർശിച്ചിരുന്നു. ദിവസങ്ങളോളമാണ് അവിടത്തെ ഡാം തുറന്നുവിടുന്ന സ്ഥിതിയുണ്ടായത്. ഞാൻ നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ വാട്ടർ അതോറിറ്റി പ്രതിവർഷം ഏതാണ്ട് 10 മില്യൺ ക്യൂബിക് മീറ്റർ വെള്ളമെടുത്ത് കുടിവെള്ള വിതരണം നടത്തുന്നുണ്ടെങ്കിലും അതിൽ മഹാഭൂരിപക്ഷവും പോകുന്നത് കോർപ്പറേഷന്റെ ഭാഗത്തേയ്ക്കാണ്. കോർപ്പറേഷൻ എന്റെ നിയോജകമണ്ഡലത്തിന്റെയും ഭാഗമാണ്.

പക്ഷേ പീച്ചി നിലനിൽക്കുന്ന പാണഞ്ചേരി ഉൾപ്പെടെയുള്ള പഞ്ചായത്തുകളിൽ ആവശ്യത്തിന് കുടിവെള്ളം വിതരണം ചെയ്യാൻ കഴിയുന്നില്ല. പീച്ചി ഡാമിന്റെ പേരിൽ ഏതെങ്കിലും തരത്തിലുള്ള പ്രാദേശികവാദമല്ല ഞാൻ ഉന്നയിക്കുന്നത്. ഡാമിന്റെ സംഭരണശേഷി വർദ്ധിപ്പിച്ചാൽ കുടിവെള്ളം കൂടുതലായി വിതരണം ചെയ്യാനും 34 വില്ലേജുകൾക്ക് ജലസേചനത്തിന് ഉപകാരപ്രദമാക്കാനും സാധിക്കും. സ്ഥലം വിട്ടുകൊടുത്ത ആളുകൾക്ക് ഇപ്പോഴും കുടിവെള്ളം ലഭിക്കുന്നില്ല. അങ്ങയുടെ നിർദ്ദേശപ്രകാരം അതിനായി ഒരു പദ്ധതി ഇപ്പോൾ തയ്യാറാക്കിവരികയാണ്. കനാലുകളുടെയും സ്ലൂയിസുകളുടെയും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ഡാമിന്റെ എക്കൽ നീക്കം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചാൽ കുടിവെള്ള വിതരണവും ജലസേചനവും മാത്രമല്ല, പീച്ചി ഡാമിന്റെ യഥാർത്ഥ ലക്ഷ്യം പൂർത്തീകരിക്കാനും സാധിക്കും. അതുകൊണ്ട് അത്തരമൊരു നടപടി കൃഷിയിൽ പ്രത്യേക താല്പര്യമെടുക്കുന്ന അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണമെന്നാണ് എന്റെ അഭ്യർത്ഥന.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത് ഗൗരവമായിത്തന്നെ പരിശോധിക്കുന്നതാണ്. പീച്ചി ഡാമിൽ ഏകദേശം 14% ചെളി അടിഞ്ഞുകൂടിയതായിട്ടാണ് 2013-ലെ സെഡിമെന്റേഷൻ പഠനം വ്യക്തമാക്കുന്നത്. 2018-ലെ പ്രളയത്തിനുശേഷം നടത്തിയ പഠനത്തിൽ താഴെത്തട്ടിലേയ്ക്ക് പോകുന്തോറും സംഭരണശേഷി കുറഞ്ഞുവരുന്നതായും മുകളിലേയ്ക്ക് പോകുന്തോറും ശേഷി വർദ്ധിച്ച് വരുന്നതായും കണ്ടെത്തിയിട്ടുണ്ട്. 63.70 മീറ്ററിൽ താഴേയ്ക്ക് പോകുമ്പോഴാണ് സംഭരണശേഷി കുറഞ്ഞുവരുന്നതായി കാണപ്പെടുന്നത്. പീച്ചി പദ്ധതിയിൽ എസ്.ഡി.ആർ.എഫ്. പ്രവൃത്തികൾ നടത്തിയതിന്റെ ഫലമായി ജലവിതരണത്തിലുണ്ടായിരുന്ന ജലനഷ്ടം കുറയ്ക്കാനായിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം പീച്ചി പദ്ധതിക്കുവേണ്ടി 650 ലക്ഷം രൂപ നോൺ പ്ലാനിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഫണ്ട് ഉപയോഗിച്ച് കനാലുകളുടെയും ഡാമിന്റെയും അനുബന്ധ നിർമ്മിതികളുടെയും അടിയന്തര അറ്റകുറ്റപ്പണികൾ നടത്തിവരുന്നു. കൂടാതെ എസ്.ഡി.ആർ.എഫ്. സ്കീമിൽ ഉൾപ്പെടുത്തി 92 പ്രവൃത്തികൾക്കായി 1199.86 ലക്ഷം രൂപയുടെ കനാൽ അറ്റകുറ്റപ്പണികൾ നടപ്പിലാക്കിവരുന്നു. കഴിഞ്ഞ മൂന്ന് വർഷംകൊണ്ട് ഏകദേശം 250 ഹെക്ടറോളം പ്രദേശത്ത് അധികമായി ജലസേചന സൗകര്യം ഏർപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. ഡാമിന്റെ സൗന്ദര്യവത്കരണത്തിനായി 10 ലക്ഷം രൂപയുടെ ഒരു പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഡാമിന്റെ നാല് ഷട്ടറുകളിൽ രണ്ട് ഷട്ടറുകളുടെ അറ്റകുറ്റപ്പണികൾ

നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഡാമുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള മണലും ചെളിയും നീക്കം ചെയ്യാനായി 26-9-2017-ൽ ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജ്യുവർ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻപ്രകാരം മംഗലം ഡാമിലെ മണലും ചെളിയും നീക്കം ചെയ്യുന്നതിന് ആഗോള ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. തികച്ചും സുതാര്യമായ പ്രക്രിയയിലൂടെ സാങ്കേതിക പഠനത്തിന്റെ പിൻബലത്തിൽ ക്രമപ്പെടുത്തിയ ഈ ഡീസിൽറ്റേഷൻ പ്രക്രിയ സർക്കാരിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയുമുണ്ടാക്കുകയില്ലെന്നു മാത്രമല്ല വരുമാനം ലഭ്യമാക്കുകയും ചെയ്യും. പ്രളയ നിയന്ത്രണത്തിനും സംഭരണ ശേഷി വർദ്ധിപ്പിക്കുന്നതിനും സഹായിക്കുന്ന ഈ പ്രക്രിയ നമ്മുടെ രാജ്യത്തുതന്നെ ആദ്യത്തേതാണ്. മറ്റ് പത്ത് റിസർവോയറുകളിൽ ഡീസിൽറ്റേഷൻ നടത്തുന്നതിനുവേണ്ടിയുള്ള വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കുന്നതിനുള്ള താല്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്. കൂടാതെ ജലസേചന വകുപ്പിന് കീഴിലുള്ള ആറ് ചെക്ക് ഡാം/റെഗുലേറ്റർ എന്നിവയിൽ പ്രളയകാലത്ത് അടിഞ്ഞുകൂടിയ മണലും ചെളിയും നീക്കം ചെയ്യുന്നതിന് 8-11-2019-ലെ G.O.(Rt)No.50/2019/WRD ഉത്തരവിലൂടെ അനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾ ടെണ്ടർ ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരുന്നു. അത് ഇവിടെയും ചെയ്യാവുന്നതാണ്.

## (4) റെഗുലേറ്റർ-കം-ബ്രിഡ്ജ്

ശ്രീ. വി. അബ്ദുറഹിമാൻ: സർ, കേരളത്തിലെ ആദ്യത്തെ സർക്കാരിന്റെ കാലം മുതൽ ഉന്നയിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രശ്നമാണ് ഞാൻ സബ്മിഷനായി ഇവിടെ അവതരിപ്പിക്കാൻ പോകുന്നത്. 1957-ൽ ജലസേചന വകുപ്പു മന്ത്രിയായിരുന്ന ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർക്ക് താനൂർ, പെരിയാപുരം വില്ലേജുകളിൽപ്പെട്ട പൂരപ്പുഴയിൽ ഒരു റെഗുലേറ്റർ-കം-ബ്രിഡ്ജ് സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് അന്നത്തെ ഐക്യകർഷക സംഘവും കമ്മ്യൂണിസ്റ്റ് പാർട്ടിയും സംയുക്തമായി ഒരു നിവേദനം നൽകുകയുണ്ടായി. ഏകദേശം 1400 ഏക്കറോളം വരുന്ന കൃഷി ഭൂമിയുടെ ജലസേചനവും മൂന്ന് താലൂക്കുകളിലെ കുടിവെള്ളവുമായി ബന്ധപ്പെട്ട പ്രശ്നവും പരിഹരിക്കുന്നതിനായിരുന്നു അങ്ങനെയൊരു നിവേദനം നൽകിയത്. വേനൽക്കാലമായാൽ ഉപ്പുവെള്ളം കയറി ഈ ഭാഗങ്ങളിലെ കൃഷി നശിക്കുന്ന അവസ്ഥയാണുള്ളത്. 1957 മുതൽ ആവശ്യപ്പെടുന്ന ഇക്കാര്യം ഇത്തവണത്തെ ബഡ്ജറ്റിലെങ്കിലും ഉണ്ടാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നതോടൊപ്പം ഇതുമായി ബന്ധപ്പെട്ട് സമർപ്പിച്ച നിവേദനങ്ങളിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നുകൂടി അറിയാൻ ആഗ്രഹിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, താനൂർ നിയോജകമണ്ഡലത്തിലെ പെരിയാപുരം, താനൂർ വില്ലേജുകൾ ഉൾപ്പെട്ട പ്രദേശങ്ങളിൽ ഉപ്പുവെള്ളം കലരുന്നത് തടയാനായി 2017-ൽ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്ന പൂരപ്പുഴ റെഗുലേറ്റർ സ്ഥാപിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ 21-2-2018-ൽ ആരംഭിക്കുകയും എസ്റ്റിമേറ്റ് പ്രകാരം ബോർ ഹോളുകളെടുത്ത് തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തെങ്കിലും ചില സാങ്കേതികകാരണങ്ങളാൽ ഇതിനായി നിർദ്ദേശിക്കപ്പെട്ട സ്ഥാനം അനുയോജ്യമല്ലെന്ന് കണ്ടെത്തുകയുണ്ടായി. തുടർന്ന് പുതിയ സ്ഥലത്ത് റെഗുലേറ്റർ നിർമ്മിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചുവരികയാണ്. ഇത് ബഡ്ജറ്റിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്.

(5) പൈപ്പ്‌ലൈൻ റോഡ് പുനരുദ്ധാരണം

ശ്രീ. അൻവർ സാദത്ത്: സർ, ആലുവ മുതൽ പാലാരിവട്ടം വരെയുള്ള പൈപ്പ്‌ലൈൻ റോഡ് ആലുവ മണ്ഡലത്തിലും കളമശ്ശേരി മണ്ഡലത്തിലും കൂടിയാണ് കടന്നുപോകുന്നത്. ആ റോഡ് ഇപ്പോൾ സഞ്ചാര യോഗ്യമല്ലാതായിരിക്കുകയാണ്. ആലുവയിലെ കുന്നത്തേരിയിലെയും തൊട്ടപ്പുറത്തുള്ള കളമശ്ശേരിയിലെയുമൊക്കെയുള്ള ജനങ്ങൾ നിരന്തരം യാത്ര ചെയ്യുന്ന ഒരു റോഡാണിത്. ഈ റോഡ് പണിയുന്നതിന് എം.എൽ.എ. ഫണ്ടിൽനിന്നും തുക കൊടുക്കാൻ ഞാൻ തയ്യാറാണ്. ജില്ലാ പഞ്ചായത്തിന്റെയും ഫണ്ട് അനുവദിച്ചിട്ടുണ്ട്. അതുപോലെ ബഹുമാന്യനായ വി. കെ. ഇബ്രാഹിം കുഞ്ഞ് എം.എൽ.എ.-യും ഫണ്ട് കൊടുക്കാൻ തയ്യാറായിട്ടുണ്ട്. പക്ഷേ അവിടെ തടസ്സം നിൽക്കുന്നത് വാട്ടർ അതോറിറ്റിയാണ്. വാട്ടർ അതോറിറ്റി റോഡ് പണിയാൻ ഫണ്ട് കൊടുക്കുകയുമില്ല, ആരെങ്കിലും കൊടുക്കാമെന്ന് പറഞ്ഞാൽ അതിന് തടസ്സം നിൽക്കുകയും ചെയ്യും. തിന്നുകയുമല്ല, തീറ്റിക്കുകയുമില്ല എന്നൊരു അവസ്ഥയാണ് പൈപ്പ് ലൈൻ റോഡിന്റെ കാര്യത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രിയും ഡിപ്പാർട്ട്മെന്റും പറയുന്നത് ഡെപ്പോസിറ്റ് വർക്ക് ചെയ്യാമെന്നാണ്. അതായത്, പൈസ ഡെപ്പോസിറ്റ് ചെയ്യാമെന്നും വർക്ക് ചെയ്യാമെന്നും പറയുന്നുണ്ട്. ഡെപ്പോസിറ്റ് വർക്ക് ചെയ്യുമ്പോൾ വാട്ടർ അതോറിറ്റി എടുക്കുന്ന എസ്റ്റിമേറ്റ് വളരെ കൂടിയ തുകയ്ക്കുള്ളതാണ്. കൂടാതെ, ഡെപ്പോസിറ്റ് വർക്കിന് ധാരാളം നടപടിക്രമങ്ങളുണ്ട്, അങ്ങനെവരുമ്പോൾ കാലതാമസമുണ്ടാകും. ഏത് ഫണ്ട് അനുവദിച്ചാലും വാട്ടർ അതോറിറ്റിയുടെ എൻ.ഒ.സി. ആവശ്യമാണ്. പി.ഡബ്ല്യു.ഡി.-യുടെ ഫണ്ട്

ഉപയോഗിച്ച് പഞ്ചായത്ത് റോഡ് പണി ചെയ്യാൻ പഞ്ചായത്ത് എൻ.ഒ.സി. തരും. ഇറിഗേഷന്റെ റോഡ് പണി ചെയ്യാൻ അവർ എൻ.ഒ.സി. തരും, അവിടെയൊന്നും യാതൊരു പ്രശ്നവുമില്ല. പൈപ്പ് ലൈൻ റോഡിലൂടെ വലിയ പൈപ്പുകൾ പോകുന്നതുകൊണ്ട് അതിന് കേടുപാടുകൾ സംഭവിക്കുമെന്നതാണ് വാട്ടർ അതോറിറ്റി ഉന്നയിക്കുന്ന പ്രശ്നം. എന്നാൽ അവിടെ ടാർ ചെയ്തിട്ടുമുണ്ട്. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്, പ്രസ്തുത പ്രവൃത്തി ചെയ്യാൻ വാട്ടർ അതോറിറ്റിയുടെ എൻ.ഒ.സി. തരണമെന്നാണ്. റോഡ് പണി നടക്കുമ്പോൾ ബഹുമാനപ്പെട്ട മന്ത്രിയുടെ നിർദ്ദേശപ്രകാരം വാട്ടർ അതോറിറ്റിയുടെ ഉദ്യോഗസ്ഥരെ മോണിറ്റർ ചെയ്യാൻ നിയമിച്ചാൽ മതി. വാട്ടർ അതോറിറ്റിയുടെ ഉദ്യോഗസ്ഥർ മോണിറ്റർ ചെയ്യുമെന്ന നിബന്ധനയുംകൂടി ഉൾപ്പെടുത്തി എൻ.ഒ.സി. കൊടുത്താൽ മതി. അങ്ങനെ നിബന്ധന വയ്ക്കുന്നതിൽ ഞങ്ങൾക്ക് യാതൊരു തർക്കവുമില്ല. പ്രസ്തുത പ്രവൃത്തി ഏറ്റെടുക്കുന്നവർക്കാർക്കും തടസ്സമുണ്ടാകില്ല. ഈ പൈപ്പ് ലൈൻ റോഡിന് ഏത് ഫണ്ട് അനുവദിച്ചാലും വാട്ടർ അതോറിറ്റി എൻ.ഒ.സി. നൽകുന്നതിനുള്ള നടപടിയുണ്ടാകണം. ഈ റോഡിൽ വാഹനാപകടം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് ഇക്കാര്യമെല്ലാം അറിയാം. അങ്ങിത് പഠിച്ചിട്ടുണ്ടാകും. അതുകൊണ്ട് നല്ലൊരു മറുപടി പ്രതീക്ഷിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>): സർ, ആലുവ ജലശുദ്ധീകരണശാലയിൽനിന്നും കൊച്ചി കോർപ്പറേഷനിലേയ്ക്കും അനുബന്ധ പഞ്ചായത്തുകളിലേയ്ക്കും കുടിവെള്ളം വിതരണം ചെയ്യാൻ പമ്പിംഗ് മെയിൻ പൈപ്പ് വിന്യസിച്ചിട്ടുള്ള 20 കിലോമീറ്ററോളം ദൈർഘ്യമുള്ള ജല അതോറിറ്റിയുടെ അധീനതയിലുള്ള സ്ഥലമാണ് ആലുവ പൈപ്പ് ലൈൻ റോഡ്. ആലുവ വാട്ടർ വർക്സ് മുതൽ പെരുമാനൂർ വരെ കുടിവെള്ളം വിതരണം ചെയ്യാൻ വിന്യസിച്ചിട്ടുള്ള 900mm CI പമ്പിംഗ് മെയിൻ, തമ്മനം വരെ വിന്യസിച്ചിട്ടുള്ള 1200mm പമ്പിംഗ് മെയിനുകൾ എന്നിവ പ്രസ്തുത റോഡിലൂടെയാണ് കടന്നുപോകുന്നത്. ഇവ യഥാക്രമം 1965, 1969, 2002 കാലയളവിലാണ് സ്ഥാപിച്ചത്. ഈ റോഡ് ജല അതോറിറ്റിയുടെ പരിശോധനകൾക്ക് മാത്രമായി നിർമ്മിച്ചിട്ടുള്ളതാണ്. പൈപ്പ് ലൈനുകൾ പല സ്ഥലങ്ങളിലും തറനിരപ്പിലായതിനാൽ ഭാരവണ്ടികൾ പൈപ്പ് ലൈനിന് മുകളിലൂടെ കയറിയിറങ്ങുന്നത് പൈപ്പ് ലൈനുകളുടെ സുരക്ഷയ്ക്ക് ഭീഷണിയാണ്.

പൈപ്പ് ലൈനുകളുടെ സുരക്ഷ ഉറപ്പാക്കിക്കൊണ്ട് ഈ റോഡ് ഗതാഗത യോഗ്യമാക്കുന്നതിൽ ജല അതോറിറ്റിക്ക് എതിർപ്പില്ല. ഇത്തരത്തിലുള്ള സുരക്ഷ ഉറപ്പാക്കുന്നതിനാവശ്യമായ നിബന്ധനകൾക്ക് വിധേയമായി മാത്രമേ വാഹനഗതാഗതം അനുവദിക്കാൻ കഴിയുകയുള്ളൂ എന്നതിനാലാണ് എൻ.ഒ.സി. നിഷ്കർഷിക്കുന്നത്. എൻ.ഒ.സി. അനുവദിക്കുന്ന സാഹചര്യങ്ങളിൽ ജല അതോറിറ്റി ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ പൈപ്പുകളുടെ പൂർണ്ണ സുരക്ഷ ഉറപ്പാക്കിയാണ് പൈപ്പ് ലൈൻ റോഡുകൾ ഗതാഗതയോഗ്യമാക്കുന്നത്. ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കാൻ കേരള വാട്ടർ അതോറിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(6) മാമം നാളികേര കോംപ്ലക്സ്

ശ്രീ. ബി. സത്യൻ: സർ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അടച്ചുപൂട്ടിയ സ്ഥാപനമാണ് ആറ്റിങ്ങലിൽ മാമത്ത് പ്രവർത്തിച്ചുവരുന്ന കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ളതും നാളികേര വികസന കോർപ്പറേഷന്റെ കീഴിലുള്ളതുമായ നാളികേര സംസ്കരണ കേന്ദ്രം. ജില്ലയിലെ നാളികേര കൃഷിക്കാരെ സഹായിക്കാനായി ആരംഭിച്ച കേന്ദ്രമാണിത്. സാമ്പത്തിക പ്രതിസന്ധിമൂലം അടച്ചുപൂട്ടിയിരുന്ന ഈ സ്ഥാപനം അങ്ങയുടെ നിരന്തരമായ ഇടപെടലിന്റെ ഫലമായി വീണ്ടും തുറന്ന് പ്രവർത്തിപ്പിക്കാനായി. ഏതാണ്ട് ആയിരം ലിറ്റർ സംസ്കരണശേഷിയുള്ള വെർജിൻ കോക്കനട്ട് ഓയിൽ ഉത്പാദിപ്പിക്കുന്ന പ്ലാന്റാക്കി ഇതിനെ മാറ്റിയതിൽ അങ്ങയെ ഞാൻ അഭിനന്ദിക്കുകയാണ്. ഇപ്പോൾ ഏതാണ്ട് 30 മെട്രിക് ടൺ ഉത്പാദനശേഷിയുള്ള വെളിച്ചെണ്ണ ഉത്പാദന പ്ലാന്റ് ആരംഭിക്കാനുള്ള സമഗ്ര പദ്ധതി നാളികേര വികസന കോർപ്പറേഷൻ തയ്യാറാക്കിയിട്ടുണ്ട്. ഏകദേശം ആറ് കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പ്ലാന്റ് പൂർണ്ണമായും പ്രവർത്തനസജ്ജമാകണമെങ്കിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായം അനിവാര്യമാണ്. കാരണം, നാളികേര വികസന കോർപ്പറേഷന് പരിമിതമായ ഫണ്ട് മാത്രമേയുള്ളൂ. നാളികേരത്തിൽനിന്നും വിവിധ മൂല്യവർദ്ധിത ഉത്പന്നങ്ങളുണ്ടാക്കാനും അത് വിപണനം ചെയ്യാനുമായി നാളികേര പാർക്ക്, നാളികേര സംസ്കരണവുമായി ബന്ധപ്പെട്ട വിവിധ സംരംഭങ്ങൾ ഉൾപ്പെടെ സമഗ്രമായ കോക്കനട്ട് മാൾ ആരംഭിക്കാൻ കഴിയുന്നതാണ്. അങ്ങവിടെ സന്ദർശിച്ച് ഉദ്യോഗസ്ഥരും ശാസ്ത്രജ്ഞരുമായി നടത്തിയ ചർച്ചകളിൽ കൃഷി വകുപ്പിനും നാളികേര വികസന കോർപ്പറേഷനും ബൃഹത്തായ പദ്ധതി ആരംഭിക്കാൻ കഴിയുമെന്ന് തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. അതിന്റെയടിസ്ഥാനത്തിൽ

നാളികേര സംസ്കരണവും എണ്ണ ഉത്പാദനവും ആരംഭിക്കാനുള്ള പദ്ധതിക്ക് അനുമതി നൽകണമെന്നും നാളികേര ഉത്പന്നങ്ങളുടെ പ്രദർശനവും വിപണനവുമൊക്കെ നടത്താൻ കഴിയുന്ന തരത്തിലുള്ള കേന്ദ്രമാക്കി ഇതിനെ വികസിപ്പിക്കാനുള്ള നടപടി അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണമെന്നും അഭ്യർത്ഥിക്കുകയാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, നാളികേര വികസന കോർപ്പറേഷന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് 2015-ലെ ആർ.കെ.വി.വൈ. പദ്ധതിയിലുൾപ്പെടുത്തി വെർജിൻ കോക്കനട്ട് ഓയിൽ, കോക്കനട്ട് വാട്ടർ, ചാർകോൾ എന്നീ കേര ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുകയെന്ന ഉദ്ദേശ്യത്തോടെ ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ മാമത്ത് ഇന്റഗ്രേറ്റഡ് കോക്കനട്ട് പ്രോസസിംഗ് കോംപ്ലക്സ് സ്ഥാപിക്കുന്നതിന് 4 കോടി രൂപ അനുവദിക്കുകയുണ്ടായി. 1998 മുതൽ 2014 വരെ പ്രവർത്തനരഹിതമായിരുന്ന കോർപ്പറേഷന്റെ സാമ്പത്തികസ്ഥിതി വികസന പ്രവർത്തനങ്ങൾക്ക് തടസ്സമായിരുന്നു. മൊത്തം 1700 ലക്ഷം രൂപ അടങ്കൽ തുകയുള്ള പദ്ധതിയിൽ 400 ലക്ഷം രൂപ മാത്രമാണ് ഇതിന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് സബ്സിഡിയായി വകയിരുത്തിയിട്ടുള്ളത്. ആദ്യഘട്ടമായി 1.92 കോടി രൂപ ചെലവഴിച്ച് പ്രതിദിനം 1000 ലിറ്റർ ഉത്പാദനശേഷിയുള്ള വെർജിൻ കോക്കനട്ട് ഓയിൽ പ്ലാന്റ് സ്ഥാപിക്കുകയും കേരജം വെർജിൻ കോക്കനട്ട് ഓയിൽ എന്ന ബ്രാൻഡിൽ വെളിച്ചെണ്ണ വിപണനം നടത്തിവരികയുമാണ്. 2019 മാർച്ച് മുതൽ പ്രസ്തുത പ്ലാന്റ് പ്രവർത്തനം ആരംഭിച്ചിരിക്കുകയാണ്. മുപ്പത് മെട്രിക് ടൺ പ്രതിദിന ഉത്പാദനശേഷിയുള്ള വെളിച്ചെണ്ണ മിൽ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയാക്കി വർക്ക് ഓർഡർ കൊടുത്തിട്ടുണ്ട്. അതോടൊപ്പം മാമം നാളികേര സംസ്കരണശാലയുടെ മുൻവശത്ത് 4000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു അഗ്രി മാൾ സ്ഥാപിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരികയാണ്. ഈ രണ്ട് സ്ഥാപനങ്ങൾകൂടി വരുന്നതോടുകൂടി അടച്ചുപൂട്ടിയിരുന്ന ഈ സ്ഥാപനം പഴയ രീതിയിലേയ്ക്ക് പൂർണ്ണമായി വരാൻ സാധിച്ചില്ലെങ്കിൽപ്പോലും വളരെ സജീവമായ കേന്ദ്രമാക്കി മാറ്റാനുള്ള നടപടി ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്. നാളികേര വികസന കോർപ്പറേഷൻ ഇതിനകംതന്നെ ആറളം ഫാമിൽനിന്നും നീര ഉത്പാദിപ്പിച്ച് വിപണനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ, കോഴിക്കോട് നിന്നും 'കേരജം' എന്ന ബ്രാൻഡ് നാമത്തിൽ വെളിച്ചെണ്ണ ഉത്പാദിപ്പിച്ച് വിപണിയിലെത്തിക്കാൻ തുടങ്ങിയിട്ടുണ്ട്. 1998 മുതൽ അടച്ചുപൂട്ടപ്പെട്ടിരുന്ന,

പൂർണ്ണമായി നിലച്ചുപോയ ഈ സ്ഥാപനം 2015-നുശേഷം ആരംഭിച്ച പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ഭാഗമായി സാക്ഷാത്കാരത്തിലേയ്ക്ക് വന്നുകൊണ്ടിരിക്കുകയാണ്. ഈ സാമ്പത്തിക വർഷംതന്നെ ഇക്കാര്യങ്ങളെല്ലാം അവിടെ പൂർത്തീകരിക്കാൻ കഴിയുന്നതാണ്.

(7) വാഴക്കോട് പച്ചക്കറി സംഭരണ-വിതരണ കേന്ദ്രം

ശ്രീ. യു. ആർ. പ്രദീപ്: സർ, എന്റെ മണ്ഡലമായ ചേലക്കര ധാരാളം പച്ചക്കറി കർഷകരുള്ള പ്രദേശമാണ്. ഇവരെ സഹായിക്കാൻ വി.എഫ്.പി.സി.കെ.-യുടെ മൂന്ന് കേന്ദ്രങ്ങൾ നന്നായി പ്രവർത്തിക്കുന്നുണ്ട്. കൃഷി വകുപ്പിന്റെ ഇടപെടൽ തന്നെയാണ് അതിന് കാരണം. പച്ചക്കറിക്കുപുറമെ നേന്ത്രപ്പഴങ്ങളുടെ രാജാവ് എന്നുപറയപ്പെടുന്ന ചങ്ങാലിക്കോടൻ വാഴ ഏക്കർ കണക്കിന് കൃഷി ചെയ്യുന്ന മണ്ഡലം കൂടിയാണിത്. പ്രത്യേകിച്ച് അതിന് ഭൗമസൂചിക പദവികൂടി ലഭിച്ചിട്ടുണ്ട്. പച്ചക്കറിയിൽത്തന്നെ പയർ, കപ്പ, കുമ്പളം, മത്തൻ തുടങ്ങിയവ ധാരാളം ഉത്പാദിപ്പിക്കുകയും അവയെല്ലാം മറ്റ് ജില്ലകളിലേയ്ക്ക് കയറ്റി അയയ്ക്കുകയും ചെയ്യുന്നുണ്ട്. ഇതെല്ലാമുണ്ടെങ്കിലും കർഷകരെ തൃപ്തിപ്പെടുത്താൻ കഴിയുന്നില്ല. അവർ സാധാരണ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾക്ക് വില കിട്ടുന്നില്ലെന്ന പരാതിയുണ്ട്. ഒരു സംഭരണ-വിതരണ കേന്ദ്രം നിർമ്മിച്ചുകൊടുക്കുകയാണെങ്കിൽ ഈ പ്രശ്നം പരിഹരിക്കാനും ജൈവകൃഷി മേഖലയിലേയ്ക്ക് കൂടുതൽ കർഷകരെ ആകർഷിക്കാനും കഴിയും. ചേലക്കര മണ്ഡലത്തിലെ മുള്ളൂർക്കര വില്ലേജിൽ വാഴക്കോട് പ്രദേശത്ത് ഹൈവേയോട് ചേർന്നുള്ള ഏതാണ്ട് 6 ഏക്കർ വരുന്ന ഭൂമി റവന്യൂ വകുപ്പിന്റെ കൈവശമുണ്ട്. ആ സ്ഥലം ഉപയോഗപ്പെടുത്തി ഹോർട്ടികോർപ്പിന്റെ നേതൃത്വത്തിൽ ശീതീകരിച്ച സംഭരണ-വിതരണ കേന്ദ്രം സ്ഥാപിച്ചാൽ പല ഭാഗങ്ങളിൽനിന്നും പച്ചക്കറി സംഭരിക്കാൻ കഴിയും. പ്രസ്തുത വിഷയം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, തൃശ്ശൂർ ജില്ലയിലെ ചേലക്കര നിയോജകമണ്ഡലത്തിലെ പഴയന്നൂർ മേഖലയിലെല്ലാം ധാരാളമായി പച്ചക്കറി കൃഷി നടക്കുന്നുണ്ട്. കഴിഞ്ഞ വർഷം ജൈവ പച്ചക്കറി കൃഷിയിൽ ഏറ്റവും മികച്ച പ്രവർത്തനം നടത്തിയിട്ടുള്ള മണ്ഡലമാണ് ചേലക്കര. ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചതുപോലെ, ഭൗമസൂചിക പദവി നേടിയിട്ടുള്ള ചങ്ങാലിക്കോടൻ നേന്ത്രവാഴയുടെ പ്രധാനപ്പെട്ട ഉല്പാദന കേന്ദ്രം കൂടിയാണ് ഈ പ്രദേശങ്ങൾ. കൃഷിയിൽ ജൈവ സമ്പ്രദായങ്ങൾ സ്വീകരിച്ചിട്ടുള്ള

നിരവധി കർഷകർ ഈ മണ്ഡലത്തിലുണ്ട്. കർഷകർക്ക് യഥാസമയം തങ്ങളുടെ കൃഷി വിഭവങ്ങൾ വിപണനം നടത്തുന്നതിനും ന്യായമായ വില ലഭ്യമാക്കുന്നതിനും അവസരമൊരുക്കുകയെന്ന ലക്ഷ്യത്തോടെ ചേലക്കര ആസ്ഥാനമായി ഒരു സംഭരണ-വിതരണ കേന്ദ്രം ആരംഭിക്കുകയെന്നുള്ളത് പ്രധാനപ്പെട്ട ആവശ്യമാണ്. ചേലക്കര നിയോജകമണ്ഡലത്തിലെ മുള്ളൂർക്കര ഗ്രാമപഞ്ചായത്തിലുൾപ്പെടുന്ന വാഴക്കോട് പ്രദേശത്ത് റവന്യൂ വകുപ്പിന്റെ അധീനതയിലുള്ളതും ഇപ്പോൾ ഒഴിഞ്ഞുകിടക്കുന്നതുമായ ഭൂമി കൃഷി വകുപ്പിനോ ഹോർട്ടികോർപ്പിനോ കൈമാറുകയാണെങ്കിൽ ഈ സർക്കാരിന്റെ കാലത്തുതന്നെ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ അവിടെ ഹോർട്ടികോർപ്പിന്റെ ഒരു സംഭരണ-വിതരണ ശീതീകരണ കേന്ദ്രം ആരംഭിക്കാനും അതോടൊപ്പം അന്താരാഷ്ട്ര തലത്തിൽ മാർക്കറ്റുകളിൽ ലഭ്യമായിക്കൊണ്ടിരിക്കുന്ന ചങ്ങാലിക്കോടൻ നേന്ത്രവാഴയുടെ സംഭരണ ട്രേഡിംഗ് കേന്ദ്രമായി അതിനെ മാറ്റാനും കഴിയുന്നതാണ്. പ്രസ്തുത സ്ഥലം കൃഷി വകുപ്പിന് വിട്ടുനൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. സ്ഥലം ലഭ്യമാകുന്നമുറയ്ക്ക് ഹോർട്ടികോർപ്പിന്റെ നേതൃത്വത്തിൽ ശീതീകരണ സംവിധാനത്തോടുകൂടിയ സംഭരണ-വിതരണ കേന്ദ്രം ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

### (8) ഹീമോഫീലിയ രോഗികൾക്ക് സൗജന്യ സഹായം

ശ്രീ. എം. വിൻസെന്റ്: സർ, സമൂഹത്തിന്റെയും സർക്കാരിന്റെയും പ്രത്യേക കരുതലും സപ്പോർട്ടും ആവശ്യപ്പെടുന്ന ഒരു വിഭാഗമാണ് ഹീമോഫീലിയ രോഗികൾ. ഹീമോഫീലിയ ഒരു ജനിതക വൈകല്യമാണ്. രക്തം കട്ടപിടിക്കുന്നതിനാവശ്യമായ ഘടകങ്ങൾ ജന്മനാ ശരീരത്തിലില്ലാത്ത ഈ രോഗികൾക്ക് സന്ധികളിലും ആന്തരികാവയവങ്ങളിലും അടിക്കടി രക്തസ്രാവമുണ്ടാകുകയും പെർമനന്റായ ഡിസെബിലിറ്റിയും മരണംവരെ സംഭവിക്കാവുന്നതുമായ ഗുരുതരമായ രോഗമാണിത്. രക്തസ്രാവമുണ്ടാകുമ്പോൾ രക്തം കട്ടപിടിക്കുന്നതിനാവശ്യമായ രക്ത ഘടകങ്ങളായ ഫാക്ടർ 8-ഉം ഫാക്ടർ 9-ഉം അടിയന്തരമായി കുത്തിവച്ചാൽ മാത്രമേ ഈ ഗുരുതരാവസ്ഥയിൽനിന്നും രക്ഷപ്പെടാൻ സാധിക്കുകയുള്ളൂ. ഇതിന് ഓരോ മാസവും ഏകദേശം 25,000 രൂപ മുതൽ 50,000 രൂപ വരെ ചെലവ് വരുന്നുണ്ട്. ഈ രോഗികൾ യാത്ര പോകുമ്പോഴും പല്ല് തേയ്ക്കുമ്പോഴും ഷേക്ക്ഹാന്റ് കൊടുത്താൽപ്പോലും രക്തസ്രാവമുണ്ടാകുന്ന പ്രത്യേകതരം രോഗമാണിത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും രണ്ട് ലക്ഷം രൂപ കൊടുക്കുന്ന പദ്ധതിയായിരുന്നു ഉണ്ടായിരുന്നത്. 5 ഗുരുതര രോഗങ്ങളിലൊന്നായിരുന്ന

ഹീമോഫീലിയ. രണ്ട് ലക്ഷം രൂപ ഒരു വർഷത്തേയ്ക്കുപോലും തികയാത്തതുകൊണ്ട് കഴിഞ്ഞ ഗവൺമെന്റ് അതിന്റെ പരിധി എടുത്തുകളഞ്ഞ് എത്ര മരുന്ന് വേണമെങ്കിലും വാങ്ങാമെന്ന് വ്യവസ്ഥ ചെയ്തു. കാരുണ്യയുടെ കാർഡുപയോഗിച്ച് കാരുണ്യ ഫാർമസിയിൽനിന്ന് എല്ലാ തവണയും ഒന്നോ രണ്ടോ യൂണിറ്റ് മരുന്ന് വാങ്ങി വീട്ടിൽ സൂക്ഷിക്കാനും രക്തസ്രാവമുണ്ടാകുമ്പോൾ അടുത്ത ക്ലിനിക്കിൽ പോയി മരുന്ന് കുത്തിവയ്ക്കാനും കഴിയുമായിരുന്നു. ഈ മാർച്ച് 31-ഓടുകൂടി ഇത് നിർത്തലാക്കാൻ പോകുന്നുവെന്നാണ് അറിയാൻ സാധിച്ചത്. ഇത് നിർത്തലാക്കിയാൽ 1600-ഓളംവരുന്ന രോഗികൾ തീർച്ചയായും മരണത്തിലേയ്ക്ക് പോകുന്ന അസ്ഥയുണ്ടാകും. അതുകൊണ്ട് ഇത് തുടരണം. അവരെ ഇപ്പോൾ നടപ്പിലാക്കാൻ പോകുന്ന ഏതെങ്കിലുമൊരു ഇൻഷ്വറൻസ് പദ്ധതിയുടെ ഭാഗമാക്കിയാൽ അവസ്ഥ കുറേക്കൂടി ഗുരുതരമാകും. കാരണം, അവർക്ക് ഇൻഷ്വറൻസ് പദ്ധതിയുടെ നിബന്ധനകൾ പ്രകാരം ആശുപത്രിയിൽ അഡ്മിറ്റാകേണ്ടിവരും. ലിസ്റ്റ് ചെയ്യപ്പെട്ട ആശുപത്രികളിൽനിന്നും വളരെ ദൂരെയായിരിക്കും അവർ താമസിക്കുന്നത്. ചിലപ്പോൾ രാത്രി രക്തസ്രാവമുണ്ടായാൽ വേറെ അശുപത്രിയിൽ അഡ്മിറ്റ് ചെയ്യേണ്ട പ്രശ്നവുമുണ്ടാകും. ദൂരെ സ്ഥലങ്ങളിൽ യാത്രയ്ക്ക് പോകുമ്പോൾ ഒരു യൂണിറ്റ് മരുന്നെങ്കിലും കരുതിയില്ലെങ്കിൽ രക്തസ്രാവമുണ്ടാകുമ്പോൾ അവർക്ക് അതിൽനിന്നും രക്ഷപ്പെടാൻ കഴിയില്ല. അതുകൊണ്ട് ഇപ്പോൾ തുടരുന്നതുപോലെ, കാരുണ്യയുടെ കാർഡുപയോഗിച്ച് കാരുണ്യ ഫാർമസിയിൽനിന്ന് പരിധിയില്ലാതെ മരുന്ന് വാങ്ങി ഇൻജക്ഷൻ എടുക്കുന്നതിനുള്ള സൗകര്യം മാർച്ച് 31-നുശേഷവും തുടരണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

പ്രതിപക്ഷ നേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, വളരെ ദൈന്യത അനുഭവിക്കുന്നവരാണ് ഹീമോഫീലിയ രോഗികൾ. വാസ്തവത്തിൽ ഇവർക്ക് പ്രത്യേക പരിഗണന നൽകേണ്ടതാണ്. വളരെ ബുദ്ധിമുട്ടിയാണ് കഴിഞ്ഞ ദിവസം ഈ രോഗികൾ എന്റെ ഓഫീസിൽ വന്നത്. കുട്ടികളുമായി വരുന്നതെന്തിനാണെന്ന് ഞാൻ അവരോട് ചോദിച്ചു. ഞാൻ ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയോട് സംസാരിക്കാമെന്ന് പറഞ്ഞു. സത്യത്തിൽ മനഃസാക്ഷിയുള്ള ഒരാൾക്കുപോലും താങ്ങാൻ കഴിയാത്ത സ്ഥിതിയാണത്. ഇക്കാര്യം പ്രത്യേകമായി പരിഗണിക്കണം. മാർച്ച് 31 കഴിഞ്ഞാൽ അവർക്ക് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യം കിട്ടുകയില്ലെന്നാണ് അറിയുന്നത്. അത് റീ കൺസിഡർ ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഡോ. എം. കെ. മുനീർ: സർ, പത്തും പന്ത്രണ്ടും ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പരീക്ഷാ സമയത്ത് ഈ മരുന്നുകൾ യഥേഷ്ടം ലഭ്യമാക്കേണ്ടത് അനിവാര്യമാണ്. ഹീമോഫീലിയ എ-യും ബി-യുമുണ്ട്. ഹീമോഫീലിയ എ-യ്ക്ക് ഫാക്ടർ 8-ഉം ഹീമോഫീലിയ ബി-ക്ക് ഫാക്ടർ 9-ഉം ആണ് ആവശ്യമായിട്ടുള്ളത്. ഇത് prophylactic ആയി കൊടുക്കണം. അല്ലെങ്കിൽ ഇവർക്ക് വൈകല്യമുണ്ടാകും. ജോയിന്റ് ബ്ലീഡിംഗ് വന്നാൽ അവർ crippled ആകാൻ സാദ്ധ്യതയുണ്ട്. അതുകൊണ്ടാണ് കഴിഞ്ഞ ഗവൺമെന്റ് ഇതിന് ലിമിറ്റില്ലാതെ ആവശ്യമുള്ളത്ര ഫാക്ടർ കൊടുക്കാൻ തീരുമാനിച്ചത്. ഇതിനുപുറമെ കെ.എസ്.എസ്.എം.-ലെ പെൻഷനും നിർത്തിവച്ചിരിക്കുകയാണ്. ഗൗരവമുള്ള ഈ രണ്ട് കാര്യങ്ങളും പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, രക്തസംബന്ധമായ അസുഖങ്ങളിലൊന്നാണ് ഹീമോഫീലിയ. Blood related disorders Hemophilia, Sickle cell anemia, Thalassemia എന്നിങ്ങനെ രോഗങ്ങളുണ്ട്. അതിൽ ഒരു രോഗത്തിന് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അവർക്കാവശ്യമായ ഫാക്ടർ കാരുണ്യ പദ്ധതിയിലുൾപ്പെടുത്തി കൊടുക്കാനാണ് തീരുമാനിച്ചത്. ബഹുമാനപ്പെട്ട മെമ്പർമാരെല്ലാം പറഞ്ഞതുപോലെ രക്തം കട്ടപിടിക്കാനാവശ്യമായ ഫാക്ടറുകളുടെ അഭാവംമൂലം മുറിവുകളുണ്ടായാൽ കൂടുതൽ സമയം രക്തസ്രാവം നീണ്ടുനിൽക്കുകയും ആന്തരികാവയവങ്ങളുടെയും കോശങ്ങളുടെയും പ്രവർത്തനം തകരാറിലാവുകയും ചെയ്യുന്ന അപകടകരമായ രോഗമാണിത്. രക്തം കട്ടപിടിക്കുന്നതിനുള്ള ഫാക്ടറുകളുടെ replacement ആണ് ഈ രോഗത്തിനുള്ള ചികിത്സ. ഇത് വളരെ ചെലവേറിയതും സാധാരണ രോഗികൾക്ക് താങ്ങാൻ കഴിയാത്തതുമാണ്.

കാരുണ്യ ബെനവലന്റ് ഫണ്ട് മുഖേനയാണ് സംസ്ഥാനത്തെ ഹീമോഫീലിയ രോഗികൾക്ക് കാരുണ്യ ഫാർമസി വഴി സൗജന്യമായി ആന്റിഹീമോഫിലിക് ഫാക്ടറുകൾ വിതരണം ചെയ്തുവന്നിരുന്നത്. ഹീമോഫീലിയ രോഗികൾക്ക് പരിധിയില്ലാതെയാണ് ചികിത്സാ സൗകര്യങ്ങൾ അനുവദിച്ചുവരുന്നത്. കഴിഞ്ഞ ഒരുവർഷത്തെ കണക്കുകളുടെ അടിസ്ഥാനത്തിൽ കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിപ്രകാരം ഒരു മാസം ശരാശരി 2.75 കോടി രൂപയുടെ ഫാക്ടറുകൾ ഹീമോഫീലിയ രോഗികൾക്ക് കെ.എം.എസ്.സി.എൽ. വഴി നൽകിവരുന്നുണ്ട്. ഫാക്ടറുകൾ വിതരണം ചെയ്ത ഇനത്തിൽ പദ്ധതിയുടെ ആരംഭം മുതൽ ഇന്നുവരെ 84.11 കോടി രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് അനുവദിച്ചിട്ടുണ്ട്. ഈ അസുഖം വളരെ ഗുരുതരമാണ്. പക്ഷേ കേരളം പോലെയുള്ള സംസ്ഥാനത്തെ സംബന്ധിച്ച് ഇതൊരു വലിയ തുകയാണ്.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ഇതുസംബന്ധിച്ച് ഞാനുമൊരു ചോദ്യം ചോദിച്ചിരുന്നു.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, സബ്മിഷനിൽ ഒരാൾ വിഷയം ഉന്നയിച്ചാൽ മതി. ഇത് നമുക്കെല്ലാവർക്കും ഒരുപോലെ താല്പര്യമുള്ള വിഷയമാണ്.

ഏത് ഗവൺമെന്റ് ഭരിച്ചാലും കേരളത്തിലെ മൂന്നര കോടി ജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കാനായി ആരോഗ്യ മേഖലയ്ക്ക് 360 കോടി രൂപ മാത്രമാണ് ലഭിക്കുന്നത്. നമുക്ക് പ്രതിവർഷം 84 കോടി രൂപയോളം ചെലവ് വരും. ഏതായാലും കാരുണ്യ ബെനവലന്റ് ഫണ്ടിൽ ഉൾപ്പെടുത്തി ഫാക്ടറുകൾ ഇപ്പോഴും സൗജന്യമായി കൊടുത്തുകൊണ്ടിരിക്കുകയാണ്; അത് മുടങ്ങിയിട്ടില്ല. 1-4-2019 മുതൽ സംസ്ഥാനത്ത് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) നടപ്പിലാക്കിയപ്പോൾ ഹീമോഫീലിയ രോഗികൾക്കുള്ള ചികിത്സ അതിൽ ഉൾപ്പെടുത്തിയിരുന്നില്ല. 27-6-2019-ലെ G.O.(MS)31/2019/Taxes ഉത്തരവുപ്രകാരം കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീം നിർത്തലാക്കിയതിനാൽ ഹീമോഫീലിയ രോഗികളുടെ പുതിയ അപേക്ഷകൾ സ്വീകരിക്കുന്നില്ല. എന്നാൽ ഹീമോഫീലിയ രോഗികളുടെ കഷ്ടതകളും ഭാരിച്ച ചികിത്സാ ചെലവും കണക്കിലെടുത്ത് സർക്കാർ ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് 6-8-2019-ലെ സ.ഉ.(കൈ)നമ്പർ 122/2019/ആ.കു.വ. ഉത്തരവുപ്രകാരം ഇവർക്ക് 2020 മാർച്ച് 31 വരെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി സൗജന്യ ആന്റിഹീമോഫിലിക് ഫാക്ടറുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിലുൾപ്പെട്ട എല്ലാ സർക്കാർ ആശുപത്രികളിലും 1-7-2019 മുതൽ 31-3-2020 വരെ അർഹരായ ഹീമോഫീലിയ രോഗികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കിയിരിക്കുകയാണ്. ഇതുപ്രകാരം കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ നേരത്തെ അംഗമായിട്ടുള്ളവർക്കും പുതിയ അപേക്ഷകർക്കും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി സൗജന്യമായി ഫാക്ടറുകൾ വിതരണം ചെയ്തുവരുന്നുണ്ട്.

ലഭ്യമായ കണക്കുപ്രകാരം 1058 ഹീമോഫീലിയ രോഗികൾക്ക് കാരുണ്യ ബെനവലന്റ് ഫണ്ടിൽ ഉൾപ്പെടുത്തി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി ആന്റിഹീമോഫിലിക് ഫാക്ടറുകൾ സംഭരിച്ച് വിതരണം ചെയ്യുന്നുണ്ട്. തുടർചികിത്സയ്ക്കായി പ്രതിമാസം 4502 യൂണിറ്റ് ഫാക്ടർ-8, 463 യൂണിറ്റ് ഫാക്ടർ-9, 680 യൂണിറ്റ് FEIBA എന്നിങ്ങനെയാണ് മരുന്നുകൾ ആവശ്യമായി വരുന്നത്. മരുന്ന് ലഭ്യത ഉറപ്പാക്കാൻ പ്രതിമാസം വേണ്ടിവരുന്ന അളവിന് ആനുപാതികമായ ഫാക്ടറുകൾ കരുതൽശേഖരമായി സൂക്ഷിക്കുന്ന

രീതിയാണ് അവലംബിച്ചുവരുന്നത്. ഹീമോഫീലിയ രോഗികൾക്ക് രക്തസ്രാവമുണ്ടാകുകയോ അടിയന്തര ശസ്ത്രക്രിയ നടത്തേണ്ടിവരികയോ ചെയ്യുമ്പോൾ കണക്കുകൂട്ടലുകൾക്കതീതമായി ഫാക്ടറുകൾ ആവശ്യമായിവരും. അത്തരം സാഹചര്യങ്ങളിൽ ഫാക്ടറുകൾ കുറഞ്ഞുപോയാൽ പിന്നീടത് പുനഃസ്ഥാപിക്കുക യാണ് ചെയ്യുന്നത്. സമയോചിതമായ ഇടപെടലുകളിലൂടെ എല്ലാ കാരുണ്യ ഫാർമസി ഔട്ട്ലെറ്റുകളും മരുന്നിന്റെ ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ 534 FEIBA, 5947 ഫാക്ടർ-8, 1672 ഫാക്ടർ-9 എന്നിങ്ങനെ കരുതൽ ശേഖരമുണ്ട്. മാർച്ചിന് ശേഷമുള്ളത് സംബന്ധിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായി ചർച്ച നടത്തിയിട്ടുണ്ട്. കാരുണ്യ പദ്ധതിവഴി ലഭ്യമായിരുന്ന ആനുകൂല്യങ്ങളൊന്നും നിർത്തലാക്കാതെ അത് KASP പ്ലസ് പദ്ധതിയായി തുടരാനാണ് തീരുമാനിച്ചിട്ടുള്ളത്. ഹീമോഫീലിയ രോഗികൾക്കുള്ള മരുന്നും ചികിത്സയും മുടക്കമില്ലാതെ നൽകുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കും. സിക്കിൾസെൽ അനീമിയ, തലസീമിയ എന്നിവയും ഹീമോഫീലിയ പോലെയുള്ള അസുഖങ്ങളാണ്. അതുകൊണ്ട് ഇതുസംബന്ധിച്ച് ഒരു സമഗ്ര പദ്ധതി തയ്യാറാക്കുന്നതിനായി നാഷണൽ ഹെൽത്ത് മിഷൻ എസ്.എം.ഡി. കൂടിയായ ഡോ. രത്തൻ യു. ഖേൽക്കറിന്റെ നേതൃത്വത്തിൽ ഒരു പഠനവും നടത്തുന്നുണ്ട്. .........(ബഹളം)....... ഞാൻ പറയുന്നത് കേൾക്കൂ. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ചില നിബന്ധനകൾ ഇതിൽ ഉൾപ്പെടുത്താം. ഹീമോഫീലിയ രോഗികൾക്ക് അഡ്മിറ്റായി ചികിത്സിക്കാൻ പറ്റില്ല. അവർ വീട്ടിൽ നിൽക്കുമ്പോഴായിരിക്കും പെട്ടെന്ന് രക്തസ്രാവമുണ്ടാകുന്നത്. അതുകൊണ്ട് ഫാക്ടറുകൾ നേരത്തെ കൊടുക്കേണ്ടിവരും. അതുകൊണ്ട് KASP-ൽ ഉൾപ്പെടുത്തുമെന്നല്ല പറഞ്ഞത്, KASP-ൽ ഉൾപ്പെടാതെ നേരത്തെ കാരുണ്യയിൽ ആനുകൂല്യം ലഭിച്ചിരുന്ന ഇത്തരം രോഗികൾക്ക് KASP പ്ലസ് ആയി ചികിത്സ തുടരുമെന്നാണ് പറഞ്ഞത്.

(9) ജപ്തി നടപടികൾ

ശ്രീ. മാത്യു ടി. തോമസ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ പടിഞ്ഞാറൻ പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന അപ്പർ കുട്ടനാട് മേഖലയിലെ നെൽകർഷകരുടെ ഗൗരവമായ ഒരു പ്രശ്നമാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. അപ്പർ കുട്ടനാട് മേഖലയിൽ മാത്രമല്ല, സംസ്ഥാനത്തെ മുഴുവൻ നെൽകർഷകരും നേരിടുന്ന ഒരു പ്രശ്നമാണിത്. മുമ്പ് നെല്ല് സംഭരണം കഴിഞ്ഞാൽ അതിന്റെ വില കിട്ടാൻ വളരെക്കാലം കാത്തിരിക്കണമായിരുന്നു. എന്നാൽ

കഴിഞ്ഞ കൊയ്ത്തിന് അപ്പോൾത്തന്നെ വില കിട്ടി. അങ്ങനെ വില കിട്ടിയപ്പോൾ മറ്റുചില പ്രശ്നങ്ങൾ രൂപപ്പെട്ടുവന്നിരിക്കുകയാണ്. കാരണം, സപ്ലൈകോ അല്ലെങ്കിൽ സർക്കാർ കൊടുത്തുതീർക്കാമെന്നുള്ള ധാരണയിൽ ബാങ്കുകളിൽ നിന്ന് വായ്പയായി ക്രമീകരിച്ചാണ് കർഷകന് നെല്ലിന്റെ വില നൽകിയത്. ഇപ്പോൾ ബാങ്കുകളിൽ നിന്നെടുത്ത വായ്പ തിരിച്ചടയ്ക്കാത്തതിന്റെ പേരിൽ നെൽകർഷകർക്ക് ജപ്തി നോട്ടീസ് വന്നുകൊണ്ടിരിക്കുകയാണ്. മാത്രമല്ല, ബാങ്കുകളുമായി മറ്റ് പണമിടപാടുകൾ നടത്തുന്നതിനും കർഷകർക്ക് ബുദ്ധിമുട്ടായിരിക്കുകയാണ്. മാർച്ച് മാസം 31 വരെ കാർഷിക കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിരിക്കുമ്പോഴാണ് കർഷകന് ജപ്തി നോട്ടീസ് വന്നുകൊണ്ടിരിക്കുന്നത്. പ്രധാനമായും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയാണ് ഇത്തരം നോട്ടീസുകൾ പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്നത്. അടുത്ത കൊയ്ത്തിന് സമയമായിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ജപ്തി നോട്ടീസുകൾ ഒഴിവാക്കാനാവാശ്യമായ ഇടപെടൽ നടത്തണം. കർഷകന്റെ പേരിൽ രേഖപ്പെടുത്തിയിരിക്കുന്ന വായ്പ അവൻ ഉല്പാദിപ്പിച്ച നെല്ലിന്റെ വിലയാണ്. ആ വായ്പ കൊടുത്തുതീർത്ത് കർഷകരെ കടബാധ്യതയിൽ നിന്ന് ഒഴിവാക്കാനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കണമെന്നാണ് അഭ്യർത്ഥിക്കുന്നത്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, കേന്ദ്രസർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ള വികേന്ദ്രീകൃത ധാന്യസംഭരണ പദ്ധതിപ്രകാരം കേരളത്തിലെ നെൽകർഷകർ ഉല്പാദിപ്പിക്കുന്ന നെല്ല് നിശ്ചിത ഗുണമേന്മാ മാനദണ്ഡങ്ങൾക്കനുസൃതമായി ഏറ്റെടുത്ത് ആധുനിക അരി മില്ലുകളിൽ സംസ്കരിച്ച് പൊതുവിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്യുന്ന പദ്ധതിയുടെ നോഡൽ എജൻസിയായി പ്രവർത്തിക്കുന്നത് കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനാണ്. കർഷകരിൽനിന്നും സംഭരിക്കുന്ന നെല്ലിന്റെ വില ഉടൻതന്നെ പി.ആർ.എസ്. ലോൺ വഴി കർഷകർക്ക് നൽകുന്നതിനായി 15 ദേശസാൽകൃത ബാങ്കുകളുമായി സപ്ലൈകോ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. നിലവിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ വികേന്ദ്രീകൃത ധാന്യസംസ്കരണ പദ്ധതിപ്രകാരം കേരളത്തിലെ 14 ജില്ലകളിൽനിന്നും നെല്ല് സംഭരിക്കുന്നുണ്ട്. ഇപ്രകാരം സംഭരിച്ച നെല്ലിന്റെ വില പി.ആർ.എസ്. വായ്പാ പദ്ധതിപ്രകാരം സമയബന്ധിതമായി കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ കേന്ദ്രസർക്കാരിൽ നിന്നുള്ള തുക ലഭ്യമാകാൻ വൈകുന്നതുമൂലം ലോൺ സമയബന്ധിതമായി തിരിച്ചടയ്ക്കാൻ കഴിയാതെ വരുന്നുണ്ട്. അത് കർഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കിയിട്ടുണ്ടെന്ന കാര്യം വാസ്തവമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ 22-1-2020-ന് ഭക്ഷ്യ പൊതുവിതരണ

വകുപ്പുമന്ത്രിയുടെയും കൃഷി വകുപ്പുമന്ത്രിയുടെയും സാന്നിധ്യത്തിൽ സംസ്ഥാനതല ബാങ്കേഴ്സ് സമിതി അധികൃതരുമായി നടത്തിയ ചർച്ചയിൽ സമയപരിധി കഴിഞ്ഞ വായ്പാത്തുക പൂർണ്ണമായും 2020 മാർച്ച് 31-നുമുമ്പായി ബാങ്കിൽ തിരിച്ചടയ്ക്കാമെന്ന് അറിയിച്ചിട്ടുള്ളതും ആർ.ബി.ഐ.-യുടെ അനുമതിക്ക് വിധേയമായി മൊറട്ടോറിയം കാലാവധി പി.ആർ.എസ്. വായ്പയ്ക്കുകൂടി ബാധകമാക്കാവുന്നതും എൻ.പി.എ.-ൽ നിന്ന് കർഷകരെ ഒഴിവാക്കി പി.ആർ.എസ്. വായ്പ തുടർന്നും നൽകാൻ തീരുമാനിച്ചിട്ടുള്ളതുമാണ്. ഇത്തരത്തിൽ തുക നൽകുന്നതിനായി ചില ബാങ്കുകൾ പി.ആർ.എസ്. വായ്പാ വിതരണം ഇതിനോടകംതന്നെ പുനരാരംഭിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമാക്കാനുള്ള തുക 2020- മാർച്ച് മാസത്തിൽ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇത്തരത്തിൽ ലഭിക്കുന്ന തുകയിൽനിന്നും സംഭരിക്കുന്ന നെല്ലിന്റെ പി.ആർ.എസ്. വായ്പയായി നൽകുന്ന തുക സമയബന്ധിതമായി തിരിച്ചടച്ച് നെല്ല് സംഭരണം സുഗമമാക്കുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം പറഞ്ഞതുപോലെ എസ്.ബി.ഐ.-യുടെ ഭാഗത്തുനിന്നാണ് ഇപ്പോൾ ന്യായമായ സമീപനം ഉണ്ടാകാത്തത്. വീഴ്ചവന്ന തുകയുടെ പലിശ അടച്ചാൽ മാത്രമേ പി.ആർ.എസ്. വായ്പാ പദ്ധതി തുടരാൻ കഴിയൂവെന്ന അവരുടെ അറിയിപ്പിനെത്തുടർന്ന് അത് അടയ്ക്കാൻ ശ്രമിക്കുകയാണ്. തീർച്ചയായും ആവശ്യമായ ക്രമീകരണങ്ങൾ ഈ രംഗത്ത് വരുത്തുന്നതാണ്.

1.00 PM]

## (10) പുനരധിവാസം

ശ്രീ. ടി. ജെ. വിനോദ്: സർ, എന്റെ നിയോജകമണ്ഡലത്തിൽ തേവര പേരണ്ടൂർ കനാലിന് സമീപമുള്ള പി. ആൻഡ് ടി. കോളനിയിൽ താമസിക്കുന്ന 89 കുടുംബങ്ങളുടെ വിഷയമാണ് ഉന്നയിക്കുന്നത്. അവിടെ താമസിക്കുന്ന ജനവിഭാഗങ്ങൾക്ക് വീട് നിർമ്മിച്ചുകൊടുക്കുന്നതിന് ഒരു പദ്ധതി ലൈഫിൽ ഉൾപ്പെടുത്തി ഏകദേശം 15,84,80,000 രൂപയുടെ ഭരണാനുമതി സംസ്ഥാന ഗവൺമെന്റ് നൽകുകയുണ്ടായി. 31-7-2018-ൽ രാമേശ്വരം വില്ലേജിൽ ജി.സി.ഡി.എ. (Greater Cochin Development Authority)-യുടെ 70 സെന്റ് സ്ഥലത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തറക്കല്ലിടുകയും ചെയ്തു. വെള്ളപ്പൊക്കമുണ്ടാകുന്ന സന്ദർഭത്തിൽ മാത്രമല്ല വേലിയേറ്റമുണ്ടാകുമ്പോൾപോലും വീടുകളിൽ വെള്ളം കയറുന്ന ദുസ്സഹമായ സാഹചര്യമാണ് അവിടെയുള്ളത്. 2017-ൽ സംസ്ഥാന ശുചിത്വ മിഷന്റെ പരിശോധനയിൽ കോളനിയിൽ ബയോ ടോയ്‌ലെറ്റ് പോലും നിർമ്മിക്കാൻ സാധിക്കാത്ത സാഹചര്യമാണ് എന്നാണ് കണ്ടെത്തിയിരിക്കുന്നത്. ഇത്തരമൊരു സാഹചര്യത്തിലാണ് ജി.സി.ഡി.എ.

ഇത്തരമൊരു പ്രോജക്ടിന് തുടക്കം കുറിച്ചത്. എന്നാൽ അതിന്റെ പ്രവർത്തനം എവിടെയുമെത്താത്ത സാഹചര്യമാണുള്ളത്. ആ പദ്ധതി അടിയന്തരമായി പൂർത്തീകരിക്കാൻ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഇടപെടൽ ഉണ്ടാകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, കൊച്ചി നഗരസഭാ പരിധിയിലുള്ള രാമേശ്വരം വില്ലേജിലെ സർവ്വേ നമ്പർ 485, 488 എന്നിവയിൽ ഉൾപ്പെട്ട ജി.സി.ഡി.എ. (Greater Cochin Development Authority) വക 70 സെന്റ് സ്ഥലത്ത് രണ്ട് ബ്ലോക്കുകളിൽ നാല് നിലകളിലായി 88 ഭവനങ്ങൾ ഉൾക്കൊള്ളുന്ന ഭവനസമുച്ചയം നിർമ്മിച്ച് പി & ടി കോളനി നിവാസികളെ പുനരധിവസിപ്പിക്കാനുള്ള പദ്ധതിക്ക് 15,84,80,000 രൂപയുടെ ഭരണാനുമതി 11-7-2019-ലെ സർക്കാർ ഉത്തരവുപ്രകാരം നൽകുകയുണ്ടായി. ലൈഫ് മിഷനിൽ നിന്ന് യൂണിറ്റ് ഒന്നിന് 10.50 ലക്ഷം രൂപ, പി.എം.എ.വൈ. അർബനിൽ ഉൾപ്പെടുത്തി കുടുംബശ്രീയിൽ നിന്ന് 1.50 ലക്ഷം രൂപ എന്ന നിരക്കിൽ തുക അനുവദിക്കുകയും ബാക്കി സി.എസ്.ആർ. സ്പോൺസർഷിപ്പ് വഴി ജി.സി.ഡി.എ. കണ്ടെത്തിയുമാണ് ടി പദ്ധതിയിൽ നിർമ്മാണം നടത്തുന്നത്. ഇതിന്റെ നിർമ്മാണച്ചുമതല ജി.സി.ഡി.എ.-യ്ക്കാണ്. Glass fibre reinforced gypsum panel technology ഉപയോഗിച്ചുള്ള പ്രീഫാബ് സമുച്ചയങ്ങൾ നിർമ്മിക്കാൻ തീരുമാനിക്കുകയും എഫ്.ആർ.ബി.എൽ. എന്ന സ്ഥാപനത്തെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ് (പി.എം.സി.) ആയി നിയമിക്കുകയും ചെയ്തിരുന്നു. എന്നാൽ സാമ്പത്തിക ബാധ്യതകൾമൂലം നിയമനടപടികൾ നേരിടുന്നതിനാൽ എഫ്.ആർ.ബി.എൽ.-ന് പി.എം.സി. ആയി തുടരാൻ സാധിക്കില്ലെന്ന് രേഖാമൂലം അറിയിച്ചതിനെത്തുടർന്ന് ജി.സി.ഡി.എ. പ്രസ്തുത ഭവനങ്ങളുടെ നിർമ്മാണം തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി മുഖേന നടപ്പാക്കാനായി ലൈഫ് മിഷനോട് ആവശ്യപ്പെടുകയും നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നിർമ്മാണമാകയാൽ ഡിസൈനും ഗുണപരിശോധനയും ഐ.ഐ.ടി. നിലവാരത്തിലുള്ള വിദഗ്ദ്ധ ഏജൻസികൾ മുഖേന നടത്തണമെന്ന നിബന്ധനയോടുകൂടി ലൈഫ് മിഷൻ എൻ.ഒ.സി. നൽകുകയും ചെയ്തു. ആയതിൻപ്രകാരം തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി 20-1-2020-ന് കെട്ടിടത്തിന്റെ അടിത്തറ ഡിസൈൻ പരിശോധിക്കാൻ ഐ.ഐ.ടി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമായാലുടൻ ടെക്നിക്കൽ സാംഗ്ഷൻ ലഭ്യമാക്കി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പണി ആരംഭിക്കുന്നതിന് ജി.സി.ഡി.എ.-യ്ക്ക് നിർദ്ദേശം നൽകുന്നതാണ്.

# V മേശപ്പുറത്തുവച്ച കടലാസ്സുകൾ

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 'സാമ്പത്തിക അവലോകനം -2019' ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 236 (5) പ്രകാരമുള്ളത്

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| XIV-ആഭ്യന്തര കാര്യങ്ങൾ | 2017-18 | 2 | 35-83 |
| | 2018-19 | 3 | 1-5, 126, 150,151 |

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| IV-വ്യവസായവും ധാതുക്കളും | 2018-19 | 3 | 5, 7-18, 39- 41, 46, 52-54 |

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| II-ഭൂനികുതിയും ദേവസ്വവും | 2018-19 | 3 | 19 |
| III-ജലവിഭവം | 2017-18 | 2 | 7 |
| | 2018-19 | 3 | 14 |

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| III-ജലവിഭവം | 2018-19 | 3 | 21, 23-25, 33, 34, 51-53 |

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VIII-സാമ്പത്തിക കാര്യങ്ങൾ | 2017-18 | 2 | 7-11 |
| | 2018-19 | 3 | 26 |

കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| I-കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും | 2010-11 | 5 | 18 |

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| XIII-സാമൂഹ്യസേവനം | 2017-18 | 2 | 1 |
| IX-തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും | 2018-19 | 3 | 14 |

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| XII-ആരോഗ്യവും കുടുംബക്ഷേമവും | 2018-19 | 3 | 11-25, 69 |

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| IX-തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും | 2017-18 | 2 | 11, 12, 19, 22, 23, 26 |

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VII-വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും | 2016-17 | 1 | 32, 40 |

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യവും സാമൂഹ്യനീതിയും വനിത- ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VI-വിദ്യാഭ്യാസം | 2015-16 | 5 | 23, 44-50 |
| | 2018-19 | 3 | 41, 44, 51, 59, 89 |

ചട്ടം 236(6) പ്രകാരമുള്ളത്

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXI-ഭവനനിർമ്മാണം | 2016-17 | ആഭ്യന്തര വകുപ്പ്, കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ |
| II-സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 2017-18 | പൊതുഭരണ(അക്കൗണ്ട്സ് ബഡ്ജറ്റ് വിംഗ് ) വകുപ്പ് |
| III-നീതിന്യായ നിർവ്വഹണം | 2017-18 | കേരളഅഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ |
| XXXVII-വ്യവസായങ്ങൾ | 2017-18 | ഇലക്ട്രോണിക്സ് & വിവര സാങ്കേതികവിദ്യ (എ) വകുപ്പ്, സൈബർ പാർക്ക് |
| II-സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 2018-19 (കാലതാമസ പത്രിക സഹിതം) | ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ. 11) വകുപ്പ് |
| IV-തെരഞ്ഞെടുപ്പുകൾ | 2018-19 (കാലതാമസ പത്രിക സഹിതം) | ഇലക്ഷൻ വകുപ്പ് |
| XIV-സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 2018-19 (കാലതാമസ പത്രിക സഹിതം) | പൊതുഭരണ (എ.ഐ.എസ്.-എ.) വകുപ്പ് |
| XXIII-വാർത്താ വിതരണവും പ്രചരണവും | 2018-19 (കാലതാമസ പത്രിക സഹിതം) | വിവരപൊതുജന സമ്പർക്ക വകുപ്പ് |
| XXIX-കൃഷി | 2018-19 (കാലതാമസ പത്രിക സഹിതം) | ആസൂത്രണ സാമ്പത്തികകാര്യ (ഡബ്ല്യൂ.ജി.സി) വകുപ്പ്, പശ്ചിമ ഘട്ടസെൽ |
| XLV-പലവക വായ്പകളും മുൻകൂറുകളും | 2018-19 (കാലതാമസ പത്രിക സഹിതം) | പൊതുഭരണ (എ.ഐ.എസ്-സി.) വകുപ്പ് |

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXXVII-വ്യവസായങ്ങൾ | 2010-11 | സീതാറാം ടെക്സ്റ്റൈൽസ് |
| " | " | ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| " | " | കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് |
| " | " | സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് |
| " | " | കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് |
| " | 2011-12 | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് |
| " | " | സീതാറാം ടെക്സ്റ്റൈൽസ് |
| " | " | ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| " | " | കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് |
| " | " | കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് |
| " | 2012-13 | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് |
| " | " | സീതാറാം ടെക്സ്റ്റൈൽസ് |
| " | " | ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| " | " | കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് |
| " | " | കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് |
| " | 2013-14 | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് |
| " | " | സീതാറാം ടെക്സ്റ്റൈൽസ് |
| " | " | ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| " | " | കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ് |
| " | " | കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് |
| " | " | സെയിൽ എസ്.സി.എൽ. കേരള ലിമിറ്റഡ് |

| | | |
|---|---|---|
| " | 2014-15 | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് |
| " | " | സീതാറാം ടെക്സ്റ്റൈൽസ് |
| " | " | ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| " | " | കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് |
| " | 2015-16 | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് |
| " | " | സീതാറാം ടെക്സ്റ്റൈൽസ് |
| " | " | ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| " | " | ദി കേരള സിറാമിക്സ് ലിമിറ്റഡ് |
| " | " | കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് |
| " | 2016-17 | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് |
| " | " | കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് |
| " | " | സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ് |
| " | " | ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| " | " | കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് |
| " | 2017-18 | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് |
| " | " | കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് |
| " | " | സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ് |
| " | " | ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| " | " | കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് |
| " | " | സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് |
| " | 2018-19 (കാലതാമസപത്രിക സഹിതം) | കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ് |
| " | " | കെൽട്രോൺ കംപണന്റ് കോംപ്ലക്സ് ലിമിറ്റഡ് |
| " | " | ദി കേരള സിറാമിക്സ് ലിമിറ്റഡ് |
| " | " | സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് |

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XI-ജില്ലാഭരണവും പലവകയും XVI-പെൻഷനും പലവകയും | 2017-18 | റവന്യൂ വകുപ്പ്, ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് |

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXIX-കൃഷി | 2018-19 (കാലതാമസപത്രിക സഹിതം) | ജലവിഭവ വകുപ്പ് |
| XXXVIII-ജലസേചനം | 2018-19 (കാലതാമസ പത്രിക സഹിതം) | ജലവിഭവ വകുപ്പ് |

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XL-തുറമുഖങ്ങൾ | 2018-19 (കാലതാമസ പത്രിക സഹിതം) | മത്സ്യബന്ധന തുറമുഖ വകുപ്പ് |

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| II-സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 2018-19 (കാലതാമസ പത്രിക സഹിതം) | ധനകാര്യ വകുപ്പ് |
| V-ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും | 2018-19 (കാലതാമസ പത്രിക സഹിതം) | നികുതി വകുപ്പ് |
| XXXVII-വ്യവസായങ്ങൾ | 2018-19 (കാലതാമസ പത്രിക സഹിതം) | കയർ വികസന വകുപ്പ് |

കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXIX-കൃഷി<br>XXX-ഭക്ഷ്യം<br>XXXIX-വൈദ്യുത പദ്ധതികൾ | 2018-19 (കാലതാമസ പത്രിക സഹിതം) | കാർഷികവികസന കർഷകക്ഷേമ വകുപ്പ് |

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XVII-വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം | 2014-15 | സാംസ്കാരികകാര്യ വകുപ്പ് |
| XXV-പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റു പിന്നോക്ക വിഭാഗങ്ങൾ, ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 2018-19 (കാലതാമസ പത്രിക സഹിതം) | പിന്നോക്ക വിഭാഗവികസനം |

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XLVI-സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും | 2014-15 | സാമൂഹ്യനീതി |
| XLVI-സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും | 2015-16 | സാമൂഹ്യനീതി |
| XLVI-സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും | 2016-17 | സാമൂഹ്യനീതി |

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXI-ഭവന നിർമ്മാണം | 2016-17 | പൊതുമരാമത്ത് വകുപ്പ് |
| XXI-ഭവന നിർമ്മാണം | 2017-18 | പൊതുമരാമത്ത് വകുപ്പ് |
| XV-പൊതുമരാമത്ത് | 2018-19 (കാലതാമസപത്രിക സഹിതം) | പൊതുമരാമത്ത് വകുപ്പ് |

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XVIII-വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും | 2018-19 (കാലതാമസ പത്രിക സഹിതം) | ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് |
| XXIV-തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2018-19 (കാലതാമസ പത്രിക സഹിതം) | വ്യാവസായിക പരിശീലന വകുപ്പ് |
| XXIV-തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2018-19 (കാലതാമസ പത്രിക സഹിതം) | വ്യാവസായിക ട്രൈബ്യൂണലുകൾ, കിലെ, തൊഴിൽ കോടതികൾ, നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരള) വകുപ്പ്, ഒഡെപെക് |
| XXIV-തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2018-19 (കാലതാമസ പത്രിക സഹിതം) | തൊഴിലും നൈപുണ്യവും (ഡി) വകുപ്പ് |

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXVII—സഹകരണം | 2018-19 (കാലതാമസപത്രിക സഹിതം) | സഹകരണ വകുപ്പ് |

## VI ഗവൺമെന്റ് പ്രമേയം

### ആദായ നികുതി നിയമത്തിലെ 6-ാം വകുപ്പിലെ ഭേദഗതി നിർദ്ദേശം ഒഴിവാക്കണമെന്നത് സംബന്ധിച്ച്

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, "പ്രവാസികൾക്ക് ആദായനികുതി ചുമത്തുന്ന വ്യവസ്ഥയിൽ മാറ്റം വരുത്തിക്കൊണ്ട് 2020-21-ലേയ്ക്കുള്ള കേന്ദ്ര ബഡ്ജറ്റിന്റെ ഭാഗമായി ഫെബ്രുവരി 1-ാം തീയതി ലോക്സഭയുടെ മേശപ്പുറത്തുവച്ച

ധനകാര്യ ബില്ലിൽ 1961-ലെ ആദായനികുതി നിയമത്തിന്റെ 6-ാം വകുപ്പിൽ 1-4-2021 മുതൽ പ്രാബല്യത്തിൽ വരുന്ന രീതിയിൽ മാറ്റം നിർദ്ദേശിച്ചിരിക്കുന്നു. നിലവിൽ ഒരു ഇന്ത്യൻ പൗരനോ ഇന്ത്യൻ വംശജനോ ഒരു സാമ്പത്തിക വർഷത്തിൽ 182 ദിവസമോ അതിൽ കൂടുതലോ ഇന്ത്യയിൽ താമസിക്കുന്ന ഘട്ടത്തിലാണ് ആദായനികുതിയുടെ കാര്യത്തിൽ റസിഡന്റ് (Resident) ആയി കണക്കാക്കപ്പെടുന്നത്. 2021 ഏപ്രിൽ 1 മുതൽ ഈ കാലാവധി '120 ദിവസമോ അതിൽ കൂടുതലോ' ആയി കുറയ്ക്കാനാണ് ഭേദഗതി നിർദ്ദേശം.

ടാക്സ് വെട്ടിപ്പ് തടയാനാണെന്ന നിലയിൽ കൊണ്ടുവന്ന ഈ നിർദ്ദേശം കേരളത്തിൽ നിന്ന് ഗൾഫ് രാജ്യങ്ങളിൽ തൊഴിലെടുക്കാൻ പോകുന്ന വലിയൊരു വിഭാഗം പ്രവാസികൾക്ക് അവരുടെ കുടുംബത്തോടൊപ്പം വന്ന് തങ്ങാൻ കഴിയാത്ത അവസ്ഥ സൃഷ്ടിക്കും. വരുമാന നികുതി വെട്ടിക്കാനല്ല, മറിച്ച്, കുടുംബപരമായ ആവശ്യങ്ങൾക്കാണ് അവർ ഇപ്രകാരം രാജ്യത്ത് വന്ന് തങ്ങുന്നത്.

പശ്ചിമേഷ്യൻ രാജ്യങ്ങളിൽ ജോലിയെടുക്കുന്ന ചെറുകിട ബിസിനസ് സംരംഭകരുടെ വരുമാനം ഗണ്യമായി കുറയ്ക്കുന്നതിന് ഇത് ഇടയാക്കും. 240 ദിവസമെങ്കിലും വിദേശത്ത് തങ്ങിയാൽ മാത്രമേ അവർക്ക് നോൺ റസിഡന്റ് സ്റ്റാറ്റസ് നിലനിർത്താനാകൂ. നിലവിൽ ഇതിന് 182 ദിവസം മതിയാകും. എണ്ണ റിഗ്ഗുകളിലും മറ്റും തൊഴിൽ ചെയ്യുന്ന വ്യക്തികൾ ഒരു മാസം ഓഫ് ഡ്യൂട്ടിയായി നാട്ടിൽ വരാറുണ്ട്. ഇവരെയും ഈ ഭേദഗതി പ്രതികൂലമായി ബാധിക്കുമെന്ന ആശങ്കയുണ്ട്.

കേരളത്തിന്റെ സാമ്പത്തികരംഗത്ത് ഗണ്യമായ സംഭാവന നൽകുന്നവരാണ് വിദേശത്ത് ജോലി ചെയ്യുന്ന മലയാളികൾ. സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനത്തിന്റെ ഏകദേശം 15 ശതമാനത്തോളം വരും ഇപ്രകാരം ലഭിക്കുന്ന പുറംവരുമാനമെന്നാണ് കണക്കാക്കിയിട്ടുള്ളത്. പ്രവാസികൾ നാട്ടിൽ വന്നുപോകുമ്പോൾ നടത്തുന്ന ഉപഭോഗവും മറ്റ് ചെലവുകളും നമ്മുടെ വ്യവസായ വ്യാപാര മേഖലയുടെ വളർച്ചയുടെ ഒരു പ്രധാന ഘടകമാണ്. സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് ഇതുണ്ടാക്കുന്ന ഉണർവ് ഒട്ടും ചെറുതല്ല. ദേശീയ സാമ്പത്തിക രംഗത്തുള്ള മാന്ദ്യംകൂടി കണക്കിലെടുക്കുമ്പോൾ മേൽപ്പറഞ്ഞ ഭേദഗതി നിർദ്ദേശം നടപ്പായാൽ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച വലിയ തിരിച്ചടി നേരിടും.

ഇതുകൂടാതെ, മറ്റേതെങ്കിലും വിദേശരാജ്യത്ത് ടാക്സ് നൽകാത്ത ഇന്ത്യൻ പൗരനെ ഇന്ത്യൻ പൗരനായി കണക്കാക്കി ടാക്സ് ചുമത്തുമെന്ന 1961-ലെ ആദായ നികുതി നിയമത്തിന്റെ വകുപ്പ് 6-നുള്ള ഭേദഗതി നിർദ്ദേശവും ഉണ്ടായിട്ടുണ്ട്.

വ്യക്തിഗത ആദായനികുതിയോ ഇന്ത്യയുമായി ഇരട്ട നികുതി ഉടമ്പടി കരാറോ ഇല്ലാത്ത രാജ്യങ്ങളിൽ ജോലി ചെയ്യുന്ന സാധാരണക്കാർക്ക് ഇത് ദോഷകരമായിത്തീരും. നമ്മുടെ നാടിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും സാമൂഹിക സാമ്പത്തികമേഖലകളിൽ സർക്കാരിന്റെ ഇടപെടൽശേഷി വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടി കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. വെളിപ്പെടുത്താത്ത വരുമാനത്തിനും അനധികൃതമായി പണം കടത്തുന്നതിനും ആദായനികുതി വെട്ടിക്കുന്നതിനും കർശനമായ നടപടി ആവശ്യമാണെന്നത് അംഗീകരിക്കുമ്പോൾത്തന്നെ സാധാരണക്കാരും പരിമിത വരുമാനക്കാരുമായ പ്രവാസികളെ ഈ നിയമഭേദഗതിയുടെ പരിധിയിൽ നിന്ന് ഒഴിവാക്കാനാവശ്യമായ നടപടി കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. ബഡ്ജറ്റ് പ്രഖ്യാപിച്ച ഉടൻ, സംസ്ഥാന സർക്കാർ ഈ പ്രശ്നം ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ കേന്ദ്ര സർക്കാർ ഫെബ്രുവരി 2-ാം തീയതിയിലെ പ്രസ് റിലീസ് മുഖാന്തരം 'മറ്റ് രാജ്യങ്ങളിൽ തൊഴിൽ ചെയ്യുന്ന ഇന്ത്യൻ പൗരന്മാരെ നികുതിവലയത്തിൽ ഉൾപ്പെടുത്തുന്ന ഉദ്ദേശത്തോടെയല്ല ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളതെന്ന്' പ്രഖ്യാപിക്കുന്നുണ്ടെങ്കിലും ധനബിൽ 2020-ലെ നിർദ്ദേശങ്ങൾ 1961-ലെ ആദായനികുതി നിയമത്തിൽ ഉൾപ്പെടുത്തപ്പെട്ടാൽ മറിച്ചൊരു സ്ഥിതിവിശേഷമായിരിക്കും ഉണ്ടാകുക.

മേൽപ്പറഞ്ഞ വസ്തുതകൾ പരിഗണിച്ച് 2020-ലെ ധനകാര്യ ബില്ലിൽ പ്രവാസികളെ, പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിലുള്ളവരെ ദോഷകരമായി ബാധിക്കുന്ന 1961-ലെ ആദായനികുതി നിയമത്തിലെ 6-ാം വകുപ്പ് ഭേദഗതി ചെയ്യാനുള്ള നിർദ്ദേശം ഒഴിവാക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

പ്രമേയത്തിലെ അവസാനത്തെ ഖണ്ഡികയ്ക്ക് മുമ്പായി താഴെപ്പറയുന്ന ഖണ്ഡിക ചേർക്കുക:

"പ്രവാസികളുടെ നാട്ടിലെ വരുമാനം ഇപ്പോൾത്തന്നെ നികുതി ഘടനയ്ക്ക് വിധേയമായതിനാൽ മേൽപ്പറഞ്ഞ ഒരു ഭേദഗതി തന്നെ അപ്രസക്തമാണ്. ഈ ഭേദഗതി നീക്കം ചെയ്തില്ലെങ്കിൽ നാളെ മറ്റുതരത്തിൽ ഇത് തെറ്റായി വ്യാഖ്യാനിച്ച് പ്രവാസികൾ വിദേശത്ത് സമാഹരിക്കുന്ന വരുമാനത്തിനുതന്നെ നികുതി ഈടാക്കാനുള്ള സ്ഥിതിവിശേഷം ഉണ്ടാകാനിടയുണ്ട്"

ഈ പ്രമേയത്തോട് പൂർണ്ണമായും ഞാൻ യോജിക്കുകയാണ്. എത്രമാത്രം ലാഘവബുദ്ധിയോടെ കേന്ദ്രസർക്കാർ ബിൽ തയ്യാറാക്കി എന്നതിന്റെ തെളിവാണിത്. ധനകാര്യ ബില്ലിലെ വ്യവസ്ഥ അനുസരിച്ച് പ്രവാസികളുടെ നാട്ടിലുള്ള വരുമാനം ഇപ്പോൾ ടാക്സബിളാണ്. വിദേശത്തെ വരുമാനത്തിന് ടാക്സ് ഏർപ്പെടുത്തുന്നതിനാണ് അവർ ആദ്യം ഉദ്ദേശിച്ചിരുന്നത്. വിമർശനമുണ്ടായപ്പോൾ അതിൽനിന്ന് പിന്മാറിയതാണ്. അതുകൊണ്ട് ധനകാര്യ ബില്ലിൽ ഉചിതമായ മാറ്റം വരുത്തിയില്ലെങ്കിൽ ഭാവിയിൽ പ്രയാസമുണ്ടാകും. ഒരു പ്രസ് റിലീസ് കൊണ്ട് മാറ്റം വരുത്താവുന്ന കാര്യമല്ല അത്.

നമ്മുടെ ഏറ്റവും വലിയ അസറ്റാണ് പ്രവാസി മലയാളികൾ. കേന്ദ്രസർക്കാരിന്റെ ഈ സമീപനം തെറ്റാണ്. ലാഘവ ബുദ്ധിയോടുകൂടിയാണ് പ്രവാസികളുടെ നാട്ടിലെ വരുമാനത്തിന് ടാക്സ് ഏർപ്പെടുത്താൻ തീരുമാനിച്ചത്. ദയവായി ഈ നീക്കത്തിൽ നിന്നും പിന്തിരിയുന്നതിനുവേണ്ടി കേന്ദ്രസർക്കാരിൽ ശക്തമായ സമ്മർദ്ദം ചെലുത്തണം. അവർ പൊന്മുട്ടയിടുന്ന താറാവിനെ കൊല്ലാൻ ശ്രമിക്കുകയാണ്. അതുകൊണ്ട് ഈ അമെന്റ്മെന്റ് മൂവ് ചെയ്യുന്നു, ഇതിനുള്ള നടപടികളുമായി മുന്നോട്ടുപോകണമെന്ന് അഭ്യർത്ഥിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, പ്രമേയത്തെ അനുകൂലിക്കുന്നു. കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മലാ സീതാരാമന്റെ ബഡ്ജറ്റ് പ്രസംഗം വിദേശത്ത് ജോലി ചെയ്യുന്ന മലയാളി പ്രവാസികളിൽ ആശങ്കയുണ്ടായിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇ. പി. ജയരാജൻ ഇവിടെ അവതരിപ്പിച്ച പ്രമേയത്തോട് എല്ലാവർക്കും യോജിപ്പ് തന്നെയാണ്. പ്രവാസികൾക്ക് ഇന്ത്യയിൽ നികുതി ഏർപ്പെടുത്താനുള്ള നീക്കം അപ്രായോഗികമാണ്. ഇതിലൂടെ പ്രവാസി എന്ന പദവിയെത്തന്നെ വെല്ലുവിളിക്കുകയാണ്. ഗൾഫിൽ മാത്രമല്ല, ലോകത്തെമ്പാടുമുള്ള ഇന്ത്യക്കാരായ പ്രവാസികൾക്ക് വളരെ പ്രതിസന്ധിയുണ്ടാക്കുന്ന ഒരു നിർദ്ദേശമാണ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് പ്രവാസി നിക്ഷേപം പ്രോത്സാഹിപ്പിക്കാൻ ശ്രമിക്കുകയാണെന്ന് പറയുന്നതോടൊപ്പംതന്നെ പ്രവാസികളെ ദ്രോഹിക്കുകയാണ് ചെയ്യുന്നത്. ഈ വകുപ്പ് പ്രകാരം 120 ദിവസത്തിൽ കൂടുതൽ നാട്ടിൽ നിന്നാൽ പ്രവാസി പദവി നഷ്ടപ്പെടും. മുമ്പ് ഇത് 182 ദിവസമായിരുന്നു. മർച്ചന്റ് നേവിയിൽ ജോലി ചെയ്യുന്നവർക്കും ഓയിൽ കമ്പനികളുടെ റിഗ്ഗുകളിൽ പണിയെടുക്കുന്നവർക്കും 6 മാസത്തോളം നാട്ടിൽ നിൽക്കാം. അതുപോലെ വിദേശത്തും നാട്ടിലും ബിസിനസ് നടത്തുന്നവർക്കും 6 മാസം നാട്ടിൽ നിൽക്കേണ്ടിവരും. അവർക്ക് പ്രവാസി പദവി നഷ്ടപ്പെടുക എന്നുപറയുന്നത് വിഡ്ഢിത്തവും ക്രൂരവുമായ ഒരു നടപടി തന്നെയാണ്. ഗൾഫ് രാജ്യങ്ങളിൽ ഇപ്പോൾ നികുതിയില്ല. അടുത്തകാലത്താണ് ചില രാജ്യങ്ങളിൽ വാറ്റ് ഏർപ്പെടുത്തിയത്. എന്നാൽ യൂറോപ്യൻ രാജ്യങ്ങളിലും അമേരിക്കയിലും നികുതി

കൊടുക്കണം. അങ്ങനെ വരുമ്പോൾ അവർ ഇരട്ട നികുതി കൊടുക്കേണ്ടിവരും. മാത്രമല്ല, ഗൾഫിൽ ജോലി ചെയ്യുന്ന, അല്ലെങ്കിൽ ബിസിനസ് നടത്തുന്ന ഒരാൾക്ക് നാട്ടിൽ യാതൊരു പ്രവർത്തനവുമില്ലെങ്കിൽ അദ്ദേഹം എങ്ങനെയാണ് നികുതി അടയ്ക്കുന്നത്; നികുതി അടയ്ക്കേണ്ടത് വരുമാനത്തിൽ നിന്നല്ലേ? ഇൻകം ടാക്സ് ഡിപ്പാർട്ടുമെന്റിൽ സമർപ്പിക്കേണ്ടത് വരുമാനത്തിന്റെ രേഖകളാണ്. എങ്കിൽ മാത്രമേ നികുതി അടയ്ക്കാൻ കഴിയുകയുള്ളൂ. ഗൾഫിലെ ഒരു ബ്രിട്ടീഷ് കമ്പനിയിൽ ജോലി ചെയ്യുന്ന ഒരാൾക്ക് എങ്ങനെയാണ് ആ കമ്പനി നൽകുന്ന വരുമാനരേഖകൾ ഇവിടെ വാലിഡാകുന്നത്? അതൊന്നുമില്ലാതെ ബാങ്കിലുള്ള പണത്തിന് നികുതി ഈടാക്കാനാണോ കേന്ദ്രസർക്കാർ ആലോചിക്കുന്നത്? ഒരു വ്യക്തതയുമില്ലാത്തതും അപ്രായോഗികവുമായ നിർദ്ദേശമാണിത്. ഗൾഫ് മേഖലയിൽ മാത്രം 20 ലക്ഷത്തോളം മലയാളി പ്രവാസികളുണ്ട്. ഇവരെ നക്ഷത്രമെണ്ണിക്കാനുള്ളൊരു നീക്കമായി ഇതിനെ കാണേണ്ടിവരും. മാത്രമല്ല, ഇത്തവണത്തെ ബഡ്ജറ്റ് പരിശോധിച്ചാൽ ഇൻകം ടാക്സിന്റെ സ്ലാബ് തന്നെ ആശയക്കുഴപ്പത്തിലാക്കുന്നതാണെന്ന് മനസ്സിലാകും. ഇന്ത്യക്കാരായ പ്രവാസികളെ സംബന്ധിച്ചിടത്തോളം തിരിച്ചടിയാണിത്. പ്രവാസികളെ സംരക്ഷിക്കേണ്ടതിനു പകരം ദ്രോഹിക്കുന്ന നടപടി കേന്ദ്ര ഗവൺമെന്റ് പിൻവലിക്കണം.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഇവിടെ സൂചിപ്പിച്ചതുപോലെ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് അവതരിപ്പിച്ചപ്പോഴും ബഡ്ജറ്റ് രേഖ പുറത്തുവന്നപ്പോഴും അവ്യക്തതയുണ്ടായിരുന്നുവെന്നതിൽ തർക്കമില്ല. പക്ഷേ അതിനുശേഷം ധനകാര്യ മന്ത്രാലയം ചില കാര്യങ്ങളിൽ ക്ലാരിറ്റി വരുത്തിയിട്ടുണ്ട്. അങ്ങനെ ക്ലാരിറ്റി വരുത്തിയ കാര്യങ്ങൾ നമ്മുടെ നിയമസഭ പ്രമേയത്തിൽ ഉൾക്കൊള്ളിക്കുന്നതിൽ impropriety ഉണ്ട്.

<u>മി. സ്പീക്കർ</u>: ഓറലായി പറഞ്ഞിട്ടല്ലേയുള്ളൂ.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അതാണ് ഞാൻ പറഞ്ഞത്. ക്ലാരിറ്റി വന്നിട്ടുണ്ട്. അത് വീണ്ടും നിയമസഭ പാസ്സാക്കുന്ന പ്രമേയത്തിൽ ഉൾക്കൊള്ളിക്കുക എന്നുപറയുന്നത്.....

<u>മി. സ്പീക്കർ</u>: അവർ ഒരു ഓറൽ സ്റ്റേറ്റ്മെന്റ് കൊടുക്കുകയല്ലേ ചെയ്തത്?

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അല്ല. അവർക്കിപ്പോൾ അതേ കഴിയൂ. ബഡ്ജറ്റ് അവതരിപ്പിച്ചുകഴിഞ്ഞ് ബഡ്ജറ്റ് ചർച്ചയുടെ അവസാന സമയത്തല്ലേ അതിൽ മാറ്റം വരുത്താൻ സാധിക്കുകയുള്ളൂ. ഇപ്പോൾ ധനകാര്യ മന്ത്രാലയം ടാക്സിന്റെ കാര്യത്തിൽ ക്ലാരിറ്റി വരുത്തിയിട്ടുണ്ട്. ക്ലാരിറ്റി വരുത്തിയ കാര്യം നമ്മൾ ഒരു പ്രമേയത്തിൽ ഉൾക്കൊള്ളിക്കുന്നതിൽ ഒരു impropriety ഉണ്ട്. ഞാനത് സൂചിപ്പിച്ചുവെന്ന് മാത്രമേയുള്ളൂ. അത് പറയാനുള്ള അവകാശം എനിക്കില്ലേ? നിയമസഭ സംയുക്തമായി പാസ്സാക്കുന്ന ഒരു പ്രമേയമാണെന്ന കാര്യംകൂടി ഓർക്കണം.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, പ്രമേയത്തെ അനുകൂലിക്കുന്നു. ശ്രീ. വി. ഡി. സതീശൻ പറഞ്ഞതുപോലെ ഒരു സ്റ്റേറ്റ്മെന്റ് ധനകാര്യ വകുപ്പുമന്ത്രിയുടെ ഓഫീസിലും ഇൻകം ടാക്സ് ഡിപ്പാർട്ടുമെന്റിലും വന്നുവെന്നുള്ളത് ശരിയാണ്. പക്ഷേ അതുകൊണ്ട് ക്ലാരിറ്റി വന്നുവെന്ന് പറയാൻ കഴിയില്ല. കാരണം ബഡ്ജറ്റ് രേഖയിൽ അത് നിലനിൽക്കുകയാണ്. അതുകൊണ്ട് ഈ പ്രമേയം പാസ്സാക്കുന്നതിൽ തെറ്റില്ലെന്നാണ് എന്റെ അഭിപ്രായം. മാത്രമല്ല, വിദേശത്ത് ജോലി ചെയ്യുന്ന ആളുകൾ അവിടെ സമ്പാദിക്കുന്ന വരുമാനത്തിന് ഇവിടെ നികുതി കൊടുക്കേണ്ടതില്ല എന്നുള്ള വിശദീകരണമാണ് വന്നിട്ടുള്ളത്. ഇവിടെ ഒരു പ്രവാസി എന്തെങ്കിലും വ്യവസായം ആരംഭിക്കുമ്പോൾത്തന്നെ നികുതി കൊടുത്തുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ആ വിശദീകരണത്തിൽ അവ്യക്തത നിലനിൽക്കുന്നുണ്ട്. ഈ പ്രമേയത്തിൽ അത് അവതരിപ്പിക്കുന്നതിൽ തെറ്റില്ലെന്നാണ് എന്റെ നിഗമനം.

<u>ഡോ. എം. കെ. മുനീർ</u>: സർ, പ്രമേയത്തെ അനുകൂലിക്കുന്നു. 1990 കാലഘട്ടത്തിൽ സി.ഡി.എസ്. (സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്) നടത്തിയ ഒരു പഠനത്തിൽ പറഞ്ഞിട്ടുള്ളത് കേരളത്തിൽ വന്നിട്ടുള്ള വിദേശ നിക്ഷേപം ബഡ്ജറ്റ് പ്രൊവിഷന്റെ രണ്ടിരട്ടിയാണെന്നാണ്. അത്രമാത്രം വിദേശ നിക്ഷേപത്തിലൂടെ നമ്മെ സഹായിക്കുന്ന പ്രവാസികളെ കേന്ദ്ര ഗവൺമെന്റ് അവഗണിക്കുക മാത്രമല്ല, ദ്രോഹിക്കാനുള്ള തീരുമാനമാണെടുത്തിരിക്കുന്നത്. അവർക്ക് എത്രദിവസം നാട്ടിൽ തങ്ങാൻ പറ്റുമെന്നുള്ളതാണ് ഇതിലെ അവ്യക്തതയെന്ന് പറയുന്നത്. അവർ നാട്ടിൽ വന്നാൽ ഒരു വർഷത്തിനുള്ളിൽ 120 ദിവസം ഇവിടെ നിൽക്കാൻ പാടില്ല, നിന്നാൽ ടാക്സ് കൊടുക്കേണ്ടിവരും എന്നുപറയുന്നതിന്റെ അവ്യക്തത തീർത്തേ മതിയാകൂ. അവർ എവിടെ ജോലി ചെയ്യുന്നതിന്റെ വരുമാനത്തിനാണ് ടാക്സ് ഈടാക്കുന്നത്? വിദേശത്ത് ജോലി ചെയ്യുന്നതിന്റെ വരുമാനത്തിനാണോ അതോ അവർ ഇവിടെ നടത്തുന്ന ഏതെങ്കിലും ബിസിനസ്സിൽ നിന്ന് ലഭിക്കുന്ന വരുമാനത്തിന്മേലാണോ ടാക്സ് നൽകേണ്ടത്? അതുകൊണ്ട് ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിന് മറുപടി പറയുന്ന സമയത്ത് ഈ പ്രമേയം ഗൗനം ചെയ്യും. അതുകൊണ്ട് ഞങ്ങളുടെ പൂർണ്ണ പിന്തുണ ഇതിനുണ്ടെന്ന് അറിയിക്കുകയാണ്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഈ പ്രമേയത്തെ അനുകൂലിക്കുകയാണ്. 182 ദിവസത്തിൽ കൂടുതൽ നാട്ടിൽ നിൽക്കുന്ന ഒരാൾക്ക് പ്രവാസി സ്റ്റാറ്റസ് നഷ്ടപ്പെടുമെന്നാണ് ആദ്യം പറഞ്ഞിരുന്നത്. അതിപ്പോൾ 120 ദിവസമാക്കി. 182 ദിവസമായിരുന്നപ്പോൾത്തന്നെ ധാരാളം പ്രവാസികൾക്ക് നോട്ടീസ് വന്നിട്ടുണ്ട്.

അതായത്, 182 ദിവസത്തിൽ ഒരു ദിവസം കൂടിയിട്ടുണ്ടെങ്കിൽ അവർ 40% ടാക്സ് കൊടുക്കണമെന്നുപറഞ്ഞാണ് നോട്ടീസ് വന്നിട്ടുള്ളത്. ഇത് പ്രവാസികളെ ദ്രോഹിക്കുന്ന കാര്യമായതിനാൽ ഈ പ്രമേയം ഇതേപടി അംഗീകരിക്കണമെന്നാണ് പറയാനുള്ളത്.

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ബഹുമാന്യരായ പ്രതിപക്ഷ നേതാവും ഉപനേതാവും ഈ പ്രമേയത്തെ അനുകൂലിക്കുകയാണ് ചെയ്തത്. ശ്രീ. വി. ഡി. സതീശൻ ഉന്നയിച്ച കാര്യം ഇന്ത്യൻ പാർലമെന്റിൽ ഒരു സജീവ വിഷയമായി വരണം. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ധാരാളം ആളുകൾ കാനഡയിലും മറ്റ് വിദേശ രാജ്യങ്ങളിലും ജോലി ചെയ്യുന്നുണ്ട്. ഇന്ത്യയിലാകെ സജീവമായ ചർച്ചാ വിഷയമാകണമെങ്കിൽ നമ്മൾതന്നെ ഇത് ഉയർത്തിക്കൊണ്ടുവരണം. അതിന് ഇപ്പോൾ നമുക്ക് സാധിക്കും. അതാണ് ഇതിന്റെ പ്രസക്തിയെന്ന് പറയുന്നത്. അതുകൊണ്ട് അദ്ദേഹം ഉന്നയിക്കപ്പെട്ട കാര്യങ്ങൾ തള്ളിക്കളയുകയല്ല, പക്ഷേ.....

മി. സ്പീക്കർ: അത് പ്രമേയത്തിന്റെ അവസാനഭാഗത്ത് മെൻഷൻ ചെയ്തിട്ടുണ്ട്.

ശ്രീ. വി. ഡി. സതീശൻ: സർ, അതിന്റെ കണ്ടന്റിൽ കുഴപ്പമില്ല, ഡ്രാഫ്റ്റിംഗ് ശരിയല്ലെന്നാണ് പറഞ്ഞത്.

ശ്രീ. ഇ. പി. ജയരാജൻ: സർ, ശ്രീ. കെ. സി. ജോസഫ് ഉന്നയിച്ച ഭേദഗതി പ്രകാരം പ്രവാസികളെ റസിഡന്റായി കണക്കാക്കുമ്പോൾ അവരുടെ വിദേശ വരുമാനവും ടാക്സിന്റെ പരിധിക്കകത്ത് വരും. ഇങ്ങനെയൊരു അപകടം പതിയിരിക്കുന്നതിനാൽ പ്രസ്തുത ഭേദഗതി പ്രസക്തമല്ല. പ്രമേയം അംഗീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മി. സ്പീക്കർ: ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പ്രമേയം പാസ്സാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

പ്രമേയം ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

# VII റിപ്പോർട്ട് സമർപ്പണം

പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അറുപത്തിയഞ്ച് മുതൽ എഴുപത് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. വി. ഡി. സതീശൻ: സർ, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ അറുപത്തിയഞ്ച് മുതൽ എഴുപതുവരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

# VIII നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(1) 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

(2) 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലും 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലും ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

# IX ക്രമപ്രശ്നം

ബിൽ മാറ്റിവയ്ക്കുന്നത് സംബന്ധിച്ച്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, സഭയുടെ മുമ്പാകെ പരിഗണനയ്ക്ക് വരുന്ന 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ എന്നിവയിൽ 2011-ലെ സെൻസസിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിന് വ്യവസ്ഥ ചെയ്തിരിക്കുകയാണ്. ഇപ്രകാരം അംഗസംഖ്യ വർദ്ധിപ്പിക്കുമ്പോൾ ഈ സ്ഥാപനങ്ങളുടെ അഡ്മിനിസ്ട്രേറ്റീവ് ബൗണ്ടറികളിൽ മാറ്റം വരുത്തേണ്ടതായിവരും. കേന്ദ്ര നിയമമായ 1948-ലെ സെൻസസ് ആക്ടിനുകീഴിൽ നിർമ്മിച്ച 1990-ലെ സെൻസസ് ചട്ടം 8(4) പ്രകാരം സെൻസസ് കമ്മീഷണർ നിശ്ചയിക്കുന്ന സെൻസസ് റഫറൻസ് തീയതിക്ക് ഒരുവർഷം മുമ്പുമുതൽ നടപടിക്രമം പൂർത്തിയാകുന്നതുവരെ ഇത്തരത്തിലുള്ള അഡ്മിനിസ്ട്രേറ്റീവ് ബൗണ്ടറികളിൽ മാറ്റം

വരുത്താൻ പാടില്ലെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. സംസ്ഥാനത്ത് 2021-ലെ സെൻസസ് നടപടികളുടെ പ്രവർത്തനം ഇതിനോടകം ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി അഡ്മിനിസ്ട്രേറ്റീവ് ബൗണ്ടറികളിൽ 31-12-2019-നുശേഷം മാറ്റം വരുത്തിയിട്ടില്ലെന്ന് ഉറപ്പുവരുത്തണമെന്ന് സംസ്ഥാന ചീഫ് സെക്രട്ടറിക്ക് രജിസ്ട്രാർ ജനറൽ ആൻഡ് സെൻസസ് കമ്മീഷണർ ഓഫ് ഇന്ത്യ 6-9-2019-ൽ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ 2011-ലെ സെൻസസിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിലെ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിനെ വിഭജിക്കണമെന്ന ആവശ്യവുമായി 2015-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്യപ്പെട്ട WP-No.14852/2019F റിട്ട് പെറ്റീഷനിൽ പാരാതിക്കാരന് അനുകൂലമായി കോടതി വിധിയുണ്ടായിരുന്നു. എന്നാൽ ഈ വിധി നടപ്പിലാക്കാത്തതിനെത്തുടർന്ന് പരാതിക്കാരൻ വീണ്ടും കോടതിയെ സമീപിച്ചപ്പോൾ കേന്ദ്ര സർക്കാർ സെൻസസ് നടപടികൾ ആരംഭിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതിനാലാണ് കോടതി വിധി നടപ്പിലാക്കാൻ കഴിയാത്തതെന്നാണ് സർക്കാർ സത്യവാങ്മൂലം നൽകിയത്. അതിന്റെ അടിസ്ഥാനത്തിലാണ് സെൻസസ് നടപടികൾ പൂർത്തിയായതിനുശേഷം കോടതി വിധി നടപ്പിലാക്കുന്നതിനുവേണ്ടി മുൻ ഉത്തരവ് തൽക്കാലം മാറ്റിവയ്ക്കുന്നുവെന്ന് കോടതി അറിയിച്ചത്. സംസ്ഥാനത്തെ പരമോന്നത കോടതിയിൽ സർക്കാർതന്നെ നിലവിലുള്ള ബില്ലിലെ വ്യവസ്ഥകൾ സെൻസസ് റൂൾസിന് വിരുദ്ധമാണെന്ന് സമ്മതിച്ചിട്ടുള്ളതാണ്. ഭരണഘടനയുടെ അനുച്ഛേദം 254-ൽ ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണ മണ്ഡലം നിർമ്മിച്ച ഏതെങ്കിലും വ്യവസ്ഥ കേന്ദ്ര നിയമത്തിലെ വ്യവസ്ഥയ്ക്ക് വിരുദ്ധമായിരുന്നാൽ പാർലമെന്റ് പാസ്സാക്കിയ കേന്ദ്ര നിയമത്തിന് അതിപ്രഭാവമുണ്ടായിരിക്കുന്നതാണെന്നും സംസ്ഥാനം പാസ്സാക്കിയ നിയമം അസാധുവാകുന്നതായിരിക്കുമെന്നുമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. അതിനാൽ ഈ ബില്ലുകൾ പാസ്സാക്കാൻ അനുവദിച്ചാൽ അത് കേന്ദ്ര നിയമത്തിന് വിരുദ്ധമാകയാൽ അംഗീകാരം ലഭിക്കാതെ വരും. ഈ സാഹചര്യത്തിൽ കേന്ദ്ര നിയമത്തിനെതിരായും ബഹുമാനപ്പെട്ട ഹൈക്കോടതിയെ തെറ്റിദ്ധരിപ്പിച്ചും സഭയുടെ മുമ്പാകെ വന്നിരിക്കുന്ന 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ എന്നിവ പിൻവലിക്കുന്നതിനാവശ്യമായ റൂളിംഗ് ബഹുമാനപ്പെട്ട സ്പീക്കർ നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, മേൽപ്പറഞ്ഞതിൽനിന്നും വ്യത്യസ്തമായ ഒരു കാര്യമല്ല ഞാൻ പറയുന്നത്. കാരണം, സെൻസസ് ആക്ടിന്റെ അടിസ്ഥാനത്തിലുണ്ടാക്കിയ സെൻസസ് റൂൾസ് 1990-ലെ 8 (4) അനുസരിച്ചുള്ള കാര്യമാണ് അഡ്മിനിസ്ട്രേറ്റീവ് ബൗണ്ടറിയിൽ മാറ്റം വരുത്താൻ പാടില്ല എന്നുള്ളത്. 31-12-2019 മുതൽ പ്രസ്തുത ബൗണ്ടറിയിലൊന്നും ഒരു മാറ്റവും

വരുത്താൻ പാടില്ലെന്ന് 6-9-2019-ൽ സെൻസസ് കമ്മീഷണറും രജിസ്ട്രാറും കേരള സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഇപ്പോൾ ഈ നിയമത്തിലൂടെ ബൗണ്ടറിയിൽ മാറ്റം വരുത്താൻ പോകുകയാണ്. മുമ്പ് ഗവൺമെന്റ് പുറത്തിറക്കിയ വിശദീകരണക്കുറിപ്പ് മാധ്യമങ്ങളിലൂടെ വായിക്കാനിടയായി. അതനുസരിച്ച് 8(4)-ൽ പറയുന്നത്, " Freeze the administrative boundaries of districts, tehsils, towns etc. from the date to be intimated by the Census Commissioner which shall not be earlier than one year from the census reference date and till the completion of the census"എന്നാണ്. അതിൽ districts, tehsils, towns എന്നാണ് പറയുന്നത്, പക്ഷേ, 'etc.' എന്നുപറയുന്നുണ്ട്. ജനറൽ പർപ്പസ് ആക്ട് അനുസരിച്ച് അത് ശരിയാണ്. മാത്രമല്ല, " when there is an ambiquity arises we have to observe the legislative intention" എന്ന് പറഞ്ഞിട്ടുണ്ട്. ഇവിടെ ലെജിസ്ലേറ്റീവ് ഇന്റൻഷൻ എന്താണ്? എന്തുകൊണ്ടാണ് ഈ പ്രത്യേക കാര്യം വന്നത്? കാരണം, they have already started the preparation for census. സെൻസസ് നടക്കുന്നത് ബൂത്ത് ലെവലിൽ അല്ല, വാർഡ് ലെവലിലാണ്. അപ്പോൾ പ്രിപ്പറേഷൻ ഇതിനോടകംതന്നെ തുടങ്ങിക്കഴിഞ്ഞു. വാർഡ് ലെവലിൽ സെൻസസ് നടക്കുമ്പോൾ വാർഡിന്റെ ബൗണ്ടറിക്ക് മാറ്റം വന്നാൽ അത് സെൻസസ് നടപടിക്രമങ്ങളെ തടസ്സപ്പെടുത്തും. അതാണ് ലെജിസ്ലേറ്റീവ് ഇന്റൻഷൻ. സെൻസസ് പ്രിപ്പറേഷൻ ആരംഭിച്ചുകഴിഞ്ഞാൽ അതിന്റെ നടപടിക്രമങ്ങൾ തടസ്സപ്പെടുത്താൻ പാടില്ലെന്നാണ്. ഇപ്പോൾ സെൻസസ് പ്രിപ്പറേഷൻ ആരംഭിച്ചിരിക്കുന്നത് on the basis of the existing wards ആണ്. നിലവിലുള്ള വാർഡുകളുടെ ബൗണ്ടറി മാറ്റിയിട്ടാണ് പുതിയ ബൗണ്ടറിയുണ്ടാക്കുന്നത്. അതുകൊണ്ട് അത് സെൻസസ് പ്രിപ്പറേഷനെ ബാധിക്കും. അതാണ് 8(4)-ന്റെ വ്യക്തമായ വ്യാഖ്യാനം. ആ 'etc.' കൂടി ജനറൽ ക്ലോസസ് ആക്ട് അനുസരിച്ച് ഇന്റർപ്രെട്ട് ചെയ്യുമ്പോൾ അതിൽ എല്ലാം ഉൾപ്പെടും. ലെജിസ്ലേറ്റീവ് ഇന്റൻഷൻ ഈ പർട്ടിക്കുലർ ഏരിയ തന്നെയാണ്. വാർഡിൽ മാറ്റം വന്നാൽ സെൻസസ് കഴിഞ്ഞുള്ള ഡീറ്റെയിൽസ് തരുന്നത് വാർഡിനെ ബേസ് ചെയ്തുകൊണ്ടാണ്. അതുകൊണ്ട് ഇവിടെ പറഞ്ഞതുപോലെ ആർട്ടിക്കിൾ 254-ന് എതിരായ കേസ്സാണിത്. If we are making any legislation which is repugnant to any provision or law made by the parliament that is void. അത് നിലനിൽക്കുന്നതല്ല. ഇതാണ് തടസ്സവാദം.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, രണ്ട് ബില്ലിന്റെയും ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ പറയുന്നത് ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ വരുത്തുകയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽനിന്ന് യാതൊരു അധികച്ചെലവും ഉണ്ടാകുന്നതല്ല എന്നാണ്. റൂൾസിൽ പറയുന്നത്, "A Bill

involving expenditure shall be accompanied by a Financial Memorandum which shall invite particular attention to the clauses involving expenditure and shall also give an estimate of the recurring and non-recurring expenditure involved in case the Bill is passed in to law" എന്നാണ്. ഈ ബിൽ നിയമമാക്കിയാൽ ഇതിൽ പറയുന്നതുപോലെ പഞ്ചായത്തിന്റെയും നഗരസഭയുടെയും കോർപ്പറേഷന്റെയും വാർഡുകളുടെ എണ്ണം വർദ്ധിക്കുകയാണ്. എണ്ണം വർദ്ധിച്ചാൽ പഞ്ചായത്തുകൾ, നഗരസഭകൾ, കോർപ്പറേഷനുകൾ തുടങ്ങിയവയുടെ റമ്യൂണറേഷൻ, അലവൻസ് എന്നിവയ്ക്ക് അധികച്ചെലവുണ്ടാകും. അതൊരു വസ്തുതയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇത് മറച്ചുവയ്ക്കുന്നതിന്റെ കാര്യം എന്താണെന്ന് അറിയാമോ? ബഹുമാനപ്പെട്ട ഗവർണർക്ക് അയച്ചുകൊടുത്ത ഓർഡിനൻസ് അദ്ദേഹം മടക്കി അയച്ചിട്ടുമില്ല, നിരാകരിച്ചിട്ടുമില്ല. ആ സാഹചര്യത്തിൽ ഫിനാൻഷ്യൽ മെമ്മോറാണ്ടം അംഗീകാരത്തിനുവേണ്ടി അയച്ചുകൊടുത്താൽ അദ്ദേഹം എന്ത് ചെയ്യുമെന്നുള്ള ഭയം കൊണ്ടാണ് ബില്ലിൽ ഈ വസ്തുത ഉൾക്കൊള്ളിക്കാത്തത്. അത് ശരിയല്ല. അതുകൊണ്ട് ബിൽ പാസ്സാക്കുന്നതിന് മുമ്പായി ബഹുമാനപ്പെട്ട മന്ത്രി ഇതിന്റെ അധിക ചെലവ് സംബന്ധിച്ച വിവരം വ്യക്തമായി സഭയെ അറിയിക്കണം.

ശ്രീ. വി. ഡി. സതീശൻ ഉൾപ്പെടെയുള്ളവർ നേരത്തെ പറഞ്ഞ കാര്യങ്ങൾ ഞാൻ ആവർത്തിക്കുന്നില്ല. WP-14852/2019 കേസിൽ സർക്കാരിനുവേണ്ടി ഹാജരായ പ്ലീഡർ സമർപ്പിച്ച അഫിഡവിറ്റിൽ പറയുന്നത്, 'സെൻസസ് ആരംഭിച്ചതുകൊണ്ട് പുതിയ പഞ്ചായത്തുകളുണ്ടാക്കാൻ നിവൃത്തിയില്ല. അത് കേന്ദ്ര നിയമത്തിന് വിരുദ്ധമാണ്' എന്നാണ്. പുതിയ പഞ്ചായത്ത് ആരംഭിക്കാൻ നിവൃത്തിയില്ലെങ്കിൽ പുതിയ വാർഡുണ്ടാക്കാൻ പാടില്ല. ശ്രീ. വി. ഡി. സതീശൻ ചൂണ്ടിക്കാണിച്ചതുപോലെ, സെൻസസിന്റെ അടിസ്ഥാനം വാർഡുകളാണ്. ആ വാർഡിന്റെ അതിർത്തികൾ വീണ്ടും വരയ്ക്കുന്നത് ശരിയല്ല. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ സർക്കാരിന്റെ നിലപാടായിരുന്ന 'സെൻസസ് ആരംഭിച്ചതുകൊണ്ട് പുതിയ പഞ്ചായത്തുകൾ പാടില്ല' എന്നുള്ളത്. അതിന്റെ അർത്ഥം, പുതിയ വാർഡുകളും പാടില്ലെന്നാണ്. അതിന്റെ അടിസ്ഥാനത്തിലാണ് ഗവൺമെന്റ് പ്ലീഡറുടെ വാദം അംഗീകരിച്ചുകൊണ്ട് 'സെൻസസ് കഴിയാതെ നടപടി വേണ്ട' എന്ന് ജസ്റ്റിസ് അമിത് റാവൽ വിധി പറഞ്ഞത്. ആ കേസിലെ സർക്കാരിന്റെ വാദഗതിക്കും കോടതി വിധിക്കും വിരുദ്ധമായി എന്തുകൊണ്ടാണ് ഈ ബിൽ അവതരിപ്പിക്കുന്നത്? ബഹുമാനപ്പെട്ട മന്ത്രി അതിന് വ്യക്തമായി ഉത്തരം പറയണം. ഈ രണ്ട് കാര്യങ്ങളിൽ വ്യക്തത വരുത്താതെ ഈ ബില്ലിന്മേൽ ചർച്ച നടത്താൻ പാടില്ല, ബിൽ മാറ്റി വയ്ക്കണം.

ശ്രീ. എം. ഉമ്മർ: സർ, ഇവിടെ പറഞ്ഞ സ്റ്റേറ്റുമെന്റുകളോടൊപ്പം നിന്നുകൊണ്ടാണ് എനിക്കും പറയാനുള്ളത്. ബില്ലിൽ പറഞ്ഞിട്ടുള്ള അതിർത്തികൾ മുനിസിപ്പാലിറ്റിയുടെയും തഹസിലിന്റെയുമൊക്കെയാണ്. പക്ഷേ, റവന്യൂ വില്ലേജ് എന്നുപറയുമ്പോൾ, എന്റെ മണ്ഡലത്തിൽത്തന്നെ നാല് പഞ്ചായത്തുകളുണ്ട്. അതിൽ ഓരോന്നിലും മൂന്ന് വീതം വില്ലേജുകളുണ്ട്. ഒരു മുനിസിപ്പാലിറ്റിക്കുള്ളിൽ മൂന്ന് വില്ലേജുകളുണ്ട്. ഒരു പഞ്ചായത്തിനുള്ളിൽത്തന്നെ വാർഡുകൾ വിഭജിക്കുമ്പോൾ വില്ലേജിന്റെ അതിർത്തി എന്തായാലും മാറും. വില്ലേജിന്റെ അപ്പുറവും ഇപ്പുറവും കടക്കും. വില്ലേജ് ഒരു അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കാണെന്ന് ഇതിൽ പ്രത്യേകം പറഞ്ഞിട്ടുണ്ട്. അങ്ങനെയാണെങ്കിൽ, വില്ലേജുകൾ തമ്മിൽ പരസ്പരം മാറുമ്പോൾ ഒരു പഞ്ചായത്തിനകത്ത് ഒറ്റ വില്ലേജിൽ മാത്രം ഒതുക്കിനിർത്തി വാർഡ് വിഭജിക്കാൻ കഴിയില്ല. അപ്പോൾ വില്ലേജുകൾ തമ്മിൽ വാർഡ് വിഭജിക്കാതെ, പരസ്പരം പോകാതെ ഒരു പഞ്ചായത്തിൽ വാർഡ് വിഭജനം ഒരിക്കലും പൂർത്തീകരിക്കാൻ കഴിയില്ല. അതുകൊണ്ട് ഇത് കേന്ദ്ര നിയമത്തിനും സെൻസസ് സംബന്ധിച്ച പുതിയ സർക്കുലറിനും വിരുദ്ധമാണ്. മാത്രമല്ല, കേന്ദ്ര സർക്കാർ നിയമത്തിനുവിരുദ്ധമായി സംസ്ഥാന സർക്കാർ ഒരു നിയമം പാസ്സാക്കിയാൽ കേന്ദ്ര സർക്കാരിന്റെ നിയമത്തിന്റെ പരിധിയിൽ വരുന്നതുകൊണ്ട് പ്രസിഡന്റിന്റെ അസന്റില്ലാതെ ഗവർണർക്ക് ഒരിക്കലും ഇതിന് അസന്റ് തരാൻ കഴിയില്ല. അപ്പോഴിത് ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ അസന്റിനായി പോകുകയും കാലതാമസമുണ്ടാകുകയും ചെയ്യും. ഒരിക്കലും ഇത് പ്രായോഗികമല്ല. അതുകൊണ്ട് പഞ്ചായത്തുകൾ വിഭജിച്ച അതേ മാനദണ്ഡത്തിലുള്ള വിഭജനത്തിലേയ്ക്ക് പോകരുത്. അങ്ങനെ ചെയ്താൽ അതൊരിക്കലും നിലനിൽക്കില്ല, രാഷ്ട്രപതിയിൽനിന്ന് അംഗീകാരം ലഭിക്കില്ല. മാത്രമല്ല, കോടതിയിൽ പോയാൽ നിലനിൽക്കുകയുമില്ല.

മി. സ്പീക്കർ: ഒരു കാര്യം സഭയെ അറിയിക്കുകയാണ്, സഭയുടെ മേശപ്പുറത്തുവച്ച ഇക്കണോമിക് റിവ്യൂ മലയാളത്തിലും ഇംഗ്ലീഷിലും ബഹുമാനപ്പെട്ട സാമാജികരുടെ മുന്നിലുള്ള സ്ക്രീനിൽ ഇപ്പോൾ ലഭ്യമാണ്.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, ബഹുമാന്യരായ മറ്റംഗങ്ങൾ പറഞ്ഞ വിഷയം തന്നെയാണ് എനിക്കും പറയാനുള്ളത്. 1948-ലെ സെൻസസ് ആക്ടിന്റെ 18-ാം വകുപ്പിന്റെ അടിസ്ഥാനത്തിലുള്ള സെൻസസ് ചട്ടം 8(4)-ന് വിരുദ്ധമായിട്ടാണ് ഈയൊരു പ്രോസസുമായി മുന്നോട്ടുപോകുന്നത്. പഞ്ചായത്ത് ഇലക്ഷനും വാർഡ് വിഭജനവുമൊക്കെ അഡ്മിനിസ്ട്രേറ്റീവ് പ്രയോറിറ്റിയുള്ളൊരു

കാര്യമാണ്. 2020 സെപ്റ്റംബർ മാസത്തിൽ പഞ്ചായത്ത് ഇലക്ഷനുണ്ടെന്ന് അറിയാവുന്ന സാഹചര്യത്തിൽ അവസാന നിമിഷം ഇത്തരത്തിലുള്ളൊരു കാര്യവുമായി വരുന്നതിൽ രാഷ്ട്രീയോദ്ദേശ്യമുണ്ട്. ഇത് ഗൗരവത്തോടെ കൈകാര്യം ചെയ്യേണ്ടൊരു വിഷയമാണ്. നേരത്തെ പറഞ്ഞതുപോലെ ഇതൊരു administrative deadlock-ലേയ്ക്ക് നമ്മുടെ സംസ്ഥാനത്തെ കൊണ്ടുപോകും. അതോടൊപ്പംതന്നെ കോൺസ്റ്റിറ്റ്യൂഷനുമായുള്ള ഇഷ്യൂസ് ഇതിനുണ്ടെന്ന് മനസ്സിലാക്കി വ്യക്തത വരുത്തി ഇക്കാര്യങ്ങൾ റിവോക്ക് ചെയ്യണമെന്നാണ് പറയാനുള്ളത്.

ശ്രീ. സണ്ണി ജോസഫ്: സർ, ശ്രീ. കെ. സി. ജോസഫ് ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, കൺസോളിഡേറ്റഡ് ഫണ്ടിൽനിന്ന് ഒരു തുകയും അഡീഷണലായി ചെലവാകില്ല എന്നുപറഞ്ഞത് ശരിയല്ല. കാരണം, ഈ നിയമം പ്രാബല്യത്തിൽ വരുമ്പോൾ പഞ്ചായത്ത് വാർഡുകളുടെ എണ്ണം കൂട്ടാൻ ഒരു ഡിലിമിറ്റേഷൻ വേണ്ടിവരും. ആ ഡിലിമിറ്റേഷൻ പ്രോസസ് എക്സ്പൻസീവാണ്. അതിന് സർക്കാരിന്റെ പണം ചെലവഴിക്കണം. ഡിലിമിറ്റേഷൻ പ്രോസസ് എവിഡന്റാണ്, അത് ഒഴിവാക്കാൻ കഴിയാത്തതാണ്. അതിന് സർക്കാർ ഖജനാവിൽ നിന്നുതന്നെ പണം ചെലവഴിക്കേണ്ടിവരും. അക്കാര്യം ധനകാര്യ മെമ്മോറാണ്ടത്തിൽ പറഞ്ഞിട്ടില്ല.

പഞ്ചായത്ത് മെമ്പർമാർക്കുള്ള ഓണറേറിയം, ടി.എ. എന്നിവ നൽകുന്നത് പഞ്ചായത്തുകളുടെ ഫണ്ടിൽ നിന്നാണെങ്കിൽപ്പോലും ചില പഞ്ചായത്തുകൾക്കെങ്കിലും അതിന് ഫണ്ടില്ലാത്ത സ്ഥിതിയുണ്ട്. ഉദാഹരണമായി, ഇടമലക്കുടി പട്ടികവർഗ്ഗ പഞ്ചായത്തിന് തനത് ഫണ്ടില്ല. സർക്കാരിന്റെ ഫണ്ടിനെ ആശ്രയിച്ചാണ് പഞ്ചായത്തംഗങ്ങളുടെ ടി.എ., ഓണറേറിയം എന്നിവ നൽകുന്നത്. അതുകൊണ്ട് ഫലത്തിൽ സർക്കാർ ഫണ്ടിൽനിന്ന് തന്നെയാണ് അധിക ചെലവ് വരുന്നത്. അക്കാര്യം ധനകാര്യ മെമ്മോറാണ്ടത്തിൽ സൂചിപ്പിച്ചിട്ടില്ല.

നേരത്തെ ശ്രീ. മഞ്ഞളാംകുഴി അലിയും ശ്രീ. കെ. സി. ജോസഫും ചൂണ്ടിക്കാണിച്ചതുപോലെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ 2015-ൽ എറണാകുളം ജില്ലയിലെ ഒരു പഞ്ചായത്ത് വിഭജനം നടത്തണമെന്ന ഹൈക്കോടതി ഉത്തരവ് നടപ്പിലാക്കാത്തതിനെത്തുടർന്ന് പെറ്റീഷനുമായി പോയപ്പോൾ ഗവൺമെന്റ് പ്ലീഡർ പറഞ്ഞത്, " But in view of the supervening facts, which have existed only in the end of 2019 ie., the Central Government is contemplating to undertake the exercise of preparation of a new census and voters list on account of promulgation of the Citizenship

(Amendment) Act, 2019 " എന്നാണ്. ഇത് ഗവൺമെന്റ് വക്കീലാണ് പറഞ്ഞത്. പൗരത്വ ഭേദഗതി നിയമം ഉൾപ്പെടെ കേന്ദ്ര സർക്കാർ സെൻസസ് നടപ്പിലാക്കുന്നതുകൊണ്ട് പുതിയ പഞ്ചായത്തുകൾ 2015-ലെ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവനുസരിച്ച് നടപ്പിലാക്കാൻ പാടില്ലെന്ന് കേരള ഹൈക്കോടതിയിൽ കേരള സർക്കാരിന്റെ അഭിഭാഷകൻതന്നെ ചൂണ്ടിക്കാണിച്ചത് കണക്കിലെടുത്തുകൊണ്ടാണ് ഹൈക്കോടതി ഉത്തരവ് നൽകിയത്. " I am of the view that the directions contained in the order dated 7th of July 2015 are deferred with a direction to the respondents to implement the order after preparation of the new census" ; പുതിയ സെൻസസ് പൂർത്തീകരണത്തിനുശേഷം മാത്രമേ നടപ്പിലാക്കാൻ പാടുള്ളൂ, അതുവരെ അത് മരവിപ്പിക്കണമെന്ന് 2015-ലെ കേരള ഹൈക്കോടതി വിധിയിൽ പറഞ്ഞിരിക്കുന്നു. അതുകൊണ്ട് സെൻസസ് പൂർത്തീകരണത്തിന് മുമ്പായി വാർഡ് കൂടുതലായി കൂട്ടിച്ചേർക്കാനുള്ള ഈ നിർദ്ദേശം നിയമവിരുദ്ധവും ക്രമരഹിതവുമാണ്. അതുകൊണ്ട് ഈ ബിൽ അവതരിപ്പിക്കാൻ അനുമതി നിഷേധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, വളരെ അസാധാരണമായ ഒരു സാഹചര്യമാണ് നിയമനിർമ്മാണസഭയുടെ ചരിത്രത്തിൽ ഉണ്ടായിരിക്കുന്നതെന്നത് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ക്യാബിനറ്റ് പാസ്സാക്കിയ ബില്ലും ഓർഡിനൻസും ഗവർണർക്ക് അയച്ചത് അദ്ദേഹം കയ്യിൽ വച്ചുകൊണ്ടിരിക്കുകയാണ്. അദ്ദേഹമത് തള്ളുമോ ഇല്ലയോയെന്നും അറിയില്ല. ആ സാഹചര്യത്തിൽ അതേ നിയമംതന്നെ ക്യാബിനറ്റ് വീണ്ടും പാസ്സാക്കി സഭയിൽ കൊണ്ടുവരികയാണ്. ഒരുപക്ഷേ ഇത് കേരള നിയമസഭയുടെ ചരിത്രത്തിലെ ആദ്യത്തെ സംഭവമായിരിക്കും. മിനിഞ്ഞാന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു, ഞാനാണ് കത്ത് കൊടുത്തതെന്ന്. അത് ശരിയാണ്. പ്രതിപക്ഷ നേതാവെന്ന നിലയിലുള്ള എന്റെ ഡ്യൂട്ടിയാണത്. കാരണം, ഇവിടെ എല്ലാ മെമ്പർമാരും ചൂണ്ടിക്കാണിച്ചത് രണ്ട് കാര്യങ്ങളാണ്. ഒന്ന്, 1948-ലെ സെൻസസ് ആക്ട് പ്രകാരം സെൻസസ് തുടങ്ങുന്നതിന്റെ ഒരു വർഷം മുമ്പ് എല്ലാ കോൺസ്റ്റിറ്റ്യൂവൻസികളും മരവിപ്പിക്കണമെന്നുള്ളതാണ്. രണ്ട്, സെൻസസ് കഴിഞ്ഞേ ഡീലിമിറ്റേഷൻ പാടുള്ളൂവെന്ന ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് അമിത് റാവലിന്റെ വളരെ വ്യക്തമായ സ്പീക്കിംഗ് ഓർഡറാണ്. How can the Government come with a bill which is completely against the High Court Order? Res judicata ആയത് എങ്ങനെ ഇവിടെ വരും? ഇത് കോടതിയുടെ വരാന്തയിൽ എത്തുമ്പോൾത്തന്നെ തള്ളിക്കളയും. ശ്രീ. എ. സി. മൊയ്തീൻ നല്ല

മനുഷ്യനാണ്. അദ്ദേഹം പരിണതപ്രജ്ഞനായ വ്യക്തിയാണ്, പഞ്ചായത്ത് പ്രസിഡന്റായിരുന്ന ആളാണ്. തുമ്പിയെക്കൊണ്ട് കല്ലെടുപ്പിക്കുന്നതുപോലെ പാസ്സാക്കാൻ കഴിയാത്ത ഈ നിയമം അദ്ദേഹത്തിലൂടെ ഇവിടെ കൊണ്ടുവന്നിരിക്കുകയാണ്. ഈ നിയമം കോടതിയുടെ വരാന്തയിലെത്തുമ്പോൾ തന്നെ തള്ളിക്കളയും. ഇത് പാസ്സാക്കി അസന്റിന് ചെന്നാൽ ശ്രീ. എം. ഉമ്മർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഗവർണർക്ക് ഒപ്പിടാൻ കഴിയില്ല. ഗവർണറെ എതിർത്തിട്ട് അദ്ദേഹത്തിന്റെ മുമ്പിൽ പോയത് എന്തിനാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചോദിച്ചു. ഗവർണറോട് വ്യക്തിപരമായി ഒരു വിരോധവുമില്ല, അദ്ദേഹത്തിന്റെ അഭിപ്രായങ്ങളോടും നിലപാടുകളോടുമാണ് ഞങ്ങളുടെ വിയോജിപ്പ്. മാത്രമല്ല, അദ്ദേഹം ഗവർണറായി ഇരിക്കുന്നിടത്തോളം കാലം, as far as he is the head of the State, it is the bounden duty of all of us to respect him. അദ്ദേഹം തീരുമാനമെടുക്കട്ടെ. ഒരു കാരണവശാലും കോടതിയിൽ നിലനിൽക്കാത്ത, Res judicata ആയ കാര്യമായതുകൊണ്ട് ഗവൺമെന്റ് ഇത് പുനഃപരിശോധിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ബഹുമാനപ്പെട്ട അംഗങ്ങളും പ്രതിപക്ഷ നേതാവും ഉന്നയിച്ച ക്രമപ്രശ്നങ്ങൾ നിയമപരമായി നിലനിൽക്കുന്നതല്ല. ആദ്യം പ്രതിപക്ഷ നേതാവ് പറഞ്ഞത് ഓർഡിനൻസുമായി ബന്ധപ്പെട്ട വിഷയമാണ്. ഓർഡിനൻസിൽ ബഹുമാന്യനായ ഗവർണർ സംശയങ്ങൾ ഉന്നയിച്ചുവെന്നുള്ളത് ശരിയാണ്. അങ്ങ് അയച്ച രണ്ട് കത്തിനും വിശദീകരണം ചോദിച്ചിരുന്നു. അതിന് ഗവൺമെന്റ് നിലപാട് നിയമപരമായി നിലനിൽക്കുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്. അദ്ദേഹത്തെ നേരിൽക്കണ്ടപ്പോൾ നിയമസഭാ സമ്മേളനം നിശ്ചയിച്ച സമയത്ത് ഇങ്ങനെയൊരു ഓർഡിനൻസിന്റെ ആവശ്യമുണ്ടോ നിയമസഭയിൽ ബില്ലായി അവതരിപ്പിച്ചാൽ പോരേയെന്ന് ചോദിച്ചു. ഓർഡിനൻസ് ഇറങ്ങാൻ കുറച്ച് ദിവസമെടുത്തു. അതിനിടയ്ക്ക് നിയമസഭാ സമ്മേളനം തീരുമാനിച്ചു. അതിനെത്തുടർന്നാണ് ബിൽ നിയമസഭയിൽ വന്നത്, ഓർഡിനൻസ് ഗവർണർ മടക്കി അയച്ചിട്ടുണ്ട്. അത് ഫയലിൽ രേഖപ്പെടുത്തി സർക്കാരിന് നൽകിയിരിക്കുകയാണ്. ഗവർണർ അംഗീകരിച്ച ബില്ലിന്റെ കരടാണ് സഭയിൽ അവതരിപ്പിച്ചത്. നിയമാനുസരണമുള്ള നടപടികളൊക്കെ സ്വീകരിച്ചിട്ടുണ്ട്. ഗവർണറെ ഭയന്നിട്ടാണ് ഇത് ചെയ്തതെന്ന രീതിയിൽ ഇവിടെ പറയുകയുണ്ടായി. അങ്ങനെ കാണുന്നത് ശരിയല്ല. നിയമപ്രകാരം ഈ ബിൽ അവതരിപ്പിക്കാനുള്ള നടപടികളാണ് സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്.

സെൻസസ് റൂളിലെ 8(4) പ്രകാരം ഇതുചെയ്യുന്നത് നിയമവിധേയമല്ലെന്നതും അഡ്മിനിസ്റ്റേറ്റീവ് യൂണിറ്റുകളുടെ അതിരുകളിൽ മാറ്റം വരുത്തുന്നില്ലെന്ന് ഉറപ്പുവരുത്തണമെന്നുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ലെന്നതും കോടതിയിലെ കേസും ധനകാര്യ മെമ്മോറാണ്ടവും ഉൾപ്പെടെയുള്ള വിഷയങ്ങളുമാണ് ഇവിടെ പൊതുവായി ഉന്നയിക്കപ്പെട്ടിട്ടുള്ളത്. 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലും 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലും പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും അംഗങ്ങളുടെ സ്ഥാനം ഓരോന്നുവീതം വർദ്ധിപ്പിക്കുന്നതിനാണ് (മിനിമത്തിലും മാക്സിമത്തിലും) വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇങ്ങനെ വർദ്ധിപ്പിക്കുന്നതുകൊണ്ട് പഞ്ചായത്തുകളുടെയോ മുനിസിപ്പാലിറ്റികളുടെയോ മറ്റു സ്ഥാപനങ്ങളുടെയോ അതിർത്തികളിൽ മാറ്റമുണ്ടാകുന്നില്ല. ഇവിടെ പലരും ആ വിഷയം ഉന്നയിച്ചു. സെൻസസ് റൂളിലെ 8-ാം ചട്ടം 4-ാം ഖണ്ഡം പ്രകാരം സെൻസസ് കമ്മീഷണർ അറിയിക്കുന്ന സെൻസസ് റഫറൻസ് തീയതിക്കും സെൻസസ് പൂർത്തിയാക്കുന്ന തീയതിക്കും ഒരു വർഷം മുമ്പല്ലാത്ത തീയതി മുതൽ ജില്ല, താലൂക്ക്, ടൗൺ മുതലായവയുടെ അഡ്മിനിസ്റ്റേറ്റീവ് ബൗണ്ടറികളിൽ മാറ്റം വരുത്താൻ പാടില്ലെന്നാണ് വ്യവസ്ഥ ചെയ്യുന്നത്. രജിസ്ട്രാർ ജനറൽ ആൻഡ് സെൻസസ് കമ്മീഷണർ ഓഫ് ഇന്ത്യയുടെ കത്തുപ്രകാരവും അഡ്മിനിസ്റ്റേറ്റീവ് യൂണിറ്റുകളുടെ അതിരുകളിൽ മാറ്റം വരുത്തരുതെന്നാണ് നിശ്ചയിച്ചിട്ടുള്ളത്. ബില്ലിലെ വ്യവസ്ഥകൾ പ്രകാരം പഞ്ചായത്ത് അംഗങ്ങളുടെയും മുനിസിപ്പിൽ കൗൺസിലർമാരുടെയും എണ്ണം വർദ്ധിക്കുന്നതുമൂലം വാർഡുകളുടെ അതിരുകളിൽ മാറ്റം വരും. ടൗൺ, ജില്ല എന്നിവയുടെ അഡ്മിനിസ്റ്റേറ്റീവ് ബൗണ്ടറികളും വില്ലേജിന്റെ അതിരുകളും മാറുന്നില്ല. റവന്യൂ വില്ലേജുകളുടെ അതിർത്തി മാറ്റാനൊന്നും ഈ ബില്ലിൽ വ്യവസ്ഥയില്ല. അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുവേണ്ടി മാത്രമാണിത്. വാർഡുകളുടെ അതിർത്തി മാറുന്നത് നിയമവിധേയമാണോ എന്നതാണ് പ്രശ്നം. അഡ്മിനിസ്റ്റേറ്റീവ് ബൗണ്ടറികൾ എന്നതന്നെയാണ് കൃത്യമായി പറയുന്നത്. കേരളത്തിൽ വാർഡുകൾക്ക് എവിടെയാണ് ഒരു അഡ്മിനിസ്റ്റേറ്റർ; ഒരു ഉദ്യോഗസ്ഥനെ എവിടെയാണ് നമ്മൾ ചുമതലപ്പെടുത്തിയിരിക്കുന്നത്? കേരളത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അതിർത്തി തന്നെയാണ് അഡ്മിനിസ്റ്റേറ്റീവ് ബൗണ്ടറികൾ. പഞ്ചായത്തുകൾ പുതിയതായി രൂപീകരിക്കുന്നില്ലെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. സെൻസസ് കമ്മീഷണറുടെ തീരുമാനത്തിന് വിരുദ്ധമായ നിലപാട് സർക്കാർ സ്വീകരിച്ചിട്ടില്ല. ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത റിട്ട് ഹർജി നമ്പർ 14852/2019 പഞ്ചായത്തിന്റെ വിഭജനം സംബന്ധിച്ചാണ് പ്രതിപാദിക്കുന്നത്;

വാർഡുകളെക്കുറിച്ചല്ല. എന്നാൽ കരട് ബില്ലിലെ വ്യവസ്ഥകൾ നടപ്പിലാക്കുമ്പോൾ നേരത്തെ പറഞ്ഞതുപോലെ വാർഡുകളുടെ അതിരുകളിൽ മാറ്റം വരും. പഞ്ചായത്ത് വിഭജനത്തിനോ അഡ്മിനിസ്ട്രേറ്റീവ് ബൗണ്ടറികളിൽ മാറ്റം വരുത്താനോ ഉദ്ദേശിച്ചിട്ടില്ല. അതുകൊണ്ടുതന്നെ ഇളങ്കുന്നപ്പുഴ പഞ്ചായത്ത് വിഭജിക്കണമെന്നുപറഞ്ഞ് ഒരു വ്യക്തി ഹൈക്കോടതിയിൽ സമർപ്പിച്ച കേസ് ഇതിന് ബാധകമല്ല. WPC No.14852/2019 എന്ന കേസിൽ 7-1-2020-ലെ വിധിന്യായത്തെത്തുടർന്ന് ഫയൽ ചെയ്ത റിവ്യൂ ഹർജിയിന്മേൽ കോടതിവിധി ഉണ്ടായിട്ടുണ്ട്. 24-1-2020-ൽ പുറപ്പെടുവിച്ച ഉത്തരവിൽ പഞ്ചായത്തുകളുടെ വിഭജനം സംബന്ധിച്ചാണ് പ്രതിപാദിക്കുന്നത്. സാമ്പത്തിക ബാധ്യതയുണ്ടാകുമെന്ന കാരണത്താൽ പഞ്ചായത്തുകളുടെ വിഭജനം നടത്തേണ്ടെന്ന് തീരുമാനിച്ചിട്ടില്ലെന്നാണ് സർക്കാർ ബോധിപ്പിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട സണ്ണി ജോസഫ് അതിൽ പൗരത്വ നിയമ ഭേദഗതികൂടി എന്നൊക്കെ കൂട്ടിച്ചേർത്ത് പറഞ്ഞു. അങ്ങനെയൊരു പരാമർശം സർക്കാർ നടത്തിയിട്ടില്ല, കോടതിയിൽ ഗവൺമെന്റ് വക്കീൽ അങ്ങനെ പറഞ്ഞിട്ടില്ല. ആ റിവ്യൂ പെറ്റീഷന്റെ വിധിപകർപ്പ് ഞാൻ മേശപ്പുറത്തുവയ്ക്കാം; അത് അംഗങ്ങൾക്കും കാണാം. ഈ വിധിയുടെ ഭാഗമായി പഞ്ചായത്തുകളുടെ അതിരുകളിൽ മാറ്റം വരുത്തുകയോ പഞ്ചായത്തുകൾ വിഭജിക്കുകയോ ചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. ഇക്കാര്യം സർക്കാർ നേരത്തെ തീരുമാനിച്ചിട്ടുള്ളതാണ്.

സെൻസസ് നടക്കുന്ന മുനിസിപ്പാലിറ്റി, റവന്യൂ, വില്ലേജ്, തഹസിൽ, ഉപജില്ല, ജില്ല എന്നിവയുടെ അതിർത്തിയിൽ മാറ്റം വരുത്തരുതെന്നതാണ് ചീഫ് സെക്രട്ടറി നൽകിയ കത്തിൽ നിർദ്ദേശിച്ചിട്ടുള്ളത്. അതിന്റെ കോപ്പി എന്റെ കയ്യിലുണ്ട്. ഇതിനിടയ്ക്ക് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ രജിസ്ട്രാർ ജനറൽ ആൻഡ് സെൻസസ് കമ്മീഷണർ ഓഫ് ഇന്ത്യ, ശ്രീ. വിവേക് ജോഷിയുടെ സാന്നിദ്ധ്യത്തിൽ സ്റ്റേറ്റ് ലെവൽ കോ-ഓർഡിനേഷൻ കമ്മിറ്റി ചേർന്നിരുന്നു. അതിലും അഡ്മിനിസ്ട്രേറ്റീവ് യൂണിറ്റുകളുടെ അതിർത്തി ഫ്രീസ് ചെയ്യണമെന്നാണ് പറഞ്ഞിട്ടുള്ളത്. വാർഡുകളുടേത് മാറ്റണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടിട്ടില്ല. സെൻസസ് ആവശ്യത്തിനുവേണ്ടി പഞ്ചായത്ത് വാർഡുകളെയല്ല അവർ ആശ്രയിക്കുന്നത്. ഹൗസ് ലിസ്റ്റിംഗ് ബ്ലോക്കുകളും എന്യൂമറേഷൻ ബ്ലോക്കുകളും അവർ പ്രത്യേകം രൂപീകരിക്കും. ഹൗസ് ലിസ്റ്റിംഗ് ബ്ലോക്കിൽ 650 മുതൽ 800 വരെ ജനസംഖ്യ അല്ലെങ്കിൽ 150 മുതൽ 180 വരെ വീടുകൾ ഉൾപ്പെടുത്തിയുള്ള സെൻസസ് പ്രക്രിയയാണ് നടക്കുന്നത്. അതിന് അവർക്ക് പ്രത്യേക നമ്പർ കൊടുക്കുന്നുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വാർഡുമായി ബന്ധപ്പെട്ട് സെൻസസ് നടത്തുന്നതിന് ഇത് ബാധകമല്ല. ബൗണ്ടറികൾ മാറ്റരുതെന്നുള്ളത്

ശരിയാണ്. സെൻസസിന്റേതായ ഹൗസ് ബ്ലോക്കുകൾ അവർതന്നെ നിശ്ചയിച്ച് അതിന്റെ അടിസ്ഥാനത്തിലാണ് സെൻസസ് നടപടികൾ നടക്കുക ധനകാര്യമെമ്മോറാണ്ടം ഇതിൽ ഉൾപ്പെടുത്താത്തത് സംബന്ധിച്ച് ഞാൻ നേരത്തെ പറഞ്ഞു. അത് ഗവർണറെ ഭയപ്പെട്ടിട്ടൊന്നുമല്ല. സഞ്ചിത നിധിയിൽ നിന്നും അധികച്ചെലവ് വരുന്നില്ലെന്നാണ് ധനകാര്യ മെമ്മോറാണ്ടത്തിൽ പറഞ്ഞിട്ടുള്ളത്. ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം അംഗങ്ങൾക്ക് പ്രതിമാസ ഓണറേറിയം, സിറ്റിംഗ് ഫീസ് മുതലായ മിക്കവാറും എല്ലാ സ്ഥാപനങ്ങളും അവരുടെ ഫണ്ടിൽ നിന്നാണ് നൽകുന്നത്. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ കാര്യത്തിൽ ഇത് തദ്ദേശഭരണ സ്ഥാപനത്തിന് ലഭിക്കുന്ന ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നാണ് നൽകുന്നത്. ജനറൽ പർപ്പസ് ഗ്രാന്റ് സംസ്ഥാന ധനകാര്യ കമ്മീഷന്റെ അവാർഡ് പ്രകാരമാണ് നിശ്ചയിക്കുന്നത്. വാർഡുകളുടെ എണ്ണം വർദ്ധിക്കുന്നതുകൊണ്ട് ജനറൽ പർപ്പസ് ഗ്രാന്റ് വർദ്ധിക്കുന്നില്ല. ബ്ലോക്കുകൾക്ക് ധനകാര്യ കമ്മീഷൻ ഓരോ വർഷവും വർദ്ധിപ്പിക്കുന്ന നിശ്ചിത തുകയ്ക്കുപുറമെ 12% വർദ്ധിപ്പിച്ച് നൽകുകയാണ് ചെയ്യുന്നത്. ധനകാര്യ കമ്മീഷൻ ഗ്രാന്റ് വർദ്ധിപ്പിക്കുന്നില്ല. അതുകൊണ്ട് സർക്കാരിന്റെ സഞ്ചിതനിധിയിൽ നിന്ന് കൂടുതൽ ചെലവ് വരുന്നില്ലെന്നുള്ളത് നിയമപരമായി നിലനിൽക്കുന്നതാണ്. ഒരു അധികച്ചെലവും ഇതിന്റെ ഭാഗമായി ഉണ്ടാകുന്നില്ല. അതുകൊണ്ട് കരട് ബില്ലിലെ വ്യവസ്ഥകൾ ഏതെങ്കിലും കേന്ദ്ര നിയമത്തിന്റെ വ്യവസ്ഥകൾക്കോ രജിസ്ട്രാർ ജനറൽ ആൻഡ് സെൻസസ് കമ്മീഷണർ ഓഫ് ഇന്ത്യയുടെ നിർദ്ദേശത്തിനോ വിരുദ്ധമാകുന്നില്ല. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശത്തിന് വിരുദ്ധമായ ഒരു കാര്യവും സർക്കാർ ചെയ്യുന്നില്ല. എന്തിനാണ് ഇത്രയും തിരക്കുപിടിച്ച് ഇക്കാര്യങ്ങൾ ചെയ്യുന്നതെന്ന് ചോദിച്ചു. 2001-ലെ സെൻസസ് അനുസരിച്ച് വാർഡ് ഡിലിമിറ്റേഷൻ നടക്കേണ്ടതായിരുന്നു. എന്നാൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്തുണ്ടായ പ്രത്യേക സാഹചര്യത്തിന്റെ ഭാഗമായി കേസും മറ്റുമുണ്ടായതു കൊണ്ട് പുതിയ പഞ്ചായത്തുകൾ രൂപീകരിക്കാനായില്ല. മുനിസിപ്പാലിറ്റി രൂപീകരിച്ചപ്പോഴുണ്ടായ മാറ്റത്തെത്തുടർന്ന് 1200 തദ്ദേശഭരണ സ്ഥാപനങ്ങളിൽ 88 സ്ഥാപനങ്ങളിൽ മാത്രമാണ് വാർഡ് വിഭജനം നടന്നത്. അതും ജില്ല, ബ്ലോക്ക്, മുനിസിപ്പാലിറ്റികളിലായാണ്. ബാക്കിയുള്ള 1112 എണ്ണത്തിലും 2001-ലെ സെൻസസ് അനുസരിച്ചാണ് കിടക്കുന്നത്. അതൊരു അനീതിയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, 20 വർഷം കഴിഞ്ഞേ ഡിലിമിറ്റേഷൻ നടത്താവൂ എന്ന് നാലാം ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുണ്ട്. അത് അന്നത്തെ സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുമുണ്ട്.

അതുകൊണ്ടാണ് വാർഡ് വിഭജനം ഓരോ അഞ്ചുകൊല്ലവും നടത്തേണ്ട കാര്യമില്ല, അത് അധിക ചെലവാണ് എന്നുപറയുന്നത്. നാലാം ധനകാര്യ കമ്മീഷന്റെ റിപ്പോർട്ട് അങ്ങ് പരിശോധിക്കണം.

മി.സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ ബില്ലിനെ സംബന്ധിച്ച് ചർച്ച ചെയ്യുകയാണോ; ഇത് ക്രമപ്രശ്നമല്ലേ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ഞാൻ അവസാനിപ്പിക്കാം. നാലാം ധനകാര്യ കമ്മീഷൻ റിപ്പോർട്ട് പരിശോധിച്ചു. നാലാം ധനകാര്യ കമ്മീഷൻ കഴിഞ്ഞ് അഞ്ചാം ധനകാര്യ കമ്മീഷൻ വന്നു. ഒന്ന് മുതൽ നാല് വരെയുള്ള ധനകാര്യ കമ്മീഷനുകളുടെ നടപ്പിലാക്കേണ്ട ശിപാർശകൾ അഞ്ചാം ധനകാര്യ കമ്മീഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശകളാണ് ഇപ്പോഴുള്ളത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞ വാർഡ് വിഭജനത്തിന് 20 വർഷം കഴിയണമെന്നതുൾപ്പെടെയുള്ള നിർദ്ദേശങ്ങൾ അഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശകളിലില്ല. അങ്ങനെയാണെങ്കിൽ 2015-ൽ എന്തിനാണ് വാർഡ് വിഭജിക്കാൻ തീരുമാനിച്ചത്; അത് പരസ്പരവൈരുദ്ധ്യമല്ലേ? 2015-ലെ വിഭജനത്തിലുള്ള അനോമലി പരിഹരിക്കലാണിത്. അനാവശ്യമായ തിടുക്കമൊന്നുമുണ്ടായിട്ടില്ല. 2005-ൽ ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടിയുടെ സ്റ്റേറ്റുമെന്റ് എടുത്തിരിക്കുന്നു. 1994 മുതൽ 2019-വരെ നടന്ന എല്ലാ തെരഞ്ഞെടുപ്പിലും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇത് ഒരു പുതിയ കാര്യമല്ല. ഇത് വൈകിപ്പോയിയെന്ന് പറഞ്ഞപ്പോഴാണ് 2005-ലെ കാര്യം ഞാൻ ഓർമ്മിപ്പിച്ചത്. 2015-ൽ കൃത്യസമയത്താണോ നടന്നത്? ഇവിടെ വന്ന കമന്റുകൾക്കുള്ള മറുപടിയാണ് ഞാൻ പറഞ്ഞത്. നിയമവിധേയമായിട്ടാണ് ഈ ബിൽ സഭയുടെ മുമ്പിൽ അവതരിപ്പിച്ചിട്ടുള്ളത്.

**റൂളിംഗ്**

മി. സ്പീക്കർ: 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ എന്നിവയുടെ അവതരണത്തിനെതിരെ പ്രധാനമായും രണ്ട് തടസ്സവാദങ്ങളാണ് ഇവിടെ ഉന്നയിക്കപ്പെട്ടത്. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി വളരെ വ്യക്തമായിത്തന്നെ കാര്യങ്ങൾ വിശദീകരിക്കുകയുണ്ടായി. ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ചെയർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഈ രണ്ട് ബില്ലുകളിലൂടെ സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളിലെയും പഞ്ചായത്തുകളിലെയും തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ എണ്ണം ഓരോന്നു വീതം വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. അപ്രകാരം വാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കുമ്പോൾ അത് 1990-ലെ സെൻസസ്

കമ്മീഷണർ ഓഫ് ഇന്ത്യയുടെ നിർദ്ദേശങ്ങളുടെ ലംഘനമാകുമോയെന്നതാണ് ആദ്യത്തെ പ്രശ്നം. 1990-ലെ സെൻസസ് റൂളിലെ ചട്ടം 8 (4)-ൽ പറഞ്ഞിരിക്കുന്നത് പ്രകാരം ജില്ലയുടേയോ, താലൂക്കിന്റേയോ, ടൗണിന്റേയോ അഡ്മിനിസ്ട്രേറ്റീവ് ബൗണ്ടറികളിൽ മാറ്റം വരുന്നില്ലെന്നാണ് കാണുന്നത്. അതുകൊണ്ടുതന്നെ ഈ ബില്ലിലൂടെയുള്ള നിയമനിർമ്മാണ നിർദ്ദേശങ്ങൾ 1990-ലെ ചട്ടങ്ങളുടെയോ, 2019-ലെ ഹൈക്കോടതി വിധിയുടേയോ ലംഘനമാണെന്ന് കാണാനാവില്ല. മാത്രമല്ല, ഈ സഭയുടെ നിയമനിർമ്മാണാധികാരങ്ങളെ ഒരുതരത്തിലും അവ തടസ്സപ്പെടുത്തുന്നുമില്ല. അതിനാൽ പ്രസ്തുത തടസ്സവാദം നിലനിൽക്കുന്നതായി ചെയർ കരുതുന്നില്ല. രണ്ടാമത്തെ പ്രശ്നം ധനകാര്യ മെമ്മോറാണ്ടത്തെ സംബന്ധിച്ചാണ്. ഈ ഭേദഗതി നിലവിൽ വന്നാൽ വേണ്ടിവരുന്ന അധിക സാമ്പത്തിക ബാധ്യത ഗ്രാമപഞ്ചായത്തുകളുടെ കാര്യത്തിൽ അവരുടെ തനതു ഫണ്ടിൽനിന്നും മറ്റുള്ളവയുടെ കാര്യത്തിൽ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നുമാണ് വഹിക്കുന്നതെന്നതിനാൽ സംസ്ഥാന സഞ്ചിത നിധിയിൽനിന്നും അധിക ബാധ്യതയുണ്ടാകുന്നില്ലെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ വാദം വസ്തുതാപരമായി കാണുന്നു. ആയതിനാൽ ഇതുസംബന്ധിച്ച ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി ) ബില്ലും 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലും തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

2.00 P.M.]

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എസ്. രാജേന്ദ്രൻ]

ശ്രീ. പി. ടി. തോമസ്: സർ, 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 29-2-2020 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിന്റെ പീഠികയിൽ പറയുന്നത് '1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ' എന്നാണ്. ഇത് യുക്തിസഹമായവ ആകയാൽ അവതരിപ്പിക്കുന്നതാണ്, അതിന്റെ

തൊട്ടു താഴെ 'ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ' എന്നാണ്, ഇപ്പോൾ എഴുപത്തിയൊന്നാം സംവത്സരമാണ്, എഴുപതാം സംവത്സരം കഴിഞ്ഞു. തുടക്കംതന്നെ കുഴപ്പമാണ്. ഇത് ആരാണ് ഡ്രാഫ്റ്റ് ചെയ്തതെന്ന് അറിയില്ല. ഇവിടെ ധനകാര്യ മെമ്മോറാണ്ടത്തെക്കുറിച്ച് പറഞ്ഞു, രണ്ട് കാര്യം ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒന്ന്, ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിലെ കൗൺസിലർമാരുടെ ഓണറേറിയവും മറ്റു ബത്തകളും നൽകുന്നത് സംസ്ഥാന സഞ്ചിതനിധിയിൽ നിന്നല്ല. അതിനാൽ അത് ശരിയാകാം. എന്നാൽ ജില്ലാ പഞ്ചായത്തുകളുടെ സ്ഥിതി അതല്ല. സഞ്ചിതനിധിയിൽനിന്നും ഫിനാൻസ് കമ്മീഷന്റെ ശിപാർശ പ്രകാരം അനുവദിക്കപ്പെടുന്ന തുകകൊണ്ടാണ് അവയുടെ ചെലവുകൾ നിർവ്വഹിക്കപ്പെടുന്നത് എന്നതിനാൽ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിൽ അവിടത്തെ മെമ്പർമാരുടെ ചെലവ് ഇതുമൂലം വർദ്ധിക്കും. അപ്പോൾ ധനകാര്യമെമ്മോറാണ്ടത്തിൽ അടിസ്ഥാനപരമായി തെറ്റായ പ്രസ്താവനയാണ് നടത്തിയിരിക്കുന്നത്; അധിക ചെലവുണ്ടാകും. അതോടൊപ്പം വാർഡുകൾ പുതുതായി വിഭജിക്കപ്പെടുമ്പോൾ പഞ്ചായത്തിനാണെങ്കിൽ കെട്ടിട നമ്പറിടണം. അത് വലിയ ചെലവുള്ള കാര്യമാണ്.

അങ്ങിവിടെ പറഞ്ഞതുപോലെ അഡീഷണൽ ചീഫ് സെക്രട്ടറി 8-11-2019-ൽ ഇ.എം.3/200/2019 ആയി ഒരു ജി.ഒ. ഇറക്കിയിട്ടുണ്ട്. സെൻസസും വിഭജനവും വോട്ടർപട്ടിക പുതുക്കലും സാധ്യമല്ലെന്ന് അതിൽ പ്രഖ്യാപിച്ചിരിക്കുകയാണ്. അതിന് വിരുദ്ധമാണിത്. സെക്ഷൻ 6 അനുസരിച്ച് സെൻസസ് കഴിയാതെ വാർഡ് വിഭജനം പാടില്ലെന്നതിന് വിചിത്രമായൊരു നിർവ്വചനമാണ് പറഞ്ഞിരിക്കുന്നത്. പഞ്ചായത്തിന്റെ അതിർത്തി മാറുന്നില്ല, വാർഡുകളേ മാറുന്നുള്ളൂ. ഇനിയിപ്പോൾ ഇന്ത്യാ രാജ്യത്തിന്റെ അതിർത്തിക്കുള്ളിൽ ത്തന്നെയാണ് ഇതെന്ന് പറഞ്ഞാലും അത്ഭുതപ്പെടാനില്ല. അതുകൊണ്ട് നിലനിൽക്കുന്നൊരു വാദമാണിതെന്ന് എനിക്ക് തോന്നുന്നില്ല. 2019-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിലെ വോട്ടർ പട്ടിക അംഗീകരിക്കാതെ പഴയ വോട്ടർ പട്ടിക വച്ച് ആളുകളെ ബുദ്ധിമുട്ടിക്കുകയാണ്. 2019-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിലെ വോട്ടർ പട്ടിക പരിശോധിച്ച് ആളുകൾ നേരിട്ട് ഹാജരാകണമെന്നുള്ള വ്യവസ്ഥയെങ്കിലും ഒഴിവാക്കി വോട്ടർ പട്ടികയുടെ കാര്യത്തിലൊരു തീരുമാനമെടുക്കണമെന്ന് ഞാൻ സന്ദർഭവശാൽ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. 2019-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്തയാളുകൾ അപേക്ഷ നൽകട്ടെ. പക്ഷെ അവർ വീണ്ടും ഓരോരോ ഉദ്യോഗസ്ഥരുടെ മുന്നിൽ ഹാജരാകുന്നത് ഒഴിവാക്കണം. അല്ലെങ്കിൽ ലക്ഷക്കണക്കിനാളുകൾക്ക് ഈ ഉദ്യോഗസ്ഥരുടെ മുന്നിൽ ഹാജരാകേണ്ടിവരും.

<u>ശ്രീ. അനിൽ അക്കര</u>: സർ, 2015-ലെ വോട്ടർ പട്ടികയിൽ പ്രസിദ്ധീകരിച്ച പ്രധാനപ്പെട്ടൊരു കാര്യം ഐഡന്റിറ്റി കാർഡ് നമ്പരാണ്. അത് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ ഐഡന്റിറ്റി കാർഡാണ്. ഇപ്പോൾ 2015-ലെ വോട്ടർ പട്ടിക പുതുക്കിയാൽ പഞ്ചായത്ത് തെരഞ്ഞെടുപ്പിനുവേണ്ടി പ്രത്യേക തിരിച്ചറിയൽ കാർഡ് വേണ്ടിവരും, അല്ലെങ്കിൽ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ തിരിച്ചറിയൽ കാർഡ് ഉപയോഗിക്കേണ്ടിവരും. അതിലൊരു വൈരുദ്ധ്യമുള്ളത് താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പി. ടി. തോമസ്</u>: തീർച്ചയായും, ഞാൻ അക്കാര്യത്തിലേയ്ക്കാണ് വരുന്നത്. ഒട്ടും ആലോചനയില്ലാതെ ആളുകളെ ബുദ്ധിമുട്ടിക്കുകയെന്നൊരു മിനിമം പരിപാടിയുടെ അടിസ്ഥാനത്തിലാണ് ഇക്കാര്യങ്ങളൊക്കെ ചെയ്യുന്നത്. അതുകൊണ്ട് ഗവൺമെന്റ് ഉണർന്ന് പ്രവർത്തിക്കേണ്ട സമയമാണിത്. ഇലക്ഷൻ കമ്മീഷൻ പഴയ വോട്ടർ പട്ടികയേ അംഗീകരിക്കുകയുള്ളൂവെന്ന് പറയുമ്പോഴും 2019-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്ത മുഴുവൻ ആളുകളും ക്യൂ നിൽക്കണം. എന്തൊരു വൈരുദ്ധ്യമാണിതെന്ന് ആലോചിക്കണം. തിരിച്ചറിയൽ കാർഡിന്റെ കാര്യത്തിലും ആ ഭേദഗതിയുണ്ടാകും. അപ്പോൾ തിരിച്ചറിയൽ കാർഡുണ്ടാക്കണം. ഈ ഗുരുതരമായ സാഹചര്യം മുന്നിൽക്കണ്ട് ജനങ്ങൾക്ക് ഉപകാരപ്രദമായൊരു സമീപനം ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തു നിന്നുമുണ്ടാകണം. മന്ത്രി ഒരു കുഴപ്പക്കാരനാണെന്ന അഭിപ്രായമൊന്നും ഞങ്ങൾക്കില്ല. പക്ഷെ ഇക്കാര്യം ശ്രദ്ധിക്കണം. 'Gerrymandering' എന്ന് അങ്ങ് കേട്ടിട്ടുണ്ടല്ലോ; ഇലക്ഷൻ കമ്മീഷൻ പോലൊരു ഏജൻസിയായി നിശ്ചയിക്കപ്പെട്ട ആളായിരുന്നു ജെറി. അയാളുണ്ടാക്കിയ വാർഡ് 'salamander' പോലെയായിരുന്നു. അപ്പോൾ ജെറിക്ക് ആളുകൾ ചാർത്തിക്കൊടുത്ത പേരായിരുന്നു ജെറിമാൻഡറിംഗ്. ഈ നിയമം പാസ്സാക്കി അങ്ങ് നാട്ടിൽ പോകുമ്പോഴേയ്ക്കും അങ്ങേയ്ക്ക് കിട്ടാൻപോകുന്ന പേര് മൊയ്തീൻമാൻഡറിംഗ് എന്നായിരിക്കും. കാരണം ഇഷ്ടംപോലെ വരയ്ക്കുകയാണ്. പഴയ തെരഞ്ഞെടുപ്പുകാലത്ത് വാർഡ് വിഭജിച്ചപ്പോൾ നടന്നത് മറന്നുപോയോ? നേരം പുലർന്നപ്പോൾ ഒരു പായിൽ കിടന്നുറങ്ങിയ ഭാര്യ ഒരു വാർഡിലും ഭർത്താവ് മറ്റൊരു വാർഡിലുമായിപ്പോയി. നിങ്ങൾ ആ സാഹചര്യമുണ്ടാക്കുകയാണ് ചെയ്യുന്നത്. അവിടെയും ഇവിടെയും നിന്ന് പത്തോ പതിനഞ്ചോ അമ്പതോ വീടുകൾവീതം തെരഞ്ഞെടുത്ത് വരാൻ പോകുന്ന തെരഞ്ഞെടുപ്പിനെ അട്ടിമറിക്കാനുള്ള ഒരു സൂത്രപ്പണിയാണിത്. അത് അപകടകരമാണ്. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെയൊരു കാര്യം പറഞ്ഞു. എല്ലാവരുമത് ശ്രദ്ധിച്ചോയെന്ന് എനിക്കറിയില്ല. പുകൃഷി, മഴവെള്ള സംഭരണം, നാട്ടിൻപുറത്തെ പച്ചക്കറി വികസനം തുടങ്ങിയ കാര്യങ്ങൾക്കായി പഞ്ചായത്തിൽ നൂറുകണക്കിന് ചെറുപ്പക്കാർക്ക് ജോലികൊടുക്കാൻ പോകുകയാണെന്നാണ് അദ്ദേഹം പറഞ്ഞത്. എന്തിനാണത്? പഞ്ചായത്ത്

തെരഞ്ഞെടുപ്പ് വരാൻ പോകുന്ന അവസരത്തിൽ ഇതുകൂടി കൂട്ടിവായിക്കണം. ഇത് പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ പാർട്ടി പ്രവർത്തകരായി ഒരുകൂട്ടം ആളുകളെ തെരഞ്ഞെടുക്കാനുള്ള ബോധപൂർവ്വമായ മുന്നേറ്റത്തിന്റെ ഭാഗമാണ്. അത് നല്ലകാര്യമല്ലെന്നല്ല പറഞ്ഞത്. ഡി.വൈ.എഫ്.ഐ.-യുടെയും സി.ഐ.ടി.യു.-വിന്റെയും ആളുകളെ മാത്രമായി തെരഞ്ഞെടുക്കുകയാണെങ്കിലേ ഞങ്ങൾ എതിർക്കൂ; അങ്ങനെ എടുത്ത പാരമ്പര്യമാണുള്ളത്. കുടുംബശ്രീയുടെയും ഹെൽത്ത് ഡിപ്പാർട്ടുമെന്റിലെയുമടക്കം കാര്യം പരിശോധിച്ചുനോക്കിയാൽ മനസ്സിലാകും. ഇത് പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ വോട്ടുപിടിക്കാനും തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ നടത്താനും വാർഡുകൾ കേന്ദ്രീകരിച്ച് വീടുവീടാന്തരം കയറി പ്രചരണം നടത്താനുമുള്ള ഏജന്റുമാരെ നിയമിക്കാനുള്ള ഗൂഢാലോചനയാണോയെന്നാണ് സന്ദേഹം. അങ്ങനെയല്ലെങ്കിൽ നല്ലത്, ജനങ്ങളെല്ലാം നന്നാകട്ടെ.

<u>ശ്രീ. എസ്. ശർമ്മ</u>: സർ, കേരളത്തിലെ ആയിരത്തോളം പഞ്ചായത്തുകളിൽ പകുതിയോളം പഞ്ചായത്തുകളും എറണാകുളം ഉൾപ്പെടെയുള്ള മിക്ക കോർപ്പറേഷനുകളും യു.ഡി.എഫ്.-ന്റെ കയ്യിലാണ്. അങ്ങനെയുള്ള സ്ഥലങ്ങളിൽ ഇതാണോ ഉദ്ദേശിക്കുന്നത്; അതിന് മറയിടാൻവേണ്ടി പറയുന്ന ന്യായമാണോ ഇത്?

<u>ശ്രീ. പി. ടി. തോമസ്</u>: സർ, എങ്ങനെയാണ് ഈ ആളുകളെ തെരഞ്ഞെടുക്കുന്നതെന്ന് പറഞ്ഞിട്ടില്ല. അങ്ങനെ പറയുകയും അതിന് തൊട്ടടുത്ത ദിവസം രാവിലെ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ഇങ്ങനെയൊരു ഭേദഗതി കൊണ്ടുവരികയും ചെയ്തപ്പോൾ ഇവരെ ഉപയോഗപ്പെടുത്തി തെരഞ്ഞെടുപ്പിനെ മാനേജ് ചെയ്യാനുള്ള നീക്കമുണ്ടോയെന്നുള്ള എന്റെ സംശയം പറഞ്ഞുവെന്നേയുള്ളൂ. അങ്ങനെയില്ലെങ്കിൽ എന്റെ വാക്കുകൾ ഞാൻ പിൻവലിച്ചേയ്ക്കാം. നിങ്ങളുടെ പഴയ പല കാര്യങ്ങളും നോക്കിയാൽ അങ്ങനെ സംശയിക്കേണ്ടിവരും.

73, 74 ഭരണഘടനാ ഭേദഗതിയിലൂടെ യശഃശരീരനായ രാജീവ് ഗാന്ധി കൊണ്ടുവന്ന പഞ്ചായത്ത് രാജ് നിയമം ശ്രീ. എ. കെ. ആന്റണി സർക്കാരിന്റെ കാലത്ത് പുലർച്ചെ അഞ്ച് മണിക്കാണെന്ന് തോന്നുന്നു, കേരളം ആ നിയമം അഡോപ്റ്റ് ചെയ്തത്. അന്ന് ബഹുമാനപ്പെട്ട മന്ത്രി എ. സി. മൊയ്തീൻ ഉണ്ടായിരുന്നുവെന്നാണ് എനിക്ക് തോന്നുന്നത്. അങ്ങനെ പാസ്സാക്കിയ നിയമം നടപ്പാക്കുന്ന ഘട്ടത്തിൽ ഗവൺമെന്റ് മാറി പുതിയ ഗവൺമെന്റ് വന്നു. അപ്പോൾ ചെയ്തതെന്താണ്? മഹാത്മാ ഗാന്ധിക്കുശേഷം 73, 74 ഭരണഘടനാ ഭേദഗതിയിലൂടെ പഞ്ചായത്ത് രാജ് നിയമം രാജ്യം മുഴുവൻ ഫലപ്രദമായി അവതരിപ്പിച്ച രാജീവ് ഗാന്ധിയുടെ പേര് പറയണമെന്നുള്ളതുകൊണ്ട് നിങ്ങളൊരു

സൂത്രപ്പണി കണ്ടുപിടിച്ചു, ജനകീയാസൂത്രണം എന്ന് പേരിട്ടു. ത്രിതല പഞ്ചായത്തുകൾക്ക് അനുവദിച്ച ചില അധികാരങ്ങൾ കവർന്നെടുത്തതല്ലാതെ 73, 74 ഭരണഘടനാ ഭേദഗതിയിൽ പറഞ്ഞ ഒരു വാക്കോ വള്ളിയോ പുള്ളിയോ നിങ്ങൾ വ്യത്യാസം വരുത്തിയില്ല. എന്നാൽ, 'ജനകീയാസൂത്രണം' എന്നുപറഞ്ഞ് എന്തോ ഒരു പുതിയ കാര്യമെന്ന തരത്തിൽ കൊണ്ടുവന്നു. അത് പഞ്ചായത്ത് രാജ് നിയമത്തിൽ പറഞ്ഞതായിരുന്നു. പഞ്ചായത്ത് രാജ് നിയമം മാറ്റിവയ്ക്കാൻവേണ്ടി നിങ്ങൾ നീക്കം നടത്തിയിട്ടുണ്ട്.

യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് സച്ചാർ കമ്മീഷൻ റിപ്പോർട്ട് കൊണ്ടുവന്നു. അത് പാവപ്പെട്ട മുസ്ലീം സമുദായത്തിന്റെ സാമ്പത്തികവും സാമൂഹികവുമായ പിന്നോക്കാവസ്ഥ ആദ്യമായി ചൂണ്ടിക്കാണിച്ച വിപ്ലവകരമായ റിപ്പോർട്ടായിരുന്നു. ആ റിപ്പോർട്ട് വന്നയുടനെ ശ്രീ. പാലോളി മുഹമ്മദ് കുട്ടിയെ നിയമിക്കുകയും അത് പാലോളി മുഹമ്മദ് കുട്ടി കമ്മിറ്റിയാകുകയും ചെയ്തു. കേന്ദ്ര ബഡ്ജറ്റിൽനിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ പാലോളി കമ്മിറ്റി നിർദ്ദേശത്തെത്തുടർന്ന് കിട്ടിയതാണെന്ന് മുസ്ലീം സമുദായത്തിലെ പാവപ്പെട്ട കുറേ ആളുകളെ പറഞ്ഞുധരിപ്പിച്ചു. അതല്ലേ നടന്നത്? ലൈഫ് മിഷനെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ പറയുകയുണ്ടായി. ഏതാണ്ട് മൂന്ന് ലക്ഷത്തോളം വീടുകൾ കൊടുത്തുവെന്നുപറഞ്ഞു, നല്ലകാര്യം. എറണാകുളം ജില്ലയിൽ വീട് കൊടുത്തവരുടെ യോഗത്തിൽ ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രിയോടൊപ്പം ഞാനും പങ്കെടുത്തിരുന്നു. വീടുവയ്ക്കുന്നതിനായി നാലുലക്ഷം രൂപ കൊടുക്കുകയാണ്. മുനിസിപ്പൽ പ്രദേശത്ത് ഒരു ലക്ഷം രൂപ കേന്ദ്ര ഗവൺമെന്റ് നൽകുന്നുണ്ട്. പഞ്ചായത്തുതലത്തിൽ എഴുപത്തയ്യായിരം രൂപ മാത്രമേയുള്ളൂ. ബാക്കി രണ്ട് ലക്ഷം രൂപ കൊടുക്കേണ്ടത് പഞ്ചായത്താണ്. കേരളത്തിലെ പഞ്ചായത്തുകളുടെ പത്തുവർഷത്തെ പ്ലാൻ ഫണ്ടിൽ നിന്നാണ് വീടുവയ്ക്കുന്നതിന് പണമടയ്ക്കേണ്ടത്. അതിന് നിങ്ങളുടെ സംഭാവന എന്താണ്? ലൈഫ് മിഷൻ പദ്ധതി പ്രകാരം പഞ്ചായത്തും എല്ലാവരുംകൂടി സഹകരിച്ചുനടത്തുന്ന പദ്ധതി എന്നതിനപ്പുറം നിങ്ങൾ മേനി നടിക്കുകയാണ് ചെയ്യുന്നത്. ലൈഫ് പദ്ധതികൊണ്ട് കേരളം മുഴുവൻ ഓട്ടയടച്ചുവെന്ന് വരുത്തുകയാണ്, അത് ശരിയല്ല. പഞ്ചായത്തിന്റെ വിഹിതം രണ്ടുലക്ഷം, ഞങ്ങൾ കൊടുക്കുന്നത് ഒരു ലക്ഷം, പത്തുവർഷത്തെ പ്ലാൻ ഫണ്ടിൽനിന്ന് അടയ്ക്കേണ്ടത് രണ്ട് ലക്ഷം, പിന്നീട് പഞ്ചായത്തിന്റെ വിഹിതം...

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, അങ്ങ് ഇപ്പോൾ പറഞ്ഞത് എല്ലാവർക്കും അറിയാവുന്ന പാറ്റേണാണ്. ഭരണഘടനയനുസരിച്ച് സാമൂഹ്യനീതി എന്നതിൽ അടിസ്ഥാനപരമായ ആവശ്യങ്ങൾ ഉൾക്കൊള്ളുന്നതാണ്. ഏത് ഗവൺമെന്റാണെങ്കിലും പദ്ധതി നടപ്പാക്കാൻ ഗവൺമെന്റാണ് പണം

കൊടുക്കുന്നത്. ആ പണം ഉപയോഗിക്കാൻ അങ്ങേയ്ക്ക് എന്തിനാണ് ഇത്രയേറെ വൈഷമ്യം.

ശ്രീ. പി. ടി. തോമസ്: സർ, ഒരു വൈഷമ്യവുമില്ല. പിന്നീട് ധനകാര്യ മെമ്മോറാണ്ടത്തിൽ പറയുന്നതുപോലെ, സഞ്ചിത നിധിയിൽനിന്നും നഷ്ടം വരില്ലെന്നുകൂടി എഴുതിവയ്ക്കരുത്. നിങ്ങളുടെ മൂന്ന് പ്രധാന കാപട്യങ്ങളാണ് ഞാൻ തുറന്നുകാണിച്ചത്. 73, 74 ഭരണഘടനാ ഭേദഗതിയെ ജനകീയാസൂത്രണമാക്കി ചിത്രീകരിച്ച് നാട്ടുമുഴുവൻ നിങ്ങൾ കൊണ്ടുവന്നതാണെന്ന് സ്ഥാപിച്ചു. സച്ചാർ കമ്മിറ്റി റിപ്പോർട്ട് പാലോളി മുഹമ്മദ് കുട്ടിയുടെ റിപ്പോർട്ടാണെന്ന് നിങ്ങൾ സ്ഥാപിച്ചു. അതുപോലൊരു പദ്ധതിയെന്നേയുള്ളൂ. അതുകൊണ്ട് വളരെ ശ്രദ്ധാപൂർവ്വം ചെയ്യണമെന്നാണ് ഇതുമായി ബന്ധപ്പെട്ട് എനിക്ക് പറയാനുള്ളത്. ഈ സർക്കാരിന്റെ കാലാവധി തീരാൻ പോകുന്ന വേളയിൽ ധൃതിപിടിച്ച് വാർഡ് വിഭജനം പൂർത്തിയാക്കുന്നതോടുകൂടി മുഴുവൻ വാർഡുകളും ഓരോരുത്തരുടെയും താല്പര്യമനുസരിച്ച് പ്രത്യേകിച്ച്, സി.പി.ഐ.(എം)-ന്റെ രാഷ്ട്രീയ തീരുമാനമനുസരിച്ച് വിഭജിക്കപ്പെടാൻ പോകുകയാണ്. അത് അപകടകരമാണ്. നാളെ യു.ഡി.എഫ്. അധികാരത്തിൽ വരുമ്പോൾ വിഭജിച്ചത് തിരിച്ചുകൊണ്ടുവരാൻ പ്രേരിപ്പിക്കുന്നതാണ് അത് കേരളത്തിന്റെ പൊതുവികസനത്തെ ബാധിക്കുന്നതാണ്.

മി. ചെയർമാൻ: ശ്രീ. പി. ടി. തോമസ്, അങ്ങ് ബില്ലിലേയ്ക്ക് വരണം.

ശ്രീ. പി. ടി. തോമസ്: സർ, ഇതെല്ലാം ബില്ലുമായി ബന്ധപ്പെട്ടതാണ്. ഇക്കാര്യം ഗൗരവമായി കാണണം. രാഷ്ട്രീയപ്രേരിതമായി നടത്താൻ പോകുന്ന വാർഡ് വിഭജനത്തിന്റെ മുന്നോടിയാണിത്. അത് പഞ്ചായത്ത് സംവിധാനങ്ങളുടെയും മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷന്റെയും ജനാധിപത്യപരമായ അന്തസ്സത്തയെ തകർക്കുന്നതാണ്. ദയവായി അങ്ങയെപ്പോലൊരു മന്ത്രിയുടെ ഭാഗത്തുനിന്നും ഇങ്ങനെയൊരു കാര്യമുണ്ടാകരുതെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

ശ്രീ. മുല്ലക്കര രത്നാകരനുവേണ്ടി ശ്രീ. ആർ. രാമചന്ദ്രൻ: സർ, 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

മഹാത്മാഗാന്ധിയുടെ 150-ാം ജന്മവാർഷികത്തിൽ പ്രാദേശിക ഭരണകൂടത്തെ ശക്തിപ്പെടുത്താൻ സാധ്യമായെന്നുള്ള അഭിമാനബോധം ഈ ഗവൺമെന്റിനുണ്ട്. കേരളത്തിലെ ത്രിതല പഞ്ചായത്ത് സംവിധാനം ഏറ്റവും ഫലപ്രദമായ രീതിയിൽ പ്രവർത്തിക്കുകയും അംഗീകാരം നേടുകയും ചെയ്ത പശ്ചാത്തലത്തിലാണ് ഈ ബിൽ ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. ഈ ബില്ലിനെ യു.ഡി.എഫ്. വല്ലാതെ ഭയക്കുന്നുവെന്നാണ് ബഹുമാനപ്പെട്ട മെമ്പറുടെ പ്രതികരണത്തിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞത്. എന്തിനെയാണ്

ഭയക്കുന്നതെന്ന് നിശ്ചയമില്ല. യു.ഡി.എഫ്. ഭരിച്ചുകൊണ്ടിരുന്ന സന്ദർഭങ്ങളിലും വാർഡ് വിഭജനവും പഞ്ചായത്ത് വിഭജനവും നടന്നിട്ടുണ്ട്. അന്ന് നടത്തിയ മാതൃകയിൽ ഇവിടെ ഒരു വാർഡ്/ഡിവിഷൻ പഞ്ചായത്തിൽ അധികമായി വരുന്നതിനെ ഉപയോഗപ്പെടുത്തുമോയെന്ന ആശങ്കയാണെങ്കിൽ അത് വച്ചു പുലർത്തേണ്ടതില്ലെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. സംസ്ഥാനത്തിന്റെ പൊതുവായ വികസനവും സംസ്ഥാനത്തെ ജനങ്ങളെ ഒന്നായി കണ്ടുകൊണ്ടുള്ള ഭരണരീതിയുമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി എല്ലാ കാര്യങ്ങളിലും സ്വീകരിച്ചുവരുന്നതെന്നും അതിന്റെ അനുഭവസ്ഥരാണ് യു.ഡി.എഫ്.-ന്റെ പ്രതിനിധികളെന്നുമുള്ള കാര്യത്തിൽ തർക്കമുണ്ടാകുമെന്ന് തോന്നുന്നില്ല. ചില വിഷയങ്ങൾ ഉന്നയിച്ച് സഭയിൽ തർക്കങ്ങളുന്നയിക്കുന്ന എന്നുള്ളതല്ലാതെ അത് സ്ഥാപിക്കാൻ അവർക്കിതുവരെ കഴിഞ്ഞിട്ടില്ലെന്നുള്ളത് നമുക്കെല്ലാം ബോദ്ധ്യമുള്ള കാര്യമാണ്. അത്തരം ആശങ്ക ഇക്കാര്യത്തിൽ വച്ചുപുലർത്തേണ്ടതില്ല. മാത്രമല്ല, ഇത് കോടതിയിൽത്തന്നെ ചോദ്യം ചെയ്യപ്പെട്ടതും നിരാകരിച്ചതുമാണ്. തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിലപാടുകൾക്കനുസൃതമായി ഇക്കാര്യങ്ങൾ കൊണ്ടുപോകുന്നതിനുള്ള നിർദ്ദേശമാണ് കോടതി മുന്നോട്ടുവച്ചിട്ടുള്ളത്. ആ സാഹചര്യത്തിൽ ജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമായ പ്രവർത്തനങ്ങൾ വരുന്ന പഞ്ചായത്ത് സമിതികൾക്ക് നിർവ്വഹിക്കാൻ പര്യാപ്തമായ രീതിയിൽ പഞ്ചായത്തുകളിലോ ബ്ലോക്കുകളിലോ ജില്ലാ പഞ്ചായത്തുകളിലോ ഒരു വാർഡോ ഡിവിഷനോ വർദ്ധിക്കുന്നുവെന്നുള്ള വ്യത്യാസം മാത്രമാണ് ഈ ബില്ലിലൂടെ ഭേദഗതിയായി കൊണ്ടുവരാൻ ശ്രമിച്ചിട്ടുള്ളത്. ജനങ്ങൾക്ക് വേഗത്തിൽ സഹായങ്ങൾ ലഭ്യമാക്കുന്നതിനുതകുന്ന ഘടകമെന്നതിനപ്പുറം ഇതിനെ കാണേണ്ട കാര്യമുണ്ടെന്ന് തോന്നുന്നില്ല. ഇവിടെ വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച് ചൂണ്ടിക്കാണിക്കുകയുണ്ടായി. നാടിന്റെ ആവശ്യങ്ങളും ജനങ്ങളുടെ പ്രശ്നങ്ങളും മനസ്സിലാക്കി ഭാവനാപൂർണ്ണവും ഫലപ്രദവുമായി വികസന പ്രവർത്തനം നടത്തുമ്പോൾ വാഴ്ത്തിയില്ലെങ്കിലും വിരക്തി പ്രകടിപ്പിക്കാതിരിക്കാനുള്ള സന്മനസ്സെങ്കിലും കാണിക്കുക എന്നുള്ളത് എല്ലാവരുടെയും ബാദ്ധ്യതയാണെന്നാണ് എന്റെ ധാരണ.

ഇവിടെ അധികാരവികേന്ദ്രീകരണത്തിന്റെ അവകാശവാദം ഉന്നയിക്കുകയുണ്ടായി. 73, 74 ഭരണഘടനാ ഭേദഗതികൾ പാർലമെന്റിൽ കൊണ്ടുവരാൻ രാജീവ് ഗാന്ധി മുൻകയ്യെടുത്തത് സംബന്ധിച്ചൊന്നും ആർക്കും തർക്കമില്ല. പക്ഷേ ആ ഭേദഗതി നടപ്പിലാക്കുന്നതിന് രാജീവ് ഗാന്ധി നയിച്ച കോൺഗ്രസിന് എത്രത്തോളം താല്പര്യമുണ്ടായിരുന്നുവെന്നുള്ളത് പരിശോധിക്കപ്പെടേണ്ടതാണ്. കോൺഗ്രസ് ഭരിച്ചിരുന്ന കേരളമൊഴികെയുള്ള സംസ്ഥാനങ്ങളിൽ ഇത് ഫലപ്രദമായി നടപ്പാക്കാൻ കഴിയാത്തത് എന്തുകൊണ്ടാണ്? അത്തരം കാര്യങ്ങൾ മനസ്സിലാക്കുമ്പോഴാണ് ജനോപകാരപ്രദമായ, ജനക്ഷേമപരമായ പ്രവർത്തനങ്ങൾ

നടത്തുന്നതിൽ കോൺഗ്രസിന്റെ താല്പര്യം എത്രത്തോളമാണെന്ന് ജനം തിരിച്ചറിയുന്നത്. പതിറ്റാണ്ടുകളായി തുടർന്നുവന്ന ആ താല്പര്യമില്ലായ്മയാണ് കോൺഗ്രസിന്റെ ഇന്നത്തെ ദുരവസ്ഥയ്ക്ക് കാരണമായതെന്ന കാര്യം അവർ ബോധപൂർവ്വം മറക്കുകയാണ് അല്ലെങ്കിൽ യാഥാർത്ഥ്യങ്ങളെ തിരിച്ചറിയാൻ കഴിയാത്ത ഒരവസ്ഥയിൽ അവർ എത്തിച്ചേർന്നിരിക്കുന്നു എന്നുള്ളതാണ് അതിൽനിന്നും മനസ്സിലാക്കാൻ കഴിയുന്നത്. താല്പര്യമോ ആഗ്രഹമോ ഉണ്ടായതുകൊണ്ടുമാത്രം കാര്യമില്ല ഫലപ്രദമായ നടപടികളെടുക്കാനും സന്നദ്ധതയുണ്ടാകണം; അത് നിങ്ങൾക്ക് വേണ്ടത്ര ഉണ്ടായിട്ടില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി അത് ഫലപ്രദമായി ചെയ്തപ്പോൾ സദ്ഗുണങ്ങൾ ജനങ്ങൾ അനുഭവിക്കുകയും അവർക്കത് ബോധ്യമാകുകയും ചെയ്യുന്നുണ്ട്. ജനങ്ങൾ അതിനനുസരിച്ചുള്ള പിന്തുണയും പിൻബലവും ഈ മുന്നണിക്ക് നൽകുന്നതിന്റെ ഉത്കണ്ഠയാണ് നിങ്ങൾക്കുള്ളത്. അങ്ങനെ ആശങ്കാകുലരായി നിങ്ങൾ ഇതിനെ സമീപിക്കുന്നത് 'കുരുടൻ ആനയെ കണ്ടതുപോലെ'യുള്ള അവസ്ഥയിൽ നിങ്ങളെ കൊണ്ടെത്തിക്കുമെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. ഞാൻ ദീർഘിപ്പിക്കുന്നില്ല, എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. പി. ഉണ്ണി</u>: സർ, 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 29-2-2020 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

2011-ലെ സെൻസസ് അനുസരിച്ച് ജനസംഖ്യ വർദ്ധിച്ച സാഹചര്യത്തിൽ പഞ്ചായത്തുകളുടെ ജനസംഖ്യയും ആകെ സ്ഥാനങ്ങളുടെ എണ്ണവും തമ്മിലുള്ള അനുപാതം ഗണ്യമായി വർദ്ധിച്ചിരിക്കുകയാണ്. അത് കുറയ്ക്കുന്നതിനായി പഞ്ചായത്തുകളിലെ സ്ഥാനങ്ങളുടെ എണ്ണം ഓരോന്നുവീതം വർദ്ധിപ്പിക്കേണ്ടതുണ്ട്. അതിനുവേണ്ടിയുള്ള സർക്കാരിന്റെ ഈ നിർദ്ദേശം ശ്ലാഘനീയമാണ്. ഓരോ പഞ്ചായത്തിന്റെയും അംഗസംഖ്യ കാലികമായി വർദ്ധിപ്പിക്കാനുള്ള തീരുമാനത്തോടുള്ള പ്രതിപക്ഷത്തിന്റെ സമീപനം അപലപനീയമാണ്. സംസ്ഥാനത്തെ പഞ്ചായത്തുകളെ ശക്തിപ്പെടുത്തുകയെന്നതാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ നയം. എന്നാൽ, അതിന് വിപരീതമായ സമീപനമാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്. അതിന്റെ മുൻകാല അനുഭവങ്ങളും നമുക്ക് അറിയാവുന്നതാണ്. 1990-ൽ ജില്ലാ കൗൺസിൽ നിലവിൽ വന്നപ്പോൾ ഞാനും അതിൽ അംഗമായിരുന്നു. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്ന് ഏതാനും മാസം കഴിഞ്ഞപ്പോൾ ഊതിവീർപ്പിച്ച ബലൂണിൽ സൂചിമുന കൊണ്ടതുപോലെയായി ആ കൗൺസിലിന്റെ അവസ്ഥ. എല്ലാ അധികാരങ്ങളുമെടുത്തുകളഞ്ഞ് 'ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും' എന്ന

രീതിയിൽ അതിനെ എത്തിച്ചത് അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റാണ്. പിന്നീട് നാല് വർഷത്തിലധികം കാത്തിരുന്നശേഷമാണ് ത്രിതല പഞ്ചായത്ത് ഭരണസംവിധാനം നിലവിൽ വന്നത്. ജില്ലാ കൗൺസിലിനെ പിരിച്ചുവിടുകയും നാല് വർഷക്കാലം യു.ഡി.എഫ്. ഗവൺമെന്റ് തെരഞ്ഞെടുപ്പ് നടത്താതിരിക്കുകയും ചെയ്ത ഒരുഘട്ടം കേരളത്തിലുണ്ടായിട്ടുണ്ട്. 2019-2020 സാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 7,500 കോടി രൂപയാണ് ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരുന്നത്. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ മികവുറ്റതാക്കാനാണ് എൽ.ഡി.എഫ്. സർക്കാർ എക്കാലത്തും ശ്രമിച്ചിട്ടുള്ളത്. പ്രാദേശിക സ്വയംഭരണത്തിന്റെ കാര്യത്തിൽ രാജ്യത്തെ ഇതര സംസ്ഥാനങ്ങളെ ബഹുദൂരം പിന്നിലാക്കി നമ്മുടെ സംസ്ഥാനം അതിവേഗം മുന്നേറുന്ന കാഴ്ചയാണ് കാണുന്നത്. സാധാരണക്കാർക്ക് കയ്യെത്തിപ്പിടിക്കാവുന്ന ദൂരത്തിലുള്ള ഒരു ഗവൺമെന്റാണ് ഗ്രാമപഞ്ചായത്ത് എന്നുപറയുന്നത്. വഴി, വെളിച്ചം, ആശുപത്രി തുടങ്ങിയ സുപ്രധാന ആവശ്യങ്ങൾ നിറവേറ്റുന്നതിന് ജനങ്ങൾക്ക് പഞ്ചായത്ത് ഭരണ സംവിധാനത്തെ സമീപിക്കാൻ സാധിക്കും.

നമ്മുടെ സംസ്ഥാനത്ത് ആവർത്തിച്ച പ്രകൃതി ദുരന്തങ്ങളെ അതിജീവിക്കുകയെന്നതാണ് ഇന്ന് നാം അഭിമുഖീകരിക്കുന്ന പ്രധാനപ്പെട്ട വിഷയങ്ങളിൽ ഒന്ന്. പ്രകൃതിദുരന്തത്തെ അതിജീവിക്കാനും പ്രതിരോധിക്കാനുമായി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും വാർഷിക പദ്ധതി തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിരിക്കുകയാണ്. അത്തരം നടപടികളിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തന മികവ് അംഗീകരിക്കുന്ന അവസ്ഥ സംജാതമായിട്ടുണ്ട്. ഓരോ പ്രദേശത്തിന്റെയും പ്രാദേശിക സാഹചര്യവും ഗ്രാമസഭകളുടെ നിർദ്ദേശങ്ങളും പരിഗണിച്ച് പ്രാദേശികതലത്തിലും ജില്ലാതലത്തിലും ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കാനുള്ള തീരുമാനം അഭിനന്ദനാർഹമാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന പ്ലാനുകൾ അടുത്ത സാമ്പത്തിക വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി ഫണ്ട് കണ്ടെത്തും. ഇത് തദ്ദേശഭരണ സ്ഥാപനങ്ങളെ നോക്കുകുത്തികളാക്കുന്ന പദ്ധതിക്ക് പൂർണ്ണ വിരാമമിട്ടതിന്റെ തെളിവാണ്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും പ്രാദേശിക തലത്തിൽ കളക്ടർ അദ്ധ്യക്ഷനായ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുമാണ് ദുരന്ത നിവാരണ പ്രവർത്തനങ്ങളെല്ലാം ഏകോപിപ്പിക്കുന്നത്. ഇത് കൂടുതൽ ജനകീയമാക്കുന്നതിനുവേണ്ടി തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തംകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കാനും വികേന്ദ്രീകൃത സംസ്കരണ സാങ്കേതികവിദ്യകൾ വ്യാപകമാക്കാനുമായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽനിന്ന് ഉറവിട മാലിന്യ സംസ്കരണത്തിന് പത്ത് ശതമാനം തുക വകയിരുത്തിയിട്ടുണ്ട്. ഇതിൽനിന്നും മാലിന്യ സംസ്കരണത്തിൽ സർക്കാർ

കാണിക്കുന്ന ജാഗ്രതയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രാധാന്യവും വ്യക്തമാകുന്നുണ്ട്. തദ്ദേശഭരണ ഓഫീസുകൾ ജനസൗഹൃദമാക്കുകയെന്നതാണ് സർക്കാർ നയം. അതിന്റെ ഭാഗമായി ജനസൗഹൃദവും സുതാര്യവുമായ പഞ്ചായത്ത് ഓഫീസുകൾ നാടിന്റെ വികസന പ്രവർത്തനത്തിന്റെ മുഖമുദ്രയായി തിളങ്ങിനിൽക്കുന്ന കാഴ്ചയാണ് ഇന്ന് കാണാൻ സാധിക്കുന്നത്. ശക്തവും സംതൃപ്തവുമായ ഗ്രാമപഞ്ചായത്തുകളിൽനിന്നും ജനങ്ങൾക്ക് സമയബന്ധിതമായി സേവനങ്ങൾ ലഭ്യമാക്കുകയും ഭരണപരമായ ഇടപെടലുകൾ ഉണ്ടാകുകയും കാലതാമസമില്ലാതെ ഫയലുകളിൽ തീർപ്പുകൽപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. നികുതി പിരിവ് ഊർജ്ജിതമായി നടന്നുവരികയാണ്. ഇത് ഭരണസമിതിയുടെ ഊർജ്ജസ്വലമായ ഇടപെടലിനെത്തുടർന്നാണെന്ന് കാണാൻ കഴിയും. ഗ്രാമപഞ്ചായത്തുകളിലെ നികുതി പിരിവ് നൂറ് ശതമാനമാക്കുന്നതിൽ വാർഡ് മെമ്പർമാരും വലിയ പങ്കുവഹിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ വാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കണമെന്ന നിർദ്ദേശം സ്വാഗതാർഹമാണ്. മെച്ചപ്പെട്ട സേവനം കാഴ്ചവച്ചതിലൂടെ 900 ഗ്രാമപഞ്ചായത്തുകൾ ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് കരസ്ഥമാക്കി. പാലക്കാട് ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളും ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് നേടിയിരിക്കുകയാണ്. പഞ്ചായത്തുകളുടെ വാർഡ് വിഭജനത്തിൽ അസ്വസ്ഥത പ്രകടിപ്പിക്കുന്ന യു.ഡി.എഫ്. ഏതൊക്കെ കാലഘട്ടങ്ങളിൽ വാർഡ് വിഭജനം നടന്നിട്ടുണ്ടെന്നും സെൻസസും വാർഡ് വിഭജനവും തമ്മിൽ ബന്ധമുണ്ടായിരുന്നോയെന്നും പുനഃപരിശോധിക്കുന്നത് നല്ലതാണ്. 1995, 2000, 2010 വർഷങ്ങളിൽ വാർഡ് വിഭജനം നടന്നു. 2005-ലും 2015-ലും നടന്നില്ല. പത്ത് വർഷത്തിലൊരിക്കലാണ് സെൻസസ് നടക്കുന്നത്. അങ്ങനെ 1991, 2001, 2011, 2021 വർഷങ്ങളിൽ സെൻസസ് നടന്നു. അഞ്ച് വർഷം കൂടുമ്പോഴാണ് വാർഡ് വിഭജനം നടക്കുന്നത്. സെൻസസും വാർഡ് വിഭജനവും തമ്മിൽ ബന്ധപ്പെടുത്തി അവതരിപ്പിക്കുന്നത് രാഷ്ട്രീയ മുതലെടുപ്പിനുവേണ്ടിയാണെന്ന ചില സൂചനകൾ പ്രതിപക്ഷ എം.എൽ.എ.-മാർ നൽകുകയുണ്ടായി. രാഷ്ട്രീയ താല്പര്യം ഉയർത്തിപ്പിടിച്ചുതന്നെയാണ് എല്ലാവരും പ്രവർത്തിക്കുന്നത്. സന്യാസം സ്വീകരിച്ചുകൊണ്ട് ആരും ഇതിലേയ്ക്ക് കടന്നുവരാറില്ല. രാഷ്ട്രീയ താല്പര്യമുണ്ടെങ്കിലും ജനഹിതമാണ് നമ്മൾ മാനിക്കുന്നത്. ജനങ്ങൾ ആഗ്രഹിക്കുന്നത് വാർഡ് വിഭജനം വേണമെന്നുള്ളതാണ്. ആ അഭിപ്രായത്തെ മാനിച്ചുകൊണ്ട്, ഈ ബില്ലിന് പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

(നോട്ടീസ് നൽകിയ അംഗം സീറ്റിലില്ലാതിരുന്നതിനാൽ 2 (ബി) നമ്പർ ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.)

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വരുമ്പോൾ ചെയ്യേണ്ട കാര്യങ്ങൾ ശ്രീ. പി. ടി. തോമസ് സൂചിപ്പിക്കുകയുണ്ടായി. ജനുവരി 26-ന് മുമ്പ് ബിൽ തയ്യാറാക്കിയതുകൊണ്ടാണ് റിപ്പബ്ലിക്കിന്റെ സംവത്സരത്തിന്റെ കാര്യത്തിൽ പിശക് വന്നത്. അത് സബ്ജക്ട് കമ്മിറ്റിയിൽ പരിഗണനയ്ക്കെടുക്കുമ്പോൾ കറക്ട് ചെയ്യാവുന്നതാണ്. ധനകാര്യ മെമ്മോറാണ്ടവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് വ്യക്തമായി മറുപടി പറഞ്ഞതുകൊണ്ട് ആവർത്തിക്കുന്നില്ല. വോട്ടർ പട്ടിക തയ്യാറാക്കുന്നതിലെ പ്രശ്നം ഇവിടെ പറയുകയുണ്ടായി. ഇലക്ഷൻ കമ്മീഷനാണ് വോട്ടർ പട്ടിക തയ്യാറാക്കുന്നതെന്ന് എല്ലാവർക്കും അറിയാം. സ്വതന്ത്രമായ ഒരു ഭരണഘടനാ സ്ഥാപനമെന്ന നിലയിൽ വോട്ടർ പട്ടിക പുതുക്കലും അതുമായി ബന്ധപ്പെട്ട കാര്യങ്ങളും പൂർണ്ണമായും അവരുടെ ചുമതലയിലാണ്. ഇലക്ഷൻ കമ്മീഷന്റെ നിഗമനം വാർഡ് അടിസ്ഥാനത്തിൽ ആളുകളെ ചേർക്കുക എന്നുള്ളതാണ്. 2019-ലെ പാർലമെന്റ് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വോട്ടർപട്ടിക ഇതിലേയ്ക്ക് മാറ്റണമെങ്കിൽ സമയമെടുക്കും, അതിന് ചില പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്നാണ് അദ്ദേഹം പറഞ്ഞിട്ടുള്ളത്. ഏതായാലും വോട്ടർ പട്ടിക പുതുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പരമാവധി വോട്ടർമാരെ ചേർക്കാൻ ശ്രമിക്കുക എന്നുള്ളതാണ് ഇക്കാര്യത്തിൽ നമുക്ക് ചെയ്യാനുള്ളത്. ഇപ്പോൾ നമ്മുടെ കയ്യിൽ വോട്ടർ തിരിച്ചറിയൽ കാർഡുകളുണ്ട്. പുതിയ വോട്ടർമാർക്ക് വേറെ എന്തൊക്കെ രേഖകൾ കൊണ്ടുപോയി വോട്ട് ചെയ്യാൻ കഴിയുമെന്നുള്ളത് സൂചിപ്പിച്ചുകൊണ്ട് കഴിഞ്ഞ ദിവസം ഇലക്ഷൻ കമ്മീഷന്റെ അറിയിപ്പ് വന്നിരുന്നു. ഇഷ്ടംപോലെ വാർഡുകളുണ്ടാക്കാൻ വേണ്ടിയാണിതെന്നുള്ള രാഷ്ട്രീയ ആരോപണം ശ്രീ. പി. ടി. തോമസ് ഉന്നയിച്ചു. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോയാൽ കൂടുതൽ സമയം വേണ്ടിവരും, യു.ഡി.എഫ്.-ന്റെ കാലത്ത് വാർഡുകളുടെ എണ്ണം വർദ്ധിപ്പിച്ചതും വാർഡ് വിഭജനം നടത്തിയതുമൊക്കെ ആ അർത്ഥത്തിലാണോയെന്ന് ചോദിക്കേണ്ടിവരും. വാർഡ് വിഭജനത്തിന് ചില മാനദണ്ഡങ്ങളുണ്ട്. സമാന സ്വഭാവമുണ്ടായിരിക്കണം; 20 ശതമാനത്തിൽ കൂടാൻ പാടില്ല; ശരാശരി പാടില്ല; എണ്ണം കൃത്യമായിരിക്കണം എന്നൊക്കെയുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ക്ലോക്ക്വൈസായാണ് ഇലക്ഷൻ കമ്മീഷൻ വാർഡ് വിഭജനം നടത്തുന്നത്. അതിൽ ഏതെങ്കിലും സ്ഥലത്ത് പിശകുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുകയാണ് വേണ്ടത്. അത്തരമൊരു നിലപാടാണ് സർക്കാരിനുള്ളത്. രാഷ്ട്രീയതാല്പര്യമനുസരിച്ച് വാർഡുകൾ വെട്ടിമുറിക്കാൻവേണ്ടിയാണ് ഇത്തരമൊരു വിഭജനം കൊണ്ടുവരുന്നതെന്നുള്ള ആക്ഷേപം ഞാൻ നിരസിക്കുകയാണ്. ഭരണഘടനയിലെ 73, 74 ഭേദഗതികളുടെ പിതൃത്വം ഞങ്ങൾ ഏറ്റെടുക്കുന്നുവെന്ന് പറഞ്ഞു. ഈ ഭേദഗതികൾ

പാസ്സാകുന്നതിനു മുമ്പുള്ള ആ നിയമത്തിന്റെ കാതൽ എന്തായിരുന്നു? അധികാര വികേന്ദ്രീകരണത്തിൽ അധികാരം കേന്ദ്രീകരിക്കലായിരുന്നു. പഞ്ചായത്തുകൾക്ക് നേരിട്ട് പണം കൊടുക്കുകയെന്ന ആശയമായിരുന്നില്ലേ ആദ്യമുണ്ടായിരുന്നത്? അതിനാണ് പിന്നീട് ഭേദഗതി വന്നത്. നിങ്ങൾ ആ തെറ്റ് തിരുത്തിയെന്നുള്ളത് ശരിയാണ്. പക്ഷേ, സംസ്ഥാനങ്ങളെ മറികടന്ന് പഞ്ചായത്തുകൾക്ക് നേരിട്ട് അധികാര വികേന്ദ്രീകരണം എന്നുള്ള ആശയം ഏത് അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമാണ്? ഞങ്ങൾ അധികാര വികേന്ദ്രീകരണത്തിന് എതിരാണ്, ഞങ്ങളുടേതാക്കിമാറ്റി എന്നുപറയരുത്. ഇവിടെ ബൽവന്ത് റായ് മേത്ത കമ്മിറ്റിയുടെ കാലം മുതൽ അധികാര വികേന്ദ്രീകരണത്തിനുവേണ്ടി വാദിക്കുന്ന ഒരു പ്രസ്ഥാനത്തിന്റെ ആളുകളാണ് ഇടതുപക്ഷക്കാർ. അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ഇ.എം.എസ്. നേരിട്ട് ഇക്കാര്യം ആവശ്യപ്പെട്ടതാണ്. പിന്നീട് ശ്രീ. പി. ഉണ്ണി സൂചിപ്പിച്ചതുപോലെ 1990-ൽ ഇന്ത്യയിൽ ആദ്യമായി ജില്ലാ കൗൺസിലിൽ കളക്ടറെ സെക്രട്ടറിയാക്കിക്കൊണ്ടുള്ള, ഇന്നുള്ളതിനേക്കാൾ മെച്ചപ്പെട്ട അധികാര വികേന്ദ്രീകരണം വന്നു. നിങ്ങളുടെ ഗവൺമെന്റ് വന്നപ്പോൾ എന്താണ് ചെയ്തതെന്ന് അറിയാമല്ലോ. അധികാര വികേന്ദ്രീകരണത്തിന്റെ പല ഘട്ടങ്ങളിലും അധികാരം താഴേയ്ക്ക് കൊടുക്കുന്നതിലും വിഭവങ്ങൾ കൊടുക്കുന്നതിലും നിശ്ചയദാർഢ്യത്തോടെയുള്ള നിലപാടാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്, ഇപ്പോഴും അതാണ് സ്വീകരിക്കുന്നത്. ഇന്ത്യയിൽ എത്ര സംസ്ഥാനങ്ങളിൽ സച്ചാർ കമ്മിറ്റി ശിപാർശകൾ പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്? കേരളത്തിൽ അതുസംബന്ധിച്ച് പഠനം നടത്തുകയും ശിപാർശയുടെ ഭാഗമായി വേഗത്തിൽ അത് നടപ്പാക്കുകയും ചെയ്തു. അങ്ങനെ അർഹതപ്പെട്ട ആളുകൾക്ക് മുഴുവൻ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ ശ്രമിച്ചതിനെ ശ്ലാഘിക്കുന്നതിനുപകരം നിങ്ങൾ അതിനെ രാഷ്ട്രീയമായി കാണുകയാണ്.

എല്ലാ വകുപ്പുകളുടെയും ഭവന പദ്ധതികൾ ഒരുമിച്ച് ചേർത്തതാണ് ലൈഫ് പദ്ധതി. കേന്ദ്ര ഗവൺമെന്റ് ലൈഫ് പദ്ധതി മുഖേന ഗ്രാമീണ മേഖലയ്ക്ക് 75,000 രൂപയും പട്ടണ പ്രദേശങ്ങൾക്ക് 1,50,000 രൂപയുമാണ് തരുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഇതിൽ പങ്കാളിത്തമുണ്ട്. അവരുടെ ഏറ്റവും പ്രധാനപ്പെട്ട വികസന പ്രവർത്തനങ്ങളിലൊന്നാണിത്. അവിടെ എത്തിയവരുടെ സന്തോഷം ബ്ലോക്കുതല അദാലത്തുകളിൽ പങ്കെടുത്ത എം.എൽ.എ.-മാർ കണ്ടതല്ലേ. രണ്ട് ലക്ഷത്തോളം വീട് പൂർത്തീകരിച്ചതിന്റെ പ്രഖ്യാപനം മുഖ്യമന്ത്രി 29-ാം തീയതി പുത്തരിക്കണ്ടം മൈതാനത്ത് വച്ച് നടത്തുകയാണ്. കേരളത്തിന്റെ ചരിത്രത്തിൽ ഇത്രയധികം വീടുകൾ കൊടുക്കാൻ സാധിച്ചിട്ടുണ്ടോ? ജനപ്രതിനിധികൾ ഉൾപ്പെടെ നമ്മൾ എല്ലാവരുംകൂടി ചേർന്നാണിത് സാധിച്ചത്. വാർഡ് വിഭജനവും

മറ്റും ഡീലിമിറ്റേഷൻ കമ്മീഷനും ഇലക്ഷൻ കമ്മീഷനും കൂടിച്ചേർന്ന് തീരുമാനിക്കേണ്ടതാണ്.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ഒരു വാർഡാണോ വിഭജിക്കുന്നത്? ഒരു പഞ്ചായത്തിൽ ഒരു വാർഡല്ല വരുന്നത്. 23 വാർഡ് എന്നുള്ളത് 24 ആക്കുമെന്നാണ് പറയുന്നത്. പതിനാലും പതിനേഴും പത്തൊമ്പതും വാർഡുകളുള്ള പഞ്ചായത്തുകളുമുണ്ടാകും. അവിടെയും പരമാവധി 23 വാർഡുകളാക്കി മാറ്റില്ലല്ലോ. കേരളത്തിൽ 73 പഞ്ചായത്തുകളും പതിനയ്യായിരത്തിൽ താഴെയുള്ള വോട്ടർമാരുമുണ്ട്. അവിടെ 14 വാർഡുകൾ മതി. അങ്ങനെയുള്ള സ്ഥലങ്ങളിൽ നിലവിലെ വാർഡുകൾ വിഭജിച്ച് പുതുതായി 7100 വാർഡുകളുണ്ടാക്കുമെന്നാണ് പറയുന്നത്. പതിനയ്യായിരത്തിൽ താഴെ മാത്രം ജനസംഖ്യയുള്ള 78 ഗ്രാമപഞ്ചായത്തുകളിൽ നിലവിലുള്ള 13 വാർഡുകൾ നിലനിർത്തുന്നതിനുപകരം ഒരു വാർഡുകൂടി വർദ്ധിപ്പിക്കുന്നതിന് കാരണമാകുന്നതാണ് ഈ നിയമം. ഉദാഹരണമായി, ഒളവണ്ണ ഗ്രാമപഞ്ചായത്തിൽ 68000-ത്തിലധികം വോട്ടർമാരുണ്ട്. 40000 ആളുകളുള്ള സ്ഥലത്ത് 24 വാർഡുകൾ വന്നാൽത്തന്നെ അതിന്റെ അനുപാതം എത്രയാകും? 68000 വോട്ടർമാരുള്ള സ്ഥലത്ത് വിഭജനം നടത്തണമെങ്കിൽ 35 വാർഡ് വേണം. 24 എണ്ണമായി വാർഡ് നിജപ്പെടുത്തുമ്പോൾ 2850 ആളുകൾ വരും. ഇതിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കണം.

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ജനസംഖ്യാനുപാതികമായിട്ടാണ് വാർഡുകൾ വരുന്നത്. അപ്പോൾ ജനസംഖ്യയെ വാർഡുകളുടെ എണ്ണം കൊണ്ട് ഹരിച്ചാണ് ആവറേജ് ജനസംഖ്യ കണ്ടുപിടിക്കുന്നത്. അത് മിനിമത്തിൽ എത്രയാണോ വരുന്നത് അത്രയും വാർഡുകളുണ്ടാകും. എല്ലാ പ്രദേശത്തും എണ്ണം കൂടണമെന്നില്ല. ഇപ്പോൾ 13 ഉള്ളതിൽ ചിലതിൽ കുറഞ്ഞെന്നുവരാം; മിനിമത്തിൽ ഒന്ന് കൂട്ടും. മറ്റുള്ളിടത്ത് ജനസംഖ്യാനുപാതികമായി ഉണ്ടെങ്കിൽ ഈ പറയുന്ന നിബന്ധനകൾക്ക് വിധേയമായ എണ്ണമുണ്ടെങ്കിലാണ് കൂടുന്നത്. ചിലയിടത്ത് കുറയാനും സാധ്യതയുണ്ട്. മുമ്പ് ചെയ്തിട്ടുള്ളതും അങ്ങനെയാണ്, ഇപ്പോൾ ചെയ്യുന്നതും അങ്ങനെയാണ്. മുമ്പുള്ള ചട്ടങ്ങളിൽനിന്നും ഒരെണ്ണം വർദ്ധിപ്പിച്ചുവെന്നല്ലാതെ വേറെ മാറ്റമൊന്നും വരുത്തിയിട്ടില്ല. ബാക്കി കാര്യങ്ങളൊക്കെ പഴയ രീതിയിൽ തന്നെയാണ് തുടരുക.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ഒളവണ്ണ പഞ്ചായത്തിൽ 68000 വോട്ടർമാരുണ്ടെങ്കിൽ 24 വാർഡുകളായി നിജപ്പെടുത്തണം. അല്ലെങ്കിൽ അത് പ്രശ്നമാകില്ലേ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ആക്ടിൽ നിലവിലുള്ള 23 എന്നുള്ളത് 24 എന്നാക്കുന്നു. അവിടത്തെ ജനസംഖ്യയെ തുല്യമായി വിഭജിച്ച് വാർഡുകളാക്കും.

ഇത് ആദ്യമായി ചെയ്യുന്നതൊന്നുമല്ല. 1999-ൽ ഗ്രാമപഞ്ചായത്തുകളുടെ മിനിമം എണ്ണം 8 ആയിരുന്നു. പിന്നീടത് വർദ്ധിച്ച് 13-ഉം 14-ഉം 15-ഉം ഇപ്പോൾ 24-ലേയ്ക്കും എത്തുകയാണ്. അതേരീതിയിൽ തന്നെയാണ് ഇപ്പോഴും ചെയ്യുന്നത്. അതിലെ അശാസ്ത്രീയതയുമായി ബന്ധപ്പെട്ട സംശയങ്ങളൊക്കെ ന്യായമാണ്. പക്ഷെ ഒരു നിയമത്തിനുവിധേയമായി ഇപ്പോൾ ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ഇതൊക്കെയാണ്. സെൻസസ് കാലത്ത് അഡ്മിനിസ്ട്രേറ്റീവ് ബൗണ്ടറീസ് തിരിക്കാൻ കഴിയില്ല, പിന്നീട് ആലോചിക്കാം.

ശ്രീ. പി. കെ. ബഷീർ: സർ, ഇപ്പോൾ വാർഡ് വിഭജിച്ച് നമ്പറിട്ടാൽ സെൻസസ് വരുമ്പോൾ വീണ്ടുമത് മാറും. അപ്പോൾ പഞ്ചായത്തിന്റെ ജോലി ഇരട്ടിക്കുകയല്ലേ ചെയ്യുന്നത്?

ശ്രീ. എ. സി. മൊയ്തീൻ: സർ, ഇതിന് ഞാൻ നേരത്തെ മറുപടി പറഞ്ഞപ്പോൾ താങ്കൾ ഇവിടെയുണ്ടായിരുന്നോയെന്ന് അറിയില്ല. 13-ാം തീയതി സബ്ജക്ട് കമ്മിറ്റിയിൽ ബിൽ വീണ്ടും ചർച്ചയ്ക്ക് വരുമ്പോൾ അക്കാര്യത്തിൽ വ്യക്തത വരുത്താം.

ശ്രീ. എം. സി. കമറുദ്ദീൻ: സർ, പത്ത് വർഷത്തിലൊരിക്കൽ മാത്രമേ വാർഡ് വിഭജനം നടത്താൻ പാടുള്ളൂവെന്നല്ലേ ആക്ടിൽ പറയുന്നത്. അഞ്ച് വർഷം മുമ്പ് പടന്ന പഞ്ചായത്തിൽനിന്ന് ഒരു ഭാഗം മുൻസിപ്പാലിറ്റിയിലേയ്ക്ക് പോയപ്പോൾ അവിടെ വാർഡ് വിഭജനം നടന്നിട്ടുണ്ട്. അങ്ങനെയാണെങ്കിൽ അവിടെ വീണ്ടും വാർഡ് വിഭജനമുണ്ടാകുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, 2015-ലെ സംഭവങ്ങൾ ഞാനിവിടെ വിശദീകരിച്ചു. 82 തദ്ദേശഭരണ സ്ഥാപനങ്ങളിലാണ് വാർഡ് വിഭജനം നടന്നത്. 1118 പഞ്ചായത്തുകളിൽ വിഭജനം നടന്നിട്ടില്ല. അതിൽത്തന്നെ ഒരു അനോമലിയുണ്ട്. പത്ത് വർഷമെന്ന് ഒരിടത്തും പറഞ്ഞിട്ടില്ല. 73, 74 ഭരണഘടനാ ഭേദഗതിക്കുശേഷം നടന്ന തെരഞ്ഞെടുപ്പുകളിലൊന്നും പത്ത് വർഷക്കാലത്തിനിടയ്ക്കല്ല വാർഡ് വിഭജിച്ചിട്ടുള്ളത്; എല്ലാ അഞ്ച് വർഷം കൂടുമ്പോഴും ചെയ്തിട്ടുണ്ട്. അത് എൽ.ഡി.എഫും യു.ഡി.എഫും ചെയ്തിട്ടുണ്ട്. അതിന് മാനദണ്ഡമൊന്നുമില്ല. ഈ ആക്ടിൽ ഭേദഗതി വരുത്തിയാണ് ഇതൊക്കെ ചെയ്തിട്ടുള്ളത്. 1999, 2005, 2010 വരെ വിഭജനം നടന്നിട്ടുണ്ട്. 2015-ൽ അതിന് ശ്രമിച്ചെങ്കിലും കഴിയാതെ പോയി. എന്നാൽ കുറച്ചുഭാഗത്ത് വിഭജനം നടന്നു. അതിലൊരു അനോമലിയുണ്ട്, അത് പരിഹരിക്കൽ കൂടിയാണിത്. തദ്ദേശഭരണ സ്ഥാപനങ്ങളിൽ നടത്താൻ പോകുന്ന വികസന കാഴ്ചപ്പാടിനെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതിനെ എത്ര വികലമായിട്ടാണ് ബഹുമാന്യനായ പി. ടി. തോമസ് വ്യാഖ്യാനിച്ചത്. ഒന്ന്, തദ്ദേശഭരണ സ്ഥാപനങ്ങളിൽ വ്യവസായ വികസന പദ്ധതികളിലേയ്ക്ക് ആകർഷിക്കാൻ കഴിയുന്ന രീതിയിൽ അഞ്ച് തൊഴിലെങ്കിലുമുണ്ടാക്കണം, അതിന്

പദ്ധതിയിൽ മാർഗ്ഗനിർദ്ദേശം വേണമെന്നുള്ളതാണ്. തൊഴിലുണ്ടാക്കുന്നതിൽ രാഷ്ട്രീയപ്രേരിതമായ കാര്യമെന്താണ്? രണ്ട്, ഇവിടെ രണ്ടുതവണ പ്രളയം വന്നപ്പോഴും അതിൽ ഏറ്റവും കൂടുതൽ ഇടപെട്ടത് ജനപ്രതിനിധികളാണ്, അതിൽ ഭരണ-പ്രതിപക്ഷ വ്യത്യാസമുണ്ടായിരുന്നില്ല. ഒരു ഡിസാസ്റ്ററുണ്ടായാൽ അതിൽ എങ്ങനെ പ്രാഥമിക ഇടപെടൽ നടത്തണമെന്നതുസംബന്ധിച്ച് അനുഭവജ്ഞാനമുള്ളവരാണ് തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരും ജനപ്രതിനിധിയും. 'നമ്മൾ നമുക്കായി' എന്ന പദ്ധതിയുടെ ഭാഗമായി വോളണ്ടിയർമാരെ റിക്രൂട്ട് ചെയ്ത് പ്രാഥമികമായി ഡിസാസ്റ്റർ പ്രവർത്തനത്തിൽ പങ്കാളിയാക്കുന്നതിന് പരിശീലിപ്പിക്കുകയാണ് ചെയ്യുന്നത്. അതിൽ സ്ത്രീകളുൾപ്പെടെ വേണമെന്നാണ് ഇന്നലെ പറഞ്ഞത്. അതൊക്കെ ഏതെങ്കിലും പാർട്ടിയുടെ തെരഞ്ഞെടുപ്പ് സേനയുണ്ടാക്കാൻ വേണ്ടിയാണെന്ന് പറഞ്ഞാൽ നേരത്തെ ബഹുമാനപ്പെട്ട എസ്. ശർമ്മ ചോദിച്ചതുപോലെ അത് ഏകപക്ഷീയമല്ലല്ലോ. തദ്ദേശഭരണ സ്ഥാപനം അപ്പുറത്തിരിക്കുന്നവരും ഇപ്പുറത്തിരിക്കുന്നവരും ഭരിക്കുന്നുണ്ട്. അതുകൊണ്ട് ഇതൊന്നും അത്തരത്തിൽ കാണരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലുമൊക്കെ ഞങ്ങളുടെ ജനപ്രതിനിധികളുമുണ്ട്. ഞങ്ങളുടെ ജനപ്രതിനിധികൾ മുന്നോട്ടുവയ്ക്കുന്ന നിർദ്ദേശങ്ങളിൽ നിങ്ങളുടെ പാർട്ടി ഇടപെട്ട് മുകളിൽനിന്നും നീട്ടൂരം കൊണ്ടുവന്ന് തിരുത്തി നിങ്ങളുടേതായ പാതയിലേയ്ക്ക് കൊണ്ടുവരുമെന്നുള്ള ആശങ്ക ഇപ്പുറത്തെ പാർട്ടിയിലെ ജനപ്രതിനിധികൾക്ക് എല്ലാവർക്കുമുണ്ട്. ആ ആശങ്കയിൽ എന്തെങ്കിലും യാഥാർത്ഥ്യമുണ്ടോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, അതൊരു ന്യായമായ ആശങ്കയല്ല. കാരണം, കേരളത്തിൽ എക്കാലത്തും ഒരു മുന്നണിയല്ലല്ലോ ഭരിച്ചിട്ടുള്ളത്. ഇത് ബാലിശമാണെന്നല്ല; തെറ്റായ വാദഗതിയാണ്. അത്തരം തെറ്റായ പ്രവണതകളുണ്ടെങ്കിൽ തിരുത്തണം. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ യോജിച്ച പ്രവർത്തനമല്ലേ മിക്കവാറും എല്ലാ സ്ഥലത്തും നടക്കുന്നത്. അപൂർവ്വം ചില സ്ഥലത്ത് രാഷ്ട്രീയത്തിന്റെ അതിപ്രസരമുണ്ടാകാം. പക്ഷെ, തദ്ദേശഭരണ സ്ഥാപനങ്ങൾ പൊതുവിലെടുത്താൽ നല്ല രീതിയിലുള്ള പ്രോഗ്രസും ഇടപെടലുമുണ്ട്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഭരണകക്ഷിയുടെ താല്പര്യത്തിനനുസരിച്ച് വാർഡ് വിഭജനം നടത്തിക്കൊടുക്കാൻവേണ്ടി പഞ്ചായത്ത് സെക്രട്ടറിമാരെ അകാരണമായി സ്ഥലംമാറ്റിക്കൊണ്ടിരിക്കുകയാണ്. എന്റെ മണ്ഡലത്തിലെ ആനക്കയം ഗ്രാമപഞ്ചായത്തിൽ ചാർജെടുത്ത് ഒരു മാസം കഴിഞ്ഞപ്പോൾത്തന്നെ സെക്രട്ടറിയെ മാറ്റി. കാര്യമെന്താണെന്ന് അന്വേഷിച്ചപ്പോൾ അത് പാർട്ടി

സമരത്തിനുവേണ്ടി വന്നതാണ്, വാർഡ് വിഭജിച്ച് പാർട്ടിക്ക് ഭരണം പിടിച്ചെടുക്കാൻവേണ്ടി വന്നതാണ് എന്നാണ് അറിഞ്ഞത്. ഭരണം പിടിച്ചെടുക്കാൻവേണ്ടി വാർഡ് വിഭജനം മാത്രമല്ല, ഉദ്യോഗസ്ഥന്മാരെയും നിങ്ങൾ രാഷ്ട്രീയപ്രേരിതമായി സ്ഥലംമാറ്റുകയാണ്. അത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, രാഷ്ട്രീയപ്രേരിതമായ ഒരു സ്ഥലംമാറ്റവും നടത്തിയിട്ടില്ല. വോട്ടർ പട്ടികയിൽ പേര് ചേർക്കുന്ന ഈ സമയത്ത് അതിന്റെ ചുമതലയുള്ള ഒരു പഞ്ചായത്ത് സെക്രട്ടറിയെയും സ്ഥലംമാറ്റാൻ പറ്റില്ല. ഇലക്ഷൻ കമ്മീഷൻ തന്നെ അത് പറഞ്ഞിട്ടുണ്ട്. അവർ 28-ാം തീയതിവരെ വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട പ്രവർത്തനത്തിലാണ്. രാഷ്ട്രീയപ്രേരിതമായി സ്ഥലംമാറ്റി എന്നുപറയുന്നത് സ്വന്തം പാർട്ടിയുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിലായിരിക്കുമെന്ന് ഞാൻ കരുതുന്നു.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, പഞ്ചായത്ത് സെക്രട്ടറിമാർ പുനർനിർണയ ഉദ്യോഗസ്ഥരാണ്. എല്ലാ ഡിപ്പാർട്ടുമെന്റുകളിലെ വർക്കും പഞ്ചായത്ത് ജീവനക്കാരെയാണ് ഏൽപ്പിക്കുന്നത്. പുനർനിർണയം, വോട്ടർ പട്ടിക പുതുക്കൽ, ഡീലിമിറ്റേഷൻ, സെൻസസ് ഇതെല്ലാംകൂടി സെക്രട്ടറി എങ്ങനെ ചെയ്യുമെന്നതുസംബന്ധിച്ച് സർക്കാർ ചിന്തിച്ചിട്ടുണ്ടോ?

<u>ശ്രീ. എം. ഉമ്മർ</u>: സർ, വാർഡ് വിഭജനത്തിന്റെ പ്രോസസ് അവസാനിപ്പിച്ച് പൂർണ്ണമായ ഒരു നോട്ടിഫിക്കേഷൻ എന്നത്തേയ്ക്ക് കൊണ്ടുവരുമെന്ന് പറയുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, അത് ഇലക്ഷൻ കമ്മീഷന്റെ ഡീലിമിറ്റേഷൻ കമ്മീഷനാണ് ചെയ്യേണ്ടത്. അതിനുള്ള നടപടികൾ വേഗത്തിൽ ചെയ്യാൻ അവർ തയ്യാറായിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇലക്ഷൻ കമ്മീഷൻ ചെയർമാനായ ഡീലിമിറ്റേഷൻ കമ്മീഷനാണ് സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ജോലിഭാരം കൂടുതലാണെന്നുള്ളത് വസ്തുതയാണ്. ജോലി ഭാരത്തിനനുസരിച്ച് കൂടുതൽ തസ്തികകളും സൗകര്യങ്ങളുമുണ്ടാക്കുന്നത് സംബന്ധിച്ചും ഗവൺമെന്റ് ആലോചിക്കുകയാണ്.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, 2019-ൽ പാർലമെന്റ് ഇലക്ഷന് ഉപയോഗിച്ച ഐഡന്റിറ്റി കാർഡുള്ള ഒരു പട്ടിക നിലനിൽക്കെയാണ് 2015-ലെ പഞ്ചായത്ത് ഇലക്ഷന് ഉപയോഗിച്ച, അഞ്ച് വർഷമായിട്ടും പുതുക്കാത്ത, മരിച്ചവരെ ഒഴിവാക്കാത്ത, അർഹതയുള്ളവരെ പുതിയതായി ഉൾപ്പെടുത്താത്ത

ഒരു പട്ടികതന്നെ പഞ്ചായത്ത് ഇലക്ഷന് വേണമെന്ന് ഗവൺമെന്റും ഇലക്ഷൻ കമ്മീഷനും നിഷ്കർഷിച്ചിരിക്കുന്നത്. വാർഡ് വിഭജനം വരുമ്പോൾ കൂട്ടിച്ചേർക്കുന്ന വാർഡുകളുടെ അടിസ്ഥാനത്തിൽ ഈ പട്ടിക പുനഃക്രമീകരിക്കേണ്ടി വരുമെന്നുള്ളതുകൊണ്ട് 2019-ലെ പട്ടികയെ ആശ്രയിക്കുക എന്ന വാദഗതി അംഗീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, അത് കോടതിയിലൂൾപ്പെടെ പോയ വിഷയമാണ്. അതിനെക്കുറിച്ച് ഞാൻ നേരത്തെ പറഞ്ഞതുകൊണ്ട് ആവർത്തിക്കുന്നില്ല. ഇലക്ഷൻ കമ്മീഷന്റെ വെർഷൻ എന്താണെന്ന് അദ്ദേഹംതന്നെ പരസ്യമായി പറഞ്ഞിട്ടുണ്ട്; കോടതിയിൽ നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. അതുകൊണ്ട് തർക്കമുണ്ടാക്കി തെരഞ്ഞെടുപ്പിന് കാലതാമസമുണ്ടാക്കാതിരിക്കുകയാണ് വേണ്ടത്.

ശ്രീ. പി. കെ. ബഷീർ: സർ, വാർഡ് വിഭജനമൊക്കെ നിശ്ചിത സമയപരിധിക്കകം നടത്തി ഒക്ടോബർ മാസത്തിൽ തെരഞ്ഞെടുപ്പ് നടത്താൻ സാധിക്കുമെന്ന് തോന്നുന്നുണ്ടോ; അതല്ലെങ്കിൽ, തെരഞ്ഞെടുപ്പ് നീട്ടണമെന്നുള്ള ഉദ്ദേശ്യമുണ്ടോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, 2014-ലെ വോട്ടർ പട്ടികയിൽ നിന്നാണ് 2015-ലെ പഞ്ചായത്ത് വോട്ടർ പട്ടികയുണ്ടായത്. 2019-ലെ വോട്ടർ പട്ടിക 2020-ൽ പഞ്ചായത്തുകൾക്ക് സ്വീകാര്യമല്ലെന്നാണ് ഇപ്പോൾ ഗവൺമെന്റ് പറയുന്നത്. ഓരോ വാർഡുകളിലും ശരാശരി 250-ഓളം പേരുകൾ വോട്ടർ പട്ടികയിൽ ചേർക്കാനുണ്ടാകും. പഞ്ചായത്തിന്റെ വോട്ടർ പട്ടികയിൽ പേര് ചേർക്കുകയും ഹിയറിംഗിന് ആളുകൾ ഹാജരാകുകയും വേണം. 2019-ലെ പാർലമെന്റ് ഇലക്ഷന്റെ വോട്ടർ പട്ടികയിൽ പേരുണ്ടാകുകയും വോട്ട് ചെയ്തിട്ടുണ്ടെന്ന് തെളിയിക്കുകയും ചെയ്യുന്ന വ്യക്തികളെ ഹിയറിംഗിന് വിളിപ്പിക്കാതെ വോട്ടർ പട്ടികയിൽ ഉൾപ്പെടുത്താനുള്ള നിർദ്ദേശം കൊടുക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ജനങ്ങൾക്ക് പരമാവധി ബുദ്ധിമുട്ടില്ലാതെ വോട്ടർ പട്ടികയിൽ പേര് ചേർക്കണമെന്നുള്ള വികാരത്തിനൊപ്പമാണ് ഗവൺമെന്റ് നിൽക്കുന്നത്. ഇലക്ഷൻ കമ്മീഷനാണ് അന്തിമ തീരുമാനമെടുക്കേണ്ടത്. ഈ വിഷയത്തിൽ എന്ത് ചെയ്യാൻ കഴിയുമെന്ന് എനിക്കിപ്പോൾ പറയാൻ സാധിക്കില്ല. യു.ഡി.എഫ്.-ന്റെ കാലത്ത് 2005 മാർച്ചിൽ ഭേദഗതി കൊണ്ടുവന്നതിനുശേഷം തെരഞ്ഞെടുപ്പ് കൃത്യമായി നടത്തിയിട്ടുണ്ട്. തെരഞ്ഞെടുപ്പിന് അഞ്ചാറ് മാസം ഇനിയുമുള്ളതിനാൽ ബുദ്ധിമുട്ടില്ലാതെ കാര്യങ്ങൾ ചെയ്യാൻ സാധിക്കുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. ടി. തോമസ്, ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(ബഹുമാനപ്പെട്ട അംഗം സീറ്റിലില്ലാതിരുന്നതിനാൽ ഭേദഗതി പ്രസ് ചെയ്തില്ല.)

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ആർ. രാമചന്ദ്രൻ, ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(ബഹുമാനപ്പെട്ട അംഗം സീറ്റിലില്ലാതിരുന്നതിനാൽ ഭേദഗതി പ്രസ് ചെയ്തില്ല.)

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .....................

പ്രതികൂലിക്കുന്നവർ ....................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. ഉണ്ണി, ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. ഉണ്ണി: സർ, പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .....................

പ്രതികൂലിക്കുന്നവർ ....................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

## (iii) 2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എ. കെ. ബാലൻ: സർ, ഇതിന്റെ ആമുഖമായി വളരെ കൂടുതൽ കാര്യങ്ങളിലേയ്ക്കൊന്നും കടക്കാൻ ആഗ്രഹിക്കുന്നില്ല.

ശ്രീ. പി. സി. ജോർജ്: സർ, ഈ ബില്ലിന്റെ വ്യക്തത സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർക്ക് ഞാൻ കത്ത് നൽകിയിരുന്നു. ബിൽ അവതരിപ്പിക്കുന്നതിന് തർക്കമുള്ളതുകൊണ്ടാണ് ഞാൻ കത്ത് നൽകിയത്.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങേയ്ക്ക് ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കാം.

ശ്രീ. എ. കെ. ബാലൻ: സർ, ക്രമപ്രശ്നമാണെങ്കിൽ ഞാൻ വഴങ്ങാം. അല്ലെങ്കിൽ ബഹുമാനപ്പെട്ട മെമ്പർക്ക് ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കാം. അടുത്തകാലത്തുണ്ടായ ചില സംഭവങ്ങൾ സാംസ്കാരിക കേരളത്തിന് അപമാനമാണ്. 3-7-2017-ലെ സുപ്രീംകോടതി വിധിയെത്തുടർന്ന് രണ്ട് സഭകൾ തമ്മിലുണ്ടായ തർക്കത്താൽ ശവസംസ്കാരം നടത്താൻപോലും സാധിക്കാത്ത സ്ഥിതിവിശേഷം സംജാതമായി. ഈ സ്ഥിതി തുടർന്നാൽ സാമൂഹികവും മതപരവുമായ പ്രത്യാഘാതങ്ങളുണ്ടാകുമെന്ന കാര്യത്തിൽ സംശയമില്ല. അതുകൊണ്ടാണ് ഒരു ഇടവകയിലുൾപ്പെടുന്ന കുടുംബങ്ങളിലെ എല്ലാ അംഗങ്ങൾക്കും അവരവരുടെ പൂർവ്വികരെ അടക്കം ചെയ്തിട്ടുള്ള സെമിത്തേരിയിൽ

അടക്കം ചെയ്യുന്നതിനുള്ള അവകാശമുണ്ടായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തുകൊണ്ട് ഒരു ഓർഡിനൻസ് കൊണ്ടുവരാൻ ഗവൺമെന്റ് നിർബന്ധിക്കപ്പെട്ടത്. നിയമസഭാ സമ്മേളന വേളയല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകണമെന്നുള്ളതുകൊണ്ടും 2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ ഓർഡിനൻസ് 2020 ജനുവരി 6-ാം തീയതി ബഹുമാനപ്പെട്ട കേരള ഗവർണർ വിളംബരം ചെയ്തു. അത് 2020-ലെ ഒന്നാം നമ്പർ ഓർഡിനൻസായി 2020 ജനുവരി 7-ാം തീയതി 59-ാം നമ്പരായി കേരള അസാധാരണ ഗസ്സറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ആ ഓർഡിനൻസ് റീപ്ലേസ് ചെയ്തുകൊണ്ടുള്ള ബില്ലാണ് ഇവിടെ അവതരിപ്പിക്കുന്നത്. കൂടുതൽ കാര്യങ്ങൾ ചർച്ചയ്ക്കുശേഷം മറുപടിയായി പറയാം.

Shri Abdul Hameed. P.: Sir, I move that-

" This House resolves to disapprove The Kerala Christian Cemeteries (Right to burial of corpse) Ordinance, 2020 (Ordinance No. 1 of 2020)" .

സംസ്ഥാനത്തെ യാക്കോബായ-ഓർത്തഡോക്സ് ക്രിസ്ത്യൻ വിഭാഗങ്ങളിലെ തർക്കവുമായി ബന്ധപ്പെട്ട് ചില സെമിത്തേരികളിൽ മൃതദേഹം അടക്കം ചെയ്യുന്നതിന് തടസ്സമുണ്ടായപ്പോൾ അത് നിയമപരമായി നേരിടുന്നതിനാണ് ഈ ഓർഡിനൻസ് കൊണ്ടുവന്നത്. രണ്ട് വിഭാഗം വിശ്വാസികൾ തമ്മിലുള്ള തർക്കത്തിൽ ഇരുവിഭാഗങ്ങളെയും തമ്മിൽ സമവായത്തിലെത്തിക്കുന്നതിനുള്ള ശ്രമമാണ് സർക്കാർ നടത്തേണ്ടിയിരുന്നത്. എന്നാൽ സർക്കാരിന് അതിന് സാധിച്ചില്ലെന്നുള്ളതാണ് ഈ നിയമം കൊണ്ടുവന്നതിലൂടെ വ്യക്തമാകുന്നത്. ഇതിലെ നിർവചനപ്രകാരം കുടുംബാംഗങ്ങൾക്ക് ആരാധന അർപ്പിക്കാനായി പള്ളി അല്ലെങ്കിൽ പ്രാർത്ഥനാഹാളുള്ള ക്രിസ്ത്യൻ കുടുംബങ്ങളുടെ കൂട്ടായ്മയാണ് ഇടവക. ഒരു ഇടവകയിലുൾപ്പെടുന്ന കുടുംബങ്ങളിലെ എല്ലാ അംഗങ്ങൾക്കും അവരുടെ പൂർവ്വികരെ അടക്കംചെയ്ത സെമിത്തേരിയിൽ അടക്കം ചെയ്യപ്പെടുന്നതിന് ഒരു നിയമപ്രകാരം വ്യവസ്ഥ ചെയ്തിരിക്കുന്നു. മൃതദേഹം അടക്കുന്നത് തടയുന്ന, അല്ലെങ്കിൽ തടയാൻ ശ്രമിക്കുന്ന ഏതൊരാൾക്കും ഒരു വർഷംവരെയാകുന്ന തടവോ 10,000 രൂപ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ വ്യവസ്ഥ ചെയ്തിരിക്കുന്നു. ഒരു സഭയുടെ അധീനതയിലുള്ള സെമിത്തേരിയിൽ മറ്റൊരു സഭയിലെ കുടുംബാംഗങ്ങൾ മൃതദേഹം അടക്കുന്നതിനായി പ്രവേശിക്കുന്നത് നിയമം അടിച്ചേൽപ്പിച്ചാകുമ്പോൾ അത് ഇരുവിഭാഗങ്ങളും തമ്മിലുള്ള സംഘർഷം മൂർച്ഛിക്കാനാണ് സാദ്ധ്യത. സർക്കാരിന് ആത്മാർത്ഥതയുണ്ടെങ്കിൽ ഇരുവിഭാഗത്തെയും ചർച്ചയ്ക്കുവിളിച്ച് സമവായത്തിലൂടെ

പ്രശ്നത്തിന് പരിഹാരം കാണാമായിരുന്നു. അതിനുപകരം ഇത്തരത്തിൽ നിയമം കൊണ്ടുവന്ന് പ്രശ്നം വീണ്ടും തെരുവുകളിൽ എത്തിക്കരുത്. മൃതദേഹത്തോട് യാതൊരുവിധത്തിലുള്ള അവഗണനയും പാടില്ലെന്നും ആരെങ്കിലും മൃതശരീരത്തോട് ഏതെങ്കിലും തരത്തിലുള്ള അനാദരവുണ്ടാക്കുന്നവിധം പെരുമാറിയാൽ അത് ക്രിമിനൽ കുറ്റമാണെന്നും ഉത്തമ ബോദ്ധ്യമുള്ള നാടാണ് കേരളം.

3.00 P.M.]

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ഈ വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർക്ക് ഞാനൊരു കത്ത് നൽകിയിരുന്നു. സാധാരണഗതിയിൽ സ്പീക്കർ അക്കാര്യമിവിടെ മെൻഷൻ ചെയ്യേണ്ടതാണ്. അത് ചെയ്യാത്തതിൽ എനിക്ക് ദുഃഖമുണ്ട്. യാക്കോബായ-ഓർത്തഡോക്സ് തർക്കം തീർക്കാനായി ഗവൺമെന്റ് കൊണ്ടുവന്ന ഓർഡറിനെ നൂറ് ശതമാനവും ഞങ്ങൾ അനുകൂലിക്കുകയാണ്. പക്ഷെ ക്രിസ്ത്യൻ കമ്മ്യൂണിറ്റിയെന്ന് പറയുന്നതിൽ പതിനൊന്ന് ശതമാനത്തോളം വരുന്നത് കത്തോലിക്ക മതവിശ്വാസികളാണ് കത്തോലിക്കക്കാരെ സംബന്ധിച്ചിടത്തോളം ഈ നിയമം അംഗീകരിക്കാൻ കഴിയില്ല. അത് വളരെ വ്യക്തമായി കർദ്ദിനാളും ബിഷപ്പ് കൗൺസിലും സിനഡും ജനങ്ങളോട് പറഞ്ഞിട്ടുണ്ട്. അതുസംബന്ധിച്ച ഒരഭിപ്രായം നിർബന്ധമായും ഗവൺമെന്റിൽ നിന്നുണ്ടാകണം. പാർട്ടി ബേസിൽ ഇക്കാര്യത്തിൽ അഭിപ്രായം പറയാൻ അനുവദിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട സ്പീക്കറോട് ആവശ്യപ്പെട്ടിരുന്നു. അദ്ദേഹം അക്കാര്യത്തിൽ ഒരു കമന്റ് എനിക്ക് നൽകിയിട്ടില്ല, എനിക്ക് പരാതിയുണ്ട്. ഈ നിയമം കൊണ്ടുവരുന്നത് പത്തൊമ്പത് ശതമാനത്തോളം വരുന്ന ക്രിസ്ത്യൻ സമൂഹത്തിലെ പതിനൊന്ന് ശതമാനത്തോളം വരുന്ന കത്തോലിക്ക മതവിശ്വാസികൾക്ക് വേദനയുണ്ടാക്കുന്ന കാര്യമാണ്. അതിൽ അവർക്ക് പരാതിയുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയുടെ കർദ്ദിനാൾ ഉൾപ്പെടെയുള്ളവരുമായി കൂടിയാലോചിച്ച് ഈ നിയമത്തിൽ കാതലായ മാറ്റം വരുത്തണം. യാക്കോബായക്കാരുടെയും ഓർത്തഡോക്സുകാരുടെയും പ്രശ്നം പരിഹരിക്കുന്നതിന് ഈ നിയമത്തിൽനിന്ന് കത്തോലിക്ക മതവിശ്വാസികളെ ഒഴിവാക്കി ഒരു നിയമം കൊണ്ടുവരുന്നതിൽ നമുക്കാർക്കും എതിർപ്പില്ല, സന്തോഷം മാത്രമേയുള്ളൂ. അക്കാര്യം ഇവിടെ ചർച്ച ചെയ്യപ്പെടേണ്ടതാണ്. ഇവിടെ ക്രിസ്ത്യാനികളുടെ കാര്യം തീരുമാനിക്കുന്നത്, ശ്രീ. അബ്ദുൽ ഹമീദ് പി., ശ്രീ. പി. കെ. അബ്ദു റബ്ബ്, ശ്രീ. സി. മമ്മൂട്ടി അവർക്കെല്ലാം...... .........(ബഹളം).... അവകാശമുണ്ട് പറയുന്നത് കേൾക്കൂ, പറഞ്ഞുതീരുന്നതിനുമുമ്പ് ബഹളം വച്ചാലെങ്ങനെയാണ്? അവർ ന്യൂനപക്ഷ മതവിഭാഗങ്ങളുമായി .....(ബഹളം).... ഞാൻ പറയുന്നത് കേട്ടിട്ട് നിങ്ങൾക്ക് സംസാരിക്കാം. നിങ്ങൾക്ക് അനുകൂലമായാണ് സംസാരിക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. സി. ജോർജ്, പ്ലീസ്...

ശ്രീ. പി. സി. ജോർജ്: സർ, ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ടവർക്കാണ് സംസാരിക്കാൻ സമയം കിട്ടിയിരിക്കുന്നത് എന്നതാണ് ആകെയുള്ള ആശ്വാസം. അതുകൂടി തകർക്കുന്ന നിലയിൽ പോയാൽ എങ്ങനെയാണ്? യാക്കോബായ-ഓർത്തഡോക്സ് വിഭാഗങ്ങളുടെ ശവസംസ്കാരവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ഇറക്കിയ ഒരു ഓർഡറുണ്ട്. ആ ഓർഡറിനെ നൂറ് ശതമാനവും അനുകൂലിക്കുന്നതോടൊപ്പം അത് പുറപ്പെടുവിച്ച മുഖ്യമന്ത്രിയെ പിന്തുണയ്ക്കുകയുമാണ്. എന്നാൽ ഏറ്റവും പ്രബലമായ കത്തോലിക്ക മതവിഭാഗത്തിന്റെ വേദനകൾ മനസ്സിലാക്കി ഈ നിയമത്തിൽ കാതലായ മാറ്റം വരുത്താൻ ബഹുമാനപ്പെട്ട മന്ത്രിയോടും ഗവൺമെന്റിനോടും ആവശ്യപ്പെടുകയാണ്.

ശ്രീ. അബ്ദുൽ ഹമീദ് പി.: സർ, അത് ഗവൺമെന്റ് ആലോചിച്ച് തീരുമാനിക്കട്ടെ. അടുത്തകാലത്തായി സംസ്കാര ശുശ്രൂഷകൾ നടത്തുന്നതുമായി ബന്ധപ്പെട്ട ചില പരാതികളും അനിഷ്ട സംഭവങ്ങളും ഉയർന്നുവന്നുവെന്നത് ഒരു യാഥാർത്ഥ്യമാണ്, അത് ദുഃഖകരവുമാണ്. യാക്കോബായ-ഓർത്തഡോക്സ് വിഭാഗങ്ങൾ തമ്മിലുള്ള സഭാതർക്കമാണ് കോലാഹലങ്ങൾക്ക് വഴിവച്ചത്. പള്ളികളുടെ ഉടമസ്ഥാവകാശം 1934-ലെ മലങ്കര ഓർത്തഡോക്സ് സഭാ ഭരണഘടനയനുസരിച്ചായിരിക്കണം എന്നതായിരുന്നു ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവ്. ആ ഉത്തരവ് നടപ്പാക്കാൻ സർക്കാർ ബാധ്യസ്ഥമാണെന്നതിൽ തർക്കമില്ല. പക്ഷെ ശബരിമല വിഷയത്തിലെന്നപോലെ, വേണ്ടത്ര അവധാനതയോടെ പ്രവർത്തിക്കാൻ സർക്കാരിനായില്ല. ഇരുവിഭാഗത്തെയും വിശ്വാസത്തിലെടുത്ത് ബലപ്രയോഗമില്ലാതെ കാര്യങ്ങൾ നടത്താൻ ശ്രമിക്കണമായിരുന്നു. ഈ നിയമത്തിലൂടെ വീണ്ടും വിശ്വാസികൾ തമ്മിൽ രൂക്ഷമായ പ്രശ്നങ്ങളുണ്ടാകുമോയെന്ന് ആശങ്കപ്പെടേണ്ടിയിരിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, അങ്ങ് അവസാനം പറഞ്ഞ ഭാഗത്തെ സംബന്ധിച്ച് ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ബ്രിട്ടീഷ് മഹാറാണി അംഗീകരിച്ച് 1611-ൽ കേംബ്രിഡ്ജ് പബ്ലിഷ് ചെയ്ത ഹോളി ബൈബിളാണ് എന്റെ കയ്യിലുള്ളത്. പള്ളികളിലൊക്കെ വായിക്കുന്ന അവരുടെ ആധികാരിക പുസ്തകമാണിത്. ഇതിൽ കർത്താവിന്റെ ശരീരവും വിശ്വാസ ശരീരവും തമ്മിലുള്ള ബന്ധത്തെപ്പറ്റി പറയുന്നുണ്ട്. ആ വാചകം ഞാൻ വായിക്കാം. "I beseech you therefore, brethren, by the mercies of God, that ye present your bodies a living sacrifice, holy, acceptable unto God, which is your reasonable service.

[4] For as we have many members in one body, and all members have not the same office." കർത്താവിന്റെ ശരീരത്തിൽ ഓരോ വിശ്വാസിയും ഒരു മെമ്പറാണ്, പക്ഷെ ബോഡി ഒന്നേയുള്ളൂ, അത് കർത്താവാണ്. ആ മെമ്പർമാർ അതിൽ ലയിച്ചിരിക്കുകയാണ്. ഇങ്ങനെ പറയുന്ന മഹത്തായ ക്രിസ്തുമതത്തിന്റെ പേരിൽ ശവശരീരം അടക്കം ചെയ്യുന്നതിനെ തടയുകയും ബഹളമുണ്ടാക്കുകയും ചെയ്യുന്നത് ക്രിസ്ത്യാനിറ്റിയുമായി എന്തെങ്കിലും ബന്ധമുണ്ടോ? ശവശരീരം സംസ്കരിക്കുന്നതിനുള്ള സൗകര്യമുണ്ടാക്കേണ്ടത് ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണ്. ശവശരീരം സംസ്കരിക്കുന്നത് ആര് തടഞ്ഞാലും എങ്ങനെയാണ് ന്യായീകരിക്കുന്നതെന്ന് അങ്ങ് പറയണം.

<u>ശ്രീ. അബ്ദുൽ ഹമീദ് പി.</u>: സർ, മൃതദേഹം സംസ്കരിക്കുന്നതിനെ ഞങ്ങൾ എതിർക്കുന്നില്ല.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ തർക്കപരിഹാരമെന്ന രീതിയിലാണ് ഗവൺമെന്റ് ഈ ബിൽ കൊണ്ടുവരുന്നത്. അതുകൊണ്ട് അതിന്റെ ലെജിസ്ലേറ്റീവ് ഇന്റൻഷനെ നമ്മൾ ചോദ്യം ചെയ്യുന്നില്ല. എന്നാൽ കേരളത്തിന്റെ സാമൂഹിക-ക്രൈസ്തവ പശ്ചാത്തലം മനസ്സിലാക്കാതെയാണ് ഈ ബിൽ തയ്യാറാക്കിയത്. ഒരു പ്രശ്നം തീർക്കാൻവേണ്ടിയുള്ള നിയമനിർമ്മാണം മറ്റ് ഒരുപാട് പ്രശ്നങ്ങളുടെ തുടക്കമായി മാറാൻ പോകുകയാണ്. ക്രിസ്ത്യൻ സമുദായത്തിലെ ഡിനോമിനേഷൻസി നെക്കുറിച്ച് ഈ ബിൽ തയ്യാറാക്കിയവർക്ക് ബോധ്യമുണ്ടാകണമായിരുന്നു. ഇത് പാസ്സായാൽ ഒരു വിഭാഗത്തിൽപ്പെട്ട ആളിന്റെ ശവശരീരം വേറെ ഏതെങ്കിലുമൊരു ഡിനോമിനേഷന്റെ ചർച്ചിൽ അവിടത്തെ പ്രീസ്റ്റിന്റെ അനുവാദമില്ലാതെ സംസ്കരിക്കാനുള്ള അനുവാദമാണ് കൊടുക്കുന്നത്. ഓരോരുത്തർക്കും ഓരോ തരത്തിലുള്ള ആചാരക്രമങ്ങളുണ്ട്. മരണാനന്തര കർമ്മങ്ങൾക്കും ഓരോരുത്തർക്കും ഓരോ രീതിയാണ്. പ്രാർത്ഥനാ രീതികളിലും ആചാരക്രമങ്ങളിലുമൊക്കെ വ്യത്യാസമുണ്ട്. ഇക്കാര്യങ്ങളൊന്നും ശ്രദ്ധിക്കാതെയാണ് ഈ ബിൽ തയ്യാറാക്കിയതെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. അബ്ദുൽ ഹമീദ് പി.</u>: സർ, ഇന്നത്തെ ദീപിക ദിനപത്രത്തിൽ കെ.സി.ബി.സി. പ്രസിഡന്റും സീറോ മലബാർ സഭ ആർച്ച് ബിഷപ്പുമായ കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരിയുടേതായി ഒരു വാർത്ത വന്നിരുന്നു. അത് ഞാനിവിടെ വായിക്കാം; "യാക്കോബായ-ഓർത്തഡോക്സ് സഭകൾക്കിടയിൽ വിശ്വാസികളുടെ മൃതദേഹ സംസ്കാരവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരമായി സർക്കാർ നിയമസഭയിൽ അവതരിപ്പിക്കുന്ന ബിൽ എല്ലാ ക്രിസ്ത്യൻ സഭകളുടെയും നിലവിലുള്ള സംവിധാനങ്ങളെ കണക്കിലെടുക്കുന്നതും എല്ലാവർക്കും സ്വീകാര്യമായതായിരിക്കണമെന്നും ഈ ബിൽ അവ്യക്തവും കൃത്യതയില്ലാത്തതും

മതങ്ങൾക്ക് ഭരണഘടന നൽകുന്ന സ്വാതന്ത്ര്യം ഹനിക്കപ്പെടാനിടയാക്കുന്നതാണെന്നും കെ.സി.ബി.സി. പ്രസിഡന്റും സീറോ മലബാർ സഭ ആർച്ച് ബിഷപ്പുമായ കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി സർക്കാരിനോട് ആവശ്യപ്പെട്ടു. കൂടുതൽ സങ്കീർണ്ണമായ നിയമപ്രശ്നങ്ങളിലേയ്ക്ക് നയിക്കാൻ ഈ ബിൽ ഇടയാക്കിയേക്കുമെന്നും നൂറ്റാണ്ടുകളായി നിയമാനുസൃതം പ്രവർത്തിച്ചുവരുന്ന ക്രിസ്ത്യൻസഭകളിലെ മൃതദേഹ സംസ്കാര ശുശ്രൂഷകളെയും സെമിത്തേരികളെയും ഇത് ദോഷകരമായി ബാധിക്കുമെന്നും ബില്ലിന്റെ പൊതുസ്വഭാവം വ്യക്തമാക്കുന്നുണ്ടെന്നും ആയതിനാൽ പുതിയ നിയമനിർമ്മാണ പ്രക്രിയയിൽ എല്ലാ സഭകളിലെയും പ്രതിനിധികളുമായി സർക്കാർ ചർച്ച നടത്തുകയും അവരുടെ അഭിപ്രായങ്ങൾ കണക്കിലെടുക്കുകയും ചെയ്യണമെന്നുമാണ് അദ്ദേഹം അഭിപ്രായപ്പെട്ടിരിക്കുന്നത്. ഇതിൽ നിന്നൊക്കെ വ്യക്തമാകുന്നത് സർക്കാർ വിവിധ ക്രിസ്ത്യൻ സഭകളുടെ നേതൃത്വവുമായി ഇക്കാര്യത്തിൽ ശരിയായ കൂടിയാലോചനകൾ നടത്തുകയോ വേണ്ടത്ര ഗൃഹപാഠം ചെയ്യുകയോ ചെയ്തിട്ടില്ലെന്നാണ്. യാക്കോബായ-ഓർത്തഡോക്സ് വിഭാഗങ്ങളെ മാത്രം ബാധിക്കുന്ന പ്രശ്നമല്ല ഇതെന്ന് വ്യക്തമാണ്. മനുഷ്യസാഹോദര്യമാണ് മതങ്ങൾ പഠിപ്പിക്കുന്നത്. നമ്മളെല്ലാവരും ഒരേ പിതാവിന്റെയും മാതാവിന്റെയും മക്കളാണെന്ന ബൈബിൾ-ഖുർആൻ പാഠങ്ങൾ ഇതിലേയ്ക്കാണ് വിരൽചൂണ്ടുന്നത്. വസുധൈവകുടുംബകമെന്ന മഹത്തായ ദർശനവും മറ്റൊന്നല്ല നമ്മെ പഠിപ്പിക്കുന്നത്. ഇങ്ങനെയൊക്കെയാണെങ്കിലും വിവിധ മതവിശ്വാസികൾ തമ്മിലും ഒരേ മതത്തിലെ വിവിധ അവാന്തര വിഭാഗങ്ങൾ തമ്മിലും ചിലപ്പോൾ സംഘർഷങ്ങളുണ്ടാകാറുണ്ട്. ഇതിനുകാരണം മതങ്ങളല്ല. യഥാർത്ഥത്തിൽ മതം അനുവർത്തിക്കുന്ന മതവിശ്വാസിക്ക് അത് ജീവിതത്തിൽ വെളിച്ചമാണ് നൽകുന്നത്. മറ്റുള്ളവർക്കും വെളിച്ചം നൽകാൻ അവന് സാധിക്കും. പിന്നെ എന്താണ് സംഘർഷങ്ങൾക്ക് കാരണം? മതങ്ങളുയർത്തിപ്പിടിക്കുന്ന സ്നേഹം, കാരുണ്യം, ദയ തുടങ്ങിയ മാനവികമൂല്യങ്ങൾക്ക് മനുഷ്യൻ വിലകല്പിക്കാതിരിക്കുകയും നൈമിഷികമായ സ്വാർത്ഥതാല്പര്യങ്ങളിൽ അഭിരമിക്കുകയും ചെയ്യുന്നതാണ് സംഘർഷങ്ങൾക്ക് കാരണം. സംഘർഷങ്ങൾക്ക് അയവുവരുത്താനും സഹോദര്യം ഊട്ടിയുറപ്പിക്കാനും കൂട്ടായ ചർച്ചകളും സൗഹൃദപരമായ ഇടപെടലുകളുംമൂലം സാധിക്കും. ബലപ്രയോഗത്തിലൂടെ സ്ഥായിയായ സമാധാനം നേടിയെടുക്കാനാകില്ലെന്നതാണ് ചരിത്രം. ആയതിനാൽ ഈ വിഷയത്തിലും ഇരുവിഭാഗങ്ങളെയും ഒരുമിച്ചിരുത്തി സംഘർഷ സാധ്യതയില്ലാത്ത വിധത്തിലുള്ള സമവായ ചർച്ചകൾ തുടരാൻ സർക്കാരിന് സാധിക്കണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ഈ ബില്ലിനകത്ത് തിടുക്കം കാണിച്ചു എന്നുള്ളതാണ് പ്രധാനപ്പെട്ട വിഷയം.

സഭാതർക്കം പരിഹരിക്കപ്പെടേണ്ടത് തന്നെയാണ്. അക്കാര്യത്തിൽ ആർക്കും എതിരഭിപ്രായം ഉണ്ടാകുമെന്ന് കരുതുന്നില്ല. ക്രിസ്ത്യൻ സമൂഹമാണെങ്കിൽപ്പോലും എല്ലാ ആചാരങ്ങളും ഒരുപോലെയായിരിക്കണമെന്ന് നിർബന്ധമില്ല. വിവാഹമാണെങ്കിലും മരണാനന്തര ചടങ്ങുകളാണെങ്കിലും അതിന്റേതായ മാറ്റങ്ങളുണ്ടാകും. പക്ഷേ ഇവിടെ വന്നിരിക്കുന്നൊരു വിഷയം, ഈ ബിൽ പ്രാബല്യത്തിൽ വരുന്നതോടുകൂടി ഇതിനെല്ലാം ഒരു പൊതുസ്വഭാവമുണ്ടാകുമെന്നുള്ളതാണ്. അത് ശ്രീ. വി. ഡി. സതീശൻ സൂചിപ്പിച്ചതുപോലെ ഭാവിയിൽ വലിയ പ്രതിസന്ധിക്കിടയാക്കുമോയെന്ന സംശയവും ആശങ്കയുമാണ് ഞങ്ങൾ മുന്നോട്ടുവയ്ക്കുന്നത്. കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് നൽകിയ കത്ത് ഗവൺമെന്റ് പരിശോധിക്കേണ്ടതായിരുന്നു. വളരെ ഗൗരവമുള്ള വിഷയങ്ങളാണ് അതിൽ അദ്ദേഹം സൂചിപ്പിച്ചിട്ടുള്ളത്. ഈ ബിൽ തയ്യാറാക്കുന്നതിനുമുമ്പ് സഭയുടെ വിശ്വാസങ്ങളെയും ആചാരങ്ങളെയും കുറിച്ച് പഠനം നടത്തുകയും അത് ചർച്ച ചെയ്യുകയും ചെയ്തിരുന്നെങ്കിൽ ഇതിലെ പല പ്രശ്നങ്ങളും ഒഴിവാക്കാമായിരുന്നു. ബിൽ ഫൈനലൈസ് ചെയ്യുന്നതിനുമുമ്പുള്ള ചർച്ചയിലെങ്കിലും ഇതിന് വ്യക്തത വരുത്തണം. അല്ലെങ്കിൽ ഭാവിയിൽ ബുദ്ധിമുട്ടുണ്ടാകും. ഇതിലെ നിർവചനങ്ങൾ എന്നതിൽ "ക്രിസ്ത്യാനി" എന്നാൽ ബൈബിളിൽ വിശ്വസിക്കുന്നവരും യേശുക്രിസ്തുവിനെ ദൈവത്തിന്റെ ഏകജാതനായ പുത്രനായി അംഗീകരിക്കുന്നവരും ജ്ഞാനസ്നാനം ചെയ്യപ്പെട്ടിട്ടുള്ളതുമായ ഏതൊരാളും എന്നർത്ഥമാക്കുന്നു എന്നാണ് പറഞ്ഞിട്ടുള്ളത്. അതിൽ ഒരു തർക്കവുമില്ല. വികാരി, സെമിത്തേരി എന്നിവയെക്കുറിച്ചും പറയുന്നുണ്ട്. സെമിത്തേരികളെല്ലാം ഓരോ പള്ളിയുടെയും സഭാവിശ്വസത്തിന്റെയും സ്വകാര്യ സ്വത്തുക്കളാണ്. അതിൽ വിശ്വാസികളെ അടക്കം ചെയ്യുന്നുണ്ട്. പക്ഷേ പത്തോ ഇരുപത്തിയഞ്ചോ വർഷം മുമ്പ് ഒരു ഇടവകയിൽനിന്നും നാടുവിട്ട് പോയവരായാലും അവരുടെ പൂർവ്വികരെ അടക്കം ചെയ്തിട്ടുണ്ടെന്ന അവകാശവാദം ഉന്നയിച്ചാൽ ഇവിടെ അടക്കം ചെയ്യേണ്ടിവരും. അപ്പോൾ ഭാവിയിൽ അതൊരു പൊതുശ്മശാനത്തിന്റെ സ്വഭാവത്തിലെത്താൻ സാധ്യതയുണ്ട്. അതുപോലെ അധികാരങ്ങളെയും അവകാശങ്ങളെയും സംബന്ധിച്ച് ഭാവിയിൽ തർക്കമുണ്ടാകാനിടയുള്ളതുകൊണ്ട് ഈ ബില്ലിൽ കൃത്യത വരുത്തണം. ഇത്തരം തർക്കങ്ങൾ മറ്റ് ക്രിസ്ത്യൻ വിഭാഗങ്ങളിലേയ്ക്ക് വ്യാപിക്കാനുള്ള അവസരമുണ്ടാക്കിക്കൊടുക്കരുത്. ചർച്ച് ആക്റ്റുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഇതിന്റെ പിന്നിലുണ്ടെന്നുള്ള ആശങ്ക ഉയർന്നുവന്നിരിക്കുകയാണ്. അതൊക്കെ ഗൗരവമായി കാണണം. ബില്ലിന്റെ സ്പിരിറ്റിനെ ചോദ്യം ചെയ്യുന്നില്ല. ഇതുമായി ബന്ധപ്പെട്ടുണ്ടായിട്ടുള്ള ആശങ്കകളകറ്റാൻ കർദ്ദിനാൾ തിരുമേനി സൂചിപ്പിച്ച കാര്യങ്ങൾകൂടി കണക്കിലെടുക്കണം. തിടുക്കമൊഴിവാക്കി ആവശ്യമായ ആലോചനകൾ നടത്തി യോജിച്ച് ഈ ബിൽ പാസ്സാക്കുന്നതല്ലേ ഉചിതം?

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ശ്രീ. റോഷി അഗസ്റ്റിൻ പറഞ്ഞത് പ്രസക്തമായിട്ടുള്ളൊരു കാര്യമാണ്. ക്രിസ്ത്യാനി എന്ന നിർവ്വചനത്തിൽ വരുമ്പോൾ

ഇപ്പോഴത്തെ അവസ്ഥയിൽ മുഴുവൻ ക്രൈസ്തവ വിശ്വാസികളും ഈ ബില്ലിന്റെ പരിധിയിൽ വരികയാണ്. നിലവിൽ നിലനിൽക്കുന്ന യാക്കോബായ-ഓർത്തഡോക്സ് സഭാതർക്കം പരിഹരിക്കപ്പെടേണ്ടത് തന്നെയാണ്, യാതൊരു തർക്കവുമില്ല. മന്ത്രിസഭാ ഉപസമിതിയെ നിയോഗിച്ച് സർക്കാർ അതിനുവേണ്ടി എന്തൊക്കെ ചെയ്തുവെന്നതിനെക്കുറിച്ച് നമുക്കാർക്കുമറിയില്ല. ആ തരത്തിലുള്ള ശ്രമങ്ങളൊന്നും മുന്നോട്ടുപോയിട്ടില്ലെന്നുള്ളത് വസ്തുതയാണ്. ഈ വിഷയം രമ്യമായി പരിഹരിക്കാൻ സർക്കാർ മുൻകയ്യെടുക്കേണ്ടതായിരുന്നു. കൃത്യമായ ഇടപെടൽ നടത്തണമായിരുന്നു. മൃതശരീരം അടക്കം ചെയ്യുന്നത് തടയുക എന്നുള്ളത് യാതൊരു കാരണവശാലും അംഗീകരിക്കാൻ കഴിയുന്ന കാര്യമല്ല. പക്ഷേ അതോടൊപ്പം ഈ വിഷയത്തിനുവേണ്ടി ഇങ്ങനെയൊരു നിയമം കൊണ്ടുവരുമ്പോൾ അത് എല്ലാ ക്രിസ്തീയ വിഭാഗങ്ങളെയും ബാധിക്കുമോയെന്ന ആശങ്ക മറ്റ് ക്രൈസ്തവ വിഭാഗങ്ങൾക്കുണ്ട്. കാരണം, ഇടവകയും അതിനുകീഴിലുള്ള സെമിത്തേരിയും ക്രൈസ്തവ സമൂഹത്തിന്റെ പ്രോപ്പർട്ടിയാണ്. അതിലേയ്ക്കുള്ള കടന്നുകയറ്റമാണോ ഇതുവഴിയുണ്ടാകുന്നതെന്ന് അവർ സംശയിക്കുകയാണ്. ഈ ബില്ലിന്റെ പരിധിയിൽ ഇതൊക്കെ വരുമ്പോൾ സ്വാഭാവികമായും ഉയർന്നുവരുന്ന സംശയങ്ങളാണ്. ഒരു പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി നിയമം കൊണ്ടുവരുമ്പോൾ അത് മറ്റുപല വിഷയങ്ങളും ഉടലെടുക്കുന്നതിന് വഴിവയ്ക്കുകയില്ലേയെന്ന ആശങ്കയുണ്ട്. അതുകൊണ്ട് ഈ വിഷയം യാക്കോബായ-ഓർത്തഡോക്സ് വിഭാഗങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തി നിർത്തിക്കൊണ്ട് മറ്റ് ക്രൈസ്തവ വിഭാഗങ്ങൾക്ക് ആശങ്കയില്ലാത്തവിധം നിയമനിർമ്മാണം നടത്തേണ്ടതല്ലേ; ഇത്രയും ഗൗരവതരമായിട്ടുള്ള വിഷയമായതുകൊണ്ട് എല്ലാ ക്രൈസ്തവ വിഭാഗങ്ങളെയും ഉൾക്കൊള്ളിച്ച് വിശദമായി ചർച്ചചെയ്ത് ആശങ്കകൾ പരിഹരിച്ച് മുന്നോട്ടുപോകണമെന്ന അഭിപ്രായം അങ്ങേയ്ക്കുണ്ടോ?

ശ്രീ. അബ്ദുൽ ഹമീദ് .പി.: സർ, അതുതന്നെയാണ് ഞാനും പറഞ്ഞത്. രണ്ടുകൂട്ടരെയും വിശ്വാസത്തിലെടുത്തുകൊണ്ട് ഒരു സമവായത്തിലൂടെ സംഘട്ടനമില്ലാതെ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കണമെന്നതാണ് എന്റെ അഭിപ്രായം. എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബിനുവേണ്ടി ശ്രീ. എൻ. ഷംസുദ്ദീൻ : സർ, നിരാകരണപ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. 2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ സംബന്ധിച്ച് കുറേ നിർദ്ദേശങ്ങൾ വന്നു. അവധാനതയില്ലാതെയാണ് ഈ ബിൽ രൂപകല്പന ചെയ്തിട്ടുള്ളത് എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ബില്ലുകൾ രൂപപ്പെടുത്തുമ്പോൾ ഒരു ലീഗൽ ഡ്രാഫ്റ്റിംഗിൽ പാലിക്കേണ്ട സാമാന്യ മര്യാദ ഈ ബില്ലിൽ കാണാൻ കഴിഞ്ഞില്ല. ഇത് അവ്യക്തമായി തട്ടിക്കൂട്ടിയ ഒരു ബില്ലായിട്ടാണ് എനിക്ക് തോന്നുന്നത്. നിയമവശങ്ങളിൽനിന്ന് പരിശോധിച്ചാൽ

ഒരു കടമ നിർവ്വഹിക്കാൻവേണ്ടി പെട്ടെന്ന് തട്ടിക്കൂട്ടിയൊരു ബില്ലായി മാത്രമേ ഇതിനെ കാണാൻ സാധിക്കുകയുള്ളൂ. ബില്ലിന്റെ നിർവ്വചനങ്ങളെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. തീർത്തും അപൂർണ്ണമായ നിർവ്വചനങ്ങളാണ് ഇതിലുള്ളത്. ഒരു പ്രശ്നമുണ്ടായാൽ കോടതിക്ക് ഇതിൽ ഇന്റർപ്രട്ട് ചെയ്യാൻ പ്രയാസമായിരിക്കും. അവിടെയാണ് ഈ നിർവ്വചനങ്ങളുടെ പ്രസക്തി വരുന്നത്. വളരെ shabby ആയിട്ടുള്ള നിർവ്വചനങ്ങളാണ് ഇതിലുള്ളത്. അതുകൊണ്ടുതന്നെ വ്യക്തതയില്ലാത്തതും ആശയക്കുഴപ്പമുണ്ടാക്കുന്നതുമായ ബില്ലാണിത്. ക്രിസ്തുമത വിശ്വാസികളുടെ മൃതശരീരം അയാളുടെ പൂർവ്വികൻമാരെ അടക്കം ചെയ്യപ്പെട്ട സെമിത്തേരിയിൽ അടക്കം ചെയ്യാൻ കൊണ്ടുവന്നാൽ ആരെങ്കിലും തടസ്സപ്പെടുത്തുകയാണെങ്കിൽ ആയത് ഒരു വർഷംവരെ തടവോ പതിനായിരം രൂപവരെ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ ശിക്ഷിക്കാവുന്നൊരു കുറ്റമാക്കുകയാണ് ഈ നിയമനിർമ്മാണത്തിലൂടെ ചെയ്യുന്നത്. മൃതശരീരം അടക്കം ചെയ്യുന്നതിനെ തടസ്സപ്പെടുത്തുന്നത് നിയമംമൂലം നിരോധിക്കുകയെന്നുള്ളത് പൊതുവിൽ സ്വീകാര്യമാണ്. ഏത് സാഹചര്യത്തിലായാലും മൃതശരീരങ്ങൾ അനാദരിക്കപ്പെടരുത്. എല്ലാ മതവിശ്വാസങ്ങളും മൃതശരീരത്തെ ബഹുമാനിക്കണമെന്നാണ് പഠിപ്പിക്കുന്നത്. മൃതശരീരങ്ങൾ ദിവസങ്ങളോളം അടക്കം ചെയ്യാൻ കഴിയാതെ സൂക്ഷിച്ച സംഭവവുമുണ്ടായി. ഇതിനിടയിൽ, പ്രിയങ്കാ ചോപ്രയുടെ മുത്തശ്ശി കേരളത്തിലുള്ള ആളായതിനാൽ അവരുടെ മൃതദേഹം അടക്കം ചെയ്യാൻ കൊണ്ടുവന്നപ്പോൾ അതിന് കഴിയാതെവരികയും തിരിച്ച് ബോംബെയിലേയ്ക്കുതന്നെ കൊണ്ടുപോകാൻ പോയപ്പോൾ ചിലരൊക്കെ ഇടപെട്ടാണ് മറ്റൊരു സെമിത്തേരിയിൽ അടക്കം ചെയ്യാൻ അനുവാദം കൊടുത്തത് എന്നൊരു വാർത്ത വരികയുണ്ടായി. ഇത് വളരെ വേദനാജനകമാണ്.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, മരിച്ച സ്ത്രീ ആ പ്രത്യേക ഇടവകയിലെ അംഗമായിരുന്നു. അവരുടെ അന്ത്യാഭിലാഷമായിരുന്നു ആ പള്ളിയുടെ സെമിത്തേരിയിൽ അടക്കണമെന്നത്. അതാണ് നിഷേധിക്കപ്പെട്ടത്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, മരണപ്പെടുന്നവരുടെ അന്ത്യാഭിലാഷം നിറവേറ്റുന്ന കാര്യത്തിൽ അവരുടെ ബന്ധുക്കൾക്കുണ്ടാകുന്ന പ്രയാസങ്ങളും മൃതശരീരം അടക്കം ചെയ്യാൻ കഴിയാതെ പ്രയാസപ്പെടുന്നതും വളരെയധികം ബുദ്ധിമുട്ടുള്ളൊരു കാര്യമാണ്. വ്യത്യസ്ത ചിന്താഗതിക്കാരായ ആളുകളായിട്ടുപോലും ഇവിടെ സംസാരിച്ചവർ മൃതശരീരങ്ങൾ അനാദരിക്കപ്പെടരുതെന്ന കാര്യം സൂചിപ്പിക്കുകയുണ്ടായി. അതിനോട് ഞാനും തത്വത്തിൽ യോജിക്കുകയാണ്. പക്ഷേ, ഇത് പരിഹരിക്കുന്നതിനായി നിയമനിർമ്മാണം നടത്തുമ്പോൾ അതുമായി

ബന്ധപ്പെട്ടുണ്ടായേക്കാവുന്ന പ്രശ്നങ്ങളും മതപരമായ പ്രയാസങ്ങളും സാമൂഹികമായ പശ്ചാത്തലവുംകൂടി കണക്കിലെടുക്കേണ്ടതുണ്ട്. കേരളത്തിലെ പ്രബലമായ രണ്ട് ക്രിസ്തീയ സഭകളായ ഓർത്തഡോക്സ് സഭയും യാക്കോബായ സഭയും തമ്മിൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി തുടരുന്ന തർക്കങ്ങളും കോടതി വ്യവഹാരങ്ങളും എല്ലാവർക്കും അറിയാവുന്നതാണ്. ഒരു വിഭാഗത്തിന്റെ പള്ളിയിൽ മറ്റൊരു വിഭാഗം കയറി അന്ത്യകർമ്മങ്ങളും ശുശ്രൂഷയും ചെയ്യുമ്പോഴുണ്ടായേക്കാവുന്ന പ്രശ്നങ്ങളെയും സംഘർഷങ്ങളെയും ഇരുവിഭാഗങ്ങളുടെയും വികാരങ്ങളെയും കാണാതെ പോകരുത്. നമ്മളൊരു പ്രശ്നത്തിന് പരിഹാരമുണ്ടാക്കുമ്പോൾ അതിന് കൃത്യമായൊരു ഫോർമുലയുണ്ടാകണം. ഒരു വിഭാഗത്തിന്റെ പള്ളിയിൽ മറ്റൊരു വിഭാഗത്തിൽപ്പെട്ടവരുടെ മൃതശരീരം കൊണ്ടുവന്നാൽ അവിടെ ക്രമസമാധാന പ്രശ്നങ്ങളുണ്ടാകാം, മതവികാരം വ്രണപ്പെടാം. ഇതൊക്കെ ഒഴിവാക്കുന്നതിനായി അവധാനതയോടുകൂടിയ ഒരു ചർച്ച ഇതിലുണ്ടായിട്ടില്ല എന്നുള്ളതാണ് പോരായ്മ.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ജി. സുധാകരൻ ബൈബിളിനെ ഉദ്ധരിച്ചുകൊണ്ട് യേശുവിന്റെ ശരീരത്തിലെ അവയവങ്ങളും ശരീരത്തെയുംകുറിച്ച് പറഞ്ഞത് വളരെ പ്രസക്തിയുള്ള കാര്യമാണ്. റോമൻ കത്തോലിക്കർ റോമുമായും മാർപാപ്പയുമായും ബന്ധപ്പെട്ടവരാണ്, യാക്കോബായ-ഓർത്തഡോക്സ് വിഭാഗങ്ങൾ ഡമാസ്കസുമായി ബന്ധപ്പെട്ടവരാണ്, ഇന്ത്യൻ ക്രിസ്ത്യൻ സഭ ഓർത്തഡോക്സ് സഭയാണ് എന്നാണ് പറയുന്നത്. ഇതിനെക്കുറിച്ച് അറിവില്ലാത്തതുകൊണ്ട് ഇങ്ങനെ പറയുന്നതാണ്. യാക്കോബായ സഭയുടെ ഹെഡ് ഓഫീസ് ഡമാസ്കസിലാണ്, അന്ത്യോഖ്യയിലാണെന്നാണ് ഉദ്ദേശിച്ചത്. സി.എസ്.ഐ. കമ്മ്യൂണിറ്റിയുടേത് ഇംഗ്ലണ്ടിലാണ്. അങ്ങനെ വിവിധ മേഖലയിലാണ് സ്ഥിതി ചെയ്യുന്നത്. ഇത് മനസ്സിലാക്കാതെ ഏതെങ്കിലും ഒരു നിയമം കൊണ്ടുവന്നതുകൊണ്ടുള്ള ബുദ്ധിമുട്ടാണ് ഇവിടെയുണ്ടായിട്ടുള്ളത്. ഇന്ത്യാ രാജ്യത്തെ പ്രത്യേകതയെന്താണ്? ഋഷീശ്വരൻമാരുടെ രാജ്യമാണിതെന്ന് ശ്രീ. എൻ. ഷംസുദ്ദീന് അറിയാമല്ലോ. "ലോകാ സമസ്താ സുഖിനോ ഭവന്തു" എന്നുപറഞ്ഞത് സ്വാമി വിവേകാനന്ദനാണ്. ലോകം മുഴുവൻ സുഖം സംഭവിക്കട്ടെ എന്നാണ് ഇതിന്റെ അർത്ഥം. "നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കാൻ" പറഞ്ഞ യേശുക്രിസ്തുവും "നീ ഭക്ഷണം കഴിക്കുന്നതിനുമുമ്പ് നിന്റെ ഇടത്തും വലത്തും മുമ്പിലും പുറകിലുമുള്ള നാല്പത് കുടുംബങ്ങളിലെ ആരെങ്കിലും പട്ടിണി കിടക്കുന്നുണ്ടെങ്കിൽ നിനക്ക് ഭക്ഷണം കഴിക്കാൻ അവകാശമില്ലെന്ന് പറഞ്ഞ നബി തിരുമേനിയും "സല്ലല്ലാഹു അലാ മുഹമ്മദ് സല്ലല്ലാഹു അലൈഹി വസല്ലം" തുടങ്ങിയ പ്രബോധനങ്ങളൊന്നും പഠിക്കാതെ ഇവിടെ വന്ന് വാചകമടിച്ചിട്ട് എന്തെങ്കിലും കാര്യമുണ്ടോ? ശ്രീ. എൻ. ഷംസുദ്ദീൻ ഇതൊക്കെ പഠിച്ചിട്ടുണ്ടെന്ന് നമുക്കറിയാം, അതുകൊണ്ട് തന്റേടമായി സംസാരിച്ചോളൂ.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ ശ്രീ. പി. സി ജോർജിന്റെ അത്രയുമില്ലെങ്കിലും കുറച്ചുകാര്യങ്ങൾ ചെറുപ്പത്തിൽ വേദപാഠ ക്ലാസിൽ പോയി പഠിച്ചിട്ടുണ്ട്. അവിടെ പഠിപ്പിച്ച ഒരു കാര്യം, മരിച്ചവരെ അടക്കുന്നത് മനോഗുണ പ്രവൃത്തികളിലും പുണ്യപ്രവൃത്തികളിലും ഒന്നാണ് എന്നാണ്. ശ്രീ. റോജി എം. ജോൺ ഇത് പഠിച്ചിട്ടുണ്ടാകും. ജനപ്രതിനിധികളായ നമ്മളൊക്കെ ക്രിസ്ത്യാനികളുടെയും മറ്റെല്ലാ സമുദായങ്ങളുടെയും ശവസംസ്കാര ചടങ്ങിലും മറ്റും പങ്കെടുക്കാറുണ്ട്. ശവസംസ്കാര ശുശ്രൂഷയുടെ അവസാനം പുരോഹിതൻ 'എല്ലാവർക്കും നന്മ വരട്ടെ' എന്നുകൂടി പ്രാർത്ഥിക്കാറുണ്ട്. മരിച്ചവരെ അടക്കുന്നത് (burial) മനോഗുണ പ്രവൃത്തിയും പുണ്യപ്രവൃത്തിയുമാണ്. അതിൽ പങ്കെടുക്കുന്നവർക്കും പുണ്യം കിട്ടുമെന്നുള്ള നിലയിലാണ് നമ്മളെല്ലാം പങ്കെടുക്കുന്നത്.

ശ്രീ. പി. സി. ജോർജ്: സർ, ഇസ്ലാമുകൾക്ക് മയ്യത്ത് നിസ്കാരമുണ്ടല്ലോ.

ശ്രീ. സണ്ണി ജോസഫ്: സർ, മയ്യത്ത് നിസ്കാരത്തിലും നമ്മൾ പങ്കെടുക്കാറുണ്ട്. ഒരു പുണ്യപ്രവൃത്തിയാണെന്ന നിലയിലാണ് അതിലും പങ്കെടുക്കുന്നത്. അത്തരത്തിലുള്ള ഒരു പുണ്യപ്രവൃത്തി തർക്കമായി വരുന്നത് വേദനാജനകമാണ്. അതിന് പരിഹാരമുണ്ടാക്കാൻ ഇത്തരത്തിലൊരു നിയമത്തെക്കാൾ ഫലപ്രദമാകുന്നത് ചർച്ച തന്നെയാണ്. അതിനായി ബഹുമാന്യനായ ഇ. പി. ജയരാജൻ ചെയർമാനായ മന്ത്രിസഭാ ഉപസമിതി മുന്നോട്ടുപോകുകയാണ്. വേണ്ടത്ര പഠനവും ഗൃഹപാഠവുമില്ലാതെ തട്ടിക്കൂട്ടിയുണ്ടാക്കിയ ഒറ്റമൂലിയായതുകൊണ്ട് ഈ നിയമത്തിൽ ധാരാളം അപാകതകളുണ്ട്. പല ഉപവിഭാഗങ്ങൾ ക്രിസ്ത്യൻ സമുദായത്തിലുണ്ട്. അതിൽ തർക്കങ്ങളിലൊന്നും കക്ഷിയല്ലാത്തവരെയും അനാവശ്യമായി ഇതിലേയ്ക്ക് വലിച്ചിഴച്ചിട്ടുണ്ട്. ഇതിലെ മൂന്നാം വകുപ്പിൽ പറയുന്നത് 'ഒരു ഇടവകയിൽ ഉൾപ്പെടുന്ന കുടുംബങ്ങളിലെ എല്ലാ അംഗങ്ങൾക്കും അവരുടെ പൂർവ്വികരെ അടക്കം ചെയ്തിട്ടുള്ള സെമിത്തേരിയിൽ അടക്കം ചെയ്യപ്പെടുന്നതിന് അവകാശം ഉണ്ടായിരിക്കുന്നതാണ്' എന്നാണ്. അപ്പോൾ ഒരു ഇടവകയിൽ അംഗമായിരിക്കണം. ഇടവകയിൽ അംഗമാണോ അല്ലയോ എന്ന് ആര് പറയും? എന്റെ ഇടവകയിൽ ഞാൻ അംഗമാണോ അല്ലയോ എന്ന് അച്ചൻ പറയണ്ടേ; അല്ലെങ്കിൽ ഒരു വ്യവസ്ഥ വേണ്ടേ? ഞാനൊരു ക്ലെയിമുമായി പോയാൽ ആര് സർട്ടിഫൈ ചെയ്യും? മറ്റൊരു കാര്യം, ചികിത്സ രോഗത്തെ കൂടുതൽ വഷളാക്കുകയാണ്. മൂന്നാം വകുപ്പ് രണ്ടാം ഉപവകുപ്പ് പ്രകാരം 'ഒരു ഇടവകയിലെ മരണപ്പെട്ട അംഗത്തിന്റെ ബന്ധുക്കൾക്ക് പള്ളിയിലോ സെമിത്തേരിയിലോ ഉള്ള ശവസംസ്കാര ശുശ്രൂഷകൾ ഉപേക്ഷിക്കുകയോ അവർ തെരഞ്ഞെടുത്ത ഒരു വൈദികനാൽ മറ്റേതെങ്കിലും സ്ഥലത്തുവച്ചുള്ള ശവസംസ്കാര ശുശ്രൂഷകൾക്കുവേണ്ടി

തീരുമാനിക്കുകയോ ചെയ്യാവുന്നതാണ്. അപ്പോൾ ഈ നിയമത്തിന്റെ ആവശ്യമുണ്ടോ? ശ്രീ. മാത്യു ടി. തോമസ് ഇതുമായി ബന്ധപ്പെട്ട് പ്രതികരിക്കണം. ഒരു ഇടവകയിലുള്ള ഒരാൾക്ക് ആ ഇടവകയിലല്ലാതെ വേറെ എവിടെയെങ്കിലും പോയി അടക്കുന്നതിന് ഒരു നിയമത്തിന്റെ പ്രാബല്യവും സംരക്ഷണവും വേണം. ഇങ്ങനെ 3 (2) എന്ന ക്ലോസ് എഴുതിച്ചേർത്തതുതന്നെ യാതൊരു പഠനവും പ്രായോഗികതലത്തിലുള്ള ആലോചനയുമില്ലാതെയാണ്. അതുകൊണ്ട് ഈ നിയമം അപൂർണ്ണവും അവ്യക്തവുമാണ്. അനാവശ്യവും വ്യക്തതയില്ലാത്തതുമായ വകുപ്പുകളും നിർവ്വചനങ്ങളുമാണ് ഇതിൽ ഉൾക്കൊള്ളുന്നതെന്നതിൽ അങ്ങ് യോജിക്കുന്നുണ്ടോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഇവിടെ രണ്ട് മതവിഭാഗങ്ങൾ തമ്മിലുള്ള തർക്കപ്രശ്നം വളരെക്കാലമായി തുടർന്നുകൊണ്ടിരിക്കുന്നതാണ്. ഈ പ്രശ്നം കൈകാര്യം ചെയ്യാൻ പലരും ശ്രമിച്ചു. പക്ഷേ തർക്കം പരിഹരിക്കാൻ സാധിക്കുന്നില്ല. അതിനുവേണ്ടി നിയോഗിച്ച മന്ത്രിസഭാ ഉപസമിതി ഈ രണ്ട് വിഭാഗങ്ങളെയും യോജിപ്പിക്കാൻ കഴിയുന്ന മദ്ധ്യസ്ഥരും പ്രമുഖ വ്യക്തികളും അതിന്റെ സംഘടനകളുമൊക്കെയായി നിരവധി തവണ ചർച്ച ചെയ്തിട്ടും പരിഹരിക്കാൻ കഴിയാതെ നിലനിൽക്കുകയാണ്. എല്ലാ സഭകളിലും ഈ തർക്കമില്ല. ഇത് എല്ലായിടത്തുമുണ്ടെന്നുള്ള തരത്തിൽ വ്യാഖ്യാനിക്കേണ്ടതില്ല. ശവവുമായി കാത്തുനിൽക്കേണ്ടിവരുന്നത് കേരളീയർക്ക് അപമാനമാണ്. എല്ലാ പ്രശ്നങ്ങളും അവധാനതയോടുകൂടിയും വസ്തുനിഷ്ഠമായും വിലയിരുത്തി ഓരോ മതവിഭാഗത്തിന്റെയും ആചാരങ്ങളും അനുഷ്ഠാനങ്ങളും മനസ്സിലാക്കി പരിഹാരം കാണുന്നതിനുവേണ്ടിയുള്ള നല്ല ശ്രമത്തിന്റെ ഭാഗമാണ് ഈ ബിൽ. ഇതിൽ പോരായ്മകളുണ്ടെങ്കിൽ പരിശോധിക്കാം.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): അങ്ങയുടെ നേതൃത്വത്തിലാണ് മന്ത്രിസഭാ ഉപസമിതി നിയോഗിക്കപ്പെട്ടത്. അങ്ങ് കുറേ ചർച്ചകൾ നടത്തുകയും ചെയ്തു. ഈ ബില്ലിനെ പൊതുവിൽ എല്ലാവരും സ്വാഗതം ചെയ്യുന്നുണ്ട്. കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി മുഖ്യമന്ത്രിക്ക് നൽകിയ കത്തിന്റെ കോപ്പി നമുക്കെല്ലാവർക്കും അയച്ചുതന്നിട്ടുണ്ട്. വിശ്വാസവുമായി ബന്ധപ്പെട്ട പല പ്രശ്നങ്ങളാണ് അതിലുള്ളത്. അതുപോലെ ഓർത്തഡോക്സ് സഭയ്ക്ക് ഇതിൽ ശക്തമായ എതിർപ്പുണ്ട്. പാത്രിയാർക്കീസ് വിഭാഗത്തിന് അവരുടേതായ അഭിപ്രായമുണ്ട്. അതുകൊണ്ട് ഇത്തരത്തിലൊരു നിയമം പാസ്സാക്കുന്നതിന് മുമ്പ് അതുമായി ബന്ധപ്പെട്ട എല്ലാവരുമായി ചർച്ച ചെയ്യണമായിരുന്നു. അത് ചെയ്യാത്തതാണ് ഇവിടത്തെ പ്രശ്നം. അല്ലാതെ ഈ ബില്ലിനെ ആരും എതിർക്കുന്നില്ല. പക്ഷേ ഇതുമായി ബന്ധപ്പെട്ട പല പുതിയ പ്രശ്നങ്ങളും

ഉയർന്നുവരികയാണ്. സീറോ മലബാർ സഭയുടെ പ്രശ്നം ഇവിടെ ശ്രീ. പി. സി. ജോർജ് ഉൾപ്പെടെയുള്ളവർ ചൂണ്ടിക്കാണിച്ചു. പുതിയ പ്രശ്നമാണ്. ഒരു പ്രശ്നം പരിഹരിക്കുന്നതിന് ഒരുപാട് പ്രശ്നങ്ങളുണ്ടാക്കുന്നുവെന്ന പരാതിയുണ്ടായാൽ അതിനെ അഡ്രസ്സ് ചെയ്യണ്ടേ?

ശ്രീ. ഇ. പി. ജയരാജൻ: സർ, പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ രണ്ട് സഭകൾ തമ്മിലുള്ള പ്രശ്നം ലളിതമായി പരിഹരിക്കാനുള്ള വഴികളാണ് കാണേണ്ടത്. എല്ലാ സഭകളുമായും ചർച്ച ചെയ്തതുകൊണ്ട് ഇത് പരിഹരിക്കാൻ കഴിയില്ല. ഇത് വളരെ സങ്കീർണ്ണമായ വിഷയമാണ്, ക്രമസമാധാന പ്രശ്നമാണ്. പള്ളികളിൽ ആളുകൾ പോലീസുമായി ഏറ്റുമുട്ടുകയും രക്തച്ചൊരിച്ചിലിനിടയാക്കുകയുമാണ് ചെയ്യുന്നത്. ഇതിനുമുമ്പിൽ ഗവൺമെന്റ് നോക്കിനിൽക്കണോ? തർക്കമുള്ള രണ്ട് സഭകളിലെയും ബന്ധപ്പെട്ടവരെ വിളിച്ച് ചർച്ച ചെയ്ത് എല്ലാ വശങ്ങളും നിരീക്ഷിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഇത്തരമൊരു നിലപാട് സ്വീകരിച്ചത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങനെയാണെങ്കിൽ ആ വിഭാഗങ്ങൾക്കുവേണ്ടി മാത്രമായി ഇത് പരിമിതപ്പെടുത്താൻ കഴിയുമോയെന്ന് നിയമവിദഗ്ദ്ധരുമായി ആലോചിക്കണം. ഇപ്പോൾ മറ്റുവിഭാഗങ്ങളിലും പ്രശ്നമുണ്ടായിരിക്കുകയാണ്. ഞങ്ങൾ ഈ നിയമത്തിന് എതിരാണെന്നൊക്കെയുള്ള ഫേസ് ബുക്ക് പോസ്റ്റുകൾ വരുന്നുണ്ട്. ഞങ്ങളാരും ഇതിന് എതിരല്ല.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, ഈ ബില്ലിലെ പ്രസക്തമായ കാര്യമെന്നുപറയുന്നത് ശവശരീരം വച്ച് വിലപേശി നാടിനാകെ അപമാനമുണ്ടാക്കുന്ന സ്ഥിതിയുണ്ടാകരുത് എന്നുള്ളതാണ്. ഇവിടെ ശ്രീ. പി. സി. ജോർജ് ചൂണ്ടിക്കാണിച്ചതുപോലെ വലിയ സഭ എന്നുപറയുന്നത് കത്തോലിക്ക സഭയാണ്. കത്തോലിക്ക സഭയിൽ ഇങ്ങനെയൊരു പ്രശ്നമില്ല. പിന്നെ എന്തിനാണ് അവിടെയും തർക്കമുണ്ടാകുമെന്ന് പറയുന്നത്? കത്തോലിക്ക സഭയിൽ അങ്ങനെയൊരു പ്രശ്നമേ ഉദിക്കുന്നില്ല. ഭാവിയിൽ എന്തെങ്കിലും പ്രശ്നമുണ്ടായാൽത്തന്നെ ശവശരീരവുമായി ബന്ധപ്പെട്ട പരിമിതമായ നിയമമാണിത്. സഭകളുടെ അവകാശത്തിലൊന്നും ഇടപെടാനുള്ള അധികാരം ഈ നിയമത്തിന്റെ പരിധിയിൽ വരുന്നില്ല. ഒരു വിഭാഗത്തിലെ രണ്ടുകൂട്ടരുടെ തർക്കപ്രശ്നങ്ങളിലൊന്നും ഈ നിയമം ഇടപെടുന്നില്ല. അതുകൊണ്ട് ആശങ്കയ്ക്ക് യാതൊരു അടിസ്ഥാനവുമില്ലെന്നാണ് പറയാനുള്ളത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, നിയമസഭയിൽ നിയമം പാസ്സാക്കുന്നത് ഇന്നത്തേയ്ക്കുവേണ്ടി മാത്രമല്ല, എന്നത്തേയ്ക്കും വേണ്ടിയുള്ളതാണ്. പിന്നീട് വേണമെങ്കിൽ ഭേദഗതി വരുത്താം, അത് വേറെ കാര്യം. പക്ഷേ, കർദിനാൾ പറഞ്ഞിരിക്കുന്നത് അവരുടെ വിശ്വാസ പ്രമാണങ്ങൾക്കെതിരാണ് ഈ നിയമമെന്നാണ്. ഞങ്ങൾ ഈ ബില്ലിനെ അനുകൂലിക്കുകയാണ്, സംശയം വേണ്ട. പക്ഷേ, ഓർത്തഡോക്സ് വിഭാഗവുമായി ഇതുസംബന്ധിച്ച് ചർച്ച ചെയ്യണമായിരുന്നുവെന്നാണ് എന്റെ അഭിപ്രായം. പാത്രിയാർക്കീസ് വിഭാഗക്കാർക്കും ഇക്കാര്യത്തിൽ ആശങ്കയുണ്ട്. അവരിപ്പോൾ നിവേദനവുമായി വരികയാണ്. ഇന്നലെയും ഇന്നുമായി ഓർത്തഡോക്സ് വിഭാഗത്തിലെ പ്രധാനപ്പെട്ട ആളുകളൊക്കെ ഞങ്ങളുടെയടുത്ത് വന്ന് നിവേദനം തന്നു. എന്റെ കയ്യിലിരിക്കുന്നത് ഒരു നിവേദനമാണ്. പാത്രിയാർക്കീസ് വിഭാഗക്കാരും വരുന്നുണ്ട്. അവരും ചർച്ച ചെയ്യണമെന്ന് പറയുന്നുണ്ട്. ഇത്തരമൊരു ബിൽ പാസ്സാക്കുന്നതിന്റെ ഉദ്ദേശശുദ്ധിയെ ആരും ചോദ്യം ചെയ്യുന്നില്ല. ഈ നിയമം വായിച്ചുനോക്കിയാൽ സീറോ മലബാർ സഭയുടെ ശക്തമായ എതിർപ്പാണ് വരാൻ പോകുന്നതെന്ന് മനസ്സിലാക്കാൻ കഴിയും. അതുകൊണ്ട് തർക്കമുള്ള വിഭാഗത്തിനുമാത്രമായി ഇത് പരിമിതപ്പെടുത്താൻ കഴിയുമോയെന്ന് ആലോചിക്കണം.

ശ്രീ. മോൻസ് ജോസഫ്: സർ, ബഹുമാനപ്പെട്ട മന്ത്രി ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ പറഞ്ഞതുപോലെയായിരുന്നെങ്കിൽ ഇത്തരത്തിലൊരു ചർച്ച ഇവിടെ ഉണ്ടാകുമായിരുന്നില്ല. കേരള ക്രിസ്ത്യൻ സെമിത്തേരികൾ എന്ന നിലയിൽ ക്രൈസ്തവസഭയുമായി ബന്ധപ്പെട്ട മുഴുവൻ സെമിത്തേരികളെയും ഉൾപ്പെടുത്തിക്കൊണ്ടാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. 'ശവം' എന്ന വാക്ക് ഉപയോഗിക്കാതെ 'മൃതശരീരം' എന്നുപറഞ്ഞിരുന്നെങ്കിൽ കുറച്ചുകൂടി സഭ്യമാകുമായിരുന്നു. മൃതശരീരം അടക്കാൻ കഴിയാത്ത സാഹചര്യം ഒരിക്കലും ഉണ്ടാകാൻ പാടില്ലാത്തതാണെന്ന കാര്യത്തിൽ എല്ലാവരും യോജിക്കുന്നുണ്ട്. അത് വേദനാജനകമാണ്, പരിഹരിക്കപ്പെടേണ്ടതാണ്. യാക്കോബായ-ഓർത്തഡോക്സ് സഭകൾ തമ്മിൽ കാലങ്ങളായി നിലനിൽക്കുന്ന തർക്കം പരിഹരിക്കപ്പെടണമെന്ന കാര്യത്തിൽ സംശയമില്ല. ക്രൈസ്തവ സഭകളുടെ വ്യവസ്ഥാപിതമായ ആചാരനുഷ്ഠാനങ്ങളെയും അധികാരങ്ങളെയും ചോദ്യം ചെയ്യുന്നതും അട്ടിമറിക്കുന്നതും ഈ നിയമത്തിന്റെ ഭാഗമായി ഭാവിയിൽ സെമിത്തേരിയിൽ മൃതദേഹം അടക്കം ചെയ്യുന്നത് ഇടവകയോ വികാരിയോ പള്ളിയോ സഭയോ അല്ലാതെ കളക്ടറോ ആർ.ഡി.ഒ.-യോ ആയിരിക്കാമെന്നുള്ളതും ആശങ്കയുളവാക്കുന്നതാണ്. അത് ഗൗരവമായി കാണാൻ തയ്യാറാകണമെന്നതാണ് പ്രതിപക്ഷനേതാവും മറ്റംഗങ്ങളും ചൂണ്ടിക്കാണിച്ചത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, തെറ്റിദ്ധാരണയുടെ അടിസ്ഥാനത്തിലാണ് ഈ ചർച്ച നടക്കുന്നത്. ഇവിടെ ഉന്നയിച്ച ആശങ്കകൾ ഇന്ന് ചേരുന്ന സബ്ജക്ട് കമ്മിറ്റി പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കും. സഭാതർക്കവുമായി ബന്ധപ്പെട്ട കാര്യം നേരത്തെതന്നെ സെറ്റിൽ ചെയ്തിട്ടുണ്ട്. സ്വത്തുതർക്കവും മറ്റും 7950/2017 നമ്പർ കേസിന്മേലുള്ള സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ 1934-ലെ ഓർത്തഡോക്സ് സഭാ ഭരണഘടന as such സാധുവാക്കി. മലങ്കര ഓർത്തഡോക്സ് സഭയുടെ പുരോഹിതന്മാരെയും മെത്രാന്മാരെയും വാഴിക്കലും പള്ളിയുടെ സ്വത്തും ഭരണനിർവ്വഹണവുമെല്ലാം മലങ്കര മെത്രാപൊലീത്തയ്ക്കാണെന്നും ഒരു സമാന്തരഭരണം പാടില്ലെന്നും കോടതിവിധിയിൽ പറഞ്ഞിട്ടുണ്ട്. കൂടാതെ, ഇടവക അംഗം മരണപ്പെട്ടാൽ മൃതശരീരം അടക്കം ചെയ്യാനുള്ള അവകാശത്തെ സംബന്ധിച്ചും പറഞ്ഞിട്ടുണ്ട്. അതിനുശേഷം K.S. Varghese & Ors. Vs. St. Peter's & St. Pauls Syrian Orthodox Church & Ors. അതുമായി ബന്ധപ്പെട്ട് 2019-ൽ St. Mary's Orthodox Syrian Church & Ors. Vs. The State of Kerala എന്ന കേസിൽ 13-3-2019-ൽ ഹൈക്കോടതി വിധി പുറപ്പെടുവിച്ചു. ആ വിധിയിൽ ശവസംസ്കാരവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ വ്യക്തത വരുത്തിയിട്ടുണ്ട്. പക്ഷേ ഇത് പ്രാവർത്തികമാക്കണമെങ്കിൽ ഒരു കോൺക്രീറ്റ് നിയമം വേണം. അതിനാണ് ഓർഡിനൻസ് കൊണ്ടുവന്നത്. ആ ഓർഡിനൻസിന് പൊതുവിൽ നല്ല സ്വീകാര്യതയാണുണ്ടായത്. ഇവിടെ ഉന്നയിച്ച ആശങ്കകൾ പരിഹരിക്കുന്ന കാര്യം സബ്ജക്ട് കമ്മിറ്റി മീറ്റിംഗിൽ ആലോചിക്കാം.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് പറഞ്ഞ വിഷയങ്ങളൊന്നും ഇവിടെയാരും ഉന്നയിച്ചിട്ടില്ല. രണ്ട് ഡിനോമിനേഷൻസ് തമ്മിലുള്ള തർക്കം തീരുന്നതിൽ എല്ലാവർക്കും സന്തോഷമേയുള്ളൂ. ഒരു മൃതദേഹവും അപമാനിക്കപ്പെടാതെ സംസ്കരിക്കണമെന്നാണ് എല്ലാവരും ആഗ്രഹിക്കുന്നത്. അത് സഭയുടെ പൊതുവികാരമാണ്. ഇപ്പോൾ ഈ നിയമനിർമ്മാണം നടത്തുന്നത് എന്തിനാണ്? This is to settle a dispute between two denominations. പക്ഷെ "Christian" എന്നുള്ളതിന്റെ ഡെഫനിഷൻ അങ്ങ് വായിച്ചുനോക്കണം. "Christian" means and includes any person who believes in the Bible and accept Jesus Christ as the only begotten Son of God and has been baptized; എന്നാണ് പറയുന്നത്. അപ്പോൾ This definition is encompassing to all the denominations of the Christian community എന്നാണ്. അപ്പോൾ ഒരു വിഭാഗത്തിന് ഉത്കണ്ഠയുണ്ട്. കാരണം, അവരുടെ ശവസംസ്കാര ശുശ്രൂഷകളെല്ലാം

വ്യത്യസ്തമാണ്. ശ്രീ. സണ്ണി ജോസഫ് ചോദിച്ചതുപോലെ മൂന്നാമത്തെ ക്ലോസിൽ നിങ്ങൾ പറയുന്നത്, 'All members of the families belonging to a parish shall have the right to be buried in the cemetery where their ancestors were buried.' എന്നാണ്. അപ്പോൾ അത് അവരുടെ പാരിഷാണ്. ഇവിടെ ഡിസ്പ്യൂട്ട് എന്താണ്? പാരിഷിലെ മെമ്പറാണോയെന്ന് തീരുമാനിക്കുന്നത് പ്രീസ്റ്റാണ്. മൃതദേഹം അടക്കം ചെയ്യാനായി പള്ളിയിൽ കൊണ്ടുവരുമ്പോൾ ഇത് ഈ ഇടവകയിൽപ്പെട്ട ആളുടേതല്ല എന്ന് പ്രീസ്റ്റ് പറഞ്ഞാൽ അത് അവിടെ അടക്കം ചെയ്യാൻ കഴിയില്ല. അതുകൊണ്ടാണ് ഈ നിയമം അതിന്റെ പർപ്പസ് പോലും സെർവ് ചെയ്യാൻ പറ്റാത്ത രീതിയിലാണ് കൊണ്ടുവരുന്നതെന്ന് ഞങ്ങൾ പറഞ്ഞത്. അതല്ലാതെ നിയമത്തിന്റെ പർപ്പസിനെക്കുറിച്ചോ ഇന്റൻഷനെക്കുറിച്ചോ ഞങ്ങൾക്ക് ആക്ഷേപമില്ല. ഒരു നിയമം ഉണ്ടാക്കുമ്പോൾ വളരെ ശ്രദ്ധാപൂർവ്വം സാമൂഹ്യ സാഹചര്യങ്ങൾ കൃത്യമായി മനസ്സിലാക്കി എന്താണോ നമ്മൾ ഉദ്ദേശിക്കുന്നത് അത് നടപ്പാക്കാൻ കഴിയണം. ഞങ്ങളിതിനെ എതിർക്കുകയല്ല. ഈ നിയമം ഭംഗിയായി നടപ്പാക്കാൻവേണ്ടി ഞങ്ങൾ നിങ്ങളെ സഹായിക്കുകയാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഈ നിയമത്തിൽ പൂർവ്വികരെ അടക്കിയ പള്ളിയെന്ന് പറയുന്നുണ്ട്. അങ്ങനെയുള്ള പള്ളിയിലേ അടക്കുകയുള്ളൂ. അപ്പോൾ അങ്ങ് പറയുന്ന പ്രശ്നം മാറില്ലേ?.

മി. സ്പീക്കർ: പൂർവ്വികരാണോയെന്ന് തീരുമാനിക്കുന്നത് പ്രീസ്റ്റാണ്.

ശ്രീ. വി. ഡി. സതീശൻ: രണ്ട് കമ്പോണന്റ്സ് ഒരുമിച്ച് കൂടിയാലേ മൂന്നാമത്തെ ക്ലോസ് ശരിയാകൂ. ഒന്ന്, ഈ പാരിഷിലെ മെമ്പറാകണം. രണ്ട്, പൂർവ്വികരെ ഇവിടെ അടക്കം ചെയ്യണം. ഇത് രണ്ടുംകൂടി ഒരുമിച്ചാൽ മാത്രമേ മൂന്നാമത്തെ ക്ലോസ് ശരിയാവുകയുള്ളൂ. അതല്ലെങ്കിൽ അയാൾ ആ പാരിഷിലെ മെമ്പറല്ലെന്നുകൂടി പ്രൂവ് ചെയ്യണം. നിയമപരമായ തർക്കങ്ങൾക്കും വിതർക്കങ്ങൾക്കും വിടാതെ ഗവൺമെന്റ് എന്താണോ ഉദ്ദേശിക്കുന്നത് ആ പർപ്പസ് സെർവ് ചെയ്യുന്ന രീതിയിൽ ഇത് റീഡ്രാഫ്റ്റ് ചെയ്യണം. അങ്ങ് സൂചിപ്പിച്ചതുപോലെ സബ്ജക്ട് കമ്മിറ്റിയിലോ അതിനുശേഷം ഇവിടെ അമെന്റ്മെന്റ് വരുമ്പോൾ ഒഫീഷ്യൽ അമെന്റ്മെന്റ് ആയിട്ടോ അത് ചെയ്യാം. ഈ രീതിയിൽ നിയമം പാസ്സാക്കിയാൽ ഒരു Pandora's box തുറക്കുന്നതുപോലെയായിരിക്കും. 3(2)-ൽ, ' The relatives of the deceased member of a parish may forego funeral services in church or its cemetery or opt for funeral services at any other premises by a priest of their choice' എന്നാണ്. ഇതെല്ലാം ആശങ്കയുളവാക്കുന്നതാണ്. നിയമം ഒരിക്കലും അങ്ങനെയാകരുത്.

ശ്രീ. എസ്. ശർമ്മ: സർ, ഓർഡിനൻസ് പുറപ്പെടുവിക്കാനിടയായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റിൽത്തന്നെ വ്യക്തമായി കാര്യങ്ങൾ പറയുന്നുണ്ട്. സംസ്ഥാനത്ത് ക്രിസ്ത്യൻ സമുദായങ്ങൾക്കിടയിൽ, പ്രത്യേകിച്ച് യാക്കോബായ-ഓർത്തഡോക്സ് വിഭാഗങ്ങളുടെ ചില സെമിത്തേരികളിൽ മാന്യമായും യഥാസമയത്തുമുള്ള ശവസംസ്കാരം നടത്തുന്നതിന് തടസ്സം നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ഇക്കാരണത്താൽ മോർച്ചറികളിൽ മൃതദേഹം അനിശ്ചിതമായി സൂക്ഷിക്കാൻ കുടുംബാംഗങ്ങൾ നിർബന്ധിതരാകുകയും ആയത് ശവസംസ്കാര ശുശ്രൂഷകളെ ബാധിക്കുന്നുവെന്നുമാണ് ഓർഡിനൻസിൽ വിശദീകരിക്കുന്നത്. 'യാക്കോബായ-ഓർത്തഡോക്സ് വിഭാഗങ്ങൾക്കിടയിൽ' എന്ന് സ്പെസിഫിക്കായി പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഗവൺമെന്റ് എന്താണ് ഉദ്ദേശിക്കുന്നതെന്നത് വ്യക്തമാണ്. ഇതര ക്രിസ്ത്യൻ വിഭാഗത്തിന് ഇത് ബാധകമല്ലെന്ന് അർത്ഥമാക്കുന്നുണ്ട്. എന്നാൽ ഇതര ക്രിസ്ത്യൻ വിഭാഗങ്ങൾക്കിടയിൽ ഉയർന്നുവന്നിരിക്കുന്ന ഉത്കണ്ഠയും പരസ്യപ്രതികരണവുമുണ്ട്. അതൊക്കെ സൗഹാർദ്ദപരമായി പരിഹരിക്കുന്നതിന് മുൻകയ്യെടുക്കണമെന്ന കാര്യത്തിൽ ആർക്കും എതിർപ്പില്ല. അതേസമയം ഇതര ക്രിസ്ത്യൻ വിഭാഗങ്ങൾക്ക് ഇത് ബാധകമല്ലെന്ന കാര്യം നിയമപരമായി ഉറപ്പുവരുത്തുകയും ചെയ്യണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ ഉന്നയിച്ചിട്ടുള്ള ആശങ്കകളെല്ലാം സബ്ജക്ട് കമ്മിറ്റിയിൽ പരിശോധിച്ച് ആവശ്യമായ തീരുമാനമെടുക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുണ്ട്. ശ്രീ. എൻ. ഷംസുദ്ദീന് പ്രസംഗം തുടരാം.

ശ്രീ. എൽദോ എബ്രഹാം: സർ, ഈ ബിൽ യഥാർത്ഥത്തിൽ ചരിത്രപരമായ ഒരു ചുവടുവയ്പായാണ് ഞാൻ കാണുന്നത്. ക്രൈസ്തവ സഭകൾക്കിടയിൽ ഭിന്നിപ്പുണ്ടാക്കാൻവേണ്ടി കൊണ്ടുവന്നതല്ല. നിങ്ങൾ ചരിത്രം പഠിച്ചോയെന്ന് എനിക്കറിയില്ല. രണ്ട് സഭകൾ തമ്മിലുള്ള തർക്കങ്ങൾ നൂറ്റാണ്ടുകളായി നിലനിൽക്കുകയാണ്. ശ്രീമതി യു. പ്രതിഭ എം.എൽ.എ.-യുടെ നിയോജകമണ്ഡലത്തിലെ കട്ടച്ചിറ പള്ളിയിലാണ് ഒരു വൃദ്ധമാതാവിന്റെ മൃതദേഹം അടക്കാനാകാതെ 33 ദിവസം വീട്ടിൽ സൂക്ഷിക്കേണ്ടിവന്നത്. കോതമംഗലം, വരിക്കോലി, മുടവൂർ, കോലഞ്ചേരി, ചാത്തമറ്റം, ചേലക്കര, നെച്ചൂർ, പിറവം, ഓടക്കാലി, പെരുമ്പാവൂർ, ശാലേം, പോത്താനിക്കാട് തുടങ്ങി നൂറിലധികം പള്ളികളിൽ രണ്ട് സഭകൾ തമ്മിൽ വളരെ സങ്കീർണ്ണമായതും ഗൗരവപൂർണ്ണവുമായ പ്രശ്നം നിലനിൽക്കുകയാണ്. സർക്കാരിനെത്തന്നെ പ്രതിരോധത്തിലാക്കുന്ന സംഘർഷങ്ങൾ അവിടെ ഉടലെടുക്കുകയുണ്ടായി. ശവസംസ്കാരവും ആരാധനാ സ്വാതന്ത്ര്യവും മനുഷ്യരുടെ അവകാശത്തിൽപ്പെട്ടതാണ്. ശവസംസ്കാരം നടത്തുന്നതുമായി ബന്ധപ്പെട്ട് പലയിടത്തും പ്രശ്നങ്ങളാണ്. മൂവാറ്റുപുഴയിൽ ഞാറക്കാട് പള്ളിയിൽ ഒന്നരമാസം മുമ്പാണ് ശവസംസ്കാരം നടത്താൻ സാധിക്കാതെ മറ്റൊരു പറമ്പിലേയ്ക്ക് കൊണ്ടുപോകേണ്ട സാഹചര്യമുണ്ടായത്.

മി. സ്പീക്കർ: അങ്ങ് പ്രസംഗത്തിൽ ഇടപെട്ടതാണ്.

ശ്രീ. എൽദോ എബ്രഹാം: സർ, ഗവൺമെന്റ് കൊണ്ടുവന്ന ബിൽ കത്തോലിക്ക സഭയ്ക്കെതിരല്ല. ശവസംസ്കാരം എന്നുപറയുന്നത് മരണപ്പെട്ട വിശ്വാസിയുടെ അവകാശമാണ്. ആ അവകാശം നിഷേധിക്കപ്പെടാൻ പാടില്ലെന്നുള്ളതുകൊണ്ട് ഗവൺമെന്റ് കൊണ്ടുവന്ന ബില്ലാണിത്. അതിനെ സ്വാഗതം ചെയ്യുകയാണ് വേണ്ടത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇതുമായി ബന്ധപ്പെട്ട് അഭിപ്രായം പറയാൻ എഴുന്നേറ്റവർക്കെല്ലാം ഞാൻ വഴങ്ങിയിട്ടുണ്ട്. ഞാൻ പറഞ്ഞുവന്ന കാര്യങ്ങളുടെ വിശദാംശങ്ങളാണ് പ്രസംഗത്തിൽ ഇടപെട്ടവരെല്ലാം സൂചിപ്പിച്ചത്. ശ്രീ. പി. സി. ജോർജ് ചൂണ്ടിക്കാണിച്ചത് നമ്മുടെ രാജ്യത്തിന്റെ സാംസ്കാരിക വൈവിദ്ധ്യമാണ്. ഈ സാംസ്കാരിക വൈവിദ്ധ്യങ്ങളെ അംഗീകരിക്കേണ്ടതല്ലേയെന്നാണ് അദ്ദേഹം ചോദിച്ചത്. സാംസ്കാരിക വൈവിദ്ധ്യത്തെ അംഗീകരിക്കാത്തവരാണ് പ്രശ്നമുണ്ടാക്കുന്നത്. പൗരത്വ ബില്ലുമായി ബന്ധപ്പെട്ട വിഷയങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. അതുപോലെതന്നെ കഴിഞ്ഞ കുറച്ച് വർഷങ്ങളായി ഇന്ത്യയിൽ നടന്നുകൊണ്ടിരിക്കുന്നത് ബഹുസ്വരതയ്ക്കെതിരായ കടന്നുകയറ്റമാണ്. ബഹുസ്വരത നിലനിർത്തുകയാണ് വേണ്ടത്. അതിനുവേണ്ടിയുള്ള പോരാട്ടങ്ങളാണ് നമ്മുടെ ഭാഗത്തുനിന്നുണ്ടാകേണ്ടതെന്ന് സാന്ദർഭികമായി സൂചിപ്പിക്കുകയാണ്. എല്ലാവരും അഭിപ്രായപ്പെട്ടതുപോലെ ഗവൺമെന്റ് അനുരഞ്ജനത്തിന് ശ്രമിക്കണമായിരുന്നു. ഓർത്തഡോക്സ്-യാക്കോബായ തർക്കം മധ്യകേരളത്തിലെ ചില പള്ളികളെ മാത്രം ബാധിക്കുന്നതാണ്. ഇവിടെ പലരും ചൂണ്ടിക്കാണിച്ചതുപോലെ ഇത് കേരളത്തിലെ മുഴുവൻ ക്രിസ്ത്യാനികൾക്കും ബാധകമാകുന്ന ഒരു നിയമമായി മാറി. തർക്കങ്ങൾ ഈ രണ്ട് സഭകളിൽ മാത്രമല്ല വരുന്നത്. ബഹുമാനപ്പെട്ട മന്ത്രിമാർക്കുപോലും നിയമത്തിന്റെ വ്യാഖ്യാനത്തിൽ തെറ്റുപറ്റി. ഈ നിയമംകൊണ്ട് കേരളത്തിലെ ഏത് സഭകളുടെ പള്ളികളിലും അങ്ങോട്ടുമിങ്ങോട്ടും ഇത്തരത്തിലുള്ള അവകാശവാദങ്ങൾക്കുള്ള അവസ്ഥയുണ്ടാകുകയാണ്. അവരുടെ അവകാശത്തർക്കങ്ങളിൽ കോടതി തീരുമാനമെടുത്തിട്ടുണ്ട്. ഇത് മധ്യകേരളത്തിലെ പള്ളികളെ മാത്രം ബാധിക്കുന്ന പ്രശ്നമായതുകൊണ്ട് ഇരുവിഭാഗങ്ങളെ മാത്രം വിളിച്ച് മൃതശരീരം അടക്കം ചെയ്യുന്നതുൾപ്പെടെയുള്ള മാനുഷിക വിഷയങ്ങളിൽ ഗവൺമെന്റിന് പരിഹാരമുണ്ടാക്കാനാകുമായിരുന്നു. എന്നാൽ ഇങ്ങനെയൊരു നിയമമുണ്ടാകുമ്പോൾ അത് ഒരു വിഭാഗത്തിനുമേൽ അടിച്ചേൽപ്പിക്കപ്പെടുന്നതുപോലെ തോന്നിയേക്കാം. ഏതാനും പള്ളികളിലെ തർക്കത്തിന് കേരളത്തിലെ മുഴുവൻ ക്രിസ്ത്യാനികൾക്കും ബാധകമായേക്കാവുന്ന ഒരു നിയമമുണ്ടാക്കിയത് ശരിയായില്ലെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ശ്രീ. റോജി എം. ജോൺ: സർ, ഓർഡിനൻസിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പറഞ്ഞതിൽ ഓർത്തഡോക്സ്-യാക്കോബായ വിഭാഗങ്ങൾ തമ്മിലുള്ള വിഷയമെന്ന് പറയുന്നുണ്ട്. പക്ഷേ, ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളുടെ വിവരണം കൊടുത്തിരിക്കുന്നതിൽ ക്രിസ്ത്യൻ സമുദായങ്ങൾക്കിടയിലുള്ള തർക്കമെന്നാണ് പറഞ്ഞിരിക്കുന്നത്. പ്രത്യേകിച്ച് രണ്ട് വിഭാഗങ്ങളെക്കുറിച്ച് പറഞ്ഞിട്ടില്ല. അതുകൊണ്ടുതന്നെ ഞങ്ങളുടെ സംശയം കൂടുതൽ ബലപ്പെടുകയാണ്, ഇത് മുഴുവൻ ക്രിസ്തീയ വിഭാഗങ്ങൾ എന്ന നിലയ്ക്കുതന്നെ വരുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. സർക്കാരിന്റെ ഉദ്ദേശ്യത്തെ ഞങ്ങളാരും ചോദ്യം ചെയ്യുന്നില്ല. സർക്കാർ ഓർത്തഡോക്സ്-യാക്കോബായ വിഭാഗങ്ങൾ തമ്മിലുള്ള പ്രശ്നം പരിഹരിക്കുന്നതിനാണ് ഉദ്ദേശിച്ചിരിക്കുന്നത്. പക്ഷേ, ഇതിന്റെ നിർവ്വചനത്തിൽ ക്രിസ്ത്യൻ വിഭാഗങ്ങൾ എന്നുപറയുമ്പോൾ മുഴുവൻ ക്രിസ്ത്യൻ വിഭാഗത്തിലേയ്ക്കും ഇത് വരാം. കട്ടച്ചിറ പള്ളിയിൽ മൃതശരീരം അടക്കുന്നതുമായി ബന്ധപ്പെട്ട് തടസ്സമുണ്ടായതിനെത്തുടർന്ന് അവിടെ നടന്ന സമരത്തിൽ പങ്കെടുത്ത ആളുകളാണ് നമ്മൾ. ആ വിഷയം പരിഹരിക്കപ്പെടേണ്ടതുതന്നെയാണ്. അത് പരിഹരിക്കപ്പെടുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായി ഇങ്ങനെയൊരു ബിൽ കൊണ്ടുവരുമ്പോൾ അത് മറ്റ് വിഭാഗങ്ങളിൽ നമ്മൾ ഉദ്ദേശിക്കാത്ത തരത്തിലുള്ള പ്രശ്നങ്ങളുണ്ടാക്കും. ഒരു പ്രശ്നം പരിഹരിക്കപ്പെടുമ്പോൾ വേറൊരു പ്രശ്നമുണ്ടാകാനുള്ള സാധ്യതയുണ്ടെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇവിടെ ശ്രീ. റോജി എം. ജോൺ പറഞ്ഞ കാര്യങ്ങളാണ് നമ്മളെല്ലാവരും പറഞ്ഞുവന്നത്. അതായത്, ഓർത്തഡോക്സ്-യാക്കോബായ പ്രശ്നപരിഹാരത്തിനുവേണ്ടിയുള്ള നിയമം കേരളത്തിലെ മുഴുവൻ ക്രിസ്ത്യാനികൾക്കും സഭകൾക്കും ബാധകമാകുന്ന തരത്തിൽ വരികയാണ്. അത് സബ്ജക്ട് കമ്മിറ്റിയിൽ മാറ്റാമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. സബ്ജക്ട് കമ്മിറ്റിയിൽ വരുത്താവുന്ന മാറ്റത്തിന് പരിമിതികളുണ്ട്. ബേസിക് സ്ട്രക്ചറിൽ മാറ്റം വരുത്താൻ കഴിയില്ല, ഏതെങ്കിലും ക്ലോസിലേ മാറ്റം വരുത്താൻ കഴിയൂ. അതുകൊണ്ട് ഈ ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണം. മൃതശരീരം ഏത് മതവിഭാഗത്തിന്റേതാണെങ്കിലും അനാദരിക്കപ്പെടരുത്. ശ്രീ. വി. ഡി. സതീശൻ സൂചിപ്പിച്ചതുപോലെ ഈ പ്രശ്നപരിഹാരത്തിലൂടെ ധാരാളം പ്രശ്നങ്ങളുടെ പണ്ടാരപ്പെട്ടി തുറക്കുന്ന അവസ്ഥയിലേക്ക് പോകരുതെന്ന നിർബന്ധബുദ്ധി അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്ന എല്ലാവർക്കും വേണം. ഞാൻ ഇതിനെ രാഷ്ട്രീയമായി കാണുന്നില്ല. ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള അനുരഞ്ജന ശ്രമങ്ങൾ നടന്നിട്ടില്ല. ഈ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിട്ടാലേ ക്രിസ്തീയ സഭകൾക്കും പ്രധാന പുരോഹിതന്മാർക്കും പൊതുജനങ്ങൾക്കും ലീഗൽ ഫ്രെട്ടേണിറ്റിക്കും അഭിപ്രായം പറയാൻ സാധിക്കുകയുള്ളൂ. ഇതിൽ ധാരാളം

നിയമപരമായ പോരായ്മകളുണ്ട്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഡെഫനിഷൻ വരെ അപൂർണ്ണവും അപര്യാപ്തവുമാണ്. അതെല്ലാം പരിഹരിക്കുന്ന വിധത്തിലുള്ള കൃത്യമായ തുടർചർച്ചകൾ ഈ വിഷയത്തിൽ ആവശ്യമായതുകൊണ്ട് ഈ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണം. മറ്റൊരു കാര്യം, എല്ലാ ജനവിഭാഗങ്ങൾക്കിടയിലും ഒരു കൺസെപ്റ്റ് രൂപപ്പെടണം. ഗവൺമെന്റ് ഇടപെടണമെന്ന് ഞങ്ങൾ പറഞ്ഞു. ക്രിസ്തീയ സമൂഹത്തെ നമ്മളെല്ലാവരും ആദരവോടുകൂടിയാണ് കാണുന്നത്. നമ്മുടെ ബഹുസ്വരതയിൽ ക്രിസ്തീയ സമൂഹത്തിന്റെ സംഭാവനകൾ വളരെ വലുതാണ്. ഇന്ന് ബഹുസ്വരതയെ എതിർക്കുന്ന പശ്ചാത്തലം നമ്മുടെ രാജ്യത്ത് രൂപപ്പെട്ടുവരുമ്പോൾ ഇത്തരം ചെറിയ തർക്കങ്ങൾ വലിയ വിഷയമായി മാറാതിരിക്കാനുള്ള പരസ്പര ബഹുമാനം എല്ലാവരും കാണിക്കേണ്ടതാണ്. കാരണം ഇന്ന് നമ്മുടെ രാജ്യത്ത് അതിസങ്കീർണ്ണമായ മറ്റുചില പ്രശ്നങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ബഹുസ്വരതയ്ക്കെതിരായി രാജ്യത്തെ ഫാസിസ്റ്റുകൾ കരിനിയമങ്ങളും തുടർനടപടികളുമായി വരുമ്പോൾ ന്യൂനപക്ഷ ജനവിഭാഗങ്ങൾ അവരുടെ ശക്തികേന്ദ്രങ്ങളിൽ തമ്മിലടിക്കുന്നത് ശരിയല്ലെന്നുള്ള വികാരംകൂടി ഉയർന്നുവരേണ്ടതുണ്ട്. അതിനെക്കുറിച്ചൊക്കെ അവരിൽ ബോധം വളരേണ്ടതുണ്ടെന്നുകൂടി സാന്ദർഭികമായി സൂചിപ്പിക്കുകയാണ്.

ഇത്രയേറെ അംഗങ്ങൾ ഇടപെട്ട ഒരു നിയമനിർമ്മാണ ചർച്ചയുണ്ടാകില്ല. നിയമത്തിന്റെ അന്തഃസത്തയോട് യോജിക്കുകയാണ്. ഈ നിയമം ഉണ്ടാക്കിയേക്കാവുന്ന നിയമപരമായ പ്രത്യാഘാതങ്ങൾ വളരെ വലുതാണ്. അശ്രദ്ധമായാണ് ഈ നിയമം ഡ്രാഫ്റ്റ് ചെയ്തിട്ടുള്ളത്. അതുകൊണ്ട് ഇതൊരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ച് വിശദമായ ചർച്ചകൾക്കുശേഷം ഒരു പുതിയ നിയമം കൊണ്ടുവരുന്നതായിരിക്കും നല്ലതെന്ന അഭിപ്രായംകൂടി രേഖപ്പെടുത്തിക്കൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

4.00 P.M.]

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: സർ, 2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 29-2-2020 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

തർക്കവിഷയം പരിഹരിക്കുന്നതിന് സർക്കാരിന് യാതൊരു പ്രതിബദ്ധതയുമില്ലെന്നതിന്റെ ഉദാഹരണമാണ് ഈ ബിൽ. കാരണം, ഇത് പരിഹരിക്കാനായി രൂപീകരിച്ച മന്ത്രിസഭാ ഉപസമിതിയുടെ അദ്ധ്യക്ഷനായ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയും ബിൽ അവതരിപ്പിച്ച ബഹുമാന്യനായ പാർലമെന്ററികാര്യ വകുപ്പുമന്ത്രിയുമൊക്കെ പറയുന്നത് വ്യത്യസ്തമായ

ആശയങ്ങളാണ്. ഈ വിഷയം സങ്കീർണ്ണമാണെന്നും എത്രയോ വർഷമായി ഇത് പരിഹരിക്കാൻ ശ്രമിച്ചിട്ട് നടക്കുന്നില്ലെന്നും ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി പറയുമ്പോൾ ഇതിന് മറുപടി പറയുന്ന ബഹുമാന്യനായ പാർലമെന്ററികാര്യ വകുപ്പുമന്ത്രി പറയുന്നത് അതൊക്കെ ഈ സർക്കാർ വന്നതിനുശേഷം പരിഹരിച്ചുവെന്നാണ്. ക്രിസ്തീയ ചരിത്രമൊന്നുമറിയാത്ത ഒരാൾ സെക്രട്ടേറിയറ്റിലിരുന്ന് ഒരു ബിൽ എഴുതിയാൽ എങ്ങനെയിരിക്കുമെന്നതിന്റെ ഉദാഹരണമാണ് ഈ ബിൽ. ഏറ്റവുംകൂടുതൽ മരണവീടുകളിൽ പോകുന്നവരാണ് ജനപ്രതിനിധികൾ. പല ആളുകളും കളിയാക്കുന്നതുതന്നെ എം.എൽ.എ.-മാരുടെ പണി കല്യാണത്തിനും മരണത്തിനും പോകുന്നതാണ് എന്നാണ്. പക്ഷേ, നമ്മൾ മരണവീടുകളിൽ ചെല്ലുമ്പോൾ ജനങ്ങൾ നന്ദിയും സന്തോഷവും കാണിക്കുന്നത് അവരുടെ വിഷമങ്ങളിൽ ഇടപെടുന്നതുകൊണ്ടാണ്. എന്റെ മണ്ഡലത്തിൽത്തന്നെ മൃതദേഹം ശരിയായ രീതിയിൽ സംസ്കരിക്കാൻ കഴിയാത്ത, മരണാനന്തര ചടങ്ങുകൾ നടത്താൻ ബുദ്ധിമുട്ടുന്ന ആളുകളെ കാണാൻ കഴിഞ്ഞിട്ടുണ്ട്. അടുക്കള പൊളിച്ച് അവിടെ ശവസംസ്കാരം നടത്തിയ ചരിത്രവും നമ്മുടെ നാട്ടിലുണ്ട്. രാഷ്ട്രീയ ഭേദമെന്യേ ഏറ്റവും നല്ല രീതിയിൽ മരണാനന്തര ചടങ്ങുകൾ ചെയ്യണമെന്ന് ആഗ്രഹിക്കുന്ന പൊതുസമൂഹത്തിൽ ഓർത്തഡോക്സ് സഭയും യാക്കോബായ സഭയും തമ്മിലുള്ള തർക്കത്തിന്റെ ഭാഗമായി മരണാനന്തര ചടങ്ങുകൾ നടത്താൻ കഴിയാത്ത സാഹചര്യത്തിൽ ഇങ്ങനെയൊരു ബിൽ കൊണ്ടുവരുന്നതിനെ ഞങ്ങളെല്ലാവരും അനുകൂലിക്കുന്നു. പക്ഷേ, കൊണ്ടുവന്ന ഈ ബിൽ ഇംഗ്ലീഷിൽ പറഞ്ഞാൽ, to open a Pandora's box ആണ്. ഒരു pandora-യുടെ പെട്ടി തുറന്നതുപോലെതന്നെ ആയിരക്കണക്കിന് പുതിയ പ്രശ്നങ്ങൾ തുറന്നിട്ടിരിക്കുകയാണ്. അതിലെ പ്രധാനപ്പെട്ട വിഷയങ്ങളിൽ ഒന്ന്, ഈ ബില്ലിന്റെ വാക്യം തന്നെയാണ്. കേരളത്തെപോലെയുള്ള ഒരു പൊതുസമൂഹത്തിൽ 'ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം' എന്ന് ബില്ലിന് പേരിടാൻ പാടില്ല. അതിനുപകരം 'മൃതദേഹം' എന്ന വാക്ക് ഇതിൽ ചേർക്കേണ്ടത് അത്യന്താപേക്ഷിതമാണ്. രണ്ട്, നേരത്തെ പറഞ്ഞതുപോലെ രണ്ട് സഭകൾ തമ്മിലുള്ള വിഷയത്തിൽ ക്രിസ്ത്യൻ മതത്തെ മുഴുവൻ കൊണ്ടുവരുന്നതിൽ വലിയൊരു പ്രശ്നമുണ്ട്. അത് മനസ്സിലാകാത്ത ആളുകൾ നിയമനിർമ്മാണം കൊണ്ടുവരുന്നതിന്റെ പ്രശ്നമാണത്. ക്രിസ്ത്യൻ സഭകളെന്താണെന്നോ അവയുടെ ചരിത്രമെന്താണെന്നോ അറിയാത്ത ആളുകൾ ഉദ്യോഗസ്ഥരായും ഭരണത്തിന്റെ തലപ്പത്തുമുള്ളതിന്റെ പ്രശ്നമാണ് കാണുന്നത്. ഈ വിഷയവുമായി ബന്ധപ്പെട്ട് പൊതുസമൂഹത്തിൽ വ്യാകുലതകളുണ്ട്. 19 ശതമാനം വരുന്ന ക്രിസ്ത്യൻ പോപ്പുലേഷനിലെ ഭൂരിഭാഗം ആളുകൾക്കുമുണ്ടായിട്ടുള്ള ആശങ്ക ദൂരീകരിക്കാനുള്ള നടപടികൾ സ്വീകരിക്കണം. സർക്കാരിന്റെ പ്രവർത്തന പരാജയം പുതിയ ബില്ലിന്റെ രൂപത്തിൽ വരുന്നത് നല്ല ഭരണനിർവ്വഹണമല്ല. ഈ വിഷയവുമായി

ബന്ധപ്പെട്ട് നിയമസഭയുടെ പതിനേഴാം സമ്മേളനത്തിൽ ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, ശ്രീ. അനൂപ് ജേക്കബ് തുടങ്ങിയവർ അടക്കമുള്ള പ്രതിപക്ഷ എം.എൽ.എ.-മാരും ഭരണപക്ഷത്തുള്ളവരും സബ്മിഷനും ശ്രദ്ധ ക്ഷണിക്കലുമൊക്കെ അവതരിപ്പിച്ചിരുന്നു. അതിന്റെയൊക്കെ ഫലമായിട്ടാണ് ഈ വിഷയം പരിഹരിക്കുന്നതിനായി ഒരു മന്ത്രിസഭാ ഉപസമിതിയെ നിയോഗിച്ചത്. ഞാൻ സാന്ദർഭികമായി പറയുകയാണ്, വ്യത്യസ്തമായ പ്രത്യയശാസ്ത്രങ്ങളിൽ ആശയപരമായ പോരാട്ടം നടക്കുന്നത് അമേരിക്കയും നോർത്ത് കൊറിയയും തമ്മിലാണ്. അമേരിക്കയുടെ പ്രസിഡന്റ് ഡൊണാൾഡ് ട്രംപും നോർത്ത് കൊറിയയിലെ കിം ജോങ് ഉൻ-ഉം വരെ ഒരുമിച്ചിരുന്ന് ചർച്ച നടത്തിയ ചരിത്രമുണ്ട്. ഇരുവിഭാഗക്കാരെയും ഒരുമിച്ചിരുത്തി ചർച്ച നടത്താൻ കഴിയാത്ത ഒരു ഭരണസംവിധാനത്തിന്റെ പരാജയമാണ് ബില്ലിന്റെ രൂപേണ ഇവിടെ എത്തിയിരിക്കുന്നത്.

ശ്രീ. അനൂപ് ജേക്കബ്: സർ, ശ്രീ. കെ. എസ്. ശബരീനാഥൻ ഇവിടെ സൂചിപ്പിച്ചത് മന്ത്രിസഭാ ഉപസമിതിയുടെ പരാജയത്തെക്കുറിച്ചാണ്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഇവിടെ സംസാരിച്ചപ്പോൾ പറഞ്ഞു, രക്തച്ചൊരിച്ചിലുകളും കലുഷിതമായ അന്തരീക്ഷങ്ങളുടെയുമൊക്കെ അടിസ്ഥാനത്തിലാണ് ഈയൊരു ഓർഡിനൻസിറക്കിയതെന്നാണ്. അടിസ്ഥാനപരമായ വിഷയം ഈ ഓർഡിനൻസിലൂടെ പരിഹരിക്കപ്പെടുന്നില്ല. അങ്ങിപ്പോൾ സംസാരിക്കുമ്പോഴും ഇക്കഴിഞ്ഞ ദിവസങ്ങളിലും ഇന്നലെയുമൊക്കെയായി എറണാകുളം ജില്ലയിലെ വിവിധ പ്രദേശങ്ങളിലെ നാലോളം ദേവാലയങ്ങളിൽ സംഘർഷം നിലനിൽക്കുകയാണ്. അപ്പോൾ അടിസ്ഥാനപരമായ പ്രശ്നങ്ങൾ ഇപ്പോഴും പരിഹരിക്കപ്പെടുന്നില്ല എന്നതാണ്. തീർച്ചയായും ഈ ഓർഡിനൻസുമൂലം മൃതദേഹ സംസ്കാരം നടത്താനുള്ള സാഹചര്യം വരുന്നുവെന്നതിൽ ആശ്വാസമുണ്ട്. പക്ഷേ, ഞങ്ങൾ ഇവിടെ ചൂണ്ടിക്കാണിക്കുന്നത് ഇതിലെ അപാകതകളാണ്. നിയമനിർമ്മാണം അതിന്റെ പൂർണ്ണതയിലെത്തേണ്ടതുണ്ട്. മൃതദേഹ സംസ്കാരം ഏറ്റവും മാന്യമായും ഓരോ വ്യക്തിയുടെയും വിശ്വാസത്തിന് അധിഷ്ഠിതമായും ചെയ്യുന്നതിനുള്ള ക്രമീകരണങ്ങളുണ്ടാകേണ്ടത് ആവശ്യമാണ്. അങ്ങ് പറഞ്ഞതിനോട് ഞാൻ യോജിക്കുകയാണ്. രക്തച്ചൊരിച്ചിലുകളടക്കമുള്ള കാര്യങ്ങൾ തീരുന്ന സാഹചര്യങ്ങളല്ല ഉള്ളത്. അതിനാവശ്യം ചർച്ചകൾ തന്നെയാണ്, സമവായത്തിലൂടെ ഈ വിഷയങ്ങളിലേയ്ക്ക് കടക്കാൻ കഴിയണം. നിയമങ്ങൾ അടിച്ചേൽപ്പിക്കപ്പെട്ടതുകൊണ്ട് വിഷയങ്ങൾ പരിഹരിക്കപ്പെടില്ല, അതാണ് അനുഭവം. അപ്പോൾ സമവായ ചർച്ചകൾ ഗവൺമെന്റ് തുടരണം. ഇത് വന്നതുകൊണ്ട് മന്ത്രിസഭാ ഉപസമിതിയുടെ പ്രവർത്തനം നിർത്തുന്ന സാഹചര്യമുണ്ടാകരുത്. ചർച്ചകൾ തുടരണം, അത് ഏറ്റവും ശക്തമായി മുന്നോട്ടുപോകണം; അക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ഇവിടെ ശ്രീ. അനൂപ് ജേക്കബ് സൂചിപ്പിച്ചതുപോലെ സമവായ ചർച്ചകൾ വർഷങ്ങളായി നടന്നുവരികയാണ്. ഇത് യാക്കോബായ-ഓർത്തഡോക്സ് സഭയുടെ പ്രശ്നമാണെങ്കിലും ഈ ബില്ലിലൂടെ ഏറ്റവും കൂടുതൽ പരിരക്ഷ കിട്ടാൻ പോകുന്നത് യാക്കോബായ സമുദായത്തിനാണ്. എറണാകുളം ജില്ലയുടെ മേഖലകളിൽ യാക്കോബായയും ഓർത്തഡോക്സും സഹോദരസഭകളാണ്. ഈ രണ്ട് സഹോദരസഭകൾക്കും ഒരുമിച്ചുപോകാൻ പറ്റാതായപ്പോൾ പരസ്പരം പങ്കുവച്ച് പിരിയുന്ന സാഹചര്യമുണ്ടാക്കിയെടുക്കാൻ കഴിഞ്ഞില്ല. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിൽ അതിനായി മുന്നൊരുക്കവും മേൽനോട്ടവുമുണ്ടാക്കിയെങ്കിലും അത് പ്രാവർത്തികമാക്കാൻ കഴിഞ്ഞില്ല. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധി ഓർത്തഡോക്സ് സഭയ്ക്ക് അനുകൂലമായി വന്നപ്പോൾ അവരുടെ പ്രശ്നങ്ങൾ ഒരുപരിധിവരെ അവസാനിച്ചു. പക്ഷേ, യാക്കോബായ സഭയ്ക്ക് പിറവത്തെ പള്ളി നഷ്ടപ്പെട്ടു. ഗവൺമെന്റ് ഓർത്തഡോക്സ് സഭയ്ക്ക് ആ പള്ളി കൈമാറി. യാക്കോബായ സഭയിലെ അംഗങ്ങളെല്ലാം കരഞ്ഞുകൊണ്ട് ഇറങ്ങിപ്പോയെങ്കിലും പുതിയ പള്ളി നിർമ്മിച്ചു. ശവസംസ്കാരവുമായി ബന്ധപ്പെട്ട് അവിടെ പ്രശ്നമുണ്ടായില്ലെങ്കിലും പലയിടങ്ങളിലും ഉണ്ടാകുന്നുണ്ട്. കട്ടച്ചിറയിലുണ്ടായ പ്രശ്നം നമുക്കറിയാം. അവിടെ വൃദ്ധയായ അമ്മയുടെ മൃതദേഹം ദിവസങ്ങളോളം വീട്ടിലിരുന്നു. സെക്രട്ടേറിയറ്റിനുമുന്നിൽ യാക്കോബായ സഭയുടെ തിരുമേനിമാർ ധർണയിരിക്കുന്ന അവസ്ഥയുണ്ടായി. ഞങ്ങളെല്ലാം രാഷ്ട്രീയത്തിനതീതമായി അവിടെപ്പോയി. നിയമസഭയിൽ സബ്മിഷൻ ഉന്നയിക്കാൻവേണ്ടി ഞാൻ രണ്ടുമൂന്നു തവണ നോട്ടീസ് കൊടുത്തിട്ടും അനുമതി കിട്ടിയില്ല. അന്ന് ഗവൺമെന്റിന്റെ കയ്യിലിരിക്കുന്ന വിഷയം, സുപ്രീംകോടതി പരിഗണിക്കുന്ന വിഷയം എന്നൊക്കെ പറഞ്ഞ് മാറ്റിവച്ചപ്പോൾ ഞങ്ങൾ ശബ്ദമുണ്ടാക്കിയത് സഭകൾക്ക് വേണ്ടിയായിരുന്നില്ല, ശവസംസ്കാരത്തിന് നീതിയുണ്ടാകണമെന്ന് പറഞ്ഞാണ്. അവസാനം, ബഹുമാനപ്പെട്ട സ്പീക്കർ അനുമതി നൽകുകയും സബ്മിഷൻ ഉന്നയിക്കുകയും അതിന് ഗവൺമെന്റ് മറുപടി നൽകുകയും ചെയ്തു. ഈ നിയമംമൂലം യാക്കോബായ സമുദായത്തിന് പരിരക്ഷ കിട്ടുന്നുണ്ടെന്നുള്ളത് സത്യമാണ്. പ്രശ്നപരിഹാരത്തിനായി കൊണ്ടുവരുന്ന ഈ ബിൽ നല്ലതാണെങ്കിലും ഇതിലെ ചില വ്യവസ്ഥകൾ പ്രത്യേകം പരിശോധിക്കേണ്ടത് ആവശ്യമാണ്. ബഹുമാന്യരായ വി. ഡി. സതീശനും സണ്ണി ജോസഫും പറഞ്ഞതുപോലെ, ഈ ബിൽ പ്രാവർത്തികമാക്കിയാൽ ഇതിലെ മൂന്നാം ഖണ്ഡികപ്രകാരം നാളെ എനിക്ക് എന്തെങ്കിലും സംഭവിച്ചാൽപ്പോലും ഒരുപക്ഷെ സെമിത്തേരിയിൽ അടക്കാൻ പറ്റിയെന്ന് വരില്ല. കാരണം, ഇതിൽ ശവമടക്കം ചെയ്യുന്ന അവകാശത്തെക്കുറിച്ച് പറയുന്നുണ്ട്. ഒരു ഇടവകയിൽ ഉൾപ്പെടുന്ന കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കുമെന്നാണ് ഇതിൽ പറയുന്നത്.

ഞങ്ങൾ ഇടവകയിൽ നിന്ന് പുറത്തായി, പുതിയ പള്ളി പണിതു. ഇപ്പോൾ ആ പള്ളി ഓർത്തഡോക്സ് സഭയുടെ കയ്യിലാണ്. ആ ഇടവകയിൽ ഞങ്ങൾ പെടുന്നില്ല. "ഒരു ഇടവകയിൽ ഉൾപ്പെടുന്ന കുടുംബങ്ങളിലെ എല്ലാ അംഗങ്ങൾക്കും അവരുടെ പൂർവ്വികരെ അടക്കം ചെയ്തിട്ടുള്ള സെമിത്തേരിയിൽ അടക്കം ചെയ്യപ്പെടുന്നതിന് അവകാശം ഉണ്ടായിരിക്കുന്നതാണ്" എന്നാണ് ഇതിൽ പറയുന്നത്. അപ്പോൾ ഇടവകയിൽ നിന്നുപോയി വേറെ പള്ളിയിൽ ചേർന്ന യാക്കോബായ വിഭാഗത്തിൽപ്പെട്ട ആളുകൾ മരണപ്പെട്ടാൽ അവിടെ തിരിച്ചുകൊണ്ടുപോയി അടക്കണമെങ്കിൽ ആ ദേവാലയത്തിലെ വികാരിയുടെ സർട്ടിഫിക്കറ്റ് വേണ്ടിവരും. അത് കിട്ടാൻ സാദ്ധ്യതയില്ല. അത്തരം സാഹചര്യമുണ്ടെന്നുള്ളതുകൊണ്ട് ആ രീതിയിൽ ഈ ബിൽ കറക്ട് ചെയ്യണം. വികാരി എന്നുപറയുന്നത് ആരാണ്? പുരോഹിതൻ, പാസ്റ്റർ അല്ലെങ്കിൽ ശവമടക്കൽ ആചാരങ്ങൾ നിർവ്വഹിക്കുന്ന ഒരാൾ എന്നാണ്. യാക്കോബായ-ഓർത്തഡോക്സ് സമുദായത്തിൽപ്പെട്ടവർക്ക് പാസ്റ്റർമാരില്ല. അച്ചൻ എന്നുവിളിക്കുന്ന പുരോഹിതന്മാർ മാത്രമേയുള്ളൂ. പാസ്റ്റർമാരിൽ വിവിധങ്ങളായ ക്രിസ്ത്യൻ സമുദായങ്ങളിൽനിന്നും പ്രൊട്ടസ്റ്റന്റ് വിഭാഗത്തിലേയ്ക്ക് പോയ വിശ്വാസികളുണ്ട്. അവർക്ക് ഇതൊന്നും ബാധകമല്ല. അവർക്ക് ശവസംസ്കാര രീതികളും പ്രത്യേക ആചാരങ്ങളും അനുഷ്ഠാനങ്ങളുമുണ്ട്. ഈ നിയമം പ്രാബല്യത്തിൽ വന്നാൽ അവർക്കൊക്കെ വേണമെങ്കിൽ കേരളത്തിലെ മുഴുവൻ ക്രൈസ്തവ സമുദായങ്ങളുടെയും ശവസംസ്കാര ശുശ്രൂഷ നടത്താനായി സെമിത്തേരി തുറന്നുകൊടുക്കേണ്ടിവരും. അതുകൊണ്ട് ഇതിലെ അപാകതകൾ പരിഹരിച്ചില്ലെങ്കിൽ വീണ്ടും ഞങ്ങൾക്ക് സമരം ചെയ്യേണ്ടിവരും, യാക്കോബായ-ഓർത്തഡോക്സ് സമുദായങ്ങൾ തമ്മിൽ വിഷയങ്ങളുണ്ടാകും. അതുകൊണ്ട് ഇതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ വ്യക്തമാക്കി പോകണമെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, ശ്രീ. അനൂപ് ജേക്കബിന്റെയും ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിലിന്റെയും ആശയത്തോട് ഞാൻ യോജിക്കുകയാണ്. ഈ ബിൽ വരുന്നതിൽ അല്ലെങ്കിൽ പരിരക്ഷ കൊടുക്കുന്നതിൽ നമുക്കാർക്കും പ്രശ്നമില്ല. ഇതൊരു weak law ആണെന്നുള്ള കാര്യം സമ്മതിക്കണം. ഇനി ക്രിസ്ത്യൻസഭാ ചരിത്രമൊന്നും വായിക്കാനോ മനസ്സിലാക്കാനോ കഴിയാത്ത ആളുകളാണ് ഈ ബിൽ എഴുതുന്നതെങ്കിൽ ബെന്യാമിന്റെ 'അക്കപ്പോരിന്റെ ഇരുപത് നസ്രാണി വർഷങ്ങൾ' എന്ന പുസ്തകമെങ്കിലും വായിച്ചാൽ അതൊക്കെ മനസ്സിലാകും.

ശ്രീ. റോജി എം. ജോൺ: സർ, എനിക്ക് ഒരു കാര്യം ഈ ബില്ലിന്റെ ഭാഗമായി സൂചിപ്പിക്കാനുണ്ട്. സെമിത്തേരികളെ സംബന്ധിച്ചാണ് പറയുന്നത്,

മൃതശരീരം അടക്കം ചെയ്യണം. ഇപ്പോൾ പള്ളികൾക്ക് പുതിയ സെമിത്തേരികൾക്കുവേണ്ടി സ്ഥലം കൊടുക്കുന്നതിലും അനുവാദം കൊടുക്കുന്നതിലും വളരെ നിഷേധാത്മകമായ സമീപനമാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഒരു പള്ളി ആരംഭിച്ചാൽ അവിടെ സെമിത്തേരി തുടങ്ങുന്നതിന് ഓഫീസുകൾതോറും കയറിയിറങ്ങിയാലും സമ്മതപത്രം ലഭിക്കാത്ത സാഹചര്യം നിലനിൽക്കുകയാണ്. മൃതശരീരം അടക്കം ചെയ്യേണ്ട അവകാശത്തെക്കുറിച്ചാണ് എല്ലാവരും ഇവിടെ സംസാരിക്കുന്നത്. മൃതശരീരം അടക്കം ചെയ്യണമെങ്കിൽ പള്ളികൾക്ക് സെമിത്തേരികളുണ്ടാകണം. മുസ്ലീം, ക്രിസ്ത്യൻ പള്ളികളിൽ പുതുതായി സെമിത്തേരികൾ തുടങ്ങുന്നതിന് പ്രതിസന്ധികളും തടസ്സങ്ങളും നിലനിൽക്കുകയാണ്. അതുകൊണ്ട് പുതിയ സെമിത്തേരികൾക്ക് അനുവാദം നൽകുന്നതിന് അനുഭാവപൂർവ്വമായ നിലപാട് സർക്കാർ സ്വീകരിക്കേണ്ടതല്ലേ?

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, ഇത് എല്ലായിടത്തുമുള്ള പ്രധാന പ്രശ്നമാണ്.

ശ്രീ. അൻവർ സാദത്ത്: സർ, ഓർത്തഡോക്സ്-യാക്കോബായ തർക്കം ഞങ്ങളുടെയൊക്കെ നിയോജകമണ്ഡലങ്ങളെ ബാധിക്കുന്ന വിഷയമാണ്, അത് പരിഹരിക്കണം. മൃതശരീരത്തോട് നീതിപുലർത്തണമെന്നും ബഹുമാനിക്കണമെന്നുമാണ് എല്ലാ മതങ്ങളും പറയുന്നത്. അങ്ങനെ നോക്കുമ്പോൾ ഗവൺമെന്റിന്റേത് നല്ല തീരുമാനം തന്നെയാണ്. ആ ഉദ്ദേശശുദ്ധിയെ ഞങ്ങളാരും ചോദ്യം ചെയ്യുന്നില്ല. ഈ ബില്ലിന് ഞങ്ങളാരും എതിരല്ലെന്ന് ബഹുമാന്യനായ പ്രതിപക്ഷ നേതാവ് പറഞ്ഞു. കാരണം, ഈ ബിൽ അത്യാവശ്യമാണ്. ഓർത്തഡോക്സ്-യാക്കോബായ സഭയുടെ തർക്കത്തിന്റെ ഫലമായി ശവസംസ്കാരം നടത്താൻ കഴിയാത്തത് പ്രശ്നം തന്നെയാണ്. ഇതുമായി ബന്ധപ്പെട്ട പ്രതിഷേധ സമരത്തിൽ ഞങ്ങളും പങ്കെടുത്തതാണ്. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ രണ്ടുമൂന്ന് കാര്യങ്ങൾ സൂചിപ്പിച്ചതിനോടൊപ്പം സ്വന്തം വികാരവും നാളെ അദ്ദേഹത്തിന് സംഭവിക്കാവുന്ന അവസ്ഥയും ചൂണ്ടിക്കാണിക്കുകയുണ്ടായി. നമ്മളെല്ലാവരും മരണപ്പെടുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ടാണ് അദ്ദേഹം ആ വികാരം പറഞ്ഞത്. കത്തോലിക്ക സഭയ്ക്കും ഈ ബില്ലിലെ വ്യവസ്ഥകളിൽ ആശങ്കയുണ്ട്, അതും പരിഹരിക്കണം. ആരും ഈ ബില്ലിന് എതിരല്ല. ഇവിടെ ശവസംസ്കാരം നടത്തേണ്ടതല്ല പറയുന്നത്. ഈ ബില്ലിനെ ഞങ്ങൾ പിന്തുണയ്ക്കുന്നു, യാതൊരു സംശയവുമില്ല. ഇതിന്റെ ആശങ്കകൾ മാറ്റുകയെന്നുള്ളത് താങ്കളുടെ ശ്രദ്ധയിലുള്ള കാര്യമല്ലേ?

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, ഞാൻ ഉപസംഹരിക്കുകയാണ്. ഇതിന്റെ നിർവ്വചനങ്ങളിൽ സെമിത്തേരി, ക്രിസ്ത്യാനി, സർക്കാർ, ഇടവക

തുടങ്ങിയവ സംബന്ധിച്ച് പറയുന്നുണ്ട്. പൂർവ്വികർ എന്നുപറഞ്ഞിട്ടുള്ളത് വലിയ പ്രശ്നത്തിനിടയാക്കുന്നതാണ്. വൈദികൻ, വികാരി, പുരോഹിതൻ, പാസ്റ്റർ ഇവ സംബന്ധിച്ച് നിർവ്വചനത്തിൽ പറയണം. ഒരുപക്ഷെ, നിങ്ങൾ കമ്മ്യൂണിസ്റ്റുകാരായതുകൊണ്ട് മനസ്സിലാക്കാൻ പറ്റാത്ത പല പ്രശ്നങ്ങളും ഇതിൽ വരുമെന്നുള്ളത് മനസ്സിലാക്കണം.

ഡോ. എൻ. ജയരാജ്: സർ, ഞങ്ങളുടെയൊക്കെ സ്ഥലത്തുനിന്നും ഒരുപാട് ആളുകൾ മറ്റുപല പ്രദേശങ്ങളിലേയ്ക്കും കുടിയേറി പോയിട്ടുണ്ട്. പണ്ട് അവരുടെയൊക്കെ പൂർവ്വികന്മാർ അവിടെയുണ്ടായിരുന്നു. അവർ മടങ്ങി വരുമ്പോൾ ഈ നിയമപ്രകാരം അവരുടെ ആളുകളെയും അവിടെ അടക്കം ചെയ്യണം. അത് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നതാണ്. പ്രത്യേകിച്ച് ഇടവകയുടെ കീഴിലാണിത്. അതൊരു പ്രൈവറ്റ് പ്രോപ്പർട്ടിയാണ്. ആ പ്രൈവറ്റ് പ്രോപ്പർട്ടിയിൽ പിന്നീട് ആളുകൾ വന്നുകയറിയാൽ ഒരുപാട് പ്രശ്നങ്ങളുണ്ടാകും. നിർവ്വചനത്തിലും നിയമത്തിലും കൃത്യമായി പറഞ്ഞില്ലെങ്കിൽ ഒരുപാട് നൂലാമാലകളുണ്ടാകാൻ സാധ്യതയുണ്ട്. നമ്മുടെ നാട്ടിലെ സാഹചര്യങ്ങൾ അങ്ങനെയാണ്.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. അടിയന്തരമായി ഈ നിയമത്തിൽ മാറ്റങ്ങളുണ്ടാക്കണം. മറ്റ് ക്രിസ്തീയ സഭകളിലും ഡിനോമിനേഷൻസിനുമുള്ള വ്യാകുലതകൾ മാറ്റണം. ശക്തമായ നിയമനിർമ്മാണം, കോടതിയിൽ പോയാൽ നിലനിൽക്കാൻ കഴിയുന്ന രീതിയിലുള്ള നിയമനിർമ്മാണം ഉണ്ടാകണം. അവസാനമായി ബൈബിളിലെ Galatians മൂന്നാം അദ്ധ്യായത്തിൽ പറയുന്ന രണ്ട് വരികളുണ്ട്.

Galatians 3:27 &28

"You were baptized into union with Christ, and now you are clothed, so to speak, with the life of Christ himself. So there is no difference between Jews and Gentiles, between slaves and free people, between men and women; you are all one in union with Christ Jesus."

ചുരുക്കിപ്പറഞ്ഞാൽ യേശുക്രിസ്തുവിന്റെ വിശ്വാസത്തിൽ നിങ്ങളെല്ലാവരും ദൈവത്തിന്റെ മക്കളാകുന്നു എന്നാണ് വിശുദ്ധ ബൈബിളിൽ പറഞ്ഞിട്ടുള്ളത്. അത് മനസ്സിലാക്കിക്കൊണ്ടുള്ള, ആ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ടുള്ള എല്ലാവർക്കും പരിരക്ഷ നൽകാൻ കഴിയുന്ന നല്ലൊരു നിയമമാകണം. അതിനുവേണ്ടി പൊതുജനാഭിപ്രായം അറിയുന്നതിനായി ഈ ബിൽ വിടണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. സജി ചെറിയാനുവേണ്ടി ശ്രീ. ജോർജ് എം. തോമസ്: സർ, 2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം)

ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സർക്കാർ സദുദ്ദേശത്തോടെ കൊണ്ടുവന്ന ബില്ലിനെ ഞാൻ പിന്തുണയ്ക്കുകയാണ്. ഇവിടെ പ്രകടിപ്പിച്ച ചില സംശയങ്ങൾ തികച്ചും തെറ്റിദ്ധാരണയിൽ നിന്നുണ്ടായതാണെന്നാണ് എനിക്ക് തോന്നുന്നത്. ഉദാഹരണത്തിന് പാരിഷിലെ പൂർവ്വികരുടെ സന്തതികളെ ആരാണ് തീരുമാനിക്കേണ്ടതെന്ന പ്രശ്നം ഇവിടെ ഉന്നയിക്കുകയുണ്ടായി. ബില്ലിലെ 6-ാം ക്ലോസിൽ അക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്.

"Maintenance of registers- The Vicar of the parish shall maintain a separate register as may be prescribed for the burial conducted in the cemetery under section 3. The Vicar shall maintain such register as a permanent record in his office and he shall issue certificate in this behalf to any person on application made to him upon the receipt of fees as may be prescribed."

ഒരു ക്രിസ്ത്യൻപള്ളി തുടങ്ങി സെമിത്തേരിയും മറ്റ് സംവിധാനങ്ങളും ആരംഭിക്കുമ്പോൾത്തന്നെ വികാരി അവിടെയൊരു രജിസ്റ്റർ സൂക്ഷിക്കണമെന്ന് വ്യവസ്ഥ ചെയ്യുകയാണ്. ആ രജിസ്റ്ററിലുള്ള അംഗങ്ങൾ നിശ്ചിത ഫീസ് ഒടുക്കിയാൽ വികാരി സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്യേണ്ടതാണ്. അതുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ ഉന്നയിച്ച ആ സംശയം നിലനിൽക്കുന്നതല്ല. ഈ ബില്ലിന്റെ ഏറ്റവും മികച്ച ലക്ഷ്യം പള്ളിക്ക് പുറത്തും ഇത്തരം ശവസംസ്കാര പ്രക്രിയ നടത്താനുള്ള അനുമതി കൊടുക്കുന്നു എന്നതാണ്. ഏത് സ്ഥലത്തുവച്ചും ശവസംസ്കാര ശുശ്രൂഷ ആകാമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നത് വളരെ സ്വാഗതാർഹമായ കാര്യമാണ്. പണ്ടുകാലത്ത് കമ്മ്യൂണിസ്റ്റുകാരെ സെമിത്തേരിയിൽ അടക്കുമായിരുന്നില്ല. കമ്മ്യൂണിസ്റ്റുകാർ, അന്യമതത്തിൽ നിന്നും വിവാഹം കഴിച്ചവർ തുടങ്ങിയവരെ സെമിത്തേരിക്കുപുറത്ത് തെമ്മാടിക്കുഴിയിലാണ് അടക്കം ചെയ്തിരുന്നത്.

മലബാറിലൊക്കെ വസൂരി പടർന്നുപിടിച്ച കാലഘട്ടത്തിൽ കുടിയേറ്റക്കാരായ കൃഷിക്കാർക്ക് ഒരു കുഴിയിൽത്തന്നെ അഞ്ചും ആറും ആളുകളെ അടക്കം ചെയ്യേണ്ടതായിവന്നു. കുറേക്കാലം കഴിഞ്ഞ് സാമ്പത്തിക ഭദ്രതയുണ്ടായപ്പോൾ സെമിത്തേരിയിലെ തട്ടുകൾ ലേലം ചെയ്യുന്ന സ്ഥിതിയായി. പള്ളിക്ക് തൊട്ടടുത്തുള്ളത് ഒന്നാംതട്ട്, അതുകഴിഞ്ഞുള്ളത് രണ്ടാംതട്ട്, പിന്നീട് മൂന്നാംതട്ട് എന്നിങ്ങനെ ഓരോ തട്ടിലും കിടക്കാനുള്ള അവകാശത്തിനുവേണ്ടി ലേലം വിളിക്കുകയാണ്. ഒരിക്കൽ ഒരു സ്നേഹിതൻ പൊതുയോഗത്തിൽ വച്ച്

പള്ളിയിലെ അച്ചനോട് പറഞ്ഞു, അച്ചാ, നമ്മൾ ജീവിച്ചിരിക്കുമ്പോൾ പല തട്ടിലാണ്, പല സാമ്പത്തിക സ്ഥിതിയിലാണ്; മരിക്കുമ്പോഴെങ്കിലും ഒരു തട്ടിൽ കിടക്കാനുള്ള അവസരമുണ്ടാക്കണം എന്ന്. അപ്പോൾ അയാളെ അച്ചന്മാർ ശാസിക്കുകയായിരുന്നു. ജീവിതത്തിലുണ്ടാകുന്ന അസമത്വങ്ങൾപോലും മരണത്തിനുശേഷവും തുടരണമെന്ന വാശിയായിരുന്നു ഒരുകാലത്ത് ക്രിസ്ത്യൻ സഭകളിലെ ചില പുരോഹിതന്മാർ പാലിച്ചുവന്നിരുന്നത്. ഇപ്പോഴും കമ്മ്യൂണിസ്റ്റുകാർക്ക് സെമിത്തേരി നിഷേധിക്കും. മത്തായി ചാക്കോയുടെ ശവസംസ്കാരവുമായി ബന്ധപ്പെട്ട് സംസാരിക്കേണ്ടിവന്നപ്പോൾ കയ്യും കണക്കുമില്ലാത്ത ചീത്തയാണ് ഞാൻ കേട്ടത്. അദ്ദേഹത്തിന്റെ ആഗ്രഹപ്രകാരം പൊതുസ്ഥലത്ത്, പാർട്ടി ഓഫീസിന്റെ മുറ്റത്തുതന്നെ അദ്ദേഹത്തെ സംസ്കരിക്കുകയാണുണ്ടായത്. അതിന് ഞങ്ങളെ അന്ത്യകൂദാശ നൽകി ശരിപ്പെടുത്തി. ഇപ്പോൾ ഇത്തരമൊരു പുതിയ നിയമം കൊണ്ടുവരുമ്പോൾ എന്തിനാണ് ഇങ്ങനെ ബേജാറാകുന്നത്? റോമൻ കത്തോലിക്ക സഭയ്ക്ക് ഇത് ബാധകമേയല്ല. കുറേ ആളുകൾ അങ്ങനെ സ്ഥാപിക്കാൻ ശ്രമിക്കുകയാണ്. അനാവശ്യമായ അത്തരം തർക്കങ്ങൾ ഒഴിവാക്കുകയാണ് നല്ലത്.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, അങ്ങ് വഴങ്ങുമോ?

<u>ശ്രീ. ജോർജ് എം. തോമസ്</u>: സർ, വഴങ്ങാനൊന്നും സമയമില്ല. നിങ്ങളവിടെ ഇരിക്കു, ഞാൻ വഴങ്ങില്ല. എനിക്ക് വഴങ്ങുന്ന ശീലമില്ല. എന്റെ സമയം കളയാൻ നിൽക്കാതെ അങ്ങവിടെ ഇരിക്കു. റോമൻ കത്തോലിക്ക വിഭാഗത്തിൽപ്പെട്ട പുരോഹിതന്മാരായ കർദിനാളും മെത്രാന്മാരും ഇക്കാര്യത്തിൽ ആശങ്ക പ്രകടിപ്പിക്കേണ്ട ഒരു പ്രശ്നവുമില്ല. വെറുതെ ആശങ്കയുണ്ടാക്കുകയാണ്. ചർച്ച് ആക്ട് ബിൽ നിയമസഭ പാസ്സാക്കാൻ പോകുന്നുവെന്ന് പറഞ്ഞ് കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് വലിയൊരു ക്യാമ്പയിൻ നടത്തുകയുണ്ടായി. അതിന്റെ ലക്ഷ്യം എന്തായിരുന്നു? പാർലമെന്റ് തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് റോമൻ കത്തോലിക്ക വിഭാഗത്തിൽപ്പെട്ട വോട്ടർമാരെ സ്വാധീനിക്കാൻ വേണ്ടി നിയമസഭ ഇങ്ങനെയൊരു ബിൽ പാസ്സാക്കാൻ പോകുകയാണെന്ന് ആരോ പറഞ്ഞതിനെ ഏറ്റുപിടിച്ച് കാര്യങ്ങൾ വലുതാക്കുകയാണ്. ഇവിടെ അങ്ങനെ ചിന്തിച്ചിട്ടേയില്ല. ഭാവിയിൽ റോമൻ കത്തോലിക്ക പള്ളിയിലും ഇത് ബാധകമാകില്ലേ എന്നാണ് ചോദിച്ചത്. ഭാവിയിലെ കാര്യം അപ്പോൾ നോക്കിയാൽ പോരേ; പണ്ട് കണിയാർ കാണിച്ചതുപോലെ കാണിക്കേണ്ട കാര്യമെന്താണ്? കണിയാർ പറഞ്ഞത്, പുഴ വറ്റുകയും നായയുടെ തുടൽ അറ്റുപോകുകയും ചെയ്താൽ കടിപറ്റും. അതുകൊണ്ട് ചൂടിക്കൊണ്ടിരുന്ന കുട വടിയാക്കി മാറ്റിയ കണിയാരെപ്പോലെ ഇവിടെ പറയേണ്ട കാര്യമുണ്ടോ?

ഭാവിയിലെ കാര്യം അപ്പോൾ നോക്കാം. മലബാറിൽ ഇതൊരു പ്രശ്നമേയല്ല. എന്റെ നിയോജകമണ്ഡലത്തിലെ കോടഞ്ചേരി പഞ്ചായത്തിലും പുതുപ്പാടി പഞ്ചായത്തിലും എല്ലാ വിഭാഗം സമുദായക്കാരുമുണ്ട്. ക്രിസ്ത്യൻ മതത്തിൽപ്പെട്ട എല്ലാ അവാന്തരവിഭാഗങ്ങളുമുള്ള പഞ്ചായത്താണ് കോടഞ്ചേരി. മാത്രമല്ല, അവിടെ ഓരോ കുടുംബത്തിനും സ്വന്തമായി ഓരോ സഭയുമുണ്ട്. പള്ളികെട്ടി പ്രാർത്ഥനയും ജപവുമാണ് അവിടെ നടക്കുന്നത്. നടക്കട്ടെ, ആർക്കാണ് കുഴപ്പം? ധാരാളം ഡിനോമിനേഷനുള്ള സ്ഥലത്ത് ഒരു തർക്കവുമില്ല. അവിടെ മുസ്ലീം പള്ളിയുടെ കാര്യത്തിലാണ് തർക്കമുള്ളത്. പള്ളി തർക്കവും മദ്രസ തർക്കവും പഞ്ചായത്ത് പറയുമ്പോൾ അതെങ്ങനെയെങ്കിലും പരിഹരിക്കുക എന്നത് എന്റെ പ്രധാന ജോലിയായി മാറിയിരിക്കുകയാണ്. അവിടെ ഓർത്തഡോക്സ്-യാക്കോബായ തുടങ്ങിയ വിഭാഗക്കാരെല്ലാമുണ്ടെങ്കിലും ഒരു തർക്കവുമില്ല. ക്രിസ്ത്യാനി എന്നുള്ളതിന്റെ ഡെഫനിഷനെക്കുറിച്ചൊന്നും തർക്കത്തിന്റെ ആവശ്യമില്ല. യേശുവിന്റെ ശിഷ്യന്മാർ യേശു പഠിപ്പിച്ച പ്രാർത്ഥന പഠിക്കുന്നില്ലെന്നുള്ളതാണ് നാം മനസ്സിലാക്കേണ്ടത്. യേശു പഠിപ്പിച്ച പ്രാർത്ഥന ഞാൻ ചൊല്ലി കേൾപ്പിക്കാം.

" Our Father, who art in heaven, hallowed be thy Name,

thy kingdom come, thy will be done, on earth as it is in heaven. Give us this day our daily bread, and forgive us our sins, for we also forgive everyone who sins against us. "

ഇതിൽ 'forgive us our sins, for we also forgive everyone who sins against us' എന്ന വാചകമാണ് ഏറ്റവും പ്രധാനപ്പെട്ടത്. ഇത് പ്രാക്ടീസ് ചെയ്യുന്ന ക്രിസ്ത്യാനിക്ക് എങ്ങനെയാണ് തർക്കമുണ്ടാക്കാൻ കഴിയുന്നത്? ക്രിസ്ത്യൻ വിഭാഗത്തിൽപ്പെട്ട ആളുകൾ ക്രിസ്തു പഠിപ്പിച്ച പ്രമാണങ്ങൾ പഠിക്കാനും അനുസരിക്കാനും തയ്യാറാകുന്നില്ലെന്നുള്ളതാണ് പ്രശ്നം. 'തങ്ങളോട് തെറ്റ് ചെയ്യുവരോട് തങ്ങൾ ക്ഷമിക്കുന്നതുപോലെ തങ്ങളുടെ തെറ്റുകളും തങ്ങളോട് ക്ഷമിക്കണമേ' എന്ന് പ്രാർത്ഥിക്കുന്ന ക്രിസ്ത്യാനിക്ക് എങ്ങനെയാണ് തർക്കമുണ്ടാക്കാൻ കഴിയുന്നത്?. താലിബാന്റെ സ്വരമല്ലേ ഈ പറയുന്ന ആളുകളിൽ നിന്ന് കേൾക്കുന്നത്? ആലപ്പുഴ ജില്ലയിലെ കട്ടച്ചിറ സെന്റ് മേരീസ് പള്ളിയിൽ കൊച്ചുമറിയ എന്ന സ്ത്രീ തൊണ്ണൂറാമത്തെ വയസ്സിൽ ചരമം പ്രാപിച്ചു. ആ 90 വയസ്സുകാരിയെവച്ച് വിലപേശുകയാണ്. താലിബാനിൽ ഡോക്ടർ നജീബുള്ളയോട് കാണിച്ച പണിയും അതാണ്. നിങ്ങൾ ചരിത്രം ഓർക്കണം. ഒരിക്കലും മാപ്പ് അർഹിക്കാത്ത കാര്യമാണത്. ഡോക്ടർ നജീബുള്ള എന്ന കമ്മ്യൂണിസ്റ്റ് ഭരണാധികാരിയെ ഇലക്ട്രിക് പോസ്റ്റിൽ കെട്ടിതൂക്കി മൂന്നുനാല് ദിവസം

കഴിഞ്ഞിട്ടും അഴിച്ചുമാറ്റാൻ ബന്ധുക്കളെയോ മിത്രങ്ങളെയോ അനുവദിക്കാത്ത താലിബാനിസം. മരിച്ചാൽ എത്രയുംവേഗം മയ്യത്ത് സംസ്കരിക്കണമെന്ന് പഠിപ്പിക്കുന്ന ഇസ്ലാം, താലിബാനിൽ കാണിച്ചത് വേറെയാണ്. അത് ഇന്ത്യയിലെന്ന് മാത്രമല്ല, ലോകത്തൊരിടത്തും നടത്താറില്ല. ഇസ്ലാമിക വിശ്വാസികൾ വളരെ ഭവ്യതയോടെയും ആദരവോടെയുമാണ് മൃതശരീരങ്ങളെ കാണുന്നത്. അവർ തമ്മിൽ ധാരാളം പള്ളി തർക്കങ്ങളും മദ്രസ്സ തർക്കങ്ങളുമുണ്ട്. പക്ഷേ, കബറിസ്ഥാനിൽ മറവ് ചെയ്യാനുള്ള സ്വാതന്ത്ര്യത്തെ ആരും ചോദ്യം ചെയ്യാറില്ല. എല്ലാവരും അവിടെ കൊണ്ടുചെന്ന് മൃതശരീരം അടക്കുകയും പ്രാർത്ഥിക്കുകയും ചെയ്യും. അത്തരമൊരു സംസ്കാരം ഉയർത്തിപ്പിടിക്കേണ്ട ആളുകളല്ലേ നമ്മൾ? യേശുവിന്റെ ശിക്ഷ്യന്മാർ ഇങ്ങനെ തുടങ്ങുന്നത് ശരിയാണോ; അവരല്ലേ തിരുത്തേണ്ടത്? ഇവർ തമ്മിലുള്ള തർക്കം നിസ്സാരമായി പരിഹരിക്കാൻ കഴിയുന്നതാണോ? ഇവിടെ പള്ളിയുടെയും മദ്രസയുടെയും തർക്കത്തിനിടയിൽ സ്വന്തം ജ്യേഷ്ഠാനുജന്മാർ തമ്മിൽ കത്തിക്കുത്താണ് നടത്തുന്നത്. നിങ്ങൾ പള്ളിയിൽപ്പോയി വേദമോതിയാൽ കാര്യം നടക്കുമോ? ഇത് ഒരു സുപ്രഭാതത്തിൽ പരിഹരിക്കാൻ കഴിയുന്ന പ്രശ്നമല്ല, ഗൗരവമുള്ള ഒന്നാണ്. അത് ചർച്ചയിലൂടെ പരിഹരിക്കണമെന്ന കാര്യത്തിൽ ആർക്കും അഭിപ്രായവ്യത്യാസമില്ല. ചർച്ചയിലൂടെ പരിഹരിക്കുന്നതുവരെ മൃതശരീരങ്ങൾ വച്ച് സൂക്ഷിക്കാൻ കഴിയുമോ? പാലായിലൊക്കെ പ്രമാണിമാരായ ചില റോമൻ കത്തോലിക്കക്കാർക്ക് കിടക്കാൻ ചൈനയിൽനിന്നുള്ള നാലും അഞ്ചും ലക്ഷം രൂപ വിലവരുന്ന പെട്ടി വേണം. അതിനുള്ളിൽ കിടന്നിട്ടുവേണം അവർക്ക് പോകാൻ. അവരുടെ മക്കൾ അമേരിക്കയിലോ ലണ്ടനിലോ ആയിരിക്കും. മൃതദേഹം മോർച്ചറിയിൽ വയ്ക്കാനും അതിന്മേൽ പൂക്കൾ വയ്ക്കാനും ഇവന്റ് മാനേജുമെന്റ് ടീമിനെയാണ് ഏൽപ്പിക്കുന്നത്. ഇതൊരു ഫാഷനായി മാറിക്കൊണ്ടിരിക്കുകയാണ്. അങ്ങനെയുള്ള ശവസംസ്കാരം ആഗ്രഹിക്കുന്നവർ കൊച്ചുമറിയയേയും പത്രോസിനെയും കുറിച്ച് പറഞ്ഞിട്ട് എന്ത് കാര്യമാണുള്ളത്? 90 വയസ്സുള്ള വേറൊരു പുരുഷന്റെ മൃതശരീരം അവസാനം പൂട്ടുപൊളിച്ച് പള്ളിക്കകത്ത് കൊണ്ടുപോയി വച്ചില്ലേ? അതുകൊണ്ട് മൃതശരീരം മാന്യമായി സംസ്കരിക്കപ്പെടാനുള്ള അവകാശമുണ്ടാകണം. അതിനുവേണ്ടിയാണ് ഈ നിയമം. അല്ലാതെ പെട്ടിക്കകത്ത് കിടത്തി വഴിയിൽവച്ച് വിലപേശി ആരാണ് വലിയവനെന്ന് തെളിയിക്കാനല്ല. ഈ പ്രശ്നത്തിന്റെയാകെ നട്ട്ഷെൽ എന്നുപറയുന്നത് സ്വത്താണ്. ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയിൽ അത് സ്പെസിഫിക്കായി പറഞ്ഞിട്ടുണ്ട്. പഴയകാലത്തെ മൂവായിരത്തി ചില്വാനം രൂപയൊക്കെ ഇപ്പോൾ കോടാനുകോടികളായിട്ടുണ്ട്; ബില്യൺസ് അല്ല, ട്രില്യൺസ് ആയിട്ടുണ്ടാകും. ആ സ്വത്തിന്റെ പേരിലുള്ള തർക്കമാണ്

വന്നുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് പെട്ടെന്ന് പരിഹരിക്കപ്പെടാവുന്ന ഒരു വിഷയമാണെന്ന് കരുതി ഇതിനെ ലളിതമായി കാണേണ്ടതില്ല. നിയമനിർമ്മാണം കൊണ്ടുമാത്രമേ ഇത് പരിഹരിക്കാനാകൂ. അത്തരമൊരു നിയമനിർമ്മാണം അടിയന്തരമായി നടത്തേണ്ടിവരുന്നത് മൃതശരീരങ്ങൾ പുറത്തുവച്ച് കരയാനും മോർച്ചറിയിൽ സൂക്ഷിക്കാനും പള്ളിയിൽ കൊണ്ടുവയ്ക്കാനും മറ്റുമുള്ള കാര്യങ്ങൾക്കാണ്. പള്ളിയിൽവയ്ക്കാൻ സമ്മതിക്കാത്തപ്പോൾ സ്വന്തം വീട്ടിൽ താൽക്കാലികമായി ശവക്കല്ലറയുണ്ടാക്കി അവിടെ വയ്ക്കാനും കുറച്ച് സൗകര്യം കിട്ടിയാൽ പള്ളിയിലെ പൂട്ടുപൊളിച്ച് അകത്തുകയറി കൊണ്ടുവയ്ക്കാനുമൊക്കെ ഇടവരുന്നത് കേരളത്തിന് അപമാനകരമാണ്. അത് ആരുടെ ഭാഗത്തുനിന്നുണ്ടായാലും അനുവദിക്കാൻ കഴിയില്ല.

നിങ്ങളിവിടെ റോമൻ കത്തോലിക്കരുടെയും മറ്റും കാര്യം പറഞ്ഞു. അവരുടെ വോട്ടുറപ്പിക്കാൻവേണ്ടി അങ്ങനെ സംസാരിക്കേണ്ട കാര്യമില്ല. ചില കാര്യങ്ങൾ നമ്മൾ വെട്ടിത്തുറന്ന് പറയുകതന്നെ വേണം. യേശുവിന്റെ ശിഷ്യന്മാർ യേശുവിന്റെ ശിഷ്യന്മാരായിത്തന്നെ നിൽക്കാൻ പഠിക്കണം. കാലം മാറി, ഇനി ആ കഥയൊക്കെ പറയാൻ പോയാൽ കേരളത്തിലും യൂറോപ്പിലെ പള്ളികളുടെ ഗതി വരും. യൂറോപ്പിലെ പല രാജ്യങ്ങളിലും പള്ളി വിറ്റ് കടം വീട്ടുകയാണ്. അതിന്റെ കാരണമെന്താണെന്ന് ഞാൻ വിശദീകരിക്കുന്നില്ല. ആളുകൾക്ക് ക്രിസ്തുമതത്തിലുള്ള വിശ്വാസം നഷ്ടപ്പെടാതിരിക്കാൻ ബന്ധപ്പെട്ട എല്ലാവരും ശ്രദ്ധിക്കണം. ഈ നിയമം അടിയന്തരമായി നടപ്പാക്കണം.

'Vicar' എന്ന പദത്തിന് കുറേക്കൂടി സ്പെസിഫിക്കായ ഡെഫനിഷൻ ആവശ്യമാണെന്നാണ് എനിക്ക് പറയാനുള്ളത്. “ Vicar means a Priest duly appointed by the Bishop of the concerned Diocese" എന്നാക്കി മാറ്റണമെന്ന ഒരു നിർദ്ദേശം ഞാൻ മുന്നോട്ടുവയ്ക്കുകയാണ്. കാരണം, “ 'Vicar' includes priest, pastor or a person who performs the rituals of burial” എന്നേ ഇവിടെ പറഞ്ഞിട്ടുള്ളൂ. അത് കുറേക്കൂടി സ്പെസിഫിക്കാകണം. 'Vicar' എന്നുപറയുന്നത് ബിഷപ്പിനാൽ നിയമിക്കപ്പെടുന്ന ഒരാളാണ്. ഒരു നിശ്ചിത കാലയളവിലേയ്ക്കാണ് ആ നിയമനം ഉണ്ടാകുന്നത്. ഓർത്തഡോക്സ്-യാക്കോബായ സഭകളുടെ കാര്യത്തിലാണെങ്കിൽ മാക്സിമം മൂന്ന് വർഷമാണ് അതിന്റെ കാലാവധി. ആ നിശ്ചിത കാലയളവിലേയ്ക്ക് ബിഷപ്പിനാൽ നിശ്ചയിക്കപ്പെടുന്ന ആളാണ് 'Vicar'. അതുകൊണ്ട് അതിൽ മാറ്റം വരുത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്.

അതുപോലെ പെനാൽറ്റിയിലും ഭേദഗതി വരുത്തണം. ഒരു വർഷമൊന്നും പോരാ; രണ്ടോ മൂന്നോ വർഷമായാലും വേണ്ടില്ല; എന്റെ അഭിപ്രായത്തിൽ നാലഞ്ചുകൊല്ലം കിടന്നാൽ മാത്രമേ ശരിയാകുകയുള്ളൂ. ഇതിൽ പറഞ്ഞിട്ടുള്ളത്

“ Penalty- Whoever prevents or attempts or abets to prevent the burial of corpse in violation of the provisions contained in section 3 shall, on conviction, be sentenced to imprisonment for a term which may extend to one year or with fine which may extend to ten thousand rupees or with both” എന്നാണ്. ഇവിടെ പ്രിവന്റ് ചെയ്യുന്നത് ആൾക്കൂട്ടമാണ്. ആൾക്കൂട്ടം പ്രിവന്റ് ചെയ്താലും അവരെ അതിലേയ്ക്ക് നയിക്കുന്നതിന് ഒരു ലീഡർഷിപ്പ് നൽകുന്നത് കൺസേൺഡ് വികാരിയായിരിക്കും. So the concerned Vicar should be punished. My opinion is that, the concerned Vicar whoever he is, should be punished. He must be responsible for the prevention of such things. So he may be sentenced to atleast one or two years for imprisonment and penalty of atleast one lakh rupees from him should be add for that. ഞാൻ വ്യക്തിപരമായി ഏതെങ്കിലും ഒരു വികാരിയെ കുറ്റപ്പെടുത്തുന്നതല്ല. വികാരിക്ക് ഇത് ബാധ്യതയാകും, ബുദ്ധിമുട്ടുണ്ടാകുമെന്ന് കണ്ടാൽ സ്വാഭാവികമായും തടയാനുള്ള ഇടവകക്കാരുടെ പ്രവണത കുറഞ്ഞുകിട്ടും. കാരണം, തടയുന്നതിന് പ്രധാന പങ്കുവഹിക്കുന്നത് വികാരിമാരാണ്. അതുകൊണ്ട് വികാരികൂടി ഇക്കാര്യത്തിൽ ശിക്ഷിക്കപ്പെടുന്ന തരത്തിൽ ഒരു ഭേദഗതി കൊണ്ടുവരുന്നത് നന്നായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. ഞാൻ അവസാനിപ്പിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. സി. മമ്മൂട്ടിക്കുവേണ്ടി ശ്രീ. മോൻസ് ജോസഫ്: സർ, ഈ ബില്ലിനെക്കുറിച്ചുള്ള ആശങ്ക പല സന്ദർഭങ്ങളിലും ഇവിടെ ചൂണ്ടിക്കാണിച്ചതാണ്. ശ്രീ. ജോർജ് എം. തോമസ് അവസാനം പറഞ്ഞത്, വികാരിയെയുംകൂടി അറസ്റ്റ് ചെയ്യണമെന്നാണ്. ഏതെങ്കിലും ഒരു അച്ചൻ കുഴപ്പം കാണിച്ചാൽ നിയമപരമായി ശിക്ഷിക്കാൻ രാജ്യത്ത് വ്യവസ്ഥിതിയുണ്ട്. ഈ പുതിയ നിയമത്തിന്റെ പേരിൽ വികാരിമാരെക്കൂടി കൽത്തുറുങ്കിലടയ്ക്കാൻ കഴിയുന്ന വിധത്തിൽ നിയമത്തിൽ ആവശ്യമായ മാറ്റം വരുത്തി ശക്തിപ്പെടുത്തണമെന്ന പുതിയ നിർദ്ദേശമാണ് അദ്ദേഹം മുന്നോട്ടുവച്ചത്.

ശ്രീ. എം. സ്വരാജ്: സർ, ഒരു തെറ്റിദ്ധാരണ വന്നതുകൊണ്ട് എന്റെ ശ്രദ്ധയിൽപ്പെട്ട കാര്യം ഞാൻ പറയുകയാണ്. ബഹുമാന്യനായ തിരുവമ്പാടി അംഗം സംസാരിച്ചപ്പോൾ, വികാരിയെ ശിക്ഷിക്കണമെന്ന ഉദ്ദേശത്തോടെയല്ല അങ്ങനെ പറഞ്ഞത്. മൃതദേഹത്തോട് അനാദരവ് കാണിക്കുന്ന സംഭവമുണ്ടാകുമ്പോൾ അതിനെ നിയന്ത്രിക്കാൻ ശേഷിയുള്ള ഒരാൾക്കുകൂടി ഉത്തരവാദിത്വമുണ്ടാകണമെന്ന അർത്ഥമാണുള്ളത്, അതിനെ അങ്ങനെ കണ്ടാൽ മതി. തെറ്റായി വ്യാഖ്യാനിക്കുന്നത് മോശമാണ്.

ശ്രീ. പി. സി. ജോർജ്: സർ, അദ്ദേഹം സംസാരിച്ചപ്പോൾ വികാരിമാരെപ്പോലും ശിക്ഷിക്കണമെന്ന് പറഞ്ഞു. കത്തോലിക്കക്കാരെ മുഴുവൻ അപമാനിച്ചു. (...ബഹളം...) ഒരു കാര്യം മാത്രം പറഞ്ഞാൽ മതി, അദ്ദേഹം സി.പി.ഐ.(എം)-ന്റെ രാഷ്ട്രീയ തീരുമാന പ്രകാരമാണോ ഇവിടെ സംസാരിച്ചത്? അദ്ദേഹം നാസ്തികനാണെന്നും സഭയുമായി ബന്ധമില്ലാത്ത ആളാണെന്നും പള്ളിയിൽ പോകാത്ത ആളാണെന്നും എനിക്കറിയാം. പള്ളിയിൽ പോകാത്തതിന് ഒരു വിരോധവുമില്ല. പള്ളിയിൽ പോകാത്തവർ മനുഷ്യരല്ലെന്ന അഭിപ്രായവും എനിക്കില്ല. പക്ഷേ, അദ്ദേഹം ഇത്രയുംനേരം പറഞ്ഞത് മാർക്സിസ്റ്റ്-കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും ഇടതുപക്ഷത്തിന്റെയും അഭിപ്രായമാണോയെന്ന് അറിയാൻ ആഗ്രഹമുണ്ട്. (.....ബഹളം....)

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ശ്രീ. ജോർജ് എം. തോമസ് സംസാരിക്കുന്നതിനിടെ നിരവധി പ്രാവശ്യം ഞാൻ അദ്ദേഹത്തോട് വഴങ്ങാൻ ആവശ്യപ്പെട്ടു, പക്ഷേ അദ്ദേഹം വഴങ്ങിയില്ല. അദ്ദേഹം പറഞ്ഞ കാര്യങ്ങൾ ശ്രദ്ധിച്ചുകൊണ്ടിരിക്കുകയായിരുന്നു ഞാൻ. ഇവിടെ സൂചിപ്പിച്ച വികാരിമാരുടെ കാര്യം വ്യക്തിപരമായ അഭിപ്രായമാണോയെന്ന് അദ്ദേഹംതന്നെ പറയണം. യൂറോപ്യൻ രാജ്യങ്ങളിൽ പള്ളികൾ അടച്ചുപൂട്ടിക്കൊണ്ടിരിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു. മൃതദേഹങ്ങളോട് ഏറ്റവും ബഹുമാനം പ്രകടിപ്പിക്കുന്ന സ്ഥലമാണത്. നമ്മുടെ രാജ്യത്തും മൃതദേഹങ്ങളോട് ബഹുമാനം കാണിക്കും. എന്നാൽ യൂറോപ്യൻ രാജ്യങ്ങളിൽ ഒരു ധനികൻ മരിച്ചാലും ചെറ്റക്കുടിലിലുള്ളയാൾ മരിച്ചാലും എല്ലാ ആദരവോടുംകൂടി ഒരുപോലെയാണ് മൃതദേഹം സംസ്കരിക്കുന്നത്. എല്ലാ ബഹുമാനത്തോടെയും ശവസംസ്കാരം നടത്തുന്നതിനുവേണ്ടിയാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. ഇതിനോട് ഞങ്ങൾക്ക് എതിർപ്പില്ല. സഭാവിഷയങ്ങളുമായോ പള്ളിത്തർക്കവുമായോ സംസ്കാരച്ചടങ്ങുമായോ പുലബന്ധം പോലുമില്ലാത്ത ഒരാളാണ് ഈ ബിൽ തയ്യാറാക്കിയിരിക്കുന്നതെന്ന് ഇത് വായിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. സെക്രട്ടേറിയറ്റിൽ നിന്നോ നിയമസഭയിൽ നിന്നോ ഒരു കുറിപ്പുണ്ടാക്കിക്കൊണ്ടുവന്ന് അവതരിപ്പിച്ചിരിക്കുകയാണ്. പള്ളികളിലെ തർക്കങ്ങൾ കൂടുതലുള്ള സ്ഥലങ്ങളിൽനിന്നും വരുന്ന ജനപ്രതിനിധികളാണ് ഞാനും ബഹുമാന്യരായ എൽദോസ് പി. കുന്നപ്പിള്ളിലും അൻവർ സാദത്തും. അത്തരം വിഷയങ്ങളിൽ മാന്യമായ നിലപാട് സ്വീകരിക്കാറുണ്ടെങ്കിലും മാനസികമായി ധാരാളം ബുദ്ധിമുട്ടുകളും ഞങ്ങൾ അനുഭവിക്കാറുണ്ട്. ക്രിസ്ത്യൻ സഭകളുമായി യാതൊരു ബന്ധവുമില്ലാതെ എഴുതി തയ്യാറാക്കിയ ഈ ബില്ലിൽ സബ്ജക്ട് കമ്മിറ്റിയിൽ വച്ച് ഭേദഗതി വരുത്താമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. തർക്കമില്ലാത്ത

മറ്റ് ക്രിസ്ത്യൻ സഭക്കാരിലുണ്ടായിരിക്കുന്ന ആശങ്കകൾ ചർച്ച ചെയ്ത് ദൂരീകരിക്കണം. മാന്യമായ രീതിയിൽ ശവസംസ്കാരം നടക്കണം. ഇതിന്റെ പേരിൽ ഇനിയൊരു പ്രശ്നമുണ്ടാകാൻ പാടില്ല. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, കാര്യങ്ങൾ വിമർശനാത്മകമായി പറയുന്ന ആളാണ് ശ്രീ. ജോർജ് എം. തോമസ്. ഇവിടെ കാട്ടുമൃഗങ്ങളെക്കുറിച്ചുള്ള ചർച്ച വരുമ്പോൾ കാട്ടിലെ മൃഗങ്ങളെയെല്ലാം വെടിവച്ചുകൊന്ന് ഭക്ഷിക്കാൻ നിയമമുണ്ടാകണമെന്നും കാട്ടുമൃഗങ്ങളെ വെടിവച്ചുകൊന്ന് അതിനെ ഭക്ഷിച്ചിട്ടുണ്ടെന്നും പറഞ്ഞ ആളാണ് അദ്ദേഹം. സഭയുടെ പ്രശ്നം വന്നപ്പോൾ സഭയിലെ പുരോഹിതന്മാരെയും ബന്ധപ്പെട്ടവരെയും കളിയാക്കി സംസാരിക്കുന്ന രീതിയുണ്ടായി. യാക്കോബായ-ഓർത്തഡോക്സ് വിഭാഗങ്ങൾ സഹോദരസഭകളാണ്. അവിടെ പ്രശ്നങ്ങളുണ്ടെങ്കിൽപ്പോലും ഞങ്ങളുടെ മനസ്സ് നല്ലതും ശുദ്ധവുമാണ്. ഈ പുരോഹിതരും സമുദായക്കാരും നാട്ടിൽ ധാരാളം നന്മകൾ ചെയ്തിട്ടുള്ളവരാണ്. ഈ നിയമം കൊണ്ടുവന്നതിന്റെ ഉദ്ദേശ്യശുദ്ധിയിൽ ഞങ്ങൾക്കിപ്പോൾ സംശയമുണ്ട്. ക്രൈസ്തവ സമുദായത്തിലെ പുരോഹിതർ നന്മ ചെയ്യുന്നവരാണ്. പ്രശ്നങ്ങളുണ്ടെങ്കിൽ പരിഹരിക്കപ്പെടേണ്ടത് അത്യാവശ്യമാണ്. തെറ്റുകൾ ചൂണ്ടിക്കാണിച്ചാൽ അവർ തിരുത്തും. അവർ എല്ലാം തികഞ്ഞവരാണെന്ന് ഞാൻ പറയുന്നില്ല. പക്ഷേ, പുരോഹിതന്മാരാണ് ഈ ഏർപ്പാട് ചെയ്ത് കൊടുക്കുന്നതെന്നും അവരാണ് പ്രശ്നങ്ങളുണ്ടാക്കുന്നതെന്നും സ്റ്റേ ചെയ്യുന്നത് അവരാണെന്നും അവരെ അകത്തിടണമെന്നും ഒരു ലക്ഷം രൂപവരെ പിഴ നൽകണമെന്നും മാക്സിമം ശിക്ഷിക്കട്ടെയെന്നും അഞ്ചെട്ടുവർഷം അകത്തുകിടക്കട്ടെയെന്നുമൊക്കെ ശ്രീ. ജോർജ് എം. തോമസ് ഇവിടെ പറയുമ്പോൾ അവർക്കൊരു മനസ്സുണ്ടെന്ന് അങ്ങ് മനസ്സിലാക്കണം. ഒരു സഭയിലെ അംഗമെന്ന നിലയിൽ ഇത്തരത്തിലുള്ള പ്രസ്താവനകൾ പിൻവലിക്കണമെന്ന് അങ്ങ് ഇവിടെ സൂചിപ്പിക്കുമല്ലോ.

ശ്രീ. മോൻസ് ജോസഫ്: സർ, തീർച്ചയായും. ശ്രീ. ജോർജ് എം. തോമസ് പറഞ്ഞ വികാരം ഉൾക്കൊള്ളണം. സി.പി.ഐ.(എം.) പാർട്ടിയുടെ നിലപാടാണോ അങ്ങ് പറഞ്ഞതെന്ന് ശ്രീ. പി. സി. ജോർജ് ചോദിച്ചു. പാർട്ടിയുടെ നിലപാടാണെന്ന് ഞങ്ങളാരും പറയുന്നില്ല. അതെല്ലാം അങ്ങയുടെ വ്യക്തിപരമായ പരാമർശങ്ങളായിത്തന്നെ കണക്കാക്കുകയാണ്. അങ്ങ് സംസാരിച്ചപ്പോൾ കത്തോലിക്ക സഭയെക്കുറിച്ച് ധാരാളം ആക്ഷേപം പറഞ്ഞു ......(ബഹളം).......... ഞാനത് വിവാദമാക്കാൻ ആഗ്രഹിക്കുന്നില്ല.

ശ്രീ. റ്റി. വി. രാജേഷ്: സർ, വസ്തുതാവിരുദ്ധവും തെറ്റിദ്ധാരണാജനകവുമായ കാര്യങ്ങളാണ് ശ്രീ. മോൻസ് ജോസഫ് പറയുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ജോർജ് എം. തോമസ് തന്നെ വിശദീകരണം നൽകട്ടെ.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഒരു മതവിഭാഗത്തെക്കുറിച്ചും തെറ്റായോ അനുചിതമായോ ആരും പരാമർശിച്ചിട്ടില്ല. വസ്തുതാവിരുദ്ധവും തെറ്റായ സന്ദേശവുമാണ് ഇതിന്റെ ഫലമായി ഉണ്ടാകാൻ പോകുന്നത്. വ്യക്തിപരമായ വിശദീകരണം നൽകാൻ ശ്രീ. ജോർജ് എം. തോമസിന് അവസരം നൽകണം.

ശ്രീ. മോൻസ് ജോസഫ്: സർ, ഇത് ബില്ലുമായി ബന്ധപ്പെട്ട ചർച്ചയാണ്. ശ്രീ. ജോർജ് എം. തോമസ് കാര്യങ്ങൾ വ്യക്തത വരുത്തുന്നതുതന്നെയാണ് നല്ലത്. ഞാൻ അദ്ദേഹത്തെ കുറ്റപ്പെടുത്തിയതല്ല. പണക്കാരായ ആളുകളുടെ സംസ്കാരരീതിയെക്കുറിച്ചാണ് അദ്ദേഹം പറഞ്ഞത്. ചിലപ്പോൾ ഒറ്റപ്പെട്ട സംഭവങ്ങളുണ്ടാകാം. ഇല്ലെന്ന് ഞാൻ പറയുന്നില്ല.

ശ്രീ. എ. എൻ. ഷംസീർ: സർ, തുടക്കത്തിൽതന്നെ ചർച്ച വഴിതിരിച്ചുവിടാനാണ് നിങ്ങൾ ശ്രമിച്ചത്. ശ്രീ. ജോർജ് എം. തോമസിന്റെ പ്രസംഗത്തിന്റെ ചില ഭാഗങ്ങൾ അടർത്തിയെടുത്ത് നിങ്ങൾക്കിഷ്ടമുള്ള രീതിയിൽ വ്യാഖ്യാനിക്കാൻ ശ്രമിച്ചു. നിങ്ങളുടെ വാക്കുകളിലാണ് നിങ്ങളുടെ പ്രസംഗം തുടങ്ങേണ്ടത്. നിങ്ങൾ പ്രസംഗം തുടങ്ങിയതുതന്നെ അദ്ദേഹത്തിന്റെ പ്രസംഗത്തെ ക്വാട്ട് ചെയ്തുകൊണ്ടാണ്. സാധാരണ ചർച്ച ചെയ്യുമ്പോൾ നിങ്ങളുടെ ഭാഗം പ്രസന്റ് ചെയ്തുവേണം സംസാരിക്കാൻ. പ്രസംഗം തുടങ്ങിയതിൽത്തന്നെ ചില ദുഷ്ടലാക്കുണ്ടായിരുന്നു. അത് ശരിയല്ല.

ശ്രീ. മോൻസ് ജോസഫ്: സർ, ഇപ്പോൾ വാദി പ്രതിയാകുകയാണ്. അദ്ദേഹം പറഞ്ഞതിന് എന്നെ കുറ്റപ്പെടുത്തുകയാണോ? ബഹുമാനപ്പെട്ട എ. എൻ. ഷംസീർ പറഞ്ഞത് ശരിയല്ല. താങ്കൾ ശ്രീ. ജോർജ് എം. തോമസിനെ തിരുത്താൻ ശ്രമിക്കൂ.

ശ്രീ. ജോർജ് എം. തോമസ്: സർ, ഞാനും ശ്രീ. മോൻസ് ജോസഫും ഒരേ നാട്ടുകാരും പറഞ്ഞുവന്നാൽ കുടുംബക്കാരുമാണ്. ഞാൻ കത്തോലിക്ക സഭയെക്കുറിച്ച് എന്താണ് പറഞ്ഞത്? ഒന്നും പറഞ്ഞിട്ടില്ല. കത്തോലിക്ക സഭയ്ക്ക് ഇക്കാര്യത്തിൽ ഉത്കണ്ഠയുടെ ആവശ്യമില്ല. ഇത് അവരെ ബാധിക്കുന്ന പ്രശ്നമല്ലെന്നുപറഞ്ഞ് കത്തോലിക്ക സഭയിലെ ചില പ്രമാണിമാരെ പഴയകാലത്ത് തെമ്മാടിക്കുഴിയിൽ അടക്കിയിരുന്നിടത്തുനിന്നും ഇവിടെവരെയെത്തിയെന്നും ഇപ്പോൾ ചില പ്രമാണിമാർ ചൈനയിൽനിന്നും പെട്ടി വന്നതിനുശേഷം അതിൽ കിടക്കാൻ നിൽക്കുകയാണെന്നും മാത്രമേ ഞാൻ പറഞ്ഞിട്ടുള്ളൂ. അത് ഒരു സഭയെ കുറ്റപ്പെടുത്തലാണോ?

ശ്രീ. മോൻസ് ജോസഫ്: സർ, അങ്ങ് പറഞ്ഞ അഭിപ്രായം സ്വീകരിച്ച് ആ വിഷയം ഞാൻ അവസാനിപ്പിക്കുന്നു. അങ്ങ് പറഞ്ഞതിൽ മൃതശരീരങ്ങൾക്ക് വിലപേശാൻ പാടില്ല, മാന്യമായി സംസ്കരിക്കാൻ സാഹചര്യമുണ്ടാകണം എന്ന പോയിന്റിനോട് ഞാൻ പൂർണ്ണമായി യോജിക്കുന്നു. അതാണ് ഈ ബില്ലിന്റെ കാതൽ. അത് യാതാർത്ഥ്യമാകേണ്ട കാര്യമാണ്. യാക്കോബായ-ഓർത്തഡോക്സ് വിഭാഗങ്ങൾക്കിടയിലുണ്ടായ തർക്കങ്ങൾ പരിഹരിക്കുന്നതിനുള്ള പശ്ചാത്തലം മന്ത്രി ശ്രീ. എ. കെ. ബാലൻ ഇവിടെ ചൂണ്ടിക്കാണിച്ചത് ഞങ്ങൾ അംഗീകരിക്കുകയാണ്. ഇതേത്തുടർന്ന് വന്നിരിക്കുന്ന ആശങ്ക വിവിധ തലങ്ങളിലേയ്ക്ക് വളർന്നിരിക്കുകയാണ്. അത് പരിഹരിക്കണമെന്നേയുള്ളൂ. ഇത് ഊതിവീർപ്പിച്ച് വലിയ പ്രശ്നമാക്കാനല്ല ഉദ്ദേശിക്കുന്നത്. ആ സ്പിരിറ്റും ഗവൺമെന്റ് ഉൾക്കൊള്ളണമെന്നത് പ്രധാനപ്പെട്ട കാര്യമാണ്. റോമൻ കത്തോലിക്കാ സഭയ്ക്ക് ആശങ്കയുടെ ആവശ്യമില്ലെന്നും ഭാവിയിൽ പ്രശ്നമുണ്ടായാൽ അപ്പോൾ പരിശോധിക്കാമെന്നും 'Vicar' എന്നതിനെക്കുറിച്ച് ബില്ലിൽ വ്യവസ്ഥ ചെയ്യുന്ന ഭാഗത്ത് തിരുത്തൽ വേണമെന്നും അങ്ങ് ചൂണ്ടിക്കാണിക്കുകയുണ്ടായി. Representation from Kerala Catholic Bishop council is to bring to your kind attention to the following എന്നുപറഞ്ഞ് ഈ ബില്ലിലെ പ്രിയാമ്പിൾ മുതലുള്ള പ്രസക്തമായ കാര്യങ്ങളുൾപ്പെടെ കത്തോലിക്കാ സഭയ്ക്കുണ്ടാകുന്ന ആശങ്കാജനകമായ സാഹചര്യത്തെയും മാന്യമായ രീതിയിൽ ശവസംസ്കാരം നടന്നുകൊണ്ടിരുന്നിടത്ത് ഭാവിയിലുണ്ടാകാൻപോകുന്ന വിവാദങ്ങളെയും ചൂണ്ടിക്കാണിച്ച് ഭേദഗതികളോടുകൂടി മാത്രമേ ഈ ബിൽ പാസ്സാക്കാവൂവെന്ന് ഗവൺമെന്റിന് കത്ത് നൽകിയിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും പ്രതിപക്ഷ നേതാവിനുമുൾപ്പെടെ എല്ലാവർക്കും ആ കത്ത് നൽകിയിട്ടുണ്ട്. അതിൽ 'Vicar' includes priest, pastor or a person who perfoms the rituals of burial. However the term 'Vicar' means the priest who is appointed by the Bishop as the one in-charge of the priest. One who performs the rituals is called a Minister. So need not necessarily be the Vicar of that Parish. ഇത് കേരള കാത്തലിക് ബിഷപ്സ് കൗൺസിലിന്റെ പ്രസിഡന്റ് എന്ന നിലയിൽ കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി (കെ.സി.ബി.സി.) ഗവൺമെന്റിന് കൊടുത്തിരിക്കുന്ന കത്തിലെ പ്രസക്തമായ ഒരു ഭേദഗതിയാണ്. ഇതുപോലെ പത്ത് ഭേദഗതികൾ അദ്ദേഹം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കേരളത്തിലെ കത്തോലിക്കാ സഭ വളരെ ആശങ്കയോടെയാണ് ഈ വിഷയത്തെ നോക്കിക്കാണുന്നത്. ആശങ്കാജനകമായ സാഹചര്യത്തിലേയ്ക്ക് ഈ ബിൽ കൊണ്ടുപോകരുതെന്ന് ഗവൺമെന്റിനുമുന്നിൽ അപേക്ഷിച്ചിരിക്കുകയാണ്. ഇത് പരിഗണിക്കണ്ടേ? പ്രശ്നങ്ങൾ സൃഷ്ടിക്കാൻ ഊതിവീർപ്പിച്ച് പറഞ്ഞ നിർദ്ദേശങ്ങളാണെന്ന നിലയിൽ ഇതിനെ കാണരുത്. ശ്രീ. എസ്. ശർമ്മ ചൂണ്ടിക്കാണിച്ച, ഗവൺമെന്റ് ലക്ഷ്യം വച്ച

കാര്യത്തോട് ഞങ്ങളെല്ലാം സഹകരിക്കുന്നു. മൃതശരീരം മാന്യമായ രീതിയിൽ സംസ്കരിക്കപ്പെടണം, ഇക്കാര്യത്തിൽ തർക്കങ്ങളുണ്ടാകുന്നത് ശരിയല്ല. രണ്ട് സമുദായങ്ങൾ തമ്മിലുണ്ടായ പ്രശ്നത്തെത്തുടർന്നുവന്ന കാര്യങ്ങളാണിത്. അത് പരിഹരിക്കപ്പെടണം. ഞങ്ങൾ പറയുന്നത് രണ്ട് സമുദായത്തെയും കേൾക്കാൻ തയ്യാറാകണമെന്നുള്ളതാണ്. നാളെ ഇതും കോടതിയിലേയ്ക്ക് വരുന്ന അവസ്ഥയുണ്ടായാലോ? ഗവൺമെന്റ് ലക്ഷ്യംവയ്ക്കുന്ന കാര്യങ്ങൾ മാന്യമായി നടക്കണമെങ്കിൽ യാക്കോബായ സഭയെയും ഓർത്തഡോക്സ് സഭയെയും കേൾക്കണം. അതിന്റെയടിസ്ഥാനത്തിൽ അവരുടെ ആശങ്കകൾ പരിഹരിച്ച് അവർക്കും ശവസംസ്കാരം നടത്താനും ദേവാലയത്തിൽ പ്രാർത്ഥന നടത്താനും സാധിക്കണം. സമാധാനപരമായി കാര്യങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി മന്ത്രിസഭാ ഉപസമിതി നടപടിക്രമങ്ങളുമായി മുന്നോട്ടുപോകേണ്ടതും അത്യാവശ്യമാണ്. ആ പ്രശ്നം പരിഹരിക്കപ്പെടുമ്പോൾ നൂറുകണക്കിന് പുതിയ പ്രശ്നങ്ങളുണ്ടാകുന്ന അവസ്ഥയിലേയ്ക്കാണ് ഇപ്പോൾ കാര്യങ്ങൾ പോകുന്നതെന്നത് ഗവൺമെന്റ് ഗൗരവമായി കാണേണ്ടതുണ്ട്.

ശ്രീ. എം. വിൻസെന്റ്: സർ, ശ്രീ. ജോർജ് എം. തോമസ് ഇവിടെ ചില പരാമർശങ്ങൾ നടത്തി. അദ്ദേഹം എന്ത് പറഞ്ഞു എന്നതിനെക്കുറിച്ച് ഞാൻ വ്യാഖ്യാനിക്കുന്നില്ല. അദ്ദേഹം പറഞ്ഞതെല്ലാം സഭാരേഖയിലുണ്ട്. അതിനെല്ലാം സി.പി.ഐ.(എം)-ന്റെ നയവും പിന്തുണയുമുണ്ടോ എന്നുള്ളതാണ് പ്രസക്തമായ ചോദ്യം. ഞങ്ങൾ അതിനെ വ്യാഖ്യാനിക്കുന്നില്ല. പക്ഷേ, അദ്ദേഹം പറഞ്ഞത് സി.പി.ഐ.(എം)-ന്റെയും ഇടതുപക്ഷത്തിന്റെയും നയമാണോ എന്നത് വ്യക്തമാക്കണം. യാതൊരു പ്രശ്നവുമില്ലാതെ സമാധാനപരമായി മൃതദേഹങ്ങൾക്ക് കൊടുക്കേണ്ടുന്ന എല്ലാ പവിത്രതയും കൊടുത്ത് സംസ്കരിക്കുന്ന ഒരുപാട് സഭാവിഭാഗങ്ങളുണ്ട്. അത് കത്തോലിക്ക മാത്രമല്ല, സി.എസ്.ഐ., പെന്തകോസ്ത് അങ്ങനെയുള്ള വിഭാഗങ്ങളുമുണ്ട്. ഈ നിയമം പ്രാബല്യത്തിൽ വരുന്നതുവരെ അവരുടെ ശവസംസ്കാര ചടങ്ങുകളെ കൂടുതൽ പ്രശ്നങ്ങളിലേയ്ക്ക് കൊണ്ടുപോകരുത്. തർക്കമുണ്ടാക്കാൻവേണ്ടി ഇരിക്കുന്ന ചിലയാളുകൾ ഓരോ ഇടവകകളിലുമുണ്ട്. അങ്ങനെയുള്ളവർക്ക് ആയുധം കൊടുത്തുകൊണ്ട് തർക്കങ്ങൾക്ക് നിയമപരമായ പിൻബലംകൂടി നൽകുന്ന ഒന്നായി ഇത് മാറരുത്. കത്തോലിക്ക സഭയിലെ പല പള്ളികളിൽനിന്നും സമ്പന്നൻമാർക്കും ദരിദ്രർക്കും ഒരുപോലെ ശവപ്പെട്ടിയും ശവസംസ്കാരത്തിനുള്ള മറ്റെല്ലാ കാര്യങ്ങളും കൊടുക്കുന്നുണ്ട്. സമ്പന്നന് ആർഭാടമായ ശവപ്പെട്ടിയൊന്നുമില്ല. എല്ലാം ഒരേരീതിയിൽ കൊടുത്ത് ഒരു തർക്കവുമില്ലാതെ സംസ്കാരച്ചടങ്ങുകൾ നടത്തുന്ന സഭാവിഭാഗങ്ങളെ തർക്കത്തിലേയ്ക്ക് തള്ളിവിടുന്നത് ശരിയല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എം. വിൻസെന്റ്....പ്ലീസ്...

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഞാൻ അവസാനിപ്പിക്കാം. മുൻഗാമികൾ ഉൾപ്പെടുന്ന സഭയിൽ നിന്ന് പിൻതലമുറ മാറി മറ്റൊരു വിഭാഗത്തിൽ ചേർന്നിട്ട് പിൽക്കാലത്ത് അവർ ഇവിടെ വന്ന് ശവമടക്ക് നടത്തണമെന്ന് പറയുമ്പോൾ പുതിയ തർക്കങ്ങളുണ്ടാകുമെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ശ്രീ. എം. വിൻസെന്റ് ചൂണ്ടിക്കാണിച്ച പ്രശ്നം ഈ ബില്ലിൽ നിലനിൽക്കുകയാണ്. ക്രൈസ്തവസഭയിൽത്തന്നെ വിവിധ വിഭാഗങ്ങളാണുള്ളത്. ആ വിഭാഗങ്ങൾക്കെല്ലാം ഓരോ ആചാരങ്ങളും അനുഷ്ഠാനങ്ങളുമാണുള്ളത്. ക്നാനായ സമുദായത്തിന്റെ കുടിയേറ്റ വാർഷികം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് കണ്ണൂരിൽ ഉദ്ഘാടനം ചെയ്തത്. ക്നാനായ സമുദായത്തിന്റെ ആചാരപ്രകാരം ആ സമൂഹത്തിൽ നിന്നുമാത്രമേ അവർക്ക് വിവാഹം കഴിക്കാൻ സാധിക്കുകയുള്ളൂ. അല്ലെങ്കിൽ അയാൾ ആ കമ്മ്യൂണിറ്റിക്ക് പുറത്താകും. ക്നാനായ സമുദായം endogamy വിശ്വാസത്തിൽ നിൽക്കുകയാണ്. അവർ ആ ആചാരാനുഷ്ഠാനങ്ങളിൽ ഉറച്ചുനിൽക്കുന്നു. ഇപ്പോൾ ഇവിടെ പറഞ്ഞതനുസരിച്ച് സ്വന്തം കമ്മ്യൂണിറ്റിയിൽ നിന്ന് വിവാഹം കഴിക്കാത്ത നിരവധിയാളുകളുണ്ട്. അവർ പുറത്തുനിൽക്കുകയാണ്. ഈ ബിൽ അനുസരിച്ചാണെങ്കിൽ, പൂർവ്വികരെ അടക്കം ചെയ്തതിന്റെ പശ്ചാത്തലത്തിൽ അങ്ങനെ പുറത്തായവരും മൃതദേഹവുമായി പള്ളിയിലേയ്ക്ക് വരില്ലേ; അവരെ അടക്കണ്ടേ? അപ്പോൾ വലിയ പ്രശ്നമുണ്ടാകും. ഇതുപോലെയുള്ള സങ്കീർണ്ണമായ പ്രശ്നങ്ങൾ ഓരോ ക്രൈസ്തവ വിഭാഗങ്ങളുമായി ബന്ധപ്പെട്ട് നിൽക്കുന്നുവെന്നത് ഗവൺമെന്റ് ഗൗരവമായി കാണണമെന്നതാണ് ഈ ചർച്ചയിലൂടെ ഞങ്ങൾ ചൂണ്ടിക്കാണിക്കുന്നത്. ഇവിടെ അടക്കം ചെയ്യാൻ കഴിയാതെ പോയതും പ്രശ്നങ്ങളുണ്ടായതും പരിഹരിക്കണമെന്ന കാര്യത്തിൽ തർക്കമില്ല. അതിൽ ഉറച്ചുനിന്നുകൊണ്ട് നല്ല നിലപാടെടുക്കുമ്പോൾ ബാക്കിയാളുകളെ മുഴുവൻ കുഴപ്പത്തിലേയ്ക്ക് കൊണ്ടുവരുന്ന സാഹചര്യമുണ്ടാകരുത്. അതുകൊണ്ട് ഈ ബിൽ ലിമിറ്റ് ചെയ്യേണ്ടതായിട്ടുണ്ട്. വേണമെങ്കിൽ ഗവൺമെന്റിന് ബിൽ ലിമിറ്റ് ചെയ്യാം. അങ്ങനെയുള്ള നിർദ്ദേശങ്ങൾ ഇവിടെ ഉയർന്നുവന്നല്ലോ. ശ്രീ. എസ്. ശർമ്മ അങ്ങനെയൊരു നിർദ്ദേശം വച്ചു. അതിനുമുമ്പ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും പറഞ്ഞു. ഇത് ഗവൺമെന്റ് പരിശോധിക്കേണ്ട വിഷയമാണ്. അങ്ങനെ ലിമിറ്റ് ചെയ്താൽ നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാനും ബാക്കിയുള്ള കാര്യങ്ങൾ ഒഴിവാക്കാനും കഴിയും. അതുപോലെ, ഭരണഘടനാനുസൃതമായി ക്രൈസ്തവസഭകൾക്കുള്ള മതപരമായ ആചാരാനുഷ്ഠാന സ്വാതന്ത്ര്യത്തിനുമേൽ ഗവൺമെന്റ് കടന്നുകയറാൻ ശ്രമിക്കുന്നത് ശരിയാണോയെന്ന വിമർശനവും ഉയരുകയാണ്. ഗവൺമെന്റ് അതിലേയ്ക്ക് പോകേണ്ട ഒരു കാര്യവുമില്ല.

വെറുതെയിരിക്കുന്ന സഭകളെയെല്ലാം പ്രശ്നങ്ങളിലേയ്ക്ക് വലിച്ചിഴച്ച് അവരെ നിയമത്തിന്റെ കുരുക്കിൽ കൊണ്ടുവന്ന് ഗവൺമെന്റും സഭകളും തമ്മിലുള്ള ഏറ്റുമുട്ടലായി ഒരു പുതിയ സാമൂഹ്യപ്രശ്നം ഇവിടെ ഉയർത്തിക്കൊണ്ടുവരാൻ നേതൃത്വം കൊടുക്കുന്ന ഒരവസ്ഥ ഈ ബില്ലിന്റെ ഭാഗമായുണ്ടാകുന്നത് ശരിയല്ലെന്നാണ് പറയാനുള്ളത്. ഒരു പ്രശ്നം പരിഹരിക്കാൻ ഗവൺമെന്റ് തുടക്കംകുറിച്ച കാര്യം വലിയ പ്രശ്നങ്ങളിലേയ്ക്ക് പോകുന്ന അവസ്ഥ ഒഴിവാക്കപ്പെടേണ്ടതാണ്. അതിന് ഗവൺമെന്റ് പ്രത്യേക ശ്രദ്ധ കൊടുക്കണം. ഇന്നത്തെ സാഹചര്യത്തിൽ ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് വിട്ടാൽ ആ കമ്മിറ്റിയിൽ അംഗങ്ങളായ ഏതാനും പേർക്ക് മാത്രമാണ് അതിൽ ഇടപെടാൻ കഴിയുന്നത്. ചെറിയ ചെറിയ ഭേദഗതികൾ എന്ന നിലയിലേയ്ക്ക് വരും. ഈ ബിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും. ഇത് നമ്മുടെ നിയമസഭയുടെ ചരിത്രത്തിൽ ഒരു കറുത്ത അദ്ധ്യായത്തിന് ഇടവരുത്തും. അതിലേയ്ക്ക് പോകാതെ കുറ്റമറ്റനിലയിൽ പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് മൃതശരീരങ്ങൾ സംസ്കരിക്കാൻ കഴിയുന്ന തരത്തിൽ യാക്കോബായ-ഓർത്തഡോക്സ് സഭകൾ തമ്മിലുണ്ടായ നിർഭാഗ്യകരമായ പ്രശ്നങ്ങൾ പരിഹരിക്കപ്പെടാനും മറ്റുള്ളവരിലുണ്ടായിരിക്കുന്ന ആശങ്ക ദൂരീകരിക്കാനും കഴിയുന്ന വിധത്തിലേയ്ക്ക് കാര്യങ്ങൾ പോകണമെങ്കിൽ ഈ ബിൽ സെലക്ട് കമ്മിറ്റിക്ക് വിടുന്നത് തന്നെയാണ് നല്ലത്. പൊതുജനാഭിപ്രായം തേടുമ്പോൾ സഭകൾക്ക് അഭിപ്രായം പറയാം. ആശങ്ക ചൂണ്ടിക്കാണിച്ച ബഹുമാനപ്പെട്ട ബിഷപ്പുമാരെയും വിവിധ സഭാ വിഭാഗങ്ങളെയും ഗവൺമെന്റ് കേൾക്കുന്നതിന് മനസ്സുകാണിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അവരുടെ ആശങ്കകളും നിർദ്ദേശങ്ങളും കേട്ടുകൊണ്ട് ഉചിതമായ തീരുമാനമെടുക്കണം.

ശ്രീ. റോജി എം. ജോൺ: സർ, ഇവിടെ യാക്കോബായ വിഭാഗങ്ങൾക്ക് പരിരക്ഷ കൊടുക്കുന്നതിനുവേണ്ടിയാണ് ഈ നിയമം കൊണ്ടുവന്നിരിക്കുന്നത്. പക്ഷേ അവിടെയും ഒരു പോരായ്മ കാണുന്നുണ്ട്. ഒന്ന്, ഒരു ഇടവകയിൽ നിന്നും മാറി പുതിയൊരു ഇടവകയിൽ അംഗത്വമെടുത്തയാളുകളുടെ മൃതശരീരം അടക്കം ചെയ്യാൻ എന്തു ചെയ്യും? ആ ഇടവകയിൽ അവരുടെ പൂർവ്വികരെ സ്വാഭാവികമായി അടക്കം ചെയ്തിട്ടില്ല. അവരുടെ പൂർവ്വികരെ അടക്കം ചെയ്തിരിക്കുന്നത് അവർ മുമ്പ് താമസിച്ചിരുന്ന ഇടവകയിലാണ്. ഇപ്പോൾ പുതിയൊരു ഇടവകയിൽ വന്ന് താമസമാക്കി അവിടെ അംഗത്വമെടുത്താൽപ്പോലും സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ പള്ളി ഓർത്തഡോക്സ് വിഭാഗത്തിന്റെ കൈകളിലേയ്ക്ക് പോയിക്കഴിഞ്ഞാൽ ആ ഇടവകയിൽ അയാളുടെ മൃതശരീരം അടക്കാൻ സാധിക്കില്ല. കാരണം ബില്ലിൽ പറയുന്നതുപ്രകാരം നിയമപരമായി ആ

വ്യക്തിയുടെ പൂർവ്വികരെ അടക്കം ചെയ്തിരിക്കുന്ന പള്ളിയിൽ പോയി അടക്കം ചെയ്യേണ്ട സാഹചര്യമുണ്ടാകുകയാണ്. അവിടെ യാക്കോബായ വിഭാഗത്തിൽപ്പെട്ടയാളുടെ മൃതശരീരം അടക്കം ചെയ്യാൻ ഈ ബിൽ പരിരക്ഷ നൽകുന്നില്ല. അങ്ങനെയൊരു പോരായ്മയും ഇതിലുണ്ട്. അപ്പോൾ യാക്കോബായ വിഭാഗത്തിൽപ്പെട്ട ആളുകളുടെ മൃതശരീരം അടക്കം ചെയ്യാനായി ഈ ബിൽ രൂപം കൊടുത്തിട്ടുണ്ടെങ്കിൽപ്പോലും ഇത്തരത്തിലുള്ള അതിന്റെ സാധ്യതകളും മറ്റ് സാഹചര്യങ്ങളും ഈ ബില്ലിൽ പരിഗണിക്കുന്നില്ല എന്നുള്ളത് പോരായ്മയല്ലേ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഇവിടെ നടന്ന ചർച്ചയിൽ ഒട്ടേറെ അഭിപ്രായങ്ങൾ ഉയർന്നുവന്നു. ഗവൺമെന്റ് മനസ്സിലാക്കേണ്ടത് ഈ ബില്ലിന്റെ സ്വഭാവത്തിൽ വന്ന സ്പിരിറ്റിനെ എല്ലാവരും ഉൾക്കൊണ്ടു എന്നുള്ളതാണ്. ഇവിടെ രണ്ട് വിഭാഗങ്ങൾ തമ്മിലുണ്ടായ തർക്കത്തിന്റെ ഭാഗമായിട്ടാണ് ഈ വിഷയം രൂപപ്പെട്ടത്. എന്നാൽ ഭൂരിപക്ഷം വരുന്ന ക്രൈസ്തവ സമൂഹത്തിൽ പുതിയൊരു ആശങ്കയ്ക്കിടനൽകാൻ തക്കവിധത്തിലുള്ള ആശയം രൂപപ്പെട്ടുവന്നുവെന്നുള്ളതാണ് പരമപ്രധാനം. ആശങ്ക ആവശ്യമില്ലെന്ന് ആവർത്തിച്ച് പറയുമ്പോഴും ക്രൈസ്തവ സഭ എന്നുള്ളതിന് ഓർഡിനൻസിലും ബില്ലിലും വന്ന വാക്കുകൾ തമ്മിലുള്ള വ്യത്യാസം വളരെ ശ്രദ്ധേയമാണ്. ഓർഡിനൻസിൽ കൃത്യമായി പറയുന്നുണ്ട്. പക്ഷേ, ബില്ലിൽ ക്രൈസ്തവ സഭകളെ മുഴുവൻ ബാധിക്കത്തക്കവിധത്തിലാണ് പറഞ്ഞിരിക്കുന്നത്. ശ്രീ. ജോർജ് എം. തോമസ് പ്രസംഗിച്ചപ്പോൾ സീറോ മലബാർ സഭയ്ക്ക് ഒരാശങ്കയും വേണ്ടെന്ന് പറഞ്ഞു. അത് എങ്ങനെ പറയാൻ കഴിയും? സീറോ മലബാർ സഭയ്ക്ക് ആശങ്ക വേണ്ടെന്ന് ബില്ലിൽ എവിടെയെങ്കിലും പറയുന്നുണ്ടോ; ക്രൈസ്തവസഭയെ മുഴുവനായിട്ടാണ് പരാമർശിച്ചിട്ടുള്ളത്. ഭാവിയിൽ ഇത് വലിയ വിപത്തുണ്ടാക്കും. അതുകൊണ്ട് ഈ ചർച്ചയുടെ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ട് ഇത് സെലക്ട് കമ്മിറ്റിക്ക് അയയ്ക്കുകയോ സഭാമേലദ്ധ്യക്ഷന്മാരുമായിട്ടെങ്കിലും ചർച്ച നടത്തുകയോ ചെയ്യണം. ആലഞ്ചേരി പിതാവ് ഇതുമായി ബന്ധപ്പെട്ട് ഗവൺമെന്റിന് കത്ത് തന്നിരുന്നു. നിയമത്തിന്റെ പേരുതന്നെ 2020-ലെ ക്രിസ്ത്യൻ സെമിത്തേരികൾ എന്നാണ്. സഭയുടെ മേലദ്ധ്യക്ഷനെന്ന നിലയിൽ ആലഞ്ചേരി പിതാവ് തന്ന കത്തിന്റെ ചുവടുപിടിച്ചാണെങ്കിലും ചർച്ചകൾക്ക് വിധേയമാക്കി കുറ്റമറ്റരീതിയിൽ ഇത് നടപ്പിലാക്കണം. മൃതദേഹം സംസ്കരിക്കുന്നതുമായി ബന്ധപ്പെട്ടുണ്ടാകുന്ന തർക്കങ്ങൾ നമുക്ക് ഭൂഷണമല്ല. പക്ഷേ, അതിന്റെ പേരിൽ ഒരു നിയമം നടപ്പിലാക്കുമ്പോൾ ഭാവിയിലെ അപകടങ്ങൾ ഒഴിവാക്കാനാകുംവിധം കുറ്റമറ്റതായിരിക്കണം. നമ്മുടെ സമൂഹത്തിലുള്ള ഭരണപരമായ കാര്യങ്ങളെപ്പോലെയല്ല

ഇത്. സെമിത്തേരി സ്വകാര്യ സ്ഥലമാണ്, പള്ളിയുടേതാണ്, ഇടവകയുടേതാണ്. മതമേലദ്ധ്യക്ഷന്മാരാണ് അതിന്റെ ചുമതലയും ഉത്തരവാദിത്വവുമുള്ളവർ. പാരിഷ് പ്രീസ്റ്റിനാണ് പരമ്പരാഗതമായി വരുന്ന വിഭാഗത്തെക്കുറിച്ച് തീരുമാനം പറയാൻ അർഹതയുള്ളത്. അത് ഭാവിയിൽ തഹസീൽദാരോ മറ്റാരെങ്കിലുമോ നിശ്ചയിക്കുന്ന തരത്തിലേയ്ക്ക് വന്നാൽ ഒരു പൊതുശ്മശാനത്തിന്റെ സ്വഭാവത്തിലേയ്ക്ക് മാറും, അത് ഉപേക്ഷിച്ചതിനേക്കാൾ ഗൗരവപൂർവ്വമായ സാഹചര്യത്തിലേയ്ക്ക് വന്നെത്തും. അതുകൊണ്ട് ഈ ചർച്ചയുടെയെല്ലാം സ്പിരിറ്റ് ഉൾക്കൊണ്ട് എല്ലാവരുടെയും പങ്കാളിത്തത്തോടുകൂടി കേരളത്തിന്റെ പൊതുവികാരം മനസ്സിലാക്കി തിടുക്കം കാണിക്കാതെ തർക്കങ്ങൾ പരിഹരിക്കാനുതകുന്ന വിധത്തിൽ ഈ ബിൽ പാസ്സാക്കണമെന്ന കാര്യത്തിൽ അങ്ങയുടെ അഭിപ്രായം എന്താണ്?

5.00 P.M.]

<u>ഡോ. എൻ. ജയരാജ്</u>: സർ, ഒരു കാര്യംകൂടി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. 'സെമിത്തേരി' എന്നാൽ ഇടവകാംഗങ്ങളുടെ മൃതദേഹങ്ങൾ, മൃതദേഹം ജഡമായോ സംസ്കാര പ്രക്രിയയിലൂടെ ചാരമായി മാറിയിട്ടുള്ളതോ ആയിരുന്നാലും ഒരു കോൺക്രീറ്റ് അറയിൽ അല്ലെങ്കിൽ തറയിൽ എടുത്തിട്ടുള്ള കുഴിയിൽ അടക്കം ചെയ്യുന്നതിനായി വേർതിരിച്ചിട്ടുള്ള ഒരു സ്ഥലം എന്നാണ് ബില്ലിൽ പറഞ്ഞിരിക്കുന്നത്. അങ്ങനെ പറയുന്നത് തെറ്റാണ്. കാരണം, ക്രൈസ്തവ വിഭാഗങ്ങളുടെയിടയിൽ മൃതദേഹം ദഹിപ്പിച്ച് ചാരമാക്കുന്ന ആചാരമില്ല, ഹൈന്ദവ വിഭാഗങ്ങളിൽ മാത്രമാണ് ദഹിപ്പിക്കുന്ന പ്രക്രിയയുള്ളത്. അപ്പോൾ ഇല്ലാത്ത ഒരു കാര്യംകൂടി നിയമത്തിൽ എഴുതിച്ചേർത്ത് 'Making simple things more complicated' എന്ന് പണ്ട് പറഞ്ഞതുപോലെ പ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണമാക്കരുതെന്നാണ് പറയാനുള്ളത്.

<u>ശ്രീ. പി. സി. ജോർജ്</u> : സർ, ഇവിടെ ബഹുമാനപ്പെട്ട എന്റെ സുഹൃത്ത് ജോർജ് എം. തോമസ് സംസാരിച്ചപ്പോൾ പല പ്രാവശ്യം തെമ്മാടിക്കുഴിയെന്ന് പറഞ്ഞു. എനിക്ക് മനസ്സിലായില്ല, എന്റെ അറിവിൽ ക്രൈസ്തവ സഭകളിൽ ഒരിടത്തും തെമ്മാടിക്കുഴിയില്ല. അങ്ങനെ അടക്കുന്ന രീതി പഴയകാലത്തുണ്ടായിരുന്നുവെന്നാണ് പറയുന്നത്. അദ്ദേഹത്തിന് പേടിയുണ്ട്, പേടിക്കണ്ട ജോർജ് എം. തോമസേ, അങ്ങ് മരിച്ചാൽ പള്ളിയിൽ അടക്കം ചെയ്തേക്കാം. ഇപ്പോൾ തെമ്മാടിക്കുഴിയെന്നൊരു ഭാഗമില്ല, ഇല്ലാത്ത കാര്യം പറഞ്ഞ് സഭയെ തെറ്റിദ്ധരിപ്പിക്കരുത്. ഡോ. എൻ. ജയരാജ് പറഞ്ഞതും ശ്രീ.

ജോർജ് എം. തോമസ് ശ്രദ്ധിക്കണം. ക്രൈസ്തവ സഭയെപ്പറ്റി എന്തെങ്കിലും അറിയാവുന്ന ഒരാളാണ് ഈ നിയമം രൂപീകരിച്ചതെന്ന് പറയാൻ പറ്റുമോ? ഇത് ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കേണ്ട കാര്യമാണ്. എവിടെയാണ് ക്രിസ്ത്യാനികളുടെ മൃതദേഹം ചാരമാകുന്നത്?

ശ്രീ. ജെയിംസ് മാത്യു: സർ, പാലായിൽ യു.ഡി.എഫ്.-ന്റെ സ്ഥാനാർത്ഥിയായിരുന്ന ജോസഫ് പുലിക്കുന്നേലിന്റെ മൃതദേഹം ദഹിപ്പിക്കുകയാണ് ചെയ്തത്.

ശ്രീ. പി. സി. ജോർജ്: സർ, ജോസഫ് പുലിക്കുന്നേൽ ക്രിസ്ത്യാനിയെന്ന് പറഞ്ഞിട്ട് വല്ല അർത്ഥവുമുണ്ടോ? അദ്ദേഹം ക്രൈസ്തവ സഭയുടെ ശത്രുവായിരുന്നു. അദ്ദേഹം ചാരമായിപ്പോയി, അതിന് ക്രിസ്ത്യാനിറ്റിയുമായി ഒരു ബന്ധവുമില്ല.

ശ്രീ. മോൻസ് ജോസഫ്: സർ, ശ്രീ. ജെയിംസ് മാത്യുവിന് തെറ്റുപറ്റി. ജോസഫ് പുലിക്കുന്നേൽ അദ്ദേഹത്തിന്റെ മരണാനന്തര കർമ്മങ്ങൾ എങ്ങനെ നടത്തണമെന്ന് എഴുതിവച്ചിരുന്നു. 'ക്രൈസ്തവ വിശ്വാസമനുസരിച്ച് എന്റെ ശവസംസ്കാരം നടത്തേണ്ട' എന്നാണ് അദ്ദേഹം എഴുതി വച്ചിരുന്നത്.

ശ്രീ. ജെയിംസ് മാത്യു: സർ, അതിന് കാരണമുണ്ട്. കാനോൻ നിയമങ്ങളിൽ ഒരിടത്തും ഇങ്ങനെ ശവദാഹം നടത്തണമെന്ന് പറയുന്നില്ല.

ശ്രീ. മോൻസ് ജോസഫ്: സർ, അത് ജോസഫ് പുലിക്കുന്നേലിന്റെ സ്വാതന്ത്ര്യത്തിൽപ്പെട്ട കാര്യമാണ്. അദ്ദേഹം മരിച്ചിട്ട് എങ്ങനെ അടക്കം ചെയ്യണമെന്ന് നമ്മളല്ല തീരുമാനിക്കുന്നത്. അദ്ദേഹത്തിന്റെ മരണശേഷം എങ്ങനെ അടക്കം ചെയ്യണമെന്ന് അദ്ദേഹം ആഗ്രഹിച്ചോ അതുപോലെ അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ ആ ചടങ്ങ് നടത്തി. അതിനെ നമുക്കാർക്കും തടയാൻ പറ്റില്ല. പക്ഷെ അദ്ദേഹത്തിന് ചിതയൊരുക്കി, ചാരമുണ്ടായി എന്നുള്ളതുകൊണ്ട് അതുവച്ച് ആഗോള ക്രൈസ്തവ സഭയുടെ വിശ്വാസത്തെ പ്രതിരോധിക്കാൻ ശ്രമിച്ചാൽ നമുക്ക് നിലനിൽക്കാൻ സാധിക്കില്ല, അത് ശരിയല്ല. ഈ ബില്ലിന്റെ ഓരോ ഭാഗത്തും പ്രശ്നങ്ങൾ നിലനിൽക്കുന്നുവെന്ന ആശങ്കയാണ് മറ്റ് ക്രൈസ്തവ വിഭാഗങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. അത് ഗവൺമെന്റ് ഗൗരവമായി കാണണം, ബന്ധപ്പെട്ട എല്ലാവരുമായി ആശയവിനിമയത്തിന് സർക്കാർ തയ്യാറാകണം. തിടുക്കം പിടിച്ച് ഇത് നടപ്പാക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. മൃതശരീരം വച്ച് വിലപേശുന്ന നടപടി ഏത് സമുദായത്തിന്റെ ഭാഗത്തുനിന്നുണ്ടായാലും അത് നമ്മുടെ മതേതര നിലപാടിന് ചേർന്നതല്ല, അതുകൊണ്ടുതന്നെ അത്തരം പ്രശ്നങ്ങൾ പരിഹരിക്കപ്പെടണം. എന്നാൽ ഇതിന്റെ ഭാഗമായി കേരളത്തിലെ ക്രൈസ്തവ സമൂഹത്തിനും സഭയ്ക്കുമുണ്ടായിരിക്കുന്ന

ആശങ്കകൾ പരിഹരിക്കാൻ കഴിയുന്ന വിധത്തിലുള്ള തൃപ്തികരമായ ഒരിടപെടലാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടത്. പൊതുജനാഭിപ്രായം തേടുന്നതും അഭിപ്രായം പറയാൻ അവസരം കൊടുക്കുന്നതുമാണ് ജനാധിപത്യപരമായ നിലപാട്. ഗവൺമെന്റ് ഇക്കാര്യം സബ്ജക്ട് കമ്മിറ്റിക്കുവിട്ട് അടുത്തയാഴ്ച പാസ്സാക്കാൻ ശ്രമിക്കുന്നതിനെക്കാൾ കുറച്ച് സാവകാശമെടുത്ത് സെലക്ട് കമ്മിറ്റിയിൽ പരിശോധിച്ച് പാസ്സാക്കുന്നതാണ് നല്ലതെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കാരാട്ട് റസാഖിനുവേണ്ടി <u>ശ്രീ. ജെയിംസ് മാത്യു</u>: സർ, ഏതൊരു സാഹചര്യത്തിലാണ് ഇത്തരമൊരു ഓർഡിനൻസ് വരാനിടയായതെന്ന സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള പ്രസ്താവന ഗവൺമെന്റിനുവേണ്ടി സമർപ്പിക്കുകയുണ്ടായി. കേരള സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഇതുപര്യന്തം ഏതെങ്കിലുമൊരു മതവിഭാഗത്തിന്റെ ശവസംസ്കാര ചടങ്ങുകളുമായി ബന്ധപ്പെട്ട് സർക്കാരിന് ഒരു നിയമനിർമ്മാണം നടത്തേണ്ടതോ അടിയന്തര സാഹചര്യം കണക്കിലെടുത്ത് ഓർഡിനൻസ് ഇറക്കേണ്ടതോ ആയ സന്ദർഭമുണ്ടായിട്ടില്ല. ഏത് പ്രത്യേക സാഹചര്യത്തിലാണ് സർക്കാരിന് ഇത്തരമൊരു പ്രത്യേക ഓർഡിനൻസ് ഇറക്കേണ്ടി വന്നിട്ടുള്ളതെന്ന് ഈ സഭയിലുള്ള എല്ലാവർക്കുമറിയാം. ആ ഓർഡിനൻസ് ഇറക്കേണ്ടിവന്ന സാഹചര്യത്തിൽ മാറ്റം വരാത്തതുകൊണ്ടാണ് ഓർഡിനൻസ് നിയമമാക്കാൻ സർക്കാർ ബാധ്യസ്ഥമാകുന്നത്. യഥാർത്ഥത്തിൽ ബില്ലിലെ പല കാര്യങ്ങളിലും അവ്യക്തതയുള്ളതാണ്, അതിലൊരു സംശയവുമില്ല. ഇവിടെ നിരവധി അംഗങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുള്ള അവ്യക്തതകൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശത്തോട് ഞാനും യോജിക്കുകയാണ്. പക്ഷേ അക്കാര്യങ്ങൾ ചൂണ്ടിക്കാണിക്കുമ്പോൾ ക്രൈസ്തവ സഭകളോടാകെ ഒരു പ്രത്യേക മനോഭാവം ഈ സർക്കാർ വച്ചുപുലർത്തുന്നുവെന്ന് തോന്നാവുന്ന വിധത്തിലുള്ള വിശദീകരണങ്ങളോ ആശങ്കകളോ ആണ് പ്രതിപക്ഷത്തിരിക്കുന്ന ഓരോ അംഗങ്ങളും ആവർത്തിച്ച് പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നത്. യഥാർത്ഥത്തിൽ ഇതിന്റെയൊന്നും ആവശ്യമില്ല, ഒരൊറ്റ കാര്യം പറഞ്ഞാൽ ഇതിനെല്ലാം പരിഹാരമാകും. ഈ ബില്ലിന്റെ പേര് '2020-ലെ കേരള മലങ്കര, ഓർത്തഡോക്സ്, യാക്കോബായ സഭ സെമിത്തേരികളിൽ വിശ്വാസികളുടെ മൃതദേഹം സംസ്കരിക്കുന്നതിനുള്ള അവകാശ സംരക്ഷണ ബിൽ' എന്ന് മാറ്റണമെന്ന് സർക്കാരിനോട് ആവശ്യപ്പെടാൻ നിങ്ങൾക്ക് സാധിക്കുമല്ലോ. ഒരു ബിൽ സഭയിൽ വരുമ്പോൾ, ഈ ബില്ലിന്റെ പേര്, ദീർഘശീർഷകം, പീഠിക ഇതെല്ലാം ഇപ്പോൾ വ്യവച്ഛേദിച്ചിരിക്കുന്ന പ്രകാരമാണെങ്കിൽ ആശയക്കുഴപ്പത്തിന് കാരണമാകുന്നതാണ്, അതിൽ തർക്കമില്ല. അത് മാറ്റണമെന്ന് പറഞ്ഞാൽ

എല്ലാവർക്കും യോജിക്കാവുന്നതേയുള്ളൂ. ലോകത്ത് ആദ്യമായി ഇങ്ങനെയുള്ള കാര്യങ്ങൾ ചർച്ച ചെയ്യുന്നതുപോലെയല്ലേ നിങ്ങൾ പറയുന്നത്? ഇത്രയധികം പറയേണ്ട കാര്യമെന്താണ്? ക്രിസ്ത്യൻ സഭ എന്നുപറയുമ്പോൾ, ക്രിസ്ത്യൻ എന്നതിനെക്കുറിച്ചുള്ള ബില്ലിലെ നിർവ്വചനം ബാധകമാകുന്ന കേരളത്തിലെ ക്രൈസ്തവ സഭാംഗങ്ങൾക്കാകെയും ഈ പ്രശ്നം ബാധകമാകേണ്ട കാര്യമില്ല. അങ്ങനെ ഞാനുംകൂടി പറയുമ്പോൾ അതിലൊരു അപാകതയുമില്ല. നിങ്ങൾ എന്തിനാണ് അതിനെ വേറൊരു തരത്തിൽ പറയുന്നത്? ഇത്രയുംനേരം ഞാൻ സശ്രദ്ധം ഈ ചർച്ച മുഴുവനും കേട്ടു. നിങ്ങളിൽ ഓരോ അംഗങ്ങളും ആര് ചർച്ചയിൽ പങ്കെടുക്കുന്നുവോ അപ്പോൾ ചാടി എഴുന്നേറ്റ് അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ടിരിക്കുകയാണ്. സത്യം പറഞ്ഞാൽ, നിങ്ങളുടെ ഈ ആശങ്ക കണ്ടാൽ ഓർത്തഡോക്സ് സഭാതർക്കം അവർതന്നെ പരിഹരിക്കും. കാരണം ഇത്രയും ആശയക്കുഴപ്പം അവർക്കില്ല. എനിക്കൊരു ആശയക്കുഴപ്പവുമില്ലല്ലോ. ഇത് മാറ്റണമെന്ന് പറയുന്നതിൽ എന്താണ് തെറ്റ്; സർക്കാർ അവതരിപ്പിച്ച ബില്ലിന്റെ ശീർഷകത്തിൽ വന്നിട്ടുള്ള ഇക്കാര്യം ഇങ്ങനെയൊരു ആശങ്കയ്ക്കിടയാക്കുമെന്ന് പറയുന്നതിൽ എന്താണ് തെറ്റ്? ഒരു ബില്ലിന്റെ ചർച്ചയിൽ ഓരോരുത്തർക്കും പറയാനുള്ള അവകാശമുണ്ട്. നിങ്ങൾ പറഞ്ഞതിന് വ്യത്യസ്തമായി ഞാൻ അഭിപ്രായം പറഞ്ഞിട്ടില്ല.

ഞാൻ ബഹുമാനപ്പെട്ട ചെയറിനെ നോക്കി പറയാം. അല്ലെങ്കിൽ പ്രതിപക്ഷത്തിന്റെ മുഖം കാണുമ്പോൾത്തന്നെ പറയാൻ വന്നത് മാറിപ്പോകും. ഒരു ഓർഡിനൻസ് വരാനും അതൊരു നിയമമാക്കാനും ഈ സർക്കാർ ലക്ഷ്യം വച്ചതിന് ഒറ്റ കാരണമേയുള്ളൂ. സമീപനാളുകളിൽ മൃതദേഹ സംസ്കരണവുമായി ബന്ധപ്പെട്ട് കേരളീയ സമൂഹത്തിന് ഒരിക്കലും അംഗീകരിക്കാൻ കഴിയാത്തൊരു സാഹചര്യം സംജാതമായി. പല ഒത്തുതീർപ്പ് ചർച്ചകളും നടന്നു. മന്ത്രിസഭാ സബ്കമ്മിറ്റി നിരവധിതവണ ഇതുസംബന്ധിച്ച് സംസാരിച്ചു. പക്ഷെ ഒരുതരത്തിലും പരിഹരിക്കപ്പെടുന്നില്ല. അത്തരമൊരു ഘട്ടത്തിലാണ് ഇങ്ങനെയൊരു പുതിയ സ്ഥിതിവിശേഷം വരുന്നത്. എങ്ങനെയാണ് ഒരു സർക്കാരിന് വെറുതെ നോക്കിനിൽക്കാൻ സാധിക്കുന്നത്? അപ്പോൾ തൽക്കാലം ചെയ്യാൻ പറ്റുന്നൊരു നടപടി എന്നുള്ള നിലയ്ക്ക് ഓർഡിനൻസ് കൊണ്ടുവന്ന് ശവസംസ്കാരത്തിന് സാഹചര്യം സൃഷ്ടിച്ചു. എന്നാൽ അത് ബില്ലാക്കുമ്പോൾ വളരെ വ്യക്തതയുണ്ടാകണമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇതൊന്നും ബാധകമാകാത്ത, ഇത്തരം തർക്കങ്ങൾക്കൊന്നുമിടവരാത്ത ക്രിസ്തീയ സഭകൾക്ക് ആശങ്കയുണ്ടാക്കുന്ന വിധത്തിലാകരുത് എന്നുള്ള കാര്യം പൂർണ്ണമായും ശരിയാണ്, അതിൽ തർക്കമില്ല.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാനൊരു കാര്യം പറയട്ടെ.

<u>ശ്രീ. ജെയിംസ് മാത്യു</u>: സർ, ഞാൻ പറഞ്ഞ് തീർന്നിട്ട് പറയാം. അല്ലെങ്കിൽ എന്റെ സംസാരത്തിന്റെ ഫ്ലോ പോകും. നിങ്ങൾ ഓരോരുത്തരും കത്തോലിക്ക സഭയെക്കുറിച്ച് വേവലാതിപ്പെട്ടു. ഓർത്തഡോക്സ്-യാക്കോബായ വിഭാഗം ഒഴികെയുള്ള ക്രിസ്തീയ വിഭാഗങ്ങളുടെ ആശങ്കകൾ നിങ്ങൾ പറഞ്ഞു. പക്ഷെ നിങ്ങൾ പറയാത്തൊരു കാര്യമുണ്ട്. അതായത്, ഇവിടെ 'ഇടവകാംഗം' എന്ന പരാമർശവും 'പൂർവ്വികരെ ഈ ഇടവകയിൽ അടക്കം ചെയ്തിട്ടുള്ള....' എന്നീ രണ്ട് ക്രൈറ്റീരിയകളാണ് ഒരാളുടെ മൃതദേഹം സംസ്കരിക്കുന്നതിനുവേണ്ടി അവകാശപ്പെടാനുള്ളത്. അത്രയും പറഞ്ഞാൽ മതിയോ; പോരെന്നാണ് ഞാൻ പറയുന്നത്. യഥാർത്ഥത്തിൽ, പൂർവ്വികർ/ഇദ്ദേഹത്തിന്റെ പൂർവ്വികർ, അതല്ലെങ്കിൽ ഇദ്ദേഹത്തിന്റെ പൂർവ്വികരെ അടക്കം ചെയ്ത സെമിത്തേരി, ആ സെമിത്തേരി ഉൾക്കൊള്ളുന്ന ഇടവകയിൽ മൃതദേഹം സംസ്കരിക്കണമെന്ന് അവകാശപ്പെടുന്ന ആളിന്റെ മൃതദേഹം തന്നെയാണോ എന്നുള്ളതിന് എന്താണ് വ്യക്തത; തർക്കമുള്ളതുകൊണ്ടല്ലേ ഈ പ്രശ്നമുണ്ടാകുന്നത്. അപ്പോൾ ഈ നിയമത്തിലോ അല്ലെങ്കിൽ ചട്ടം രൂപീകരിക്കുമ്പോഴോ മൃതദേഹവുമായി വരുന്നവർ ആരായിരുന്നാലും അവർ അവകാശപ്പെടുന്നതുപോലെ ഈ ഇടവകയിലെ പൂർവ്വാംഗമോ, ഈ ഇടവകയിലെ സെമിത്തേരിയിൽ സംസ്കരിക്കപ്പെട്ട തന്റെ പൂർവ്വികരോ ആയിട്ടുള്ള ആളുകളുള്ളതുകൊണ്ടാണ് ഇദ്ദേഹത്തിന്റെ മൃതദേഹം ഇവിടെ സംസ്കരിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നതെന്ന് പറഞ്ഞാൽ ഈ പറയപ്പെടുന്ന ആളുടെ മൃതദേഹമാണ് എന്നുള്ളതിന് ഒരു സാക്ഷ്യപ്പെടുത്തൽ വേണമെന്നാണ് എന്റെ അഭിപ്രായം. ബിൽ വരുമ്പോൾ ഇങ്ങനെയുള്ള കാര്യങ്ങൾ പറഞ്ഞ് കുറച്ചുകൂടി വ്യക്തതയും കൃത്യതയുമുണ്ടാക്കി ആർക്കാണ് ഇതിന്റെ പ്രയോജനം സിദ്ധിക്കേണ്ടതെന്ന് മനസ്സിലാക്കി അതിനുതകുന്ന വിധത്തിൽ കാര്യങ്ങൾ പറയുന്നതിനുപകരം ഒരാവശ്യവുമില്ലാതെ ഈ സർക്കാർ കേരളത്തിലെ മുഴുവൻ ക്രിസ്തീയ സഭകളെയും ആകെ അങ്കലാപ്പിലാക്കിയിരിക്കുകയാണ്, ഇത് വലിയ അപകടമാണ് സൃഷ്ടിക്കാൻ പോകുന്നത് എന്നൊക്കെ നിങ്ങൾ പറയുന്നതിൽ ഒരു അർത്ഥവുമില്ല. ഒന്നാമത്, ഇതിൽ വ്യക്തതയുണ്ടാകണം. രണ്ടാമത്, ഒരു മൃതദേഹവുമായി വരുമ്പോൾ അത് സ്വാഭാവിക മരണമാണോ അല്ലയോയെന്നുള്ളത് തർക്കവിഷയമല്ലേ? സെമിത്തേരിയുടെ ചുമതലക്കാരായ ആളുകളോട് ഈ ബോഡി ഇവിടെ സംസ്കരിക്കണമെന്ന് പറഞ്ഞാൽ തർക്കമുള്ള കേസായതുകൊണ്ട് ആ ബോഡി വന്നുനോക്കാൻ ഇടവക വികാരിയോ അല്ലെങ്കിൽ അവിടത്തെ പ്രീസ്റ്റോ മറ്റാരെങ്കിലുമോ തയ്യാറാകുമെന്ന് ഞാൻ വിചാരിക്കുന്നില്ല. അപ്പോൾ സ്വാഭാവിക മരണമല്ലാത്ത, പിന്നീട് കേസും മറ്റും ആകാവുന്ന ആത്മഹത്യയോ കൊലപാതകമോ ആണെന്നിരിക്കട്ടെ, ആ മൃതദേഹം അവിടെ സംസ്കരിച്ചാൽ

പിന്നീട് ആ സെമിത്തേരിയും ഇടവകയും പുരോഹിതന്മാരും കോടതി കയറേണ്ടിവരും. അത്തരമൊരു സാഹചര്യം ഒഴിവാക്കപ്പെടണം. അതിനായി ഏറ്റവും ചുരുങ്ങിയത് തദ്ദേശഭരണ സ്ഥാപനങ്ങളിലെ അധികൃതരിൽനിന്നും ലഭിച്ച രേഖകളോ അല്ലെങ്കിൽ മെഡിക്കൽ റിപ്പോർട്ടോ സമർപ്പിക്കാൻ തയ്യാറാകണം. മൂന്നാമത്, മൃതദേഹം സംസ്കരിക്കണമെന്ന് പറഞ്ഞുവരുന്ന ആളുകളും ഈ ബോഡിയുമായുള്ള ബന്ധമെന്താണ് എന്നുള്ളതാണ്. ഇത് ആർക്കാണ് മനസ്സിലാക്കാൻ കഴിയുന്നത്? അതുസംബന്ധിച്ചും വ്യക്തതയുണ്ടാകണം. ഇടവകാംഗവും, പൂർവ്വികർ അവിടെ അടക്കം ചെയ്യപ്പെട്ടിട്ടുണ്ട് എന്നുള്ളതുമായ രണ്ട് ക്രൈറ്റീരിയകളെ അടിസ്ഥാനപ്പെടുത്തി മൃതദേഹം സംസ്കരിക്കണമെന്ന് നിയമംമൂലം അനുശാസിക്കുമ്പോൾ അനുബന്ധമായി വരാവുന്ന ചില നിയമപ്രശ്നങ്ങളുണ്ട്. അതിന് ഈ നിയമത്തിന്റെ ഭാഗമായിത്തന്നെ വ്യക്തത വരുത്തുകയോ നിയമത്തിന് ചട്ടം നിർമ്മിക്കുമ്പോൾ അതുകൂടി ഉൾപ്പെടുത്തുകയോ ചെയ്യണമെന്നുള്ളതാണ് അതുസംബന്ധിച്ച് പറയാനുള്ളത്.

ശ്രീമതി വീണാ ജോർജ്ജ്: സർ, മൃതദേഹ സംസ്കരണ ബില്ലിലെ രണ്ടുമൂന്ന് ഘടകങ്ങളുമായി ബന്ധപ്പെട്ടാണ് വിവിധ തലങ്ങളിൽനിന്നും ആശങ്കകൾ ഉയർന്നുവന്നിട്ടുള്ളത്. അതിലൊന്ന്, അങ്ങ് പറഞ്ഞതുപോലെ ആരെ അടക്കം ചെയ്യുന്നു എന്നത് സംബന്ധിച്ചാണ്. ഈ ബില്ലിൽ ഇടവകാംഗം പറയുന്നത് ഒരു പാരിഷിലുള്ള ഒരു കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കും എന്നാണ്. ഒരു കുടുംബത്തിൽ പല വിശ്വാസങ്ങളിലുള്ളവരുണ്ടാകാം. അപ്പോൾ ഇടവകാംഗം എന്നുള്ളതിന് ഒരു നിർവ്വചനം ആവശ്യമാണ്. അത് പിന്നീടുവരുന്ന വിശദീകരണത്തിൽ ഒന്നുകൂടി വ്യക്തമാക്കേണ്ടതുണ്ടെന്ന് അങ്ങ് കരുതുന്നുണ്ടോ; അതുപോലെ ബറിയലിനുള്ള റിച്വൽസ് നടത്തുന്നയാൾ വികാർ ആകണമെന്നില്ല. എല്ലാ പുരോഹിതരും വികാർ അല്ല. അപ്പോൾ അതുസംബന്ധിച്ച നിർവ്വചനത്തിലും വ്യക്തതയുണ്ടാകേണ്ടതല്ലേ?

ശ്രീ. ജെയിംസ് മാത്യു: സർ, എന്റെ പ്രസംഗത്തിന്റെ ഫ്ലോ ഒന്നുകൂടി ശക്തിപ്പെടുത്തുന്നത് ആയതുകൊണ്ടാണ് ബഹുമാനപ്പെട്ട വീണാ ജോർജ്ജിന് ഞാൻ വഴങ്ങിയത്. ശ്രീ. എം. ഉമ്മർ, അങ്ങേയ്ക്ക് ഇതുകഴിഞ്ഞ് ഞാൻ വഴങ്ങാം. ബഹുമാനപ്പെട്ട അംഗം ശ്രീമതി വീണാ ജോർജ്ജ് പറഞ്ഞത് നൂറുശതമാനം ശരിയാണ്. പക്ഷേ, പറഞ്ഞതിനപ്പുറമുള്ള ചില പ്രശ്നങ്ങളുമുണ്ട്. ഉദാഹരണത്തിന്, ഞാൻ ആ ഇടവകയിലെ പഴയ അംഗമായിരുന്നു, എന്റെ പൂർവ്വികരെ ആ ഇടവക സെമിത്തേരിയിൽ അടക്കം ചെയ്തിട്ടുണ്ട്, ഞാനിപ്പോൾ മറ്റൊരു മതവിശ്വാസവുമായി ബന്ധപ്പെട്ടാണ് ജീവിച്ചുകൊണ്ടിരിക്കുന്നത്, എന്റെ കുടുംബാംഗങ്ങൾക്ക് ഞാൻ സ്വീകരിച്ച പുതിയ മതവിശ്വാസത്തോട്

എതിർപ്പുണ്ടായിരുന്നു, ഞാൻ ജീവിച്ചിരുന്ന കാലം മുഴുവനും എന്നോട് ആ എതിർപ്പ് പ്രകടിപ്പിച്ചു. പക്ഷെ ഞാൻ മരിച്ചപ്പോൾ അവർ ഞാൻ ഇപ്പോൾ വച്ചുപുലർത്തുന്ന മതവിശ്വാസത്തിന്റെ ഭാഗമായി സംസ്കരിക്കപ്പെടണമെന്ന് ഞാൻ ആഗ്രഹിച്ചിരുന്നതുപോലെ എന്നെ സംസ്കരിക്കാൻ തയ്യാറാകാതെ ഞാൻ ആ ഇടവകയിലെ പഴയ അംഗവും ഇപ്പോൾ എന്റെ ബന്ധുക്കളെല്ലാം അതിൽ അംഗങ്ങളായിരിക്കുകയും എന്റെ പൂർവ്വികരെ അവിടെ അടക്കം ചെയ്തിരിക്കുകയും ചെയ്തുവെന്നത് അടിസ്ഥാനപ്പെടുത്തി എന്നെ അവിടെ അടക്കം ചെയ്യണമെന്ന് ആവശ്യപ്പെടുകയാണ്. അപ്പോൾ സ്വാഭാവികമായും ഈ നിയമംമൂലം അങ്ങനെയൊരു സാഹചര്യം വന്നാൽ അതുപോലും ഒഴിവാക്കപ്പെടണം. അത് അവ്യക്തതയുണ്ടാക്കുന്നതാണ്. യഥാർത്ഥത്തിൽ ബഹുമാനപ്പെട്ട വീണാ ജോർജ്ജ് എം.എൽ.എ. പറഞ്ഞപ്പോഴാണ് ഇക്കാര്യം എനിക്ക് ഓർമ്മ വന്നത്. ശ്രീ. എം. ഉമ്മർ സാഹിബിന് വഴങ്ങിയാൽ ഞാൻ ആലോചിച്ച് വച്ചതുംകൂടി മറന്നുപോകും എന്നുള്ളതുകൊണ്ടാണ് വഴങ്ങാത്തത്. സഭ മാത്രമല്ല, ആ മതവിശ്വാസംതന്നെ മാറിയാലും ഇപ്പോൾ പറഞ്ഞതൊക്കെ ചിലപ്പോൾ സംഭവിക്കും; പൂർവ്വികരെ അടക്കം ചെയ്തിട്ടുണ്ടെന്നുപറഞ്ഞ് വരും. മറ്റൊന്ന്, ഇടവകാംഗമെന്നുള്ള വ്യവച്ഛേദമാണ്. അതിൽ പ്രധാനപ്പെട്ടൊരു പ്രശ്നമുണ്ട്. കാരണം, ഒരു ഇടവകാംഗത്തെ എപ്പോൾ വേണമെങ്കിലും ജനറൽബോഡി യോഗം ചേർന്ന് അംഗമല്ലാതാക്കാൻ കഴിയും. ഇടവക രജിസ്റ്ററിൽ ഇന്നുമുതൽ ഇന്നയിന്ന കാരണങ്ങളാൽ ഇദ്ദേഹത്തെ ഇടവക അംഗമല്ലാതാക്കാൻ തീരുമാനിച്ചിരിക്കുന്നുവെന്ന് രേഖപ്പെടുത്താം. അതുകൊണ്ട് അക്കാര്യത്തിലും ഒരു വ്യക്തത വേണം. സുപ്രീംകോടതി വിധി വന്ന 2017 അടിസ്ഥാനവർഷമായി കണക്കാക്കി അന്ന് ഏതേത് ഇടവകകളിൽ ആരൊക്കെ അംഗങ്ങളായിരുന്നോ അവർ സഭാവിശ്വാസം തുടരുകയും അവരുടെ പൂർവ്വികർ ആ സെമിത്തേരിയിൽ അടക്കം ചെയ്യപ്പെട്ടിരിക്കുന്നവരാകുകയും ചെയ്യുന്നപക്ഷം..... എന്നെങ്കിലുമാക്കി മാറ്റണം. രണ്ടാമത്തെ കാര്യം, ഓർത്തഡോക്സാണോ യാക്കോബായയാണോ എന്നുള്ളത്. അത് കണക്കിലെടുക്കാതെ അവിടെ സംസ്കരിക്കുന്നതിന് അവർക്ക് അവകാശമുണ്ടെന്നാണ് നിയമംമൂലം അനുശാസിക്കപ്പെടേണ്ടത്. ആ അവകാശം പരിരക്ഷിക്കപ്പെടുമ്പോൾ ഞാൻ പ്രകടിപ്പിച്ച മൂന്ന് ആശങ്കകളും പരിഹരിക്കപ്പെടണം. നാലാമതായി, ഒരു മൃതദേഹം സംസ്കരിക്കുന്നതിന് ഇടവകയുടെ അനുവാദമോ വികാരിയുടെ അനുവാദമോ വേണ്ട, പക്ഷെ മുൻകൂട്ടി അറിയിക്കണം. അങ്ങനെ അറിയിക്കണമെന്ന് നിയമംമൂലം അനുശാസിക്കണം. അല്ലെങ്കിൽ എപ്പോൾ മൃതദേഹവുമായി ചെന്നാലും സെമിത്തേരി തുറന്നുകൊടുത്ത് സംസ്കരിക്കേണ്ടിവരും. അത് പ്രായോഗികമല്ല. അതിലുള്ള അവ്യക്തതയും പരിഹരിക്കണം. അതിനായി മരണം സംഭവിച്ചാൽ മൃതദേഹം സംസ്കരിക്കണമെന്ന്

തീരുമാനിക്കുന്നതിന്റെ ഇത്രമണിക്കൂർ മുമ്പ് ആ ഇടവകയുടെ, സെമിത്തേരിയുടെ കസ്റ്റോഡിയനായ പ്രീസ്റ്റ് എന്നോ വികാരിയെന്നോ ആരെയാണോ വ്യവച്ഛേദിക്കുന്നത് അവരെ അറിയിക്കണം. അതിനുശേഷം മൃതദേഹവുമായി വരുമ്പോൾ മേൽപ്പറഞ്ഞ കാര്യങ്ങൾ അധികാരികളെ ബോധ്യപ്പെടുത്തുകയും ചെയ്യണം. ഇത്തരത്തിലുള്ള നിയമനിർമ്മാണം നടത്തുമ്പോഴുണ്ടാകാവുന്ന ആശങ്കകൾ ഒഴിവാക്കാനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ ചർച്ചയുടെ ഭാഗമായി ഉയർന്നുവന്നാൽ അതിനെ ഒരു സർക്കാരും അവഗണിക്കുകയില്ലെന്ന് മാത്രമല്ല സ്വാഗതം ചെയ്യുകയും ചെയ്യും. പൊതുസമൂഹത്തിൽ, പ്രത്യേകിച്ച് ക്രിസ്തീയ മതവിശ്വാസികൾക്കിടയിൽ ഉയർന്നുവരുന്ന ആശങ്കകൾക്ക് അടിസ്ഥാനമെന്താണെന്ന് ഗവൺമെന്റിനെ ബോധ്യപ്പെടുത്താൻ വേണ്ടിയാണ് ഞാൻ ഇക്കാര്യങ്ങൾ പറയുന്നത്. നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്താൻ ഇവിടെ നടന്ന ചർച്ചകൾ ഉപകരിക്കുമെന്ന ഉത്തമവിശ്വാസമാണ് എനിക്കുള്ളത്. നിങ്ങൾ പറഞ്ഞതല്ലേ ഞാനും പറയുന്നതെന്നാണ് നിങ്ങൾ ചിന്തിക്കുന്നത്. പക്ഷെ നിങ്ങൾ പറയുന്ന ഉദ്ദേശത്തിലല്ല ഞാൻ പറയുന്നത് എന്നുള്ളതാണ് വ്യത്യാസം. നിങ്ങളിൽ എത്രപേർ ആർക്കൊക്കെ വേണ്ടിയാണ് പറഞ്ഞതെന്ന് നാളത്തെ പത്രങ്ങളിലും ചാനലുകളിലും സോഷ്യൽ മീഡിയയിലും വരും; അതാണ് പ്രശ്നം.

ശ്രീ. വി. ഡി. സതീശൻ: സർ, ക്ലാരിറ്റിയുള്ള ഒരു നിയമമുണ്ടാകണമെന്നാണ് ഞാനിവിടെ പറഞ്ഞത്. ഇപ്പോൾ ഡ്രാഫ്റ്റ് ചെയ്തിരിക്കുന്ന ബില്ലിലെ പോരായ്മകളെ സംബന്ധിച്ചുള്ള ഓരോരുത്തരുടെയും കാഴ്ചപ്പാടിൽ നിന്നാണ് ഓരോരോ നിർദ്ദേശങ്ങൾ ഉയർന്നുവന്നത്. നാളെ പത്രങ്ങളിലോ സോഷ്യൽ മീഡിയയിലോ ഏതെങ്കിലുമൊരു സമുദായത്തിനുവേണ്ടി സംസാരിച്ചെന്ന് വരുത്തിത്തീർക്കാൻ വേണ്ടിയല്ല പ്രശ്നങ്ങൾ ഉന്നയിച്ചത്. ഞങ്ങൾ എല്ലാവരും പറഞ്ഞതിനെക്കാൾ കൂടുതൽ അങ്ങ് പറഞ്ഞു. അതിൽ പ്രായോഗികവും അപ്രായോഗികവുമായ നിർദ്ദേശങ്ങളുണ്ടായിരുന്നു. എന്തായാലും നമുക്കൊരു കൺക്ലൂഷനിൽ എത്താം, ഇപ്പോൾ സഭയിൽ കൊണ്ടുവന്നിരിക്കുന്ന ഈ ബിൽ പ്രായോഗികമല്ല. ഇത് പൊളിച്ചെഴുതേണ്ടതാണ്. ഒരു വാർത്താപ്രാധാന്യത്തിനു വേണ്ടിയോ ഏതെങ്കിലുമൊരു സമുദായത്തെ പ്രീണിപ്പിക്കുന്നതിനുവേണ്ടിയോ ആണ് പ്രതിപക്ഷാംഗങ്ങൾ സംസാരിച്ചതെന്ന് പറഞ്ഞത് അങ്ങ് പിൻവലിക്കണം.

ശ്രീ. ജെയിംസ് മാത്യു: സർ, അങ്ങയുടെ അഭിപ്രായത്തോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. അങ്ങ് പറഞ്ഞ കാര്യങ്ങൾ ഞാൻ ശ്രദ്ധിച്ചു, മറ്റൊരു രീതിയിലല്ല അങ്ങ് സംസാരിച്ചത്. എന്നാൽ ചില ആളുകളെങ്കിലും ഒരു അർത്ഥവുമില്ലാതെ പറഞ്ഞതുതന്നെ ആവർത്തിച്ചുകൊണ്ടിരിക്കുന്നു. എന്റെ എട്ട് വർഷത്തെ അനുഭവത്തിൽ നിയമസഭയിൽ ഒരു ബില്ലിനെക്കുറിച്ചുള്ള ഇത്രയും ലൈവായ, ആക്ടീവായ ചർച്ച ഇതിനുമുമ്പ് ഉണ്ടായിട്ടില്ല. ബോധപൂർവ്വം

ആശയക്കുഴപ്പവും അവ്യക്തതയുമുണ്ടാക്കി ഒരു വിഭാഗത്തെയാകെ ഭീതിയിലാക്കുന്നതിന് ചിലരൊക്കെ ശ്രമിക്കുന്നതായാണ് എനിക്ക് തോന്നുന്നത്. അതിനോടാണ് ഞാൻ വിയോജിപ്പ് പ്രകടിപ്പിച്ചത് .

ശ്രീ. എം. ഉമ്മർ: സർ, ഈ ചർച്ച മുഴുവൻ കേട്ടിട്ടും ഞാൻ ഇതുവരെ ഒരാളോടും ഇതിനെക്കുറിച്ച് ചോദിക്കുകയോ ഇടപെട്ട് സംസാരിക്കുകയോ ചെയ്തിട്ടില്ല. ആദ്യമായി അങ്ങയോടാണ് ചോദിക്കുന്നത്. ഈ ബില്ലിൽ അനാവശ്യമായി, പ്രത്യേകിച്ച് ഒരു വലിയ സമുദായത്തിനിടയിൽ ആശങ്കയുണ്ടാകുന്ന കാര്യത്തിൽ എന്തെങ്കിലും അഭിപ്രായം പറഞ്ഞ് ബുദ്ധിമുട്ടുണ്ടാക്കണ്ടെന്നു കരുതി ബോധപൂർവ്വം ഇടപെടാതിരുന്നതാണ്. എന്നാൽ ഇപ്പോൾ ഇടപെടുന്നത് ബോധപൂർവ്വമാണ്. അങ്ങ് വളരെ പോസിറ്റീവായി ശീർഷകം, ദീർഘ ശീർഷകം, ആമുഖം എന്നിവയിൽ മാറ്റം വരുത്തണമെന്ന് പറഞ്ഞു. ഇതൊക്കെ കേട്ടിട്ട് ബഹുമാനപ്പെട്ട മന്ത്രി ഇതെല്ലാം ചെയ്യാമെന്ന് പറഞ്ഞിരുന്നെങ്കിൽ അതോടെ പ്രശ്നം തീരുമായിരുന്നു. മന്ത്രി ഇതെല്ലാം കേട്ടിട്ട് മിണ്ടാതിരിക്കുന്നതുകൊണ്ടാണ് ഇവിടെയുള്ള ഒരു വലിയ സമുദായത്തിന്റെ ആശങ്കകൾ കൃത്യമായി പങ്കുവയ്ക്കുന്നത്. അല്ലാതെ തമാശയ്ക്കുവേണ്ടി ആരും ഒന്നും പറഞ്ഞിട്ടില്ല. ഈ ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടുന്നതിനോടുള്ള അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. ജെയിംസ് മാത്യു: സർ, ഒരംഗമെന്ന നിലയിൽ ഞാൻ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുകയാണ് ചെയ്യുന്നത്. ഗവൺമെന്റാണ് ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളേണ്ടത്. ഈ ബിൽ സെലക്ട് കമ്മിറ്റിക്ക് വിട്ട് സഭാതലത്തിൽ ഉയർന്നുവന്ന വികാരം, ആശങ്ക, അവ്യക്തത ഇവയെല്ലാം പരിഹരിക്കണമെന്നാണ് എന്റെയും അഭിപ്രായം. ഇതെല്ലാം കണക്കിലെടുത്തുകൊണ്ട് ഉചിതമായ തീരുമാനമെടുക്കുമെന്ന ഉത്തമ വിശ്വാസം തന്നെയാണ് എനിക്കുള്ളത്.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാനും ഇടപെട്ട് സംസാരിച്ച ആളാണ്. ക്ലോസ് മൂന്നിനകത്തുള്ള പോരായ്മ മാത്രമേ ഞാൻ പറഞ്ഞിട്ടുള്ളൂ, ഒറ്റ പ്രാവശ്യമേ സംസാരിച്ചുള്ളൂ. ഈ ബില്ലിൽ മാത്രമാണ് താല്പര്യം പ്രകടിപ്പിച്ചതെന്ന് പറയുന്നത് ശരിയല്ല. കാരണം, പഞ്ചായത്ത് രാജ് നിയമം അവതരിപ്പിച്ചപ്പോൾ ഞങ്ങൾ അഞ്ചാറുപേർ ക്രമപ്രശ്നം ഉന്നയിച്ചുകൊണ്ട് അതിനെ എതിർത്തിരുന്നു. ഈ നിയമത്തിലെ പോരായ്മകളും ഡ്രാഫ്റ്റിംഗിലുള്ള പിശകുകളും ചൂണ്ടിക്കാണിക്കുകയും അതോടൊപ്പം ചില ഭേദഗതി നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുകയുമാണ് ചെയ്തത്. ഇക്കാര്യത്തിൽ ഞങ്ങളുടെ ഉദ്ദേശ്യശുദ്ധിയെ ചോദ്യം ചെയ്യരുതെന്നാണ് അങ്ങയോട് പറയാനുള്ളത്.

ശ്രീ. എം. ഉമ്മർ: സർ, ഒരു ബില്ലിൽ അക്ഷരത്തെറ്റ് ചൂണ്ടിക്കാണിച്ചാൽപ്പോലും തിരുത്തപ്പെടാൻ കഴിയാത്ത സാഹചര്യങ്ങളുണ്ടായിട്ടുണ്ട്. അതുകൊണ്ട് ബില്ലിന്റെ നാമം, ആമുഖം എന്നിവയടക്കം എല്ലാം മാറ്റാമെന്നുള്ള അഭിപ്രായമുണ്ടെങ്കിൽ, അത്രമാത്രം സമഗ്രമായൊരു പൊളിച്ചെഴുത്തിന്റെ ആവശ്യമുണ്ടെങ്കിൽ ഈ ബിൽ പിൻവലിക്കുകയോ അല്ലെങ്കിൽ സെലക്ട് കമ്മിറ്റിക്കുവിട്ട് കുറ്റമറ്റ രീതിയിൽ വീണ്ടും സഭയിൽ കൊണ്ടുവരികയോ ചെയ്യണമെന്നുള്ള അഭിപ്രായത്തോട് അങ്ങ് യോജിക്കുമോ?

ശ്രീ. ജെയിംസ് മാത്യു: സർ, മാറ്റം വരുത്താമെന്ന് ഞാനല്ലല്ലോ പറയേണ്ടത്; എന്റെ അഭിപ്രായമാണ് ഞാൻ പറഞ്ഞത്. ബഹുമാന്യനായ സണ്ണി ജോസഫ് എം.എൽ.എ. സൂചിപ്പിച്ചതുപോലെ ഞാൻ ആരെയും വ്യക്തിപരമായി പറഞ്ഞതല്ല. എന്റെ പ്രസംഗം ആരംഭിച്ചപ്പോൾത്തന്നെ അപ്പുറത്തിരിക്കുന്നവരിൽ ചിലർ എന്നെ പരിഹസിക്കുന്ന രീതിയിൽ പ്രതികരിച്ചു. അതുകൊണ്ടാണ് ഞാൻ അങ്ങനെ പറഞ്ഞത്. അതിന് നിങ്ങളെ പ്രേരിപ്പിച്ച വികാരമെന്താണ്? പ്രതിപക്ഷാംഗങ്ങളെക്കുറിച്ചുള്ള എന്റെ പരമാർശത്തിൽ ആർക്കെങ്കിലും വിഷമം തോന്നിയിട്ടുണ്ടെങ്കിൽ ഞാനത് പിൻവലിക്കുകയാണ്. ഈ ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നതാണ് ഉചിതമെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ:) സർ, ഫലപ്രദമായ ഈ ചർച്ചയിൽ പങ്കെടുത്തത് ആറുപേരാണ്. രണ്ടുപേർ വിയോജിപ്പ് രേഖപ്പെടുത്തി. ബഹുമാനപ്പെട്ട സണ്ണി ജോസഫ് സംസാരിച്ചപ്പോൾ, ആകെയുള്ള വ്യത്യാസം ക്ലോസ് 3-ൽ മാത്രമാണെന്ന് സൂചിപ്പിച്ചു. അതുകൊണ്ട് അത്രവലിയ സങ്കീർണ്ണതയുള്ളൊരു ബില്ലാണിതെന്ന് തോന്നുന്നില്ല. പൊതുവിൽ ബില്ലിന്റെ ഉള്ളടക്കത്തെയും ഇന്റൻഷനെയും സംബന്ധിച്ച് ഭരണ-പ്രതിപക്ഷ ഭേദമെന്യേ എല്ലാവരും യോജിക്കുകയാണ്. ഈ ബില്ലിന്റെ ഉള്ളടക്കത്തോടും ആശയത്തോടും ഇന്റൻഷനോടും വിയോജിപ്പില്ല. എന്നാൽ പ്രാവർത്തികമാക്കുമ്പോഴുണ്ടാകുന്ന ചില പ്രായോഗികപ്രശ്നങ്ങളും വ്യക്തത വരുത്തേണ്ട ചില കാര്യങ്ങളും ഈ ബില്ലിലില്ലെന്നാണ് പൊതുവിൽ സൂചിപ്പിച്ചത്. Kerala Catholic Bishops' Council ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും എനിക്കും നൽകിയ കത്തിൽ ആദ്യംതന്നെ പറഞ്ഞിട്ടുള്ളത്, 'We appreciate your genuine affairs to find a solution to the issue of the burial of dead bodies of persons belonging to Jacobite Syrian Church. However we would like to bring to your kind attention the fact that the lack of clarity in some of the terminologies used in the ordinance may create a confusion and conflict with the existing rules

and practices in the Catholic Church in conformity with the laws of the State' എന്നാണ്. ഉള്ളടക്കത്തോടും ഈ ഗവൺമെന്റിന്റെ ഇടപെടലിനോടും കാത്തലിക് ചർച്ചും യോജിപ്പാണ് പ്രകടിപ്പിച്ചിട്ടുള്ളത്. ഈ ബിൽ ഒറിജിനേറ്റ് ചെയ്യാനുള്ള അനിവാര്യമായ സാഹചര്യത്തെ സംബന്ധിച്ച് ഞാൻ ഹ്രസ്വമായി ആദ്യം സൂചിപ്പിച്ചു, അതുകൊണ്ട് അതിലേയ്ക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. ഭൂമിയിലുള്ള എല്ലാ നിയമങ്ങളും ജീവിച്ചിരിക്കുന്ന മനുഷ്യർക്കാണ് അവകാശങ്ങളും അധികാരങ്ങളും ഉറപ്പുകൊടുക്കുന്നതെന്ന് നമുക്കെല്ലാമറിയാം. എന്നാൽ മരണപ്പെട്ട വ്യക്തികൾക്കുള്ള അവകാശങ്ങൾ സംബന്ധിച്ച നിയമങ്ങൾ നമ്മുടെ രാജ്യത്ത് വളരെക്കുറവാണ്. ആകെയുള്ള IPC 297-ൽ മൃതശരീരത്തോട് അനാദരവ് കാട്ടുന്നതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഭാഗമുണ്ട്, ശിക്ഷയും പറഞ്ഞിട്ടുണ്ട്. IPC 499-ൽ defamation-നുമായി ബന്ധപ്പെട്ട് അതിന്റെ അവസാനം പറയുന്നത്, ശവശരീരത്തോടുള്ള ആദരവും അപകീർത്തിയായിട്ടാണ് കാണുകയെന്നുള്ളതാണ്. ഈ രണ്ട് വകുപ്പുകൾ ഒഴിവാക്കിയാൽ മൃതശരീരം അന്തസ്സായി സംസ്കരിക്കുന്നതുമായി ബന്ധപ്പെട്ട വ്യക്തമായൊരു നിയമം കാണുന്നില്ല. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഒരു വിധിയിൽ ചില കാര്യങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. അതിനെക്കുറിച്ച് ഞാൻ അവസാനം സൂചിപ്പിക്കാം. മൃതശരീരം അന്തസ്സായി സംസ്കരിക്കുന്ന കാര്യത്തിലും മരണപ്പെട്ടയാൾക്കെതിരെയുള്ള അപകീർത്തികരമായ പരാമർശം തടയുന്നതിനും മൃതശരീരത്തോട് അനാദരവ് കാട്ടുന്നതിനുമെതിരായി മരണപ്പെട്ട വ്യക്തിക്ക് പരിരക്ഷ കിട്ടിയേ മതിയാകൂ. 1949-ലെ ജനീവ കൺവെൻഷന്റെ പതിനാറാം അനുച്ഛേദത്തിൽ യുദ്ധത്തിൽ മരണപ്പെട്ട സൈനികരുടെ മൃതദേഹത്തോട് അനാദരവ് കാണിക്കാൻ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മനുഷ്യാവകാശങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് 1990-ലെ കെയ്റോ പ്രഖ്യാപനത്തിലും ഈ വ്യവസ്ഥ അടിവരയിട്ട് പറയുന്നുണ്ട്. മനുഷ്യാവകാശവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള യുണൈറ്റഡ് നേഷൻസ് കമ്മീഷൻ 2005-ൽ സ്വീകരിച്ച പ്രമേയത്തിൽ മൃതശരീരങ്ങളോട് മാന്യതയും അന്തസ്സും പുലർത്തണമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. മൃതശരീരങ്ങൾ അന്തസ്സോടെ സംസ്കാരം ചെയ്യപ്പെടുന്നതിനുള്ള അവകാശമുണ്ട്. അനാദികാലം മുതൽക്കുതന്നെ ശവശരീരങ്ങൾക്ക് ശല്യമോ ഉപദ്രവമോ ഇല്ലാതെ അന്ത്യനിദ്ര കൊള്ളുന്നതിന് അവകാശമുള്ളതായി വിശ്വസിക്കപ്പെട്ടിട്ടുണ്ട്. ക്രിസ്ത്യൻ സമുദായത്തിൽപ്പെട്ട ഒരാളെ അടക്കം ചെയ്യപ്പെട്ട കല്ലറയ്ക്കുമുകളിലുള്ള RIP (Rest In Peace) എന്ന ലിഖിതം ഇതിന്റെ ഭാഗമായാണ് വന്നത്. കാലവിളംബം കൂടാതെ മൃതദേഹം സംസ്കരിക്കുകയെന്നുള്ളത് മരിച്ച വ്യക്തിയുടെ അവകാശംപോലെ സമൂഹത്തിന്റെയും കടമയാണ്. ഒരു വ്യക്തി മരണപ്പെടുമ്പോൾ അദ്ദേഹം ജീവിച്ചിരുന്നപ്പോൾ സ്വീകരിച്ചിരുന്ന മതം അനുശാസിക്കുന്ന ആചാരാനുഷ്ഠാനങ്ങൾക്കനുസൃതമായി ശവസംസ്കാരത്തിന് ഏർപ്പാടുചെയ്യാൻ

ക്ഷേമരാഷ്ട്രമെന്ന നിലയിൽ സ്റ്റേറ്റിന് ബാദ്ധ്യതയുണ്ട്. നമ്മുടെ സംസ്ഥാനത്ത് ക്രിസ്ത്യൻ സമുദായങ്ങൾക്കിടയിൽ ചില സെമിത്തേരികളിൽ ശവസംസ്കാരം യഥാസമയം നടത്തുന്നതിന് ചില തടസ്സങ്ങൾ നേരിടുകയും നിയമസമാധാന പ്രശ്നമുണ്ടാകുകയും ചെയ്തു. യഥാർത്ഥത്തിൽ ഈ ഗവൺമെന്റല്ല അധികാരത്തിലുണ്ടായിരുന്നതെങ്കിൽ നൂറുകണക്കിന് ശവം കേരളത്തിലുണ്ടാകുമായിരുന്നു. കേരള ഗവൺമെന്റും പോലീസും സമചിത്തതയോടുകൂടിയ സമീപനം സ്വീകരിച്ചതിന്റെ ഭാഗമായാണ് അനിഷ്ടസംഭവങ്ങളുണ്ടാകാതെ പോയത്. കേരളത്തിലെ ക്രൈസ്തവ സഭകളിൽ ഒരു വിഭാഗത്തിലുടലെടുത്ത വിശ്വാസപരമായ തർക്കങ്ങൾ സഭയെ ഫലത്തിൽ രണ്ട് സഭകളായി വേർപിരിയാനിടയാക്കിയിട്ടുണ്ട്. അവകാശത്തെ സംബന്ധിച്ച് ഇരുവിഭാഗങ്ങൾ തമ്മിലുള്ള തർക്കങ്ങൾ പരമോന്നത കോടതി തീർപ്പുകല്പിച്ചെങ്കിലും സംഘർഷാവസ്ഥയ്ക്ക് കാര്യമായ അയവ് ഇപ്പോഴും വന്നിട്ടില്ല. മരണത്തോടെ ഒരു വ്യക്തിക്ക് നിത്യശാന്തി ലഭിക്കുമെന്നാണ് നാമെല്ലാം വിശ്വസിക്കുന്നത്. എന്നാൽ മരണത്തോടുകൂടി ഉള്ള ശാന്തികൂടി നഷ്ടപ്പെടുന്ന അവസ്ഥയാണ് ഇക്കാര്യത്തിൽ കാണാൻ കഴിയുന്നത്. കായംകുളം കട്ടച്ചിറ പള്ളിയിൽ ഓർത്തഡോക്സ്-യാക്കോബായ വിഭാഗത്തിൽപ്പെട്ട ഒരാളുടെ മൃതദേഹം സംസ്കരിക്കാൻ സാധിക്കാതെ നാൽപ്പത്തിയൊന്ന് ദിവസത്തോളം സൂക്ഷിക്കേണ്ടിവന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞു. പിറവം വെട്ടിത്തറ സെന്റ് മേരീസ് പള്ളിയിൽ ഇടവകാംഗങ്ങൾക്കിടയിലുള്ള പള്ളിത്തർക്കത്തെത്തുടർന്ന് ഇടവകാംഗമായ ഒരു വയോധികന്റെ മൃതദേഹം സംസ്കരിക്കാനാകാതെ ആറുദിവസത്തിലധികം മോർച്ചറിയിൽ സൂക്ഷിക്കേണ്ട സ്ഥിതിയുണ്ടായി. സഭാതർക്കം നിലനിന്നിരുന്ന പുത്തൻകുരിശ് വരിക്കോലി പള്ളി സെമിത്തേരിയിലും ഇത് കാണാൻ സാധിക്കും. ഇനിയുമത് തുടരണമെന്നാണോ ശ്രീ. പി. ടി. തോമസ് ആഗ്രഹിക്കുന്നതെന്ന് എനിക്കറിയില്ല. മോർച്ചറികളിൽ മൃതദേഹം അനിശ്ചിതമായി സൂക്ഷിക്കാൻ കുടുംബാംഗങ്ങൾ നിർബന്ധിതരാകുകയാണ്. മൃതദേഹം സംസ്കരിക്കാൻ സാധിക്കാതെ വരുന്നത് മൃതദേഹത്തോട് കാട്ടുന്ന അനാദരവ് മാത്രമല്ല, നിയമം അനുശാസിക്കുന്ന അവകാശം ലംഘിക്കലുമാണ്. ഇവിടെ തോൽപ്പിക്കപ്പെടുന്നത് മനുഷ്യനാണ്.

ശ്രീ. പി. ടി. തോമസ്: സർ, എന്റെ പേര് എന്തിനാണ് പറഞ്ഞത്? ഞാനൊരക്ഷരം മിണ്ടിയിട്ടില്ല.

ശ്രീ. എ. കെ. ബാലൻ: സർ, പറഞ്ഞ ആൾക്കുമാത്രം ബാധകമാക്കാം. ദമാമിൽ കെ.എസ്.യു.-ഉം എസ്.എഫ്.ഐ.-യും രണ്ട് ധ്രുവത്തിലായിരുന്നു. അതിന്റെ തുടർച്ചയായി കണ്ടാൽമതി. മൃതദേഹം സംസ്കരിക്കാൻ കഴിയാത്ത സ്ഥിതിവിശേഷം തുടർന്നാൽ ക്രമസമാധാനത്തകർച്ചയുണ്ടാകുമെന്നുള്ളത് ഉറപ്പാണ്. ഗുരുതരമായ സാമൂഹ്യപ്രത്യാഘാതങ്ങൾ ഉടലെടുക്കുമെന്ന കാര്യത്തിലും സംശയമില്ല. അത്തരമൊരു ഘട്ടത്തിൽ, ആശാസ്യകരമല്ലാത്ത ഇത്തരം

സംഭവങ്ങൾ തുടരുന്നത് കാഴ്ചക്കാരായി നോക്കിനിൽക്കാൻ ഉത്തരവാദപ്പെട്ട ഗവൺമെന്റിന് സാധിക്കുകയില്ല. ഒരു ഇടവകയിലെ മരണപ്പെട്ട അംഗത്തിന്റെ ബന്ധുക്കൾക്ക് പള്ളിയിലോ സെമിത്തേരിയിലോ വച്ച് നടത്തേണ്ട ശവസംസ്കാര ശുശ്രൂഷകൾ ഉപേക്ഷിക്കേണ്ടിവന്നാൽപ്പോലും ശവസംസ്കാരത്തിനുള്ള അവകാശം നഷ്ടമാകുന്നില്ലെന്ന് 'St. Mary's Orthodox Church and othes vs State of Kerala' എന്ന കേസിൽ കൃത്യമായി വ്യക്തമാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതിയും അത് എടുത്തുപറഞ്ഞിട്ടുണ്ട്.

'The Church and the cemetery cannot be confiscated by anybody. It has to remain with the Parishioners as per the customary rights and nobody can be deprived of the right to enjoy the same as a Parishioner in the Church or to be buried honourably in the cemetery' എന്നാണ് സുപ്രീംകോടതി വിധിയിൽ കൃത്യമായി പറഞ്ഞിരിക്കുന്നത്. അത് എടുത്തുപറഞ്ഞുകൊണ്ടാണ് 'St. Mary's Orthodox Church and Others vs State of Kerala'-യിൽ 'This right cannot be taken away even if, in particular circumstances, the parishioner chooses to forego funeral services in the church or its cemetery or opts for a funeral service at any other premises by a priest of his/her choice' എന്ന് പറഞ്ഞിരിക്കുന്നത്. ഇതാണ് ഞങ്ങൾ സെക്ഷൻ 3(2)-ൽ ഇൻകോർപ്പറേറ്റ് ചെയ്തത്. ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ, ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരാമർശം എടുത്തുപറഞ്ഞുകൊണ്ടാണ് 3(2)-ൽ ഇതുപറഞ്ഞത്. അതുകൊണ്ട് ഇത് നിയമപരമായി നിലനിൽക്കും. ഇവിടെ ചില ആശങ്കകൾ പ്രകടിപ്പിച്ചിട്ടുണ്ട്, അത് സ്വാഭാവികമാണ്. പക്ഷേ, foolproof-ൽ ഏത് നിയമമാണുണ്ടാക്കാൻ സാധിക്കുന്നത്? ഭരണഘടനയുണ്ടാക്കിയിട്ടുപോലും നൂറിലധികം പ്രാവശ്യം ഭേദഗതി ചെയ്തിട്ടുണ്ട്. ഇത്തരം കാര്യങ്ങൾ നിയമനിർമ്മാണത്തിന്റെ ഭാഗമാണ്. നമുക്ക് പ്രായോഗികമാക്കാൻ സാധിക്കാത്ത എന്തെങ്കിലും കാര്യങ്ങളുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് ആരംഭത്തിൽത്തന്നെ സബ്ജക്ട് കമ്മിറ്റിയുടെ ഭാഗമായി പരിശോധിക്കാം, ആവശ്യമാണെങ്കിൽ ഭേദഗതി വരുത്താം. പക്ഷേ, മൃതശരീരം അനാഥമാകാൻ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് സമ്മതിക്കുകയില്ലെന്ന കാര്യം വ്യക്തമാണ്. ഇത് നോക്കിനിൽക്കാൻ ഒരു ജനാധിപത്യ ഗവൺമെന്റിന് സാധിക്കുന്നതുമല്ല. ഈ ബില്ലുമായി ബന്ധപ്പെട്ട് ഒരു വിവരവുമില്ലാത്ത ആൾക്കാരാണ് ഇതൊക്കെ തയ്യാറാക്കിയതെന്ന ആശങ്ക ഇവിടെ നേരത്തേ പറഞ്ഞു. ക്രിസ്ത്യാനിയെ ചാരമാക്കുകയില്ലെന്ന് പറഞ്ഞു. തീപിടിത്തമുണ്ടായി മരണപ്പെട്ടാൽ ശരീരം ഭസ്മമാകില്ലേ; ഇത് കാണേണ്ടതല്ലേ? ഒരു നിയമത്തിന് രൂപം കൊടുക്കുമ്പോൾ അതുംകൂടി നമ്മൾ കാണണം.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, തീപിടിത്തമുണ്ടായാൽ മനുഷ്യന്റെ ബോഡി ചാരമായിത്തീരും. പക്ഷേ, ഇവിടെ സെമിത്തേരിയുമായി ബന്ധപ്പെട്ട കാര്യമാണ് പറയുന്നത്. സെമിത്തേരിയുടെ ഡെഫിനിഷനിലാണ് ചാരമെന്ന് പറയുന്നത്. അവിടെ ചാരമെന്നല്ല, മണ്ണ് എന്നാണ് പറയേണ്ടത്. മണ്ണായിത്തീരുകയാണ് ചെയ്യുന്നത്. ഒരാൾ സ്വാഭാവികമായി മരണപ്പെടുന്നതും കത്തിനശിച്ച് ചാരമാകുമ്പോൾ കൊണ്ടുപോയി വയ്ക്കുന്നതും രണ്ടും രണ്ടാണ്. അത് പ്രത്യേകം പറയണം.

ശ്രീ. പി. സി. ജോർജ്: സർ, ചാരം എന്നുള്ള വാക്കിന്റെ അർത്ഥം മനസ്സിലായില്ലേ? ഈ നിയമത്തെപ്പറ്റി യാതൊരു വിവരവുമില്ലാത്ത ആരോ തയ്യാറാക്കിയതാണിത്. അതുകൊണ്ടുണ്ടായ അബദ്ധമാണിത്. ക്രൈസ്തവ സമൂഹത്തിന് ഒരു denomination-ലും ചാരം എന്ന പ്രശ്നം ഉദിക്കുന്നില്ല. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ പറഞ്ഞതുപോലെ മണ്ണോടുമണ്ണ് ചേരുകയാണ്. ആ നിലയ്ക്ക് ചാരം എന്ന വാക്ക് ഉൾപ്പെടെയുള്ള ഭാഗം ഡിലീറ്റ് ചെയ്യുക എന്നുള്ളത് മാത്രമാണ് മാർഗ്ഗം.

ഡോ. എൻ. ജയരാജ്: സർ, ശവശരീരത്തോട് ഒരിക്കലും അനാദരവ് കാണിക്കില്ലെന്ന് അങ്ങ് പറഞ്ഞു. യഥാർത്ഥത്തിൽ ചാരം എന്ന പ്രയോഗംതന്നെ തെറ്റാണ്. കാരണം, ആരെങ്കിലും മരിച്ചുകഴിഞ്ഞാൽ കുറച്ചുകൂടി ബഹുമാനത്തോടുകൂടി ചിതാഭസ്മം എന്ന് നമ്മൾ പറയാറുണ്ട്. ചാരം എന്നുപറയുമ്പോൾ അതിനെ കുറേക്കൂടി മറ്റൊരു തലത്തിലാണ് നമ്മൾ കാണുന്നത്. ബില്ലിനകത്തെ ആ പദപ്രയോഗം തെറ്റാണെന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ.

ശ്രീ. എ. കെ. ബാലൻ: സർ, ചാരമെന്നായാലും ചിതാഭസ്മം എന്നായാലും അർത്ഥം ഒന്നുതന്നെയാണല്ലോ. ചിതാഭസ്മമെന്നും പറയാൻ പറ്റില്ല. വിശ്വാസത്തിന്റെ പേരിൽ ഗവൺമെന്റ് ഒരു വിഭാഗത്തിന്, പ്രത്യേകിച്ച് റോമൻ കാത്തലിക് വിഭാഗത്തിനെതിരാകുന്നുവെന്ന് വരുത്തുന്നതിനുള്ള ഒരു ശ്രമമിവിടെ നടന്നു. ഹൃദയമെടുത്ത് കൊടുത്താലും ചെമ്പരത്തിപ്പൂവാണെന്നുപറയുന്ന കുറച്ച് ആൾക്കാരുണ്ട്. ഈ നിയമവുമായി ബന്ധപ്പെട്ട് ഒരാശങ്കയുമുണ്ടാകാൻ പോകുന്നില്ല. വിശ്വാസത്തിന്റെ പേരിൽ സഭാംഗമായ ഒരാളുടെ മൃതശരീരം മറവുചെയ്യുന്നത് തടസ്സപ്പെടുത്താൻ പാടില്ലെന്ന് 2017-ലെ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയും 2019-ലെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിധിയും നിഷ്കർഷിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായാണ് ഈ നിയമം കൊണ്ടുവരുന്നത്. നിലവിലുള്ള IPC -യുടെ 2 സെക്ഷനുകൾ മുഖേന ഇത് നമുക്ക് നേരിടാൻ സാധിക്കില്ല. കാരണം, ശവസംസ്കാരവുമായി ബന്ധപ്പെട്ട് അതിൽ വ്യക്തമായി പറയുന്നില്ല.

ശവശരീരത്തോട് അനാദരവ് കാണിക്കുമ്പോഴുണ്ടാകുന്ന പ്രശ്നമാണ് അതിൽ സൂചിപ്പിച്ചിട്ടുള്ളത്. ഇവിടെ ശവസംസ്കാരവുമായി ബന്ധപ്പെട്ട സ്ഥലത്തിന്റെ പ്രശ്നമാണുള്ളത്. അതുകൊണ്ടാണ് ഇങ്ങനെയൊരു നിയമനിർമ്മാണത്തിന് നിർബന്ധിക്കപ്പെട്ടത്. മാത്രമല്ല, ഈ നിയമം നടപ്പിലാക്കുന്നില്ലെന്നുപറഞ്ഞ് contempt of court ഫയൽ ചെയ്തപ്പോൾത്തന്നെ ബഹുമാനപ്പെട്ട സുപ്രീംകോടതി പറഞ്ഞത്, 'ഇതുമായി ബന്ധപ്പെട്ട് ഇനി ഇങ്ങോട്ട് വരാൻ പാടില്ല, എന്തെങ്കിലും പ്രശ്നമുണ്ടായാൽ ഞങ്ങൾ ആദ്യം പറഞ്ഞ വിധിതന്നെ പുനഃപരിശോധിക്കാൻ നിർബന്ധിക്കപ്പെടും' എന്നാണ്. അതുകൂടി മനസ്സിൽവച്ചുകൊണ്ടാണ് ഇലക്കും മുള്ളിനും ബുദ്ധിമുട്ടില്ലാത്ത രൂപത്തിൽ ഈയൊരു നിയമനിർമ്മാണത്തിന് ഗവൺമെന്റ് തുടക്കംകുറിച്ചത്. ഇന്നുതന്നെ സബ്ജക്ട് കമ്മിറ്റി ചേരുന്നുണ്ട്. ആ സബ്ജക്ട് കമ്മിറ്റിയിൽ, ഇവിടെവന്ന അഭിപ്രായങ്ങൾകൂടി പരിഗണിച്ചുകൊണ്ട്, ഈ നിയമത്തിന് ഫലപ്രദമായ രീതിയിൽ പൂർണ്ണത കൊടുക്കാൻ സാധിക്കും. ഇത്രയും കാര്യങ്ങളാണ് സൂചിപ്പിക്കാനുള്ളത്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. അബ്ദുൽ ഹമീദ് പി., 2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ സംബന്ധിച്ച ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

(ബഹുമാനപ്പെട്ട അംഗം സീറ്റിലില്ലാതിരുന്നതിനാൽ പ്രമേയം പ്രസ് ചെയ്തില്ല.)

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എസ്. ശബരീനാഥൻ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ? (ബഹുമാനപ്പെട്ട അംഗം സീറ്റിലില്ലാതിരുന്നതിനാൽ ഭേദഗതി പ്രസ് ചെയ്തില്ല.)

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ജോർജ് എം. തോമസ്, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ജോർജ് എം. തോമസ്: സർ, പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV- ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

ഓർഡർ.....ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2020 ഫെബ്രുവരി 7-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 5.47-ന് പിരിഞ്ഞു.)